# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

2023 ആഗസ്റ്റ് 9, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 192 –നമ്പർ 3

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

2023 ആഗസ്റ്റ് 9, ബുധൻ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം


പേജ്

I **ചോദ്യോത്തരങ്ങൾ**

(I) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(അനുബന്ധമായി ചേർത്തിരിക്കുന്നു)

II **തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 2440-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

III **അടിയന്തര പ്രമേയം**

ശ്രീ. തോമസ് കെ. തോമസ്സിനെതിരെയുള്ള ഗൂഢാലോചന

- ശ്രീ. എം. വിൻസെന്റ്

(അവതരണാനുമതി നിഷേധിച്ചു)

IV **ശ്രദ്ധക്ഷണിക്കൽ**

(1) എസ്.എസ്.എൽ.സി. പാസ്സായവർക്ക് തുടർപഠനം ഉറപ്പുവരുത്തൽ

- ശ്രീ. എം. വിജിൻ

(2) വിദൂരവിദ്യാഭ്യാസരംഗത്തെ പ്രതിസന്ധി

- ശ്രീമതി ഉമ തോമസ്

## V സബ്മിഷൻ

(1) പൊന്തൻപുഴ വനമേഖലയിലെ താമസക്കാർക്ക് പട്ടയം

- ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്)

(2) തൃക്കരിപ്പൂരിലെ പുഴ പുറമ്പോക്കുകളിലെ കൈവശക്കാർക്ക് പട്ടയം

- ശ്രീ. എം. രാജഗോപാലൻ

(3) കണ്ടൻചാൽ തട്ട് കോളനി സംരക്ഷണം

- ശ്രീ. കെ. വി. സുമേഷ്

(4) ഇരിക്കൂറിൽ ഫോറസ്റ്റ് സ്റ്റേഷൻ നിർമ്മാണം

- ശ്രീ. സജീവ് ജോസഫ്

(5) കുറ്റ്യാടിയിലെ വൈദ്യുതിക്ഷാമം

- ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

(6) പേരാമ്പ്ര ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിടനിർമ്മാണം

- ശ്രീ. ടി. പി. രാമകൃഷ്ണൻ

(7) ആലുവ ടൗണിലെ ഗതാഗതക്കുരുക്ക്

- ശ്രീ. അൻവർ സാദത്ത്

(8) പെരുമ്പാവൂരിലെ റോഡുകൾ

- ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

(9) എൻ.എച്ച്. 66 വികസനം

- ശ്രീ. പി. അബ്ദുൽ ഹമീദ്

(10) ചെറുപ സി.എച്ച്.സി.-യുടെ പ്രവർത്തനം

– ശ്രീ. പി. ടി.എ. റഹീം.

**VI മേശപ്പുറത്തുവച്ച കടലാസുകൾ**

(കാര്യവിവര പട്ടികയിലെ ഇനം 3 അനുസരിച്ചുള്ള കടലാസുകൾ)

**VII സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം**

**VIII റിപ്പോർട്ട് സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

(2) നിയമസഭാ നടപടിക്രമങ്ങളുടെ പരിഷ്കരണത്തിനായുള്ള അഡ്ഹോക് കമ്മിറ്റിയുടെ റിപ്പോർട്ട്

**IX റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

**X അറിയിപ്പ്**

കേരളീയം 2023

**XI ഗവൺമെന്റ് പ്രമേയം (ചട്ടം 118 പ്രകാരമുള്ളത്)**

സംസ്ഥാനത്തിന്റെ പേര് ഭരണഘടനയിലും മറ്റ് ഔദ്യോഗിക രേഖകളിലും 'കേരളം' എന്നാക്കി മാറ്റൽ

**XII നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും
സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ

(ii) 2023-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ

(iii) 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

2023 ആഗസ്റ്റ് 9, ബുധൻ

---

വാല്യം 192} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 3

---

നിയമസഭ 2023 ആഗസ്റ്റ് മാസം 9-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*31)

### സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം

1 (*31) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. പി. സുമോദ്:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ഊർജ്ജസ്വലമായ ഒരു സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം രൂപീകരിക്കുന്നതിനും സ്റ്റാർട്ടപ്പ് മിഷൻ നടത്തിയിട്ടുള്ള ഇടപെടലുകൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിർമ്മാണ വ്യവസായവുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കൺസ്ട്രക്ഷൻ ഇന്നൊവേഷൻ ഹബ്ബ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വിദേശത്തും സംസ്ഥാനത്തിനകത്തും സ്റ്റാർട്ടപ്പ് തുടങ്ങുന്നതിന് പ്രവാസികളെ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ സാങ്കേതിക സഹകരണം നൽകുന്നതിനും ലക്ഷ്യമിട്ട് സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി ലോഞ്ച് പാഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനം തുടർച്ചയായി വിശകലനം ചെയ്തുവരുന്നുണ്ട്. ഓരോ വർഷവും സ്റ്റാർട്ടപ്പ് മിഷൻ നടത്തുന്ന പ്രവർത്തനങ്ങളും അതിലൂടെ ലഭ്യമായ ഫലങ്ങളും അവലോകനം ചെയ്യുന്ന 'സ്റ്റേറ്റ് ഓഫ് കേരള സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം റിപ്പോർട്ട്' പുറത്തിറക്കുന്നുണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായിട്ടുള്ള രൂപകൽപ്പന, നിർമ്മാണ പ്രവർത്തനങ്ങൾ, പ്രാദേശികമായി ലഭ്യമായ സാധന സാമഗ്രികളുടെ ഉപയോഗം എന്നിവ കൈകാര്യം ചെയ്യാനും ഈ മേഖലകളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളെ സഹായിക്കാനും ലക്ഷ്യമിട്ടുള്ള ഇന്ത്യയിലെ

ആദ്യ കൺസ്ട്രക്ഷൻ ഇന്നവേഷൻ ഹബ്ബ് രൂപീകരിക്കുന്നതിന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(സി) സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി ലോഞ്ച് പാഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രവാസികളെ പ്രോത്സാഹിപ്പിക്കുന്നതിനും സ്റ്റാർട്ടപ്പുകൾക്ക് വിദേശത്ത് വിപണന വികസനത്തിനും വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായുള്ള ആദ്യ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രം ദുബായിൽ ഉദ്ഘാടനം ചെയ്തു. ഈ പദ്ധതി മറ്റുചില രാജ്യങ്ങളിലേയ്ക്കും വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ദുബായിൽ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, രാജ്യത്തിനുതന്നെ മാതൃകയാകുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാഴ്ചപ്പാടാണ് വിജ്ഞാന സമ്പദ് വ്യവസ്ഥ എന്നത്. ആ നിലയിൽ സംസ്ഥാനത്തെ വ്യവസായ വികസനത്തിൽ നാഴികക്കല്ലാകുന്ന സ്റ്റാർട്ടപ്പ് മേഖലയിലെ ഇതുവരെയുള്ള

പുരോഗതിക്ക് വ്യക്തമായ ദിശാബോധം നൽകി മുന്നോട്ടുപോകുന്നുണ്ട്. എന്തൊക്കെ പുരോഗതിയാണ് കൈവരിക്കാൻ സാധിച്ചത് എന്നതിനെക്കുറിച്ച് കൂടുതൽ വ്യക്തമാക്കാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സ്റ്റാർട്ടപ്പുകളുടെ രംഗത്ത് വളരെയധികം പുരോഗതിയാർജ്ജിക്കാൻ സാധിച്ചിട്ടുണ്ട്. 2016 മുതലുള്ള അവസ്ഥ പരിശോധിച്ചാൽ, 2016-ൽ സ്റ്റാർട്ടപ്പുകളുടെ എണ്ണം 300 ആയിരുന്നു. ഇപ്പോഴത് 4652 ആണ്. 2016-ൽ സ്റ്റാർട്ടപ്പുകളിലൂടെയുള്ള തൊഴിലവസരം 3000 ആയിരുന്നെങ്കിൽ ഇപ്പോൾ 40750 തൊഴിലവസരങ്ങളാണുള്ളത്. അതിന്റെ ഭാഗമായുള്ള ഇൻക്യുബേറ്ററുകൾ 2016-ൽ 18 ആയിരുന്നു. ഇപ്പോഴത് 63 ആണ്. അടിസ്ഥാന സൗകര്യം 2016-ൽ 5700 ചതുരശ്ര അടിയായിരുന്നത് ഇപ്പോൾ 8 ലക്ഷം ചതുരശ്ര അടിയായി വർദ്ധിച്ചിട്ടുണ്ട്. ലഭിച്ച മൂലധനം 2016-ൽ 207 കോടി രൂപയായിരുന്നു. ഇപ്പോഴത് 5500 കോടിരൂപയായി വർദ്ധിച്ചിട്ടുണ്ട്. അത്തരത്തിൽ നല്ല വർദ്ധനവും വികസനവുമാണ് ഈ രംഗത്തുണ്ടായിട്ടുള്ളത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഇപ്പോൾ ഓരോ മേഖലയിലെയും സാധ്യതകൾക്കനുസരിച്ച് സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നും പുതുതായി ഏതൊക്കെ മേഖലകളിലാണ് സ്റ്റാർട്ടപ്പുകൾ ഉയർന്നുവന്നിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, സ്റ്റാർട്ടപ്പുകൾക്ക് പൊതുവെ നല്ല അംഗീകാരമാണ് ലഭിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി ഹാർഡ്‌വെയർ, റോബോട്ടിക്, ബയോടെക്നോളജി, മെഡിക്കൽ ഡിവൈസസ്, എന്റർപ്രൈസ് സോഫ്റ്റ്‌വെയർ, ഇലക്ട്രോണിക്സ്, മാലിന്യ സംസ്കരണം, ഇലക്ട്രിക് വെഹിക്കിൾ, ഡീപ് ടെക്, അഗ്രിടെക് എന്നിങ്ങനെയുള്ള വിവിധ മേഖലകളിൽ മികച്ച സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. സ്റ്റാർട്ടപ്പുകൾ ഇല്ലാത്ത മേഖലകളിലേയ്ക്കും അവ വ്യാപിക്കുമെന്നാണ് നമ്മൾ മനസ്സിലാക്കേണ്ടത്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, 20 ലക്ഷം തൊഴിൽ നൽകുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയം. അതിലേയ്ക്ക് വ്യവസായ വകുപ്പുവഴിയും സ്റ്റാർട്ടപ്പുവഴിയും യുവസഹകരണ

സംഘങ്ങൾവഴിയും മുഖ്യമന്ത്രിയുടെ സംരംഭക പദ്ധതി വഴിയുമൊക്കെ ഒരു ലക്ഷം സംരംഭങ്ങൾ ലഭിക്കുന്നുണ്ട്. രാജ്യത്തെ ആദ്യത്തെ കൺസ്ട്രക്ഷൻ ഇന്നൊവേഷൻ ഹബ്ബ് (CIH) കൊച്ചിയിൽ ആരംഭിച്ചിട്ടുണ്ടോ; അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, പരിസ്ഥിതി സൗഹൃദമായതും പ്രാദേശികമായി ലഭ്യമായതും ആവർത്തിച്ച് ഉപയോഗിക്കാവുന്നതുമായ സാധന സാമഗ്രികൾ, നിർമ്മാണ രീതികൾ, സാങ്കേതികവിദ്യകൾ, ഓട്ടോമേഷൻ എന്നിവയിലൂടെ ഗുണനിലവാരമുള്ളതും എന്നാൽ ചെലവ് കുറഞ്ഞതുമായ നിർമ്മാണപ്രവർത്തനങ്ങൾ കൂടുതൽ വേഗതയിൽ നിർവ്വഹിക്കുന്നതിന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളെ പ്രാപ്തമാക്കുക എന്നതാണ് കൺസ്ട്രക്ഷൻ ഇന്നൊവേഷൻ ഹബ്ബ് സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. Environment, Social and Governance മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ പരിഗണിച്ചും കേരള സ്റ്റാർട്ടപ്പ് മിഷനുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായുമാണ് ഇന്ത്യയിൽ

കൺസ്ട്രക്ഷൻ ഇന്നൊവേഷൻ ഹബ്ബ് സ്ഥാപിക്കുന്നതിന് ഹാബിറ്റാറ്റ് കേരളത്തെ തെരഞ്ഞെടുത്തത്.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, വിദേശത്തും കേരളത്തിലും സ്വന്തമായി സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ പ്രവാസികളെ പ്രോത്സാഹിപ്പിക്കുന്ന സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രങ്ങൾ ഏതെല്ലാം സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനാണുദ്ദേശിക്കുന്നത്; അതിന്റെ പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇൻഫിനിറ്റി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ദുബായിലാണ് ആദ്യത്തെ ഇൻഫിനിറ്റി കേന്ദ്രം തുടങ്ങിയിട്ടുള്ളത്. ഇതിന്റെ തുടർസാധ്യതകൾ മനസ്സിലാക്കി കൂടുതൽ രാജ്യങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. നാം കാണേണ്ടത്, വിദേശ സ്റ്റാർട്ടപ്പുകൾക്ക് ഇന്ത്യൻ വിപണി ലഭ്യമാക്കുന്നതിനുള്ള കേന്ദ്രമായും ഇൻഫിനിറ്റി ലോഞ്ച് പാഡ് പ്രവർത്തിക്കുന്ന നിലയുണ്ടാകും. അതേസമയം കേരളം ആസ്ഥാനമായുള്ള സ്റ്റാർട്ടപ്പുകളുമായും സ്റ്റാർട്ടപ്പ് മിഷനുമായും സഹകരിച്ച് സംരംഭക മേഖലയിലേയ്ക്ക് കടന്നുവരാൻ പ്രവാസി സമൂഹത്തിന്

ഇൻഫിനിറ്റി കേന്ദ്രങ്ങൾ അവസരമൊരുക്കും. വിദേശ രാജ്യത്തുനിന്നുതന്നെ കേരളത്തിൽ കമ്പനി രജിസ്റ്റർ ചെയ്യുന്നതിനുള്ള എല്ലാ സഹായവും ഇൻഫിനിറ്റി കേന്ദ്രങ്ങളിലൂടെ ലഭിക്കും. വിദേശത്തെ കേന്ദ്രങ്ങളിൽ പ്ലഗ് ആൻഡ് പ്ലേ സംവിധാനം ഏർപ്പെടുത്തും. സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് വിദേശത്ത് സ്വന്തം ഓഫീസില്ലാതെ ഇൻഫിനിറ്റി കേന്ദ്രങ്ങൾവഴി പ്രവർത്തിക്കാൻ സാധിക്കും. ഉല്പന്ന രൂപീകരണം, വികസനം എന്നീ മേഖലകളിൽ ഇൻക്യുബേഷൻ സഹായവും ലഭ്യമാകും. പ്രവാസി സമൂഹത്തിന് കേരള സ്റ്റാർട്ടപ്പ് മിഷന്റെ വിവിധ പദ്ധതികളിൽ നിക്ഷേപകൻ, സംരംഭകൻ, സ്ഥാപകൻ, വിദഗ്ദ്ധോപദേഷ്ടാവ് എന്നീ നിലകളിൽ പങ്കെടുക്കാനും അവസരമൊരുക്കും. പ്രവാസികൾക്ക് കേരളത്തിലെ എയ്ഞ്ചൽ നിക്ഷേപക ശൃംഖലയുമായി ചേർന്ന് പ്രവർത്തിക്കാനാകുന്നതോടൊപ്പം കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഫണ്ട് ഓഫ് ഫണ്ട് പദ്ധതിയിൽ പങ്കാളികളാകാനും സാധിക്കും.

ശ്രീ. ലിന്റോ ജോസഫ്: സർ, സ്റ്റാർട്ടപ്പ് മിഷനുകൾ നിലവിൽ വന്നതിനുശേഷം ഇന്ത്യയിലെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് സൗഹൃദ കേന്ദ്രമായി

കേരളത്തെ മാറ്റിത്തീർക്കുന്നതിന് സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; ടൂറിസം മേഖലയിൽ പുതിയ സ്റ്റാർട്ടപ്പുകൾക്ക് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഏറ്റവും സൗഹൃദപരമായി പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് എങ്ങനെയുള്ള പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, വിവിധ മേഖലകളിലുള്ള സ്റ്റാർട്ടപ്പുകളുടെ അനുഭവമെടുത്താൽ എല്ലാം ഏറെക്കുറെ വിജയപ്രദമാണ്. ചിലത് അന്താരാഷ്ട്രതലത്തിൽത്തന്നെ ശ്രദ്ധയാകർഷിക്കുന്ന തരത്തിൽ വളർന്നുവന്നിട്ടുണ്ട്. ടൂറിസം മേഖലയുടെ വിവിധ സാധ്യതകളിലും സ്റ്റാർട്ടപ്പുകൾക്ക് നല്ല പങ്കുവഹിക്കാൻ കഴിയുമെന്ന് കണ്ടുകൊണ്ടുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, കൊരട്ടി ഇൻഫോ പാർക്ക് തുടങ്ങിയതിനുശേഷം അതിന് മികച്ച രീതിയിൽ മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളും നിരവധി സാധ്യതകളുമുള്ള തൃശ്ശൂർ ജില്ലയിലെ ഏക ഇൻഫോ പാർക്കായ കൊരട്ടി ഇൻഫോപാർക്കിൽ പുതിയ

കമ്പനികളെ കൊണ്ടുവരുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കൊരട്ടി മാത്രമല്ല, കേരളത്തിലാകെ ഐ.റ്റി. മേഖലയിൽ പുതിയ കമ്പനികൾ കൊണ്ടുവരുന്നതിനുള്ള നല്ല ശ്രമമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതിന് നല്ല രീതിയിലുള്ള പ്രതികരണങ്ങളും ലഭിച്ചുകൊണ്ടിരിക്കുന്നു. വിദേശത്തുള്ള പ്രധാനപ്പെട്ട, നമ്മുടെ നാട്ടിലില്ലാത്ത പല കമ്പനികളും ഇപ്പോൾ ഇങ്ങോട്ടുവരാനുള്ള സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഐ.റ്റി. മേഖല മികച്ച രീതിയിൽ വികസിച്ചുവരും എന്നുതന്നെയാണ് കാണേണ്ടത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ചെറുപ്പക്കാരും വിദ്യാർത്ഥികളുമായ ഒരുപാടുപേർ പഠനത്തിനായി വിദേശ രാജ്യങ്ങളിലേയ്ക്ക് ചേക്കേറുകയാണ്. അവിടെ അവർക്ക് പഠനത്തോടൊപ്പംതന്നെ ജോലി ചെയ്യാനുള്ള സാധ്യതകളുമുണ്ട്. അതുപോലെ നമ്മുടെ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും വൈകുന്നേര സമയങ്ങളിൽ ജോലി ചെയ്യാൻ പാകത്തിനുള്ള സ്റ്റാർട്ടപ്പുകൾ തുടങ്ങുകയാണെങ്കിൽ ധാരാളം ചെറുപ്പക്കാർ

ഇവിടെ നിൽക്കാനും തിരിച്ചുവരാനും സാധ്യതയുണ്ട്. രാജ്യം വിട്ടുപോയ ചെറുപ്പക്കാരെ ആ രീതിയിൽ തിരിച്ചുകൊണ്ടുവരാനുള്ള എന്തെങ്കിലും പദ്ധതികൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖല മികച്ച രീതിയിൽ മാറുകയാണ്. നേരത്തെ, നമ്മുടെ വിദ്യാർത്ഥികൾ പഠിക്കുന്ന സമയത്ത് തൊഴിൽ തേടിക്കൊണ്ടായിരുന്നു പഠിച്ചിരുന്നത്. എന്നാൽ ഇപ്പോഴതിൽ വലിയ മാറ്റമാണ് വന്നിട്ടുള്ളത്. അവർ തൊഴിൽ ദാതാക്കളായി മാറുകയാണ്. അതിനിടയാക്കിയത് സ്റ്റാർട്ടപ്പുകളാണ്. ഇപ്പോൾ നല്ല മാറ്റം വന്നിട്ടുണ്ട്. പ്രസ്തുത മാറ്റം കൂടുതൽ ശക്തിപ്പെടുത്താനുതകുന്ന നടപടികളാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ തോതിൽ സ്വീകരിച്ചുവരുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ മാത്രമല്ല, വിദ്യാഭ്യാസ മേഖലയിലാകെ ഈ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സ്വകാര്യ വ്യവസായ പാർക്കുകൾ**

2 (*32) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ഡി. കെ. മുരളി:

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ:</u>

<u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ കൂടുതൽ സംരംഭക സൗഹാർദ്ദമാക്കുന്നതിനായി പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീമിൽ ഭേദഗതി വരുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും സംരംഭകർക്ക് ഡെവലപ്പർ പെർമിറ്റ് വിതരണം ചെയ്യാൻ തുടങ്ങിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ,

(എ) വിലയിരുത്തിയിട്ടുണ്ട്. കേരളത്തിലെ പുതിയ വ്യവസായ നയത്തിന്റെ ചുവടുപിടിച്ച് വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വിഭാവനം ചെയ്ത പദ്ധതിയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്-പോർട്ടൽ വഴിയാണ് ടി സ്കീമിൽ അപേക്ഷകൾ ക്ഷണിക്കുന്നത്. ആദ്യഘട്ടത്തിൽ ലഭിച്ച അപേക്ഷകളിൽ 8 സംരംഭകർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പെർമിറ്റ് അനുവദിച്ചിരുന്നു. വെബ്പോർട്ടൽ മുഖേന ലഭിച്ച 51 അപേക്ഷകളിൽ സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിച്ചിട്ടുള്ള 21 അപേക്ഷകളിന്മേൽ പരിശോധനയും നടപടികളും തുടർന്നുവരുന്നു. പെർമിറ്റ് അനുവദിച്ച സംരംഭകരുടെ ഒരു അവലോകന യോഗം വ്യവസായ വാണിജ്യ ഡയറക്ടറേറ്റതലത്തിൽ 22-06-2023-ന് ചേരുകയും എസ്റ്റേറ്റ് രൂപീകരണത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതിക്ക് വ്യവസായ വാണിജ്യ ഡയറക്ടറേറ്റതലത്തിൽ ഒരു ഓപ്പറേഷണൽ ഗൈഡ്ലൈൻ രൂപപ്പെടുത്തിയിട്ടുമുണ്ട്.

(ബി) 2022-ൽ രൂപീകൃതമായ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം കൂടുതൽ സംരംഭക സൗഹൃദമാക്കുന്നതിന്റെ ഭാഗമായി 2023-ൽ ഭേദഗതി ഉത്തരവ് നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം ഏറ്റവും കുറഞ്ഞത് 10 ഏക്കർ ഭൂമിയുള്ള സ്ഥാപനങ്ങൾക്കുപുറമെ കുടുംബങ്ങൾക്കുംകൂടി സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീമിലും കുറഞ്ഞത് 5 ഏക്കറോ അതിലധികമോ ഭൂമിയുള്ളവർക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (ബഹുനില വ്യവസായ സമുച്ചയം) സ്കീമിലും അപേക്ഷ നൽകാവുന്നതാണ്. 30 വർഷമോ അതിലധികമോ കാലാവധിയിൽ പാട്ടത്തിനെടുത്ത ഭൂമിയുള്ള സംരംഭകർക്കും സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. ഓരോ സ്വകാര്യ വ്യവസായ എസ്റ്റേറ്റിനുംവേണ്ടി പ്രത്യേക ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുന്നതിനും പ്രസ്തുത ബോർഡുവഴി ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചുനൽകുന്നതിനും സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റിന്റെ കാലപരിധി ഒഴിവാക്കിക്കൊണ്ടും ഭേദഗതികൾ നിലവിൽ വന്നിട്ടുണ്ട്.

(സി) ഏകദേശം നൂറോളം സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്. നാളിതുവരെ 8 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചു. നിലവിൽ സൂക്ഷ്മ പരിശോധനയ്ക്കുശേഷം സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റിയിൽ സമർപ്പിച്ചിട്ടുള്ള 20 അപേക്ഷകളിന്മേൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, സ്വകാര്യ വ്യവസായ പാർക്കുകളിൽ ഏതൊക്കെ മേഖലകളിലാണ് കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്ന സംരംഭങ്ങൾക്ക് പ്രത്യേക പരിഗണന നൽകുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഇപ്പോൾ ആരംഭിച്ചിട്ടുള്ള സ്വകാര്യ വ്യവസായ പാർക്കുകളിൽ പുതിയ സംരംഭങ്ങൾ വന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. സംരംഭക വർഷത്തിന്റെ ഭാഗമായി ഭൂരിപക്ഷവും ഫുഡ് പ്രോസസ്സിംഗ് മേഖലയിലാണ് ആരംഭിച്ചിട്ടുള്ളത്. ബഹുമാന്യനായ അംഗം നാളികേരവുമായി ബന്ധപ്പെട്ട കാര്യമാണ് ഇവിടെ ചോദിച്ചത്. കേരളത്തിൽ

ഏറ്റവും നല്ല നാളികേരം ലഭ്യമാകുന്നത് കുറ്റ്യാടിയിലാണ്. മലയാള മനോരമയുടെ ഓൺലൈൻ പോർട്ടലിൽ വളരെ ശ്രദ്ധേയമായൊരു വാർത്ത വരികയുണ്ടായി. 'കേരളത്തിൽ ഇതൊന്നും നടക്കുന്നില്ലെന്നാണ് മലയാളത്തിൽ വാർത്ത വരുന്നതെങ്കിലും ഇംഗ്ലീഷ് പോർട്ടലിൽ വന്നിട്ടുള്ളത് - 'How Kerala revived its lost copra & coconut oil market disrupted trade in Tamil Nadu's Kangayam' എന്നാണ്. കേരളത്തിൽ പുതിയ മില്ലുകൾ ആരംഭിച്ചതിന്റെ ഭാഗമായി തമിഴ്നാട്ടിലെ കങ്കയം എന്ന ഗ്രാമത്തിലെ വെളിച്ചെണ്ണ ഇൻഡസ്ട്രി എങ്ങനെ തകർന്നുവെന്നതിന്റെ വളരെ വിശദമായ റിപ്പോർട്ടാണത്. സംരംഭകവർഷത്തിന്റെ ഭാഗമായി 14 ജില്ലകളിലായി 1077 കോക്കനട്ട് മാനുഫാക്ച്ചറിംഗ് യൂണിറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്നാണ് മലയാള മനോരമ പറയുന്നത്. അഞ്ചു ലക്ഷത്തിന്റെയും പത്തു ലക്ഷത്തിന്റെയും ചെറിയ യൂണിറ്റുകളും കൊപ്ര ഡ്രയറുകളുമുണ്ട്. ഗ്രാമങ്ങളിൽ അവരവർ തന്നെ കൊപ്ര ഉണക്കുന്നതും വെളിച്ചെണ്ണ ആട്ടിയെടുക്കുന്നതും നമുക്ക് കാണാൻ സാധിക്കുന്നതാണ്. ഇതിന്റെ ഭാഗമായി മറ്റ് ബ്രാൻഡഡ് വെളിച്ചെണ്ണയ്ക്കുപകരം ആളുകൾ ഇതിലേയ്ക്ക് മാറിയിരിക്കുന്നു.

കോടിക്കണക്കിന് രൂപയുടെ ഇൻവെസ്റ്റ്മെന്റുള്ള വലിയ മില്ലുകളാണ് ഈ ഗ്രാമത്തിലുള്ളത്. 93 ശതമാനം മില്ലുകളും പ്രതിസന്ധി നേരിടുന്നുവെന്നാണ് മലയാള മനോരമയുടെ ഓൺലൈൻ പോർട്ടൽ വളരെ വിശദമായി വ്യക്തമാക്കിയിട്ടുള്ളത്. നല്ല രീതിയിൽ എല്ലാ ജില്ലകളിലും ഫുഡ് പ്രോസസ്സിംഗ് നടന്നുവരികയാണ്. കേരളത്തിൽ എല്ലാ ഫുഡ് പ്രോസസ്സിംഗ് പാർക്കുകൾക്കും സ്ഥലം കൊടുക്കാൻ സാധിക്കുന്നില്ല. ലുലു ഗ്രൂപ്പ് ഇതുവരെ ട്രേഡിലാണുണ്ടായിരുന്നത്; മാളുകളിലാണ് ശ്രദ്ധിച്ചിരുന്നത്. ലുലുവിന്റെ ആദ്യത്തെ സീ ഫുഡ് പ്രോസസ്സിംഗ് പാർക്ക് ഈ വരുന്ന 14-ാം തീയതി അരൂരിൽ ഉദ്ഘാടനം ചെയ്യുകയാണ്. മറ്റ് പല കമ്പനികളും ഇപ്പോൾ ഫുഡ് പ്രോസസ്സിംഗിലേയ്ക്ക് വരുന്നുണ്ട്. വളരെ നല്ല രീതിയിലുള്ള മാറ്റം നമുക്കുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, സംസ്ഥാനത്തിന്റെ പുതിയ വ്യവസായ നയത്തിൽ നിക്ഷേപകരെ ആകർഷിക്കാനുതകുന്ന തരത്തിൽ ഏതൊക്കെ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്?

<u>ശ്രീ. പി. രാജീവ്</u>: സർ, നമ്മുടെ വ്യവസായ നയം ഇത്തവണ രൂപപ്പെടുത്തിയത്, ആദ്യം പ്രസിദ്ധപ്പെടുത്തിയ കരടിനെ അടിസ്ഥാനപ്പെടുത്തി FICCI, സി.ഐ.എ., സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് അസോസിയേഷൻ ഇവരെല്ലാവരുമായി ആശയ വിനിമയം നടത്തിയാണ്. അതിനുശേഷം പത്ത് സെക്ടറായി തിരിച്ച് അവിടത്തെ പ്രധാനപ്പെട്ട എൻട്രപ്രണേഴ്സിനെ വിളിച്ചു. ഇലക്ട്രോണിക്സ്, ഫുഡ് പ്രോസസ്സിംഗ്, സ്പേസ് തുടങ്ങി പല മേഖലകളിലെ എൻട്രപ്രണേഴ്സിനെ വിളിച്ച് അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്; എന്തെല്ലാം നയത്തിൽ ഉൾപ്പെടുത്തണം തുടങ്ങി വലിയൊരു കൺസൾട്ടേഷൻ പ്രോസസ്സിന്റെ തുടർച്ചയിലാണ് പുതിയ വ്യവസായ നയം ഇപ്പോൾ അംഗീകരിച്ചിട്ടുള്ളത്. കേരളത്തിൽ സ്ഥലം വളരെ പരിമിതമാണ്. മലിനീകരണം ഉണ്ടാക്കുന്നത്, വലിയ മാനുഫാക്ച്ചറിംഗ് ഇൻഡസ്ട്രീസ് എന്നിവയ്ക്ക് ഇവിടെ പരിമിതികളുണ്ട്. കേരളത്തിൽ നൂറ് ഏക്കർ സ്ഥലം ഏറ്റെടുക്കണമെങ്കിൽ ആയിരം പേരുമായി ചർച്ച നടത്തേണ്ടതായിവരും. മറ്റ് പല സംസ്ഥാനങ്ങളിലും ആയിരം ഏക്കർ സ്ഥലം ഏറ്റെടുക്കണമെങ്കിൽ

ഒരാളുമായി ചർച്ച ചെയ്താൽ മതി. ഇവിടെ ഭൂമിക്ക് ഉയർന്ന വിലയുമാണ്. അതുകൊണ്ട് കേരളത്തിൽ സാധ്യമാകുന്ന റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സ്പേസ്, ഡിഫൻസ് തുടങ്ങി വ്യത്യസ്തങ്ങളായ 22 പ്രയോറിറ്റി സെക്ടറുകൾ ഇപ്പോൾ നിശ്ചയിച്ചിട്ടുണ്ട്. അതിൽ പുതിയ മേഖലയിലേയ്ക്ക് വരുന്ന കമ്പനികൾക്ക് അവരുടെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ സ്റ്റേറ്റ് ജി.എസ്.ടി. (SGST) കംപോണന്റ് 100 ശതമാനവും തിരിച്ചുനൽകും. ഇപ്പോൾ 18 ശതമാനമാണ് ജി.എസ്.ടി. (9 ശതമാനം CGST, 9 ശതമാനം SGST). SGST പൂർണ്ണമായും തിരിച്ചുനൽകും. ഇതുകൂടാതെ, ക്യാപിറ്റൽ സബ്സിഡി എന്ന നിലയിൽ 10 കോടി രൂപ നൽകുന്നതാണ്. 22 സെക്ടറുകളിലുള്ള സ്ഥാപനങ്ങളിൽ പുതിയതായി റിക്രൂട്ട് ചെയ്യപ്പെടുന്ന ട്രെയിനീസ്/അപ്രന്റീസുകൾക്ക് സ്റ്റൈപ്പന്റിന്റെ 50 ശതമാനം (5000 രൂപവരെ) ഗവൺമെന്റ് നൽകണമെന്നാണ് കണ്ടിട്ടുള്ളത്. അതോടൊപ്പം ഇലക്ട്രിസിറ്റി ചാർജ്ജ് അവരാണ് തീരുമാനിക്കുന്നത്; പക്ഷേ, ഗവൺമെന്റിലേയ്ക്കുള്ള നികുതിക്ക് നിശ്ചിത കാലയളവിലേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും മാർക്കറ്റിംഗിനാവശ്യമായ സഹായം നൽകുകയും ചെയ്യും.

ഇങ്ങനെ വളരെ വിപുലമായ നയങ്ങളാണ് ഇതിലുള്ളത്. പബ്ലിക് ഡൊമൈനിൽ എല്ലാം ലഭ്യമായതിനാൽ ഓരോ മേഖലയും പ്രത്യേകമായി ഇവിടെ വിശദീകരിക്കുന്നില്ല. നല്ല രീതിയിലുള്ള പ്രതികരണം എല്ലാ മേഖലയിൽനിന്നും വരുന്നുണ്ടെന്നാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീ. ഡി. കെ. മുരളി: സർ, പുതിയ വ്യവസായ സമീപനം വന്നപ്പോൾ അതിന്റെ ഉണർവ്വും പുരോഗതിയും നമ്മുടെ നാട്ടിൽ കൈവരുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ബഹിരാകാശ മേഖല, പ്രതിരോധ മേഖലകളുൾപ്പെടെയുള്ള ആധുനിക വ്യവസായ മേഖലയിലേയ്ക്ക് അതിന്റെ നിക്ഷേപസാധ്യതകൾ മനസ്സിലാക്കിക്കൊണ്ട് നിക്ഷേപങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ; അതിനുള്ള പരിശ്രമങ്ങളുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ചത് വളരെ പ്രസക്തമായൊരു ചോദ്യമാണ്. ഒന്ന്, യൂണിയൻ ഗവൺമെന്റ് സ്പേസ് തുറന്നുകൊടുത്തുകഴിഞ്ഞു. അതുകൊണ്ട് മറ്റ് MSME-കൾ, ഇൻഡിജീനസ് സാങ്കേതിക വിദ്യ, അതിന്റെ വികാസം എന്നിവകൊണ്ട് വലിയൊരു സാധ്യത സ്പേസിലുണ്ട്. തിരുവനന്തപുരം ഉൾപ്പെടെയുള്ള ഈ മേഖല

ഇതിനുള്ള നല്ല എക്കോസിസ്റ്റമാണെന്നത് ഇവിടത്തെ നേട്ടമാണ്. വി.എസ്.എസ്.സി., ഐ.എസ്.ആർ.ഒ. എന്നിവയും അവിടെനിന്ന് വിരമിച്ച വ്യക്തികളുടെ സേവനവും എഞ്ചിനീയറിംഗ് കേളേജുകളിൽനിന്നുള്ള പിന്തുണയും ലഭ്യമാണ്. ഈ സാധ്യതകൾ ഉപയോഗപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. ഡിഫൻസിന്റെ മേഖലയിൽ ഒരു ഡിഫൻസ് പാർക്ക് ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന് മാർഗ്ഗനിർദ്ദേശം നൽകുന്നതിനുവേണ്ടി ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാം പരിചിതനായിട്ടുള്ള കേന്ദ്ര ഡിഫൻസ് സെക്രട്ടറിയായി ദീർഘകാലം സേവനമനുഷ്ഠിച്ച ശ്രീ. അജയ് കുമാർ, IAS-നെ ഇലക്ട്രോണിക്സ് സ്പേസ് ഡിഫൻസുമായി ബന്ധപ്പെട്ട അഡ്വൈസർ എന്ന നിലയിൽ അദ്ദേഹത്തിന്റെ സേവനം വ്യവസായ വകുപ്പ് ഇപ്പോൾ വിനിയോഗിക്കുന്നുണ്ട്. Porsche, BMW, Audi, Volvo, Jaguar തുടങ്ങിയ എല്ലാ കമ്പനികളുടെയും ഇലക്ട്രോണിക് സംവിധാനങ്ങൾ കൈകാര്യം ചെയ്യുന്നത് ലോകപ്രശസ്ത കമ്പനിയായ Dspace ആണ്. Dspace-മായി ഞങ്ങൾ ചർച്ച നടത്തി, അവരിവിടെ സെന്റർ ഓഫ് എക്സലൻസ് ആരംഭിക്കാൻ പോകുകയാണ്. 3 മാസത്തിനുള്ളിൽ

Dspace എന്ന ലോകോത്തര കമ്പനിയുടെ സെന്റർ ഓഫ് എക്സലൻസ് കേരളത്തിലാരംഭിക്കുകയാണ്. ഫ്രാൻസിലെ എയർ ബസ്സിന്റെ എഞ്ചിൻ നിർമ്മിക്കുന്ന കമ്പനിയാണ് സഫ്രാൻ. എയ്റോസ്പേസ് ഡിഫൻസ് മേഖലയിൽ ആഗോള ഭീമനായിരുന്ന കമ്പനിയാണ് സഫ്രാൻ. ഈ കമ്പനിക്ക് ഏകദേശം 27 രാജ്യങ്ങളിലായി 270 യൂണിറ്റുകളും ഒരു ലക്ഷത്തോളം തൊഴിലാളികളുമുണ്ട്. സഫ്രാന്റെ ചെറിയൊരു യൂണിറ്റ് തിരുവനന്തപുരത്തും ആരംഭിച്ച് കഴിഞ്ഞിരിക്കുന്നുവെന്ന വിവരം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപെടുത്തുകയാണ്. അവർ നമ്മുടെ നാട്ടിൽ, കൂടുതൽ മേഖലയിലേയ്ക്ക് നിക്ഷേപം നടത്താൻ തയ്യാറായി വന്നിരിക്കുകയാണ്. അതുപോലെ ക്രസ്റ്റി എന്ന കമ്പനി, ക്രസ്റ്റി ഡിഫൻസ് ടെക്നോളജി നേവിയിൽ നിന്നും റിട്ടയർ ചെയ്ത പ്രമുഖരായ ആളുകൾ രൂപീകരിച്ച ഒരു കമ്പനിയാണ്. ഇപ്പോൾ റഷ്യയിൽ നിന്നുള്ള ടെക്നോളജി ഇങ്ങോട്ടുകൊണ്ടുവരുന്നില്ല, അതുമായി ബന്ധപ്പെട്ട് ഇന്ത്യയ്ക്കകത്തുള്ള കമ്പനികളുമായുള്ള റഷ്യൻ ടൈഅപ്പാണ് വരുന്നത്. കെൽട്രോണും ക്രസ്റ്റിയും തമ്മിലുള്ള ധാരണാപത്രവും എം.ഒ.യു.-ഉം ആയിട്ടുണ്ട്. ആ രൂപത്തിൽ ഡിഫൻസിന്റെ സാധ്യതകൾ പരമാവധി വിനിയോഗിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സെമി കണ്ടക്ടർ മേഖലയിൽ വലിയ സാധ്യതയുണ്ട്.

പൊല്യൂഷൻ, വെള്ളത്തിന്റെ പ്രശ്നം എന്നിവ കാരണം ഇവിടെ വലിയ ഫാബുകൾ സാധ്യമാകുകയില്ല. കേരളത്തിൽ ഡിസൈൻ മേഖലയിൽ വലിയ സാധ്യതയുണ്ട്. അതൊടൊപ്പംതന്നെ ചെറിയ ഫാബുകൾക്കുള്ള സാധ്യതയും ഇവിടെയുണ്ട്. നാല് കമ്പനികൾ കേരളത്തിൽ സ്ഥലസന്ദർശനം നടത്തിക്കഴിഞ്ഞു. ഫുഡ് പ്രോസസിംഗിൽ, ലോകോത്തര കമ്പനികൾ ആലപ്പുഴ, കാസർഗോഡ് മേഖലകളിൽ സന്ദർശനം നടത്തി നിക്ഷേപം നടത്തുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. പൊതുവെ നല്ലൊരു ഇക്കോസിസ്റ്റം വന്നിട്ടുണ്ട്. ഇ.വി. സെക്ടർ വളരെ പ്രധാനപ്പെട്ടതാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ഇന്ത്യയിൽ ആദ്യമായി ഇ.വി. നയം പ്രഖ്യാപിച്ചത് കേരളത്തിലാണ്. ഇന്ത്യയിൽ ആദ്യമായി പൊതുമേഖലാ സംവിധാനങ്ങൾ നാലെണ്ണം ചേർന്ന് ആദ്യമായി ലിഥിയം ബാറ്ററി പുറത്തിറക്കിക്കഴിഞ്ഞിരിക്കുന്നുവെന്ന കാര്യം ഇപ്പോൾ നമുക്ക് അഭിമാനപൂർവ്വം പറയാം, അത് നല്ല മാറ്റം ഉണ്ടാക്കും. ഇന്നലെ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രതിനിധികൾ ഇവിടെ വരികയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണുകയും ചർച്ച നടത്തുകയും ചെയ്തു. സിയാലുമായി ബന്ധപ്പെട്ട് ഗ്രീൻ ഹൈഡ്രജന്റെ പ്രൊഡക്ഷന് അവർ ശ്രമിക്കുകയാണ്, അതിന്റെ

ധാരണയിലേയ്ക്ക് എത്തുകയാണ്. ഹൈഡ്രജന്റെ കാര്യത്തിൽ നല്ല സാധ്യതയാണ് കേരളത്തിലുള്ളത്. കേരളത്തിന് അനുയോജ്യമായ വ്യവസായങ്ങൾ നല്ല രീതിയിൽ വരുന്നുണ്ടെന്നാണ് എനിക്ക് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, കേരളത്തിൽ വളരെയധികം നിക്ഷേപ സാധ്യതകൾ കൊണ്ടുവരുന്നതാണ് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും എന്റെ മണ്ഡലത്തിൽപ്പെട്ട ആമ്പല്ലൂരിലെ അളഗപ്പാ ടെക്സ്റ്റൈൽസ് കമ്പനി അടച്ചുപൂട്ടിയിട്ട് വർഷങ്ങൾ പിന്നിട്ടിരിക്കുന്ന സാഹചര്യത്തിൽ നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ (എൻ.ടി.സി.)-ന് കൈമാറിയ പ്രസ്തുത കമ്പനി സ്ഥലം തിരിച്ചെടുക്കുന്നതിനും കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമാക്കി വ്യവസായ സംരംഭങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ എന്നുള്ളത് നമ്മളും യൂണിയൻ ഗവൺമെന്റും തമ്മിൽ 50:50 ശതമാനം വീതമുള്ള ഒരു ജോയിന്റ് വെഞ്ച്വർ ആണ്. അതിൽ നമ്മുടെ ഷെയർ എന്നത് സ്ഥലം

ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവാണ്. എത്ര തുകയാണോ അതിന് ചെലവഴിക്കുന്നത് അത്രയും പണം ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിന് യൂണിയൻ ഗവൺമെന്റ് നൽകുമെന്നുള്ളതാണ് ഈ പദ്ധതിയുടെ പ്രത്യേകത. അതിൽ രണ്ട് നോഡ് എന്ന നിലയിൽ പാലക്കാടും അതോടൊപ്പം ഗിഫ്റ്റ് സിറ്റി എന്ന നിലയിൽ അയ്യമ്പുഴയുമാണ് യൂണിയൻ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ആമ്പല്ലൂർ എൻ.ടി.സി.-യുടെ കൈയിലുള്ള സ്ഥലമാണ്. അത് അടഞ്ഞുകിടക്കുകയാണ്. നമ്മൾ പലതവണ കത്തുകൊടുത്തിട്ടുണ്ട്. അത് ലഭിക്കുകയാണെങ്കിൽ മറ്റുതരത്തിലുള്ള കാര്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിയും. സംയുക്ത സംരംഭമായതുകൊണ്ട് ഇപ്പോഴത്തെ സ്ഥിതിയിൽ ഇതിന്റെ ഭാഗമാക്കാൻ നമുക്ക് മാത്രം കഴിയുന്നതല്ല. പാലക്കാട് നോഡിൽ 1700 ഏക്കർ ഇപ്പോൾ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി 1710 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. കേന്ദ്രവിഹിതമായ 50 ശതമാനം നൽകുന്നതിന് യൂണിയൻ ഗവൺമെന്റിന്റെ ക്യാബിനറ്റ് അപ്രൂവലിന് വച്ചിരിക്കുകയാണ്. പ്രസ്തുത അപ്രൂവൽ ലഭിച്ചാൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ആരംഭിക്കാൻ കഴിയും. ഗിഫ്റ്റ് സിറ്റി രണ്ടാം നോഡിൽ ആണെങ്കിലും ഒന്നാം നോഡിന്റെ ഭാഗമായിത്തന്നെ തുടങ്ങുന്നതിനാണ് ശ്രമിക്കുന്നത്. 500 ഏക്കറിന് 500 കോടി രൂപയെന്നാണ്

നേരത്തെ വകയിരുത്തിയിരുന്നത്. ഇപ്പോൾ 358 ഏക്കർ വന്നപ്പോൾ 580 കോടി രൂപയായി വന്നതുകൊണ്ട് കുറച്ചുകൂടി ഫോർമാലിറ്റീസ് പൂർത്തീകരിക്കാനുണ്ട്. അത് പൂർത്തീകരിച്ചുകഴിഞ്ഞാൽ ആ സ്ഥലവും ഏറ്റെടുത്ത് ഇന്ത്യയിലെ രണ്ടാമത്തെ ഗിഫ്റ്റ് സിറ്റി കേരളത്തിൽ ആരംഭിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. വിജിൻ: സർ, 2022-23 സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചുകഴിഞ്ഞു. അതിന്റെ ഭാഗമായി ഒന്നരലക്ഷത്തിലധികം സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കുകയും ഏകദേശം 8000 കോടി രൂപയിലധികം നിക്ഷേപം ലഭ്യമാക്കുകയും 3 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്. ഏറ്റവും വിജയകരമായി മുന്നോട്ടുപോയ ഈ സംരംഭകവർഷത്തിന്റെ തുടർച്ചയായി നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, സംരംഭക വർഷം നാടാകെ അംഗീകരിച്ചൊരു പദ്ധതിയാണ്. 1,39,000-ൽ അധികം സംരംഭങ്ങൾ കേരളത്തിൽ ആരംഭിക്കാൻ കഴിഞ്ഞു. പുതിയതായി തുടങ്ങുന്ന Micro, Small & Medium Enterprises (MSME)-കളിൽ 30 ശതമാനം ആദ്യവർഷംതന്നെ അടഞ്ഞുപോകുന്നതാണ് ഇന്ത്യയിലെ

പൊതുവായ കണക്ക്. അത് പരമാവധി കുറയ്ക്കുന്നതിനാണ് ആദ്യഘട്ടത്തിൽ ഞങ്ങൾ ശ്രമിക്കുന്നത്. റിക്രൂട്ട് ഇന്റേൺസിനെ തുടർന്നും അതിന്റെ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ട്. ഇവിടെ അംഗങ്ങൾ ഉന്നയിച്ച കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് ലൊക്കേഷൻ മാപ്പിംഗ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഏകദേശം അറുപതിനായിരത്തോളം സംരംഭങ്ങൾ, അതത് പ്രദേശത്തുപോയി, ആ സംരംഭത്തിന്റെ തന്നെ ഫോട്ടോയെടുത്ത് ലോക്കേഷൻ മാപ്പിംഗിലേയ്ക്ക് നൽകിക്കൊണ്ടിരിക്കുകയാണ്. അവർക്കാവശ്യമായ അഡ്വൈസ് നൽകുന്നുമുണ്ട്. ഇതുകൂടാതെ ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ സംഘടനയുമായി ചർച്ച ചെയ്തു. ആദ്യത്തെ വർഷം ജി.എസ്.ടി. റിട്ടേൺ, ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റ് എന്നിവ തയ്യാറാക്കുന്നതു സംബന്ധിച്ച സേവനം സൗജന്യമായി ചാർട്ടേഡ് അക്കൗണ്ടന്റുകൾ നൽകുന്നുണ്ട്. എല്ലാ ശനിയാഴ്ചയും ജില്ലകളിൽ അവരുടെ സേവനം സൗജന്യമായി ലഭ്യമാണ്. ഇതുകൂടാതെ മാർക്കറ്റിംഗിനാവശ്യമായ സൗകര്യത്തിന് സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിരുന്നു. കെ-സ്റ്റോറുകളിൽ ആ പ്രദേശത്തുണ്ടാകുന്ന ഉൽപ്പന്നങ്ങൾക്ക് ഒരു റാക്ക്, സിവിൽ സപ്ലൈസിന്റെയും കൺസ്യൂമർഫെഡിന്റെയും സൂപ്പർ മാർക്കറ്റുകളിൽ മെയ്ഡ് ഇൻ കേരള

ഉൽപ്പന്നങ്ങൾക്ക് പ്രത്യേകമായൊരു കോർണർ - ആ കാര്യം ചർച്ച ചെയ്യുന്നുണ്ട്. ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം ഇപ്പോൾ ഡെവലപ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഒ.എൻ.ജി.സി.-യുടെ പ്ലാറ്റ്ഫോമിൽ ഗവൺമെന്റിന്റെ ഇത്തരം പദ്ധതികൾ ലിങ്ക് ചെയ്യുന്നുണ്ട്. ബി ടു സി (ബിസിനസ്സ് ടു കൺസ്യൂമർ) ആണെങ്കിൽ ബി ടു ബി (ബിസിനസ്സ് ടു ബിസിനസ്സ്) എന്ന രൂപത്തിലേയ്ക്കുകൂടി ഈ സംരംഭങ്ങൾ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിൽ കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. ഇതുകൂടാതെ ഇപ്പോൾ മിഷൻ 1000 പ്രഖ്യാപിച്ചിട്ടുണ്ട്, ഇതിനായി കേരളത്തിലെ ആയിരം എം.എസ്.എം.ഇ.-കൾ തെരഞ്ഞെടുക്കുകയാണ്. ട്രാൻസ്പാരന്റായ പ്രോസസ്സാണ്. അവരുടെ മാർക്ക് എത്രയാണ്, അവർക്ക് ഇതിൽ യോഗ്യതയുണ്ടോയെന്ന് അറിയാൻ കഴിയുന്ന പ്രോസസ്സാണ്. ശരാശരി 100 കോടി രൂപ ടേണോവറുള്ള 1000 സ്ഥാപനങ്ങൾ മൂന്ന് വർഷം കൊണ്ട് കേരളത്തിൽ ഉണ്ടാക്കുകയെന്നതാണ് ഉദ്ദേശിക്കുന്നത്. 65 കോടി രൂപ ടേണോവർ ഉള്ളത് 100 കോടി രൂപയാക്കാനും 120 കോടി രൂപ ടേണോവർ ഉള്ളത് 150 കോടി രൂപയാക്കി മാറ്റാനും പറ്റും. അതിന്റെ ക്യാപ്പിറ്റലിനാവശ്യമായ സബ്സിഡി ഗവൺമെന്റ് നൽകും, വർക്കിംഗ് ക്യാപ്പിറ്റലാണ് പ്രശ്നമെങ്കിൽ വർക്കിംഗ് കാപ്പിറ്റൽ അവർ മുടക്കുമ്പോൾ interest subvention ഗവൺമെന്റ് നൽകും. ആ രൂപത്തിൽ മിഷൻ 1000 ഗവൺമെന്റ്

പ്രഖ്യാപിച്ചിട്ടുണ്ട്. 'മേയ്ക്ക് ഇൻ കേരള' പദ്ധതിയുടെ ഭാഗമായി 1000 കോടി രൂപ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആ പദ്ധതിക്ക് പൊതുവായ അംഗീകാരം ക്യാബിനറ്റ് നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബ്രാൻഡിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇപ്പോൾ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ട്. സുസ്ഥിരസഹായ പദ്ധതിയെന്ന നിലയിൽ അടച്ചുപൂട്ടൽ നിരക്ക് കുറയ്ക്കുന്നതിന് വിറ്റുവരവിൽ 5 ശതമാനം വളർച്ചാനിരക്ക് ഉറപ്പാക്കുന്നതിനും ഒരു പ്രത്യേക പദ്ധതി ഗവൺമെന്റ് ഇപ്പോൾ ആവിഷ്കരിച്ചിട്ടുണ്ട്. പുതിയ ആശയങ്ങൾ പ്രോത്സാഹിപ്പിക്കാൻ ഡ്രീംവെസ്റ്റർ എന്ന ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. ഇവ തുടർന്നുകൊണ്ടുപോകുന്നതിനും ശക്തിപ്പെടുത്തുന്നതിനും സർക്കാർ ശ്രമിക്കുന്നുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, നിലവിൽ വ്യവസായം നടത്തുന്നവർക്ക് സഹായവാഗ്ദാനം നൽകിയെങ്കിലും അവർക്ക് യഥാസമയം സഹായം ലഭ്യമായില്ലെന്നതിനാൽ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇ.എസ്.എസ്. മാർജിൻ മണി, ഗ്രാന്റ് നാനോ തുടങ്ങിയ സംസ്ഥാന പദ്ധതികളിൽ കഴിഞ്ഞ വർഷത്തെ അപേക്ഷകളിൽപ്പോലും ഫണ്ട് കൊടുത്തുതീർക്കാൻ സാധിക്കാത്തത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഇ.എസ്.എസ്. സ്കീമിന്റെ സബ്സിഡി സംവിധാനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. അപേക്ഷ പ്രോസസ്സ് ചെയ്തുകഴിഞ്ഞ് ധനകാര്യവകുപ്പിൽനിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്കാണ് തുക നൽകിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഒരു ഘട്ടം ഇപ്പോൾ നൽകാൻ തുടങ്ങിയിട്ടുണ്ട്. ബാക്കിയുള്ള തുക ധനകാര്യവകുപ്പിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പരമാവധി വേഗത്തിൽ നൽകാനാണ് ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്, വായ്പയെടുത്ത് സംരംഭം ആരംഭിച്ചവർക്ക് കൃത്യസമയത്തുതന്നെ സർക്കാരിന്റെ സഹായം ലഭിക്കേണ്ടതുണ്ട്, അതിനാവശ്യമായ പദ്ധതികൾ സർക്കാർ വളരെ ശ്രദ്ധാപൂർവ്വം മുന്നോട്ടുകൊണ്ടുപോകാനാണ് ശ്രമിക്കുന്നത്.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, പുതിയ സംരംഭങ്ങളും വ്യവസായ പാർക്കുകളും ആരംഭിക്കാനുള്ള അങ്ങയുടെ പ്രവർത്തനം ശ്ലാഘനീയമാണ്. സംരംഭം തുടങ്ങാനായി വ്യവസായ പാർക്കുകൾ ഏറ്റെടുക്കാൻ തുടങ്ങിയത് ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ്. ബഹുമാനപ്പെട്ട ശൈലജ ടീച്ചർ എം.എൽ.എ.-യുടെ ഇടപെടലിന്റെ ഭാഗമായി സംരംഭങ്ങൾ തുടങ്ങിയെങ്കിലും ലാന്റ് അക്വിസിഷൻ നടപടികൾ ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. സംരംഭകരുടെ

യോഗം വിളിച്ചപ്പോൾ പുതിയ തലമുറയിലുള്ള ധാരാളം സംരംഭകർ വന്നിരുന്നു. സംരംഭം തുടങ്ങുന്നതിനായി വ്യവസായ പാർക്കുകൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിന്റെ നടപടികൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ത്വരിതഗതിയിൽ നടത്താനുള്ള ശ്രമങ്ങൾ ആരംഭിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വളരെ പ്രസക്തമായ ചോദ്യമാണ്. വ്യവസായത്തിന് ഭൂമി ലഭിക്കുന്നതിന് സാധ്യതയുള്ള ജില്ലകൾ കാസർഗോഡ്, കണ്ണൂർ മേഖലകളാണ്. ഇപ്പോൾ കണക്ടിവിറ്റി കുറച്ചുകൂടി ശക്തമാണ്. അതുകൂടി കണക്കിലെടുത്താണ് കഴിഞ്ഞ ഗവൺമെന്റ് അവിടെ ഭൂമി ഏറ്റെടുക്കൽ പ്രഖ്യാപിച്ചത്. അതിനാവശ്യമായ പണം കളക്ടറേറ്റിൽ കെട്ടിവച്ചു, നേരത്തെതന്നെ കിൻഫ്ര അത് അടച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ നമുക്ക് ഒരു സെന്റ് സ്ഥലം വേണമെങ്കിലും 1000 ഏക്കർ സ്ഥലം വേണമെങ്കിലും എൽ.എ.ആർ.ആർ. ആക്ടുപ്രകാരം ഒരേ പ്രക്രിയയാണ്, അതിന് സമയമെടുക്കും. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ റവന്യൂ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, വ്യവസായ വകുപ്പുമന്ത്രി, ജില്ലാ കളക്ടർ, മറ്റുദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം വിളിച്ചുചേർത്ത് പ്രവർത്തനം പരമാവധി വേഗത്തിലാക്കാൻ ശ്രമിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളായ

സജീവ് ജോസഫും സണ്ണി ജോസഫും പങ്കെടുത്ത് അവിടത്തെ ബിഷപ്പുതന്നെ മുൻകൈയെടുത്ത് അവിടെയൊരു ഇൻഡസ്ട്രിയൽ പാർക്ക് തുറക്കുകയുണ്ടായി. ഞാനും ആ ചടങ്ങിൽ പങ്കെടുക്കുകയുണ്ടായി. എല്ലാ മേഖലയിലും ഇത്തരം പാർക്കുകൾ വരുന്നുണ്ട്, ഒപ്പംതന്നെ ക്യാമ്പസ്സ് ഇൻഡസ്ട്രിയൽ പാർക്ക് സംബന്ധിച്ച് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കുട്ടികൾ തൊഴിൽ അന്വേഷിച്ച് പുറത്തുപോകുന്നതിനെക്കുറിച്ചൊക്കെ മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എല്ലാ ക്യാമ്പസ്സുകളിലും 5 ഏക്കർ സ്ഥലമുണ്ടെങ്കിൽ ഒരു ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കാൻ കഴിയും. ആ ഇൻഡസ്ട്രിയൽ പാർക്കിൽ അവിടെ പഠിക്കുന്ന കുട്ടികൾക്ക് ജോലി ചെയ്യാം. ഉദാഹരണത്തിന് ബയോടെക്നോളജി പഠിക്കുന്ന കുട്ടി, ഒരു ബയോടെക്നോളജി കമ്പനിയിൽ ജോലി ചെയ്യുന്നുവെങ്കിൽ ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന് അവർക്ക് മാർക്കോ ക്രെഡിറ്റോ കൊടുക്കാം. ഇക്കാര്യത്തിന്മേൽ ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റും വ്യവസായ വകുപ്പും തമ്മിൽ ഒരു യോഗം ചേരുന്നുണ്ട്. 38 കോളേജുകൾ ഇപ്പോൾത്തന്നെ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. സഹകരണ വകുപ്പും വലിയ സാധ്യതയുള്ളതാണ്. നിക്ഷേപവും വായ്പകൊടുക്കലും മാത്രമല്ല സഹകരണ ബാങ്കുകൾ ചെയ്യേണ്ടതെന്ന കാഴ്ചപ്പാടിന്മേൽ ബഹുമാനപ്പെട്ട

സഹകരണ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യു. സഹകരണ വ്യവസായ പാർക്കുകൾ നല്ലരീതിയിൽ കേരളത്തിൽ ആരംഭിക്കാൻ കഴിയും. നേരത്തെ പറഞ്ഞ സ്വകാര്യ വ്യവസായ പാർക്കുകൾ വന്നാലും അഞ്ഞൂറിലധികം ഏക്കർ നമുക്ക് വ്യവസായത്തിന് ലഭിക്കും. നമുക്കെല്ലാവർക്കുംകൂടി ആ വിധത്തിൽ ശ്രമം തുടരാം.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കാസർഗോഡ് ജില്ലയിലെ ഏറ്റവും മികച്ച ഇൻഡസ്ട്രിയൽ പാർക്കാണ് അനന്തപുരം ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്. അവിടെ നൂറോളം ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ഫാക്ടറികളുടെ മികച്ച പ്രവർത്തനത്തിന് ബഹുമാനപ്പെട്ട മന്ത്രി നന്നായി ഇടപെടുന്നുണ്ട്. കേരളത്തിനുപുറത്തുള്ള, ഗുജറാത്ത്, മധ്യപ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലെ കമ്പനികൾ എന്റെ നിയോജകമണ്ഡലത്തിലെ അനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്. അവിടെ നൂറോളം ഫാക്ടറികളായി, ഇനി അനുവദിക്കാൻ ഭൂമിയില്ലെന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. വൻതോതിൽ റവന്യൂ ഭൂമി കൈവശമുള്ള കേരളത്തിലെ ഒരു മണ്ഡലമാണ് മഞ്ചേശ്വരം. ഭൂമിയുടെ കാര്യത്തിൽ ധാരാളം ആളുകൾ ഇപ്പോഴും വെയിറ്റിംഗ് ലിസ്റ്റിലാണ്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇപ്പോഴും കർണ്ണാടകത്തിലെ

ധാരാളം ഫാക്ടറികൾ കേരളത്തിലേയ്ക്കുവരാൻ തയ്യാറാണ്. ഇക്കാര്യത്തെക്കുറിച്ച് ഒന്നുകൂടി ആലോചിച്ചുകൂടേ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗം എ. കെ. എം. അഷ്റഫ് പറഞ്ഞ കാര്യങ്ങൾ വളരെ പ്രസക്തമാണ്. കേരളത്തിനുപുറത്ത് കർണ്ണാടക ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽനിന്നും കമ്പനികൾ നമ്മുടെ നാട്ടിലേയ്ക്ക് വരാൻ തയ്യാറാകുന്ന ഒരു അന്തരീക്ഷം സംജാതമായിരിക്കുന്നുവെന്നുള്ളത് ഏറെ സന്തോഷകരമാണ്. അദ്ദേഹം പറഞ്ഞതുപോലെ ഗുജറാത്തിൽ നിന്നുള്ള കമ്പനികൾ ഉൾപ്പെടെ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ വന്നിട്ടുണ്ട്, ബഹുമാനപ്പെട്ട അംഗവും ഇക്കാര്യത്തിൽ വളരെയധികം താത്പര്യം പ്രകടിപ്പിക്കുന്നുണ്ട്. ഞാൻ കാസർഗോഡ് സന്ദർശിച്ച ഘട്ടത്തിൽ ഇത്തരം കാര്യങ്ങളെല്ലാം ചർച്ചചെയ്യുകയുണ്ടായി. പല സംസ്ഥാനങ്ങളിൽനിന്നുള്ള കമ്പനികൾ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ വന്നിട്ടുണ്ട്; നിലവിൽ സ്ഥലമില്ലെന്നതും ഒരു യാഥാർത്ഥ്യമാണ്. ഭൂമി സംബന്ധിച്ച് ഗവൺമെന്റ് ഒരു മാപ്പിംഗ് നടത്തുകയും കൈവശമുള്ള റവന്യൂഭൂമി എത്രയെന്ന് മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല

അക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജിനുവേണ്ടി ഏറ്റെടുത്ത 20 ഏക്കർ ഭൂമി നമ്മുടെ കൈവശമുണ്ട്. കൂടാതെ കുഷ്ഠരോഗാശുപത്രിക്കുവേണ്ടി കൊരട്ടിയിൽ ഏറ്റെടുത്ത 100 ഏക്കർ ഭൂമിയിൽ നിലവിൽ അവിടെ ആശുപത്രി പ്രവർത്തിക്കാത്തതിനാൽ കഴിയുമെങ്കിൽ ആ സ്ഥലം മെഡിക്കൽ ഉപകരണങ്ങളുടെ ഒരു വ്യവസായത്തിനായി ഉപയോഗപ്പെടുത്താം. ഇതുകൂടാതെ കേരളത്തിൽ ഒട്ടാകെയുള്ള ഇൻഡസ്ട്രിയൽ സൊസൈറ്റികളുടെ പക്കലുള്ള ഉപയോഗപ്പെടുത്താത്ത ഭൂമി, ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്കായി ഏറ്റെടുത്തതും നിലവിൽ ഉപയോഗപ്പെടുത്താത്തതുമായ ഭൂമി, പൊതുമേഖലാ സ്ഥാപനങ്ങളുടെ പക്കലുള്ള ഉപയോഗിക്കാത്ത ഭൂമി വിലകൊടുക്കാതെതന്നെ നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നവ എന്നിവ എത്രയുണ്ടെന്നതു സംബന്ധിച്ച് ഗവൺമെന്റ് ഒരു മാപ്പിംഗ് നടത്തിക്കഴിഞ്ഞു. ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി ഉപയോഗപ്പെടുത്തിയുള്ള പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരികയാണ്. വ്യവസായം മുന്നോട്ടുകൊണ്ടുപോകുന്നതിന്

കാസർഗോഡ് ജില്ലയ്ക്ക് സർക്കാർ മുന്തിയ പരിഗണന നൽകുന്നുണ്ട്. പ്രസ്തുത വിഷയത്തിൽ ബഹുമാനപ്പെട്ട അംഗം നൽകുന്ന പിന്തുണയ്ക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനെക്കുറിച്ചും കിൻഫ്രയിലെ ഒഴിവുള്ള സ്ഥലങ്ങളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ചുമുള്ള ചോദ്യങ്ങൾ ഉന്നയിക്കുകയും അതിന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരണം നൽകുകയുമുണ്ടായി. കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ വ്യവസായ വകുപ്പിന് നേരിട്ട് കൈമാറിയിട്ടുള്ള 82 ഏക്കർ ഭൂമി ഇപ്പോഴും ഉപയോഗപ്പെടുത്താതെ നിലനിൽക്കുകയാണ്. പ്രസ്തുത ഭൂമിയിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് വ്യവസായ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള ആലോചനകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി എന്താണ്?

<u>ശ്രീ. പി. രാജീവ്:</u> സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ ശരിയാണ്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ പ്രസ്തുത ഭൂമി ഏറ്റെടുത്ത് വ്യവസായ പാർക്ക് സ്ഥാപിക്കാൻ തീരുമാനിച്ചത്. നേരത്തേ നിലനിന്നിരുന്ന സാങ്കേതികമായ ചില പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. മതിൽ കെട്ടുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ആവശ്യമായ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഒന്നൊന്നര വർഷത്തിനുള്ളിൽത്തന്നെ അവിടെ വ്യവസായങ്ങൾ തുടങ്ങാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> സർ, ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിൽ സ്ഥലം കൈവശമുള്ള സ്വകാര്യ വ്യവസായ പാർക്കുകൾ നിലവിൽ സംസ്ഥാനത്തുണ്ട്. പെട്രോൾ, ഡീസൽ കാറുകളുടെ ഉപയോഗത്തിൽനിന്നും ഇലക്ട്രിക് കാറുകളിലേയ്ക്ക് ആളുകൾ മാറിക്കൊണ്ടിരിക്കുകയാണ്. അതിനാവശ്യമായ ലിഥിയം ബാറ്ററികൾ, അതുപോലെതന്നെ ഹൈഡ്രജൻ സോഴ്സുകൾ തുടങ്ങിയവയൊക്കെ വലിയ സംഭവമായി വരാൻ പോകുകയാണ്. സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ

ഇതിന്റെയൊക്കെ ടെക്നോളജി വികസിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ മേഖലയിൽ നടത്തിയ ചർച്ചയെക്കുറിച്ച് നേരത്തേ ഇവിടെ സൂചിപ്പിക്കുകയും ചെയ്തു. നമ്മൾ അൽപ്പംകൂടി ഇക്കാര്യത്തിൽ ശ്രദ്ധപതിപ്പിക്കുകയാണെങ്കിൽ കേരളത്തിന് ഈ രംഗത്ത് വളരെ വലിയ സാധ്യതയുണ്ടാകും. പക്ഷേ നമ്മുടേതായ ചില ബലഹീനതകൾകൊണ്ട് ഇത്തരം കാര്യങ്ങൾ നോക്കിക്കണ്ട് ആരംഭിക്കാൻ തുടങ്ങുമ്പോഴേയ്ക്കും മറ്റുള്ളവർ നമ്മെ മറികടന്ന് മുമ്പിലെത്തും. അതുകൊണ്ട് ഇതുസംബന്ധിച്ച കാര്യങ്ങൾ ഗൗരവത്തിലെടുക്കണം. സ്റ്റോറേജ് ബാറ്ററികൾ നിർമ്മിക്കുന്ന കാര്യം വലിയ ബുദ്ധിമുട്ടില്ലാതെ ചെയ്യാൻ കഴിയുമെന്നാണ് ആ സാങ്കേതിക വിദ്യയെക്കുറിച്ചുള്ള പ്രാഥമിക കാര്യങ്ങൾ അറിയാവുന്ന ഒരാളെന്ന നിലയിൽ എനിക്ക് പറയാനുള്ളത്. അതുകൊണ്ടുതന്നെ ഈ വിഷയം അൽപ്പംകൂടി ഗൗരവത്തിലെടുക്കുകയും ഇതിനായി വ്യവസായ പാർക്കുകൾ സ്ഥാപിക്കുകയും ചെയ്തുകൊണ്ട് ബന്ധപ്പെട്ട കമ്പനികളുമായി ചർച്ച നടത്താൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തയ്യാറാകുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, മുൻവ്യവസായ വകുപ്പുമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞത് വളരെ ശരിയാണ്. അദ്ദേഹം 'പാർക്ക്' കാഴ്ചപ്പാട് കേരളത്തിൽ പ്രായോഗികമാക്കുന്നതിന് മുൻകൈയെടുത്ത വ്യവസായ വകുപ്പുമന്ത്രിയാണ്. ഇപ്പോൾ കെ.എസ്.ഐ.ഡി.സി-യെ ഒന്നുകൂടി റീസ്ട്രക്ച്ചർ ചെയ്ത് അവിടെത്തന്നെ ഇത്തരം കാര്യങ്ങൾ കൈകാര്യംചെയ്യാൻ കഴിയുന്ന ഒരു ടീമിനെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. വ്യവസായം സംബന്ധിച്ച കാര്യങ്ങളിൽ ഇ-മെയിൽ അയയ്ക്കുക എന്ന സമ്പ്രദായമായിരുന്നു നേരത്തേ ഉണ്ടായിരുന്നതെങ്കിൽ ഇന്ന് കമ്പനിയുടെ ആസ്ഥാനത്തുതന്നെ പോയി കാര്യങ്ങൾ മനസ്സിലാക്കുന്നതിനും മറ്റും പ്രത്യേക ടീം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ sectorwise -ആയും ടീം രൂപീകരിച്ചിട്ടുണ്ട്. മുൻ ചീഫ് സെക്രട്ടറി ശ്രീ. പോൾ ആന്റണി ഇപ്പോൾ കെ.എസ്.ഐ.ഡി.സി. ചെയർമാനായി പ്രവർത്തിക്കുന്നുണ്ട്, വളരെ ഊർജ്ജസ്വലമായ നീക്കം ഇക്കാര്യങ്ങളിലെല്ലാം നടക്കുന്നുണ്ട്. അങ്ങ് പറഞ്ഞ കാര്യങ്ങൾ വളരെ ശരിയാണ്, സംസ്ഥാനത്തിന്റെ ഒരു സാധ്യത ഈ മേഖലയിലുണ്ട്. ഇ-വെഹിക്കിൾ

സംബന്ധിച്ച നയം നമ്മൾ പ്രഖ്യാപിച്ചിട്ടുണ്ട്, ഇ-വെഹിക്കിൾ സോൺ എന്നതും സർക്കാരിന്റെ പരിഗണനയിലുണ്ട്. വ്യവസായം സംബന്ധിച്ച കാര്യങ്ങളിൽ അങ്ങ് പല ഘട്ടങ്ങളിലായി നേരത്തേയും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്, അവയെല്ലാം സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിൽ സർക്കാരിന് സന്തോഷമേയുള്ളൂ.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, വ്യാവസായിക രംഗത്ത് ശ്രദ്ധേയമായ മുന്നേറ്റങ്ങളുണ്ടാക്കാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നടത്തുന്ന പ്രവർത്തനങ്ങളെ പ്രശംസിക്കുകയാണ്. ആധുനിക വ്യവസായ വികസനത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള നിരവധി പ്രവർത്തനങ്ങൾ നടന്നുവരികയാണ്. നമ്മുടെ സംസ്ഥാനത്തെ പതിനായിരക്കണക്കിന് ആളുകൾ തൊഴിലെടുക്കുന്നത് പരമ്പരാഗത വ്യവസായ മേഖലയിലാണ്. പ്രത്യേകിച്ച് കയർ അടക്കമുള്ള പരമ്പരാഗത വ്യവസായങ്ങൾ ഈ കാലഘട്ടത്തിൽ വലിയതോതിലുള്ള വെല്ലുവിളികൾ നേരിടുകയാണ്. ഇത്തരം പരമ്പരാഗത വ്യവസായങ്ങളുടെ വൈവിധ്യവത്കരണത്തിനായി ഏതെല്ലാം

പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്, ഏറ്റവുംകൂടുതൽ തൊഴിലാളികളുള്ളത് പരമ്പരാഗത വ്യവസായ മേഖലയിലാണ്. ആ മേഖലയിൽ കുറച്ചധികം പ്രതിസന്ധികളുണ്ടായിരുന്നു. അവയെക്കുറിച്ച് പഠിക്കുന്നതിനും പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനും മൂന്ന് എക്സ്പെർട്ട് കമ്മിറ്റികളെ നിയോഗിച്ചിരുന്നു. രണ്ട് കമ്മിറ്റികളുടെ റിപ്പോർട്ട് ലഭ്യമാവുകയും അവയെ ആധാരമാക്കി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൈത്തറി, ഖാദി എന്നിവയും ഇതിൽ ഉൾപ്പെടുന്നുണ്ട്. ഈ മാസം 7-ാം തീയതി കൈത്തറി ദിനമായിരുന്നു. നേരത്തേ ഖദർ ധരിച്ചിരുന്ന കോൺഗ്രസ് അംഗങ്ങളിൽ പലരും ഇപ്പോൾ കളർ ഡ്രസ്സിലേയ്ക്ക് മാറിയ കാര്യം ഞാൻ നേരത്തെയും സൂചിപ്പിച്ചിരുന്നു. അതുകൂടി പരിഗണിച്ചുകൊണ്ട് പുതിയ കളർ ഖാദി തുണിത്തരങ്ങൾകൂടി ഇപ്പോൾ ഇറക്കുന്നുണ്ട്, ഞാൻ ഉപയോഗിച്ചിരിക്കുന്നതും അത്തരത്തിലുള്ളതാണ്. അതുകൊണ്ട് കളർ ഡ്രസ്സിലേയ്ക്ക് പോകുന്ന

കോൺഗ്രസ് അംഗങ്ങൾ പോളിസ്റ്റർ അടക്കമുള്ളതിലേയ്ക്ക് പോകേണ്ട, നിറമുള്ള ഖാദി സർക്കാർ നൽകുന്നതാണ്. കയർ മേഖലയെക്കുറിച്ച് അംഗം പറഞ്ഞത് ശരിയാണ്, ആ മേഖലയിൽ കുറെയേറെ പ്രതിസന്ധികൾ ഉണ്ടായിരുന്നു. അത്തരം പ്രതിസന്ധികൾ പരിഹരിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ചരിത്രത്തിൽ ആദ്യമായി ചെറുകിട ഉത്പാദകർക്ക് പ്രവർത്തന മൂലധനം നൽകാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. അതുപോലെതന്നെ മാറ്റിംഗ് സൊസൈറ്റികൾക്കും ആവശ്യമായ സഹായങ്ങൾ നൽകിയിട്ടുണ്ട്. ഇതിനുപുറമേ ഈ മേഖലയുടെ അടിത്തറ മുതലുള്ള മാറ്റങ്ങൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. നേരത്തേയുണ്ടായിരുന്ന സംഭരണം എന്ന കാഴ്ചപ്പാട് മാറിക്കഴിഞ്ഞു. ഏകദേശം 8-ഓളം ഗോഡൗണുകൾ ഒഴിവാക്കുകയും ആവശ്യത്തിനനുസരിച്ച് സംഭരിക്കുക, വിപണിയുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള ഡിസൈനുകൾ ഉത്പാദിപ്പിക്കുക തുടങ്ങിയ നയങ്ങളിലേയ്ക്ക് മാറിക്കഴിഞ്ഞു. കാഷ്യൂ ബോർഡിനായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഏകദേശം 43.55 കോടി രൂപ കഴിഞ്ഞദിവസം അനുവദിക്കുകയുണ്ടായി. കമ്പനികൾക്ക് ആവശ്യമായ

കശുവണ്ടി ലഭ്യമാക്കുന്നുണ്ട്. കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ രണ്ട് പാക്കേജുകൾ നടപ്പിലാക്കി. ചരിത്രത്തിലാദ്യമായി, സ്വകാര്യ കശുവണ്ടി കമ്പനികളിലെ തൊഴിലാളികളുടെ പ്രൊവിഡന്റ് ഫണ്ട്, വെൽഫെയർ ഫണ്ട്, ഇ.എസ്.ഐ. തുടങ്ങിയവ സർക്കാൻ വഹിക്കാൻ തീരുമാനിക്കുകയും ഇതിനായി 20 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ തൊഴിലിടങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിനായി  5 കോടി രൂപ സ്വകാര്യ വ്യവസായ ശാലകൾക്ക് നൽകുന്നുണ്ട്. ഈ രംഗത്തെ ഷെല്ലിംഗ് ഓട്ടോമേഷനിലെ ആധുനികവത്കരണത്തിനായി 5 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. സ്വകാര്യ കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തന മൂലധനത്തിന്റെ ലോൺ പലിശയിനത്തിലെ 50% നൽകുന്നതിനുൾപ്പെടെ  7 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. കശുവണ്ടി മേഖലയ്ക്ക് ആശ്വാസം നൽകുന്ന പദ്ധതികൾ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ഉപചോദ്യങ്ങൾക്കായി ഇരുപതിലേറേ അംഗങ്ങളുടെ പേര് സ്ക്രീനിൽ തെളിയുന്നുണ്ട്, ചെയർ നിസ്സഹായനാണ്.

**സഹകരണ സ്ഥാപനങ്ങൾ മുഖാന്തരമുള്ള പെൻഷൻ വിതരണം**

3 (*33) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ മുഖാന്തരം പെൻഷൻ വിതരണം കാര്യക്ഷമമായി നടപ്പാക്കിയിട്ടുണ്ടോ; ഈ ഇനത്തിൽ എത്ര കോടി രൂപ എത്ര ഗുണഭോക്താക്കൾക്കായി സഹകരണ ബാങ്കുകൾവഴി വിതരണം ചെയ്തിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ആരോഗ്യപരിരക്ഷ, വയോജന സംരക്ഷണം എന്നീ രംഗങ്ങളിൽ സഹകരണ വകുപ്പിന്റെ ഇടപെടൽ മൂലമുള്ള ആർജിത നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് സഹകാരികളുടെ സാമൂഹ്യ ഉന്നമനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ എത്രമാത്രം ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ) സഹകരണ സ്ഥാപനങ്ങൾ മുഖാന്തരം പെൻഷൻ വിതരണം കാര്യക്ഷമമായി നടപ്പാക്കി വരുന്നു. ഈ ഇനത്തിൽ 2016 ജൂലൈ മുതൽ 2023 ഏപ്രിൽ വരെ 2,53,88,74,57,975/-രൂപ ഏതാണ്ട് 30,36,707 ഗുണഭോക്താക്കൾക്കായി സഹകരണ ബാങ്കുകൾ \വഴി വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. അതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക | എണ്ണം |
|---|---|---|
| 2016 | 21714572475 | 1606176 |
| 2017 | 26909797900 | 2940076 |
| 2018 | 55101308900 | 2179701 |
| 2019 | 16493891900 | 2052346 |
| 2020 | 47984616900 | 2368710 |
| 2021 | 42485708900 | 2550382 |
| 2022 | 28814487400 | 2579724 |
| 2023 | 14383073600 | 2393497 |
| | 253887457975 | |

(ബി) ആരോഗ്യ പരിരക്ഷ രംഗത്ത് സഹകരണ മേഖല സ്തുത്യർഹമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. പ്രത്യേകിച്ച് ഈ മേഖലയിലെ സ്വകാര്യ ചൂഷണങ്ങൾ അവസാനിപ്പിക്കാൻ ജനപങ്കാളിത്തത്തോടെ

സഹകരണ ആശുപത്രി സംഘങ്ങൾ കേരളത്തിൽ സജീവമായി ആതുര സേവനരംഗത്ത് ഇടപെടുന്നുണ്ട്. കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് മിതമായ നിരക്കിൽ മരുന്നുകളും ആരോഗ്യ പരിരക്ഷയും നൽകുന്ന സ്ഥാപനങ്ങളാണ് സഹകരണ ആശുപത്രികൾ.

ഇന്ത്യയിൽ ഏറ്റവും അധികം സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്ന നാടാണ് കേരളം. വയനാട് ഒഴികെ സംസ്ഥാനത്തെ 13 ജില്ലകളിലും പ്രവർത്തന സാധ്യതയുള്ള സഹകരണ ആശുപത്രിസംഘങ്ങൾ ആരോഗ്യമേഖലയ്ക്കും സഹകരണ മേഖലയ്ക്കും അഭിമാനകരമായി നിലകൊള്ളുന്നു. ചെറുതും വലുതുമായി ഏതാണ്ട് 200-ൽപ്പരം സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 100-ലധികം സഹകരണ ആശുപത്രികൾ സംഘങ്ങൾ നല്ല രൂപത്തിൽ പ്രവർത്തിച്ചുവരുന്നു. കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ നൽകിവരുന്നു. ആതുര ശുശ്രൂഷ രംഗത്ത് മാത്രമല്ല മെഡിക്കൽ ലാബുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെല്ലാം സഹകരണമേഖലയുടെ ഇടപെടലുണ്ടായിട്ടുണ്ട്.

സഹകരണ ആശുപത്രികളുടെ സംസ്ഥാനത്തെ അപ്പെക്സ് സ്ഥാപനമായ കേരള സംസ്ഥാന സഹകരണ ആശുപത്രി ഫെഡറേഷൻ സംഘങ്ങളുടെ നേതൃതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

ഹോസ്പിറ്റൽ ഫെഡറേഷൻ നഴ്സിംഗ് കോളേജും പാരാമെഡിക്കൽ കോഴ്സുകളും നടത്തുന്നതിനായി കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസ് കോളേജും നടത്തിവരുന്നു. നഴ്സിംഗ് കോളേജിൽ ബി.എസ്.സി നഴ്സിംഗ്, എം.എസ്.സി. നഴ്സിംഗ്, കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസിൽ ഫിസിയോതെറാപ്പി, ബി.എസ്.സി നഴ്സിംഗ്, മെഡിക്കൽ ലബോറട്ടറി, ബി.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി, മെഡിക്കൽ മൈക്രോബയോളജി, മാസ്റ്റർ ഓഫ് ഫിസിയോതെറാപ്പി എന്നീ കോഴ്സുകൾ നടത്തിവരുന്നു.

ആരോഗ്യമേഖലയിൽ നൂതന ആശയങ്ങൾ കണ്ടെത്തുന്നതിനായി ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കോവിഡ് മഹാമാരിയും മറ്റ് പകർച്ചവ്യാധികളും

യഥാസമയം കണ്ടെത്തുന്നതിന് സഹകരണ മേഖലയിൽ ആദ്യമായി ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുകയുണ്ടായി.

സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി സഹകരണ ആശുപത്രികളെ കൂടി മെഡിസെപ്പ് പദ്ധതിയുടെ കീഴിൽ എം പാനൽ ചെയ്തിട്ടുള്ളതാണ്. സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൊല്ലത്തെ എൻ.എസ്. ആശുപത്രി, പെരിന്തൽമണ്ണയിലെ ഇ.എം.എസ്. ആശുപത്രി എന്നിവ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങളിൽ ആരോഗ്യ-വിദ്യാഭ്യാസ കോഴ്സുകൾ നടത്തിവരുന്നു. ജില്ലാ ആസ്ഥാനങ്ങളിലെ സഹകരണ സ്ഥാപനങ്ങൾ ആധുനിക ചികിത്സ പ്രദാനം ചെയ്യുന്നുണ്ട്.

വയോജന സംരക്ഷണം:-

വാർദ്ധക്യത്തേയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും വയോജനങ്ങളും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭിക്കുന്നതിനുള്ള പദ്ധതിയാണിത്. സർക്കാരിന്റെ രണ്ടാം നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായി

ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണമേഖലയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിൽ അംഗങ്ങളാകുന്നതിനായി നിശ്ചിത തുക സംഘത്തിൽ ഒടുക്കി രജിസ്റ്റർ ചെയ്യുകയും ചികിത്സാ ആവശ്യം അറിയിക്കുന്ന മുറയ്ക്ക് രോഗിയെ ബന്ധപ്പെട്ട സഹകരണ ആശുപത്രിയിൽ എത്തിച്ച് ആവശ്യമായ ചികിത്സ നൽകി തിരികെ വീടുകളിൽ എത്തിക്കുകയും തുടർചികിത്സ ആവശ്യമാണെങ്കിൽ നിശ്ചിത ഇടവേളകളിൽ താമസസ്ഥലത്തെത്തി ആവശ്യമായ രോഗനിർണ്ണയ പരിശോധനകൾ നടത്തുകയും ആയതിന്റെ ഫീസ് ഈടാക്കുകയും ചെയ്യുന്നതാണ് ടി പദ്ധതി. നിലവിൽ 10 ജില്ലകളിലായി 18 ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി പെയ്ഡ് പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽ ഊന്നൽ നൽകി സഹകരണ സ്ഥാപനങ്ങൾ വഴി ആംബുലൻസ് സേവനം, കുറഞ്ഞ ചെലവിൽ മരുന്നുകൾ, സ്കാനിംഗ് ഉൾപ്പെടെയുള്ള പരിശോധനകൾ എന്നിവ ലഭ്യമാക്കി വരുന്നു. കൂടാതെ വിവിധ സംഘങ്ങൾ മുഖേന നീതി മെഡിക്കൽ സ്റ്റോറുകളും നീതി

ലാബുകളും മൊബൈൽ ക്ലിനിക്കുകളും നടത്തിവരുന്നുണ്ട്. വിവിധ പ്രാഥമിക സംഘങ്ങളുടെ സഹായത്തോടെ കിടപ്പുരോഗികൾക്ക് ആവശ്യമായ വാട്ടർബെഡ്, സാനിറ്ററി നാപ്കിൻസ്, വീൽചെയർ, ട്രോളി സംവിധാനം എന്നിവ ഒരുക്കിയിട്ടുണ്ട്.

ക്യൂ 952 കൊല്ലം ജില്ലാ സഹകരണ ആശുപത്രി സംഘം ക്ലിപ്തം (എൻ.എസ് സഹകരണ ആശുപത്രി)-യിൽ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി ജെറിയാട്രിക് സെന്റർ ആരംഭിക്കുന്നതിന്റെ ഭാഗമായി ആയതിനാവശ്യമായ കെട്ടിട നിർമ്മാണം പൂർത്തികരിച്ചിട്ടുള്ളതും അനുബന്ധ പ്രവർത്തനങ്ങൾ നടന്നുവരുന്നതുമാണ്. ടി പദ്ധതിയിൽ വയോജനങ്ങളെ കിടത്തി ചികിത്സിക്കുന്നതിനും പെയ്ഡ് പാലിയേറ്റീവ് പ്രവർത്തനം നടത്തുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് കീഴിലുള്ള യു.എൽ.സി.സി.എസ് ഫൗണ്ടേഷൻ "മടിത്തട്ട്" എന്ന പേരിൽ മുതിർന്ന പൗരന്മാർക്ക് ഒരു പകൽ പരിചരണ കേന്ദ്രം പ്രവർത്തിപ്പിക്കുന്നുണ്ട്. ആയതിന്റെ കീഴിൽ മെഡിക്കൽ പരിശോധന, ഫിസിയോതെറാപ്പി,

മെഡിക്കൽ ലാബ് പരിശോധന, ഫാർമസി, ഭക്ഷണം, വിനോദോപാധികൾ തുടങ്ങിയവ വയോജനങ്ങൾക്ക് നൽകിവരുന്നു.

കോഴിക്കോട് ഡിസ്ട്രിക്ട് സഹകരണ ആശുപത്രി വയോജന സംരക്ഷണത്തിന്റെ ഭാഗമായി ഹോം കെയർ പദ്ധതി നടപ്പിലാക്കി വരുന്നു.

ആരോഗ്യപരിരക്ഷ, വയോജന സംരക്ഷണം എന്നീ മേഖലകളിൽ ഇടപെടൽ നടത്തുന്ന ആശുപത്രി സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള പലവക സഹകരണ സംഘങ്ങൾക്ക് സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി "പലവക സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം" എന്ന പദ്ധതിയിൽനിന്നും ധനസഹായം അനുവദിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പലവക സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ ഇനത്തിൽ ആകെ 1840 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ ആശുപത്രികൾ നവീകരിക്കുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ച് തുക അനുവദിച്ചുവരുന്നു.

(സി) കേരള സഹകരണ സംഘം രജിസ്ട്രാറുടേയും ഇതര വകുപ്പുകൾക്ക് കീഴിലുള്ള സഹകരണ സംഘം ജീവനക്കാരുടേയും ആശ്രിതരുടേയും ക്ഷേമ

പ്രവർത്തനങ്ങൾക്കായി 01-04-1986-ൽ കേരള സർക്കാർ രൂപീകരിച്ച ബോർഡാണ് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയിസ് വെൽഫയർ ബോർഡ്. നാളിതുവരെ 8200-ൽപ്പരം സഹകരണ സംഘങ്ങളും 76000-ൽപ്പരം ജീവനക്കാരും ബോർഡിൽ അംഗങ്ങളായിട്ടുണ്ട്. സേവനത്തിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് 2,50,000/- രൂപ മരണാനന്തര ധനസഹായം, അംഗങ്ങളായ സഹകരണ സംഘം ജീവനക്കാരുടെ വിവിധ ചികിത്സകൾക്ക് 15,000/- രൂപ മുതൽ 1,25,000/- രൂപ വരെ ചികിത്സാ സഹായം, ജീവനക്കാരുടെ ആശ്രിതരുടെ ചികിത്സയ്ക്ക് 40,000/- രൂപ വരെ ധനസഹായം, വിവിധ കോഴ്സുകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന ജീവനക്കാരുടെ മക്കൾക്ക് 5,000/- രൂപ മുതൽ 25,000/- രൂപവരെ എല്ലാ വർഷവും വിദ്യാഭ്യാസ ക്യാഷ് അവാർഡുകൾ, കൂടാതെ ജീവനക്കാർ സേവനത്തിൽനിന്നും പിരിഞ്ഞുപോകുമ്പോൾ ബോർഡിലേയ്ക്ക് അടച്ച വിഹിതം 10 ശതമാനം ഇൻസെന്റീവ് സഹിതം തിരികെ നൽകൽ തുടങ്ങിയവയാണ് ബോർഡിന്റെ ക്ഷേമ പ്രവർത്തനങ്ങൾ.

01-04-1986 മുതൽ 31-07-2023 വരെ നൽകിയ ക്ഷേമാനുകൂല്യങ്ങൾ

1. മരണാനന്തര ധനസഹായം –17,00,65,000/- (പതിനേഴ് കോടി അറുപത്തി അയ്യായിരം രൂപ)

2. ചികിത്സാ ധനസഹായം – 20,06,10,000/-(ഇരുപത് കോടി ആറ് ലക്ഷത്തി പതിനായിരം രൂപ)

3. അംഗങ്ങളുടെ മക്കൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ ക്യാഷ് അവാർഡ് തുക – 15,83,41,250/- (പതിനഞ്ച് കോടി എൺപത്തിമൂന്ന് ലക്ഷത്തി നാൽപ്പത്തി ഒന്നായിരത്തി ഇരുന്നൂറ്റി അൻപത് രൂപ)

4. ജീവനക്കാരുടെ ക്ഷേമനിധി വിഹിതം 10 ശതമാനം ഇൻസെന്റീവ് സഹിതം തിരികെ നൽകിയ തുക 43,82,06,674.50/-രൂപ

(നാൽപ്പത്തിമൂന്ന് കോടി എൺപത്തിരണ്ട് ലക്ഷത്തി ആറായിരത്തി അറുന്നൂറ്റി എഴുപത്തിനാല് രൂപ അൻപത് പൈസ)

കോവിഡ് 19 രണ്ടാം തരംഗത്തിൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതുമൂലം വേതനം ലഭിക്കാത്ത 133 സഹകരണ സംഘം ജീവനക്കാർക്ക് ആശ്വാസ ധനസഹായമായി 3,32,500/- രൂപ നൽകിയിട്ടുണ്ട്. ഓണക്കാലത്ത് ബോണസും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാത്ത 179 സഹകരണ സംഘം

ജീവനക്കാർക്ക് ഓണം സമാശ്വാസ ധനസഹായമായി 5,37,000/- രൂപയും നൽകിയിട്ടുണ്ട്. കൂടാതെ ബോർഡ് ഭരണ സമിതിയുടെ തീരുമാനപ്രകാരം ചട്ടം ഭേദഗതി ചെയ്ത് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ജനക്ഷേമകരവും വികസനപരവുമായിട്ടുള്ള പദ്ധതികൾ നടപ്പാക്കിക്കൊണ്ട് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്ന ഈ ഗവൺമെന്റ് സാമൂഹ്യ സുരക്ഷാമേഖലയിൽ 62 ലക്ഷത്തോളം പേർക്ക് പെൻഷൻ നൽകി വരുന്നുവെന്നതാണ് കണക്ക്. അതിൽ 30 ലക്ഷത്തിലധികം വരുന്ന ആളുകൾക്ക് സഹകരണ മേഖലയിലൂടെയാണ് സാമൂഹ്യസുരക്ഷാ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നത്. ജനക്ഷേമകരമായ ഈ പദ്ധതിക്ക് പ്രതിസന്ധികളും പ്രയാസങ്ങളുമുണ്ടാക്കാനും ഇടതുപക്ഷ ഗവൺമെന്റിനെ സാമ്പത്തികമായി ശ്വാസംമുട്ടിച്ച് ഞെരുക്കാനുമുള്ള ശ്രമങ്ങൾ കേന്ദ്രഭരണാധികാരികളുടെ ഭാഗത്തുനിന്നും മറ്റും നിരന്തരമായി വന്നുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ സാമൂഹ്യസുരക്ഷാ പെൻഷൻ

പദ്ധതികൾ ഏത് രീതിയിൽ മുന്നോട്ടുകൊണ്ടുപോകണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്; അതുസംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുവരെ തടസ്സംകൂടാതെ, ഏറ്റവും അവസാനമായി രണ്ടുമാസത്തെ പെൻഷനും പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. സഹകരണമേഖല വഴി കോവിഡ് മഹാമാരിക്കാലത്തുപോലും പി.പി.ഇ. കിറ്റ് ധരിച്ചുകൊണ്ട് ജീവനക്കാർ കൃത്യമായി പെൻഷൻകാരുടെ വീടുകളിൽ പെൻഷൻ എത്തിച്ചുകൊടുത്തിരുന്നുവെന്നത് ശ്ലാഘനീയമായ സേവനമാണ്. അത് ഇപ്പോഴും തുടരുന്നു.

ശ്രീ. പി. മമ്മിക്കുട്ടി: സർ, സോഷ്യൽ സെക്യൂരിറ്റി പെൻഷനും കെ.എസ്.ആർ.ടി.സി. പെൻഷനും നൽകുന്നതിനുവേണ്ടി രൂപീകരിച്ച കൺസോർഷ്യം ശേഖരിക്കുന്ന നിക്ഷേപത്തിന് ഇപ്പോൾ എത്ര ശതമാനമാണ് പലിശ നൽകുന്നത്; ജനങ്ങളിൽനിന്നും സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് വലിയ പലിശ കൊടുക്കേണ്ടിവരുന്ന സാഹചര്യത്തിൽ ഈ പലിശ നിരക്കിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ആദ്യ ഘട്ടത്തിൽ എട്ടര ശതമാനമായിരുന്നു പലിശ. പിന്നീട് അത് എട്ട് ശതമാനമാക്കി. ഇപ്പോൾ എട്ടേമുക്കാൽ ശതമാനംവരെ ഏറ്റവും ഉയർന്ന പലിശ നിക്ഷേപകർക്ക് കൊടുക്കേണ്ടതുണ്ട്, വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. അക്കാര്യം പരിഗണനയിലാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കേരളത്തിലെ സഹകരണപ്രസ്ഥാനം ലോകമാതൃകയാണ്. ആയിരക്കണക്കിന് ക്രെഡിറ്റ് സംഘങ്ങളും പതിനായിരക്കണക്കിന് നോൺ ക്രെഡിറ്റ് സംഘങ്ങളും വളരെ ശക്തവും വ്യാപകമായും പ്രവർത്തിക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. ഈ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ദുർബ്ബലപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ ഇപ്പോൾ പാസ്സാക്കിയ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘം നിയമത്തിൽ ചില കാര്യങ്ങളുണ്ട്. നമ്മുടെ സംസ്ഥാനത്തെ സഹകരണസംഘങ്ങളെ തകർക്കാനുള്ള ലക്ഷ്യം വച്ചുകൊണ്ടാണ് ആ നിയമങ്ങൾ മുന്നോട്ടുപോകുന്നത്. ഇതിനെ പ്രതിരോധിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത്?

<u>ശ്രീ. വി. എൻ. വാസവൻ:</u> സർ, നമ്മുടെ സംസ്ഥാനത്തെ ഏതെങ്കിലുമൊരു പ്രൈമറി സംഘം ജനറൽബോഡിയിൽ ⅔ മെജോറിറ്റിയിൽ ഒരു റെസല്യൂഷൻ പാസ്സാക്കിയാൽ മറ്റ് കേന്ദ്ര സംഘത്തിലേയ്ക്ക്/മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസിലേയ്ക്ക് അതിനെ അമാൾഗമേറ്റ്/മെർജ് ചെയ്യാമെന്നാണ് ലോക്സഭ പാസ്സാക്കിയ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസിന്റെ പുതിയ നിയമം പരിശോധിച്ചതിൽനിന്നും മനസ്സിലായത്. ഇക്കാര്യത്തിൽ മുമ്പ് സംസ്ഥാനത്തെ രജിസ്ട്രാർ രജിസ്ട്രേഷൻ റദ്ദാക്കണമായിരുന്നു. എന്നാൽ ഇപ്പോൾ അതെടുത്തുമാറ്റി. റദ്ദാക്കേണ്ടതില്ല ⅔ മെജോറിറ്റിയിൽ റെസല്യൂഷൻ പാസ്സാക്കിയാൽ ഓട്ടോമാറ്റിക്കലി ആകുമെന്നുപറയുന്നു. ഇതിനെതിരെ വരുന്ന എല്ലാത്തരത്തിലുമുള്ള നീക്കത്തെയും നിയമപരമായും അതോടൊപ്പം ഇവിടെ ചെയ്യാവുന്ന രീതിയിൽനിന്നുകൊണ്ടുള്ള പ്രക്ഷോഭംവഴിയും നേരിടാൻ മുന്നോട്ടുവരികയാണ്.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, കുറ്റമറ്റ രീതിയിൽ സഹകരണ മേഖലയെ മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടിയുള്ള പുതിയ സഹകരണ

നിയമഭേദഗതി ഈ സഭയിൽ വരാൻ പോകുകയാണ്. എന്നാൽ പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം അസാധാരണ സാഹചര്യത്തിൽ പ്രവർത്തനം നിലച്ച സഹകരണസംഘങ്ങളുടെ പുനരുദ്ധാരണത്തിനായി നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതിനോടകം അതിനായൊരു പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് കഴിഞ്ഞിട്ടുണ്ട്. അത് ഉടനെ നിലവിൽ വരുന്നതാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കേരളത്തിൽ ആതുരസേവന രംഗത്ത് എത്ര സഹകരണ ആശുപത്രികൾ പ്രവർത്തിച്ചുവരുന്നുണ്ട്; സ്വകാര്യ ആശുപത്രികളുടെ ചികിത്സാ ചെലവിന്റെ റേറ്റും സഹകരണ ആശുപത്രികളിലെ ചികിത്സാ ചെലവിന്റെ റേറ്റും തമ്മിലുള്ള അന്തരം വ്യക്തമാക്കാമോ; അതോടൊപ്പം സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള പുനർജനിവഴി കൈവരിച്ച നേട്ടം വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, സംസ്ഥാനത്ത് 208-ഓളം സഹകരണ ആശുപത്രികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 110 എണ്ണം സജീവമായി ഐ.പി. സംവിധാനത്തോടുകൂടി പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ ഒരു ആൻജിയോഗ്രാം ചെയ്യാൻ സ്വകാര്യ ആശുപത്രിയിൽ 12000 രൂപ വരെ ഈടാക്കുന്നുണ്ട്. എന്നാൽ സഹകരണമേഖലയിലെ ആശുപത്രികളിൽ 7000 രൂപയിൽ താഴെ മാത്രമാണ് ഈടാക്കുന്നത്. മറ്റ് കണക്കുകളെടുത്താൽ ഇ.സി.ജി.-ക്ക് 120 രൂപ സഹകരണ ആശുപത്രികൾ ഈടാക്കുമ്പോൾ സ്വകാര്യമേഖലയിൽ 200 രൂപയാണ്. TMT, എക്കോ എന്നിവ എടുക്കുന്നതിന് സഹകരണ ആശുപത്രികളിൽ 750 രൂപയും സ്വകാര്യമേഖലയിൽ 1300 രൂപയുമാണ്. എഫ്.ബി.എസ്., പി.പി.ബി.എസ്. എന്നിവയ്ക്ക് സഹകരണ ആശുപത്രിയിൽ 30 രൂപയും സ്വകാര്യ മേഖലയിൽ 50 രൂപയുമാണ് ഈടാക്കുന്നത്. ഇതിലെല്ലാം പ്രധാനം സ്വകാര്യ മേഖലയിൽ മിക്കവാറും പേർക്കും ആൻജിയോഗ്രാം ചെയ്യുന്നതിനാൽ 100 പേർക്ക് ആൻജിയോഗ്രാം ചെയ്യുമ്പോൾ 18 അല്ലെങ്കിൽ 20 എണ്ണത്തിനായിരിക്കും further treatment വേണ്ടി വരുന്നത്. അതേസമയം

സഹകരണ ആശുപത്രികളിൽ ആവശ്യമുള്ളവർക്കുമാത്രമേ ആൻജിയോഗ്രാം ചെയ്യുന്നുള്ളൂ. അതിനാൽ 100 എണ്ണമെടുക്കുമ്പോൾ 90 എണ്ണവും ആൻജിയോ പ്ലാസ്റ്റിയോ ബൈപാസ്സോ വാൽവ് മാറ്റിവയ്ക്കലോ ഓപ്പൺ ഹാർട്ട് സർജറിയോ ചെയ്യേണ്ടിവരുന്നു. അതിന്റെ അർത്ഥം ഈ രംഗത്ത് ചൂഷണരഹിതമായ ശൈലി സഹകരണമേഖല സ്വീകരിക്കുന്നുവെന്നുള്ളതുതന്നെയാണ്. രണ്ടാമതായി അങ്ങ് ചോദിച്ച, പട്ടികജാതി പട്ടികവർഗ്ഗത്തിന്റെ പുനർജനി പദ്ധതി ഈ വർഷം നടപ്പിലാക്കി വരികയാണ്. പ്രോജക്ടിന്റെ 85 ശതമാനം വായ്പ കൊടുക്കും. 50 ശതമാനം സബ്സിഡിയായിരിക്കും. ബാക്കി 15 ശതമാനം സംഘം കണ്ടെത്തേണ്ടി വരും. 35 ശതമാനം ഓഹരിയാണ്.

ശ്രീ. സജീവ് ജോസഫ്: സർ, ക്ഷേമപെൻഷൻ വിതരണം നിർവ്വഹിക്കുന്ന ബാങ്കുകൾക്കും ജീവനക്കാർക്കും നേരത്തെ 50 രൂപയാണ് ഇൻസന്റീവായി നൽകിയിരുന്നത്. പിന്നീടത് മുൻകാലപ്രാബല്യത്തോടെ 30 രൂപയായി കുറയ്ക്കുകയുണ്ടായി. പക്ഷേ ഇതിനോടകംതന്നെ ബാങ്കുകൾ 50 രൂപ പേ ചെയ്തുകഴിഞ്ഞിരിക്കുകയാണ്. ഇതുമൂലം സഹകരണ ബാങ്കുകൾ

വലിയ പ്രതിസന്ധിയിലാണ്. ഈ പ്രതിസന്ധി പരിഹരിക്കാനുള്ള നടപടി സർക്കാർ അടിയന്തരമായി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ 50 രൂപയാണ് കൊടുത്തുകൊണ്ടിരുന്നത്. പിന്നീട് പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് 30 രൂപയ്ക്ക് കൊടുക്കാൻ തയ്യാറാണെന്നുള്ള ക്വട്ടേഷൻ വന്നു. ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് 30 രൂപയ്ക്ക് ധാരണയായി. കുടിശ്ശികയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് നിലവിൽ കോടതിയിലൊരു കേസ്സുണ്ട്. കോടതി തീർപ്പുകൽപ്പിക്കുന്ന മുറയ്ക്ക് ആ കുടിശ്ശിക നൽകുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, തങ്ങളുടേതല്ലാത്ത കാരണങ്ങൾകൊണ്ട് ശാരീരികവും മാനസികവുമായ വൈകല്യം നേരിടുന്ന ഭിന്നശേഷിക്കാർക്ക് തൊഴിലവസരം സൃഷ്ടിക്കാനും സ്ഥിരവരുമാനം ലഭ്യമാക്കുന്നതിനുമായി സഹകരണസംഘങ്ങൾ മുഖേന 'സഹകരണം സൗഹൃദം' എന്നപേരിൽ വായ്പാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി പ്രകാരം എത്ര പേർക്ക് വായ്പ നൽകാൻ കഴിഞ്ഞുവെന്നും എത്ര തൊഴിലവസരം സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ:</u> സർ, ഭിന്നശേഷിക്കാർക്കായി പ്രത്യേകമായി സഹകരണസംഘം രൂപീകരിച്ചിട്ടുണ്ട്. അവരുടെ വായ്പാ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. അത് എത്രപേർക്ക് കൊടുക്കുമെന്നുള്ളത് സംബന്ധിച്ച് പ്രത്യേകം ചോദ്യം ലഭിച്ചാൽ വിശദീകരണം നൽകാം.

**സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കണമെന്ന കേന്ദ്ര നിർദ്ദേശം**

4 (*34) <u>ഡോ. എം. കെ. മുനീർ:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>
<u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണരംഗം നവീകരിക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കണമെന്ന കേന്ദ്ര നിർദ്ദേശം സംസ്ഥാനത്ത് നടപ്പാക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽനിന്നും പിന്മാറുന്നതോടുകൂടി സംസ്ഥാനത്തിന് ലഭിക്കേണ്ട ഒൻപതിനായിരം കോടി രൂപയുടെ ഗ്രാൻഡ് നഷ്ടമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേന്ദ്ര സഹായം കൂടാതെ സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പാക്കാൻ കഴിയുമോ; എങ്കിൽ വിശദാംശം നൽകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) ഇല്ല.

(ബി) ആർ.ഡി.എസ്.എസ്. പദ്ധതിയിലുൾപ്പെടുത്തി 10,475.03 കോടി രൂപയുടെ വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്കും സ്മാർട്ട് മീറ്റർ പദ്ധതിക്കും കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് 2,606.24 കോടി രൂപയാണ്. ഇതുകൂടാതെ 13,126.53 കോടി രൂപയുടെ വിതരണ-ഉപ പ്രസരണ നവീകരണ പ്രവൃത്തികൾക്കും വിതരണ മേഖലയിലെ അടിസ്ഥാന വികസന പ്രവൃത്തികൾക്കും വേണ്ടിയുള്ള അധിക പദ്ധതികൾ കൂടി കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതികൾക്ക് പൂർണ്ണമായും അംഗീകാരം ലഭിച്ചാൽ 7,875.92 കോടി രൂപ കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കാൻ സാധ്യതയുണ്ട്.

ഇതുവരെ ആർ.ഡി.എസ്.എസ്.പദ്ധതിയിൽനിന്നും പിന്മാറുന്നതിനുള്ള തീരുമാനം ഒന്നും കൈക്കൊണ്ടിട്ടില്ല. എന്നാൽ 2023 ജൂലൈ 10, 11 തീയതികളിൽ ന്യൂഡൽഹിയിൽ വച്ച് കേന്ദ്ര സർക്കാർ നടത്തിയ Review Planning Meetings-ലെ മിനിറ്റ്സിൽ 2021-22 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങളിൽനിന്ന് ലഭിക്കാനുള്ള വൈദ്യുതചാർജ്ജ് കുടിശ്ശികയായതിനാൽ RDSS-ന്റെ Pre-Qualification മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ഇതുവരെ ആർ.ഡി.എസ്.എസ്. പദ്ധതിയിൽനിന്നും പിന്മാറുന്നതിനുള്ള തീരുമാനം ഒന്നും കൈക്കൊണ്ടിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ഡോ. എം. കെ. മുനീർ: സർ, കേന്ദ്ര സർക്കാരിന്റെ ആർ.ഡി.എസ്.എസ്. പദ്ധതിയുമായി ബന്ധപ്പെട്ട് ഏകദേശം 20,000 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ടാണ് കേരള സർക്കാർ സമർപ്പിച്ചിട്ടുള്ളതെന്നാണ് മനസ്സിലാക്കുന്നത്. ഇതിൽ 9,000 കോടി രൂപ സ്മാർട്ട് മീറ്റർ പദ്ധതിക്കും 11,000 കോടി രൂപ പ്രസരണ വിതരണ

പ്രവർത്തനങ്ങൾക്കുമാണ്. 11,000 കോടി രൂപയുടെ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് എത്രയാണ്? കുടിശ്ശികയുള്ളതിനാലാണ് പ്രവൃത്തി വൈകുന്നത് എന്നാണ് പറയുന്നത്. അപ്പോൾ അതിനുവേണ്ടി എന്ത് തുടർപ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതി നമുക്ക് ലഭിക്കാതെ പോകാനുള്ള സാധ്യത വരുന്നുണ്ടോ, വിശദമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇല്ല. സ്മാർട്ട് മീറ്റർ സംബന്ധിച്ച് രണ്ട് അഭിപ്രായമുണ്ട്. അതിലൊന്ന് 'ടോടെക്സ് മോഡൽ' വയ്ക്കണമെന്നും അതല്ലാതെ വകുപ്പുതന്നെ നേരിട്ട് നടത്തണമെന്നുള്ള അഭിപ്രായമുണ്ട്. വകുപ്പ് നേരിട്ട് നടത്താനുള്ള സാധ്യതയുണ്ടോയെന്ന് പരിശോധിക്കാൻവേണ്ടി ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അടുത്ത ദിവസം തന്നെ അതിന്റെ റിപ്പോർട്ട് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുസംബന്ധിച്ച സബ്സിഡിയെക്കുറിച്ച് ഞാൻ നേരത്തെ വ്യക്തമായി സൂചിപ്പിച്ചു. 10,475.03 കോടി രൂപയുടെ വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള സ്മാർട്ട് മീറ്റർ പദ്ധതിയിൽ 2,606.24 കോടി രൂപയും 13,126.53 കോടി രൂപയുടെ വിതരണ-ഉപ പ്രസരണ നവീകരണ പ്രവൃത്തികൾക്ക് 7875.92 കോടി രൂപയും

ഗ്രാന്റായി ലഭിക്കും. ഇവ രണ്ടുംകൂടി ഏകദേശം 10000 കോടി രൂപ ഗ്രാന്റ് ലഭിക്കാനുള്ള സാധ്യതയുണ്ട്.

<u>ഡോ. എം. കെ. മുനീർ</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ AMISP എന്നത് സ്വകാര്യ കമ്പനിയോ പൊതുമേഖലാ സ്ഥാപനമോ ആകാമെന്നാണ് പറഞ്ഞിട്ടുള്ളത്. അത്തരത്തിൽ ഒരു ഏജൻസിയെ നിയമിക്കുമ്പോൾ KSEBL-ന്റെയും ഉപഭോക്താവിന്റെയും വിവരചോർച്ചയ്ക്ക് കാരണമാകുമോയെന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അങ്ങനെയില്ല. സ്മാർട്ട് മീറ്റർ പദ്ധതി വിവരങ്ങളുടെ മീറ്റർ റീഡിംഗ്, ബില്ലിംഗ്, ഡിസ്കണക്ഷൻ, റീ-കണക്ഷൻ എന്നീ പ്രവർത്തനങ്ങളുടെ ഓട്ടോമേഷൻ നടപ്പിലാക്കാൻ മാത്രമാണ് ഉദ്ദേശിക്കുന്നത്. ഇത് സ്വകാര്യവൽക്കരണത്തിന് കാരണമാകുമെന്ന് കരുതുന്നില്ല. സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുന്നത് സംസ്ഥാനത്തിന്റെ അധിക കടമെടുപ്പിനെ ബാധിക്കാനുള്ള സാധ്യതയുണ്ട്. ഈ വിഷയം ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. സംസ്ഥാനത്തിന്റെ അധികമുള്ള കടമെടുപ്പ് വ്യവസ്ഥ പ്രകാരം Bureau of Energy Efficiency നിഷ്കർഷിച്ചിട്ടുള്ള

എനർജി ആഡിറ്റ് റിപ്പോർട്ട് സമയബന്ധിതമായി നടത്തേണ്ടതുണ്ട്. ആയതിനാൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കേണ്ടത് അനിവാര്യമാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സ്മാർട്ട് മീറ്റർ പദ്ധതി ഉപേക്ഷിക്കുകയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത് നല്ല കാര്യം തന്നെയാണ്. പ്രസ്തുത പദ്ധതി ഉപേക്ഷിച്ചാൽ നമുക്ക് നിരവധി ബോർഡുകളുടെ സിസ്റ്റം സ്ട്രെംഗ്തനിംഗ് ആണ് നഷ്ടമാകാൻ പോകുന്നത്. എന്റെ സംശയം, ഈ സ്മാർട്ട് മീറ്റർ പദ്ധതി ഉപേക്ഷിക്കാനുള്ള ചർച്ച കേരളത്തിൽ വന്നതിന്റെ കാരണം ടോടെക്സ് മോഡലിന് വിദേശരാജ്യങ്ങളിലുള്ള സാന്നിദ്ധ്യമാണോ? അങ്ങനെയാണെങ്കിൽ വിദേശത്ത് സാന്നിദ്ധ്യമുള്ള കമ്പനിയാണ് സ്റ്റെർലൈറ്റ് ഇൻഡസ്ട്രീസ് കമ്പനി, ടി കമ്പനിക്ക് നിരവധി വർക്കുകളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്, ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ടോടെക്സ് മോഡൽ വേണ്ടെന്ന് യൂണിയനുമായി സംസാരിച്ചപ്പോൾ ഒരു ധാരണയിലെത്തുകയും അതിനൊരു ബദൽ നിർദ്ദേശം വയ്ക്കാൻ പറയുകയും ചെയ്തു. ആ ബദൽ

നിർദ്ദേശത്തെക്കുറിച്ച് അന്വേഷിക്കുന്നുമുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് ടോടെക്സ് മോഡൽ തന്നെ വേണമെന്ന് നിർബന്ധമുണ്ടാകുന്നുണ്ട്. അതിനെതിരായി നമ്മൾ നിവേദനം നൽകിയിട്ടുണ്ട്. അതിന്റെയുംകൂടി പരിഗണനയ്ക്കുശേഷം മാത്രമേ ഇതുസംബന്ധിച്ച് മറുപടി നൽകാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. ഉബൈദുള്ള: സർ, സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ച ഇടങ്ങളിൽ അതുകൊണ്ടുള്ള ഗുണങ്ങൾ സംബന്ധിച്ച് വൈദ്യുതി ബോർഡ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; അതോടൊപ്പം ഗാർഹിക ഉപഭോക്താക്കളെ സ്മാർട്ട് മീറ്ററിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇപ്പോൾത്തന്നെ ഇടയ്ക്കിടെ അമിത ബിൽ വന്നതുകൊണ്ട് ജനങ്ങളാകെ ദുരിതത്തിലാണ്. ഇതുകൊണ്ട് കൺസ്യൂമേഴ്സിന് വലിയ അധിക ബാദ്ധ്യത വരാൻ പോകുന്നുണ്ടോ; എന്തുകൊണ്ടാണ് തൊഴിലാളി സംഘടനകൾ ഈ സ്മാർട്ട് മീറ്ററിനെ എതിർക്കുന്നത് എന്ന കാര്യംകൂടി വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സ്മാർട്ട് മീറ്ററിനെ KSEB-യിലെ സംഘടനകളിൽ ഭൂരിഭാഗവും എതിർക്കുന്നില്ല. ടോടെക്സ് മോഡൽ വേണ്ട

എന്നുമാത്രമേ പറയുന്നുള്ളൂ. അതൊരു അധിക ബാദ്ധ്യതയായി വരരുതെന്നാണ് പറയുന്നത്. പക്ഷേ ഫലത്തിൽ അത് വരാനുള്ള സാദ്ധ്യതയില്ല. ടോടെക്സ് മോഡൽകൊണ്ട് ഗുണമുണ്ടാകുമെന്നും കൺസ്യൂമേഴ്സിനെ ഇത് വലുതായി ബാധിക്കില്ലെന്നുമാണ് ഇലക്ട്രിസിറ്റി ബോർഡിന്റെ അഭിപ്രായം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, സ്മാർട്ട് മീറ്റർ വയ്ക്കുന്നതിന്റെ മൊത്തംവരുന്ന ചെലവുകൾ ഇപ്പോൾ കണക്കാക്കുമ്പോൾ ഒരു മീറ്റർ വയ്ക്കുന്നതിന് ഏകദേശം 9400/-രൂപ വരുന്നുണ്ട്. ഇപ്പോൾ കേരളത്തിലെ 95 ലക്ഷം വരുന്ന വൈദ്യുതി ഉപഭോക്താക്കളിൽ ഏകദേശം 50 ലക്ഷത്തോളം ആളുകൾ നൂറിൽ താഴെ യൂണിറ്റ് ഉപയോഗിക്കുന്നവരാണെന്നാണ് അറിയുന്നത്. 150 രൂപ അടയ്ക്കുന്ന പരമദരിദ്രരായ ആളുകൾക്ക് 9400/- രൂപകൂടി അധിക ചെലവുവരികയാണ്. സ്മാർട്ട് പദ്ധതിയിലേയ്ക്ക് പോകുമ്പോൾ അവരെക്കൂടി പരിഗണിച്ചിട്ടുണ്ടോയെന്നാണ് എന്റെ ചോദ്യം?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അവർക്കൊരു പ്രത്യേക സഹായം ചെയ്തുകൊടുക്കാനുള്ള ആലോചനയുണ്ട്. അതുകൂടാതെ ഇത് ചെയ്തില്ലെങ്കിലുണ്ടാകുന്ന ദോഷവും ഉപഭോക്താക്കൾക്ക് വരും. ആർ.ഡി.എസ്.എസ്. പദ്ധതിപ്രകാരം രണ്ടുഘട്ടങ്ങളിലായി 23,660 കോടി രൂപയുടെ പദ്ധതികളാണ് രൂപകൽപ്പന ചെയ്തത്. ആയതിന്റെ മുഴുവൻ അനുമതി ലഭിക്കുന്നപക്ഷം 10,481.84 കോടി രൂപയുടെ കേന്ദ്ര സർക്കാർ ഗ്രാന്റാണ് ലഭ്യമാകുന്നത്. പ്രസ്തുത പദ്ധതിപ്രകാരം 15,425.9 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസനവും നവീകരണ പ്രവർത്തനങ്ങളുമുണ്ട്. ഇത് വച്ചില്ലെങ്കിൽ കേന്ദ്ര സർക്കാരിൽനിന്ന് ഗ്രാന്റ് ലഭിക്കില്ല. ആ പദ്ധതിയല്ലാതെ KSEB സ്വന്തമായി ചെയ്യുന്നപക്ഷം മുഴുവൻ ചെലവുകളും ഉണഭോക്താവിന്റെ തലയിൽവരും. അത് വരാതിരിക്കണമെങ്കിൽ സ്മാർട്ട് മീറ്റർ വയ്ക്കുന്നതാണ് ഏറ്റവും നല്ലതെന്നാണ് ബോർഡിന്റെ അഭിപ്രായം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇത് കേരളത്തെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. കേരളത്തിന്റെ കടമെടുപ്പ് പരിധി ജി.ഡി.പി.-യുടെ 3 ശതമാനമാണ്. അത് 3.5 ആക്കുന്നത് പവ്വർ സെക്ടറിലുണ്ടാകുന്ന

നവീകരണ പ്രവർത്തനങ്ങൾക്കാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻ വൈദ്യുതി വകുപ്പുമന്ത്രി കൂടിയാണ്. ഇക്കാര്യത്തിൽ വളരെ നാളുകളായി യൂണിയനുകൾ പ്രശ്നങ്ങൾ ഉന്നയിക്കുകയും അതിൽ തർക്കങ്ങൾ നിലനിൽക്കുകയും ചെയ്യുകയാണ്. സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന കേരളം പോലുള്ള സംസ്ഥാനത്തിന് കടമെടുപ്പ് പരിധി 3.5 ശതമാനമാക്കുന്നത് ആശ്വാസകരമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ നടപടിയുണ്ടാക്കണം. വൈദ്യുതി നകുപ്പ മന്ത്രിയല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇടപെട്ട് ഇതിനൊരു പരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും, ധനകാര്യ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽക്കൊണ്ടുവരുന്നതാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് ഒരു നിർദ്ദേശം വന്നിട്ടുണ്ട്. അത് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

5 (*35) ശ്രീ. വി. ജോയി:
ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. കെ. വി. സുമേഷ്:

ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതം വെട്ടിക്കുറയ്ക്കുകയും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുകയും കടമെടുപ്പ് പരിധി വെട്ടിക്കുറയ്ക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതുമൂലം സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വികസന ക്ഷേമ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) കേന്ദ്ര നയങ്ങൾ കാരണം സംസ്ഥാനത്ത് വിഭവ ദൗർലഭ്യം നേരിടുന്നുണ്ടോ; എങ്കിൽ അതുപരിഹരിക്കുന്നതിനായി കടമെടുപ്പ് പരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് തനത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) കേന്ദ്ര സർക്കാർ ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട നികുതി വിഹിതം കുറച്ചത് സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതത്തിൽ കുറവിന് കാരണമായിട്ടുള്ളതെന്നത് വസ്തുതയാണ്. റവന്യൂകമ്മി ഗ്രാന്റ് കുറച്ചതും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതും സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സിനെ സാരമായി ബാധിച്ചിട്ടുണ്ട്. ഡിവിസിബിൾ പൂളിൽനിന്നും പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിന് ലഭിച്ചുകൊണ്ടിരുന്നത് 3.875 ശതമാനം വിഹിതമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ വെട്ടിക്കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും കേന്ദ്രം വരുത്തുന്നത്. 2023-24 സാമ്പത്തിക വർഷം റവന്യൂകമ്മി ഗ്രാന്റ് ഇനത്തിൽ 2022-23-നെ അപേക്ഷിച്ച് ഉണ്ടാവാൻ പോകുന്ന 8,400 കോടി രൂപയുടെ കുറവും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയ വകയിൽ നഷ്ടപ്പെടുന്ന ഏകദേശം 5700 കോടി രൂപയുടെ വിഭവനഷ്ടവും

സംസ്ഥാനത്തിന് ഉണ്ടാകുന്നുണ്ട്. ഇതിനുപുറമെ സംസ്ഥാന പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ചൂണ്ടിക്കാട്ടിയും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ വലിയ രീതിയിലുള്ള കുറവാണ് കേന്ദ്രസർക്കാർ വരുത്തിയിട്ടുള്ളത്. കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക ആഘാതത്തിൽനിന്നും കരകയറി വളർച്ചയുടെ പാതയിൽ എത്തിക്കൊണ്ടിരിക്കുന്ന സംസ്ഥാനത്തിനെ കേന്ദ്ര സർക്കാരിന്റെ ഈ ധനനയം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് കൊണ്ടെത്തിച്ചിട്ടുണ്ട്.

(ബി) സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുന്നോട്ടുപോകുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സംസ്ഥാന സർക്കാർ പ്രവർത്തിക്കുന്നത്. വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്.

(സി) കേന്ദ്ര നയങ്ങൾ കാരണം സംസ്ഥാനത്ത് വിഭവ ദൗർലഭ്യം നേരിടുന്നുണ്ട്. കോവിഡ് പ്രതിസന്ധിയുടെ കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചുനൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നത് സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. സംസ്ഥാനത്തിന്റെ വായ്പാപരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. 1 2-07-2023-ൽ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി കേന്ദ്ര

ധനകാര്യ വകുപ്പുമന്ത്രിക്ക് അയച്ച കത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ വായ്പാപരിധി 1% കൂടി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യസ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്രസർക്കാർ 2022-23 സാമ്പത്തിക വർഷം മുതൽ കുറവ് വരുത്തിവരുന്നുണ്ട്. ഈ നിലപാടിൽ മാറ്റം വരുത്തണമെന്ന ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതുകണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്നും 22-07-2022-ൽ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി കേന്ദ്രധനകാര്യ വകുപ്പുമന്ത്രിക്ക് അയച്ച കത്തിൽ അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു.

മുഖ്യമന്ത്രി 19-01-2023-ൽ ഒരു നിവേദനം ബഹു. പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് തനത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 22.41 ശതമാനത്തിന്റെ വർദ്ധനയും 2021-22 സാമ്പത്തിക വർഷത്തെ കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 23.36 ശതമാനത്തിന്റെ വർദ്ധനയും ഉണ്ടായിട്ടുണ്ട് (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം).

( ശ്രീ. വി. ജോയി സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല)

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, സംസ്ഥാനത്തിന്റെ സാമ്പത്തികനില കൂടുതൽ വിഷമകരമായ സ്ഥിതിയിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ വല്ലാതെ വരിഞ്ഞു മുറുക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ

ഈ പ്രതിസന്ധിയെ നേരിടുന്നതിന് സർക്കാർ പ്രകടിപ്പിക്കുന്ന നിശ്ചയദാർഢ്യം ജനങ്ങൾക്ക് വലിയ പ്രതീക്ഷ നൽകുന്നതാണ്. ഈ പ്രതിസന്ധി അതിജീവിക്കുന്നതിന് ജനങ്ങളുടെ പക്കൽ കൂടുതൽ വരുമാനം എത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ സമീപനമെന്താണെന്നുള്ളത് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അടിസ്ഥാനകാര്യങ്ങളിൽനിന്ന് മാറി രണ്ടാമത്തെ കാര്യത്തിലേയ്ക്ക് എത്താൻ കഴിയില്ല. കേന്ദ്രം സംസ്ഥാനത്തെ വല്ലാതെ ശ്വാസംമുട്ടിക്കുന്നുണ്ടെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. മറുപടിക്കകത്ത് വിശദമായ കാര്യങ്ങളുണ്ട്. കഴിഞ്ഞ വർഷം ലഭിച്ചതിനേക്കാളും ഈ വർഷം വലിയതോതിലുള്ള കുറവാണ് വന്നുകൊണ്ടിരിക്കുന്നത്. ഈ വർഷം ഡെഫിസിറ്റ് ഗ്രാന്റിന്റെ കുറവ് 8400 കോടി രൂപയും, കഴിഞ്ഞ വർഷം കിട്ടിയ ജി.എസ്.ടി.-യുടെ ബാക്കി നഷ്ടപരിഹാരം 12000 കോടി രൂപയിൽനിന്നും കുറഞ്ഞ് 5700 കോടി രൂപയായതും ഇല്ലാതായി. കിഫ്ബിയും മറ്റ് സ്ഥാപനങ്ങളും എടുക്കുന്നതിന്റെ കടം ട്രഷറിയടക്കമുള്ള അക്കൗണ്ടിൽ കിടക്കുന്നുവെന്ന് പറഞ്ഞ് കടമായി

കണക്കാക്കുന്നതിന്റെ ഭാഗമായി ഓരോ വർഷവും തുടർച്ചയായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. നാലുവർഷംമുമ്പ് ആകെയുള്ള റവന്യൂ വരുമാനത്തിന്റെ 55 ശതമാനം തുക സംസ്ഥാനം കണ്ടെത്തിയാൽ മതിയായിരുന്നു. ബാക്കി തുക ടാക്സ് വിഹിതമായി കേന്ദ്രത്തിന്റേതായി പലതരത്തിൽ ലഭിക്കുമായിരുന്നു. ഈ വർഷം അത് ഏകദേശം 70 ശതമാനം സംസ്ഥാനം റവന്യൂ വരുമാനത്തിൽനിന്ന് കണ്ടെത്തണമെന്നും, ബാക്കി മുപ്പതുശതമാനത്തിനുതാഴെ മാത്രമേ കേന്ദ്രഗവൺമെന്റിൽനിന്നും ടാക്സ് വിഹിതമായി ലഭിക്കുകയുള്ളുവെന്നുമാണ് അറിയിച്ചിട്ടുള്ളത്. അതേസമയം ഇന്ത്യയിലെ പല സംസ്ഥാനങ്ങൾക്കും 40 ശതമാനം കണ്ടെത്തിയാൽ മതി. പ്രധാനപ്പെട്ട പല സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിൽനിന്ന് അമ്പതും അറുപതും ശതമാനം വിഹിതം ലഭിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തിന് അത് മുപ്പതുശതമാനമായി ചുരുങ്ങിയിരിക്കുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. എങ്കിലും കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയൊരു നികുതിവരുമാന വർദ്ധന കഴിഞ്ഞ രണ്ടുവർഷംകൊണ്ട് ഉണ്ടായിട്ടുണ്ട്. ഏകദേശം അമ്പതുശതമാനം

നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. 47,000 കോടി രൂപയിൽനിന്നും 70,000 കോടി രൂപയ്ക്ക് മുകളിൽ എത്തിയിട്ടുണ്ട്. ഈ വർഷവും ആ നികുതി വർദ്ധിക്കുന്നതരത്തിലേയ്ക്ക് കാര്യങ്ങൾ വരുന്നുണ്ട്. കൂടുതൽ വരുമാന വർദ്ധനവുണ്ടാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നും ഇന്നലെയുമായി നിരവധി കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. വ്യവസായ വകുപ്പുമന്ത്രിയും മറ്റുമന്ത്രിമാരുമെല്ലാം ഇന്ന് സഭയിൽ വച്ച റിപ്പോർട്ടിൽ ധാരാളം ജോലി സാധ്യതകൾ, പുതിയ വ്യവസായങ്ങൾ, കൂടുതൽ നിക്ഷേപ പദ്ധതികൾ, പുതിയ തരത്തിലുള്ള കാഴ്ചപ്പാടുകൾ വച്ചുകൊണ്ടുള്ള വരുമാന വർദ്ധനവ് എന്നിവ ലക്ഷ്യംവയ്ക്കുന്നുണ്ട്. സാധാരണക്കാരന്റെ വരുമാനത്തിൽ യാതൊരു കുറവുംവരാത്തതരത്തിലാണ് കാര്യങ്ങൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അങ്ങനെ മുന്നോട്ടുപോകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+)

\+ അനുബന്ധം-1

**10.00 AM**

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 2440-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 27-02-2023-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2440-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 27-02-2023-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2440-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

+ അനുബന്ധം - 2

**III അടിയന്തരപ്രമേയം**

ശ്രീ. തോമസ് കെ. തോമസിനെതിരെയുള്ള ഗൂഢാലോചന

**മി. സ്പീക്കർ:** ശ്രീ. തോമസ് കെ. തോമസ് എം.എൽ.എ.-യെ കൊലപ്പെടുത്താൻ ഗൂഢാലോചന നടത്തുന്നുവെന്ന് അദ്ദേഹംതന്നെ വെളിപ്പെടുത്തിയ സാഹചര്യത്തിൽ സംസ്ഥാനത്തെ ക്രമസമാധാനനില സംബന്ധിച്ച് ജനങ്ങളിൽ ആശങ്കയുളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, എൻ.എ.നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

**മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):** സർ, ബഹുമാനപ്പെട്ട കുട്ടനാട് എം.എൽ.എ. ശ്രീ. തോമസ് കെ. തോമസിന്റെ ഡ്രൈവറായി ജോലി ചെയ്തുവന്ന വ്യക്തിയെ സ്വാധീനിച്ച് റജി ചെറിയാൻ എന്നയാൾ എം.എൽ.എ.-യെ അപായപ്പെടുത്താനും കള്ളക്കേസിൽ കുടുക്കാനും പദ്ധതിയിട്ടിരുന്നതായി പറയുന്ന പരാതി 07-08-2023-ന് സംസ്ഥാന

പോലീസ് മേധാവിക്ക് ലഭിച്ചിട്ടുണ്ട്. അത് അന്വേഷണത്തിനായി ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി. മുഖാന്തരം ആലപ്പുഴ ജില്ലാ പോലീസ് മേധാവിക്ക് അയച്ചു. അതിന്മേൽ അമ്പലപ്പുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. മുമ്പ് എം.എൽ.എ. നൽകിയ പരാതി സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയതിൽ പോലീസിന്റെ ഭാഗത്ത്, തുടർനടപടി ആവശ്യമില്ല എന്ന തീരുമാനത്തിൽ എത്തിച്ചേർന്നു എന്നതാണ് ലഭ്യമായിട്ടുള്ള വിവരം. കുറ്റാന്വേഷണത്തിലും ക്രമസമാധാനപാലനത്തിലും കേരള പോലീസ് രാജ്യത്തിന് മാതൃകയാണ്. കൃത്യമായ ക്രമസമാധാനപാലനശേഷി, കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തടയുന്നതിലുമുള്ള മികവ്, ആധുനിക സംവിധാനങ്ങളുപയോഗിച്ച് പൊതുജനസേവനം നടത്താനുള്ള പ്രാപ്തി, മയക്കുമരുന്ന് വിൽപനയും ഉപയോഗവും കണ്ടെത്തി തടയുന്നതിലുള്ള ആർജ്ജവം എന്നിവയെല്ലാം ഇന്നത്തെ കേരള പോലീസിന്റെ പ്രത്യേകതകളാണ്. തെളിയിക്കപ്പെടില്ലെന്ന് കരുതിയ പല കേസുകളും തെളിയിക്കാനും പോലീസിന് ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. കുറ്റകൃത്യം ചെയ്യുന്നവർ

രക്ഷപ്പെടില്ലെന്ന് ഉറപ്പാകുന്ന അവസ്ഥയുണ്ടാക്കാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ പരാതി പരിശോധിച്ച് അന്വേഷണം നടത്തി ആവശ്യമായ നിയമനടപടി കൈക്കൊള്ളുന്നതിനും എം.എൽ.എ.-യ്ക്കുവേണ്ട സുരക്ഷയൊരുക്കുന്നതിനും പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യവും ഇവിടെ ഉദിക്കുന്നില്ല.

ശ്രീ. എം. വിൻസെന്റ്: സർ, നിരവധി അടിയന്തരപ്രമേയങ്ങൾ ഈ സഭാതലത്തിൽ വന്നിട്ടുണ്ടെങ്കിലും തന്നെ കൊലപ്പെടുത്താൻ തന്റെ പാർട്ടിക്കാർതന്നെ ഗൂഢാലോചന ചെയ്തു എന്നുപറഞ്ഞ് ഈ സഭയിൽ അംഗമായിരിക്കുന്ന ഒരാൾ പരാതി നൽകിയിരിക്കുകയാണ്. എന്നാൽ അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ 7-ാം തീയതി ഉദയം ചെയ്ത ഒരു പരാതിയല്ല. കഴിഞ്ഞ രണ്ട് വർഷമായി തന്നെ നിരന്തരമായി അപമാനിക്കാനും ജാമ്യമില്ലാത്ത വകുപ്പുകൾ പ്രകാരം ജയിലിലടയ്ക്കാനും ഡ്രൈവറെ സ്വാധീനിച്ച് കൊലപ്പെടുത്താനും ചിലർ പ്രവർത്തിക്കുന്നു എന്നുള്ളതാണ് അദ്ദേഹം നൽകിയ പരാതിയിൽ പറഞ്ഞിരിക്കുന്നത്.

ഇത്തരം സംഭവങ്ങളുണ്ടായി രണ്ട് വർഷമായിട്ടും 7-ാം തീയതി പരാതി കിട്ടി, അന്വേഷിക്കാൻ പോകുന്നു എന്ന് പോലീസ് പറയുന്നത് അങ്ങുപറഞ്ഞ കാര്യക്ഷമതയുള്ള പോലീസിന്റെ മുഖമുദ്രയായി മാത്രമേ കാണാൻ കഴിയുകയുള്ളൂ. ഒരു അപസർപ്പക നോവലിനെയോ ചലച്ചിത്ര രംഗങ്ങളെയോ അനുസ്മരിപ്പിക്കുന്ന തരത്തിലാണ് ബഹുമാനപ്പെട്ട ഒരംഗം തന്നെ കൊലപ്പെടുത്താനുള്ള ഗൂഢാലോചനയുടെ ചുരുളുകളഴിച്ചത്. തിരുവനന്തപുരത്തുനിന്ന് കുട്ടനാട്ടിലേയ്ക്കുള്ള യാത്രാമധ്യേ വെള്ളക്കെട്ട് നിറഞ്ഞ പാടത്തേയ്ക്ക് വണ്ടി തള്ളിയിട്ട്, അദ്ദേഹത്തിന് പുറത്തിറങ്ങാനാകാതെ ഡോർ ലോക്ക് ചെയ്ത് വെള്ളത്തിൽ മുക്കിക്കൊല്ലാനും യാദൃശ്ചികമായി വെള്ളത്തിൽ വീണ് അപകടം പറ്റിയെന്ന് വരുത്തിത്തീർക്കാനുമാണ് ശ്രമിച്ചത്. ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. അദ്ദേഹത്തിന്റെ പരാതിയും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞ കാര്യങ്ങളുമാണ് ഈ അടിയന്തരപ്രമേയം അടിസ്ഥാനമാക്കിയിരിക്കുന്നത്. പ്രതിപക്ഷം കണ്ടെത്തിയ ഒരു കാര്യവും ഞങ്ങളിവിടെ പറയുന്നില്ല. ഞങ്ങൾ പറയുന്നതെല്ലാം നമ്മുടെ സഭയിലെ സഹപ്രവർത്തകനായ ഒരംഗം നൽകിയ

പരാതിയും അതിനെത്തുടർന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞ കാര്യങ്ങളുമാണ്. 23-08-2021-നും 19-12-2022-നും അദ്ദേഹത്തെ ജാമ്യമില്ലാത്ത കള്ളക്കേസിൽ കുടുക്കാൻ ശ്രമിച്ചുവെന്ന് അദ്ദേഹംതന്നെ പറഞ്ഞിരിക്കുകയാണ്. ഇതുസംബന്ധിച്ച് പോലീസ് സ്റ്റേഷനുകളിൽ പലതവണ വാദിയെയും പ്രതിയെയും വിളിച്ചുവരുത്തി സംസാരിക്കുകയുമെല്ലാം ചെയ്തിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്രയും കാലം ഇതൊന്നുമറിഞ്ഞില്ല എന്നാണ് പറയുന്നത്. ഇതിനുപിന്നിലെ ഗൂഢാലോചനക്കാരെ അന്നുതന്നെ വെളിച്ചത്തുകൊണ്ടുവന്നിരുന്നെങ്കിൽ ഈയൊരു സംഭവത്തിലേയ്ക്ക് എത്തിച്ചേരുമായിരുന്നില്ല. അന്ന് അദ്ദേഹത്തിനെതിരായ കേസുകളിൽ തെളിവില്ല എന്നുപറഞ്ഞ് പോലീസ് കേസ് ക്ലോസ് ചെയ്തു. എന്നാൽ എന്ത് കാരണത്താലാണ് അദ്ദേഹത്തെ കുടുക്കാൻ ശ്രമിച്ചത് എന്ന ഗൂഢാലോചന അന്വേഷിക്കുന്നതിലേയ്ക്ക് പോലീസ് പോയില്ല എന്നുള്ളതാണ് ഇത്തരം സംഭവങ്ങളിലേയ്ക്ക് നയിച്ചിട്ടുള്ളത് എന്ന് ഈ അവസരത്തിൽ പറയാനാഗ്രഹിക്കുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ? തന്റെ

ഭാര്യയെക്കൂടി ഈ കേസിൽ ഉൾപ്പെടുത്താൻ ശ്രമിച്ചു എന്നുള്ളതാണ് അദ്ദേഹം പരാതിയിൽ പറയുന്നത്. ഇത്രയും ഗുരുതരമായ ഒരു സാഹചര്യമാണിത്. ഈ സംഭവങ്ങളിൽ യഥാസമയം ഗൂഢാലോചനക്കാർക്കെതിരെ നടപടിയെടുത്തിരുന്നെങ്കിൽ നിയമസഭയിലെ നമ്മുടെ സഹപ്രവർത്തകനെ കൊല്ലാനുള്ള ഗൂഢാലോചനയിലേയ്ക്ക് കാര്യങ്ങളെത്തില്ലായിരുന്നു. അദ്ദേഹമൊരു പാവമല്ലേ; ഇടയ്ക്കിടയ്ക്ക് ദൈവവചനങ്ങൾ പറയുകയും എല്ലായ്പ്പോഴും ശ്രീ. പിണറായി വിജയനെ സ്തുതിച്ചുകൊണ്ട് നിയമസഭാ ജീവിതം നടത്തിക്കൊണ്ടുപോകുകയും ചെയ്യുന്ന ഒരു പാവപ്പെട്ട ആളല്ലേ. കഴിഞ്ഞ രണ്ട് ദിവസങ്ങളായി കാണുമ്പോൾ വല്ലാത്തൊരു ഭയം അദ്ദേഹത്തെ വേട്ടയാടുന്നതായി ആ മുഖഭാവം കണ്ടാൽ മനസ്സിലാകും. അദ്ദേഹത്തിന്റെ ഡ്രൈവറായി ജോലി നോക്കിയിരുന്ന ബാബുക്കുട്ടിയെന്ന തോമസ് കുരുവിളയ്ക്ക് പണം വാഗ്ദാനം ചെയ്ത് അദ്ദേഹത്തിന്റെ യാത്രാ വിവരങ്ങൾ ചോർത്തിയെടുത്ത് കുട്ടനാട്ടിലെ വെള്ളക്കെട്ടിൽ വണ്ടിയോടെ മുക്കിക്കൊല്ലാൻ ഗൂഢാലോചന നടത്തിയിട്ട് എവിടെയായിരുന്നു നമ്മുടെ ഭരണകൂടം? അദ്ദേഹം പരാതി നൽകിയത് 7-ാം

തീയതിയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. പക്ഷേ തയ്യാറാക്കിയ പരാതിയിലെ തീയതി 4-ാം തീയതിയായിരുന്നു. അങ്ങനെ അദ്ദേഹം 4-ാം തീയതി പരാതി തയ്യാറാക്കിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ്. മുഖ്യമന്ത്രിയെ കണ്ട് തന്നെ കൊലപ്പെടുത്താൻ ശ്രമിച്ചുവെന്ന് പറഞ്ഞപ്പോൾ ഡി.ജി.പി.-ക്ക് പരാതി നൽകു എന്നായിരുന്നു അദ്ദേഹം പറഞ്ഞത്. ഡി.ജി.പി.-യെ വിളിച്ചുവരുത്തി ഈ വിഷയം വളരെ ഗൗരവമായി ചർച്ച നടത്തി അപ്പോൾത്തന്നെ കേസെടുത്ത് നടപടിയെടുക്കാനായി അദ്ദേഹം നിർദ്ദേശം കൊടുക്കേണ്ടതായിരുന്നു. ആ പാവപ്പെട്ട എം.എൽ.എ. വഴുതക്കാട് പോലീസ് ഹെഡ്ക്വാർട്ടേഴ്സിന്റെ മുന്നിൽ വെയിലത്ത് നിൽക്കുന്ന കാഴ്ച ഞങ്ങളെല്ലാം ടി.വി.-യിലൂടെ കണ്ടു. അങ്ങനെ വിടാൻ കഴിയുന്ന ഒരു കേസാണോ ഇത്? 4-ാം തീയതിക്ക് മുമ്പുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഇക്കാര്യം അറിയിച്ചിട്ട് 7-ാം തീയതി ഡി.ജി.പി.-ക്ക് പരാതി കൊടുത്തതിനുശേഷം മാത്രം നടപടി സ്വീകരിക്കുന്നുവെന്ന് പറയുന്നതിൽ എന്ത് കാര്യക്ഷമതയാണുള്ളത്?

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, നാല് മിനിറ്റ് മാത്രമേ ആയിട്ടുള്ളൂ.

<u>മി. സ്പീക്കർ</u>: അങ്ങ് പോയിന്റൊന്നും പറയുന്നില്ലല്ലോ. ഒരേ കാര്യംതന്നെ ആവർത്തിച്ച് പറയുകയാണ് ചെയ്യുന്നത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, അദ്ദേഹത്തെ വകവരുത്തി ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കാൻ പ്ലാനിട്ടിരുന്ന എൻ.സി.പി.-യുടെതന്നെ നേതാവായ റെജി ചെറിയാന്റെ പേരെടുത്ത് പറഞ്ഞാണ് അദ്ദേഹം പരാതി നൽകിയത്. ഈ ഡ്രൈവറെ സംശയം തോന്നി അദ്ദേഹം പിരിച്ചുവിട്ടപ്പോൾ, ഈ ഗൂഢാലോചനയുടെ കേന്ദ്രമെന്ന് അദ്ദേഹം പറഞ്ഞ വ്യക്തിയുടെ കീഴിൽ അയാൾ ജോലിക്ക് പോകുകയാണ്. ഇദ്ദേഹം പിരിച്ചുവിട്ടയുടൻ ആ വ്യക്തി അയാൾക്ക് ജോലി കൊടുക്കുകയാണ് ചെയ്തത്. ഇത്തരത്തിൽ പിരിച്ചുവിടപ്പെട്ട ഡ്രൈവർ എം.എൽ.എ.-യുടെ സ്റ്റാഫിനെ വിളിച്ച് മദ്യലഹരിയിൽ ഈ ഗൂഢാലോചനയുടെ കാര്യം പറഞ്ഞു. ഒരുപക്ഷേ ഇക്കാര്യം ഇത്തരത്തിൽ അദ്ദേഹം അറിഞ്ഞില്ലായിരുന്നെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു. വളരെ മുമ്പേതന്നെ അറിയേണ്ടവരെല്ലാം അറിഞ്ഞിട്ടും

ഈ കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പലതവണ അദ്ദേഹത്തെ ജയിലിലടയ്ക്കാനും അപമാനിക്കാനും ഗൂഢാലോചന നടത്തിയിട്ടും ആ വിവരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം അറിയേണ്ടവരെല്ലാം അറിഞ്ഞിട്ടും ഒരു നടപടിയുമുണ്ടാകാത്തതുകൊണ്ടാണ് തനിക്കെന്തെങ്കിലും സംഭവിച്ചാൽ അതിനുപിന്നിലെ ഗൂഢാലോചന ആരും അറിയാതെ പോകരുതെന്നുള്ളതിനാൽ ഒടുവിൽ അദ്ദേഹത്തിന് മാധ്യമങ്ങളോട് ഇക്കാര്യങ്ങൾ പറയേണ്ടിവന്നത് എന്ന് ഞാൻ ഊഹിക്കുകയാണ്. ഈ കേസിൽ ശരിയായ അന്വേഷണം നടത്താതിരിക്കാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുതന്നെ ഉണ്ടാകുകയാണ്. ആ പാർട്ടിയിൽനിന്ന് രണ്ടുപേർ മാത്രമേ പാർലമെന്ററി പാർട്ടിയിലുള്ളൂ. ഒരു പാർലമെന്ററി പാർട്ടി അംഗത്തിന് ഈ സംഭവമുണ്ടായപ്പോൾ, അദ്ദേഹത്തിന്റെ സ്വന്തം പാർട്ടി നേതാവും ഈ മന്ത്രിസഭയിലെ അംഗവുമായ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി പറഞ്ഞത് ഇത് പക്വതയില്ലാത്ത കാര്യമാണെന്നാണ്. സ്വന്തം പാർട്ടിയിലെ ഒരംഗം തന്റെ ജീവൻ അപകടത്തിലാണെന്നുപറഞ്ഞ് നിലവിളിക്കുമ്പോൾ അദ്ദേഹം പറയുന്നത്

ഇത് പക്വതയില്ലാത്ത കാര്യമാണെന്നാണ്. എന്താണ് അദ്ദേഹമുദ്ദേശിച്ച പക്വത എന്നെനിക്ക് മനസ്സിലാകുന്നില്ല. ഈ ഗൂഢാലോചനയ്ക്ക് വിധേയനായി അദ്ദേഹത്തിന് എന്തെങ്കിലും സംഭവിക്കുന്നത് അനുവദിക്കാതെ പുറത്ത് പറഞ്ഞതാണോ അദ്ദേഹത്തിന്റെ പക്വതക്കുറവ്? ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്നതെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ ശിഷ്യനും കേരള സംസ്ഥാന യുവജനക്ഷേമ കമ്മീഷൻ അംഗവുമായ സമദ് പി. എ. പത്രസമ്മേളനം നടത്തി പറഞ്ഞത് കുട്ടനാട് എം.എൽ.എ.യ്ക്ക് തലയ്ക്ക് സ്ഥിരതയില്ലെന്നാണ്. ഇതെല്ലാം അദ്ദേഹത്തിന്റെ പരാതിയിൽ പറഞ്ഞിരിക്കുന്നതാണ്.

മി. സ്പീക്കർ: ദയവായി ഇത്തരം ആക്ഷേപങ്ങൾ ഒഴിവാക്കണം.

ശ്രീ. എം. വിൻസെന്റ്: സർ, ഇതെല്ലാം അദ്ദേഹത്തിന്റെ പരാതിയിലുണ്ട്. (....ബഹളം....)

മി. സ്പീക്കർ: അതൊന്നും ഇവിടെ പരാമർശിക്കേണ്ട ആവശ്യമില്ല; നിങ്ങൾ രേഖ ഹാജരാക്കിക്കോളൂ.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, കേരള സംസ്ഥാന യുവജനക്ഷേമ കമ്മീഷൻ അംഗം പറഞ്ഞത് അദ്ദേഹത്തിന് തലയ്ക്ക് സ്ഥിരതയില്ലെന്നാണ്; മന്ത്രി പറയുന്നത് പക്വതയില്ലെന്നാണ്. ഇത്തരത്തിൽ പറഞ്ഞുകൊണ്ട് ഈ മനുഷ്യനെ എന്താക്കിത്തീർക്കാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നത്. ഈ ഗൂഢാലോചനയുടെ തലവനും കേന്ദ്രവുമായ റെജി ചെറിയാൻ എൻ.സി.പി. നേതാവാണെന്ന് ശ്രീ. തോമസ് കെ. തോമസ് വെളിപ്പെടുത്തുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് 'എൻ.സി.പി.യിൽ ക്രൂരന്മാരായ ആരുമില്ല' എന്നാണ്. അത് പോലീസിനുള്ള കൃത്യമായ സന്ദേശമാണ്. അങ്ങനെ പറഞ്ഞാൽ അന്വേഷണം എൻ.സി.പി. നേതാക്കളിലേയ്ക്ക് പോകരുത്, പോലീസ് ആ ഭാഗത്തേയ്ക്ക് തിരിഞ്ഞുനോക്കരുത് എന്നല്ലേ അതിന്റെ അർത്ഥം? ബഹുമാനപ്പെട്ട തോമസ് കെ. തോമസ് വെളിപ്പെടുത്തിയത് എന്താണ്? ഈ മന്ത്രിസഭയിൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിക്ക് രണ്ടര വർഷമാണ് കാലാവധിയെന്നും അത് ബഹുമാന്യനായ ശരദ് പവാർ അംഗീകരിച്ചുവെന്നും ശ്രീ. പ്രഫുൽ പട്ടേൽ നേരിട്ടുവന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സംസാരിച്ച് കാലാവധി ഉറപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം

പറഞ്ഞിട്ടുള്ളതാണ്. അങ്ങനെയിരിക്കുമ്പോൾ സ്വന്തം സഹപ്രവർത്തകനെതിരെയുണ്ടായ ഗൂഢാലോചനയെക്കുറിച്ച് എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി ഈ നിലയിലുള്ള ഒരു സമീപനം സ്വീകരിക്കുന്നത്? ഇവിടെ എം.എൽ.എ.മാർക്കെതിരെ ഇതിനു മുൻപും ഭീഷണിക്കത്തുകൾ ലഭിച്ചിട്ടുണ്ട്. ശ്രീമതി കെ. കെ. രമയ്ക്കെതിരെ രണ്ടുതവണയാണ് ഭീഷണി കത്തുകൾ വന്നത്. അത് ഡി.ജി.പി.ക്ക് കൈമാറിയിട്ട് എന്തെങ്കിലും നടപടിയെടുത്തോ? ആദ്യത്തെ ഭീഷണി കത്ത് വന്നപ്പോൾ 'ഞങ്ങൾ അന്വേഷിക്കാൻ വരുന്നു' എന്ന് പേഴ്സണൽ അസിസ്റ്റന്റിനെ വിളിച്ചുപറഞ്ഞിട്ട് ഇതുവരെ പോലീസ് സ്റ്റേഷനിൽ ചായ കൊടുക്കാൻ നിൽക്കുന്ന ആൾപോലും വന്ന് മൊഴിയെടുത്തിട്ടില്ല. ബഹുമാന്യനായ മുൻ ആഭ്യന്തര വകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണനെതിരെ വന്ന ഭീഷണി കത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൈമാറി, 'അന്വേഷണം നടക്കുന്നു, നടക്കുന്നു' എന്ന് പറഞ്ഞിട്ട് ഈ കഴിഞ്ഞ ദിവസം പോലീസുകാരൻ അദ്ദേഹത്തെ വിളിച്ചുപറയുന്നത് കേസ് ക്ലോസ് ചെയ്യാൻ പോകുന്നുവെന്നാണ്. ആളെ ക്ലോസ് ചെയ്യാൻ പോകുന്ന കേസ്സിൽ കേസ്

ക്ലോസ് ചെയ്യാൻ പോകുന്നുവെന്ന് പറയുന്ന പോലീസാണ് ഇന്ന് കേരളത്തിലുള്ളത്. സമാനസ്വഭാവമുള്ള ഒരു വധശ്രമം യു.പി.യിൽ കഴിഞ്ഞ വർഷം ഒരു എം.എൽ.എ.യ്ക്കെതിരെയുണ്ടായി.

മി. സ്പീക്കർ: അടിയന്തരപ്രമേയ വിഷയത്തിലേയ്ക്ക് വരൂ.

ശ്രീ. എം. വിൻസെന്റ്: സർ, അന്ന് ഇതുപോലെ ഭരണകക്ഷിയുടെ മുന്നണിയിൽപ്പെട്ട Nirbal Indian Shoshit Hamara Aam Dal എന്ന ഒരു ചെറിയ പാർട്ടിയിലെ ഗ്യാൻപൂർ മണ്ഡലത്തിലെ എം.എൽ.എ.യായ വിപുൽ ദുബേയ്ക്കെതിരെ ഗൂഢാലോചന കണ്ടെത്തി. ഉടൻതന്നെ പോലീസ് അവരെ അറസ്റ്റ് ചെയ്ത് കൃത്യമായി നടപടിയെടുത്തു.

മി. സ്പീക്കർ: സമയം അവസാനിച്ചിരിക്കുകയാണ്, ചെയറുമായി സഹകരിക്കണം.

ശ്രീ. എം. വിൻസെന്റ്: സർ, ഇവിടെ പോലീസ് അറച്ചുനിൽക്കുകയാണ്. നമ്മുടെ കൂടെ ഈ സഭയിലുള്ള ഒരു സഹപ്രവർത്തകനെ ഗൂഢാലോചന ചെയ്ത് കൊലപ്പെടുത്താൻ ശ്രമിക്കുകയാണെന്ന് പറഞ്ഞിട്ട് 07-08-2023-ന് പരാതി കിട്ടുന്നതുവരെ മിണ്ടാതിരുന്ന ഈ പോലീസിന്റെ നടപടി

ജനപ്രതിനിധികൾക്കുമാത്രമല്ല സാധാരണ ജനങ്ങൾപോലും ജീവഭയമുണ്ടാക്കുന്ന ഈ പശ്ചാത്തലത്തിൽ സഭാനടപടികൾ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: പ്രസ്തുത വിഷയം സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. തോമസ് കെ. തോമസ് ഒരു കത്ത് നൽകിയിട്ടുണ്ട്.

ശ്രീ. തോമസ് കെ. തോമസ്: സർ, പോലീസിനെക്കുറിച്ച് എനിക്ക് ഒരു പരാതിയുമില്ല, കാരണം അവർ വളരെ നല്ല രീതിയിൽ ഈ വിഷയം അന്വേഷിച്ചിട്ടുണ്ട്. എന്റെ കൈയിൽ രണ്ട് എഫ്.ഐ.ആർ. ഉണ്ട്. ഒന്ന്, എൻ.സി.പി.യുടെ ആലപ്പുഴയിലെ ഓഫീസിൽ വച്ച് ഞാനൊരു സ്ത്രീയെ കൈയേറ്റം ചെയ്യാൻ ശ്രമിച്ചുവെന്ന് പറഞ്ഞിട്ടുള്ള പരാതിയുമായി ബന്ധപ്പെട്ടുള്ളതാണ്. അന്നവിടെ വീഡിയോ എടുത്തിരുന്നെങ്കിലും അത് ഞങ്ങളുടെയാരുടെയും ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. ആലപ്പുഴ എസ്.പി.യുടെ നേതൃത്വത്തിൽ അന്വേഷണം നടന്നപ്പോൾ ഡിവൈ.എസ്.പി. ആ വീഡിയോ പുറത്തുകൊണ്ടുവരികയും ഉചിതമായ തീരുമാനമെടുക്കുകയും നല്ല

അന്വേഷണം കാഴ്ചവയ്ക്കുകയും ചെയ്തു. ആ സ്ത്രീ പോലീസ് സ്റ്റേഷനിൽ കേസ് ഫയൽ ചെയ്യാൻ എത്തിയപ്പോൾ 'ഞങ്ങളുടെ പോലീസുകാർ അവിടെയുണ്ടായിരുന്നു, അതുകൊണ്ട് കേസ് എടുക്കാൻ സാധിക്കില്ല' എന്ന് ഡിവൈ.എസ്.പി. പറഞ്ഞപ്പോൾ അവർ അവിടെ കേസ് കൊടുക്കാതെ കോടതിയിൽ പോയി എഫ്.ഐ.ആർ. ഫയൽ ചെയ്ത് 15-20 ദിവസം കഴിഞ്ഞിട്ട് കുട്ടനാട് എം.എൽ.എ.യുടെ നേരെ കേസ് എടുക്കണമെന്ന് പറഞ്ഞത് എല്ലാ മാധ്യമങ്ങളും വിളിച്ചുകൂകിയ ഒരു സംഭവമാണ്. അതനുസരിച്ച് കേസ്സന്വേഷണം നടത്തിയെങ്കിലും അത് കള്ളത്തരമാണെന്ന് തെളിഞ്ഞതിനാൽ ക്ലോസ് ചെയ്തു. രണ്ടാമത്, ഹരിപ്പാട് മുരളി ഹോട്ടലിൽവച്ചുണ്ടായ ഒരു സംഭവമാണ്. അന്നൊരു വെള്ളിയാഴ്ച നിയമസഭാ സമ്മേളനം കഴിഞ്ഞ് പോകുന്നവഴി ഞങ്ങളുടെ പാർട്ടിയുടെ ഫണ്ട് പിരിവ് ഉദ്ഘാടനം ചെയ്യണമെന്ന് പറഞ്ഞതനുസരിച്ച് ഞാനും എന്റെ ഭാര്യയും മുരളി ഹോട്ടലിൽ ചെന്നു. അന്ന് അവിടെ വച്ച് അഡ്വ. ആർ. ബി. ജിഷ എന്നുപറയുന്ന വ്യക്തി ഇടപെടുകയും വളരെ മോശമായ രീതിയിൽ എന്നെ ചിത്രീകരിക്കുകയും ചെയ്തു. എന്നാൽ ആ വിഷയത്തിൽ ഞാൻ അവരെ

സ്റ്റെയർകേസിൽ വച്ച് അപമാനിക്കുകയും അസഭ്യം പറയുകയും ചെയ്തുവെന്ന രീതിയിൽ Scheduled Castes and Scheduled Tribes (Prevention of Atrocities) Act പ്രകാരമാണ് കേസ് ഫയൽ ചെയ്തത്. ഇതിന്റെ പിന്നിൽ ആരാണെന്നൊന്നും എനിക്കറിയില്ല. ഡിവൈ.എസ്.പി. ഈ വിഷയം അന്വേഷിച്ചപ്പോൾ അവിടെ സി.സി.റ്റി.വി. ക്യാമറയുണ്ടെന്ന് കണ്ടെത്തി. മറ്റുള്ളവർക്കാർക്കും അത് അറിയില്ലായിരുന്നു. അത് കണ്ടുപിടിച്ചത് പോലീസാണ്, ഡിവൈ.എസ്.പി.യാണ്, അല്ലെങ്കിൽ 90 ദിവസം ജാമ്യമില്ലാ കുറ്റത്തിന് ഞാൻ ജയിലിൽ പോയേനെ. ആ വീഡിയോയിൽ ഞാൻ ആ ഓഫീസിൽ എത്തുന്നതിന് 20 മിനിറ്റ് മുൻപുതന്നെ പരാതിക്കാരി അവിടെയുണ്ടെന്ന് അവർക്ക് വ്യക്തമായി. അപ്പോൾ ആ വ്യക്തിയെ ഞാൻ സ്റ്റെയർകേസിൽ വച്ച് എങ്ങനെ അസഭ്യം പറയുകയും തല്ലാൻ പോകുകയും ചെയ്യും എന്ന് ഡിവൈ.എസ്.പി. ചോദിച്ചപ്പോൾ അവർക്ക് മറുപടിയില്ലായിരുന്നു. ആ കേസും അങ്ങനെ അവർ ക്ലോസ് ചെയ്തു. **(...ബഹളം...)**

<u>മി. സ്പീക്കർ</u>: മറ്റുള്ളവർ പറയുന്നതിനോട് താങ്കൾ പ്രതികരിക്കേണ്ടതില്ല.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, ഈ വിഷയത്തിൽ പോലീസിന്റെ സമയോചിതമായ ഇടപെടലും അന്വേഷണവും കൊണ്ടുമാത്രമാണ് ഇന്ന് ധൈര്യത്തോടെ എനിക്കിവിടെ നിൽക്കാൻ സാധിക്കുന്നത്. അതുകൊണ്ട് ഒരു കാരണവശാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയോ ആലപ്പുഴ എസ്.പി.യേയോ ഡിവൈ.എസ്.പി.യേയോ ഒരിക്കലും കുറ്റം പറയാൻ കഴിയില്ല. അവരുടെ സമയോചിതമായ ഇടപെടലാണ് എന്നെ രക്ഷപ്പെടുത്തിയതും ഇന്ന് ധൈര്യത്തോടെ ഇവിടെ നിൽക്കാൻ സഹായിച്ചതും. നാളുകളായി ഞങ്ങളുടെ പാർട്ടിയിൽ പ്രശ്നങ്ങളുണ്ട്, ഏത് പാർട്ടിയിലാണ് പ്രശ്നങ്ങളില്ലാത്തത്, എല്ലായിടത്തുമുണ്ട്? പ്രശ്നമുണ്ടാക്കുന്നവർക്ക് ഓരോ ഉദ്ദേശം കാണും, അതൊന്നും നിയമസഭയിൽ ഉന്നയിക്കാൻ സാധിക്കില്ലല്ലോ. നാളുകളായി ഈ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടാനാണ് ആളുകൾ ആഗ്രഹിക്കുന്നത്. എങ്ങനെയെങ്കിലും എന്നെ പ്രശ്നക്കാരനാക്കി വരുത്തിത്തീർക്കണം എന്നൊരു ചിന്തയായിരിക്കും അവർക്കുള്ളത്. ഇവർ പറയുന്നതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടല്ല 07-08-2023-ന് ഞാൻ പരാതി കൊടുത്തത്, ഞാൻ

തന്നെയാണ് നേരിട്ടുപോയത്. ഇത് മുഖ്യമന്ത്രിയെ അറിയിക്കേണ്ട ചുമതല എനിക്കുള്ളതുകൊണ്ട് അദ്ദേഹത്തെ അറിയിച്ചുവെന്നേയുള്ളൂ. അല്ലാതെ ഒരുകാലത്തും ഡി.ജി.പി.ക്ക് പരാതി കൊടുക്കാൻ മുഖ്യമന്ത്രി എന്നോടുപറഞ്ഞിട്ടില്ല. ഞാനൊരു എം.എൽ.എ. ആയതുകൊണ്ട് ഡി.ജി.പി. തലത്തിൽ ഇത് അന്വേഷിക്കണമെന്ന് എനിക്കാഗ്രഹമുണ്ട്. കാരണം ചെറിയ രീതിയിൽ അന്വേഷിച്ചാൽ ഇത് അവസാനിക്കില്ല. അതുകൊണ്ടാണ് ഈ വിഷയം ഡി.ജി.പി. തലത്തിൽ അന്വേഷിക്കണമെന്ന് പറയുന്നത്. രണ്ടാഴ്ച മുൻപാണ് ഈ വിഷയം ഞാൻ അറിയുന്നത്, കേട്ടപ്പോൾ ഞാനും ഭയപ്പെട്ടു. എന്റെ ഒരു സെക്രട്ടറിയോടാണ് മദ്യപിച്ചിട്ട് ഈ വ്യക്തി ഈ വിഷയങ്ങളൊക്കെ പറഞ്ഞത്. അങ്ങനെ പറഞ്ഞപ്പോൾ അത് അറിയിക്കേണ്ട ചുമതല എനിക്കുണ്ടെന്ന് തോന്നി. സമാനമായ രീതിയിൽ ഒരു വർഷം മുൻപ് ഞാനൊരു കേസ് ഫയൽ ചെയ്തിരുന്നുവെന്ന് പറയുന്നത് ശരിയാണ്. ആ വിഷയത്തിൽ ഡിവൈ.എസ്.പി.യും എസ്.പി.യും എന്നെ വിളിച്ചുവരുത്തി അന്വേഷിച്ചപ്പോൾ ഇനി ഈ വിഷയവുമായി മുന്നോട്ടുപോകേണ്ട ആവശ്യമില്ലെന്ന് ഞാൻ പറഞ്ഞു. കാരണം ആ

വിഷയത്തിൽ അവരുടെ ആൾക്കാർ മാപ്പുപറയുകയും അത് അവിടെ അവസാനിപ്പിക്കുകയും ചെയ്തിരുന്നു. അതുകൊണ്ട് ആ വിഷയം അവിടംകൊണ്ട് നിർത്തണമെന്നുതന്നെയാണ് ഞാനും ആഗ്രഹിച്ചത്. എന്നെ സംബന്ധിച്ച് ഇതൊരു അടിയന്തര പ്രാധാന്യമുള്ള വിഷയമായതുകൊണ്ടാണ് ഡി.ജി.പി.ക്ക് പരാതി കൊടുത്തത്. പോലീസിൽ എനിക്ക് പൂർണ്ണ വിശ്വാസമുണ്ട്. അവർ ഇത് വളരെ നല്ല രീതിയിൽ അന്വേഷിച്ച് വേണ്ട നടപടി സ്വീകരിച്ചിരിക്കുമെന്നതിൽ ഒരു സംശയവും വേണ്ട. ഈ ഗവൺമെന്റിലും എനിക്ക് പൂർണ്ണ വിശ്വാസമാണ്. മറ്റുള്ള കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ശ്രീ. എം. വിൻസെന്റ് ചൂണ്ടിക്കാണിച്ചതുപോലെ ദൈവവിശ്വാസിയും സത്യവിശ്വാസിയുമായ ശ്രീ. തോമസ് കെ. തോമസിന്റെ സത്യപ്രസ്താവനയാണ് ഇവിടെ നടന്നത്. അതിന്റെ അടിസ്ഥാനത്തിൽ പോലീസിനെക്കുറിച്ചോ സർക്കാരിനെക്കുറിച്ചോ അദ്ദേഹത്തിന് യാതൊരു പരാതിയുമില്ല. നേരത്തെയുള്ള സംഭവങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തെ

കേസ്സിൽപ്പെടുത്താൻ ശ്രമിച്ചത് പോലീസല്ല. സ്ത്രീയെ കൈയേറ്റം ചെയ്യാൻ ശ്രമിച്ചുവെന്ന പരാതിയിൽ പോലീസാണ് കൃത്യമായ നടപടികൾ സ്വീകരിച്ചതെന്ന് അദ്ദേഹം പറയുകയുണ്ടായി. ഹരിപ്പാട് സംഭവിച്ച കാര്യങ്ങളിലും പോലീസാണ് കൃത്യമായ നടപടി സ്വീകരിച്ചതെന്ന് അദ്ദേഹം പറയുകയുണ്ടായി. അപ്പോൾ പോലീസിനെക്കുറിച്ചല്ല അദ്ദേഹത്തിന് പരാതിയുള്ളത്. ഏറ്റവും അവസാനം ഡി.ജി.പി.-ക്ക് കൊടുത്ത പരാതിയിലും ആര് തെറ്റ് ചെയ്താലും പോലീസ് അവരുടെ മുഖം നോക്കിയല്ല നടപടിയെടുക്കുന്നതെന്നാണ് നാം കാണേണ്ടത്. ഏത് പ്രധാനപ്പെട്ട ആളായാലും തെറ്റ് ചെയ്തുവെന്ന അവസ്ഥയുണ്ടെങ്കിൽ ശക്തമായ നടപടിതന്നെ പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ഒരു കുറ്റവാളിയും രക്ഷപ്പെടാൻ പാടില്ലെന്നതാണ് സ്വീകരിക്കുന്ന നിലപാട്. അക്കാര്യത്തിൽ അദ്ദേഹത്തിനുതന്നെ വിശ്വാസമുണ്ട്. അത് അദ്ദേഹംതന്നെ ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. ഞാൻ വളരെയധികം കാര്യങ്ങളിലേയ്ക്കൊന്നും ഇപ്പോൾ കടക്കുന്നില്ല. എന്റെ പേര് പരാമർശിച്ച് ഒരു കാര്യം പറഞ്ഞതുകൊണ്ട് അതിവിടെ വ്യക്തമാക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ശ്രീ. പ്രഫുൽ പട്ടേൽ

എന്നെ കണ്ടത് ഈ പറയുന്ന കാര്യത്തിനല്ല. മുന്നണി സംവിധാനം എല്ലാവർക്കുമറിയാവുന്ന കാര്യമാണല്ലോ. അവരുടെ മന്ത്രിയെ നിശ്ചയിച്ച കാര്യം എന്നെ അറിയിച്ചു. അദ്ദേഹം എന്നെ വന്നുകണ്ടത് ആ പാർട്ടിയുമായി ബന്ധപ്പെട്ട മറ്റൊരു കാര്യം സംസാരിക്കാനായിരുന്നു. അതും മുന്നണിയുടെ വിഷയമായിരുന്നു. ഒരു കാര്യംകൂടി ഞാൻ പറയാം. ആ വിഷയം നേരത്തെ ശ്രീ. ശരദ് പവാർ പറഞ്ഞതിന്റെ ഭാഗമായി ബഹുമാന്യനായ വനം വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ എന്റെയടുത്ത് പറഞ്ഞ കാര്യമായിരുന്നു. അതിൽ എന്റെ നിലപാടും ഞാൻ വ്യക്തമാക്കിയിരുന്നു. ആ കാര്യമാണ് അദ്ദേഹം എന്നോട് വീണ്ടും സംസാരിച്ചത്. അല്ലാതെ ഇതുമായി ബന്ധപ്പെട്ട് യാതൊന്നും സംസാരിച്ചിട്ടില്ലെന്നാണ് എനിക്ക് വ്യക്തമാക്കാനുള്ളത്. കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇതൊരു അടിയന്തരപ്രമേയമായി ചർച്ച ചെയ്യേണ്ട വിഷയമേ അല്ലെന്ന് ഇതോടുകൂടി വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. തോമസ് കെ. തോമസ് ഡി.ജി.പി.-ക്ക് കൊടുത്ത പരാതിയിൽ ഇടതുപക്ഷത്തിന്റെ ഒരു എം.എൽ.എ. ആയിരുന്നിട്ടുപോലും അപമാനിച്ച് കള്ളക്കേസ്സിൽ കുടുക്കാനും ജീവഹാനി വരുത്തുന്നതിനും ഗൂഢാലോചന നടത്തിയെന്നാണ് ആദ്യംതന്നെ എഴുതിയിരിക്കുന്നത്. ഇടതുപക്ഷത്തിന്റെ ഒരു എം.എൽ.എ.-യ്ക്കുപോലും രക്ഷയില്ലാത്ത അവസ്ഥയെക്കുറിച്ചാണ് കേരളത്തിലെ പോലീസ് സ്തുത്യർഹമായ സേവനമാണ് ചെയ്യുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. ഈ പരാതിയിലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയുന്നത്, എൻ.സി.പി. ആലപ്പുഴ ജില്ലാ പ്രസിഡന്റ് ശ്രീ. എൻ. സന്തോഷ് കുമാറിനെ ടെലഫോണിൽ വിളിച്ച് എം.എൽ.എ.-യെ എറണാകുളത്തെ മകന്റെ വീട്ടിലേയ്ക്ക് തനിയെ

വാഹനം ഓടിച്ചുപോകുമ്പോൾ പാണ്ടിലോറി ഇടിപ്പിച്ച് കൊല്ലുമെന്നും ഉപതെരഞ്ഞെടുപ്പിൽ താൻ മത്സരിക്കുമെന്നും ശ്രീ. റെജി ചെറിയാൻ ഭീഷണി സ്വരത്തിൽ സംസാരിച്ചത് ഒരു വർഷം മുമ്പാണ്. ഈ വിവരം ആലപ്പുഴ എസ്.പി. ശ്രീ. ജയദേവൻ ഐ.പി.എസ്.-നോട് പരാതിപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ഒരാൾ ഒരു എം.എൽ.എ.-യെ പാണ്ടിലോറി ഇടിച്ച് കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി ഒരു വർഷം മുമ്പ് എസ്.പി.-ക്ക് പരാതി കൊടുത്തിട്ടും ആ അന്വേഷണം മുന്നോട്ടുപോയില്ല. അതേ ആലപ്പുഴ എസ്.പി.-ക്കാണ് 04-08-2023-ന് ഡി.ജി.പി.-ക്ക് കൊടുത്ത പരാതി ഫോർവേഡ് ചെയ്തിരിക്കുന്നത്. ആ കേസ്സിന്റെ അന്വേഷണം പോലെതന്നെ ഈ കേസ്സിന്റെയും അന്വേഷണവും ആയിത്തീരുമോ? ഒരു എം.എൽ.എ.-യെ കള്ളക്കേസ്സിൽ കുടുക്കാനും മാനഹാനിപ്പെടുത്താനും പട്ടികജാതി-പട്ടികവർഗ്ഗം (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം ജയിലിലടയ്ക്കാനുമായി അദ്ദേഹത്തിന്റെ പുറകെ ഒരു സംഘം വേട്ടയാടുകയാണ്. മൂന്നുപ്രാവശ്യമാണ് അദ്ദേഹത്തെ കള്ളക്കേസ്സിൽ കുടുക്കാൻ ഒരു സംഘം ശ്രമിച്ചത്. രാഷ്ട്രീയം നമുക്ക് മാറ്റിവയ്ക്കാം. ഇത് ഒരു

എം.എൽ.എ.-യുടെ പരാതിയാണ്. ഇപ്പോൾ കള്ളക്കേസ്സിൽ കുടുക്കാനും ജയിലിലടയ്ക്കാനുമുള്ള ശ്രമത്തിൽനിന്നുമാറി അദ്ദേഹത്തെ വധിക്കുന്നതിനുവേണ്ടിയുള്ള ഗൂഢാലോചന രണ്ട് പ്രാവശ്യം നടത്തിയിരിക്കുകയാണ്. അതിൽ ഒന്ന് ഒരു വർഷം മുമ്പ് പാണ്ടിലോറി ഇടിച്ചുകൊല്ലാൻ ഗൂഢാലോചന നടത്തി. രണ്ടാമത്, അദ്ദേഹം കുട്ടനാട്ടിലൂടെ സഞ്ചരിക്കുമ്പോൾ കാറിന്റെ പിറകിലിരുന്ന് ഉറങ്ങുന്ന അവസരത്തിൽ വെള്ളം നിറഞ്ഞ പാടത്തേയ്ക്ക് കാർ ഇറക്കി, ഡ്രൈവർക്ക് രക്ഷപ്പെടാൻ ഒരു വശത്തെ ഗ്ലാസ് താഴ്ത്തിയിടുകയും ഇദ്ദേഹത്തെ വെള്ളത്തിൽ മുക്കി കൊല്ലാനുമുള്ള ഗൂഢാലോചന നടത്തിയെന്ന് ഡി.ജി.പി.-ക്ക് കൊടുത്ത പരാതിയിൽ അദ്ദേഹം പറയുന്നു. ഒരു കൊല്ലം മുമ്പ് പാണ്ടിലോറി ഇടിച്ച് കൊല്ലാൻ ശ്രമിച്ചുവെന്ന് ഒരു എം.എൽ.എ. പരാതി കൊടുത്തിട്ട് പോലീസ് നടപടിയെടുക്കാത്തതിനാൽ അതേ ആളുകൾ വീണ്ടും അദ്ദേഹത്തെ വെള്ളത്തിൽ മുക്കി കൊല്ലാൻ ശ്രമിക്കുന്നുവെന്നുള്ള ആരോപണം ഡി.ജി.പി.-യുടെ മുമ്പാകെ വയ്ക്കുമ്പോൾ ഈയൊരു ലാഘവത്തോടുകൂടിയാണ് അതിനെ കാണുന്നത്. അദ്ദേഹത്തെ വധിക്കാൻ ഒരു സംഘം ഗൂഢാലോചന

നടത്തുന്നുണ്ട്. അതുകൊണ്ടാണ് അദ്ദേഹം ഇങ്ങനെയൊരു ആരോപണം ഉന്നയിച്ചപ്പോൾ അത് പച്ചക്കള്ളവും പക്വതയില്ലായ്മയുമാണെന്ന് അദ്ദേഹത്തിന്റെ പാർട്ടിയുടെ നേതാവും വനം വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ശശീന്ദ്രൻ പറഞ്ഞുവെന്ന് ശ്രീ. എം. വിൻസെന്റ് പറഞ്ഞത്. ഭരണഘടനാ സ്ഥാനത്തിരിക്കുന്ന വനം വകുപ്പുമന്ത്രിയാണ് അദ്ദേഹം. ഇവിടെ മുഖ്യമന്ത്രി പറഞ്ഞതുപോലെ ആലപ്പുഴ എസ്.പി. വധശ്രമത്തെക്കുറിച്ച് അന്വേഷിക്കുമ്പോൾ ഇത്തരത്തിൽ ഒരു മന്ത്രി പറഞ്ഞാൽ അത് കള്ളപ്പരാതിയാണന്നല്ലേ അതിന്റെ അർത്ഥം; പിന്നെ എങ്ങനെ എസ്.പി. അന്വേഷിക്കും? പക്വതയില്ലാതെ ആരോപണം ഉന്നയിച്ചതാണെന്ന് മന്ത്രി സ്ഥാനത്തിരിക്കുന്നൊരാൾ പറയുകയാണ്. മുഖ്യമന്ത്രി ഇത് അനുവദിക്കാമോ? അദ്ദേഹത്തിന്റെ പരാതി ശരിയോ തെറ്റോ ആകട്ടെ, പക്ഷേ ഡി.ജി.പി.-യുടെ നിർദ്ദേശപ്രകാരം ഇൻവെസ്റ്റിഗേഷൻ നടക്കുന്ന അവസരത്തിൽ ഭരണഘടനാ സ്ഥാനത്തിരിക്കുന്ന ഒരു മന്ത്രി ഇത് പക്വതയില്ലാത്ത ആരോപണമാണെന്ന് പറയുന്നതിനോട് അങ്ങ് നീതീകരിക്കുന്നുണ്ടോ? ഇതിനൊക്കെ മറുപടി അങ്ങ് പറയണ്ടേ. അതിനല്ലേ

ശ്രീ. എം. വിൻസെന്റ് അടിയന്തരപ്രമേയം അവതരിപ്പിച്ചത്. പക്ഷെ അതിന് മറുപടിയൊന്നുമില്ലെന്ന് അങ്ങ് പറഞ്ഞു. ഗുരുതരമായ ആരോപണമല്ലേ ഇത്. കേസന്വേഷണം നടക്കുമ്പോൾ പരാതിക്കാരനെ സംബന്ധിച്ച് വളരെ മോശമായ പ്രതികരണം സ്വന്തം പാർട്ടിയുടെ നേതാവും ഭരണഘടനാ സ്ഥാനത്തിരിക്കുന്ന ഒരു മന്ത്രിയെന്ന നിലയിലും അദ്ദേഹം പറയാമോ? പിന്നെ എന്ത് അന്വേഷണമാണ് നടക്കുന്നത്. നാളെ അദ്ദേഹത്തിന് എന്തെങ്കിലും സംഭവിച്ചാൽ ആരായിരിക്കും ഉത്തരവാദി? അദ്ദേഹത്തിന് പുറകെ നടക്കുന്ന ഒരു സംഘം എവിടെയെങ്കിലും വച്ച് അദ്ദേഹത്തിന് ഗുരുതരമായ പരിക്കോ അപകടമോ ഉണ്ടാക്കിയാൽ അപ്പോൾ ഇതുപോലെ സംസാരിക്കാൻ സാധിക്കുമോ. കഴിഞ്ഞ വർഷം പരാതി കൊടുത്തപ്പോഴും ഇപ്പോൾ പരാതി കൊടുത്തപ്പോഴും അതിനെ ഗൗരവമായി കാണുന്നില്ലെന്നതാണ് ഞങ്ങളുടെ പ്രശ്നം. അങ്ങ് ആദ്യ മറുപടിയിൽ ഇതിനെക്കുറിച്ച് രണ്ട് വാചകം പറഞ്ഞതിനുശേഷം അടുത്ത് പറഞ്ഞത് കേരളത്തിലെ പോലീസിന്റെ സ്തുത്യർഹമായ സേവനത്തെക്കുറിച്ചാണ്. രണ്ടാമത്തെ മറുപടിയിൽ കേരളത്തിലെ പോലീസ് ആരുടെയും മുഖം

നോക്കാതെ നടപടിയെടുക്കുമെന്ന് പറഞ്ഞു. ഞാൻ അങ്ങയുടെ ആ പ്രസ്താവനയെ ചോദ്യം ചെയ്യുന്നു. കോഴിക്കോട് ജില്ലയിൽ എം.എൽ.എ. ആയിരുന്ന ശ്രീ. ജോർജ് എം. തോമസ് ഒരു പോക്സോ കേസിലെ പ്രതിയെ മാറ്റാൻ പ്രതിയുടെ കൈയിൽനിന്നും പണം വാങ്ങി ഒരു പോലീസ് ഉദ്യോഗസ്ഥനെ സ്വാധീനിച്ചുവെന്ന ആരോപണം വന്നപ്പോൾ എവിടെയായിരുന്നു നിങ്ങളുടെ പോലീസ്? നിങ്ങളുടെ പാർട്ടി പോലീസ് സ്റ്റേഷനിലും കോടതിയിലുമായി അദ്ദേഹത്തിനെതിരെ നടപടിയെടുത്തുനിർത്തി. എം.എൽ.എ. സ്ഥാനം ദുരുപയോഗിച്ചുകൊണ്ട് പോക്സോ കേസ്സിലെ പ്രതിയെ മാറ്റി. നിങ്ങളുടെ പാർട്ടിയിൽവച്ച് മറ്റൊരാളെ പ്രതിയായി തീരുമാനിച്ചു. തൃശ്ശൂർ ജില്ലയിലെ ഡി.വൈ.എഫ്.ഐ. നേതാവിനെതിരായി ഒരു പെൺകുട്ടിയുടെ ആരോപണം വന്നപ്പോൾ അതിൽ നിങ്ങൾ നടപടിയെടുത്താൽ മതിയോ; നിങ്ങൾ പോലീസ് സ്റ്റേഷനായാൽ മതിയോ? പാർട്ടി പോലീസ് സ്റ്റേഷനും കോടതിയുമായി മാറിയ മൂന്ന് ഡസൺ കാര്യങ്ങൾ ഞാൻ പറയാം. പക്ഷെ ഞാൻ ഈ അവസരം അതിന് ഉപയോഗപ്പെടുത്തുന്നില്ല. സ്ത്രീകൾ ഉന്നയിച്ച

ആരോപണങ്ങൾ മുഖ്യമന്ത്രിയുടെയോ പാർട്ടി സെക്രട്ടറിയുടെയോ ആരുടെ കയ്യിൽ കിട്ടിയാലും അതിന് നിങ്ങളുടെ പാർട്ടിയിൽ നടപടിയെടുത്താൽ മതിയോ? ഞാൻ പേരൊന്നും എടുത്തുപറയുന്നില്ല, പ്രധാനപ്പെട്ട ആളുകളല്ലേ പരാതി നൽകിയത്. ആ പരാതി നിങ്ങളുടെ പാർട്ടിയിൽ തീർക്കാനുള്ളതാണോ? പോലീസിനെക്കൊണ്ട് അന്വേഷിപ്പിക്കേണ്ടതില്ലെങ്കിൽ പിന്നെ പോലീസ് എന്തിനാണ്? ഈ പോലീസാണോ മുഖം നോക്കാതെ നടപടിയെടുക്കുമെന്ന് അങ്ങ് പറഞ്ഞത്. അങ്ങയെ വിശ്വസിക്കാൻ പറ്റില്ല. (...ബഹളം...) (...ബഹളം...)

മി. സ്പീക്കർ: പ്ലീസ് ....പ്ലീസ്. പ്ലീസ്. Let him complete.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യവും രണ്ടാമതും മറുപടി പറഞ്ഞപ്പോൾ പറഞ്ഞ ഒരു സ്റ്റേറ്റ്മെന്റിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. വാക്കൗട്ട് പ്രസംഗം നടത്തുമ്പോൾ ആ സ്റ്റേറ്റ്മെന്റിന് മറുപടി പറയാതെ എനിക്ക് പോകാൻ സാധിക്കുമോ? അദ്ദേഹം ആത്മവിശ്വാസത്തോടെ, ആധികാരികമായി ഇവിടെ നടത്തിയ ഒരു സ്റ്റേറ്റ്മെന്റാണ്. ആ സ്റ്റേറ്റ്മെന്റിനെ ചോദ്യം ചെയ്തുകൊണ്ട് മൂന്ന്

ഡസനിലധികം കേസ്സുകൾ എനിക്ക് ഉന്നയിക്കാൻ സാധിക്കും. നിങ്ങളുടെ പോലീസ് മുഖം നോക്കിയാണ് നടപടിയെടുക്കുന്നത്. മുഖം നോക്കി നിങ്ങൾക്ക് ഇഷ്ടമില്ലാത്തവരുടെ പേരിലും നിങ്ങൾക്ക് വിരോധമുള്ളവരുടെ പേരിലും കേസ്സെടുക്കും. ........(ബഹളം)........... നിങ്ങളുടെ ഇഷ്ടക്കാരെയും പാർട്ടിക്കാരെയും പൂർണ്ണമായും സംരക്ഷിക്കുന്ന ആ പോലീസിനെക്കുറിച്ചാണ് ഞങ്ങൾക്ക് സംശയം. ആ പോലീസാണ് പാവപ്പെട്ട ഈ എം.എൽ.എ.-യുടെ നേരെയുണ്ടായ വധശ്രമത്തെക്കുറിച്ച് അന്വേഷിക്കുന്നതെങ്കിൽ അതിൽ ഞങ്ങൾക്ക് വിശ്വാസമില്ല. ..........(ബഹളം)...........

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്.....പ്ലീസ് കംപ്ലീറ്റ്.........

ശ്രീ. വി. ഡി. സതീശൻ: സർ, വാക്കൗട്ട് പ്രസംഗം നടത്തുമ്പോൾ എന്നെ തടസ്സപ്പെടുത്തുന്നതിനായി ഇന്നലെ ട്രഷറി ബഞ്ചിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഇന്ന് അവർ വളരെ നിശബ്ദരാണ്. ഇന്ന് ബാക്ക് ബെഞ്ചേഴ്സിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ........(ബഹളം) ...........

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്........ come to the point.......

ശ്രീ. വി. ഡി. സതീശൻ: സർ, ഇതെല്ലാവരും കാണുന്നുണ്ട് .....(ബഹളം)...........

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്....... അദ്ദേഹം കംപ്ലീറ്റ് ചെയ്യട്ടെ......

ശ്രീ. വി. ഡി. സതീശൻ: സർ, അതുകൊണ്ട് ഈ പോലീസിനെ ഞങ്ങൾക്ക് വിശ്വാസമില്ല. ഈ കേസ് ഗൗരവതരമായി അന്വേഷിക്കാതെ സാധാരണ പരാതി ലഭിക്കുമ്പോൾ ഒരു എസ്.പി.-ക്ക് ഫോർവേർഡ് ചെയ്യുന്ന ലാഘവത്തോടുകൂടിയാണ് പോലീസ് ഈ കേസ് കൈകാര്യം ചെയ്തിരിക്കുന്നത്. അതുകൊണ്ട് എം.എൽ.എ. ഉന്നയിച്ചിരിക്കുന്ന ഗൗരവതരമായ ആരോപണങ്ങളെക്കുറിച്ച് കാര്യമായി അന്വേഷിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇവിടെ പരാതി പറഞ്ഞിരിക്കുന്നത് ഒരു എം.എൽ.എ.-യാണ്. കുട്ടനാട്ടിലെ വരമ്പത്തുനിന്ന്

തന്നെ തള്ളിയിട്ട് കൊല്ലാനുള്ള പരിപാടിയുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. അത് വളരെ ഗൗരവമേറിയ വിഷയമാണ്. ടി വിഷയം വളരെ ഗൗരവമായിത്തന്നെയാണ് പ്രതിപക്ഷം ഉന്നയിച്ചത്. അത് ചർച്ച ചെയ്യേണ്ടതായിരുന്നു. അത് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. പി. ജെ. ജോസഫ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി എം.എൽ.എ.-യോട് ഇപ്പോൾ എന്തെങ്കിലും ഭയമുണ്ടോയെന്നാണ് ചോദിക്കുന്നത്. ഭയമുണ്ടെന്ന് തന്നെയാണ് .......(ബഹളം)........ അതുകൊണ്ട് അദ്ദേഹത്തിന് സംരക്ഷണം കൊടുക്കുന്ന കാര്യത്തിൽ വീഴ്ചവരുത്തിയതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, ഭരണപക്ഷ എം.എൽ.എ.-യുടെ ഒരു പരാതിയുണ്ടായത് അന്വേഷിക്കാത്തതിൽ ഗൂഢാലോചനയുണ്ടെന്ന് സംശയിക്കുന്നു. ഇത്തരം പരാതികൾ പ്രഹസനങ്ങളാകുന്നത് വലിയ പ്രയാസമുണ്ടാക്കുന്നതാണ്. അത് അന്വേഷിക്കണം. ഇക്കാര്യത്തിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

10.35 AM]

IV **ശ്രദ്ധക്ഷണിക്കൽ**

(1) എസ്.എസ്.എൽ.സി. പാസ്സായവർക്ക് തുടർപഠനം ഉറപ്പുവരുത്തൽ

ശ്രീ. എം. വിജിൻ: സർ, എസ്.എസ്.എൽ.സി. പാസ്സാകുന്ന മുഴുവൻ കുട്ടികൾക്കും പ്ലസ് വൺ അഡ്മിഷൻ ലഭ്യമാക്കാൻ സർക്കാർ എടുക്കുന്ന നടപടികളെ അഭിനന്ദിക്കുന്നു. നമ്മുടെ നാട്ടിൽ എസ്.എസ്.എൽ.സി. പഠനം

പൂർത്തിയായാൽ പ്രധാനമായും വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഐ.റ്റി.ഐ., പോളിടെക്നിക് എന്നീ മേഖലകളിലേയ്ക്കാണ് പോകുന്നത്. സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ പിണറായി സർക്കാരിന് സാധിച്ചു. കോവിഡ് കാലത്ത് ഇന്ത്യയിലാകമാനം ക്ലാസ്സുകൾ നഷ്ടമായപ്പോൾ ഓൺലൈൻ ക്ലാസ്സുകളും പരീക്ഷകളും നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന് സാധിച്ചു. ഈ ഏഴുവർഷക്കാലവും കേരളത്തിൽ പാഠപുസ്തകങ്ങൾ കൃത്യമായി വിതരണം ചെയ്യാൻ പിണറായി സർക്കാരിന് സാധിച്ചു. 2016 മുതൽ 2023 വരെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് പത്ത് ലക്ഷത്തിലധികം കുട്ടികൾ അധികമായി കടന്നുവന്നിട്ടുണ്ട്. അതോടൊപ്പം എസ്.എസ്.എൽ.സി. പരീക്ഷ മാതൃകാപരമായി നടത്താനും പരാതിപോലുമില്ലാതെ റിസൾട്ട് പ്രഖ്യാപിക്കാനും കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിന് സാധിച്ചിട്ടുണ്ട്. 2021-22-ൽ 423303 കുട്ടികളാണ് എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചത്. എന്നാൽ ആ വർഷവും

പലതരത്തിലുള്ള ആശങ്കകൾ സൃഷ്ടിക്കാനാണ് കേരളത്തിലെ പ്രതിപക്ഷം ശ്രമിച്ചത്. എന്നാൽ കഴിഞ്ഞ വർഷം 99.26 ശതമാനം എസ്.എസ്.എൽ.സി. വിജയം കൈവരിച്ച മുഴുവൻ കുട്ടികൾക്കും ഒരാശങ്കയ്ക്കും ഇടനൽകാത്ത വിധത്തിൽ അഡ്മിഷൻ നൽകാൻ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിന് സാധിച്ചു. 2022-23 വർഷം 419128 പേർ പരീക്ഷ എഴുതിയതിൽ 417864 കുട്ടികൾ (99.70 ശതമാനം) ഉപരിപഠനത്തിന് അർഹത നേടുകയുണ്ടായി. ഈ വർഷം 68604 കുട്ടികൾക്ക് മുഴുവൻ വിഷയത്തിനും എ പ്ലസ് ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തേതുമായി താരതമ്യപ്പെടുത്തുമ്പോൾ 24241 കുട്ടികൾക്കാണ് മുഴുവൻ വിഷയത്തിനും എ പ്ലസ് നേടുന്ന കാര്യത്തിൽ വർദ്ധനവുണ്ടായത്. റിസൾട്ട് ശതമാനം വർദ്ധിച്ചതും മുഴുവൻ എ പ്ലസ് നേടിയ കുട്ടികളുടെ എണ്ണം വർദ്ധിച്ചതും പ്ലസ് വൺ സീറ്റുകളുടെ കാര്യത്തിൽ ആശങ്കയുണ്ടാക്കിയെങ്കിലും വിദ്യാഭ്യാസ വകുപ്പ് അധിക ബാച്ചുകൾ അനുവദിച്ചുകൊണ്ട് ആവശ്യമായ ക്രമീകരണം പ്ലസ് വൺ പ്രവേശനത്തിൽ സ്വീകരിക്കുകയുണ്ടായി. മലബാർ മേഖലയിലെ പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ കൂടുതൽ

ബാച്ചുകൾ അനുവദിക്കുകയും ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. 2021-22 വർഷം അനുവദിച്ച 81 താൽക്കാലിക ബാച്ചുകൾ ഈ വർഷവും തുടരുന്നുണ്ട്. അതോടൊപ്പം ആദിവാസി ഗോത്രവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിലാണ് രണ്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഹ്യുമാനിറ്റീസ് ബാച്ച് അനുവദിച്ചത്. ഈ 83 ബാച്ചുകൾക്കുപുറമെ ഈ വർഷം ആദ്യം മലപ്പുറം ജില്ലയിലേയ്ക്ക് 14 ബാച്ചുകൾ ഷിഫ്റ്റ് ചെയ്തു. അതിനുശേഷം 97 അധിക ബാച്ചുകൾകൂടി അനുവദിക്കുന്ന സാഹചര്യമുണ്ടായി. സർക്കാർ മാതൃകാപരമായി ഇത്തരം ഇടപെടലുകൾ നടത്തിയിട്ടും രക്ഷിതാക്കളിലും കുട്ടികളിലും ആശങ്കയുണ്ടാക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ഇന്നലെയാണ് മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റിന്റെ വിവരങ്ങൾ പുറത്തുവന്നത്. 6736 പേർക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. അതിനുശേഷം 19003 സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. മലപ്പുറം - 295, എറണാകുളം - 2551, തൃശ്ശൂർ - 2096, കണ്ണൂർ - 1253 എന്നിങ്ങനെയാണ് ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ കണക്കുകൾ. ഞാൻ ഇത് പ്രത്യേകം പറയാൻ കാരണം, ഇത്തരം ആശങ്കകൾ മലപ്പുറം ജില്ലയെയാണ്

അനാവശ്യമായ സമരരൂപത്തിലേയ്ക്ക് പ്രധാനമായും കൊണ്ടുവന്നത്. 1990-ൽ ഹയർസെക്കണ്ടറി സ്കൂളുകൾ ആദ്യമായി അനിവദിച്ചതിനുശേഷം എൽ.ഡി.എഫ്. 18 വർഷം ഭരിച്ചപ്പോൾ 671 പ്ലസ് ടു ബാച്ചുകളാണ് മലപ്പുറം ജില്ലയിൽ അനുവദിച്ചത്. എന്നാൽ യു.ഡി.എഫ്.-ന്റെ 15 വർഷക്കാലം 499 ബാച്ചുകൾ അനുവദിക്കുകയുണ്ടായി. ഇതിൽ യു.ഡി.എഫ്.-ന്റെ കാലത്ത് 85 ശതമാനവും അൺഎയ്ഡഡ് മേഖലയിലാണ് അനുവദിച്ചതെന്നത് നാം ഗൗരവമായി കാണേണ്ടതുണ്ട്. എന്തുകൊണ്ടാണ് കേരളത്തിലെ ഹയർസെക്കണ്ടറി മേഖലയിൽ ഇത്തരം പ്രശ്നമുണ്ടായതെന്നതാണ് ഇതിൽ പ്രധാനമായും കാണേണ്ടത്. 2011-16 കാലഘട്ടത്തിൽ യു.ഡി.എഫ്. കൃത്യമായ പഠനവും അന്വേഷണവും നടത്താതെ പ്ലസ് ടു ബാച്ചുകൾ അനുവദിച്ചതോടുകൂടിയാണ് വലിയ തോതിൽ ഇത്തരം മേഖലകളിൽ അന്തരമുണ്ടായതെന്നതുകൂടി നാം കാണേണ്ടതുണ്ട്. വിദ്യാഭ്യാസത്തെ സങ്കുചിതമായ രാഷ്ട്രീയ ലക്ഷ്യത്തോടെ സമീപിക്കുന്ന ഒരു വിഭാഗം പ്ലസ് വൺ സീറ്റുമായി ബന്ധപ്പെട്ട് അനാവശ്യമായി വിവാദങ്ങൾ സൃഷ്ടിച്ച് രക്ഷിതാക്കളിലും കുട്ടികളിലും ബോധപൂർവ്വമായ ആശങ്കയുണ്ടാക്കാനാണ്

ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം സാഹചര്യത്തിലാണ് ഞാൻ ഈ വിഷയം സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. കാരണം പ്ലസ് വൺ പ്രവേശന വിഷയത്തിൽ മാതൃകാപരമായ സമീപനം വിദ്യാഭ്യാസ വകുപ്പ് ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. എങ്കിലും എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും തുടർപഠനം ഉറപ്പുവരുത്തുന്നതിനെ സംബന്ധിച്ചുള്ള രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും ആശങ്ക പരിഹരിക്കുന്നതിന് പുതിയ ബാച്ചുകൾ ഉൾപ്പെടെയുള്ള ആവശ്യകതയുണ്ടെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുന്നതിനായി സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്.

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് ശ്രീ. എം. വിജിൻ നന്നായി പഠനം നടത്തിയശേഷമാണ് വിഷയങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. പ്ലസ് വൺ പ്രവേശനത്തിനായി മുഖ്യഘട്ടത്തിൽ 417545 അപേക്ഷകർക്കാണ് പ്രവേശനം കൊടുക്കേണ്ടിവരുന്നത്. നിലവിൽ വിവിധ അലോട്ട്മെന്റുകൾ പൂർത്തീകരിച്ചപ്പോൾ മെറിറ്റ് ക്വാട്ടയിൽ 298997 പേരും സ്പോർട്സ് ക്വാട്ടയിൽ 3917 പേരും കമ്മ്യൂണിറ്റി ക്വാട്ടയിൽ 20585 പേരും മാനേജ്മെന്റ്

ക്വാട്ടയിൽ 34107 പേരും അൺ എയ്ഡഡ് ക്വാട്ടയിൽ 26932 പേരുമുൾപ്പെടെ 384538 പേരും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 26619 പേരുമടക്കം ആകെ പ്ലസ് വണ്ണിന് 411157 വിദ്യാർത്ഥികളാണ് അഡ്മിഷൻ നേടിയത്. സംസ്ഥാനത്തിന്റെ സർക്കാർ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്ലസ് വൺ ഏകജാലക പ്രവേശനത്തിന് 2022-23 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ആകെ 81 താൽക്കാലിക ബാച്ചുകളും മാർജിനൽ സീറ്റ് വർദ്ധനവും 2023-24 അദ്ധ്യയന വർഷവും തുടരുന്നതിന് അനുമതി നൽകി 2023 മേയ് മാസം 27-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും 30 ശതമാനവും ഇതേ ജില്ലകളിലെ എല്ലാ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20 ശതമാനവും മാർജിനൽ സീറ്റ് വർദ്ധന നൽകിയിട്ടുണ്ട്. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പത്തുശതമാനംകൂടി മാർജിനൽ സീറ്റ് ഇൻക്രീസ്

നൽകിയിട്ടുണ്ട്. കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ മൂന്ന് ജില്ലകളിലെ എല്ലാ സർക്കാർ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20 ശതമാനം മാർജിനൽ സീറ്റ് വർദ്ധന അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലെ 14 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽനിന്നും വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടില്ലാത്ത ഓരോ പ്ലസ് വൺ ബാച്ച് മലബാർ മേഖലയിലെ ഏറ്റവും കൂടുതൽ സീറ്റ് അപര്യാപ്തതയുള്ള 14 സർക്കാർ സ്കൂളുകളിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് 2023 ജൂൺ മാസം 12-ന് സർക്കാർ ഉത്തരവിലൂടെ തീരുമാനമുണ്ടായിട്ടുണ്ട്. മലബാർ മേഖലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് വൺ സീറ്റ് ക്ഷാമം പരിഗണിച്ച് പ്രസ്തുത മേഖലയിലെ വിദ്യാർത്ഥികൾക്ക് തുടർപഠനം ഉറപ്പുവരുത്തുന്നതിനായി പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 2023-24 വർഷത്തേയ്ക്ക് താൽക്കാലികമായി 97 ഹയർ സെക്കണ്ടറി ബാച്ചുകൾകൂടി അനുവദിച്ചിട്ടുണ്ട്. ഈ 97 ബാച്ചുകളിൽ 52 ബാച്ചുകളും നേരത്തെ ഷിഫ്റ്റ് ചെയ്ത 14 ബാച്ചുകളുമുൾപ്പെടെ 66 ബാച്ചുകൾ അനുവദിക്കുന്നത് മലപ്പുറം

ജില്ലയിലാണ്. 2023-24 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി ഒന്നാംവർഷ പ്രവേശന നടപടികൾ അവസാനഘട്ടത്തിലാണ്. മുഖ്യഘട്ടത്തിൽ മൂന്ന് അലോട്ട്മെന്റുകളും ഒന്നുംരണ്ടും സപ്ലിമെന്ററി അലോട്ട്മെന്റുകൾക്കുംശേഷം ജില്ലയ്ക്കകത്തെ സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറും പൂർത്തിയായിട്ടുള്ളതും മൂന്നാമത്തെ സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ച് പ്രവേശനം 2023 ആഗസ്റ്റ് മാസം 8-വരെ അനുവദിച്ചിട്ടുള്ളതുമാണ്. മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രവേശനത്തിനുശേഷം ജില്ലാ/ജില്ലാന്തര സ്കൂൾ/ കോമ്പിനേഷൻ ട്രാൻസ്ഫറും തുടർന്ന് അപേക്ഷിച്ചിട്ടും അലോട്ട്മെന്റ് ലഭിക്കാത്തവർക്ക് ഒഴിവുള്ള സീറ്റുകളിൽ പ്രവേശനം നേടുന്നതിന് മെരിറ്റ് അധിഷ്ഠിത സ്പോട്ട് അഡ്മിഷനും അനുവദിച്ച് ഈ വർഷത്തെ പ്രവേശന നടപടികൾ 2023 ആഗസ്റ്റ് മാസം 21-ന് അവസാനിക്കുന്നതാണ്.

മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റിനുശേഷം മലബാർ മേഖലയിലെ ജില്ലകളിൽ പ്രവേശനത്തിന് ശേഷിക്കുന്നവരുടെ എണ്ണം മേശപ്പുറത്ത് വയ്ക്കുന്നു. +

\+ അനുബന്ധം - 3

ശ്രീ. എം. വിജിൻ: സർ, 2023-24 പ്ലസ് വൺ പ്രവേശനത്തിന് ആകെ അപേക്ഷ നൽകിയത് എത്രപേരാണെന്നും ഇവരിൽ വി.എച്ച്.എസ്.ഇ. ഉൾപ്പെടെ എത്രപേർക്കാണ് പ്രവേശനം ലഭ്യമായിട്ടുള്ളതെന്നും ഈ പ്രവേശനം ലഭ്യമായവരിൽ അവർ ആഗ്രഹിച്ച കോഴ്സുകൾക്കുതന്നെ പ്രവേശനം നേടിയിട്ടുണ്ടോയെന്നും ഈ അപേക്ഷകരിൽ എ പ്ലസ് നേടിയവർ എത്രയെന്നും അവർക്ക് മുഴുവനായും പ്രവേശനം ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ആഗ്രഹിക്കുന്ന വിഷയവും ആഗ്രഹിക്കുന്ന സ്കൂളും എല്ലാവർക്കും ലഭിച്ചിട്ടില്ല. 417545 പേരാണ് പ്ലസ് വൺ പ്രവേശനത്തിന് ആകെ അപേക്ഷ നൽകിയിട്ടുള്ളത്. ഇതിൽ വി.എച്ച്.എസ്.ഇ. ഉൾപ്പെടെ 411157 പേർക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ അപേക്ഷകർ താൽപ്പര്യപൂർവ്വം ഓപ്ഷനായി ഉൾക്കൊള്ളിച്ചിരുന്ന സ്കൂൾ കോമ്പിനേഷൻ തന്നെയാണ് അലോട്ട്മെന്റിലൂടെ പ്രവേശനം നൽകിയിട്ടുള്ളത്. ആദ്യഘട്ടത്തിൽ ഇഷ്ടപ്പെട്ട സ്കൂൾ കോമ്പിനേഷൻ ലഭിക്കാത്തവർക്ക് ഇഷ്ടമുള്ള സ്കൂൾ കോമ്പിനേഷനിലേയ്ക്ക്

മാറുവാനുള്ള അവസരം നൽകുന്നതാണ്. എല്ലാ വിഷയങ്ങളിലും ഫുൾ എ-പ്ലസ് ലഭിച്ച 70893 പേർക്കും പ്രവേശനം നൽകിയിട്ടുണ്ടെന്ന് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഹയർ സെക്കണ്ടറിയുടെ ഒന്നാംവർഷ ക്ലാസ്സുകൾ കഴിഞ്ഞ വർഷം ആഗസ്റ്റ് മാസം 25-നാണ് ആരംഭിച്ചത്. ഈ വർഷം ജൂലൈ മാസം 5-ാം തീയതി ആരംഭിച്ചതുകൊണ്ട് ഈ വർഷത്തെ കുട്ടികൾക്ക് 50 ദിവസത്തെ അധിക പഠനത്തിനുള്ള ദിവസം ലഭിച്ചിട്ടുണ്ട്. ആഗസ്റ്റ് 21-ാം തീയതിയോടുകൂടി അഡ്മിഷൻ അവസാനിപ്പിച്ചതിനുശേഷം സ്കൂളുകളിൽ വേക്കൻസിയുണ്ടെങ്കിൽ അതത് സ്കൂളിലെ പ്രിൻസിപ്പൽമാർ വേക്കൻസി ഉണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുമായി അപേക്ഷ നൽകിയാൽ അവർക്ക് അഡ്മിഷൻ നടത്തുന്നതിന് പ്രത്യേക അനുവാദം കൊടുക്കുന്നതിനെ സംബന്ധിച്ചും ഗവൺമെന്റിന്റെ പരിഗണനയിലുണ്ടെന്ന് സൂചിപ്പിക്കുന്നു.

(2) വിദൂര വിദ്യാഭ്യാസ രംഗത്തെ പ്രതിസന്ധി

ശ്രീമതി ഉമ തോമസ്: സർ, കേരളത്തിലെ റെഗുലർ യൂണിവേഴ്സിറ്റികളായ കാലിക്കട്ട്, കേരള, കണ്ണൂർ, മഹാത്മാഗാന്ധി

എന്നിവിടങ്ങളിൽ നിലവിലുണ്ടായിരുന്ന വിദൂര വിദ്യാഭ്യാസ സംവിധാനം പുതുതായി ആരംഭിച്ച ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ മാത്രമാക്കി പരിമിതപ്പെടുത്തിയ നടപടിയുമായി ബന്ധപ്പെട്ട ചില ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെടുത്തുവാനും പരിഹരിക്കാനുമുള്ള അഭ്യർത്ഥനയോടെയാണ് ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട് 2021 ചാപ്റ്റർ 5 സെക്ഷൻ 47 (2) ചാപ്റ്റർ 9 സെക്ഷൻ 72 വകുപ്പുകൾ പ്രകാരം കേരളത്തിൽ വിദൂര വിദ്യാഭ്യാസം ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. മുൻവർഷങ്ങളിൽ ഒരു ലക്ഷത്തോളംവരുന്ന വിദ്യാർത്ഥികളാണ് നാല് റെഗുലർ യൂണിവേഴ്സിറ്റികളിലായി പ്രതിവർഷം ഡിസ്റ്റൻസ് എഡ്യൂക്കേഷൻ സംവിധാനത്തിൽ പഠനം നടത്തിവന്നിരുന്നത്. വിദൂരവിദ്യാഭ്യാസം ഒരു കുടക്കീഴിലാക്കുക എന്ന ലക്ഷ്യത്തോടെ നാല് റഗുലർ യൂണിവേഴ്സിറ്റികളിലായി പഠനം നടത്തിവന്നിരുന്ന ഇത്രയും വിദ്യാർത്ഥികളെ കേവലം പ്രാരംഭഘട്ടത്തിൽ നിൽക്കുന്ന പരിമിതമായ സൗകര്യങ്ങൾ

മാത്രമുള്ള ഒരു ഓപ്പൺ യൂണിവേഴ്സിറ്റിയിലേയ്ക്ക് മാത്രമാക്കി മാറ്റുന്നത് വിദ്യാർത്ഥികൾക്ക് അങ്ങേയറ്റം പ്രയാസം സൃഷ്ടിച്ചിരിക്കുകയാണ്. വിദ്യാർത്ഥികളുടെ ചോയിസനുസരിച്ച് കോഴ്സും യൂണിവേഴ്സിറ്റിയും തെരഞ്ഞെടുത്ത് പഠിക്കാനുള്ള അവസരമാണ് ഇതിലൂടെ നഷ്ടപ്പെടുന്നത്. റഗുലർ യൂണിവേഴ്സിറ്റികളിൽ ഉണ്ടായിരുന്നതിനെക്കാൾ ഇരട്ടിയിലധികം ഫീസാണ് ഇപ്പോഴത്തെ ഓപ്പൺ യൂണിവേഴ്സിറ്റിയിലെ ഫീസ് ഘടന. പാവപ്പെട്ട വിദ്യാർത്ഥികളുടെമേൽ ഭാരിച്ച സാമ്പത്തികബാദ്ധ്യത അടിച്ചേൽപ്പിക്കുകയാണ് ഇതിലൂടെ ചെയ്തിരിക്കുന്നത്. യു.ജി.സി. നിഷ്കർഷിച്ച അദ്ധ്യാപക നിയമനം ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതുകൊണ്ടാണ് റഗുലർ യൂണിവേഴ്സിറ്റികൾക്ക് ഡിസ്റ്റൻസ് എഡ്യൂക്കേഷനുള്ള അംഗീകാരം നഷ്ടപ്പെട്ടത് എന്നത് ഒരു കാരണമാണെങ്കിലും പ്രൈവറ്റ് രജിസ്ട്രേഷൻവഴി താൽക്കാലിക പ്രതിസന്ധി പരിഹരിക്കാനും അധികം വൈകാതെ അംഗീകാരം വീണ്ടെടുക്കാനും കാലിക്കറ്റ് ഉൾപ്പെടെയുള്ള പ്രമുഖ യൂണിവേഴ്സിറ്റികൾക്ക് കഴിഞ്ഞിരുന്നു. എന്നാൽ എസ്.ജി.ഒ.യു. ആക്ട് പ്രകാരം മറ്റ് യൂണിവേഴ്സിറ്റികളിൽ ഡിസ്റ്റൻസ്

എഡ്യൂക്കേഷൻ തുടരാനാവില്ല. റഗുലർ യൂണിവേഴ്സിറ്റിയെക്കാൾ രണ്ടിരട്ടിയിലധികം ഫീസാണ് ഇവിടെയുള്ളത്. ഉദാഹരണത്തിന് ബി.എ. പഠനത്തിന് കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ 6,270/-രൂപ ഫീസുണ്ടായിരുന്ന സ്ഥാനത്ത് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ 17,630/- രൂപയും എം.എ. പഠനത്തിന് 5,155/- രൂപയുണ്ടായിരുന്നപ്പോൾ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ 14,770/- രൂപയുമാണ് വാങ്ങിക്കൊണ്ടിരുന്നത്. റഗുലർ യൂണിവേഴ്സിറ്റുകളുടെ സർട്ടിഫിക്കറ്റിനെ അപേക്ഷിച്ച് ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കേറ്റിൽ ഡിസ്റ്റൻസ് എഡ്യൂക്കേഷനെന്ന് പ്രത്യേകം രേഖപ്പെടുത്തുന്നതുകൊണ്ട് സർട്ടിഫിക്കറ്റിന് വാലിഡിറ്റിയും കുറവാണ്. പ്രത്യേകിച്ച് വിദേശ രാജ്യങ്ങളിൽ ഉദ്യോഗം തേടിപ്പോകുന്നവർക്ക് പരിമിതമായേ ജോലി ലഭ്യമാകുന്നുള്ളൂവെന്ന അവസ്ഥയും സൃഷ്ടിക്കുന്നുണ്ട്. വിദൂര വിദ്യാഭ്യാസ സംവിധാനം ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്കു മാത്രമായി പരിമിതപ്പെടുത്തിയ നടപടി ഈ നിയന്ത്രണംമൂലം റെഗുലർ യൂണിവേഴ്സിറ്റികളുടെ സ്വയംഭരണാവകാശത്തെയും അക്കാഡമിക്ക് സ്വാതന്ത്ര്യത്തെയും

ഹനിച്ചിരിക്കുകയാണ്. നമ്മുടെ നാട്ടിൽ പ്ലസ് ടു പാസ്സായ എല്ലാവർക്കും അഡ്മിഷൻ ലഭിക്കാത്തതുമൂലം വിദ്യാർത്ഥികൾ വിദേശരാജ്യങ്ങളിലേയ്ക്കും മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും ചേക്കേറുന്ന അവസ്ഥയാണുണ്ടായിരിക്കുന്നത്. അതിന്റെ ഫലമായി നമുക്ക് ബ്രെയിൻ ഡ്രെയിൻ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിലൊന്നും ഡിസ്റ്റൻസ് എഡ്യൂക്കേഷന് ഇത്തരം പരിമിതികളില്ല. അതുകൊണ്ട് ഇതിനൊരു പരിഹാരമെന്ന രീതിയിൽ ഈ ആക്ട് ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് 2022-2023 അദ്ധ്യയന വർഷത്തിൽ അഞ്ച് യു.ജി. പ്രോഗ്രാമുകൾക്കും രണ്ട് പി.ജി. പ്രോഗ്രാമുകൾക്കുമാണ് യു.ജി.സി. അനുമതി നൽകിയിരുന്നത്. ഈ കോഴ്സുകളിൽ ആകെ 5400 വിദ്യാർത്ഥികളാണ് കഴിഞ്ഞ അദ്ധ്യായനവർഷം പ്രവേശനം നേടിയിരുന്നത്. എന്നാൽ സർവ്വകലാശാലയ്ക്ക് യു.ജി.സി. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയിൽനിന്നും ഈ വർഷം നിലവിൽ 12

ബിരുദ പ്രോഗ്രാമുകളും 10 ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുമടക്കം 22 പ്രോഗ്രാമുകൾ നടത്തുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രോഗ്രാമുകൾ ഇപ്രകാരമാണ്. യു.ജി. പ്രോഗ്രാമുകൾ - ബി.കോം., ബി.ബി.എ., ബി.എ.അഫ്സൽ-ഉൽ-ഉലമ, ബി.എ. അറബിക്, ബി.എ. മലയാളം, ബി.എ. സംസ്കൃതം, ബി.എ. ഹിന്ദി, ബി.എ. ഇംഗ്ലീഷ്, ബി.എ. ഇക്കണോമിക്സ്, ബി.എ. ഹിസ്റ്ററി, ബി.എ. സോഷ്യോളജി, ബി.എ. ഫിലോസഫി എന്നിവയാണ്. പി.ജി. പ്രോഗ്രാമുകൾ - എം.കോം., എം.എ. അറബിക്, എം.എ. മലയാളം, എം.എ. ഇംഗ്ലീഷ്, എം.എ. ഹിന്ദി, എം.എ. സംസ്കൃതം, എം.എ. ഹിസ്റ്ററി, എം.എ. സോഷ്യോളജി, എം.എ. ഇക്കണോമിക്സ്, എം.എ. ഫിലോസഫി എന്നിവയാണ്. 22 ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് യൂണിവേഴ്സിറ്റി 30-6-2023-ലെ നോട്ടിഫിക്കേഷൻ പ്രകാരം പ്രവേശന അറിയിപ്പ് നൽകിയിരുന്നു. ഈ വർഷം ഇതുവരെ 2500 വിദ്യാർത്ഥികൾ പ്രവേശന നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. 22000-ത്തോളം വിദ്യാർത്ഥികൾ പ്രവേശനം നേടുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിലെ 14 ജില്ലകളിൽ സർക്കാർ അനുവദിച്ച

കോളേജുകൾ പഠന കേന്ദ്രങ്ങളായിട്ടുണ്ട്. ഈ കേന്ദ്രങ്ങളെ ജൂലൈ 15 മുതൽ സെപ്റ്റംബർ 5 വരെയുള്ള കാലയളവിൽ മുഴുവൻ സമയ പ്രവേശന കേന്ദ്രങ്ങളാക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്. പ്രവേശനം പൂർത്തീകരിക്കുമ്പോൾ സംസ്ഥാനത്ത് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ആവശ്യമായ മുഴുവൻ വിദ്യാർത്ഥികളെയും ഉൾക്കൊള്ളാൻ സാധ്യതയുള്ള നിലയിലാണ് പ്രവേശന നടപടികൾ ക്രമീകരിച്ചിട്ടുള്ളത്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയിൽനിന്ന് 2022-23 അദ്ധ്യയന വർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ലെങ്കിൽ മാത്രം വിദൂര വിദ്യാഭ്യാസം അല്ലെങ്കിൽ പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണെന്നും ഇതുസംബന്ധിച്ച് സർക്കാരിൽനിന്നും തുടർനിർദ്ദേശം വരുന്നതുവരെ വിദൂര വിദ്യാഭ്യാസവും പ്രൈവറ്റ് രജിസ്ട്രേഷനും മുഖേനയുള്ള കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിക്കാൻ പാടുള്ളതല്ലെന്നും 9-6-2022-ലെ സർക്കുലർ പ്രകാരം സർവ്വകലാശാലകൾക്ക് ആദ്യം നിർദ്ദേശം

നൽകിയിരുന്നു. ഓപ്പൺ സർവ്വകലാശാലയ്ക്ക് അഞ്ച് ബിരുദ കോഴ്സുകളും രണ്ട് ബിരുദാനന്തര ബിരുദ കോഴ്സുകളും നടത്തുന്നതിന് യു.ജി.സി.-യുടെ അനുമതി ലഭ്യമായ സാഹചര്യത്തിൽ മേൽ സർക്കുലർ പിൻവലിച്ചുകൊണ്ടും നിലവിലുള്ള നിയമങ്ങളും കോടതി വിധികളുമനുസരിച്ച് പ്രവേശന നടപടികൾ സ്വീകരിക്കാൻ സർവ്വകലാശകൾക്ക് നിർദ്ദേശം നൽകിക്കൊണ്ടും 11-11-2022-ൽ സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ യു.ജി.സി. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരത്തോടുകൂടി 2022-2023 അദ്ധ്യയന വർഷം വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിന് കേരള/കാലിക്കട്ട് സർവ്വകലാശാലകൾ നടപടി സ്വീകരിച്ചിരുന്നു. 2022-23 വർഷത്തിൽ കോഴിക്കോട് സർവ്വകലാശാലയിൽ മാത്രം 28479 വിദ്യാർത്ഥികൾ വിദൂര വിദ്യാഭ്യാസ കോഴ്സുകളിൽ പ്രവേശനം നേടിയിട്ടുണ്ട്. ഈ വർഷം 12 പ്രോഗ്രാമുകളിലായി ഇതുവരെ 11202 വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട്. 2022-23 വർഷത്തിൽ കേരള സർവ്വകലാശാലയിൽ 4325 വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട്.

കേരള സർവ്വകലാശാലയിൽ ഈ വർഷം 8 കോഴ്സുകളിൽ ഇതുവരെ ആയിരത്തോളം വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട്. 2022-23 വർഷത്തിൽ 23 കോഴ്സുകളിലേയ്ക്ക് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ മുമ്പ് തുടർന്നുവന്ന രീതിയിൽ 5122 വിദ്യാർത്ഥികൾ പ്രവേശനം നേടിയിരുന്നു. ഈ വർഷം 23 കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ശ്രീനാരായണഗുരു സർവ്വകലാശാലയിൽ അനുമതി ലഭിക്കാത്തതും യു.ജി.സി. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതി ലഭിച്ചതുമായ കോഴ്സുകൾക്ക് മറ്റ് സർവ്വകലാശാലകൾക്ക് ഈ അക്കാദമിക വർഷവും പ്രവേശനം നൽകുന്നതിന് യാതൊരുവിധ തടസ്സവും നിലവിലില്ല. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല സ്ഥാപിച്ചതിനെത്തുടർന്ന് സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് പ്രതിസന്ധിയുണ്ടാകുന്ന യാതൊരു സാഹചര്യവും നിലവിലുള്ളതായി കരുതുന്നില്ല.

ശ്രീമതി ഉമ തോമസ്: സർ, മുമ്പ് മറ്റ് യൂണിവേഴ്സിറ്റികളിലുള്ള എല്ലാ കോഴ്സുകളും ശ്രീനാരായണഗുരു യൂണിവേഴ്സിറ്റിയും അംഗീകരിച്ചിരുന്നു. എന്നാൽ സ്ഥലമില്ലാത്തതും പരിമിതമായ സീറ്റുകളുള്ളതും കാരണമാണ് മറ്റ് യൂണിവേഴ്സിറ്റികളിലുണ്ടായിരുന്ന അത്രയും കുട്ടികൾക്ക് ഇവിടെ പഠിക്കാൻ സാധിക്കാത്തത്.

ഡോ. ആർ. ബിന്ദു: സർ, ഇപ്പോൾ 14 ജില്ലകളിലും ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട കേന്ദ്രങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. അഡ്മിഷനും തുടർന്നുള്ള മറ്റ് കാര്യങ്ങൾക്കും ഈ കേന്ദ്രങ്ങളെ ആശ്രയിച്ചുകൊണ്ട് സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഏറ്റവും ഗുണനിലവാരമുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ലഭ്യമാക്കുന്നതിനാണ് സർക്കാർ പരിശ്രമിക്കുന്നത്. 11-11-2022-ലെ സർക്കുലർ പ്രകാരം ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നടത്താത്ത കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം നമ്മുടെ സർവ്വകലാശാലകൾ ഇപ്പോൾ നൽകിവരുന്നുണ്ട്. 11-11-2022-ലെ സർക്കുലർ പ്രകാരം എല്ലാ സർവ്വകലാശാലകളിലും അവർ ആ പ്രക്രിയ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.

നിലവിൽ അതിൽ യാതൊരു ബുദ്ധിമുട്ടുമില്ല. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ആവശ്യമുള്ള മുഴുവൻ കുട്ടികളെയും ഉൾക്കൊണ്ടുപോകാൻ ഇന്ന് കേരളത്തിൽ സൗകര്യമുണ്ട്.

**10.57 AM]**

**V സബ്മിഷൻ**

**(1) <u>പൊന്തൻപുഴ വനമേഖലയിലെ താമസക്കാർക്ക് പട്ടയം</u>**

<u>ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്)</u>: സർ, കഴിഞ്ഞ നൂറിൽപരം വർഷങ്ങളായി മണിമല പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ താമസിക്കുന്ന 668 കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്തതുമായി ബന്ധപ്പെട്ട വിഷയമാണ് ഉന്നയിക്കുന്നത്. ഇവർ പൊന്തൻപുഴ വനത്തിനോട് ചേർന്നുകിടക്കുന്ന മേഖലയിൽ വർഷങ്ങളായി താമസിക്കുന്നവരാണ്. പത്തനംതിട്ട-കോട്ടയം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന ഏതാണ്ട് ഏഴായിരത്തോളം ഏക്കർ വരുന്ന പ്രസ്തുത പ്രദേശത്തെ 1905-ൽ തിരുവിതാംകൂർ ദിവാനായിരുന്ന ടി. മാധവറാവുവാണ് അന്ന് വന മേഖലയായി പ്രഖ്യാപിച്ചത്. 1906-ൽ നോട്ടിഫിക്കേഷനിലൂടെ ഈ

വനമേഖല സർക്കാരിന്റെ ഉടമസ്ഥതയിൽ വരികയും അതിനുശേഷം കൊല്ലം ഫോറസ്റ്റ് കൺസർവേറ്റർ വനത്തിന് ചുറ്റും ജണ്ട സ്ഥാപിച്ച് അതിർത്തി നിർണ്ണയിക്കുകയും ചെയ്തിട്ടുള്ളതാണ്. 1906-ലെ വനാതിർത്തി വളരെ കൃത്യമായിത്തന്നെ രേഖപ്പെടുത്തിയശേഷം, വനത്തിന് പുറത്ത് താമസിക്കുന്ന ആളുകൾക്ക് പട്ടയം നൽകുന്ന വിഷയമാണിത്. ഇതുമായി ബന്ധപ്പെട്ട് MSA 1/1981 നമ്പർ കേസിൽ വിധി വന്നിരുന്നു. ആ കേസുമായി ബന്ധപ്പെട്ട കാരണം പറഞ്ഞാണ് വനം-റവന്യൂ-നിയമ വകുപ്പുകൾ പട്ടയം നൽകുന്നതിന് തടസ്സം നിൽക്കുന്നത്. കൂടാതെ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇവിടെ ജോയിന്റ് വെരിഫിക്കേഷൻ നടത്തി യഥാർത്ഥ ഉടമസ്ഥരെ കണ്ടെത്തുകയും വനാതിർത്തിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുകയും ചെയ്തതാണ്. സമീപ പ്രദേശങ്ങളിലെ ഭൂമി പട്ടയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വർഷങ്ങളായി പരിഹരിച്ചുകൊണ്ടിരിക്കുമ്പോഴും അയ്യങ്കാളിയുടെയും കണ്ടൻ കുമാരന്റെയുമൊക്കെ കാലഘട്ടത്തിൽ അവരുടെ അനന്തരാവകാശികൾക്ക് കൊടുത്ത ഭൂമിക്ക് പോലും പട്ടയം ഇല്ലെന്നത് ഏറ്റവും ദുഃഖകരമാണ്. അവിടെത്തെ സ്കൂളിന് 110 വർഷത്തെ പഴക്കമുണ്ട്.

വനത്തിന് പുറത്തുള്ള പ്രദേശവാസികൾക്ക് പട്ടയം അനുവദിക്കണം. MSA 1/1981 നമ്പർ കേസിലുൾപ്പെടാത്ത പ്രദേശം എങ്ങനെയോ തെറ്റിദ്ധരിക്കപ്പെട്ട് ഈ കേസിന്റെ പരിധിയിൽ കടന്നുവന്നിരിക്കുകയാണ്. ഈ കേസുമായി ബന്ധപ്പെട്ട തർക്കത്തിൽപ്പെട്ട ഭൂമിയാണെന്നാണ് ഇപ്പോഴും റവന്യൂ-നിയമ-വനം വകുപ്പുകൾ അവകാശപ്പെടുന്നത്. ജണ്ടയ്ക്ക് പുറത്ത് താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുന്നതിന് എന്താണ് തടസ്സമെന്ന് മനസ്സിലാകുന്നില്ല. അതിന്മേൽ ഒരിക്കൽക്കൂടി ജോയിന്റ് വെരിഫിക്കേഷൻ നടത്തണം. കേരളത്തിലെ റവന്യൂ വകുപ്പ് പട്ടയത്തിന്റെ കാര്യത്തിൽ സ്വീകരിക്കുന്ന വളരെ ഫ്ലക്സിബിളായ നിലപാട് എടുത്തുപറയാതിരിക്കാൻ കഴിയില്ല. ആ നല്ല നിലപാടിനോടൊപ്പം ചേർന്നുകൊണ്ട് വർഷങ്ങളായി കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മണിമല പ്രദേശത്ത് താമസിക്കുന്ന 668 കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുള്ള നടപടികൂടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ഗൗരവമുള്ള വിഷയമാണ്.

'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന മുദ്രാവാക്യത്തോടെ കേരളത്തിൽ ഭൂരഹിതരായ മനുഷ്യരുണ്ടാകരുത് എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് രണ്ടാം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പത്തനംതിട്ട-കോട്ടയം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന പൊന്തൻപുഴ വനമേഖല അങ്ങയുടെ മണ്ഡലത്തിൽക്കൂടി ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽപ്പെട്ടതാണ്. ഇക്കാര്യത്തിൽ വിവിധങ്ങളായ ഭൂമികളുടെ ഒരു സമ്മിശ്രകേന്ദ്രമായി അത് മാറിയിട്ടുണ്ട്. പൊന്തൻപുഴയിലെ വനമേഖലയും അനുബന്ധമായി അങ്ങ് പറഞ്ഞ പ്രദേശങ്ങളും ഏകദേശം 7000 ഏക്കർ വിസ്തീർണ്ണത്തിൽ വ്യാപിച്ചുകിടക്കുന്നവയാണ്. അങ്ങ് മാത്രമല്ല ബഹുമാനപ്പെട്ട റാന്നി എം.എൽ.എ. ശ്രീ. പ്രമോദ് നാരായണും കഴിഞ്ഞ സഭയിൽ ഇതേ പ്രദേശവുമായി ബന്ധപ്പെട്ട പ്രശ്നം ഉന്നയിക്കുകയുണ്ടായി. പത്തനംതിട്ട ജില്ലയിലെ റവന്യൂ പട്ടയവിതരണവുമായി ബന്ധപ്പെട്ട് ഇക്കാര്യം ബന്ധപ്പെട്ട ആളുകളുമായും അതിനുശേഷം ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറലുമായും ഞങ്ങൾ കൂടിയാലോചിച്ചു. അങ്ങ് ഇവിടെ സൂചിപ്പിച്ച എം.എസ്.എ. 1/1981-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി

വിധിക്കെതിരെ സർക്കാർ SLP.No. 2291/2019 ആയി ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസ്സിൽ 03-07-2019-ൽ സ്റ്റാറ്റസ്കോ ഉത്തരവായിട്ടുള്ള പ്രശ്നവുമുണ്ട്. ജണ്ടയ്ക്ക് പുറത്തെ ഹിൽമെൻ സെറ്റിൽമെന്റുമായി ബന്ധപ്പെട്ട ചില പ്രദേശങ്ങൾ ഇതിന്റെ ഭാഗമായിട്ടുണ്ട്. The Kerala assignment of Government Land to Scheduled Tribes Rules 2001 പ്രകാരം പട്ടികവർഗ്ഗക്കാർക്ക് പതിച്ചുകൊടുക്കാൻ മാറ്റിവച്ചിട്ടുള്ള ഭൂമിയാണ് പട്ടയം അനുവദിക്കാനായി സർക്കാർ മാറ്റിവച്ചിട്ടുള്ളതിൽ ഒന്ന്. അങ്ങനെ 25 ട്രൈബൽ സെറ്റിൽമെന്റുകളും ഇപ്രകാരം പട്ടികവർഗ്ഗക്കാർക്കായി അനുവദിച്ചിട്ടുള്ള പ്രദേശങ്ങളാണ്. എന്നാൽ നിലവിൽ ആ പ്രദേശങ്ങളിൽ ആദിവാസികളെ കൂടാതെ ഇതര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളും താമസിക്കുന്നുവെന്ന പ്രശ്നവും വന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പെരുമ്പെട്ടിയിലും പൊന്തൻപുഴയിലും കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് തടസ്സമായി നിൽക്കുന്നത് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസുകളാണ്. കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസുകൾ

തീർപ്പാക്കിയാൽ മാത്രമേ ഈ പ്രശ്നങ്ങൾക്ക് പൂർണ്ണമായും പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. റിസർവ് വനഭൂമി അളന്ന് തിരിച്ചാൽ മാത്രമേ കൈവശക്കാർക്ക് പട്ടയം നൽകാൻ കഴിയുകയുള്ളൂവെന്ന് പെരുമ്പെട്ടിയിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ടുണ്ടായ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കെതിരെ, സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ സമർപ്പിച്ച 2291/2019 എന്ന SLP കേസിന്മേൽ കോടതി പുറപ്പെടുവിച്ച സ്റ്റാറ്റസ്കോ ഉത്തരവുമൂലം സർവ്വേ നടപടികൾ ഇപ്പോൾ ആരംഭിക്കാൻ കഴിയാത്ത പ്രശ്നവുമുണ്ട്. അങ്ങ് പറഞ്ഞതുപോലെ ഇതിൽ കുറേ സ്ഥലം വനമേഖലയാണ്. അവിടെ തങ്ങളുടേതല്ലാത്ത പ്രദേശം കിടക്കുന്നുണ്ടെന്ന് അവർ തന്നെ പറഞ്ഞിട്ടുണ്ട്. പക്ഷേ അത് അളന്ന് തിട്ടപ്പെടുത്താൻ ഈ കേസിലെ സ്റ്റാറ്റസ്കോ മൂലം കഴിയാതെ വന്നിരിക്കുകയാണ്. പൊന്തൻപുഴയിലെ കൈവശക്കാർക്ക് പട്ടയം നൽകുന്ന വിഷയത്തിലും ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള SLP കേസുകളിലും വിധി വരണം. കേസ് സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ അന്തിമവിധി വന്നതിനുശേഷമേ പട്ടയ

അപേക്ഷകൾ പരിഗണിക്കാനാകുകയുള്ളൂവെന്ന് അഡ്വക്കേറ്റ് ജനറൽ നിയമോപദേശത്തിൽ വ്യക്തമാക്കിയിട്ടുള്ളത് ഒരു തടസ്സമായി നിൽക്കുകയാണ്. ആദിവാസി സെറ്റിൽമെന്റുകളിൽ വീടുവച്ച് താമസിച്ചുവരുന്നവർക്കും പട്ടയം നൽകാൻ വനം വകുപ്പ് വിട്ടുനൽകിയ ഭൂമിയിൽ ഇപ്പോൾ താമസിച്ചുവരുന്ന പട്ടികവിഭാഗത്തിൽപ്പെട്ടവരും അല്ലാത്തവരുമായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിന് 2020/2020 എന്ന ഒരു ഗവൺമെന്റ് ഉത്തരവ് നേരത്തെ പ്രഖ്യാപിച്ചിരുന്നു. ഹിൽമെൻ സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന 1973-ലെ അഗ്രോ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ഗവൺമെന്റ് ഉത്തരവിനെത്തുടർന്നുള്ള നടപടികളാണിത്. എന്നാൽ റീ-സർവ്വേ രേഖകളിലെ റിമാർക്ക്സ് കോളത്തിൽ 'വനം' എന്ന് രേഖപ്പെടുത്തിയതിനാൽ പട്ടയം കൊടുക്കാൻ കഴിയാത്ത സാഹചര്യവുമുണ്ട്. ഈ സാഹചര്യത്തിൽ 2020/2020 എന്ന ഉത്തരവ് പ്രത്യേകമായി ഗവൺമെന്റ് പരിഗണിക്കുകയാണ്. അക്കാര്യത്തിൽ ഒരു സ്പഷ്ടീകരണം തുടർന്നുണ്ടാകുമെന്ന് ഞാൻ ഉറപ്പുനൽകുകയാണ്. നിയമപരമായ കുരുക്കുണ്ടെങ്കിലും ആളുകൾക്ക് ഭൂമി

കൊടുക്കില്ലെന്ന പ്രശ്നം സർക്കാരിന്റെ മുമ്പിലില്ലെന്ന് രണ്ട് ബഹുമാനപ്പെട്ട എം.എൽ.എ.-മാരും അറിയണം. ഭൂമി കൊടുക്കണമെന്നു തന്നെയാണ് സർക്കാരിന്റെ അഭിപ്രായം. ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസുകൾ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് ജനറലുമായും മറ്റ് ബന്ധപ്പെട്ട അഭിഭാഷകരുമായും ഞാൻ നേരിട്ട് പങ്കെടുത്ത് ഒരു പ്രത്യേക യോഗം വരുന്ന ദിവസങ്ങളിൽ എറണാകുളത്തുവച്ച് ചേരുന്നതാണ്. കോടതിയിൽ കേസ് നിലനിൽക്കെ സർവ്വേ നടപടികൾ ആരംഭിക്കാൻ കഴിയുമോയെന്ന് പത്തനംതിട്ട ജില്ലാ റവന്യൂ മേളയ്ക്കുശേഷം അഡ്വക്കേറ്റ് ജനറലിനോട് ചോദിച്ചിട്ടുണ്ട്. അർഹരായ മുഴുവൻ പേർക്കും ഭൂമി കൊടുക്കണമെന്നതാണ് സർക്കാരിന്റെ അഭിപ്രായം. ആ വിധത്തിൽ ഈ പ്രശ്നം പരിഹരിക്കാൻ മുൻകൈയെടുക്കുമെന്ന് അങ്ങേയ്ക്ക് ഞാൻ ഉറപ്പുനൽകുന്നു.

(2) <u>തൃക്കരിപ്പൂരിലെ പുഴ പുറമ്പോക്കുകളിലെ കൈവശക്കാർക്ക് പട്ടയം</u>

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, പട്ടയവിതരണ രംഗത്ത് ശ്രദ്ധേയമായ മുന്നേറ്റം കൈവരിക്കാൻ സഹായകമായ നിലപാടുകളാണ് സർക്കാരും അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും കൈക്കൊള്ളുന്നത്. എന്റെ നിയോജകമണ്ഡലമായ തൃക്കരിപ്പൂരിലെ ചില അടിയന്തരപ്രശ്നങ്ങളാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽപ്പെട്ട ഉദുത്തി, ചെറുവത്തൂർ, പേരോൽ, നീലേശ്വരം, പടന്ന, വലിയപറമ്പ്, തൃക്കരിപ്പൂർ (നോർത്ത്), തൃക്കരിപ്പൂർ (സൗത്ത്) എന്നീ വില്ലേജുകളിലെ പുഴ-കടൽ പുറമ്പോക്കുകളിൽ വർഷങ്ങളായി വീടുവച്ച് താമസിക്കുന്ന നിർദ്ധനരായ നിരവധി കുടുംബങ്ങളുണ്ട്. കൈവശഭൂമിക്ക് പട്ടയം കിട്ടാത്തതിനാൽ യാതൊരുവിധ ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കുന്നില്ല. ഈ ഭൂമിയിൽ ജനിച്ചുവളർന്ന് യുവത്വം പിന്നിട്ട നിരവധി പേർക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കോ വീടു പുതുക്കിപ്പണിയുന്നതിനോ വിവാഹ ആവശ്യങ്ങൾക്കോ വായ്പ ലഭിക്കാനും മറ്റും യാതൊരു നിവൃത്തിയുമില്ല. ഹോസ്ദുർഗ്ഗ് താലൂക്കിലെ തൃക്കരിപ്പൂർ മണ്ഡലത്തിൽ മാത്രം ഏകദേശം നാനൂറോളം കുടുംബങ്ങൾക്ക് പട്ടയം

ലഭിക്കാനുണ്ട്. കാഞ്ഞങ്ങാട്, ഉദുമ, കാസർഗോഡ്, മഞ്ചേശ്വരം മണ്ഡലങ്ങളിലും ഏകദേശം ഇത്രത്തോളം കുടുംബങ്ങൾക്ക് പട്ടയം നൽകാനുണ്ടെന്നാണ് മനസ്സിലാക്കുന്നത്. തൃക്കരിപ്പൂർ മണ്ഡലത്തിൽ വലിയപറമ്പ് വില്ലേജിൽ കടൽ പുറമ്പോക്കുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്കും പട്ടയം അനുവദിക്കുന്നതിൽ വിഷയമുണ്ട്. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ എന്ന ഉജ്ജ്വല തീരുമാനവുമായി മുന്നോട്ടുപോകുന്ന എൽ.ഡി.എഫ്. സർക്കാർ ഇക്കാര്യത്തിൽ അടിയന്തര പരിഹാരമുണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സർക്കാർ ഗൗരവമായി എടുത്തിട്ടുള്ളതും റവന്യൂ വകുപ്പിന്റെ പരിഗണനയിലുള്ളതുമായ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട തൃക്കരിപ്പൂർ അംഗം പറഞ്ഞത്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന പ്രഖ്യാപിത ലക്ഷ്യവുമായി മുന്നേറുന്ന സർക്കാർ, തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ, പടന്ന, വലിയപറമ്പ്, തൃക്കരിപ്പൂർ, കയ്യൂർ, ചീമേനി പഞ്ചായത്തുകളിലെയും നീലേശ്വരം നഗരസഭയിലെയും പുഴ പുറമ്പോക്കുകളിൽ അമ്പതിൽപ്പരം

വർഷങ്ങളായി വീടുവച്ച് ഉപജീവനം നടത്തിവരുന്ന കൈവശക്കാർക്ക് നാളിതുവരെ പട്ടയം ലഭിച്ചിട്ടില്ലെന്ന പ്രശ്നം ഇവിടെ ഉന്നയിക്കപ്പെട്ടതുപോലെ ജില്ലാ-റവന്യൂ അസംബ്ലിയിലും ഉന്നയിച്ചിരുന്നു. സർക്കാർ വളരെ പ്രാധാന്യത്തോടുകൂടിയാണ് ആ വിഷയത്തെ കാണുന്നത്. കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ ചെറുവത്തൂർ വില്ലേജിലെ പുഴ പുറമ്പോക്ക് ഭൂമിയിൽ കുടിൽകെട്ടി താമസിക്കുന്ന 67 കുടുംബങ്ങൾക്ക് കൈവശഭൂമി പതിച്ചുനൽകുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ ഇതിനകം സർക്കാരിൽ  സമർപ്പിച്ചിട്ടുണ്ട്. ആ പുഴ പുറമ്പോക്ക് 1994-ലെ പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 218 (1) വകുപ്പ് പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ജലസ്രോതസ്സുമായി ബന്ധപ്പെട്ട പുറമ്പോക്ക് ഭൂമിയാണ്. പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 218 (3) വകുപ്പ് പ്രകാരം ഒരു ഗസറ്റ് വിജ്ഞാപനം വഴി സർക്കാരിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുമായി ആലോചിച്ചശേഷവും ആയതിന് ആക്ഷേപങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് അർഹമായ പരിഗണന നൽകിയശേഷവും ഏതൊരു പൊതു ജലസ്രോതസ്സും അതോടുചേർന്നുള്ള പൊതുഭൂമിയുടെയും

ഭരണം ഏറ്റെടുക്കാവുന്നതാണെന്ന വ്യവസ്ഥ നിലവിലുള്ളതിനാൽ പ്രസ്തുത വ്യവസ്ഥയുടെ ആനുകൂല്യം ഉപയോഗിച്ച് തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ വില്ലേജിലെ പുഴ പുറമ്പോക്കുഭൂമിയിൽ താമസിക്കുന്നവരുടെ കൈവശഭൂമിക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭിപ്രായം ലഭ്യമായശേഷം ഈ വിഷയത്തിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് പട്ടയ വിതരണം ഊർജ്ജിതമാക്കാനും സമയബന്ധിതമായി പൂർത്തീകരിക്കാനുമായി 19-04-2023-ലെ സർക്കാർ ഉത്തരവ് 87/2023/റവന്യൂ പ്രകാരം ഒരു പട്ടയ മിഷൻ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരോ നിയോജകമണ്ഡലത്തിലെയും പട്ടയ വിഷയങ്ങൾ കണ്ടെത്തി പട്ടയ മിഷന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ 'പട്ടയ അസംബ്ലി' എന്ന പേരിൽ നിയമസഭാ സാമാജികന്റെ അദ്ധ്യക്ഷതയിൽ നിയോജകമണ്ഡലത്തിലെ മുഴുവൻ ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ആറുമാസത്തിലൊരിക്കൽ

യോഗം ചേർന്ന് പുരോഗതി വിലയിരുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പട്ടയവിതരണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ഓരോ വില്ലേജിലെയും ഭൂരഹിതരുടെ എണ്ണവും ഭൂമിയുടെ ലഭ്യതയും പട്ടയം വിതരണത്തിലുള്ള തടസ്സവും അറിയുന്നതിനും അത് കണ്ടെത്തി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുമുള്ള ഒരു ഡാഷ് ബോർഡും ഇപ്പോൾ സജ്ജമാക്കി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് റവന്യൂ വകുപ്പിലേയ്ക്ക് ഡീവെസ്റ്റ് ചെയ്യേണ്ട ഭൂമി സംബന്ധിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി കൂടിയാലോചന നടത്തി ജില്ലകളിലെ ജോയിന്റ് ഡയറക്ടറേയും കളക്ടറെയും ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഒരു കോർ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നീലേശ്വരം നഗരസഭാ പരിധിയിൽപ്പെട്ട പുഴ പുറമ്പോക്ക് ഭൂമി പതിച്ചുനൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേലും പടന്ന, വലിയപറമ്പ്, തൃക്കരിപ്പൂർ പഞ്ചായത്തുകളിലെ അപേക്ഷകളിന്മേലും തുടർനടപടി സ്വീകരിക്കുന്നതിനായി പ്രസ്തുത വിഷയങ്ങൾ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തി വിവരശേഖരണം നടത്തി അർഹത

പരിശോധിച്ചശേഷം എത്രയുംവേഗം നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുന്നു.

## (3) കുണ്ടൻചാൽ തട്ട് കോളനി സംരക്ഷണം

ശ്രീ. കെ. വി. സുമേഷ്: സർ, അഴിക്കോട് നിയോജകമണ്ഡലത്തിലെ ചിറക്കൽ പഞ്ചായത്തിലെ ചിറക്കൽ വില്ലേജിലെ കുണ്ടൻചാൽ കോളനിയിൽ പട്ടികജാതി വിഭാഗക്കാർ ഉൾപ്പെടെ എല്ലാവിഭാഗം ജനങ്ങളും താമസിക്കുന്നുണ്ട്. ഇവിടെയുള്ള വീടുകളിൽ സമീപകാലത്തായി വിള്ളലും ഇടിച്ചിലും സംഭവിക്കുന്നുണ്ട്. ജില്ലാ കളക്ടറും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ഇക്കാര്യങ്ങൾ പരിശോധിക്കുകയും കോഴിക്കോട് എൻ.ഐ.റ്റി.-യിൽനിന്നും ഒരു സംഘം വന്ന് ഈ പ്രദേശം പരിശോധിക്കുകയും അവിടെ ഉരുൾ പൊട്ടലിനുള്ള സാധ്യതകളുണ്ടെന്ന നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്തു. അതുകൊണ്ട് തുടർച്ചയായി ഈ പ്രദേശത്ത് താമസിക്കാൻ പ്രയാസമാണ്. പുനരധിവാസം എന്ന ആവശ്യമാണ് അവർ മുന്നോട്ടുവയ്ക്കുന്നത്. ജില്ലാ കളക്ടറും ജില്ലാ ഭരണകൂടവും എ.ഡി.എം.-ഉം ഉൾപ്പെടെ റവന്യൂ ഡിപ്പാർട്ടുമെന്റിലുള്ളവർ ഇക്കാര്യത്തിൽ

ഇടപെടുകയും ഒരു പുനരധിവാസ പാക്കേജ് തയ്യാറാക്കി സ്റ്റേറ്റ് ദുരന്തനിവാരണ അതോറിറ്റിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തും രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമെല്ലാം ചേർന്ന് കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്ന രീതിയാണ് ഇവിടെ സ്വീകരിച്ചുവരുന്നത്. ദുരന്ത നിവാരണ അതോറിറ്റിക്ക് ജില്ലാഭരണകൂടം നൽകിയ പ്രൊപ്പോസൽ നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചില്ലെങ്കിൽ ഭാവിയിൽ വലിയ പ്രശ്നങ്ങളുമുണ്ടാകാൻ സാധ്യയുണ്ട്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യമാണ്. കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിലെ കുണ്ടൻചാൽ കോളനിയിൽ എല്ലാ വർഷവും മഴക്കാലത്ത് മണ്ണൊലിപ്പ് കാരണം വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചുവരികയാണെന്നും ആയതിനാൽ പ്രദേശവാസികളുടെ ജീവനും വീടിനും സംരക്ഷണം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് പ്രദേശവാസികൾ ഉൾപ്പെടെയുള്ളവരുടെ നിരവധി അപേക്ഷകൾ

ലഭിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടറുടെയും എസ്.സി. ഡെവലപ്പ്മെന്റ് ഓഫീസറുടെയും നേതൃത്വത്തിൽ സംയുക്തമായി സ്ഥലപരിശോധന നടത്തുകയും മണ്ണിടിച്ചിൽ ഉണ്ടാകുന്നതിന് പരിഹാരം കാണുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ കോഴിക്കോട് നിന്നുള്ള ഒരു സംഘം 19-8-2022-ന് പ്രദേശം സന്ദർശിച്ച് പഠനം നടത്തിയിട്ടുള്ളതുമാണ്. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ആളുകളെ സുരക്ഷിത സ്ഥലങ്ങളിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതായിരിക്കും ഉചിതമെന്നാണ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഇന്ത്യയിൽ കാലവർഷം സജീവമായതിനെത്തുടർന്ന് ഈ പ്രദേശത്തുള്ള കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ജനപ്രതിനിധികളുടെയും പഞ്ചായത്ത് റവന്യൂ ഉദ്യോഗസ്ഥരുടെയും കണ്ടൻചാൽ പ്രദേശവാസികളുടെയും സംയുക്ത യോഗം ചേരുകയും യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാറിതാമസിക്കുന്ന ഓരോ കുടുംബത്തിനും വാടകയിനത്തിൽ പതിനായിരം രൂപ ചിറക്കൽ ഗ്രാമപഞ്ചായത്ത് മുഖാന്തരം അനുവദിക്കുന്നതിന് തീരുമാനിക്കുകയും

ആയതുപ്രകാരം ആറ് കുടുംബങ്ങളെ താൽക്കാലികമായി മാറ്റി താമസിപ്പിച്ചിട്ടുമുണ്ട്. ഇതിനുപുറമെ അടിയന്തര സാഹചര്യങ്ങളിൽ പ്രദേശത്തുനിന്നും സുരക്ഷിതമായി മാറിതാമസിക്കുന്നതിന് ക്യാമ്പുകൾ സജ്ജമാക്കിയിട്ടുണ്ട്.

ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം റവന്യൂ വകുപ്പിന് നൽകുകയും ഇതര വകുപ്പുകളെ കൂട്ടിച്ചേർത്തുകൊണ്ട് ശ്രദ്ധേയമായ നടപടികൾ സ്വീകരിക്കുകയും ചെയ്തത് അവിടെ സഹായകമായി മാറിയിട്ടുമുണ്ട്. കോഴിക്കോട് എൻ.ഐ.റ്റി. സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുണ്ടൻചാൽ പ്രദേശത്ത് നിലവിൽ 32 കുടുംബങ്ങൾ താമസിച്ചുവരുന്നതിൽ അടിയന്തരമായി മാറ്റി പാർപ്പിക്കേണ്ട എട്ട് കുടുംബങ്ങളുടെ ലിസ്റ്റ് ലഭ്യമായിട്ടുണ്ട്. പ്രസ്തുത കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം സോയിൽ പൈപ്പിംഗ് ഉൾപ്പെടെയുള്ള പ്രശ്നങ്ങളുടെ സാധ്യത സംബന്ധിച്ച് ഉന്നയിച്ചു. അതും വളരെ ഗൗരവമായി കാണേണ്ടതാണ്. ആ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തെക്കൂടി ഉൾപ്പെടുത്തി റവന്യൂ,

സിസ്സാസ്റ്റർ രംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ ഒരു യോഗം ഇക്കാര്യത്തിന് മാത്രമായി ചേരാമെന്നുകൂടി ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

(4) ഇരിക്കൂറിൽ ഫോറസ്റ്റ് സ്റ്റേഷൻ നിർമ്മാണം

ശ്രീ. സജീവ് ജോസഫ്: സർ, സംസ്ഥാനത്ത് വന്യമൃഗ ശല്യം ഏറ്റവും രൂക്ഷമായി നിലനിൽക്കുന്ന ഒരു നിയോജകമണ്ഡലമാണ് ഇരിക്കൂർ. അവിടെ ഒരു ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. മണ്ഡലത്തിലെ വനാതിർത്തി പങ്കിടുന്ന ആറ് പഞ്ചായത്തുകളിലും ദിനംപ്രതിയുണ്ടാകുന്ന വന്യമൃഗ അക്രമണം തടയാൻ വകുപ്പിന് സാധിക്കുന്നില്ല. ഉളിക്കൽ, പയ്യാവൂർ, ഉദയഗിരി പഞ്ചായത്തുകളിലെ ജനവാസ മേഖലകളിൽ മാസങ്ങളായി തമ്പടിച്ചിരിക്കുന്ന കാട്ടാനക്കൂട്ടങ്ങൾ എല്ലാ ദിവസങ്ങളിലും നാശനഷ്ടങ്ങൾ ഉണ്ടാക്കുകയാണ്. ഓരോ ദിവസവും ഡസൻ കണക്കിന് കൃഷിയിടങ്ങളാണ് നശിപ്പിക്കപ്പെടുന്നത്. മനുഷ്യരും വീടുകളും ആക്രമിക്കപ്പെടുകയാണ്. റോഡുകളിലൂടെ സഞ്ചരിക്കാനും സ്വന്തം കൃഷിയിടങ്ങളിൽ ഇറങ്ങാനും

സാധിക്കുന്നില്ല. ഭയവിഹ്വലരായ ജനം പുറത്തേയ്ക്കിറങ്ങാൻ സാധിക്കാതെ ഒറ്റപ്പെട്ട് കഴിയുകയാണ്. ജീവനോപാധിയായ കൃഷി നശിപ്പിക്കപ്പെടുമ്പോൾ വർഷങ്ങളുടെ അധ്വാനമാണ് നിഷ്ഫലമാകുന്നത്. കർഷകർ ആത്മഹത്യയുടെ മുനമ്പിലാണ് നിൽക്കുന്നത്. കാട്ടാനകളെ മുഖാമുഖം കണ്ട് രക്ഷയ്ക്കായ് ഫോറസ്റ്റ് ഉദ്യോഗസ്ഥരെ വിളിക്കുമ്പോൾ കിലോമീറ്റർ അകലെയുള്ള അവർക്ക് ഓടിയെത്താൻ ഒരു വാഹനംപോലും ഇല്ലാത്തത് ഏറെ ദൗർഭാഗ്യകരമാണ്. ഇതിനെ എങ്ങനെ ന്യായീകരിക്കാൻ സാധിക്കും. പ്രതിരോധ പ്രവർത്തനങ്ങൾ ഒട്ടും കാര്യക്ഷമമല്ല, യാതൊരു സജ്ജീകരണവുമുണ്ടാക്കാൻ നമുക്ക് സാധിക്കുന്നില്ല. നിലവിൽ തളിപ്പറമ്പ് റേഞ്ചിന് കീഴിലെ ശ്രീകണ്ഠാപുരം കരാമരംതട്ട് സെക്ഷനുകളിൽ 54 കിലോമീറ്റർ ദൈർഘ്യമുള്ള വിസ്തൃതമായ വനാതിർത്തിയാണുള്ളത്. ഇത്രയും വിസ്തൃതിയുള്ള ഏരിയയിലേയ്ക്ക് ഉദ്യോഗസ്ഥർക്ക് എത്തിപ്പെടാൻ സാധിക്കുന്നില്ല. ഈ രണ്ട് സെക്ഷനുകളെയും ഉൾപ്പെടുത്തിക്കൊണ്ട് ഈ വനമേഖലയിൽ ഒരു ഫോറസ്റ്റ് സ്റ്റേഷൻ അനിവാര്യമായിരിക്കുകയാണ്. നിലവിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ടെറിട്ടോറിയൽ ഫോറസ്റ്റ്

സ്റ്റേഷനില്ല. കൂട്ടായി പരിശ്രമിച്ചാൽ ഫോറസ്റ്റ് സ്റ്റേഷനാവശ്യമായ കെട്ടിട സൗകര്യമുണ്ടാക്കാൻ സാധിക്കുന്നതാണ്. ഇപ്പോൾ കണ്ണൂരിൽ നാൽപ്പത്തിയഞ്ചോളം ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് ട്രെയിനിംഗ് നടന്നുവരുന്നതായി മനസ്സിലാക്കുന്നു. ഇതിനായി ഇതും പ്രയോജനപ്പെടുത്താൻ സാധിക്കുന്നതാണ്. ഫോറസ്റ്റ് സ്റ്റേഷൻ അനുവദിച്ചാൽ വകുപ്പിന്റെ ശക്തമായ ഇടപെടൽ ഉറപ്പുവരുത്താനും ജനങ്ങളിൽ സുരക്ഷിതത്വ ബോധം സൃഷ്ടിക്കാനും സാധിക്കുന്നതാണ്. അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി ആവശ്യമെങ്കിൽ എം.എൽ.എ. ഫണ്ടുകൂടി ഉപയോഗപ്പെടുത്താൻ സന്നദ്ധമാണെന്ന കാര്യം ഞാൻ അറിയിക്കുകയാണ്. ഇതുപോലുള്ള ആക്രമണം തുടർച്ചയായി നേരിടുന്ന മറ്റൊരു സ്ഥലവും സംസ്ഥാനത്ത് അടുത്തകാലത്തില്ല. അതുകൊണ്ട് അടിയന്തരമായി ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെ ഫെൻസിംഗ് ഉൾപ്പെടെയുള്ള പ്രതിരോധ നടപടികൾ സമ്പൂർണ്ണമാക്കാൻ അങ്ങയുടെ ശക്തമായ ഇടപെടലുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട ഇരിക്കൂർ അംഗം അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ പ്രയാസങ്ങളാണ് വിശദീകരിച്ചത്. ഈ നിയോജകമണ്ഡലത്തിലെ ആറ് പഞ്ചായത്തുകൾ കണ്ണൂർ വനം ഡിവിഷനുകീഴിലെ തളിപ്പറമ്പ്, വേങ്ങര വനാതിർത്തി പങ്കിടുന്നവയാണ്. അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇത് ഈ ഡിവിഷന്റെ കീഴിലെ ഏറ്റവും വലിയ റേഞ്ചാണ്. ഇവിടെ രണ്ട് ബീറ്റുകളാണ് നിലവിലുള്ളത്. ഒരു സ്പെഷ്യൽ ഡ്യൂട്ടി ഏരിയകൂടി നിലവിലുണ്ട്. സർക്കാർ വിജ്ഞാപനം ചെയ്ത കണ്ടൽ ഭാഗങ്ങളിൽ ഭൂരിപക്ഷവും തളിപ്പറമ്പ് റേഞ്ചിന് കീഴിലാണുള്ളത്. ഫോറസ്റ്റ് ഓഫീസർ -1, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ - 3, ബീറ്റ് ഫോറസ്റ്റ് ഓഫീസർ - 22, ഡ്രൈവർ -1, വാച്ചർമാർ - 2 എന്നിങ്ങനെ 29 പേരാണ് ജോലി ചെയ്യുന്നത്. ഇത് വലിയ അതിർത്തിയായതുകൊണ്ട് എന്തെങ്കിലും വിഷയങ്ങൾ ഉണ്ടാകുമ്പോൾ ഓടിയെത്താൻ സാധിക്കുന്നില്ല. അതുകൊണ്ട് ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സാധിക്കുന്നില്ലെന്നത് എനിക്ക് അറിയാവുന്ന കാര്യവുമാണ്. ഇവിടെ പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ

സ്ഥാപിക്കുകയും ആർ.ആർ.റ്റി.-കളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. തീർച്ചയായും മുൻഗണനാക്രമത്തിലാണ് ഇത് നൽകുന്നത്. ആ ഘട്ടത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം സജീവമായി പരിഗണിക്കുന്നതാണ്. ഇതോടൊപ്പം പ്രതിരോധ പ്രവർത്തനത്തിനുവേണ്ട ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ച് അവ പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി എം.എൽ.എ. ഫണ്ട് ഉപയോഗപ്പെടുത്താൻ കാണിച്ച താൽപര്യം അങ്ങേയറ്റം സ്വാഗതാർഹമാണ്. എല്ലാവരും അങ്ങനെ സഹകരിച്ചാൽ മലയോര മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുന്നതാണ്. എല്ലാവരും ഇരിക്കൂർ എം.എൽ.എ.-യെ മാതൃകയാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(5) കുറ്റ്യാടിയിലെ വൈദ്യുതിക്ഷാമം

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u> സർ, കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. കുറ്റ്യാടി മണ്ഡലത്തിലെ പുറമേരി ഗ്രാമപഞ്ചായത്തിലെ പെരുമുണ്ടശ്ശേരി, കുന്നമ്മൽ ഗ്രാമപഞ്ചായത്തിലെ കലാനഗർ, ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ കീരിയങ്ങാടി, മണിയൂർ, തിരുവള്ളൂർ എന്നീ പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ തുടർച്ചയായി വോൾട്ടേജ് ക്ഷാമവും വൈദ്യുതി തടസ്സവും പതിവായിരിക്കുകയാണ്. നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ ഇപ്പോഴും വൈദ്യുതി എത്തിക്കുന്നത് വർഷങ്ങൾക്കുമുമ്പേ സ്ഥാപിച്ച വടകര 110 കെ.വി. സബ്സ്റ്റേഷൻ, കുറ്റ്യാടി 110 കെ.വി. സബ്സ്റ്റേഷൻ, തിരുവള്ളൂർ 33 കെ.വി. സബ്സ്റ്റേഷൻ എന്നിവയിൽനിന്നാണ്. 110 കെ.വി. സബ്സ്റ്റേഷൻ, വടകര ആശ്രയിച്ചുള്ള നിലവിലെ സംവിധാനത്തിന് സംഭവിക്കുന്ന ചെറിയ പ്രശ്നങ്ങൾപോലും നിയോജകമണ്ഡലത്തിലെ പ്രധാന ഭാഗങ്ങളെ ഇരുട്ടിലാക്കുന്ന സ്ഥിതിയാണുള്ളത്. കുറ്റ്യാടി ടൗണിലും ഇതുപോലെ

തുടർച്ചയായി വൈദ്യുതി പോകുന്ന സ്ഥിതിവിശേഷമുണ്ടായിരുന്നു. അവിടെ പ്രത്യേക ഫീഡർ സ്ഥാപിച്ച നടപടിയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചും ത്രീഫേസ് ലൈൻ വലിച്ചും അടിയന്തര പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയാണ്. മണിയൂർ പഞ്ചായത്തിലെ കീഴയിൽ എന്ന സ്ഥലത്ത് പുതിയ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വടകര ടൗൺ, കരിമ്പനപ്പാലം, മേമുണ്ട, പുതുപ്പനം, മാന്നാരുത്തൂർ, ചിരണ്ടത്തൂർ, മണിയൂർ, കീഴയിൽ എന്നീ പ്രദേശങ്ങളിൽ നിലവിൽ വൈദ്യുതി വിതരണം നടത്തുന്നത് 110 കെ.വി. വടകര സബ്സ്റ്റേഷനിൽനിന്നാണ്. മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത മനസ്സിലാക്കി കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ പഞ്ചായത്തിൽ ഒരു പുതിയ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാനുള്ള പദ്ധതിയുടെ വിശദമായ റിപ്പോർട്ട്

തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന്റെ ഭാഗമായി വടകര നഗരസഭയുടെ കൈവശമുള്ള ഒരു സ്ഥലം നഗരസഭാ അധികൃതരും കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധന നടത്തിയെങ്കിലും പ്രസ്തുത സ്ഥലത്തേയ്ക്ക് പ്രവേശിക്കാനുള്ള റോഡിന് ട്രാൻസ്ഫോർമർ ഉൾപ്പെടെ വലിയ ഉപകരണങ്ങൾ കൊണ്ടുപോകാൻ ആവശ്യമായ വീതിയില്ലെന്ന് മനസ്സിലാക്കിയതിനാൽ അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് അത് ഏറ്റെടുത്ത് സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. പ്രസ്തുത സബ്സ്റ്റേഷൻ പൂർത്തിയാകുന്നതോടുകൂടി മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ ഗുണമേന്മയുള്ള മെച്ചപ്പെട്ട വൈദ്യുതി നൽകാൻ സാധിക്കുന്നതാണ്. കൂടാതെ തിരുവള്ളൂരിൽ നിലവിലുള്ള 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിതശേഷി 13 എം.വി.എ.-യിൽനിന്നും 16 എം.വി.എ. ആക്കി ഉയർത്താനുള്ള സാങ്കേതിക പഠനവും

നടത്തിവരുന്നു. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(6) പേരാമ്പ്ര ഗവ. ഐ.ടി.ഐ. കെട്ടിട നിർമ്മാണം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, പേരാമ്പ്രയിലെ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് ചക്കിട്ടപ്പാറ പഞ്ചായത്തിൽ നാലുവർഷം മുമ്പ് നാല് ഏക്കർ സ്ഥലം റവന്യൂ വകുപ്പ് കൈമാറി നൽകിയിട്ടുണ്ട്. ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി 2022 ആഗസ്റ്റ് മാസത്തിൽ ഐ.ടി.ഐ. കെട്ടിട നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് ഒപ്പുവച്ചു. എന്നാൽ ഒരു വർഷം പൂർത്തിയാകുന്ന സന്ദർഭത്തിലും കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത ഭൂമിയിലെ മരം മുറിച്ച് മാറ്റാത്തതുകൊണ്ടാണ് കെട്ടിട നിർമ്മാണ പ്രവൃത്തി തുടങ്ങാൻ കഴിയാത്തത്. ജനങ്ങൾ വളരെ പ്രതിഷേധത്തിലാണ്. വിദ്യാർത്ഥികൾക്കുള്ള പഠനസൗകര്യം മെച്ചപ്പെട്ട നിലയിൽ രൂപപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇതൊന്നും പരിഗണിച്ചുകൊണ്ടുള്ളൊരു സമീപനം ഉണ്ടാകുന്നില്ല. ഈ സാഹചര്യത്തിൽ മരം മുറിച്ച് അട്ടിയിട്ട് ബന്ധപ്പെട്ട വകുപ്പിനെ ഏൽപ്പിക്കുന്നതിന് പഞ്ചായത്ത്

സെക്രട്ടറിയെയോ വില്ലേജ് ഓഫീസറെയോ ചുമതല ഏൽപ്പിക്കേണ്ടതുണ്ട്. ഐ.ടി.ഐ. കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലത്ത് റബ്ബർ ഉൾപ്പെടെ 29 മരങ്ങളാണുള്ളത്. വനം വകുപ്പ് നിശ്ചയിക്കുന്ന വിലയ്ക്ക് ഇത് ആരും ഏറ്റെടുക്കാൻ തയ്യാറാകുന്നില്ലെന്നതാണ് പ്രശ്നം. അതുകൊണ്ട് മരം മുറിച്ച് വനം വകുപ്പിനെ ഏൽപ്പിക്കാൻ തയ്യാറാണ്. അവർ വില്പന നടത്തട്ടെ. പക്ഷെ, കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സൗകര്യം അവിടെ ഒരുക്കുകയാണ് വേണ്ടത്. ഐ.ടി.ഐ. ഡിപ്പാർട്ട്മെന്റ് ഇക്കാര്യത്തിൽ എന്തുനിലപാട് സ്വീകരിക്കുന്നുവെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ബന്ധപ്പെട്ട വകുപ്പുകളിലെ മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും ചേർന്ന് ആവശ്യമായ ആലോചനകൾ നടത്തി പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം നേരത്തേ ഈ വകുപ്പ് കൈകാര്യം

ചെയ്തിരുന്നയാളാണ്. അന്നാണ് ഇതിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. അദ്ദേഹം ഇവിടെ പറഞ്ഞതെല്ലാം വളരെ ഗൗരവമുള്ള കാര്യമാണ്. വികസനപ്രവർത്തനവുമായി ബന്ധപ്പെട്ട് ഒന്നോ രണ്ടോ മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ചുണ്ടാകുന്ന കാലതാമസം എല്ലാ എം.എൽ.എ.-മാരും ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും വനം വകുപ്പുമന്ത്രിയും സഹായിച്ചാൽ മാത്രമേ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ.

2019 ഒക്ടോബർ 28-ലെ സർക്കാർ ഉത്തരവുപ്രകാരം കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ ചക്കിട്ടപ്പാറ വില്ലേജിൽ മുതുകാട് ഭാഗത്ത് അൺസർവ്വേ നം. 600-ൽപ്പെട്ട ഭൂമിയിൽനിന്നും നാല് ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൈവശാവകാശം ഐ.ടി.ഐ. നിർമ്മാണത്തിനായി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറി ഉത്തരവായിരുന്നു. പ്രസ്തുത സ്ഥലത്ത് വകുപ്പിന് കീഴിലുള്ള പേരാമ്പ്ര ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനുവേണ്ടി

2020 ആഗസ്റ്റ് മാസം 27-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആറുകോടി എഴുപത്തിയാറ് ലക്ഷം രൂപയാണ് ഭരണാനുമതി ലഭിച്ചത്. ഇത്രയും വർഷമായിട്ടും ഈ തുക ചെലവഴിച്ചിട്ടില്ല. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 18 മാസത്തെ കംപ്ലീഷൻ പീരീഡ് അനുവദിച്ചുകൊണ്ട് 2022 ആഗസ്റ്റ് മാസം 27-ന് പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ ശ്രീ. പി. കെ. ബാലന് സൈറ്റ് കൈമാറിയിട്ടുണ്ട്. എന്നാൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ച സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന 29 മരങ്ങളും മുറിച്ചുനീക്കാത്തതിനാൽ പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തി നാളിതുവരെയായിട്ടും ആരംഭിക്കാൻ സാധിച്ചിട്ടില്ല. കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് പതിനൊന്ന് മാസത്തോളം കാലതാമസം വന്നിട്ടുണ്ട്. പേരാമ്പ്ര ഐ.ടി.ഐ.-യിൽ പുതിയ കെട്ടിടം നിർമ്മിക്കാനായി അനുവദിച്ച ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിനാണ്. ആയതിനാൽ റവന്യൂ വകുപ്പിന്റെ അനുമതിയോടുകൂടി മാത്രമേ മരങ്ങൾ മുറിക്കാൻ നിർവ്വാഹമുള്ളൂ. റവന്യൂ വകുപ്പ് മൂന്നുതവണ ലേലനടപടികൾ സ്വീകരിച്ചുവെങ്കിലും സോഷ്യൽ ഫോറസ്ട്രി വകുപ്പ് നിശ്ചയിച്ച മതിപ്പുവിലയ്ക്ക്

ലേലം കൊള്ളാൻ ആരും തയ്യാറായില്ല. നിലവിൽ പേരാമ്പ്ര ഐ.ടി.ഐ. വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. മുറിച്ചുമാറ്റേണ്ട മരങ്ങൾ നിലവിൽ ഉണങ്ങാത്ത മരങ്ങളായതിനാൽ പ്രസ്തുത വിഷയത്തിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് ഒരു യോഗം കോഴിക്കോട് ജില്ലാ കളക്ടറെ ഉൾപ്പെടുത്തി ചേരാൻ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രികൂടി മുൻകൈയെടുക്കണം. മുൻമന്ത്രികൂടിയായിരുന്ന ബഹുമാനപ്പെട്ട അംഗം ടി. പി. രാമകൃഷ്ണൻ വളരെ ദയനീയമായി ഈ വിഷയം സഭയിൽ പറയേണ്ട സ്ഥിതിവിശേഷം ഉണ്ടായതുതന്നെ ശരിയല്ല. ഇത് ഗൗരവമുള്ള വിഷയമാണ്. ഇക്കാര്യത്തിൽ അങ്ങയുടെ സഹായം കൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വില നിശ്ചയിക്കുന്നതിനാണ് കാലതാമസമുണ്ടാകുന്നത്. മരം മുറിച്ചുമാറ്റുക, ഡിപ്പോയിൽ എത്തിക്കുക, അവർ ലേലം ചെയ്തു വിറ്റുകിട്ടുമ്പോൾ ആ പണം ഉടമസ്ഥന് കൊടുത്താൽ മതിയെന്ന നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അതോടെ സംസ്ഥാനത്തെ ഇതുപോലുള്ള മിക്കവാറും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, റവന്യൂ വകുപ്പിന്റെ ഒരു ഉത്തരവുണ്ട്. ആ ഉത്തരവ് പ്രകാരം മരം മുറിച്ച് ഫോറസ്റ്റിന്റെ ഡിപ്പോയിൽ ഏൽപ്പിക്കുകയെന്നുള്ളതാണ്. ആ ഉത്തരവ് ഈ മേഖലയ്ക്കുകൂടി ബാധകമാകത്തക്ക രീതിയിൽ നിലപാട് സ്വീകരിച്ചാൽ ഇങ്ങനെയുണ്ടാകില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സബ്മിഷന് ചർച്ചയുടെ ആവശ്യമില്ല. തീരുമാനം നടപ്പാക്കിയാൽ മതി.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അങ്ങേയ്ക്കും മരവും ഐ.ടി.ഐ.-യും റോഡുമുണ്ടാകും. ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി ഒന്നുകൂടി ക്ലാരിഫൈ ചെയ്യട്ടെ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി മറുപടി പറഞ്ഞല്ലോ.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, മരം മുറിക്കാനുള്ള തടസ്സം വില നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്. വില നിർണ്ണയിച്ചുകഴിഞ്ഞാൽ, ആ വിലയ്ക്ക് ലേലം ചെയ്ത് മരം മുറിച്ചുകൊണ്ടുപോകാൻ ആരും തയ്യാറാകുന്നില്ല. ആ ഘട്ടത്തിൽ മൂന്നുനാല് തവണ ടെണ്ടർ

വിളിച്ചതിനുശേഷമേ അത് മുറിക്കാൻ കഴിയുകയുള്ളൂ. നടപടിക്രമങ്ങൾ ലഘൂകരിച്ചതിനുശേഷം മരം മുറിക്കുക, അത് അവിടെ വയ്ക്കുക, തൊട്ടടുത്ത ഡിപ്പോയിൽ എത്തിക്കുക, ഡിപ്പോ അത് ലേലം ചെയ്ത് ഉടമസ്ഥന് മുറിച്ച് മാറ്റുന്നതിനുള്ള ചെലവുകഴിഞ്ഞുള്ള തുക കൊടുക്കുക എന്ന രീതിയാണ് ഉദ്ദേശിക്കുന്നത്.

(7) ആലുവ ടൗണിലെ ഗതാഗതക്കുരുക്ക്

ശ്രീ. അൻവർ സാദത്ത്: സർ, ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് അങ്ങ് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയായ സമയം മുതൽ പലതവണ കത്തിലൂടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഒരു പ്രധാനപ്പെട്ട കാര്യമാണ് സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. അത് അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് അങ്ങ് പറഞ്ഞിരുന്നു. ആലുവ കാരോത്തുകുഴി ജംഗ്ഷനിൽനിന്നും മാർക്കറ്റ് റോഡ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട കാര്യം ഉൾപ്പെടുത്തണമെന്ന് കഴിഞ്ഞ രണ്ട് ബഡ്ജറ്റിലും ഞാൻ എഴുതി നൽകിയതാണ്. ആ പ്രോജക്ടിന് 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമേ വയ്ക്കാൻ സാധിച്ചുള്ളൂ. ഈ റോഡ് വീതി കൂട്ടി ഗതാഗതക്കുരുക്കില്ലാതെ

സഞ്ചാരയോഗ്യമാക്കുന്നതിന് ഏകദേശം പത്ത് കോടി രൂപ ആവശ്യമാണ്. ആലുവ ടൗണിൽ രൂക്ഷമായ ഗതാഗതക്കുരുക്ക് പല സമയത്തും ഉണ്ടാകാറുണ്ട്. ആലുവ സ്വദേശികൾക്ക് മാത്രമല്ല ആലുവ-പെരുമ്പാവൂർ, ആലുവ-തൃശ്ശൂർ, ആലുവ-പറവൂർ എന്നീ ഭാഗങ്ങളിലേയ്ക്ക് യാത്ര ചെയ്യുന്ന യാത്രക്കാർക്ക് കാരോത്തുകുഴി ജംഗ്ഷനിൽനിന്നും മാർക്കറ്റ് റോഡുവഴിയാണ് നാഷണൽ ഹൈവേയിലേയ്ക്ക് പോകാൻ സാധിക്കുന്നത്. ആ റോഡിൽ സ്ഥിരമായി ഗതാഗതക്കുരുക്കും തടസ്സങ്ങളും അനുഭവപ്പെടുന്നുണ്ട്. ഏകദേശം 400 മീറ്ററോളം റോഡ് വീതികൂട്ടുന്നതിനായി 25 സെന്റ് സ്ഥലം ഏറ്റെടുക്കേണ്ടിവരും. ഇതിന് ഏകദേശം പത്ത് കോടി രൂപ ആവശ്യമായിവരും. ബഹുമാനപ്പെട്ട മന്ത്രി അടക്കമുള്ളവർ സ്ഥിരമായി ആലുവ ടൗൺ വഴി സഞ്ചരിക്കുന്ന ആളുകളാണ്. അതുകൊണ്ട് അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനുള്ളതുകൊണ്ട് ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് തുക അനുവദിച്ച് പ്രസ്തുത റോഡിന്റെ വീതി കൂട്ടുന്നതിന് നടപടി സ്വീകരിക്കണം

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ആലുവ ടൗണിലെ കാരോത്തുകുഴി ജംഗ്ഷൻ മുതൽ വട്ടക്കോട് ആലുവ ഭാഗത്തേയ്ക്ക് എൻ.എച്ച്. 544-ലുമായി ബന്ധിപ്പിക്കുന്ന ആലുവ പട്ടണത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡാണിത്. ഈ റോഡിന്റെ ഏകദേശ നീളം 350 മീറ്ററാണ്. പല സംസ്ഥാനങ്ങളിൽനിന്നും ആലുവ ചന്തയിലേയ്ക്ക് വരുന്ന ചരക്ക് വാഹനങ്ങളുടെ സഞ്ചാരത്തിനും പാർക്കിംഗിനുമായി ഉപയോഗിക്കുന്നത് ഈ റോഡാണ്. ഇത് ഒരു പ്രധാനപ്പെട്ട റോഡാണെന്നതിൽ ഒരു തർക്കവുമില്ല. ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണാൻ വേണ്ടി 12 മീറ്റർ വീതിയിൽ ഈ റോഡ് വികസിപ്പിക്കേണ്ടത് ആവശ്യമാണെന്നാണ് പൊതുമരാമത്ത് വകുപ്പിന്റെയും വിലയിരുത്തൽ. സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ പത്ത് കോടിയോളം രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്. നിലവിൽ പ്രവൃത്തിക്കായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ടോക്കൺ പ്രൊവിഷൻ ലഭിച്ച പ്രവൃത്തികൾക്ക് ധനകാര്യ വകുപ്പിന്റെ ഭരണാനുമതി കൂടി ഉണ്ടാകേണ്ടതുണ്ട്. ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ച് ധന

ലഭ്യതയനുസരിച്ച് ഈ പദ്ധതി ഏതുതരത്തിൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് പരിശോധിക്കാം.

## (8) പെരുമ്പാവൂരിലെ റോഡുകൾ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിൽ ഏറ്റവും മോശപ്പെട്ട പൊതുമരാമത്ത് റോഡുകളുള്ള ഒരു സ്ഥലമാണ് എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂർ. ഞാൻ സബ്മിഷനിലൂടെയും അടിയന്തര പ്രമേയത്തിലൂടെയും നിരന്തരം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും അങ്ങ് അതിന് നല്ല മറുപടികൾ ലഭ്യമാക്കുന്നതല്ലാതെ ആവശ്യമായ പരിഗണന എന്റെ നിയോജകമണ്ഡലത്തിന് ലഭ്യമായിട്ടില്ല. 'എന്റെ ചട്ടി വരുമ്പോൾ അമ്മയുടെ കണ്ണ് പൊട്ടയാണ്' എന്ന് പറയുന്ന കുട്ടിയുടെ മാനസികാവസ്ഥയാണ് എനിക്ക്. ഇത്തവണ ബഡ്ജറ്റിൽ പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ റോഡുകൾക്കായി ടോക്കൺ പ്രൊവിഷൻ പോലുമില്ലെന്നത് ഖേദകരമാണ്. ഏറ്റവും അധികം ടാക്സ് നൽകുന്ന ഒരു നിയോജകമണ്ഡലമാണ് പെരുമ്പാവൂർ. അവിടെ തടി, പ്ലൈവുഡ്, അരി, ഇരുമ്പ്, ക്വാറി എന്നീ വ്യവസായങ്ങളുണ്ട്.

പക്ഷേ അതിനനുസൃതമായ നിലവാരത്തിലേയ്ക്ക് റോഡുകൾ ഉയർത്താൻ സാധിച്ചിട്ടില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇന്ന് നവമാധ്യമങ്ങളിലും മുഖ്യധാര മാധ്യമങ്ങളിലുമൊക്കെ പൊതുമരാമത്ത് റോഡുകളുടെ മോശമായ അവസ്ഥയുടെ ചിത്രങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. (കുറച്ച് ചിത്രങ്ങളുള്ള പേപ്പർ എം.എൽ.എ. ഉയർത്തിക്കാണിച്ചു) എന്റെ കൈവശമുള്ള ഒരു ഫേസ്ബുക്ക് പോസ്റ്റിൽത്തന്നെ വെങ്ങോലയിലുള്ള കബീർ എന്നയാൾ എഴുതിയിരിക്കുകയാണ് 'ഇത്രയും മികച്ച റോഡ് സ്വപ്നങ്ങളിൽ മാത്രം. വോട്ടുചെയ്ത് വിജയിപ്പിച്ച പൊതുജനങ്ങളെ എല്ലാക്കാലത്തും കഴുതകളാക്കാമെന്ന് വിചാരിക്കരുത്.' 'മാറിപ്പോകരുത് എന്നുപറഞ്ഞ് ഓണംകുളം-ഊട്ടിമറ്റം റോഡ്. ഇതാണ് റോഡ് ഇതാണ് തോട്' എന്ന രീതിയിലുള്ള പോസ്റ്റുകൾ വരുമ്പോൾ ഈ റോഡ് മോശമായതുമായി ബന്ധപ്പെട്ട് എനിക്ക് മാനസികമായ വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുവെന്നുള്ളത് അങ്ങയോട് പ്രത്യേകം പറയേണ്ട കാര്യമില്ല. ഒന്നര പതിറ്റാണ്ടായി കുഴിയടയ്ക്കുന്ന പ്രവൃത്തി മാത്രമാണ് നടക്കുന്നത്. 39

റോഡുകൾ നിർമ്മിക്കുന്നില്ല. പെരുമ്പാവൂരിൽ 252 കിലോ മീറ്റർ റോഡുകളാണ് പൊതുമരാമത്ത് വകുപ്പിനുള്ളത്. അതിൽ ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ പണികഴിപ്പിച്ച റോഡുകൾ 98 കിലോ മീറ്റർ മാത്രമാണ്. 40 ശതമാനം റോഡുകളിൽ താഴെ മാത്രമാണ് പൊതുമരാമത്ത് വകുപ്പ് ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ പണികഴിപ്പിച്ചിട്ടുള്ളത്. ഇതിൽ എം.സി. റോഡും ആലുവ-മൂന്നാർ റോഡും ഉൾപ്പെടെയാണ് 98 കിലോമീറ്റർ വരുന്നത്. വളരെയധികം റോഡുകൾ മോശപ്പെട്ട അവസ്ഥയിലാണ്. കിഫ്ബി വഴി റോഡുകൾക്ക് ഫണ്ട് അനുവദിച്ചുകിട്ടിയെങ്കിലും അതിന്റെ പണി ഇപ്പോഴും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. റോഡ് നിർമ്മാണത്തിൽ ഒരടിപോലും മുന്നോട്ട് പോകാൻ സാധിച്ചിട്ടില്ല. തോട്ടുവ-നമ്പള്ളി റോഡ്, ഓണംകുളം-ഊട്ടിമറ്റം റോഡ്, അറയ്ക്കപ്പടി-പോഞ്ഞാശ്ശേരി റോഡ് എന്നിങ്ങനെ 35-ഓളം റോഡുകളുടെ കണക്കുകൾ എന്റെ കൈവശമുണ്ട്. അങ്ങയെ അത് ഏൽപ്പിച്ചിട്ടുമുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അടിയന്തരമായി ഇടപെട്ട് എന്റെ

നിയോജകമണ്ഡലമായ പെരുമ്പാവൂരിലെ റോഡുകളുടെ നിർമ്മാണ പ്രവൃത്തി നടത്താനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പെരുമ്പാവൂർ നിയോജകമണ്ഡത്തിലെ 250.735 കിലോ മീറ്റർ റോഡാണ് പൊതുമരാമത്ത് വകുപ്പിനുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ. രണ്ട് കിലോ മീറ്റർ കൂട്ടി പറഞ്ഞിട്ടുണ്ട്. അതൊന്ന് പരിശോധിക്കുന്നത് നല്ലതായിരിക്കും. ഇതിൽ 98.665 കിലോ മീറ്റർ റോഡ് ബി.എം. ആൻഡ് ബി.സി. നിലവാരത്തിലുള്ളതാണ്. ഇന്ന് നമ്മുടെ രാജ്യത്തെ ഏറ്റവും ഉയർന്ന ഗുണനിലവാരം ഉറപ്പുവരുത്താവുന്ന നിർമ്മാണ രീതി ബി.എം. ആൻഡ് ബി.സി. റോഡുകൾക്കാണ്. ചിപ്പിംഗ് കാർപ്പെറ്റ് റോഡിനേക്കാൾ മൂന്നിരട്ടിയിലധികം തുക ബി.എം. ആൻഡ് ബി.സി. റോഡുകൾക്ക് ചെലവാകും. ഒരു കിലോ മീറ്റർ ചിപ്പിംഗ് കാർപ്പെറ്റ് റോഡിന് 30 ലക്ഷം രൂപയാണ് ചെലവെങ്കിൽ ബി.എം. ആൻഡ് ബി.സി. റോഡിന് അത് 90 ലക്ഷം രൂപയാണ്. ഒരു കിലോ മീറ്ററിൽ 60 ലക്ഷം രൂപയിലധികം ബി.എം. ആൻഡ് ബി.സി. റോഡുകൾക്ക് ചെലവാകും. പെരുമ്പാവൂർ

നിയോജകമണ്ഡലത്തിലെ എം.എൽ.എ. തന്നെ സൂചിപ്പിച്ച 98 കിലോ മീറ്റർ റോഡിൽ 17.84 കിലോ മീറ്റർ റോഡ് ഈ സർക്കാർ വന്നതിനുശേഷം ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ ആക്കിയതാണ്. അതായത് 2021 മെയ് 20-നുശേഷം നിർമ്മിച്ചതാണ്. 17.84 കിലോ മീറ്റർ ബി.എം. ആൻഡ് ബി.സി. ആക്കുന്നതിന് സർക്കാരിന് ഒരു കിലോമീറ്ററിന് ശരാശരി 60 ലക്ഷം രൂപ അധികം ചെലവായതിന്റെ ഭാഗമായി 10,70,40,000 രൂപ അധികമായാണ് പെരുമ്പാവൂർ നിയോജകമണ്ഡലത്തിന് നൽകിയിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം. അത് മനസ്സിലാക്കിയാൽ മാനസികമായ ഡിപ്രഷന്റെ പ്രശ്നം വരില്ല. മനസ്സിന് സന്തോഷമുണ്ടാകുന്ന ഒരു സ്ഥിതിയായിരിക്കും ഉണ്ടാകുക. കണക്കുപ്രകാരമാണ് ഞാൻ പറയുന്നത്. ബാക്കിയുള്ള കാര്യങ്ങൾ പരിശോധിക്കാം. കേരളത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ മുപ്പതിനായിരത്തോളം കിലോമീറ്റർ റോഡുകളിൽ ഈ ഗവൺമെന്റ് വന്ന സമയത്ത് പരിശോധിച്ചപ്പോൾ ചെറിയ ഭാഗം മാത്രമായിരുന്നു ബി.എം. ആൻഡ് ബി.സി. നിലവാരത്തിലുള്ളത്. 50 ശതമാനം റോഡുകൾ ബി.എം.

ആൻഡ് ബി.സി. നിലവാരത്തിലാക്കണമെന്നാണ് സർക്കാർ നിശ്ചയിച്ചത്. അഞ്ച് വർഷം കൊണ്ട് 15000 കിലോ മീറ്റർ റോഡുകൾ ബി.എം. ആൻഡ് ബി.സി. നിലവാരത്തിലാക്കാനുള്ള പ്രവർത്തനം രണ്ടേകാൽ വർഷം കൊണ്ടുതന്നെ പൂർത്തീകരിക്കാൻ ഈ സർക്കാരിന് സാധിച്ചുവെന്നുള്ള സന്തോഷവിവരം ഇവിടെ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കാം. പക്ഷേ പത്ത് കോടിയിലധികം രൂപ പെരുമ്പാവൂർ നിയോജകമണ്ഡലത്തിന് എൽ.ഡി.എഫ്. സർക്കാർ ബി.എം. ആൻഡ് ബി.സി. നിലവാരത്തിലാക്കുന്നതിനുവേണ്ടി മാത്രമായി അധികം ചെലവഴിച്ചുവെന്നുള്ള ഒരു വാക്ക് ബഹുമാനപ്പെട്ട എം.എൽ.എ. പറയണമായിരുന്നുവെന്ന അഭിപ്രായം എനിക്കുണ്ട്. പല എം.എൽ.എ.-മാരും ഇക്കാര്യം പറഞ്ഞുകൊണ്ട് എന്നെ വളയും. ഒന്നും ചെയ്തിട്ടില്ല, വെറും മറുപടി മാത്രമെയുള്ളൂവെന്ന് പറയുന്നത് തെറ്റാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെരുമ്പാവൂർ-കുവപ്പടി റോഡ്, കിഴില്ലം റോഡുകൾക്കൊക്കെത്തന്നെ 1,643.57 ലക്ഷം രൂപയുടെ ബി.എം. ആൻഡ്

ബി.സി. ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങൾക്ക് എ.എസ്. നൽകിയിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## (9) എൻ.എച്ച്. 66 വികസനം

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ദേശീയ പാത 66-ന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഇടിമുഴീക്കൽ മുതൽ തലപ്പാറ വരെയുള്ള ഭാഗങ്ങളിൽ പാത നിർമ്മാണത്തിന്റെ ഭാഗമായി പത്തിലേറെ ക്രോസ് കലുങ്കുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിന്റെ മൗത്ത് ഭൂരിഭാഗവും തുറന്നുവിടുന്നത് ജനവാസ കേന്ദ്രങ്ങളിലേയ്ക്കാണ്. ഓരോ മഴ പെയ്യുമ്പോഴും ഡ്രെയിനേജിലൂടെയുള്ള വെള്ളവും കലുങ്കിലെ വെള്ളവും ഒഴുകിപ്പോകുന്നത് ജനങ്ങൾ തിങ്ങിത്താമസിക്കുന്ന സ്ഥലങ്ങളിലേയ്ക്കും വീടുകളിലേയ്ക്കുമാണ്. ഇതിന്റെ ഭാഗമായി ഇടിമുഴീക്കൽ, വൈങ്ങോട്ടൂർമാട്, പാണമ്പ്ര, പടിക്കൽ, ഈങ്ങലത്തുപാടം, പാലയ്ക്കൽ എന്നിവിടങ്ങളിൽ താമസിക്കുന്നവർക്ക് പുറത്തേയ്ക്കിറങ്ങാൻ സാധിക്കാത്ത അവസ്ഥയാണ്. ഇത്തരം കലുങ്കുകൾ നിർമ്മിച്ചതാവട്ടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടുപോലും കൂടിയാലോചിക്കാതെ ഗൂഗിൾ മാപ്പ് നോക്കി

മാത്രമാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ കലുങ്കിൽനിന്ന് വെള്ളം പുതിയ ഡ്രെയിനേജ് നിർമ്മിച്ച് 400-ഉം 500-ഉം മീറ്റർ ദൂരത്തിലുള്ള കൈത്തോട്ടിലേയ്ക്ക് എത്തിക്കണം. അതിന് ഓരോ ഗ്രാമ പഞ്ചായത്തുകൾക്കും ചുരുങ്ങിയത് പത്ത് കോടി രൂപയിലധികം കണ്ടെത്തേണ്ടിവരും. നിലവിലെ സാഹചര്യംവച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതിന് സാധിക്കില്ലെന്ന് നമുക്കറിയാം. ആയതിനാൽ ദേശീയ പാത നിർമ്മാണം കാരണമായി പുതുതായി ഉണ്ടായ ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് പഞ്ചായത്ത് പരിധിയിൽ പുതിയ ലീനിയേജ് ഡ്രെയിനേജ് നിർമ്മിക്കുന്നതിനുള്ള ഫണ്ട് ദേശീയപാത വിഭാഗം ഗ്രാമ പഞ്ചായത്തിന് നേരിട്ട് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടിയോ അല്ലെങ്കിൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുകയോ ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട അംഗം പി. അബ്ദുൽ ഹമീദ് ഇവിടെ സബ്മിഷൻ

ഉന്നയിച്ചിട്ടുള്ളത്. ദേശീയപാതയിലെ ക്രോസ് കലുങ്കുകൾ നിലവിൽ ജനവാസ മേഖലയിലേയ്ക്ക് തുറന്നുവിട്ടിരിക്കുകയാണെന്ന വിഷയമാണ് പ്രതിപാദിച്ചിരിക്കുന്നത്. ഇക്കാര്യം ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ദേശീയപാത വികസിപ്പിക്കുന്നതിന്റെ ഭാഗമായി വെള്ളത്തിന്റെ സ്വാഭാവികമായ ഒഴുക്ക് തടസ്സപ്പെടാത്ത രീതിയിൽ ആവശ്യത്തിനുള്ള പാലങ്ങളും കൾവർട്ടുകളും ഡിസൈനിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് ഇക്കാര്യത്തിൽ ദേശീയപാത അതോറിറ്റി നൽകുന്ന മറുപടി. മാത്രമല്ല ഹൈവേയിൽ വീഴുന്ന മഴവെള്ളം സുഗമമായി ഒഴുകി സ്വാഭാവികമായ ചാനലുകളിലെത്തുന്നതിനാവശ്യമായ ഓടകളും ഡിസൈനിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ ദേശീയപാത 66-ന്റെ നിർമ്മാണം പൂർത്തിയായതിനുശേഷം വെള്ളം ജനവാസമേഖലകളിലേയ്ക്ക് ഒഴുകി പ്രശ്നം സൃഷ്ടിക്കാൻ സാധ്യതയില്ലെന്നും ദേശീയപാതാ അതോറിറ്റിയുടെ മറുപടിയിൽ പറയുന്നു. ദേശീയപാതാ നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടായ വെള്ളക്കെട്ട് അടക്കമുള്ള കാര്യങ്ങൾ പരിശോധിക്കാൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിതന്നെ ഇതുമായി ബന്ധപ്പെട്ട യോഗങ്ങൾ

നടത്തി ഇടപെടുന്നുണ്ട്. ദേശീയപാത റീജിയണൽ ഓഫീസറുമായി മന്ത്രിതലത്തിൽത്തന്നെ സംസാരിച്ചിട്ടുണ്ട്. ഈ വിഷയവും ദേശീയപാതാ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താം. ഇതിൽ ഫണ്ടിന്റെ കാര്യം സൂചിപ്പിച്ചു. NH 66-ന്റെ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി 203.665 ഹെക്ടർ ഭൂമിയാണ് മലപ്പുറം ജില്ലയിൽ ഏറ്റെടുത്തിട്ടുള്ളത്. ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം തുക - 878 കോടി 24 ലക്ഷം രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ടെന്നത് ഇടയ്ക്കൊക്കെ പറയുന്നത് നല്ലതാണെന്ന് ഇവിടെ പറയാൻ ആഗ്രഹിക്കുന്നു. ഇക്കാര്യം ബഹുമാനപ്പെട്ട അംഗം ശ്രീ. പി. അബ്ദുൽ ഹമീദ് മാത്രമല്ല മലപ്പുറം ജില്ലയിലെ എം.എൽ.എ.മാർ മുഴുവൻ അറിയുന്നത് നല്ലതാണ്.

(10) ചെറൂപ്പ സി.എച്ച്.സി.-യുടെ പ്രവർത്തനം

ശ്രീ. പി. ടി. എ. റഹീം: സർ, കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മാവൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ചെറൂപ്പ സി.എച്ച്.സി., കോഴിക്കോട് മെഡിക്കൽ കോളേജിന്റെ എക്സ്റ്റെൻഷൻ സെന്ററായാണ് പ്രവർത്തിച്ചുവരുന്നത്. ആറേക്കർ സ്ഥലവും ആവശ്യമായ കെട്ടിടങ്ങളുമുള്ള ടി

സ്ഥാപനം കിടത്തിചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടുകൂടി 24 മണിക്കൂറും പ്രവർത്തിച്ചിരുന്നെങ്കിലും വൈകുന്നേരം 6.00 മണിവരെ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാത്ത ഒരു സ്ഥാപനമായതിനാൽ ഫണ്ടുകളുപയോഗിക്കാൻ അവർക്ക് സാധിക്കുന്നില്ല. എം.എൽ.എ. ഫണ്ടിൽനിന്ന് വാഹനവും ഡയാലിസിസ് കേന്ദ്രത്തിന് കെട്ടിടവും അനുവദിച്ചെങ്കിലും ആയതും പ്രവർത്തിക്കാൻ കഴിയുന്നില്ല. ഇതിനുകീഴിലുള്ള സബ്സെന്ററുകളും പ്രവർത്തനരഹിതമാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്തിരുന്നു. നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെടാനാണ് സബ്മിഷൻ അവതരിപ്പിക്കുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മാവൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ചെറുപ എം.സി.എച്ച്. യൂണിറ്റ്, കോഴിക്കോട് മെഡിക്കൽ കോളേജിന്റെ റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്ററായാണ് പ്രവർത്തിച്ചുവന്നിരുന്നത്. കോഴിക്കോട്

മെഡിക്കൽ കോളേജിന് എൻ.എം.സി. അംഗീകാരം നിലനിർത്തുന്നതിന് ടി സ്ഥാപനം വളരെ അനിവാര്യമാണ്. സാധാരണ സി.എച്ച്.സി. നിലവാരത്തിലുള്ള ആശുപത്രികളിൽ 24 മണിക്കൂർ കാഷ്വാലിറ്റി സേവനം നൽകുന്നില്ല. എന്നാൽ ജനങ്ങളുടെ ആവശ്യം കണക്കിലെടുത്താണ് മെഡിക്കൽ കോളേജിലെ ഹൗസ് സർജൻമാരുടെ സഹായത്തോടെ എം.സി.എച്ച്. യൂണിറ്റ് ചെറുപയിൽ 24 മണിക്കൂർ സേവനം നൽകിവന്നിരുന്നത്. എന്നാൽ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡോ. വന്ദന ദാസ് അതിദാരുണമായി കൊല്ലപ്പെട്ട സാഹചര്യത്തെത്തുടർന്ന് പി.എച്ച്.സി.-കളിൽ മെഡിക്കൽ ഓഫീസറുടെ സാന്നിധ്യമില്ലാതെ ഹൗസ് സർജന്മാരെ രാത്രികാല സേവനങ്ങൾക്ക് നിയോഗിക്കാൻ പാടില്ലെന്ന് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ചെറുപ ഹെൽത്ത് സെന്ററിൽ ഒ.പി. നടത്തുന്നതിന് അസിസ്റ്റന്റ് സർജൻമാരുടെ കുറവ് നേരിട്ടതിനാലാണ് ഉച്ചയ്ക്കുശേഷം ഒ.പി. നടത്തുന്നതിനും കാഷ്വാലിറ്റി സേവനം 24 മണിക്കൂർ നടത്തുന്നതിനുമൊക്കെ തടസ്സം നേരിട്ടത്. എന്നാൽ ഒഴിവുള്ള അസിസ്റ്റന്റ് സർജൻ, സിവിൽ സർജൻ തസ്തികയിൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ എൻ.എച്ച്.എം. മുഖേന

നിയമനം നടത്തിയതിനെത്തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്ന് രണ്ട് ഹൗസ്സർജൻമാരെ നിയോഗിക്കുകയും ഒ.പി. സമയം വൈകുന്നേരം 6.00 മണിവരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. കത്ത് നൽകുകയും ചെയ്തിരുന്നു. എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ കഴിഞ്ഞദിവസം വളരെ വിശദമായൊരു യോഗം വിളിച്ചുചേർത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കുറച്ച് തീരുമാനങ്ങളുമെടുത്തിട്ടുണ്ട്. ചെറുപയിലെ ആരോഗ്യകേന്ദ്രത്തിന്റെ നിയന്ത്രണം ആരോഗ്യവകുപ്പ് ഡയറക്ടറിനും അക്കാഡമിക് നിയന്ത്രണം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കീഴിലും നിലനിർത്തും. കൂടാതെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ചെറുപ ഹെൽത്ത് സെന്ററിനെ കൂട്ടിയോജിപ്പിക്കേണ്ടതുള്ളതുകൊണ്ട് കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിനുകീഴിൽ അറ്റാച്ച് ചെയ്യാനാണ് തീരുമാനിച്ചത്. അതുകൂടാതെ ചെറുപ ആരോഗ്യകേന്ദ്രത്തിൽ ഒരു സിവിൽ സർജനെ ഇംപ്ലിമെന്റിംഗ് ഓഫീസറായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഇവിടെ സൂചിപ്പിച്ച കാര്യങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ സമയബന്ധിതമായി

ഇറക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വർഷങ്ങൾക്കുമുമ്പുതന്നെ അവിടെയുള്ള പല തസ്തികകളും മറ്റുപല സ്ഥലങ്ങളിലേയ്ക്കും ഷിഫ്റ്റ് ചെയ്തതായി കാണുന്നു. ചിലരെ വർക്കിംഗ് അറേഞ്ച്മെന്റിന്റെ ഭാഗമായി മാറ്റിയതായും ശ്രദ്ധയിൽപ്പെട്ടു. അവരെയെല്ലാം തിരികെ കൊണ്ടുവരുന്നതിനും മാറ്റിയ തസ്തികകൾ നേരത്തേയുണ്ടായിരുന്ന രീതിയിൽത്തന്നെ ക്രമീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങളെ സംബന്ധിച്ചെടുത്ത തീരുമാനങ്ങൾ അടിയന്തരമായി നടപ്പാക്കിക്കൊണ്ട് ഓണത്തിന് മുമ്പുതന്നെ ഇവിടെ സൂചിപ്പിച്ച തരത്തിലുള്ള സേവനം നൽകുന്നതിനാവശ്യമായ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്.

**11.45 AM]**

**VI മേശപ്പുറത്തുവച്ച കടലാസ്സുകൾ**

(I) ലിസ്റ്റ് 1 പ്രകാരമുള്ളത്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് | വിജ്ഞാപനത്തിന്റെ നമ്പർ | തീയതി | കാലതാമസ |
|---|---|---|---|---|

| | .ആർ.ഒ. നമ്പർ | | | പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 871/2021 | ജി.ഒ.(പി)നം.76/2021/ഹോം | 25-11-2021 | അതെ |
| 2 | 261/2023 | ജി.ഒ.(എം.എസ്.)നം.258/2022/ഹോം | 08-12-2022 | അല്ല |
| 3 | 334/2023 | ജി.ഒ.(ആർ.ടി.)നം.612/2023/ഹോം | 08-03-2023 | അല്ല |
| 4 | 335/2023 | ജി.ഒ.(ആർ.ടി.)നം.612/2023/ഹോം | 08-03-2023 | അല്ല |
| 5 | 336/2023 | ജി.ഒ.(ആർ.ടി.)നം.612/2023/ഹോം | 08-03-2023 | അല്ല |
| 6 | 337/2023 | ജി.ഒ.(ആർ.ടി.)നം.612/2023/ഹോം | 08-03-2023 | അല്ല |
| 7 | 338/2023 | ജി.ഒ.(ആർ.ടി.)നം.612/2023/ഹോം | 08-03-2023 | അല്ല |
| 8 | 339/2023 | ജി.ഒ.(ആർ.ടി.)നം.612/2023/ഹോം | 08-03-2023 | അല്ല |
| 9 | 340/2023 | ജി.ഒ.(ആർ.ടി.)നം.612/2023/ഹോം | 08-03-2023 | അല്ല |
| 10 | 341/2023 | ജി.ഒ.(ആർ.ടി.)നം.612/2023/ഹോം | 08-03-2023 | അല്ല |
| 11 | 342/2023 | ജി.ഒ.(ആർ.ടി.)നം.612/2023/ഹോം | 08-03-2023 | അല്ല |
| 12 | 343/2023 | ജി.ഒ.(ആർ.ടി.)നം.612/2023/ഹോം | 08-03-2023 | അല്ല |
| 13 | 344/2023 | ജി.ഒ.(ആർ.ടി.)നം.612/2023/ഹോം | 08-03-2023 | അല്ല |
| 14 | 345/2023 | ജി.ഒ.(ആർ.ടി.)നം.612/2023/ഹോം | 08-03-2023 | അല്ല |
| 15 | 346/2023 | ജി.ഒ.(ആർ.ടി.)നം.612/2023/ഹോം | 08-03-2023 | അല്ല |
| 16 | 347/2023 | ജി.ഒ.(ആർ.ടി.)നം.612/2023/ഹോം | 08-03-2023 | അല്ല |
| 17 | 348/2023 | ജി.ഒ.(എം.എസ്.)നം.67/2023/ഹോം | 06-03-2023 | അല്ല |
| 18 | 349/2023 | ജി.ഒ.(എം.എസ്.)നം.68/2023/ഹോം | 06-03-2023 | അല്ല |
| 19 | 350/2023 | ജി.ഒ.(എം.എസ്.)നം.69/2023/ഹോം | 06-03-2023 | അല്ല |
| 20 | 351/2023 | ജി.ഒ.(എം.എസ്.)നം.70/2023/ഹോം | 06-03-2023 | അല്ല |
| 21 | 352/2023 | ജി.ഒ.(എം.എസ്.)നം.71/2023/ഹോം | 06-03-2023 | അല്ല |
| 22 | 357/2023 | ജി.ഒ.(എം.എസ്.)നം.82/2023/ഹോം | 14-03-2023 | അല്ല |
| 23 | 359/2023 | ജി.ഒ.(എം.എസ്.)നം.83/2023/ഹോം | 14-03-2023 | അല്ല |
| 24 | 361/2023 | ജി.ഒ.(ആർ.ടി.)നം.661/2023/ഹോം | 14-03-2023 | അല്ല |
| 25 | 362/2023 | ജി.ഒ.(എം.എസ്.)നം.84/2023/ഹോം | 14-03-2023 | അല്ല |
| 26 | 363/2023 | ജിഒ.(എം.എസ്.)നം.38/2023/ജി.എ.ഡി. | 13-03-2023 | അല്ല |
| 27 | 377/2023 | ജി.ഒ.(ആർ.ടി.)നം.719/2023/ഹോം | 18-03-2023 | അല്ല |
| 28 | 405/2023 | ജി.ഒ.(എം.എസ്.)നം.90/2023/ഹോം | 21-03-2023 | അല്ല |

| | | | | |
|---|---|---|---|---|
| 29 | 406/2023 | ജി.ഒ.(എം.എസ്.)നം.72/2023/ഹോം | 08-03-2023 | അല്ല |
| 30 | 409/2023 | ജി.ഒ.(പി.)നം.25/2023/ഹോം | 23-03-2023 | അല്ല |
| 31 | 430/2023 | ജി.ഒ.(പി.)നം.26/2023/ഹോം | 25-03-2023 | അല്ല |
| 32 | 432/2023 | ജി.ഒ.(ആർ.ടി.)നം.826/2023/ഹോം | 28-03-2023 | അല്ല |
| 33 | 433/2023 | ജി.ഒ.(ആർ.ടി.)നം.823/2023/ഹോം | 28-03-2023 | അല്ല |
| 34 | 436/2023 | ജി.ഒ.(എം.എസ്.)നം.106/2023/ഹോം | 28-03-2023 | അല്ല |
| 35 | 448/2023 | ജി.ഒ.(എം.എസ്.)നം.107/2023/ഹോം | 29-03-2023 | അല്ല |
| 36 | 453/2023 | ജി.ഒ.(ആർ.ടി.)നം.867/2023/ഹോം | 31-03-2023 | അല്ല |
| 37 | 457/2023 | ജി.ഒ.(എം.എസ്.)നം.109/2023/ഹോം | 31-03-2023 | അല്ല |
| 38 | 459/2023 | ജി.ഒ.(എം.എസ്.)നം.80/2023/ഹോം | 13-03-2023 | അല്ല |
| 39 | 460/2023 | ജി.ഒ.(എം.എസ്.)നം.80/2023/ഹോം(2) | 13-03-2023 | അല്ല |
| 40 | 461/2023 | ജി.ഒ.(എം.എസ്.)നം.80/2023/ഹോം(3) | 13-03-2023 | അല്ല |
| 41 | 462/2023 | ജി.ഒ.(എം.എസ്.)നം.80/2023/ഹോം(4) | 13-03-2023 | അല്ല |
| 42 | 463/2023 | ജി.ഒ.(എം.എസ്.)നം.80/2023/ഹോം(5) | 13-03-2023 | അല്ല |
| 43 | 464/2023 | ജി.ഒ.(എം.എസ്.)നം.80/2023/ഹോം(6) | 13-03-2023 | അല്ല |
| 44 | 466/2023 | ജി.ഒ.(പി.)നം.33/2023/ഹോം | 01-04-2023 | അല്ല |
| 45 | 468/2023 | ജി.ഒ.(പി.)നം.35/2023/ഹോം | 03-04-2023 | അല്ല |
| 46 | 470/2023 | ജി.ഒ.(പി.)നം.36/2023/ഹോം | 03-04-2023 | അല്ല |
| 47 | 472/2023 | ജി.ഒ.(ആർ.ടി.)നം.914/2023/ഹോം | 05-04-2023 | അല്ല |
| 48 | 486/2023 | ജി.ഒ.(ആർ.ടി.)നം.960/2023/ഹോം | 13-04-2023 | അല്ല |
| 49 | 499/2023 | ജി.ഒ.(എം.എസ്.)നം.114/2023/ഹോം | 19-04-2023 | അല്ല |
| 50 | 516/2023 | ജി.ഒ.(ആർ.ടി.)നം.1074/2023/ഹോം | 25-04-2023 | അല്ല |
| 51 | 523/2023 | ജി.ഒ.(എം.എസ്.)നം.119/2023/ഹോം | 28-04-2023 | അല്ല |
| 52 | 524/2023 | ജി.ഒ.(എം.എസ്.)നം.118/2023/ഹോം | 28-04-2023 | അല്ല |
| 53 | 536/2023 | ജി.ഒ.(എം.എസ്.)നം.120/2023/ഹോം | 29-04-2023 | അല്ല |
| 54 | 527/2023 | ജി.ഒ.(പി.)നം.40/2023/ഹോം | 25-04-2023 | അല്ല |
| 55 | 530/2023 | ജി.ഒ.(ആർ.ടി.)നം.1117/2023/ഹോം | 29-04-2023 | അല്ല |
| 56 | 533/2023 | സ.ഉ.(അച്ചടി)നം.38/2023/ആഭ്യന്തരം | 25-04-2023 | അല്ല |
| 57 | 534/2023 | ജി.ഒ.(പി.)നം.42/2023/ഹോം | 29-04-2023 | അല്ല |
| 58 | 561/2023 | ജി.ഒ.(ആർ.ടി.)നം.1171/2023/ഹോം | 08-05-2023 | അല്ല |

| | | | | |
|---|---|---|---|---|
| 59 | 575/2023 | ജി.ഒ.(ആർ.ടി.)നം.1224/2023/ഹോം | 12-05-2023 | അല്ല |
| 60 | 576/2023 | സ.ഉ.(അച്ചടി)നം.1/2023/നോർക്ക | 11-05-2023 | അല്ല |
| 61 | 578/2023 | ആഭ്യന്തരം-എസ്.എസ്.എ 2/58/2023-ആഭ്യന്തരം | 12-05-2023 | അല്ല |
| 62 | 581/2023 | ആഭ്യന്തരം-എസ്.എസ്.എ 2/67/2021-ആഭ്യന്തരം | 12-05-2023 | അല്ല |
| 63 | 594/2023 | ആഭ്യന്തരം-എസ്.എസ്.എ 2/58/2023-ആഭ്യന്തരം | 19-05-2023 | അല്ല |
| 64 | 607/2023 | സ.ഉ.(അച്ചടി)നം.2/2023/നോർക്ക | 24-05-2023 | അല്ല |
| 65 | 610/2023 | ജി.ഒ.(എം.എസ്.)നം.135/2023/ഹോം | 26-05-2023 | അല്ല |
| 66 | 617/2023 | ജി.ഒ.(എം.എസ്.)നം.137/2023/ഹോം | 30-05-2023 | അല്ല |
| 67 | 618/2023 | ജി.ഒ.(എം.എസ്.)നം.136/2023/ഹോം | 30-05-2023 | അല്ല |
| 68 | 622/2023 | ജി.ഒ.(പി.)നം.49/2023/ഹോം | 29-05-2023 | അല്ല |
| 69 | 625/2023 | ജി.ഒ.(എം.എസ്.)നം.138/2023/ഹോം | 01-06-2023 | അല്ല |
| 70 | 648/2023 | ജി.ഒ.(എം.എസ്.)നം.125/2023/ഹോം | 08-05-2023 | അല്ല |
| 71 | 666/2023 | ജി.ഒ.(ആർ.ടി.)നം.1582/2023/ഹോം | 14-06-2023 | അല്ല |
| 72 | 667/2023 | ജി.ഒ.(ആർ.ടി.)നം.1574/2023/ഹോം | 14-06-2023 | അല്ല |
| 73 | 670/2023 | വിജ്-സി3/148/2023-I/വിജ് | 14-06-2023 | അല്ല |
| 74 | 671/2023 | വിജ്-സി3/148/2023-II/വിജ് | 14-06-2023 | അല്ല |
| 75 | 672/2023 | വിജ്-സി3/148/2023-III/വിജ് | 14-06-2023 | അല്ല |
| 76 | 673/2023 | വിജ്-സി3/148/2023-IV/വിജ് | 14-06-2023 | അല്ല |
| 77 | 677/2023 | സ.ഉ.(അച്ചടി)നം.59/2023/ആഭ്യന്തരം | 14-06-2023 | അല്ല |
| 78 | 678/2023 | ഹോം-എസ്.എസ്.എ 4/311/2023/ഹോം | 16-06-2023 | അല്ല |
| 79 | 723/2023 | ഹോം-എസ്.എസ്.എ 1/245/2023/ഹോം | 29-06-2023 | അല്ല |
| 80 | 727/2023 | ജി.ഒ.(എം.എസ്.)നം.11/2023/പി& എ.ആർ.ഡി. | 30-06-2023 | അല്ല |
| 81 | 730/2023 | ജി.ഒ.(ആർ.ടി.)നം.1735/2023/ഹോം | 01-07-2023 | അല്ല |
| 82 | 731/2023 | ജി.ഒ.(ആർ.ടി.)നം.1736/2023/ഹോം | 01-07-2023 | അല്ല |
| 83 | 734/2023 | ജി.ഒ.(എം.എസ്.)നം.12/2023/പി& എ.ആർ.ഡി. | 03-07-2023 | അല്ല |

| | | | | |
|---|---|---|---|---|
| 84 | 742/2023 | ജി.ഒ.(ആർ.ടി.)നം.1775/2023/ഹോം | 04-07-2023 | അല്ല |
| 85 | 743/2023 | ജി.ഒ.(ആർ.ടി.)നം.1775/2023/ഹോം(2) | 04-07-2023 | അല്ല |
| 86 | 748/2023 | ഹോം എസ്.എസ്.എ 1/277/2023-ഹോം | 05-07-2023 | അല്ല |
| 87 | 767/2023 | ജി.ഒ.(പി.)നം.9/2023/പി&എ.ആർ.ഡി. | 03-07-2023 | അല്ല |
| 88 | 777/2023 | ജി.ഒ.(ആർ.ടി.)നം.1919/2023/ഹോം | 14-07-2023 | അല്ല |
| 89 | 780/2023 | ജി.ഒ.(ആർ.ടി.)നം.1935/2023/ഹോം | 14-07-2023 | അല്ല |
| 90 | 785/2023 | ജി.ഒ.(എം.എസ്.)നം.154/2023/ഹോം | 14-07-2023 | അല്ല |
| 91 | 786/2023 | ജി.ഒ.(ആർ.ടി.)നം.1937/2023/ഹോം | 14-07-2023 | അല്ല |
| 92 | 788/2023 | ജി.ഒ.(എം.എസ്.)നം.156/2023/ഹോം | 14-07-2023 | അല്ല |
| 93 | 795/2023 | സ.ഉ.(അച്ചടി)നം.62/2023/ആഭ്യന്തരം | 14-07-2023 | അല്ല |
| 94 | 797/2023 | ജി.ഒ.(ആർ.ടി.)നം.1986/2023/ഹോം | 19-07-2023 | അല്ല |
| 95 | 801/2023 | ജി.ഒ.(ആർ.ടി.)നം.2028/2023/ഹോം | 22-07-2023 | അല്ല |
| 96 | 809/2023 | ജി.ഒ.(പി.)നം.1/2023/ സി.എസ്.ഐ.എൻ.ഡി | 22-07-2023 | അല്ല |
| 97 | 826/2023 | ജി.ഒ.(പി.)നം.63/2023/ഹോം. | 27-07-2023 | അല്ല |

## ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ | 2021-2022 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് | 2022-2023 | വാർഷിക കണക്കുകൾ | അല്ല |
| 3 | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് | 2016-2017 | വാർഷിക റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| 4 | കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ-കെക്സ്കോൺ | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | കൊച്ചി ഇൻഫോപാർക്ക് | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് (വിവിഡ്) കോർപ്പറേഷൻ ലിമിറ്റഡ് | 2018-2019 | വാർഷിക റിപ്പോർട്ട് | അതെ |
| 7 | ടെക്നോപാർക്ക് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 8 | ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 9 | കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ | 2019-2020 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 10 | കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ | 2020-2021 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 11 | കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 12 | കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 13 | കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് (സമുന്നതി) | 2018-2019 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 14 | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |

<u>വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു</u>

## 20-03-2023 -നം മേശപ്പുറത്തുവച്ചത്

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | തീയതി |
|---|---|---|---|
| 1 | 202/2023 | ജി.ഒ.(എം.എസ്.) നം.44/2023/ഹോം. | 11-02-2023 |
| 2 | 223/2023 | Vig-C3/541/2023-Vig | 10-02-2023 |
| 3 | 224/2023 | വിജ്-സി3/541/2022-II/വിജ് | 10-02-2023 |
| 4 | 225/2023 | വിജ്-സി3/541/2022-III/വിജ് | 10-02-2023 |
| 5 | 226/2023 | വിജ്-സി3/541/2022-IV/വിജ് | 10-02-2023 |
| 6 | 227/2023 | ജി.ഒ.(ആർ.ടി.)നം.362/2023/ഹോം | 16-02-2023 |
| 7 | 231/2023 | ജി.ഒ.(പി)നം.2/2023/ഹോം | 16-02-2023 |
| 8 | 239/2023 | ജി.ഒ.(ആർ.ടി.)നം.417/2023/ഹോം | 20-02-2023 |
| 9 | 242/2023 | ജി.ഒ.(എം.എസ്.) നം.47/2023/ഹോം. | 17-02-2023 |
| 10 | 244/2023 | ജി.ഒ.(എം.എസ്.) നം.7/2023/ഹോം. | 13-01-2023 |
| 11 | 245/2023 | ജി.ഒ.(ആർ.ടി.)നം.290/2023/ഹോം | 06-02-2023 |
| 12 | 250/2023 | ജി.ഒ.(എം.എസ്.) നം.1/2023/ഹോം. | 05-01-2023 |
| 13 | 260/2023 | ജി.ഒ.(ആർ.ടി.)നം.447/2023/ഹോം | 23-02-2023 |
| 14 | 272/2023 | ജി.ഒ.(പി)നം.10/2023/ഹോം | 27-02-2023 |
| 15 | 281/2023 | ജി.ഒ.(ആർ.ടി.)നം.542/2023/ഹോം | 02-03-2023 |
| 16 | 286/2023 | ജി.ഒ.(എം.എസ്.) നം.52/2023/ഹോം. | 02-03-2023 |
| 17 | 289/2023 | ജി.ഒ.(ആർ.ടി.)നം.546/2023/ഹോം | 02-03-2023 |
| 18 | 307/2023 | ജി.ഒ.(എം.എസ്.) നം.64/2023/ഹോം. | 04-03-2023 |

II റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| | | | |
|---|---|---|---|
| | | വിജ്ഞാപനത്തിന്റെ | |

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | നമ്പർ | തീയതി | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 228/2022 | ജി.ഒ.(പി)നം. 90/2022/ആർ.ഡി. | 09-03-2022 | അതെ |
| 2 | 229/2022 | ജി.ഒ.(പി)നം. 89/2022/ആർ.ഡി. | 09-03-2022 | അതെ |
| 3 | 221/2023 | സ.ഉ.(അച്ചടി)നം.45/2023/ആർ.ഡി. | 15-02-2023 | അല്ല |
| 4 | 299/2023 | സ.ഉ.(അച്ചടി)നം.68/2022/റവ | 02-03-2023 | അല്ല |
| 5 | 306/2023 | സ.ഉ.(അച്ചടി)നം.67/2023/റവന്യൂ | 02-03-2023 | അല്ല |
| 6 | 353/2023 | ജി.ഒ.(എം.എസ്.)നം. 1/2023/എച്ച്.എസ്.ജി. | 10-03-2023 | അല്ല |
| 7 | 367/2023 | ജി.ഒ.(പി)നം. 82/2023/ആർ.ഡി. | 15-03-2023 | അല്ല |
| 8 | 376/2023 | ജി.ഒ.(പി)നം. 83/2023/ആർ.ഡി. | 17-03-2023 | അല്ല |
| 9 | 488/2023 | സ.ഉ.(എം.എസ്.)നം.80/2023/റവന്യൂ | 13-04-2023 | അല്ല |
| 10 | 513/2023 | സ.ഉ.(പി)നം.108/2023/റവന്യൂ | 24-04-2023 | അല്ല |
| 11 | 515/2023 | ജി.ഒ.(പി)നം. 110/2023/ആർ.ഡി. | 26-04-2023 | അല്ല |
| 12 | 564/2023 | സ.ഉ.(പി)നം.116/2023/റവന്യൂ | 06-05-2023 | അല്ല |
| 13 | 784/2023 | ജി.ഒ.(പി)നം. 171/2023/ആർ.ഡി. | 13-07-2023 | അല്ല |

## വീണ്ടും മേശപ്പുറത്ത് വയ്ക്കുന്ന

## 20-03-2023 -നം മേശപ്പുറത്തുവച്ചത്

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 256/2023 | ജി.ഒ.(പി)നം. 64/2023/ആർ.ഡി. | 24-02-2023 |

III. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള വാട്ടർ അതോറിറ്റി | 2018-2019 | വാർഷിക കണക്കുകൾ | അതെ |

IV വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

## i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 485/2023 | ജി.ഒ.(എം.എസ്.)നം.3/2023/പവർ. | 09-03-2023 | അല്ല |
| 2 | 759/2023 | ജി.ഒ.(പി)നം. 3/2023/പവർ | 17-06-2023 | അല്ല |

## ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | എനർജി മാനേജ്മെന്റ് സെന്റർ-കേരള | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |

## വീണ്ടും മേശപ്പുറത്ത് വയ്ക്കുന്ന

## 20-03-2023 -നം മേശപ്പുറത്തുവച്ചത്

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 187/2023 | ജി.ഒ.(പി)നം. 4/2022/പവർ. | 15-12-2022 |
| 2 | 176/2023 | ജി.ഒ.(പി)നം. 1/2023/പവർ | 07-01-2023 |

V വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

### i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 454/2023 | ജി.ഒ.(എം.എസ്.)നം. 8/2023/എഫ് &ഡബ്ല്യൂ.എൽ.ഡി. | 31-03-2023 | അല്ല |
| 2 | 676/2023 | സ.ഉ.(അച്ചടി)നം. 3/2023/വനം | 25-03-2023 | അല്ല |
| 3 | 761/2023 | സ.ഉ.(അച്ചടി)നം. 7/2023/വനം | 08-07-2023 | അല്ല |

## വീണ്ടും മേശപ്പുറത്ത് വയ്ക്കുന്ന

## 20-03-2023 -നം മേശപ്പുറത്തുവച്ചത്

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 308/2023 | ജി.ഒ.(പി)നമ്പർ 2/2023/വനം | 27-02-2023 |

VI ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

## i. ചട്ടം. 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 732/2023 | ജി.ഒ.(പി)നം. 64/2023/ഫിൻ | 27-06-2023 | അല്ല |
| 2 | 278/2023 | ജി.ഒ.(പി)നം. 28/2023/ടാക്സസ് | 01-03-2023 | അല്ല |
| 3 | 279/2023 | ജി.ഒ.(പി)നം. 29/2023/ടാക്സസ് | 01-03-2023 | അല്ല |
| 4 | 292/2023 | ജി.ഒ.(പി)നം. 30/2023/ടാക്സസ് | 03-03-2023 | അല്ല |
| 5 | 327/2023 | ജി.ഒ.(പി)നം. 32/2023/ടാക്സസ് | 09-03-2023 | അല്ല |
| 6 | 328/2023 | ജി.ഒ.(പി)നം. 33/2023/ടാക്സസ് | 09-03-2023 | അല്ല |
| 7 | 329/2023 | ജി.ഒ.(പി)നം. 34/2023/ടാക്സസ് | 09-03-2023 | അല്ല |
| 8 | 355/2023 | ജി.ഒ.(പി)നം. 38/2023/ടാക്സസ് | 13-03-2023 | അല്ല |
| 9 | 356/2023 | ജി.ഒ.(പി)നം. 39/2023/ടാക്സസ് | 13-03-2023 | അല്ല |
| 10 | 416/2023 | ജി.ഒ.(പി)നം. 43/2023/ടാക്സസ് | 25-03-2023 | അല്ല |
| 11 | 421/2023 | ജി.ഒ.(പി)നം. 44/2023/ടാക്സസ് | 25-03-2023 | അല്ല |
| 12 | 443/2023 | ജി.ഒ.(പി)നം. 47/2023/ടാക്സസ് | 29-03-2023 | അല്ല |
| 13 | 477/2023 | ജി.ഒ.(പി)നം. 49/2023/ടാക്സസ് | 04-04-2023 | അല്ല |
| 14 | 519/2023 | ജി.ഒ.(പി)നം. 51/2023/ടാക്സസ് | 27-04-2023 | അല്ല |
| 15 | 520/2023 | ജി.ഒ.(പി)നം. 52/2023/ടാക്സസ് | 27-04-2023 | അല്ല |
| 16 | 551/2023 | ജി.ഒ.(പി)നം. 55/2023/ടാക്സസ് | 06-05-2023 | അല്ല |

| | | | | |
|---|---|---|---|---|
| 17 | 552/2023 | ജി.ഒ.(പി)നം. 56/2023/ടാക്സസ് | 06-05-2023 | അല്ല |
| 18 | 553/2023 | ജി.ഒ.(പി)നം. 57/2023/ടാക്സസ് | 06-05-2023 | അല്ല |
| 19 | 554/2023 | ജി.ഒ.(പി)നം. 58/2023/ടാക്സസ് | 06-05-2023 | അല്ല |
| 20 | 555/2023 | ജി.ഒ.(പി)നം. 59/2023/ടാക്സസ് | 06-05-2023 | അല്ല |
| 21 | 556/2023 | ജി.ഒ.(പി)നം. 60/2023/ടാക്സസ് | 06-05-2023 | അല്ല |
| 22 | 557/2023 | ജി.ഒ.(പി)നം. 61/2023/ടാക്സസ് | 06-05-2023 | അല്ല |
| 23 | 573/2023 | ജി.ഒ.(പി)നം. 65/2023/ടാക്സസ് | 09-05-2023 | അല്ല |
| 24 | 579/2023 | ജി.ഒ.(പി)നം. 66/2023/ടാക്സസ് | 11-05-2023 | അല്ല |
| 25 | 584/2023 | ജി.ഒ.(പി)നം. 67/2023/ടാക്സസ് | 16-05-2023 | അല്ല |
| 26 | 585/2023 | ജി.ഒ.(പി) നം.68/2023/ടാക്സസ് | 16-05-2023 | അല്ല |
| 27 | 588/2023 | ജി.ഒ.(പി) നം.69/2023/ടാക്സസ് | 18-05-2023 | അല്ല |
| 28 | 651/2023 | സ.ഉ. (അച്ചടി) നം. 75/2023/ടാക്സസ് | 09-06-2023 | അല്ല |
| 29 | 652/2023 | ജി.ഒ.(പി) നം.55/2023/ഫിൻ | 05-06-2023 | അല്ല |
| 30 | 668/2023 | ജി.ഒ.(പി) നം.58/2023/ഫിൻ | 14-06-2023 | അല്ല |
| 31 | 674/2023 | ജി.ഒ.(പി) നം.59/2023/ഫിൻ | 16-06-2023 | അല്ല |
| 32 | 716/2023 | ജി.ഒ.(പി) നം.78/2023/ടാക്സസ് | 26-06-2023 | അല്ല |
| 33 | 717/2023 | ജി.ഒ.(പി) നം.79/2023/ടാക്സസ് | 26-06-2023 | അല്ല |
| 34 | 739/2023 | ജി.ഒ.(പി) നം.83/2023/ടാക്സസ് | 05-07-2023 | അല്ല |
| 35 | 740/2023 | ജി.ഒ.(പി) നം.84/2023/ടാക്സസ് | 05-07-2023 | അല്ല |
| 36 | 793/2023 | ജി.ഒ.(പി) നം.89/2023/ടാക്സസ് | 19-07-2023 | അല്ല |
| 37 | 794/2023 | ജി.ഒ.(പി) നം.90/2023/ടാക്സസ് | 20-07-2023 | അല്ല |
| 38 | 799/2023 | ജി.ഒ.(പി) നം.91/2023/ടാക്സസ് | 21-07-2023 | അല്ല |
| 39 | 802/2023 | ജി.ഒ.(പി) നം.74/2023/ഫിൻ | 15-07-2023 | അല്ല |

## ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ |
|---|---|---|---|---|
| | | വർഷം | പേര് | |

| | | | | യെന്ന് |
|---|---|---|---|---|
| 1. | കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് | 2018-2019 | വാർഷിക റിപ്പോർട്ട് | അതെ |

## വീണ്ടും മേശപ്പുറത്ത് വയ്ക്കുന്ന

## 20-03-2023 -നം മേശപ്പുറത്തുവച്ചത്

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | തീയതി |
|---|---|---|---|
| 1. | 326/2023 | ജി.ഒ.(പി) നം.36/2023/ടാക്സസ് | 10-03-2023 |

VII നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

## i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 364/2023 | ജി.ഒ.(പി) നം.6/2023/ലോ | 14-03-2023 | അല്ല |
| 2 | 366/2023 | ജി.ഒ.(പി) നം.7/2023/ലോ | 14-03-2023 | അല്ല |
| 3 | 382/2023 | സ.ഉ. (അച്ചടി) നം.18/2023/വ്യവ. | 06-03-2023 | അല്ല |
| 4 | 383/2023 | സ.ഉ. (അച്ചടി) നം. 19/2023/വ്യവ. | 06-03-2023 | അല്ല |
| 5 | 384/2023 | സ.ഉ. (അച്ചടി) നം. 20/2023/വ്യവ. | 06-03-2023 | അല്ല |
| 6 | 385/2023 | സ.ഉ. (അച്ചടി) നം. 21/2023/വ്യവ. | 06-03-2023 | അല്ല |

| | | | | |
|---|---|---|---|---|
| 7 | 386/2023 | സ.ഉ. (അച്ചടി) നം. 22/2023/വ്യവ. | 06-03-2023 | അല്ല |
| 8 | 387/2023 | സ.ഉ. (അച്ചടി) നം. 23/2023/വ്യവ. | 06-03-2023 | അല്ല |
| 9 | 400/2023 | ജി.ഒ.(പി) നം.24/2023/ഐ.ഡി. | 13-03-2023 | അല്ല |
| 10 | 401/2023 | സ.ഉ. (അച്ചടി) നം. 25/2023/വ്യവ. | 14-03-2023 | അല്ല |
| 11 | 402/2023 | സ.ഉ. (അച്ചടി) നം. 26/2023/വ്യവ. | 14-03-2023 | അല്ല |
| 12 | 403/2023 | സ.ഉ. (അച്ചടി) നം. 27/2023/വ്യവ. | 14-03-2023 | അല്ല |
| 13 | 418/2023 | സ.ഉ. (അച്ചടി) നം. 28/2023/വ്യവ. | 14-03-2023 | അല്ല |
| 14 | 419/2023 | സ.ഉ. (അച്ചടി) നം. 29/2023/വ്യവ. | 14-03-2023 | അല്ല |
| 15 | 422/2023 | സ.ഉ. (അച്ചടി) നം. 30/2023/വ്യവ. | 14-03-2023 | അല്ല |
| 16 | 434/2023 | സ.ഉ. (അച്ചടി) നം.31/2023/വ്യവ. | 23-03-2023 | അല്ല |
| 17 | 439/2023 | സ.ഉ. (അച്ചടി) നം. 32/2023/വ്യവ. | 23-03-2023 | അല്ല |
| 18 | 440/2023 | സ.ഉ. (അച്ചടി) നം. 34/2023/വ്യവ. | 23-03-2023 | അല്ല |
| 19 | 441/2023 | സ.ഉ. (അച്ചടി) നം.35/2023/വ്യവ. | 23-03-2023 | അല്ല |
| 20 | 442/2023 | സ.ഉ. (അച്ചടി) നം. 33/2023/വ്യവ. | 23-03-2023 | അല്ല |
| 21 | 446/2023 | സ.ഉ. (അച്ചടി) നം. 36/2023/വ്യവ. | 23-03-2023 | അല്ല |
| 22 | 487/2023 | സ.ഉ. (അച്ചടി) നം.41/2023/വ്യവ. | 03-04-2023 | അല്ല |
| 23 | 490/2023 | സ.ഉ.(അച്ചടി) നം. 40/2023/വ്യവ. | 03-04-2023 | അല്ല |
| 24 | 491/2023 | സ.ഉ. (അച്ചടി) നം. 39/2023/വ്യവ. | 03-04-2023 | അല്ല |
| 25 | 492/2023 | സ.ഉ. (അച്ചടി) നം. 42/2023/വ്യവ. | 03-04-2023 | അല്ല |
| 26 | 496/2023 | സ.ഉ. (അച്ചടി) നം. 43/2023/വ്യവ. | 03-04-2023 | അല്ല |
| 27 | 497/2023 | സ.ഉ.(അച്ചടി) നം. 44/2023/വ്യവ. | 03-04-2023 | അല്ല |
| 28 | 669/2023 | ജി.ഒ.(പി) നം.49/2023/ഐ.ഡി. | 15-06-2023 | അല്ല |
| 29 | 688/2023 | ജി.ഒ.(എം.എസ്.) നം.38/2023/ഐ.ഡി. | 07-06-2023 | അല്ല |
| 30 | 690/2023 | സ.ഉ. (കൈ) നം. 30/2023/വ്യവ. | 29-04-2023 | അല്ല |
| 31 | 729/2023 | ജി.ഒ.(പി) നം.11/2023/ലോ | 01-07-2023 | അല്ല |
| 32 | 771/2023 | ജി.ഒ.(പി) നം.52/2023/ഐ.ഡി. | 12-07-2023 | അല്ല |

## ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ട്

| ക്രമ | സ്ഥാപനത്തിന്റെ പേര് | | കാലതാമസ |
|---|---|---|---|

| നം. | | റിപ്പോർട്ടിന്റെ | | പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | പാലക്കാട് ജില്ലാ/നിയമ സേവന അതോറിറ്റി | 2014-2015 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (SIDCO) | 2016-2017 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | മലബാർ സിമന്റ്സ് ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് | 2021-2022 | വാർഷിക കണക്കുകൾ | അതെ |
| 5 | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 6 | കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ടും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും | അതെ |
| 7 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 2016-2017 | വാർഷിക റിപ്പോർട്ട് | അതെ |
| 8 | ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് | 2017-2018 | വാർഷിക റിപ്പോർട്ട് | അതെ |
| 9 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 2015-2016 | വാർഷിക റിപ്പോർട്ട് | അതെ |
| 10 | കേരള റബ്ബർ ലിമിറ്റഡ് | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 11 | ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 2020-2021 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 12 | പാലക്കാട് ജില്ലാ നിയമ സേവന അതോറിറ്റി | 2019-2020 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 13 | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2020-2021 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത കണക്കുകളും | അതെ |
| 14 | പാലക്കാട് ജില്ലാ നിയമ സേവന അതോറിറ്റി | 2017-2018 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 15 | യുണൈറ്റഡ് ഇലക്ട്രിക്കൽ | 2021-2022 | വാർഷിക റിപ്പോർട്ടും | അതെ |

| | | | | |
|---|---|---|---|---|
| | ഇൻഡസ്ട്രീസ് ലിമിറ്റഡ് | | കണക്കുകളും | |
| 16 | സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 17 | പാലക്കാട് ജില്ലാ നിയമ സേവന അതോറിറ്റി | 2020-2021 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 18 | പാലക്കാട് ജില്ലാ നിയമ സേവന അതോറിറ്റി | 2021-2022 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 19 | പത്തനംതിട്ട ജില്ലാ നിയമ സേവന അതോറിറ്റി | 2020-2021 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 20 | പാലക്കാട് ജില്ലാ നിയമ സേവന അതോറിറ്റി | 2013-2014 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 21 | പാലക്കാട് ജില്ലാ നിയമ സേവന അതോറിറ്റി | 2015-2016 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 22 | കേരള റബ്ബർ ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 23 | പാലക്കാട് ജില്ലാ നിയമ സേവന അതോറിറ്റി | 2016-2017 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 24 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 2017-2018 | വാർഷിക റിപ്പോർട്ട് | അതെ |
| 25 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 2018-2019 | വാർഷിക റിപ്പോർട്ട് | അതെ |
| 26 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | 2017-2018 | വാർഷിക റിപ്പോർട്ട് | അതെ |
| 27 | പാലക്കാട് ജില്ലാ നിയമ സേവന അതോറിറ്റി | 2018-2019 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 28 | കോട്ടയം ജില്ലാ നിയമ സേവന അതോറിറ്റി | 2017-2018 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 29 | ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് | 2018-2019 | വാർഷിക റിപ്പോർട്ട് | അതെ |
| 30 | കേരള റബർ ലിമിറ്റഡ് | 2019-2020 | വാർഷിക റിപ്പോർട്ട് | അതെ |
| 31 | കോട്ടയം ജില്ലാ നിയമ സേവന അതോറിറ്റി | 2018-2019 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 32 | കോട്ടയം ജില്ലാ നിയമ സേവന അതോറിറ്റി | 2019-2020 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 33 | ട്രാവൻകൂർ സിമന്റ്സ് | 2019-2020 | വാർഷിക റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| | ലിമിറ്റഡ് | | | |
| 34 | കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

## വീണ്ടും മേശപ്പുറത്ത് വയ്ക്കുന്ന

## 20-03-2023 -നം മേശപ്പുറത്തുവച്ചത്

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 287/2023 | സ.ഉ.(അച്ചടി)നം.11/2023/വ്യവ. | 23-02-2023 |
| 2 | 29/2023 | സ.ഉ.(അച്ചടി)നം.12/2023/വ്യവ. | 27-02-2023 |
| 3 | 314/2023 | സ.ഉ.(അച്ചടി)നമ്പർ14/2023/വ്യവ. | 28-02-2023 |
| 4 | 315/2023 | സ.ഉ.(അച്ചടി)നമ്പർ1 13/2023/വ്യവ. | 28-02-2023 |
| 5 | 316/2023 | സ.ഉ.(അച്ചടി)നം.15/2023/വ്യവ. | 28-02-2022 |
| 6 | 317/2023 | സ.ഉ.(അച്ചടി)നം.16/2023/വ്യവ. | 28-02-2023 |
| 7 | 320/2023 | സ.ഉ.(അച്ചടി)നം.17/2023/വ്യവ. | 28-02-2023 |

VIII തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 324/2023 | ജി.ഒ.(പി)നം. 31/2023/ടി.ഡി | 04-03-2023 | അല്ല |
| 2 | 414/2023 | സ.ഉ.(അച്ചടി)നം.20/2023/ത.സ്വ.ഭ.വ. | 17-03-2023 | അല്ല |
| 3 | 415/2023 | സ.ഉ.(അച്ചടി)നം.21/2023/ത.സ്വ.ഭ.വ. | 17-03-2023 | അല്ല |

| | | | | |
|---|---|---|---|---|
| 4 | 465/2023 | ജി.ഒ.(പി)നം. 48/2023/ടാക്സസ് | 31-03-2023 | അല്ല |
| 5 | 532/2023 | സ.ഉ.(അച്ചടി)നം.29/2023/ത.സ്വ.ഭ.വ. | 28-04-2023 | അല്ല |
| 6 | 547/2023 | ജി.ഒ.(പി)നം. 50/2023/ടാക്സസ് | 26-04-2023 | അല്ല |
| 7 | 558/2023 | ജി.ഒ.(പി)നം. 53/2023/റ്റി.ഡി. | 03-05-2023 | അല്ല |
| 8 | 559/2023 | ജി.ഒ.(പി)നം. 54/2023/റ്റി.ഡി. | 03-05-2023 | അല്ല |
| 9 | 565/2023 | സ.ഉ.(അച്ചടി)നം.30/2023/ത.സ്വ.ഭ.വ | 02-05-2023 | അല്ല |
| 10 | 586/2023 | ജി.ഒ.(പി)നം. 31/2023/എൽ.എസ്.ജി.ഡി. | 13-05-2023 | അല്ല |
| 11 | 632/2023 | സ.ഉ.(അച്ചടി)നം.33/2023/ത.സ്വ.ഭ.വ | 03-06-2023 | അല്ല |
| 12 | 633/2023 | സ.ഉ.(അച്ചടി)നം.34/2023/ത.സ്വ.ഭ.വ | 03-06-2023 | അല്ല |
| 13 | 654/2023 | ജി.ഒ.(പി)നം. 71/2023/ടാക്സസ് | 06-06-2023 | അല്ല |
| 14 | 655/2023 | ജി.ഒ.(പി)നം. 72/2023/ടാക്സസ് | 06-06-2023 | അല്ല |
| 15 | 764/2023 | ജി.ഒ.(പി)നം. 86/2023/ടാക്സസ് | 06-07-2023 | അല്ല |
| 16 | 770/2023 | ജി.ഒ.(പി)നം. 85/2023/ടാക്സസ് | 06-07-2023 | അല്ല |
| 17 | 804/2023 | സ.ഉ.(അച്ചടി)നം.36/2023/ത.സ്വ.ഭ.വ | 23-06-2023 | അല്ല |

## ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ. |
| 2 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | മലബാർ ഡിസ്റ്റില്ലറീസ് ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

## വീണ്ടും മേശപ്പുറത്ത് വയ്ക്കുന്ന
## 20-03-2023-നം മേശപ്പുറത്ത് വച്ചത്

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | തീയതി |
|---|---|---|---|
| 1 | 638/2020 | ജി.ഒ.(പി)നം.56/2020/എൽ.എസ്.ജി.ഡി. | 24-09-2020 |
| 2 | 282/2023 | ജി.ഒ.(പി)നം.24/2023/ടി.ഡി. | 01-03-2023 |
| 3 | 283/2023 | ജി.ഒ.(പി)നം.25/2023/ടി.ഡി. | 01-03-2023 |
| 4 | 284/2023 | ജി.ഒ.(പി)നം.26/2023/ടി.ഡി. | 01-03-2023 |
| 5 | 285/2023 | ജി.ഒ.(പി)നം.27/2023/ടി.ഡി. | 01-03-2023 |

IX. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

## i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 708/2020 | സ.ഉ.(പി)നം.19/2020/കൃഷി | 13-10-2020 | അതെ |
| 2 | 273/2021 | സ.ഉ.(അച്ചടി)നം.4/2021/കൃഷി | 26-02-2021 | അതെ |

## ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2018-2019 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് | 2020-2021 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് | അതെ |

| | | | | |
|---|---|---|---|---|
| | | | റിപ്പോർട്ടും | |
| 3. | കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ | 2022-2023 | വാർഷിക റിപ്പോർട്ടും വാർഷിക കണക്കും | അല്ല |
| 4. | കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ | 2021-2022 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 5. | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് | 2016-2017 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 6 | കേരള കാർഷിക സർവ്വകലാശാല | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 7. | കേരള കാർഷിക സർവ്വകലാശാല | 2019-2020 | ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 8. | കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ഹോർട്ടികോർപ്പ്) | 2019-2020 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 9. | കേരള കാർഷിക സർവ്വകലാശാല | 2020-2021 | ഓഡിറ്റ് റിപ്പോർട്ട് | അതെ. |
| 10. | കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ | 2021-2022 | വാർഷിക റിപ്പോർട്ടും വാർഷിക കണക്കും | അതെ. |
| 11. | ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ. |

X പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 143/2023 | ജി.ഒ.(പി)നം.23/2023/ആർ.ഡി. | 27-01-2023 | അല്ല |
| 2 | 183/2023 | ജി.ഒ.(പി)നം.32/2023/ആർ.ഡി. | 04-02-2023 | അല്ല |
| 3 | 194/2023 | ജി.ഒ.(പി)നം.38/2023/ആർ.ഡി. | 08-02-2023 | അല്ല |
| 4 | 298/2023 | ജി.ഒ.(പി)നം.63/2023/ആർ.ഡി. | 24-02-2023 | അല്ല |
| 5 | 505/2023 | ജി.ഒ.(പി)നം.03/2022/ബി.സി.ഡി.ഡി. | 08-12-2022 | അല്ല |

XI തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 371/2023 | സ.ഉ.(അച്ചടി)നം.2/2023/സാം.ക.വ. | 09-03-2023 | അല്ല |
| 2 | 736/2023 | ജി.ഒ.(പി)നം.3/2023/സി.എൽ.എ.ഡി. | 16-06-2023 | അല്ല |

## ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ. |

XII സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 842/2020 | ജി.ഒ.(പി)നം.156/2020/കോ-ഓപ്പ് | 20-11-2020 | അതെ |
| 2 | 518/2021 | ജി.ഒ.(പി)നം.87/2021/കോ-ഓപ്പ് | 05-06-2021 | അതെ |
| 3 | 192/2023 | ജി.ഒ.(പി)നം.33/2023/കോ-ഓപ്പ് | 06-02-2023 | അല്ല |
| 4 | 248/2023 | ജി.ഒ.(പി)നം.21/2023/ടാക്സസ് | 21-02-2023 | അല്ല |
| 5 | 249/2023 | ജി.ഒ.(പി)നം.22/2023/ടാക്സസ് | 21-02-2023 | അല്ല |
| 6 | 262/2023 | ജി.ഒ.(പി)നം.46/2023/കോ-ഓപ്പ് | 25-02-2023 | അല്ല |
| 7 | 263/2023 | ജി.ഒ.(പി)നം.43/2023/കോ-ഓപ്പ് | 24-02-2023 | അല്ല |
| 8 | 270/2023 | ജി.ഒ.(പി)നം.44/2023/കോ-ഓപ്പ് | 25-02-2023 | അല്ല |
| 9 | 271/2023 | ജി.ഒ.(പി)നം.45/2023/കോ-ഓപ്പ് | 25-02-2023 | അല്ല |
| 10 | 274/2023 | ജി.ഒ.(പി)നം.41/2023/കോ-ഓപ്പ് | 21-02-2023 | അല്ല |
| 11 | 275/2023 | ജി.ഒ.(പി)നം.42/2023/കോ-ഓപ്പ് | 21-02-2023 | അല്ല |
| 12 | 321/2023 | ജി.ഒ.(പി)നം.66/2023/കോ-ഓപ്പ് | 09-03-2023 | അല്ല |
| 13 | 322/2023 | ജി.ഒ.(പി)നം.64/2023/കോ-ഓപ്പ് | 09-03-2023 | അല്ല |
| 14 | 323/2023 | ജി.ഒ.(പി)നം.65/2023/കോ-ഓപ്പ് | 09-03-2023 | അല്ല |
| 15 | 333/2023 | ജി.ഒ.(പി)നം.62/2023/കോ-ഓപ്പ് | 06-03-2023 | അല്ല |
| 16 | 354/2023 | ജി.ഒ.(പി)നം.63/2023/കോ-ഓപ്പ് | 08-03-2023 | അല്ല |
| 17 | 366/2023 | ജി.ഒ.(പി)നം.70/2023/കോ-ഓപ്പ് | 11-03-2023 | അല്ല |

| | | | | |
|---|---|---|---|---|
| 18 | 370/2023 | ജി.ഒ.(പി)നം.74/2023/കോ-ഓപ്പ് | 14-03-2023 | അല്ല |
| 19 | 372/2023 | ജി.ഒ.(പി)നം.40/2023/ടാക്സസ് | 17-03-2023 | അല്ല |
| 20 | 373/2023 | ജി.ഒ.(പി)നം.77/2023/കോ-ഓപ്പ് | 15-03-2023 | അല്ല |
| 21 | 374/2023 | ജി.ഒ.(പി)നം.79/2023/കോ-ഓപ്പ് | 15-03-2023 | അല്ല |
| 22 | 380/2023 | ജി.ഒ.(പി)നം.81/2023/കോ-ഓപ്പ് | 17-03-2023 | അല്ല |
| 23 | 391/2023 | ജി.ഒ.(പി)നം.83/2023/കോ-ഓപ്പ് | 19-03-2023 | അല്ല |
| 24 | 392/2023 | ജി.ഒ.(പി)നം.84/2023/കോ-ഓപ്പ് | 19-03-2023 | അല്ല |
| 25 | 393/2023 | ജി.ഒ.(പി)നം.85/2023/കോ-ഓപ്പ് | 19-03-2023 | അല്ല |
| 26 | 394/2023 | ജി.ഒ.(പി)നം.80/2023/കോ-ഓപ്പ് | 15-03-2023 | അല്ല |
| 27 | 395/2023 | ജി.ഒ.(പി)നം.68/2023/കോ-ഓപ്പ് | 11-03-2023 | അല്ല |
| 28 | 396/2023 | ജി.ഒ.(പി)നം.69/2023/കോ-ഓപ്പ് | 11-03-2023 | അല്ല |
| 29 | 397/2023 | ജി.ഒ.(പി)നം.75/2023/കോ-ഓപ്പ് | 14-03-2023 | അല്ല |
| 30 | 398/2023 | ജി.ഒ.(പി)നം.76/2023/കോ-ഓപ്പ് | 14-03-2023 | അല്ല |
| 31 | 404/2023 | ജി.ഒ.(പി)നം.41/2023/ടാക്സസ് | 22-03-2023 | അല്ല |
| 32 | 410/2023 | ജി.ഒ.(പി)നം.71/2023/കോ-ഓപ്പ് | 14-03-2023 | അല്ല |
| 33 | 411/2023 | ജി.ഒ.(പി)നം.72/2023/കോ-ഓപ്പ് | 14-03-2023 | അല്ല |
| 34 | 412/2023 | ജി.ഒ.(പി)നം.73/2023/കോ-ഓപ്പ് | 14-03-2023 | അല്ല |
| 35 | 413/2023 | ജി.ഒ.(പി)നം.78/2023/കോ-ഓപ്പ് | 15-03-2023 | അല്ല |
| 36 | 420/2023 | ജി.ഒ.(പി)നം.45/2023/ടാക്സസ് | 25-03-2023 | അല്ല |
| 37 | 431/2023 | ജി.ഒ.(പി)നം.88/2023/കോ-ഓപ്പ് | 28-03-2023 | അല്ല |
| 38 | 452/2023 | ജി.ഒ.(പി)നം.89/2023/കോ-ഓപ്പ് | 31-03-2023 | അല്ല |
| 39 | 474/2023 | ജി.ഒ.(പി)നം.90/2023/കോ-ഓപ്പ് | 05-04-2023 | അല്ല |
| 40 | 481/2023 | ജി.ഒ.(പി)നം.91/2023/കോ-ഓപ്പ് | 10-04-2023 | അല്ല |
| 41 | 484/2023 | ജി.ഒ.(പി)നം.86/2023/കോ-ഓപ്പ് | 23-03-2023 | അല്ല |
| 42 | 494/2023 | ജി.ഒ.(പി)നം.93/2023/കോ-ഓപ്പ് | 17-04-2023 | അല്ല |
| 43 | 495/2023 | ജി.ഒ.(പി)നം.92/2023/കോ-ഓപ്പ് | 15-04-2023 | അല്ല |
| 44 | 501/2023 | ജി.ഒ.(പി)നം.94/2023/കോ-ഓപ്പ് | 20-04-2023 | അല്ല |
| 45 | 508/2023 | ജി.ഒ.(പി)നം.95/2023/കോ-ഓപ്പ് | 24-04-2023 | അല്ല |
| 46 | 511/2023 | ജി.ഒ.(പി)നം.96/2023/കോ-ഓപ്പ് | 26-04-2023 | അല്ല |
| 47 | 514/2023 | ജി.ഒ.(പി)നം.97/2023/കോ-ഓപ്പ് | 27-04-2023 | അല്ല |

| | | | | |
|---|---|---|---|---|
| 48 | 521/2023 | ജി.ഒ.(പി)നം.106/2023/കോ-ഓപ്പ് | 28-04-2023 | അല്ല |
| 49 | 525/2023 | ജി.ഒ.(പി)നം.107/2023/കോ-ഓപ്പ് | 29-04-2023 | അല്ല |
| 50 | 528/2023 | ജി.ഒ.(പി)നം.99/2023/കോ-ഓപ്പ് | 27-04-2023 | അല്ല |
| 51 | 538/2023 | ജി.ഒ.(പി)നം.103/2023/കോ-ഓപ്പ് | 28-04-2023 | അല്ല |
| 52 | 539/2023 | ജി.ഒ.(പി)നം.102/2023/കോ-ഓപ്പ് | 28-04-2023 | അല്ല |
| 53 | 540/2023 | ജി.ഒ.(പി)നം.101/2023/കോ-ഓപ്പ് | 28-04-2023 | അല്ല |
| 54 | 541/2023 | ജി.ഒ.(പി)നം.100/2023/കോ-ഓപ്പ് | 28-04-2023 | അല്ല |
| 55 | 542/2023 | ജി.ഒ.(പി)നം.98/2023/കോ-ഓപ്പ് | 27-04-2023 | അല്ല |
| 56 | 543/2023 | ജി.ഒ.(പി)നം.104/2023/കോ-ഓപ്പ് | 28-04-2023 | അല്ല |
| 57 | 544/2023 | ജി.ഒ.(പി)നം.108/2023/കോ-ഓപ്പ് | 30-04-2023 | അല്ല |
| 58 | 545/2023 | ജി.ഒ.(പി)നം.109/2023/കോ-ഓപ്പ് | 30-04-2023 | അല്ല |
| 59 | 546/2023 | ജി.ഒ.(പി)നം.110/2023/കോ-ഓപ്പ് | 30-04-2023 | അല്ല |
| 60 | 550/2023 | ജി.ഒ.(പി)നം.112/2023/കോ-ഓപ്പ് | 06-05-2023 | അല്ല |
| 61 | 560/2023 | ജി.ഒ.(പി)നം.113/2023/കോ-ഓപ്പ് | 06-05-2023 | അല്ല |
| 62 | 562/2023 | ജി.ഒ.(പി)നം.105/2023/കോ-ഓപ്പ് | 28-04-2023 | അല്ല |
| 63 | 563/2023 | ജി.ഒ.(പി)നം.111/2023/കോ-ഓപ്പ് | 04-05-2023 | അല്ല |
| 64 | 569/2023 | ജി.ഒ.(പി)നം.64/2023/ടാക്സസ് | 09-05-2023 | അല്ല |
| 65 | 571/2023 | ജി.ഒ.(പി)നം.115/2023/കോ-ഓപ്പ് | 10-05-2023 | അല്ല |
| 66 | 580/2023 | ജി.ഒ.(പി)നം.116/2023/കോ-ഓപ്പ് | 12-05-2023 | അല്ല |
| 67 | 589/2023 | ജി.ഒ.(പി)നം.118/2023/കോ-ഓപ്പ് | 17-05-2023 | അല്ല |
| 68 | 599/2023 | ജി.ഒ.(പി)നം.121/2023/കോ-ഓപ്പ് | 24-05-2023 | അല്ല |
| 69 | 600/2023 | ജി.ഒ.(പി)നം.122/2023/കോ-ഓപ്പ് | 24-05-2023 | അല്ല |
| 70 | 601/2023 | ജി.ഒ.(പി)നം.124/2023/കോ-ഓപ്പ് | 24-05-2023 | അല്ല |
| 71 | 602/2023 | ജി.ഒ.(പി)നം.123/2023/കോ-ഓപ്പ് | 24-05-2023 | അല്ല |
| 72 | 609/2023 | ജി.ഒ.(പി)നം.125/2023/കോ-ഓപ്പ് | 26-05-2023 | അല്ല |
| 73 | 614/2023 | ജി.ഒ.(പി)നം.120/2023/കോ-ഓപ്പ് | 17-05-2023 | അല്ല |
| 74 | 615/2023 | ജി.ഒ.(പി)നം.119/2023/കോ-ഓപ്പ് | 17-05-2023 | അല്ല |
| 75 | 619/2023 | ജി.ഒ.(പി)നം.128/2023/കോ-ഓപ്പ് | 29-05-2023 | അല്ല |
| 76 | 621/2023 | ജി.ഒ.(പി)നം.130/2023/കോ-ഓപ്പ് | 31-05-2023 | അല്ല |
| 77 | 623/2023 | ജി.ഒ.(പി)നം.129/2023/കോ-ഓപ്പ് | 30-05-2023 | അല്ല |

| | | | | |
|---|---|---|---|---|
| 78 | 626/2023 | ജി.ഒ.(പി)നം.134/2023/കോ-ഓപ്പ് | 02-06-2023 | അല്ല |
| 79 | 627/2023 | ജി.ഒ.(പി)നം.133/2023/കോ-ഓപ്പ് | 02-06-2023 | അല്ല |
| 80 | 628/2023 | ജി.ഒ.(പി)നം.135/2023/കോ-ഓപ്പ് | 02-06-2023 | അല്ല |
| 81 | 634/2023 | ജി.ഒ.(പി)നം.140/2023/കോ-ഓപ്പ് | 03-06-2023 | അല്ല |
| 82 | 635/2023 | ജി.ഒ.(പി)നം.131/2023/കോ-ഓപ്പ് | 01-06-2023 | അല്ല |
| 83 | 636/2023 | ജി.ഒ.(പി)നം.132/2023/കോ-ഓപ്പ് | 02-06-2023 | അല്ല |
| 84 | 637/2023 | ജി.ഒ.(പി)നം.136/2023/കോ-ഓപ്പ് | 03-06-2023 | അല്ല |
| 85 | 638/2023 | ജി.ഒ.(പി)നം.139/2023/കോ-ഓപ്പ് | 03-06-2023 | അല്ല |
| 86 | 640/2023 | ജി.ഒ.(പി)നം.137/2023/കോ-ഓപ്പ് | 03-06-2023 | അല്ല |
| 87 | 641/2023 | ജി.ഒ.(പി)നം.138/2023/കോ-ഓപ്പ് | 03-06-2023 | അല്ല |
| 88 | 642/2023 | ജി.ഒ.(പി)നം.126/2023/കോ-ഓപ്പ് | 29-05-2023 | അല്ല |
| 89 | 643/2023 | ജി.ഒ.(പി)നം.127/2023/കോ-ഓപ്പ് | 29-05-2023 | അല്ല |
| 90 | 647/2023 | ജി.ഒ.(പി)നം.141/2023/കോ-ഓപ്പ് | 07-06-2023 | അല്ല |
| 91 | 649/2023 | ജി.ഒ.(പി)നം.73/2023/ടാക്സസ് | 07-06-2023 | അല്ല |
| 92 | 650/2023 | ജി.ഒ.(പി)നം.74/2023/ടാക്സസ് | 07-06-2023 | അല്ല |
| 93 | 657/2023 | ജി.ഒ.(പി)നം.142/2023/കോ-ഓപ്പ് | 08-06-2023 | അല്ല |
| 94 | 659/2023 | ജി.ഒ.(പി)നം.117/2023/കോ-ഓപ്പ് | 17-05-2023 | അല്ല |
| 95 | 683/2023 | ജി.ഒ.(പി)നം.144/2023/കോ-ഓപ്പ് | 16-06-2023 | അല്ല |
| 96 | 686/2023 | ജി.ഒ.(പി)നം.145/2023/കോ-ഓപ്പ് | 16-06-2023 | അല്ല |
| 97 | 687/2023 | ജി.ഒ.(പി)നം.150/2023/കോ-ഓപ്പ് | 17-06-2023 | അല്ല |
| 98 | 691/2023 | ജി.ഒ.(പി)നം.149/2023/കോ-ഓപ്പ് | 17-06-2023 | അല്ല |
| 99 | 692/2023 | ജി.ഒ.(പി)നം.146/2023/കോ-ഓപ്പ് | 16-06-2023 | അല്ല |
| 100 | 693/2023 | ജി.ഒ.(പി)നം.147/2023/കോ-ഓപ്പ് | 16-06-2023 | അല്ല |
| 101 | 694/2023 | ജി.ഒ.(പി)നം.152/2023/കോ-ഓപ്പ് | 19-06-2023 | അല്ല |
| 102 | 695/2023 | ജി.ഒ.(പി)നം.148/2023/കോ-ഓപ്പ് | 17-06-2023 | അല്ല |
| 103 | 696/2023 | ജി.ഒ.(പി)നം.143/2023/കോ-ഓപ്പ് | 15-06-2023 | അല്ല |
| 104 | 697/2023 | ജി.ഒ.(പി)നം.151/2023/കോ-ഓപ്പ് | 17-06-2023 | അല്ല |
| 105 | 698/2023 | ജി.ഒ.(പി)നം.153/2023/കോ-ഓപ്പ് | 19-06-2023 | അല്ല |
| 106 | 715/2023 | ജി.ഒ.(പി)നം.156/2023/കോ-ഓപ്പ് | 24-06-2023 | അല്ല |
| 107 | 718/2023 | ജി.ഒ.(പി)നം.155/2023/കോ-ഓപ്പ് | 23-06-2023 | അല്ല |

| | | | | |
|---|---|---|---|---|
| 108 | 719/2023 | ജി.ഒ.(പി)നം.157/2023/കോ-ഓപ്പ് | 27-06-2023 | അല്ല |
| 109 | 737/2023 | ജി.ഒ.(പി)നം.159/2023/കോ-ഓപ്പ് | 04-07-2023 | അല്ല |
| 110 | 747/2023 | ജി.ഒ.(പി)നം.160/2023/കോ-ഓപ്പ് | 04-07-2023 | അല്ല |
| 111 | 749/2023 | ജി.ഒ.(പി)നം.162/2023/കോ-ഓപ്പ് | 07-07-2023 | അല്ല |
| 112 | 750/2023 | ജി.ഒ.(പി)നം.161/2023/കോ-ഓപ്പ് | 06-07-2023 | അല്ല |
| 113 | 752/2023 | ജി.ഒ.(പി)നം.164/2023/കോ-ഓപ്പ് | 07-07-2023 | അല്ല |
| 114 | 753/2023 | ജി.ഒ.(പി)നം.87/2023/ടാക്സസ് | 07-07-2023 | അല്ല |
| 115 | 754/2023 | ജി.ഒ.(പി)നം.88/2023/ടാക്സസ് | 07-07-2023 | അല്ല |
| 116 | 755/2023 | ജി.ഒ.(പി)നം.166/2023/കോ-ഓപ്പ് | 07-07-2023 | അല്ല |
| 117 | 756/2023 | ജി.ഒ.(പി)നം.165/2023/കോ-ഓപ്പ് | 07-07-2023 | അല്ല |
| 118 | 778/2023 | ജി.ഒ.(പി)നം.167/2023/കോ-ഓപ്പ് | 07-07-2023 | അല്ല |
| 119 | 787/2023 | ജി.ഒ.(പി)നം.168/2023/കോ-ഓപ്പ് | 15-07-2023 | അല്ല |
| 120 | 789/2023 | ജി.ഒ.(പി)നം.169/2023/കോ-ഓപ്പ് | 19-07-2023 | അല്ല |
| 121 | 813/2023 | ജി.ഒ.(പി)നം.171/2023/കോ-ഓപ്പ് | 26-07-2023 | അല്ല |
| 122 | 823/2023 | ജി.ഒ.(പി)നം.172/2023/കോ-ഓപ്പ് | 29-07-2023 | അല്ല |
| 123 | 840/2023 | ജി.ഒ.(പി)നം.175/2023/കോ-ഓപ്പ് | 03-08-2023 | അല്ല |
| 124 | 841/2023 | ജി.ഒ.(പി)നം.174/2023/കോ-ഓപ്പ് | 03-08-2023 | അല്ല |
| 125 | 842/2023 | ജി.ഒ.(പി)നം.173/2023/കോ-ഓപ്പ് | 03-08-2023 | അല്ല |

## വീണ്ടും മേശപ്പുറത്ത് വയ്ക്കുന്ന
## 20-03-2023-നം മേശപ്പുറത്തു വച്ചത്

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 246/2023 | ജി.ഒ.(പി)നം.40/2023/കോ-ഓപ്പ് | 18-02-2023 |
| 2 | 266/2023 | ജി.ഒ.(പി)നം.47/2023/കോ-ഓപ്പ് | 26-02-2023 |
| 3 | 267/2023 | ജി.ഒ.(പി)നം.48/2023/കോ-ഓപ്പ് | 26-02-2023 |
| 4 | 273/2023 | ജി.ഒ.(പി)നം.49/2023/കോ-ഓപ്പ് | 28-02-2023 |
| 5 | 291/2023 | ജി.ഒ.(പി)നം.57/2023/കോ-ഓപ്പ് | 03-03-2023 |
| 6 | 294/2023 | ജി.ഒ.(പി)നം.51/2023/കോ-ഓപ്പ് | 03-03-2023 |

| | | | |
|---|---|---|---|
| 7 | 295/2023 | ജി.ഒ.(പി)നം.54/2023/കോ-ഓപ്പ് | 03-03-2023 |
| 8 | 296/2023 | ജി.ഒ.(പി)നം.56/2023/കോ-ഓപ്പ് | 03-03-2023 |
| 9 | 297/2023 | ജി.ഒ.(പി)നം.55/2023/കോ-ഓപ്പ് | 03-03-2023 |
| 10 | 300/2023 | ജി.ഒ.(പി)നം.52/2023/കോ-ഓപ്പ് | 03-03-2023 |
| 11 | 301/2023 | ജി.ഒ.(പി)നം.53/2023/കോ-ഓപ്പ് | 03-03-2023 |
| 12 | 302/2023 | ജി.ഒ.(പി)നം.58/2023/കോ-ഓപ്പ് | 03-03-2023 |
| 13 | 303/2023 | ജി.ഒ.(പി)നം.59/2023/കോ-ഓപ്പ് | 03-03-2023 |
| 14 | 305/2023 | ജി.ഒ.(പി)നം.50/2023/കോ-ഓപ്പ് | 28-02-2023 |
| 15 | 313/2023 | ജി.ഒ.(പി)നം.61/2023/കോ-ഓപ്പ് | 06-03-2023 |
| 16 | 331/2023 | ജി.ഒ.(പി)നം.67/2023/കോ-ഓപ്പ് | 10-03-2023 |

XIII മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 34/2023 | ജി.ഒ.(പി)നം.1/2023/എഫ്&പി. | 07-01-2023 | അതെ |
| 2 | 36/2023 | ജി.ഒ.(പി)നം.2/2023/എഫ്&പി. | 07-01-2023 | അതെ |
| 3 | 98/2023 | ജി.ഒ.(പി)നം.25/2023/എഫ്&പി. | 17-01-2023 | അതെ |
| 4 | 161/2023 | ജി.ഒ.(പി)നം.26/2023/എഫ്&പി. | 30-01-2023 | അതെ |
| 5 | 205/2023 | ജി.ഒ.(പി)നം.27/2023/എഫ്&പി. | 13-02-2023 | അതെ |
| 6 | 259/2023 | ജി.ഒ.(പി)നം.29/2023/എഫ്&പി. | 23-02-2023 | അതെ |
| 7 | 444/2023 | ജി.ഒ.(പി)നം.35/2023/എഫ്&പി. | 22-03-2023 | അതെ |

| | | | | |
|---|---|---|---|---|
| 8 | 506/2023 | ജി.ഒ.(പി)നം.36/2023/എഫ്&പി. | 13-04-2023 | അല്ല |
| 9 | 517/2023 | ജി.ഒ.(പി)നം.37/2023/എഫ്&പി.ഡി. | 27-04-2023 | അല്ല |
| 10 | 624/2023 | ജി.ഒ.(പി)നം.38/2023/എഫ്&പി.ഡി. | 31-05-2023 | അല്ല |
| 11 | 629/2023 | ജി.ഒ.(പി)നം.39/2023/എഫ്&പി.ഡി. | 02-06-2023 | അല്ല |
| 12 | 663/2023 | ജി.ഒ.(പി)നം.40/2023/എഫ്&പി.ഡി. | 08-06-2023 | അല്ല |
| 13 | 726/2023 | സ.ഉ.(അച്ചടി)നം.41/2023/എഫ്&പി. | 30-06-2023 | അല്ല |
| 14 | 738/2023 | ജി.ഒ.(പി)നം.42/2023/എഫ്&പി.ഡി. | 01-07-2023 | അല്ല |
| 15 | 745/2023 | ജി.ഒ.(പി)നം.43/2023/എഫ്&പി. | 01-07-2023 | അല്ല |

## ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | മത്സ്യഫെഡ് | 2019-2020 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത കണക്കുകളും | അതെ |
| 2 | ജവഹർ ബാലഭവൻ, ആലപ്പുഴ | 2022-2023 | വാർഷിക റിപ്പോർട്ടും കണക്കുകളും | അല്ല |
| 3 | മത്സ്യഫെഡ് | 2020-2021 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത കണക്കുകളും | അതെ |
| 4 | കേരള ഫോക്‌ലോർ അക്കാദമി | 2022-2023 | വാർഷിക റിപ്പോർട്ട് | അല്ല |
| 5 | കേരള ജലകൃഷി വികസന ഏജൻസി (അഡാക്ക്) | 2015-2016 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 6 | കേരള ജലകൃഷി വികസന ഏജൻസി (അഡാക്ക്) | 2016-2017 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 7 | സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (FIRMA) | 2017-2018 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 8 | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ | 2017-2018 | വാർഷിക റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| | ലിമിറ്റഡ് | | | |

XIV ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു):

സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 720/2023 | ജി.ഒ.(പി)നം.3/2023/എസ്.ജെ.ഡി. | 26-06-2023 | അല്ല |

## ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കാലിക്കറ്റ് സർവ്വകലാശാല | 2022-2023 | വാർഷിക റിപ്പോർട്ട് | അല്ല |
| 2 | കേരള സർവ്വകലാശാല | 2021-2022 | വാർഷിക കണക്കുകൾ | അതെ |
| 3 | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 2021-2022 | വാർഷിക കണക്കുകൾ | അതെ |
| 4 | കാലിക്കറ്റ് സർവ്വകലാശാല | 2021-2022 | വാർഷിക കണക്കുകൾ | അതെ |

XV പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി):

സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 806/2022 | ജി.ഒ. (എം.എസ്.)നം.34/2022/എൽ.ബി.ആർ. | 08-08-2022 | അതെ |
| 2 | 203/2023 | ജി.ഒ.(പി)നം.22/2023/എൽ.ബി.ആർ. | 10-02-2023 | അല്ല |
| 3 | 269/2023 | ജി.ഒ.(പി)നം.29/2023/എൽ.ബി.ആർ. | 26-02-2023 | അല്ല |
| 4 | 304/2023 | ജി.ഒ.(പി)നം.27/2023/എൽ.ബി.ആർ. | 22-02-2023 | അല്ല |
| 5 | 375/2023 | ജി.ഒ.(പി)നം.33/2023/എൽ.ബി.ആർ. | 14-03-2023 | അല്ല |
| 6 | 378/2023 | ജി.ഒ.(പി)നം.34/2023/എൽ.ബി.ആർ. | 14-03-2023 | അല്ല |
| 7 | 426/2023 | ജി.ഒ.(പി)നം.35/2023/എൽ.ബി.ആർ. | 27-03-2023 | അല്ല |
| 8 | 458/2023 | ജി.ഒ.(പി)നം.36/2023/എൽ.ബി.ആർ. | 31-03-2023 | അല്ല |
| 9 | 469/2023 | ജി.ഒ.(പി)നം.37/2023/എൽ.ബി.ആർ. | 03-04-2023 | അല്ല |
| 10 | 475/2023 | ജി.ഒ.(പി)നം.38/2023/എൽ.ബി.ആർ. | 04-04-2023 | അല്ല |
| 11 | 489/2023 | ജി.ഒ.(പി)നം.40/2023/എൽ.ബി.ആർ. | 12-04-2023 | അല്ല |
| 12 | 498/2023 | ജി.ഒ.(പി)നം.41/2023/എൽ.ബി.ആർ. | 17-04-2023 | അല്ല |
| 13 | 500/2023 | ജി.ഒ.(പി)നം.39/2023/എൽ.ബി.ആർ. | 12-04-2023 | അല്ല |
| 14 | 598/2023 | ജി.ഒ.(പി)നം.46/2023/എൽ.ബി.ആർ. | 24-05-2023 | അല്ല |
| 15 | 604/2023 | ജി.ഒ.(പി)നം.45/2023/എൽ.ബി.ആർ. | 19-05-2023 | അല്ല |
| 16 | 639/2023 | ജി.ഒ.(പി)നം.47/2023/എൽ.ബി.ആർ. | 02-06-2023 | അല്ല |
| 17 | 675/2023 | സ.ഉ.(അച്ചടി)നം.49/2023/തൊഴിൽ | 15-06-2023 | അല്ല |
| 18 | 706/2023 | ജി.ഒ.(പി)നം.50/2023/എൽ.ബി.ആർ. | 19-06-2023 | അല്ല |
| 19 | 713/2023 | ജി.ഒ.(പി)നം.51/2023/എൽ.ബി.ആർ. | 22-06-2023 | അല്ല |
| 20 | 722/2023 | ജി.ഒ.(പി)നം.52/2023/എൽ.ബി.ആർ. | 22-06-2023 | അല്ല |
| 21 | 725/2023 | സ.ഉ.(അച്ചടി)നം.53/2023/തൊഴിൽ | 26-06-2023 | അല്ല |

## ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് | 2018-2019 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2020-2021 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 3 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2021-2022 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

## വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു:
## 20-03-2023-നം മേശപ്പുറത്തു വച്ചത്.

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 252/2023 | ജി.ഒ.(പി)നം.28/2023/എൽ.ബി.ആർ. | 22-02-2023 |
| 2 | 264/2023 | ജി.ഒ.(പി)നം.30/2023/എൽ.ബി.ആർ. | 27-02-2023 |
| 3 | 265/2023 | ജി.ഒ.(പി)നം.26/2023/എൽ.ബി.ആർ. | 16-02-2023 |
| 4 | 319/2023 | ജി.ഒ.(പി)നം.32/2023/എൽ.ബി.ആർ. | 06-03-2023 |

XVI മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |

| | | | | |
|---|---|---|---|---|
| 1 | 199/2023 | ജി.ഒ.(പി)നം.1/2023/ഡി.ഡി. | 09-02-2023 | അല്ല |
| 2 | 467/2023 | ജി.ഒ.(പി)നം.3/2023/ഡി.ഡി. | 31-03-2023 | അല്ല |
| 3 | 605/2023 | സ.ഉ.(അച്ചടി)നം.4/2023/ഡി.ഡി. | 24-05-2023 | അല്ല |
| 4 | 645/2023 | ജി.ഒ.(പി)നം.5/2023/ഡി.ഡി. | 03-06-2023 | അല്ല |

## ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) | 2015-2016 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് | 2017-2018 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | കേരള ഫീഡ്സ് ലിമിറ്റഡ് | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് | 2018-2019 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 5 | കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് | 2019-2020 | ആഡിറ്റ് റിപ്പോർട്ട് | അതെ |

XVII ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 447/2023 | ജി.ഒ.(പി)നം.4/2023/ട്രാൻസ് | 30-03-2023 | അല്ല |
| 2 | 450/2023 | ജി.ഒ.(പി)നം.6/2023/ട്രാൻസ് | 31-03-2023 | അല്ല |
| 3 | 451/2023 | ജി.ഒ.(പി)നം.5/2023/ട്രാൻസ് | 31-03-2023 | അല്ല |
| 4 | 537/2023 | ജി.ഒ.(പി)നം.13/2023/ട്രാൻസ് | 03-05-2023 | അല്ല |
| 5 | 620/2023 | ജി.ഒ.(പി)നം.14/2023/ട്രാൻസ് | 30-05-2023 | അല്ല |
| 6 | 707/2023 | ജി.ഒ.(പി)നം.15/2023/ട്രാൻസ് | 23-06-2023 | അല്ല |
| 7 | 724/2023 | ജി.ഒ.(പി)നം.18/2023/ട്രാൻസ് | 30-06-2023 | അല്ല |

XVIII ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 503/2023 | സ.ഉ.(അച്ചടി)നം.11/2023/ആ.കു.വ. | 11-03-2023 | അല്ല |

## ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |

| | | | | |
|---|---|---|---|---|
| 1 | ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) കേരള ലിമിറ്റഡ് (ഔഷധി) | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള വനിതാ കമ്മീഷൻ | 2019-2020 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |

XIX ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 518/2023 | ജി.ഒ.(എം.എസ്.)നം.1/2023/സി.എ.ഡി. | 29-03-2023 | അല്ല |

## വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു:

## 20-03-2023-നം മേശപ്പുറത്തു വച്ചത്.

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 268/2023 | സ.ഉ.(പി)നം.3/2023/സി.എ.ഡി. | 24-02-2023 |
| 2 | 276/2023 | ജി.ഒ.(പി)നം.4/2023/സി.എ.ഡി. | 01-03-2023 |
| 3 | 277/2023 | ജി.ഒ.(പി)നം.5/2023/സി.എ.ഡി. | 01-03-2023 |

XX ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 438/2023 | ജി.ഒ.(പി.)നം.98/2023/ആർ.ഡി. | 29-03-2023 | അല്ല |

## ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |

| | | | | |
|---|---|---|---|---|
| 1 | കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി | 2021-2022 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

XXI നിയമസഭാ സെക്രട്ടറി (ശ്രീ. എ. എം. ബഷീർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ആക്ടിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2023 | 13 | 2023-ലെ കേരള ധനവിനിയോഗ ആക്ട് |
| 2 | 2023 | 14 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (സെക്കൻഡ് അമെൻഡ്മെന്റ്) ആക്റ്റ്, 2022 |
| 3 | 2023 | 15 | 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ആക്റ്റ് |
| 4 | 2023 | 16 | 2023-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ആക്റ്റ് |
| 5 | 2023 | 17 | ദി കേരള ഫിനാൻസ് ആക്റ്റ്, 2023 |
| 6 | 2023 | 18 | 2023-ലെ ധനകാര്യ (2-ാം നമ്പർ) ആക്റ്റ് |
| 7 | 2023 | 19 | 2023-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് |
| 8 | 2023 | 20 | 2023-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് |

(2) ലിസ്റ്റ് 2 പ്രകാരം ചട്ടം 47(2) പ്രകാരമുള്ളത്

**(1)** മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 5211 പതിനൊന്നാം സമ്മേളനത്തിലെ 1967 പത്തൊൻപതാം സമ്മേളനത്തിലെ

1709 പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 102 നാലാം സമ്മേളനത്തിലെ 2054, 2075 അഞ്ചാം സമ്മേളനത്തിലെ 42, 106, 2043, 3705 എട്ടാം സമ്മേളനത്തിലെ 12, 45, 1995, 1968, 3831, 3840, 3842, 3843, 3844, 3917 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(2) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 833, എട്ടാം സമ്മേളനത്തിലെ 4623 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(3) റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1249 പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2318 ഏഴാം സമ്മേളനത്തിലെ 1302 പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 988 മൂന്നാം സമ്മേളനത്തിലെ 3317 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(4) ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 2910, 2912, 4719 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(5) വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 2646 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(6) ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 442 പത്താം സമ്മേളനത്തിലെ 339, 5991, പതിനൊന്നാം സമ്മേളനത്തിലെ 2337 പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 1731, 1739, 1778 മൂന്നാം സമ്മേളനത്തിലെ 4125, 4161 നാലാം സമ്മേളനത്തിലെ 459, 474, 477, 481, 483, 488, 496, 2408, 2409, 2411, 2457, 2477, 2479, 2481, 2483, 2496, 2502, 2528 അഞ്ചാം സമ്മേളനത്തിലെ 394, 403, 483, 486, 498, 524, 525, 530, 557, 2329, 2337, 2341, 2350, 2355, 2356, 2385,

2397, 2402, 2411, 2413, 2428, 2431, 2436, 4114, 4140, 4154, ഏഴാം സമ്മേളനത്തിലെ 448, 454, 456, 459, 468, 469, 470, 472, 473, 474, 475, 477, 478, 479, 480, 481, 482, 483, 484, 485, 486, 487, 488, 489, 490, 491, 492, 493, 494, 495, 496, 497, 498, 499, 500, 506, 507, 519, 532, 538, 549, 553, 560, 564, 578, 583, 586, 589, 615, 1302, 2578, 2582, 2595, 2597, 2639, 2647, 2665, 2667, 2670, 2671, 2674, 2679, 2693, 2698, 2704 എട്ടാം സമ്മേളനത്തിലെ 414, 415, 417, 418, 419, 420, 421, 422, 423, 424, 425, 426, 427, 428, 429, 430, 432, 433, 435, 437, 438, 439, 440, 441, 442, 443, 444, 445, 446, 447, 448, 449, 450, 451, 452, 453, 454, 455, 456, 457, 458, 459, 460, 461, 466, 469, 470, 471, 472, 473, 474, 475, 476, 477, 479, 480, 481, 483, 484, 485, 486, 487, 489, 490, 492, 493, 494, 495, 496, 497, 500, 502, 503, 504, 505, 506, 509, 512, 515, 516, 518, 519, 520, 521, 522, 523, 525, 527, 529, 530, 531, 532, 533, 534, 537, 540, 541, 543, 544, 545, 548, 550, 551, 552, 557, 558, 559, 560, 561, 562, 563, 564, 565, 566, 567, 572, 573, 574, 575, 576, 577,

578, 579, 580, 581, 582, 583, 584, 585, 586, 587, 588, 597, 1968, 2345, 2353, 2354, 2356, 2357, 2360, 2361, 2362, 2364, 2366, 2367, 2368, 2369, 2370, 2371, 2372, 2373, 2374, 2375, 2376, 2377, 2378, 2379, 2396, 2413, 2426, 2430, 2431, 2432, 2437, 2445, 4209, 4210, 4211, 4213, 4214, 4215, 4216, 4217, 4218, 4219, 4220, 4221, 4233, 4245, 4268, 4269, 4270, 4272, 4276, 4277, 4278, 4280, 4281, 4284, 4286, 4287, 4288, 4289, 4290, 4291, 4292, 4293, 4294, 4301, 4303, 4315, 4320, 5971, 5974, 5984, 5990, 5991, 5993, 5994, 5998, 5999, 6000, 6001, 6003, 6022, 6023, 6029, 6036, 6039, 6041, 6043, 6047, 6048, 6050, 6052, 6053, 6054, 6057, 6058, 6059, 6060, 6061, 6062, 6063, 6065, 6066, 6067, 6068, 6069, 6071, 6077, 6084, 6085 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(7) നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 2236 പതിനാലാം സമ്മേളനത്തിലെ 5887 പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 3717 പതിനൊന്നാം സമ്മേളനത്തിലെ 3816, 3817 പതിനാറാം സമ്മേളനത്തിലെ 552, 587, 2423 പതിനെട്ടാം സമ്മേളനത്തിലെ 546 പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 598 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(8) ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 3779, 5595 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ

മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(9) മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 2986 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(10) ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 1729 ഏഴാം സമ്മേളനത്തിലെ 2056 എട്ടാം സമ്മേളനത്തിലെ 3569, 5385, 5415 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും

അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(11) പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 6392 ഏഴാം സമ്മേളനത്തിലെ 1575 എട്ടാം സമ്മേളനത്തിലെ 5132 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(12) പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 4857 ഏഴാം സമ്മേളനത്തിലെ 1276, 1302, 1304, 1423 എട്ടാം സമ്മേളനത്തിലെ 5026, 5029, 5037, 6609 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത

ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(13) ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 2139 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(14) ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 2341 എട്ടാം സമ്മേളനത്തിലെ 5801 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

**(3) <u>ലിസ്റ്റ്-3 പ്രകാരം ചട്ടം 236(5) പ്രകാരമുള്ളത്</u>**

(1) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| 0.XIV – ആഭ്യന്തരകാര്യങ്ങൾ | 2020-21 | 5 | 159-165 |
| | 2021-22 | 1 | 130– 132,146,147, 150-152 |

(2) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX-തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2020-21 | 5 | 34 |

(3) വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII-വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2020-21 | 5 | 78 |
| | 2021-22 | 1 | 83 |

(4) നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV – വ്യവസായവും ധാതുക്കളും | 2018-19 | 3 | 2, 30 |
| | 2019-20 | 4 | 28, 29 |
| | 2021-22 | 1 | 1, 2,3,48 |

(5) കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I - കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2019-20 | 4 | 33, 34, 37 |
| II- ഭൂനികുതിയും ദേവസ്വവും | 2016-17 | 1 | 26 |

(6) ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI-വിദ്യാഭ്യാസം | 2020-21 | 5 | 46, 60 |
| | 2021-22 | 1 | 58, 62, 63, 64 |

(7) പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI-വിദ്യാഭ്യാസം | 2021-22 | 1 | 1-32 |
| VII-വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2021-22 | 1 | 16, 67 |

(8) മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I - കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2021-22 | 1 | 58-77 |

(9) ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം |
|---|---|

| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
|---|---|---|---|
| XII–ആരോഗ്യവും കുടുംബക്ഷേമവും | 2019-20 | 4 | 14,15,17,29 |

(10) ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VIII – സാമ്പത്തിക കാര്യങ്ങൾ | 2020-21 | 5 | 49 |
| | 2021-22 | 1 | 46 |

(4) ലിസ്റ്റ് 4 പ്രകാരം ചട്ടം 236 (6) പ്രകാരമുള്ളത്

(1) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം |
|---|---|

| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
|---|---|---|
| II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2020-21 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് |
| III- നീതിന്യായ നിർവ്വഹണം | 2020-21 (കാലതാമസ പത്രിക സഹിതം) | ആഭ്യന്തര വകുപ്പ് (ജുഡീഷ്യറി ) |
| II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2021-22 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് |
| III- നീതിന്യായ നിർവ്വഹണം | 2021-22 (കാലതാമസ പത്രിക സഹിതം) | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.-12) വകുപ്പ് (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ) |
| XVI - പെൻഷനും പലവകയും | 2021-22 (കാലതാമസ പത്രിക സഹിതം) | കായിക -യുവജനകാര്യ വകുപ്പ് (രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി ) |
| XVII-വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2021-22 (കാലതാമസ പത്രിക സഹിതം) | ശാസ്ത്രസാങ്കേതിക വകുപ്പ് (കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ) |
| XXXVII-വ്യവസായങ്ങൾ | 2021-22 (കാലതാമസ പത്രിക സഹിതം) | ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് (ടെക്നോപാർക്ക് തിരുവനന്തപുരം) |
| II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2022-23 | പൊതുഭരണ (ബഡ്ജറ്റ് വിംഗ് ) വകുപ്പ് |
| II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2022-23 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.11) വകുപ്പ് |
| II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2022-23 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (സംസ്ഥാന ആസൂത്രണ ബോർഡ്) |
| II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2022-23 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (K-DISC) |
| II - സംസ്ഥാന ഭരണത്തലവന്മാർ, | 2022-23 | പദ്ധതി നിർവ്വഹണ വിലയിരുത്തൽ |

| | | |
|---|---|---|
| മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥന്മാർ | | നിരീക്ഷണ വകുപ്പ് |
| II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2022-23 | ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് |
| II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2022-23 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (ഐ.എം.ജി.) |
| IV- തെരഞ്ഞെടുപ്പുകൾ | 2022-23 | ഇലക്ഷൻ വകുപ്പ് |
| XII- പോലീസ് | 2022-23 | പോലീസ് വകുപ്പ് |
| XII- പോലീസ് | 2022-23 | വിജിലൻസ് വകുപ്പ് |
| XIII- ജയിലുകൾ | 2022-23 | ആഭ്യന്തര വകുപ്പ് (ജയിലുകൾ) |
| XIV- സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2022-23 | പൊതുഭരണ വകുപ്പ് |
| XIV- സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2022-23 | അച്ചടി വകുപ്പ് |
| XIV- സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2022-23 | സ്റ്റേഷനറി വകുപ്പ് |
| XIV- സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2022-23 | ആഭ്യന്തര വകുപ്പ് (ഫയർ & റെസ്ക്യൂ) |
| XIV- സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2022-23 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗികഭാഷാ) വകുപ്പ് |
| XIV- സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2022-23 | പൊതുഭരണ (എ.ഐ.എസ്-എ.) വകുപ്പ് |
| XVI - പെൻഷനും പലവകയും | 2022-23 | സൈനിക ക്ഷേമ (എ) വകുപ്പ് |
| XVI - പെൻഷനും പലവകയും | 2022-23 | പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ് |
| XVII-വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2022-23 | പൊതുഭരണ (സർവ്വീസസ് ) വകുപ്പ് |
| XVII-വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2022-23 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ) |
| XXI-ഭവന നിർമ്മാണം | 2022-23 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് |

| | | |
|---|---|---|
| | | വകുപ്പ് |
| XXI-ഭവന നിർമ്മാണം | 2022-23 | സൈനിക ക്ഷേമ (എ) വകുപ്പ് |
| XXIII- വാർത്താ വിതരണവും പ്രചരണവും | 2022-23 | ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് |
| XXIV- തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2022-23 | കേരള പ്രവാസികാര്യ വകുപ്പ് |
| XXVIII -പലവക സാമ്പത്തിക സർവ്വീസുകൾ | 2022-23 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് (മുനിസിപ്പാലിറ്റികളിലെ ജനന -മരണ സ്ഥിതിവിവരക്കണക്ക് വിഭാഗം ശക്തിപ്പെടുത്തൽ) |
| XXVIII -പലവക സാമ്പത്തിക സർവ്വീസുകൾ | 2022-23 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് (സെൻസസ് സർവേയും സ്ഥിതിവിവരക്കണക്കുകളും |
| XXVIII -പലവക സാമ്പത്തിക സർവ്വീസുകൾ | 2022-23 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് [വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (വിവിഡ്)] |
| XXIX-കൃഷി | 2022-23 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് |
| XXIX-കൃഷി | 2022-23 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്) |
| XXXVII - വ്യവസായങ്ങൾ | 2022-23 | ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് (കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ) |
| XXXVII - വ്യവസായങ്ങൾ | 2022-23 | ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് |
| XXXVII - വ്യവസായങ്ങൾ | 2022-23 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് |
| XLI-ഗതാഗതം | 2022-23 | കോസ്റ്റൽ ഷിപ്പിംഗ്& ഇൻലാൻഡ് |

| | | |
|---|---|---|
| | | നാവിഗേഷൻ വകുപ്പ് (ഉൾനാടൻ ജലഗതാഗതം ) |
| XLV-പലവക വായ്പകളും മുൻകൂറുകളും | 2022-23 | പൊതുഭരണ (എ.ഐ.എസ്.-സി.) വകുപ്പ് |
| XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2022-23 | പൊതുഭരണ (ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ) വകുപ്പ് (ലാൻഡ് റവന്യൂ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ളത് ,ട്രഷറി വകുപ്പിന്റെ നിയന്ത്രണത്തിലുള്ളത് ) |
| XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2022-23 | ആഭ്യന്തര വകുപ്പ് |
| XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2022-23 | സൈനിക ക്ഷേമ വകുപ്പ് |

(2) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXV-പട്ടികജാതി/പട്ടികവർഗ്ഗ / മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2019-20 (കാലതാമസ പത്രിക സഹിതം) | പട്ടികവർഗ്ഗ വികസന വകുപ്പ് |
| XXV-പട്ടികജാതി/പട്ടികവർഗ്ഗ / മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2020-21 (കാലതാമസ പത്രിക സഹിതം) | പട്ടികവർഗ്ഗ വികസന വകുപ്പ് |
| XXV-പട്ടികജാതി/പട്ടികവർഗ്ഗ / മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2021-22 (കാലതാമസ പത്രിക സഹിതം) | പട്ടികവർഗ്ഗ വികസന വകുപ്പ് |
| XXV-പട്ടികജാതി/പട്ടികവർഗ്ഗ / മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2022-23 | പിന്നാക്ക വിഭാഗ വികസന വകുപ്പ് |

(3) റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXI-ഭവന നിർമ്മാണം | 2022-23 | ഭവന നിർമ്മാണ വകുപ്പ് (കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്) |

(4) ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ):സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX– കൃഷി (ചെറുകിട ജലസേചനം) | 2020 -21 (കാലതാമസ പത്രിക സഹിതം) | ജലവിഭവ വകുപ്പ് |
| XXXVIII-ജലസേചനം | | ജലവിഭവ വകുപ്പ്, ഇറിഗേഷൻ പ്രൊജക്ട് -1, ഇറിഗേഷൻ പ്രൊജക്ട്-2 , കുട്ടനാട് പാക്കേജ്, ഐ.ഡി.ആർ.ബി |
| XX-ശുദ്ധജലവിതരണവും ശുചീകരണവും | 2022-23 | കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസി (ജലനിധി -KRWSA) |

(5) വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| V-ചരക്ക സേവന നികുതിയും, കാർഷികാദായ നികുതിയും,വില്പന നികുതിയും | 2022-23 | ഊർജ്ജ വകുപ്പ് (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്) |
| XXXIX- വൈദ്യുത പദ്ധതികൾ | 2022-23 | ഊർജ്ജ വകുപ്പ് (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്) |
| XXXIX- വൈദ്യുത പദ്ധതികൾ | 2022-23 | ഊർജ്ജ വകുപ്പ് (എനർജി മാനേജ്മെന്റ് സെന്റർ - കേരള) |

(6) വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXIV- വനം | 2022-23 | വനം - വന്യജീവി വകുപ്പ് |

(7) ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥന്മാർ & | 2022-23 | ധനകാര്യ വകുപ്പ് |

| XVI - പെൻഷനും പലവകയും | | |
|---|---|---|
| XVI - പെൻഷനും പലവകയും | 2022-23 | നികുതി വകുപ്പ്<br>(കേരള സംസ്ഥാന ഭാഗ്യക്കുറി ) |

(8) നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII - വ്യവസായങ്ങൾ | 2016-17 | വ്യവസായ വകുപ്പ്<br>(വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ) |
| XXXVII - വ്യവസായങ്ങൾ | 2018-19<br>(കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ്<br>[കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSIDC Ltd)] |
| XXXVII - വ്യവസായങ്ങൾ | 2019-20<br>(കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ്<br>[കേരള റബ്ബർ ലിമിറ്റഡ് കമ്പനി (KRL)] |
| XXXVII - വ്യവസായങ്ങൾ | 2020-21<br>(കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ്<br>[കേരള റബ്ബർ ലിമിറ്റഡ് കമ്പനി (KRL)] |
| XXXVII - വ്യവസായങ്ങൾ | 2021-22<br>(കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ്<br>(കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് ) |
| XXXVII - വ്യവസായങ്ങൾ | 2021-22<br>(കാലതാമസ പത്രിക സഹിതം) | വ്യവസായ വാണിജ്യ വകുപ്പ് |
| XXXVII - വ്യവസായങ്ങൾ | 2022-23 | വ്യവസായ വകുപ്പ്<br>[ കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ)] |
| XXXVII - വ്യവസായങ്ങൾ | 2022-23 | വ്യവസായ വകുപ്പ്<br>(കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് ) |
| XXXVII - വ്യവസായങ്ങൾ | 2022-23 | വ്യവസായ വകുപ്പ് |

| | | |
|---|---|---|
| | | [കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ)] |
| XXXVII - വ്യവസായങ്ങൾ | 2022-23 | വ്യവസായ വകുപ്പ് (ദി ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡ്) |
| XXXVII - വ്യവസായങ്ങൾ | 2022-23 | വ്യവസായ വകുപ്പ് (ദി കേരള സിറാമിക്സ് ലിമിറ്റഡ്) |
| XXXVII - വ്യവസായങ്ങൾ | 2022-23 | വ്യവസായ വകുപ്പ് (കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്) |
| XXXVII - വ്യവസായങ്ങൾ | 2022-23 | വ്യവസായ വകുപ്പ് [കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി(KSACC)] |
| XXXVII - വ്യവസായങ്ങൾ | 2022-23 | വ്യവസായ വകുപ്പ് (കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് ) |
| XXXVII - വ്യവസായങ്ങൾ | 2022-23 | വ്യവസായ വകുപ്പ് [കേരള സ്റ്റേറ്റ് കാഷ്യു വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ -ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്( കാപ്പക്സ്)] |
| XXXVII - വ്യവസായങ്ങൾ | 2022-23 | വ്യവസായ വകുപ്പ് [കേരള റബ്ബർ ലിമിറ്റഡ് (KRL)] |
| XXXVII - വ്യവസായങ്ങൾ | 2022-23 | വ്യവസായ വകുപ്പ് (കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം ) |

(9) തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| | |
|---|---|
| | **വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം** |

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
|---|---|---|
| IV-തെരഞ്ഞെടുപ്പുകൾ | 2022-23 | തദ്ദേശ സ്വയംഭരണ(ഇ.എം)വകുപ്പ് (കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ) |

(10) കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX - കൃഷി | 2019-20 (കാലതാമസ പത്രിക സഹിതം) | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് (കേരള കാർഷിക സർവ്വകലാശാല ) |
| XXIX - കൃഷി | 2020-21 (കാലതാമസ പത്രിക സഹിതം) | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് (കേരള കാർഷിക സർവ്വകലാശാല ) |
| XXIX - കൃഷി | 2022-23 | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് |
| XXIX - കൃഷി | 2022-23 | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് (കേരള കാർഷിക സർവ്വകലാശാല) |
| XXIX - കൃഷി | 2022-23 | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് |
| XXIX - കൃഷി | 2022-23 | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് (സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള) |

(11) സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| VII-മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 2022-23 | നികുതി വകുപ്പ് (രജിസ്ട്രേഷൻ വകുപ്പ്, ട്രഷറി ഡയറക്ടറേറ്റ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് ) |
| XXVII-സഹകരണം | 2022-23 | സഹകരണ വകുപ്പ് |

(12) ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു):സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII-വിദ്യാഭ്യാസം , കായികവിനോദം, കല, സംസ്കാരം | 2021-22 (കാലതാമസ പത്രിക സഹിതം) | ഉന്നത വിദ്യാഭ്യാസ വകുപ്പ് |

(13) പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി):സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2020-21 (കാലതാമസ പത്രിക സഹിതം) | തൊഴിലും നൈപുണ്യവും വകുപ്പ് [കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്(KASE)] ) |
| XVIII-വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2022-23 | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |
| XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2022-23 | വ്യാവസായിക പരിശീലന വകുപ്പ് |
| XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2022-23 | തൊഴിലും നൈപുണ്യവും വകുപ്പ് |
| XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2022-23 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്) |
| XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2022-23 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്) |
| XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2022-23 | തൊഴിലും നൈപുണ്യവും വകുപ്പ് (വ്യാവസായിക ട്രിബ്യൂണലുകൾ, തൊഴിൽ കോടതികൾ) |
| XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2022-23 | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് |
| XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2022-23 | തൊഴിലും നൈപുണ്യവും വകുപ്പ് |
| XXIV - തൊഴിലും തൊഴിലാളി | 2022-23 | തൊഴിലും നൈപുണ്യവും വകുപ്പ് |

| | | |
|---|---|---|
| ക്ഷേമവും പ്രവാസി ക്ഷേമവും | | [കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് (കിലെ)<br>&<br>ഓവർസീസ് ഡെവലപ്മെന്റ് &എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ് (ഒഡെപെക്ക്)] |

(14) പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XV-പൊതുമരാമത്ത് | 2022-23 | പൊതുമരാമത്ത് വകുപ്പ് |

(15) മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXI - മൃഗസംരക്ഷണം | 2016 - 17 | മൃഗസംരക്ഷണ വകുപ്പ് (കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ലിമിറ്റഡ്) |

| | | |
|---|---|---|
| XXXI - മൃഗസംരക്ഷണം | 2016 - 17 | മൃഗസംരക്ഷണ വകുപ്പ് (കേരള ഫീഡ്സ് ലിമിറ്റഡ്) |
| XXXI - മൃഗസംരക്ഷണം | 2016 - 17 | മൃഗസംരക്ഷണ വകുപ്പ് (കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്) |
| XXXI - മൃഗസംരക്ഷണം | 2016 - 17 | മൃഗസംരക്ഷണ വകുപ്പ് (മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്) |
| XXXI - മൃഗസംരക്ഷണം | 2018-19 (കാലതാമസ പത്രിക സഹിതം) | മൃഗസംരക്ഷണ വകുപ്പ് (കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ലിമിറ്റഡ്) |
| XXXI - മൃഗസംരക്ഷണം | 2018-19 (കാലതാമസ പത്രിക സഹിതം) | മൃഗസംരക്ഷണ വകുപ്പ് (കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്) |
| XXXI - മൃഗസംരക്ഷണം | 2018-19 (കാലതാമസ പത്രിക സഹിതം) | മൃഗസംരക്ഷണ വകുപ്പ് (കേരള ഫീഡ്സ് ലിമിറ്റഡ്) |
| XXXI - മൃഗസംരക്ഷണം | 2018-19 (കാലതാമസ പത്രിക സഹിതം) | മൃഗസംരക്ഷണ വകുപ്പ് (മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്) |
| XXXII – ക്ഷീര വികസനം | 2019-20 (കാലതാമസ പത്രിക സഹിതം) | ക്ഷീരവികസന വകുപ്പ് |
| XXXI - മൃഗസംരക്ഷണം | 2021-22 (കാലതാമസ പത്രിക സഹിതം) | മൃഗസംരക്ഷണ വകുപ്പ് (കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്) |
| XXXI - മൃഗസംരക്ഷണം | 2021-22 (കാലതാമസ പത്രിക സഹിതം) | മൃഗസംരക്ഷണ വകുപ്പ് (മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്) |

(16) ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| IX-വാഹന നികുതികൾ ,<br>XLI - ഗതാഗതം | 2021-22<br>(കാലതാമസ പത്രിക സഹിതം) | ഗതാഗത വകുപ്പ് |
| XLI - ഗതാഗതം | 2022-23 | ഗതാഗത വകുപ്പ്<br>(കെ.എസ്.ആർ.ടി.സി.) |
| XLI - ഗതാഗതം | 2022-23 | ഗതാഗത വകുപ്പ്<br>(ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്) |

(17) ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2021-22<br>(കാലതാമസ പത്രിക സഹിതം) | വനിത ശിശു വികസന വകുപ്പ് |

(18) ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XI -ജില്ലാ ഭരണവും പലവകയും | 2022-23 | കേരള സംസ്ഥാന വഖഫ് ബോർഡ് |
| XVI - പെൻഷനും പലവകയും | 2022-23 | കേരള സംസ്ഥാന വഖഫ് ബോർഡ് |
| XVI - പെൻഷനും പലവകയും | 2022-23 | പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ് |
| XXI -ഭവന നിർമ്മാണം | 2022-23 | പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ വകുപ്പ്) |

## VII സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

### നിയമസഭാ നടപടിക്രമങ്ങളുടെ പരിഷ്കരണത്തിനായുള്ള അഡ്ഹോക് കമ്മിറ്റി റിപ്പോർട്ട്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, നിയമസഭാ നടപടിക്രമങ്ങളുടെ പരിഷ്കരണത്തിനായുള്ള അഡ്ഹോക് കമ്മിറ്റിയുടെ

അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2023 ആഗസ്റ്റ് 9 വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: പ്രമേയം അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

**VIII റിപ്പോർട്ടുകളുടെ സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭാനേതാവും കാര്യോപദേശക സമിതി അംഗവുമായ ഞാൻ സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) നിയമസഭാ നടപടിക്രമങ്ങളുടെ പരിഷ്കരണത്തിനായുള്ള അഡ്ഹോക് കമ്മിറ്റിയുടെ റിപ്പോർട്ട്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, നിയമസഭാ

നടപടിക്രമങ്ങളുടെ പരിഷ്കരണത്തിനായുള്ള അഡ്ഹോക് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**IX റിപ്പോർട്ട് പരിഗണന**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

**X അറിയിപ്പ്**

**കേരളീയം 2023**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : ചില പ്രധാനപ്പെട്ട കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. ഈ വർഷത്തെ (2023)

കേരള പിറവി ദിനമായ നവംബർ 1 മുതൽ ഒരാഴ്ച കാലയളവിൽ കേരളം ഇതുവരെ കൈവരിച്ച നേട്ടങ്ങളെയും നമ്മുടെ വിവിധ മേഖലകൾ നേരിടുന്ന പ്രശ്നങ്ങളെയും മുന്നോട്ടുള്ള സാധ്യതകളെയും കുറിച്ചുള്ള സംവാദങ്ങളും നമ്മുടെ തനതുവിഭവങ്ങളെയും സാംസ്കാരിക പൈതൃകത്തെയും കാർഷിക വ്യവസായ പുരോഗതിയെയും നൂതന സാങ്കേതിക വിദ്യാരംഗത്തെ നേട്ടങ്ങളെയും വിളിച്ചറിയിക്കുന്ന പ്രദർശനങ്ങളും സംഘടിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. കേരളത്തെ ലോകത്തിന് മുമ്പിൽ അവതരിപ്പിക്കുന്ന 'കേരളീയം 2023' എന്ന പരിപാടിയുടെ സംഘാടനം ഒരു ബൃഹത്തായ ഉദ്യമമാണ്. ഇതിന്റെ വിജയകരമായ നടത്തിപ്പിന് വിപുലമായ ഒരു സംഘാടക സമിതി രൂപീകരിക്കാനനുദ്ദേശിക്കുന്നു. ഈ സമിതിയിൽ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കറും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മുൻ മുഖ്യമന്ത്രിമാരായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. എ. കെ. ആന്റണി എന്നിവരും തിരുവനന്തപുരം ജില്ലയിലെ എം.എൽ.എ.-മാരും എം.പി.-മാരും മറ്റ് ജനപ്രതിനിധികളും കലാ-സാംസ്കാരിക രംഗത്തെ പ്രമുഖരും ഉൾപ്പെടുന്നതാണ്. ഇരുപതോളം

കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടാണ് 'കേരളീയം 2023' സംഘടിപ്പിക്കുന്നത്. സംഘാടക സമിതിയുടെ യോഗം 2023 ആഗസ്റ്റ് 14-ന് നിയമസഭയിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ചേരുവാനുദ്ദേശിക്കുന്നു. 'കേരളീയം 2023'-ന്റെ ഭാഗമായി ലോക പ്രശസ്തരായ വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധ മേഖലകളെപ്പറ്റി അർത്ഥവത്തായ സംവാദങ്ങൾ നടത്തുന്നതാണ്. ലോകശ്രദ്ധ ആകർഷിക്കുംവിധം കേരളം കൈവരിച്ച പുരോഗതിയും നിലവിൽ സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങളും നവകേരള സൃഷ്ടിക്കായി നടന്ന ശ്രമങ്ങളും സംവാദങ്ങളിൽ വിശകലനത്തിന് വിധേയമാകും. കാർഷിക രംഗം, ഫിഷറീസ്, ക്ഷീര മേഖലകൾ, ഭൂപരിഷ്കരണം, സഹകരണരംഗം, വ്യവസായം, വിവരസാങ്കേതികവിദ്യ, ടൂറിസം, തൊഴിൽ, കുടിയേറ്റം, പട്ടികജാതി-പട്ടികവർഗ്ഗ മേഖല, ഉന്നതവിദ്യാഭ്യാസ മേഖലകൾ, പൊതുജനാരോഗ്യം, ജനസൗഹൃദ പൊതുസേവനം, അധികാര വികേന്ദ്രീകരണവും പ്രാദേശിക സർക്കാരുകളും കേരളത്തിലെ സമ്പദ്ഘടന എന്നിവയെപ്പറ്റിയാണ് വിദഗ്ദ്ധർ ഉൾപ്പെടുന്ന സെമിനാറുകൾ സംഘടിപ്പിക്കുന്നത്. ഇതിൽനിന്നും ഉരുത്തിരിയുന്ന

ആശയങ്ങൾ ക്രോഡീകരിച്ചുകൊണ്ട് 'കേരളീയം 2023'-ന്റെ ഭാഗമായി നവകേരളത്തിനായുള്ള പരിപ്രേക്ഷ്യം അവതരിപ്പിക്കുന്നതാണ്. കേരളീയം 2023-ന്റെ ഭാഗമായി നമ്മുടെ വിവിധ കലാരൂപങ്ങളുടെ അവതരണം പൊതുജനങ്ങൾക്ക് ആസ്വദിക്കാനും കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെക്കുറിച്ച് മനസ്സിലാക്കാനുംവേണ്ടി കലാപ്രദർശനവും ഉണ്ടാകും. തിരുവനന്തപുരം നഗരത്തിൽ പൂർണ്ണമായും ഉത്സവപ്രതീതി ഉണർത്തുംവിധം കവടിയാർ മുതൽ കിഴക്കേക്കോട്ട വരെയുള്ള സ്ഥലങ്ങളിൽ മികച്ച ദീപാലങ്കാരവും പുസ്തകോത്സവം, ചലച്ചിത്രോത്സവം, പുഷ്പമേള എന്നിവയും ഉണ്ടാകുന്നതാണ്. കേരളീയം 2023-ന്റെ വിജയകരമായ നടത്തിപ്പിനായി എല്ലാവരുടെയും മികച്ച രീതിയിലുള്ള സഹായ സഹകരണങ്ങളും വിലപ്പെട്ട നിർദ്ദേശങ്ങളും ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**XI ഗവൺമെന്റ് പ്രമേയം (ചട്ടം 118 പ്രകാരമുള്ളത്)**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രമേയം സർക്കുലേറ്റ് ചെയ്തതാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ഔദ്യോഗിക നാമധേയം ഇന്ത്യൻ ഭരണഘടനയുടെ എട്ടാം പട്ടികയിൽ ഉൾപ്പെട്ട എല്ലാ ഭാഷകളിലും കേരളം

എന്നാക്കി മാറ്റാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്ന ചട്ടം 118 പ്രകാരമുള്ള പ്രമേയം അവതരിപ്പിക്കുകയാണ്.

"സംസ്ഥാനത്തിന്റെ പേര് ഭരണഘടനയിലും മറ്റ് ഔദ്യോഗിക രേഖകളിലും 'കേരളം' എന്നാക്കി മാറ്റൽ

നമ്മുടെ സംസ്ഥാനത്തിന്റെ നാമധേയം മലയാള ഭാഷയിൽ കേരളം എന്നാണ്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവൽക്കരിക്കപ്പെട്ടത് 1956 നവംബർ 1-നാണ്. കേരളപ്പിറവി ദിനവും നവംബർ 1-നാണ്. മലയാള ഭാഷ സംസാരിക്കുന്ന ജനവിഭാഗങ്ങൾക്കായി ഐക്യകേരളം രൂപപ്പെടണമെന്നത് ദേശീയ സ്വാതന്ത്ര്യസമര കാലം മുതൽ ശക്തിയായി ഉയർന്നുവന്നിരുന്ന ആവശ്യമാണ്. എന്നാൽ ഭരണഘടനയുടെ ഒന്നാം പട്ടികയിൽ നമ്മുടെ സംസ്ഥാനത്തിന്റെ പേര് 'കേരള' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് 'കേരളം' എന്നാക്കി ഭേദഗതിപ്പെടുത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ ഭരണഘടനയുടെ അനുച്ഛേദം 3 പ്രകാരം കൈക്കൊള്ളണമെന്നും ഭരണഘടനയുടെ എട്ടാം പട്ടികയിൽ പറയുന്ന എല്ലാ ഭാഷകളിലും നമ്മുടെ നാട് 'കേരളം' എന്ന

പേരിൽ മാറ്റണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ ഇല്ല)

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു.

(പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി)

**1.30 PM**

## XII നിയമനിർമ്മാണകാര്യം

### താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

### (i) 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ഇത് വളരെ ചെറിയ ഒരു ഭേദഗതിയാണ്. 1971-ലെ ഈ നിയമത്തിന്റെ ഭാഗമായ സെക്ഷൻ 6-ൽ ഒരു ചെറിയ ഭേദഗതി നിർദ്ദേശിക്കുക മാത്രമാണ് ചെയ്യുന്നത്. 6 എ. പ്രകാരം ഭേദഗതി നിയമം വരുന്ന തീയതി മുതൽ നിലവിലുള്ള വർഷാശനത്തിന്റെ മൂന്നിരട്ടിയായ 1,75,500/- രൂപ വീതം പത്തുവർഷക്കാലത്തേയ്ക്ക് വർദ്ധിപ്പിച്ചുനൽകാനും തുടർന്ന് തുക പുനർനിശ്ചയിച്ച് നൽകാനും സർക്കാരിന് അധികാരം നൽകുന്ന ഒരു പ്രത്യേകമായിട്ടുള്ള ഒരു ഭേദഗതി സെക്ഷൻ 6-ൽ ഉൾപ്പെടുത്താൻ

വേണ്ടിയാണ് ഈ നിർദ്ദേശം. ബാക്കി കാര്യങ്ങൾ ചർച്ചയ്ക്കുശേഷം പറയാം.

ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. വി. ജോയി): സർ, 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1971-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്ടിന്റെ 6-ാം വകുപ്പിൽ വരുത്തുന്ന ഒരു ഭേദഗതിയാണ് ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി ബിൽ അവതരിപ്പിച്ചുകൊണ്ട് സൂചിപ്പിച്ചത്. ഇതൊരു ചെറിയ ഭേദഗതിയാണ്. ഒരു വർഷം ഗവൺമെന്റ് 58,500/- രൂപയാണ് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് നൽകുന്നത്. അത് മൂന്നിരട്ടി വർദ്ധിപ്പിച്ചുകൊണ്ട് 1,75,500/- രൂപ വരുന്ന 10 വർഷത്തേയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ടാണ് ഭേദഗതി ബിൽ അവതരിപ്പിച്ചിരിക്കുന്നത്. തിരുവനന്തപുരം നഗരത്തിലെ പ്രസിദ്ധമായ മഹാവിഷ്ണു ക്ഷേത്രമാണ്

ശ്രീപത്മനാഭസ്വാമി ക്ഷേത്രം. നാഗത്തിന്റെ പുറത്ത് ശയിക്കുന്ന മഹാവിഷ്ണുവാണ് പ്രധാന പ്രതിഷ്ഠ. ഐതിഹ്യങ്ങളും ചരിത്രവും കെട്ടുപിണഞ്ഞുകിടക്കുന്നതാണ് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ചരിത്രം. 1374 മുതലുള്ള രേഖകൾ നിലവിൽ പുരാവസ്തു വകുപ്പിന്റെ കൈവശമുണ്ട്. 1729-ൽ രാജഭരണം ഏറ്റെടുത്ത അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ തൃപ്പടിദാനം ചടങ്ങുവഴി രാജ്യം ശ്രീപത്മനാഭന് സമർപ്പിക്കുകയുണ്ടായി. അന്നുമുതൽ ഏറ്റവും അവസാനത്തെ രാജാവായ ചിത്തിര തിരുനാൾ ബാലരാമവർമ്മവരെ പത്മനാഭ ദാസൻമാരായിട്ടാണ് രാജ്യം ഭരിച്ചിരുന്നതെന്ന് നമുക്കറിയാം. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം നാട്ടുരാജ്യങ്ങളെല്ലാം ഇന്ത്യൻ യൂണിയനോട് ചേർന്നപ്പോൾ നമ്മളും ഇന്ത്യൻ യൂണിയനോട് ചേർന്നു. അന്നൊരു ഉടമ്പടി ഉണ്ടാക്കിയിരുന്നു. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഭരണാവകാശം/മേൽനോട്ടം രാജാവിന്/പിന്തുടർച്ചകാർക്ക് നൽകണം എന്നതായിരുന്നു ആ ഉടമ്പടി. അങ്ങനെ ചിത്തിര തിരുനാൾ

ബാലരാമവർമ്മ നാട് നീങ്ങുന്നതുവരെ അത് തുടർന്നു. അതിനുശേഷം ഉത്രാടം തിരുനാൾ മഹാരാജാവ് ഭരണത്തിൽ വന്നു.

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തെ സംബന്ധിച്ച് ചില പ്രശ്നങ്ങൾ ഉയർന്നുവന്നത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അവിടത്തെ നിലവറകളിൽ വലിയ സമ്പത്ത് സ്വരൂപിച്ചിരുന്നു. ആ നിലവറകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് ചില പരാതികൾ ഉയർന്നുവന്നതിനെത്തുടർന്ന് ക്ഷേത്രഭരണത്തെ സംബന്ധിച്ചും മറ്റു കാര്യങ്ങളെ സംബന്ധിച്ചും ആ ക്ഷേത്രത്തിലെ യൂണിയനുകളും മുൻ ഐ.പി.എസ്. ഉദ്യോഗസ്ഥനായിരുന്ന ടി. പി. സുന്ദർരാജും (ഇന്ദിരാഗാന്ധിയുടെ സുരക്ഷാ വിംഗിൽ ഉണ്ടായിരുന്ന പ്രഗത്ഭനായ ഉദ്യോഗസ്ഥൻ) കോടതിയിൽ കേസ് ഫയൽ ചെയ്യേണ്ട സാഹചര്യം വന്നു. അതിന്റെയടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി അത് സർക്കാരിൽ നിലനിർത്തണമെന്ന് വിധി പുറപ്പെടുവിച്ചു. അതിനെതിരെ രാജകുടുംബം ബഹു. സുപ്രീംകോടതിയിൽ പോകുകയും ബഹു. സുപ്രീംകോടതി അത് സ്റ്റേ ചെയ്യുകയും ചെയ്തു. പിന്നീട് അവിടത്തെ പ്രവർത്തനങ്ങളാകെ നിയന്ത്രിക്കുന്നതിന്

അമിക്കസ്ക്യൂറിയായി ശ്രീ. ഗോപാൽ സുബ്രഹ്മണ്യത്തെയും ഓഡിറ്റ് നടത്തുന്നതിന് വിനോദ് റായിയെപ്പോലുള്ള ആളുകളെയും ചുമതലപ്പെടുത്തിയത് നമുക്കറിയാം. അതിനുശേഷം അവിടത്തെ നിലവറകൾ പരിശോധിച്ചു. അവിടെ ആറ് നിലവറകളാണുള്ളത്. അതിൽ 'ബി' നിലവറ ഒഴികെയുള്ള അഞ്ച് നിലവറകൾ പരിശോധിച്ചു. ആ പരിശോധനയുടെ അടിസ്ഥാനത്തിൽ, വജ്രങ്ങൾ, നീലക്കല്ലുകൾ, നെക്ലേസുകൾ തുടങ്ങി ഏതാണ്ട് ഒന്നര ലക്ഷം കോടി രൂപയുടെ സമ്പത്തുള്ള, ഇന്ത്യയിലെയും ലോകത്തിലെയും ഏറ്റവും സമ്പത്തുള്ള പ്രധാനപ്പെട്ട ക്ഷേത്രമായി ശ്രീപത്മനാഭസ്വാമി ക്ഷേത്രം മാറി. ചില പ്രത്യേക സാഹചര്യങ്ങളാൽ 'ബി' നിലവറ തുറന്നിട്ടില്ല. അതുകൂടി തുറന്നാൽ ഏകദേശം 2 ലക്ഷം കോടി രൂപയുടെ ആസ്തിയുള്ള ഏറ്റവും വലിയ സമ്പത്തുള്ള ക്ഷേത്രമായി ശ്രീപത്മനാഭസ്വാമി ക്ഷേത്രം മാറുമെന്ന കാര്യത്തിൽ സംശയമില്ല. രണ്ട് ലക്ഷം കോടി രൂപയുടെ സമ്പത്തുള്ള ഒരു ക്ഷേത്രത്തിന് സംസ്ഥാന സർക്കാർ പ്രതിവർഷം നൽകിക്കൊണ്ടിരുന്ന 58,500/- രൂപയാണ് ഈ ഭേദഗതിയിലൂടെ മൂന്നിരട്ടിയാക്കി 1,75,500/-രൂപ

നൽകാൻ തീരുമാനിച്ചിരിക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം, പൊതുവെ സംഘപരിവാർ ശക്തികൾ രാജ്യത്ത് പ്രത്യേകിച്ച് കേരളത്തിൽ പ്രചരിപ്പിക്കുന്നൊരു വാദമുണ്ട്. ഹിന്ദു ക്ഷേത്രങ്ങളിലെ സമ്പത്തുമുഴവൻ സർക്കാർ തോന്നിയപടി ചെലവിടുന്നുവെന്ന പച്ചക്കള്ളം കാലാകാലങ്ങളായി മുഴങ്ങി കേൾക്കുകയാണ്. ഏതാണ്ട് രണ്ട് ലക്ഷമോ അതിലധികമോ കോടി രൂപ ആസ്തിയുള്ള/സമ്പത്തുള്ള ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് കേരള ഗവൺമെന്റ് നിലവിൽ കൊടുത്തുകൊണ്ടിരിക്കുന്ന തുകയുടെ മൂന്നിരട്ടി ഒരു ഭേദഗതിയിലൂടെ നൽകുകയാണ്. ഹിന്ദു ക്ഷേത്രങ്ങളിലെ സമ്പത്തുമുഴവൻ ഇങ്ങനെ സംസ്ഥാന സർക്കാരുകൾ അല്ലെങ്കിൽ കേരള സർക്കാർ കൊള്ളയടിക്കുന്നു, വിശ്വാസികളുടെ പണം എടുക്കുന്നുവെന്ന ധ്വനി വരത്തക്കനിലയിൽ നമ്മുടെ നാട്ടിൽ നല്ല പ്രചാരണം നടത്തുകയാണ്. അത് കോൺഗ്രസ് ഗവൺമെന്റാണെങ്കിലും ഇടതുപക്ഷ ഗവൺമെന്റാണെങ്കിലും ഭക്തരുടെ പൈസ എടുത്തതായി ഒരു കാരണവശാലും രേഖകളിൽ കാണാൻ സാധിക്കുകയില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അതുവരെ 231.38 കോടി രൂപ സംസ്ഥാന ഖജനാവിൽനിന്ന് നൽകിയിട്ടുണ്ടെന്നാണ്

നിയമസഭയിൽ സമർപ്പിച്ച രേഖകളുടെയടിസ്ഥാനത്തിൽ അന്നത്തെ ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ പറഞ്ഞത്. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നതിനുശേഷം ഇക്കഴിഞ്ഞ ഏഴ് വർഷമായി (2016 മുതൽ 2023 ജൂലായ് 11 വരെ) 518,58,15,048/- രൂപയാണ് ദേവസ്വം വകുപ്പിന് നൽകിയിട്ടുള്ളത്. തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, കൂടൽമാണിക്യം ദേവസ്വം ബോർഡ് തുടങ്ങി ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ശബരിമല മാസ്റ്റർ പ്ലാൻ, ശബരിമല ശുചീകരണ പദ്ധതി, കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷണം തുടങ്ങി സംസ്ഥാന ഗവൺമെന്റ് ഏതാണ്ട് 519 കോടി രൂപ ഈ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നൽകിയിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. ഇത് നാം മനസ്സിലാക്കേണ്ട വസ്തുതയാണ്.

**[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി. എച്ച്. കുഞ്ഞമ്പു]**

കോവിഡ് കാലത്തും പ്രളയകാലത്തും ദേവസ്വം ബോർഡിന് സംസ്ഥാന ഗവൺമെന്റുകൾ പരമാവധി സഹായങ്ങൾ നൽകാൻ

പരിശ്രമിച്ചിട്ടുണ്ട്. ദേവസ്വം ബോർഡ് ഏറ്റെടുത്ത ക്ഷേത്രങ്ങളിൽനിന്നുള്ള വരുമാനം സർക്കാർ പൊതുഖജനാവിലേയ്ക്ക് മുതൽക്കൂട്ടുകയല്ല ചെയ്തത്. ദേവസ്വം ബോർഡുകളുണ്ടാക്കി പൊളിഞ്ഞുകിടന്ന ക്ഷേത്രങ്ങളെ പുനരുജ്ജീവിപ്പിക്കുവാനും പരിപാലിക്കുവാനും ആ തുക ഉപയോഗപ്പെടുത്തുകയാണ് പ്രധാനമായും ചെയ്തുകൊണ്ടിരിക്കുന്നത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, അങ്ങ് വളരെ വിശദമായി കേരളത്തിലെ ക്ഷേത്രങ്ങളുടെ ചരിത്രപരമായ പശ്ചാത്തലത്തെക്കുറിച്ച് സൂചിപ്പിച്ചു. വളരെയേറെ സമ്പന്നമായ ക്ഷേത്രമാണ് ശ്രീപത്മനാഭസ്വാമി ക്ഷേത്രം. കേരളത്തിൽ ദേവസ്വം ബോർഡിന്റെ കീഴിൽ തിരുവിതാംകൂറിൽത്തന്നെ 1300-ൽ ചില്വാനം ക്ഷേത്രങ്ങളുണ്ട്. അതിൽത്തന്നെ കാര്യമായ വരുമാനമില്ലാത്ത നിരവധി ക്ഷേത്രങ്ങളുണ്ട്. കേരളത്തിലെ ക്ഷേത്രങ്ങളുടെ നിരവധി ഭൂമി നഷ്ടപ്പെട്ടുപോയിട്ടുണ്ട്. ഇത് റവന്യൂ വകുപ്പിന്റെകൂടി പ്രധാനപ്പെട്ട ബിൽ ആണ്. നഷ്ടപ്പെട്ട ഭൂമിക്ക് കൃത്യമായ രേഖകളുമില്ല, പലതും തിരികെ പിടിക്കാൻ കഴിഞ്ഞിട്ടുമില്ല. അത് തിരികെ പിടിക്കാനുള്ള ശ്രമംകൂടി ഇതിനോടൊപ്പം ആരംഭിച്ചാൽ

വരുമാനമില്ലാത്ത ക്ഷേത്രങ്ങൾക്ക് അവരുടേതായ നിലപാടുകളിലേയ്ക്ക് പോകാൻ കഴിയും. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ജോയി: സർ, നേരത്തേ പലപ്രാവശ്യം ഇക്കാര്യം സഭയിൽ ഉന്നയിക്കപ്പെട്ടതാണ്. ബഹുമാനപ്പെട്ട ജി. സുധാകരൻ ദേവസ്വം വകുപ്പുമന്ത്രിയായിരിക്കുമ്പോൾ കേരളത്തിലും കേരളത്തിനുപുറത്തുമുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കൈവശമുള്ള ഭൂമികൾ ഏറ്റെടുക്കുന്നതിനുവേണ്ടി നല്ല പരിശ്രമം നടത്തിയിട്ടുണ്ട്. റവന്യൂ വകുപ്പും ഇക്കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്, അങ്ങ് സൂചിപ്പിച്ചതുപോലെ കൂടുതൽ ശ്രദ്ധ കൊണ്ടുവരുന്നതിന് നമുക്ക് സാധിക്കും. ഇപ്പോൾ തിരുവിതാംകൂർ ദേവസ്വത്തിന് മാത്രമായി 5500 ജീവനക്കാരുണ്ട്. മറ്റ് ദേവസ്വങ്ങളെല്ലാംകൂടി പതിനയ്യായിരത്തോളം ജീവനക്കാർ വരും. മാറിമാറി വരുന്ന കേരളത്തിലെ സർക്കാരുകൾ ഇത് പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ടെന്നുള്ളത് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

ദേവസ്വങ്ങളുടെ പ്രവർത്തനം സുതാര്യവും ജനകീയവും ആക്കുന്നതിനും വിശ്വാസികൾക്ക് കൂടുതൽ സൗകര്യങ്ങളും നൽകുന്നതിനും വേണ്ടിയാണ്

എൽ.ഡി.എഫ്. സർക്കാർ പ്രത്യേകമായി ശ്രദ്ധിച്ചിട്ടുള്ളത്. സർക്കാർ ഫണ്ട് നൽകുന്നത് ക്ഷേത്ര പുനർനിർമ്മാണം, ജീവനക്കാരുടെ ശമ്പളം, പെൻഷൻ തുടങ്ങിയവയ്ക്കാണ്. കേരളത്തിലെ ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾക്കായി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ദേവസ്വം നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക സംവരണം എൽ.ഡി.എഫ്. സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ 5 ദളിതർ അടക്കം ബ്രാഹ്മണേതര വിഭാഗത്തിൽനിന്നും 36 പൂജാരിമാർക്ക് നിയമനം നൽകാൻ എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചുവെന്നുള്ളത് ചരിത്രപരമായി ഓർമ്മിക്കപ്പെടേണ്ട ഒരു കാര്യമാണെന്ന് സൂചിപ്പിക്കുകയാണ്. 5 ദേവസ്വം ബോർഡുകളിലായി 3080 ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം, ഹരിതവൽക്കരണ പരിപാടികൾ, ഗുരുവായൂർ, കൊച്ചി ദേവസ്വങ്ങളുടെ കീഴിലുള്ള ഡയാലിസിസ് കേന്ദ്രങ്ങൾ, ആതുരശുശ്രൂഷാരംഗത്തേയ്ക്ക് കടന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ

ചെയ്യാൻ നമുക്ക് സാധിച്ചു. ഈ നാട് അയിത്തമുണ്ടായിരുന്ന നാടാണ്. പിന്നോക്ക ദളിത് വിഭാഗങ്ങളിൽപ്പെട്ടയാളുകളെ 'ഹോയ് ഹോയ്' വിളിച്ച് 50 അടിയും 100 അടിയും 200 അടിയും മാറ്റിനിർത്തിയിരുന്ന ഒരു കാലത്തുനിന്ന്, ക്ഷേത്രങ്ങളിൽ ആരാധനയ്ക്ക് അവരെ കയറ്റാതിരുന്ന ഒരു കാലത്തുനിന്ന് ഇന്ന് കാണുന്ന സൗകര്യങ്ങളിലേയ്ക്ക് അല്ലെങ്കിൽ ത്രപങ്ങളിലേയ്ക്ക് കേരളീയ സമൂഹത്തെ ഉയർത്തിക്കൊണ്ടുവരുന്നതിന് ഈ നാടും ഈ നാട്ടിലെ സാമൂഹിക പരിഷ്കർത്താക്കളും പുരോഗമനവാദികളായ ആളുകളും നടത്തിയിട്ടുള്ള ത്യാഗോജ്ജ്വലമായ പോരാട്ടങ്ങളുടെ ചരിത്രം നമ്മുടെ നാടിന് നന്നായി അറിയാവുന്നതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ എടുത്തിട്ടുള്ള ധീരമായ പ്രവർത്തനം ആ ചരിത്രത്തിന്റെ കൂടെ നാം ആലേഖനം ചെയ്യേണ്ടതാണ്. ശ്രീ. യദുകൃഷ്ണ വളഞ്ഞവട്ടം മഹാദേവക്ഷേത്രത്തിലെ ശ്രീകോവിലിലേയ്ക്ക് പൂജാരിയായി കയറിയ ചരിത്രം നമുക്ക് ഓർമ്മയുണ്ട്, ശ്രീ. യദുകൃഷ്ണ മുഴക്കിയത് മാറ്റത്തിന്റെ മണിനാദം ആയിരുന്നു. ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ മേൽശാന്തി നിയമനങ്ങളിൽനിന്നും മാറ്റിനിർത്തിയിരുന്ന വിഭാഗങ്ങളിൽ

ഉൾപ്പെടുന്നവരിൽ ഒരാളും പട്ടികജാതിക്കാരനുമായിരുന്ന ശ്രീ. യദുകൃഷ്ണ എന്ന പൂജാരി സംസ്ഥാനത്തിന്റെ ചരിത്രത്താളുകളിൽ ഇടംനേടിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ്. അങ്ങനെ ഏറ്റവും താഴെത്തട്ടിലുള്ള ആളുകൾക്ക് അപ്രാപ്യമായിരുന്ന ഒരു സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് കേരളത്തിൽ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ ആർജ്ജവത്തോടുകൂടി നടപടിയെടുത്തിട്ടുള്ള കാലഘട്ടമാണ് ഇതെന്നുകൂടി ഇതിന്റെ ഭാഗമായി കൂട്ടിച്ചേർക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു കാര്യം വളരെ വസ്തുതാപരമാണ്, രണ്ട് ലക്ഷം കോടി രൂപയിലധികം സമ്പത്തുള്ള ക്ഷേത്രത്തിനും സംസ്ഥാന സർക്കാർ വർഷാവർഷം അങ്ങോട്ട് പണം കൊടുക്കുന്ന തരത്തിലേയ്ക്കുള്ള ഒരു ഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇത് ചിലയാളുകളുടെ കണ്ണ് തുറപ്പിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഇന്നിവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു കാര്യം പറഞ്ഞു, എല്ലാം പാർട്ടി കോടതിയാണ്

തീരുമാനിക്കുന്നതെന്ന്, പക്ഷേ സ്വന്തം പാർട്ടിയിലെ കാര്യങ്ങൾ അദ്ദേഹം പറയുന്നില്ല. ബഹുമാനപ്പെട്ട ഷാഫി പറമ്പിൽ ഇവിടെയുണ്ട്, പാലക്കാട് നടന്ന യൂത്ത് കോൺഗ്രസിന്റെ സമ്മേളനത്തെക്കുറിച്ച് ഞങ്ങളെക്കൊണ്ട് പറയിപ്പിക്കരുത്. അവിടെ വിവേക് എച്ച്. നായർ എന്നയാളെക്കുറിച്ചും പരാതിക്കാരിയായ തിരുവനന്തപുരത്തുള്ള യൂത്ത് കോൺഗ്രസ് പ്രവർത്തകയുടെ പേരും അതുമായി ബന്ധപ്പെട്ട കാര്യവും എന്നെക്കൊണ്ട് പറയിപ്പിക്കരുത്. ഏത് കോടതിയാണ് നടപടിയെടുത്തത്? അതിനുശേഷം തിരുവനന്തപുരത്ത് ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഞാൻ പറയട്ടെ, ഞാൻ പറയുമ്പോൾ ശ്രീ. ഷാഫിക്ക് പൊള്ളേണ്ട കാര്യമില്ല. പോലീസ് എടുക്കുന്ന നിലപാടുകളെ സംബന്ധിച്ച് മുഖ്യമന്ത്രി പറഞ്ഞു, അതിന് മറുപടി പറയുന്നതെന്താണ്? മറുപടിയായി പറയുന്നത് ഇത്തരം ചില കാര്യങ്ങളാണ്. എന്നാൽ ആ കാര്യങ്ങളിൽ ഞങ്ങൾക്ക് പങ്കുണ്ടോ? ശ്രീ. ഷാഫി വേറെ ഗ്രൂപ്പായിരിക്കാമെന്നുള്ളതുകൊണ്ടാണ് അദ്ദേഹം അത് സൂചിപ്പിച്ചതെന്നാണ് എനിക്ക് തോന്നുന്നത്. എന്തായാലും അങ്ങനെയുള്ള കാര്യങ്ങൾ ഞങ്ങളെക്കൊണ്ട് പറയിപ്പിക്കരുതെന്ന് മാത്രം ഈ അവസരത്തിൽ ഞാൻ

വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഈ ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചുമതലപ്പെടുത്തിയ പ്രകാരം (ശ്രീ. എ. പി. അനിൽ കുമാർ): സർ, 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു ചെറിയ ഭേദഗതിയാണ് ഇതിലൂടെ കൊണ്ടുവരുന്നത്. പക്ഷേ അതിന് വിശാലമായ മാനങ്ങളുണ്ടെന്ന് പറയാതിരിക്കാൻ വയ്യ. 1971-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്ടിന്റെ 6-ാം വകുപ്പ് പ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വർഷാശനം (Annuity) ആനുകാലികമായി പുതുക്കി നിശ്ചയിക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്താനായി പ്രസ്തുത നിയമത്തിൽ പുതിയ വകുപ്പ് ചേർക്കുന്നതാണ്

ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് നൽകുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വർഷാശനം 58,500/- രൂപയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ അത് മൂന്നിരട്ടിയായി വർദ്ധിപ്പിക്കുകയാണ്. എനിക്ക് ഈ വർദ്ധനവുമായി ബന്ധപ്പെട്ട ഒരു കാര്യം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് സൂചിപ്പിക്കാനുണ്ട്. യഥാർത്ഥത്തിൽ ഭൂമിയും അനുബന്ധകാര്യങ്ങളുമൊക്കെ ദേവസ്വം ബോർഡിന്റേതാണെങ്കിലും ഇത് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടുവരുന്നതുകൊണ്ടുതന്നെയാണ് അദ്ദേഹം ഈ ബിൽ ഇവിടെ പൈലറ്റ് ചെയ്യുന്നത്. 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിൽ 2006-ൽ വരുത്തിയ ഒരു ഭേദഗതി പ്രകാരം വർഷാശനം മൂന്നിരട്ടിയായി വർദ്ധിപ്പിക്കുന്നതിനും ഓരോ 5 വർഷങ്ങൾക്കുശേഷം 25 ശതമാനം വർദ്ധനവ് വരുത്തുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ട് 67(എ) എന്ന പുതിയ വകുപ്പ് ചേർത്തിട്ടുണ്ട്. നമ്മൾ കൊണ്ടുവന്ന ആ ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ 5 വർഷത്തിലൊരിക്കൽ 25 ശതമാനം വർദ്ധനവ് എന്ന വ്യവസ്ഥ നിലനിൽക്കുകയാണ്. നിലവിലെ സാഹചര്യത്തിൽ ഭൂപരിഷ്കരണ നിയമത്തിന്റെ വകുപ്പ് 72-ൽ പരാമർശിക്കുന്ന

ഭൂമി നിക്ഷിപ്തമാക്കൽ വ്യവസ്ഥയിൽ  പണ്ടാരവക ഭൂമികൾ ഉൾപ്പെടുന്നുണ്ട്. സ്വാഭാവികമായും എന്റെ ഒരു ചിന്തയെന്ന് പറയുന്നത്, നിലവിലുള്ള അമന്റ്മെന്റിൽ ഇതുകൂടി വരികയില്ലേ എന്നതാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഇതുകൂടി വ്യക്തമാക്കണം. അങ്ങനെയാകുമ്പോൾ മുൻകാലങ്ങളിലെ സർക്കാരുകൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയനുസരിച്ച് 5 വർഷം കൊണ്ട് 25 ശതമാനം വർദ്ധനവ് നമുക്ക് വരുത്താൻ കഴിയില്ലേ? അത്തരത്തിലുള്ള നിയമം നിലനിൽക്കുമ്പോഴാണ് പുതിയ ഒരു ഭേദഗതി നമ്മൾ കൊണ്ടുവരുന്നത്. മാത്രമല്ല, 1971-ൽ ശ്രീപണ്ടാര വക ഭൂമികൾ നിക്ഷിപ്തമാക്കലിന് പ്രത്യേക നിയമനിർമ്മാണം കൊണ്ടുവന്നിട്ടുണ്ടെന്ന് അങ്ങ് തന്നെ സൂചിപ്പിച്ചിട്ടുണ്ട്. പക്ഷേ,  ഈ നിയമം നിലനിൽക്കുമ്പോൾ ഇക്കാര്യത്തിൽ എന്തുകൊണ്ട് ആപ്ലിക്കബിൾ ആകുന്നില്ലെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി  മറുപടിയിൽ പറയണമെന്നാണ് സൂചിപ്പിക്കുന്നത്. നിലവിലെ സാധനങ്ങളുടെ വില വർദ്ധനവനുസരിച്ച് വർഷാശനം പുതുക്കി നിശ്ചയിക്കുന്ന 1971-ലെ ശ്രീ പണ്ടാര വക ആക്റ്റിൽ  പുതിയ വ്യവസ്ഥ ചേർക്കുമ്പോൾ മൂന്നിരട്ടിയായി വർദ്ധിപ്പിക്കാനുള്ള സാഹചര്യം

നിൽക്കുമ്പോഴാണ് നമ്മൾ മൂന്ന് ഇരട്ടിയായി വർദ്ധിപ്പിക്കുന്നത്. 58,000/- രൂപ ഏതാണ്ട് 1,70,000/- രൂപയായാണ് വർദ്ധിപ്പിക്കുന്നത്. നമ്മുടെ തൊട്ടടുത്തുള്ള തമിഴ്നാട്ടിൽ ഏതാണ്ട് 10 തവണ ഈ വർദ്ധനവുണ്ടായെന്നാണ് പറയുന്നത്. പക്ഷേ നമ്മൾ കുറേ വർഷങ്ങൾക്കുശേഷം ആദ്യമായാണ് ഈ ഒരു വർദ്ധനവിലേയ്ക്ക് പോകുന്നത്. ഇതോടൊപ്പം എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ള മറ്റൊരു പ്രധാന കാര്യം, ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ടെന്ന് അങ്ങേയ്ക്കറിയാമല്ലോ; ഇത് യഥാർത്ഥത്തിൽ ഒരു ഗവൺമെന്റിന് കീഴിലുള്ള രണ്ട് വകുപ്പുകളായ റവന്യൂവും ദേവസ്വവും തമ്മിലുള്ള തർക്കങ്ങളാണ്. റവന്യൂ വകുപ്പിന് ലഭിക്കേണ്ട പണമാണെന്ന് റവന്യൂവും ദേവസ്വം ബോർഡിന് ലഭിക്കേണ്ട പണമാണെന്ന് ദേവസ്വം ബോർഡും പറയുന്നു. ദേശീയ പാതാവികസനത്തിനായി ഏറ്റെടുക്കുന്ന ക്ഷേത്ര ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് റവന്യൂ ഡിപ്പാർട്ട്മെന്റും ദേവസ്വം ബോർഡും തമ്മിലുള്ള തർക്കത്തിന്റെ പേരിൽ നഷ്ടപരിഹാരത്തുക ആർക്ക് കൈമാറണമെന്നുള്ള തീരുമാനമെടുക്കാൻ നാഷണൽ ഹൈവേ അതോറിറ്റിക്ക് ഇതുവരെ

സാധിച്ചിട്ടില്ലെന്നാണ് പറയുന്നത്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? ഏറ്റവുമധികം സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ഒന്നായി നമ്മുടെ ക്ഷേത്രങ്ങൾ മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ക്ഷേത്രഭൂമികൾ കൈമാറ്റം ചെയ്യുന്നതിലൂടെ ലഭിക്കുന്ന ഇത്രയും ഭീമമായ തുക ദേവസ്വം ബോർഡിന് നൽകുകയെന്ന തീരുമാനമെടുക്കുന്നതല്ലേ ഉചിതമെന്ന് അങ്ങ് പരിശോധിക്കണം. ഈ വിഷയം പല പ്രാവശ്യം ഗവൺമെന്റിന്റെ പരിഗണനയിൽ ചർച്ചയ്ക്ക് വരികയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേരിട്ട് രണ്ടുവകുപ്പുകളുടെയും യോഗം വിളിച്ച് അതുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുപോലും ഇപ്പോഴും നാഷണൽ ഹൈവേ അതോറിറ്റിയുടെ മുന്നിൽ ഈ പണം ആര് വാങ്ങണമെന്ന് തീരുമാനമായിട്ടില്ലെങ്കിൽ ഒരു ഗവൺമെന്റിന്റെ കുട്ടുത്തരവാദിത്തത്തിന്റെ തകർച്ചയായി മാത്രമേ അതിനെ കാണാൻ സാധിക്കുകയുള്ളൂ. ഇതിലുള്ള സാങ്കേതിക പ്രശ്നങ്ങളെല്ലാംതന്നെ അങ്ങേയ്ക്ക് അറിയാം. യഥാർത്ഥത്തിൽ ഈ ഭൂമികളെല്ലാംതന്നെ ക്ഷേത്രത്തിന്റെ കീഴിലുള്ള ഭൂമികളായിരുന്നു. ആളുകൾ കയ്യേറിയതിന്റെ ഫലമായി ആ ഭൂമി

പുറമ്പോക്ക് ഭൂമിയാകുകയും പുറമ്പോക്ക് ഭൂമി എന്നതുകൊണ്ട് അത് റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്നവെന്നുള്ളതുകൊണ്ടും നഷ്ടപരിഹാരത്തുക മുഴുവൻ റവന്യൂ വകുപ്പിന് ലഭിക്കണമെന്ന് പറയുമ്പോൾ അങ്ങയോട് എനിക്ക് സൂചിപ്പിക്കാനുള്ളത്, ഇതിനൊക്കെ അപ്പുറത്ത് കേരളത്തിലെ ക്ഷേത്രങ്ങളുടെ ദയനീയമായ, ദുരിതപൂർണ്ണമായ അവസ്ഥ അങ്ങേയ്ക്ക് അറിവുള്ളതാണ്. എന്നെ അത്ഭുതപ്പെടുത്തിയ ഒരു വിഷയം ശ്രീപത്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട് മലയാള മനോരമ ദിനപത്രത്തിൽ വന്ന ഒരു വാർത്തയാണ്. "പൂജാ സാധനങ്ങൾ നൽകില്ലെന്ന് കൺസ്യൂമർ ഫെഡ്, ശ്രീപത്മാനാഭസ്വാമി ക്ഷേത്രത്തിൽ നിത്യപൂജ മുടങ്ങുമെന്ന ആശങ്ക" ഏത് ക്ഷേത്രത്തെക്കുറിച്ചാണ് പറയുന്നത്; എത്രലക്ഷം കോടി രൂപ വിലമതിക്കുമെന്ന് തിട്ടപ്പെടുത്താൻ സാധിക്കാത്ത നിധിശേഖരമുള്ള അതിസമ്പന്നമായ ഈ ക്ഷേത്രത്തിന് കൺസ്യൂമർ ഫെഡ് പൂജാ സാധനങ്ങൾ കൊടുക്കാത്തതിനാൽ നിത്യപൂജ മുടങ്ങുന്നുവെന്ന് പറയുന്നതിലെ വൈരുദ്ധ്യം ഗവൺമെന്റ് ആലോചിക്കണം. പൂജാദ്രവ്യങ്ങൾ വാങ്ങിയ വകയിൽ ഏതാണ്ട് 73.57 ലക്ഷം രൂപ കൺസ്യൂമർ

ഫെഡിനുമാത്രം നൽകാനുണ്ടെന്നും അതിന്റെ പേരിൽ കൺസ്യൂമർ ഫെഡ് പൂജയ്ക്കാവശ്യമായ സാധനങ്ങൾ നൽകുന്നത് നിർത്തിവയ്ക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുവെന്നുമാണ് പറയുന്നത്. അതുപോലെ മറ്റൊരു സ്ഥാപനത്തിനുകൂടി ഇതുപോലെ പണം കൊടുക്കാനുണ്ട്. ഈ രണ്ട് സ്ഥാപനങ്ങളിൽനിന്നുമാണ് ക്ഷേത്രത്തിലേയ്ക്കാവശ്യമായ പൂജാസാധനങ്ങൾ വാങ്ങുന്നത്. അത്ഭുതപ്പെടുത്തുന്ന വാർത്തയാണിത്. കോവിഡ് നിയന്ത്രണങ്ങളെത്തുടർന്നുണ്ടായ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സംസ്ഥാന സർക്കാരിന്റെ സഹായം തേടിയെങ്കിലും ലഭിച്ചില്ലെന്നും സർക്കാർ സഹായിച്ചാൽ മാത്രമേ അഭൂതപൂർവ്വമായ ഈ പ്രതിസന്ധി മറികടക്കാൻ കഴിയുകയുള്ളൂവെന്നും ഗവൺമെന്റ് പലഘട്ടങ്ങളായി കൊടുത്ത 11.7 കോടി രൂപ എഴുതിത്തള്ളണമെന്നും ഭരണസമിതി ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. സംഘ്പരിവാറും ബി.ജെ.പി.യും ഉൾപ്പെടെയുള്ള രാഷ്ട്രീയപ്രസ്ഥാനങ്ങൾ നടത്തുന്ന പ്രചാരണം ക്ഷേത്രങ്ങളിൽ നിന്നുള്ള പണം ഗവൺമെന്റ് എടുക്കുന്നുവെന്നാണ്. ഒറ്റപ്പെട്ട സംഭവം ഒഴിച്ചുനിർത്തിയാൽ, എൽ.ഡി.എഫ്.

ഭരിച്ചാലും യു.ഡി.എഫ്. ഭരിച്ചാലും ക്ഷേത്രങ്ങൾക്ക് സർക്കാർ പണം കൊടുക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഒരിക്കൽമാത്രം, എൽ.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞ തവണ ഏതാനും കോടി രൂപ ഗുരുവായൂർ ക്ഷേത്രത്തിൽനിന്നും കടമെടുക്കാൻ തീരുമാനമെടുക്കുന്നതായി ഒരു വാർത്ത വന്നിരുന്നു. പിന്നീട് കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ വന്നപ്പോൾ ആ തുകയും എടുത്തിട്ടില്ല. അത്തരത്തിലൊരു ആലോചന നടന്നുവെന്നതൊഴിച്ചാൽ ഏത് ഗവൺമെന്റ് വന്നാലും ക്ഷേത്രങ്ങൾക്ക് അങ്ങോട്ട് തുക നൽകി സഹായിക്കുന്ന സമീപനമാണെടുക്കാറുള്ളത്. ക്ഷേത്രങ്ങളിൽനിന്നുള്ള പണം ഗവൺമെന്റ് എടുക്കുന്നൊരു സാഹചര്യമില്ല. ദേവസ്വം ബോർഡ് ഗവൺമെന്റിന് കീഴിലായതിനാൽ ദേവസ്വം ബോർഡിൽനിന്നും പണമെടുക്കുന്നത് മാറിവരുന്ന ഗവൺമെന്റുകളുടെ ജോലിയാണെന്നും ഹിന്ദുക്ഷേത്രങ്ങളെ നല്ല നിലയിൽ സംരക്ഷിക്കുന്നതിനുപകരം ക്ഷേത്രങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നുമുള്ള ബോധപൂർവ്വമായ പ്രചാരണം പുറത്ത് നടക്കുന്ന കാലഘട്ടമാണിത്. ഇന്നത്തെ കാലഘട്ടത്തിന്റെ പ്രത്യേകതയെക്കുറിച്ച്

ആലോചിക്കണം. ക്ഷേത്രങ്ങളും മതങ്ങളും മതവിശ്വാസങ്ങളുമാണ് ഇന്ന് രാഷ്ട്രീയത്തിലെ ഏറ്റവും വലിയ ആയുധങ്ങൾ. ദേശീയ തെരഞ്ഞെടുപ്പിനെ ഒരു ക്ഷേത്രത്തിന്റെ പേരിൽ നേരിടാൻ ഒരു പാർട്ടി കച്ചകെട്ടിയിറങ്ങിയിരിക്കുന്ന കാലഘട്ടമാണിത്.

ഡോ. കെ. ടി. ജലീൽ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ നടക്കുന്ന ദുഷ്പ്രചാരണങ്ങളെക്കുറിച്ച് പറഞ്ഞു. ക്ഷേത്രങ്ങളുടെ പണമെടുക്കുന്നുവെന്ന് പറയുന്നതോടൊപ്പംതന്നെ മദ്രസ അദ്ധ്യാപകർ ഉൾപ്പെടെയുള്ളവർക്ക് പൊതു ഖജനാവിൽനിന്നും ശമ്പളം നൽകുന്നുവെന്നതുൾപ്പെടെയുള്ള പ്രചാരണവും നടക്കുന്നുണ്ട്. കേരളത്തിലെ ഒരു മദ്രസയിലെ ഒരു അദ്ധ്യാപകനും ഒരു രൂപപോലും സംസ്ഥാന സർക്കാരിന്റെ ഖജനാവിൽനിന്നും നൽകുന്നില്ല. രണ്ടാം യു.പി.എ. സർക്കാർ സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെ തുടർന്ന് മദ്രസ നവീകരണത്തിനുവേണ്ടി ഇന്ത്യയിൽ തെരഞ്ഞെടുക്കപ്പെടുന്ന മദ്രസകൾക്ക് ഫണ്ട് നൽകിയിരുന്നു. അത് ഇപ്പോഴും നൽകുന്നുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പുമുഖേന മദ്രസകളുടെ കമ്പ്യൂട്ടർ ലാബ് സെറ്റ് ചെയ്യുന്നതിനുവേണ്ടിയാണ് പ്രധാനമായും പണം

നൽകുന്നത്. ആ സംഖ്യ ചൂണ്ടിക്കാണിച്ചാണ് നമ്മുടെ നാട്ടിൽ മദ്രസ അദ്ധ്യാപകർക്ക് സംസ്ഥാന സർക്കാർ ശമ്പളം നൽകുന്നുവെന്ന വിധത്തിൽ വ്യാജപ്രചാരണം നടത്തുന്നത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, അക്കാര്യം തന്നെയാണ് ഞാൻ സൂചിപ്പിച്ചത്. ഡോ. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായിരുന്നപ്പോഴാണ് സച്ചാർ കമ്മിറ്റി റിപ്പോർട്ടും അതിനനുബന്ധമായി ഇത്തരം കാര്യങ്ങളും കൊണ്ടുവന്നിട്ടുള്ളത്. ഇത്തരം പ്രചാരണങ്ങളാണ് ഇന്നത്തെ ദേശീയ രാഷ്ട്രീയത്തെ മുന്നോട്ടുകൊണ്ടുപോകുന്നത്. തെരഞ്ഞെടുപ്പ് രംഗത്തെ ഏറ്റവും വലിയ ആയുധം ക്ഷേത്രങ്ങളാകണമെന്ന കാഴ്ചപ്പാടുള്ള ഗവൺമെന്റാണ് ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്നത്. ബാബറി മസ്ജിദിന്റെ പ്രയാസങ്ങൾ അനുഭവിച്ച് തീർന്നിട്ടില്ല. അപ്പോഴാണ് മറ്റൊരു മസ്ജിദുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നത്. ആരാധനാലയങ്ങൾ തെരഞ്ഞെടുപ്പിന്റെയും രാഷ്ട്രീയത്തിന്റെയും മുഖ്യ ആയുധമായി ഉപയോഗിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം നിൽക്കുന്നത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെപ്പോലെയും സി. കേശവനെപ്പോലെയും

തന്റേടത്തോടുകൂടി അഭിപ്രായം പറയാൻ ഇന്നത്തെ കാലഘട്ടത്തിൽ സാധിക്കില്ല, ഇന്നത്തെ കാലഘട്ടത്തിന്റെ മാറ്റം വളരെ വലുതാണ്. ഈ കാലഘട്ടത്തിൽ വളരെ സൂക്ഷിച്ച് അഭിപ്രായപ്രകടനങ്ങൾ നടത്തിയില്ലെങ്കിൽ സംഘ്പരിവാറിനെപ്പോലെയുള്ളവർ ഇതൊരു ആയുധമാക്കി വർഗ്ഗീയ ധ്രുവീകരണത്തിനുള്ള സാഹചര്യമൊരുക്കും. ജനാധിപത്യത്തെയും മതേതരത്വത്തെയും അടിക്കാനുള്ള വടി നമ്മുടെ കൈകൾകൊണ്ട് സംഘ്പരിവാറിന് കൊടുക്കരുതെന്ന് അടിവരയിട്ട് പറയുന്നത് അതുകൊണ്ടാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, മദ്രസകളിലെ ജീവനക്കാർക്കും അദ്ധ്യാപകർക്കും മദ്രസകളുടെ സംരക്ഷണത്തിനും കേന്ദ്രസർക്കാർ മുൻകാലത്ത് ഫണ്ട് കൊടുത്തുവന്നിരുന്നത് ഇപ്പോഴും തുടരുന്നുണ്ടെന്ന് പറയുന്നത് സാങ്കേതികമായി ശരിയായിരിക്കാം. പള്ളികളും മദ്രസകളും ഉൾപ്പെടുന്ന ന്യൂനപക്ഷത്തിന്റെ യാതൊരു പ്രവർത്തനവും നടത്താൻ അനുവദിക്കാത്ത കേന്ദ്രസർക്കാരാണ് ഇപ്പോൾ ഇന്ത്യയിലുള്ളത്. അതുകൊണ്ടുതന്നെ സാങ്കേതികമായി കേന്ദ്ര ഗവൺമെന്റിൽ ഇത്

നിലനിൽക്കുന്നുണ്ടെന്ന് പറഞ്ഞ് സാമാന്യവൽക്കരിക്കുന്നത് ശരിയല്ലെന്ന അഭിപ്രായം താങ്കൾക്കില്ലേ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഇല്ലാത്ത കാര്യങ്ങൾപോലും സാമാന്യവൽകരിക്കുന്നതോ അല്ലെങ്കിൽ ബോധപൂർവ്വമായ പ്രചാരണം നടത്തുന്നതോ ആയ ഒരു കാലഘട്ടത്തിലാണെന്ന് ഞാൻ സൂചിപ്പിച്ചല്ലോ; ഡോ. കെ. ടി. ജലീൽ സൂചിപ്പിച്ചതുപോലെ മദ്രസകൾക്ക് കമ്പ്യൂട്ടറും മറ്റ് സാധനങ്ങളും അവയുടെ നവീകരണ പ്രക്രിയകൾക്കുംവേണ്ടിയാണ് കേന്ദ്രസർക്കാർ ഫണ്ട് നൽകുന്നത്. ഇത്തരത്തിലുള്ള എല്ലാ കാര്യങ്ങളും വളരെ സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. അതുകൊണ്ടാണ് ആ ഒരു സങ്കീർണ്ണത കൂടുതൽ വലുതാകണമെന്നും കൂടുതൽ ധ്രുവീകരണത്തിലേയ്ക്ക് പോകണമെന്നുമൊക്കെ ഇവിടെ പലരും ആഗ്രഹിക്കുന്നത്. ആ സാഹചര്യത്തിനനുസരിച്ച് എരിതീയിൽ എണ്ണയൊഴിക്കുന്ന സമീപനം ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നും ഒരിക്കലും ഉണ്ടാകരുതെന്നാണ് നമ്മൾ പറയുന്നത്. ഏറ്റവും പ്രയാസകരമായ സാഹചര്യത്തിലൂടെ ശ്രീപത്മനാഭ സ്വാമി ക്ഷേത്രം മുന്നോട്ട്

പോകുന്നുവെന്നതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്. കാരണം ആ ക്ഷേത്രത്തിന്റെ സാധ്യത ഏറ്റവും വലുതാണ്. എന്റെ വ്യക്തിപരമായ അഭിപ്രായമാണിത്. എത്ര ലക്ഷം കോടി രൂപയുടെ ആസ്തി/സ്വർണ്ണശേഖരമാണ് അവിടെയുള്ളതെന്ന് നമുക്കറിയില്ല. യഥാർത്ഥത്തിൽ ഇന്നത് സംരക്ഷിക്കുവാനുള്ള ചെലവ് വളരെ കൂടിവരികയാണ്. പഴയകാലത്തെപ്പോലെയല്ല, സാധാരണ അമ്പലങ്ങളിൽ പോകുന്ന ഭക്തന്മാർക്കുപോലും പ്രയാസമുണ്ടാകുന്ന സാഹചര്യമാണുള്ളത്. അവിടെ പോകുമ്പോൾ കാറിന്റെ താക്കോൽ പോലും കൈയിൽവച്ച് അകത്ത് കയറാൻ കഴിഞ്ഞില്ലെന്നാണ് എന്നോട് ഒരു വിശ്വാസി പറഞ്ഞത്. ക്ഷേത്രങ്ങളിലേയ്ക്ക് പോകുന്ന ആളുകൾക്ക് സൗകര്യക്കുറവുണ്ടാക്കുന്ന സാഹചര്യമാണുള്ളത്. എന്തുകൊണ്ടാണ് ഗവൺമെന്റ് ഇത്രയും വലിയൊരു നിധിശേഖരത്തിൽ കുറച്ചെങ്കിലും എക്സിബിറ്റ് ചെയ്യാനോ മ്യൂസിയമാക്കി മാറ്റി ജനങ്ങൾക്ക് കാണാനോ ഉള്ള അവസരമുണ്ടാക്കിക്കൊടുക്കാത്തത്?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഈ നിധിശേഖരം അവിടെയുണ്ടെന്ന് മനസ്സിലാക്കുകയും ലോകമാകെ അതറിയുകയും

ധാരാളമാളുകൾ ആ നിധിശേഖരം കാണാനായി വരികയും ചെയ്ത പശ്ചാത്തലത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതൊരു മ്യൂസിയമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിരുന്നു. ലോകനിലവാരത്തിലുള്ള സുരക്ഷാ സംവിധാനങ്ങളോടുകൂടി ഈ അപൂർവ്വമായിട്ടുള്ള നിധി ആളുകൾക്ക് കാണുന്നതിനും സ്വാഭാവികമായും ലോകത്തിന്റെ നാനാഭാഗത്തുനിന്നും സന്ദർശകരായ ധാരാളമാളുകൾ അനന്തപുരിയിൽ എത്തിച്ചേരാനുമുള്ള സാധ്യതയും കണ്ടുകൊണ്ടാണ് ആ നിധിശേഖരം സംരക്ഷിക്കുന്നതിനുവേണ്ടിയും വരുമാനമുണ്ടാക്കാൻ സാധിക്കുന്ന തരത്തിലുമുള്ള വിപുലമായൊരു പ്രോജക്ട് സുപ്രീംകോടതിക്ക് സമർപ്പിച്ചിട്ടുള്ളത്. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസ്സിൽ വ്യത്യസ്തമായൊരു നിലപാട് രാജകുടുംബം തുടക്കംമുതൽ തന്നെ സ്വീകരിക്കുകയുണ്ടായി. നിധിശേഖരം പൊതുജനങ്ങൾക്ക് പ്രദർശിപ്പിക്കുന്നതിനെതിരായിട്ടുള്ള നിലപാട് രാജകുടുംബം സ്വീകരിച്ചതിനാലാണ് ആ പ്രോജക്ട് നടപ്പിലാക്കാൻ സാധിക്കാതെ പോയത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, അത്തരമൊരു നീക്കം നിരന്തരമായി നടത്തേണ്ടത് അനിവാര്യമാണ്. എത്രകാലം നമുക്ക് ഈ നിധിശേഖരം അനന്തമായി നീട്ടിക്കൊണ്ടുപോകാൻ സാധിക്കും; അത് അവിടെ ഇരിക്കട്ടെ എന്നാണോ? സ്വാഭാവികമായും നമുക്ക് നിയമത്തിന്റെ വഴിയിലൂടെതന്നെ ഇത്തരം കാര്യങ്ങൾ കൊണ്ടുപോകണം. അങ്ങ് ഇവിടെ പറഞ്ഞ രീതിയിൽ പ്രോജക്ട് നവീകരിച്ചാൽ അത് പത്മനാഭ സ്വാമി ക്ഷേത്രത്തിന് ഏറ്റവും വലിയ വരുമാനമാർഗ്ഗമായി മാറും. മാത്രമല്ല, കേരളം ടൂറിസം മേഖലയിൽ ഇന്ന് ഏറെ ശ്രദ്ധേയമാണെങ്കിലും ഈയൊരു കാര്യംകൊണ്ട് ലോകത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റുന്ന സാഹചര്യവുമുണ്ടാകും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഇത് കാണാൻ ജനങ്ങൾ വരുന്ന സാഹചര്യമുണ്ടാകും. അത്തരം സാധ്യതകളെക്കുറിച്ച് നിരന്തരം നമ്മൾ പരിശോധിക്കണം. ജൂഡീഷ്യറിയുടെ ഭാഗത്തുനിന്നും അത്തരത്തിലുള്ള നിലപാടുകൾക്കനുസരിച്ച് പുരോഗമനപരമായ വിധിയുണ്ടാകുന്നതിനുവേണ്ടി നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കണം. എങ്കിൽ മാത്രമേ ഇത്തരം കാര്യങ്ങളിൽ ദേവസ്വത്തിന് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. അങ്ങ് ദേവസ്വം

വകുപ്പുമന്ത്രിയായിരുന്നയാളാണ്. ഓരോ ദേവസ്വം ബോർഡിന്റെ കീഴിലും ഇന്ന് അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ച് അങ്ങേയ്ക്കറിയാം. ഞാൻ മലബാറിൽ നിന്നുള്ള പ്രതിനിധിയാണ്. മലബാർ ദേവസ്വം ബോർഡിന്റെ സ്ഥിതി അതിദയനീയമാണ്. യഥാർത്ഥത്തിൽ ഗുരുവായൂർ ദേവസ്വത്തിന് മാത്രമാണ് സ്വന്തമായി കുറച്ച് വരുമാനമുള്ളത്. മറ്റ് പല ദേവസ്വം ബോർഡുകളുടെയും സ്ഥിതി വളരെ പ്രയാസകരമാണ്. നമുക്ക് ഈയൊരു കാര്യം മാത്രം ചെയ്താൽ കേരളത്തിലെ മുഴുവൻ ക്ഷേത്രങ്ങളെയും സഹായിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, സഭയുടെ പൊതുവായിട്ടുള്ള വികാരം തിരുവിതാംകൂർ രാജകുടുംബത്തെ അറിയിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായിട്ടുള്ള താൽപ്പര്യം, സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സഹായകരമായിട്ടുള്ള സമീപനം, ടൂറിസത്തിന്റെ അനന്തമായ സാധ്യത എന്നിവയ്ക്ക് പ്രയോജനപ്പെടുന്ന തരത്തിൽ കേരളത്തിലെ ജനങ്ങളോടൊപ്പം ചേർന്നുനിൽക്കണമെന്നുള്ള

ഒരഭ്യർത്ഥന രാജകുടുംബത്തോട് വയ്ക്കാവുന്നതാണ്. അതിനെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നമ്മുടെ വിശ്വാസം ഒരു ടൂറിസമാണോ; വിശ്വാസത്തെ ഒരു ടൂറിസമാക്കി മാറ്റാൻ പറ്റുമോ? ഇവിടെ ചിലയാളുകൾ പിൽഗ്രിം ടൂറിസം എന്നുപറഞ്ഞു. അങ്ങനെയൊരു ടൂറിസമില്ല. അതൊരു ടൂറിസമല്ല, അതൊരു വിശ്വാസമാണ്. സ്വാഭാവികമായും ആ വിശ്വാസത്തെ സംരക്ഷിച്ചുകൊണ്ടല്ലേ നമുക്ക് ഇതുമായി മുന്നോട്ടുപോകാൻ സാധിക്കൂ. അല്ലെങ്കിൽ മറ്റുള്ളവരുടെ ഫണ്ടമെന്റൽ റൈറ്റിൽ നമ്മൾ കടന്നുകയറുന്നതിന് ഇടയാകില്ലേ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പത്മനാഭ സ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട് പറയുമ്പോൾ അവിടേയ്ക്ക് ഭക്തരാണ് വരുന്നത്. വിശ്വാസത്തിന്റെ ഭാഗമായിട്ടാണ് അവിടെ ഭക്തർ വരുന്നത്. അതിനെ നമ്മൾ ആകർഷകമാക്കി കൂടുതലാളുകളെ കേരളത്തിൽ എത്തിച്ച് വരുമാനമുണ്ടാക്കണമെന്ന് പറയുന്ന കാര്യത്തോട് ഒരിക്കലും യോജിക്കാൻ സാധിക്കില്ല. അങ്ങനെ വാണിജ്യവൽക്കരിക്കേണ്ട ഒരു കാര്യമില്ല.

വിശ്വാസവും വാണിജ്യവൽക്കരണവും ടൂറിസവുമൊക്കെ പ്രത്യേകമായി കാണേണ്ട കാര്യങ്ങളാണ്. പത്മനാഭ സ്വാമി ക്ഷേത്രത്തിലേയ്ക്ക് വരുന്നത് ഭക്തരാണ്. ഭക്തിയുടെ ഭാഗമായിട്ടാണ് അവർ അവിടെ എത്തുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇക്കാര്യത്തിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ നിലവിലുണ്ട്. പിൽഗ്രിം ടൂറിസം എന്നത് ആഗോളതലത്തിൽ അംഗീകരിച്ചിട്ടുള്ള ഒരു കാര്യമാണ്. വിശ്വാസ്യതയ്ക്ക് കോട്ടം തട്ടിച്ചുക്കൊണ്ടല്ല പിൽഗ്രിം ടൂറിസത്തെ പ്രൊമോട്ട് ചെയ്യുന്നത്. അതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. ശബരിമലയിൽ ഭക്തർക്ക് വരുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. പിൽഗ്രിം ടൂറിസം എന്നുള്ളത് കേരളത്തിൽ മാത്രമല്ല ഇന്ത്യയിലും ലോകത്ത് എല്ലായിടത്തുമുള്ള ഒന്നാണ്. അതുകൊണ്ടുതന്നെ ഭക്തരുടെ വിശ്വാസത്തിന് കോട്ടം തട്ടിച്ചുകൊണ്ടല്ല, ആ വിശ്വാസത്തെ കൂടുതൽ ദൃഢപ്പെടുത്താൻ ഉപകരിക്കുന്ന രീതിയിലുള്ള സപ്പോർട്ടാണ് യഥാർത്ഥത്തിൽ ടൂറിസം ഡിപ്പാർട്ടുമെന്റ് നൽകിക്കൊണ്ടിരിക്കുന്നത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വിശ്വാസത്തിന് യാതൊരു തരത്തിലുള്ള ക്ഷീണവും സംഭവിക്കാതെ തന്നെ ഇക്കാര്യങ്ങൾ ചെയ്യാവുന്നതാണ്. തിരുപ്പതി ക്ഷേത്രം പോലെ ഇൻഡ്യയിലെ പ്രശസ്തമായ ധാരാളം ക്ഷേത്രങ്ങളുണ്ട്. ആ ക്ഷേത്രങ്ങളിലെത്തുന്ന വിശ്വാസി സമൂഹത്തിനും അതുപോലെ പിൽഗ്രിം ടൂറിസത്തിന്റെ ഭാഗമായി വരുന്നവർക്കുമെല്ലാം ഇത്തരം കാര്യങ്ങൾ കാണിച്ചുകൊടുക്കുന്നൊരു രീതിയുണ്ട്. വിശ്വാസത്തിന്റെ പേരിലാണ് ഈ എതിർപ്പുണ്ടായതെന്ന് എനിക്ക് തോന്നുന്നില്ല. ഈ ക്ഷേത്രവുമായി ബന്ധപ്പെട്ട് പൊതുവായിട്ടുള്ള ചില പ്രശ്നങ്ങളുടെ പേരിൽ നടക്കുന്നൊരു കേസിന്റെ തുടർച്ചയായി തിരുവിതാംകൂർ രാജകുടുംബം ഇതിനെ എതിർത്തുവെന്നേയുള്ളൂ. തിരുവനന്തപുരത്തെ സംബന്ധിച്ച് പറയുമ്പോൾ ഈ നാടിന്റെ പുരോഗതിക്കും തിരുവിതാംകൂറിന്റെ പുരോഗതിക്കുമെല്ലാം ഒരുപാട് സംഭാവന ചെയ്ത ഒരു രാജകുടുംബമാണ് തിരുവിതാംകൂർ രാജകുടുംബം. എണ്ണിയെണ്ണി പറയാൻ കഴിയുന്ന ഒരുപാട് കാര്യങ്ങളുണ്ട്. അവർ നമ്മുടെ നാടിന്റെ പുരോഗമനപരമായിട്ടുള്ള ഒരു പ്രവർത്തനത്തിനും എതിര്

നിൽക്കുന്ന കൂട്ടരല്ല. അതുകൂടി മനസ്സിലാക്കിക്കൊണ്ട് വിശ്വാസത്തിന് ഒരു ഭംഗവും സംഭവിക്കാതെ അമൂല്യമായിട്ടുള്ള ഈ സമ്പത്ത് പ്രദർശിപ്പിക്കാൻ കഴിഞ്ഞാൽ അത് നമ്മുടെ സംസ്ഥാനത്തിന് പൊതുവായി ഗുണം ചെയ്യുമെന്നുള്ള കാര്യം അവരെ ബോധ്യപ്പെടുത്താൻ സാധിച്ചാൽ അത് വളരെ പ്രയോജനകരമായിരിക്കുമെന്ന കാര്യം അങ്ങ് ഓർക്കുന്നുണ്ടോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ഇത്തരത്തിലുള്ള കാര്യങ്ങളിലൂടെ മലബാർ ദേവസ്വം ബോർഡിന്റെ ഒരവസ്ഥകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ആറുമാസമായി മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് ശമ്പളം ലഭിച്ചിട്ടില്ല. മലബാർ ദേവസ്വം ബോർഡിനുകീഴിൽ 1700-ഓളം ക്ഷേത്രങ്ങളുള്ളതിൽ ഭൂരിഭാഗം ക്ഷേത്രങ്ങളും കുറഞ്ഞ വരുമാനമുള്ളവയാണ്. സ്പെഷ്യൽ ഗ്രേഡിൽപ്പെടുന്ന ക്ഷേത്രങ്ങൾ മാത്രമാണ് ജീവനക്കാർക്ക് കൃത്യമായി ശമ്പളം കൊടുക്കുന്നത്. വരുമാനം കുറഞ്ഞ ഗ്രേഡ് ഒന്നുമുതൽ നാലുവരെയുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരാണ് ഏറ്റവും വലിയ ദുരിതമനുഭവിക്കുന്നത്. ക്ഷേത്രവരുമാനത്തിൽ നിന്നാണ് ജീവനക്കാർക്ക് ശമ്പളം നൽകേണ്ടത്. വരുമാനം കുറവായതിനാൽ ക്ഷേത്രങ്ങളിലെ

ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം മുടങ്ങിയിരിക്കുകയാണ്. വരുമാനം ഏറ്റവും കുറവുള്ള ക്ഷേത്രങ്ങളിൽ മാത്രമാണ് സർക്കാരിന്റെ ചെറിയ സഹായമുള്ളത്. മൂന്നുവർഷംമുമ്പ് പ്രഖ്യാപിച്ച ശമ്പള പരിഷ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇതുവരെ നടപ്പിലായിട്ടില്ല. യഥാർത്ഥത്തിൽ ദേവസ്വവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് കൂടുതലായും വരുന്നതെന്ന് അങ്ങാണ് ഈ ബിൽ പൈലറ്റ് ചെയ്യുന്നതെങ്കിൽ അറിയാമായിരിക്കും. ബഹുഭൂരിപക്ഷം ക്ഷേത്രങ്ങളിലും 14 വർഷംമുമ്പ് നിശ്ചയിച്ച തുകയാണ് ഇപ്പോഴുമുള്ളത്. അതുകൊണ്ട് മലബാറിലെ മറ്റ് ക്ഷേത്രങ്ങളും ദേവസ്വം ബോർഡിൽ ഉൾപ്പെടുത്തിക്കൊണ്ട് ഏകീകൃത നിയമം കൊണ്ടുവരണമെന്ന ഹൈക്കോടതി വിധിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ 29 വർഷങ്ങളായി മാറിമാറി ഭരിച്ചിട്ടും നമുക്ക് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അത്തരത്തിൽ നിരവധി പ്രശ്നങ്ങൾ ഇതുമായി ബന്ധപ്പെട്ടുണ്ട്. അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള അവസരമായി നമ്മൾ എല്ലാ കാര്യങ്ങളെയും കാണണം. റവന്യൂ വകുപ്പും ദേവസ്വം വകുപ്പും തമ്മിലുള്ള തർക്കങ്ങൾ പരിഹരിച്ച് നാഷണൽ ഹൈവേയിൽനിന്നും ലഭിക്കുന്ന പണം

എത്രയുംവേഗം വാങ്ങി ദേവസ്വം വകുപ്പ് ശാക്തീകരിക്കാൻ ആ തുക ഉപയോഗിക്കണമെന്ന് ഞാൻ പ്രത്യേകമായി സൂചിപ്പിക്കുകയാണ്. പിന്നാക്ക വിഭാഗങ്ങളുടെ മുന്നേറ്റത്തിനായി വലിയരീതിയിൽ ദേവസ്വം ബോർഡ് നിയമനങ്ങളിൽ റിസർവേഷൻ കൊണ്ടുവന്നതിനെ സംബന്ധിച്ച് ശ്രീ. വി. ജോയി, എം.എൽ.എ. പറഞ്ഞു. താങ്കൾ മനസിലാക്കേണ്ട ഒരു കാര്യത്തെക്കുറിച്ച് ഈ സഭയിൽ ഞാൻ മുമ്പും ആവർത്തിച്ച് പറഞ്ഞതാണ്. അത്തരത്തിലൊരു തെറ്റിദ്ധാരണ സഭയിൽ മൊത്തമായിട്ടുണ്ട്. ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കൊണ്ടുവരാൻ സാധിച്ചു. പ്രത്യേകിച്ച് അങ്ങ് പറഞ്ഞതുപോലെ ശാന്തി നിയമനങ്ങൾ കൊണ്ടുവന്നത് യു.ഡി.എഫ്.-ന്റെ ഭരണ കാലത്താണെന്ന് പരിശോധിച്ചാൽ ബോധ്യമാകും. അക്കാര്യം മനസിലാക്കാത്തതുകൊണ്ടാണ് അങ്ങ് പറയുന്നത്. ഞാൻ തർക്കത്തിനില്ല. നിങ്ങൾ പരിശോധിച്ചുനോക്കണം. ദേവസ്വം നിയമനങ്ങളുമായി ബന്ധപ്പെട്ട് പൂജാരി നിയമനങ്ങളുൾപ്പെടെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്

തീരുമാനിച്ചതാണെന്ന് അടിവരയിട്ട് ഞാൻ പറയുന്നു. അതിനുശേഷമാണ് ദേവസ്വം ബോർഡ്......(ബഹളം).....

മി. ചെയർമാൻ: യെസ്....യെസ്....ബഹുമാനപ്പെട്ട അനിൽ കുമാർ ...... പ്ലീസ് കൺക്ലൂഡ് യുവർ സ്പീച്ച് ........

ശ്രീ. എ. പി. അനിൽ കുമാർ: സർ, അവസാനിപ്പിക്കാം. ഇത് ബില്ലിന്റെ ചർച്ചാവേളയാണ്. ഈ പോയിന്റ് അദ്ദേഹം പറഞ്ഞതുകൊണ്ട് അതുസംബന്ധിച്ച് എനിക്ക് പറയണമല്ലോ. അത് രേഖകളിൽ കാണുമല്ലോ; അക്കാര്യം ഞാൻ അടിവരയിട്ട് പറയുന്നു. ദേവസ്വം ബോർഡ് നിയമനങ്ങളിൽ ഇപ്പോഴും റിസർവേഷൻ പൂർത്തിയായിട്ടില്ല. രണ്ടുവർഷം മുമ്പ് ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഇതുമായി ബന്ധപ്പെട്ട് ഞാനൊരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട നിയമനങ്ങളിൽ റിസർവേഷനുണ്ട്. പക്ഷെ, ഇന്ന് ദേവസ്വം ബോർഡിന്റെ കീഴിൽ കോളേജുകളുണ്ട്. അവിടേയ്ക്കുള്ള അധ്യാപക നിയമനത്തിന് എന്തുകൊണ്ട് റിസർവേഷൻ പാലിക്കാൻ സാധിക്കുന്നില്ല. ഇക്കാര്യത്തിൽ വളരെ പോസിറ്റീവായ ഒരുപാട് കാര്യങ്ങൾ

ചെയ്തുവെന്ന് നിങ്ങൾ പറഞ്ഞല്ലോ. ഏഴുവർഷക്കാലം ഈ സർക്കാർ ദളിത്, പിന്നാക്ക വിഭാഗങ്ങളുടെ കാര്യങ്ങളിലെടുത്ത നിലപാടിനെക്കുറിച്ച് മറ്റൊരു ചർച്ച നടത്തേണ്ടതാണ്. അവർക്കായി യാതൊരു കാര്യവും ഈ സർക്കാർ ചെയ്തിട്ടില്ല. കഴിഞ്ഞ നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്റെ സബ്മിഷന് നൽകിയ മറുപടിയിൽ സമയമാകുമ്പോൾ അതൊക്കെ ഞങ്ങൾ നടപ്പാക്കുമെന്നാണ് പറഞ്ഞത്. എന്നാണ് ആ സമയം എന്നുമാത്രം അറിഞ്ഞാൽ മതി. ദേവസ്വം ബോർഡിന്റെ മറ്റെല്ലാ നിയമനങ്ങളിലും എസ്.സി./എസ്.ടി. വിഭാഗത്തിനായുള്ള റിസർവേഷൻ പാലിക്കാമെങ്കിൽ എന്തുകൊണ്ട് ദേവസ്വം ബോർഡിന്റെ കോളേജുകളിൽ ആ റിസർവേഷൻ പാലിക്കുന്നില്ല; അധ്യാപക നിയമനങ്ങളിലും മറ്റ് ജീവനക്കാരുടെ നിയമനങ്ങളിലും പാലിക്കുന്നില്ല.

മി.ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....

ശ്രീ. എ. പി. അനിൽ കുമാർ: സർ, നിങ്ങൾ പ്രോഗ്രസീവാണ്, പിന്നാക്ക വിഭാഗങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നവരാണ് എന്ന് പറയുമ്പോഴും എന്തുകൊണ്ട് റിസർവ്വേഷൻ സംവിധാനം നടപ്പിലാക്കി ഒരു

മാതൃക കാണിക്കാൻ ഈ സർക്കാർ തയ്യാറാകുന്നില്ല. ഈയൊരു കാര്യം നിങ്ങൾ ആവർത്തിച്ച് പറയുന്നതുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. ദളിത് പിന്നാക്ക വിഭാഗങ്ങളുടെ കാര്യങ്ങളൊക്കെ ഈ സർക്കാർ തകർത്തിട്ടേയുള്ളൂ. പാവങ്ങൾക്ക് വീട് വയ്ക്കുന്ന പദ്ധതിപോലും നിങ്ങൾ ലൈഫ് മിഷനിലേയ്ക്ക് കൊണ്ടുവന്നതിലൂടെ ഇപ്പോൾ അവർക്കൊരു വീടുപോലും കിട്ടാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്കെത്തിച്ചു. ഈ സർക്കാർ അധികാരമേറ്റ് ഏഴുവർഷക്കാലമായി ദളിത് വിഭാഗങ്ങളുടെ പ്രശ്നങ്ങളിൽ യാതൊരു പരിഗണനയും കൊടുത്തിട്ടില്ലെന്ന് ഞാൻ അടിവരയിട്ട് പറയുകയാണ്. കോടിക്കണക്കിന് രൂപ കിഫ്ബിയിൽനിന്ന് പല ആവശ്യങ്ങൾക്കായി നീക്കിവയ്ക്കുന്നുണ്ട്. എസ്.സി. ഡിപ്പാർട്ടുമെന്റിന് എത്ര കോടി രൂപയാണ് ഈ സർക്കാർ അനുവദിച്ചത്? ഭരണഘടനാപരമായി ഈ പണം നിങ്ങൾ എങ്ങനെയാണ് തിരിച്ചടയ്ക്കുന്നത്. നമ്മുടെ വരുമാനത്തിൽ നിന്നല്ലേ തിരിച്ചടയ്ക്കുന്നത്. ആ പണത്തിന്റെ ഒരു വിഹിതം ലഭിക്കാൻ ഈ വിഭാഗക്കാർക്ക് അർഹതയുണ്ടായിട്ടുപോലും കിഫ്ബി പദ്ധതികളുടെ ഒരു രൂപ പോലും എസ്.സി. ഡിപ്പാർട്ടുമെന്റിന്റെ

പ്രവർത്തനങ്ങൾക്ക് കൊടുക്കുന്നില്ല. കേരള ചരിത്രത്തിൽ ഒരു ദളിത് വിരുദ്ധ സർക്കാരുണ്ടെങ്കിൽ അത് പിണറായി വിജയൻ സർക്കാരാണെന്ന് പറയാതിരിക്കാൻ കഴിയില്ല. മേൽപ്പറഞ്ഞ കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഒരിക്കൽക്കൂടി പരിശോധിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഞാൻ ദീർഘമായൊരു ചർച്ചയിലേയ്ക്ക് പോകുന്നില്ല, എങ്കിലും ഇവിടെ അവതരിപ്പിച്ച ചില കാര്യങ്ങൾക്ക് മറുപടി പറയേണ്ടതുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ശ്രീ. എ. പി. അനിൽ കുമാർ എം.എൽ.എ. ഇവിടെ സംസാരിച്ചപ്പോൾ വാസ്തവവിരുദ്ധമായ ചില കാര്യങ്ങളാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. അദ്ദേഹം ബോധപൂർവ്വം സഭയെയും സംസ്ഥാനത്തെ ജനങ്ങളെയും തെറ്റിദ്ധരിപ്പിക്കാൻ

ശ്രമിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ അമ്പലങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പൂജാരിമാരെ നിയമിക്കാൻ അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നിരിക്കാം. പക്ഷേ, യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അത് സാധിച്ചിരുന്നില്ല. 2016-ലെ ഒന്നാം പിണറായി വിജയൻ സർക്കാരാണ് സംസ്ഥാനത്ത് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പുനഃസംഘടിപ്പിച്ച് ക്ലിപ്തമായ നിബന്ധനകളുണ്ടാക്കി ക്ഷേത്രങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ ശാന്തിക്കാരായി നിയമിക്കാൻ തീരുമാനിച്ചതും പരീക്ഷയും ഇന്റർവ്യൂവും നടത്തി യോഗ്യരായ ആളുകളെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ നിയമിച്ചതും എന്ന കാര്യം അങ്ങ് അംഗീകരിക്കണം. രണ്ടാമതായി, കിഫ്ബിയിലൂടെ കിട്ടുന്ന പണം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചെലവഴിച്ചിട്ടുണ്ടോയെന്നാണ് അങ്ങ് ചോദിച്ചത്. കിഫ്ബിയിലൂടെ സമാഹരിക്കുന്ന തുക പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാരടങ്ങുന്ന സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടിയാണ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ മറ്റിതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് പട്ടികജാതി/പട്ടികവർഗ്ഗ

വിഭാഗക്കാർക്ക് ഏറ്റവും കൂടുതൽ ആനുകൂല്യം കൊടുക്കുന്ന സംസ്ഥാനം കേരളമാണ്.... (ബഹളം...).....

<u>ശ്രീ. കെ. രാജൻ</u>: സർ, 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ പ്രകാരം 1971-ലെ ആക്റ്റിലെ ആറാമത്തെ വകുപ്പിന്റെ ഉപവകുപ്പായി 'എ' ചേർത്തുകൊണ്ട് ആന്വിറ്റിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന ചെറിയൊരു ഭേദഗതിയാണ് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തിലൂടെ ഇവിടെ അവതരിപ്പിക്കാനുദ്ദേശിച്ചത്. എന്നാൽ ആ വിഷയത്തെ അധികരിച്ചുകൊണ്ട് നടന്ന ചർച്ചകളിന്മേൽ ഒരു പ്രധാനപ്പെട്ട കാര്യം ഗവൺമെന്റിനുവേണ്ടി പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. മുൻ ദേവസ്വം ബോർഡ് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കടകംപള്ളി സുരേന്ദ്രൻ ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റ് സ്ഥാപിച്ച വർഷമുൾപ്പെടെ ഉദ്ധരിച്ചുകൊണ്ട് ഇവിടെ സംസാരിച്ചു. ബഹുമാനപ്പെട്ട വി. ജോയി, എം.എൽ.എ. സംസാരിച്ചപ്പോൾ യദുകൃഷ്ണ എന്ന പൂജാരിയെക്കുറിച്ച് പരാമർശിച്ചു. യദുകൃഷ്ണയിലേയ്ക്ക് കേരളം നടന്നുപോയ കാലത്തിന്റെ ദൈർഘ്യം എത്രയാണെന്നത് ഒരു ആലോചനയ്ക്ക്

വിധേയമാക്കേണ്ടതുണ്ടെന്ന് സൂചിപ്പിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. കേരളം അനാചാരങ്ങളുടെ നാടായിരുന്നുവെന്ന് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. താമസിക്കുന്ന ഭൂമിയുടെ കുടികിടപ്പവകാശം രേഖപ്പെടുത്താനോ ആ ഭൂമിയുടെ അവകാശിയാണെന്ന ഉറപ്പ് ലഭ്യമായി അവിടെക്കിടന്ന് മരിക്കാനോ അനുവാദമില്ലാതെ, തലയ്ക്കുമീതെ കൂര കെട്ടാൻ പോലും അവകാശമില്ലാത്ത ഒരു ജനതയുടെ ദീനരോദനങ്ങൾകൊണ്ട് നിറഞ്ഞൊരു ചരിത്രം കേരളത്തിനുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

1956 നവംബർ 1-ന് ഐക്യകേരളം രൂപീകരിക്കുന്ന ഘട്ടത്തിൽ തിരുവിതാംകൂർ-കൊച്ചി നാട്ടുരാജ്യങ്ങളും മദ്രാസ് പ്രവിശ്യയുടെ ഭാഗമായ മലബാറും സ്വഭാവ സവിശേഷതകളിൽ ഒന്നായതുകൊണ്ട് കൂട്ടിയോജിപ്പിക്കപ്പെട്ടെങ്കിലും മൂന്നിടങ്ങളിലും നിലനിന്നിരുന്ന നടപടികളും നിയമങ്ങളും വ്യത്യസ്തമായിരുന്നുവെന്ന് ഈ സഭയ്ക്കും അങ്ങേയ്ക്ക് പ്രത്യേകമായും അറിയാം. അങ്ങനെയുള്ളൊരു കേരളത്തിലാണ് 1957-ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽ വരുന്നത്.

കേരളത്തിലെ ഭൂപരിഷ്കരണത്തെക്കുറിച്ച് പഠിക്കാനും രേഖപ്പെടുത്താനും കഴിഞ്ഞുവെന്നത് ആ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു. കേരളത്തിലെ മണ്ണില്ലാത്ത മനുഷ്യർക്ക് മണ്ണ് കൊടുക്കേണ്ടത് എങ്ങനെയെന്ന് നിശ്ചയിക്കുന്നതിനുള്ള അടിസ്ഥാനരേഖ തയ്യാറാക്കുന്നതിനുവേണ്ടി 1957-ലെ ഗവൺമെന്റ് ഒരു കമ്മിറ്റി രൂപീകരിച്ചു. 1970 ജനുവരി 1-ന് ഈ നിയമം കേരളത്തിൽ നടപ്പിലാക്കുമ്പോൾ അന്നത്തെ മുഖ്യമന്ത്രിയും 1957-ലെ ഇ.എം.എസ്. മന്ത്രിസഭയിലെ ധനകാര്യ വകുപ്പുമന്ത്രിയുമായിരുന്ന അച്യുതമേനോൻ കൺവീനറും ഇ. ചന്ദ്രശേഖരൻ നായർ, ഇ. ഗോപാലകൃഷ്ണ മേനോൻ, പന്തളം പി. ആർ. മാധവൻപിള്ള, സി. എച്ച്. കണാരൻ, കെ. ആർ. ഗൗരിയമ്മ എന്നിവർ അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ചിരുന്നു. ആ കമ്മിറ്റി രൂപം കൊടുത്ത കേരള അഗ്രേറിയൻ റിലേഷൻസ് ബിൽ അന്നത്തെ നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കിക്കൊണ്ടാണ് അനാഥപ്പെട്ടിരുന്നതും ഭൂരഹിതരാൽ നിറഞ്ഞതുമായ കേരളം അക്ഷരാർത്ഥത്തിൽ, മരിച്ചാൽ കുഴിച്ചിടാൻ ആറടി മണ്ണ് പോലും അവകാശപ്പെടാനില്ലാത്ത മലയാളിയെ ഭൂമിയുടെ അവകാശികളാക്കി

മാറ്റാനുള്ള പരിശ്രമത്തിന് തുടക്കം കുറിച്ചത്. നാട്ടുരാജ്യങ്ങളായ തിരുവിതാംകൂറിലും കൊച്ചിയിലും മലബാർ എന്ന മദ്രാസ് പ്രവിശ്യയുടെ ഭാഗത്തും കർഷകന് കൃഷിയാവശ്യത്തിന് മാത്രമല്ല ഉടമസ്ഥാവകാശങ്ങളൊന്നും ലഭ്യമാക്കാൻ ഒരു നടപടിയുമുണ്ടായിരുന്നില്ല. യദുകൃഷ്ണയിലേയ്ക്ക് കേരളം വന്ന ദൂരത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. മരിച്ചാൽ കുഴിച്ചിടാൻ ആറടിമണ്ണ് സ്വന്തമായില്ലെന്ന് മാത്രമല്ല, അമ്പലങ്ങളിൽ കടന്ന് ആരാധന നടത്താൻ അവകാശമില്ലാതിരുന്ന നാടായിരുന്നു കേരളം. ഇക്കാര്യങ്ങൾ നമുക്കെല്ലാവർക്കും അറിയാവുന്നതായതിനാൽ വിശദീകരിക്കുന്നില്ല. ആരാണ് ഇതൊക്കെ നടത്തിയതെന്നതിന്റെ തർക്കവിതർക്കങ്ങളിലേയ്ക്ക് പോകുന്നില്ല. വൈക്കത്തെ അമ്പലത്തിന്റെ പൊതുവഴികളിൽ നടക്കാൻ അധികാരം നിഷേധിച്ച ഇണ്ടംതുരുത്തി മനയുടെ അധികാരികളോട് നേരിട്ട് കാണാൻ അനുവാദം ചോദിച്ച് കുറിപ്പ് കൊടുത്ത മഹാത്മാഗാന്ധിയുടെ അനുഭവം എല്ലാവർക്കും ഓർമ്മയുണ്ടാവും. വൈക്കം സത്യാഗ്രഹത്തിന്റെ നൂറാം വാർഷികത്തിൽ ഇക്കാര്യം എല്ലാവരും ചർച്ച ചെയ്തതാണല്ലോ. ഇണ്ടംതുരുത്തി മനയിലെ തമ്പുരാക്കന്മാർ

മഹാത്മാഗാന്ധിയുടെ ജാതി നോക്കിയാണ് അദ്ദേഹത്തിന് മനയ്ക്കുള്ളിൽ പ്രവേശനം നിഷേധിച്ചത്. മഹാത്മാഗാന്ധിയെ അവിടെ പ്രവേശിപ്പിക്കാൻ കഴിയാത്തതുകൊണ്ടും എന്നാൽ അദ്ദേഹത്തെപ്പോലെ മഹാനായ ഒരു മനുഷ്യനെ ഒഴിവാക്കാൻ കഴിയാത്തതുകൊണ്ടും അദ്ദേഹവുമായി ചർച്ച നടത്താൻ ഇണ്ടംതുരുത്തി മനയുടെ പടിപ്പുരയ്ക്ക് പുറത്ത് പന്തൽ കെട്ടുകയും ആദ്യ ചർച്ചയിൽത്തന്നെ ഒരു ചർച്ചയ്ക്കും അവകാശമില്ലെന്നും നടവഴികൾ മനയുടെ സ്വത്താണെന്നും പറഞ്ഞ ഒരു കാലമുണ്ടായിരുന്നില്ലേ? അന്ന് കേരളത്തിൽ മഹാത്മാഗാന്ധിക്ക് വലതുകാൽ വച്ച് നടക്കാൻ അനുവാദം കൊടുക്കാത്ത ഇണ്ടംതുരുത്തി മന ഇന്ന് വൈക്കം ചെത്തു തൊഴിലാളി യൂണിയൻ (എ.ഐ.റ്റി.യു.സി.)-ന്റെ ഓഫീസായി പ്രവർത്തിക്കുന്ന അത്ഭുതകരമായ സാമൂഹിക പരിവർത്തനത്തിന് കേരളം സാക്ഷ്യം വഹിച്ചുവെന്നത് ഞങ്ങൾ അഭിമാനത്തോടെ പറയുകയാണ്. കാർഷികബന്ധ നിയമത്തിൽനിന്ന് ആരംഭിച്ച് ഭൂപരിഷ്കരണ നിയമത്തിലേയ്ക്ക് കേരളം കടന്നുപോയ വഴികൾ അതിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു. ആ ഭൂപരിഷ്കരണ നിയമത്തെ പരാമർശിച്ചുകൊണ്ട് ബഹുമാനപ്പെട്ട എ. പി.

അനിൽകുമാർ എം.എൽ.എ. ഒരു അഭിപ്രായം രേഖപ്പെടുത്തിയതുകൊണ്ടാണ് ഇക്കാര്യം ഞാൻ സൂചിപ്പിച്ചത്. മത-ധർമ്മ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി വർഷാശനം കൊടുത്ത്, അതായത് ആന്വിറ്റി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനായി അപേക്ഷിക്കുന്നതിന് അത്തരത്തിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഭൂപരിഷ്കരണ നിയമപ്രകാരം അവകാശം കൊടുത്തുകൊണ്ടാണ് 1971-ലെ ഭൂപരിഷ്കരണ നിയമത്തിന്റെ സെക്ഷൻ 65 കേരളത്തിൽ നടപ്പിലാക്കപ്പെടുന്നത്. അന്ന് ഒരുപക്ഷെ, ഇത്തരം ചില ഭൂമികൾ സർക്കാരിലേയ്ക്ക് കൊടുത്തുകാണാൻ വഴിയില്ല. കേരളത്തിൽ അന്നുള്ള ഭൂമി യഥാർത്ഥത്തിൽ ദേവസ്വവും ബ്രഹ്മസ്വവും പണ്ടാരവകയുമായിരുന്നു. അങ്ങനെ ദേവസ്വവും ബ്രഹ്മസ്വവും പണ്ടാരവകയും മാത്രമായി നിന്ന ഭൂമിയെയാണ് സർക്കാർ പല വിധത്തിൽ കരഗതമാക്കുകയും കേരളത്തിലെ ലക്ഷക്കണക്കായ മനുഷ്യരെ ഭൂമിയുടെ അവകാശികളായി മാറ്റാനുതകുന്ന നിയമത്തിലേയ്ക്ക് വരികയും ആ നിയമത്തെ ഈ വിധത്തിൽ കൊണ്ടുപോകുകയും ചെയ്തത്. സെക്ഷൻ 65 നൽകിയ പ്രിവിലേജ് അനുസരിച്ച് ആന്വിറ്റി വാങ്ങിക്കാവുന്ന വിധത്തിൽ അന്നത്തെ

ക്ഷേത്രത്തിന്റെ സ്വത്തുക്കൾ സർക്കാരിലേയ്ക്ക് നിക്ഷിപ്തമാകാത്ത സാഹചര്യത്തിൽ ആ ഭൂമികളിൽ ധാരാളം കൈവശക്കാരുണ്ടാകുകയും ഭൂമിയുടെ ഉടമസ്ഥത ലഭ്യമാക്കാനായി ഒരു നിയമം നടപ്പിലാക്കേണ്ടിവരികയും ചെയ്ത സാഹചര്യത്തിലാണ് 1971-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) എന്ന ആക്ട് കൊണ്ടുവരാൻ സാധിച്ചത്. ഈ ആക്ടിൽതന്നെ ഭൂമികളെ രണ്ടായി തിരിച്ചിട്ടുണ്ട്. ഒന്ന്, പണ്ടാരവക ഭൂമി - ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ളതും റവന്യൂ റെക്കോർഡുകളിൽ ശ്രീ പണ്ടാരവകയായി രജിസ്റ്റർ ചെയ്യപ്പെട്ടതുമായ ഭൂമി. രണ്ട്, ശ്രീ പണ്ടാരവക തനതു ഭൂമി - റവന്യൂ റെക്കോർഡുകളിൽ പണ്ടാരവക തനത് എന്ന് അർത്ഥമാക്കുന്നതും കുത്തക പാട്ടമായി കൈവശം വച്ചിരിക്കുന്നതുമായ ഭൂമി. ഇവയെല്ലാം ഇതിൽ ഉൾപ്പെട്ടതായിരിക്കുന്നുവെന്നാണ് സെക്ഷൻ 2-ലെ ഡെഫനിഷനിൽ വളരെ കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ളത്. 1944-ലെ ട്രാവൻകൂർ കുത്തകപ്പാട്ടം റൂൾ പ്രകാരം കൊടുത്ത ഭൂമി ഇക്കാര്യത്തിൽ പ്രത്യേകമായി കുത്തകപ്പാട്ടം എന്ന നിലവാരത്തിൽ കൊടുത്തിട്ടുണ്ട്. പ്രസ്തുത സെക്ഷൻ 3(2) പ്രകാരം,

നിയമത്തോടൊപ്പം പറഞ്ഞിട്ടുള്ള ഷെഡ്യൂളിൽ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കില്ലെന്നും ഏതെങ്കിലും വിധത്തിൽ ഇതിനുപുറമെ ചില ഭൂമികൾ ഉൾപ്പെടുത്തണമെന്ന് തോന്നിയാൽ അത് ഉൾപ്പെടുത്താനുള്ള അവകാശമുണ്ടെന്നും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് ശ്രീ.എ. പി. അനിൽകുമാർ സൂചിപ്പിച്ചതുപോലെ 2006-ലെ ഭൂപരിഷ്കരണ നിയമത്തിൽ 67(എ)എന്ന ഒരു പുതിയ ഭേദഗതി കൊണ്ടുവന്ന് ആന്വിറ്റിയുടെ അളവ് വർദ്ധിപ്പിച്ചത്. പക്ഷെ അക്കാര്യം ഇവിടെ ഉൾപ്പെടാത്തതിന്റെ കാരണം ഇത് സെക്ഷൻ 65 പ്രകാരം രേഖപ്പെടുത്തിയ ഭൂമിയല്ലാത്തതുകൊണ്ടാണ്. അതുകൊണ്ടാണ് 1971-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) നിയമത്തിൽ ഇങ്ങനെയൊരു സെക്ഷനിലേയ്ക്ക് പോകാനുള്ള ഇടവന്നത്. ആ നിയമത്തിൽതന്നെ സെക്ഷൻ 6(3) പ്രകാരം ക്ഷേത്രത്തിന്റെ അവകാശികൾ ഇല്ലാതായിത്തീരുകയും അതിന്റെ അവകാശങ്ങളും ഉടമാവകാശങ്ങളും സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുംവേണ്ടി സർക്കാർ നഷ്ടപ്രതിഫലമായി ക്ഷേത്രത്തിന് ശാശ്വതമായ സാമ്പത്തിക വാർഷാരംഭത്തിൽ

വർഷാശനമായി 58,500/- രൂപ കൊടുക്കേണ്ടതാണെന്നും സെക്ഷൻ 6(2)-ൽ ഇത് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നൽകണമെന്നും കൃത്യമായി രേഖപ്പെടുത്തിയത്. ആ തുകയാണ് നേരത്തെ അവതരിപ്പിക്കപ്പെട്ട ബില്ലിന്റെ രേഖയിലൂടെ 1,75,500/- രൂപയാക്കി മാറ്റണമെന്നും 10 വർഷക്കാലത്തേയ്ക്ക് ഇത് തുടർച്ചയായി എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽതന്നെ കൊടുക്കണമെന്നും 10 വർഷക്കാലം കഴിഞ്ഞാൽ പ്രത്യേകമായൊരു ശതമാനം രേഖപ്പെടുത്താതെ എത്രയാണോ വർദ്ധിപ്പിക്കണമെന്ന് തോന്നുന്നത് ഗവൺമെന്റിന്റെ ഇംഗിതപ്രകാരം അങ്ങനെ വർദ്ധിപ്പിക്കാമെന്നുമുള്ള പ്രത്യേകമായുള്ള ഭേദഗതി ഇവിടെ കൊണ്ടുവരാനുള്ള കാരണം ഇതാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കേരളത്തിൽ ദേവസ്വം ബോർഡും റവന്യൂ വകുപ്പും തമ്മിൽ ഒരു തർക്കവുമില്ലെന്ന് വ്യക്തമാക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. എൽ.എ.ആർ.ആർ. 2013 അനുസരിച്ചുള്ള നടപടിക്രമങ്ങളാണ് ഭൂമിയുടെ വിലയുമായി ബന്ധപ്പെട്ട് നാം

കൊണ്ടുവരുന്നതെങ്കിലും എൻ.എച്ച്-ൽ പ്രത്യേക ആക്റ്റ് പ്രകാരമാണ് ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിലേയ്ക്ക് പോകുന്നത്. സാധാരണ നിലയിൽ എൽ.എ.ആർ.ആർ. 2013 അനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് അങ്ങേയ്ക്ക് അറിയാവുന്നതുപോലെ സെക്ഷൻ 4(1), എക്സ്പെർട്ട് കമ്മിറ്റി, 8(2), 11(1), 19(1) തുടങ്ങിയുള്ള നടപടിക്രമങ്ങൾ പാലിക്കണമെന്നിരിക്കെ ദേശീയപാത ഏറ്റെടുക്കൽ ആക്റ്റിന്റെ 3, 3(d) പ്രകാരം ആ പ്രശ്നങ്ങൾ അവസാനിപ്പിക്കാൻ സാധിക്കും. എന്നാൽ പണം കൊടുക്കുന്ന കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ഡിസ്പ്യൂട്ടുണ്ടെങ്കിൽ എൽ.എ.ആർ.ആർ. 2013-ലെ സെക്ഷൻ 77-ൽ പറയുന്നതുപോലെ, ഡിസ്പ്യൂട്ടിൽ ഉതകുന്ന തുക കോമ്പീറ്റന്റ് അതോറിറ്റിയിൽ മാറ്റിവയ്ക്കാനും സാഹചര്യമുണ്ട്. ദേവസ്വവും റവന്യൂവും തമ്മിൽ എന്ത് തർക്കമാണുള്ളത്; അങ്ങ് ഇവിടെ സൂചിപ്പിച്ചപ്പോൾ എനിക്ക് അത്ഭുതം തോന്നി. അങ്ങൊരു മന്ത്രിയായിരുന്ന ആളാണ്. വിവിധ വകുപ്പുകൾ തമ്മിലുള്ള ഭൂമിയുടെ പ്രശ്നം ഇന്ന് ആരംഭിച്ചതാണോ; അങ്ങനെ പറഞ്ഞാൽ ഏതെങ്കിലും തരത്തിൽ ഭൂമിയുടെ കാര്യത്തിൽ ഒരു പ്രശ്നമുണ്ടെന്നോ, ഒരു ഗവൺമെന്റിന്റെ രണ്ട് വകുപ്പുകൾ തമ്മിലുള്ള

പ്രശ്നങ്ങൾകൊണ്ട് ഇത് ഏതെങ്കിലും സർക്കാരിന്റെ കൂട്ടുത്തരവാദിത്വത്തിൽ ധാരണാ പിശക് ഉണ്ടാകുമെന്നോ അല്ല. വനം വകുപ്പും ഇറിഗേഷൻ വകുപ്പും കേരളത്തിലെ ഗവൺമെന്റിന്റെ ഭാഗമാണല്ലോ, ഈ ഗവൺമെന്റിന്റെതന്നെ ഭാഗമാണല്ലോ റവന്യൂ വകുപ്പും ആ വകുപ്പിന്റെ ഭാഗമാണല്ലോ ദേവസ്വം വകുപ്പ്; വകുപ്പുകളുടെ ഭൂമികൾ സംബന്ധിച്ച് ബി.ടി.ആർ.-ലും ലാൻഡ് രജിസ്റ്ററിലും രേഖപ്പെടുത്തിയതനുസരിച്ച് തന്നെയാണ് ഭൂമിയുടെ അവകാശത്തെ സംബന്ധിച്ചുള്ള ധാരണകൾ ഉണ്ടാകുക. അക്കാര്യത്തിൽ വ്യത്യസ്തമായ ഏതെങ്കിലും തരത്തിലുള്ള പ്രശ്നം വകുപ്പുകൾ തമ്മിലില്ല. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ, റവന്യൂ വകുപ്പുതന്നെ എൽ.എ.(ദേവസ്വം) എന്ന സ്പെഷ്യൽ തഹസിൽദാർ നേതൃത്വം നൽകുന്ന പ്രത്യേകം ഓഫീസുകൾ തിരുവനന്തപുരത്ത് തിരുവിതാംകൂർ ദേവസ്വത്തിനും തൃശ്ശൂരിൽ കൊച്ചിൻ ദേവസ്വത്തിനുംവേണ്ടി പ്രവർത്തിപ്പിക്കുന്നുണ്ട്. എന്തിനാണ് റവന്യൂ വകുപ്പ് ദേവസ്വം വകുപ്പിന്റെ ആവശ്യപ്രകാരം അങ്ങനെ ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നത്. അന്യാധീനപ്പെട്ട ദേവസ്വം ബോർഡിന്റെ ഭൂമി

എവിടെയുണ്ടോ അത് റവന്യൂ ഉദ്യോഗസ്ഥർ അളന്നുതിട്ടപ്പെടുത്തി ദേവസ്വം ബോർഡിന്റെതന്നെ ഭാഗമാക്കിവയ്ക്കാൻ തീരുമാനിച്ചുകൊണ്ടുള്ള നടപടിക്രമങ്ങളാണ് ഇവിടെ ഗവൺമെന്റ് നടത്തുന്നത്. ദേവസ്വം ബോർഡിന്റെ ഒരു തുണ്ടുഭൂമിപോലും നഷ്ടപ്പെടരുതെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. അത് കൃത്യമായി അളക്കാനാവാശ്യമായ സർവ്വേയർമാരെയും ദേവസ്വം വകുപ്പ് ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥരെയും നൽകിക്കൊണ്ട് ദേവസ്വത്തിന്റെ ഭൂമി ദേവസ്വത്തിന്റെ തനത് സ്വഭാവത്തിൽത്തന്നെ നിലനിർത്തണമെന്ന അഭിപ്രായമാണുള്ളത്.

ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതുകേട്ടപ്പോൾ എനിക്ക് സന്തോഷം തോന്നി. നമ്മൾ എന്ന വാക്ക് പ്രയോഗിക്കുന്നത് വളരെ ഗുണകരമായിരിക്കും. നേരത്തെ അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മൾ എന്ന വാക്ക് അപൂർവ്വമെങ്കിലും ചിലർ പ്രഖ്യാപിക്കാതിരിക്കുന്ന ഘട്ടത്തിലാണ് വിശ്വാസത്തെ മുതലെടുക്കാനുള്ള ആയുധമാക്കി ചിലർ ഉപയോഗിക്കുന്നത്. താൽക്കാലികമായ ലാഭനഷ്ടത്തിനുവേണ്ടി നിങ്ങളും ഞങ്ങളുമെന്ന് എപ്പോൾ കാണാൻ തീരുമാനിക്കുന്നുവോ അപ്പോഴാണ്

കേരളത്തിൽ അപകടങ്ങളുണ്ടായിട്ടുള്ളത്. വിശ്വാസത്തെ വച്ചുകൊണ്ട് രാഷ്ട്രീയ ലാഭത്തിനുവേണ്ടിയുള്ള ഒരു മുതലെടുപ്പും അംഗീകരിക്കരുതെന്ന അഭിപ്രായമല്ലേ നമ്മുടെ സഭയ്ക്കുള്ളത്. ആ അഭിപ്രായമല്ലേ രേഖപ്പെടുത്തേണ്ടത്. കേരളത്തിൽ ഉയർന്നുവരുന്ന അത്തരം മുതലെടുപ്പുകളെ താൽക്കാലിക ലാഭനഷ്ടങ്ങളുടെ ഹരണഗുണന പട്ടികയിൽ തങ്ങളുടെ തുലാസിന് എത്ര തൂക്കം കൂടുമെന്ന് നിശ്ചയിക്കുമ്പോളാണ് യഥാർത്ഥത്തിൽ വിശ്വാസത്തെ അന്ധവിശ്വാസത്തിനോട് ചേർത്തുനിർത്തി മുതലെടുപ്പിന്റെ ആയുധമായി ഉപയോഗിക്കാൻ ശ്രമിക്കുന്നത്. വിശ്വാസികളെയും അവരുടെ വിശ്വാസങ്ങളെയും പൂർണ്ണമായും മുഖവിലയ്ക്കെടുത്ത് ആ വിശ്വാസങ്ങൾ യഥാർത്ഥത്തിൽ നിലനിർത്തുന്നതിന് എന്തെല്ലാം സഹായം ചെയ്യണമോ അതെല്ലാം ചെയ്യണമെന്ന അഭിപ്രായമാണ് കേരളത്തിലെ ഗവൺമെന്റിനുള്ളത്. ആ ഗവൺമെന്റിന്റെ ധാരണയെ ഏതെങ്കിലും വിധത്തിലുള്ള ചില അഭിപ്രായപ്രകടനങ്ങൾകൊണ്ടോ ചില പൊതുപ്രദർശനങ്ങൾകൊണ്ടോ തീർക്കാൻ കഴിയുന്നതേയല്ല. ഞാൻ എന്ന വാക്കോ ഞങ്ങളെന്ന വാക്കോ പ്രയോഗിക്കാൻ ഞാനാഗ്രഹിക്കുന്നില്ല.

കേരളത്തിന്റെ മതേതര ഭൂമികയെ നിലനിർത്താൻവേണ്ടി കേവലം ലാഭനഷ്ടത്തിന്റെ ഹരണഗുണന പട്ടികകളിൽ പെട്ടുപോകാതിരിക്കാനുള്ള ജാഗ്രത ആധുനിക കാലത്തെ യഥാർത്ഥ മതനിരപേക്ഷതയിൽ വിശ്വസിക്കുന്ന രാഷ്ട്രീയ പ്രവർത്തകർ കാണിക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. സർക്കാർ ഏതെങ്കിലും ദേവസ്വത്തിന്റേയോ ഏതെങ്കിലും മതസ്ഥാപനങ്ങളുടെയോ പണം കൈക്കലാക്കുന്നുണ്ടോ; ഇല്ലെന്ന് മാത്രമല്ല, അടുത്ത് വരാൻ പോകുന്ന ശബരിമല ദർശനത്തിന്റെ നടപടിക്രമങ്ങൾ എങ്ങനെ ക്രമീകരിക്കണമെന്ന് ആലോചിക്കാനുള്ള ഒരു യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ആരംഭിച്ചിട്ടുമുണ്ട്. അത് ഈ ഗവൺമെന്റിന്റെ കാലത്തല്ല, എല്ലാ ഗവൺമെന്റുകളുടെ കാലത്തും ആ പരിശ്രമം നടത്തുന്നുണ്ട്. അവിടേയ്ക്ക് പോകേണ്ട റോഡുകളും പതിനായിരക്കണക്കിന് വിശ്വാസികൾ എത്തിച്ചേരുന്ന വഴികളും നന്നാക്കണം, അതത് സമയങ്ങളിൽ അവിടെ ശുചീകരണം നടത്തണം. അവിടത്തെ ആരാധനാലയങ്ങളിലെ സീസണുമായി ബന്ധപ്പെട്ടും വിവിധങ്ങളായ വിശ്വാസ പ്രമാണങ്ങളുമായി

ബന്ധപ്പെട്ടും എത്രതവണയാണ് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ശബരിമലയിൽതന്നെ താമസിച്ച് ആ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. എല്ലാ വകുപ്പുമന്ത്രിമാരും ആ പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിക്കുന്നുണ്ട്. എല്ലാ ഗവൺമെന്റുകളും അതിനാവശ്യമായ പണം ചെലവഴിക്കുന്നുണ്ട്. അതുകൊണ്ട് അതിനെയൊന്നും ഒരുതരത്തിലും ഇതിന്റെ ഉപകരണമായി ഉപയോഗിക്കപ്പെടരുതെന്ന കാര്യം തന്നെയാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. ഇവിടെ ബഹുമാനപ്പെട്ട ചീഫ് വിപ്പ് നടത്തിയ അഭിപ്രായ പ്രകടനംപോലെ, പട്ടയ വിതരണത്തിന്റെ കാര്യത്തിലും ദേവസ്വം ഭൂമി പട്ടയത്തിനായി നൽകുമ്പോൾ ആവശ്യമായ സമയം കൊടുത്തും ആന്വിറ്റി ഉണ്ടോയെന്ന് രേഖകൾ പരിശോധിച്ചും ദേവസ്വത്തിന്റെ അഭിപ്രായ പ്രകടനങ്ങൾ കേട്ടതിനും ശേഷമേ ലാൻഡ് ട്രൈബ്യൂണലിൽ അത്തരം കേസുകൾക്ക് ധാരണയുണ്ടാക്കാൻ പാടുള്ളൂവെന്ന നിർദ്ദേശം വളരെ ഗൗരവമായി ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. അക്കാര്യം ആ രീതിയിൽതന്നെയാണ് പോകുന്നത്. ഞാൻ അവസാനിപ്പിക്കുകയാണ്.

നേരത്തെ എന്തെല്ലാം സംഭവിച്ചിരുന്നാലും ഈ ഭേദഗതി 1,75,500/- രൂപയായി മാറ്റം വരുത്താൻ ഈ ഗവൺമെന്റ് തയ്യാറായി. അവിടെ ആവശ്യമായ തുക പുനർനിർണ്ണയിച്ച് നൽകാൻ 10 വർഷത്തിനുശേഷം സർക്കാരിനെ അധികാരപ്പെടുത്തുന്നുവെന്ന് ഈ നിയമത്തിൽ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഈ ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. വി. ജോയി, 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ജോയി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ, 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## (ii) 2023-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2023-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2023-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും സഹായകരമായിട്ടുള്ള രീതിയിൽ സംസ്ഥാന നിയമങ്ങളിലെ ചില വ്യവസ്ഥകൾ ഡീ-ക്രിമിനലൈസ് ചെയ്യുകയെന്നതാണ് ഈ ഭേദഗതി

ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. ഇന്ത്യയിലാകെ വിവിധ സംസ്ഥാനങ്ങൾ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇത്തരത്തിലുള്ള ഒട്ടേറെ നിയമങ്ങളും അതിലെ വ്യവസ്ഥകളും ഡീക്രിമിനലൈസ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം കേരള അബ്കാരി ആക്ടിലെ 55 (എച്ച്), (ഐ) വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ആക്ടിലെ 67 (എ) വകുപ്പുപ്രകാരം രാജിയാക്കാവുന്നതല്ല. മേൽപ്പറഞ്ഞ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ഡി-ക്രിമിനലൈസ് ചെയ്യാൻ തീരുമാനിക്കുകയും പിഴ വർദ്ധിപ്പിച്ചുകൊണ്ട് മേൽപ്പറഞ്ഞ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ രാജിയാക്കാൻ വ്യവസ്ഥ ചെയ്യുന്നതുമാണ് ഈ ഭേദഗതി ബിൽ. 55 (എച്ച്) വകുപ്പിൽ പറയുന്നത് "ഏതെങ്കിലും മദ്യമോ ലഹരിയുള്ള ഔഷധമോ ഉപയോഗിക്കുന്നതിന് പ്രേരിപ്പിക്കുന്നതോ അത് വാഗ്ദാനം ചെയ്യുന്നതോ ആയ ഏതെങ്കിലും പരസ്യം അച്ചടിക്കുകയോ പ്രസിദ്ധീകരിക്കുകയോ നൽകുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസക്കാലം വരെയാകാവുന്ന തടവോ ഇരുപത്തയ്യായിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ ഇവ രണ്ടുംകൂടിയോ നൽകി

ശിക്ഷിക്കപ്പെടേണ്ടതാണ്" എന്നാണ് 55 (ഐ) വകുപ്പ് പ്രകാരം തീയേറ്ററുകളിൽ പ്രദർശിപ്പിക്കുന്ന സിനിമകളിൽ മുന്നറിയിപ്പ് കൂടാതെ മദ്യത്തിന്റെയോ മദ്യത്തിന്റെ ഉപഭോഗത്തിന്റെയോ പ്രദർശനത്തിന്റേയോ രംഗം കാണിക്കുന്നത് കുറ്റകൃത്യമാണ്. മുന്നറിയിപ്പ് കാണിക്കുന്നത് വ്യക്തമായി കാണാൻ കഴിയുന്ന വിധത്തിലാകണം. കാണിക്കുന്ന രംഗത്തിന്റെ ആകെ വലിപ്പത്തിന്റെ പത്തിലൊന്ന് വലിപ്പമുള്ള തരത്തിൽ consumption of alcohol is injurious to health (മദ്യപാനം ആരോഗ്യത്തിന് ഹാനികരം) എന്ന മുന്നറിയിപ്പോടെ അല്ലാതെ ചിത്രീകരിക്കാനോ തീയേറ്ററുകളിൽ പ്രദർശിപ്പിക്കാനോ പാടില്ല. ഈ വ്യവസ്ഥ ലംഘിച്ചാൽ ആറ് മാസംവരെയുള്ള വെറും തടവോ പതിനായിരം രൂപവരെയുള്ള പിഴയോ ആണ് നിലവിലുള്ള ശിക്ഷ. അബ്കാരി നിയമത്തിലെ ഈ രണ്ട് വകുപ്പുകൾ ഡീക്രിമിനലൈസ് ചെയ്ത് കോമ്പൗണ്ട് ചെയ്ത് 67(എ) വകുപ്പുപ്രകാരമുള്ള പിഴ അമ്പതിനായിരം രൂപവരെയായി വർദ്ധിപ്പിക്കാൻ വ്യവസ്ഥ ചെയ്യുന്ന ഭേദഗതിയാണ് ഈ ബില്ലിലൂടെ അവതരിപ്പിക്കുന്നത്.

മി. ചെയർമാൻ: ഡോ. മാത്യൂ കുഴൽനാടന് 2023-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

**[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]**

ഡോ. മാത്യൂ കുഴൽനാടൻ: സർ, 2023-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30.09.2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബില്ലിനെക്കുറിച്ച് സംസാരിക്കുമ്പോൾ എനിക്ക് അതിയായ വിഷമമുണ്ട്. കാരണം അങ്ങ് അവതരിപ്പിച്ച ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ പറയുന്നത് കേരളത്തിൽ വ്യവസായ സംരംഭങ്ങൾ നടത്തുവാനുദ്ദേശിക്കുന്ന സംരംഭകരുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ടി സംസ്ഥാന നിയമങ്ങളിലെ ചില വ്യവസ്ഥകൾ ഡീക്രിമിനലൈസ് ചെയ്യാൻ സർക്കാർ തീരുമാനിച്ചു എന്നാണ്. ഡീക്രിമിനലൈസ് ചെയ്യുന്നത് ഏത് മേഖലയിലാണെന്ന് ഞാൻ പറയേണ്ടതില്ല. കേരളം മദ്യത്തിന്റെയും

മയക്കുമരുന്നിന്റെയും മറ്റ് ലഹരികളുടെയും പിടിയിൽ അമരുന്നുവെന്നത് കഴിഞ്ഞ ദിവസം ഈ നിയമസഭ എത്ര ആശങ്കയോടുകൂടി ചർച്ച ചെയ്ത വിഷയമാണ്. ഞാൻ അവതരിപ്പിച്ച അടിയന്തരപ്രമേയത്തെ എതിർത്തുകൊണ്ട് മറുപടി പറഞ്ഞപ്പോൾ അങ്ങ് എത്ര ആക്ഷേപ സ്വരത്തോടുകൂടിയാണ് സംസാരിച്ചത്. ഇതെല്ലാം നിയന്ത്രിക്കാനും ഇല്ലായ്മ ചെയ്യാനുംവേണ്ട എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയെന്നതാണ് സർക്കാരിന്റെ നയം എന്നാണ് അങ്ങ് പറഞ്ഞത്. അങ്ങ് ഇപ്പോൾ പറഞ്ഞത് ഈ ഭേദഗതി ബിൽ അവതരിപ്പിച്ചിരിക്കുന്നത് വ്യവസായം ആരംഭിക്കാനുദ്ദേശിക്കുന്ന സംരംഭകരുടെ പ്രവർത്തനങ്ങൾ എളുപ്പമാക്കാനാണെന്നാണ്. ഈ സർക്കാരിന്റെ സമീപനം ഇതിൽനിന്നും വ്യക്തമല്ലേ? ഗവൺമെന്റിന്റെ സമീപനമെന്താണ്? You are decriminalizing a penal action. ഒരു കുറ്റകൃത്യം ഡീക്രിമിനലൈസ് ചെയ്തുകൊണ്ട്, you want to compound it with imposing fine. ഈ സർക്കാരിന് വേണ്ടത് പണമാണ്. ഇവിടത്തെ യുവാക്കളോ യുവതയോ അല്ലെങ്കിൽ വരുംതലമുറയോ

മദ്യത്തിനോ മയക്കുമരുന്നിനോ അടിമപ്പെടുകയോ എന്ത് ചെയ്താലും കുഴപ്പമില്ലെന്നാണോ?

മി. സ്പീക്കർ: ചെയറിനെ നോക്കി സംസാരിക്കൂ...പ്ലീസ്..

ഡോ. മാത്യൂ കുഴൽനാടൻ: സർ, ചെയറും ഇക്കാര്യത്തിൽ വളരെ ആശങ്കപ്പെടേണ്ടതാണ്. കാരണം ഇവിടത്തെ യുവതലമുറയ്ക്ക് എന്തു സംഭവിച്ചാലും വേണ്ടില്ല, ഞങ്ങൾക്ക് പണം കിട്ടിയാൽ മതിയെന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. സാധാരണയായി ഇതുപോലുള്ള കാര്യങ്ങൾ കൂടുതൽ stringent ആക്കുകയാണ് ചെയ്യാറുള്ളത്. അക്കാര്യം സർക്കാരിന്റെ മദ്യനയം പരിശോധിച്ചാൽ മനസ്സിലാകും. മദ്യനയത്തിന്റെ സമീപനമെന്താണ്? മദ്യം, ലോട്ടറി മുതലായവ ഇന്ന് സർക്കാരിന് പണം ലഭിക്കുന്ന പൊൻമുട്ടയിടുന്ന താറാവാണ്. സമൂഹത്തിലെ ഏറ്റവും സാധാരണക്കാരായവരിൽനിന്നും സർക്കാർ പിരിച്ചെടുക്കുന്ന പണമാണ്. വീണ്ടും വീണ്ടും എങ്ങനെ പണമുണ്ടാക്കാമെന്ന അപ്രോച്ച് മാത്രമല്ലേ ഇത്; ഈ ഡീക്രിമിനലൈസേഷൻ കൊണ്ടുള്ള ഗുണം ആർക്കാണ്? മഹാത്മാ ഗാന്ധിയുടെ ചിത്രമാണ് നിയമസഭാ ഹാളിൽ തൂക്കിയിരിക്കുന്നത്.

നിയമനിർമ്മാണം നടത്തുന്ന ഒരു സഭയാണിത്. ഈ നിയമനിർമ്മാണം നടത്തുമ്പോൾ മന്ത്രിയെന്ന നിലയിൽ അങ്ങ് സ്വയമൊന്ന് ആലോചിക്കണം. ഈ നിയമത്തിന്റെ ഗുണഭോക്താക്കൾ ആരാണ്? ആർക്കുവേണ്ടിയാണ് ഈ നിയമം? നമ്മുടെ സമൂഹത്തിന് വേണ്ടിയാണോ? അല്ലെങ്കിൽ വളർന്നുവരുന്ന പുതിയ തലമുറയ്ക്കുവേണ്ടിയാണോ? അല്ല. മദ്യം, മയക്കുമരുന്ന് പോലുള്ള ലഹരി വസ്തുക്കൾ ഇവിടെ പ്രചരിപ്പിക്കാൻ ആഗ്രഹിക്കുന്ന അല്ലെങ്കിൽ അതിൽ പ്രചരണം നടത്തുന്ന സിനിമയിൽ ഇത് ഉപയോഗിക്കുന്ന അല്ലെങ്കിൽ മദ്യത്തിന്റെ പരസ്യം നടത്താൻ ആഗ്രഹിക്കുന്ന ആളുകൾക്ക് ഗുണം ചെയ്യുന്നതാണ്. അതിന്റെ ഭവിഷ്യത്ത് എന്താണെന്ന് അറിയാമോ? മദ്യവും മയക്കുമരുന്നും ഈ സംസ്ഥാനത്ത് വീണ്ടും വ്യാപകമായാൽ സംസ്ഥാനത്തെ യുവതലമുറയാണ് നമുക്ക് കൈവിട്ട് പോകുന്നത്. ഞാൻ ഏറെ വേദനയോടെയും വിഷമത്തോടെയും സഭയിൽ പറയാൻ ആഗ്രഹിക്കുന്ന ഒരു കാര്യമാണിത്. കഴിഞ്ഞ ദിവസമാണ് എന്റെ നിയോജകമണ്ഡലത്തിൽ അങ്ങേയറ്റം വിഷമകരമായ ഒരു സംഭവമുണ്ടായത്. ബി.കോമിന് പഠിച്ചുകൊണ്ടിരുന്ന ഏറ്റവും മിടുക്കിയായ ഒരു

വിദ്യാർത്ഥിനിയായിരുന്ന നമിത. ആ കുട്ടി നിർമ്മലാ കോളേജിലെ പഠനം കഴിഞ്ഞ് വരവെ, റോഡ് ക്രോസ് ചെയ്യുമ്പോഴാണ് അതിഭയങ്കരമായ സ്പീഡിൽ നിയന്ത്രണം നഷ്ടപ്പെട്ട് ഓടിച്ചുവന്ന ഒരു ബൈക്കിടിച്ച് ആ സ്പോട്ടിൽ വച്ചുതന്നെ മരണപ്പെട്ടത്. പിന്നീട് നടത്തിയ പരിശോധനയിലാണ് ബൈക്ക് ഓടിച്ച യുവാവ് മയക്കുമരുന്നിന്റെ അടിമയോ അല്ലെങ്കിൽ ആ നിലയിൽ ജീവിച്ചിരുന്ന ചെറുപ്പക്കാരനായിരുന്നുവെന്ന് മനസ്സിലായത്. സംഭവസ്ഥലത്തുവച്ച് തന്നെ ആ കുട്ടി മരണപ്പെട്ടിട്ടും സ്വബോധം നഷ്ടപ്പെട്ട് വളരെ മോശമായ രീതിയിൽ സംസാരിക്കുന്ന നിലയിലായിരുന്നു ആ യുവാവ്. പോസ്റ്റുമോർട്ടത്തിനുശേഷം പിറ്റേദിവസമാണ് മൃതദേഹം അടക്കം ചെയ്യാൻ കഴിഞ്ഞത്. ആ കുട്ടിയുടെ ബോഡി അടക്കം ചെയ്യാനായി വീട്ടിലേയ്ക്ക് കൊണ്ടുപോകാൻ തുടങ്ങുമ്പോഴാണ് രാവിലെ അടുത്ത വാർത്ത തേടിയെത്തുന്നത്. 12-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥി ആത്മഹത്യ ചെയ്തുവെന്ന വാർത്തയായിരുന്നു അത്. ആ കുട്ടി മയക്കുമരുന്നിന് അടിമയായി അവന്റെ അച്ഛനേയും അമ്മയേയും ഉപദ്രവിച്ചുകൊണ്ടിരിക്കുകയാണെന്നുള്ള വാർത്തയാണ് അന്വേഷിച്ചപ്പോൾ

അറിയാൻ കഴിഞ്ഞത്. അതിനുപിന്നാലെ ചാന്ദിനി എന്ന പെൺകുട്ടിയെ വലിച്ചുകീറിയതിനെ കുറിച്ച് കേട്ടില്ലേ; അതെന്തിന്റെ സ്വാധീനത്തിലായിരുന്നു; മയക്കുമരുന്നിന്റെ സ്വാധീനത്തിലാണ്. ഡോ.വന്ദനാദാസ് കൊല്ലപ്പെട്ടതും മയക്കുമരുന്ന് ഉപയോഗിച്ച് സ്വബോധം നഷ്ടപ്പെട്ട ആളുടെ ആക്രമണത്തിലല്ലേ. നമ്മുടെ സംസ്ഥാനത്തിന്റെ അവസ്ഥയെന്താണ്; മയക്കുമരുന്നും ലഹരിയും ഈ സംസ്ഥാനത്തെ ഏറ്റവും അപകടകരമായ അവസ്ഥയിലേയ്ക്ക് കൊണ്ടുപോയിക്കൊണ്ടിരിക്കുമ്പോൾ മദ്യവുമായി ബന്ധപ്പെട്ട ഒരു ഒഫൻസിനെ അങ്ങേയ്ക്ക് എങ്ങനെയാണ് ഡി-ക്രിമിനലൈസ് ചെയ്യാൻ സാധിക്കുന്നത്; അതിൽനിന്നും വ്യക്തമാകുന്ന സമീപനമെന്താണ്; ഇതൊക്കെ ലിബറലൈസ് ചെയ്തിട്ടാണെങ്കിലും ഇവിടെനിന്ന് പണം ഉണ്ടാകുമെങ്കിൽ ആർക്കെന്ത് സംഭവിച്ചാലും ഞങ്ങൾക്ക് കുഴപ്പമില്ലെന്നതാണ് സമീപനം. ഇതൊരു തെറ്റായ സമീപനമാണ്. ഇതൊരിക്കലും ഗുണത്തിനല്ല. ഒരുവശത്ത് മദ്യവർജ്ജനമാണ് തങ്ങളുടെ നയമെന്ന് പറയുകയും മറുവശത്ത് മദ്യത്തെ പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന എല്ലാ നിലയ്ക്കും നിങ്ങൾ മുന്നോട്ടുപോകുകയുമാണ്.

എക്സൈസ് വകുപ്പുമന്ത്രിയായതുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കാൻ ആഗ്രഹിക്കുന്നൊരു കാര്യമുണ്ട്. മദ്യനയത്തിൽ അങ്ങ് കൊണ്ടുവന്ന മറ്റൊരുകാര്യവും എന്റെ ശ്രദ്ധയിൽപ്പെട്ടു. ഞാൻ മനസ്സിലാക്കുന്നത് ശരിയാണെങ്കിൽ, തെങ്ങിൻകള്ളിന്റെ ഉല്പാദനത്തിന്റെ തോത്, ഇപ്പോൾ കാൽക്കുലേറ്റ് ചെയ്യുന്ന അളവിൽക്കൂടുതൽ തെങ്ങിൻകള്ള് ലഭിക്കുന്നു എന്ന് വരുത്തിത്തീർക്കാൻ ആഗ്രഹിക്കുന്നു എന്നാണ്. അത് എന്തിനുവേണ്ടിയാണ്; ഈ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ലെജിറ്റിമേറ്റ് ആയ, ലീഗലായിട്ടുള്ള കള്ളിന്റെ അളവ് എത്രയാണ്; ഈ സംസ്ഥാനത്ത് വില്പന നടത്തുന്ന കള്ളിന്റെ അളവെത്രയാണെന്ന് ആത്മാർത്ഥമായും സത്യസന്ധമായും ഈ നിയമസഭയിൽ പറയാൻ കഴിയുമോ? വ്യാജമായ കള്ള് അതിവ്യാപകമായി ഇവിടെ വിൽക്കുന്നുവെന്നാണ് ആ കണക്ക് കാണിക്കുന്നത്. സർക്കാർ അതിന് കൂട്ടുനിൽക്കുന്നു. സർക്കാർ അറിഞ്ഞിട്ടില്ലെന്ന് പറയാൻ കഴിയുമോ; എൻഫോഴ്സ്മെന്റിനുള്ള സാധ്യതയോ അതിനുള്ള സംവിധാനമോ ഈ സർക്കാരിന് ഇല്ലാത്തതുകൊണ്ടാണോ; അല്ല. You are permitting the illicit liquor,

നിങ്ങളത് അനുവദിക്കുന്നു. ആർക്കുവേണ്ടിയാണ്; ജനങ്ങളെ വീണ്ടും മദ്യത്തിന്റെ പേരിൽ പിഴിഞ്ഞെടുക്കുന്ന മദ്യ മുതലാളിമാർക്കുവേണ്ടിയാണ് ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുന്നത്. അപ്പോൾ സർക്കാരിന്റെ മദ്യനയത്തിലുള്ള സമീപനമെന്താണെന്നുള്ളതാണ്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മദ്യം ഉല്പാദിപ്പിക്കുന്നതിനായി ഇവിടെ ബ്രൂവറിയും ഡിസ്റ്റിലറിയും തുടങ്ങാൻ തീരുമാനിച്ചിരുന്നു. അന്നത്തെ പ്രതിപക്ഷനേതാവായിരുന്ന ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല ആ വിഷയം ഉയർത്തിക്കൊണ്ട് വരികയും സർക്കാർ അതിൽനിന്ന് പിന്നോട്ടുപോകുകയും ചെയ്തു. അന്ന് പിൻവാതിലിലൂടെ കൊണ്ടുവരാൻ ശ്രമിച്ച സാധനം നിങ്ങളിപ്പോൾ മുൻവാതിലിലൂടെ കൊണ്ടുവരികയാണ്, ഇവിടെ മദ്യ ഉല്പാദനം നടത്താൻ സൗകര്യപ്പെടുത്തുന്ന രീതിയിലേയ്ക്കാണ് പോകുന്നത്. മദ്യത്തെ പ്രോത്സാഹിപ്പിക്കുകയാണ് സർക്കാരിന്റെ സമീപനമെന്നാണത് കാണിക്കുന്നത്. ഇനി അഥവാ അതാണെങ്കിൽ അക്കാര്യം സത്യസന്ധമായി തുറന്നുപറഞ്ഞ് അതിനൊരു പർപ്പസും റീസണും ലോജിക്കുമുണ്ടെന്നും ഇന്ന കാരണംകൊണ്ടാണെന്നും പറഞ്ഞ് സംസ്ഥാനത്ത് നല്ല മദ്യം എൻഷ്വർ

ചെയ്യാനുള്ള ഒരു സ്റ്റെപ്പെങ്കിലും സ്വീകരിക്കണ്ടേ; അതിനുപകരം നമുക്ക് നിരന്തരം ഏറ്റവും വലിയ ഭീഷണിയായി വളർന്നുവരുന്ന ലഹരിക്കും മദ്യത്തിനും വീണ്ടും ഈ സംസ്ഥാനത്തെ അടിമപ്പെടുത്തുന്ന രീതിയിലേയ്ക്ക് മുന്നോട്ടുപോകുന്നതിൽ എനിക്ക് അങ്ങേയറ്റം ഖേദമുണ്ട്. ഇത് ചോദിക്കാതിരിക്കാൻ കഴിയില്ല. ഒരു വിദ്യാർത്ഥി യുവജന പ്രതിനിധിയെന്ന നിലയിൽ വളർന്നുവരുന്ന ഒരു തലമുറയെ അതിഭീകരമായി ബാധിക്കുന്നൊരു വിഷയത്തെകുറിച്ച് എനിക്ക് പറയാതിരിക്കാൻ കഴിയില്ല.

മറ്റൊരുകാര്യംകൂടി ഞാൻ സാന്ദർഭികമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. സർക്കാരിന്റെ വരുമാന സ്രോതസ്സുകൾ വർദ്ധിപ്പിക്കുന്നതിനുപകരം നിലവിലുള്ള വരുമാന സ്രോതസ്സുകളെ വീണ്ടുംവീണ്ടും ഞെക്കിപ്പിഴിഞ്ഞെടുക്കുന്ന ഒരു സമീപനമാണ് സ്വീകരിക്കുന്നത്. അതിൽ എല്ലാ വകുപ്പുകളും ഒരുപോലെയാണ്. ലോട്ടറി മറ്റൊരു വരുമാന മാർഗ്ഗമാണ്. ഏറ്റവും പാവപ്പെട്ടവരും സാധാരണക്കാരായവരുമായ ആളുകളിൽനിന്നും പിരിച്ചെടുക്കുന്നതാണ് ലോട്ടറി. അതിൽ ഇപ്പോൾ ഏറ്റവും ലേറ്റസ്റ്റായി ചെയ്ത കാര്യമെന്താണ്;

സമ്മാനം കുറയ്ക്കുന്നു. അല്ലെങ്കിൽ ലോട്ടറി ഏജന്റിന്റെ കമ്മീഷൻ കുറയ്ക്കുന്നു. അവർക്ക് ലഭിക്കുന്ന പണം കുറയ്ക്കുന്നു. അവരിൽനിന്നുപോലും പിടിച്ചുപറിക്കുകയാണ്. ഈ സർക്കാരിനുവേണ്ടി പൊരിവെയിലത്ത് റോഡിൽ തെണ്ടിനടന്ന് ലോട്ടറി വിറ്റ് സർക്കാരിന് പണമടയ്ക്കുന്നവർക്ക് പ്രഖ്യാപിച്ച സമ്മാനവും നൽകുന്നില്ല, ഏജന്റിന്റെ കമ്മീഷനും വെട്ടിക്കുറയ്ക്കുകയാണ്. എന്തൊരു അപ്രോച്ചാണ് ഈ ഗവൺമെന്റിന്റേത്; ആരെയാണ് നിങ്ങൾ പിഴിയുന്നത്?

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, പ്രിയപ്പെട്ട അംഗം സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും പ്രധാനപ്പെട്ട വരുമാനമായ മദ്യത്തെക്കുറിച്ചും ലോട്ടറിയെ കുറിച്ചും സൂചിപ്പിച്ചു. കഴിഞ്ഞ സമ്മേളന കാലയളവിൽ കേരളത്തിൽ നികുതി വർദ്ധനവ് ഏർപ്പെടുത്തിയപ്പോൾ അതിനെതിരെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും രൂക്ഷമായ പ്രതികരണമുണ്ടായിരുന്നു. ഇതിൽ അങ്ങയുടെ നിലപാടെന്താണ്; എങ്ങനെയാണ് സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുക; അതിനായി എന്തൊക്കെ മാർഗ്ഗങ്ങളാണ് അങ്ങ് മുന്നോട്ടുവയ്ക്കുന്നത്; നികുതി

വർദ്ധിപ്പിക്കുമ്പോൾ അതിനെതിരെ സമരം നടത്തുന്ന പ്രതിപക്ഷംതന്നെ ഈ വാഗ്വാദങ്ങൾ മുന്നോട്ടുവയ്ക്കുന്നത് ഇരട്ടത്താപ്പ് നയമല്ലേ എന്നതാണ് എന്റെ ചോദ്യം?

ഡോ. മാത്യു കുഴൽനാടൻ: സർ, അത് നല്ലൊരു ചോദ്യമാണ്. അങ്ങ് പേഷ്യന്റായി കേൾക്കുന്നതുകൊണ്ട് ഞാൻ പറയാം. ഒരു സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാൻ ടാക്സ് വർദ്ധിപ്പിക്കുക എന്നതാണ് ഏക മാർഗ്ഗമെന്ന് ചിന്തിക്കരുത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ചെയറിനെ അഡ്രസ് ചെയ്യൂ. ബഹുമാനപ്പെട്ട അംഗങ്ങൾ പരസ്പരമുള്ള ചർച്ചയാക്കേണ്ടതില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇതൊരു ഹെൽത്തി ഡിസ്കഷനാണ്. തീർച്ചയായും ചെയറിനെത്തന്നെ അഡ്രസ് ചെയ്യാം. യഥാർത്ഥത്തിൽ എന്താണ് ചെയ്യേണ്ടത്; you keep the tax rate slab same. You increase the economic activity. അതായത്, ബിസിനസ്സ് വർദ്ധിച്ചാൽ മതിയാകും. എന്നാൽ ടാക്സ് വർദ്ധിപ്പിക്കേണ്ടതില്ല. സർക്കാരിന് ലഭിക്കാനുള്ള നികുതികൾ ഫലപ്രദമായി പിരിച്ചെടുത്താൽ വലിയൊരു തുക വരും. നോൺ-ടാക്സ് റവന്യൂ

എന്ന വലിയൊരു ഹെഡ്സ് ഉണ്ട്. അതുമാത്രമല്ല, നിങ്ങൾ ടാപ്പ് ചെയ്യാത്ത, 'N'- number of resources of activities are here. അവ കണ്ടുപിടിക്കാനും നികുതി ചുമത്താനും സർക്കാരിന് കഴിയേണ്ടതല്ലേ; എവിടെയാണ് ടാക്സ് അപ്ലൈ ചെയ്യേണ്ടതെന്ന് നോക്കേണ്ടതല്ലേ; സാധാരണക്കാരന്റെ മുതുകിനും തലയ്ക്കും അടിച്ചല്ല സർക്കാർ വരുമാനമുണ്ടാക്കേണ്ടത്. വരുമാനം വർദ്ധിപ്പിക്കുന്നതിന് ഞങ്ങൾ എതിരല്ല. സർക്കാരിന് വരുമാനമുണ്ടെങ്കിൽ മാത്രമേ നമ്മുടെ സംസ്ഥാനത്ത് വികസനം ഉണ്ടാകുകയുള്ളൂ. അതിലൊന്നും ആർക്കും സംശയമില്ല. പക്ഷേ, അത് പാവപ്പെട്ടവന്റെ വെള്ളക്കരവും വീട്ടുനികുതിയും വർദ്ധിപ്പിച്ചിട്ടുവേണോ; അല്ലെങ്കിൽ അവർ ഉപയോഗിക്കുന്ന എല്ലാ സാധനങ്ങളുടെയും വില വർദ്ധിപ്പിച്ചിട്ടുവേണോ; പെട്രോൾ, ഡീസൽ സെസ്സ് വർദ്ധിപ്പിച്ചു. അതുകൊണ്ട് ഗുണമാണോ ദോഷമാണോ ഉണ്ടായതെന്ന് നിയമസഭയിൽ പറയണം. ആ നിലയിലല്ല വരുമാനമുണ്ടാക്കേണ്ടത്.

ഇപ്പോൾ അബ്കാരി നിയമത്തിലെ വ്യവസ്ഥകൾ ഡീ-ക്രിമിനലൈസ് ചെയ്യുന്നതിലുള്ള സർക്കാരിന്റെ ഇന്റൻഷൻ കണ്ടില്ലേ; they want to increase

the fine. വീണ്ടും പൈസ കൂട്ടുന്നെങ്കിൽ കൂട്ടട്ടെ എന്നാണ് വിചാരിക്കുന്നത്. ഇത് സംസ്ഥാനത്തിന് ഗുണകരമായൊരു സമീപനമല്ല. മദ്യത്തിനും ലഹരിക്കുമെതിരെ വിട്ടുവീഴ്ചയില്ലാത്ത, ഒരുപാട് കാര്യങ്ങൾ കൂടുതൽ ക്രിമിനലൈസ് ചെയ്യണമെന്നതാണ് ഞങ്ങളുടെ അഭിപ്രായം. ലഹരിക്കും മദ്യത്തിനും എതിരായ ഒഫൻസുകളെ ക്രിമിനലൈസ് ചെയ്തുകൊണ്ട് ശിക്ഷാനടപടികൾ stringent ആക്കി, KAAPA പോലുള്ള നിയമത്തിലെ വ്യവസ്ഥകൾ ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, മദ്യം സാർവ്വത്രികമാക്കുമ്പോൾ സ്വാഭാവികമായിട്ടും അതിന് ന്യായീകരണമായി പറയുന്നൊരു കാരണമുണ്ട്. നമ്മുടെ നാട്ടിൽ മയക്കുമരുന്ന് ഇത്രയേറെ വ്യാപിക്കുന്നത് മദ്യം ഇല്ലാത്തതുകൊണ്ടാണെന്നാണ്. വളരെ തെറ്റിദ്ധാരണാജനകമായിട്ടുള്ള പ്രചരണമാണ് ഇക്കാര്യത്തിൽ നടക്കുന്നത്.

<u>മി. സ്പീക്കർ</u>: പുതിയ അംഗങ്ങൾ ശ്രദ്ധിക്കേണ്ടൊരു കാര്യം, നിങ്ങൾ ചെയറിനെ നോക്കിയാണ് സംസാരിക്കേണ്ടത്. അതിന്റെ awkwardness ബോധ്യപ്പെടണമെങ്കിൽ നിങ്ങളിലൊരാൾ ഇവിടെ വന്നിരിക്കണം.

ശ്രീ. നജീബ് കാന്തപുരം: സർ, തീർച്ചയായും. സ്വാഭാവികമായും അത്തരത്തിലൊരു പ്രചരണം നടക്കുകയും അത് മദ്യവില്പന സാർവ്വത്രികമാക്കാൻ വേണ്ടിയുള്ള ഉപാധിയായി സർക്കാർ ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. സത്യം പറഞ്ഞാൽ മദ്യവും മയക്കുമരുന്നും രണ്ട് രീതിയിലാണ് ഉപയോഗപ്പെടുത്തുന്നത്. മയക്കുമരുന്ന് ഉപയോഗിക്കുന്നവർ ഒരിക്കലും മദ്യത്തിലേയ്ക്ക് വരില്ല. അവരുടെ ലോകം വേറെയാണ്. ഇക്കാര്യത്തിൽ ഇങ്ങനെയൊരു സമീപനം ഉയർന്നുവരുന്നത് നമ്മുടെ നാട്ടിൽ മദ്യവ്യാപനം വലിയതോതിൽ വർദ്ധിപ്പിക്കുകയും അത് വലിയ നികുതിക്കും അതുപോലെതന്നെ വരുമാനമാർഗ്ഗവുമായി മാറ്റാനുള്ള ഒരു നടപടി സർക്കാർ നിഗൂഢമായി ചെയ്യുന്നുണ്ട് എന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങ് പറഞ്ഞ അഭിപ്രായത്തോട് ഞാൻ വിയോജിക്കുന്നില്ല. തീർച്ചയായും ഇതെല്ലാം സ്വയമൊരു പരിശോധനയ്ക്ക് വിധേയമാക്കേണ്ട വിഷയമാണ്. ഞാൻ കൂടുതൽ സമയമെടുക്കുന്നില്ല, ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട്

അവസാനിപ്പിക്കുകയാണ്. വരുമാനം വർദ്ധിപ്പിക്കുന്നതിനായി ടാക്സ് വർദ്ധിപ്പിക്കുന്ന കാര്യം ഇവിടെ പറഞ്ഞു. കള്ള് വ്യവസായത്തെ നവീകരിച്ച് അത്യാധുനിക രീതിയിൽ സംസ്ഥാനത്ത് ഏറ്റവും മികച്ച കള്ള് ലഭ്യമാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇപ്പോഴിവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞിരുന്നു. ഞാൻ ചോദിക്കുന്നത്, ഇന്ന് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളുടെ ലൈസൻസ് ഫീ റിവൈസ് ചെയ്യുന്നതിനെക്കുറിച്ച് എന്തുകൊണ്ടാണ് ആലോചിക്കാത്തത്; എന്തുകൊണ്ടാണ് ഒരു കോമ്പറ്റിറ്റീവ് ബിഡ്ഡിംഗിന് പോകാത്തത്; കോമ്പറ്റിറ്റീവ് ബിഡ്ഡിംഗിലേയ്ക്ക് പോയാൽ പുതിയ ആളുകൾ കടന്നുവരും. പുതിയ ആളുകൾ വന്നാൽ ഒരുപക്ഷേ ഏറ്റവും നവീനമായ കള്ളുഷാപ്പ് തുടങ്ങിയെന്നുവരും. പക്ഷേ, അവിടെ നിങ്ങൾക്ക് രാഷ്ട്രീയ താൽപ്പര്യങ്ങളുണ്ട്. നിങ്ങൾക്ക് പരിമിതികളുണ്ട്. You don't have the political courage, you don't have the political will, you can't do it. You are helpless. ആ ഒരു മേഖലയെ നവീകരിക്കാൻ സാധിക്കുന്നത് അങ്ങനെയല്ലേ; ആ സ്റ്റെപ്പെടുക്കാനുള്ള ആർജ്ജവവും ഇച്ഛാശക്തിയും ഈ ഗവൺമെന്റിന്

ഉണ്ടെന്ന് തോന്നുന്നുണ്ടോ; ഇല്ല. കാലാനുസൃതമായ മാറ്റം വരണമെന്നും മാറ്റം വരുത്തുമെന്നും ആവർത്തിച്ചാവർത്തിച്ച് പറയുകയും അതിനുവേണ്ടിയുള്ള ഒരു നടപടിയുമെടുക്കാൻ കഴിയാതെ ദുർബലമായി നിൽക്കുകയും എന്നിട്ട് ഇതുപോലുള്ള മേഖലകളെ വീണ്ടും ലിബറലൈസ്ചെയ്ത്, ഡി-ക്രിമിനലൈസ് ചെയ്ത് ഒരു സമൂഹത്തെ മുഴുവൻ മദ്യത്തിനും മയക്കുമരുന്നിനും അടിമയാക്കാൻ തള്ളിവിടുന്ന ഈ സർക്കാരിന്റെ നയത്തെ എതിർക്കാതിരിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഞങ്ങൾ ഇത്രയും പറയുന്നത്. തീർച്ചയായും ഇത് ഗുണത്തിനല്ല. അതുകൊണ്ട് ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. ബാലചന്ദ്രൻ): സർ, 2023-ലെ അബ്കാരി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. എന്റെ സുഹൃത്ത് ഡോ. മാത്യു കുഴൽനാടൻ പ്രഗത്ഭനായ വക്കീലാണ്. അദ്ദേഹം സത്യത്തിൽ ഈ സഭയിൽ പ്രസംഗിക്കുന്നത്

കേട്ടപ്പോൾ എനിക്കോർമ്മ വന്നത് ഞങ്ങളുടെ നാട്ടിലുള്ളൊരു ചൊല്ലാണ്. 'അന്നമ്മയെ കാണിച്ച് മാത്തിരിയെ കെട്ടിക്കുകയെന്ന്', അതായത് ഒന്ന് പറഞ്ഞ് മറ്റൊന്ന് കാണിക്കുകയാണെന്നാണ് അതിന്റെ അർത്ഥം. നിയമത്തിലെ രണ്ട് വ്യവസ്ഥകൾ ഡി-ക്രിമിനലൈസ് ചെയ്യുന്നതിനാണ് ഈ ബിൽ അവതരിപ്പിച്ചത്. എന്നാൽ അദ്ദേഹം മയക്കുമരുന്നിനെക്കുറിച്ചാണ് കൂടുതലും സംസാരിച്ചത്. കേരളത്തിൽ മദ്യ ഉല്പാദനരംഗത്ത് ഒരു വ്യവസായം എന്നുള്ള നിലയ്ക്ക് പുതിയ സംരംഭകത്വങ്ങൾ കടന്നുവരുന്നതിനുവേണ്ടി ചില ക്രമീകരണങ്ങൾ വരുത്തേണ്ടതുണ്ടെന്നതാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിൽ ഡിസ്റ്റിലറി, ബ്രൂവറി, വൈനറി, തെങ്ങിൽ നിന്നെടുക്കുന്ന കള്ള്, പനയിൽനിന്നെടുക്കുന്ന കള്ള് (ഇത് രണ്ടും പരമ്പരാഗത തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടതാണ്) ഇതെല്ലാമുണ്ട്. വീര്യം കുറഞ്ഞ മദ്യത്തെ പ്രോത്സാഹിപ്പിക്കുകയും ലഹരിയുടെ വ്യാപനം തടയുകയും ചെയ്യുന്നതിനുപകരം മദ്യ നിരോധനമല്ല നല്ലതെന്ന് ലോകം തെളിയിച്ചിട്ടുള്ളതാണ്, കാലം തെളിയിച്ചിട്ടുള്ളതാണ്; അതിനുപകരം

മദ്യവർജ്ജനമാണ് നല്ലത്. അതിനുവേണ്ടി 2625 സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള കമ്മിറ്റികളും സർവ്വകലാശാലകളും കോളേജുകളും കേന്ദ്രീകരിച്ചുള്ള കമ്മിറ്റികളും വിവിധ സന്നദ്ധ സംഘടനകളുടെയും സാംസ്കാരിക സംഘടനകളുടെയും അതുപോലെ സമൂഹത്തിന്റെ നാനാ മേഖലകളിൽ പ്രവർത്തിക്കുന്ന സംഘടനകളെയുമെല്ലാം ഏകോപിപ്പിച്ചുകൊണ്ട് ലഹരിക്കെതിരായ വലിയ നീക്കം ഈ സമൂഹത്തിൽ മുന്നോട്ടുകൊണ്ടുവരണം. അങ്ങനെ ലഹരിയുടെ ഉപയോഗത്തിൽനിന്ന് ഈ സമൂഹത്തെ പിന്നോട്ട് കൊണ്ടുപോകണം എന്നുള്ളതാണ് ഈ ബില്ലിന്റെ താൽപ്പര്യം എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇന്ന് MDMA-യും അതുപോലെതന്നെ മാരകമായ ലഹരിയുടെ പിടിയിലേയ്ക്ക് ബാല്യകൗമാരങ്ങളടക്കം കേരളത്തിൽ കടന്നുവരുന്നുണ്ടെങ്കിൽ അതിന്റെ കാരണങ്ങളെന്താണെന്ന് മൗലികമായി പരിശോധിക്കേണ്ടതാണ്. അതിനെ പ്രതിരോധിക്കേണ്ടതെങ്ങനെയാണ്? കേരളത്തിൽ ഐക്യജനാധിപത്യ മുന്നണി ഭരിക്കുമ്പോഴും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുമ്പോഴും എക്സൈസ് വകുപ്പുണ്ട്, ഒരു മദ്യനയവുമുണ്ടാകാറുണ്ട്. കേരളത്തിൽ പല

തരത്തിലുള്ള പ്രചാരണങ്ങൾ നടക്കാറുണ്ട്. പരമ്പരാഗത തൊഴിൽ മേഖലയിൽനിന്നുവരുന്ന കള്ളുല്പാദനവും അതുപോലെ പനയിലെ കള്ളും ഉല്പാദിപ്പിക്കുന്ന തൊഴിലാളികളുമുണ്ട്. ഞാൻ വരുന്നത് അന്തിക്കാട് നിന്നുമാണ്. ഏനാമാവ്-പെരിങ്ങോട്ടുകര ഫർക്ക പതിനായിരക്കണക്കിന് ചെത്തുതൊഴിലാളികളുണ്ടായിരുന്ന പ്രദേശമാണ്. ആ ചെത്തുതൊഴിലാളിയുടെ നീലഞരമ്പിൽനിന്ന് ഇറ്റിറ്റുവീണ ചോരത്തുള്ളികളാണ് കേരളത്തിലെ ആദ്യത്തെ സ്വാതന്ത്ര്യസമരത്തിന്റെ ശംഖൊലി ഏനാമാവ്-പെരിങ്ങോട്ടുകരയിൽ മുഴക്കിയത്. 144 ദിവസം കർഫ്യൂ പ്രഖ്യാപിച്ച നാടാണ് അന്തിക്കാട്. ആ അന്തിക്കാട് പതിനായിരം ചെത്തുതൊഴിലാളികൾ ഉണ്ടായിരുന്നുവെങ്കിൽ ഇന്ന് ഇരുനൂറോളം തൊഴിലാളികൾ മാത്രമാണുള്ളത്. അത്രയും തൊഴിലാളികൾ ഈ തൊഴിലിൽനിന്ന് എങ്ങനെ ബഹിഷ്കൃതരായി, അവരെങ്ങനെ ഇന്ന് ജീവിക്കുന്നു, അതുപോലെ നമ്മുടെ മലയോര മേഖലകളിൽ പന ചെത്തി ജീവിക്കുന്ന ആയിരക്കണക്കിന് തൊഴിലാളികളുണ്ട്. ഇതൊരു പരമ്പരാഗത വ്യവസായമെന്ന നിലയിൽ റ്റോഡി ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ട്

ക്ഷേമനിധി ആനുകൂല്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് തൊഴിലാളികളെ സംരക്ഷിക്കാനുള്ള ബാധ്യതകൂടി ഈ അബ്കാരി (ഭേദഗതി) ബില്ലിന്റെ ഭാഗമായി കൊണ്ടുവരണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ലഹരിക്കെതിരെ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രചാരണം സംഘടിപ്പിക്കുന്നത് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ തന്നെയാണ്. കേരളത്തിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ലഹരിവേട്ട ഇന്ന് എത്ര സുശക്തമായാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ഈ (ഭേദഗതി) ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് നിയമസഭയിൽ പ്രസംഗിച്ചശേഷം കള്ളിന്റെ ഗുണത്തെക്കുറിച്ച് പലരും പ്രസംഗിക്കുന്നത് കേട്ടു. മഹാകവി ചങ്ങമ്പുഴ കൃഷ്ണപിള്ള വളരെ വർഷങ്ങൾക്കുമുമ്പ് അതിനെക്കുറിച്ചെഴുതിയത് ഇപ്പോൾ ഓർക്കുന്നത് നന്നായിരിക്കും.

"വെള്ളം ചേർക്കാതെടുത്തോരമൃതിനുസമമാം നല്ലിളം കള്ളു, ചില്ലിൻ

വെള്ളഗ്ലാസ്സിൽ പകർന്നങ്ങനെ രുചികരമാം മത്സ്യ മാംസാദി കൂട്ടി ചെല്ലം തോതിൽ ചെലുത്തി, ക്കളിചിരികൾ തമാശൊത്തു മേളിപ്പതേക്കാൾ സ്വർല്ലോകത്തും ലഭിക്കില്ലപരിയൊരു സുഖം – പോക വേദാന്തമേ നീ"

ഇത് പാടിയത് ചങ്ങമ്പുഴയാണ്. അദ്ദേഹം വളരെ ചെറുപ്പത്തിലേ മരിച്ചുപോയൊരു കവിയാണ്. കേരളത്തിലെ ചെത്തുതൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കള്ളിന് പ്രാധാന്യം കൊടുത്തുകൊണ്ട്, വൈനറിക്കും ബ്രൂവറിക്കും പ്രാധാന്യം കൊടുത്തുകൊണ്ട്, ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ പ്രചാരണവും പ്രസക്തിയും കുറച്ചുകൊണ്ട് നാടിന് വലിയ ദോഷം ചെയ്യാത്ത രീതിയിലുള്ള ഒരു മദ്യനയം നമുക്ക് രൂപീകരിക്കേണ്ടതുണ്ട്. അതൊരു വ്യവസായമെന്നുള്ള രീതിയിൽ സംഘടിപ്പിക്കുന്നതിനുവേണ്ടി കശുമാങ്ങയും കേരളത്തിൽ സുലഭമായി ലഭിക്കുന്ന വിവിധതരം പഴങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് വർദ്ധിത വീര്യമില്ലാത്ത വൈനുകളുല്പാദിപ്പിക്കാനുള്ള സംരംഭകത്വത്തിന് നേതൃത്വം കൊടുക്കാൻ കഴിഞ്ഞാൽ അതൊരു വലിയ കാര്യമായി പരിഗണിക്കാൻ കേരളത്തിന് സാധിക്കും.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, മദ്യം പ്രചരിപ്പിക്കുന്ന ആളുകൾക്ക് കൂടുതൽ ഫൈൻ ഇംപോസ് ചെയ്യണമെന്നതാണ് ബില്ലിലെ പ്രധാന വ്യവസ്ഥ. പക്ഷേ, ഡോ. മാത്യു കുഴൽനാടൻ സംസാരിച്ചപ്പോൾ മദ്യത്തിന് കൂടുതൽ പ്രചാരണം കൊടുക്കുന്ന ആളുകൾക്ക് ഫൈൻ ഇംപോസ് ചെയ്യുന്നതിനെയാണ് എതിർത്തത്. സത്യത്തിൽ അദ്ദേഹം ബാർ മുതലാളിമാർക്കുവേണ്ടിയാണോ സംസാരിക്കുന്നതെന്ന് എനിക്ക് തോന്നുകയാണ്, അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. പി. ബാലചന്ദ്രൻ: സർ, അത്തരത്തിൽ വേണമെങ്കിൽ അതിനെ കാണാം. ഞാൻ പറഞ്ഞുവന്നത് വീര്യം കുറഞ്ഞ മദ്യം ഉപയോഗപ്രദമായ വിധത്തിൽ, അതിന്റെ സാമൂഹികമായ എല്ലാ സുരക്ഷാ സംവിധാനങ്ങളും പാലിച്ചുകൊണ്ട് കൊടുക്കാൻ കഴിയണം. കാലൊടിഞ്ഞ ബഞ്ചും പട്ടിയും പൂച്ചയും കയറിയിറങ്ങുന്ന കൂരകളുംവഴിയാണ് നമ്മുടെ ഗ്രാമീണ ഉൽപ്പന്നമായിട്ടുള്ള പോഷകസമൃദ്ധമായ കള്ള് സാധാരണ ജനങ്ങൾക്ക് കൊടുക്കുന്നത്. ഇതെല്ലാം വിട്ട് ടൂറിസം പ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ ഈ വ്യവസായത്തെ പുന:സംഘടിപ്പിക്കുകയാണെങ്കിൽ, മൂല്യവർദ്ധിത

ഉല്പന്നങ്ങളായി കള്ളിനെ മാറ്റാൻ കഴിഞ്ഞാൽ കോടിക്കണക്കിന് രൂപയുടെ വരുമാനം കേരളത്തിലുണ്ടാക്കാൻ കഴിയും. കേരളത്തിലെ ചെത്തുതൊഴിലാളികൾ ആ രംഗത്തുനിന്നും പിന്മാറാനുള്ള കാരണം ആ മേഖലയിൽ അവർ ചെലുത്തുന്ന അധ്വാനത്തിനനുസരിച്ച് വരുമാനം ലഭിക്കാത്തതുകൊണ്ടാണ്. നമ്മൾ ശ്രമിക്കുകയാണെങ്കിൽ കള്ളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കാൻ സാധിക്കും. പഴങ്ങളിൽനിന്നും വൈനറി ഡിസ്റ്റിലറി മുഖേന നമുക്ക് ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഉൽപ്പന്ന വൈവിദ്ധ്യം കേരളത്തെ അത്ഭുതപ്പെടുത്തും. അതുകൊണ്ട് ഒരു ബിൽ വരുമ്പോൾ ക്രിയാത്മകമായി അതിൽ ഞാൻ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതൃത്വം അംഗീകരിക്കുന്ന, എ.ഐ.റ്റി.യു.സി.-ക്ക് ഈ മദ്യനയത്തിൽ ചില അഭിപ്രായങ്ങളുണ്ട്. ആ അഭിപ്രായത്തിൽ പ്രഥമ ഗണനീയമായ ഒന്ന് ടോഡി ബോർഡിനെക്കുറിച്ച് ഈ മദ്യനയത്തിൽ പറയുന്നില്ലെന്നതാണ്. ടോഡി ബോർഡ് വിദൂരമായ ഒരു ലക്ഷ്യമായെങ്കിലുമെടുക്കണം. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ പരമ്പരാഗത വ്യവസായത്തെ പുന:സംഘടിപ്പിക്കുവാനെന്ന

രീതിയിൽ പനയിലും തെങ്ങിലും കയറുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനെന്നുള്ള രീതിയിൽ ആ വ്യവസായത്തെ ആരോഗ്യപരമായി പുനഃസംഘടിപ്പിക്കണം. ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് പ്രസക്തമായി മുന്നോട്ടുവച്ച കാര്യങ്ങളുടെ അന്തഃസത്ത ഉൾക്കൊള്ളാൻ ഈ അബ്കാരി ബില്ലിന് കഴിയേണ്ടതാണ്. വിവിധ ട്രേഡ് യൂണിയനുകൾക്ക് ഈ പ്രഖ്യാപിത ബില്ലിലെ ചില നയങ്ങളുമായുള്ള പൊരുത്തക്കേടുകൾ പരിഹരിച്ചുകൊണ്ട് ഇതിനെ കേരളത്തിന് അനുയോജ്യമായ വിധത്തിൽ മുന്നോട്ടു കൊണ്ടുപോകുന്നതിന് കഴിയണം.

ശ്രീ. എ. പ്രഭാകരൻ: സർ, ആകാശംമുട്ടുന്ന പനകളും തെങ്ങുകളും കയറുന്നതിന് വല്ലാത്ത ബുദ്ധിമുട്ടുള്ളതുകൊണ്ടാണ് ധാരാളം തൊഴിലാളികൾ ഈ മേഖലയിൽനിന്നും വിട്ടുപോകുന്നത്. ഈ മേഖലയിൽ യന്ത്രവത്കരണം നടപ്പിലാക്കി അനായാസം സ്ത്രീകൾക്കുവരെ കള്ള് ചെത്താൻ കഴിയുന്ന രീതിയിലുള്ള സൗകര്യം ഏർപ്പെടുത്തുന്നതിൽ താങ്കളുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. പി. ബാലചന്ദ്രൻ:</u> സർ, സ്വീകരിക്കാമെന്ന അഭിപ്രായമാണുള്ളത്, അതിലൊന്നും എതിർപ്പുണ്ടാകേണ്ട കാര്യമില്ല. ഡോ. മാത്യു കുഴൽനാടൻ സൂചിപ്പിച്ചതുപോലെ ലഹരിയുടെ ഉപയോഗം, എം.ഡി.എം.എ.-യുടെ ഉപയോഗം എങ്ങനെയാണ് കേരളത്തിൽ വർദ്ധിക്കുന്നത്; ആരാണ് ഇതിനുവേണ്ടി പ്രവർത്തിക്കുന്നത് ? കേരളത്തിൽ ഒരു വലിയ ഡ്രഗ് മാഫിയ പ്രവർത്തിക്കുന്നു; കേരളത്തിന്റെ പുറം കടലുകളിലെത്തുന്ന ബോട്ടുകളിൽ കോടിക്കണക്കിന് രൂപയുടെ ലഹരി എത്തുന്നു. കേരളത്തിന്റെ സ്വസ്ഥമായ ഗ്രാമീണ ജീവിതത്തെ നഞ്ച് കലക്കി നശിപ്പിക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്ന ശക്തികൾ ഇവിടെയുണ്ട്. അവരെ തിരിച്ചറിയാനും എതിർക്കാനും കഴിയണം. അതിനെ ഈ ബില്ലുമായി കൂട്ടിക്കെട്ടേണ്ട ഒന്നല്ല; രണ്ടും രണ്ടായി കാണേണ്ടതാണ്. സമൂഹത്തെ നശിപ്പിക്കുന്ന രീതിയിലുള്ള ലഹരിയുടെ ഉപയോഗം തടയുന്നതിനായി വിദ്യാർത്ഥികളിൽ ബോധവൽക്കരണം നടത്തുന്നതിനും വിദ്യാർത്ഥികളുടെ വിവിധതലങ്ങളിലുള്ള സംഘടനകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനും ഇന്ന് കേരളത്തിലെ ഈ വകുപ്പിന് കഴിയുന്നുണ്ട്. അതിന് ഞാൻ എക്സൈസ്

വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിനെ ഈ സന്ദർഭത്തിൽ അഭിനന്ദനങ്ങൾ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിലുള്ള ലഹരിവേട്ട വളരെ നല്ല രീതിയിൽ നടക്കുന്നുണ്ട്. നമ്മുടെ ബാല്യ-കൗമാരങ്ങളെ ലഹരിക്കടിമപ്പെടാതെ വളർത്തിയെടുക്കേണ്ടതിന്റെ ധാർമ്മിക ഉത്തരവാദിത്വവും രാജ്യത്തിന് ചേർന്ന വിധത്തിലുള്ള ഒരു വ്യവസായ സംരംഭകത്വം എന്ന നിലയ്ക്ക് എക്സൈസ് ഡിപ്പാർട്ടുമെന്റിനെ പുരോഗമനപരമായി പുനഃസംഘടിപ്പിക്കേണ്ടതിന്റെ ദൗത്യവും രണ്ടും രണ്ടാണ്. അതിനെ രണ്ടും രണ്ടായിത്തന്നെ കാണണം. ഇവിടെ യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത് ഉണ്ടായിരുന്നില്ലേ, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) എന്റെ പ്രസംഗം കേൾക്കുന്നുണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നു. അദ്ദേഹം നിങ്ങളുടെ മദ്യനയത്തിന്റെ ഒരു രക്തസാക്ഷിയാണല്ലോ? അദ്ദേഹം മാത്രമല്ല, നിങ്ങളുടെ പാർട്ടിയിൽ തന്നെ എത്രയാവർത്തി പടലപിണക്കങ്ങളുണ്ടായി. ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. കാരണം അതുപറഞ്ഞാൽ എവിടെയും എത്തില്ല.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഈ ബില്ലിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് തുടക്കത്തിൽ ഞാൻ സംക്ഷിപ്തമായി പറഞ്ഞതാണ്. അതിനെ പൂർണ്ണമായും ദുർവ്യാഖ്യാനം ചെയ്തുകൊണ്ടാണ് ഡോ. മാത്യു കുഴൽനാടൻ സംസാരിച്ചത്. നേരത്തെ ശ്രീ. പി. ബാലചന്ദ്രൻ പറഞ്ഞതുപോലെ എന്താണോ ബില്ലിൽ പറഞ്ഞത് അതിൽനിന്നും വളരെ വ്യത്യസ്തമായി ബില്ലിൽ പറയാത്ത കാര്യങ്ങളെക്കുറിച്ച് പറഞ്ഞ് തെറ്റിദ്ധാരണ സൃഷ്ടിക്കാൻ ഡോ. മാത്യു കുഴൽനാടൻ ശ്രമിച്ചത് അദ്ദേഹത്തിന് അത് മനസ്സിലാകാത്തത്കൊണ്ടാണെന്നൊന്നും ഞാൻ വിചാരിക്കുന്നില്ല. കൃത്യമായ രാഷ്ട്രീയ ലക്ഷ്യത്തോടുകൂടിയാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്. അബ്കാരി നിയമത്തിലെ 55(h), 55(i) എന്നീ രണ്ട് വ്യവസ്ഥകളെയാണ് ഇവിടെ ഡീക്രിമിനലൈസ് ചെയ്യുന്നത് ഈ രണ്ട് വ്യവസ്ഥകളും എന്താണെന്ന് ബിൽ അവതരിപ്പിച്ച വേളയിൽ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. അബ്കാരി നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഇന്നേവരെ ഈ രണ്ട് വ്യവസ്ഥകളുമനുസരിച്ച് ഒരു വ്യക്തിയേയും

ശിക്ഷിച്ചിട്ടില്ലെന്ന വസ്തുത ബഹുമാന്യനായ മാത്യു കുഴൽനാടനും ഈ സഭയും മനസ്സിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അത്തരമൊരു വ്യവസ്ഥയാണ് ഇപ്പോൾ ഡീക്രിമിനലൈസ് ചെയ്യുന്നത്. ക്രിമിനൽ കുറ്റമായി വ്യവസ്ഥ ചെയ്ത് നിയമം നിലവിൽവന്നുവെങ്കിലും നാളിതുവരെ ഒരാളെയും ശിക്ഷിച്ചിട്ടില്ലാത്ത രണ്ട് വ്യവസ്ഥകൾ ഡീക്രിമിനലൈസ് ചെയ്യുകയാണ്. ഡീക്രിമിനലൈസ് ചെയ്യുന്നത് എന്തുകൊണ്ടാണ്? നേരത്തെ ഞാൻ ചൂണ്ടിക്കാണിച്ചു, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി ഇത്തരത്തിലുള്ള വ്യവസ്ഥകൾ പലതും നീക്കം ചെയ്യുന്നതിന് രാജ്യ വ്യാപകമായിത്തന്നെ സംസ്ഥാന സർക്കാരുകളും കേന്ദ്രഭരണ പ്രദേശങ്ങളും നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി ഇതുവരെ ഇത്തരത്തിലുള്ള 29428 വ്യവസ്ഥകൾ ഇന്ത്യയിലൊട്ടാകെ റിമൂവ് ചെയ്തു. അതിൽ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾ ഉൾപ്പെടെയുണ്ട്. ഇത് ക്യാബിനറ്റ് സെക്രട്ടറി അയച്ചിട്ടുള്ള കത്താണ് (കത്ത് ഉയർത്തിക്കാണിച്ചു). നമ്മൾ വസ്തുത വസ്തുതയായി കാണണം. ഇതൊരു വ്യവസായമാണെന്ന് നേരത്തെ ഇവിടെ

ചൂണ്ടിക്കാണിച്ചു. ഒരു വ്യവസായമെന്ന നിലയിലാണ് നമ്മൾ ഇതിനെ കാണുന്നതും അത് സുഗമമാക്കാനുള്ള ഭേദഗതിയാണ് കൊണ്ടുവരുന്നതും. ഡോ. മാത്യു കുഴൽനാടനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ശ്രീ. പി. ബാലചന്ദ്രൻ ഇവിടെ പരാമർശിച്ച ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് വായിക്കണമെന്നതാണ്. ബഹുമാന്യനായ ഉദയഭാനു പത്തരമാറ്റ് തങ്കം പോലെയുള്ള ഒരു ഗാന്ധിയനാണ്. ഞാൻ പറഞ്ഞാൽ ഡോ. മാത്യു കുഴൽനാടൻ വിയോജിച്ചേക്കാം, അദ്ദേഹത്തെക്കാൾ വലിയ ഗാന്ധിയനാണ് ഉദയഭാനുവെന്നാണ് എന്റെ അഭിപ്രായം. ആ ഉദയഭാനു കമ്മീഷന്റെ റിപ്പോർട്ട് മദ്യ നിരോധനത്തിന് എതിരാണ്. മദ്യവർജ്ജനം എന്ന ആശയത്തിലൂന്നി പടിപടിയായി പൂർണ്ണമായ മദ്യവർജ്ജനത്തിലേയ്ക്ക് എത്തിക്കുകയെന്നതാണ് ശിപാർശ. ഡോ. മാത്യു കുഴൽനാടനോട് എനിക്ക് ഒരു അഭ്യർത്ഥനകൂടിയുണ്ട്. ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് വായിക്കുമ്പോൾ കെ. കരുണാകരൻ ആ കമ്മീഷന്റെ മുമ്പിൽ നൽകിയ മൊഴി അടിവരയിടണമെന്നുകൂടി വളരെ ആദരവോടെ, വിനയത്തോടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: Sir, I accept that argument. ഒരു കാര്യം എക്സ്പ്ലെയിൻ ചെയ്താൽ മതി. ഈ ക്രിമിനൽ പ്രൊവിഷനുള്ളതുകൊണ്ട്, In what way the business is affected? നിങ്ങൾ പറയുന്ന പോയിന്റ് to facilitate the entrepreneurs എന്നതാണ്. ഈ ഒരു ക്രിമിനൽ പ്രൊവിഷൻ എങ്ങനെയാണ് ഈ വ്യവസായത്തിന്റെ ബിസിനസ്സിനെ അഫക്ട് ചെയ്തിട്ടുള്ളതെന്നുകൂടി സ്ഥാപിച്ചാൽ I can understand your logic.

ശ്രീ. എം. ബി. രാജേഷ്: സർ, ഞാൻ ഇവിടെ പറഞ്ഞു, ഇതുവരെ പ്രത്യേകിച്ച് പ്രയോജനമൊന്നും ഉണ്ടായിട്ടില്ലാത്ത ഒരു വ്യവസ്ഥ നിയമത്തിൽ രാജിയാക്കാനുള്ള ഭേദഗതി വരുത്തുകയാണ് ചെയ്യുന്നത്. ഇങ്ങനെ ഈ നിയമത്തിൽ മാത്രമല്ല, എത്രയോ നിയമങ്ങളിൽ രാജ്യ വ്യാപകമായി സംസ്ഥാന ഗവൺമെന്റുകളും കേന്ദ്ര സർക്കാരും ഇത്തരത്തിലുള്ള ഡീക്രിമിനലൈസേഷൻ നടത്തിയിട്ടുണ്ടെന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ഇതുവരെ ആകെയുണ്ടായൊരു സംഭവം, ഒരു സിനിമ, ഏതാണെന്ന് ഞാൻ പറയേണ്ട കാര്യമില്ല, വളരെ വിവാദമായതാണ്. ഒരു സിനിമ സംബന്ധിച്ച് കേസെടുത്തുവെങ്കിലും അത് ഹൈക്കോടതിയിൽ

പോയി സ്റ്റേ വാങ്ങിക്കുകയുണ്ടായി. ഇതാണ് ഇന്നേവരെ ഈ രണ്ട് വ്യവസ്ഥയുള്ളതുമൂലമുണ്ടായ പ്രയോജനം. അതായത് പ്രത്യേകിച്ച് പ്രയോഗക്ഷമമല്ലാത്ത രണ്ട് വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നു. ഡോ. മാത്യു കുഴൽനാടൻ മദ്യനയത്തെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. ആ മദ്യനയം, എന്തോ മദ്യം ഒഴുക്കുന്നതാണ്, ലഹരിയെ പ്രോത്സാഹിപ്പിക്കുന്നതാണ് എന്നൊക്കെയാണ് അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചത്. അദ്ദേഹം പറഞ്ഞ ചില കാര്യങ്ങളിലേയ്ക്ക് വരുന്നതിനുമുമ്പ്, പൊതുവായ ഒന്നുരണ്ട് കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മദ്യവർജ്ജനമെന്ന നയം ഉയർത്തിപ്പിടിച്ചുകൊണ്ട് വളരെ ശക്തമായ നടപടികളാണ് ലഹരിയുടെ വ്യാപനം തടയുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ളതെന്ന് വസ്തുതകളുടെ പിൻബലത്തിൽ പറയാൻ കഴിയും. കേവലമായ അവകാശവാദമല്ല, അടിയുറച്ച വസ്തുതകളുടെ പിൻബലത്തിൽ ചൂണ്ടിക്കാണിക്കാൻ കഴിയും. എൻഫോഴ്സ്മെന്റിന്റെ കാര്യം പ്രത്യേകമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ശ്രീ. പി. ബാലചന്ദ്രൻ അത്

ഇവിടെ പരാമർശിക്കുകയുണ്ടായി. കണക്കുകൾ നമ്മുടെ മുമ്പിലുണ്ട്. അദ്ദേഹം മയക്കുമരുന്നിന്റെ കാര്യംകൂടി പറഞ്ഞു. മയക്കുമരുന്നുമായി ബന്ധപ്പെട്ട് ഒന്നും ഈ ഭേദഗതിയിൽ വരുന്നില്ല, എന്നിട്ടും ബോധപൂർവ്വം അത് കൊണ്ടുവന്നതാണ്. മയക്കുമരുന്നിനെ നേരിടുന്നതിനെപ്പറ്റി ഈ സഭ ചർച്ചചെയ്തതാണ്. ഈ സഭ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായാണ് മയക്കുമരുന്നിന് എതിരായ പോരാട്ടത്തിന് തുടക്കം കുറിക്കണമെന്ന് തീരുമാനിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ആ ക്യാമ്പയിൻ സഭയിൽ പ്രഖ്യാപിച്ചത്. അത് ഇന്ന് ഫലപ്രദമായി നടക്കുകയാണ്. പ്രസ്തുത പരിപാടി ഇന്ത്യയിൽ ഒരിടത്തുമില്ലാത്തവിധം കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. മയക്കുമരുന്നിനെതിരായി നടന്നുകൊണ്ടിരിക്കുന്നത് ക്യാമ്പയിൻ മാത്രമാണോ? അത്തരത്തിൽ ഒരു പ്രസ്താവന സഭയ്ക്ക് പുറത്ത് കേൾക്കുകയുണ്ടായി. "മെഴുകുതിരി കൊളുത്തിയാൽ മയക്കുമരുന്ന് ഇല്ലാതാകുമോ; ജാഥ നടത്തിയാൽ മയക്കുമരുന്ന് ഇല്ലാതാകുമോ" എന്നൊക്കെയാണ് ചോദിക്കുന്നത്. എന്നാൽ എന്താണ് വസ്തുത? ക്യാമ്പയിനോടൊപ്പം എൻഫോഴ്സ്മെന്റും ശക്തമായി നടക്കുകയാണ്.

അതുസംബന്ധിച്ച ചില കണക്കുകൾ ഞാൻ ഇവിടെ പറയാം. രാസലഹരിയാണ് ഇപ്പോഴത്തെ പ്രധാനപ്പെട്ട വെല്ലുവിളി. സിന്തറ്റിക് ഡ്രഗ് ആയ എം.ഡി.എം.എ.-യുടെ കണക്കുകളാണ് സൂചിപ്പിക്കുന്നത്, 2019-ൽ കണ്ടെടുത്തത് 230 ഗ്രാം, ഇതുതന്നെ വലിയ അളവാണ്. 2022-ൽ 7775.42 ഗ്രാം കണ്ടെടുത്തു. ഇത് കാണിക്കുന്നത് എൻഫോഴ്സ്മെന്റ് ശക്തിപ്പെട്ടുവെന്നല്ലേ? വലിയ തോതിലുള്ള ലഹരി വേട്ട പോലീസിന്റെയും എക്സൈസിന്റെയും നേതൃത്വത്തിൽ കേരളത്തിൽ നടത്തുന്നുണ്ടെന്നതിന്റെ കണക്കാണ് ഇത് സൂചിപ്പിക്കുന്നത്. എം.ഡി.എം.എ. കണ്ടെടുത്തതിന്റെ അളവ് ഏതാണ്ട് 30 മടങ്ങായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. മറ്റൊരു രാസലഹരിയായ എൽ.എസ്.ഡി. സ്റ്റാമ്പ് കണ്ടെടുത്തതിന്റെ അളവ് 2019-ൽ 18.79 ആയിരുന്നെങ്കിൽ 2022-ൽ 42.78 ആയി വർദ്ധിച്ചു. കണ്ടെടുത്ത മെത്താഫെത്തമിന്റെ (methamphetamine) 2020-ലെ അളവ് 34 ഗ്രാം ആയിരുന്നെങ്കിൽ 2022-ൽ അത് 2432 ഗ്രാം ആയി വർദ്ധിച്ചു. ഇതെല്ലാം കാണിക്കുന്നത് എൻഫോഴ്സ്മെന്റ് ശക്തിപ്പെട്ടുവെന്നതാണ്. വ്യാജ മദ്യത്തിന്റെ കാര്യത്തിലാണെങ്കിൽ 2019-ൽ 1134 ലിറ്റർ പിടിച്ചെടുത്തെങ്കിൽ

2022-ൽ അതിന്റെ അളവ് 4166 ലിറ്റർ ആയി വർദ്ധിച്ചു. ഹെറോയിൻ 2019-ൽ 76 ഗ്രാം പിടിച്ചെടുത്തു, എന്നാൽ 2022-ൽ അത് 447 ഗ്രാം ആയി വർദ്ധിച്ചു. ഞാൻ ഇതെല്ലാം സംസാരിക്കുന്നത് കണക്കുകളുടെ അടിസ്ഥാനത്തിലാണ്. വളരെ ഫലപ്രദമായ, ശക്തമായ, യാതൊരു തരത്തിലുള്ള വിട്ടുവീഴ്ചയുമില്ലാത്ത എൻഫോഴ്സ്മെന്റ് നടപടികൾ ലഹരി വ്യാപനത്തിനെതിരെ, പ്രത്യേകിച്ചും രാസലഹരിയെ ലക്ഷ്യംവച്ചുകൊണ്ട് എക്സൈസിനും പോലീസിനും നടത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് അഭിമാനത്തോടുകൂടിത്തന്നെ ചൂണ്ടിക്കാണിക്കാൻ കഴിയും. ഇതോടെ പ്രതിപക്ഷം ഉന്നയിക്കുന്ന ഒരു പ്രചരണത്തിന്റെ മുന ഒടിഞ്ഞുപോകുകയാണ്.

മദ്യ ഉപഭോഗം വർദ്ധിക്കുന്നതിനെക്കുറിച്ചും ബഹുമാനപ്പെട്ട അംഗം ഇവിടെ പറയുകയുണ്ടായി. അൽപ്പം മുമ്പ് നടന്ന ചർച്ചയിൽ ദേവസ്വത്തിന്റെ പണം സർക്കാർ കൈയ്യടക്കുന്നുവെന്ന രീതിയിൽ ശ്രീ. എ. പി. അനിൽകുമാർ സംസാരിച്ചു, അത്തരത്തിൽ ഒരു തെറ്റായ പ്രചരണം മദ്യ ഉപഭോഗത്തെക്കുറിച്ചും ഇവിടെ നടത്തുകയുണ്ടായി. മദ്യ ഉപഭോഗം കൂടിക്കൊണ്ടിരിക്കുന്നുവെന്നും മദ്യത്തിൽനിന്ന് ലഭിക്കുന്ന വരുമാനമാണ്

കേരളത്തിന്റെ പ്രധാന വരുമാനമെന്നും തെറ്റായി പ്രചരിപ്പിക്കുകയാണ്. ഡോ. മാത്യു കുഴൽനാടന്റെ ശ്രദ്ധയിലേയ്ക്ക് ഞാൻ അതുസംബന്ധിച്ച കണക്കുകൾ കൊണ്ടുവരികയാണ്. ഇതിനായി യു.ഡി.എഫ്- എൽ.ഡി.എഫ്. ഭരണകാലയളവിലെ കണക്കുകൾ താരതമ്യം ചെയ്യാം. 2011 മുതൽ 2016 വരെ കേരളം ഭരിച്ചിരുന്നത് ഗാന്ധിയന്മാരായ യു.ഡി.എഫ്. ആയിരുന്നു. ആ കാലയളവിൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പന 1149.11 ലക്ഷം കെയ്സ് ആയിരുന്നെങ്കിൽ 2016 മുതൽ 2021 വരെ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഒന്നാം സർക്കാരിന്റെ കാലയളവിൽ അത് 1036.6 ലക്ഷം കെയ്സ് ആയി കുറഞ്ഞു. 112.51 ലക്ഷം കെയ്സിന്റെ കുറവ്, അതായത് 1012.59 ലക്ഷം ലിറ്ററിന്റെ കുറവ്, ശതമാനത്തിലാണെങ്കിൽ 9.79% കുറഞ്ഞു. ഇവിടെ ഉണ്ടായത് ഗണ്യമായ കുറവാണ്. പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാരിന്റെ കാലത്ത് മദ്യ ഉപഭോഗം വർദ്ധിക്കുകയല്ല, കുറയുകയാണ് ചെയ്തത്. പടിപടിയായി മദ്യ ഉപഭോഗം കുറച്ചുകൊണ്ടുവരിക, മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുക എന്ന എൽ.ഡി.എഫ്. സർക്കാരിന്റെ നയം നമ്മുടെ മുമ്പിലുള്ള ഈ കണക്കുകളിൽ തെളിയുന്നുണ്ട്.

മദ്യനയത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം 'പണം കിട്ടിയാൽ മതി' എന്നതാണ് എൽ.ഡി.എഫ്. സർക്കാരിന്റെ നിലപാട് എന്നാണ്. നേരത്തേ ശ്രീ. പി. വി. ശ്രീനിജിൻ ഇവിടെ പറഞ്ഞതുപോലെ ഫൈൻ കൂട്ടുന്ന കാര്യമാണ് അദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചതെന്ന് എനിക്ക് തോന്നുന്നു. ഫൈൻ നിലവിൽ 10000, 25000 എന്നത് 50000 രൂപയായി ഉയർത്തിയിരിക്കുകയാണ്. അങ്ങനെ ഫൈൻ വർദ്ധിപ്പിച്ചതിനെ അദ്ദേഹം സ്വാഗതം ചെയ്യുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. എന്നാൽ അദ്ദേഹം ആ നടപടിയെ മറ്റൊരുതരത്തിൽ ദുർവ്യാഖ്യാനം ചെയ്യുകയാണുണ്ടായത്. സർക്കാരിന് പണമുണ്ടാക്കാനല്ല അങ്ങനെ ചെയ്തത്, മദ്യപരെ നിരുത്സാഹപ്പെടുത്താനാണ് ഫൈൻ വർദ്ധിപ്പിച്ചിട്ടുള്ളത്. 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്'-ൽ വരുത്തിയിരിക്കുന്ന നിയമ ഭേദഗതികളിലെല്ലാം ഇതേ സമീപനമാണ് എല്ലാ വകുപ്പുകളും സ്വീകരിച്ചിട്ടുള്ളതെന്ന കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മദ്യത്തിന്റെ പ്രചാരണത്തിന് ഊർജ്ജം പകരുന്നുവെന്ന പരാമർശത്തിലെ യഥാർത്ഥ കണക്കുകൾ ഞാൻ പറഞ്ഞുകഴിഞ്ഞു. മദ്യത്തിന്റെ ഉപഭോഗം ഏതുകാലത്താണ് വർദ്ധിച്ചത്, എപ്പോഴാണ് കുറഞ്ഞത് എന്നത് സംബന്ധിച്ച കണക്കുകളും ഞാൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. തെങ്ങിൽനിന്നുള്ള കള്ളിന്റെ അളവ് പുനർനിർണ്ണയിക്കുന്നതിനെക്കുറിച്ചും തെറ്റിദ്ധാരണാജനകമായ പരാമർശം നടത്തുകയുണ്ടായി. നിലവിൽ കള്ള് അളക്കുന്നത് ഒരു തെങ്ങിൽനിന്നും 2.5 ലിറ്റർ എന്ന കണക്കിലാണ്. എന്നാൽ പ്രതിപക്ഷ ട്രേഡ് യൂണിയനുകളടക്കം എല്ലാ ട്രേഡ് യൂണിയനുകളും ഉന്നയിക്കുന്ന വാദം യഥാർത്ഥത്തിൽ 4 ലിറ്ററോ അതിൽ കൂടുതലോ കള്ള് ലഭിക്കുന്നുണ്ടെന്നാണ്. മദ്യനയം ആവിഷ്കരിക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സുമായി ചർച്ച നടത്തിയിരുന്നു. ഈ കാര്യം ട്രേഡ് യൂണിയനുകൾ ആ സന്ദർഭത്തിൽ സൂചിപ്പിച്ചിരുന്നു. ഒരു തെങ്ങിൽനിന്നും 4-5 ലിറ്റർ കള്ള് ലഭ്യമാകുന്നുണ്ടെന്നും ഏതാണ്ട് പകുതിയോളം അളവ് ഒഴുക്കിക്കളയേണ്ടി വരുന്നുണ്ടെന്നും അവർ പറഞ്ഞിരുന്നു. അതുകൊണ്ടുതന്നെ കള്ളിന്റെ അളവ്

വർദ്ധിപ്പിക്കണമെന്നത് ട്രേഡ് യൂണിയനുകളുടെ ആവശ്യമാണ്. എന്നാൽ സർക്കാർ ഈ ആവശ്യം അംഗീകരിച്ച് അളവ് വർദ്ധിപ്പിക്കുകയല്ല ചെയ്തത് മറിച്ച് ഇക്കാര്യത്തെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്താനും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ അളവ് പുനർനിർണ്ണയിക്കാനുമാണ് തീരുമാനിച്ചത്. അതുകൊണ്ട് അളവ് വർദ്ധിപ്പിച്ചുവെന്ന് തെറ്റായി പറയരുത്. മദ്യനയത്തിന്റെ പോയിന്റ് 16-ൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്, "തെങ്ങിൽനിന്നും പ്രതിദിനം ലഭിക്കുന്ന കള്ളിന്റെ അളവ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അളവിലും കൂടുതലാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു, ആയതിനാൽ തെങ്ങിൽനിന്നും ദിനംപ്രതി ലഭിക്കുന്ന കള്ളിന്റെ അളവ് ശാസ്ത്രീയമായി പുനർനിർണ്ണയിക്കും".-എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ അങ്ങ് അതിനെ തെറ്റായ നിലയിൽ വ്യാഖ്യാനിച്ചു. ശാസ്ത്രീയമായി പുനർനിർണ്ണയിക്കുന്നതിൽ തെറ്റായി എന്താണുള്ളത്; പഠനം നടത്തി പുനർനിർണ്ണയിക്കുകയല്ലേ ചെയ്യേണ്ടത്? ഏകപക്ഷീയമായ ഒരു തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടില്ല. 2.5 ലിറ്റർ എന്നത് ഉടനെതന്നെ 4 ലിറ്റർ എന്നാക്കാനല്ല തീരുമാനിച്ചത്,

അതുസംബന്ധിച്ച് ശാസ്ത്രീയമായി പഠിച്ച് പുനർനിർണ്ണയിക്കണമെന്നതാണ് സർക്കാരിന്റെ തീരുമാനം. കള്ളിന്റെ അളവ് അധികം വന്നാൽ അതിൽനിന്നും വിനാഗിരിപോലുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കാൻ സാധിക്കും. അത്തരത്തിൽ Value Added Products കള്ള് ഉപയോഗിച്ച് നിർമ്മിച്ച് ഒരു അധികവരുമാന മാർഗ്ഗമാക്കി അതിനെ മാറ്റണമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

ഡോ. മാത്യൂ കുഴൽനാടൻ: സർ, സംസ്ഥാനത്തിന്റെ ഉപഭോഗത്തേക്കാൾ കൂടുതൽ കള്ള് ഇവിടെ ഉത്പാദിപ്പിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ സഭയിൽ പറഞ്ഞത് അർത്ഥമാക്കുന്നുണ്ടോ? അതായത്, ഉപയോഗിക്കുന്ന അളവിനേക്കാൾ കൂടുതൽ കള്ള് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നുണ്ടെന്ന ഒരു വാദം അങ്ങ് പറഞ്ഞതിലുണ്ട്. എനിക്ക് അങ്ങനെയാണ് മനസ്സിലാകുന്നത്, അറിയാനായി ചോദിക്കുകയാണ്.

ശ്രീ. എം. ബി. രാജേഷ്: സർ, ഒരു തെങ്ങിൽനിന്നും രണ്ടര ലിറ്റർ കള്ള് ചെത്തുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്, യഥാർത്ഥത്തിൽ

അതിൽക്കൂടുതൽ കള്ള് ലഭിക്കുന്നുണ്ടെന്നാണ് ട്രേഡ് യൂണിയനുകൾ ഉയർത്തുന്ന വാദം. നിലവിൽ ഒരു തെങ്ങിൽനിന്നും രണ്ടര ലിറ്റർ മാത്രമേ അളക്കാനാകൂ, ചെത്തുമ്പോൾ ലഭിക്കുന്ന ബാക്കി കള്ള് ഒഴുക്കിക്കളയേണ്ടിവരുന്നു, അങ്ങനെ ചെയ്യുന്നത് അവർക്ക് നഷ്ടമുണ്ടാക്കുന്നു എന്നതാണ് അവരുടെ വാദം. അതുസംബന്ധിച്ച് പഠിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതാണ് ഞാൻ പറഞ്ഞത്.

കള്ള് ഷാപ്പുകൾ ലേലം ചെയ്യാത്തതിനെക്കുറിച്ചും അദ്ദേഹം ഇവിടെ പറഞ്ഞിരുന്നു. എന്തുകൊണ്ടാണ് ലേലം ചെയ്യാത്തതെന്ന ചോദ്യം ഉന്നയിച്ചിരുന്നു. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ 2000-2001 വരെ കള്ള് ഷാപ്പുകൾ ലേലം ചെയ്തിരുന്നു. പിന്നീട് എന്തുകൊണ്ടാണ് കള്ള് ഷാപ്പുകൾ ലേലം ചെയ്യുന്നതിനുപകരം ഇപ്പോഴത്തെ സംവിധാനം ഏർപ്പെടുത്തിയത്? നേരത്തേ ലേലംകൊണ്ടിരുന്നത് വലിയ തുകയ്ക്കാണ്, അങ്ങനെ വലിയ തുകയ്ക്ക് ലേലംകൊണ്ടിരുന്ന ലൈസൻസികൾ കൊള്ളലാഭം പ്രതീക്ഷിച്ച് വ്യാജമദ്യം കള്ള് ഷാപ്പുകൾവഴി വിൽപ്പന നടത്തി ദുരന്തങ്ങളുണ്ടായിട്ടുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്

ലേലസമ്പ്രദായം നിർത്തലാക്കിയത്. ഇപ്പോൾ നിശ്ചിത തുക നിശ്ചയിച്ച് അപേക്ഷകരിൽനിന്നും നറുക്കിട്ടാണ് കള്ള് ഷാപ്പ് നടത്തിപ്പ് സർക്കാർ നൽകുന്നത്. നേരത്തേയുണ്ടായിരുന്ന സമ്പ്രദായം മാറ്റിയത് ദുരന്തങ്ങളിലേയ്ക്ക് എത്തിയതുകൊണ്ടാണ്. കാര്യങ്ങൾ വളരെ സുതാര്യമാക്കാനുള്ള നിർദ്ദേശങ്ങൾ ഈ വർഷത്തെ മദ്യനയത്തിലുണ്ട്, അദ്ദേഹം അതൊന്ന് മനസ്സിരുത്തി വായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

2023-24 സാമ്പത്തികവർഷം മുതൽ കള്ള് ഷാപ്പുകളുടെ വിൽപ്പന പൂർണ്ണമായും ഓൺലൈനാക്കാനാണ് മദ്യനയം നിർദ്ദേശിക്കുന്നത്. ഒരു ജില്ലയിൽനിന്നും മറ്റൊരു ജില്ലയിലേയ്ക്ക് കള്ള് കൊണ്ടുപോകുന്ന അവസരങ്ങളിൽ ക്രമക്കേടുകളൊഴിവാക്കാൻ ട്രാക്ക് ആൻഡ് ട്രെയ്സ് സംവിധാനവും വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനവുമേർപ്പെടുത്തും. അങ്ങേയറ്റം സുതാര്യമാക്കുകയെന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന് ടെക്നോളജിയെക്കൂടി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. കള്ള് ഷാപ്പുകളെ നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കള്ള് ഷാപ്പിൽ ആളുകൾ വരുന്നത്, എല്ലാവരും മദ്യപിക്കാനല്ല. എല്ലാവർക്കും കുടുംബസമേതം

അവിടെ വരാൻ കഴിയണം. ഏറ്റവും മികച്ച തനത് ഭക്ഷണം ലഭിക്കുന്ന സ്ഥലംകൂടിയാണ് കള്ള് ഷാപ്പുകൾ എന്ന് എല്ലാവർക്കും അറിയാം. കള്ള് ഷാപ്പ് മദ്യപിക്കുന്നവർക്കുമാത്രം വരാനുള്ളയിടമല്ല. തനതുഭക്ഷണവും കേരളത്തിന്റെ നല്ല മത്സ്യവിഭവങ്ങളുമെല്ലാം ലഭിക്കുന്ന സ്ഥലമെന്ന നിലയിൽ എല്ലാ വിഭാഗം ആൾക്കാർക്കും വരാൻ കഴിയുന്ന നിലയിൽ കള്ളുഷാപ്പുകളെ നവീകരിക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ടോഡി ബോർഡിന്റെ കാര്യം ശ്രീ. പി. ബാലചന്ദ്രൻ ഇവിടെ ചൂണ്ടിക്കാണിച്ചു. അതിന്റെ നിയമം വന്നുകഴിഞ്ഞു, ഒട്ടും കാലതാമസമില്ലാതെ ടോഡി ബോർഡ് നിലവിൽ വരുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഡോ. മാത്യു കുഴൽനാടൻ ഇങ്ങനെയൊക്കെ പറഞ്ഞെങ്കിലും അതേ ശ്വാസത്തിൽതന്നെ രണ്ടുകാര്യങ്ങൾ കൂടി പറഞ്ഞു. അതിലൊന്ന്, മദ്യത്തിന്റെ സെസ്സ് കൂട്ടിയതിനെതിരായി മദ്യപിക്കുന്നവർക്കുവേണ്ടി സദുദ്ദേശത്തോടുകൂടി പറഞ്ഞതാണ്. ന്യായമായ വിലയ്ക്ക് ലഭിക്കാത്തതിലുള്ള ഉത്കണ്ഠ കൊണ്ടായിരിക്കാം അദ്ദേഹം പറഞ്ഞത്. വില അൽപ്പം കൂടിയതുകൊണ്ടുള്ള ഖിന്നതയാണ് അദ്ദേഹം രേഖപ്പെടുത്തിയതെന്ന് തോന്നുന്നു. രണ്ടാമതായി,

ഡോ. മാത്യു കുഴൽനാടൻ അറിയാതെയാണെങ്കിലും ന്യായമായൊരു കാര്യം ചോദിച്ചു. നല്ല മദ്യമാണെന്ന് ഉറപ്പുവരുത്താനുള്ള നടപടിയെടുക്കേണ്ടതല്ലേയെന്ന് അദ്ദേഹം ചോദിച്ചു. അത് ന്യായമായ ചോദ്യമാണ്. തീർച്ചയായിട്ടും അതുണ്ടാകും. അതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് വിൽപ്പനയുടെ അളവ് കുറഞ്ഞതുപോലെ ഗുണമേന്മയുള്ള മദ്യമാണ് ലഭ്യമാക്കിയിട്ടുള്ളത്. തുടർന്നും ഗുണമേന്മയുള്ള മദ്യം ലഭ്യമാക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. വിദേശമദ്യത്തിന്റെ കാര്യത്തിൽ മാത്രമല്ല, കള്ളിന്റെ കാര്യത്തിലും ഗുണമേന്മയുള്ള കള്ള് ലഭ്യമാക്കുന്ന നടപടിയാണ് സ്വീകരിക്കുന്നത്. ഇത്രയും കാര്യങ്ങളാണ് പ്രധാനമായും ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത്.

സർക്കാരിന്റെ മദ്യനയം സംബന്ധിച്ച് തെറ്റായ പ്രചാരണം രാഷ്ട്രീയ ലക്ഷ്യത്തോടുകൂടി പുറത്ത് നടക്കുന്നുണ്ട്. ആ പ്രചരണത്തിന്റെ ഭാഗമായ ചില കാര്യങ്ങളാണ് രാഷ്ട്രീയ ലക്ഷ്യത്തോടെ ഇവിടെയും ഉന്നയിക്കപ്പെട്ടത്. ഞാൻ അതിന് തെറ്റൊന്നും പറയുന്നില്ല. അദ്ദേഹം സർക്കാരിനെ

ആക്രമിക്കാൻ ലഭിക്കുന്ന എല്ലാ അവസരവും ഉപയോഗിക്കുന്ന വ്യക്തിയാണ്. ആക്രമിക്കാൻ ലഭിക്കുന്ന അവസരങ്ങൾ ഉപയോഗിക്കേണ്ട സന്ദർഭമാണിതെന്ന് അദ്ദേഹത്തിനും അറിയാം. അതെല്ലാം കണക്കിലെടുത്തുകൊണ്ടായിരിക്കും ഇത്തരത്തിലുള്ള കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടുള്ളത്. 'കേരളം മദ്യത്തിന്റെ വരുമാനത്തെ മാത്രം ആശ്രയിച്ചാണ് നിൽക്കുന്നത്' എന്നത് സംഘപരിവാറിന്റെ പ്രചാരണമാണ്. ദേവസ്വം ബോർഡിന്റെ വരുമാനം മുഴുവൻ സംസ്ഥാന സർക്കാർ കൊണ്ടുപോകുന്നുവെന്ന് പ്രചരിപ്പിക്കുന്നതുപോലെ മദ്യനയം സംബന്ധിച്ചും തെറ്റായ വാർത്തകൾ വ്യാപകമായി സമൂഹ മാധ്യമങ്ങളിലൊക്കെ പ്രചരിപ്പിക്കുന്നത് സംഘപരിവാറാണ്. മദ്യത്തെയും ലോട്ടറിയെയും മാത്രം ആശ്രയിച്ചുനിൽക്കുന്നുവെന്നത് ഡോ. മാത്യു കുഴൽനാടനെ പോലെയൊരാൾ ഏറ്റെടുക്കുന്നതിൽ അത്ഭുതം തോന്നുന്നില്ല. കാരണം പല സംഘപരിവാർ പ്രചാരണങ്ങളും ഏറ്റെടുക്കുന്നവരായി നിങ്ങൾ മാറിക്കൊണ്ടിരിക്കുന്നതുകൊണ്ട് എനിക്ക് അത്ര അത്ഭുതം തോന്നുന്നില്ല. പക്ഷേ വസ്തുത എന്താണ്? 2011-12-ൽ കേരളത്തിന്റെ റവന്യൂ

റെസീപ്റ്റ്സിന്റെ 18.15% എക്സൈസ് വരുമാനം ആയിരുന്നുവെങ്കിൽ 2016-17 ആയപ്പോൾ അത് 14.52% ആയി കുറയുകയാണ് ചെയ്തത്. കുറച്ചുകൊണ്ടുവരികയാണ് ചെയ്തിട്ടുള്ളത് എന്നതാണ് വസ്തുത. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇവിടെ മദ്യമൊഴുക്കുന്നുവെന്ന തെറ്റായ പ്രചാരണം നടക്കുന്നുണ്ട്. തമിഴ്നാട്ടിൽ സർക്കാരിന്റേതായ 5329 മദ്യവിൽപ്പനശാലകളാണുള്ളത്. എന്നാൽ കർണ്ണാടകയിൽ അത് 3980 ആണ്. തമിഴ്നാട്ടിൽ കേരളത്തിന്റെ 17 ഇരട്ടിയും കർണ്ണാടകയിൽ കേരളത്തിന്റെ 13 ഇരട്ടിയുമാണ് മദ്യവിൽപ്പനശാലകളുള്ളത്. ജനസംഖ്യാനുപാതികമായി നോക്കിയാൽ കേരളത്തിൽ ഒരു ലക്ഷം പേർക്ക് ഒരു ഔട്ട്ലെറ്റാണുള്ളത്. എന്നാൽ തമിഴ്നാട്ടിൽ 13,000 പേർക്ക് ഒരു ഔട്ട്ലെറ്റും കർണ്ണാടകയിൽ 17,000 പേർക്ക് ഒരു ഔട്ട്ലെറ്റുമാണുള്ളത്. ഏതുനിലയിൽ നോക്കിയാലും കേരളത്തിൽ മദ്യം വ്യാപിപ്പിക്കുന്നുവെന്ന വാദം നിലനിൽക്കുന്നതല്ല. കർണ്ണാടകയിൽ ഇപ്പോൾ കോൺഗ്രസാണല്ലോ ഭരിക്കുന്നത്. കർണ്ണാടകയിലുള്ള 3980 ഔട്ട്ലെറ്റുകളുടെ എണ്ണം വീണ്ടും കുറയ്ക്കാൻ കോൺഗ്രസ് തീരുമാനിക്കുമോ? ചില്ലറ വിൽപ്പനശാലകളുടെ

എണ്ണം, മദ്യ ഉപഭോഗത്തിന്റെ അളവ്, മദ്യത്തിൽനിന്നുള്ള എക്സൈസ് വരുമാനം എന്നീ കാര്യങ്ങൾ പരിശോധിച്ചാൽ നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ പ്രചാരണങ്ങൾ വസ്തുതാവിരുദ്ധമാണെന്ന് നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. ഇത് വർഷങ്ങളായി നിലവിൽ വന്നശേഷം ഇന്നേവരെ പ്രയോഗക്ഷമമല്ലാത്ത രണ്ട് വ്യവസ്ഥകൾ ഡീക്രിമിനലൈസ് ചെയ്യുന്നതിനോടൊപ്പം വൻതോതിൽ പിഴ വർദ്ധിപ്പിക്കുന്നതിനുമുള്ള ഈ ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ഡോ. മാത്യു കുഴൽനാടൻ, 2023-ലെ അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ (1 എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച (1 എ) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. ബാലചന്ദ്രൻ, 2023-ലെ അബ്കാരി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ബാലചന്ദ്രൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2023-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

(iii) 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വരനിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75 (1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

**[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സജീവ് ജോസഫ്]**

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ജി.എസ്.ടി. സമ്പ്രദായം വന്നതിനുശേഷം 5 വർഷം കഴിഞ്ഞിട്ടും ഇന്ത്യയിൽ അപ്പീൽ കൊടുക്കാനുള്ള ട്രിബ്യൂണലുകൾ സ്ഥാപിക്കപ്പെട്ടിരുന്നില്ല. 2017-ലെ സി.ജി.എസ്.ടി. ആക്ട് (Central Goods and Services Tax Act) അനുസരിച്ച് ഒരു നിയമം നിർമ്മിച്ചു. ആ നിയമം നിർമ്മിച്ചെങ്കിലും പിന്നീട് പലവിധ സാങ്കേതിക തടസ്സങ്ങളും കോടതി വ്യവഹാരങ്ങളും കാരണം അത് തടസ്സപ്പെട്ടു. അന്നത്തെ നിയമമനുസരിച്ച് സെൻട്രലിൽ ഒരു ട്രിബ്യൂണൽ - National Bench, Regional Benches, State Bench എന്നീ നിലയിലാണ് ഉണ്ടായിരുന്നത്. അതിലെ ജൂഡീഷ്യൽ മെമ്പർ, ടെക്നിക്കൽ മെമ്പർ തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ബാർ അസോസിയേഷനുൾപ്പെടെ ചില കേസുകൾ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ നിയമം പരിഷ്കരിക്കണമെന്ന അഭിപ്രായം ഉയർന്നുവന്നു. അതിനെത്തുടർന്ന് ജി.എസ്.ടി. കൗൺസിൽ ഒരു ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിനെ ചുമതലപ്പെടുത്തി. ആ ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിന്റെ നിർദ്ദേശമനുസരിച്ച് കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ ഇതുസംബന്ധിച്ചൊരു തീരുമാനമെടുത്തു. ആ തീരുമാനം ജി.എസ്.ടി.

കൗൺസിൽ അംഗീകരിച്ചു. അതിന്റെ ഭാഗമായി കേരളത്തിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളിലായി 3 ട്രിബ്യൂണലുകളാണ് വരുന്നത്. ആദ്യഘട്ടത്തിൽ തിരുവനന്തപുരത്തും എറണാകുളത്തും രണ്ട് മെമ്പർമാർ വീതമുള്ള രണ്ട് ബെഞ്ചുകൾ ആരംഭിക്കാൻ തീരുമാനിച്ചു. ഇത്തരം കാര്യങ്ങളെല്ലാം തീരുമാനിച്ചെങ്കിലും സെൻട്രൽ ആക്ടിന് അനുരോധമായി സംസ്ഥാനത്തെ നിയമത്തിൽക്കൂടി ആവശ്യമായ അമെന്റ്മെന്റ് കൊണ്ടുവരണം. ആ അമെന്റ്മെന്റ് കൊണ്ടുവരുന്നതിനുവേണ്ടി മാത്രമാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ഈ ബില്ലിന്റെ അമെന്റ്മെന്റിനകത്ത് ഒരു കാര്യം കൂടിയുണ്ട്. നേരത്തെ ജി.എസ്.ടി. അടക്കം വ്യാപാരികൾക്ക് റിട്ടേൺസ് കൊടുക്കുന്നതിനുള്ള സമയം കഴിഞ്ഞാൽ അവരുടെ രജിസ്ട്രേഷൻ റദ്ദാക്കുന്ന നടപടികൾക്ക് 30 ദിവസമെന്നത് 60 ദിവസമാക്കി ദീർഘിപ്പിച്ച് മാറ്റം വരുത്തേണ്ടതുണ്ട്. ഇങ്ങനെ രണ്ട് പ്രധാനപ്പെട്ട അമെന്റ്മെന്റുകളാണ് ഈ ബില്ലിന്റെ ഭാഗമായി വരുന്നത്. സാധാരണഗതിയിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും അംഗീകരിക്കേണ്ടതാണ്. ദേശീയതലത്തിൽ ഗവൺമെന്റ് അംഗീകരിച്ച്

സംസ്ഥാനങ്ങൾ അംഗീകരിക്കുന്ന ഒരു പ്രോസസ്സിന്റെ ഭാഗമായാണ് ഈ അമെന്റ്മെന്റ് വരുന്നത്. അതാണ് പറയാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, I move that-

"This House resolves to disapprove The Kerala Taxation Laws (Amendment) Ordinance, 2023 (Ordinance No.2 of 2023)."

സംസ്ഥാന സർക്കാർ മുമ്പെങ്ങുമില്ലാത്ത സാമ്പത്തിക പ്രയാസം നേരിട്ടുകൊണ്ടിരിക്കുകയാണ്. അക്കാര്യം പലവിധത്തിലുള്ള മാധ്യമ വാർത്തകളിലൂടെ പുറത്തുവരികയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഓവർഡ്രാഫ്റ്റിൽ എത്തിനിൽക്കുന്നുവെന്നാണ് മാധ്യമങ്ങളിൽനിന്ന് മനസ്സിലാക്കുന്നത്. നികുതി പിരിവിലെ കെടുകാര്യസ്ഥതയെയും നികുതിഭരണ സംവിധാനത്തിലെ പാളിച്ചകളെയുംകുറിച്ച് നേരത്തെ പ്രതിപക്ഷം സഭയിൽ ഉന്നയിച്ചിരുന്നതാണ്. പക്ഷേ സാധാരണഗതിയിൽ ചെയ്യുന്നതുപോലെ അതൊരു പ്രതിപക്ഷ വർത്തമാനം മാത്രമായി സർക്കാർ എടുത്തതുകൊണ്ട് അതിന്റെ പരിഹാരമാർഗ്ഗത്തെക്കുറിച്ച് വേണ്ടവിധത്തിൽ ആലോചിച്ചില്ലെന്നാണ് എന്റെ വിശ്വാസം. കഴിഞ്ഞ ആറ് വർഷത്തെ

നികുതി വരുമാന വർദ്ധനവ് ശരാശരി 10 ശതമാനത്തിൽ താഴെയാണ്. എല്ലാ മേഖലകളിലും നികുതിവെട്ടിപ്പ് നിലനിൽക്കുന്നുവെന്നുള്ളത് കേരളത്തിലെ ജനങ്ങൾക്ക് അറിയാവുന്ന കാര്യമാണ്. ഈ നികുതി വെട്ടിപ്പ് തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ഇന്നത്തെ പ്രതിസന്ധിയിൽനിന്ന് രക്ഷപ്പെടാമായിരുന്നു. പക്ഷേ അതിന് നമുക്ക് കഴിഞ്ഞില്ല. വിലക്കയറ്റസൂചിക ആറ് വർഷം കൊണ്ട് 80 ശതമാനം മുതൽ 100 ശതമാനംവരെ വർദ്ധിച്ചിട്ടുണ്ട്. എന്നാൽ അതനുസരിച്ചുള്ള വരുമാനം ലഭിച്ചിട്ടില്ലെന്നുള്ളത് മറ്റൊരു പ്രശ്നമായി നിലനിൽക്കുകയാണ്. വിവിധ മേഖലകളിലെ നികുതി ശോഷണം തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ല. അതോടൊപ്പം സ്വർണ്ണത്തിന്റെ നികുതി കൃത്യമായി പിരിക്കുന്നതിലും നമുക്ക് വേണ്ടവിധത്തിൽ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. പ്രതിവർഷം 50,000 കോടി രൂപയുടെ നികുതി വരുമാനം ഈയിനത്തിൽ നഷ്ടപ്പെടുന്നുണ്ടെന്നാണ് ഞാൻ ഈ അടുത്തകാലത്ത് വായിച്ച ജേർണലിൽനിന്നും മനസ്സിലാകുന്നത്. അങ്ങ് പരിശോധിച്ചാലും മനസ്സിലാകും. അതിനുവേണ്ടി അങ്ങയെ സഹായിക്കാൻ ആളുകളുമുണ്ടാകും.

കുറഞ്ഞത് 50,000 കോടി രൂപയെങ്കിലും നമ്മുടെ സംസ്ഥാന ഖജനാവിലേയ്ക്ക് വരേണ്ടത് ഈ വിധത്തിൽ നഷ്ടപ്പെടുന്നുവെന്നുള്ള പൊതുവിമർശനം സമൂഹത്തിൽ നിൽക്കുകയാണ്. നികുതി റിട്ടേണുകൾ സമർപ്പിക്കാത്തവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അങ്ങ് ഈ സഭയെ അറിയിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. നികുതി റിട്ടേണുകൾ സമർപ്പിക്കാത്ത എത്ര ആളുകൾക്കെതിരെ നടപടിയെടുത്തിട്ടുണ്ട്; അവർ കൃത്യമായി അത് സമർപ്പിക്കുന്നതിനുവേണ്ടി നമ്മൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സഭയെ അറിയിക്കണം. സഭയെ കോൺഫിഡൻസിൽ എടുത്ത് ചർച്ച ചെയ്ത് എല്ലാ അംഗങ്ങൾക്കും ബോധ്യപ്പെടുന്നവിധത്തിൽ മുന്നോട്ടുപോകണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അതുപോലെതന്നെ ഇ-വേ ബിൽ, ടി.ഡി.എസ്, ടി.സി.എസ്. എന്നിവയുടെ ഡാറ്റ അനലൈസ് ചെയ്ത് നികുതി റിട്ടേൺ കൃത്യമായി ഫയൽ ചെയ്യാത്തവരെ കണ്ടുപിടിക്കാനുള്ള മാർഗ്ഗം ആധുനിക കാലഘട്ടത്തിലുണ്ട്. അത് വേണ്ടവിധം പ്രയോജനപ്പെടുത്തിയോ എന്നുള്ളതാണ് മറ്റൊരു പ്രധാനപ്പെട്ട

കാര്യം. നിലവിലെ ഇന്റലിജൻസ് സംവിധാനം ഫലപ്രദമല്ലെന്നാണ് പൊതുവെ കാണുന്ന വിമർശനം. അതുകൊണ്ട് ഇന്റലിജൻസ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വ്യക്തമായ പരാതികളിൽപ്പോലും വിജിലൻസിന് കേസെടുക്കാൻ കഴിയുന്നില്ല. മറ്റ് ചില ആളുകൾ ഇതിനകത്ത് കടന്നുകൂടിയിരിക്കുകയാണ്. അവർ ആരാണെന്ന് ഞാൻ പറയുന്നില്ല. കാരണം, എല്ലാവർക്കും കൃത്യമായി അറിയാവുന്നതാണ്. ആ കടന്നുകൂടിയിരിക്കുന്നവർ ഭരണത്തിനുകീഴിലിരുന്നുകൊണ്ട് ഒരു ഉപഭരണം നടത്തുകയാണ്. അവരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ഈ പറയുന്ന പല ഉദ്യോഗസ്ഥരും നിൽക്കുന്നത് എന്ന യാഥാർത്ഥ്യം അങ്ങ് ഇനിയും മനസ്സിലാക്കണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. ഇവരൊക്കെ ഇടപെട്ട് അഴിമതി നടത്തുന്ന ആളുകളെ രക്ഷിക്കുന്നതിനായി പക്ഷപാതപരമായ ശുദ്ധീകരണം നടത്തുന്നുണ്ട്. ഇതിൽനിന്നൊക്കെ രക്ഷപ്പെടുന്നതിനുവേണ്ടി ഒരു ഉപസമൂഹം പ്രവർത്തിക്കുകയാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് അതിൽ പങ്കുണ്ടെന്ന് ഞാൻ പറയുന്നില്ല.

പഴയ വാറ്റ് നിയമത്തിലും നിലവിലുള്ള നിയമത്തിലുമായി പിരിഞ്ഞു കിട്ടാനുള്ള പന്ത്രണ്ടായിരം കോടിയിലധികം രൂപ നികുതി വകുപ്പിന്റെ അനാസ്ഥമൂലം പിരിച്ചെടുക്കാൻ കഴിയുന്നില്ല എന്നൊരു വിമർശനം ഞാൻ കഴിഞ്ഞ പ്രാവശ്യവും പറഞ്ഞതാണ്. ഈ പ്രാവശ്യമെങ്കിലും അതിന് പരിഹാരം കാണണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. വിഭവസമാഹരണം നടത്താതെ കടമെടുപ്പിനെ മാത്രം ആശ്രയിച്ചാണ് ജീവിക്കുന്നത്. നമ്മൾ കടമെടുത്ത് കടമെടുത്ത് എവിടെയാണ് പോകുന്നത്? ആ എടുക്കുന്ന കടമൊക്കെ നമ്മുടെ ഖജനാവിൽനിന്നുവേണ്ടേ തിരിച്ചടയ്ക്കാൻ; തിരിച്ചടവിന് മറ്റ് മാർഗ്ഗമില്ലാതാകുമ്പോൾ വീണ്ടും കടമെടുത്ത് മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. കടത്തിൽനിന്ന് കടത്തിലേയ്ക്ക് പോകുന്ന ഒരു കടങ്കഥയായി കേരള സംസ്ഥാന ഖജനാവിന്റെ ഭരണം പോകുന്നത് ശരിയല്ലെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിയെ തരണം ചെയ്യാനായി നികുതി വർദ്ധിപ്പിച്ചുകൊണ്ട് നികുതി ഭാരത്താൽ ജനജീവിതം ദുസ്സഹമാക്കുന്ന ഒരു സ്ഥിതിയുണ്ട്. നിർമ്മാണമേഖല ഏറെക്കുറെ നിലച്ച മട്ടാണ്. അവയെ ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി എന്ത് നടപടി

സ്വീകരിച്ചുവെന്നുള്ളത് ദയവായി പരിശോധിക്കണം. ചെറുകിട കച്ചവടക്കാരുടെ കച്ചവടം ഏതാണ്ട് നിലച്ച അവസ്ഥയിലാണ്. നിലവിൽ ഓൺലൈനായി സാധനങ്ങൾ വാങ്ങുന്ന സാഹചര്യം വന്നതോടുകൂടി കച്ചവടക്കാർക്ക് തങ്ങളുടെ കട പൂട്ടിയിടുന്നതാണ് ലാഭമെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ വന്നിരിക്കുകയാണ്. ചെറുകിട കച്ചവടക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പുതിയ നടപടികൾ എന്തെങ്കിലും സർക്കാർ പ്രഖ്യാപിക്കുകയുണ്ടായോ? ഓൺലൈൻ വ്യാപാരം നടക്കുന്നതുവഴി സാധാരണഗതിയിൽ നിയമപരമായി നികുതി അടച്ച് കച്ചവടം ചെയ്യുന്നവർക്കുണ്ടാകുന്ന പ്രയാസം വളരെ വലുതാണ്. അതേസമയം ഉൽപാദനമേഖലയിൽ കൂടുതൽ പ്രോത്സാഹനം നൽകിയിരുന്നുവെങ്കിൽ കുറച്ചുകൂടി മുന്നോട്ടുപോകാൻ കഴിയുമായിരുന്നു. ഇന്ന് രാവിലെ നെല്ലിന്റെ വിലയെക്കുറിച്ച് സഭയിൽ സംസാരിച്ചിരുന്നു. ഞാൻ അതുസംബന്ധിച്ച് ഒരു ചോദ്യം ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അതിന് കൃത്യമായ മറുപടിയല്ല നൽകിയത്. അദ്ദേഹം സ്വാഭാവികമായും പിടിച്ചുനിൽക്കാൻ പറഞ്ഞ മറുപടിയാണെന്ന് കേൾക്കുമ്പോൾത്തന്നെ മനസ്സിലാകും. നെല്ലിന്റെ വില

കൊടുത്തിട്ടില്ല. പാഡി ഓഫീസർമാരോട് ഞങ്ങൾ ചോദിക്കുമ്പോൾ ധനകാര്യ വകുപ്പിൽനിന്ന് പണം കിട്ടിയിട്ടില്ലെന്നും ചില ബാങ്കുകളുടെ കൺസോർഷ്യം ഉണ്ടാക്കി അതുവഴി കൊടുക്കാൻ ശ്രമിക്കുകയാണെന്നുമാണ് പറയുന്നത്. പക്ഷേ, ആ ബാങ്കുകൾ വേണ്ടവിധം പ്രവർത്തിച്ചിട്ടില്ലെന്നുള്ളത് കർഷകർക്ക് വലിയ ആവലാതിയും പരാതിയുമാണ്. ആ പരാതി തീർക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് കഴിഞ്ഞ അഞ്ച് വർഷമായി വെട്ടിക്കുറയ്ക്കുകയാണ്. അതിന്റെ ഫലമായി നിർമ്മാണസ്തംഭനം വരികയാണ്. ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമായി മൂന്നോ നാലോ പദ്ധതികൾ ചൂണ്ടിക്കാണിച്ച് കേരളം ആ രംഗങ്ങളിൽ മികച്ചതാണെന്ന് അവകാശപ്പെട്ടിട്ട് കാര്യമില്ല. പ്രത്യുല്പാദനപരമായ കാര്യങ്ങളും ചെറിയ നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റവും കൂടുതൽ നടക്കേണ്ടത് നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്. എന്നാൽ, ആ പണം വെട്ടിക്കുറച്ചതുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കാത്ത അവസ്ഥയിൽ അവർ നിൽക്കുകയാണെന്ന സത്യം അങ്ങയെ ഓർമ്മിപ്പിക്കുകയാണ്.

ഒരു സമാന്തര സ്വർണ്ണവിപണി നമ്മുടെ നാട്ടിൽ നടക്കുകയാണ്. സ്വർണ്ണക്കടയിൽ പോയാൽ ബിൽ നൽകാതെ ചിറ്റ് കൊടുത്തുകൊണ്ട് നികുതി ഒഴിവാക്കുകയാണ്. അങ്ങനെ ഏറ്റവും കൂടുതൽ പണം മുടക്കുന്ന സ്വർണ്ണവ്യാപാരത്തിൽ നികുതി ഒഴിവാക്കാനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ സമാന്തര സ്വർണ്ണവിപണികൊണ്ട് ഒരു വർഷത്തിൽ ഏകദേശം മൂവായിരം കോടി രൂപയുടെ നികുതി ചോർച്ചയാണ് ഉണ്ടാകുന്നത്. അത് ഒഴിവാക്കാനുള്ള നടപടിയുണ്ടാകണം. കേരളത്തിൽ അനധികൃത മേഖലയിൽ ഒരു വർഷം രണ്ട് ലക്ഷം കോടി രൂപയുടെ സ്വർണ്ണവ്യാപാരം നടക്കുന്നുണ്ടെന്നാണ് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകുന്നത്. അഞ്ച് വർഷം ശരാശരി ഒരു പവൻ സ്വർണ്ണത്തിന് 44,659/- രൂപയായിട്ടും കഴിഞ്ഞ വർഷം 37,394 കോടി രൂപയുടെ നികുതി മാത്രമാണ് ലഭിച്ചത് എന്നാണ് റിക്കോർഡുകളിൽനിന്ന് മനസ്സിലാകുന്നത്. ഇവിടെ ഗവൺമെന്റിനേക്കാൾ ശക്തമായി ഒരു സംഘം പുറത്ത് പ്രവർത്തിക്കുകയാണ്. ആ പ്രവർത്തനങ്ങൾ സ്വാഭാവികമായും നമ്മുടെ നികുതിയിൽ ചോർച്ചയുണ്ടാക്കുകയാണ്. 2017 ജൂലൈ മുതൽ 2022 ജൂൺ

വരെ നഷ്ടപരിഹാര ഇനത്തിൽ ലഭിക്കാനുണ്ടായിരുന്നത് 42,599.38 കോടി രൂപയാണ്. അതിൽ അവസാനമായി 2023 ഫെബ്രുവരിയിൽ ലഭിച്ച 780 കോടി രൂപയുൾപ്പെടെ 42,558.72 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. പുറത്ത് ഇത്തരം വ്യാപാരമെല്ലാം വളരെ സുഗമമായി നടക്കുകയാണ്. പക്ഷേ നമുക്ക് ലഭിക്കേണ്ട നികുതി ലഭിക്കുന്നില്ല. പുറത്ത് ഒരു വലിയ ഓർബിറ്റുണ്ടാക്കി അതിലൂടെ ഇതെല്ലാം ഒലിച്ചുപോകുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഇതൊഴിവാക്കുന്നതിനുള്ള നടപടിയെടുത്താൽ മാത്രമേ കേരളത്തിലെ സാമ്പത്തിക രംഗത്ത് മാറ്റമുണ്ടാക്കാൻ കഴിയുകയുള്ളൂ. കെടുകാര്യസ്ഥത എന്ന് പറയാമെങ്കിലും നമ്മുടെ എഫിഷ്യൻസി കുറവിനാൽ നികുതി പിരിവിൽ കഴിഞ്ഞ ആറ് വർഷംകൊണ്ട് പ്രതിവർഷം ഇരുപതിനായിരം കോടി രൂപ ലഭിക്കേണ്ടിയിരുന്നത് കിട്ടാതെ പോയിട്ടുണ്ട് എന്നുള്ളതും ഒരു കണക്കായി നിൽക്കുകയാണ്. 2019-ലെ മഹാപ്രളയത്തിന്റെ കെടുതിയിൽനിന്ന് കരകയറുന്നതിനായി കൊണ്ടുവന്ന കേരള ഫ്ലഡ് സെസ് പിരിക്കുന്നതിലും ഗുരുതരമായ വീഴ്ച വന്നിട്ടുണ്ടോ എന്നുള്ള കാര്യം അങ്ങ് പരിശോധിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. വിവിധ

ജില്ലകളിലായി കോടിക്കണക്കിന് രൂപ ഈയിനത്തിൽ പിരിഞ്ഞ് കിട്ടാനുണ്ട്. പക്ഷേ അതും വേണ്ടവിധത്തിൽ നടക്കുന്നില്ല. 2019 മുതൽ 2021 വരെ രണ്ട് വർഷക്കാലത്തേയ്ക്കാണ് ഫ്ലഡ് സെസ് ഏർപ്പെടുത്തിയത്. തിരുവനന്തപുരം ജില്ലയിലെ ഒരു പ്രമുഖ വാഹന ഡീലർ ഈയിനത്തിൽ ആറ് കോടി രൂപ അടയ്ക്കാനുണ്ട്. വ്യക്തിപരമായതുകൊണ്ട് ഞാൻ ഇക്കാര്യം പ്രസ് ചെയ്ത് പറയുന്നില്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പരസ്യമായി പറയണ്ട, ആ വ്യക്തിയുടെ ഡീറ്റെയിൽസ് രഹസ്യമായി നൽകണമെന്ന് ഞാൻ ഈ സഭയിൽത്തന്നെ അഭ്യർത്ഥിക്കുകയാണ്. അങ്ങനെ അടയ്ക്കാനുണ്ടെങ്കിൽ അത് പിരിച്ചെടുക്കേണ്ടതുണ്ട്, അതുകൊണ്ട് പറഞ്ഞതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ മാന്യതയ്ക്ക് ചേരാത്തതിനാൽ പരസ്യമായി ഞാൻ പേര് പറയില്ല. പക്ഷേ അങ്ങേയ്ക്ക് വിവരം നൽകാം. അതുപരിശോധിച്ച് ശരിയാണെങ്കിൽ വളരെ സത്യസന്ധമായി നടപടിയെടുക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. നമ്മുടെ

സംസ്ഥാനത്തിന്റെ പൊതുതാൽപര്യം സംരക്ഷിക്കുന്നതിനുവേണ്ടിയാണത്. ഇവിടെ പറയുന്ന ഒരു ഉപകഥകൂടിയുണ്ട്. ഉന്നതരായ ചിലയാളുകളുടെ ഇടപെടൽകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത് എന്നാണ് നമ്മുടെ സമൂഹത്തിന്റെ വിലയിരുത്തൽ. അതുകൂടി അങ്ങ് ഓർക്കണമെന്ന് ഞാൻ പറയുകയാണ്. കെട്ടിട നികുതി, പെർമിറ്റ് ഫീ, വെള്ളക്കരം, വൈദ്യുതി ചാർജ് തുടങ്ങിയവയുടെ വർദ്ധനവിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ജനങ്ങളെ സംരക്ഷിക്കുന്ന രീതിയിലല്ലേ നികുതി ഏർപ്പെടുത്തേണ്ടത്? നികുതി ഏർപ്പെടുത്തരുത് എന്ന് ഞാൻ പറയുന്നില്ല, നികുതി ഏർപ്പെടുത്താം. പക്ഷേ ജനങ്ങളെ ശ്വാസംമുട്ടിച്ച് കൊല്ലുന്ന രൂപത്തിൽ നികുതി ഏർപ്പെടുത്താൻ പാടില്ല. വീട് വയ്ക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് പെർമിറ്റിനുള്ള പെർമിറ്റ് ഫീസ് 30 രൂപയിൽനിന്ന് 1000 മുതൽ 5000 രൂപ വരെയായി വർദ്ധിച്ചിട്ടുണ്ട്. ഒരു സാധാരണക്കാരന് എന്തുചെയ്യാൻ കഴിയും; ഒരു കുടിലിലെങ്കിലും ജീവിക്കേണ്ടത് അവരുടെ ആവശ്യമല്ലേ? അന്തിയുറങ്ങുന്നതിനുള്ള അവരുടെ സൗകര്യം ഈ രൂപത്തിൽ ദ്രോഹിച്ച് ഇല്ലാതാക്കുന്നത് ശരിയാണോ? പെർമിറ്റ് ഫീസ് പത്തിരട്ടിയോളം

ഉയർത്തിയിട്ടുണ്ട് എന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുകയാണ്. 150 ച.മീ. അഥവാ 1615 sq.ft. വീട് വയ്ക്കാൻ ആഗ്രഹിക്കുന്ന ഒരാൾ വർദ്ധനവിനുമുമ്പ് നൽകേണ്ടിയിരുന്ന അപേക്ഷാ ഫീസ് 30 രൂപയും പെർമിറ്റ് ഫീസ് 525 രൂപയുമായിരുന്നു. ഇപ്പോഴത്തെ വർദ്ധനവനുസരിച്ച് 150 ച.മീ. വരെയുള്ള വീടുകളുടെ അപേക്ഷാ ഫീസ് 30 രൂപയിൽനിന്ന് 1000 രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇങ്ങനെ കുത്തനെ വർദ്ധനവ് വരുന്നതുകൊണ്ട് ഒന്നുകിൽ നിർമ്മാണം നിലയ്ക്കും അല്ലെങ്കിൽ എന്തെങ്കിലും വെട്ടിപ്പും തട്ടിപ്പും നടത്താൻ പറ്റുമോ എന്നുള്ള മാർഗ്ഗം നോക്കും. അവർ ഈ പണം അടയ്ക്കാതെവന്നാൽ എന്താണ് നമ്മുടെ സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള ഗതി എന്ന് അങ്ങ് വളരെ ഗൗരവപൂർവ്വം ആലോചിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഇവിടെ 150 ച.മീ. വീടിന് പെർമിറ്റ് ഫീസ് 7,500 രൂപയായി ഉയർന്നു. ഇതെന്ത് കഷ്ടമാണ്? അതിൽ ഒരു പെർസെന്റേജ് വച്ച് നോക്കിയാൽത്തന്നെ എത്രയോ കൂടുതലാണ്. 555 രൂപയിൽനിന്ന് 8500 രൂപയിലേയ്ക്കാണ് മൊത്തം ഫീസ് ഉയർന്നിട്ടുള്ളത്. അതായത് പതിനഞ്ച് ഇരട്ടിയാണ് വർദ്ധനവുണ്ടായിട്ടുള്ളത്. ഇങ്ങനെ നികുതി കൊടുക്കാൻ

ബാധ്യതപ്പെട്ട ആളുകളെ അടിച്ചമർത്തി അവർക്ക് ഒരു കാരണവശാലും അത് കൊടുക്കാൻ പറ്റാതെ അവരെ കുറ്റക്കാരാക്കി, നികുതി അടയ്ക്കാത്തതുകൊണ്ട് റിക്കവർ ചെയ്ത് വീടുകളിൽനിന്ന് ഇറക്കിവിടുന്നത് ഒരു സർക്കാരിനും ഒരു സംസ്ഥാനത്തിനും ഭൂഷണമല്ല. അങ്ങനെ ചെയ്യാൻ പാടില്ല. സാധാരണക്കാർക്കുകൂടി ഉൾക്കൊള്ളാൻ പറ്റുന്ന വിധത്തിൽ ഇത് റീസ്ട്രക്ച്ചർ ചെയ്യാൻ തയ്യാറാകണം. മൊത്തച്ചെലവ് നേരത്തെ 555 ആയിരുന്നത് ഇപ്പോൾ 11,500 രൂപയായാണ് വർദ്ധിച്ചിരിക്കുന്നത്. കോർപ്പറേഷൻ പരിധിയിൽ നേരത്തെയുണ്ടായിരുന്ന അപേക്ഷാ ഫീസ് 50 രൂപയും 150 ച.മീ. വീടിന് പെർമിറ്റ് ഫീസ് 750 രൂപയുമായിരുന്നു. പുതിയ നികുതിയനുസരിച്ച് അപേക്ഷാ ഫീസ് 1000 രൂപയും പെർമിറ്റ് ഫീസ് 15,000 രൂപയുമായി മാറിയിരിക്കുകയാണ്. മൊത്തം ചെലവ് 800 രൂപയായിരുന്നത് 16,000 രൂപയായി വർദ്ധിച്ചു. ഇത് ആളുകൾക്ക് താങ്ങാൻ കഴിയാത്തതാണ്. ഇതുസംബന്ധിച്ച് അങ്ങ് പരിശോധിക്കണം. നാട്ടിലൊന്ന് തിരക്കിയാൽ അവരുടെയൊക്കെ ജീവിതമെന്താണ് എന്നുള്ളതിനെക്കുറിച്ച് അങ്ങേയ്ക്ക് കൃത്യമായി മനസ്സിലാകും. എനിക്ക് പശ്ചാത്തലമൊക്കെ അറിയാം.

അതുകൊണ്ട് അവരെ ദ്രോഹിച്ച് മുക്കിക്കൊല്ലുന്ന, ജനജീവിതം ദുസ്സഹമാകുന്ന രൂപത്തിലേയ്ക്ക് പോകരുത്. നമ്മുടെ സംസ്ഥാനത്തെ കച്ചവടം മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുകയാണ്. പെട്രോൾ, ഡീസൽ സെസ് വർദ്ധിപ്പിച്ചത് തിരിച്ചടിച്ചില്ലേ? വരുമാനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് പെട്രോളിനും ഡീസലിനും രണ്ട് രൂപ വില കൂട്ടിയപ്പോൾ വിൽപന കുറഞ്ഞു. സ്വകാര്യ വാഹനങ്ങൾ ഇന്ധനമുപയോഗിക്കുന്നത് കുറയ്ക്കുകയും ചരക്ക് വാഹനങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഡീസൽ നിറയ്ക്കാൻ തയ്യാറാകുകയും ചെയ്തപ്പോൾ  നമുക്ക് കിട്ടേണ്ട വരുമാനമില്ലാതായി. മാർച്ച് മാസത്തിൽ 21.21 കോടി ലിറ്റർ പെട്രോൾ വിറ്റപ്പോൾ ഏപ്രിൽ മാസത്തിലെ വിൽപന 19.73 കോടി ലിറ്ററായി കുറയുകയുണ്ടായി. അതായത് 1.48 കോടി ലിറ്റർ പെട്രോളിന്റെ വിൽപന കേരളത്തിൽ കുറഞ്ഞു. കേരളത്തിന് ഇത് ഗുണമാണോ എന്ന് ആലോചിക്കേണ്ടതല്ലേ? ഇതുസംബന്ധിച്ച് ഈ അവസാന നിമിഷത്തിലെങ്കിലും സെസ് നിർത്തിവയ്ക്കാൻ തീരുമാനമെടുക്കുന്നതായി അങ്ങ് ഈ സഭയിൽ  പ്രഖ്യാപിക്കണം. കാരണം, ഈ സെസ് കൊണ്ട് നമുക്ക് ഗുണമില്ല. സെസ് തിരിച്ചടിച്ചു എന്നാണ്

കണക്കുകൾ കാണിക്കുന്നത്. അതുകൊണ്ട് 1.48 കോടി ലിറ്ററിന്റെ കുറവുണ്ടായത് മനസ്സിലാക്കി ഈ സെസ് അവസാനിപ്പിക്കുന്നതിന് അങ്ങ് തയ്യാറാകണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. മാർച്ച് മാസത്തിൽ 26.66 കോടി ലിറ്റർ ഡീസലാണ് വിറ്റത്. ഏപ്രിൽ മാസത്തിൽ അത് 20.28 കോടി ലിറ്ററായി കുറഞ്ഞു. 6.38 കോടി ലിറ്ററിന്റെ കുറവാണ് ഇവിടെ വന്നത്. ഈ സെസ് കൂട്ടിയതുകൊണ്ട് ഗുണമാണോ ദോഷമാണോ ഉണ്ടായതെന്ന് ഇതിലൂടെ മനസ്സിലാകും. നികുതി കൂട്ടുമ്പോൾ നിലവിലുള്ള വരുമാനം കുറയാതിരിക്കണം. എന്നാൽ നികുതി കൂട്ടുമ്പോൾ വരുമാനം കുറയുകയാണെങ്കിൽ അങ്ങനെ നികുതി വർദ്ധിപ്പിക്കുന്നതുകൊണ്ട് ഈ സർക്കാരിന് എന്ത് ഗുണമാണുണ്ടാകുന്നത്. വിൽപന കുറഞ്ഞതുവഴി 150 കോടി രൂപയുടെ വരുമാനമാണ് നമുക്ക് നഷ്ടപ്പെട്ടത്. കെ.എസ്.ആർ.ടി.സി. പോലും മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇന്ധനം നിറയ്ക്കാൻ തീരുമാനമെടുത്തു. അവരെ മാത്രമായി നിർബന്ധിച്ച് ഇവിടെ കെട്ടിയിടണമെന്ന് എനിക്ക് അഭിപ്രായമില്ല. അവർ അവരുടെ വഴിക്കുപോയി എങ്ങനെയെങ്കിലും രക്ഷപെടട്ടെ. പക്ഷേ കേരളത്തിലുള്ള സാധാരണക്കാരന്റെ കാര്യം

ശ്രദ്ധിക്കുകയാണെങ്കിൽ, എല്ലാ കുഞ്ഞുവീടുകളിലും ഒരു വണ്ടിയുണ്ടാകും. ഒരു വണ്ടിയെങ്കിലുമില്ലാത്ത ഒരു വീടെങ്കിലും കേരളത്തിലുണ്ടോ? അവരാണ് ഇതെല്ലാം അനുഭവിക്കേണ്ടിവരുന്നത്. അവരുടെയെല്ലാം വരുമാനം ശരാശരിയിൽനിന്ന് താഴെയാണ് എന്നുള്ളത് അങ്ങ് ഓർക്കണം. അതിർത്തിക്ക് അപ്പുറവും ഇപ്പുറവുമുള്ള പെട്രോൾ/ഡീസൽ വിൽപനയുടെ ഒരു ഷെഡ്യൂൾ എന്റെ കൈവശമുണ്ട്. സമയച്ചുരുക്കംകൊണ്ട് ഞാൻ ആ ഷെഡ്യൂൾ ഇവിടെ വായിക്കുന്നില്ല. ഈ വർദ്ധനവ് നമുക്ക് ഗുണമല്ല, അത് നമ്മുടെ വരുമാനത്തെ ബാധിക്കുകയാണ് ചെയ്തത്. അതുകൊണ്ട് ആ സെസ് ഒഴിവാക്കിക്കൊണ്ട് കേരളത്തെക്കൂടി മെയിൻ സ്ട്രീമിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി ശ്രമിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ടി. ജെ. വിനോദ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ അനുകൂലിക്കുകയാണ്. കേരളത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനുമുള്ള നടപടികൾ കൈക്കൊള്ളുന്ന

കാര്യത്തിൽ ദയനീയമായി പരാജയപ്പെട്ട ഒരു ഗവൺമെന്റാണിത്. ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് അപ്പലേറ്റ് ട്രിബ്യൂണൽ ബെഞ്ചുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടിയുള്ള ഭേദഗതികൾ ഉൾപ്പെടുത്തുന്നതിന് വേണ്ടിയാണ് 2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്ടും 2023-ലെ കേരള ധനകാര്യ ആക്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഓർഡിനൻസ് നേരത്തെ പുറപ്പെടുവിച്ചത്. ഇപ്പോൾ അത് റീ-പ്ലേസ് ചെയ്യാനുള്ള ബില്ലാണ് ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചിരിക്കുന്നത്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ ഒരു സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ ആണിക്കല്ലാണ് സംസ്ഥാന ജി.എസ്.ടി. വകുപ്പ്. കേരളത്തിലെ നികുതി വകുപ്പിൽ ഘടനാപരമായ മാറ്റങ്ങളും പരിഷ്കാരങ്ങളും വരുത്തേണ്ടത് അനിവാര്യമാണെന്നുള്ള കാര്യം ജി.എസ്.ടി. നിലവിൽവന്ന സമയത്തുതന്നെ ഞങ്ങൾ ഈ നിയമസഭയിൽ വളരെ വ്യക്തമായി പറഞ്ഞതാണ്. ഇപ്പോൾപ്പോലും അത് ഫലപ്രദമായി നടപ്പാക്കാൻ നികുതി വകുപ്പിന് കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ട സ്ഥിതിയാണുള്ളത്. ജി.എസ്.ടി.

വകുപ്പിൽ പൂർണ്ണമായും ഇത് നടപ്പാക്കാൻ സാധിച്ചിട്ടില്ലെന്നാണ് കാണാൻ കഴിയുന്നത്. ജി.എസ്.ടി. നടപ്പാക്കി ഏഴ് വർഷത്തോളമായിട്ടും അത് നടപ്പാക്കുന്നതിൽ എന്തുകൊണ്ടാണ് ഇത്രയും കാലതാമസമുണ്ടാകുന്നത്? We have cautioned the then Finance Minister Dr. T. M. Thomas Isaac for this structural changes and reforms. But unfortunately he was not ready to take-up these issues. As a result of this the revenue has been completely gone down. റവന്യൂ വരുമാനമില്ലാതെ ഒരു സംസ്ഥാനത്തിനും മുന്നോട്ടുപോകാൻ കഴിയില്ല. ജി.എസ്.ടി.-യെ ഏറ്റവും കൂടുതൽ സ്വാഗതം ചെയ്ത ഒരാളായിരുന്നു ഡോ. ടി. എം. തോമസ് ഐസക്. ശ്രീ. നരേന്ദ്ര മോദിയെക്കാൾ വലിയ ആവേശത്തോടെയാണ് അദ്ദേഹം അതിനെ സ്വാഗതം ചെയ്തത്. കേരളത്തിന് ഏതാണ്ട് 5,000 കോടിയിലധികം രൂപയുടെ വരുമാനമുണ്ടാകും എന്നുപറഞ്ഞുകൊണ്ട് അർദ്ധരാത്രിയിൽ ശ്രീ. നരേന്ദ്ര മോദി പാർലമെന്റിൽ ഈ പ്രഖ്യാപനം നടത്തിയതിന്റെ സമാനസ്വഭാവത്തിൽ കൊച്ചിയിൽ ഒരു വലിയ പരിപാടി അദ്ദേഹവും സംഘടിപ്പിക്കുകയുണ്ടായി. എന്നാൽ അതിനനുസരിച്ച് ഒരു ഉപഭോക്തൃ

സംസ്ഥാനമായ കേരളത്തിന് അർഹതയുള്ള വരുമാനം ലഭ്യമാക്കാനുള്ള നടപടികൾ അന്നത്തെ ധനകാര്യ വകുപ്പ് സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്? അതിന്റെ തുടർച്ചയായാണ് ഇപ്പോഴും കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. പൂർണ്ണമായും ഘടനാപരമായ മാറ്റങ്ങളോ പരിഷ്കാരങ്ങളോ കൊണ്ടുവരാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ലെന്നുള്ളതും വളരെ ഗൗരവതരമായ വിഷയമാണ്.

ജി.എസ്.ടി. വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം എൻഫോഴ്സ്മെന്റാണ്. എൻഫോഴ്സ്മെന്റ് നടപടികൾ ഫലപ്രദമാക്കാൻ കഴിയുന്നില്ലെന്നുള്ള പരാതികൾ ഉയർന്നുവരുന്നുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്, എന്തുകൊണ്ടാണ് ആ നടപടിക്രമങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ നമുക്ക് സാധിക്കാത്തതെന്നാണ്. ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനത്തിന്റെ ഫലമായാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക വരുമാനവും നികുതി വരുമാനത്തിന്റെ ഉയർച്ചയും വന്നുചേരുന്നത്. നികുതി ചോർച്ചയും നികുതി വെട്ടിപ്പും കേരളത്തിൽ വ്യാപകമാണ്. ഈ നികുതി വെട്ടിപ്പ് തടയാനോ

നികുതി ചോർച്ച ഇല്ലാതാക്കാനോ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്? നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനം ഇനിയും കൂടുതൽ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ഇന്ന് കൂടുതൽ വരുമാനമാർഗ്ഗങ്ങൾ ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പറയേണ്ട കാര്യമില്ല. സംസ്ഥാനത്തിന്റെ വരുമാനവും ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനവും പരസ്പരം ബന്ധപ്പെട്ടുകിടക്കുകയാണ്, they are co-related. അത് രണ്ടും ഒരുമിച്ച് ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്യേണ്ട സ്ഥിതിയാണുള്ളത്. കേരളത്തിന്റെ ധനസ്ഥിതിയെപ്പറ്റി ഞാൻ പറയേണ്ടതില്ലല്ലോ; മുടിഞ്ഞ തറവാടിന്റെ കാരണവരെപ്പോലെയാണ് ശ്രീ. കെ. എൻ. ബാലഗോപാൽ ഇവിടെയിരിക്കുന്നത്. കഴുക്കോൽ ഊരി വിൽക്കുന്നതിനെപ്പറ്റിയാണ് അദ്ദേഹം ഇപ്പോൾ ആലോചിക്കുന്നത്. പഴയ കാരണവന്മാർ ചെയ്യുന്നതുപോലെ കോടതിയിൽ കേസ് കൊടുക്കാൻ പറ്റുമോ എന്നാണദ്ദേഹം ഇപ്പോൾ ആലോചിക്കുന്നത്. ഏതായാലും അതൊന്നും അദ്ദേഹത്തിന്റെ കുറ്റമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ രണ്ടുവർഷക്കാലം അദ്ദേഹത്തിന് ചെയ്യാൻ പറ്റുന്ന കാര്യങ്ങളും അദ്ദേഹം ചെയ്തിട്ടില്ല എന്നുള്ള

പരാതി നിലനിൽക്കുകയാണ്. കടമെടുക്കുന്നതിൽ ഏറ്റവും കൂടുതൽ താൽപര്യം കാണിച്ചയാളാണ് മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്. കടമെടുത്താൽ മാത്രമേ സംസ്ഥാനം രക്ഷപ്പെടുകയുള്ളൂ എന്ന് വിശ്വസിച്ചിരുന്ന ഒരാളാണ് അദ്ദേഹം. ലക്കുംലഗാനുമില്ലാതെ കടം വാങ്ങി കേരളത്തെ ഒരു പരുവമാക്കിയിരിക്കുന്ന ഗവൺമെന്റാണിത്. മുൻപെങ്ങുമില്ലാത്ത ഒരു സാമ്പത്തിക പ്രതിസന്ധിയാണ് ഇന്ന് കേരളം നേരിടുന്നത്. ഇക്കാര്യം ധനകാര്യ വകുപ്പുമന്ത്രി തന്നെ സമ്മതിച്ചിട്ടുള്ളതാണ്. കേരളത്തിന്റെ പൊതുകടം ചരിത്രത്തിലെ ഏറ്റവും അപകടകരമായ നിലയിലേയ്ക്ക് എത്തിയിരിക്കുന്നുവെന്നുള്ളത് ഓരോ കേരളീയനെയും വിഷമിപ്പിക്കുന്ന കാര്യം തന്നെയാണ്. വരുമാനക്കുറവ്, അമിതമായ ധൂർത്തും കടമെടുപ്പും, ഓഫ് ബജറ്റ് ബോറോയിംഗ് എന്നിവ കാരണം കേരളം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. കഴിഞ്ഞ നിയമസഭയിൽ കിഫ്ബിയുടെ കടമെടുപ്പിനെപ്പറ്റി ഞങ്ങൾ പറഞ്ഞതാണ്. We cautioned the Government for the off-budget borrowings. ബഡ്ജറ്റിന് പുറമെ കിഫ്ബിയിലൂടെ എടുത്ത കോടിക്കണക്കിന് രൂപയുടെ സ്ഥിതി

ഇപ്പോൾ എന്താണ്? ഇത് കടമെടുപ്പ് പരിധിയിൽ വരുമെന്ന് പറഞ്ഞ് ഞങ്ങൾ അന്ന് മുന്നറിയിപ്പ് നൽകിയതാണ്. കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യപോലും ഇത്തരത്തിൽ പറഞ്ഞപ്പോൾ അവർക്കെതിരെ പ്രമേയം പാസ്സാക്കിയ ആളുകളാണിവർ. ഇത്തരത്തിൽ ലോകത്ത് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ; നമ്മുടെ വരവുചെലവ് കണക്കുകൾ പരിശോധിച്ച് അതിന്റെ യഥാർത്ഥ സ്ഥിതി ഗവൺമെന്റിനെയും ജനങ്ങളെയും ബോധ്യപ്പെടുത്തുന്ന സി&എ.ജി. എന്ന ഭരണഘടനാ സ്ഥാപനത്തിനെതിരെ പ്രമേയം പാസ്സാക്കി ഈ കടമെടുപ്പിനെ നിർബാധം മുന്നോട്ടുകൊണ്ടുപോയ ഒരു ഗവൺമെന്റാണിത്. ഇപ്പോൾ എന്താണ് സ്ഥിതി; ഓഫ് ബഡ്ജറ്റ് ബോറോയിംഗ്സിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ജി.ഡി.പി.-യുടെ മൂന്ന് ശതമാനം വരുന്ന കടമെടുപ്പ് അധികാര പരിധിയിൽ അതും ഉൾപ്പെടുത്തിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് കടമെടുക്കുന്നില്ലേ എന്ന് നേരത്തെ നമ്മൾ ചോദിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റ് കടമെടുത്തിരുന്നു, പക്ഷെ കേന്ദ്ര ഗവൺമെന്റും ഇപ്പോൾ നാഷണൽ ഹൈവേ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് എടുത്തിരുന്ന ഓഫ്-

ബഡ്ജറ്റ് ബോറോയിംഗ്സ് ബഡ്ജറ്റിലേയ്ക്ക് ഉൾപ്പെടുത്തുന്ന നടപടിയുമായി മുന്നോട്ടുപോകുകയാണ്. അവരും അത്തരം പ്രവണതകൾ നിർത്തിയിരിക്കുകയാണ്. കാരണം സാമ്പത്തിക അച്ചടക്കം പാലിക്കണമെങ്കിൽ അത് വേണ്ടിവരും. ഞാൻ പാർലമെന്റംഗമായിരുന്ന സമയത്താണ് Fiscal Responsibility & Budget Management (FRBM) Act പാസ്സാക്കിയത്. അനാവശ്യമായും അനധികൃതമായും ലക്കുംലഗാനുമില്ലാതെയുള്ള സംസ്ഥാനങ്ങളുടെ കടമെടുപ്പിനെതിരെയുള്ള നിയന്ത്രണമാണത്. അത് ഒരു പരിധിവരെ കേന്ദ്രത്തിനും ബാധകമാണെന്ന കാര്യത്തിൽ സംശയം വേണ്ട. ഇവിടെ എന്താണ് സംഭവിച്ചത്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേന്ദ്ര ഗവൺമെന്റ് FRBM ആക്ട് പാസ്സാക്കിയപ്പോൾ ശ്രീ. രമേശ് ചെന്നിത്തല പാർലമെന്റിൽ ഉണ്ടായിരുന്നല്ലോ, കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റുകളുടെയും കടമെടുപ്പ് പരിധിയിൽ വ്യത്യസ്ത മാനദണ്ഡങ്ങളാണോ ഉള്ളത്?

**ശ്രീ. രമേശ് ചെന്നിത്തല:** സർ, മാനദണ്ഡത്തിൽ വ്യത്യാസമുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ജി.ഡി.പി.-യുടെ മൂന്ന് ശതമാനമാണ് കടമെടുപ്പ് പരിധി. 0.5 ശതമാനം എന്നുള്ളത് പവർ സെക്ടറിൽ വരുത്തുന്ന പരിഷ്കാരങ്ങൾക്ക് വേണ്ടിയാണ്. കോവിഡ് കാലത്ത് അത് 1 ശതമാനവും 4 ശതമാനവുമാക്കിയെങ്കിലും വീണ്ടും കുറച്ച് 0.5 ശതമാനമാക്കിയത്. എന്നാൽ പരിഷ്കാരങ്ങൾക്കുവേണ്ടിയുള്ള പണം നമുക്ക് ഇതുവരെ കിട്ടിയിട്ടില്ല. ആ പരിഷ്കാരങ്ങൾ പൂർണ്ണമായും നടപ്പാക്കാൻ നമ്മൾ തയ്യാറാകുന്നില്ല എന്നതാണ് കാരണം. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഏറ്റവും പ്രധാനപ്പെട്ട ഒരു ചോദ്യമാണ് ഇന്ന് രാവിലെ ചോദിച്ചത്. പക്ഷെ മുഖ്യമന്ത്രി ഒരു മറുപടിയും പറഞ്ഞില്ല. അദ്ദേഹം അല്ലെങ്കിലും ഇപ്പോൾ ഒരു മറുപടിയും പറയുന്നില്ലല്ലോ; അർജ്ജുൻ സിംഗിനെപ്പറ്റി പണ്ട് മധ്യപ്രദേശിൽ ഹിന്ദിയിൽ ഒരു ചൊല്ലുണ്ടായിരുന്നു 'अर्जुन सिंहजी के मुंह में दूध डालो तो दहि बनके आएगा' അർജ്ജുൻ സിംഗ് ജിയുടെ വായിൽ പാൽ ഒഴിച്ചാൽ അത് തൈരായി പുറത്തുവരുമെന്നാണ് പറയുന്നത്. അദ്ദേഹം ഒന്നും മിണ്ടില്ല എന്നാണ്

അതിന്റെ അർത്ഥം. കേരളത്തിന്റെ മുഖ്യമന്ത്രിയുടെ സ്ഥിതി ഇപ്പോൾ ഇതുപോലെ പറയേണ്ടിവരും എന്നുള്ളതാണ് സത്യം. അദ്ദേഹം ഇപ്പോൾ ഒരക്ഷരം മിണ്ടുന്നില്ലല്ലോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ശ്രീ. രമേശ് ചെന്നിത്തലയുടെ പഴയ നേതാവിനെപ്പറ്റിയുള്ള ഉപമകളൊന്നും കേരളത്തിന്റെ മുഖ്യമന്ത്രിയെപ്പറ്റി പറയുന്നത് ശരിയല്ല. അതൊക്കെ ആളുകൾക്കറിയാം. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇല്ലാത്ത സമയത്ത് ഇങ്ങനെയുള്ള ഉപമകൾ പറയുന്നത് ഉചിതമല്ല. അഭിപ്രായങ്ങളും മറുപടികളും പറയുന്നയാളാണ് കേരളത്തിലെ മുഖ്യമന്ത്രിയെന്ന് അങ്ങേയ്ക്കും അറിയാവുന്നതാണ്. നിങ്ങളെല്ലാവരും പണ്ട് നിങ്ങളുടെ ഉയർന്ന നേതാവിനെപ്പറ്റി പറഞ്ഞ കാര്യങ്ങൾ മറ്റാരുടെയെങ്കിലുംമേൽ വച്ചുകെട്ടാൻ ശ്രമിക്കരുത്. അർജ്ജുൻ സിംഗിനെക്കുറിച്ച് ഇപ്പോഴും അങ്ങ് അങ്ങനെ പറഞ്ഞോളൂ, കുഴപ്പമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിന്റെ മുഖ്യമന്ത്രി പത്രക്കാരോട് സംസാരിച്ചിട്ട് അഞ്ച് മാസമായി. എന്തെല്ലാം ആരോപണങ്ങളുണ്ടായി,

മുഖ്യമന്ത്രി സംസാരിച്ചോ? കേരളത്തിൽ പ്രസക്തമായ എത്രയോ പ്രശ്നങ്ങളുണ്ടായി, കേരളത്തിന്റെ മുഖ്യമന്ത്രി പ്രതികരിച്ചോ? മിത്ത് വിവാദം, എ.ഐ. ക്യാമറയുമായി ബന്ധപ്പെട്ട അഴിമതിയാരോപണം എന്നിവയോടെല്ലാം മുഖ്യമന്ത്രി പ്രതികരിച്ചോ? അർജ്ജുൻ സിംഗിനെപ്പറ്റി ഞാൻ മോശമായി പറഞ്ഞതല്ല. അദ്ദേഹത്തെപ്പറ്റി പൊതുവെ പറയുന്ന കാര്യം ഞാൻ ഇവിടെ സാംഗത്യമുണ്ട് എന്നുള്ളതുകൊണ്ട് പറഞ്ഞതാണ്.

2.30 PM]

കേരളത്തെ സംബന്ധിച്ചിടത്തോളം ഓഫ് ബഡ്ജറ്റ് ബോറോയിംഗ് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിൽ അങ്ങേയ്ക്ക് ആശങ്കയില്ലേ; നിങ്ങൾ റവന്യൂ ജനറേഷനുവേണ്ടി ഈ ഇൻവെസ്റ്റുമെന്റുകൾ ഉപയോഗിക്കുന്നുണ്ടോ; കിഫ്ബിയുടെ തിരിച്ചടവിനുവേണ്ടിയുള്ള പണം എങ്ങനെയുണ്ടാകുന്നു? അതിനുവേണ്ടി നിങ്ങൾ കിഫ്ബിയിലൂടെ ചെലവഴിക്കുന്ന പണം റവന്യൂ ജനറേഷനുവേണ്ടി ഉപയോഗിക്കുന്നില്ലെന്നുള്ള പരാതി ഞങ്ങൾക്കുണ്ട്. അത് ഞങ്ങൾ മുമ്പും പറഞ്ഞതാണ്. നികുതിയേതര വരുമാനംകൊണ്ട് ശമ്പളം, പെൻഷൻ, മറ്റ് ദൈനംദിന ചെലവുകൾ എന്നിവപോലും നിർവ്വഹിക്കാൻ

സർക്കാരിന് കഴിയുന്നില്ല. ഖജനാവ് കാലിയാണ്. ഖജനാവ് കാലിയല്ലെങ്കിൽ അങ്ങ് പറയണം. നിത്യനിദാന വായ്പകളെടുത്താണ് ഇപ്പോൾ മുമ്പോട്ടുപോകുന്നത്. ഓവർഡ്രാഫ്റ്റിന്റെ വക്കിലാണ് കേരള ഗവൺമെന്റ്. അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുപ്രകാരം 9334.39 കോടി രൂപയാണ് ഏപ്രിൽ-മേയ് മാസങ്ങളിലെ വരവും ചെലവും തമ്മിലുള്ള വ്യത്യാസം. സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ സംസ്ഥാന സർക്കാർ വരവിനേക്കാൾ 14,957 കോടി രൂപ ചെലവാക്കി. സർക്കാരിന്റെ വരുമാനം ബഡ്ജറ്റിൽ ലക്ഷ്യമിട്ടതിന്റെ അടുത്തുപോലും എത്തുന്നില്ലെന്നുള്ളതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതൊക്കെ യാഥാർത്ഥ്യമല്ലേ? ലാൻഡ് റവന്യൂ, ഭൂമി രജിസ്ട്രേഷൻ, വിൽപ്പന നികുതി, എക്സൈസ് ഡ്യൂട്ടി എന്നിവയിലെ വരുമാനം ലക്ഷ്യമിട്ടതിനേക്കാൾ വളരെ പിന്നിലാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ജൂൺ മാസമെത്തിയപ്പോൾ 5,301 കോടി രൂപയായിരുന്നു കടമെടുത്തതെങ്കിൽ ഈ സാമ്പത്തിക വർഷം ജൂൺവരെ 14,957 കോടി രൂപ കടമെടുത്തുകഴിഞ്ഞു. ഇതുകാരണം ധനക്കമ്മി കഴിഞ്ഞ വർഷം 11.41 ശതമാനമായിരുന്നത് ഈ വർഷം 37.23

ശതമാനമായി കുതിച്ചിരിക്കുകയാണ്. നികുതി പിരിവിന്റെ കാര്യം എന്റെ സുഹൃത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. സർക്കാരെടുക്കുന്ന ഏത് വായ്പയുടെ ഭാരവും വഹിക്കേണ്ടത് കേരളത്തിലെ ജനങ്ങളാണെന്നുള്ള ബോധ്യം ഭരണകൂടത്തിനും ഭരണാധികാരികൾക്കുമുണ്ടാകേണ്ടതാണ്. ജി.എസ്.ടി. നഷ്ടപരിഹാരവും റവന്യൂക്കമ്മി ഗ്രാന്റും നിൽക്കാൻ പോകുകയാണെന്ന് എല്ലാവർക്കുമറിയാമായിരുന്നു. ഇത് രണ്ടും നിലയ്ക്കുമെന്ന് മുമ്പേ അറിയാമായിരുന്നിട്ടും അതിനനുസരിച്ചുള്ള സാമ്പത്തിക ആസൂത്രണം നടത്താൻ എന്തുകൊണ്ട് സംസ്ഥാന ധനകാര്യ വകുപ്പ് തയ്യാറായില്ലെന്നുള്ളത് പ്രധാനപ്പെട്ട ചോദ്യമല്ലേ. ഇത് രണ്ടും നിൽക്കുമെന്ന് എല്ലാവർക്കും അറിയാമായിരുന്നു. അങ്ങനെ നിൽക്കുന്ന സാഹചര്യത്തിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് സാമ്പത്തിക രംഗത്ത് വരുത്തേണ്ടതെന്നുള്ള കാര്യം എന്തുകൊണ്ട് നിങ്ങൾ ശ്രദ്ധിച്ചില്ല? ഈ ഓണക്കാലത്ത് മാവേലി കേരളത്തിൽ വരില്ല. മാവേലി പേടിച്ചിരിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ കാണം വിറ്റും ഓണമുണ്ണാൻ കഴിയാത്ത സ്ഥിതിയിലാണ്.

വിലക്കയറ്റം കാരണം ജനങ്ങൾ പ്രയാസപ്പെടുന്നു. സർക്കാർ ജീവനക്കാർക്ക് ഡി.എ. കിട്ടാത്തതുകൊണ്ട് അവർക്ക് ഓണമില്ല. ഓണം അഡ്വാൻസ്, പെൻഷൻ, ശമ്പളം എന്നിവ കിട്ടുന്നില്ല. രണ്ട് ഗഡുക്കളായി കൊടുക്കുമെന്ന് പറയുന്ന ശമ്പളംപോലും കിട്ടാത്ത അവസ്ഥയുണ്ടാകുന്നു. അതുകൊണ്ട് തന്റെ ജനങ്ങൾ പട്ടിണി അനുഭവിക്കുന്നത് കാണാൻ ഇത്തവണ മാവേലി കേരളത്തിലേയ്ക്ക് വരില്ലെന്നുള്ളതാണ് സത്യം. ഓണക്കാലത്തേയ്ക്കുള്ള പണം എങ്ങനെ കണ്ടെത്തുമെന്നത് സംബന്ധിച്ച് സർക്കാരിനുപോലും നിശ്ചയമില്ല. 7,580 കോടി രൂപയാണ് വേണ്ടത്. റവന്യൂക്കമ്മി ഗ്രാന്റ് മുൻവർഷത്തെ അപേക്ഷിച്ച് 6,716 കോടി രൂപ കുറഞ്ഞു. സമസ്ത മേഖലകളിലും നികുതി വർദ്ധനവാണ്. വെള്ളക്കരം, വീട്ടുകരം, വൈദ്യുതി ചാർജ്, പെർമിറ്റ് ഫീസ്, വസ്തുനികുതി തുടങ്ങിയ എല്ലാത്തിനും നികുതി വർദ്ധിപ്പിച്ച് ജനങ്ങളുടെ തലയിൽ കൂടുതൽ ഭാരം അടിച്ചേൽപ്പിക്കുകയാണ്. സ്വന്തമായി വീട് വയ്ക്കുന്നവരെപ്പറ്റി ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. കേരളത്തിൽ ചെറിയ വീട് നിർമ്മിക്കാൻപോലും പാവപ്പെട്ട ആളുകൾ പ്രതിസന്ധി നേരിടുകയാണ്. വിവിധ വകുപ്പുകളെ ഉപയോഗിച്ച് ജനങ്ങളെ

പരമാവധി പിഴിയുകയാണ്. ഓരോ ദിവസവും ജനങ്ങളെ എങ്ങനെ പിഴിയാമെന്നാണ് സർക്കാർ ഇപ്പോൾ ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്നത്. പെട്രോൾ, ഡീസൽ എന്നിവയ്ക്ക് രണ്ട് രൂപ വർദ്ധിപ്പിച്ചതിന് എന്ത് ഗുണമുണ്ടായി? അതിനെക്കുറിച്ചും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചു. രണ്ട് രൂപ സെസ്സിലൂടെ കിട്ടുന്ന വരുമാനം സാമൂഹ്യക്ഷേമ പെൻഷൻ കൊടുക്കാനാണെന്നാണ് പറഞ്ഞത്. പല പെൻഷൻ പദ്ധതികളും മുടങ്ങിക്കിടക്കുന്നു. പെട്രോൾ, ഡീസൽ സെസ്സിലൂടെ എത്ര രൂപ അധികമായി കിട്ടിയെന്ന് ധനകാര്യ വകുപ്പുമന്ത്രി ഇതുവരെ വ്യക്തമാക്കിയിട്ടില്ല. ജനങ്ങളിൽനിന്ന് അധിക നികുതി പിരിച്ച് അവരുടെ അടിസ്ഥാനപ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് സർക്കാർ ചെയ്യേണ്ടത്, എന്നാൽ സർക്കാർ അത് ചെയ്യുന്നുണ്ടോ; അത് പരിശോധിക്കപ്പെടേണ്ട കാര്യമല്ലേ? മാലിന്യ സംസ്കരണത്തിനോ എ.ബി.സി. കേന്ദ്രങ്ങളുടെ നടത്തിപ്പിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികമായി തുക അനുവദിക്കുന്നില്ല. മറിച്ച് അവിടെയും യൂസർ ഫീസ് ഏർപ്പെടുത്തി ജനങ്ങളുടെ തലയിൽ കൂടുതൽ ഭാരം

അടിച്ചേൽപ്പിക്കുന്ന സ്ഥിതിയാണ്. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ മെയിന്റനൻസ് ഗ്രാന്റിൽ വൻതോതിലുള്ള കുറവുണ്ടാക്കിയിരിക്കുന്നു. പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെയും ഇത് ഗൗരവമായി ബാധിച്ചിരിക്കുകയാണ്. പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ ധനകാര്യ വകുപ്പുമന്ത്രിയെ കണ്ടപ്പോൾ എംപവേഡ് കമ്മിറ്റിയിൽ വച്ച് പരിഹരിക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്, പക്ഷെ ഇതുവരെ പരിഹരിച്ചിട്ടില്ല. കുടുംബാരോഗ്യ കേന്ദ്രങ്ങൾ ബ്ലോക്ക് പഞ്ചായത്തിനുകീഴിലാണ്. ഡോക്ടർമാർക്കും ആരോഗ്യപ്രവർത്തകർക്കും ശമ്പളം കൊടുക്കാൻ കഴിയാതെ ബ്ലോക്ക് പഞ്ചായത്തുകൾ വീർപ്പുമുട്ടുകയാണ്. വിപണന ഇടപെടലുകൾക്കുപോലും സർക്കാരിന്റെ കൈയിൽ പണമില്ല. വിലക്കയറ്റം സംഭവിച്ചതിനെപ്പറ്റി ഇന്നലെ നമ്മൾ വിശദമായി ചർച്ച ചെയ്തതാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം നെൽകർഷകരുടേതാണ്. പാലക്കാട്, തൃശ്ശൂർ, കുട്ടനാട്, അപ്പർ കുട്ടനാട് എന്നിവിടങ്ങളിലെ നെല്ല് സർക്കാരെടുത്തിട്ട് അവർക്ക് പണം കൊടുക്കുന്നില്ല. പാവപ്പെട്ട കർഷകർ ഇപ്പോൾ വൻപ്രതിസന്ധിയിലാണ്.

ഓണക്കാലമായിട്ടുപോലും അവർക്ക് പണം കിട്ടാത്ത അവസ്ഥയാണ്. നെൽകർഷകരുടെ കടം വീട്ടാൻ 800 കോടി രൂപ അനുവദിക്കാമെന്ന സർക്കാരിന്റെ വാഗ്ദാനം വാഗ്ദാനമായിത്തന്നെ നിൽക്കുകയാണ്. ഇതുവരെ പണം കൊടുത്തില്ല. ഞങ്ങളെ എല്ലാ കർഷകരും വിളിച്ച് ഇതിനൊരു പരിഹാരമുണ്ടാക്കിത്തരണമെന്ന് ആവശ്യപ്പെടുകയാണ്. നെൽകർഷകരിൽനിന്ന് നെല്ല് സംഭരിച്ചിട്ട് കൊടുക്കാത്ത പണം അടിയന്തരമായി കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, പാലക്കാട് ഉൾപ്പെടെയുള്ള കേരളത്തിലെ നെൽകർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ പണം കൊടുത്തില്ലെന്ന് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവ് പറഞ്ഞു. കുറച്ച് കാലതാമസമുണ്ടായെങ്കിലും ഇന്നുമുതൽ അവരുടെ അക്കൗണ്ടിൽ പണം വന്നുതുടങ്ങിയിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, പക്ഷെ ബാങ്കിൽനിന്നും പാവപ്പെട്ട കർഷകർക്ക് നോട്ടീസുകൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. അതുകൂടി അങ്ങ്

പരിശോധിക്കണം. കൊട്ടിഘോഷിച്ചുകൊണ്ടുവന്ന കർഷക ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യവിതരണം ഇതുവരെ ആരംഭിച്ചിട്ടില്ല. വിപ്ലവകരമായ നടപടിയായിട്ടാണ് അതിനെ ഇവിടെ പ്രകീർത്തിച്ചത്. കർഷകർക്ക് പെൻഷൻ, മക്കളുടെ വിവാഹ-വിദ്യാഭ്യാസ ധനസഹായം, പ്രസവാനുകൂല്യം, കുറഞ്ഞ പലിശയ്ക്ക് ഭവന വായ്പ, ഇൻഷ്വറൻസ് സുരക്ഷ എന്നിവ ധനപ്രതിസന്ധി കാരണം നൽകിയിട്ടില്ല. പിരിക്കുന്ന നികുതിയൊക്കെ എങ്ങോട്ടാണ് പോകുന്നതെന്നുകൂടി പറയേണ്ടിയിരിക്കുന്നു. സർക്കാർ ജീവനക്കാരുടെ ഏത് ആനുകൂല്യമാണ് കൊടുത്തത്? ഡി.എ. കൊടുക്കാത്തതിനെപ്പറ്റി എത്രയോ തവണ നമ്മൾ ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. ഈ കാലഘട്ടത്തിലല്ലേ സർക്കാർ ജീവനക്കാർക്ക് ഡി.എ. കൊടുക്കേണ്ടത്. അതിനുള്ള നടപടികൾ എന്തുകൊണ്ട് സ്വീകരിക്കുന്നില്ല. അങ്കണവാടി വർക്കർമാർ മുതൽ കോളേജ് അദ്ധ്യാപകർ വരെ സമരത്തിലാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ കാര്യം ഞാൻ പറയേണ്ടതില്ല. കഴിഞ്ഞ തവണ ഓണക്കിറ്റ് കൊടുത്തതിൽ റേഷൻ കടക്കാർക്ക് 40 കോടി രൂപ കൊടുക്കാനുണ്ട്. അവർക്ക് ലഭിക്കേണ്ട കമ്മീഷൻ കൊടുത്തിട്ടില്ല.

സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകിയ പ്രാഥമിക അദ്ധ്യാപകർക്കും പാചക തൊഴിലാളികൾക്കുമായി 52 കോടി രൂപ കൊടുക്കാനുണ്ട്. ഇപ്പോൾ സ്കൂളുകളിൽ ഉച്ചക്കഞ്ഞി കൊടുക്കേണ്ടത് പ്രധാന അദ്ധ്യാപകന്റെ ജോലിയാണ്. സ്കൂളിൽ കുട്ടികളെ പഠിപ്പിക്കുകയല്ല ഇതിനുവേണ്ടിയുള്ള പിരിവാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കാരുണ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സ്വകാര്യ ആശുപത്രികൾക്ക് 557 കോടി രൂപ കുടിശ്ശിക നൽകാനുണ്ട്. ഇതിന് 338 കോടി രൂപയാണ് ആകെ അനുവദിച്ചിട്ടുള്ളത്. അതോടൊപ്പം 12 സാമൂഹ്യസുരക്ഷാ പദ്ധതികൾക്ക് ഈ സാമ്പത്തിക വർഷം തുകയൊന്നും നൽകിയിട്ടില്ല. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജിലും മരുന്നുകൾ വാങ്ങിയതിൽ കോടികളുടെ കുടിശ്ശികയാണ് നിലനിൽക്കുന്നത്. കൊട്ടിഘോഷിച്ചുകൊണ്ടുവന്ന 20 രൂപയ്ക്ക് ഊണ് കൊടുത്തിരുന്ന കുടുംബശ്രീ മുഖേനയുള്ള ജനകീയ ഹോട്ടലുകളെല്ലാം പൂട്ടി. ഇപ്പോൾ 20 രൂപയ്ക്ക് ഊണുമില്ല കുടുംബശ്രീയുടെ ഹോട്ടലുമില്ല. മെഡിസെപ് പദ്ധതി പ്രകാരം ആശുപത്രികൾക്ക് കൊടുക്കേണ്ട തുക കുടിശ്ശികയായി നിൽക്കുന്നു. പല

ആശുപത്രികളും ചികിത്സയ്ക്ക് വിസമ്മതം പ്രകടിപ്പിക്കുന്നു. സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ കരാറുകാർക്ക് പതിനായിരം കോടി രൂപയിലധികം കുടിശ്ശികയായി നൽകാനുണ്ട്. ഇപ്പോൾ എം.എൽ.എ. ഫണ്ട്, ആസ്തിവികസന ഫണ്ട് എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുന്നില്ല. ഇതിനുകാരണമായി കോൺട്രാക്ടർമാർ ചൂണ്ടിക്കാണിക്കുന്നത് ബില്ലുകൾ യഥാസമയം മാറുന്നില്ലെന്നതാണ്. അതുകൊണ്ട് എം.എൽ.എ. ഫണ്ട്, ആസ്തിവികസന ഫണ്ട് എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ മന്ദഗതിയിലാകുന്നു. ഇക്കാര്യം ഞാൻ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നതാണ്. നിലവിലെ ട്രഷറി നിയന്ത്രണം കാരണം 10,00,000 രൂപ വരെയുള്ള ബില്ലുകൾ മാത്രമെ മാറാൻ സാധിക്കുന്നുള്ളൂ. കൈത്തറിത്തൊഴിലാളികൾക്ക് കുടിശ്ശികയായി 8.30 കോടി രൂപയാണ് നൽകാനുള്ളത്. ഈ തുക നൽകിയില്ലെങ്കിൽ കൈത്തറിത്തൊഴിലാളികൾ ഓണത്തിന് പട്ടിണിയിലാകും. കേരളത്തിന് പുറത്തുള്ള അതിർത്തി സംസ്ഥാനങ്ങളിൽ പെട്രോൾ, ഡീസൽ വില

കുറവായതുകൊണ്ട് ആളുകൾ ഇപ്പോൾ വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്നത് കളിയിക്കാവിളയിൽനിന്നും മാഹിയിൽനിന്നും മംഗലാപുരത്തുനിന്നും അല്ലെങ്കിൽ കോയമ്പത്തൂരിൽനിന്നുമാണെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞു. അതോടൊപ്പം നികുതി ഭീകരത കാരണം പാവപ്പെട്ടവർ വട്ടം കറങ്ങുകയാണ്. ഈ ഗവൺമെന്റ് കൊണ്ടുവന്ന അമിത നികുതി ഭാരം ജനങ്ങൾക്ക് താങ്ങാൻ കഴിയാതെ വന്നിരിക്കുകയാണ്. ഏതായാലും, നികുതി പിരിവ് കാര്യക്ഷമമാക്കണമെന്നും നികുതി ചോർച്ച തടയണമെന്നും ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്നും സംസ്ഥാന ഖജനാവിലേയ്ക്ക് കൂടുതൽ വരുമാനമെത്തിക്കാനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. ഒരു prudent economic and financial situation ഇവിടെ സൃഷ്ടിക്കണം. വരവ് വർദ്ധിപ്പിക്കുക, അനാവശ്യ ചെലവുകൾ കുറയ്ക്കുക അങ്ങനെ സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താനുള്ള ഫലപ്രദമായ നടപടികളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയിൽനിന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നത്. അത്തരം നടപടികളുമായി അങ്ങ്

മുന്നോട്ടുപോകണമെന്നാണ് എന്റെ അഭ്യർത്ഥന. സാമ്പത്തിക രംഗത്ത് കേന്ദ്ര ഗവൺമെന്റ് എല്ലാ സംസ്ഥാനങ്ങളെയും വലിയ തോതിലുള്ള ബുദ്ധിമുട്ടുകളിലേയ്ക്ക് എത്തിക്കുന്നുവെന്ന വസ്തുത നമുക്കറിയാം. ജി.എസ്.ടി. കോമ്പൻസേഷൻ വർദ്ധിപ്പിക്കുന്നതിനുവേണ്ടി അതിന്റെ കാലാവധി നീട്ടണമെന്ന് ഞങ്ങളെല്ലാവരും ആവശ്യപ്പെട്ടതാണ്. അതോടൊപ്പം റവന്യൂ കമ്മി ഗ്രാന്റിന്റെ കാര്യത്തിലും നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഫൈനാൻസ് കമ്മീഷന്റെ അവാർഡുകളെ സംബന്ധിച്ചുള്ള നമ്മുടെ അഭിപ്രായം വ്യക്തമാണ്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് അനുകൂലമായ നടപടി സ്വീകരിക്കുമെന്ന കാര്യത്തിൽ വലിയ പ്രതീക്ഷയൊന്നും വേണ്ടെന്നതാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഒരു ഫൈനാൻഷ്യൽ ഡിസിപ്ലിനും വരുമാന വർദ്ധനവും ഉണ്ടാക്കിക്കൊണ്ട് നികുതി ചോർച്ചയും വെട്ടിപ്പും തടഞ്ഞുകൊണ്ട് സാമ്പത്തിക പ്രതിസന്ധിയിൽനിന്നും സംസ്ഥാനത്തെ രക്ഷിക്കാനുള്ള നീക്കമാണ് ഗവൺമെന്റ് സ്വീകരിക്കേണ്ടതെന്ന് അങ്ങയിലൂടെ ബഹുമാനപ്പെട്ട മന്ത്രിയെ അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. നന്ദകുമാർ): സർ, 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു. ഇവിടെ നടന്ന ചർച്ചയുടെ പശ്ചാത്തലത്തിൽ ചില കാര്യങ്ങൾ പറയാൻ നിർബന്ധിതനായിരിക്കുന്നു. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി ഞെക്കിക്കൊല്ലാൻ ശ്രമിക്കുമ്പോൾ സംസ്ഥാനത്തിന്റെ വരുമാന വർദ്ധനവിന് നല്ല ഇടപെടൽ നടത്തുന്ന ഗവൺമെന്റിനെയും ധനകാര്യ വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുന്നു. ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുന്ന കാര്യത്തെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചു. ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തിയും പുതിയ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയും കൂടുതൽ സ്റ്റാഫിനെ നിശ്ചയിച്ച് ഈ ഘട്ടത്തിൽ നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന കാര്യം പ്രതിപക്ഷം വിസ്മരിക്കുകയാണ്. ഇപ്പോൾ

ആരംഭിച്ച ഈ നടപടി മുന്നോട്ടുപോയാൽ വലിയ തോതിൽ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് വിശ്വാസം. VAT-ന്റെ പിരിവിനെ സംബന്ധിച്ച് സൂചിപ്പിച്ചു. VAT-ന്റെ പിരിവ് മറ്റുപല സംസ്ഥാനങ്ങളെക്കാളും കൂടുതലുള്ള സംസ്ഥാനമാണ് കേരളമെന്ന് കണക്കുകൾ തെളിയിക്കുന്നുണ്ട്. നികുതി പിരിവിന്റെ വർദ്ധനവുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനം സ്വീകരിച്ച നടപടികൾ ഇന്ത്യയ്ക്കാകെ മാതൃകയാണ്. ശ്രീ. നരേന്ദ്രമോദി സർക്കാരിന്റെ നാട്ടിൽനിന്നും കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടകയിൽനിന്നും ഈ നേട്ടം പഠിക്കാൻ കേരളത്തിൽ വന്നിരുന്നു. "എന്നാൽ രാജസ്ഥാനിൽ നിന്ന് വന്നിട്ടില്ല". അതുപോലെ നികുതിദായകർക്ക് ആശ്വാസം പകരുന്നതാണ് പുതിയ ബിൽ, അതിനും പ്രാധാന്യം കൊടുത്തുകൊണ്ടാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. കേന്ദ്ര സർക്കാർ നമ്മളെ നക്കിയും ഞെക്കിയും കൊന്നുകൊണ്ടിരിക്കുകയാണ്. പല പൊള്ളയായ ന്യായങ്ങൾ പറഞ്ഞുകൊണ്ട് കേന്ദ്രം കേരളത്തിന് നിഷേധിച്ചത് 1,694 കോടി രൂപയാണ്. യു.ജി.സി. ശമ്പള പരിഷ്കരണത്തിനുള്ള 751 കോടി രൂപ, 352

കോടി രൂപ ആരോഗ്യമേഖലയ്ക്കുള്ള ഗ്രാന്റ്, സാമൂഹ്യസുരക്ഷാ പെൻഷൻ വിഹിതം 522 കോടി രൂപ അങ്ങനെ ആകെ 1694 കോടി രൂപ കേന്ദ്രം ഇപ്പോൾ നിഷേധിച്ചിരിക്കുകയാണ്. റവന്യൂ കമ്മി ഗ്രാന്റിൽ 8,400 കോടി രൂപയുടെ കുറവാണുള്ളത്. ഈ വർഷം ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കിയതുമൂലം സംസ്ഥാനത്തിന് 12,000 കോടി രൂപ ലഭിക്കാനുണ്ട്. വായ്പാപരിധി 3.5 ശതമാനത്തിൽനിന്ന് 2.2 ശതമാനമായി കുറച്ചുവെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായല്ലോ. കേരളം ആരോഗ്യ-വിദ്യാഭ്യാസ സേവന മേഖലകളിൽ പുരോഗതി കൈവരിച്ചതുകൊണ്ട് ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം നികുതി വിഹിതം കുറച്ചിരിക്കുകയാണ്. ഇന്നലെ പാർലമെന്റിൽ ചോദ്യത്തിന് മറുപടിയായി കേന്ദ്രമന്ത്രിപോലും കേരളത്തോടുള്ള അവഗണന വളരെ വ്യക്തമായി സമ്മതിച്ചിരിക്കുകയാണ്. നികുതി വിഹിതം 3.9 ശതമാനത്തിൽനിന്ന് 1.9 ശതമാനമാക്കി വെട്ടിക്കുറച്ചു. എന്നാൽ കടമെടുക്കാനുള്ള അവകാശവും ഇപ്പോൾ നിഷേധിച്ചിരിക്കുകയാണ്. ഇവിടെ കടമെടുത്ത കണക്കെല്ലാം പറഞ്ഞു. കടമെടുക്കുന്നത് വലിയ അപരാധമായിട്ടാണ് പലരും ചൂണ്ടിക്കാണിക്കുന്നത്.

ലോകത്തിൽ ഏത് രാജ്യമാണ് കടമെടുക്കാത്തത്? തിരുവഞ്ചൂർ രാധാകൃഷ്ണന് വിഷമമുണ്ടാകുമെന്ന് എനിക്കറിയാം. നിങ്ങളുടെ കണക്ക് ഞാൻ പറയുന്നുണ്ട്. പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയുള്ള ഫണ്ടുകൾ സ്വരൂപിച്ചുകൊണ്ട് ആ ലക്ഷ്യത്തിനുവേണ്ടി ഉപയോഗപ്പെടുത്തുകയും തനതുഫണ്ടുകൊണ്ട് തിരിച്ചടവ് നടത്തുകയും ചെയ്യുന്നത് പുതുമയല്ല. കേന്ദ്രം സ്ഥിരമായി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ കേന്ദ്രം ഇപ്പോൾ അതിൽനിന്നും പിന്നോട്ടുപോയെന്ന് പറഞ്ഞു; പിന്നോട്ടൊന്നും പോയിട്ടില്ല. കേന്ദ്രം ഇപ്പോഴും കടമെടുത്തിരിക്കുകയാണ്. സർക്കാർ ഗ്യാരന്റി നൽകുന്ന ഇത്തരം ഫണ്ടുകൾ മുഴുവനും സർക്കാരിന്റെ വായ്പയായി കണക്കാക്കാൻ കേന്ദ്രം തയ്യാറാകുമോ; സംസ്ഥാന സർക്കാരുകൾക്ക് അതിന് കഴിയുമോ? പ്രതിപക്ഷത്തിന് ഇതൊന്നും പ്രശ്നമില്ല. മകൻ മരിച്ചാലും മരുമകളുടെ കണ്ണുനീർ കണ്ടാൽ മതിയെന്നാണ് പ്രതിപക്ഷത്തിന്റെ അഭിപ്രായം. അതുകൊണ്ട് പ്രതിപക്ഷത്തിന് ഈ സംസ്ഥാനം പാപ്പരാകണമെന്ന അഭിപ്രായമുണ്ടെങ്കിൽ ഞങ്ങൾക്ക് വിരോധമില്ല. ഞങ്ങൾക്ക് പ്രതിഷേധമുണ്ട്. കേന്ദ്രത്തിന്റെ സംസ്ഥാനവിരുദ്ധ നയങ്ങൾക്കെതിരായി

ഒരു യോജിച്ച പ്രക്ഷോഭത്തിന് നിങ്ങൾ തയ്യാറാണോ? കേന്ദ്ര നയത്തിന്റെ സമീപനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുൻപ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചു. കേന്ദ്രനയം തിരുത്തുന്നതിനെ സംബന്ധിച്ച് കേരളത്തിനകത്ത് നിങ്ങളുടെ സമീപനം എന്താണ്? ഞങ്ങൾ കേരളത്തിന്റെ മാത്രം പ്രശ്നമായി ഇതിനെ കാണുന്നില്ല. പ്രതിപക്ഷ സർക്കാരിനെതിരെ കേന്ദ്രം എടുക്കുന്ന പൊതുസമീപനമാണിത്. ഇന്നലെ പാർലമെന്റിൽ നൽകിയ ചോദ്യത്തിന് ഉത്തരം നൽകിയതിൽനിന്നും ഇത് വ്യക്തമാണ്. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് പ്രത്യേകമായ ആനുകൂല്യങ്ങൾ കൊടുത്തിരിക്കുന്നു. പ്രതിപക്ഷങ്ങളോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എന്താണെന്ന് വ്യക്തമാണ്. അത് ഇന്നലെ പാർലമെന്റിൽ ബഹുമാനപ്പെട്ട മന്ത്രി സമ്മതിച്ചിരിക്കുകയാണെന്ന് നിങ്ങൾക്ക് ഓർമ്മവേണം. അവർക്ക് പണമില്ലെന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. ബി.ജെ.പി. സർക്കാരിനെ സംബന്ധിച്ചിടത്തോളം ഒരു കോർപ്പറേറ്റ്-കം-വർഗ്ഗീയ സർക്കാരാണ്. ഒരു ഭാഗത്ത് കോർപ്പറേറ്റ് താൽപ്പര്യം സംരക്ഷിക്കുക, ആ താൽപ്പര്യം സംരക്ഷിക്കുന്നതിന് വർഗ്ഗീയതയെ പ്രോൽസാഹിപ്പിക്കുക, ജനങ്ങളെ

ഭിന്നിപ്പിക്കുക, വിദ്വേഷ രാഷ്ട്രീയം നടത്തുക ഇതാണ് അവരുടെ രാഷ്ട്രീയം. അതിൽ നിർഭാഗ്യവശാൽ ഇവിടത്തെ പ്രതിപക്ഷം ചിലപ്പോഴൊക്കെ വർഗ്ഗീയതയ്ക്കെതിരെ സംസാരിക്കും. പക്ഷെ മറുവശം കാണാറില്ല. രണ്ടിനുമെതിരായ പോരാട്ടം ശക്തമായി തുടരണമെന്നതാണ് ഞങ്ങളുടെ അഭിപ്രായം. പൊട്ടക്കിണറിൽ കിടക്കുന്ന തവളയെപ്പോലെ ഇതാണ് ലോകം എന്ന് വിചാരിച്ചതുകൊണ്ട് കാര്യമില്ല. പണമില്ലെന്ന് പറയുന്ന കേന്ദ്രസർക്കാരിന്റെ സമീപനമെന്താണ്? രാജ്യത്തെ സമ്പത്താകെ കോർപ്പറേറ്റുകൾക്ക് ഏൽപ്പിച്ചുകൊടുക്കുക, നമ്മുടെ പ്രകൃതി വിഭവങ്ങളെ ഏൽപ്പിച്ചുകൊടുക്കുക, സർക്കാരിന് ലഭിക്കേണ്ട നികുതി വിഹിതം മുഴുവൻ കോർപ്പറേറ്റുകൾക്ക് കൊടുക്കുക, കസ്റ്റംസ് നികുതിയും കോർപ്പറേറ്റ് നികുതിയും വെട്ടിക്കുറയ്ക്കുക എന്നിവയാണ് അവരുടെ സമീപനം. രണ്ട് ദിവസം മുമ്പുള്ള പത്രത്തിലാണ് ഒരു കണക്ക് വന്നത്. നരേന്ദ്രമോദി സർക്കാർ കഴിഞ്ഞ ഒൻപത് വർഷത്തിനകം 14.56 ലക്ഷം കോടി രൂപ വൻകിട വ്യവസായികളുടെ കിട്ടാക്കടം എഴുതിത്തള്ളിയെന്നാണ് വാർത്ത. ആഗസ്റ്റ് 7-ന് പാർലമെന്റിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിതന്നെ

പറഞ്ഞിരിക്കുകയാണ്. കോർപ്പറേറ്റുകളെ സഹായിക്കുന്ന ഒരു ഗവൺമെന്റാണ് ഇപ്പോഴുള്ളത്. റുഡോൾഫ് ഹിൽഫെർഡിംഗിന്റെ 'ഫിനാൻസ് ക്യാപ്പിറ്റൽ' എന്ന പുസ്തകത്തിലെ ഒരു ഉദ്ധരണി ഞാൻ വായിക്കാം. " കുത്തക മുതലാളിത്തത്തിൻകീഴിൽ, തീർച്ചയായും, കുത്തക മുതലാളിമാരും ഭരണകൂടവും തമ്മിലുള്ള ഈ ബന്ധം കൂടുതൽ അടുക്കുന്നു. ബാങ്കുകളും വ്യവസായ മൂലധനവും തമ്മിൽ സാമ്പത്തിക ഭൂപ്രഭുത്വ വാഴ്ച അടിസ്ഥാനത്തിൽ ഒരു ബന്ധം സ്ഥാപിക്കും. അതേ ബന്ധം സാമ്പത്തിക പ്രഭുവാഴ്ചയും ഭരണകൂടവും തമ്മിൽ സൃഷ്ടിക്കപ്പെടും" അതാണ് അംബാനി അദാനി തുടങ്ങിയ പുത്തൻ പണക്കാരുമായിട്ടുള്ള ഇന്ത്യയ്ക്കകത്തുള്ള ഇവരുടെ കൂട്ടുകെട്ട്. ആഗോളമുതലാളിത്തംതന്നെ വലിയ പ്രതിസന്ധിയിലാണ്. ഡി-ഗ്ലോബലൈസേഷന്റെ ഈ കാലഘട്ടത്തിൽ മുതലാളിത്ത സാമ്പത്തിക ശാസ്ത്രജ്ഞർ പലരും മാർക്സിയൻ-അർത്ഥശാസ്ത്രം പുനർവായന നടത്തുകയാണ്. പല യൂണിവേഴ്സിറ്റികളും അതിന് പ്രത്യേക റിസർച്ച് വിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ആ ഒരു ബദൽ കാണണം. അപ്പോഴും ഇവിടത്തെ പ്രതിപക്ഷത്തിന്റെ അഭിപ്രായം, മുഖ്യശത്രു ഇടതുപക്ഷവും പിണറായി

സർക്കാരുമാണെന്നാണ്. കേരളത്തിന്റെ ധനസ്ഥിതി പ്രതിസന്ധിയിലാണെന്ന് മാത്രം പ്രചരിപ്പിക്കുന്ന പ്രതിപക്ഷവും ചില പത്രമാധ്യമങ്ങളും ഇതൊന്നും കാണുന്നില്ല. ആഗോളസാഹചര്യവും ഇന്ത്യയുടെ അവസ്ഥയും മറ്റ് സംസ്ഥാനങ്ങളെ സംബന്ധിച്ചും അവർ തിരിഞ്ഞുനോക്കുന്നില്ല. കടക്കെണി ബാദ്ധ്യതയുടെ പ്രശ്നമാണ് പ്രചരിപ്പിക്കുന്നത്. അത് യു.ഡി.എഫ്.-ന്റെ ദുഷ്ടലാക്കാണെങ്കിൽ വിടുപണി ചെയ്യുന്ന പത്രക്കാർക്ക് എറിഞ്ഞുകൊടുക്കുന്ന ചില നേട്ടങ്ങളുടെ ഫലമായി, എന്നുപറഞ്ഞാൽ നമ്മുടെ നാട്ടിൽ വോട്ടില്ലെങ്കിലും ചില സംസ്ഥാനങ്ങളുടെ പരസ്യം ഇവിടെ കൊടുക്കുന്നുണ്ടല്ലോ; ആ പരസ്യം മൂവ് ചെയ്യുന്നതിന് വരമ്പത്ത് കൂലികൊടുക്കുകയാണ്. ആ വരമ്പത്തെ കൂലി എഴുതുന്നവർക്കല്ല ഉടമകൾക്കാണ് കിട്ടുന്നതെന്ന് ആ എഴുതുന്നവർ മനസ്സിലാക്കണം. കടമെടുപ്പിന്റെ കണക്കിവിടെ സൂചിപ്പിച്ചു. കേന്ദ്രത്തിന്റെ കടമെടുക്കൽ എത്രയാണ്; കേന്ദ്രത്തിന്റെ കടമെടുപ്പ് ജി.ഡി.പി.-കടം റേഷ്യോ 65 ശതമാനമാണ്. പഞ്ചാബിൽ 53.3 ശതമാനവും രാജസ്ഥാനിൽ 39.5 ശതമാനവുമാണ്. കേരളത്തിൽ 37 ശതമാനമാണെന്നാണ് ബഹുമാനപ്പെട്ട

മുൻപ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ പറഞ്ഞത്. പക്ഷേ രാജസ്ഥാനിൽ 39.5 ശതമാനമാണെന്ന് അദ്ദേഹം കാണുന്നില്ല. രണ്ടുകാലിലും മന്തുള്ളവൻ ഒരുകാലിൽ അൽപ്പം മന്ത് വന്നവനെ വിമർശിച്ചിട്ട് കാര്യമില്ല. അതിനുപകരം അന്വേഷിച്ച് അതിന്റെ കാരണം കണ്ടെത്തുകയാണ് വേണ്ടത്. മുതലാളിത്തത്തിന്റെ അപ്പോസ്തലനായ അമേരിക്കയുടെ കടത്തിന്റെ ജി.ഡി.പി. അനുപാതം 124 ശതമാനമാണ്. ജപ്പാന്റേത് 266 ശതമാനമാണ്. ലോകരാഷ്ട്രങ്ങളൊക്കെ കടമെടുക്കുന്നുണ്ട്. മുതലാളിത്ത പ്രതിസന്ധിയുടെ ഭാഗമാണത്. ധനകമ്മിയും റവന്യൂ കമ്മിയും കേരളത്തെക്കാൾ രാജസ്ഥാനിൽ കൂടുതലല്ലേ; ഇവിടത്തെ പ്രതിപക്ഷ നേതാക്കന്മാർ അത് കാണുന്നുണ്ടോ; അത് ശ്രദ്ധിക്കുന്നുണ്ടോ; ഏതുകാര്യത്തിനാണ് ഈ സംസ്ഥാനങ്ങൾ കേരളത്തിന് മുന്നിലുള്ളത്. രാജസ്ഥാൻ മാത്രമല്ല, ബി.ജെ.പി. സംസ്ഥാനങ്ങളിലും ഇതുതന്നെയാണ് സ്ഥിതി. വ്യത്യസ്ത അനുഭവമല്ല. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനും കേരളം മുൻപന്തിയിലാണ്. രാജസ്ഥാനിലെ ഏറ്റവും പുതിയ ബഡ്ജറ്റ് അനാലിസിസ്സാണ് എന്റെ കൈവശമുള്ളത്. പ്രിയപ്പെട്ട കോൺഗ്രസ്സ്

സുഹൃത്തുക്കൾ അത് വായിക്കണം. എല്ലാ സംസ്ഥാനങ്ങളെ സംബന്ധിച്ചുമുള്ള 'സ്റ്റേറ്റ് ഓഫ് സ്റ്റേറ്റ് ഫിനാൻസസ്' എന്നപേരിൽ ഒരു അനാലിസിസുണ്ട്. ഈ വരുന്ന എല്ലാ പാരാമീറ്ററും അതിൽ പരിശോധിക്കുന്നുണ്ട്. ഏതെങ്കിലും കാര്യത്തിൽ കേരളത്തിന്റെ മുൻപന്തിയിൽ നിൽക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; സംസ്ഥാനങ്ങൾക്കകത്ത് തനതുനികുതി പിരിക്കാൻ നിങ്ങൾ ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; ഒരു സംസ്ഥാനത്തിനും കഴിഞ്ഞിട്ടില്ല. കേരളമാണ് മുൻപന്തിയിലുള്ളത്. അതിനുകാരണം ഇച്ഛാശക്തിയോടെ ഇടപെടുന്നതിന്റെ ഫലമാണ്. പക്ഷേ കേന്ദ്രം കേരളത്തെ ഞെക്കിക്കൊല്ലാൻ ശ്രമിക്കുകയാണെന്നുള്ളത് നമ്മൾ കാണാതിരിക്കരുത്. 2022-23-ലെ ബഡ്ജറ്റ് അനാലിസിസ് പ്രതിപക്ഷം വായിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിലെ താരതമ്യപഠനം വളരെ സുചിന്തിതമാണ്. കേന്ദ്ര ഗവൺമെന്റ് പുതിയ ആനുകൂല്യങ്ങൾ നൽകുന്നില്ലെന്ന് മാത്രമല്ല, ഈ വർഷത്തെ ബഡ്ജറ്റിൽ തൊഴിലുറപ്പ് പദ്ധതിയുടെ 29400 കോടി രൂപയാണ് വെട്ടിക്കുറച്ചത്. അത് കേരളത്തെയും ബാധിച്ചു. തൊഴിൽ മേഖലയിൽ 6812 കോടി രൂപയും

ഗ്രാമീണ തൊഴിൽ മേഖലയിൽ 33.9 ശതമാനത്തിന്റെ വെട്ടിക്കുറവുമാണ് വരുത്തിയത്. ഇതെല്ലാം സാധാരണക്കാരനെയും ഈ സംസ്ഥാനത്തിലെ ജനങ്ങളെയും ബാധിക്കുന്നതാണ്. പ്രതിപക്ഷം ഇത് കാണുന്നുണ്ടോ; ആനുകൂല്യങ്ങളും സബ്സിഡികളുമൊക്കെ വെട്ടിക്കുറയ്ക്കുകയാണ്. രൂക്ഷമായ വിലക്കയറ്റത്തിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലല്ലേ വിലക്കയറ്റം കുറവുള്ളത്? അരി ഉൽപ്പാദിപ്പിക്കുന്ന ആന്ധ്രാപ്രദേശിലെ വിജയവാഡയിലെ ഇന്നത്തെ റേറ്റ് പരിശോധിച്ചുനോക്കണം. കേരളത്തെക്കാളും കൂടുതലാണ്, അതാണവസ്ഥ. വസ്തുതകൾ യാഥാർത്ഥ്യബോധത്തോടെ കാണാതെ വക്രീകരിച്ച് കാണുന്നതും മാധ്യമങ്ങളുടെ സഹായത്തോടെ കള്ളപ്രചാരണങ്ങൾ നടത്തുന്നതും ശരിയാണോ? ഇതാണ് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം ഇന്നത്തെ സാഹചര്യങ്ങൾ വിലയിരുത്തുന്നതിൽ വ്യക്തമായ അഭിപ്രായമുണ്ട്. ദേശീയ രാഷ്ട്രീയം സംബന്ധിച്ചും വ്യക്തമായ സമീപനമാണ് ഇടതുപക്ഷത്തിനുള്ളത്. എല്ലാ വിഷയങ്ങൾക്കും ഞങ്ങൾക്ക്

വ്യക്തമായ അഭിപ്രായങ്ങളുണ്ട്. ശ്രീ. രാഹുൽഗാന്ധിയുടെ എം.പി. സ്ഥാനം നഷ്ടപ്പെട്ട സമയത്ത് നമ്മുടെ സമീപനം എന്തായിരുന്നു? അദ്ദേഹത്തിനെതിരെ സ്വീകരിച്ച സമീപനം തെറ്റായ നടപടിയാണെന്നാണ് നാം പറഞ്ഞത്. സംസ്ഥാനത്തെ ഒരു എം.എൽ.എ.-യുടെ വോട്ടവകാശം നഷ്ടപ്പെടുത്തിയപ്പോൾ ഞങ്ങൾക്കുള്ളത്ര ഖേദമെങ്കിലും അല്ലെങ്കിൽ അത് ശരിയല്ലെന്ന അഭിപ്രായമെങ്കിലും പ്രകടിപ്പിക്കാൻ പ്രതിപക്ഷം തയ്യാറായിട്ടുണ്ടോ; സാന്ദർഭികമായി ഒരുദാഹരണം പറഞ്ഞെന്ന് മാത്രമെയുള്ളൂ. കേരളത്തിലെ ഒരു എം.എൽ.എ.-യുടെ അധികാരം നഷ്ടപ്പെട്ടാൽ പ്രശ്നമില്ല. കേന്ദ്രത്തിലെ ജനങ്ങളെ സേവിക്കുന്നതിനുവേണ്ടി പാർലമെന്റ് മെമ്പർ സ്ഥാനം വേണമെന്നാണ് വാദം. അത് ശരിയാണ്. ആ വാദം ഞങ്ങൾ അംഗീകരിക്കുന്നു. അത് കേരളത്തിലും ബാധകമല്ലേ; പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം വ്യക്തമായ രാഷ്ട്രീയ സമീപനമുണ്ടോ; വർഗ്ഗീയതയോടുള്ള നിങ്ങളുടെ സമീപനമെന്താണ്; മൃദുഹിന്ദുത്വ സമീപനം. വാളയാർ കഴിഞ്ഞാൽ മറ്റൊരു നയം. അതല്ലേ നിങ്ങളുടെ സമീപനം? വടക്കേന്ത്യയിലെ പ്രചാരണമെന്താണ്; മൃദുഹിന്ദുത്വ

സമീപനത്തോടെയുള്ള പ്രചാരണം. ലുലുമാൾ ഉള്ളപ്പോൾ പെട്ടിക്കടക്കാർക്ക് അവിടെ സ്ഥാനമുണ്ടോ; ഹോൾസെയിലായി ബി.ജെ.പി.-ക്കാരൻ വർഗ്ഗീയത വിറ്റുകൊണ്ടിരിക്കുകയാണ്. അപ്പോഴാണ് റീട്ടെയിലായി നിങ്ങളെ സമീപിക്കുന്നത്. അതുകൊണ്ട് എന്ത് ഗുണമാണ് അവിടെ കിട്ടാൻ പോകുന്നത്? മറ്റ് വിഷയങ്ങളിലേയ്ക്ക് കടക്കുന്നില്ല. വസ്തുതാപരമായ സമീപനമെടുക്കണം. കേന്ദ്രഗവൺമെന്റിന് സംസ്ഥാനങ്ങളോടുള്ള സമീപനങ്ങൾ, കേന്ദ്രത്തെ ഞെക്കിക്കൊല്ലാനുള്ള ശ്രമം, ഇത് ഒറ്റപ്പെട്ട രൂപത്തിലേയ്ക്കല്ല. അത് ഒരു പൊതുനയത്തിന്റെ ഭാഗമാണ്. ആ നയത്തിന്റെ ഭാഗമായിട്ടാണ് നമുക്കെതിരെ കടന്നാക്രമണം. ആ നയവുമായി നിങ്ങളുടെ സമീപനമെന്താണെന്ന് വ്യക്തമാക്കണം.

ഇവിടെ അവതരിപ്പിച്ച ബില്ലിനെ സംബന്ധിച്ചിടത്തോളം നികുതി പിരിവിൽ വളരെ മെച്ചപ്പെട്ട രൂപത്തിലുള്ള മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. നികുതി പിരിവിൽ ഒരു വെട്ടിപ്പും നടക്കുന്നില്ലെന്നൊന്നുമില്ല. മിന്നുന്ന വേഗത്തിൽ പല മേഖലകളിലും വെട്ടിപ്പ് നടക്കുന്നുണ്ടെന്ന് വളരെ വ്യക്തമായി നമ്മുടെ സർക്കാർ തന്നെ പറഞ്ഞിട്ടുണ്ട്. ആ മേഖല

കണ്ടെത്താൻ ഈ പുതിയ രൂപത്തിലുള്ള സാങ്കേതികവിദ്യകൾകൊണ്ട് കഴിയും. അവ കണ്ടെത്തി പിടിക്കാൻ കഴിയും. അത് ശക്തമാക്കുന്നതിനുള്ള പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നികുതി വിഭാഗത്തിനകത്തെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. അത് ഉപയോഗപ്പെടുത്താനും മെച്ചപ്പെടുത്താനും കഴിയും. അതുകൊണ്ടുമാത്രം ഇന്നത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്നുള്ള യാതൊരു വ്യാമോഹവും ഞങ്ങളെ സംബന്ധിച്ചിടത്തോളമില്ല. ഈ നയം തിരുത്തിക്കുന്നതിനുള്ള ശക്തമായ ഇടപെടൽ നടത്തണം. കേന്ദ്രനയം തിരുത്തിക്കാൻ കഴിയണം. ഒരു ജനാധിപത്യ ഫെഡറൽ സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റിനെ ആ രൂപത്തിൽ പ്രവർത്തിപ്പിക്കുന്നതിന് ഇടപെടൽ നടത്തണം. അതിന്റെ ശക്തമായ പോരാട്ടത്തിൽ പ്രതിപക്ഷത്തിന്റെ പിന്തുണയുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ബില്ലിനെ പിന്തുണയ്ക്കുന്നു

ശ്രീ. മാത്യു ടി. തോമസ്: സർ, 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വളരെ ലളിതമായ രണ്ട് ഭേദഗതികളുൾപ്പെടുന്ന ഒരു ബില്ലിനെ സംബന്ധിച്ച ചർച്ചയാണ് നടക്കുന്നത്. ഇവിടെ നിരാകരണപ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യരായ കോട്ടയം എം.എൽ.എ.-യും മുൻ പ്രതിപക്ഷനേതാവും സംസാരിക്കുകയുണ്ടായി. ഈ ബില്ലിന്റെ പരിധിക്കപ്പുറത്തേയ്ക്ക് സംസാരിക്കാനുള്ള സാഹചര്യം പെട്ടെന്നുടലെടുത്തതാണ്. ഇന്നലെ വൈകുന്നേരമാണല്ലോ തെരഞ്ഞെടുപ്പ് പ്രഖ്യാപനം നടന്നത്. മുൻ പ്രതിപക്ഷനേതാവിന്റെയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെയുമൊക്കെ പ്രസംഗം വരാൻ പോകുന്ന പുതുപ്പള്ളി തെരഞ്ഞെടുപ്പിൽ നടത്തേണ്ട പ്രചാരണത്തിന്റെ റിഹേഴ്സൽ നിയമസഭയിൽവച്ച് നടത്തുന്നതായിട്ടാണ് ആദ്യം അനുഭവപ്പെട്ടത്. മലയാളം നന്നായി മനസ്സിലാകുന്ന ആളായതുകൊണ്ട് എനിക്ക് പിടികിട്ടിയതാണ്. നല്ല മലയാളത്തിലാണ് അങ്ങ് സംസാരിച്ചത്. മാവേലിമന്നൻ ഈ വർഷം കേരളത്തിൽ വരുന്നില്ലെന്നാണ് ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് പറഞ്ഞത്. കെ.പി.സി.സി. ഓഫീസിൽ അതിന്റെ അറിയിപ്പ് കിട്ടിയെന്നാണ് അദ്ദേഹം പറഞ്ഞതെന്ന് എനിക്ക് തോന്നുന്നു.

എ.ഐ.സി.സി. ഓഫീസിലാണോ കെ.പി.സി.സി. ഓഫീസിലാണോയെന്ന് അറിയില്ല. ഓണത്തിന് കിറ്റ് നൽകണമെന്ന് അദ്ദേഹം പറഞ്ഞതായി പത്രങ്ങളിൽ വായിച്ചു. മുമ്പ് കിറ്റ് നൽകുന്നതിനെതിരെ ഹൈക്കോടതിയെ സമീപിച്ച ആളായിരുന്ന അദ്ദേഹമെന്ന് മറന്നുപോയിരിക്കുന്നു എന്നതാണ് വസ്തുത. ഈ ബില്ലിന്റെ ചർച്ചയ്ക്കിടയിൽ ഈ വിഷയങ്ങൾ കൊണ്ടുവരുന്നതിന്റെ കാരണമെന്താണ്; സംസ്ഥാന ഗവൺമെന്റിനെ എങ്ങനെയൊക്കെ ആക്രമിക്കാൻ കഴിയുമോ അത്തരത്തിലുള്ള അക്രമങ്ങൾ നടത്തുന്ന പ്രസംഗങ്ങളാണ് ലളിതമായ ഭേദഗതിയെ സംബന്ധിച്ച ഈ ബില്ലിന്റെ ചർച്ചയിൽ വന്നിരിക്കുന്നതെന്നുള്ളതാണ് രസാവഹം. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കടം കേന്ദ്രസർക്കാർ അവരുടെ കടത്തിന്റെ പരിധിയിൽ കൂട്ടുന്നുവെന്ന തെറ്റിദ്ധാരണ നിറഞ്ഞ പരാമർശം മുൻ പ്രതിപക്ഷ നേതാവ് ഇവിടെ നടത്തുകയുണ്ടായി. ഇതുസംബന്ധിച്ച് കേന്ദ്രമന്ത്രി ശ്രീ. നിതിൻ ഗഡ്ക്കരി രാജ്യസഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. എൻ.എച്ച്.എ.ഐ.-യുടെ 3.4 ലക്ഷം കോടി രൂപയുടെ കടം കേന്ദ്രഗവൺമെന്റിന്റെ കടത്തിൽ കൂട്ടില്ലെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

അതേസമയം വ്യത്യസ്തമായൊരു അനുഭവമുണ്ട്. കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടി രൂപീകരിച്ച കിഫ്ബി ഫണ്ട് കേരളത്തിന്റെ കടമായി കണക്കാക്കുമെന്നാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ പറയുന്നത്. കോൺഗ്രസ്സിന്റെ നയവും അതുതന്നെയാണോ? കിഫ്ബി ഫണ്ടിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്ന അന്നുമുതൽ ഇവിടത്തെ പ്രതിപക്ഷം ഉന്നയിക്കുന്ന പ്രധാനപ്പെട്ട ആക്ഷേപം ഈ കടം കേരളത്തിലെ പൊതുകടമായി മാറുമെന്നുള്ളതാണ്. ശ്രീമതി നിർമ്മല സീതാരാമൻ പറയുന്ന ആ നയം തന്നെയാണ് കിഫ്ബി ഫണ്ടിലൂടെ വികസനപ്രവർത്തനം ഏറ്റെടുക്കാൻവേണ്ടി ഇവിടെ ശ്രമം നടത്തിയപ്പോൾ ഇവിടത്തെ പ്രതിപക്ഷം സ്വീകരിച്ചതെങ്കിൽ ശ്രീ. നിതിൻ ഗഡ്കരി പറയുന്നത് വ്യത്യസ്തമായ സമീപനമാണ്. വ്യത്യസ്തമായ രണ്ട് സമീപനം കേന്ദ്രം സ്വീകരിക്കുമ്പോൾ കേന്ദ്രത്തിന്റെ തെറ്റായ നയത്തോടൊപ്പമാണ് കോൺഗ്രസ്സെന്നാണ് മനസ്സിലാക്കേണ്ടത്. യു.ഡി.എഫ്. ആ തെറ്റായ നയത്തിന്റെ ഭാഗത്തിനോടൊപ്പം നിൽക്കുകയാണ്. കേന്ദ്രത്തിൽനിന്നും ന്യായമായി ലഭിക്കേണ്ട

സഹായങ്ങൾ കേന്ദ്ര സർക്കാർ വെട്ടിക്കുറയ്ക്കുകയാണ്. അതിനെതിരെ ഒരക്ഷരം പറയാതെ, ഈ തെരഞ്ഞെടുപ്പ് സമയത്ത് എങ്ങനെ സംസ്ഥാന ഗവൺമെന്റിനെ ആക്ഷേപിക്കാൻ കഴിയുമെന്ന പരിശ്രമമാണ് നിങ്ങൾ നടത്തുന്നത്. കേന്ദ്രസർക്കാർ കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്നതിൽ കേരളത്തിലെ പ്രതിപക്ഷം പിന്തുണ നൽകുന്നുവെന്ന് പറഞ്ഞാൽ അതിനെ കുറ്റപ്പെടുത്താനാകില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., കെട്ടിട നിർമ്മാണത്തിന്റെ ഫീസ് തുടങ്ങി എല്ലാ കരവും വർദ്ധിപ്പിക്കുന്നുവെന്നാണ് ഇവിടെ നടന്ന പ്രസംഗത്തിൽ പറഞ്ഞത്. വാട്ടർ അതോറിറ്റി വെള്ളത്തിന്റെ ചാർജ്ജ് വർദ്ധിപ്പിച്ചാൽ ആ പണം സംസ്ഥാന സർക്കാരിന്റെ ഖജനാവിൽ കിട്ടുമോ; കിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ കുറച്ചുനാൾ ജലവിഭവ വകുപ്പുമന്ത്രിയായിരുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ജലവിഭവ വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിയായിരുന്നു. പൊതുവിപണിയിൽ ഒരു ലിറ്റർ വെള്ളം 20 രൂപയ്ക്കാണ് വാങ്ങുന്നത്. എന്നാൽ ഒരു ലിറ്റർ വെള്ളത്തിന് ഒരു പൈസ വർദ്ധിപ്പിച്ചതിനാണ് ഇവിടെ ആക്ഷേപം പറയുന്നത്. ഞാൻ

മന്ത്രിയായിരുന്ന സമയത്ത് അങ്ങ് യൂണിയന്റെ നേതാവായിരുന്നു. ഇപ്പോഴും അങ്ങനെയാണെന്നാണ് എന്റെ വിശ്വാസം. വെള്ളത്തിന്റെ ചാർജ്ജ് ഒരു പൈസ പോലും വർദ്ധിപ്പിക്കേണ്ടെന്നാണോ അങ്ങയുടെ യൂണിയന്റെ അഭിപ്രായം. ഒരു ലിറ്റർ വെള്ളത്തിന് പൊതുമാർക്കറ്റിൽ 20 രൂപ വാങ്ങുമ്പോൾ, സ്വന്തം കാലിൽ നിൽക്കാനായി വാട്ടർ അതോറിറ്റി വെള്ളത്തിന്റെ ചാർജ്ജ് ഒരു പൈസ വർദ്ധിപ്പിച്ചതിനെതിരെ ഇത്രമാത്രം പ്രചാരണം ആവശ്യമുണ്ടോ? കെ.എസ്.ഇ.ബി.-യുടെ ചാർജ്ജ് നിർണ്ണയിക്കുന്നത് റെഗുലേറ്ററി അതോറിറ്റിയാണ്. അതിന്റെ പണം സംസ്ഥാന സർക്കാരിന്റെ ഖജനാവിലേയ്ക്ക് വരുന്നില്ല. കെട്ടിട നിർമ്മാണത്തിന്റെ ഫീസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കല്ലേ ലഭിക്കുന്നത്; അവിടെ യു.ഡി.എഫ്.-ന്റെയും ഭരണ സമിതികളില്ലേ; അവരെ ശക്തിപ്പെടുത്തേണ്ടതല്ലേ; മൊത്തത്തിൽ കാട് അടച്ച് വെടിവച്ചുകൊണ്ട് ആക്ഷേപങ്ങൾ ഉന്നയിക്കാനായി ഈ ചർച്ചയെ ഉപയോഗിക്കണമായിരുന്നോ എന്നതിനെ സംബന്ധിച്ച് എനിക്ക് സംശയമുണ്ട്.

ഈ ബില്ലിലെ പ്രധാന ഭേദഗതി എന്നുപറയുന്നത്, ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് അപ്പലേറ്റ് ട്രിബ്യൂണൽ (ജിസ്റ്റാറ്റ്) രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് 49-ാം ജി.എസ്.ടി. കൗൺസിൽ നൽകിയ നിർദ്ദേശത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ജി.എസ്.ടി. കൗൺസിലിൽവയ്ക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കിക്കൊടുക്കാൻ നമ്മൾ നിർബന്ധിതമാണ്. ഫിസ്കൽ ഫെഡറലിസം അപകടത്തിലാക്കിയ നടപടിയാണ് ജി.എസ്.ടി.-യുടെ ആവിർഭാവം. ജി.എസ്.ടി. കൊണ്ട് ലക്ഷ്യമിട്ട ചില ഉദ്ദേശ്യങ്ങൾ സമ്പൂർണ്ണമായി ഫലപ്രാപ്തിയിലെത്തിക്കാൻ കഴിഞ്ഞോയെന്നുള്ളത് പരിശോധിക്കേണ്ട വിഷയമാണ്. സംസ്ഥാനത്തിന്റെ വിഭവസമാഹണ മാർഗ്ഗങ്ങൾ ഏറെക്കുറെ അടഞ്ഞുകഴിഞ്ഞു. ആ കാലഘട്ടത്തിൽ നമ്മൾ ജി.എസ്.ടി.-യെ സ്വാഗതം ചെയ്തിട്ടുണ്ട്. എന്നാൽ പ്രായോഗികമായി വരുമ്പോൾ, ജി.എസ്.ടി.-യുടെ ആവിർഭാവം സംസ്ഥാനങ്ങളുടെ വിഭവ സമാഹരണ മാർഗ്ഗങ്ങൾ മിക്കവാറും അടച്ചുകളഞ്ഞിരിക്കുകയാണ്. അന്തർസംസ്ഥാന വില്പനനികുതി ഇല്ലാതാക്കുന്നത് കേരളീയർ വാങ്ങി ഉപയോഗിക്കുന്ന നിരവധി

ഉല്പന്നങ്ങളുടെ വില കുറയാൻ സഹായിക്കുമെന്ന പ്രതീക്ഷ അസ്ഥാനത്തായില്ലേ; ഉല്പാദിപ്പിക്കുന്ന വസ്തുക്കൾക്ക് വിലയിടിയുകയും വാങ്ങി ഉപയോഗിക്കുന്ന വസ്തുക്കൾക്ക് വില വർദ്ധിക്കുകയും ചെയ്യുന്ന ഒരു സാഹചര്യം കേരളത്തിലുമുണ്ടായി. ജി.എസ്.ടി., കേരളം പോലുള്ള ഉപഭോക്തൃ സംസ്ഥാനങ്ങളുടെ നികുതി വരുമാനം 20 ശതമാനം വർദ്ധിപ്പിക്കുമെന്നും ബിസിനസ്സ് കൂടുതൽ സുതാര്യമാക്കാൻ കഴിയുമെന്നും നമ്മൾ പ്രതീക്ഷിച്ചു. ഈ പ്രയോജനങ്ങൾ ലഭ്യമായോയെന്നതിനെ സംബന്ധിച്ച് വളരെ കൃത്യമായ പരിശോധന ആവശ്യമാണ്. ജി.എസ്.ടി. നമ്മുടെ സംസ്ഥാനത്തിന് എങ്ങനെ ഗുണപരമായി മാറ്റാമെന്നതിനെക്കുറിച്ചും അതിന്റെ റീ-സ്ട്രക്ചറിംഗിനെ സംബന്ധിച്ചും വളരെ കോൺക്രീറ്റായ പ്രൊപ്പോസൽ കേന്ദ്രത്തിനുമുമ്പിൽ സമർപ്പിക്കേണ്ടിയിരിക്കുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. ജി.എസ്.ടി. നടപ്പിലാക്കിയ സമയത്തുള്ള കോമ്പൻസേഷൻ നൽകുന്നതിന്റെ കാലാവധി അവസാനിച്ചു. ആദ്യകാലഘട്ടത്തിൽ പറഞ്ഞത് നമുക്ക് അർഹതപ്പെട്ട വിഹിതമാണെന്നാണ്. ഞാൻ പറയുന്നത് ആധികാരികമായിട്ടല്ല,

പത്രവാർത്തകളിലൂടെ മനസ്സിലാക്കുന്ന കാര്യങ്ങളാണ്. പറയുന്നതിൽ തെറ്റായ വിവരങ്ങളുണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് തിരുത്താം. അർഹതപ്പെട്ട വിഹിതം ലഭിച്ചോയെന്ന് വെരിഫൈ ചെയ്യാൻ നമുക്ക് കഴിഞ്ഞിരുന്നില്ല. സെൻട്രൽ സോഫ്റ്റ്‌വെയറിൽ എന്തോ അപകടം സംഭവിച്ചതുകൊണ്ട് എത്ര രൂപയാണ് നമുക്ക് അവകാശപ്പെട്ടതെന്ന് നിർണ്ണയിക്കാൻ കഴിയുന്ന സാഹചര്യമുണ്ടായിരുന്നില്ല. അത് പരിഹരിച്ചിട്ടുണ്ടെങ്കിൽ ആ കാലഘട്ടത്തിൽ നമുക്ക് കിട്ടേണ്ട തുക എത്രയെന്ന് തിട്ടപ്പെടുത്തി, അതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ അത് ലഭിക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങാൻ കഴിഞ്ഞോയെന്ന് പരിശോധിക്കണം. ബി.ജെ.പി. ഇതര സർക്കാരുകൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ, ആനുപാതികമായി പദ്ധതി വിഹിതങ്ങൾ ലഭ്യമാക്കാതെ വെട്ടിക്കുറയ്ക്കുന്ന അവസ്ഥ ഇന്നും തുടരുകയാണ്. ഈ അവസ്ഥാവിശേഷത്തിൽ, സംസ്ഥാന സർക്കാരിനോടൊപ്പമാണോ ജനങ്ങളോടൊപ്പമാണോ കേരളത്തിലെ പ്രതിപക്ഷം എന്ന ന്യായമായ ചോദ്യം ഇവിടെ ഉയരുകയാണ്. പ്രതിസന്ധി ഘട്ടങ്ങളെ അഭിമുഖീകരിച്ച്

അതിജീവിക്കാനായി രൂപീകരിച്ച പല പദ്ധതികളെയും കേന്ദ്ര ഗവൺമെന്റിനോടും കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-യോടും ഒപ്പംനിന്ന് എതിർക്കുന്നവരായിരുന്നു കേരളത്തിലെ പ്രതിപക്ഷം. കേന്ദ്ര സഹായം യഥാസമയം കിട്ടിയിട്ടില്ല. അത് ലഭിക്കാത്തത് ബി.ജെ.പി. ഭരിക്കുമ്പോൾ മാത്രമല്ല. ഞാൻ ഈ സഭയിൽ 1987-ൽ വന്നയാളാണ്. കോൺഗ്രസ് ഗവൺമെന്റിന്റെ സമയത്ത് രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ കേരളത്തിന് അർഹതപ്പെട്ടത് ലഭിക്കുന്നില്ലെന്ന പരാതി ഉന്നയിച്ചതുകൊണ്ട് മുഖ്യമന്ത്രിയായിരുന്ന ഇ. കെ. നായനാർ ഒഴികെയുള്ള എല്ലാ മന്ത്രിമാരും ഭരണപക്ഷ എം.എൽ.എ.-മാരും അന്ന് ഡൽഹിയിൽ പോയി സമരം ചെയ്തിരുന്നു. ശ്രീ. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായിരിക്കുമ്പോഴും സംസ്ഥാനത്തിന് അർഹമായത് കിട്ടുന്നില്ലെന്ന പരാതി ഉന്നയിച്ചുകൊണ്ട് മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ അടക്കമുള്ള മന്ത്രിമാരും ഭരണകക്ഷി എം.എൽ.എ.-മാരും ഡൽഹിയിൽ പോയി സമരം ചെയ്തിട്ടുണ്ട്. അതുകൊണ്ട് ബി.ജെ.പി. ഭരിക്കുമ്പോൾ മാത്രമല്ല, കോൺഗ്രസ് ഭരിച്ചിരുന്ന കാലത്തും ഈ സംസ്ഥാനത്തിന് അർഹതപ്പെട്ടത് ലഭിച്ചിരുന്നില്ല. കേരള

സംസ്ഥാനം എൽ.ഡി.എഫ്. ഭരിക്കുമ്പോഴും കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റിൽനിന്നും വ്യത്യസ്തമായ രാഷ്ട്രീയ സ്വഭാവമുള്ള ഗവൺമെന്റ് സംസ്ഥാനം ഭരിക്കുമ്പോഴും അർഹമായത് നൽകാതിരിക്കുകയെന്നത് ബി.ജെ.പി.-യുടെ മാത്രം നയമല്ല, അത് നിങ്ങളുടെയും നയമായിരുന്നുവെന്നാണ് അനുഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. അതുകൊണ്ട് ഇത്തരം സംഭവങ്ങളിൽ തുറന്ന് സംസാരിക്കാനുള്ള ധാർമ്മിക ബലം കോൺഗ്രസിനും യു.ഡി.എഫ്.-നും ഇല്ലാതെ പോയിരിക്കുന്നുവെന്നാണ് ഞാൻ പറയാൻ ശ്രമിച്ചത്. ബില്ലിൽ ഒതുങ്ങിനിന്നുള്ള ചർച്ചയാണ് ആഗ്രഹിച്ചത്. പക്ഷേ ചില കാര്യങ്ങൾ വന്നപ്പോൾ അതിനോട് പ്രതികരിക്കാതിരിക്കാൻ കഴിയാത്തതുകൊണ്ടാണ് മറ്റ് ചില കാര്യങ്ങൾകൂടി ഞാൻ പറഞ്ഞത്.

ബില്ലിലെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ വളരെ നിസ്സാരമായ പിശകാണ് വന്നിരിക്കുന്നത്. ഇത് പറയേണ്ടതില്ലെന്ന് നിങ്ങൾക്ക് തോന്നിയേക്കാം. എന്നാൽപോലും ആ പിശക് ഇനി ആവർത്തിക്കാതിരിക്കാൻവേണ്ടി ഞാൻ സൂചിപ്പിക്കുകയാണ്.

ഉദ്ദേശ്യകാര്യങ്ങളിലെ വിവരണം രണ്ടാം ഖണ്ഡികയിൽ 'ജി.എസ്.ടി. കൗൺസിലിന്റെ 49-ാമത് യോഗത്തിൽ ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് അപ്പലേറ്റ് ട്രിബ്യൂണൽ (ജിസ്റ്റാറ്റ്) സ്ഥാപിക്കുവാനായി കേന്ദ്ര ചരക്കുസേവന നികുതി നിയമം 2023-ലെ കേന്ദ്ര ധനകാര്യ ആക്റ്റ് മുഖാന്തരം ഭേദഗതി ചെയ്തു.' ആക്റ്റ് ഭേദഗതി ചെയ്തത് ജി.എസ്.ടി. കൗൺസിലിന്റെ യോഗത്തിൽ നിന്നാണെന്ന് എഴുതിവച്ചിരിക്കുകയാണ്. അത്തരം നിസ്സാരമായ തെറ്റുകൾ ആവർത്തിക്കാൻ പാടില്ലെന്ന കാര്യംകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വളരെ ചെറിയൊരു ബില്ലാണെങ്കിലും ഇതിലെ ഭേദഗതികൾ പ്രധാനപ്പെട്ടതാണ്. ആദ്യമായാണ് ടാക്സേഷൻ നിയമത്തിലെ ഏറ്റവും പുതിയ മേഖലയായ ജി.എസ്.ടി.-യുമായി ബന്ധപ്പെട്ടുവരുന്ന പെറ്റീഷനുകൾ സംബന്ധിച്ച അപ്പീലുകൾ സമർപ്പിക്കാൻ സംവിധാനമുണ്ടാകുന്നത്. ഇതുസംബന്ധിച്ച് അഞ്ച് വർഷക്കാലം നിരന്തരമായ ചർച്ചകളുണ്ടായി. 2017-ൽ ആദ്യ നിർദ്ദേശമുണ്ടായെങ്കിലും തുടർന്ന് സുപ്രീംകോടതിവരെ ഇടപെടുന്ന

കേസുകൾ വന്നതുകൊണ്ട് അത് മാറ്റിവയ്ക്കുകയും പിന്നീട് ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് ചർച്ച ചെയ്ത്, ജി.എസ്.ടി. കൗൺസിലിൽ പല തവണ ചർച്ച ചെയ്ത് അംഗീകരിച്ചതുമാണ്. അതിന്റെ ഭാഗമായാണ് ഇപ്പോൾ പുതിയ ട്രിബ്യൂണലുകൾ വരുന്നത്. ആ ട്രിബ്യൂണലുകൾ നേരത്തെയുള്ളതിനേക്കാൾ കുറച്ചുകൂടി വ്യത്യസ്തമാണ്. നാഷണൽ ട്രിബ്യൂണൽ, പ്രാദേശിക ട്രിബ്യൂണൽ എന്നുള്ള നിലയിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. ഇനിമുതൽ ജി.എസ്.ടി. രംഗത്തുള്ള കേസുകൾ തീർപ്പാക്കാൻ വ്യാപാരികൾക്ക് സഹായകരമായ സംവിധാനം വരുന്നു. കാരണം ഇന്ത്യയിലെ വളരെ ചുരുക്കം ആളുകളൊഴികെ മഹാഭൂരിപക്ഷം പേരും ജി.എസ്.ടി. പരിധിയിൽ വരുന്നവരാണ്. അവർക്ക് ഹൈക്കോടതിയിൽ പരാതികൾ സമർപ്പിക്കാനുള്ള സംവിധാനമുണ്ടെങ്കിലും അഞ്ച് വർഷക്കാലമായി പരാതി സമർപ്പിക്കാൻ ഒരു ട്രിബ്യൂണലില്ലായിരുന്നു. ഈ ബിൽ കൊണ്ടുവരുന്നതുവഴി ആ ട്രിബ്യൂണൽ നടപ്പിലാകും. സാങ്കേതികമായി നിയമം പാസാക്കേണ്ടത് സഭകളാണ്. കേന്ദ്ര നിയമവും സംസ്ഥാന നിയമസഭകളും നിയമം

പാസ്സാക്കണം. അങ്ങ് ഇവിടെ സൂചിപ്പിച്ച ആമുഖത്തിലെ കാര്യങ്ങളും സാങ്കേതികകാര്യങ്ങളുമുൾപ്പെടെ സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഇന്ത്യൻ വാണിജ്യ വ്യാപാര രംഗത്ത് വലിയൊരു ഇടപെടലുണ്ടാക്കുന്ന ട്രിബ്യൂണൽ കൊണ്ടുവരുന്നതിനുള്ള ഒരു ബില്ലാണിത്. പക്ഷെ ഇവിടെ ഭേദഗതി ചെറുതായിട്ടേയുള്ളൂ. ട്രിബ്യൂണൽ നിലവിൽ വരാൻ പോകുന്നത് ബിൽ വരുന്നതോടുകൂടിയാണെന്നുള്ള പ്രത്യേകതയുണ്ട്. വ്യാപാരികൾക്ക് അവരുടെ ന്യായമായ പ്രശ്നങ്ങൾ പരിഹരിക്കാനും പരാതികൾ പരിഹരിക്കാനും കഴിയുന്ന തരത്തിലേയ്ക്കുള്ള ഒരു പുതിയ ചുവടുവയ്പായിരിക്കും. അത് നമ്മുടെ നികുതി സംവിധാനത്തെയും ഘടനയേയും സഹായിക്കുന്ന ഒന്നായിരിക്കും. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് പൂർണ്ണമായ ചർച്ചകൾക്കുശേഷം സഭയിൽ വന്ന് പാസായിക്കഴിഞ്ഞാൽ നമ്മുടെ സംസ്ഥാനത്ത് ഈ രംഗത്ത് നിൽക്കുന്നവർക്ക് വലിയ ഗുണമുണ്ടാകുന്ന കാര്യം തന്നെയായിരിക്കും. തലസ്ഥാന നഗരിയായ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ

മൂന്ന് ജില്ലകളിൽ ബഞ്ച് വേണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ആദ്യഘട്ടത്തിൽ രണ്ട് മേഖലയിൽ ബഞ്ചുകൾ കൊണ്ടുവരാനാണ് ആലോചിച്ചിട്ടുള്ളത്. ഇതുകൂടാതെ റിട്ടേൺസ് കൊടുക്കുന്നതിൽ വരുന്ന പോരായ്മ കാരണം രജിസ്ട്രേഷൻ ക്യാൻസലാകുന്ന വ്യാപാരികൾക്ക് Ease of doing business-ന്റെ ഭാഗമായി 30 ദിവസംകൂടി അധികം സമയം നൽകുന്നതിനാണ് മറ്റൊരു ഭേദഗതി. ഈ രണ്ട് കാര്യങ്ങളാണ് ബില്ലിൽ പൊതുവിലുള്ളത്. ഇതുസംബന്ധിച്ച് പറഞ്ഞുകൊണ്ട് ധാരാളം രാഷ്ട്രീയകാര്യങ്ങൾ ഇവിടെ ചർച്ചചെയ്തു. ബഹുമാനപ്പെട്ട മാത്യു ടി. തോമസ് പറഞ്ഞതുപോലെ, ഇന്നലെ ഉച്ചയ്ക്കുമുമ്പ് ഈ ബിൽ ചർച്ചയ്ക്കെടുത്തിരുന്നെങ്കിൽ ഇത്രയും സമയമെടുക്കുമായിരുന്നില്ല. ഇന്ന് ഈ പറഞ്ഞ കാര്യങ്ങൾ ചർച്ച ചെയ്യുന്നത് ഇവിടത്തേയ്ക്ക് വേണ്ടിയല്ല; ഇതിന് പുറത്തേയ്ക്ക് ചർച്ചചെയ്യാനാണ്. കേരള ഗവൺമെന്റിന്റെ പ്രവർത്തനത്തെ യാതൊരു അടിസ്ഥാനവുമില്ലാതെ അധിക്ഷേപിക്കുന്ന തരത്തിൽ ഇല്ലാത്ത കാര്യങ്ങൾ പറയുന്ന ഒരു സമീപനം കാണിച്ചതുകൊണ്ട് അതിന് മറുപടിയായി വളരെ

ചുരുക്കം ചില കാര്യങ്ങൾ പറയാതിരിക്കാൻ കഴിയാത്തതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്.

മി. സ്പീക്കർ: ചർച്ചകളെല്ലാം ടി.വി.-യിൽ ബ്രേക്കിംഗ് ന്യൂസായി വരുന്നുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബ്രേക്കിംഗ് ന്യൂസ് വരാൻ വേണ്ടിയാണ് അവർ പറയുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വളരെ പോസിറ്റീവായ ക്രിട്ടിസിസം നടത്തുന്നതിനും വിമർശനാത്മകമായി ചർച്ചചെയ്യുന്നതിനും വേണ്ടിയല്ലേ ഈ ബിൽ ഞങ്ങൾക്ക് സർക്കുലേറ്റ് ചെയ്തത്. അല്ലെങ്കിൽ മംഗളപത്രം എഴുതി സമർപ്പിച്ചശേഷം ഞങ്ങൾക്ക് പിറകിലുള്ള വഴിയിലൂടെ പോയാൽ പോരേ. ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ് ബിൽ സർക്കുലേറ്റ് ചെയ്തിരിക്കുന്നത്. ചർച്ച ചെയ്യുമ്പോൾ സത്യസന്ധമായി ചർച്ച ചെയ്യണം. അതിനെ ബ്രേക്കിംഗ് ന്യൂസിനുവേണ്ടിയാണെന്ന് പറയുന്നത് ശരിയാണോ?

മി. സ്പീക്കർ: ഞാൻ തമാശരൂപേണ പറഞ്ഞതാണ്. അതിനെ ആ സ്പിരിറ്റിൽ എടുത്താൽ മതി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നിയമസഭയിലെ ചർച്ചയിൽ ഞങ്ങൾ പോസിറ്റീവാണ്, നെഗറ്റീവല്ല. ആ പോസിറ്റീവ് വിമർശനത്തെപ്പോലും ഒരു തെരഞ്ഞെടുപ്പിനുള്ള ബ്രേക്കിംഗ് ന്യൂസാണെന്ന് പറഞ്ഞ് അതിനെ നിങ്ങൾ ഭയപ്പെടുന്നതാണ് പ്രധാനപ്പെട്ട പ്രശ്നം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ബ്രേക്കിംഗ് ന്യൂസ് വരുന്നത് ഞങ്ങൾക്ക് വളരെ സന്തോഷമുള്ള കാര്യമാണ്. അങ്ങ് തെറ്റായ ഒരു കാര്യം പറഞ്ഞാൽ ജനങ്ങളുടെ മുമ്പിലേയ്ക്ക് അത് ചെല്ലുമ്പോൾ ഞങ്ങൾക്കും പറയാമല്ലോ; അതിനാൽ തെറ്റായ കാര്യങ്ങൾ പറയാതിരിക്കാൻ അങ്ങ് ശ്രദ്ധിക്കുക. തെറ്റായ എന്നുപറഞ്ഞാൽ അടിസ്ഥാന രഹിതമായ കാര്യങ്ങൾ പറയുന്നുവെന്നേ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ. സംസ്ഥാനത്തിന്റെ പൊതുതാല്പര്യം ചർച്ചചെയ്യുന്ന വേദിയാണ് നിയമസഭ. നമുക്ക് രാഷ്ട്രീയമുണ്ടെങ്കിലും സംസ്ഥാനത്തെ ജനങ്ങൾ നന്നാവണമെന്ന് പൊതുവിൽ ആഗ്രഹിക്കുന്നവർ സത്യസന്ധമായി കാര്യങ്ങൾ പറയണം. രാഷ്ട്രീയം അതിലുണ്ടായിക്കോട്ടെ. എന്തായാലും നിയമസഭയെ സംബന്ധിച്ചിടത്തോളം ബ്രേക്കിംഗ് ന്യൂസ് വരുന്നുവെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. ഇപ്പോൾ നിയമസഭകളിൽ

ചർച്ച ചെയ്യാൻപോലും സമ്മതിക്കാത്ത നിലയിലേയ്ക്ക് പല സംസ്ഥാനങ്ങളും വന്നുകൊണ്ടിരിക്കുകയാണ്. പാർലമെന്ററി സിസ്റ്റവും ഡെമോക്രസിയുമൊക്കെ ചോദ്യം ചെയ്യപ്പെടുകയും ഒരു സുപ്രഭാതത്തിൽ അംഗങ്ങൾ സഭയ്ക്കകത്തില്ലാതാകുകയും പുറത്താകുകയും ചെയ്യുന്ന തരത്തിലേയ്ക്കുള്ള ജനാധിപത്യ പര്യവേഷണങ്ങൾ നമ്മുടെ രാജ്യത്ത് കണ്ടുകൊണ്ടിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ കേരള നിയമസഭയിൽ ചർച്ചചെയ്യുന്ന കാര്യങ്ങൾ വളരെ ഗൗരവത്തോടെ മാധ്യമങ്ങളിൽ വരുന്നുവെന്നുള്ളതും രണ്ട് അഭിപ്രായങ്ങളും ഒരുപോലെ പുറത്തുവരണമെന്നുള്ളതും പ്രധാനപ്പെട്ട കാര്യമാണ്. അതെല്ലാം ഞങ്ങൾക്ക് വലിയ സന്തോഷമുള്ള കാര്യമാണ്.

നികുതി പിരിവ് ആകെ കെടുകാര്യസ്ഥതയിലാണെന്ന് പറഞ്ഞാണ് പ്രതിപക്ഷം ഇവിടെ ചർച്ച ആരംഭിച്ചത്. കഴിഞ്ഞ ആറുവർഷക്കാലത്തെ ചരിത്രം; ആറുവർഷക്കാലത്ത് എന്ത് സാമ്പത്തിക വളർച്ചയുണ്ടായി, തുടങ്ങിയ കാര്യങ്ങൾ ഇവിടെ ഉന്നയിച്ചു. കഴിഞ്ഞ 6 വർഷക്കാലത്തിനിടയ്ക്ക് കേരളവും ഇന്ത്യയും നേരിട്ട ഏറ്റവും വലിയ പ്രശ്നം കോവിഡ് മഹാമാരിയാണ്.

കോവിഡ് ഇന്ത്യൻ സാമ്പദ്വ്യവസ്ഥയെ മാത്രമല്ല ലോക സമ്പദ്വ്യവസ്ഥയെയാകെ വല്ലാതെ ബാധിച്ചു. കേരളത്തിലാണെങ്കിൽ പ്രളയവും 'നിപ' പോലെയുള്ള പ്രശ്നങ്ങളും വന്ന അവസ്ഥയുമുണ്ടായിട്ടുണ്ട്. അതിനെയെല്ലാം നേരിട്ടുകൊണ്ടാണ് നമ്മൾ മുന്നോട്ടുവന്നത്. അതുകൊണ്ടാണ് സംസ്ഥാനങ്ങൾക്ക് ജി.എസ്.ഡി.പി.-യുടെ 5% വരെ കടമെടുക്കാൻ കോവിഡ് സമയത്ത് അനുവാദം നൽകിയിരുന്നത്. അവിടെനിന്നുകൊണ്ട് സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ തുടർച്ചയായി ഇപ്പോൾ ഏകദേശം 23-24 ശതമാനമാണ് കഴിഞ്ഞ രണ്ടുവർഷക്കാലത്തെ വാർഷിക വളർച്ചാനിരക്ക്. അതായത് രണ്ടുവർഷംകൊണ്ട് ഏകദേശം 50%. ഇടതുപക്ഷവും വലതുപക്ഷവും ഭരിച്ചുകൊണ്ടിരുന്ന 1956 മുതൽ ഇങ്ങോട്ടുള്ള കേരളത്തിലെ ആകെ വരുമാനം വന്നെത്തിനിന്നത് 47000 കോടി രൂപയിലാണ്. ആ 47000 കോടി രൂപ രണ്ടുവർഷക്കാലംകൊണ്ട്, അതായത് 2021 മാർച്ചിൽനിന്നും 2023 മാർച്ച് എത്തുമ്പോഴേയ്ക്കും 70000 കോടി രൂപയിലധികമായി എന്നുപറഞ്ഞാൽ അഭിനന്ദിക്കേണ്ട കാര്യമല്ലേ? 50-60 വർഷംകൊണ്ട് 47000 കോടി

രൂപയായിരുന്നത് ഈ രണ്ടുവർഷം കൊണ്ട് 71000 കോടി രൂപയായി എന്നത് കണക്ക് പഠിച്ച ഏത് സാധാരണക്കാർക്കുമറിയാം. രണ്ടുവർഷം കൊണ്ട് 50% വർദ്ധനയുണ്ടായത് കേരളത്തിലെ ടാക്സ് ഡിപ്പാർട്ട്മെന്റും ഗവൺമെന്റ് സംവിധാനവും ഉദ്യോഗസ്ഥന്മാരുമൊക്കെ നന്നായി വർക്ക് ചെയ്തതുകൊണ്ടാണ്. അവരെ ചെറുതായൊന്ന് അഭിനന്ദിക്കേണ്ടതല്ലേ? മെച്ചമുണ്ടായിട്ടുണ്ടെങ്കിലും ഇനിയും കൂടുതൽ മെച്ചപ്പെടണമെന്നാണ് എന്റെ അഭിപ്രായം. ഏറ്റവും വലിയ ദുരിതങ്ങളുടെ സമയത്തുനിന്നാണ് നമ്മൾ വന്നുകൊണ്ടിരിക്കുന്നത്. ആ വളർച്ച ഉണ്ടാകുന്നുണ്ടെന്ന് കാണണം.

സംസ്ഥാനത്തെ നികുതി ഘടനാപരിഷ്കരണം ശരിയായിട്ടില്ലെന്ന് അങ്ങ് പറഞ്ഞു. അങ്ങേയ്ക്ക് കിട്ടിയ വിവരമായിരിക്കും പറഞ്ഞത്. ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ് നികുതിഘടനയിൽ ടാക്സേഷൻ സർവീസസ്, ഇന്റലിജൻസ്, ഓഡിറ്റിംഗ് എന്നീ മൂന്ന് വിഭാഗങ്ങളായി വകുപ്പുകൾ പുനഃസംഘടിപ്പിച്ചിട്ടുള്ളത്. ഓഡിറ്റിംഗ് സംവിധാനം കേരളത്തിൽ പുതിയതായി അവതരിപ്പിച്ചതാണ്. സാധാരണഗതിയിൽ ജി.എസ്.ടി. കൗൺസിൽ ഓരോ സംസ്ഥാനത്തും നടപ്പിലാക്കുന്ന പുതിയ കാര്യങ്ങൾ

പഠിക്കാൻ അങ്ങോട്ടുമിങ്ങോട്ടും പോകാറുണ്ട്. വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള ഓഫീസർമാർ കേരളത്തിൽ നടപ്പിലാക്കിയ ഇക്കാര്യങ്ങൾ മനസ്സിലാക്കാൻ വരുന്നുണ്ട്. നേരത്തെയുള്ളതുപോലെ വെറുതെ കണ്ണടച്ചുകൊണ്ട് നികുതി ചുമത്തുന്ന രീതി വരുന്നതിനുപകരം കൃത്യമായ കണക്കെടുക്കുന്ന രീതി ഓഡിറ്റിംഗ് സമ്പ്രദായത്തിന്റെ ഭാഗമായി വരുന്നുണ്ട്. അതിന്റെ ഭാഗമായി വലിയ പരിശീലനം സംസ്ഥാനാടിസ്ഥാനത്തിൽ നടന്നു. അതിന് പ്രത്യേക സംവിധാനമുണ്ടാക്കുകയും കൂടുതൽ ഉദ്യോഗസ്ഥർക്ക് പുതിയ സ്ഥാനം അസൈൻ ചെയ്തുകൊടുക്കുന്നതടക്കമുള്ള സമഗ്രമായ റീ-സ്ട്രക്ചറിംഗാണ് വന്നത്.

ഇന്റലിജൻസ് വിഭാഗത്തെക്കുറിച്ച് അങ്ങ് പറഞ്ഞല്ലോ? ഇന്റലിജൻസിന്റെ മാത്രം കണക്ക് ഞാൻ പറയാം. എങ്ങനെയാണ് അവരുടെ പെർഫോമൻസ് എന്ന് നോക്കാം. നമ്മുടെ ഇന്റലിജൻസ് വിഭാഗത്തിന്റെ പെർഫോമൻസിന്റെ ഭാഗമായി 2021-22-ൽ 3.26 കോടി രൂപയാണ് അധികമായി നികുതിയടപ്പിക്കാൻ കഴിഞ്ഞത്. 2022-23-ൽ

26.7 കോടി രൂപയാണ് ഇന്റലിജൻസ് പ്രവർത്തനത്തിന്റെ ഭാഗമായി അധികമായി വന്നതെങ്കിൽ ഈ വർഷം അത് 1064 കോടി രൂപയായി വർദ്ധിച്ചു. അതിൽ ഒരു കാര്യം ഞാൻ എടുത്തുപറയുകയാണ്. ഇന്റലിജൻസ് വെറുതെപോയി കിട്ടാത്ത നികുതി പിടിച്ചുവെന്നല്ല; വളരെ ശാസ്ത്രീയമായ ചില കാര്യങ്ങൾ നടത്തുകയാണ്. ബാംഗ്ലൂരിൽനിന്നോ ഡൽഹിയിൽനിന്നോ സാധനങ്ങൾ വാങ്ങിക്കൊണ്ടുവരുന്ന ഒരാൾ അവിടെ 100 രൂപ ടാക്സ് കൊടുത്തശേഷം ഇവിടെ വരുമ്പോൾ മൊത്തം 120 രൂപയാകുകയാണെങ്കിൽ, അവിടെ അടച്ച 100 രൂപ ടാക്സ് ഓട്ടോമാറ്റിക്കായി സർക്കാരിന് വരണമെന്നുള്ളതാണ് IGST സംവിധാനം. കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡ് മറ്റൊരു സംസ്ഥാനത്തുനിന്നും വലിയൊരു ട്രാൻസ്ഫോർമർ സിസ്റ്റം വാങ്ങിയാൽ അവർക്ക് ഇവിടെ ടാക്സ് അടയ്ക്കണ്ട. അവർ ഇവിടെ ആ ബിൽ സബ്മിറ്റ് ചെയ്യാറില്ല. 200 കോടി രൂപ അവർ അടയ്ക്കാനുണ്ടെങ്കിലും ഇവിടെ കണക്ക് വരില്ല. അപ്പോൾ എന്താണ് സംഭവിക്കുക; ഈ പണം അവിടെത്തന്നെ കിടക്കുകയും പിന്നീട് പൊതുപൂളിലേയ്ക്ക് പോകുകയും ചെയ്യും. വലിയതോതിൽ പർച്ചേസ് ചെയ്യുന്ന വലിയൊരു സ്ഥാപനമായ

വി.എസ്.എസ്.സി.-യിലും ഇതുപോലെ വരുന്ന പർച്ചേസുകളുണ്ട്. അതുകൊണ്ട് ഒരു വലിയ ക്യാമ്പയിൻ നടത്തിയതിന്റെ ഭാഗമായി വി.എസ്.എസ്.സി., ഇലക്ട്രിസിറ്റി ബോർഡ്, ഷിപ്പ്യാർഡ്, വലിയ ആശുപത്രികൾ എന്നിവിടങ്ങളിലെല്ലാം വാങ്ങുന്ന മെഷിനറികളുടെ ബിൽ ഇവിടെ കൊടുത്ത് 1064 കോടി രൂപ ഈ വർഷം ആദ്യം അടച്ചുവെന്ന് പറയുന്നത് ഇന്ത്യയിലെതന്നെ ഏറ്റവും വലിയ വളർച്ചയായിരിക്കും. അങ്ങ് ഇതൊന്നും മനസ്സിലാക്കിയിട്ടില്ല, അല്ലെങ്കിൽ അങ്ങേയ്ക്ക് ഇൻഫർമേഷൻ നൽകിയ ആളുകൾ ഇതൊന്നും പറഞ്ഞിട്ടില്ല. ഇത്തരം കാര്യങ്ങൾകൂടി പറയാൻ അവരോട് പറയണം. കാരണം ഇത് നമ്മുടെ പൊതുവായ താല്പര്യമാണ്. ഇത്തരത്തിൽ നികുതിയിനത്തിൽ നമുക്ക് വർദ്ധനവ് വരുന്നുണ്ട്. ഇതുപോലെ സാങ്കേതികമായ ധാരാളം കാര്യങ്ങൾ ഈ രംഗത്തുണ്ട്. വകുപ്പ് ഓരോ മേഖലയിലും വളരെ സജീവമായി പ്രവർത്തിക്കുകയാണ്. ഓഡിറ്റിംഗിന്റെയും ടാക്സ്പേയർ സർവീസിന്റെയും കാര്യത്തിൽ കൂടുതൽ കാര്യങ്ങൾ ചെയ്ത് ശക്തമായ നിലപാടുകളെടുത്തുകൊണ്ട് മുന്നോട്ടുപോകുകയാണ്.

നികുതിവെട്ടിപ്പ് തടയുന്നതിനായി യാതൊരു പ്രവർത്തനവും നടക്കുന്നില്ലെന്ന് അങ്ങ് പറഞ്ഞു. നികുതിവെട്ടിപ്പിന്റെ കാര്യം മുമ്പ് പല പ്രാവശ്യം ഇവിടെ പറഞ്ഞിട്ടുള്ളതാണ്. ജി.എസ്.ടി. വകുപ്പിന്റെ കാര്യം പറയുമ്പോൾ പഴയകാലത്തെ നികുതിയുടെ കാര്യം എപ്പോഴും പറയാറുണ്ട്. വാറ്റ് പീരിയഡിലെ 12932 കോടി രൂപയുടെ ക്ലെയിമുണ്ട്. അത് യു.ഡി.എഫ്. ഗവൺമെന്റിന്റെയും എൽ.ഡി.എഫ്. ഗവൺമെന്റിന്റെയും ഇതുവരെയുള്ള കാലയളവിലുള്ളതാണ്. അതിൽ കോടതി സ്റ്റേ ചെയ്ത ഇനത്തിൽ 5220 കോടി രൂപയും റവന്യൂ റിക്കവറി നടപടി നടക്കുന്ന ഇനത്തിൽ 6357 കോടി രൂപയും മറ്റ് നടപടിക്രമങ്ങളിലും കോടതിയിലും മറ്റുമായി 1353 കോടി രൂപയുമുണ്ട്. ഈ കണക്ക് പലതവണ പറഞ്ഞിട്ടുള്ളതാണ്. കേരളമുണ്ടായ കാലം മുതലുള്ള പഴയ ടാക്സ് ഉൾപ്പെടെ പല കാര്യങ്ങളുമുണ്ട്. 50 ശതമാനത്തിലധികം തുകയും സർക്കാരിന്റേതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ടാക്സും അതിലുൾപ്പെടുന്നുണ്ട്. പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി. വലിയ തുക അടയ്ക്കാനുണ്ട്. കെ.എസ്.ആർ.ടി.സി-ൽ നിന്നും ടാക്സ് പിടിക്കാൻ സാധിക്കുമോ? പൊതുമേഖലാ സ്ഥാപനങ്ങളിൽ

നഷ്ടത്തിലായ സ്ഥാപനങ്ങളുമുണ്ട്. അതിന്റെയടിസ്ഥാനത്തിലാണ് ഞാൻ പറയുന്നത്. ഇതാണ് അതുസംബന്ധിച്ച കണക്ക്. എന്നാൽ പുതിയ സമ്പ്രദായം വന്നപ്പോൾ അക്കാര്യങ്ങളിൽ കുറേക്കൂടി വ്യത്യാസം വന്നിട്ടുണ്ടെങ്കിലും ടാക്സ് വെട്ടിപ്പുണ്ടെന്ന് പറയാൻ എനിക്ക് യാതൊരു മടിയുമില്ല. സിസ്റ്റമിക് എറർ ഉണ്ടെന്ന് ശ്രീ. മാത്യൂ ടി. തോമസ് ഇവിടെ പറഞ്ഞു. സോഫ്റ്റ്വെയർ, കമ്പ്യൂട്ടർ എന്നിവയിലെ പ്രശ്നങ്ങൾ കാരണം കാര്യങ്ങൾ കൃത്യമായി അറിയാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ഓൺലൈൻ ട്രേഡിംഗിന്റെ ഭാഗമായി ടാക്സ് അസസ് ചെയ്യാൻ കഴിയാത്തതുമുണ്ട്. ഓൺലൈൻ ട്രേഡിംഗിന്റെ പ്രധാനപ്പെട്ട കേന്ദ്രങ്ങളായ ഹരിയാന, യു.പി., നോയിഡ തുടങ്ങിയ സ്ഥലങ്ങളിൽനിന്നാണ് കൂടുതലായും സാധനങ്ങൾ അയയ്ക്കുന്നത്. അതിന്റെ കാര്യങ്ങൾ കണ്ടെത്താനായി ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിന്റെ ഒരു യോഗമുണ്ട്. നമ്മുടെ വീടുകളിൽ ഫുഡ് വരുന്നതുൾപ്പെടെ ഓൺലൈനായാണ്. അതിനുൾപ്പെടെ ടാക്സ് വരുമ്പോൾ, ആയത് കളക്റ്റ് ചെയ്ത് സർക്കാരിൽ കൃത്യമായി വരുന്നതിന്റെ പ്രശ്നവുമുണ്ട്. ഓൺലൈൻ

ട്രേഡിംഗ് സമ്പ്രദായവും മറ്റും വരുന്നതിനാൽ, നികുതിപിരവിൽ പുതിയ പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ട് ഇത് കറക്ട് ചെയ്യാൻ ശ്രമിക്കുകയാണ്. അക്കാര്യത്തിൽ നമ്മൾ നല്ലതുപോലെ ഇടപെട്ട് കാര്യങ്ങൾ ചെയ്യുന്നുണ്ട്.

ടാക്സ് വരുമാനത്തിന്റെ കാര്യത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ആ വർദ്ധനവ് പോരെന്നുള്ള കാര്യം ശരിയാണ്. സ്വർണ്ണത്തിന്റേത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നികുതി ചോർച്ചയുണ്ടെന്ന അഭിപ്രായം ഇവിടെ ചർച്ച ചെയ്തിട്ടുള്ളതാണ്. എനിക്കുമുമ്പ് ധനകാര്യ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ഡോ. ടി. എം. തോമസ് ഐസക്കിന്റെ കാലത്തും സഭയിൽ ഇക്കാര്യം സജീവമായി ചർച്ച ചെയ്തതാണ്. കേരളംതന്നെ മുൻകൈയെടുത്ത് ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിന്റെ യോഗം ചേർന്ന് സ്വർണ്ണം കൊണ്ടുവരുന്നതിന് ഇ-വേ ബിൽ വേണമെന്നതുസംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. മുംബൈയിൽനിന്നോ മറ്റ് സ്ഥലങ്ങളിൽനിന്നോ കേരളത്തിലേയ്ക്ക് സ്വർണ്ണം കൊണ്ടുവരുന്നതിന് ഇ-വേ ബിൽ നൽകുന്നതിൽ സെക്യൂരിറ്റി റിസ്കുണ്ടെന്ന് പറഞ്ഞ് അത് പൊതുവിൽ അനുവദിക്കാൻ തയ്യാറായില്ലെങ്കിലും ഇപ്പോൾ സംസ്ഥാനത്തിനകത്ത് ഇക്കാര്യത്തിൽ പൊതുവെ അംഗീകാരം

വന്നിട്ടുണ്ട്. അങ്ങ് നേരത്തെ സൂചിപ്പിച്ചപോലെ, കായ സഞ്ചിയിൽ സ്വർണ്ണം കൊണ്ടുവന്ന് വീട്ടിൽ നൽകിയശേഷം ടാക്സ് അടയ്ക്കാത്ത സമ്പ്രദായങ്ങളുമുണ്ട്. ഇപ്പോൾ അത്തരം കാര്യങ്ങൾക്ക് ഇ-വേ ബിൽ വേണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. രണ്ടുലക്ഷം രൂപയ്ക്ക് മുകളിലുള്ള സ്വർണ്ണം കൊണ്ടുപോകുമ്പോൾ ഇ-വേ ബിൽ വേണം. സ്വർണ്ണം കൊണ്ടുപോകുന്നവർക്ക് കൃത്യമായ രേഖ വേണം. വ്യാജകച്ചവടം നടത്താനായി സ്വർണ്ണം കൊണ്ടുപോകാൻ കഴിയില്ലെന്ന തരത്തിലേയ്ക്ക് ഇ-വേ ബിൽ സമ്പ്രദായം വന്നിട്ടുണ്ട്. കൃത്യമായും ടാക്സ് വാങ്ങണമെന്നാണ് ന്യായമായി സ്വർണ്ണ വ്യാപാരം നടത്തുന്ന വ്യാപാരികൾ പറയുന്നത്. എന്നാൽ ഈ മേഖലയിലും കള്ളക്കച്ചവടമുണ്ട്. കള്ളക്കച്ചവടം നടത്തുന്നവരെ സഹായിക്കാൻ പാടില്ലെന്നത് വളരെ കൃത്യമായ കാര്യമാണ്. അതിൽ നമ്മൾ സമീപനമെടുക്കുന്നുണ്ട്.

വിജിലൻസ് കേസുകളുടെ കാര്യത്തെക്കുറിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുകയുണ്ടായി. ഫ്ലഡ് സെസ്സിന്റെ പിരിവുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ അദ്ദേഹത്തിന് കിട്ടിയെന്ന് പറഞ്ഞപ്പോൾതന്നെ ഞാൻ അദ്ദേഹത്തോട് പറഞ്ഞിരുന്നു. ആരായാലും അത്തരം കാര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നത് നല്ലതാണ്, ഞങ്ങൾ വളരെ കൃത്യമായി അത്തരം കാര്യങ്ങളിൽ നിലപാടെടുക്കും എന്നുള്ളതിന് യാതൊരു സംശയവുമില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, അടുത്തിടെ കേട്ട ഒരു കാര്യത്തിൽ വ്യക്തത വരുത്താൻ വേണ്ടിയാണ് ചോദിക്കുന്നത്. നാഷണൽ ഹൈവേ പ്രോജക്ട് ചെയ്യുമ്പോൾ മൈനിംഗ് മെറ്റീരിയൽസിന്റെയും മറ്റും ജി.എസ്.ടി. ഒഴിവാക്കാനുള്ള പ്രൊപ്പോസൽ വന്നിട്ടുണ്ടെന്നും സംസ്ഥാന ഗവൺമെന്റ് അത് അംഗീകരിക്കുമെന്നും പറയുന്നുണ്ട്. അങ്ങനെയൊരു തീരുമാനമെടുത്തിട്ടുണ്ടോ? മൈനിംഗ് മെറ്റീരിയൽസിന്റെ ജി.എസ്.ടി. യഥാർത്ഥത്തിൽ വലിയൊരു തുകയാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അത്തരം ഒരു തീരുമാനം ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നാഷണൽ ഹൈവേ അതോറിറ്റി ചില കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട അന്തിമ തീരുമാനം വന്നിട്ടില്ലെങ്കിലും അവർക്ക് വലിയ ചെലവുവരുന്ന കാര്യങ്ങളിൽ ചിലത് ഒഴിവാക്കിക്കൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്മേൽ അന്തിമ തീരുമാനമായിട്ടില്ല. അത്തരം ആവശ്യങ്ങളും ചർച്ചകളും അവർ ഉന്നയിക്കുന്നുണ്ടെന്നുള്ളത് സത്യമാണ്. അത് പൊതുവിൽ നാഷണൽ ഹൈവേയുടെ കാര്യത്തിലും പ്രധാനമായും വിഴിഞ്ഞം തുറമുഖത്തിന്റെ ചുറ്റുമുള്ള റോഡുകളുടെ കാര്യത്തിലുമാണ്. വിഴിഞ്ഞം തുറമുഖത്തിന് ചുറ്റുപാടുമുള്ള റിംഗ് റോഡിന്റെ കാര്യത്തിൽ നാഷണൽ ഹൈവേ അതോറിറ്റി മെയിൻ പാർട്ടിന്റെ പ്രവൃത്തി മാത്രമേ ചെയ്യുകയുള്ളൂ. അതിന്റെ സൈഡിലുള്ള സർവ്വീസ് റോഡിന്റെ പ്രവൃത്തി മുഴുവനായും സംസ്ഥാനം ഏറ്റെടുക്കണം. അതിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലും ചെലവുകളും കേന്ദ്രം വഹിക്കില്ലെന്ന് പറഞ്ഞിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട ചർച്ചകൾ ഫൈനലൈസ് ചെയ്തിട്ടില്ല. അതുസംബന്ധിച്ച കാര്യങ്ങളാണ് പത്രത്തിൽ വരുന്നത്. സ്വർണ്ണ വ്യാപാരം സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞു. വിജിലൻസ് സംബന്ധിച്ച

കാര്യങ്ങളിൽ കേരളത്തിൽ കൃത്യമായി കേസ്സ് എടുക്കുന്നുണ്ടെന്ന് മാത്രമല്ല, ഇക്കാര്യത്തിൽ അറസ്റ്റുകളും നടന്നിട്ടുണ്ട്. ആറര കോടി രൂപയുടെ ഫൈബർ ഡോർ വ്യാപാരം, എറണാകുളത്ത് അടയ്ക്കാ വ്യാപാരം എന്നിവയുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്ന് മാസത്തിനിടയിൽ ഒന്നുരണ്ട് കേസ്സുകളെടുക്കുകയും കുറ്റക്കാരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി. വകുപ്പിന് പരാതി ലഭിച്ചാൽ അഴിമതി കാണിക്കുന്ന ആളുകളെ അറസ്റ്റ് ചെയ്ത് കർശനമായ നിലപാടെടുക്കാൻ സാധിക്കുമെന്ന തരത്തിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, സ്വർണ്ണക്കച്ചവട രംഗത്ത് രണ്ടുലക്ഷം കോടി രൂപയുടെ അനധികൃത കച്ചവടം നടക്കുന്നുവെന്നാണ് സ്വർണ്ണ വ്യാപാരികളുടെ സംഘടന പറഞ്ഞിരിക്കുന്നത്. എത്ര തുകയാണെന്ന് പറഞ്ഞില്ലെങ്കിലും ഏകദേശം അത് സമ്മതിക്കുന്ന രൂപത്തിലാണ് അങ്ങും പറഞ്ഞത്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചത്; രണ്ട് ലക്ഷം കോടി രൂപയുടെ അനധികൃത സ്വർണ്ണം കേരളത്തിൽ

വിൽക്കുന്നുവെന്ന് പറയുമ്പോൾ സ്വാഭാവികമായും നമുക്ക് നഷ്ടപ്പെടുന്ന ടാക്സ് എത്രയാണെന്ന് കണക്ക് കൂട്ടാവുന്നതേയുള്ളൂ. അത് തടയുന്നതിനായി എന്ത് നടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേരളമാണ് ഇ-വേ ബിൽ സമ്പ്രദായം വേണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ശക്തമായി ആവശ്യപ്പെട്ടത്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും ധനകാര്യ വകുപ്പുമന്ത്രിമാർ അടങ്ങുന്ന ജി.എസ്.ടി. കൗൺസിലിൽവച്ച് സബ് കമ്മിറ്റിയുണ്ടാക്കുകയും ആ സബ് കമ്മിറ്റിയുടെ പ്രൊപ്പോസൽ നൽകിക്കൊണ്ട് ഞങ്ങൾ പറഞ്ഞത് ഇന്ത്യയിൽ എവിടെനിന്ന് സ്വർണ്ണവും രത്നവും കൊണ്ടുവന്നാലും ഇ-വേ ബിൽ വേണമെന്നാണ്. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും സ്വർണ്ണം കൊണ്ടുവരുമ്പോൾ സെക്യൂരിറ്റി പ്രശ്നങ്ങളുണ്ടെന്നാണ് ജി.എസ്.ടി. കൗൺസിൽ പറഞ്ഞത്. ബോംബെയിൽനിന്നും സ്വർണ്ണവുമായി ഒരാൾ വരുന്നു അല്ലെങ്കിൽ ഒരു വാഹനം വരുന്നുവെന്ന് അറിഞ്ഞാൽ തട്ടിക്കൊണ്ട് പോകുമെന്നാണ് അവരുടെ ന്യായം. അതുകൊണ്ട് Inter-state-ൽ ഇത് നടപ്പാക്കാൻ കഴിയില്ല,

എന്നാൽ സംസ്ഥാനങ്ങൾ തീരുമാനിക്കുകയാണെങ്കിൽ സംസ്ഥാനത്തിനകത്ത് (Intrastate) ഇ-വേ ബിൽ സമ്പ്രദായം നടപ്പാക്കാൻ സാധിക്കും. മതിയായ രേഖയില്ലാതെ സ്വർണ്ണവുമായി ആരെങ്കിലും പോകുകയാണെങ്കിൽ ബാക്കി എല്ലാ കാര്യത്തെയുംപോലെ അതും ടാക്സബിളാകും. ഇത് എത്രയോ കാലമായുള്ള കേരളത്തിന്റെ ആവശ്യമാണ്. അത് വന്നിട്ടുണ്ട്, ഇംപ്ലിമെന്റ് ചെയ്യണം. എന്നാൽ ഇ-വേ ബിൽ വന്നപ്പോൾ സ്വർണ്ണ വ്യാപാരികൾ അത് നടപ്പാക്കാൻ പാടില്ലെന്ന് പറഞ്ഞ് വലിയ സമരവും മാർച്ചും നടത്തുകയുണ്ടായി. അത് അങ്ങ് അറിഞ്ഞോയെന്ന് എനിക്ക് അറിയില്ല. ജനുവിൻ ബിസിനസ് നടത്തുന്ന വ്യാപാരികൾക്ക് സഹായകരമായ നിലപാട് മാത്രമേ സ്വീകരിക്കുവെന്നാണ് സ്വർണ്ണവ്യാപാരികളോട് ഞങ്ങൾക്ക് പറയാനുള്ളത്. കുറച്ച് ആളുകൾ ഇങ്ങനെ തെറ്റായ കാര്യങ്ങൾ ചെയ്യുന്നത് നമുക്ക് അംഗീകരിക്കാൻ സാധിക്കില്ല. സ്വർണ്ണം ഉൾപ്പെടെ എത്ര രൂപ വരുമെന്നതിന്റെ ആധികാരികമായ കണക്ക് എനിക്ക് അറിയില്ല. ഇതെല്ലാം ഊഹക്കണക്കുകളാണ്. എങ്കിലും ഈ മേഖലകളിൽ ഇത്തരം

പ്രശ്നങ്ങളുണ്ടെന്നുള്ളത് ഞങ്ങളും അംഗീകരിക്കുന്നു. അതുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ കൊണ്ടുവരുന്നതിനായി ശ്രമം നടത്തുന്നത്. പഴയ നികുതിയുടെ കാര്യത്തെക്കുറിച്ച് അങ്ങ് പറഞ്ഞല്ലോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെയടുത്ത് പെറ്റിഷനുമായി വന്ന ഒരാളെ അദ്ദേഹം എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. കട നടത്തുന്ന ആ വ്യക്തിക്ക് ടാക്സ് (VAT) ഇനത്തിൽ 200 കോടി രൂപയുടെ ഫൈൻ വന്നിരിക്കുകയാണ്. ഇതുപോലെ വലിയ ഫൈൻ അടിച്ചവരുണ്ട്. കോടതിയിൽ പോകണമെങ്കിൽ പഴയനിയമം അനുസരിച്ച് ഒരു ശതമാനം കെട്ടിവയ്ക്കേണ്ടത് ആവശ്യമാണ്. നൂറ് കോടി രൂപയുടെ കേസിനുവേണ്ടി ഒരാൾക്ക് കോടതിയിൽ പോകണമെങ്കിൽ ഒരു കോടി രൂപ കെട്ടിവയ്ക്കണം. തിരിച്ചു കിട്ടാത്ത സ്റ്റാമ്പ് ഫീസാണത്. കേസിനുള്ള സ്റ്റാമ്പ്, ഡ്യൂട്ടി ചാർജ്ജ്, കേസ് എക്സ്പെൻസ് ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് കഴിഞ്ഞ പ്രാവശ്യം ഈ സഭയിൽ ചർച്ചചെയ്ത് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത് ഇത്തരം കേസുകൾ കൃത്യമായി നടത്തി തീർപ്പുണ്ടാക്കാനാണ്. സ്വർണ്ണത്തിന്റെ കാര്യത്തിൽ ശക്തമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. അറിയാവുന്ന ആളുകളിൽനിന്നും

വിവരം ശേഖരിച്ച് കുറച്ച് കുറ്റക്കാരായ ആളുകളെ പിടികൂടിയാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. വിവരങ്ങൾ രഹസ്യമായി നൽകിയാൽ മതി, അത് ആരോടും പറയില്ലെന്ന് ഞാൻ ഉറപ്പ് നൽകാം. ഇത് കേരളത്തിന് ലഭിക്കേണ്ട പണമാണ്. ഇതിൽ ഒരു ഇളവും ആർക്കും ലഭിക്കില്ല, അത്തരം കാര്യങ്ങളിൽ യാതൊരു ഇളവും ഉണ്ടാകുകയില്ലെന്നതിന് ഒരു സംശയവും വേണ്ടെന്ന് ഞാൻ തുറന്നുപറയുകയാണ്. ജി.എസ്.ടി. ഡിപ്പാർട്ടുമെന്റിനെക്കുറിച്ചും നമ്മുടെ രാജ്യത്തുണ്ടായ വളർച്ചയെ സംബന്ധിച്ചും പൊതുകാര്യങ്ങൾ പറഞ്ഞു. ഞാൻ അതിലെ കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല.

സാമ്പത്തിക രംഗത്തെ ഇടപെടലിൽ, പ്രധാനമായും പെട്രോളിയം സെസ്സിന്റെ കാര്യത്തെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരുന്നത്. ആ സെസ്സിന്റെ കാര്യത്തിൽ ചില കണക്കുകൾ പറഞ്ഞു. കേരളത്തിലേയ്ക്ക് വരുന്ന കച്ചവടമാകെ കുറഞ്ഞുവെന്നു പറഞ്ഞു. കച്ചവടമാകെ കുറയുന്നൊരു സ്ഥിതിയില്ല. സാധാരണഗതിയിൽ മാർച്ച് മാസം കഴിഞ്ഞ് ഏപ്രിൽ

മാസമാകുമ്പോൾ കുറച്ച് കുറയും. ജൂൺ മാസം വീണ്ടും കൂടും. ഇതൊരു സൈക്ലിക്കലായ കാര്യമാണ്.

അങ്ങും മറ്റ് നേതാക്കന്മാരും പറഞ്ഞ ഒരു കാര്യം വളരെ ഗൗരവത്തിലെടുക്കുന്നു. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ഞങ്ങൾക്കും വിവരം ലഭിച്ചിട്ടുണ്ട്. ഡീസൽ കടത്തിക്കൊണ്ടുവന്ന് കേരളത്തിൽ വിൽക്കുന്ന സമ്പ്രദായം ചില സ്ഥലങ്ങളിലുള്ളതായി കണ്ടുപിടിക്കുകയും ആറുപേരെ പിടികൂടുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ബാക്കി നടപടികൾ നടക്കുകയാണ്. സംസ്ഥാനത്തെ പെട്രോൾ പമ്പ് ഡീലേഴ്സ് അസോസിയേഷന്റെ ആളുകൾ ഇക്കാര്യം സംബന്ധിച്ച് പരാതി വോയ്സ് നോട്ട് അയി അയച്ചിരുന്നു. എനിക്ക് നേരിട്ട് ലഭിച്ചതല്ല. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവിന്റെ സ്ഥലമായ തോട്ടപ്പള്ളിയിലെ കാര്യമാണ് പറഞ്ഞത്. എന്തെല്ലാമോ ചേർത്തുണ്ടാക്കുന്ന spurious diesel വാഹനങ്ങളിൽ അടിച്ചതുകാരണം കുറെ വണ്ടികളുടെ എഞ്ചിനും ഹെഡും കേടായി. ഡീസൽ വിലകുറച്ച് പുറത്തുനിന്നും കൊണ്ടുവരുന്നതാണെന്ന് പറഞ്ഞ് കള്ളത്തരം നടത്തുന്നതുകൊണ്ടാണ് ഞാൻ ഇക്കാര്യം സഭയിൽ പറയുന്നത്.

എങ്ങനെയാണ് ആ ഡീസൽ ഉണ്ടാക്കുന്നതെന്ന് എനിക്ക് അറിയില്ല. ഡീസൽ ചോർത്തുകയും കരിഓയിലും മറ്റ് വിലകുറഞ്ഞ സാധനങ്ങളും ചേർത്ത് ഡീസൽ ഉണ്ടാക്കുകയും വിൽക്കുകയും ചെയ്യുന്ന വലിയ ഡീസൽ മാഫിയകൾ മുംബൈ, താനെ ഹൈവേകളിലൊക്കെയുണ്ടെന്ന് മുമ്പ് ഞാൻ ചില ഇംഗ്ലീഷ് പത്രങ്ങളിൽ വായിച്ചിട്ടുണ്ട്. പണ്ട് പാർലമെന്റിൽ ഇക്കാര്യം ഉയർന്നുവന്നിട്ടുണ്ട്. അതുപോലുള്ള ഡീസൽ കൊണ്ടുവന്ന് ഉപയോഗിച്ചതിനാലാകാം കുറെ വാഹനങ്ങളുടെ ഹെഡ്ഡും എഞ്ചിനും കേടായിപ്പോയത്. ഇത്തരം അബദ്ധങ്ങളിൽ ഇനി ആരും വീഴരുതെന്ന് കരുതിയാണ് ഞാൻ ഇക്കാര്യം പറയുന്നത്. എന്നാൽ മത്സ്യമേഖലകളിലും ക്വാറി മേഖലകളിലും ഒരുമിച്ച് ഡീസൽ കൊണ്ടുവരുന്നുമുണ്ട്. അതിനെ സംബന്ധിച്ച് വലിയ തോതിൽ അന്വേഷണം നടത്തുന്നുണ്ട്. വ്യാജ ഡീസൽ കൊണ്ടുവരുന്നവർക്കെതിരെ കേസുകൾ എടുത്തിട്ടുണ്ട്.

3.30 PM]

ഇത്തരത്തിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യാജ ഡീസൽ വിൽക്കുന്ന ലോബികൾ വലിയ തോതിലുണ്ട്. ആ രംഗത്ത് ശക്തമായ നിലപാടെടുക്കാൻ

തീരുമാനിക്കുകയും നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ നമ്മുടെ കൈവശമുണ്ട്. കേരളത്തിൽ കൊല്ലം, തോട്ടപ്പള്ളി, എറണാകുളം, പെരുമ്പാവൂർ, കാസർഗോഡ്, കണ്ണൂർ തുടങ്ങിയ എല്ലാ സ്ഥലത്തും ഇത്തരം ചില പോക്കറ്റുകൾ വന്നിട്ടുണ്ട്. ഇത് വളരെ സീരിയസായ കാര്യമായതുകൊണ്ടാണ് പറയുന്നത്. ഡീസലിന്റെ വിലയിൽ 2 രൂപ സെസ് ഏർപ്പെടുത്തിയെന്ന് വികാരപരമായി പറയുമ്പോൾ ഇതുപോലെയുള്ള പ്രവണതകളുമുണ്ടാകും. അതുകൊണ്ട് അത്തരം ആളുകളെ നിരുത്സാഹപ്പെടുത്താനായി കളക്ടീവായി ആലോചിക്കേണ്ടതാണ്. ഒരു രൂപ, രണ്ടു രൂപ, അഞ്ചു രൂപ വ്യത്യാസമൊക്കെ നേരത്തേ മുതലുള്ളതാണെന്ന് മറ്റ് സംസ്ഥാനങ്ങളുടെ കണക്കെടുത്ത് പരിശോധിച്ചാൽ അറിയാൻ സാധിക്കും. ആന്ധ്രാപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലെ കണക്കെടുത്ത് പരിശോധിച്ചാൽ വ്യത്യാസം അറിയാൻ സാധിക്കും. ഈ മേഖലയിൽ വലിയ തോതിൽ വരുമാനം കുറഞ്ഞുപോകുന്ന സ്ഥിതിവരുമെന്ന് പ്രതീക്ഷിക്കുന്നില്ല. സോഷ്യൽ സെക്യൂരിറ്റി സെസ്സിനുവേണ്ടിയുള്ള ഒരു സീഡ് ഫണ്ട് അല്ലെങ്കിൽ അതിന്റെയൊരു ഭാഗം പത്തുശതമാനമെങ്കിലും

കിട്ടത്തക്കവിധത്തിൽ ഒരു ഫണ്ട് എന്ന നിലയിലേ കണ്ടിട്ടുള്ളൂ. ആ ഫണ്ട് വരുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് മുഴുവൻ കാര്യങ്ങളും നടക്കുമെന്നല്ല.

കേരളം ആകെ നശിച്ച് മുടിഞ്ഞ തറവാടാണ് എന്നൊക്കെ പറയുമ്പോൾ നിങ്ങൾ ഒരു കാര്യം ശ്രദ്ധിക്കണം. കേരളമെന്ന് പറഞ്ഞാൽ നമ്മുടെയെല്ലാം നാടല്ലേ; ഞങ്ങളുടെ ഇവിടെയൊന്നും മുടിഞ്ഞിട്ടില്ല, തിരുവഞ്ചൂർ ഭാഗത്തും ഹരിപ്പാട് ഭാഗത്തും മുടിഞ്ഞിട്ടില്ല. ചിലപ്പോൾ കായംകുളം ഭാഗത്തോ കൊല്ലം ഭാഗത്തോ മുടിഞ്ഞുകാണും എന്നാകും ആളുകൾ വിചാരിക്കുന്നത്. കാരണം ഈ മുടിവ് നിങ്ങളുടെ അവിടെയൊന്നും ഇല്ലല്ലോ. നിങ്ങൾ ആളുകളുടെ മനസ്സിൽ ആശങ്കയുണ്ടാക്കുകയാണ്. ഇനിയിപ്പോൾ പുതുപ്പള്ളിയിൽ പോയി നിങ്ങൾ പറയുന്നത്, പുതുപ്പള്ളിയൊഴിച്ച് ബാക്കി സ്ഥലത്തെല്ലാം മുടിഞ്ഞിരിക്കുകയാണെന്നാണ്. അങ്ങനെ പറയരുത്. ഇന്ത്യയിലാകെ ഇത് മുടിഞ്ഞോ ഇല്ലയോയെന്ന് നോക്കുന്നതിന് ചില yardstick ഉണ്ട്. 'നീതി ആയോഗ്' നടത്തിയ പഠനത്തിൽ ഇന്ത്യയിലെ എത്ര ഇനങ്ങളിലാണ് കേരളത്തിന് ഒന്നാം

സ്ഥാനം. ദാരിദ്ര്യ രേഖയാണ് ഏറ്റവും പ്രധാനം. കേരളത്തിൽ 0.5 ശതമാനം ആളുകളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളത്. തൊട്ടടുത്തുള്ള തമിഴ്നാട്ടിൽ 4.5 ശതമാനം ആളുകളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളത്. 45-50 ശതമാനം വരെയുള്ള സംസ്ഥാനങ്ങളുമുണ്ട്. ഓരോ സംസ്ഥാനത്തെയും രാഷ്ട്രീയ പാർട്ടിയുടെ അടിസ്ഥാനത്തിൽ അതെടുത്ത് പറയുന്നില്ല. ഭക്ഷണ രംഗത്ത് അതിദരിദ്രരായ 64000 പേരെ നമ്മൾ പ്രത്യേകം കണ്ടെത്തി. അവർക്കുവേണ്ടത് പ്രത്യേക പദ്ധതിയാണ്. പട്ടിണി എന്നുപറയുന്നത് ഭക്ഷണം കിട്ടാത്തതുമാത്രമല്ല മറ്റ് പല ജീവിത സൗകര്യങ്ങളുമില്ലാത്തതാണ്.

വിദ്യാഭ്യാസ ആരോഗ്യ സാമൂഹ്യ രംഗങ്ങളിൽ മെച്ചപ്പെട്ട അവസ്ഥയുണ്ട്. ഇന്ത്യയിലെ ഏതെങ്കിലും സംസ്ഥാനത്ത് ജനിക്കുന്നതിനേക്കാളും കേരളത്തിൽ ജനിച്ചു വീണാൽ പത്തുവർഷം ആയുസ് കൂടുതലാണെന്ന കാര്യമല്ലേ കേരളത്തിന്റെ ഏറ്റവും വലിയ ഗ്യാരന്റി. മുടിഞ്ഞ് കഴുക്കോൽ ഊരി വിൽക്കാനൊന്നും നിൽക്കുകയല്ല. മുടിഞ്ഞ് കഴുക്കോൽ ഊരി വിൽക്കാൻ നിൽക്കുന്ന ആളുകളുടെ കൈയിൽ ഇത് ഏൽപ്പിക്കാതെ

ഇടതുപക്ഷത്തിന്റെ കൈയിൽ ജനങ്ങൾ ഏൽപ്പിച്ചിരിക്കുകയാണ്. അത്തരമൊരു താരതമ്യം പറഞ്ഞതുകൊണ്ട് പറയുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേരളത്തിലെ ചെറുപ്പക്കാരിലെ നല്ലൊരു വിഭാഗം മൈഗ്രേറ്റ് ചെയ്തുപോകുകയാണ്. അങ്ങയുടെ കൈയിൽ ഇതിന്റെ കണക്ക് കാണും. അല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടോ ബന്ധപ്പെട്ട വകുപ്പിനോടോ ചോദിക്കണം. അത് കാണാതെയാണോ അങ്ങ് ഇത് പറയുന്നത്.

ശ്രീ. വി. ജോയി: സർ, കേരളത്തിൽ നീറ്റ് എഴുതി പാസ്സായി എം.ബി.ബി.എസ്.-ന്റെ റാങ്ക് ലിസ്റ്റിൽ വന്ന് ഗവൺമെന്റ് കോളേജിലോ അല്ലാത്ത കോളേജിലോ അഡ്മിഷൻ കിട്ടുന്ന ഏതെങ്കിലുമൊരു കുട്ടി കേരളം വിട്ടുപോയിട്ടുണ്ടോയെന്ന് അങ്ങയോട് കഴിഞ്ഞദിവസം ബഹുമാനപ്പെട്ട അംഗം ശ്രീ. വി. കെ. പ്രശാന്ത് ചോദിച്ചിരുന്നു. പക്ഷെ അങ്ങിവിടെ ഉണ്ടായിരുന്നില്ല. ഒരാളും പോകുന്നില്ല. അതാദ്യം മനസ്സിലാക്കണം. ഒരുപക്ഷെ അല്ലാതെയുള്ള ആളുകൾ പോകുമായിരിക്കും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഒരു വർഷം 350 ആളുകൾക്ക് അഡ്മിഷൻ കൊടുത്തുവെന്നതാണ് ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യമായി പറയുന്നത്. ആയിരക്കണക്കിന് ആളുകൾ കേരളത്തിൽനിന്നും പോകുന്നുണ്ടെന്ന സത്യം അങ്ങ് കാണണം. അങ്ങയുടെ നിയോജകമണ്ഡലമായ വർക്കലയിൽനിന്നും ചെറുപ്പക്കാരായ കുട്ടികൾ മൈഗ്രേറ്റ് ചെയ്ത് പോകുന്നില്ലേ; കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കുന്നത് എന്തിനാണ്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ആളുകൾ മൈഗ്രേറ്റ് ചെയ്ത് പോകുന്നതിനെക്കുറിച്ച് സൂചിപ്പിക്കാം. മറ്റൊരുകാര്യം, നമ്മുടെ തൊഴിൽ സ്ഥിതിയെ സംബന്ധിച്ചാണ്. യൂത്ത് കോൺഗ്രസിന്റെ രംഗത്ത് പ്രവർത്തിക്കുന്ന ചില ചെറുപ്പക്കാർ അവിടെയുണ്ടല്ലോ? ഇന്ത്യയിലാകെയുള്ള തൊഴിൽരംഗം നോക്കണം. ഇന്ത്യയിൽ സെൻട്രൽ ഗവൺമെന്റിന്റെ യു.പി.എസ്.സി.വഴി നിയമനം നടത്തേണ്ട തസ്തികകളിൽ പത്ത് ലക്ഷം വേക്കൻസികൾ ഉണ്ടെന്നാണ് കേരളത്തിൽനിന്നുള്ള എം.പി. ശ്രീ. വി. ശിവദാസൻ നൽകിയ ചോദ്യത്തിന് കഴിഞ്ഞ ദിവസം പാർലമെന്റിൽ

മറുപടി കൊടുത്തിരിക്കുന്നത്. കേരളത്തിൽ ഒരു തസ്തികയിലും വേക്കൻസിയില്ലെന്ന് മാത്രമല്ല, അമ്പതിനായിരത്തോളം ആളുകൾക്ക് ഇക്കഴിഞ്ഞ രണ്ടുവർഷംകൊണ്ട് നിയമനം നൽകിയെന്ന് ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഒന്നാം പിണറായി സർക്കാരിന്റെയും രണ്ടാം പിണറായി സർക്കാരിന്റെയും ഇതുവരെയുള്ള സമയമനുസരിച്ച് നാൽപ്പതിനായിരത്തോളം പുതിയ വേക്കൻസികൾ സൃഷ്ടിച്ചിട്ടുണ്ട്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഉള്ള വേക്കൻസികൾ റിപ്പോർട്ട് ചെയ്ത് തരണമെന്ന് പറഞ്ഞ് റാങ്ക് ലിസ്റ്റിൽപ്പെട്ട ചെറുപ്പക്കാർ ഈ സഭയുടെ ചുറ്റുവട്ടത്ത് ഇത്രയും നടക്കുമ്പോൾ അങ്ങ് എവിടെ നോക്കിയാണ് ഒരു തസ്തികയും ഒഴിഞ്ഞുകിടക്കുന്നില്ലെന്ന് പറയുന്നത്? ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കാത്ത കേന്ദ്ര സർക്കാരിന്റെ സമീപനത്തിനെതിരായി ശ്രീ. രാഹുൽ ഗാന്ധിയുൾപ്പെടെ രാജ്യം മുഴുവനും സമരം നടന്നല്ലോ? ഞങ്ങൾ അതിനെതിരെ അവിടെ സംസാരിക്കുന്നില്ലെന്നോ അതിനെതിരെ സമരം നടത്തിയില്ലെന്നോ അങ്ങ് പറയുകയുണ്ടായി. ഇന്നലെയും ദേശീയതലത്തിൽ

യൂത്ത് കോൺഗ്രസിന്റെ സമരമുണ്ടായിരുന്നു. കേരളത്തിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിലുൾപ്പെട്ട ചെറുപ്പക്കാർ, നമ്മുടെ വനിതകൾ, പോലീസ് റാങ്ക് ലിസ്റ്റിലുൾപ്പെട്ടവർ തുടങ്ങിയവരിൽനിന്നൊക്കെ ഇന്ന് രാവിലെ എനിക്ക് കിട്ടിയ നിവേദനം അങ്ങേയ്ക്ക് തരാം. അങ്ങ് ബഡ്ജറ്റിലും നയപ്രഖ്യാപനത്തിലും പ്രഖ്യാപിച്ച കാര്യങ്ങൾപോലും നടപ്പാക്കിയിട്ടില്ല. റാങ്ക് ലിസ്റ്റിൽപ്പെട്ട അദ്ധ്യാപകർ നിയമനം ലഭിക്കാത്തതിനാൽ അസോസിയേഷൻ രൂപീകരിച്ച് പരാതികളുമായി എം.എൽ.എ.-മാരെ മുഴുവൻ വന്നുകാണുകയാണ്. അതിനൊരു പരിഹാരമുണ്ടാകണം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഞാൻ പറഞ്ഞത് ഇന്ത്യയിലാകെ 33 ലക്ഷം പേരുടെ വേക്കൻസിയുണ്ട്. കേരളത്തിൽ ഒന്നാം പിണറായി സർക്കാരിന്റെ സമയത്തും ഈ സമയത്തുമായി ഏകദേശം നാൽപ്പതിനായിരത്തോളം പുതിയ വേക്കൻസികൾ സൃഷ്ടിച്ചിട്ടുള്ളത് ഇന്ത്യയിൽ ഒറ്റ സംസ്ഥാനത്തേയുള്ളൂ. മാത്രമല്ല, അഞ്ച്-അഞ്ചേകാൽ ലക്ഷത്തിൽനിന്നും ഇത്രയും വർദ്ധിച്ചതാണ്. പുതിയ നിയമനത്തെക്കുറിച്ചല്ല പറഞ്ഞത്. നാൽപ്പതിനായിരത്തോളം പുതിയ തസ്തികകൾ സൃഷ്ടിച്ചു.

കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ അമ്പതിനായിരത്തോളം പേരെ നിയമിച്ചു. അതിന് മുമ്പ് ഒന്നര രണ്ട് ലക്ഷത്തോളം പേരെ നിയമിച്ചിട്ടുണ്ട്. കൃത്യമായ കണക്കുകളുണ്ട്. രണ്ട്-രണ്ടേകാൽ ലക്ഷത്തോളം ആളുകളെ ഏഴ് വർഷത്തിനകം സംസ്ഥാനത്ത് നിയമിച്ചിട്ടുണ്ട്. പി.എസ്.സി.-ലിസ്റ്റ് സംബന്ധിച്ച് നിങ്ങൾ ആളുകൾക്ക് മിഥ്യാ ബോധം കൊടുക്കരുത്. പി.എസ്.സി. ലിസ്റ്റിൽ ആയിരം പേർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ നൂറ് വേക്കൻസിയെയുള്ളൂവെങ്കിൽ നൂറ് പേർക്കല്ലേ നിയമനം നൽകാൻ സാധിക്കൂ. ഇവിടുത്തെ പ്രശ്നം, ഡോക്ടർമാരുടെയോ, എഞ്ചിനീയർമാരുടെയോ, അദ്ധ്യാപകരുടെയോ, ക്ലാസ് ഫോർ ജീവനക്കാരുടെയോ, പോലീസുകാരുടെയോ ഒഴിവുകളുള്ള തസ്തികകളിൽ ആളുകളെ എടുക്കാതിരിക്കുന്ന പ്രശ്നമില്ല. പുതുതായി തസ്തിക സൃഷ്ടിക്കുകയല്ലേ ഈ സർക്കാർ ചെയ്തത്. അങ്ങനെ ആളുകളെ എടുക്കാതിരിക്കുന്നില്ലെന്ന് മാത്രമല്ല കെ.എ.എസ്. അടക്കമുള്ള പുതിയ സമ്പ്രദായം നടപ്പിലാക്കിയൊരു സംസ്ഥാനമാണ് നമ്മുടേത്. രാജസ്ഥാനിലെ കണക്ക് മുമ്പൊരിക്കൽ പറഞ്ഞിട്ടുള്ളതുകൊണ്ട് അത് പറയുന്നില്ല. എന്നാൽ ഇടതുപക്ഷം

ഇല്ലാതായാൽ എന്താണെന്നറിയാൻ വേണ്ടിയൊരു ഉദാഹരണം പറയാം. ബംഗാളിൽ മുപ്പത്തിനാല് വർഷക്കാലം എൽ.ഡി.എഫ് ആയിരുന്നു അധികാരത്തിലുണ്ടായിരുന്നത്. പക്ഷേ അധികാരത്തിൽനിന്ന് പോകുകയും കഴിഞ്ഞ പത്ത് പന്ത്രണ്ട് വർഷമായി അവിടെ തൃണമൂൽ കോൺഗ്രസാണ് അധികാരത്തിലിരിക്കുന്നതും. കഴിഞ്ഞ പന്ത്രണ്ട് വർഷമായി ബംഗാളിൽ പി.എസ്.സി.-വഴി പതിനായിരത്തിൽ താഴെ ആളുകളെ മാത്രമേ നിയമിച്ചിട്ടുള്ളൂ. കേരളത്തിന്റെ ഇരട്ടി ജനസംഖ്യയുള്ള സംസ്ഥാനമാണ്. എന്നുമാത്രമല്ല കേരളത്തിൽ 13,300 സ്കൂളുകളുണ്ട്. ഇന്ത്യയിൽ ശരാശരിയിലധികം സ്കൂളുകളുള്ള സംസ്ഥാനമാണ് കേരളം. ഒരു ഘട്ടത്തിൽ ഞങ്ങൾക്ക് മാതൃക ബംഗാളിലെ സ്കൂൾ എഡ്യൂക്കേഷനായിരുന്നു. ധാരാളം സ്കൂളുകളുള്ള സ്ഥലമായിരുന്നു. ആ ബംഗാളിൽ മൂന്നോ നാലോ മാസം മുമ്പ് 8300 സ്കൂളുകൾ അടച്ചുപൂട്ടാൻ ഉത്തരവ് പുറപ്പെടുവിച്ചു. അതായത് പകുതിയോളം സ്കൂളുകൾ അടച്ചുപൂട്ടാൻ തീരുമാനിച്ചു. ഇടതുപക്ഷമുള്ളിടത്തും ഇടതുപക്ഷം അധികാരത്തിൽനിന്നും പോകുന്നിടത്തുമുള്ള വ്യത്യാസം ഞാൻ ചൂണ്ടിക്കാണിച്ചെന്നേയുള്ളൂ. ഈ ബുദ്ധിമുട്ടുകൾക്കെല്ലാമിടയിലും സ്കൂൾ

മേഖലയിലെ ആറായിരത്തോളം ഒഴിവുകളാണ് ഇപ്പോൾ അംഗീകരിച്ചത്. ഇക്കാര്യങ്ങളൊക്കെ ചെയ്യുമ്പോൾ ഇന്നത്തെ ധനസ്ഥിതി അനുസരിച്ച് നല്ല ബുദ്ധിമുട്ടുണ്ട്. പക്ഷേ ആറായിരത്തി ചില്വാനം തസ്തികകളാണ് ഒഴിഞ്ഞുകിടന്നത്. ഇത്രയും തസ്തികകൾ അംഗീകരിക്കുന്നൊരു സ്ഥലത്ത്, ഏത് ഗവൺമെന്റ് ആയിക്കോട്ടെ, ഒരിക്കലും ഇനി യു.ഡി.എഫ്. അധികാരത്തിൽ വരില്ലെന്ന് വിചാരിച്ചാൽ നിങ്ങൾക്കെന്തെങ്കിലും പ്രചാരണം നടത്താം. വരുമെന്നുണ്ടെങ്കിൽ സീരിയസായേ കാര്യങ്ങൾ കാണാൻ പറ്റൂ. പ്രൂഡന്റായ ഒരു ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്റീവ് സംവിധാനം വേണമെന്ന് നേരത്തെ മുൻപ്രതിപക്ഷ നേതാവ് പറഞ്ഞു. പ്രൂഡന്റായ ഒരു അഡ്മിനിസ്ട്രേറ്റീവ് സംവിധാനത്തിനകത്ത് ഇത്തരം ആളുകളെയൊക്കെ നിലനിർത്തി കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള ശ്രമമാണ് ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, മലപ്പുറത്ത് പുതിയ സ്കൂൾ ഇല്ല. അക്കാര്യം പരിഗണിക്കണം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> സർ, വഴങ്ങിക്കഴിഞ്ഞാൽ സമയത്തിന്റെ പ്രശ്നമുണ്ട്. മലപ്പുറത്തും കാസർഗോഡും ജില്ലകളിയിലൊക്കെ ധാരാളം പുതിയ ഇൻവെസ്റ്റ്മെന്റ് വരുന്നു. പെരിന്തൽമണ്ണയിലെ സ്കൂളിന്റെ കാര്യമല്ലേ രാവിലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്.

<u>ശ്രീ. നജീബ് കാന്തപുരം:</u> സർ, അപ്രൂവൽ ലഭിക്കാതെ പതിനായിരക്കണക്കിന് അദ്ധ്യാപകർ പുറത്തുനിൽക്കുകയാണ്. ഇപ്പോഴും നിരവധി സ്കൂളുകളിൽനിന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ നിവേദനങ്ങൾ നൽകാൻ ആളുകൾ വരുന്നുണ്ട്......(ബഹളം).... നിങ്ങളുടെ നിയോജകമണ്ഡലത്തിലും നോക്കു.

<u>ശ്രീ. പി. നന്ദകുമാർ:</u> സർ, റവന്യൂ കമ്മി കുറയ്ക്കുന്നതിനുവേണ്ടി രാജസ്ഥാനിലും ബംഗാളിലും മറ്റ് സംസ്ഥാനങ്ങളിലും റിക്രൂട്ട്മെന്റ് ഇല്ലാതാക്കുകയും റിട്ടയർ ചെയ്ത ആളുകൾക്ക് 30 ശതമാനത്തോളം മാത്രം ശമ്പളം നൽകി നിയമിക്കുന്ന ഒരു നടപടി സ്വീകരിക്കുന്നതായി താങ്കളുടെ അറിവിലുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ സർക്കാർ ജീവനക്കാരുള്ളത് ഏറ്റവും വലിയ സംസ്ഥാനമായ രാജസ്ഥാനിലാണ്. നമ്മുടെ ഇരട്ടിയിൽ കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനമാണ് രാജസ്ഥാൻ. അവിടെ എട്ട് ലക്ഷം പേരാണ് സർക്കാർ സർവ്വീസിലുള്ളത്. അവിടെ ഒരു വർഷം ശരാശരി 8000 പേർക്കേ ഇപ്പോൾ പി.എസ്.സി. നിയമനം നൽകുന്നുള്ളൂ. ഗുജറാത്തിൽ 628 പേർക്കും പശ്ചിമ ബംഗാളിൽ 937 പേർക്കുമാണ് പി.എസ്.സി. നിയമനം നൽകുന്നത്. കേരളത്തിൽ 137000 ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് നൽകുന്നുണ്ട്. ശരാശരി 30000 ത്തോളം ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നുണ്ട്. ഇതെല്ലാം കണക്കുകളാണ്.

മി. സ്പീക്കർ: യെസ്...യെസ്.... ബഹുമാനപ്പെട്ട മന്ത്രി പ്ലീസ് കൺക്ലൂഡ്. ഇനിയും വഴങ്ങേണ്ട.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വഴങ്ങിക്കഴിഞ്ഞാൽ സമയത്തിന്റെ പ്രശ്നമുണ്ട്. എനിക്ക് വഴങ്ങിക്കൊടുക്കുന്നതിൽ ഒരു ബുദ്ധിമുട്ടുമില്ല. സമയം നിശ്ചയിക്കുന്നത് ബഹുമാനപ്പെട്ട ചെയറാണ്.

നികുതിയുടെ കാര്യമല്ല. പൊതുവിലെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ചുള്ള കാര്യമാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ രണ്ട് വർഷം കൊണ്ട് 26,000 കോടി രൂപയുടെ വർദ്ധനയാണ് നമ്മുടെ ആഭ്യന്തര വരുമാനത്തിലുണ്ടായത്. ഈ സെഷനിൽ ഇനിയും ചർച്ചയുണ്ടാകില്ല. അടുത്ത ഒരു സെഷനിലായാലും കേരളത്തിന്റെ പൊതുസമീപനം സംബന്ധിച്ച് ചർച്ച ചെയ്യുകയും കേന്ദ്രത്തിന്റെ മുമ്പിൽ അതിശക്തമായി ഉന്നയിക്കുകയും വേണം. ഇത് നേരത്തെയും പറഞ്ഞിട്ടുള്ളതാണ്. വീണ്ടും ഞാൻ അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ ദിവസം എം.പി. മാരുടെ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇക്കാര്യം പറഞ്ഞിരുന്നു. എം.പി.-മാർ ഒരുമിച്ചുപോയി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ കാണണമെന്ന് പറഞ്ഞു. കാരണം അത്രയേറെ ഗുരുതരമായ സ്ഥിതിയാണ് കേരളത്തിലുള്ളത്. നമുക്ക് ലഭിച്ചുകൊണ്ടിരുന്ന പണം വലിയ തോതിൽ വെട്ടിക്കുറയ്ക്കുകയാണ്. നേരത്തെ ജി.എസ്.ഡി.പി.-യുടെ അഞ്ച് ശതമാനം വായ്പ എടുക്കാമായിരുന്നു. അത് ഇപ്പോൾ വെട്ടിക്കുറച്ച് മൂന്ന് ശതമാനമാക്കി. അഞ്ച് ശതമാനമാണെങ്കിൽ 20,000 കോടി രൂപയിലധികം കടം

എടുക്കാമായിരുന്നു. നാല് ശതമാനമാണെങ്കിൽ 10,000 കോടി രൂപ മാത്രമേ കടം എടുക്കാൻ സാധിക്കുകയുള്ളൂ. 19,000 കോടി രൂപയുടെ ഡെഫിസിറ്റ് ഗ്രാന്റ് ഇല്ലാതാക്കി. ജി.എസ്.ടി. കോമ്പൻസേഷൻ 12,000 കോടി രൂപ ഇല്ലാതാക്കി. അതുകൂടാതെ കിഫ്ബിയിലൂടെ വായ്പയെടുക്കുന്നതിന്റെ പേരിൽ പണം വെട്ടിക്കുറയ്ക്കുകയാണ്. വിഴിഞ്ഞം തുറമുഖത്തിനായാലും സർക്കാർ ഗ്യാരന്റിയിലാണ് നബാർഡിൽനിന്നോ ഹഡ്കോയിൽനിന്നോ കടം എടുക്കുന്നത്. ഓരോ സ്ഥാപനങ്ങളും സർക്കാർ ഗ്യാരന്റിയിലാണ് കടമെടുക്കുന്നത്. അത് സർക്കാരിന്റെ കടമായിട്ടാണ് ഇപ്പോൾ കണക്കാക്കുന്നത്. ഇതുവരെയില്ലാത്ത കാര്യങ്ങളാണിത്. ലോകത്തിലെതന്നെ ഏറ്റവും വലിയ പത്ത് തുറമുഖങ്ങളിൽ ഒന്നാകാൻ പോകുന്ന വിഴിഞ്ഞം തുറമുഖം കടം എടുക്കുമ്പോൾ കൊടുക്കുന്ന സർക്കാർ ഗ്യാരന്റിപോലും സർക്കാരിന്റെ കടപരിധിയിൽ വെട്ടിക്കുറയ്ക്കുമെന്ന് പറഞ്ഞിരിക്കുകയാണ്. ഇതൊക്കെ ബഹുമാനപ്പെട്ട പിണറായി വിജയൻ എന്ന മുഖ്യമന്ത്രിയുടെയും ഈ മന്ത്രിസഭയുടെയും ഭരണപക്ഷത്തിരിക്കുന്ന അംഗങ്ങളുടെയും പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങളുടെയും മാത്രം കാര്യമല്ല.

കേരളത്തിലേയും ഇന്ത്യയിലേയുംതന്നെ കോടിക്കണക്കിന് ആളുകളുടെ മുന്നിലേയ്ക്കുവരുന്ന കാര്യമാണ്. ഇതാണ് കടമെടുക്കുന്ന കാര്യത്തിൽ കേന്ദ്രം എടുക്കുന്ന സമീപനം. അതിന്റെ ഭാഗമായി നമ്മുടെ വരുമാനത്തിൽ വലിയ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടെന്നത് സത്യമാണ്. ഇലക്ട്രിസിറ്റി മേഖലയിലെ പരിഷ്കാരങ്ങൾക്ക് 0.5 ശതമാനം അധികവായ്പ നേടിയെടുക്കുന്നതിൽ കേരളം എന്തോ കുഴപ്പം കാണിച്ചെന്ന് ഇവിടെ പറഞ്ഞല്ലോ. ഇപ്പോൾ വൈദ്യുതി വകുപ്പുമന്ത്രി സഭയിലില്ല. അന്നേരം വൈദ്യുതി വകുപ്പുമന്ത്രി അതിന് മറുപടി പറയുന്നുണ്ടായിരുന്നു. കഴിഞ്ഞ വർഷംവരെ അത് ലഭിച്ചിട്ടുണ്ട്. വൈദ്യുതി വകുപ്പിന് ലഭിക്കാനുള്ള 0.5 ശതമാനം അധികവായ്പ ലഭിക്കുന്നതിനുള്ള എല്ലാ കാര്യങ്ങളും നിയമമനുസരിച്ച് കേരളം കൃത്യമായി ചെയ്തിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ കഴിഞ്ഞ വർഷത്തെ ആകെ റവന്യൂ ചെലവിന്റെ 45 ശതമാനം കടമാണ്. നാൽപ്പത്തിയഞ്ച് ലക്ഷം കോടി രൂപയുടെ ആകെയുള്ള ചെലവിൽ പതിനേഴ് ലക്ഷം കോടി രൂപ കടമാണ് കേന്ദ്രഗവൺമെന്റ് എടുക്കുന്നത് എന്നുപറഞ്ഞാൽ കടത്തിന്റെ 40 ശതമാനം വരും. കേരളത്തിന് അങ്ങനെയുള്ള കടങ്ങളുണ്ടോ? എന്നുമാത്രമല്ല ശ്രീ. രമേശ് ചെന്നിത്തല

സംസാരിച്ചപ്പോൾ ഇവിടെ പറഞ്ഞത് എഫ്.ആർ.ബി.എം. ആക്ട് പ്രകാരം മൂന്ന് ശതമാനം മാത്രമേ കടം എടുക്കാൻ സാധിക്കുകയുള്ളൂവെന്ന്. കേന്ദ്ര ഗവൺമെന്റിന് ഇത് ബാധകമാണോയെന്ന് ഞാൻ ചോദിച്ചു. കേന്ദ്ര ഗവൺമെന്റിനും ഇത് ബാധകമാണെന്നാണ് പറഞ്ഞത്. കേന്ദ്ര ഗവൺമെന്റ് 6.45 ശതമാനമാണ് കഴിഞ്ഞ വർഷം കടമെടുത്തത്. അവർക്ക് എന്തും ചെയ്യാം. എന്നുമാത്രമല്ല റിസർവ് ബാങ്ക് കേന്ദ്ര ഗവൺമെന്റിന്റെ പരിധിയിലായതുകൊണ്ട് എല്ലാ നയങ്ങളും തീരുമാനിക്കുന്നത് അവരാണ്. കേരളത്തിന് മൂന്ന് ശതമാനം മാത്രമേ കടം എടുക്കാൻ സാധിക്കുകയുള്ളൂ. എ.ജി.-യുടെ ഫൈനൽ അക്കൗണ്ട് അനുസരിച്ച് കഴിഞ്ഞ വർഷം 2.25 ശതമാനം മാത്രമേ കടം എടുക്കാൻ സാധിക്കുകയുള്ളൂ. കിഫ്ബിയിൽനിന്നും പെൻഷൻ കമ്പനിയിൽനിന്നും എടുത്ത കടങ്ങളെല്ലാം കുറച്ചിട്ട് 2.25 ശതമാനം കടം എടുക്കാനെ സമ്മതിച്ചുള്ളൂ. ഇന്ത്യൻ പാർലമെന്റിൽ ഉൾപ്പെടെ ഇക്കാര്യങ്ങൾ സംബന്ധിച്ച് കണക്ക് അംഗീകരിച്ചതാണ്. കേന്ദ്ര ഗവൺമെന്റ് 6.4 ശതമാനം കടം എടുക്കുന്നുണ്ട്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുമായി ഇതുസംബന്ധിച്ച് സംസാരിച്ചപ്പോൾ

കേരളത്തെ ഇത്തരം ഒരു സ്ഥിതിയിലേയ്ക്ക് എത്തിച്ചത് കേന്ദ്ര ഗവൺമെന്റാണെന്ന് പറയുകയുണ്ടായി. ഒരു ചെറിയ കണക്കുകൂടി ഞാൻ പറയാം. കേരളത്തിന് ഒരു ലക്ഷം കോടി രൂപ റവന്യൂ വരുമാനം ഉണ്ടായിരുന്ന സമയത്ത് അതിൽ 55,000 കോടി രൂപ കേരളം ഉണ്ടാക്കുന്ന വിവിധ നികുതി വഴിയും ബാക്കി 45,000 കോടി രൂപ കേന്ദ്ര ഗവൺമെന്റ് കേരളത്തിൽനിന്ന് പിരിക്കുന്ന നികുതിയുടെ ഭാഗമായി ലഭിച്ചുകൊണ്ടിരുന്നതുമാണ്. അത് കുറഞ്ഞുവന്ന് ഈ വർഷം 71,000 കോടി രൂപ കേരളം സമാഹരിക്കണമെന്ന സ്ഥിതിയാണ്. ബാക്കി 30,000 കോടി രൂപയിൽ താഴെ മാത്രമേ കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റായി ലഭിക്കുന്നുള്ളൂ. ഇങ്ങനെ ഒരു സംസ്ഥാനത്തെ ശ്വാസം മുട്ടിക്കുമ്പോൾ കേവലം രാഷ്ട്രീയ കാര്യങ്ങൾക്കുവേണ്ടി ഇത് കാണാതെ, ചർച്ച ചെയ്യാതെ, കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൾക്കെതിരെ അഭിപ്രായം പറയാതിരുന്നാൽ കേരളത്തിലെ ജനങ്ങൾ നമ്മളെ വെറുതെ വിടുമോ? അതുകൊണ്ട് ഇത്രയും ഗുരുതരമായ പ്രശ്നമുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ

എടുത്തുനോക്കിയാൽ ഉത്തർപ്രദേശിനും ബീഹാറിനും 40 ശതമാനം വരുമാനമുണ്ടാക്കിയാൽമതി. ബാക്കി അവർക്ക് ഗ്രാന്റായി ലഭിക്കുകയാണ്.

നികുതിയുടെ പൊതുകാര്യങ്ങളെക്കുറിച്ച് പറഞ്ഞിട്ട് പിന്നെയൊരു പ്രസംഗം തന്നെ നടത്തുകയുണ്ടായി - ഇപ്രാവശ്യം മാവേലി കേരളത്തിൽ വരത്തില്ലെന്ന്. ഞാൻ എത്ര പ്രാവശ്യം വഴങ്ങി. ഇനിയും വഴങ്ങുന്നതിൽ എനിക്ക് പ്രശ്നമില്ല. മൂവാറ്റുപുഴയിലെ അംഗം വളരെ മോശപ്പെട്ട കാര്യമാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് ഞാൻ പറഞ്ഞാൽ അദ്ദേഹം എഴുന്നേറ്റാൽ ഞാൻ വഴങ്ങണം. ഞാൻ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. ഇവിടെ സിവിൽസപ്ലൈസ് വകുപ്പും ധനകാര്യ വകുപ്പും തമ്മിൽ തർക്കമാണെന്നും അതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ പറയുകയാണ്. ഞാൻ അത് ഇന്നലെ പറഞ്ഞുതീർത്ത കാര്യമാണ്. അങ്ങനെ ഇല്ലാത്ത കാര്യങ്ങളാണ് പറയുന്നത്. കെ.എസ്.ആർ.ടി.സി.-യെ കൊന്നതുപോലെ സിവിൽ സപ്ലൈസ് വകുപ്പിനെ കൊല്ലുകയാണെന്നും ധനകാര്യ വകുപ്പുമന്ത്രിയും സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയും തമ്മിൽ തർക്കമാണെന്നുമൊക്കെ പറഞ്ഞാൽ ആളുകൾ കണ്ടുകൊണ്ടിരിക്കുകയല്ലേ; അതുകൊണ്ടാണ് അതിൽ എനിക്ക് ഒരു

ക്ലാരിഫിക്കേഷൻ വേണമെന്ന് പറഞ്ഞത്. അല്ലാതെ ഇടതുപക്ഷം മഹാമോശമാണെന്ന് പ്രതിപക്ഷം വിമർശിച്ചുകഴിഞ്ഞാൽ ഉടനെ ഭരണപക്ഷം എഴുന്നേറ്റ് വിശദീകരണം ഒന്നും നൽകുന്നില്ല. പ്രതിപക്ഷം അത് പറയും ഇടതുപക്ഷത്തിന് പറയാനുള്ള കാര്യങ്ങൾ ഞങ്ങളും പറയും. രാഷ്ട്രീയ വിമർശനമൊക്കെയാകാം. പക്ഷെ വ്യക്തിപരമായും വകുപ്പുകളെ സംബന്ധിച്ചും പറഞ്ഞതുകൊണ്ടുമാത്രമാണ് ഇടപെട്ടത്. ഇപ്പോൾ ഇവിടെ ഡോ. മാത്യു കുഴൽനാടനെക്കുറിച്ച് അങ്ങനെയെന്തെങ്കിലും ഒരു കാര്യം പറഞ്ഞോ? ഡോ. മാത്യു കുഴൽനാടൻ ചെയ്യുന്നത് ശരിയല്ല, തെറ്റായ കാര്യങ്ങളാണ് പ്രചരിപ്പിക്കുന്നതെന്നൊന്നും ഞാൻ പറഞ്ഞില്ല. ചർച്ച വരുമ്പോൾ സമയമുണ്ടെങ്കിൽ ഒന്ന് വഴങ്ങുന്നത് എനിക്കും നല്ലതാണ്. പക്ഷേ സമയത്തിന്റെ പ്രശ്നമുണ്ട്. നേരത്തെ ജി.എസ്.ടി.-യുടെ കാര്യത്തിലെല്ലാം വഴങ്ങിയതാണ്. അതുകൊണ്ട് അങ്ങനെ പറയുന്നത് ശരിയല്ല.

തിരുവഞ്ചൂരും ഹരിപ്പാട്ടും കുഴപ്പമൊന്നുമില്ല, ബാക്കി സ്ഥലങ്ങളിലെല്ലാം കുഴപ്പമാണ് എന്ന രീതിയിലാണ് ഇവിടത്തെ ചർച്ചകേട്ടാൽ

ഏതൊരാൾക്കും തോന്നുന്നത്. കേരളത്തിൽ 62 ലക്ഷത്തിലധികം ആളുകൾക്ക് സോഷ്യൽ സെക്യൂരിറ്റി ഇനത്തിൽ 1800 കോടി രൂപയിലധികമാണ് നൽകിയത്. ഈ സർക്കാർ ആളുകളെ സംരക്ഷിക്കുന്നവരാണെന്ന് തെളിയിക്കാൻ ഇനിയെന്താണ് വേണ്ടത്? ഇവിടെ ഓണച്ചന്തകളുടെ കാര്യം സൂചിപ്പിച്ചു. 1500 കൺസ്യൂമർ ഫെഡ് ചന്തകൾ ആരംഭിക്കും. സപ്ലൈകോയുടെ മാവേലിസ്റ്റോറുകൾ ആയിരക്കണക്കിലധികമാണ് പ്രവർത്തിക്കുന്നത്. അതിന്റെ തുകയും നെല്ലിന്റെ പണത്തിന്റെ കാര്യവുമൊക്കെ കൃത്യമായി സൂചിപ്പിക്കാവുന്നതാണ്. നെല്ലുസംഭരണവുമായി ബന്ധപ്പെട്ട് 3000 കോടിയോളം രൂപ ബാങ്കിൽനിന്ന് ലഭിക്കും. രണ്ടായിരം കോടിയോളം രൂപ കേന്ദ്രത്തിൽനിന്നും വരും. ബാക്കിത്തുക ഞങ്ങൾ നൽകുന്നതാണ്. ഭക്ഷ്യസുരക്ഷ വളരെ പ്രധാനമാണ്. നെൽകൃഷിക്കാർ കൃഷി ചെയ്യണം. അതുകൊണ്ടാണ് അവർക്ക് 8 രൂപയ്ക്കുമുകളിൽ സർക്കാർ സബ്സിഡി നല്കുന്നത്. ഇന്ത്യയിൽ കേരളത്തിൽ മാത്രമാണ് ഈ സംവിധാനമുള്ളത്. ഓരോ വർഷവും ആയിരം കോടിയിലധികം രൂപ കൊടുത്തുകൊണ്ടിരിക്കുകയാണ്. നല്ല രീതിയിലുള്ള നെൽകൃഷി ഇവിടെയുണ്ടാകണമെന്ന ലക്ഷ്യത്തോടുകൂടിയാണ്

അത് ചെയ്യുന്നത്. അതും ഭക്ഷ്യ സുരക്ഷയുടെ ഭാഗമായാണ്. സിവിൽസപ്ലൈസിന്റെ കാര്യത്തിൽ, ബാങ്കിന്റെ കൺസോർഷ്യം 700 കോടി രൂപ തരാമെന്ന് പറഞ്ഞതിൽ അവരുടെ ഭാഗത്തുനിന്ന് കുറച്ച് കാലതാമസമുണ്ടായി. ... (ബഹളം).... നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ ഏകദേശം ആയിരം കോടി രൂപ ആ രീതിയിൽ തന്നെ വരും. 250 കോടി രൂപയുടെ ധനവിനിയോഗവുമായി ബന്ധപ്പെട്ട നടപടിക്രമം നടക്കുന്നു. ഞങ്ങൾ ബാങ്ക് കൺസോർഷ്യവുമായി സംസാരിച്ചപ്പോൾ 700 കോടി രൂപ അടുത്ത ദിവസങ്ങളിൽ തരുമെന്ന് ഉറപ്പുനൽകുകയും അതുമായി ബന്ധപ്പെട്ട് സബ്കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ആകെ തുകയുടെ കാര്യമല്ല സൂചിപ്പിച്ചത്. ബാക്കിയെല്ലാം കൊടുത്തുതീർത്തു. (...ബഹളം...)

മി. സ്പീക്കർ: പ്ലീസ്... ശ്രീ. ഷാഫി പറമ്പിൽ.... താങ്കൾ സീറ്റിലിരിക്കണം.. സമയം അധികമായി.. പ്ലീസ്.. നെൽ കർഷകരുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നേരത്തേ സൂചിപ്പിച്ചതായിരുന്നല്ലോ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നെല്ലുമായി ബന്ധപ്പെട്ട വിഷയത്തിൽ, നമ്മളാദ്യം കൃഷിക്കാർക്ക് പണം കൊടുക്കുകയാണ്. രണ്ടായിരം

മുതൽ മൂവായിരത്തോളം കോടി രൂപ നല്കുന്നുണ്ട്. അതിൽ മൂന്നിലൊരു ഭാഗം സബ്സിഡിയാണ്. ശേഷിക്കുന്ന തുക കേന്ദ്രം പിന്നീടുമാത്രമേ നല്കുകയുള്ളൂ. ആദ്യം നിശ്ചിത തുക നൽകും. ആറുമാസം കഴിഞ്ഞാണ് 2000 കോടിയോളം രൂപ കേരളത്തിലെത്തുന്നത്. ഇത്തവണ ബാങ്കുകളുടെ ഭാഗത്തുനിന്ന് വന്ന കാലതാമസത്തിന്റെ പ്രശ്നമാണുണ്ടായത്. അത് പരിഹരിച്ചിട്ടുണ്ട്. 250 കോടി രൂപയോളം ഇപ്പോൾ നൽകുന്നുണ്ട്. കുറച്ചുപേരുടെ പണം നൽകിയിട്ടുമുണ്ട്. ഏതായാലും ആ പണം കിട്ടിക്കഴിയുമ്പോഴെങ്കിലും പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്ന് നല്ലരീതിയിലുള്ള സംസാരമുണ്ടാകണമെന്ന് ആഗ്രഹിക്കുകയാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, കാര്യങ്ങൾ വേറൊരുരീതിയിലും പറയുന്നതാണെന്ന് കരുതരുത്. നല്ലതുപറയാൻ ആഗ്രഹമില്ലാത്തതുകൊണ്ടല്ല. പണം കൊടുക്കാൻ ബുദ്ധിമുട്ടുന്നതിന്റെ കാര്യം അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. പല കർഷകർക്കും ഒന്നാംവിള കൃഷിയിറക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇക്കാര്യം പാലക്കാട് ജില്ലയിൽനിന്നുള്ള എം.എൽ.എ.-മാരോട് അങ്ങ് ചോദിച്ചുനോക്കണം. ഒന്നാംവിള കൃഷിയിറക്കുന്ന കാര്യത്തിൽ താമസമുണ്ടാകുമെന്ന് അവർ പ്രതീക്ഷിച്ചതല്ല. കടമെടുത്തും പലിശയെടുത്തും

കർഷകർക്ക് വലിയ നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. അവരുടെ സിബിൽ റേറ്റിംഗിനെപ്പോലും ബാധിക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ പോകും. കഴിഞ്ഞ സർക്കാരിലെ ധനകാര്യവകുപ്പുമന്ത്രിയുടെ അവസാന ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച ഒരു കാര്യം ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. സംഭരണ വിലയുടെ സംസ്ഥാന വിഹിതമായി 9.32 രൂപ വരെയാക്കുമെന്ന് പ്രഖ്യാപിക്കുകയും അന്നതിന് പ്രചാരണം ലഭിക്കുകയും ചെയ്തു. എന്നാൽ ഇപ്പോഴും സംസ്ഥാന വിഹിതം 7.80 രൂപയാണ് കൊടുക്കുന്നത്. അതിൽ കൂടുതൽ കൊടുക്കുന്നില്ല. കൂടാതെ നെല്ലിന്റെ വില 32 രൂപയിലധികം ആകുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതും കൈയടിയോടുകൂടി പാസ്സാക്കിയതാണ്. പ്രഖ്യാപിച്ചതും ബഡ്ജറ്റ് പ്രസംഗത്തിലുമുള്ള കാര്യങ്ങൾ പോലും ഇതുവരെ നടപ്പായിട്ടില്ല. കർഷകർ വലിയ ദുരിതത്തിലാണ്. അവരുടെ പ്രയാസത്തെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കാൻ ശ്രമിച്ചത്. പണം കൊടുത്താലും കൃഷി നടത്താൻ കഴിയാതെ വരുന്ന കർഷകർക്ക് ആരാണ് നഷ്ടപരിഹാരം നൽകുന്നത്?..

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഈ വർഷം ഒരു രൂപ നൽകി. കഴിഞ്ഞ വർഷം 1.34 രൂപ കൂട്ടി. അതുരണ്ടും ഇവിടെയുണ്ടായില്ല. അതിനുമുമ്പത്തെ വർഷം ചരിത്രത്തിലാദ്യമായി കർഷകർക്ക് നൽകുന്ന പണത്തിൽനിന്ന് 40 പൈസ കുറവുവരുത്തി.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേന്ദ്രസർക്കാർ നൽകുന്നത് 20.40 രൂപയാണ്. നമ്മൾ കൊടുക്കുന്നത് 28.20 രൂപയും. ദയവായി താങ്കളൊന്ന് കണക്കുകൂട്ടി നോക്കണം. സാധാരണയായി,ർ കേന്ദ്രസർക്കാർ അനുവദിക്കുന്ന തുക 6 മാസം കഴിഞ്ഞിട്ടാണ് നമുക്ക് കിട്ടുന്നത്. എന്തായാലും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഒരു കാര്യത്തെക്കുറിച്ച് വിശദീകരിക്കാം. ബാങ്കിന്റെ കൺസോർഷ്യം 700 കോടി രൂപയാണ് ഏറ്റവും ഒടുവിൽ തരാമെന്ന് പറഞ്ഞത്. അത് നൽകുന്നതിൽ കുറച്ച് കാലതാമസമുണ്ടായിട്ടുണ്ട്. ബാക്കി തുക ലഭ്യമായതാണ്. നിലവിൽ അത് കൊടുത്തുതീർത്തിട്ടുമുണ്ട്.

ഓണക്കാലത്തെ സംബന്ധിച്ച് സൂചിപ്പിക്കുകയാണെങ്കിൽ, ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് ചെന്നിത്തല ഇവിടെയില്ലെങ്കിലും അദ്ദേഹത്തിനോടുംകൂടിയാണ് പറയുന്നത്. കേരളത്തിലേയ്ക്ക് മവേലി വരുന്നതിന്

തടസ്സം ഉണ്ടാകുമെന്ന് കരുതുന്ന സാഹചര്യമില്ല. ഏറ്റവും സന്തോഷത്തോടുകൂടി മവേലി ഇവിടെ വരികയും ഇക്കാര്യങ്ങൾ കാണുകയും ചെയ്യും. ഭയം കാരണം തിരുവഞ്ചൂരിലും ഹരിപ്പാടും വരാതിരിക്കുമോയെന്ന് നോക്കിയാൽ മതി. അത്തരത്തിലുള്ള തെറ്റിദ്ധാരണകളല്ലേ സംസാരത്തിലുടനീളം പറഞ്ഞുകൊണ്ടേയിരിക്കുന്നത്. കേരളത്തിലെ വിപണികളിൽ ആവശ്യത്തിലധികം സാധനങ്ങളുണ്ടാകും. ഓണത്തിന് ഒരുതരത്തിലും ബുദ്ധിമുട്ടുണ്ടാകില്ല. എല്ലാ മേഖലയിലും പരമാവധി കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കും. അതേസമയം കേരളത്തിൽ എല്ലാത്തിനും വളരെ മെച്ചമായ രീതിയിൽ പണം കിട്ടുമെന്നല്ല. അതിന് തുക കേന്ദ്രത്തിൽനിന്നും വാങ്ങിയെടുത്തേ മതിയാകൂ. അത് കേരളത്തിലെ ജനങ്ങളുടെ പ്രശ്നമല്ല. ഇക്കാര്യങ്ങളെല്ലാം സർക്കാർ ഉന്നയിക്കേണ്ട കാര്യങ്ങൾ തന്നെയാണ്.

ആശുപത്രിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ചികിത്സയുമായി ബന്ധപ്പെട്ട് 540 കോടി രൂപയാണ് സ്റ്റേറ്റ് ഹെൽത്ത് അതോറിറ്റിക്ക് വകയിരുത്തിയിട്ടുള്ളത്. 1540 കോടിരൂപയാണ് കൊടുത്തത്. ഇവിടെ ഫണ്ട് കട്ടിംഗിന്റെ കാര്യം

സൂചിപ്പിക്കുകയുണ്ടായി. മറ്റ് പ്ലാനുകളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കഴിഞ്ഞ തവണ 100 ശതമാനത്തിനടുത്താണ് ഫണ്ട് കൊടുത്തത്. ഓരോ ക്വാർട്ടറിലും കൊടുക്കേണ്ട തുക നിശ്ചയമായും കൊടുക്കുന്നുണ്ട്. കൈത്തറി തൊഴിലാളികൾക്ക് 50 കോടിരൂപയോളം കൊടുത്തിട്ടുണ്ട്. കാഷ്യൂ ബോർഡിന് 43 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആദ്യമായിട്ടാണ് കശുവണ്ടി തൊഴിലാളികൾക്ക് പ്രത്യേക പദ്ധതി നടപ്പാക്കുന്നത് എന്നതു സംബന്ധിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കയർ മേഖലയിലെ തൊഴിലാളികൾക്കുണ്ടായിരുന്ന സ്കീം പോലെ ഈ മേഖലയിലും ഒരു പുതിയ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചു. അവരുടെ പി.എഫ്.-ലും ചെറിയൊരു ഭാഗം നമ്മൾ കൊടുക്കുകയാണ്. സ്വകാര്യ മേഖലയോടൊപ്പം കോംമ്പറ്റീറ്റീവായി നിൽക്കാൻ കഴിയണം. കയർ, കശുവണ്ടി മേഖലകൾ ഉൾപ്പെടെ മറ്റുമേഖലകളിലും ഇക്കാര്യങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. വ്യവസായ വകുപ്പുമന്ത്രി സഭയിൽ പ്രസംഗിക്കുന്ന അവസരത്തിൽ, നിങ്ങളെല്ലാവരും ഖാദി വസ്ത്രം ധരിക്കണമെന്ന് പറയുന്നതെന്തുകൊണ്ടാണ്? ആ മേഖലയിൽ കൂടുതൽ ഉപയോഗമുണ്ടാകാൻ

വേണ്ടിയാണ്. അങ്കണവാടികളിൽ മാട്രസസ്സ് വാങ്ങി നൽകാൻ എം.എൽ.എ.-മാർക്ക് ചെറിയ തുക അനുവദിച്ചിട്ടുണ്ട്. കയർഫെഡിന്റെ കുറച്ചധികം സാധനങ്ങൾ ചെലവാകണമെന്നതാണ് ഉദ്ദേശ്യം. ഖാദിയായാലും കൈത്തറിയായാലും നമ്മൾ കൂടുതൽ ഉപയോഗിക്കണം. ആളുകളിൽ ഇവയുടെ ഉപയോഗം കൂട്ടാൻ വേണ്ടിയാണ് ഇത്തരം കാര്യങ്ങൾ ചെയ്തുകൊണ്ടേയിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.യുടെ കാര്യത്തിൽ വലിയ രോദനമാണല്ലോ. കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ കിട്ടാതെ ആളുകൾ ആത്മഹത്യ ചെയ്ത കാലമൊന്നും ആരും മറന്നിട്ടില്ലെന്ന് ബഹുമാനപ്പെട്ട അംഗം തിരുവഞ്ചൂർ രാധാകൃഷ്ണനെ ഓർമ്മിപ്പിക്കുകയാണ്. ഒന്നാം പിണറായി സർക്കാർ വന്നശേഷമാണ് എല്ലാ മാസവും 70 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് കൊടുക്കാമെന്ന നിലപാടെടുത്തത്. അത് ഇപ്പോഴും അനുവദിക്കുന്നുണ്ട്. 50 കോടിയോളം രൂപ ശമ്പള ഇനത്തിൽ കൊടുക്കുന്നുണ്ട്. ഇതൊക്കെ സാധാരണഗതിയിൽ ബുദ്ധിമുട്ടുള്ള കാര്യങ്ങളാണ്. ഇത്തരം സാഹചര്യങ്ങളിൽ സർക്കാരുകൾ സാധാരണ വിസമ്മതിക്കുകയാണ് പതിവ്. നമ്മുടെ സർക്കാരായതുകൊണ്ടാണ് ഇത്തരത്തിലുള്ള എല്ലാ ആനുകൂല്യങ്ങളും

അനുവദിക്കുന്നത്. എല്ലാം വിറ്റ് പൂട്ടിപ്പോകുന്ന അവസ്ഥ ഇതുവരെയുണ്ടായിട്ടില്ല. എല്ലാ മേഖലയിലും ഇത്തരത്തിലുള്ള ഒരുപാട് കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ച് കൂടി സൂചിപ്പിച്ചതിനുശേഷം ഞാൻ പ്രസംഗം അവസാനിപ്പിക്കാം. ഒരു ഏജൻസിയുടെ കീഴിൽ 7500 വിദ്യാർത്ഥികളാണ് കഴിഞ്ഞ ദിവസം എറണാകുളം ജില്ലയിൽ നിന്ന് വിദേശരാജ്യങ്ങളിലേയ്ക്ക് യാത്ര തിരിച്ചത്. ഉന്നതവിദ്യാഭ്യാസ മേഖലയിലും ശാസ്ത്ര-ഗവേഷണ മേഖലയിലും ഏറ്റവും കൂടുതൽ ജോലി സാധ്യതയുണ്ടാകാനുള്ള കാര്യങ്ങൾ സർക്കാർ ചെയ്തുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ വന്ദേ ഭാരത് ഉദ്ഘാടനം ചെയ്യുന്നതിനായി ഇന്ത്യൻ പ്രധാനമന്ത്രി കേരളത്തിലെത്തി; അത് നല്ല കാര്യം; നിലവിലെ റെയിൽവേ ട്രാക്കുകളിലെ പരിമിതിയുടെ അടിസ്ഥാനത്തിൽ കുറച്ചുകൂടി മെച്ചപ്പെട്ട റെയിൽവേ ട്രാക്കുകൾ അനുവദിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടു; അതിന്റെ നിക്ഷേപ തുക 94 കോടി രൂപയാണ്. സംസ്ഥാന മുഖ്യമന്ത്രിയും സർക്കാരും ആവശ്യപ്പെട്ട പ്രകാരം അന്നേദിവസം രണ്ട് പദ്ധതികൾക്ക്

ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. ഇതിലൊന്ന്, തിരുവനന്തപുരം ജില്ലയിലെ ഡിജിറ്റൽ സയൻസ് പാർക്ക്; നിർമ്മാണം പൂർത്തിയാകുമ്പോൾ 1515 കോടിയോളം രൂപയാകുമെന്ന് കണക്കാക്കപ്പെടുന്നു. ഡിജിറ്റൽ ടെക്നോളജിയിലെ ചിപ് മേക്കിംഗ് അടക്കമുള്ള ഫാബ് ടെക്നോളജി ഇതിലുൾപ്പെടും. ഇതു ഡെവലപ് ചെയ്യുകയാണെങ്കിൽ സംസ്ഥാനത്ത് തൊഴിൽ സാധ്യത വർദ്ധിക്കും. കൊച്ചി വാട്ടർ മെട്രോ പദ്ധതിയാണ് രണ്ടാമത്തേത്. നാല് സയൻസ് പാർക്കുകൾ പറഞ്ഞതിൽ ഒരു സയൻസ് പാർക്ക് ആരംഭിക്കുകയും മൂന്ന് സയൻസ് പാർക്കുകളുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ച് വരികയും ചെയ്യുന്നു. ഇതിൽ ആധുനിക ഗവേഷണത്തിന് സൗകര്യം ഏർപ്പെടുത്തുകയും അവിടെതന്നെ പുതിയ സ്റ്റാർട്ടപ്പും വ്യവസായങ്ങളും ആരംഭിക്കാനും താമസിക്കാനുമുള്ള സ്ഥലമാണ്. ഇതുസംബന്ധിച്ച് കഴിഞ്ഞ ദിവസം വ്യവസായ വകുപ്പുമന്ത്രി സഭയിൽ സൂചിപ്പിക്കുകയുണ്ടായി. സുഗന്ധവ്യഞ്ജനങ്ങളിൽനിന്നുള്ള സത്ത് വേർതിരിച്ച് അത് കയറ്റുമതി ചെയ്യുന്ന കമ്പനി നമ്മുടെ സംസ്ഥാനത്താണ്. അക്കാര്യത്തിൽ നമുക്ക്

അഭിമാനിക്കാം. ലോകത്തിൽ ഏറ്റവുംകൂടുതൽ ബ്ലഡ് ബാഗുകൾ നിർമ്മിക്കുന്ന കമ്പനിയും നമ്മുടെ സംസ്ഥാനത്താണ്. കൃത്രിമപ്പല്ലുകൾ ഏറ്റവും കൂടുതൽ നിർമ്മിക്കുന്നത് മൂവാറ്റുപുഴയിലെ ഒരു കമ്പനിയിലാണ്.

മി.സ്പീക്കർ: ബ്ലഡ് ബാഗുകൾ നിർമ്മിക്കുന്ന കമ്പനിയും മൂവാറ്റുപുഴ തന്നെയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതുപോലുള്ള ധാരാളം കമ്പനികൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ വ്യക്തികൾ ആവശ്യമില്ലെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. സ്വകാര്യ വ്യക്തികളും നല്ല രീതിയിൽ ബിസിനസ് ചെയ്യേണ്ടത് ആവശ്യമാണ്. സ്വകാര്യ വ്യക്തികൾ ബിസിനസ് ചെയ്യുന്നില്ലെന്നാണ് പ്രതിപക്ഷാംഗങ്ങൾ നേരത്തെ സൂചിപ്പിച്ചത്. ഇപ്പോൾ അത് മാറ്റിപ്പറയുകയും ചെയ്യുന്നു. (ബഹളം).......

ഡോ. മാത്യു കുഴൽനാടൻ: സർ, ഞങ്ങൾ വെറുതെ തർക്കിക്കാനും ബഹളം വയ്ക്കാനുംവേണ്ടി പറഞ്ഞതല്ല. അങ്ങ് ഇങ്ങനെ ആകരുത് എന്നാണ് എന്റെ അഭിപ്രായം. അങ്ങ് വളരെ സത്യസന്ധതയോടുകൂടി സംസാരിക്കുന്ന ആളാണ്. അങ്ങ് ഇവിടെ രാജസ്ഥാന്റെ കാര്യം പറഞ്ഞു. അങ്ങ്

അറിഞ്ഞിട്ടാണോ അറിയാൻ പാടില്ലാഞ്ഞിട്ടാണോ ഇങ്ങനെ പറയുന്നത് എന്നറിയില്ല.

മി. സ്പീക്കർ: പ്ലീസ് ... പ്ലീസ്... കുറെ സമയമായി.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പറയട്ടെ. സംസാരിക്കാൻ വേണ്ടിയല്ലേ നിയമസഭ. രാജസ്ഥാനിൽ എത്ര റിക്രൂട്ട്മെന്റ് ബോർഡ് ഉണ്ടെന്ന് അറിയാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞ സ്ഥിതിക്ക് ഇനി വഴങ്ങുന്നില്ല. ഞാൻ ഉപസംഹരിക്കുകയാണ്. ഈ പരിമിതിക്കകത്ത് എല്ലാ മേഖലയിലും നമ്മളെ ശ്വാസം മുട്ടിക്കാൻ കേന്ദ്രം ശ്രമിക്കുകയാണ്. മൂവാറ്റുപുഴ, പെരുമ്പാവൂർ, പാലക്കാട് അടക്കമുള്ള സ്ഥലങ്ങളിൽ എത്ര മേഖലകളിലാണ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിച്ചിരിക്കുന്നത്. പാലക്കാട് വഴിയല്ലേ കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി; അക്കാര്യങ്ങളൊക്കെ പണം മാറ്റിവച്ച് ചെയ്യുന്നുണ്ടല്ലോ?

<u>ശ്രീ. റോജി എം. ജോൺ</u>: സർ, രാവിലെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഗിഫ്റ്റ് സിറ്റിയുമായി ബന്ധപ്പെട്ട് ഇവിടെ സംസാരിച്ചു. നോട്ടിഫിക്കേഷൻ ഇറക്കി മൂന്ന് വർഷമായിട്ടും അവിടത്തെ കൃഷിക്കാർക്കോ, ഭൂഉടമകൾക്കോ, സാധാരണക്കാരായ ആളുകൾക്കോ അവരുടെ ഭൂമി പണയപ്പെടുത്തുവാനോ ലോൺ എടുക്കുവാനോ വിൽപ്പന നടത്തുവാനോ സാധിക്കുന്നില്ല. എന്നാൽ അവരുടെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നുമില്ല. കെ-റെയിലിനുവേണ്ടി കല്ലിട്ട ഭൂമിയുടെ അവസ്ഥയിലേക്ക് ഗിഫ്റ്റ് സിറ്റിയും മാറിയിരിക്കുകയാണ്. ഗവൺമെന്റ് അവരുടെ ഭൂമി ഏറ്റെടുത്ത് എത്രയും പെട്ടെന്ന് പണം നൽകണം. ധനകാര്യവകുപ്പ് കിഫ്ബിയുമായി ബന്ധപ്പെട്ട് പണം കൈമാറാത്തതുകൊണ്ടാണ് ഈ നടപടിക്രമങ്ങൾ മുന്നോട്ട് പോകാത്തതെന്ന് എല്ലാവർക്കുമറിയാം. എന്നാൽ അക്കാര്യം ഗവൺമെന്റ് സമ്മതിച്ച് തരില്ലെന്നും എനിക്കറിയാം. പല തടസ്സവാദങ്ങളും ഉന്നയിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, രാവിലെ ബഹുമാന്യനായ അംഗത്തിന് സമയം കിട്ടാത്തതുകാരണം ടി

വിഷയം ചോദിക്കാൻ കഴിഞ്ഞില്ല. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി രണ്ടാം നോഡിലായിരുന്നു. രണ്ടാം നോഡെന്നു പറയുമ്പോൾ ശരിക്കും നാലുവർഷം കഴിഞ്ഞാൽ മാത്രമേ മറ്റുനടപടിയിലേക്ക് പോകാൻ സാധിക്കുകയുള്ളൂ. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതുപ്രകാരം ഒന്നാം നോഡിൽതന്നെ ഉൾപ്പെടുത്തി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അഞ്ഞൂറ് ഏക്കറിന് അഞ്ഞൂറ് കോടി രൂപയാണ് സർക്കാർ തത്വത്തിൽ അംഗീകരിച്ച് നൽകിയത്. ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെയുള്ളവർ ആവശ്യപ്പെട്ടതനുസരിച്ച് ചർച്ച നടത്തി ജനവാസമേഖല ഒഴിവാക്കി 358 ഏക്കറാക്കിയപ്പോൾ എണ്ണൂറ് കോടി രൂപ കൊടുക്കേണ്ട സ്ഥിതിവന്നു. അങ്ങനെ വന്നപ്പോൾ അത് അംഗീകരിക്കാനുള്ള സാങ്കേതികമായ നടപടിക്രമങ്ങളുണ്ട്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ചിരുന്നെങ്കിലും മറ്റ് യോഗങ്ങൾ നീണ്ടുപോയതുകാരണം അത് മാറ്റിവച്ചു. നിയമസഭ കൂടുന്ന ഈ സന്ദർഭത്തിൽതന്നെ യോഗം ചേർന്ന് അതിന് ആവശ്യമായ തീരുമാനമെടുക്കാം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇവിടെ കരാറുകാർക്ക് പതിനായിരം കോടി രൂപയുടെ കുടിശ്ശിക നൽകാനുണ്ടെന്ന് പറഞ്ഞു. എവിടെനിന്നുകിട്ടി നിങ്ങൾക്ക് ഈ കണക്ക്. സഭയിൽ അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറയാൻ പാടില്ല. ഇവിടെ ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനങ്ങൾ നിലവിലുണ്ട്. കഴിഞ്ഞ ദിവസം കരാറുകാരുടെ ഒരു സമ്മേളനത്തിൽ പങ്കെടുത്തപ്പോൾ കുടിശ്ശിക കിട്ടാത്ത പരാതിയൊന്നും അവർക്കില്ലെന്നാണ് പറഞ്ഞത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബിൽ വരുന്നതനുസരിച്ച് അനുവദിക്കുന്നുണ്ട്. എല്ലാ സ്ഥലങ്ങളിലും നിർമ്മാണം നടക്കുന്നുണ്ട്, അവിടെ ബിൽ ഡിസ്കൗണ്ടിംഗ് സ്കീമും ലഭ്യമാണ്. അപ്പോൾ ഇല്ലാത്ത കാര്യങ്ങൾ പറയാൻ പാടില്ല. ഇവിടെ ആസ്തി വികസന ഫണ്ടിൽ പണം വരുന്നില്ലെന്നത് ടെക്നിക്കലായി പണം മാറ്റിയെടുക്കുന്ന കാര്യമല്ലാതെ വേറൊരു തടസ്സവുമില്ല. അതുപോലെ മെഡിസെപ്പിന്റെ കാര്യം ഇവിടെ പറഞ്ഞു. മെഡിസെപ്പിന് ഗവൺമെന്റാണ് നേതൃത്വം കൊടുക്കുന്നതെങ്കിലും പൊതുമേഖലാ സ്ഥാപനമായ ഓറിയന്റൽ ഇൻഷ്വറൻസിനാണ് അതിന്റെ ചുമതല. 500 കോടി രൂപയ്ക്ക് താഴെയാണ്

അവർക്ക് പ്രീമിയം കൊടുത്തിട്ടുള്ളത്. ഇപ്പോൾത്തന്നെ എഴുന്നൂറ് കോടിയോളം രൂപയുടെ ക്ലെയിം കൊടുത്തിട്ടുണ്ടെന്നാണ് നിലവിലുള്ള കണക്കിൽനിന്നും മനസ്സിലാക്കുന്നത്. ഇക്കാര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റ് നമ്മളെ ശ്വാസം മുട്ടിക്കുന്നുണ്ട്. എന്നാൽ ഒരു കാര്യത്തിനും തടസ്സം വരാതെ മുന്നോട്ടു പോകുന്നുണ്ട്. തുടർന്നും കേന്ദ്രം ഇങ്ങനെയുള്ള നിലപാടുകൾ എടുക്കുകയാണെങ്കിൽ നമുക്ക് കൂടുതൽ ബുദ്ധിമുട്ടാകും. അതുകൊണ്ട് കേരളത്തിൽ യു.ഡി.എഫ്.-ന് എന്നെങ്കിലും ഭരണത്തിൽ വരണമെന്ന് ആഗ്രഹമുണ്ടെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള നിലപാടിനെതിരെ സമരം ചെയ്യാൻ നിങ്ങൾ തയ്യാറാകണം. ഇപ്പോൾ നിങ്ങൾ ഞങ്ങളെയാണ് കുറ്റം പറഞ്ഞുകൊണ്ടിരിക്കുന്നത്.

പബ്ലിക് വർക്കിൽ കിഫ്ബിയുംകൂടി ചേർന്ന് സാധാരണ വരുന്നതിന്റെ ഇരട്ടി ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് കഴിഞ്ഞ അഞ്ചാറ് വർഷമായി നടക്കുകയാണ്. അങ്ങനെ വരുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെതിരെ ശക്തമായി പ്രതികരിച്ചില്ലെങ്കിൽ അപകടമാണ്. കേന്ദ്രത്തിലെ ഒരു മന്ത്രിതന്നെ ഇവിടെ വന്നിട്ട് സംസ്ഥാന സർക്കാരിന്റെ

കടപരിധി വെട്ടിക്കുറയ്ക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞതും നമ്മളതിന് തടസ്സം പറഞ്ഞതുമെല്ലാം നിങ്ങൾക്കറിയാം. അങ്ങനെ പറഞ്ഞതിന്റെ പേരിൽ തൊട്ടടുത്തയാഴ്ച അയ്യായിരം കോടി രൂപ നൽകുകയും ചെയ്തു. ആ തുക അനുവദനീയമായിട്ടുള്ളതാണ്. എന്തായാലും ടാക്സ് സംബന്ധിച്ചുള്ള ഈ ട്രിബ്യൂണലുകൾ കച്ചവടക്കാർക്ക് കൂടുതൽ സഹായകരമാകും. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നും അതിനുശേഷം വിശദമായി ചർച്ച ചെയ്യാമെന്നും അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയുടെ 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിൽ ഇല്ല)

മി. സ്പീക്കർ: ഭേദഗതി നിരാകരിച്ചിരിക്കുന്നു.

2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ....... ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 ആഗസ്റ്റ് മാസം 10-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.07-ന് പിരിഞ്ഞു).

* * *

## അനുബന്ധം –1

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ

6(*36) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി കെൽട്രോൺ ടെൻഡർ വിളിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ?

ടെൻഡറുകൾ വിളിച്ചിരുന്നു.

(ബി) ഇതുസംബന്ധിച്ച് കെൽട്രോൺ പ്രസിദ്ധീകരിച്ച ടെൻഡർ ഡോക്യുമെന്റിൽ സാങ്കേതികമായും സാമ്പത്തികമായും യോഗ്യതയുള്ള

ഒറിജിനൽ ഇക്വിപ്മെന്റ് മാനുഫാക്ചറർ (ഒ.ഇ.എം.) അല്ലെങ്കിൽ ഒ.ഇ.എം.-ന്റെ അംഗീകൃത വെണ്ടർക്ക് മാത്രമേ ടെൻഡർ നൽകാൻ സാധിക്കുകയുള്ളൂ എന്ന് നിഷ്കർഷിച്ചിരുന്നോ?

നിഷ്കർഷിച്ചിരുന്നു.

(സി) കെൽട്രോണിന്റെ പ്രസ്തുത ടെൻഡർ നേടിയ എസ്.ആർ.ഐ.ടി. എന്ന സ്ഥാപനം ഒ.ഇ.എം. അല്ലെങ്കിൽ ഒ.ഇ.എം.-ന്റെ അംഗീകൃത വെണ്ടർ ആണോ എന്ന് വ്യക്തമാക്കാമോ?

എസ്.ആർ.ഐ.ടി. എന്ന സ്ഥാപനം ഒ.ഇ.എം.-ന്റെ അംഗീകൃത വെണ്ടർ ആണ്. കെൽട്രോണിന്റെ ടെണ്ടർ ഡോക്യുമെന്റിൽ എല്ലാ ഉപകരണങ്ങളുടെയും വിശദമായ സ്പെസിഫിക്കേഷനും, ടെക്നിക്കൽ ഡീറ്റയിൽസും നിഷ്കർഷിച്ചിട്ടുണ്ട്. ടെണ്ടറിൽ പങ്കെടുത്ത കമ്പനികൾ പ്രസ്തുത സ്പെസിഫിക്കേഷനുമായി യോജിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ അവർ സപ്ലൈ ചെയ്യുന്ന ഉപകരണങ്ങളുടെ മാനുഫാക്ചർസ് ഓതറൈസേഷൻ ഫോം (MAF) സമർപ്പിക്കാനും ടെണ്ടറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇതിൻപ്രകാരം എസ്.ആർ.ഐ.ടി. പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി കെൽട്രോൺ

ടെൻഡറിൽ നിഷ്കർഷിച്ചിട്ടുള്ള സ്പെസിഫിക്കേഷനുമായി യോജിക്കുന്ന മാനുഫാക്ചർസ് ഓതറൈസേഷൻ ഫോം (MAF) സമർപ്പിച്ചിട്ടുണ്ട്.

(ഡി) എസ്.ആർ.ഐ.ടി. എന്ന സ്ഥാപനം സമർപ്പിച്ച ടെക്നിക്കൽ ഡോക്യുമെന്റിൽ ഉപകരാർ സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

എസ്.ആർ.ഐ.ടി. സമർപ്പിച്ച ടെക്നിക്കൽ ഡോക്യുമെന്റിൽ ഉപകരാർ സംബന്ധിച്ച വിവരങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഉപകരാർ വ്യവസ്ഥകൾ എസ്.ആർ.ഐ.ടി.-യും ഉപകരാറിൽ ഏർപ്പെട്ട സ്ഥാപനങ്ങളും തമ്മിലാണ് നടപ്പിലാക്കേണ്ടത്.

### എം.എസ്.എം.ഇ.-കളുടെ പ്രവർത്തന വിപുലീകരണം

7(*37) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) ചെറുകിട, സൂക്ഷ്മ, ഇടത്തരം വ്യവസായ സംരംഭങ്ങളെ (എം.എസ്.എം.ഇ.) പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ നടപ്പാക്കിയ സംരംഭകത്വ വർഷം പദ്ധതി എത്രത്തോളം വിജയകരമായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. കേരള സർക്കാർ, 2022-23 സാമ്പത്തിക വർഷം "സംരംഭക വർഷം" ആയി പ്രഖ്യാപിക്കുകയും അതിന്റെ ഭാഗമായി 'ഒരുലക്ഷം സംരംഭങ്ങൾ' എന്ന പദ്ധതി നടപ്പാക്കുകയും ചെയ്തു. ഒരു വർഷത്തിൽ കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പദ്ധതി ആരംഭിച്ച് 245 ദിവസം കൊണ്ട് പദ്ധതി ലക്ഷ്യം കൈവരിച്ചു. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 2022-23 സാമ്പത്തിക വർഷം 139,840 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 8422 കോടി രൂപയുടെ നിക്ഷേപവും 300051 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

(ബി) സംസ്ഥാനത്തെ ആയിരം എം.എസ്.എം.ഇ. വ്യവസായ സംരംഭങ്ങളെ മൂന്ന് വർഷത്തിനുള്ളിൽ നൂറ് കോടി വീതം ടേണോവർ ഉള്ള സ്ഥാപനങ്ങളാക്കി മാറ്റുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ **MSME**-കളിൽ നിന്നും തിരഞ്ഞെടുത്ത **1000 MSME**-കളെ ശരാശരി **100** കോടി വിറ്റുവരവുള്ള യൂണിറ്റുകളായി **4** വർഷത്തിനുള്ളിൽ ഉയർത്തിക്കൊണ്ട് വരാനുള്ള പദ്ധതിയാണ് മിഷൻ- **1000.**

വസ്തുനിഷ്ഠവും സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് MSME -കളെ സ്കെയിൽ അപ്പ് സ്കീമിനായി തിരഞ്ഞെടുക്കുന്നത്.

1. സ്കെയിൽ അപ്പ് മിഷൻ പദ്ധതിയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് MSME-കൾക്ക് ആവശ്യമായ യോഗ്യതകൾ:

1. UDYAM രജിസ്ട്രേഷനോടെ കേരളത്തിൽ രജിസ്റ്റർ ചെയ്ത ഒരു MSME ആയിരിക്കണം.
2. കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തനത്തിലായിരിക്കണം (2023 മാർച്ച് 31 വരെ).
3. ഉത്പാദന/സേവന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവ ആയിരിക്കണം.

2. പദ്ധതിയിലേയ്ക്ക് അപേക്ഷിക്കാൻ ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. നിക്ഷേപം, വാർഷിക വിറ്റുവരവ്, ലാഭം, ശേഷി

വിനിയോഗം, കയറ്റുമതി, ജീവനക്കാർ, പ്രമോട്ടർമാരുടെ CIBIL സ്കോർ, മുൻഗണനാ മേഖലയിലുള്ള വ്യവസായങ്ങൾ, ലഭിച്ച സർട്ടിഫിക്കേഷനുകളുടെ വിശദാംശങ്ങൾ തുടങ്ങിയ, പോർട്ടലിൽ MSME-കൾ സമർപ്പിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി, ഒരു സ്കോറിംഗ് മാനദണ്ഡം ഉപയോഗിച്ച് എം.എസ്.എം.ഇ -കളെ റാങ്ക് ചെയ്യും. റാങ്ക് ലിസ്റ്റിൽ നിന്ന് മികച്ച 1000 യൂണിറ്റുകളെ സ്കെയിൽ അപ്പ് മിഷൻ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കും.

3. സ്കെയിൽ അപ്പ് മിഷൻ പദ്ധതിയിലേയ്ക്ക് തിരഞ്ഞെടുക്കുന്ന യൂണിറ്റുകൾക്കുള്ള വിവിധ പ്രോത്സാഹനങ്ങൾ:

1. മൂലധന നിക്ഷേപ സബ്സിഡി
2. പ്രവർത്തന മൂലധന വായ്പയുടെ പലിശ സബ്സിഡി
3. സ്കെയിലിംഗിനായി ഡിപിആർ തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം

തിരഞ്ഞെടുക്കപ്പെട്ട ഓരോ എം.എസ്.എം.ഇ-ക്കും വിവിധ സ്കെയിലിംഗ് അനുബന്ധ പ്രവർത്തനങ്ങളിൽ അവരെ സഹായിക്കാൻ വ്യവസായ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതാണ്.

(സി) കേരളത്തിൽ പ്രവർത്തനം ആരംഭിച്ച എം.എസ്.എം.ഇ-കളുടെ വളർച്ചയ്ക്കായി പുതിയ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിൽ പ്രവർത്തനം ആരംഭിച്ച എം.എസ്.എം.ഇ-കളുടെ വളർച്ചയ്ക്കായി ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

**നിലവിലുള്ള എം.എസ്.എം.ഇ-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനായുള്ള പദ്ധതി**

നിലവിലുള്ള എം.എസ്.എം.ഇ-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിന് പിന്തുണ നൽകുന്നതിന് പ്രഖ്യാപിച്ച പദ്ധതിയാണിത്.

ഉത്പാദന സേവന മേഖലയിൽ നിലവിൽ പ്രവർത്തിക്കുന്നതും 31/3/2023 വരെയുള്ള കാലയളവിൽ കുറഞ്ഞത് 3 വർഷമായി പ്രവർത്തിച്ച

വരുന്നതും സ്റ്റേയിൽ അപ്പ് മിഷനിൽ നിന്നും വിപുലീകരണ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം ലഭിച്ചിട്ടുള്ളതുമായ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കാണ് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളത്. പദ്ധതി പ്രകാരം യൂണിറ്റിന്റെ വിപുലീകരണ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനും, സ്ഥിര മൂലധന നിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിനും ആനുകൂല്യം ലഭിക്കുന്നു. യൂണിറ്റിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ ഒരു പ്രൊജക്റ്റ് റിപ്പോർട്ട് ആയി തയ്യാറാക്കേണ്ടതും ആയതിന് ജില്ലാതല കമ്മിറ്റിയുടെ മുൻകൂർ അനുമതി നേടേണ്ടതുമുണ്ട്. ഇപ്രകാരം മുൻകൂർ അനുമതി ലഭിച്ച പ്രവർത്തനങ്ങൾക്കാണ് ആനുകൂല്യം ലഭിക്കുക. വിപുലീകരണ പ്രൊജക്റ്റ് റിപ്പോർട്ടിന് അനുമതി ലഭിച്ച തീയതി മുതൽ പരമാവധി 4 വർഷ കാലയളവിൽ നടത്തുന്ന പ്രവർത്തനങ്ങൾക്കാണ് പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്. പദ്ധതി പ്രകാരം പരമാവധി രണ്ടു കോടി അമ്പത്തിയൊന്ന് ലക്ഷം രൂപ വരെ ധനസഹായം ലഭിക്കുന്നു.

(ഡി) എം.എസ്.എം.ഇ. സംരംഭങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താനായി എല്ലാ ജില്ലകളിലും സർവ്വേ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എം.എസ്.എം.ഇ.കളുടെ വളർച്ചയ്ക്കായി എല്ലായിടത്തും എം.എസ്.എം.ഇ. ക്ലിനിക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംരംഭക വർഷത്തിന്റെ ഭാഗമായി തുടങ്ങിയ സംരംഭങ്ങളുടെ പ്രവർത്തനം വിശകലനം ചെയ്യുന്നതിനും സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന Enterprise Development Executive (EDE)-മാർ, അതതു പ്രദേശങ്ങളിലെ സംരംഭങ്ങൾ സന്ദർശിച്ചുവരുന്നു. പുതുതായി രൂപീകരിച്ച എല്ലാ സംരംഭങ്ങളും ഇവർ വീണ്ടും സന്ദർശിക്കുകയും ഇതിനായി പ്രത്യേകം വികസിപ്പിച്ചെടുക്കുന്ന സുസ്ഥിരതാ പോർട്ടലിൽ അവരുടെ ഡാറ്റ രേഖപ്പെടുത്തുകയും ചെയ്യും. എന്റർപ്രൈസസിന്റെ പ്രവർത്തനനില, നേരിടുന്ന വെല്ലുവിളികൾ/പ്രശ്നങ്ങൾ, അടച്ചുപൂട്ടാനുള്ള കാരണങ്ങൾ, പ്രവർത്തനരഹിതമായ യൂണിറ്റുകൾക്കുള്ള പുനരുജ്ജീവനത്തിനുള്ള

പദ്ധതികൾ, ആവശ്യമായ സഹായം/മറ്റ് പ്രത്യേക ആവശ്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഇവർ ശേഖരിച്ചുവരുന്നു.

സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സ്ഥാപിതമായിട്ടുള്ള സംവിധാനമാണ് എം.എസ്.എം.ഇ. ക്ലിനിക്കുകൾ. ഇതിനായി ഓരോ ജില്ലയിലും വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചതും സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കാൻ പ്രാപ്തരായവരുമായ വിദഗ്ധരുടെ ഒരു പാനൽ രൂപീകരിച്ചിട്ടുണ്ട്. വിവിധ സംശയങ്ങളുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എത്തുന്ന സംരംഭകരെ, സംശയം ദുരീകരിക്കുന്നതിന് ഏറ്റവും അനുയോജ്യനായ പാനലിസ്റ്റുമായി കൂടിക്കാഴ്ചയ്ക്കും സംശയ ദുരീകരണത്തിനും ജില്ലാ വ്യവസായ കേന്ദ്രം മുഖാന്തിരം സൗകര്യം ചെയ്തു കൊടുക്കുന്നതാണ്. ഒരു പാനലിസ്റ്റിന്റെ സേവനം തൃപ്തികരമല്ലെങ്കിൽ അതേ വിഷയത്തിലെ മറ്റൊരു പാനലിസ്റ്റുമായി സംവദിക്കാനുള്ള അവസരം സംരംഭകന് ഉണ്ടായിരിക്കുന്നതാണ്. ബാങ്കിങ്, ലൈസൻസുകളും അനുമതികളും,

പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, കയറ്റുമതി, ജി.എസ്.ടി, നിയമം, മാർക്കറ്റിങ്ങ്, സാങ്കേതിക വിദ്യ എന്നീ വിഷയങ്ങളിലായാണ് നിലവിൽ പാനൽ രൂപീകരിച്ചിട്ടുള്ളത്.

(ഇ) വൺ ലോക്കൽ ബോഡി വൺ പ്രോഡക്റ്റ് സ്കീമിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പദ്ധതിപ്രകാരം ഉത്പന്നങ്ങൾ കണ്ടെത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിശദ പദ്ധതി രേഖ തയ്യാറാക്കാൻ ധനസഹായം നൽകുമോ; വിശദമാക്കാമോ?

One Local body One Product (OLOP) പദ്ധതിക്ക് ഈ വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതി പ്രകാരമുള്ള ഉത്പ്പന്നങ്ങൾ കണ്ടെത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനയെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് സഹായം നൽകുന്നതിനും

വിഭാവനം ചെയ്യുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 640-ഓളം തദ്ദേശ സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

**മിഷൻ-1000 പദ്ധതി**

8(*38) ശ്രീ കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനായി ഈ സർക്കാർ ആരംഭിച്ച സംരംഭകവർഷം, സംരംഭകവർഷം 2.0 എന്നീ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരള സർക്കാർ 2022-23 സാമ്പത്തിക വർഷം "സംരംഭക വർഷം" ആയി പ്രഖ്യാപിക്കുകയും 'ഒരു ലക്ഷം സംരംഭങ്ങൾ' എന്ന പദ്ധതി നടപ്പാക്കുകയും ചെയ്തു. ഒരു വർഷത്തിൽ കേരളത്തിൽ ഒരു ലക്ഷം പുതിയ

സംരംഭങ്ങൾ സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പദ്ധതി ആരംഭിച്ച് 245 ദിവസം കൊണ്ട് ലക്ഷ്യം കൈവരിച്ചു. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 2022-23 സാമ്പത്തിക വർഷം 139,840 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 8422 കോടി രൂപയുടെ നിക്ഷേപവും 300051 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

ഈ സാമ്പത്തിക വർഷവും (2023-24) ഇതേ മാതൃകയിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നവരെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ "സംരംഭക വർഷം 2.0" എന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ സാമ്പത്തിക വർഷം ആഗസ്റ്റ് 2 വരെയുള്ള കണക്കുപ്രകാരം 8771 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതുവഴി 575.50 കോടി രൂപയുടെ നിക്ഷേപവും 18467 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

താഴെപറയുന്ന പ്രധാന പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുണ്ട്.

1. ആസൂത്രണവും ബോധവൽക്കരണവും

- ബോട്ടം-അപ്പ് പ്ലാനിംഗിലൂടെ ജില്ല തിരിച്ചുള്ള ലക്ഷ്യം നിശ്ചയിക്കുന്നു.

- 2022-23 സാമ്പത്തിക വർഷത്തിലെ പ്രകടനം അവലോകനം ചെയ്യുന്നതിനായി ജില്ലാ, തദ്ദേശ സ്ഥാപനതലങ്ങളിൽ മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങൾ നടത്തുന്നു.
- 2023-24 സാമ്പത്തിക വർഷത്തിനായുള്ള വിശദമായ പ്രവർത്തന പദ്ധതി രൂപീകരിക്കുന്നു.
- എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സംരംഭകർക്കായി പൊതു ഓറിയന്റേഷൻ ക്യാമ്പെയ്നുകൾ

2. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വായ്പ, ലൈസൻസ്, സബ്സിഡി ക്യാമ്പെയ്ൻ

3. ജില്ലാതലത്തിലുള്ള മാർക്കറ്റിംഗ് ക്യാമ്പെയ്ൻ

4. മെന്ററിംഗ്, നെറ്റ്‌വർക്കിംഗ്, ആത്മവിശ്വാസം വളർത്തൽ

- മെന്ററിംഗ് സിസ്റ്റം സമാരംഭിക്കുക; മെന്റർമാരെയും എം.എസ്.എം.ഇ-കളെയും മെന്ററിംഗ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്യുക.
- എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും എം.എസ്.എം.ഇ-കളെ (പുതിയതും നിലവിലുള്ളതും) നെറ്റ്‌വർക്കിംഗ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുക
- MSME സംഗമം

(ബി) സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ 100 കോടി വിറ്റുവരവുള്ള സ്ഥാപനങ്ങളായി ഉയർത്തുന്നതിനായി നടപ്പാക്കുന്ന മിഷൻ-1000 പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

കേരളത്തിലെ MSME-കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME കളെ ശരാശരി 100 കോടി വിറ്റുവരവുള്ള യൂണിറ്റുകളായി 4 വർഷത്തിനുള്ളിൽ ഉയർത്തിക്കൊണ്ടുവരാനുള്ള പദ്ധതിയാണ് മിഷൻ-1000.

വസ്തുനിഷ്ഠവും സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് MSME-കളെ സ്കെയിൽ അപ്പ് സ്കീമിനായി തിരഞ്ഞെടുക്കുന്നത്. സ്കെയിൽ അപ്പ് മിഷൻ പദ്ധതിയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് MSME-കൾക്ക് ആവശ്യമായ യോഗ്യതകൾ:

- UDYAM രജിസ്ട്രേഷനോടെ കേരളത്തിൽ രജിസ്റ്റർ ചെയ്ത ഒരു MSME ആയിരിക്കണം.
- കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തനത്തിലായിരിക്കണം (2023 മാർച്ച് 31 വരെ).
- ഉത്പാദന/സേവന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവ ആയിരിക്കണം.

പദ്ധതിയിലേയ്ക്ക് അപേക്ഷിക്കാൻ ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. നിക്ഷേപം, വാർഷിക വിറ്റുവരവ്, ലാഭം, ശേഷിവിനിയോഗം, കയറ്റുമതി, ജീവനക്കാർ, പ്രമോട്ടർമാരുടെ CIBIL സ്കോർ, മുൻഗണനാ മേഖലയിലുള്ള വ്യവസായങ്ങൾ, ലഭിച്ച സർട്ടിഫിക്കേഷനുകളുടെ വിശദാംശങ്ങൾ തുടങ്ങിയ, പോർട്ടലിൽ MSME-കൾ സമർപ്പിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി, ഒരു സ്കോറിംഗ് മാനദണ്ഡം ഉപയോഗിച്ച് എം.എസ്.എം.ഇ-കളെ റാങ്ക് ചെയ്യും. റാങ്ക് ലിസ്റ്റിൽ നിന്ന് മികച്ച 1000 യൂണിറ്റുകളെ സ്കെയിൽ അപ്പ് മിഷൻ പദ്ധതിയിലേയ്ക്ക് തിരഞ്ഞെടുക്കും.

സ്കെയിൽ അപ്പ് മിഷൻ പദ്ധതിയിലേയ്ക്ക് തിരഞ്ഞെടുക്കുന്ന യൂണിറ്റുകൾക്കുള്ള വിവിധ പ്രോത്സാഹനങ്ങൾ:

1. മൂലധന നിക്ഷേപ സബ്സിഡി

2. പ്രവർത്തന മൂലധന വായ്പയുടെ പലിശ സബ്സിഡി

3. സ്കെയിലിങ്ങിനായി ഡിപിആർ തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം

4. തിരഞ്ഞെടുക്കപ്പെട്ട ഓരോ എം.എസ്.എം.ഇ-ക്കും അവരുടെ വിവിധ സ്കെയിലിംഗ് അനുബന്ധ പ്രവർത്തനങ്ങളിൽ അവരെ സഹായിക്കാൻ വ്യവസായ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതാണ്.

(സി) മിഷൻ-1000 പദ്ധതി പ്രകാരം സഹായം ലഭ്യമാക്കുന്ന മുൻഗണനാ മേഖലകൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 2023-ലെ കേരളാ വ്യവസായ നയത്തിൽ ഉൾപ്പെട്ടിട്ടുള്ള മുൻഗണനാ മേഖലകളിൽ താഴെപറയുന്ന 21 മേഖലകൾ, മിഷൻ-1000-ന്റെ മുൻഗണനാ മേഖലകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. എയ്റോസ്പേസ് & ഡിഫൻസ്

2. നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ സാങ്കേതിക വിദ്യകൾ

3. ആയുർവേദം

4. ബയോടെക്നോളജി &ലൈഫ് സയൻസസ്

5. രൂപകല്പന

6. ഇലക്ട്രിക് വാഹനങ്ങൾ

7. എഞ്ചിനീയറിംഗ് ഗവേഷണവും വികസനവും

8. ഇലക്ട്രോണിക് സിസ്റ്റം രൂപകല്പനയും ഉല്പാദനവും

9. ഭക്ഷ്യ സാങ്കേതിക വിദ്യകൾ

10. ഗ്രാഫീൻ

11. ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉല്പന്നങ്ങൾ

12. ഹൈടെക് ഫാമിംങ്ങും മൂല്യവർദ്ധിത തോട്ടവിളയും

13. ലോജിസ്റ്റിക്സ് & പാക്കേജിംഗ്

14. മാരിടൈം മേഖല

15. മെഡിക്കൽ ഉപകരണങ്ങൾ

16. നാനോ ടെക്നോളജി

17. ഫാർമസ്യൂട്ടിക്കൽസ്

18. റീസൈക്ലിംഗും മാലിന്യ സംസ്കരണവും

19. പുനരുപയോഗ ഊർജ്ജം

20. വിനോദ സഞ്ചാരവും ആതിഥേയത്വവും

21. 3D പ്രിന്റിംഗ്

**കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്**

9(*39) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിലെ തട്ടിപ്പിൽ ബാങ്കിന് ഉണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിരുന്നോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 112-ന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 68 (1) പ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത

നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്, കേരള സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം സർച്ചാർജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർച്ചാർജ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ബാങ്കിനുണ്ടായ നഷ്ടം റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(ബി) റവന്യൂ റിക്കവറി വഴി ഈടാക്കേണ്ട തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സർച്ചാർജ് ഉത്തരവ് പ്രകാരം 25 പേരിൽ നിന്നായി 125,83,86,411/- (125.83 കോടി) ഈടാക്കേണ്ടതുണ്ട്. 2 പേർ മരണപ്പെട്ടതിനാൽ അവരുടെ അവകാശികളെ കക്ഷി ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഒരാളിൽ നിന്നും 4,449/-രൂപ ഈടാക്കിയിട്ടുണ്ട്. മറ്റുള്ള 22 പേരിൽ നിന്ന് ബാക്കി തുക റവന്യൂ റിക്കവറിയായി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) റവന്യൂ റിക്കവറി റിപ്പോർട്ടുകൾ കൃത്യസമയത്ത് സമർപ്പിക്കുന്നതിൽ അസിസ്റ്റൻറ് രജിസ്ട്രാർ ഓഫീസിന് വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

സഹകരണ നിയമം വകുപ്പ് 68 (2) സർച്ചാർജ് ഉത്തരവ് പ്രകാരം ബാധ്യതപ്പെട്ടവർക്ക് തുക അടയ്ക്കുന്നതിന് ഒരു മാസത്തെ സമയം അനുവദിച്ചിരുന്നു. റവന്യൂ റിക്കവറി റിപ്പോർട്ടുകൾ കൃത്യസമയത്ത് സമർപ്പിച്ചിട്ടുണ്ടോയെന്ന വിഷയം പരിശോധിക്കാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകുന്നതാണ്.

(ഡി) റവന്യൂ റിക്കവറി നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

സഹകരണ നിയമം വകുപ്പ് 68 (2) ഉത്തരവിൽ നഷ്ടോത്തരവാദിത്തം ചുമത്തപ്പെട്ട 25 പേരിൽ 19 പേർ ടി സർച്ചാർജ് ഉത്തവിനെതിരായി അപ്പീൽ സമർപ്പിച്ചിരുന്നു. സർചാർജ് ഉത്തരവിലെ 25 പേരിൽ 20 പേർ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയും സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അപ്പീൽ പെറ്റീഷനിൽ തീർപ്പുകൽപ്പിക്കുന്നതുവരെ മേൽ നടപടികൾ തടഞ്ഞിട്ടുള്ള ഉത്തരവ് സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. അപ്പീൽ സമയബന്ധിതമായി തീർപ്പുകൽപ്പിച്ച് കോടതിയുടെ സ്റ്റേ നീക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. നഷ്ടോത്തരവാദിത്തം

ചുമത്തപ്പെട്ട ശ്രീ. ഭരതൻ ടി. ആർ, ശ്രീമതി സുമതി ഗോപാലകൃഷ്ണൻ എന്നിവർ മരണപ്പെട്ടതിനാൽ ടിയാളുകളുടെ അവകാശികളെ കക്ഷി ചേർത്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. നഷ്ടോത്തരവാദിത്തം ചുമത്തപ്പെട്ട വ്യക്തികളിൽ ശ്രീ. മോഹനൻ കെ. എം-ൽ നിന്നും **4449/-** രൂപ ഈടാക്കിയിട്ടുള്ളതുമാണ്.

**ആദായ നികുതി നിയമം മൂലം സഹകരണ മേഖലയിലുണ്ടാകുന്ന പ്രത്യാഘാതം**

10(*40) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എം. എം. മണി:
ശ്രീ. വി. ജോയി:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആദായ നികുതി നിയമത്തിൽ 194 എ വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ പ്രാഥമിക സഹകരണ ബാങ്കുകൾ ആദായ നികുതി ഈടാക്കണമെന്ന് നികുതി വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വ്യവസ്ഥ പ്രാഥമിക സഹകരണ സംഘങ്ങളെ പ്രതികൂലമായി

ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; സർക്കാർ ഈ കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ആദായ നികുതി നിയമത്തിലെ 194 എ വ്യവസ്ഥകൾ പ്രകാരം 50 കോടി രൂപയ്ക്ക് മുകളിൽ ടേൺഓവർ ഉള്ള ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ പലിശ ഇനത്തിൽ നൽകുന്ന തുകയ്ക്ക് ആദായനികുതി ഈടാക്കുന്നതിന് വ്യവസ്ഥചെയ്തിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങൾ ഫിനാൻസിംഗ് ബാങ്കായ കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ലഭിക്കുന്ന പലിശയ്ക്കും ആദായനികുതി നൽകേണ്ടതായിട്ടുണ്ട്. ആദായനികുതി നിയമത്തിലെ ടി വ്യവസ്ഥ പ്രകാരം ഒരു വർഷം ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സംഘങ്ങളിൽ നിന്നും 40,000/- രൂപയിലധികം പലിശ കൈപ്പറ്റുന്ന സാധാരണ പൗരൻമാരും 50,000/- രൂപയിലധികം പലിശ കൈപ്പറ്റുന്ന മുതിർന്ന പൗരന്മാരും, സഹകരണ സംഘങ്ങളും ആദായനികുതി നൽകേണ്ടതായിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്ക്, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ഷെഡ്യൂൾഡ് ബാങ്ക്

ആയതിനാലും 50 കോടി രൂപയ്ക്ക് മുകളിൽ ഗ്രോസ് റെസീപ്റ്റ് വരുന്നതു കൊണ്ടും വകുപ്പ് 194 എ ബാധകമാണ്. ആയതിനാൽ കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് 40000 രൂപയിൽ കൂടുതൽ പലിശ ലഭിക്കുന്ന പക്ഷം പലിശയുടെ 10% TDS പിടിച്ച് നൽകേണ്ടതുണ്ട്. സംഘങ്ങൾക്കും വ്യക്തികൾക്കും ടി വ്യവസ്ഥ ബാധകമാണ്. തന്മൂലം കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ നിക്ഷേപകരായ പ്രാഥമിക സംഘങ്ങൾ അവരുടെ നിക്ഷേപങ്ങൾക്ക് ലഭിക്കുന്ന പലിശയുടെ (40000 രൂപയ്ക്ക് മുകളിൽ) 10% തുക TDS ആയി നൽകാൻ ബാധ്യസ്ഥരാകും. മാത്രവുമല്ല 50 കോടി രൂപ ഗ്രോസ് ഡെപ്പോസിറ്റുള്ള സംഘങ്ങളും അവരുടെ നിക്ഷേപകർക്ക് 40000 രൂപയിൽ കൂടുതൽ പലിശ നൽകിയാൽ 10% TDS പിടിച്ച് ആദായ നികുതി വകുപ്പിന് നൽകാൻ ബാധ്യസ്ഥരാകും. ആദായ നികുതി വകുപ്പിന്റെ ഈ നടപടി പ്രാഥമിക സഹകരണ സംഘങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന നിരീക്ഷണത്തിൽ കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഹർജികൾ നൽകുകയും അവ പരിഗണിച്ച് ബഹു. കോടതി സംഘങ്ങൾക്ക്

അനുകൂലമായി സ്റ്റേ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്കും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി നൽകുകയും സെക്ഷൻ 194 എ പ്രകാരമുള്ള ടാക്സ് ഡിഡക്ഷനിൽ നിന്നും ബാങ്കിനെ താത്ക്കാലികമായി ഒഴിവാക്കി ഇടക്കാല ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സഹകരണ സംഘങ്ങളിൽ നിന്നുള്ള നിക്ഷേപങ്ങൾക്കുള്ള പലിശയിൽ നിന്നും ഇപ്പോൾ റ്റി.ഡി.എസ്. ഈടാക്കുന്നില്ല.

(ബി) 194 എ വകുപ്പ് പ്രകാരം റ്റി.ഡി.എസ്. ഈടാക്കണമെന്ന വ്യവസ്ഥ നിലവിൽ വന്നിട്ടുണ്ടോ; പ്രസ്തുത വ്യവസ്ഥ നടപ്പാക്കുന്നത് സംബന്ധിച്ച് സഹകരണ മേഖലയിൽ എന്ത് പ്രതികരണമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്ന് വിലയിരുത്തിയിട്ടുണ്ടോ?

50 കോടി രൂപയ്ക്ക് മുകളിൽ ടേൺഓവർ ഉള്ള ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ പലിശയിനത്തിൽ നൽകുന്ന തുകയ്ക്ക് ആദായനികുതി ഈടാക്കണമെന്ന വ്യവസ്ഥ കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങളെ പ്രതികൂലമായി ബാധിക്കും. ആയതിനാൽ ഈ

വ്യവസ്ഥ നടപ്പിലാക്കുന്നത് സംബന്ധിച്ച് സഹകരണ മേഖലയിൽ ആശങ്ക നിലനിൽക്കുന്നുണ്ട്. കേരളത്തിലെ സഹകരണ സംഘങ്ങളിലെ നിക്ഷേപകർ സാധാരണക്കാരായതിനാൽ അവർക്ക് ലഭിക്കുന്ന പലിശയിൽ നിന്നും നികുതി ഈടാക്കുന്നതും പ്രാഥമിക വായ്പാ സംഘങ്ങൾ അവരുടെ നിക്ഷേപങ്ങൾ അവരുടെ ധനകാര്യ ബാങ്കിൽ നിക്ഷേപിക്കുമ്പോൾ ഉളവാകുന്ന പലിശയ്ക്ക് നികുതി ഈടാക്കുന്ന സ്ഥിതിവിശേഷവും ടി സ്ഥാപനങ്ങളുടെ വരുമാനത്തെ ദോഷകരമായി ബാധിക്കും.

അതിനാൽ ടി സംഘങ്ങൾ ബഹു. ഹൈക്കോടതിയിൽ ഹർജികൾ നൽകുകയും അവ പരിഗണിച്ച് സ്റ്റേ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ തുടർന്ന് സംസ്ഥാന സഹകരണ ബാങ്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി നൽകുകയും സെക്ഷൻ 194 എ, പ്രകാരമുള്ള ടാക്സ് ഡിഡക്ഷനിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കിനെ താത്ക്കാലികമായി ഒഴിവാക്കി 24.05.2022-ന് ബഹു. ഹൈക്കോടതി ഇടക്കാല സ്റ്റേ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇടക്കാല വിധി നിലവിലുള്ള സാഹചര്യത്തിൽ സംസ്ഥാന സഹകരണ ബാങ്കിലെ സംഘങ്ങളിൽ

നിന്നുള്ള നിക്ഷേപങ്ങൾക്കുള്ള പലിശയിൽ നിന്നും റ്റി.ഡി.എസ്. ഈടാക്കുന്നില്ല.

(സി) സഹകരണ രംഗം ഏറ്റെടുത്തിട്ടുള്ള സാമൂഹ്യ പരിഷ്കരണ പദ്ധതികളെ കേന്ദ്ര നിയമത്തിൽ വന്ന പ്രസ്തുത ഭേദഗതി പ്രതികൂലമായി ബാധിക്കുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്ര നിയമത്തിൽ വന്ന പ്രസ്തുത ഭേദഗതി മൂലം സംഘങ്ങളിൽ നിന്നും അധികമായി ഈടാക്കുന്ന TDS, സംഘത്തിന്റെ നഷ്ടത്തിന് കാരണമാകുന്നതിലൂടെ സഹകരണ മേഖല ഏറ്റെടുത്ത് നടത്തുന്ന ക്ഷേമപദ്ധതികളുടെ നടത്തിപ്പിനെ ദോഷകരമായി ബാധിക്കുന്നതാണ്. സഹകരണ സംഘങ്ങൾ അവയുടെ പ്രവർത്തന ലാഭത്തിൽ നിന്നും പണം ചെലവഴിച്ചുകൊണ്ട് സമൂഹത്തിൽ നിരവധി ക്ഷേമപ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ടി പ്രവർത്തനങ്ങളെ ഇത് ദോഷകരമായി ബാധിക്കുന്നതാണ്. കൂടാതെ കാർഷിക മേഖലയിൽ ഉൾപ്പെടെ വായ്പ നൽകുന്ന സഹകരണ സ്ഥാപനങ്ങളെയും ഇത് ദോഷകരമായി ബാധിക്കും.

## വൈദ്യുതി മേഖലയിലെ സ്വകാര്യവത്കരണം

11(*41) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ ഇ ചന്ദ്രശേഖരൻ:
ശ്രീ പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) നവ ഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി രാജ്യത്തെ വൈദ്യുതി മേഖലയെ സ്വകാര്യവൽകരിക്കുന്നതിനുള്ള ശ്രമത്തിലാണ് കേന്ദ്ര സർക്കാർ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര വൈദ്യുതി നിയമത്തിലെ ഭേദഗതി നിർദ്ദേശങ്ങൾ, കേന്ദ്ര സർക്കാർ 2021 ഏപ്രിൽ മാസം പുറത്തിറക്കിയ കരട് വൈദ്യുതി നയം, 2020 സെപ്റ്റംബർ മാസം പുറത്തിറക്കിയ Draft Standard Bidding Documents for Privatisation of Distribution Licensees എന്നിവയും വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണത്തിന് ആക്കം കൂട്ടുന്നവയാണ് എന്ന് വിലയിരുത്തപ്പെടുന്നു. വൈദ്യുത മേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത്

വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്ര സർക്കാർ പിൻമാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 30.08.2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

2022 ഓഗസ്റ്റ് മാസം പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട കരട് വൈദ്യുതി നിയമ ഭേദഗതി ബിൽ പ്രകാരം ഒന്നിലധികം വിതരണ കമ്പനികൾക്ക് (ഡിസ്കോമുകൾ) ഒരേ വിതരണ മേഖലയിൽ പ്രവർത്തിക്കാൻ വ്യവസ്ഥ ചെയ്യുന്നതിനോടൊപ്പം മാതൃനിയമത്തിൽ പറയുന്നതിൽ നിന്നു വ്യത്യസ്തമായി ശൃംഖലാ വികസനത്തിന്റെയും ആയതിന്റെ പരിപാലനത്തിന്റെയും ഉത്തരവാദിത്വത്തിൽ നിന്നും വിതരണ കമ്പനികളെ വിടുതൽ ചെയ്യുംവിധമാണ് ഭേദഗതി നിർദ്ദേശം. വൻ മൂലധന നിക്ഷേപം ആവശ്യമുള്ളതും, എന്നാൽ വർഷങ്ങൾക്ക് ശേഷം മാത്രം ലാഭം ലഭിക്കാൻ ഇടയുള്ളതുമായ ശൃംഖലാവികസന പദ്ധതികളിൽ മുതൽ മുടക്കാൻ നിക്ഷേപകർ തയ്യാറാകണമെന്നില്ല. ഇത് ഭാവിയിൽ വിതരണ നഷ്ടം കൂടുന്നതിനും വോൾട്ടേജ് ക്ഷാമം, അടിക്കടിയുണ്ടാകുന്ന വൈദ്യുതി മുടക്കം,

ശൃംഖലയുടെ ശേഷിക്കുറവ് മൂലം ഉണ്ടാകുന്ന ലോഡ് ഷെഡ്ഡിംഗ് എന്നിവയ്ക്കും ഇടയാക്കിയേക്കാം.

ഭേദഗതി നിർദ്ദേശത്തിൽ ഏറ്റവും പ്രകീർത്തിക്കപ്പെടുന്ന ആശയം ഉപഭോക്താവിന് ഇഷ്ടാനുസരണം സേവനദാതാവിനെ തിരഞ്ഞെടുക്കാമെന്നതും അതിലൂടെ മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താൻ സാധിക്കുമെന്നതുമാണ്. എന്നാൽ ഉപഭോക്താവിന് ലഭിക്കുന്ന വൈദ്യുതിയുടെ നിലവാരം (quality of supply) വിതരണ ശൃംഖലയുടെ നിലവാരത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. ഭേദഗതി നിർദ്ദേശമനുസരിച്ച് ഒരു പ്രദേശത്തിലെ എല്ലാ ഉപഭോക്താക്കളും ഒരേ വിതരണ ശൃംഖല (distribution network) ആകും ഉപയോഗിക്കുക എന്നതിനാൽ വ്യത്യസ്ത നിലവാരമുള്ള വൈദ്യുതി ലഭിക്കുമെന്നത് മിഥ്യയാണെന്ന് കരുതുന്നു.

വിതരണരംഗം ലാഭകരമായ നഗരപ്രദേശങ്ങളിൽ മാത്രമായി പ്രവർത്തനം കേന്ദ്രീകരിക്കാനും അവിടെത്തന്നെ ഉയർന്ന വൈദ്യുതി നിരക്ക് നൽകുന്ന ലാഭകരമായ ഉപഭോക്താക്കളെ അടർത്തിയെടുക്കുന്നതിനും സ്വകാര്യ കമ്പനികൾ ശ്രമിക്കാനിടയുണ്ട്. ഗ്രാമപ്രദേശങ്ങളിലും

നഗരങ്ങളിലെ ധനശേഷി കുറഞ്ഞ സാധാരണക്കാർക്കും വൈദ്യുതി നൽകുന്നത് പൊതുമേഖലയുടെ ബാധ്യതയാകും. ലാഭസാധ്യത സ്വകാര്യ സ്ഥാപനങ്ങൾക്കും നഷ്ടസാധ്യത പൊതുമേഖലയ്ക്കും എന്ന അവസ്ഥ പൊതുമേഖലയുടെ തകർച്ചയിലേയ്ക്കും ക്രമേണ സാധാരണക്കാരന് വൈദ്യുതി നിഷേധിക്കപ്പെടുന്നതിലേയ്ക്കും നയിക്കും. വർഷങ്ങളുടെ പ്രയത്നംമൂലം കേരളം കൈവരിച്ച സമ്പൂർണ്ണ വൈദ്യുതീകരണം, എല്ലാ വിഭാഗങ്ങൾക്കും താങ്ങാനാകുന്ന വിലയ്ക്ക് വൈദ്യുതി വിതരണം തുടങ്ങിയ നേട്ടങ്ങൾ നഷ്ടപ്പെടാം. വനാന്തരങ്ങളിലും മറ്റ് വിദൂര പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാധ്യത ഇല്ലാതാകുമെന്നും ആശങ്കപ്പെടുന്നു.

സംസ്ഥാന സർക്കാർ നികുതിപ്പണം മുടക്കി നിർമ്മിച്ച നിലയങ്ങളിൽനിന്ന് ഉൾപ്പെടെ, നിലവിലെ താരതമ്യേന ചെലവ് കുറഞ്ഞ വൈദ്യുതി വാങ്ങൽ കരാറുകൾ സ്വകാര്യ മേഖലയുമായി പങ്ക് വയ്ക്കേണ്ടി വരും. അതേസമയം ഹരിതോർജ്ജ ശേഷി വർദ്ധിപ്പിക്കുകയെന്ന സംസ്ഥാന താല്പര്യം മുൻനിർത്തി നിലവിൽ നിർമ്മാണത്തിൽ ഇരിക്കുന്നതോ പുതുതായി ഏറ്റെടുക്കുന്നതോ ആയ നിലയങ്ങളുടെ വൈദ്യുതി ചെലവ് ഗണ്യമായി

കൂടുതലായിരിക്കുമെങ്കിലും ആയത് ഭാവിയിൽ പൊതുമേഖലാസ്ഥാപനമായ കെ.എസ്.ഇ.ബി.എൽ-ന്റെ മാത്രം ബാധ്യതയായി വരും. ഇത് കെ.എസ്.ഇ.ബി.എൽ-ന്റെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് ഗണ്യമായി വർദ്ധിപ്പിക്കുകയും അതുകൊണ്ടുതന്നെ ഉപഭോക്താക്കളുടെ കൊഴിഞ്ഞുപോക്കിന് കാരണമാവുകയും ചെയ്യും. ഇത് ഉണ്ടാക്കുന്ന ദൂഷിതവലയം (vicious circle) കാലക്രമത്തിൽ പൊതുമേഖലയുടെ തകർച്ചയിലേയ്ക്ക് നയിക്കും.

സ്വകാര്യ കമ്പനികൾ അവരുടെ പക്കൽ ലഭിക്കുന്ന ക്രോസ്-സബ്സിഡി, ക്രോസ്-സബ്സിഡി സർചാർജ്ജ്, അധിക സർചാർജ്ജ് എന്നിവ ഫണ്ടിലേയ്ക്ക് ലഭ്യമാക്കാതെ വരുന്നപക്ഷം അത് ക്രോസ് സബ്സിഡി സംവിധാനത്തിന്റെ തകർച്ചയിലേയ്ക്കും നയിച്ചേക്കാം. ഇതുമൂലം സാധാരണക്കാരന്റെ വൈദ്യുതി നിരക്ക് ക്രമാതീതമായി വർദ്ധിക്കുന്നതിന് സാധ്യതയുണ്ട്. അത്തരം ഒരു വിഷമസന്ധി വന്നാൽ നിലവിൽ ക്രോസ് സബ്സിഡി ആനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങൾക്ക് ആയതു ലഭിക്കാതെ, വൈദ്യുതി അപ്രാപ്യമാകുന്ന സ്ഥിതി വരാൻ സാധ്യതയുണ്ട്.

ഭേദഗതിയിൽ വൈദ്യുതി വിതരണത്തിനുണ്ടാകുന്ന ന്യായമായ എല്ലാ ചെലവുകളും താരിഫ് മുഖേന വീണ്ടെടുക്കണമെന്ന് നിർദ്ദേശിക്കുന്നതിനാൽ കാലാകാലങ്ങളിൽ സൃഷ്ടിക്കപ്പെട്ട റെഗുലേറ്ററി അസറ്റ് ഒരുമിച്ച് ഒരു പ്രാവശ്യമായി താരിഫിലേയ്ക്ക് മാറ്റിയാൽ വൈദ്യുതി താരിഫ് കുതിച്ചുയരാൻ സാധ്യതയുണ്ട്.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഒരുപോലെ ഇടപെടൽ അവകാശങ്ങളുള്ള വൈദ്യുതി മേഖലയ്ക്കുമേൽ സംസ്ഥാന സർക്കാരുകൾക്കുള്ള അധികാരാവകാശങ്ങൾ കവർന്നെടുക്കുവാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വൈദ്യുതി നിയമ ഭേദഗതി ബില്ലിലെ നിർദ്ദേശങ്ങൾ ഫെഡറൽ ഭരണ തത്വങ്ങൾക്ക് എതിരാണ് എന്ന് വിലയിരുത്തുന്നു. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ സമവർത്തിപ്പട്ടികയിലെ ഇനം 38 ആയി ഉൾപ്പെടുത്തിയിട്ടുള്ളതും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണ അധികാരമുള്ളതുമായ വൈദ്യുതി മേഖലയെ സമഗ്രമായി

ബാധിക്കുന്ന വൈദ്യുതി ഭേദഗതിബിൽ പാർലമെൻറിൽ അവതരിപ്പിക്കുന്നതിന് മുമ്പായി സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യുവാനും സമവായത്തിലെത്തുവാനും കേന്ദ്ര സർക്കാരിന് ബാധ്യതയുണ്ട്. മുൻകാലങ്ങളിൽ വൈദ്യുതി മേഖലയിൽ കേന്ദ്ര സർക്കാർ ഇടപെടലുകൾ ഉണ്ടാകുമ്പോഴും വൈദ്യുതിവിതരണം തികച്ചും സംസ്ഥാനതലത്തിലാണ് കൈകാര്യം ചെയ്തിരുന്നത്. സ്വകാര്യവല്ക്കരണത്തിനായി സമ്മർദ്ദങ്ങൾ ഉണ്ടായിരുന്നപ്പോഴും സംസ്ഥാന സർക്കാരുകൾക്ക് ആയത് സംബന്ധിച്ച് തീരുമാനിക്കുവാനുള്ള അവകാശം നിലനിന്നിരുന്നു. എന്നാൽ അത്തരം അവകാശങ്ങൾ പോലും ഇല്ലാതാക്കി വൈദ്യുതി മേഖലയുടെ നിയന്ത്രണം പൂർണമായും കേന്ദ്രസർക്കാരിലും അവരുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഭരണനിർവ്വഹണ സംവിധാനങ്ങളിലും കേന്ദ്രീകരിക്കുന്ന വിധത്തിലുള്ള സമീപനമാണ് 2022-ലെ വൈദ്യുതി ഭേദഗതി ബിൽ മുന്നോട്ടുവെച്ചിട്ടുള്ളത്.

വൈദ്യുതി വിതരണ കമ്പനികൾ പ്രവർത്തിക്കേണ്ടത് കേന്ദ്രനിയമങ്ങൾക്കും ബന്ധപ്പെട്ട കമ്മീഷനുകൾ പുറത്തിറക്കുന്ന ചട്ടങ്ങൾക്കും ഫോറം ഓഫ് റെഗുലേറ്റേഴ്സിന്റെ മാതൃകാ ചട്ടങ്ങൾക്കും

അനുസൃതമായി മാറും. വിതരണ ലൈസൻസി തങ്ങളുടെ ആകെ വൈദ്യുതി ഉപഭോഗത്തിന്റെ നിശ്ചിത ശതമാനം പുനരുപയോഗ സ്രോതസ്സുകളിൽനിന്ന് ആകണമെന്നും, അത് എത്രത്തോളമെന്നത് സംസ്ഥാന കമ്മീഷനുകൾക്ക് നിർദ്ദേശിക്കാവുന്നതാണെന്ന് പറയുന്നതിനോടൊപ്പം പ്രസ്തുത ശതമാനം കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്നതിൽ കുറയാൻ പാടില്ല എന്നും ഭേദഗതി നിഷ്കർഷിക്കുന്നു. കേന്ദ്രീകൃത മാർഗ്ഗനിർദ്ദേശങ്ങൾ പലപ്പോഴും സംസ്ഥാനങ്ങളുടെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുക്കാതെ ആകുമെന്നത് സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ വിതരണ കമ്പനികളുടെ പ്രവർത്തനങ്ങൾക്ക് വിലങ്ങുതടിയാകും. നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾ വിവിധ വൈദ്യുതി വിതരണ കമ്പനികൾക്കായി വീതം വയ്ക്കുന്നത് കേന്ദ്രസർക്കാർ പുറത്തിറക്കുന്ന ചട്ടങ്ങൾ പ്രകാരം ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. നാഷണൽ ലോഡ് ഡെസ്പാച്ച് സെന്റർ, റീജിയണൽ ലോഡ് ഡെസ്പാച്ച് സെന്ററുകൾ തുടങ്ങി നിലവിൽ ഗ്രിഡ് മാനേജ്മെന്റിനായി ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾക്ക് വിപുലമായ

അധികാരങ്ങളും അധിക ചുമതലയും നൽകി കേന്ദ്ര സർക്കാർ താല്പര്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള സംരംഭങ്ങളായി മാറിയേക്കാം.

(സി) രാജ്യത്തെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും വൈദ്യുതി ബോർഡുകളെ വിഭജിച്ച് കമ്പനികളാക്കി സ്വകാര്യ മേഖലയ്ക്ക് കൈമാറുമ്പോഴും ഉത്പാദന-പ്രസരണ-വിതരണ വിഭാഗങ്ങളെ പൊതുമേഖലയിലെ ഒറ്റ സ്ഥാപനമായി നിലനിർത്തി സംസ്ഥാനം മാതൃക കാട്ടിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വൈദ്യുതി ബോർഡിനെ വിഭജിക്കുകയോ സ്വകാര്യവൽകരിക്കുകയോ ചെയ്യാതെ തന്നെ ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള വൈദ്യുതിയും മെച്ചപ്പെട്ട സേവനവും ലഭ്യമാക്കുന്നതിനും ഒപ്പം ഉപഭോക്താക്കൾക്ക് താങ്ങാവുന്ന വിലയ്ക്ക് വൈദ്യുതി എത്തിക്കുക, എല്ലാവർക്കും എല്ലായ്പ്പോഴും വൈദ്യുതി എന്ന സ്ഥിതി തുടർന്നും ഉറപ്പാക്കുക, വൈദ്യുതി വിതരണം സുരക്ഷിതമാക്കുക, വൈദ്യുതി ആവശ്യകത പരമാവധി പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽ നിന്നും

ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങി ജനോപകാരപ്രദമായ ബദൽ നയങ്ങളാണ് കേരളം നടപ്പാക്കിവരുന്നത്.

പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉത്പാദനത്തിൽ സംസ്ഥാനം ഗണ്യമായ മുന്നേറ്റം നടത്തിയിട്ടുണ്ട്. പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ 400 kv പ്രസരണ ഇടനാഴി പദ്ധതികൾ പൂർത്തിയാക്കുക വഴി സംസ്ഥാനത്തിന്റെ ഇറക്കുമതി ശേഷി വർദ്ധിപ്പിക്കാനും അതിലൂടെ അടുത്ത 30 വർഷത്തേയ്ക്കുള്ള സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റാനുള്ള വൈദ്യുതി പ്രസരണ ശൃംഖല തയ്യാറാക്കാനും കഴിയും. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയതുകൂടാതെ ഇടതടവില്ലാതെ വൈദ്യുതിയെത്തിക്കാനുള്ള നടപടികളും സ്വീകരിച്ചു. കടുത്ത വേനലിലും പവർകട്ട്, ലോഡ്ഷെഡ്ഡിങ്ങ് എന്നിവ ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചു. ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക്

ലഭ്യമാക്കുന്നതിനുതകുന്ന വിധത്തിൽ വിതരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ദ്യുതി പദ്ധതിയുമായി മുന്നോട്ട് പോകുന്നു.

ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചു. സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങൾ പരിഷ്കരിച്ചു. 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശരേഖ കൂടാതെയും 1500 ചതുരശ്ര അടിവരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുതി കണക്ഷൻ നല്കുന്നതിന് നടപടി സ്വീകരിച്ചു. ആരാധനാലയങ്ങൾ, രാഷ്ട്രീയ പാർട്ടി ഓഫീസുകൾ, ലൈബ്രറികൾ, കലാ സാംസ്കാരിക സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അംഗൻവാടികൾ, ഹോർട്ടികോർപ്പുകൾ, മിൽമാ ബൂത്തുകൾ എന്നിവയ്ക്ക് സർവ്വീസ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിച്ചു. കൂടാതെ തറവാട്ടു

വീടുകളിൽ താമസിക്കുന്ന വെവ്വേറെ കുടുംബങ്ങൾക്ക് പ്രത്യേകം സർവ്വീസ് കണക്ഷൻ നൽകുന്നതിനുള്ള അനുമതിയും നൽകി.

ഉപഭോക്തൃ സേവന കേന്ദ്രം ശക്തിപ്പെടുത്തി. ഉപഭോക്താവ് കെ.എസ്.ഇ.ബി.എൽ ഓഫീസിൽ എത്താതെ ഓൺലൈൻ ആയിത്തന്നെ സേവനങ്ങൾക്കായി അപേക്ഷ സമർപ്പിക്കാനും പുറമേ അപേക്ഷകന് വെറും ഒരു ഫോൺ കോളിലൂടെ സേവനം ലഭ്യമാക്കുന്ന വിധത്തിൽ 'സേവനം വാതിൽപ്പടിയിൽ' എന്ന നൂതന ആശയം രാജ്യത്ത് ആദ്യമായി നടപ്പിലാക്കുകയും ചെയ്തു. HT/EHT ഉപഭോക്താക്കൾക്കായി ഗ്രീൻചാനൽ സംവിധാനം ഏർപ്പെടുത്തി. സർക്കാർ ഓഫീസുകൾക്കും ടെലികോം സ്ഥാപനങ്ങൾ പോലെ വളരെയധികം കണക്ഷനുകൾ ഉള്ള സ്വകാര്യ/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം കൊണ്ടുവന്നു. ഉപഭോക്തൃ സൗഹൃദമായി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നു. ജില്ലാതല വൈദ്യുതി അദാലത്തുകൾ, സാന്ത്വന സ്പർശം തുടങ്ങിയ സർക്കാർ പദ്ധതികൾ

ഉപഭോക്താക്കളെ പൊതുമേഖലയുമായി ചേർത്ത് നിർത്താൻ സഹായിക്കുന്നു.

സൗര പദ്ധതിയിലൂടെ പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സാർവത്രികമാക്കാനും മുതൽ മുടക്ക് കൂടാതെയോ, കുറഞ്ഞ മുതൽ മുടക്കിലോ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനും അവസരമൊരുക്കി രാജ്യത്തിന് തന്നെ മാതൃകയായി. ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനം ഉറപ്പുവരുത്താൻ സംസ്ഥാന വ്യാപകമായി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചു.

(ഡി) സ്വകാര്യ കമ്പനികൾ വഴി സ്മാർട്ട് മീറ്റർ വ്യാപന പദ്ധതി നടപ്പിലാക്കാൻ നിർദേശിക്കുന്നതിലൂടെ സംസ്ഥാനത്തും സ്വകാര്യവത്കരണം നടത്താൻ കേന്ദ്രസർക്കാർ നീക്കം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സ്മാർട്ട് മീറ്റർ വ്യാപനം സ്വകാര്യ കമ്പനികൾ വഴി നടപ്പിലാക്കുവാൻ ഒരു നിർദ്ദേശവും ലഭിച്ചിട്ടില്ല.

## പൊതുമേഖലാ ഉത്പന്നങ്ങൾക്ക് ആഗോള വിപണി

12(*42) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾക്ക് ആഗോള, ആഭ്യന്തര വിപണികൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും പരിഗണിച്ചുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ടും ആഗോളതലത്തിൽ വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരത്തെ അതിജീവിക്കത്തക്ക വിധത്തിലുള്ള നൂതന

ഉത്പന്നങ്ങളും പദ്ധതികളും നടപ്പിലാക്കേണ്ടതുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസ്റ്റർ പ്ലാനുകളിൽ അത്തരം നവീകരണ വിപുലീകരണ പദ്ധതികൾ ഉൾപ്പെടുത്തി വ്യവസായ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ നടപ്പിലാക്കിവരുന്നു.

(ബി) പൊതുമേഖലാ ഉത്പന്നങ്ങൾക്ക് ആഗോള വിപണി ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമായ ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സുമായി വ്യവസായ വകുപ്പ് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. രാജ്യത്തെ ഓൺലൈൻ വ്യാപാര മേഖല രംഗത്ത് ചെറുകിട ഇടത്തരം വ്യാപാരികൾക്ക് കൂടി അവസരം ഒരുക്കുന്നതിനായി വികസിപ്പിച്ചിട്ടുള്ള ഓപ്പൺ നെറ്റ് വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് (ഒ.എൻ.ഡി.സി) -യുമായി സംസ്ഥാന സർക്കാർ ധാരണ പത്രം ഒപ്പുവെച്ച് സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ ഒ.എൻ.ഡി.സി പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന പരമ്പരാഗത ഉത്പന്നങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതോടെ ഈ മേഖലയിൽ വ്യവസായ വളർച്ച പ്രതീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിൽ പരമ്പരാഗത മേഖലയിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ ഓൺലൈനിൽ വിപണനം നടത്തുന്നതിന്റെ ഭാഗമായി ഒ.എൻ.ഡി.സി പ്ലാറ്റ്ഫോമിന്റെ മാതൃകയിൽ യുപിഐ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ പെയ്മെന്റ് സംവിധാനമുൾപ്പെടെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഇ-കൊമേഴ്സ് പോർട്ടൽ തയ്യാറാക്കി വ്യവസായ വകുപ്പിനുകീഴിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏകദേശം 200-ഓളം ഉൽപ്പന്നങ്ങൾ ഓൺലൈൻ മുഖേന വിപണനം നടത്തുന്നതിനായി സജ്ജമാക്കിയിട്ടുണ്ട്.

ഡിജിറ്റൽ വ്യാപാര മേഖലയുടെ നിലവിലുള്ള കേന്ദ്രീകൃത മാതൃകയിൽ നിന്ന് പൊതുവ്യാപാര ശൃംഖലയിലേയ്ക്കുള്ള മാറ്റവും അതിലൂടെയുള്ള വളർച്ചയുമാണ് ഈ പോർട്ടൽ കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

പോർട്ടൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിലാണ്.

(ഡി) പ്രസ്തുത ഉത്പന്നങ്ങളുടെ ഓൺലൈൻ വിപണനത്തിന് നിലവിലെ ബിസിനസ്-ടു-കൺസ്യൂമർ മാതൃകയ്ക്ക് പകരം അടുത്ത ഘട്ടത്തിൽ ബിസിനസ്-ടു-ബിസിനസ് മാതൃക അവലംബിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഉത്പന്നങ്ങളുടെ ഓൺലൈൻ വിപണനത്തിന് നിലവിലെ ബിസിനസ്-ടു-കൺസ്യൂമർ മാതൃകയോടൊപ്പം തന്നെ അടുത്ത ഘട്ടത്തിൽ ബിസിനസ്-ടു-ബിസിനസ് മാതൃക കൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്.

**പദ്ധതി ചെലവിലെ മികച്ച നേട്ടം**

13(*43) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും 2022-23 സാമ്പത്തിക വർഷാന്ത്യത്തിൽ വരവിലും ചെലവിലും റെക്കോർഡ് പ്രകടനം കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ബജറ്റിൽ പ്രഖ്യാപിച്ച പ്രതീക്ഷിത വരുമാനത്തിൽ നാല്പതിനായിരം കോടി രൂപയുടെ കുറവ് ഉണ്ടായപ്പോഴും പദ്ധതി ചെലവിൽ മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ ചില ഘടകങ്ങളാൽ സംസ്ഥാനം സാമ്പത്തിക ഞെരുക്കം നേരിടുന്നുവെന്നത് ഒരു വസ്തുതയാണ്. മുൻ സാമ്പത്തിക വർഷത്തെ അധിക കടമെടുപ്പ്, പൊതുകണക്കിനത്തിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സംസ്ഥാന സർക്കാരിന് കീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനു പുറമേ ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസം മുതൽ

അവസാനിപ്പിച്ചതും, ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിൽ കുറവ് വന്നതും, റവന്യൂ കമ്മി ഗ്രാന്റ് ഒരോ വർഷവും കുറഞ്ഞുവരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ പ്രതിസന്ധികൾക്കിടയിലും 2022-23 സാമ്പത്തിക വർഷം, മുൻ വർഷത്തെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ തനത് വരവിൽ വർദ്ധനവ് കൈവരിക്കാനും ക്ഷേമവികസന ചെലവുകളിൽ കുറവ് വരുത്താതെ തന്നെ ആകെ ചെലവ് മുൻ വർഷത്തേതിന് ആനുപാതികമായി നിലനിർത്തുവാനും കഴിഞ്ഞിട്ടുണ്ട്. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലുണ്ടായ വരവിന്റേയും ചെലവിന്റേയും കണക്കുകളുടെ വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

| ഇനം | സാമ്പത്തിക വർഷം (തുക കോടിയിൽ) | |
|---|---|---|
| | 2021-22 | 2022-23 (അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം) |
| **വരവ്** | | |

| | | |
|---|---|---|
| തനത് നികുതി വരുമാനം | 58340.52 | 71968.16 |
| തനത് നികുതിയേതര വരുമാനം | 10462.51 | 15121.90 |
| ആകെ തനത് വരുമാനം | 68803.03 | 87090.06 |
| **ചെലവ്** | | |
| പദ്ധതി ഇനത്തിലുള്ള മൂലധന ചെലവ് | 13207.68 | 13261.22 |
| ആകെ ചെലവ് | 163225.53 | 158742.33 |

കടമെടുപ്പുൾപ്പടെയുള്ള സംസ്ഥാനത്തിന്റെ ആകെ വരുമാനമായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 173587.51 കോടി രൂപയിൽ 159218.88 കോടി രൂപ മാത്രമേ വരുമാനമായി ലഭിച്ചിട്ടുള്ളൂ. ഇതിനുള്ള പ്രധാന കാരണം മേൽ സൂചിപ്പിച്ചതുപോലുള്ള സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് അതീതമായ ഘടകങ്ങളാണ്. സംസ്ഥാനം 2022-23 സാമ്പത്തിക വർഷം പദ്ധതി ചെലവിനത്തിൽ വകയിരുത്തിയിരുന്ന വിഹിതം 30,575.01 കോടി രൂപയാണ്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം പ്രസ്തുത വർഷത്തെ പദ്ധതി ചെലവ് 32750.80 കോടി രൂപയാണ്. പ്രതിസന്ധികൾക്കിടയിലും പദ്ധതി ചെലവിനത്തിൽ

മികച്ച നേട്ടം കൈവരിക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ മൂലധന പദ്ധതി ചെലവിനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് നേരിയ വർദ്ധനവ് കൈവരിക്കാനും സാധിച്ചിട്ടുണ്ട്.

(സി) പൊതുചെലവുകളിൽ കുറവ് വരുത്താതെ ശമ്പളം, പെൻഷൻ, വായ്പാ തിരിച്ചടവ് ഉൾപ്പെടെ പതിനായിരം കോടി രൂപയുടെ നിർബന്ധിത ചെലവ് ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ശമ്പളം, പെൻഷൻ, പലിശയിനത്തിലെ തിരിച്ചടവ് എന്നിവയ്ക്ക് മുടക്കം വരുത്താതെ തന്നെ ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ചെലവുകൾക്ക് സർക്കാർ മുൻതൂക്കം നൽകിയിട്ടുണ്ട്. ഈ ഇനത്തിലെ ചെലവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഡി) തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി ചെലവും സർക്കാർ വാർഷിക പദ്ധതി ചെലവും മികച്ച രീതിയിൽ കൈകാര്യം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2022-23 സാമ്പത്തിക വർഷം തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് 85.05

ശതമാനവും സർക്കാർ വാർഷിക പദ്ധതി ചെലവ് 107.05 ശതമാനവുമാണ്. പദ്ധതി ചെലവുകൾ പ്രതീക്ഷിച്ചതിലും മികച്ച രീതിയിൽ കൈകാര്യം ചെയ്യുവാൻ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ട്.

### സഹകരണ മേഖലയിലെ പദ്ധതികൾ

14(*44) ശ്രീ. പി. നന്ദകുമാർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയിൽ മത്സ്യവിപണനം നടത്തുന്നവർ, അനുബന്ധ മേഖലയിലെ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ തുടങ്ങിയവർക്കായി നടപ്പാക്കിയ ലഘു വായ്പാ പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

തീരദേശമേഖലയിൽ മത്സ്യവിപണനം നടത്തുന്നവർ, അനുബന്ധ മേഖലയിലെ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ തുടങ്ങിയവർക്കായി നടപ്പാക്കിയ ലഘു വായ്പാ പദ്ധതിയാണ് "സ്നേഹതീരം പദ്ധതി". പദ്ധതിയുടെ

ധാരണാപത്രത്തിന്റെ (MOU) കരടിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിനായി നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സഹകരണസംഘം രജിസ്ട്രാർ സ്വീകരിച്ചുവരുന്നു. ഒപ്പുവയ്ക്കുന്ന മുറയ്ക്ക് സർക്കുലർ പുറപ്പെടുവിച്ച് വായ്പ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) 14 ജില്ലകളിലായി 500 ഏക്കർ സ്ഥലത്ത് സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കിയ കാർഷിക പദ്ധതി പ്രകാരം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കിയ കാർഷിക പദ്ധതി പ്രകാരം സംസ്ഥാനത്ത് നിലവിൽ ആകെ 7354 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഭിന്നശേഷിക്കാർക്ക് തൊഴിലവസരം സൃഷ്ടിക്കാനും സ്ഥിരവരുമാനം ലഭ്യമാക്കാനുമായി സഹകരണ സംഘങ്ങൾ മുഖേന 'സഹകരണം സൗഹൃദം' എന്ന പേരിൽ വായ്പാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര കോടി രൂപ വായ്പ

നൽകാൻ കഴിഞ്ഞുവെന്നും എത്ര തൊഴിലവസരം സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നും വെളിപ്പെടുത്തുമോ?

ഉണ്ട്. പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് നിലവിൽ 519 പേർക്ക് 4,30,26,072/- (നാല് കോടി മുപ്പത് ലക്ഷത്തി ഇരുപത്തിയാറായിരത്തി എഴുപത്തിരണ്ട് രൂപ) വിതരണം ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം ആകെ 578 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന് മാസ്റ്റർ പ്ലാൻ**

15(*45) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പദ്ധതികൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കിവരുന്നു. ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളും ആഗോള വിപണന സാധ്യതകളുള്ള നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്കരണ പദ്ധതികളുമാണ് ഇതിന്റെ ഭാഗമായി ആവിഷ്ക്കരിച്ചിരിക്കുന്നത്.

മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുവാൻ നിലവിൽ 9467.10 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

മൂന്ന് ഘട്ടങ്ങളിലായി 41 പൊതുമേഖലാ സ്ഥാപനങ്ങളിൽ 405 പദ്ധതികൾ അടുത്ത പത്ത് വർഷത്തിനുള്ളിൽ നടപ്പിലാക്കുവാൻ പ്രസ്തുത മാസ്റ്റർപ്ലാനിലൂടെ ലക്ഷ്യമിടുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ദ്ധ സഹായം ഉറപ്പുവരുത്തുന്നതിനു വേണ്ടി അതത് മേഖലയിൽ പ്രാവീണ്യമുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ നൈപുണ്യം നേടിയ പ്രസ്തുത വിദഗ്ദ്ധരുടെ സേവനം വ്യവസായ കയർ കശുവണ്ടി വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും

ലഭ്യമാക്കിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം അവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോർഡിനേഷൻ ചുമതലയും നിർവഹിക്കുന്നതിനായി ഉയർന്ന തലത്തിൽ പ്രാഗല്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ധനെ അഡ്വൈസർ (മാസ്റ്റർ പ്ലാൻ) ആയും നിയോഗിച്ചിട്ടുണ്ട്.

(സി) റിയാബിനെ ബോർഡ് ഫോർ പബ്ലിക് സെന്റർ ട്രാൻസ്ഫർമേഷൻ ആയി ഉയർത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്രമായ പുനഃസംഘടനയ്ക്കും ആധുനികവത്കരണത്തിനുമുള്ള നിർദ്ദേശങ്ങളോടൊപ്പം സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടി നിയമിച്ച വിദഗ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ റിയാബിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ

ഭാഗമായി റിയാബിനെ 'ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ' എന്ന് പുനർനാമകരണം ചെയ്യുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റിനായി റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ വിശദമാക്കുമോ?

വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തേണ്ടതായ വിവിധ തസ്തികളിലേയ്ക്ക് നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും, വ്യവസായ വകുപ്പിന്റേതല്ലാത്ത മറ്റ് ഭരണ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തേണ്ടതായ വിവിധ തസ്തികകളിലേയ്ക്കുള്ള സെലക്ഷൻ ലിസ്റ്റ് ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യപ്പെടുന്നതിന്മേൽ തയ്യാറാക്കുന്നതിനും വേണ്ടി സ്വയംഭരണാധികാരമുള്ള കേരള പബ്ലിക്

എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് രൂപീകരിക്കുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്ട്, 2022 വിജ്ഞാപനമായി പുറപ്പെടുവിക്കുകയുണ്ടായി.

പ്രസ്തുത ആക്ട് പ്രകാരം കൈവന്നിട്ടുള്ള അധികാരം ഉപയോഗിച്ചുകൊണ്ട് ബോർഡിലേയ്ക്ക് ചെയർമാൻ, അംഗങ്ങൾ എന്നിവരെ നിയമിച്ചുകൊണ്ട് ഒരു വിജ്ഞാപനത്തിലൂടെ ബോർഡ് രൂപീകരിക്കുകയും ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ഏറ്റവും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇപ്രകാരം കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

## വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനങ്ങൾ

16(*46) ശ്രീ. മുരളി പെരുനെല്ലി:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി.വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കീഴിലുള്ള കൂടുതൽ പ്രദേശങ്ങളെ വ്യവസായ എസ്റ്റേറ്റുകളായി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനുകീഴിൽ 40 പ്രദേശങ്ങൾ വ്യവസായ എസ്റ്റേറ്റ്/പ്ലോട്ടുകളായും പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ കീഴിൽ 17 പ്രദേശങ്ങൾ മേജർ വ്യവസായ എസ്റ്റേറ്റുകളായും 36 പ്രദേശങ്ങൾ മിനി വ്യവസായ എസ്റ്റേറ്റുകളായും പ്രഖ്യാപിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൻ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾക്ക് വേണ്ടി ഏകജാലക ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്.

(ബി) പുതുതായി പ്രഖ്യാപിച്ചിട്ടുള്ള വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും സംരംഭകരെ ആകർഷിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

വ്യവസായ എസ്റ്റേറ്റുകളിലേയ്ക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജലം, റോഡ് ഗതാഗതം, വൈദ്യുതി, ചുറ്റുമതിൽ, ഗേറ്റ്, മാലിന്യ സംസ്കരണ പ്ലാന്റുകൾ, പവർ ഫീഡർ എന്നിവ സജ്ജമാക്കുന്നുണ്ട്. ഓരോ വർഷവും ഇതിലേയ്ക്കായി ബഡ്ജറ്റ് വിഹിതം ഉൾപ്പെടുത്തുകയും ചെയ്യുന്നു.

(സി) ഭക്ഷ്യ സംസ്കരണ രംഗത്ത് പുരോഗതി കൈവരിക്കുന്നതിനായി ഭക്ഷ്യ സംസ്കരണ പാർക്കുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ മെഗാഫുഡ് പാർക്ക് പദ്ധതിയിലുൾപ്പെടുത്തി 50 കോടി രൂപയുടെ ധനസഹായത്തോടെ പാലക്കാട് 79.42 ഏക്കർ സ്ഥലത്ത് വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ നേതൃത്വത്തിൽ ഒരു മെഗാഫുഡ് പാർക്ക്

സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ 42 സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തുകഴിഞ്ഞു. പ്രസ്തുത പദ്ധതിയിലൂടെ ഏകദേശം 241 കോടി രൂപയുടെ നിക്ഷേപവും 1200 തൊഴിലവസരങ്ങളും സൃഷ്ടിക്കാനാവുമെന്ന് കരുതുന്നു. പ്രസ്തുത പാർക്കിൽ വെയർഹൗസ്, കോൾഡ് സ്റ്റോറേജ്, പാക്ക് ഹൗസ്, റൈപ്പനിങ് ചേമ്പർ, സുഗന്ധ വ്യഞ്ജന സംസ്കരണം, അഡ്മിൻ ബിൽഡിങ് തുടങ്ങിയ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഈ പാർക്കിന്റെ രണ്ടാംഘട്ടമായി പാലക്കാട്, ഏലപ്പുള്ളി വില്ലേജിൽ 18.09 ഏക്കർ ഭൂമി കൂടി ഭക്ഷ്യ സംസ്കരണ വ്യവസായത്തിനായി വികസിപ്പിക്കുവാൻ കിൻഫ്ര ഉദ്ദേശിക്കുന്നു. കൂടാതെ 10 മിനി ഫുഡ് പാർക്കുകൾ കൂടി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് പ്രാരംഭ ചർച്ചകൾ നടത്തിവരുന്നു.

**കോ-ഓപ്പറേറ്റീവ് ഇനീഷ്യേറ്റീവ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ പദ്ധതി**

17(*47) ശ്രീ എം നൗഷാദ്:
ശ്രീമതി യു പ്രതിഭ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഞ്ച് വർഷത്തിനുള്ളിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ കോ-ഓപ്പറേറ്റീവ് ഇനീഷ്യേറ്റീവ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് അഞ്ച് വർഷത്തിനുള്ളിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

സഹകരണ മേഖലയുടെ പിൻതുണയോടെ കാർഷിക രംഗത്തെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കാർഷിക ഉൽപ്പന്നങ്ങളുടെ

ഉൽപ്പാദനം, സംഭരണം, മൂല്യവർദ്ധന വിപണനം എന്നിവ പരിപോഷിപ്പിക്കുന്നതിനായി 2022-2023 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി. 2022-2023 സാമ്പത്തിക വർഷം ടി പദ്ധതിയിൽ 2250.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ നിന്നും 20 സഹകരണ സംഘങ്ങൾക്ക് 743.50 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2023-2024 സാമ്പത്തിക വർഷം ടി പദ്ധതിയിലൂടെ ധനസഹായം അനുവദിക്കുന്നതിനായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിനത്തിൽ 3450.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2023-2024 സാമ്പത്തിക വർഷം നടപ്പാക്കേണ്ട പദ്ധതികൾ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനകൾക്കും വിശകലത്തിനും ശേഷം സർക്കാർ അംഗീകരിച്ച് അനുമതി നൽകുന്നതാണ്.

(ബി) ബാങ്കുകളുടെ പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിനും വായ്പ തിരിച്ചടക്കുവാൻ കഴിയാതെ വന്നവർക്ക് ആശ്വാസം നൽകാനുംവേണ്ടി

സംസ്ഥാനത്തെ സഹകരണ മേഖലയിൽ നവകേരളീയം, കുടിശ്ശിക നിവാരണം, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടങ്ങിയവ നടപ്പിൽ വരുത്തിയതിന്റെ അനുഭവങ്ങൾ വിശദമാക്കുമോ?

ബാങ്കുകളുടെ പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിനും വായ്പ തിരിച്ചടക്കുവാൻ കഴിയാതെ വന്നവർക്ക് ആശ്വാസം നൽകാനുംവേണ്ടി സംസ്ഥാനത്തെ സഹകരണ മേഖലയിൽ നവകേരളീയം, കുടിശ്ശിക നിവാരണം, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടങ്ങിയവ നടപ്പിൽ വരുത്തിയതിന്റെ അനുഭവങ്ങൾ ചുവടെ ചേർക്കുന്നു.

**നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണതീർഷാക്കൽ പദ്ധതി**

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശികരഹിത സംഘങ്ങൾ/ബാങ്കുകളായി മാറ്റുന്നതിനും, കുടിശ്ശികക്കാരായ വായ്പാക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും കൂടി നടപ്പിലാക്കുന്ന പദ്ധതിയാണ് “നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി”.

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്റ്റംബർ 30 വരെയും, കേരള ബാങ്കിൽ 2022 നവംബർ 15 വരെയും ടി പദ്ധതി നടപ്പിലാക്കിയിരുന്നു. തുടർന്ന് 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെയും ടി പദ്ധതി നടപ്പിലാക്കിയിരുന്നു.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. പലിശയിൽ പരമാവധി 50 ശതമാനം വരെ ഇളവ് നൽകുന്നു. വായ്പയുടെ സ്വഭാവം പരിഗണിക്കാതെ എല്ലാത്തരം വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. അർഹരായവരുടെ വായ്പ പൂർണ്ണമായോ, ഭാഗികമായോ ഇളവ് നൽകുന്നു. സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ടശേഷം മാതാപിതാക്കളുടെ ബാദ്ധ്യത തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകുന്നതിനും ടി പദ്ധതിയിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബാങ്കുകളുടെ വായ്പാ കുടിശ്ശിക ഈടാക്കുന്നതിനും വായ്പ തിരിച്ചടക്കുവാൻ കഴിയാതെ വന്നവർക്ക് ആശ്വാസം നൽകുന്നതിനും ടി പദ്ധതി പ്രകാരം സാധിച്ചിട്ടുണ്ട്. കൃത്യമായി വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സഹകരണ സംഘങ്ങൾ /ബാങ്കുകളുടെ നഷ്ടം കുറയ്ക്കുന്നതിനും, കുടിശ്ശികയുള്ള വായ്പാക്കാർക്ക് ഇളവുകളോടെ വായ്പ തിരിച്ചടച്ച് ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികളിൽ നിന്നും ഒഴിവാകുന്നതിനും ടി പദ്ധതി സഹായകരമായിട്ടുണ്ട്.

ടി പദ്ധതി പ്രകാരം 2021-2022 സാമ്പത്തിക വർഷം 4,69,133 വായ്പാക്കാർക്ക് 843.57 കോടി രൂപയുടെ ഇളവ് അനുവദിക്കുകയും, 12322.21 കോടി രൂപയുടെ വായ്പ തിരിച്ചടവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്, 2022 -2023 സാമ്പത്തിക വർഷം 4,53,965 വായ്പാക്കാർക്ക് 829.23 കോടി രൂപയുടെ ഇളവ് അനുവദിക്കുകയും, 10982.91 കോടി രൂപയുടെ വായ്പ തിരിച്ചടവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

(സി) പരിസ്ഥിതി വീണ്ടെടുപ്പ് ലക്ഷ്യമിട്ട് സഹകരണ വകുപ്പ് നടപ്പാക്കുന്ന ഹരിതം-സഹകരണം പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി 2017-ൽ സഹകരണവകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ ഹരിതം സഹകരണം പദ്ധതി 2022-ൽ പൂർത്തിയായി. 5 വർഷം കൊണ്ട് 5 ലക്ഷം ഫലവൃക്ഷത്തൈകൾ സഹകരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വച്ചുപിടിപ്പിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ആയതുപ്രകാരം ഓരോ വർഷവും നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | ഇനം |
|---|---|---|
| 2018 | 120273 | പ്ലാവ് |
| 2019 | 102909 | കശുമാവ് |
| 2020 | 113070 | തെങ്ങ് |
| 2021 | 106289 | പുളി |
| 2022 | 114005 | മാവ് |

**നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി**

18(*48) **ശ്രീ. പി. വി. ശ്രീനിജിൻ:**

<u>ശ്രീ. പി. നന്ദകുമാർ:</u>
<u>ശ്രീ. പി. ടി. എ. റഹീം:</u>
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് അനുവദനീയമായ വായ്പാ പരിധി വെട്ടിക്കുറക്കുകയും ഗ്രാന്റുകൾ നിഷേധിക്കുകയും ചെയ്യുന്ന കേന്ദ്ര നടപടികൾ കാരണം സംസ്ഥാനം സാമ്പത്തിക ഞെരുക്കം നേരിടുന്നുണ്ടോ?

കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നയിക്കുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.

ഇതിനുപുറമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത തുക നാലു തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് സ്വീകരിച്ച് കേന്ദ്രസർക്കാർ കുറച്ചുവരികയാണ്. ധനകാര്യ കമ്മീഷൻ നിശ്ചയിച്ചു നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസാക്കിയതിന് ശേഷം പിന്നീട് കടമെടുപ്പിൽ കുറവ് വരുത്തുന്നത്

സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാക്കുന്നതിന് ഇടവരുത്തുകയും ചെയ്യും.

സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടണമെന്നും, ഭരണഘടനാ വ്യവസ്ഥകളിൽ നിന്നുള്ള വ്യതിയാനങ്ങളും സുപ്രധാന കേന്ദ്ര-സംസ്ഥാന സാമ്പത്തിക പ്രശ്നങ്ങളും പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ 19-01-2023 ലെ 133/CM/2023 നമ്പർ കത്ത് പ്രകാരം ബഹു. പ്രധാനമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിട്ടുമുണ്ട്.

(ബി) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തികൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനും നികുതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും

ബന്ധപ്പെട്ട വകുപ്പുകളുടെ നവീകരണത്തിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിക്കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് 2022-23 സാമ്പത്തിക വർഷത്തിൽ തന്നെ വിവിധ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. ഇതിനെ തുടർന്നാണ് 2023-24 വർഷത്തിൽ സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി മോട്ടോർ വാഹനം, രജിസ്ട്രേഷൻ, എക്സൈസ് തുടങ്ങിയ വകുപ്പുകൾക്ക് കീഴിൽ ഈടാക്കുന്ന നികുതി ഇനങ്ങളുടെ നിരക്കുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് സംസ്ഥാന ബജറ്റിലൂടെ നടപടികൾ തുടങ്ങിയിട്ടുള്ളത്. ജി.എസ്.ടി പിരിവ് കാര്യക്ഷമമാക്കുന്നതിനായി നിലവിലെ നിയമങ്ങൾക്കനുസൃതമായി സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ പുന:സംഘടന 01/01/2023 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. സമ്പൂർണ്ണ ജി.എസ്.ടി പുന:സംഘടനയിലൂടെ സംസ്ഥാനത്തിന്റെ ജി.എസ്.ടി വരുമാനം ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി നികുതി-ആഡിറ്റ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി നികുതി വെട്ടിപ്പ് തടയുന്നതിന് രൂപീകരിച്ചിട്ടുള്ള ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം വിശദമാക്കുമോ?

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനുമായി സംസ്ഥാന ജി.എസ്.ടി വകുപ്പ് പുനസംഘടിപ്പിച്ച് മുമ്പുണ്ടായിരുന്ന ഇന്റലിജൻസ്, ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് എന്നീ വിഭാഗങ്ങളെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗമെന്ന് പുനർ നാമകരണം നടത്തി വിപുലീകരിക്കുകയുണ്ടായി. അതിന്റെ ഫലമായി നിലവിൽ സംസ്ഥാനത്ത് 41 ഇന്റലിജൻസ് യൂണിറ്റുകളും 47 എൻഫോഴ്സ്മെന്റ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ജില്ലാതലത്തിൽ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്), ഡെപ്യൂട്ടി കമ്മീഷണർ (എൻഫോഴ്സ്മെന്റ്) എന്നിവരുടെ മേൽനോട്ടത്തിലും സംസ്ഥാനത്താകമാനം മൂന്ന് സോണുകളിലായി ജോയിൻറ് കമ്മിഷണർ (ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്)-മാരുടെ നിയന്ത്രണത്തലുമായി ഈ വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ 2023-24 സാമ്പത്തികവർഷത്തിൽ 31.07.2023 വരെ ഇന്റലിജൻസ് വിഭാഗം അന്വേഷണം പൂർത്തിയാക്കിയ 71 കേസുകളിൽ നിന്ന് 1064.16 കോടി രൂപയുടെ വരുമാനം ലഭ്യമാക്കിയിട്ടുണ്ട്. ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഇതേ കാലഘട്ടത്തിലെ വരുമാനത്തേക്കാൾ 1023.25 കോടി രൂപ കൂടുതലാണ്. കഴിഞ്ഞ വർഷം ഈ കാലയളവിൽ അന്വേഷണം പൂർത്തിയാക്കിയ കേസുകളുടെ എണ്ണം 26 മാത്രമാണ്. കൂടാതെ ഈ വർഷം 5 കോടി രൂപയിലധികം നികുതിവെട്ടിപ്പ് നടത്തിയ കേസുകളിൽ 4 വ്യക്തികളെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്.

**സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ നടപടി**

19(*49) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് നടപ്പുസാമ്പത്തിക വർഷം കടം എടുക്കാവുന്ന തുകയുടെ പരിധി നിശ്ചയിച്ച് കേന്ദ്ര സർക്കാർ അറിയിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ?

കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ചു നൽകുന്നത്. അതനുസരിച്ച് നടപ്പുവർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 10,81,412 കോടി രൂപയുടെ 3 ശതമാനമായ 32,442 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പുവർഷത്തെ തനി കടമെടുപ്പ് പരിധി. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമായിട്ടുള്ള കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+.

(ബി) സംസ്ഥാനത്തിന്റെ വായ്പാ പരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ് പ്രതിസന്ധിയുടെ കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചു നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നത് സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. സംസ്ഥാനത്തിന്റെ വായ്പാ പരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. 12.07.2023-ൽ സംസ്ഥാന ധനകാര്യമന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് അയച്ച കത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ വായ്പാപരിധി 1% കൂടി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കടമെടുപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഇപ്പോൾ നിഷ്കർഷിക്കുന്ന നിബന്ധനകൾ സംസ്ഥാനത്തിന് ദോഷകരമായി ഭവിക്കുന്നവയാണ്.

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്രസർക്കാർ 2022-23 സാമ്പത്തിക വർഷം മുതൽ

കുറവ് വരുത്തിവരുന്നുണ്ട്. ഈ നിലപാടിൽ മാറ്റം വരുത്തണമെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുമ്പ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് നിർണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും 22.07.2022-ലെ 134/2022/എം. ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്ര ധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി 19-01-2023-ലെ 133/CM/2023 കത്ത് പ്രകാരം ഒരു നിവേദനം ബഹു. പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കേന്ദ്രസർക്കാർ വായ്പാ പരിധി വർദ്ധിപ്പിച്ച് നൽകാത്ത സാഹചര്യത്തിൽ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

കേന്ദ്രസർക്കാർ വായ്പാ പരിധി വർദ്ധിപ്പിച്ച് നൽകാത്ത സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ തനത് നികുതി, നികുതിയേതര

വരുമാനം വർദ്ധിപ്പിച്ചും, അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും, വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്ര ശ്രമമാണ് സംസ്ഥാനം നടത്തികൊണ്ടിരിക്കുന്നത്.

ധനകാര്യ കമ്മീഷൻ നിശ്ചയിച്ച നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധികൂടി കണക്കിലെടുത്താണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസാക്കിയതിന് ശേഷം പിന്നീട് കടമെടുപ്പിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാക്കുന്നതിന് ഇടവരുത്തുകയും ചെയ്യും.

**കൈത്തറി മേഖലയുടെ സമഗ്ര പരിഷ്കരണം**

20(*50) <u>ശ്രീമതി ദെലീമ:</u>

ശ്രീ. കെ. ആൻസലൻ:
ശ്രീ ഒ. ആർ. കേളു:
ശ്രീ എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ വിലവർധനവും കേന്ദ്ര സർക്കാർ സബ്സിഡി നിർത്തലാക്കിയതും കാരണം ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനും ഈ സർക്കാർ നടത്തുന്ന ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. പരുത്തിയുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പരുത്തിയുടെ വിളവെടുപ്പ് സീസണിൽ തന്നെ അവ വാങ്ങുന്നതിന് സർക്കാർ തീരുമാനിച്ചു. പ്രസ്തുത പ്രക്രിയ സുഗമമായി നടപ്പിലാക്കുന്നതിന് 17.12.2022-ലെ സ.ഉ (സാധാ)നം.1310/2022/വ്യവ പ്രകാരം കോട്ടൺ ബോർഡ് രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

കോട്ടൺ ബോർഡിന്റെ പ്രവർത്തനത്തിനുള്ള മൂലധനമായി 2023-24 സാമ്പത്തിക വർഷം റിവോൾവിംഗ് ഫണ്ടായി ഒരു കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും, പ്രസ്തുത തുക അനുവദിച്ച് നൽകുകയും ചെയ്തു.

നൂലിന്റെയും മറ്റ് അസംസ്കൃത വസ്തുക്കളുടെയും വില വർദ്ധനവ് നിയന്ത്രണ വിധേയമാക്കുന്നതിനുവേണ്ടി വിവിധ സബ്സിഡി പദ്ധതികളും സർക്കാർ നടപ്പിലാക്കിവരുന്നു.

**1) <u>നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി</u>**

കൈത്തറി നെയ്ത്തുകാരുടെ അസംസ്കൃത വസ്തുവായ നൂൽ, ഹാന്റക്സ്/ഹാൻവീവ്/മറ്റ് സഹകരണ യാൺ ബാങ്കുകൾ എന്നിവ വഴി ഗുണമേന്മയുള്ളവ ന്യായമായ വിലയ്ക്ക് യഥാസമയം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്.

<u>ടി പദ്ധതിയുടെ സബ്സിഡി നിരക്ക് ചുവടെ ചേർക്കുന്നു</u>

40 കൗണ്ട് നൂൽ വരെ - കിലോഗ്രാമിന് 25/- രൂപ

40 മുതൽ 80 കൗണ്ട് നൂൽ വരെ - കിലോഗ്രാമിന് 30/- രൂപ

80 കൗണ്ട് നൂലിനു മുകളിൽ - കിലോഗ്രാമിന് 40/- രൂപ

**2) <u>ചായം, രാസപദാർത്ഥങ്ങൾ എന്നിവയ്ക്കുള്ള സബ്സിഡി</u>**

കൈത്തറി നെയ്ത്തുകാരുടെ അസംസ്കൃത വസ്തുവായ നൂലിന് പുറമേയുള്ള മറ്റ് അസംസ്കൃത വസ്തുക്കളായ ചായം, രാസപദാർത്ഥങ്ങൾ എന്നിവ ഹാന്റക്സ്, ഹാൻവീവ്, മറ്റ് സഹകരണ യാൺ ബാങ്കുകൾ എന്നിവ വഴി ഗുണമേന്മയുള്ളവ യഥാസമയം ലഭ്യമാക്കുകയും ചായങ്ങളുടെയും രാസപദാർത്ഥങ്ങളുടെയും വാങ്ങിയ വിലയുടെ 10% സബ്സിഡിയായി നൽകുകയും ചെയ്യുന്നു.

നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി, നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി, വിപണന കയറ്റുമതി പ്രോത്സാഹനം എന്നിവയ്ക്കായി യഥാക്രമം 250 ലക്ഷം രൂപ, 450 ലക്ഷം രൂപ, 200 ലക്ഷം രൂപ എന്നീ തുകകൾ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഗുണനിലവാരമുള്ള കൈത്തറി ഉൽപ്പന്നങ്ങളെ ബ്രാൻഡ് ചെയ്യുന്നതിനായി കേരള ഹാന്റ്ലൂം മാർക്ക് പദ്ധതി നടപ്പിലാക്കിവരുന്നു. കൈത്തറി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുവാനും ഉപഭോക്താക്കൾക്ക് യഥാർത്ഥ കൈത്തറി ഉൽപ്പന്നങ്ങൾ ലഭ്യമാക്കുവാനും ഇതുവഴി സാധിക്കുന്നു. കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി നെയ്ത്തുകാർക്ക് കേരള ഹാന്റ്ലൂം മാർക്ക് എന്ന ലേബലിൽ രേഖപ്പെടുത്തിയ തുകയുടെ നിശ്ചിത വിഹിതം നേരിട്ട് ലഭ്യമാക്കിവരുന്നു.

<u>സംസ്ഥാനത്ത് കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.</u>

I) സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ റിബേറ്റ് നൽകിവരുന്നുണ്ട്. (വിവിധ

ഉത്സവകാലയളവുകളിൽ കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനായി 41 ദിവസത്തേയ്ക്ക് 20% റിബേറ്റും സ്കൂൾ യൂണിഫോം റിബേറ്റ് കാലയളവിൽ 15 ദിവസത്തേയ്ക്ക് 30% റിബേറ്റുമാണ് നിലവിൽ അനുവദിച്ചുനൽകുന്നത്). ഉത്സവകാലയളവിൽ കൈത്തറി ഉൽപ്പന്നങ്ങൾക്കായി ജില്ലാ - സംസ്ഥാനതല എക്സിബിഷനുകൾ റിബേറ്റോടു കൂടി സംഘടിപ്പിച്ചുവരുന്നു. ഇതുവഴി വിപണന സാധ്യത കൂട്ടുന്നതിനും അങ്ങനെ കൈത്തറി ഉൽപ്പന്നങ്ങളുടെ വിൽപന ത്വരിതപ്പെടുത്തുന്നതിനും സാധിക്കുന്നു.

II) കേരളത്തിലെ പരമ്പരാഗത നെയ്ത്ത് സംഘങ്ങൾക്ക് (ഹാന്റക്സ്, ഹാൻവീവ് എന്നിവ ഉൾപ്പെടെ) കേരളത്തിനകത്തോ, പുറത്തോ ഉള്ള കൈത്തറി വിപണന മേളകളിൽ പങ്കെടുത്ത് സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഗ്രാന്റ് അനുവദിച്ചുനൽകുന്ന ഒരു പദ്ധതിയാണ് എക്സിബിഷൻ ഗ്രാന്റ്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് കേരളത്തിനകത്ത് 10,000/- രൂപയോ വിൽപ്പനയുടെ 10% തുകയോ ഏതാണോ കുറവ് അത് എക്സിബിഷൻ ഗ്രാന്റായി അനുവദിച്ചുനൽകുന്നു. കേരളത്തിന് പുറത്ത്

സംഘടിപ്പിക്കുന്ന കൈത്തറി വിപണന മേളകളിൽ പങ്കെടുക്കുന്നതിന് സംഘങ്ങൾക്കായി 15,000/- രൂപയോ വിൽപ്പനയുടെ 10% തുകയോ, ഏതാണോ കുറവ് അത് എക്സിബിഷൻ ഗ്രാന്റായി അനുവദിച്ചുനൽകുന്നു. ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്ക് കേരളത്തിനകത്ത് 30,000/- രൂപയോ വിൽപ്പനയുടെ 10% തുകയോ ഏതാണോ കുറവ് അത് എക്സിബിഷൻ ഗ്രാന്റായി അനുവദിച്ചുനൽകുന്നു. കേരളത്തിനുപുറത്ത് 40,000/- രൂപയോ വിൽപ്പനയുടെ 10% തുകയോ ഏതാണോ കുറവ് അത് എക്സിബിഷൻ ഗ്രാന്റായി അനുവദിച്ചുനൽകുന്നു. കൈത്തറി സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

III) കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിച്ച് വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, എല്ലാ സർക്കാർ/അർദ്ധസർക്കാർ/അധ്യാപകർ/പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ 2022 പുതുവർഷാരംഭം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി/ ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നും 07.12.2020-ലെ സി.ഡി.എൻ

2/97/2020/പൊഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കൈത്തറി/ഖാദി തുണിത്തരങ്ങൾ വാങ്ങണമെന്നും 11.01.2022-ലെ സി.ഡി.എൻ2/ 1/2022/പൊഭവ സർക്കുലർ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ ഫലമായി, കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ ഉണർവുണ്ടാകുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

IV) സംസ്ഥാനത്തെ കൈത്തറി വ്യവസായത്തിന്റെ ഉന്നമനത്തിനായും വിപണനത്തിന്റെ വളർച്ചയ്ക്കായും ആവിഷ്കരിച്ച മറ്റൊരു പദ്ധതിയാണ് കൈത്തറി ഗ്രാമം /സമഗ്ര കൈത്തറി ഗ്രാമം പദ്ധതി.

V) കൈത്തറി ഉല്പന്നങ്ങളുടെ വിപണനം ത്വരിതപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ e-shipmart.gov.in, Gem Portal എന്നിവയിൽ രജിസ്റ്റർ ചെയ്യുന്നതിനായി കൈത്തറി സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുവഴി കൈത്തറി ഉല്പന്നങ്ങളുടെ വിപുലമായ വിപണനം സാധ്യമാകുന്നതാണ്.

VI) കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (K-Bip) മുഖേന ഓൺലൈൻ വ്യാപാരത്തിനായി രൂപീകരിച്ച കേരള ഇ-മാർക്കറ്റ് പോർട്ടലിലൂടെയും കൈത്തറി ഉല്പന്നങ്ങളുടെ വിപണന സാധ്യത ഒരുക്കുന്നുണ്ട്.

VII) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ ഹാന്റക്സ്, ഹാൻവീവ് എന്നിവിടങ്ങളിൽ നിന്ന് കയറ്റുമതി ചെയ്യുന്ന കൈത്തറി ഉൽപ്പന്നങ്ങളുടെ വിലയുടെ 20% അതായത് പരമാവധി 20 ലക്ഷം രൂപ വരെ പ്രതിവർഷം പ്രസ്തുത സ്ഥാപനങ്ങൾക്ക് സബ്സിഡിയായി നൽകുന്ന ഒരു പദ്ധതിയാണ് കയറ്റുമതി പ്രോത്സാഹന പദ്ധതി.

VIII) കേന്ദ്ര ടെക്സ്റ്റയിൽസ് മന്ത്രാലയത്തിന്റെ “റോ മെറ്റീരിയൽ സപ്ലൈ സ്കീം” (ആർ.എം.എസ്.എസ്) മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം യാൺ ബാങ്കുകളുടെ ഡിപ്പോ ഓപ്പറേറ്റിംഗ് ചാർജ്ജ് 15,000/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ യാൺ ബാങ്കുകൾക്ക് ദൈനംദിന ചെലവുകൾക്കായി പ്രയാസം നേരിടുകയും അത് പരിഹരിക്കുന്നതിലേക്കായി ഓഫ് സീസണിൽ ഉൾപ്പെടെ നൂൽ

സംഭരിക്കുന്നതിന് ഒറ്റത്തവണ ധനസഹായമായ (റിവോൾവിംഗ് ഫണ്ട്) 1,75,00,000/- രൂപ ബജറ്റ് പ്രൊവിഷനിൽ നിന്നും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി ലഭിച്ചിട്ടുണ്ട്.

(ബി) നെയ്ത്തുകാർക്ക് ആശ്വാസം പകരുന്നതിനായി നടപ്പാക്കിവരുന്ന സബ്സിഡി പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ?

നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം ലഭ്യമാക്കുന്നതിനായി ചുവടെ ചേർക്കുന്ന സബ്സിഡി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**1) <u>നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി</u>**

കൈത്തറി നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുവായ നൂൽ, ഹാന്റക്സ്/ഹാൻവീവ്/മറ്റ് സഹകരണ യാൺ ബാങ്കുകൾ എന്നിവ വഴി ന്യായമായ വിലയ്ക്ക് യഥാസമയം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ്.

<u>ടി പദ്ധതിയുടെ സബ്സിഡി നിരക്ക് ചുവടെ ചേർക്കുന്നു</u>

40 കൗണ്ട് നൂൽ വരെ - കിലോഗ്രാമിന് 25/- രൂപ

40 മുതൽ 80 കൗണ്ട് നൂൽ വരെ - കിലോഗ്രാമിന് 30/- രൂപ

80 കൗണ്ട് നൂലിനു മുകളിൽ - കിലോഗ്രാമിന് 40/- രൂപ

**2) ചായം, രാസപദാർത്ഥങ്ങൾ എന്നിവയ്ക്കുള്ള സബ്സിഡി**

കൈത്തറി നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കളായ ചായം, രാസ പദാർത്ഥങ്ങൾ എന്നിവ ഹാൻ്റക്സ്, ഹാൻവീവ്, മറ്റ് സഹകരണ യാൺ ബാങ്കുകൾ എന്നിവ വഴി യഥാസമയം ലഭ്യമാക്കുകയും ചായങ്ങളുടെയും രാസപദാർത്ഥങ്ങളുടെയും വാങ്ങിയ വിലയുടെ 10% സബ്സിഡിയായി നൽകുകയും ചെയ്യുന്നു.

(സി) ഈ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് കൈത്തറി മേഖലയുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് പ്രസ്തുത മേഖലയുടെ പുനരുദ്ധാരണത്തിനായി 20.07.2022-ലെ സ.ഉ(സാധാ)നം.730/2022/വ്യവ പ്രകാരം ഒരു അഞ്ചംഗ വിദഗ്ധ സമിതി

രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി ഓരോ ജില്ലയിലുമുള്ള സംഘങ്ങളിൽ പോയി നേരിട്ട് പഠനം നടത്തിവരുന്നു.

**വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി**

21(*51) ശ്രീ സി. കെ. ഹരീന്ദ്രൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും പ്രത്യേകോദ്ദേശ്യ സ്ഥാപനങ്ങൾക്കും പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധനസമാഹരണത്തിന് വായ്പ എടുക്കുന്നതിനായി സർക്കാർ ഗ്യാരന്റി നൽകുന്നുണ്ടോ; വിശദമാക്കുമോ?

2003 -ലെ കേരള ഗവണ്മെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ആക്ട് 2 (ബി) പ്രകാരം സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ അധികാര സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ, കോർപ്പറേഷനുകൾ

സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വിവിധ ധനകാര്യസ്ഥാപനങ്ങൾ/ ദേശീയ ഏജൻസികൾ, എന്നിവയിൽ നിന്നും വായ്പ ലഭിക്കുന്നതിന് സർക്കാർ ഗ്യാരണ്ടി നൽകാറുണ്ട്.

(ബി) സർക്കാർ സ്ഥാപനങ്ങൾക്ക് വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിദേശ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ സ്വീകരിക്കുന്നതും ആയതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതും കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ പരിധിയിൽ വരുന്ന വിഷയങ്ങളാണ്. നിലവിൽ വിദേശ വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളൊന്നും തന്നെ ലഭ്യമല്ല.

(സി) വിദേശ വായ്പയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ച് പുറത്തിറക്കിയ ഉത്തരവിനെ തെറ്റായി വ്യാഖ്യാനിച്ച് സർക്കാർ സ്ഥാപനങ്ങൾക്ക് ഗ്യാരന്റി നൽകുന്നില്ലെന്ന തരത്തിലുള്ള വാർത്ത പ്രചരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശ വായ്പകൾ കേന്ദ്ര സർക്കാർ മുഖാന്തിരം മാത്രമാണ് സ്വീകരിക്കുവാൻ സാധിക്കുന്നത്. Back to Back basis-ൽ കേന്ദ്ര സർക്കാർ അന്തിമ ഗുണഭോക്താവ്/നിർവ്വഹണ ഏജൻസികൾക്ക് - ലഭ്യമാക്കുന്ന ധനസഹായം സംബന്ധിച്ച പ്രധാനപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കീഴിലെ Department of Economic Affairs ആണ്. അതേസമയം വായ്പയായി വിദേശ ധനസഹായം നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്ന കേസുകളിൽ അത്തരം വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച terms and conditions നിശ്ചയിച്ച് 25/06/2023-ലെ സ.ഉ. (കൈ) നം. 101/23/ധന പ്രകാരം ഉത്തരവായിട്ടുണ്ട്.

**സഹകരണ മേഖലയിൽ വ്യവസായ പാർക്ക്**

22(*52) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ കൺസോർഷ്യങ്ങളിലൂടെ എല്ലാ ജില്ലകളിലും സഹകരണ മേഖലയിൽ വ്യവസായ പാർക്ക് തുടങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) അടുത്ത മൂന്നര വർഷങ്ങൾക്കുള്ളിൽ എത്ര പാർക്കുകൾ തുടങ്ങാനാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; ഇതിലൂടെ എത്ര ഏക്കർ പ്രദേശത്ത് വ്യവസായം തുടങ്ങാൻ കഴിയുമെന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ വ്യവസായവൽക്കരണത്തിന് ഉത്തേജനം നൽകുന്ന ഒരു വ്യവസായ നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലാണ്.

(സി) വനിതാ വ്യവസായ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനും പുതിയ യൂണിറ്റുകൾ സ്ഥാപിച്ച് വ്യവസായ സംരംഭങ്ങളാക്കി മാറ്റുന്നതിനും പദ്ധതികളുണ്ടോ; പ്രസ്തുത സംരംഭങ്ങളിൽ

നവീകരണവും പ്രൊഫഷണലിസവും ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

വനിതാ വ്യവസായ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനും പുതിയ യൂണിറ്റുകൾ സ്ഥാപിച്ച് വ്യവസായ സംരംഭങ്ങളാക്കി മാറ്റുന്നതിനുമായി 2023 മാർച്ച് 01-ന് ബഹു. വ്യവസായ വകുപ്പുമന്ത്രിയുമായി ചേർന്ന് നടത്തിയ സംയുക്തയോഗത്തിൽ വ്യവസായ വകുപ്പിന്റെ സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി വനിത സഹകരണ സംഘങ്ങളെ ഉല്പാദന യൂണിറ്റുകളാക്കി മാറ്റുന്നതിനായി തീരുമാനിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിന് താൽപര്യം പ്രകടിപ്പിച്ചിട്ടുള്ള സംഘങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വനിത സഹകരണ സംഘങ്ങളുടെ സംരംഭക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിന് കീഴിലുള്ള **944** വനിത സഹകരണ സംഘങ്ങളിൽ വ്യവസായ വകുപ്പ് സർവ്വേ നടത്തിയതിൽ

സംരംഭകമേഖലയിൽ പ്രവർത്തിക്കുന്ന **208** സംഘങ്ങൾ കണ്ടെത്തുകയും അവയുടെ പ്രവർത്തനം നവീകരിച്ച് പ്രൊഫഷണലിസത്തോടുകൂടി വ്യവസായവത്ക്കരണ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിൽ വ്യവസായ വകുപ്പിൻകീഴിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന ജനറൽ ഇൻഡസ്ട്രീയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കായി ഒരു പുതിയ പദ്ധതി നടപ്പുവർഷം വിഭാവനം ചെയ്യുകയും 49 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രയോജനം വനിത സഹകരണ സംഘങ്ങൾക്കും താഴെ പറയുന്ന പ്രകാരം ലഭ്യമാകുന്നതാണ്.

നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് ബിസിനസ് മെച്ചപ്പെടുത്തുന്നതിനായി വർക്ക് ഷെഡിന്റെ വിപുലീകരണം/ആധുനികവൽക്കരണം വൈവിധ്യവത്കരണം/പരിപാലനം അല്ലെങ്കിൽ വർക്ക് ഷെഡിന്റെ നിർമ്മാണത്തിനായോ ഗ്രാൻഡ് ഇൻ എയ്ഡ് രൂപത്തിൽ സഹായം നൽകുന്നതിനായോ പ്രവർത്തന മൂലധനത്തിന്റെ അഭാവവും കാലഹരണപ്പെട്ട യന്ത്ര

സാമഗ്രികൾ/സാങ്കേതികവിദ്യയും കാരണം കഴിഞ്ഞ ആറു മാസങ്ങളിലായി പ്രവർത്തനരഹിതമായ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനുള്ള അംഗീകൃത പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ സഹായം നൽകുന്നതാണ്. സഹായം സ്വീകരിക്കുന്ന സൊസൈറ്റികൾ മൂന്നുമാസത്തിനുള്ളിൽ പ്രവർത്തനം പുനരാരംഭിക്കാൻ ബാധ്യസ്ഥർ ആണ്. കൂടാതെ സഹായം ലഭിച്ച തീയതി മുതൽ മൂന്നു വർഷത്തേയ്ക്ക് തുടർച്ചയായി പ്രവർത്തിക്കുകയും വേണം. ഈ പദ്ധതികൾ ഉടൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വായ്പാ പരിധി വെട്ടിക്കുറച്ച കേന്ദ്ര സർക്കാർ നടപടി**

23(*53) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ വായ്പാപരിധി വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ ഓരോ വർഷത്തേയും കടമെടുപ്പ് പരിധിയിൽ കേന്ദ്രസർക്കാർ കുറവുവരുത്തുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി 2021-22 സാമ്പത്തിക

വർഷം എടുത്ത തുക നാലു തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിന്നും കേന്ദ്രസർക്കാർ കുറച്ചുവരികയാണ്. ഈ നിലപാടിൽ മാറ്റം വരുത്തണമെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുമ്പ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും 22.07.2022-ലെ 134/2022/എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി 19-01-2023-ലെ 133/CM/2023 കത്ത് പ്രകാരം ഒരു നിവേദനം ബഹു. പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത നിലപാടിൽ കേന്ദ്ര സർക്കാർ ഒരു മാറ്റവും വരുത്തിയിട്ടില്ല.

(ബി) വായ്പാ പരിധിക്ക് പുറമേ വിവിധ ഇനങ്ങളിലായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കേണ്ട വിവിധ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.

സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ, 2023-24-ന് ശേഷം

റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുന്നതും ജി.എസ്.ടി. നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിപ്പിച്ചതും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകം തന്നെ നിർത്തലാക്കിയിട്ടുമുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. ‘കോർ ഓഫ് ദി കോർ’എന്നും ‘കോർ’ എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ 90% കേന്ദ്രവിഹിതം ലഭിക്കുന്ന ആദ്യത്തേതിൽ പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. കോർ എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40% സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സ്വന്തമായി

ആസൂത്രണം ചെയ്യാനോ നിബന്ധനകളിൽ മാറ്റം വരുത്തുവാനോ സംസ്ഥാനങ്ങളെ അനുവദിക്കാറില്ല. കോർ എന്ന ഗണത്തിൽ ഇപ്പോഴുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40-ൽ നിന്ന് 75:25 ആക്കണമെന്ന് സംസ്ഥാനം നിരന്തരം കേന്ദ്രത്തോട് അഭ്യർത്ഥിക്കാറുണ്ടെങ്കിലും ഇതിൽ അനുകൂല നിലപാട് കേന്ദ്രത്തിൽ നിന്നും ഉണ്ടായിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യതകൾ കുറക്കുന്ന തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉണ്ടാകേണ്ടത്. അപ്രകാരം അധികമായി കണ്ടെത്തുന്ന തുക കൂടി സംസ്ഥാനത്തിന് വികസനക്ഷേമ പദ്ധതികൾക്ക് വേണ്ടി വിനിയോഗിക്കാൻ കഴിയും. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം കുറക്കുന്ന നിലപാട് സമീപകാലത്ത് കേന്ദ്രം സ്വീകരിച്ചുവരുന്നു. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുന്നു.

**(സി) വായ്പാ പരിധി വെട്ടിക്കുറച്ചത് ഈ വർഷത്തെ ബജറ്റ് പ്രഖ്യാപനങ്ങളുടെ നടത്തിപ്പിനെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് അറിയിക്കാമോ?**

കേന്ദ്രസർക്കാർ വായ്പാ പരിധി വർദ്ധിപ്പിച്ച് നൽകാത്ത സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും, അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും, വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്രശ്രമമാണ് സംസ്ഥാനം നടത്തികൊണ്ടിരിക്കുന്നത്. ധനകാര്യ കമ്മീഷൻ നിശ്ചയിച്ചു നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസാക്കിയതിന് ശേഷം പിന്നീട് കേന്ദ്ര സർക്കാർ കടമെടുപ്പിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും. സംസ്ഥാനത്തിന്റെ വായ്പാ പരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം

ആവശ്യപ്പെട്ടിട്ടുണ്ട്. 12.07.2023-ൽ സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് അയച്ച കത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ വായ്പാപരിധി 1% കൂടി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട് (കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)+.

**സഹകരണ മേഖലയിലെ റിക്കവറി ഒഴിവാക്കാൻ നടപടി**

24(*54) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി.മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ്, വെള്ളപ്പൊക്കം, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ സഹകരണ മേഖലയിലെ ലോണുകളിന്മേലുള്ള കുടിശ്ശിക തുക റിക്കവറി നടത്തുന്നതിന് മാനുഷിക പരിഗണന നൽകിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ്, വെള്ളപ്പൊക്കം, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ സഹകരണ മേഖലയിലെ ലോണുകളിന്മേലുള്ള കുടിശ്ശിക തുക റിക്കവറി നടത്തുന്നതിന് മാനുഷിക പരിഗണന നൽകിക്കൊണ്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാർഷിക കടങ്ങൾക്ക് 31.07.2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ചുനൽകിയിരുന്നു. സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31.03.2020 വരെ മൊറട്ടോറിയം അനുവദിച്ച് നൽകിയിരുന്നു. കൂടാതെ സംസ്ഥാനത്ത് കോവിഡ് - 19 രോഗബാധ ഉണ്ടായതിനെത്തുടർന്ന് റിസർവ്വ ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01.03.2020 മുതൽ 31.08.2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു.

കൂടാതെ കോവിഡ്, വെള്ളപ്പൊക്കം, പ്രകൃതി ദുരന്തങ്ങൾ എന്നിവ മൂലം ദുരിതമനുഭവിച്ചവർക്കുൾപ്പെടെ സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത

വായ്പയുടെ കുടിശ്ശിക അടയ്ക്കാൻ സാവകാശം അനുവദിക്കുക എന്ന ഉദ്ദേശത്തോടെ നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്തംബർ 30 വരെയും, 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെയും ടി പദ്ധതി നടപ്പിലാക്കിയിരുന്നു. പ്രളയം, കോവിഡ് എന്നിവ മൂലം ദുരിതമനുഭവിച്ചവർക്ക് ഇളവുകൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ ടി പദ്ധതിയിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്.

ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കി നൽകുന്നു. പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പാകണക്ക് അവസാനിപ്പിക്കുന്നതിന് സാധിക്കുന്നു. ഇപ്രകാരം കുടിശ്ശികക്കാരായ വായ്പാകാർക്ക് കുടിശ്ശിക അടയ്ക്കാനും, ജപ്തി നടപടികളിൽ നിന്നും ഒഴിവാകുന്നതിനുമുള്ള സാവകാശവും, അവസരവും ലഭിക്കുന്നു.

കേരള ബാങ്കിനും, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിനും ടി പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക അനുമതി നൽകാറുണ്ട്. കേരള ബാങ്ക് കോവിഡ്, വെള്ളപ്പൊക്കം, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയവയുടെ പശ്ചാതലത്തിൽ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്ത് തിരിച്ചടവിൽ മുടക്കം വരുത്തിയവർക്ക് പലിശ ഇളവ് നൽകി വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി 2023, റിക്കവറി മാനേജ്മെന്റ് പോളിസിയും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതിയുടെ കാലാവധി 30.04.2023-ന് അവസാനിച്ചു. കോവിഡ്, വെള്ളപ്പൊക്കം, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ ദുരിതമനുഭവിച്ചവർക്ക് ടി പദ്ധതികൾ പ്രകാരം ഇളവുകളോടെ വായ്പാ കുടിശ്ശിക അടച്ച് തീർപ്പാക്കാവുന്നതാണ്.

(ബി) കിടപ്പാടം ഉൾപ്പെടെ ജപ്തി ചെയ്യുന്ന നടപടികൾ ഒഴിവാക്കുന്നതിന് സഹകരണ മേഖലയിൽ തുടക്കം കുറിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ജപ്തി നടപടികൾ നേരിടുന്ന വായ്പക്കാരുടെ വായ്പ നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും, റിക്കവറി മാനേജ്മെന്റ് സ്കീം പ്രകാരവും പലിശ ഇളവുകളോടുകൂടി അവസാനിപ്പിക്കുന്നതിന് അവസരമുണ്ട്. പ്രാഥമിക സഹകരണ ബാങ്കുകളിൽ നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെ നടപ്പിലാക്കിയിട്ടുണ്ട്. കേരള ബാങ്കിലും ടി പദ്ധതി 2023 ഏപ്രിൽ 30 വരെ നടപ്പിലാക്കി.

കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്ത രോഗികൾ, ഗർഭിണികൾ, വൃദ്ധജനങ്ങൾ മുതലായവർ താമസിക്കുന്നതും 5 സെന്റിൽ താഴെയുള്ളതും കിടപ്പാടത്തിനായി ഭൂമിയും അതിലുള്ള വീടും അല്ലാതെ മറ്റ് വസ്തുവകകൾ ഇല്ലാത്തതുമായ വായ്പക്കാരെ ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കുന്നതിന് ശ്രദ്ധിക്കാറുണ്ട്. ഇത്തരം വിഭാഗത്തിലുള്ളതും 5 ലക്ഷത്തിൽ താഴെയുള്ളതുമായ വായ്പക്കാർക്ക് പരമാവധി പലിശ ഇളവ് നൽകി വായ്പാകണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകാറുണ്ട്.

കിടപ്പാടം ഉൾപ്പെടെ ജപ്തി ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ ജപ്തി നടപടികൾക്ക് പരമാവധി സാവകാശം അനുവദിക്കാറുണ്ട്. അംഗങ്ങളിൽ നിന്നുള്ള നിക്ഷേപങ്ങൾ, ധനസഹായ ബാങ്കിൽ നിന്നുള്ള വായ്പകൾ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ സ്വരൂപിക്കുന്ന തുക അംഗങ്ങൾക്ക് വായ്പയായി നൽകുന്നതിലൂടെ ലഭിക്കുന്ന പലിശയിലെ മാർജിൻ തുകയാണ് സഹകരണ സംഘം/ബാങ്കുകളുടെ പ്രധാന വരുമാനം. പ്രളയം, കോവിഡ് സാഹചര്യങ്ങൾ കാരണം വായ്പാക്കാരുടെ തിരിച്ചടവ് ശേഷിയിൽ ഉണ്ടായ കുറവ് സഹകരണ സംഘം/ബാങ്കുകളുടെ പ്രവർത്തനത്തെയും പ്രതിസന്ധിയിലാക്കുന്നുണ്ട്.

വായ്പ തുക പലിശ സഹിതം തിരികെ ഈടാക്കിയാൽ മാത്രമേ നിക്ഷേപകരുടെ ഉത്തമതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സംഘം/ബാങ്കുകൾക്ക് പ്രവർത്തിക്കുന്നതിനുള്ള ഫണ്ട് കണ്ടെത്തുന്നതിനും കഴിയുകയുള്ളൂ. ആയതിനാൽ ദീർഘകാല കുടിശ്ശികയായ വായ്പതുക ഈടാക്കുന്നതിന് വായ്പയ്ക്ക് ജാമ്യമായി നൽകിയിട്ടുള്ള ജാമ്യവസ്തുവിന്റെ ജപ്തി നടപടികൾ പൂർണ്ണമായി ഒഴിവാക്കാൻ കഴിയില്ല. പരമാവധി സാവകാശവും

ഇളവുകളും നേടി വായ്പ കണക്ക് അവസാനിപ്പിക്കുന്നതിനുള്ള സൗകര്യം വായ്പക്കാർക്ക് ലഭിക്കുന്നതാണ്.

(സി) റിക്കവറി നടപടി ഒഴിവാക്കി, ഇളവുകൾ നൽകി ലോൺ പുതുക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കാലാകാലങ്ങളിൽ മൊറട്ടോറിയം, നവ കേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, റിക്കവറി മാനേജ്മെന്റ് പോളിസി എന്നിവ പ്രകാരം കുടിശ്ശികയായ വായ്പാതുക അടച്ചുതീർക്കുന്നതിന് പരമാവധി ഇളവുകൾ ലഭിക്കുന്നതിനും, പരമാവധി സാവകാശം ലഭിക്കുന്നതിനുമുള്ള അവസരം കുടിശ്ശിക വരുത്തിയ വായ്പാക്കാർക്ക് ലഭിക്കുന്നുണ്ട്. റിക്കവറി നടപടി ഒഴിവാക്കി, ഇളവുകൾ നൽകി ലോൺ പുതുക്കി നൽകുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥ പ്രകാരം കുടി ശ്ശികയായ വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ അടച്ചുതീർക്കുന്ന വായ്പക്കാർക്ക് ആവശ്യമെങ്കിൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് നിലവിലുള്ള വായ്പ തുകയെക്കാൾ അധികരിക്കാത്ത തുകയ്ക്ക് വായ്പ പുതുക്കാവുന്നതാണ്.

ദീർഘകാല കുടിശ്ശികയായ വായ്പകൾ പലിശ സഹിതം പുതുക്കുന്ന സാഹചര്യം ഉണ്ടായാൽ വായ്പക്കാരുടെ വായ്പ ബാദ്ധ്യത ക്രമാധീതമായി വർദ്ധിക്കുന്ന സാഹചര്യം ഉണ്ടാകുമെന്നതിനാലും ടി തുക ഈടാക്കുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടാകുമെന്നതിനാലുമാണ് മേൽ പ്രകാരം ദീർഘകാല കുടിശ്ശികയായിട്ടുള്ള വായ്പ പലിശ സഹിതം പുതുക്കി നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്.

വായ്പാക്കാർക്ക് സഹായകരമായ പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം, ടി പദ്ധതികൾ സംഘം/ബാങ്കുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമുണ്ട്. റിക്കവറി നടപടികൾ പൂർണ്ണമായി ഒഴിവാക്കി ഇളവുകൾ നൽകി ലോൺ പുതുക്കി നൽകുന്നതിനുള്ള പുതിയ പദ്ധതികൾ ഒന്നും പരിഗണനയിലില്ല.

**നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

25(*55) **ശ്രീ. മാണി. സി. കാപ്പൻ:**
**ശ്രീ. മോൻസ് ജോസഫ്:**
**ശ്രീ. അനൂപ് ജേക്കബ്:**

ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും പിരിക്കുന്ന കേന്ദ്ര നികുതികളുടെ അർഹമായ വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ; നികുതി വിഹിതം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നികുതി വിഹിതം ലഭിക്കുന്നതിനായി കേന്ദ്രത്തിന് സമർപ്പിച്ച നിവേദനത്തിലെ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഓരോ കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് വരുമ്പോഴും കേന്ദ്ര നികുതി വരുമാനത്തിന്റെ ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിനുള്ള വിഹിതം കുറഞ്ഞുവരികയാണ്. 1980-1985-ൽ 3.950 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം 2000-2005 ആയപ്പോഴേക്കും 3.057 ശതമാനമായി കുറഞ്ഞു. 2021-2026-ൽ അത് വീണ്ടും 1.925 ശതമാനമായി കുറഞ്ഞു.

ജനസംഖ്യാ നിയന്ത്രണ നടപടികൾ കാര്യക്ഷമമായി നടപ്പാക്കിയതും വികസന നേട്ടങ്ങൾ ആർജ്ജിച്ചതും കേരളത്തിന്റെ വിഹിതം കുറയുന്നതിന് കാരണമാകുന്ന സ്ഥിതിയാണുണ്ടാക്കിയത്. അശാസ്ത്രീയമായി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് കാരണമാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത് അങ്ങേയറ്റം വിവേചനപരവും പൊതുവായി ചർച്ച ചെയ്യപ്പെടേണ്ടതുമാണ്. സംസ്ഥാനത്തിന്റെ നികുതി വിഹിതം ക്രമാതീതമായി കുറഞ്ഞുവരുന്നതിനുള്ള ആശങ്ക പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുമ്പാകെ 2018 മെയ് മാസം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ വിശദമായി ഉൾപ്പെടുത്തിയിരുന്നു. ഇത്തരത്തിലുള്ള കുറവ് നികത്തുന്നതിനായി കമ്മീഷന്റെ പരിഗണനയ്ക്കായി നികുതി വിഹിതം നിശ്ചയിക്കുന്ന മാനദണ്ഡങ്ങളിൽ ചില മാറ്റങ്ങൾ സംസ്ഥാനം മുന്നോട്ട് വച്ചിരുന്നു. 2011 സെൻസസ് പ്രകാരം വെയിറ്റേജ് നിശ്ചയിക്കണമെന്നും ജനസംഖ്യാപരമായി ആർജ്ജിച്ച നേട്ടങ്ങൾക്ക് ജനസംഖ്യാ അനുപാതത്തിന് നൽകുന്നതിന് തുല്യ വെയിറ്റേജ് നൽകണമെന്നും വരുമാനാന്തരത്തിനുള്ള പതിനാലാം ധനകാര്യ കമ്മീഷൻ നിശ്ചയിച്ച 50 ശതമാനം വെയിറ്റേജ് 20 ശതമാനമാക്കി

കുറയ്ക്കണമെന്നും മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുമ്പാകെ 2020 മാർച്ച് മാസം സമർപ്പിച്ച പുതുക്കിയ മെമ്മോറാണ്ടത്തിൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

(സി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന കുടിശിക പിരിച്ചെടുക്കുന്നത് സംബന്ധിച്ച് വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.

**സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്**

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ജി.എസ്.ടി. വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വകുപ്പ് തലത്തിലും തഹസിൽദാർ (ആർ.ആർ) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി

നടപ്പിലാക്കിവരുന്നുണ്ട്. ഇതുകൂടാതെ റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത് പുനഃസംഘടിപ്പിച്ച വകുപ്പ് സംവിധാനത്തിൽ ഓരോ ജില്ലയിലും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി മാത്രമായി പ്രത്യേക ഉദ്യോഗസ്ഥ സംവിധാനത്തെ വിന്യസിച്ചിട്ടുണ്ട്.

**മോട്ടോർ വാഹന വകുപ്പ്**

നികുതി കുടിശ്ശിക വരുത്തുന്ന വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ വഴി കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെതന്നെ നികുതി അടയ്ക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും ഇത്തരം വാഹനങ്ങളിൽ നിന്ന് നികുതി പിരിച്ചെടുക്കുന്നതിന് വാഹനങ്ങൾ ലേലം ചെയ്തു വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാത്രമല്ല വകുപ്പിൽ പിരിഞ്ഞുകിട്ടാൻ സാധ്യതയില്ലാത്ത നികുതി കുടിശ്ശികയിൽ ഒരു ഭാഗമെങ്കിലും ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. നികുതി കുടിശ്ശിക വരുത്തിയ ഒരു വാഹനവും

നിരത്തിലോടുന്നില്ല എന്ന് ഉറപ്പുവരുത്തുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**ലാൻഡ് റവന്യൂ കമ്മീഷണർ**

ഓരോ വർഷവും കുടിശ്ശിക വരുന്ന തുക തൊട്ടടുത്ത വർഷം മുതലിൽ ചേർത്ത് പലിശ ഉൾപ്പെടെ പിരിവ് വരുത്തുന്നുണ്ട്. ഓരോ വർഷവും (കോവിഡ് വ്യാപനം ഉണ്ടായിരുന്ന വർഷം ഒഴികെ) സാമ്പത്തിക വർഷത്തിന്റെ പകുതിയോടുകൂടി സ്പെഷ്യൽ ഡ്രൈവ് നടത്തിയും, കോടതിയുമായി ബന്ധപ്പെട്ട് സ്റ്റേയിലുള്ള കേസുകളിൽ പരമാവധി കേസുകൾ തീർപ്പാക്കി, പിരിവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പ്**

ആധാരങ്ങളുടെ അണ്ടർ വാല്യുവേഷനുമായി ബന്ധപ്പെട്ട തുകകൾ പിരിച്ചെടുക്കാനായി ഒരു കോമ്പൗണ്ടിംഗ് പദ്ധതി പ്രഖ്യാപിച്ചിരുന്നു. ടി തുകകൾ പിരിച്ചെടുക്കുന്നതിനായി പ്രസ്തുത കോമ്പൗണ്ടിംഗ് പദ്ധതിയുടെ പരമാവധി പ്രചരണം നടത്തുകയും അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

<u>എക്സൈസ് വകുപ്പ്</u>

2001 വരെയുള്ള അബ്കാരി കുടിശ്ശികയാണ് എക്സൈസ് വകുപ്പിൽ നിലവിലുള്ളത്. ആയത് ആനംസ്റ്റി മുഖേന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ഡി) സംസ്ഥാനത്തിന്റെ യഥാർത്ഥ വായ്പാവകാശം കേന്ദ്രസർക്കാർ കുറച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; ബജറ്റിന് പുറത്തുള്ള വായ്പകൾ സംസ്ഥാനത്തിന്റെ പൊതുകടമായി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ?

കിഫ്ബി, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി തുടങ്ങി ബജറ്റിനു പുറത്ത് ധനം സമാഹരിക്കുന്ന സ്ഥാപനങ്ങളുടെ ബാധ്യതയെ സംസ്ഥാന സർക്കാരിന്റെ ബാധ്യതയായി കണക്കാക്കിയും സംസ്ഥാനത്തിന്റെ പബ്ലിക് അക്കൗണ്ടിലുള്ള നീക്കിയിരിപ്പുകൾ കടബാധ്യതയായി കണക്കാക്കിയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്രം വലിയ രീതിയിലുള്ള കുറവാണ് നടപ്പുസാമ്പത്തിക വർഷം നടത്തിയിട്ടുള്ളത്.

(ഇ) സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ചരക്കുസേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി. ഈ സാഹചര്യത്തിൽ നികുതി പിരിവ് കാര്യക്ഷമമാക്കിക്കൊണ്ടും നികുതിയേതര വരുമാനം ഉയർത്തിയും സാമൂഹ്യ ക്ഷേമ ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുന്നതിലേക്കായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ചരക്കു സേവന നികുതിവകുപ്പിനെ പുന:സംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഇതിനകം തന്നെ ചരക്കു

സേവന നികുതി വകുപ്പിന് കീഴിൽ തന്നെ ടാക്സ് പെയെർ സർവ്വീസസ്, ആഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. നികുതിയുടെ രംഗത്ത് ആധുനികവൽക്കരണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ മോഡൽ 2 GSTN സൊല്യൂഷൻ പ്രയോജനപ്പെടുത്തുകയുണ്ടായി. നികുതിദായകർക്ക് കൃത്യമായി നികുതി നൽകുന്നതിനുള്ള'ടാക്സ് പേയേഴ്സ് പ്രൊഫൈൽ കാർഡ്' എന്ന സംവിധാനം, പൊതുജനങ്ങൾക്ക് ജി.എസ്.ടി. ഇൻവോയ്സുകൾ അപ്‌ലോഡ് ചെയ്യുന്നതിനും നികുതിദായകരുടെ റിട്ടേൺ ഫയലിംഗ് സ്റ്റാറ്റസ് സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് പരിശോധിക്കുന്നതിനുമുള്ള ലക്കി ബിൽ സ്കീം എന്ന ആപ്ലിക്കേഷൻ എന്നിവ ഈ രംഗത്ത് പരമാവധി വിഭവസമാഹാരണം ലക്ഷ്യമിട്ട് സർക്കാർ കൊണ്ടുവന്ന പദ്ധതികളാണ്.

**ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതി**

26(*56) <u>ശ്രീമതി യു. പ്രതിഭ:</u>
<u>ഡോ. കെ. ടി. ജലീൽ:</u>
<u>ശ്രീ. കെ. എം. സച്ചിൻദേവ്:</u>

ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക മേഖലയിൽ നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ആശയങ്ങളെ ഉത്പന്നങ്ങളാക്കി മാറ്റുന്നതിനും സംരംഭകരെ പ്രാപ്തരാക്കുന്നതിനായി സ്റ്റാർട്ടപ്പ് മിഷന് കീഴിൽ ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ആശയങ്ങളെ ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും ഉൽപ്പന്നങ്ങളെ മികച്ചതാക്കി വിപണിയിൽ എത്തിച്ച് മികച്ച സംരംഭങ്ങൾ ആക്കുന്നതിനുമുള്ള സഹായം നൽകുന്ന ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതി 2017-18 സാമ്പത്തിക വർഷം മുതൽ കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പിലാക്കി വരുന്നു.

ഈ പദ്ധതിയുടെ ഘടകങ്ങൾ ചുവടെ കാണാവുന്നതാണ്,

1. ഐഡിയ ഗ്രാന്റ് - ആശയ രൂപീകരണത്തിനും വികസനത്തിനുമായി ഇന്നൊവേറ്റർമാർക്കും സ്റ്റാർട്ടപ്പുകൾക്കും 3 ലക്ഷം രൂപ വരെയും

വിദ്യാർത്ഥികൾക്ക് ആശയ വിപുലീകരണത്തിനായി 2 ലക്ഷം രൂപ വരെയും ധനസഹായമായി ഈ പദ്ധതിയിലൂടെ ലഭ്യമാക്കും.

2. പ്രോഡക്ടൈസേഷൻ ഗ്രാന്റ് – ആദ്യ മാതൃകകളെ ഉല്പന്നമാക്കി മാറ്റുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് 4 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കുന്ന പദ്ധതി (ഐഡിയ ഗ്രാന്റായ 3 ലക്ഷം രൂപ ലഭിക്കാത്തവർക്ക് അത് ഉൾപ്പെടെ പരമാവധി 7 ലക്ഷം രൂപ വരെ).

3. മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ് - വിപണി കണ്ടെത്തി വികസനത്തിനായി സ്റ്റാർട്ടപ്പുകൾക്ക് 3 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കുന്ന പദ്ധതി (ഐഡിയ ഗ്രാന്റായ 3 ലക്ഷം, പ്രോഡക്ടൈസേഷൻ ഗ്രാന്റായ 4 ലക്ഷം എന്നിവ ലഭിക്കാത്തവർക്ക് അത് ഉൾപ്പെടെ പരമാവധി 10 ലക്ഷം രൂപ വരെ).

4. സ്കെയിൽ അപ്പ് ഗ്രാന്റ് - വിപണനം വിപുലീകരിച്ച് പൂർണ തോതിലുള്ള കമ്പനിയായി മാറുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് 5 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കുന്ന പദ്ധതി (ഐഡിയ ഗ്രാന്റായ 3 ലക്ഷം, പ്രോഡക്ടൈസേഷൻ ഗ്രാന്റായ 4 ലക്ഷം, മാർക്കറ്റ് ആക്സിലേറേഷൻ ഗ്രാന്റായ

3 ലക്ഷം എന്നിവ ലഭിക്കാത്തവർക്ക് അത് ഉൾപ്പെടെ പരമാവധി 15 ലക്ഷം രൂപ വരെ)

5. R&D ഗ്രാന്റ് - നൂതനത സാങ്കേതികത എന്നിവയിലൂടെ പുതിയ ഉത്പന്നങ്ങൾ സേവനങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് ഗവേഷണ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്റ്റാർട്ടപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് നല്കുന്ന 30 ലക്ഷം രൂപ വരെയുള്ള ധനസഹായം. ഐഡിയ, പ്രോഡക്ടൈസേഷൻ, മാർക്കറ്റ് ആക്സസ്, സ്കെയിൽ അപ്പ് എന്നീ ഗ്രാന്റുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ അത് കുറച്ചിട്ടാണ് R&D ഗ്രാന്റ് ലഭ്യമാക്കുക.

ഇതുകൂടാതെ, വനിതകൾക്കും ഭിന്നലിംഗക്കാർക്കും പ്രത്യേക പരിഗണന നൽകി 5 ലക്ഷം രൂപ വരെ ധനസഹായമായി ലഭ്യമാക്കുന്നുണ്ട് (ഐഡിയ ഗ്രാന്റായ 3 ലക്ഷം, പ്രോഡക്ടൈസേഷൻ ഗ്രാന്റായ 4 ലക്ഷം എന്നിവ ലഭിക്കാത്തവർക്ക് അതുൾപ്പെടെ പരമാവധി 12 ലക്ഷം രൂപ വരെ).

(ബി) ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിവരുന്ന ഐഡിയ ഗ്രാന്റ് സംബന്ധിച്ച് വിശദമാക്കാമോ?

ആശയ വിപുലീകരണത്തിനും ആദ്യ മാതൃക സൃഷ്ടിക്കുന്നതിനുമായി വിദ്യാർത്ഥികൾക്ക് കോളേജുകളിൽ സ്ഥാപിതമായ Innovation & Entrepreneurship Development Centre (IEDC)-കൾ വഴി 2 ലക്ഷം രൂപ വരെ അനുവദിക്കുന്ന പദ്ധതിയാണ് ഐഡിയ ഗ്രാന്റ് പദ്ധതി.

(സി) സംസ്ഥാനത്ത് കഴിഞ്ഞ ഏഴ് വർഷം കൊണ്ട് സ്റ്റാർട്ടപ്പ് മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് കഴിഞ്ഞ 7 വർഷം കൊണ്ട് സ്റ്റാർട്ടപ്പ് മേഖലയിൽ മികച്ച പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. 2016-ൽ സ്റ്റാർട്ടപ്പുകളുടെ എണ്ണം 300 ആയിരുന്നത് നിലവിൽ 4679 ആയി വർധിച്ചിട്ടുണ്ട്. ഓരോ വർഷവും സ്റ്റാർട്ടപ്പ് മിഷൻ നടത്തുന്ന പ്രവർത്തനങ്ങളും അതിലൂടെ ലഭ്യമായ ഫലങ്ങളും അവലോകനം ചെയ്യുന്ന 'സ്റ്റേറ്റ് ഓഫ് കേരള സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം റിപ്പോർട്ട്' പുറത്തിറക്കുന്നുണ്ട്. ആയത് സ്റ്റാർട്ടപ്പ് മിഷന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

**കോ ഓപ്പറേറ്റീവ്സ് ഇനിഷ്യേറ്റീവ് ഫോർ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഇൻ കേരള**

27(*57) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) നബാർഡിൽ നിന്നും കേരള ബാങ്ക് വഴി പശ്ചാത്തല സൗകര്യ പുനർനിർണ്ണയ വായ്പ ലഭ്യമാക്കുന്ന കോ ഓപ്പറേറ്റീവ്സ് ഇനിഷ്യേറ്റീവ് ഫോർ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഇൻ കേരള (സി.എ.ഐ.കെ.) പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രഖ്യാപനത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് നബാർഡിന്റെ പുനർവായ്പാ സ്കീമിന്റെ സാദ്ധ്യത പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനായി പ്രഖ്യാപിച്ച സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതിയിൽ ഉൾപ്പെട്ട ഒരു ഘടകമാണ് Co-operatives Initiative for Agriculture Infrastructure in Kerala (CAIK).

കാർഷിക മേഖലയുടെ വികസനത്തിനായി മൂലധന രൂപീകരണം വർദ്ധിപ്പിച്ച് പ്രാദേശിക വിപണികൾ, ഗോഡൗണുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ, പൈനാപ്പിൾ, വാഴപ്പഴം, മാമ്പഴം മുതലായ പഴവർഗ്ഗങ്ങളുടെ സംസ്കരണ കേന്ദ്രങ്ങൾ സൃഷ്ടിക്കുന്നതിനും, ഇതിലൂടെ പഴം പച്ചക്കറി മാർക്കറ്റുകൾ, ആധുനിക മത്സ്യ വിപണന സൗകര്യങ്ങൾ, കാർഷിക ഉൽപ്പന്നങ്ങളായ പച്ചക്കറികൾ, പാൽ, മാംസം, മത്സ്യം എന്നിവയുടെ സംസ്കരണ കേന്ദ്രങ്ങൾ, മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ ഇടപെടുന്നതിനുമാണ് ടി പദ്ധതി കൊണ്ട് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ നബാർഡിൽ നിന്നുള്ള പശ്ചാത്തല സൗകര്യ പുനർ വായ്പ, കേരള ബാങ്ക് മുഖേന interest subvention നൽകി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 4% പലിശ നിരക്കിൽ ലഭ്യമാക്കുന്നതിനാണ് പദ്ധതി കൊണ്ട് ഉദ്ദേശിച്ചിരുന്നത്.

(ബി) എസ്.സി./എസ്.ടി. സഹകരണ സംഘങ്ങളുടെ ആധുനികവത്ക്കരണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

എസ്.സി/എസ്.ടി. സഹകരണ സംഘങ്ങളുടെ ആധുനികവത്ക്കരണത്തിനും കമ്പ്യൂട്ടർവത്ക്കരണത്തിനുമായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഈ ഉദ്ദേശത്തിനായി രൂപപ്പെടുത്തിയ ചട്ടപ്രകാരം 1:1:4 എന്ന അനുപാതത്തിൽ വായ്പ, ഓഹരി, സബ്സിഡി രൂപത്തിലാണ് സഹായം ലഭ്യമാക്കുന്നത്. പ്രോജക്ട് കോസ്റ്റിന്റെ 90% അല്ലെങ്കിൽ 3 ലക്ഷം രൂപ, ഏതാണോ കുറവ് ടി തുകയാണ് സംഘത്തിന് അനുവദിക്കുന്നത്. ടി പദ്ധതി 2017-2018 സാമ്പത്തിക വർഷത്തിലാണ് ആരംഭിച്ചത്. 2022-23 വർഷത്തിൽ ഈ പദ്ധതിക്കായി 250.00 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. നടപ്പുസാമ്പത്തിക വർഷത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ടി പദ്ധതി ആരംഭിച്ചതിനുശേഷം വിവിധ സാമ്പത്തിക വർഷങ്ങളിൽ വായ്പ, ഓഹരി, സബ്സിഡി ആയി എസ്.സി/എസ്.ടി സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വായ്പ | ഓഹരി | സബ്സിഡി |
|---|---|---|---|
| 2018-2019 | 100000 | 100000 | 400000 |
| 2020-2021 | 246000 | 246000 | 984000 |
| 2022-2023 | 140000 | 140000 | 560000 |

(സി) കാർഷിക സബ്സിഡി വിതരണം ശാസ്ത്രീയമാക്കുന്നതിന് സബ്സിഡി പണമായല്ലാതെ കൃഷി സാമഗ്രികളായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കാർഷിക സബ്സിഡി വിതരണം ശാസ്ത്രീയമാക്കുന്നതിന് സബ്സിഡി പണമായല്ലാതെ കൃഷി സാമഗ്രികളായി വിതരണം ചെയ്യുന്നതു സംബന്ധിച്ച പദ്ധതി സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല.

**സഹകരണ മേഖല ശക്തിപ്പെടുത്തുവാൻ കാലോചിത നടപടികൾ**

28(*58) ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) രണ്ടായിരത്തി നാല്പതാമാണ്ടോടുകൂടി ഇപ്പോഴുള്ള തൊഴിലുകളിൽ നാല്പത് ശതമാനത്തോളം ഇല്ലാതാവുകയും പകരം പുതിയ തൊഴിൽ മേഖലകൾ രൂപപ്പെടുകയും ചെയ്യുമെന്ന അന്താരാഷ്ട്ര തൊഴിൽ സംഘടനയായ ഐ.എൽ.ഒ.-യുടെ റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

അധുനിക സാങ്കേതിക വിദ്യയുടെ കാലത്ത് പുതിയ തൊഴിൽ മേഖലകൾ രൂപപ്പെട്ട് വരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) മാറുന്ന വിവര സമ്പദ് വ്യവസ്ഥയിൽ കൃഷി, വ്യവസായം, സേവന മേഖലകൾ എന്നിവ നേരിടുന്ന വെല്ലുവിളികളെ പ്രതിരോധിക്കാൻ കഴിയുന്നവിധം സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മാറുന്ന വിവര സമ്പദ് വ്യവസ്ഥയിൽ കൃഷി, വ്യവസായം, സേവന മേഖലകൾ എന്നിവ നേരിടുന്ന വെല്ലുവിളികളെ പ്രതിരോധിക്കാൻ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**1. CITA (സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി)**

കൃഷിയുടെയും അനുബന്ധ മേഖലകളുടേയും മത്സരക്ഷമതയും നിലനിൽപ്പും വർദ്ധിപ്പിക്കുന്നതിന്, സാങ്കേതിക വിദ്യാപ്രയോഗത്തിനും കൃഷിയിലെ കൂട്ടായ പരിശ്രമങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ട് ഒരു പുതിയ സംരംഭം CITA (സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി) 2022-23 മുതൽ നടപ്പാക്കിവരുന്നു. സഹകരണ മേഖലയുടെ പിൻതുണയോടെ, കാർഷികമേഘലയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംയോജനം, സംഭരണം, മൂല്യവർദ്ധന, വിപണനം എന്നിവയാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഉൽപ്പാദനത്തിലും സംഭരണത്തിലും വിപണനത്തിലുമുള്ള ഇടപെടലിനോടൊപ്പം കൃഷി ചെയ്യുന്നത് മുതൽ വിപണനം വരെയുള്ള എല്ലാ പ്രവൃത്തികളെയും പരിപോഷിപ്പിക്കുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

## 2. പാഡി പ്രൊക്യൂർമെന്റ്, പ്രോസസ്സിങ്ങ് &മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1449 (PAPCOS)

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ സംയുക്തമായി ചേർന്ന് കാർഷിക മേഖലയെ ശക്തിപ്പെടുത്തുവാൻ ലക്ഷ്യമിട്ടുകൊണ്ട് പാലക്കാട് ജില്ല പ്രവർത്തന പരിധിയായി ടി ജില്ലയിലെ 36 പ്രാഥമിക കാർഷിക വയ്പാ സഹകരണസംഘങ്ങൾ അംഗങ്ങൾ ആയി പാലക്കാട് പാഡി പ്രൊക്യൂർമെൻറ്, പ്രോസസ്സിങ്ങ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1449 (PAPCOS) രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ല ഒഴിച്ചുള്ള ജില്ലകൾ പ്രവർത്തന പരിധിയായി നെല്ല് സംഭരണവും സംസ്കരണവും പ്രധാന പ്രവർത്തനോദ്ദേശമായി കോട്ടയം ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4505 രൂപീകരിച്ചിട്ടുള്ളതും സംഘത്തിന്റെ അധീനതയിൽ മോഡേൺ റൈസ് മിൽ സ്ഥാപിക്കുക എന്ന പ്രാഥമിക ലക്ഷ്യ സാക്ഷാൽക്കാരത്തിനുള്ള നടപടി ആരംഭിച്ചിട്ടുള്ളതുമാണ്.

### 3. coopkerala

കേരളത്തിലെ സഹകരണസംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിന് കീഴിൽ കൊണ്ടുവന്ന് വിപണിയിൽ സജീവമാക്കുന്നതിനായി "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുകയാണ്. പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ സെൻട്രൽ ഗവൺമെന്റ് ട്രേഡ് മാർക്ക് രജിസ്ട്രി അംഗീകരിച്ച **coopkerala** സർട്ടിഫിക്കേഷൻ മാർക്ക് നല്കിവരുകയാണ്.

### 4. coopmart

സഹകരണ മേഖലയിലെ വൈവിദ്ധ്യവും ഗുണനിലവാരമുള്ളതുമായ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ ജില്ലകളിലും ഏകീകൃത മാതൃകയിൽ ഓരോ കോപ്പ്മാർട്ടുകൾ (coopmart) ഇതിനകം ആരംഭിച്ചിട്ടുണ്ട്. കോപ്പ്മാർട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും നിർമ്മാണ നടപടി സ്വീകരിച്ചുവരികയുമാണ്.

(സി) ഇതിന്റെ ഭാഗമായി വ്യവസായ വകുപ്പുമായി സഹകരിച്ച് വനിതാ സഹകരണ സംഘങ്ങൾക്കാവശ്യമായ പരിശീലന പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വ്യവസായ വകുപ്പിന്റെ സഹായത്തോടെ വനിതാ സംഘങ്ങളെ ഉല്പാദന യൂണിറ്റാക്കി മാറ്റുന്നതിനുള്ള തീരുമാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആയത് സംബന്ധിച്ച് വനിതാസഹകരണ സംഘങ്ങൾക്കുള്ള പരിശീലന പരിപാടി ഉടൻ ആരംഭിക്കുന്നതാണ്.

(ഡി) സുസ്ഥിര വികസനത്തിന് സഹകരണ പ്രസ്ഥാനമെന്ന സന്ദേശമുൾക്കൊണ്ടുള്ള പ്രവർത്തനങ്ങളുമായി സഹകരണ മേഖലയെ മുന്നോട്ട് നയിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സുസ്ഥിര വികസനത്തിന് സഹകരണ പ്രസ്ഥാനമെന്ന സന്ദേശമുൾക്കൊണ്ടുള്ള പ്രവർത്തനങ്ങളുമായി സഹകരണ മേഖലയെ മുന്നോട്ട് നയിക്കുവാൻ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**1. <u>കേരള സഹകരണ സംഘം നിയമം (ഭേദഗതി)</u>**

സഹകരണമേഖലയെ കൂടുതൽ സുതാര്യമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി കേരള സഹകരണ സംഘം നിയമം സമഗ്രമായി ഭേദഗതി ചെയ്യുന്നതിനായിട്ടുള്ള നിർദ്ദേശം അംഗീകരിച്ച് നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

**2. ടീം ആഡിറ്റ്**

സഹകരണ ആഡിറ്റ് സംവിധാനം ഫലപ്രദമായ വിധം ശക്തിപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാരിന്റെ ഉത്തരവ് പ്രകാരം പൈലറ്റ് അടിസ്ഥാനത്തിൽ 16/08/2022-ന് പത്തനംതിട്ട ജില്ലയിലും 03/12/2022-ന് തൃശ്ശൂർ ജില്ലയിലും ടീം ആഡിറ്റ് സംവിധാനം ആരംഭിച്ചു. ടീം ആഡിറ്റ് സംവിധാനം മറ്റു ജില്ലകളിലേയ്ക്കും നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**3. സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)**

സഹകരണവകുപ്പ് ആധുനികവത്കരണത്തിന്റെ ഭാഗമായി C-dit മുഖേന നടപ്പിലാക്കിയിട്ടുള്ള (Integrated Co-operative Department Management System) പ്രോജക്ടിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി

ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

**4. പുനർജനിപദ്ധതി**

പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ പ്രത്യേക പ്രോജക്ടുകൾക്കും, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളുടെ സമഗ്ര വികസനത്തിനും ലാഭകരമാക്കുന്നതിനുമായി പുനർജനിപദ്ധതി നടപ്പിലാക്കിവരുന്നു.

**5. സഹകരണ സംരക്ഷണ നിധി**

പ്രവർത്തന വൈകല്യം മൂലമോ മൂലധനത്തിന്റെ അഭാവം മൂലമോ പ്രവർത്തനം നിലച്ച സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നത് ലക്ഷ്യമിട്ട് തയ്യാറാക്കിയ പദ്ധതിയാണിത്.

**6. സഹകരണ മേഖലയുടെ പ്രവർത്തന വ്യാപനത്തിനായി താഴെ പറയുന്ന സംഘങ്ങളാരംഭിച്ചു**

1. <u>യുവജന സഹകരണ സംഘങ്ങൾ</u>- സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവജനങ്ങൾക്കായി 30 യുവജന സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്.

2. <u>പട്ടികജാതി/ പട്ടികവർഗ്ഗ യുവജനങ്ങളുടെ സഹകരണ സംഘങ്ങൾ</u>- പട്ടികജാതി/ പട്ടികവർഗ്ഗ യുവജനങ്ങളുടെ ഉന്നമനത്തിനായി ഒരു ജില്ലയിൽ 1 വീതം 14 യുവജന സംഘങ്ങൾ ആരംഭിച്ചു.

3. <u>കായിക സഹകരണ സംഘം</u> - പ്രദേശിക കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കായിക മേഖലയിൽ സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

4. <u>ഗിഗ്ഗ് പ്ലാറ്റ്ഫോം വർക്കേഴ്സ് സഹകരണ സംഘം</u>- ഗിഗ്ഗ് പ്ലാറ്റ്ഫോം വർക്കേഴ്സ് ഓൺലൈൻ വിപണന ശൃംഖലയിലെ ജീവനക്കാർ എന്നിവരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് ഒരു സഹകരണ സംഘം ആരംഭിച്ചിട്ടുണ്ട്.

5. <u>സയൻസ് & ടെക്നോളജി മാനേജ്മെന്റ് പ്രൊഫഷണൽ സഹകരണ സംഘം</u> - വിവിധ ഗവേഷണ സ്ഥാപനങ്ങൾ, എഞ്ചിനീയറിംഗ്

സ്ഥാപനങ്ങൾ മറ്റ് പ്രമുഖ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള യുവസാങ്കേതിക വിദഗ്ധരെ ഉൾക്കൊള്ളിച്ച് ഒരു സഹകരണ സംഘം വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്.

6. യുവതികൾക്കായുള്ള സഹകരണ സംഘം- യുവതികൾ മാത്രം അംഗങ്ങളായിള്ള മൂന്ന് സഹകരണ സംഘങ്ങൾ കോട്ടയം, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

7. കലാകാരന്മാരുടെ സഹകരണ സംഘം- കോട്ടയം ആസ്ഥാനമാക്കി കലാകാരന്മാരുടെ സഹകരണ സംഘം ഉണ്ടാക്കി 15.02.2022-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

8. ഭിന്നശേഷിക്കാരുടെ സഹകരണ സംഘം- ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസം, ഉന്നമനം, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമിട്ട് കോട്ടയം ആസ്ഥാനമാക്കി ഒരു സംഘം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

9. കുട്ടനാട്, അപ്പർ കുട്ടനാട് കേന്ദ്രമാക്കി നെല്ല് സഹകരണ സംഘം - കാപ്കോസ് - കുട്ടനാട്, അപ്പർ കുട്ടനാട് കേന്ദ്രമാക്കി പാഡി

പ്രൊക്യൂർമെന്റ്, പ്രോസസ്സിങ്ങ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുകയുണ്ടായി. സംഘത്തിന്റെ ആഭിമുഖ്യത്തിൽ ആധുനിക റൈസ് മിൽ സ്ഥാപിക്കുകയാണ് ഉദ്ദേശ്യം. നെൽകർഷകരിൽ നിന്നും ന്യായവിലയ്ക്ക് നെല്ല് സംഭരിച്ച് അരിയാക്കി വിപണനം നടത്തുകയാണ് ലക്ഷ്യം

7. <u>അംഗ സമാശ്വാസ പദ്ധതി</u>

1969-ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. ചുവടെ പറയുന്ന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സഹകരണസംഘങ്ങളിൽ എ ക്ലാസ്സ് അംഗത്വമുള്ളതും അംഗത്വമെടുത്ത് മൂന്നു വർഷം കഴിഞ്ഞതും വരുമാന പരിധി മൂന്നു ലക്ഷം രൂപവരെ ഉള്ളതുമായ അർബുദം, വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രീയയ്ക്ക് വിധേയരായവർ/വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി ബാധിതർ,

ഗുരുതര ശസ്ത്രക്രീയയ്ക്ക് (ബൈപാസ്/ഓപ്പൺ ഹാർട്ട് സർജറി) വിധേയരായവർ, കരൾ സംബന്ധമായ ഗുരുതര രോഗം ബാധിച്ചവർ (ലിവർ സിറോസിസ്, കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രീയയ്ക്ക് വിധേരായവർ) തുടങ്ങിയ മാരക രോഗ ബാധിതരായവർ, വാഹനാപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർക്കാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളത്

8. <u>മുറ്റത്തെ മുല്ല പദ്ധതി</u>

ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധി വരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ്.

9. “**<u>സ്നേഹതീരം പദ്ധതി</u>**“

കേരളത്തിലെ തീരദേശ മത്സ്യത്തൊഴിലാളികളുടെ ദൈനംദിന ആവശ്യങ്ങൾക്കുള്ള മുടക്ക് മുതൽ അന്നന്ന് തന്നെ കണ്ടെത്തേണ്ട സാഹചര്യമുള്ളതിനാൽ അത്തരക്കാർ കൂടുതലും ആശ്രയിക്കുന്നത് ബ്ലേഡ് പലിശക്കാരെയാണ്. അത്തരത്തിൽ ബ്ലേഡ് പലിശക്കാരുടെ ചൂഷണത്തിൽ അകപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസകരമായി മുറ്റത്തെമുല്ല പദ്ധതിയുടെ ചുവട് പിടിച്ച് തീരദേശ മേഖലയിൽ മത്സ്യവിപണനം നടത്തുന്നവർ, അനുബന്ധ മേഖലയിലെ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ തുടങ്ങിയവർക്കായി നടപ്പാക്കിയ ലഘു വായ്പാ പദ്ധതിയാണ്“**സ്നേഹതീരം പദ്ധതി**“.

**10. <u>സഹകാരി സാന്ത്വനം (അശരണരായ സഹകാരികൾക്കുള്ള ആശ്വാസ നിധി പദ്ധതി)</u>**

സംസ്ഥാനതലത്തിലോ, ജില്ലാ തലത്തിലോ, സർക്കിൾ തലത്തിലോ സഹകരണ രംഗത്ത് പ്രവർത്തിച്ചിട്ടുള്ളവരും വളരെ കാലമായി

പ്രവർത്തിക്കുകയും സഹകരണ മേഖലയുടെ സർവ്വതോൻമുഖമായ പുരോഗതിയ്ക്ക് വേണ്ടി പ്രയത്നിക്കുകയും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി ജീവിതകാലം മുഴുവൻ പ്രയത്നിച്ചവരും നിരാലംബരുമായ സഹകാരികൾക്ക് രോഗ ശുശ്രൂഷയ്ക്കും ചികിത്സയ്ക്കുമായി ധനസഹായം നൽകുന്നതും കൂടാതെ സഹകാരികൾ മരണപ്പെട്ട് പോയിട്ടുണ്ടെങ്കിൽ അവരുടെ കുടുംബത്തിന്/ ആശ്രിതർക്ക് ധനസഹായം നൽകുന്നതാണ് ഈ പദ്ധതി.

**11. <u>സഹായഹസ്തം പദ്ധതി</u>**

ചെറുകിട വഴിയോര കച്ചവടക്കാർ, ചെറുസംരഭകർ ഓട്ടോറിക്ഷാ തൊഴിലാളികൾ എന്നിവരെ ലക്ഷ്യമിട്ടാണ് പദ്ധതി ആരംഭിക്കുന്നത്. സമൂഹത്തിന്റെ താഴെക്കിടയിലുള്ളവരെ ഉദ്ധരിക്കുന്നതിന് ലക്ഷ്യമിട്ട് ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

**12. <u>നൈപുണ്യ വായ്പാ പദ്ധതി</u>**

വിവിധ നൈപുണ്യ കോഴ്സുകളിൽ ചേരുന്നവർക്ക് കോഴ്സ് ഫീസ്, വായ്പയായി അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ

യുവാക്കളെ സഹകരണ പ്രസ്ഥാനങ്ങളിലേയ്ക്കടുപ്പിക്കുന്നതിന് വഴിയൊരുക്കുന്നതും ഭാവിയിൽ സഹകരണ സ്ഥാപനങ്ങളുടെ ഉപഭോക്താവായി മാറുന്നതുമാണ്.

**13. <u>ശുചിത്വ സഹകരണ പദ്ധതി</u>**

ജൈവ-അജൈവ മാലിന്യങ്ങളുടെ സംസ്കരണം സംസ്ഥാനം നേരിടുന്ന ഒരു പ്രതിസന്ധിയാണ്. സഹകരണ മേഖലയ്ക്ക് ഈ സംരംഭത്തിൽ ഫലപ്രദമായി ഇടപെടുവാൻ കഴിയുന്നതാണ്. കോട്ടയം ജില്ലയിലെ 'ഇ-നാട് യുവ സഹകരണ സംഘം' ഈ പദ്ധതി ഏറ്റെടുത്ത് വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഈ മാതൃക സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

**14. <u>സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി (കോപ്കെയർ)</u>**

കേരള സർക്കാർ സഹകരണ വകുപ്പ് രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വാർദ്ധക്യത്തെയും

രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരും അശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭിക്കുന്ന സംവിധാനമാണിത്.

**15. <u>റിസ്ക് ഫണ്ട്</u>**

കേരള സഹകരണ നിയമം വകുപ്പ് 57 (ഡി) പ്രകാരം രൂപീകരിച്ച പദ്ധതിയാണ് "കേരള സഹകരണ കടാശ്വാസ പദ്ധതി 2008" (റിസ്ക് ഫണ്ട് പദ്ധതി-2008). കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാകാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കി നിൽക്കുന്ന വായ്പാ ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി.

**16. "<u>സഹകരണം സൗഹൃദം</u>"**

(ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധതി)

സർക്കാരിന്റെ ഒന്നാം വാർഷികം പ്രമാണിച്ച് രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന സഹകരണ ബാങ്ക്/അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

**എ. ഐ. ക്യാമറകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ**

29(*59) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയിൽ എ.ഐ. ക്യാമറകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സർക്കാർ കാലാകാലങ്ങളിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കെൽട്രോൺ ലംഘിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സർക്കാർ പദ്ധതികളിൽ കരാർ എടുത്ത ശേഷം സ്വകാര്യ കമ്പനികൾക്ക് ഉപകരാർ നൽകി കമ്മീഷൻ ഈടാക്കാൻ പാടില്ല എന്ന ധനകാര്യവകുപ്പിന്റെ നിർദ്ദേശം കെൽട്രാൺ ലംഘിച്ചിട്ടുണ്ടോ?

ലംഘിച്ചിട്ടില്ല.

(സി) കെൽട്രോൺ ഉപകരാർ നൽകിയതുമായി ബന്ധപ്പെട്ട ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണത്തിലെ നിഗമനങ്ങൾ എന്തെല്ലാമാണ്; ക്രമക്കേടുകൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ?

ഗതാഗത വകുപ്പിനുവേണ്ടി കെൽട്രോൺ നടപ്പിലാക്കിയ സേഫ് കേരളാ പദ്ധതിയുടെ കീഴിൽ എ.ഐ. ക്യാമറ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട്

ഉയർന്നുവന്ന ആരോപണങ്ങളിന്മേൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

**എ.ഐ. ക്യാമറകൾ വാങ്ങിയതിലെ നടപടിക്രമങ്ങൾ**

30(*60) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി കെൽട്രോൺ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നോ?

കെൽട്രോൺ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു.

(ബി) ഈ എസ്റ്റിമേറ്റ് പ്രകാരം എ.ഐ. ക്യാമറകൾക്ക് ആവശ്യമായ സാമഗ്രികളുടെ വില നിർണ്ണയിച്ചത് എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് എന്ന് വിശദമാക്കാമോ?

കെൽട്രോൺ സ്ഥാപിച്ച എ.ഐ. ട്രാഫിക് എൻഫോഴ്സ്മെന്റ് ക്യാമറ സിസ്റ്റം 24-ഓളം വ്യത്യസ്തമായ ഘടകങ്ങൾ കൂട്ടി യോജിപ്പിച്ചിട്ടുള്ളതാണ്. ഉത്പാദന ചെലവ്, പദ്ധതി മാർഗ്ഗരേഖ പ്രകാരം ചെലവാക്കുന്ന മൂലധനം 6½ വർഷത്തിനു ശേഷമാണ് പൂർണ്ണമായും തിരികെ ലഭിക്കുന്നതിനാൽ പ്രസ്തുത തുകയ്ക്കുള്ള പലിശയും മറ്റ് സാമ്പത്തിക ചെലവുകളും ഉൾപ്പെടെയുള്ള ബാധ്യത, സിസ്റ്റം ഇന്റഗ്രേറ്റർക്ക് കിട്ടാവുന്ന പ്രതീക്ഷിത ലാഭം, കെൽട്രോണിനു ലഭിക്കേണ്ട ലാഭവിഹിതം മുതലായ മാനദണ്ഡങ്ങൾ അനുസരിച്ചാണ് വില നിർണ്ണയിച്ചിട്ടുള്ളത്.

(സി) കെൽട്രോൺ നൽകിയ എസ്റ്റിമേറ്റ് പ്രകാരം എ.ഐ. ക്യാമറകൾക്കും ക്യാമറകൾക്ക് ആവശ്യമായ സാമഗ്രികൾക്കുമുള്ള വില മാർക്കറ്റ് വിലയേക്കാൾ നിരവധി മടങ്ങ് വർദ്ധിക്കാനിടയായ സാഹചര്യം വിശദമാക്കാമോ?

കെൽട്രോൺ സ്ഥാപിച്ചിട്ടുള്ള എ.ഐ. ട്രാഫിക് എൻഫോഴ്സ്മെന്റ് ക്യാമറ സിസ്റ്റത്തിനും മറ്റു എൻഫോഴ്സ്മെന്റ് ക്യാമറ സിസ്റ്റങ്ങൾക്കും നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാനവില സമാന സ്പെസിഫിക്കേഷനിൽ ഉള്ള

ഇതര ഒ.ഇ.എം.-കളുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 30– 35% കുറവാണ്.

(ഡി) കെൽട്രോൺ ഈ പദ്ധതിക്ക് കോസ്റ്റ് മോഡലിംഗ് തയ്യാറാക്കിയത് എന്തൊക്കെ മാനദണ്ഡങ്ങൾ അനുസരിച്ചാണെന്ന് വ്യക്തമാക്കാമോ?

ഗതാഗത നിയമങ്ങൾ കൃത്യമായി പാലിക്കുന്നതിലൂടെ കേരളത്തിലെ റോഡുകളിലൂടെയുള്ള യാത്ര സുരക്ഷിതമാക്കുന്നതിനുവേണ്ടി വിഭാവനം ചെയ്ത ഈ പദ്ധതി കേരള സർക്കാരിന് മുൻകൂറായി യാതൊരു ചെലവും ഇല്ലാത്തതാണ്. അതായത് പദ്ധതിയുടെ വിജയകരമായ നിർവ്വഹണത്തിനു ശേഷം മാത്രം അഞ്ചു വർഷം കൊണ്ട് 20 ത്രൈമാസ തുല്യ ഗഡുക്കളായിട്ടാണ് തുക അടയ്ക്കേണ്ടത്. ഉത്പാദന ചെലവ്, മുതൽ മുടക്കുന്ന മൂലധനം 6½ വർഷത്തിനുശേഷമാണ് പൂർണമായും തിരികെ ലഭിക്കുന്നതിനാൽ പ്രസ്തുത തുകയ്ക്കുള്ള പലിശയും മറ്റ് സാമ്പത്തിക ചെലവുകൾക്കുമുള്ള ബാധ്യത, സിസ്റ്റം ഇന്റഗ്രേറ്റർക്ക് കിട്ടാവുന്ന പ്രതീക്ഷിത

ലാഭം, കെൽട്രോണിനു ലഭിക്കേണ്ട ലാഭവിഹിതം മുതലായ മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഉൽപ്പന്നത്തിന്റെ വില നിർണ്ണയിച്ചിട്ടുള്ളത്.

സേഫ് കേരള പദ്ധതി നടപ്പിലാക്കിയതിനുശേഷം റോഡിലെ അപകട നിരക്ക് ഗണ്യമായി കുറഞ്ഞിട്ടുള്ളതായി വ്യക്തമായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിജയത്തെ തുടർന്ന് ആയതിനെ സംബന്ധിച്ച് പഠിക്കുന്നതിന് വിവിധ സംസ്ഥാനങ്ങളിലെ വിദഗ്ദ്ധർ സംസ്ഥാനം സന്ദർശിച്ച് പഠനം നടത്തിയിട്ടുണ്ട്.

**(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുള്ള കർമ്മ പദ്ധതി**

1 (440) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്തവിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണെന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 8425 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതുമൂലമുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി ഈയിനത്തിൽ മുൻസാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നടപ്പ് വർഷം 7246 കോടി രൂപയുടെ കുറവുണ്ടാകും. അങ്ങനെയിരിക്കേതന്നെ മുൻ വർഷങ്ങളിലേതുപോലെ കേന്ദ്ര സർക്കാർ മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുകയും ചെയ്തിരുന്നു. ഇത്രയും ഭീമമായ കുറവ് തനത് വരുമാനത്തിലൂടെ

നികത്താനും സാദ്ധ്യമല്ല. അതേസമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിനാനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ കാരണം.

(ബി) സാമ്പത്തിക പ്രതിസന്ധിക്ക് താൽക്കാലിക പരിഹാരമെന്ന നിലയിൽ കിഫ്ബിയിലേയ്ക്ക് നൽകുന്ന പെട്രോൾ/വാഹന നികുതി സെസിന്റെ എസ്ക്രോ സംവിധാനം നിർത്തലാക്കി തുക മൂന്ന് മാസത്തിൽ ഒരിക്കൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കാമോ;

(സി) ഇതിനായി ബന്ധപ്പെട്ട നിയമവും ചട്ടവും ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ ബദൽ സംവിധാനമെന്ന നിലയിൽ പ്രസ്തുത തുക ട്രഷറിയിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി-ഡി) നിലവിൽ സർക്കാർ പരിഗണനയിലില്ല.

## ഇൻഷ്വറൻസ് പദ്ധതികൾ

2 (441) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കണവാടി പ്രവർത്തകർക്കുള്ള അങ്കണം, കുടുംബശ്രീ ജീവനക്കാർക്കുള്ള ഒരുമ, കർഷകർക്കുള്ള കാർഷിക കർമ്മസേന - ഇൻഷുറൻസ്, കുട്ടികൾക്കുള്ള ബാല്യ സുരക്ഷാ പദ്ധതി എന്നീ ഇൻഷുറൻസ് പദ്ധതികൾക്കായി 2022-23 വർഷത്തിൽ ഓരോ പദ്ധതിക്കും എത്ര രൂപ പ്രീമിയം അടച്ചിട്ടുണ്ട്; ഈ പദ്ധതിക്ക് ഓരോന്നിനും 2022-23 കാലയളവിൽ എത്ര ക്ലെയിമുണ്ടായിട്ടുണ്ട്; ഇതിൽ എത്ര ക്ലെയിം തുക ഉപഭോക്താവിന് നാളിതുവരെ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

അങ്കണവാടി പ്രവർത്തകർക്കുള്ള 'അങ്കണം' പദ്ധതി ആരംഭിച്ചിട്ടില്ല. ഇൻഷുറൻസ് വകുപ്പും വനിതാ ശിശുവികസന വകുപ്പും ചേർന്ന് ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. കാർഷിക കർമ്മസേന അംഗങ്ങൾക്കുള്ള കരുതൽ ഇൻഷുറൻസ് പദ്ധതിയും നടപ്പാക്കിയിട്ടില്ല. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'ബാല്യസുരക്ഷ' പദ്ധതിയുടെ നടപടികളും പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതികൾ പ്രാബല്യത്തിൽ വരുമ്പോൾ മാത്രമേ പ്രീമിയം ഒടുക്ക്

വരുത്തേണ്ടതുള്ളൂ. കുടുംബശ്രീ ജീവനക്കാർക്കുള്ള 'ഒരുമ' പദ്ധതിയിൽനിന്നും 2022-23 വർഷത്തിൽ പ്രീമിയമിനത്തിൽ 47,34,22,003/- (നാൽപ്പത്തിയേഴ് കോടി മുപ്പത്തിനാല് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി മൂന്ന് രൂപ മാത്രം) രൂപ ലഭിച്ചിട്ടുണ്ട്. 2022-23 കാലയളവിൽ 'ഒരുമ' പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ 558 ക്ലെയിമുകൾ ലഭിച്ചിട്ടുണ്ട്. ക്ലെയിം തുകയായി 2,22,47,500/- (രണ്ട് കോടി ഇരുപത്തിരണ്ട് ലക്ഷത്തി നാൽപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ ഉപഭോക്താക്കൾക്ക് നൽകിയിട്ടുമുണ്ട്.

**സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി**

3 (442) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നിലവിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്തവിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന്

പുറത്തുള്ളതാണെന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 8425 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതുമൂലമുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി ഈയിനത്തിൽ മുൻസാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നടപ്പ് വർഷം 7246 കോടി രൂപയുടെ കുറവുണ്ടാകും. അങ്ങനെയിരിക്കേതന്നെ മുൻവർഷങ്ങളിലേതുപോലെ കേന്ദ്ര സർക്കാർ മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുകയും ചെയ്തിരുന്നു. ഇത്രയും ഭീമമായ കുറവ് തനത് വരുമാനത്തിലൂടെ നികത്താനും സാദ്ധ്യമല്ല. അതേസമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിനാനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക

പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ അടിസ്ഥാന കാരണം.

(ബി) എങ്കിൽ ഇതുസംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

ധവളപത്രം പുറപ്പെടുവിക്കേണ്ട സാഹചര്യം നിലവിലില്ല.

(സി) മുൻ സർക്കാരിന്റെ (2011-16) കാലയളവിൽ ലഭിച്ചിരുന്നതും നിലവിൽ നിർത്തലാക്കിയതുമായ വരുമാന സ്രോതസ്സുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

ചരക്ക് സേവന നികുതി നടപ്പിലാക്കിയതാണ് 2011-16 കാലയളവിന് ശേഷമുള്ള നികുതി ഭരണത്തിലെ പ്രധാന വ്യത്യാസം. പുതിയ നികുതി സമ്പ്രദായത്തിലേയ്ക്കുള്ള മാറ്റത്തോടുകൂടി സംസ്ഥാനത്തിന്റെ നികുതി ഭരണത്തിലുള്ള അധികാരം ഒരു പരിധിവരെ കവർന്നെടുക്കപ്പെട്ടുവെന്നത് വസ്തുതയാണ്.

(ഡി) പ്രളയവും കോവിഡും ഒഴികെ എന്തെല്ലാം പ്രതിസന്ധികളാണ് സാമ്പത്തിക തകർച്ചയ്ക്ക് കാരണമായി കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണെങ്കിലും അതിനെ സാമ്പത്തിക തകർച്ചയായി വ്യാഖ്യാനിക്കാൻ കഴിയുകയില്ല.

**കഞ്ഞിപ്പുര – മൂടാൽ ബൈപാസ് റോഡിന്റെ നിർമ്മാണം**

4 (443) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര - മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റും 2023-24 വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റും ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; അറിയിക്കുമോ?

കോട്ടക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ മുതൽ ചുങ്കം (കി.മീ.0/000-1/700), അമ്പലപ്പറമ്പ് മുതൽ കാഞ്ചിപ്പുര (കി.മീ. 3/470 മുതൽ 6/000 വരെ) ഫേസ് - 1 ആയി സമർപ്പിച്ച Rs. 13,36,90,000/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റും, 2023-24 വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ GENERAL-Moodal Kanchippura Bypass Road Work from km 1/700 to km 3/470-Moodal Kanchippura Bypass Road Work from km 1/700 to km 3/470-General Civil Work ഫേസ് - 2 ആയി സമർപ്പിച്ച 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച ജി3/91/2022 നമ്പർ ഫയലിന്മേൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത പ്രവൃത്തി സംബന്ധിച്ച ജി3/91/2022 നമ്പർ ഫയൽ ധനകാര്യ വകുപ്പ് പരിശോധിക്കുകയും ബഡ്ജറ്റ് വിഹിതത്തിൽ നിജപ്പെടുത്തി

പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഭരണ വകുപ്പിന് ഫയൽ തിരികെ നൽകിയിട്ടുണ്ട്.

(സി) കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടില്ല. ബഡ്ജറ്റ് വിഹിതത്തിൽ നിജപ്പെടുത്തി ഭരണ വകുപ്പ് പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നമുറയ്ക്ക് ആയത് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് വിധേയമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി.**

5 (444) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധനസ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്തവിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണെന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 8425 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതുമൂലമുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി ഈയിനത്തിൽ മുൻസാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നടപ്പ് വർഷം 7246 കോടി രൂപയുടെ കുറവുണ്ടാകും. അങ്ങനെയിരിക്കേതന്നെ മുൻ വർഷങ്ങളിലേതുപോലെ കേന്ദ്ര സർക്കാർ മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിനുകീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുകയും ചെയ്തിരുന്നു. ഇത്രയും ഭീമമായ കുറവ് തനത് വരുമാനത്തിലൂടെ

നികത്താനും സാദ്ധ്യമല്ല. രണ്ടുവർഷംകൊണ്ട് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. അതേസമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ കാരണം. സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണെങ്കിലും അതിനെ സാമ്പത്തിക തകർച്ചയായി വ്യാഖ്യാനിക്കാൻ കഴിയുകയില്ല.

(ബി) വിവിധ വകുപ്പുകൾ, കരാറുകാർ എന്നിവർക്ക് എത്ര തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കിവരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിനാവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കിവരുന്നുണ്ട്.

(സി) ക്ഷേമ പെൻഷനുകൾ ഇപ്പോൾ എത്ര കുടിശ്ശികയുണ്ടെന്നും അവ കൊടുത്ത് തീർക്കുന്നതിന് എത്ര രൂപ ചെലവ് വരുമെന്നും വ്യക്തമാക്കുമോ?

2023 മെയ്, ജൂൺ മാസത്തെ സാമൂഹ്യ ക്ഷേമ പെൻഷനുകൾ നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ആയതിനാൽ രണ്ട് മാസത്തെ (2023 ജൂലൈ, ആഗസ്റ്റ്) കുടിശ്ശികയാണുള്ളത്. പെൻഷനുള്ള ബിൽ പ്രോസസിംഗ് നടത്തിയശേഷം മാത്രമേ പെൻഷൻ കൊടുക്കുന്നതിനായി വേണ്ടിവരുന്ന തുകയുടെ കണക്ക് ലഭ്യമാവുകയുള്ളൂ.

(ഡി) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ കുടിശ്ശികയിനത്തിൽ എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ?

സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ. കുടിശ്ശിക കണക്കാക്കിയിട്ടില്ല.

(ഇ) ഓണത്തോടനുബന്ധിച്ച് വിവിധ ആനുകൂല്യങ്ങൾ, ഉത്സവ ബത്ത, അഡ്വാൻസ് എന്നിവയ്ക്ക് എത്ര രൂപ ചെലവാകുമെന്നാണ് കണക്കാക്കുന്നത് ?

ഇവ സംബന്ധിച്ച വ്യക്തമായ കണക്കുകൾ സർക്കാർ തിട്ടപ്പെടുത്തി വരികയാണ്.

(എഫ്) ബഡ്ജറ്റിൽ പുതിയ നികുതി നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടും സംസ്ഥാനത്ത് സാമ്പത്തിക തകർച്ച തുടരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്തവിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണെന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 8425 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതുമൂലമുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി ഈയിനത്തിൽ മുൻസാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നടപ്പ് വർഷം 7246 കോടി രൂപയുടെ കുറവുണ്ടാകും. അങ്ങനെയിരിക്കേതന്നെ മുൻ വർഷങ്ങളിലേതുപോലെ കേന്ദ്ര സർക്കാർ മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിനുകീഴിലെ

സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുകയും ചെയ്തിരുന്നു. ഇത്രയും ഭീമമായ കുറവ് തനത് വരുമാനത്തിലൂടെ നികത്താനും സാദ്ധ്യമല്ല. രണ്ടുവർഷംകൊണ്ട് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. അതേസമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ കാരണം. സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണെങ്കിലും അതിനെ സാമ്പത്തിക തകർച്ചയായി വ്യാഖ്യാനിക്കാൻ കഴിയുകയില്ല.

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

6 (445) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്തവിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണെന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 8425 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതുമൂലമുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി ഈയിനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നടപ്പ് വർഷം 7246 കോടി രൂപയുടെ കുറവുണ്ടാകും. അങ്ങനെയിരിക്കേതന്നെ മുൻ വർഷങ്ങളിലേതുപോലെ കേന്ദ്ര സർക്കാർ മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുകയും ചെയ്തിരുന്നു. ഇത്രയും ഭീമമായ കുറവ് തനത് വരുമാനത്തിലൂടെ

നികത്താനും സാദ്ധ്യമല്ല. അതേസമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിനാനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ കാരണം.

(ബി) 2021 ഏപ്രിൽ 1-നുശേഷം കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് എത്ര തുക ലഭിച്ചിട്ടുണ്ട്; വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ;

സംസ്ഥാനത്തിന് ലഭിച്ച കേന്ദ്ര വിഹിതത്തിന്റെ വർഷം തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| കേന്ദ്ര വിഹിതം | 2021-22 (തുക കോടിയിൽ) | 2022-23 (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം) (തുക കോടിയിൽ) |
|---|---|---|
| കേന്ദ്ര നികുതി വിഹിതം | 17820.09 | 18260.68 |
| കേന്ദ്ര ധനസഹായം | 30017.12 | 27344.86 |
| **ആകെ** | **47837.21** | **45605.54** |

(സി) വായ്പകൾ സ്വീകരിക്കുന്നതിന് സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ രീതിയിലുള്ള വായ്പകളാണെന്നും എവിടെനിന്നാണെടുത്തിട്ടുള്ളതെന്നും

എത്ര തുക വായ്പയായി സ്വീകരിച്ചുവെന്നും ആയതിന്റെ തിരിച്ചടവ് രീതി എപ്രകാരമാണെന്നും വിശദമാക്കാമോ?

കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാകുന്ന അനുമതിയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ വായ്പകളെടുക്കുന്നത്. പൊതു വിപണിയിൽനിന്നുള്ള വായ്പകൾ കേന്ദ്രസഹകരണ വികസന കോർപ്പറേഷൻ, നബാർഡ്, ദേശീയ ലഘുസമ്പാദ്യ പദ്ധതിയിലേയ്ക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ എന്നിവ വഴിയും വിദേശ സഹായ പദ്ധതികൾ ഉൾപ്പെടെ കേന്ദ്ര സർക്കാർ മുഖേന ലഭ്യമാകുന്ന വായ്പകൾ എന്നീ മാർഗ്ഗങ്ങളിലാണ് സംസ്ഥാന സർക്കാർ വായ്പകൾ (പൊതുകടം) എടുക്കുന്നത്. അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താൽകാലിക കണക്കുകൾ പ്രകാരം 2023 ജൂൺ മാസം 30 വരെ 4153.18 കോടി രൂപയുടെ വായ്പ (പൊതുകടം തനി) എടുക്കുകയുണ്ടായി. ഓരോ വായ്പകളുടെയും തിരിച്ചടവ് രീതി വ്യത്യസ്തമാണ്.

**ഏനാന്തിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ**

7 (446) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലിരിക്കെ 2019-ലെ പ്രളയത്തിൽ തകർന്ന നിലമ്പൂർ നിയോജകമണ്ഡലത്തിലെ കരിമ്പുഴക്കുകുറുകെയുള്ള ഏനാന്തി പാലം പുനർനിർമ്മിക്കുന്നത് സംബന്ധിച്ച ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിലെ ഏത് വിഭാഗത്തിലാണുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത ഫയൽ നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ?

2019-ലെ പ്രളയത്തിൽ നിർമ്മാണത്തിലിരിക്കെ തകർന്ന, നിലമ്പൂർ നിയോജകമണ്ഡലത്തിലെ കരിമ്പുഴയ്ക്കുകുറുകെയുള്ള ഏനാന്തി പാലം പുനർനിർമ്മിക്കുന്നത് സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിലെ ഇൻഡസ്ട്രീസ് ആൻഡ് പി.ഡബ്ല്യൂ. ബി സെക്ഷനിലാണ് പരിശോധിക്കുന്നത്. പുതുക്കിയ ഭരണാനുമതിക്ക് 1712 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ധനവകുപ്പിൽ സമർപ്പിക്കുകയും ആയത് ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിക്കുകയും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിരീക്ഷണത്തിന്റെ

അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണവകുപ്പ് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. ആയത് വീണ്ടും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് വിധേയമാക്കി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള അനുമതി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത ഫയലിൽ ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്ന് വിശദമാക്കാമോ?

ഭരണവകുപ്പ് ലഭ്യമാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് വീണ്ടും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് വിധേയമാക്കി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള അനുമതി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ചീഫ് ടെക്നിക്കൽ എക്സാമിനറുടെ കാര്യാലയത്തിൽനിന്നും ലഭിച്ച ക്വറിക്കുള്ള മറുപടി ഉള്ളടക്കം ചെയ്ത് ഭരണവിഭാഗത്തിൽനിന്നും ലഭിച്ച പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന്

അധിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർ നടപടികൾ വിശദമാക്കാമോ;

(ഡി) ഏനാന്തിക്കടവ് പാലത്തിന്റെ പ്രവൃത്തികൾ പാതിവഴിയിൽ നിലച്ചതുമൂലം പ്രദേശവാസികൾ അനുഭവിക്കുന്ന യാത്രാക്ലേശവും ദുരിതവും പരിഹരിക്കാൻ സന്നദ്ധമാകുമോ; പ്രസ്തുത പാലം പുനർ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(സി&ഡി) സ്വീകരിക്കും. ഭരണവകുപ്പ് ലഭ്യമാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് വീണ്ടും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് വിധേയമാക്കി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള അനുമതി അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുന്നതാണ്.

**കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ പദ്ധതികൾ**

8 (447) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ഇരുപത് ശതമാനം ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച കുന്നത്തുനാട് മണ്ഡലത്തിലെ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിക്കാത്ത പദ്ധതികൾ ഏതെല്ലാമാണെന്നും ആയത് വൈകുന്നതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

(എ-സി) 2020-21 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ഇരുപത് ശതമാനം ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച കുന്നത്തുനാട് മണ്ഡലത്തിലെ പദ്ധതികൾ, ഭരണാനുമതി വിവരം, ഭരണാനുമതി ലഭിക്കാത്ത പദ്ധതികൾക്ക് ആയത് വൈകുന്നതിന്റെ കാരണം എന്നിവ വിവിധ വകുപ്പുകൾ ലഭ്യമാക്കിയിരിക്കുന്നത് അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മെഡിസെപ് ആനുകൂല്യങ്ങൾ ഇൻഷുറൻസ് കമ്പനികൾ നിരസിക്കുന്നത്**

9 (448) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് എൻലിസ്റ്റ് ചെയ്ത ആശുപത്രികളിൽ ചികിത്സ തേടിയ ഗുണഭോക്താക്കൾക്ക് അർഹമായ ചികിത്സാനുകൂല്യം നൽകാതെ ഇൻഷുറൻസ് കമ്പനി നിരസിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പരാതികൾ മെഡിസെപ് വെബ്സൈറ്റിലെ Grievance Link -ലെ Level-I Grievance filing menu മുഖേന പരാതി സമർപ്പിക്കാൻ ആവശ്യപ്പെടുകയും പ്രസ്തുത പരാതി സമയബന്ധിതമായി പരിഹരിക്കാൻ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിൽ പരാതി പരിഹാരം തൃപ്തികരമല്ലെങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് ജില്ലകൾതോറും ജില്ലാ കളക്ടർ കൺവീനർമാരായ ജില്ലാതല പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല കമ്മിറ്റിയുടെ തീരുമാനത്തിൽ തൃപ്തരല്ലെങ്കിൽ അഡീഷണൽ

സെക്രട്ടറി, ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ് കൺവീനറായ സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റിയിലും പ്രസ്തുത കമ്മിറ്റിയുടെ തീരുമാനത്തിൽ തൃപ്തരല്ലെങ്കിൽ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായ അപ്പലേറ്റ് അതോറിറ്റിയിലും പരാതി സമർപ്പിക്കാനുള്ള സംവിധാനം മെഡിസെപ് പോർട്ടലിൽ ലഭ്യമാണ്.

(ബി) അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് അർഹമായ ആനുകൂല്യം ലഭിക്കുന്ന മെഡിസെപ്പിൽ ശസ്ത്രക്രിയക്കുശേഷം ഇൻഷുറൻസ് കമ്പനി ആനുകൂല്യം നിഷേധിക്കുന്നതിലൂടെ വലിയ തുക ആശുപത്രിയിൽ സ്വന്തമായി അടക്കേണ്ട സാഹചര്യമുണ്ടാകുന്നത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദവിവരം ലഭ്യമാക്കുമോ?

മെഡിസെപ് പദ്ധതിയിലെ ഗുരുതര രോഗങ്ങൾക്കായി കമ്പനി വകയിരുത്തിയിരിക്കുന്ന 35 കോടി രൂപ വിനിയോഗിച്ചശേഷമുള്ള ക്ലെയിമുകൾക്ക് തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ

പരിഗണനയിലാണെന്നും ഇതിന്മേൽ കമ്പനിയുമായി ചേർന്ന് അന്തിമ തീരുമാനത്തിലെത്തുന്നമുറയ്ക്ക് ഇത്തരത്തിലുള്ള ക്ലെയിമികൾ അനുവദിക്കുന്നതാണ്.

(സി) വിമുക്തഭടൻമാർക്ക് എക്സ്-സർവ്വീസ്മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീം നിലവിലുള്ളതിനാൽ മെഡിസെപ്പ് സ്കീമിൽനിന്ന് ഒഴിവാക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുമോ;

(ഡി) വിമുക്തഭടൻമാർ നിലവിൽ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീമിൽ പണമടക്കുന്നതിനാൽ മെഡിസെപ്പ് സ്കീമിൽ നിന്നും ഒഴിവാക്കുന്നകാര്യവും ഇതിനായി പിടിച്ച തുക തിരികെ നൽകുന്നകാര്യവും പരിഗണിക്കുമോ?

(സി & ഡി) സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവർക്കും അവരുടെ ആശ്രിതർക്കും നിർബന്ധിതാടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതിയായതിനാൽ പദ്ധതികാലയളവിൽ ഗുണഭോക്താക്കളാരെയും

മെഡിസെപ്പ് പദ്ധതിയിൽനിന്നും ഒഴിവാക്കണമെന്ന ആവശ്യവും ഇവരുടെ പ്രീമിയം ഇനത്തിൽ പിടിച്ച തുക തിരികെ നൽകുന്ന കാര്യവും പരിഗണിക്കാൻ നിർവ്വാഹമില്ല.

**മെഡിസെപ്**

10 (449) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിലൂടെ സംസ്ഥാനത്ത് ഏറ്റവും അധികം രോഗികൾക്ക് സേവനം നൽകിയ ആശുപത്രി ഏതാണെന്ന് വ്യക്തമാക്കാമോ; രോഗികളുടെ എണ്ണം, ആശുപത്രികൾക്ക് അനുവദിച്ച തുക എന്നിവ ഇനംതിരിച്ച് ലഭ്യമാക്കാമോ?

മെഡിസെപ്പ് പദ്ധതിയിലൂടെ സംസ്ഥാനത്ത് ഏറ്റവും അധികം രോഗികൾക്ക് സേവനം നൽകിയ ആശുപത്രി Amala Institute of Medical Sciences ആണ്. 9,734 രോഗികൾക്ക് 27,75,79,171/- രൂപ ഇൻഷ്വറൻസ് ക്ലെയിം ഇനത്തിൽ അനുവദിച്ചിട്ടുള്ളതായി ഇൻഷ്വറൻസ് കമ്പനി

ലഭ്യമാക്കിയ വിവരം മെഡിസെപ് വെബ്സൈറ്റിലെ ഡാഷ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഇൻഷുറൻസ് ഏജൻസി ഏതൊക്കെ ആശുപത്രികൾക്കാണ് ക്ലെയിം കുടിശ്ശിക നൽകാനുള്ളതെന്നും എത്ര തുക വീതമാണെന്നും വ്യക്തമാക്കാമോ;

ഇൻഷുറൻസ് ഏജൻസി ഏതൊക്കെ ആശുപത്രികൾക്കാണ് ക്ലെയിം കുടിശ്ശിക നൽകാനുള്ളതെന്നും എത്ര തുക വീതമാണെന്നുമുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) കോർപ്പസ് ഫണ്ടിൽ ഈ ഇനത്തിൽ വകയിരുത്തിയിരുന്ന തുക എത്രയാണെന്ന് അറിയിക്കാമോ; ഇപ്പോൾ അവശേഷിക്കുന്നത് എത്ര തുകയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കോർപ്പസ് ഫണ്ട് പൂർണ്ണമായും ചെലവഴിച്ചെങ്കിൽ ഗുരുതര രോഗ ചികിത്സയ്ക്ക് മെഡിസെപ്പ് പദ്ധതി എങ്ങനെ സാധ്യമാക്കുമെന്ന് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി&ഡി) അവയവമാറ്റ ശസ്ത്രക്രിയകൾക്കായി മെഡിസെപ് പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ 3 വർഷത്തെ പദ്ധതി കാലയളവിലേയ്ക്കായി അവയവമാറ്റ ശസ്ത്രക്രിയകൾക്ക് സർക്കാർ നിശ്ചയിച്ച് നൽകി ഇൻഷ്വറൻസ് കമ്പനി മാറ്റിവയ്ച്ച 35 കോടി രൂപ വിനിയോഗിച്ച് തീർന്നതിന് കാരണമായ മുട്ടുമാറ്റി വയ്ക്കൽ, ഇടുപ്പെല്ല് മാറ്റി വയ്ക്കൽ ശസ്ത്രക്രിയകൾ കമ്പനിയും സർക്കാരുമായി കൈക്കൊണ്ട ധാരണ പ്രകാരം സർക്കാർ ആശുപത്രികളിൽ മാത്രമായി നിജപ്പെടുത്താനും മറ്റ് അവയവമാറ്റ ശസ്ത്രക്രിയകൾ എംപാനൽ ചെയ്ത ആശുപത്രികളിൽ പഴയതുപോലെ തുടരാനും തീരുമാനമായിട്ടുണ്ട്.

(ഇ) ഗുരുതര രോഗ ചികിത്സക്ക് കോർപ്പസ് ഫണ്ടിനായി ഇപ്പോൾ എത്ര അപേക്ഷകൾ ധനകാര്യ മെഡിസെപ്പ് വിഭാഗത്തിൽ അംഗീകാരത്തിനായി അവശേഷിക്കുന്നുണ്ടെന്നതിന്റെ കണക്ക് ലഭ്യമാക്കാമോ?

ഗുരുതര രോഗങ്ങൾക്ക് കോർപ്പസ് ഫണ്ടിൽനിന്നുള്ള ചികിത്സയ്ക്ക് ധനകാര്യ മെഡിസെപ് വിഭാഗത്തിന്റെ അംഗീകാരം ആവശ്യമില്ല.

## ഇരവിപുരം മണ്ഡലത്തിലെ പദ്ധതികൾ

11 (450) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ 2016-2017 മുതൽ 2022-2023 വരെയുള്ള കാലയളവിൽ സംസ്ഥാന ബഡ്ജറ്റിൽ ഏതെല്ലാം പദ്ധതികൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതിനൊക്കെയാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ടി പദ്ധതികളുടെ പുരോഗതി വിവരം ലഭ്യമാക്കാമോ?

(എ&ബി) ഇരവിപുരം മണ്ഡലത്തിൽ 2016-2017 മുതൽ 2022-2023 വരെയുള്ള കാലയളവിൽ സംസ്ഥാന ബഡ്ജറ്റിലുൾപ്പെടുത്തി തുക വകയിരുത്തിയിട്ടുള്ള പദ്ധതികൾ, ഭരണാനുമതി വിവരം, പദ്ധതികളുടെ പുരോഗതി വിവരം എന്നിവ വിവിധ വകുപ്പുകൾ ലഭ്യമാക്കിയിരിക്കുന്നത് അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇരവിപുരം മണ്ഡലത്തിലെ 2016- 2017 മുതൽ 2022-2023 വരെയുള്ള കാലയളവിൽ സംസ്ഥാന ബഡ്ജറ്റിൽ നൂറ് ശതമാനം ടോക്കൺ പ്രൊവിഷൻ ലഭിച്ച എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഇരവിപുരം മണ്ഡലത്തിലെ 2016- 2017 മുതൽ 2022-2023 വരെയുള്ള കാലയളവിൽ സംസ്ഥാന ബഡ്ജറ്റിൽ നൂറ് രൂപ ടോക്കൺ പ്രൊവിഷൻ ലഭിച്ച പദ്ധതികളിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ വിവിധ വകുപ്പുകൾ ലഭ്യമാക്കിയിരിക്കുന്നത് ചുവടെ ചേർക്കുന്നു.

- കൊല്ലം കോർപ്പറേഷൻ - കൊല്ലം തോടിന് കുറുകെ മുണ്ടക്കൽ കച്ചിക്കടവ് പാലം.

  മുണ്ടക്കൽ - കൊണ്ടേത്ത് പാലം.

**മെഡിസെപ് പദ്ധതിയിൽ കൂടുതൽ ആശുപത്രികൾ ചേർക്കുന്നത്**

12 (451) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് ഇൻഷുറൻസ് പദ്ധതി ആരംഭിച്ചതിനുശേഷം പ്രസ്തുത പദ്ധതിയിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്താത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(ബി) മുക്കം സെന്റ് ജോസഫ് ആശുപത്രി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ആശുപത്രികളുടെ എംപാനൽമെന്റ് നടത്തുന്നത് ഇൻഷുറൻസ് കമ്പനിയാണ്. എന്നിരുന്നാലും ആശുപത്രികളുടെ എണ്ണം കുറവുള്ള സ്ഥലങ്ങൾ കണ്ടെത്തി അവിടെയുള്ള പ്രധാനപ്പെട്ട ആശുപത്രികളുടെ ലിസ്റ്റ് ശേഖരിച്ച് എംപാനൽമെന്റ് നടത്തുന്നതിനുള്ള നിർദ്ദേശം അവലോകന യോഗങ്ങളിൽ ഇൻഷുറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. കൂടാതെ എംപാനൽമെന്റ് ഒരു തുടർപ്രവർത്തനമാണ്. മെഡിസെപ്പിന്റെ വ്യവസ്ഥകൾ പാലിക്കുന്ന ആശുപത്രികളെ/വിഭാഗങ്ങളെ പദ്ധതി കാലയളവിൽ എപ്പോൾവേണമെങ്കിലും എംപാനൽ ചെയ്യാവുന്നതാണ്. മുക്കം സെന്റ് ജോസഫ് ആശുപത്രി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഇൻഷുറൻസ് കമ്പനിക്ക് നിർദ്ദേശം നൽകുന്നതാണ്.

## കേരളത്തിന്റെ കടമെടുപ്പ് പരിധി

13 (452) ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമെടുപ്പ് പരിധിയിൽ കേന്ദ്രം വരുത്തിയിട്ടുള്ള കുറവ് സംസ്ഥാനത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളെ ഏത് രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അർഹതപ്പെട്ട വായ്പാ പരിധി പുനഃസ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേന്ദ്രനയങ്ങൾ കാരണം സംസ്ഥാനത്തുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

(എ-സി) കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക്

നയിക്കുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു ലഭിക്കേണ്ട വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്.

ഇതിനുപുറമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് കേന്ദ്രസർക്കാർ 2022-23 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തിവരുന്നുണ്ട്. ഈ പ്രതിസന്ധിയിലും സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും വികസന ക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്ര ശ്രമമാണ് സംസ്ഥാനം നടത്തികൊണ്ടിരിക്കുന്നത്.

സംസ്ഥാനത്തിന്റെ വായ്പാപരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം

ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ സാമ്പത്തികാധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടണമെന്നും ഭരണഘടനാ വ്യവസ്ഥകളിൽ നിന്നുള്ള വ്യതിയാനങ്ങളും സുപ്രധാന കേന്ദ്ര-സംസ്ഥാന സാമ്പത്തിക പ്രശ്നങ്ങളും പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 19-01-2023-ലെ 133/CM/2023 നമ്പർ കത്ത് പ്രകാരം ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിട്ടുമുണ്ട്.

12-07-2023-ൽ സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് അയച്ച കത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ വായ്പാപരിധി ഒരുശതമാനം കൂടി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി**

14 (453) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് 2023-24 വർഷത്തിൽ ഏതെല്ലാം രീതിയിലാണ് കടമെടുക്കാൻ സാധിക്കുന്നതെന്ന് വിശദമാക്കുമോ; 2023-24

വർഷത്തിലെടുക്കാവുന്ന കടത്തിന്റെ പരമാവധി പരിധി എത്ര കോടി രൂപയാണെന്നും ആയത് സംസ്ഥാന ജി.ഡി.പി.യുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ?

കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ചു നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോല്പാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോല്പാദനമായി കേന്ദ്രസർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 10,81,412 കോടി രൂപയുടെ 3 ശതമാനമായ 32,442 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി. പൊതുവിപണിയിൽനിന്നുള്ള വായ്പകൾ കേന്ദ്രസഹകരണ വികസന കോർപ്പറേഷൻ, നബാർഡ്, ദേശീയ ലഘുസമ്പാദ്യ പദ്ധതിയിലേയ്ക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ എന്നിവ വഴിയുള്ള വിദേശ സഹായ പദ്ധതികൾ ഉൾപ്പെടെ കേന്ദ്രസർക്കാർ മുഖേന ലഭ്യമാകുന്ന വായ്പകൾ എന്നീ

മാർഗ്ഗങ്ങളിലൂടെയാണ് സംസ്ഥാന സർക്കാർ ഇപ്പോൾ വായ്പകൾ (പൊതുകടം) എടുക്കുന്നത്.

(ബി) 2023-24 വർഷത്തിൽ റീപ്ലേസ്മെന്റ് ഗ്യാരണ്ടി, ഓപ്പൺ മാർക്കറ്റ് ബോറോയിംഗ് എന്നീ രീതിയിൽ എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് കടമെടുക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയതിന്റെ ഭാഗമായുണ്ടായ അധിക ബാധ്യതാ കോമ്പൻസേഷൻ എന്ന രീതിയിൽ 2023-24 വർഷത്തിൽ എത്ര കോടി രൂപയാണ് കടമെടുക്കാൻ സാധിക്കുന്നത്; പ്രസ്തുത ഇനത്തിൽ 2023-24 വർഷത്തിൽ കടമെടുത്തിട്ടുണ്ടോയെന്നും ഇല്ലായെങ്കിൽ കടം എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സർക്കാർ ഏതെല്ലാം രീതിയിലാണ് കടം എടുത്തിരിക്കുന്നതെന്നും ഇനി എത്ര കോടി രൂപയാണ് 2023-24 വർഷത്തിൽ കടമെടുക്കാൻ സാധിക്കുന്നതെന്നുമുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ?

(ബി-ഡി) 2023-24 സാമ്പത്തിക വർഷത്തിലെ ആദ്യ 9 മാസത്തേയ്ക്ക് ഓപ്പൺ മാർക്കറ്റ് ബോറോയിംഗായി 20,522 കോടി രൂപ കടമെടുക്കാൻ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് അനുമതി നൽകിയിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയതിന്റെ ഭാഗമായുണ്ടായ അധിക ബാധ്യതാ കോമ്പൻസേഷനായി 2023-24 സാമ്പത്തിക വർഷം അനുവദിച്ച 1755.50 കോടി രൂപ ഉൾപ്പെടെയാണ് മേൽ അനുമതി. റീപ്ലേസ്മെന്റ് ബോറോയിംഗിന് അനുമതി കിട്ടിയിട്ടില്ല.

ഇതിനുശേഷം സംസ്ഥാനം കേന്ദ്രസർക്കാരിന് സമർപ്പിക്കുന്ന കണക്കുകൾകൂടി പരിശോധിച്ചുകൊണ്ടായിരിക്കും സാമ്പത്തിക വർഷത്തിലെ അവസാന 3 മാസത്തേയ്ക്കുള്ള ഓപ്പൺ മാർക്കറ്റ് വായ്പയെടുക്കുന്നതിനുള്ള അനുമതി സംസ്ഥാനത്തിന് ലഭ്യമാകുന്നത്.

പൊതുവിപണിയിൽനിന്നുള്ള വായ്പകൾ കേന്ദ്രസഹകരണ വികസന കോർപ്പറേഷൻ, നബാർഡ്, ദേശീയ ലഘുസമ്പാദ്യ പദ്ധതിയിലേയ്ക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ എന്നിവ വഴിയും വിദേശ സഹായ പദ്ധതികൾ ഉൾപ്പെടെ കേന്ദ്രസർക്കാരിൽ മുഖേന ലഭ്യമാകുന്ന വായ്പകൾ എന്നീ

മാർഗ്ഗങ്ങളിലാണ് സംസ്ഥാന സർക്കാർ വായ്പകൾ (പൊതുകടം) എടുക്കുന്നത്. അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താല്ക്കാലിക കണക്കുകൾ പ്രകാരം 2023 ജൂൺ മാസം 30 വരെ 4153.18 കോടി രൂപയുടെ വായ്പ (പൊതുകടം തനി) എടുക്കുകയുണ്ടായി.

**കുന്നത്തുനാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

15 (454) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചതും പൂർത്തിയാകാത്തതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിർവ്വഹണ ഏജൻസി ഏതാണെന്നും ഓരോ പ്രവൃത്തിയും പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

(എ-സി) കുന്നത്തുനാട് മണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പദ്ധതികളുടെ നിലവിലെ

സ്ഥിതി, പദ്ധതി നിർവഹണ ഏജൻസി, പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നതിനുള്ള കാരണം എന്നിവയുൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**കാക്കുളങ്ങര പള്ളി നവീകരണം**

16 (455) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഹെറിട്ടേജ് ടൂറിസം പദ്ധതിയിലുൾപ്പെടുത്തി കിഫ്ബി ഫണ്ട് ഉപയോഗിച്ച് അഴിക്കോട് മണ്ഡലത്തിലെ കാക്കുളങ്ങര പള്ളി നവീകരിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) സാങ്കേതികാനുമതി ലഭ്യമായിട്ടും സെലക്ഷൻ നോട്ടീസ് നൽകാത്തത് എന്താണെന്ന് അറിയിക്കാമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ?

(എ-സി) കിഫ്ബി ഉത്തരവ് നമ്പർ TSM005-01/APR-3/2020/KIIFB തീയതി 09.08.2020 പ്രകാരം പ്രസ്തുത പ്രവൃത്തി കെ.ഐ.ഐ.ഡി.സി. മുഖേന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കുന്നതിന് കിഫ്ബിയിൽനിന്നും 1.03 കോടി രൂപയ്ക്ക് ധനാനുമതി നൽകിയിട്ടുള്ളതാണ്. അതനുസരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കി പദ്ധതി നിർവഹണ ഏജൻസിയായ കെ.ഐ.ഐ.ഡി.സി. 13.04.2023-ൽ പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി കരാർ നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവഹണ ഏജൻസിയായ കെ.ഐ.ഐ.ഡി.സി. സ്വീകരിച്ചുവരുന്നു.

**ചിറയിൻകീഴ് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

17 (456) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വിശദമാക്കാമോ?

(എ&ബി) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി**

18 (457) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് തീരദേശ വികസന കോർപ്പറേഷൻ മുഖേന നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള വർക്കല പുന്നമൂട് മാർക്കറ്റിന്റെ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

15-02-2021-ലെ സ.ഉ(സാധാ)നം.535/2018/മ.ഇ.വ നമ്പർ ഭരണാനുമതി ഉത്തരവുപ്രകാരം വർക്കല നിയോജക മണ്ഡലത്തിലെ പുന്നമൂട് മത്സ്യമാർക്കറ്റിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (കെ.എസ്.സി.എ.ഡി.സി) സമർപ്പിച്ച വിശദമായ പദ്ധതിരേഖ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബിയിൽ പരിശോധിക്കുകയും 09-04-2021-ലെ ഉത്തരവുപ്രകാരം 3.79 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന്, ഡി.എസ്.ആർ നിരക്കിലുണ്ടായ വ്യത്യാസത്താൽ, കെ.എസ്.സി.എ.ഡി.സി സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ പരിശോധിക്കുകയും 15-03-2022-ലെ ഉത്തരവുപ്രകാരം 4.52 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ധനാനുമതി ഉത്തരവുപ്രകാരം പദ്ധതി ആരംഭിക്കുന്നതിന് ടെണ്ടറുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടത് എസ്.പി.വി ആയ തീരദേശ വികസന കോർപ്പറേഷനാണ്. നിലവിൽ, കെ.എസ്.സി.എ.ഡി.സി വർക്ക് ടെണ്ടർ ചെയ്തിട്ടുള്ളതും വർക്ക് അവാർഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എസ്.പി.വി ആയ കെ.എസ്.സി.എ.ഡി.സി ആവശ്യമായ നടപടികൾ

സ്വീകരിച്ചിട്ടുള്ളതും വർക്ക് അവാർഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

**കിഫ്ബി**

19 (458) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് അനുവദിച്ച് റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ) എസ്.പി.വി. ആയി നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപ്പാല നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

അകത്തേത്തറ റെയിൽവേ മേൽപ്പാലത്തിന് റെയിൽവേ ഭാഗം ഒഴികെ 16 സ്പാനുകളിലായി 64 പൈലുകളും 14 പൈൽ ക്യാപ്പുകളും 14 പിയറും 2 അബട്ട്മെന്റുമാണുള്ളത്. നാളിതുവരെ മുഴുവൻ പൈലുകളും, പൈൽ ക്യാപ്പ്, പിയർ, പിയർ ക്യാപ്പ്, അബട്ട്മെന്റും 14/16 സ്പാനുകളുടെ ഗർഡറുകളും, 12/16 സ്ലാബുകളും 80% ഡ്രൈനേജും 40% റീട്ടെയിനിംഗ് വാളിന്റെയും നിർമ്മാണം

പൂർത്തിയാക്കി. ബാക്കി വരുന്ന റിട്ടേയിനിംഗ് വാളിന്റെയും സർവ്വീസ് റോഡിന്റെയും പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അകത്തേത്തറ റെയിൽവേ മേൽപ്പാലത്തിന്റെ റെയിൽവേയുടെ 3 സ്പാനുകൾ റയിൽവേ നേരിട്ടാണ് നിർമ്മിക്കുന്നത്. ആയതിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി 02.06.2023-ന് കരാറുകാരന് റെയിൽവേ വർക്ക് ഓർഡർ നൽകി. 15 മാസമാണ് റെയിൽവേ പ്രവർത്തി പൂർത്തിയാക്കാനുള്ള കാലാവധി. റെയിൽവേ സ്പാനിന്റെ ഇരുവശത്തുമായി ബാക്കി നാല് സ്പാനുകൾ റെയിൽവേയുടെ ഈ നിർമ്മാണ പ്രവർത്തികൾ പൂർത്തിയായതിനുശേഷം മാത്രമേ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(ബി) ഇനി എന്തെല്ലാം പണികളാണ് പൂർത്തിയാക്കാനുള്ളതെന്നും ഇത് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

റെയിൽവേ നേരിട്ട് നിർമ്മിക്കുന്ന 3 സ്പാനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഈ പ്രവർത്തികൾ പൂർത്തിയാക്കിയാൽ മാത്രമേ തൊട്ടടുത്തുള്ള രണ്ട് സ്പാനിലെ girder erection പൂർത്തിയാക്കാനും, ഇതിനുശേഷം മാത്രമേ 4 സ്പാനിലെ സ്ലാബ് കോൺക്രീറ്റുകൾ

പൂർത്തിയാക്കാനും സാധിക്കുകയുള്ളൂ. ഇവ പൂർത്തിയാക്കിയാൽ മാത്രമേ expansion joint, hand rail, crush barrier, BM&BC എന്നിവ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ഇവ ഒഴികെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്ന റീട്ടെയിനിംഗ് വാൾ, സർവ്വീസ് റോഡ്, അപ്രോച്ച് റോഡ്, ഡ്രെയിനേജ് എന്നിവയുടെ പ്രവൃത്തികൾ സെപ്റ്റംബർ അവസാനത്തോടുകൂടി പൂർത്തിയാക്കുന്നതാണ്.

**പേരാമ്പ്ര ബൈപാസ്**

20 (459) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ബൈപ്പാസ് നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് കിഫ്ബിയിൽനിന്നും ധനകാര്യ അനുമതി ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

പേരാമ്പ്ര ബൈപ്പാസ് നിർമ്മാണത്തിനായി ₹58,28,83,967/- (58.28 കോടി) രൂപയുടെ ധനാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിനായി എത്ര രൂപ ചെലവഴിച്ചുവെന്ന് വിശദമാക്കുമോ?

പദ്ധതിക്കായി നാളിതുവരെ കിഫ്ബി ₹45,11,24,705 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ബൈപ്പാസ് നിർമ്മിച്ചതിന്റെ ഫൈനൽ ബിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഫൈനൽ ബിൽ അംഗീകരിച്ചതിനുശേഷം മാത്രമേ ആകെ എത്ര രൂപ ചെലവഴിച്ചെന്ന് അറിയാൻ സാധിക്കുകയുള്ളൂ.

(സി) ബസ്സ്റ്റാന്റിൽനിന്നും ബൈപ്പാസിലേക്കുള്ള ലിങ്ക് റോഡ്, കല്ലോട്, കക്കാട് ബെൽമൗത്തുകളുടെ വികസനം എന്നിവയ്ക്കായുള്ള പ്രൊപ്പോസൽ ആർ.ബി.ഡി.സി. മുഖേന കിഫ്ബിക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ബസ്സ്റ്റാന്റിൽനിന്നും ബൈപ്പാസിലേയ്ക്കുള്ള ലിങ്ക് റോഡ്, കല്ലോട്, കക്കാട് ബെൽമൗത്തുകളുടെ വികസനം എന്നിവയ്ക്കായുള്ള പ്രൊപ്പോസൽ 15.12.2022 കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അതിന്റെ മറുപടിയായി ബസ്സ്റ്റാന്റിൽനിന്നും ബൈപ്പാസിലേയ്ക്കുള്ള ലിങ്ക് റോഡ് നിലവിൽ പരിഗണിക്കാൻ കഴിയുകയില്ലെന്നും കല്ലോട് കക്കാട് ബെൽമൗത്ത് വികസനം "Improvement to PUKC Road 17/600 tp 42/950 in Kozhikode District" എന്ന KRFB SPV ആയിട്ടുള്ള പദ്ധതിയിൽ ഉൾപ്പെടുത്താമെന്നും അറിയിക്കുകയുണ്ടായി (Lr. No. PWD 003-10-MISC-01 dated 28.04.2023).

**കിഫ്ബി മുഖേന ആരംഭിച്ച വെള്ളിയോട്ടു ഗവഃയു.പി സ്കൂൾ കെട്ടിട നിർമ്മാണം**

21 (460) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന 3 കോടി രൂപ അനുവദിക്കപ്പെടുകയും കിലയെ നിർവഹണ ഏജൻസിയാക്കിയിട്ടുള്ളതുമായ നാദാപുരം മണ്ഡലത്തിലെ

വെള്ളിയോട് ഗവ.യു.പി സ്കൂൾ നവീകരണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

നാദാപുരം മണ്ഡലത്തിലെ വെള്ളിയോട് ഗവ. ഹയർ സെക്കണ്ടറി സ്കൂളിന് കിലയുടെ ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി 02.08.2023-ന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(ബി) കില പ്രവൃത്തി ഏറ്റെടുത്തതിനുശേഷം നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) നാദാപുരം മണ്ഡലത്തിലെ വെള്ളിയോട് ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ ആദ്യ എസ്.പി.വി ഇൻകെൽ ആയിരുന്നു. ഇൻകെൽ സമർപ്പിച്ച ഡി.പി.ആർ കിഫ്ബിയിൽ പരിശോധിക്കുകയും 26.02.2021-ലെ ഉത്തരവ് നം. GED006-21/AE-1/2021/KIIFB പ്രകാരം 2.99 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തു. തുടർന്ന് 28.01.2021-ലെ സഉ(സാ.ധാ)783/2021/G.Edn പ്രകാരം എസ്.പി.വി. ആയിരുന്ന

ഇൻകെലിനെ മാറ്റി കിലയെ പുതിയ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു.

തുടർന്ന് കില എസ്റ്റിമേറ്റ് തയ്യാറാക്കി ടെക്നിക്കൽ അനുമതിക്ക് സമർപ്പിച്ചെങ്കിലും ഇൻകെൽ തയ്യാറാക്കിയ സോയിൽ റിപ്പോർട്ട് അപൂർണ്ണമായതിനാൽ ടെക്നിക്കൽ സാംഗ്ഷൻ ലഭിച്ചില്ല. തുടർന്ന് കില സോയിൽ ടെസ്റ്റ് കൺഫർമേഷൻ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കി വീണ്ടും ടെക്നിക്കൽ സാംഗ്ഷന് സമർപ്പിക്കുകയും ചെയ്തു. 02-08-2023-ന് ചേർന്ന കില ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി ടി സ്കൂളിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പദ്ധതി എത്രയുംവേഗം ടെണ്ടർ ചെയ്ത് നടപ്പിലാക്കാനുള്ള നടപടി എസ്.പി.വി സ്വീകരിച്ചുവരുന്നു.

**വർക്കല മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

22 (461) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജക മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള

തുകയെത്രയെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതിയും വിശദമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാനായി കിഫ്ബി മുഖേന ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളും അനുവദിച്ചിട്ടുള്ള തുകയും, നിലവിലുള്ള സ്ഥിതിയും ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**കല്ലാശ്ശേരിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി**

23 (462) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് മണ്ഡലത്തിലെ കല്ലാശ്ശേരിക്കടവ് പാലത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡുൾപ്പെടെയുള്ള ഡ്രോയിംഗ് പൂർത്തിയായിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പാലത്തിന്റെ ഫൈനൽ ഡ്രോയിംഗ് കിഫ്ബി അംഗീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച നിർദേശം ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ-സി) ചോദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്ന കല്ലാശ്ശേരിക്കടവ് പാലം കൂത്തുപറമ്പ് മണ്ഡലത്തിലാണ്. കല്ലാശ്ശേരിക്കടവ് പാലം എന്നാണ് ചോദ്യത്തിൽ ഉള്ളതെങ്കിലും അഴീക്കോട് മണ്ഡലത്തിലുള്ളത് കല്ലൂരിക്കടവ് പാലമായതിനാൽ അതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

അഴീക്കോട് മണ്ഡലത്തിലുൾപ്പെട്ട കല്ലൂരിക്കടവ് പാലം നിർമ്മാണ പ്രവൃത്തിക്ക് 10-07-2017-ലെ GO (Rt) No. 942//20017/PWD ഉത്തരവ് പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

പദ്ധതി നിർവ്വഹണ ഏജൻസിയായ (SPV) KRFB 07-01-2022-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്ന DPR, കിഫ്ബി അവലോകനം നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് 09-02-2022-ന് SPV-ക്ക് നൽകിയിരുന്നു. ഇതിന് SPV സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 24-06-2022-ന് നിരീക്ഷണക്കുറിപ്പും

നൽകിയിരുന്നു. കൂടാതെ പാലത്തിന്റെ അപ്രോച്ച് റോഡിനായി പ്രൊജക്റ്റ് പ്രിപ്പറേഷൻ യൂണിറ്റ് തയ്യാറാക്കിയ അലൈൻമെന്റിൽ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സംയുക്ത പരിശോധനയിൽ കുറച്ച് മാറ്റങ്ങൾ നിർദ്ദേശിച്ചതിൻപ്രകാരം പുതുക്കിയ അലൈൻമെന്റ് SPV കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത അലൈൻമെന്റിൽ ജ്യാമിതീയ തിരുത്തലുകൾ ആവശ്യമായതിനാൽ ഇക്കാര്യം പരിശോധിക്കുന്നതിനായി കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടർ 30-06-2023-ന് സൈറ്റ് വിസിറ്റ് നടത്തുകയും സൈറ്റ് വിസിറ്റിലെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പുതുക്കിയ അലൈൻമെന്റ് സമർപ്പിക്കാൻ SPV-യോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അലൈൻമെന്റ് SPV കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല. പുതുക്കിയ അലൈൻമെന്റും നിരീക്ഷണക്കുറിപ്പിലെ നിർദ്ദേശപ്രകാരമുള്ള വിവരങ്ങളും SPV സമർപ്പിക്കുന്നമുറയ്ക്ക് ആയത് അവലോകനം നടത്തി സാമ്പത്തിക അനുമതിക്കായി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ

അംഗീകാരത്തിന് സമർപ്പിക്കുന്നതിന് കിഫ്ബി നടപടി സ്വീകരിക്കുന്നതാണ്. സാമ്പത്തികാനുമതി ലഭിച്ചശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസിയായ KRFB-ക്ക് സ്വീകരിക്കാവുന്നതാണ്.

**ബാലുശ്ശേരി മണ്ഡലത്തിലെ കിഫ്ബി പദ്ധതി**

24 (463) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഏതെല്ലാം സ്കൂളുകൾക്കാണ് കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിൽ കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ച എല്ലാ സ്കൂളുകൾക്കും കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ലെങ്കിൽ എത്ര സ്കൂളുകൾക്കാണ് ഇനിയും ധനാനുമതി നൽകാനുള്ളത്; വിശദമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിൽ കിഫ്ബി ഇതുവരെ അംഗീകരിച്ച എല്ലാ സ്കൂൾ പദ്ധതികളുടെയും ധനാനുമതി പുറപ്പെടുവിച്ചുണ്ട്.

**കിഫ്ബി മുഖേന അനുമതി ലഭിച്ച പദ്ധതികളുടെ മാറ്റം**

25 (464) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികൾ പ്രായോഗികമല്ലെന്ന് കണ്ടാൽ ആയത് മാറ്റി മറ്റൊരു പ്രവൃത്തി നിർദേശിക്കാൻ സാധിക്കുമോ;

(ബി) അപ്രകാരം സംസ്ഥാനത്തെ ഏതെങ്കിലും പ്രവൃത്തികൾ മാറ്റി നൽകിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

(എ&ബി) 24-02-2018-ലെ സ.ഉ.(കൈ)നം.69/2018/ധന ഉത്തരവ് പ്രകാരം ബഡ്ജറ്റിൽ പ്രഖ്യാപിച്ചതോ, മന്ത്രിസഭാ അംഗീകാരം നേടിയതോ ആയ പദ്ധതികളാണ് കിഫ്ബിയുടെ സാമ്പത്തിക സഹായത്തിനായി

പരിഗണിക്കുന്നത്. ഇതര പദ്ധതികളോ, നടപ്പിലാക്കാൻ പ്രായോഗിക തടസ്സങ്ങളുള്ള കിഫ്ബി പദ്ധതികൾക്കോ പകരമായി മറ്റൊരു പദ്ധതി പരിഗണിക്കാൻ കിഫ്ബി മാനദണ്ഡപ്രകാരം സാധിക്കുന്നതല്ല.

**പാറശ്ശാല മണ്ഡലത്തിലെ കിഫ്ബി ഫണ്ട് നിർമ്മാണ പ്രവൃത്തികൾ**

26 (465) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ നിലവിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തി വരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള തുക എത്രയെന്നും നിർവ്വഹണ ഏജൻസികൾ ഏതൊക്കെയാണെന്നും വിശദമാക്കുമോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(സി) പാറശ്ശാല മണ്ഡലത്തിൽ കില നിർവ്വഹണം ഏജൻസിയായിട്ടുള്ള അഞ്ച് സ്കൂളുകളുടെ നിർമ്മാണം, തീരദേശ വികസന കോർപ്പറേഷൻ നിർവഹണ ഏജൻസിയായിട്ടുള്ള പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണം

എന്നീ കിഫ്ബി പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

(എ-സി) പാറശ്ശാല മണ്ഡലത്തിൽ നിലവിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്ന പ്രവൃത്തികൾ, അനുവദിച്ചിട്ടുള്ള തുക, നിർവ്വഹണ ഏജൻസി, നിലവിലെ പ്രവർത്തന പുരോഗതി എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**കിഫ്ബി ഫണ്ട് മുഖേന വെള്ളുവങ്ങാട് പാലം നിർമ്മാണം**

27 (466) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് മുഖേന മഞ്ചേരി-ഒലിപ്പുഴ വെള്ളുവങ്ങാട് പാലം പുതുക്കിപ്പണിയുന്നതിനായോ പുതിയ പാലം നിർമ്മിക്കുന്നതിനായോ തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ തുക എത്രയെന്നും എന്തൊക്കെ പ്രവർത്തികളാണ് നടപ്പിലാക്കുന്നതെന്നും വിശദമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) 20.08.2016-ലെ GO (Rt) No.1192/2016/PWD പ്രകാരം തത്വത്തിൽ ഭരണാനുമതി ലഭിച്ച മഞ്ചേരി - ഒലിപ്പുഴ റോഡ് നിർമ്മാണ പ്രവൃത്തിക്ക് 14.03.2018-ലെ APR-1/255/2018/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 85.61 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ വെള്ളുവങ്ങാട് പാലത്തിന്റെ പുനർനിർമ്മാണമോ പുതിയ പാലത്തിന്റെ നിർമ്മാണമോ ഉൾപ്പെടുത്തിയിട്ടില്ലെന്നാണ് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്.

**വാമനപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

28 (467) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം മണ്ഡലത്തിൽ ഇതുവരെ അനുവദിച്ചതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ കിഫ്ബി പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ പുരോഗതിയും അറിയിക്കാമോ?

വാമനപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാനായി കിഫ്ബി മുഖേന ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളും ഇപ്പോൾ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതുമായാ പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**കിഫ്ബി ഫണ്ട്**

29 (468) <u>ശ്രീ എം നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് (2016-21) ഇരവിപുരം മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ളത് ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ& ബി) ഇരവിപുരം നിയോജകമണ്ഡലത്തിൽ മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കാനായി കിഫ്ബി മുഖേന ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളും നിലവിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ള പദ്ധതികൾ ഉൾപ്പടെയുള്ള വിശദാംശം അനുബന്ധം1 ആയി ചേർക്കുന്നു+.

(സി) നിലവിലെ സർക്കാരിന്റെ കാലത്ത് പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഏതെങ്കിലും പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഇരവിപുരം നിയോജകമണ്ഡലത്തിൽ നിലവിലെ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കാനായി കിഫ്ബി മുഖേന ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു+.

## തിരൂർ തുഞ്ചൻ മെമ്മോറിയൽ ഗവൺമെൻറ് കോളേജ് കെട്ടിടനിർമ്മാണത്തിന് തുക അനുവദിക്കുന്ന നടപടി

30 (469) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തിരൂർ തുഞ്ചൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി തുക അനുവദിച്ചുകൊണ്ട് കിഫ്ബി അംഗീകാരം നൽകിയത് എന്നാണ് എന്ന് വ്യക്തമാക്കുമോ?

2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗമനുസരിച്ച് സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തിരൂർ, തുഞ്ചൻ മെമ്മോറിയൽ ഗവ. കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി എസ്.പി.വി. ആയ കെ.എസ്.ഐ.റ്റി.എൽ. സമർപ്പിച്ച വിശദമായ പദ്ധതി രേഖ കിഫ്ബി പരിശോധിക്കുകയും 06-12-2020-ലെ HED007-49/APR-4/2020/KIIFB നമ്പർ ഉത്തരവ് പ്രകാരം 7.73 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) വർഷങ്ങൾ കഴിഞ്ഞിട്ടും കോളേജ് കെട്ടിടനിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ പോലും സാധിക്കാത്തതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ?

06-12-2020-ൽ കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ടെങ്കിലും, ഡി.എസ്.ആർ., ജി.എസ്.റ്റി. നിരക്കിലുണ്ടായ വ്യതിയാനമനുസരിച്ച് 03-

03-2023-ൽ 10.28 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി എസ്.പി.വി. സമർപ്പിക്കുകയുണ്ടായി. ആയത് പരിശോധിച്ച ശേഷം, ബന്ധപ്പെട്ട രേഖകൾ/വിശദാംശങ്ങൾ എന്നിവ സഹിതം പുനഃസമർപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഫയൽ 20-03-2023-ൽ മടക്കുകയുണ്ടായി. തുടർന്ന്, എസ്.പി.വി. 23-06-2023-ൽ സമർപ്പിച്ച ശിപാർശ നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായി തൃപ്തികരമല്ലാതിരുന്നതിനാൽ, 20-07-2023-ൽ എസ്.പി.വി.-ക്ക് മടക്കി നൽകിയിരിക്കുകയാണ്. ആയത് കിഫ്ബിയിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തൃപ്തികരമാകുന്ന പക്ഷം അവലോകന റിപ്പോർട്ട് തയ്യാറാക്കി തുടർന്നു വരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് യോഗത്തിന്റെ അംഗീകാരം ലഭ്യമാക്കി പുതുക്കിയ ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ആയതിനുശേഷം മാത്രമേ, എസ്.പി.വി./ സർക്കാർ നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതിക അനുമതി ലഭ്യമാക്കി പദ്ധതി ആരംഭിക്കുന്നതിന് ടെണ്ടർ ഉൾപ്പെടെയുള്ള തുടർ നടപടികൾ എസ്.പി.വി.-യ്ക്ക് സ്വീകരിക്കാനാകൂ.

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ അനാസ്ഥ പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ എസ്.പി.വി.-യെ ചുമതലപ്പെടുത്തുന്നത് സർക്കാരാണ്. ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതും കെ.എസ്.ഐ.റ്റി.ഐ.-ൽ എസ്.പി.വി. ആയിട്ടുള്ളതുമായ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉണ്ടാകുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് 18-11-2022-ൽ APR-4/4816/2022/KIIFB നമ്പർ കത്ത് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, കിഫ്ബി പദ്ധതികളുടെ അവലോകന യോഗങ്ങളിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നതിന് എസ്.പി.വി.-ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഡി.എസ്.ആർ., ജി.എസ്.റ്റി. നിരക്കിലുണ്ടായ വ്യതിയാനത്താലാണ് കെ.എസ്.ഐ.റ്റി.ഐ.എൽ. നിലവിൽ പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. ആയത് നിലവിലെ ഉത്തരവുകൾ പ്രകാരം തൃപ്തികരമാകുന്ന പക്ഷവും, എക്സിക്യൂട്ടീവ്/ബോർഡ് യോഗത്തിന്റെ അംഗീകാരത്തിന് വിധേയമായും ധനാനുമതി ഉത്തരവ് പുറപ്പെടുവിച്ച് തുക അനുവദിക്കുന്നത് കിഫ്ബി ഫണ്ടിൽ നിന്നാണ്.

(ഇ) പ്രസ്തുത കോളേജ് കെട്ടിടത്തിന്റെ പ്രവൃത്തി സമയബന്ധിതമായി ആരംഭിച്ച് പൂർത്തിയാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നിലവിൽ കെ.എസ്.ഐ.റ്റി.ഐ.എൽ. സമർപ്പിച്ചിരിക്കുന്ന പുതുക്കിയ പ്രൊപ്പോസൽ വിശദാംശങ്ങളും രേഖകളും ആവശ്യപ്പെട്ടുകൊണ്ട് എസ്.പി.വി.-യ്ക്ക് മടക്കി നൽകിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക്,

തൃപ്തികരമാകുന്ന പക്ഷം, വിശദമായ അവലോകന റിപ്പോർട്ട് തയ്യാറാക്കി തുടർന്നുവരുന്ന എക്സിക്യൂട്ടീവ്/ബോർഡ് യോഗത്തിന്റെ അംഗീകാരം ലഭ്യമാക്കി പുതുക്കിയ ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പദ്ധതി ആരംഭിക്കുന്നതിനായി ടെണ്ടർ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതി യഥാസമയം പൂർത്തീകരിക്കേണ്ട ചുമതല എസ്.പി.വി.ക്കാണ്.

**കിഫ്ബി ധനസഹായത്തോടെയുള്ള പ്രവൃത്തികൾ**

31 (470) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്താൽ നിർമ്മിക്കുന്ന മാനന്തവാടി - കൈതക്കൽ റോഡിന് എത്ര രൂപയുടെ സാമ്പത്തിക അനുമതിയാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

മാനന്തവാടി - കൈതക്കൽ റോഡ് നവീകരണത്തിനായി കിഫ്ബി 14-03-2018-ലെ APR-1/255/2018/KIIFB നമ്പർ ധനാനുമതി ഉത്തരവ് പ്രകാരം 45.55 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ?

31-08-2023 വരെ പൂർത്തീകരണ കാലാവധി അനുവദിച്ചു നൽകിയിട്ടുള്ള പ്രസ്തുത പ്രവൃത്തി നിലവിൽ 95% ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഇനിയും അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തിയുടെ ഭാഗമായി സോളാർ വഴിവിളക്കുകൾ, ബസ് വെയ്റ്റിംഗ് ഷെൽട്ടർ, ക്രാഷ് ബാരിയറുകൾ, ഇന്റർ ലോക്കിങ് ടൈൽ പാകൽ എന്നീ പ്രവൃത്തികളാണ് നിലവിൽ നടന്നു വരുന്നത്.

(ഡി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് അംഗീകരിച്ച ഡി.പി.ആർ. (ഡീറ്റെയ്ൽഡ് പ്രോജക്റ്റ് റിപ്പോർട്ട്)-ൽ നിന്നും ഏതെങ്കിലും പ്രവൃത്തികൾ പിന്നീട് ഒഴിവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇല്ല.

**വള്ളിക്കുന്ന് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

32 (471) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മുദിയം പാലം നിർമ്മാണം, കടക്കാട്ട് പാറ ആല്യംകടവ് ആർ.സി.ബി. നിർമ്മാണം എന്നിവയുടെ അംഗീകാരം നൽകുന്നത് സംബന്ധിച്ച ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) മുദിയം പാലം നിർമ്മാണവുമായി ബന്ധപെട്ട് തൃപ്തികരമായ ഡി.പി.ആർ. ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പാലം നിർമ്മാണത്തിന് അനുമതി നൽകുന്നതിന് ഇനി ആവശ്യമായ നടപടിക്രമങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

(എ&ബി) <u>മുദിയം പാലം</u>: മലപ്പുറം ജില്ലയിലെ നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അവസാന റീച്ചായ അരിയല്ലൂർ മുതൽ കടലുണ്ടി വരെയുള്ള ഭാഗത്തിൽ വരുന്ന വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലത്തിന്റെ പുതുക്കിയ ഡിസൈൻ പ്രകാരം തയ്യാറാക്കിയ DPR നിർവ്വഹണ ഏജൻസിയായ KRFB 15-02-2023-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതാണ്.

ആയത് അവലോകനം നടത്തി വിശദമായ അവലോകന റിപ്പോർട്ട് കിഫ്ബി തയ്യാറാക്കിയിട്ടുള്ളതാണ്. അവലോകന റിപ്പോർട്ട് കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ച് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. ധനാനുമതി ലഭിച്ചയുടൻ സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്.

<u>കടക്കാട്ടുപാറ ആലുംകടവ് ആർ.സി.ബി</u>: ബജറ്റ് പ്രസംഗം അനുസരിച്ച് ആർ.സി.ബി. പ്രോജക്ടുകൾക്കായി നിശ്ചയിച്ചിട്ടുള്ളത് ആകെ 600 കോടി രൂപയാണ്. നിലവിൽ 565 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. കൂടാതെ നിരവധി ആർ.സി.ബി. പദ്ധതികൾ കിഫ്ബിയുടെ അംഗീകാരത്തിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.ഐ.ഐ.ഡി.സി. നൽകാനുണ്ട്. അതിനാൽ പ്രഖ്യാപിച്ചിട്ടുള്ള ആർ.സി.ബി. പദ്ധതികളിൽ ശേഷിക്കുന്നവയ്ക്ക് ഭരണവകുപ്പുമായി ആലോചിച്ച് മുൻഗണനാക്രമം നിശ്ചയിച്ച് നൽകണമെന്ന്

കെ.ഐ.ഐ.ഡി.സി.-യോട് അറിയിച്ചിട്ടുള്ളതാണ്. മാത്രമല്ല കടക്കാട്ടുപാറ ആലുംകടവ് ആർ.സി.ബി.-ക്ക് ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി കിഫ്ബി മുഖേന പരിഗണിക്കാനാകാത്ത സാഹചര്യമാണുള്ളത്.

(സി) 27-09-2017-ലെ ജലസേചന വകുപ്പ് (എം.ഐ) യുടെ 793/2017 നം. ഉത്തരവ് പ്രകാരം ഇരുമ്പോത്തിങ്ങൾ കടവ് റെഗുലേറ്റർ കിഫ്ബി മുഖേന നിർമ്മിക്കുന്നതിന് ലഭിച്ച 36 കോടി രൂപയുടെ ഭരണാനുമതിയുടെ കാലാവധി എത്ര വർഷത്തേക്കാണെന്ന് വ്യക്തമാക്കാമോ?

ധന (ഐ&പി.ഡബ്ല്യൂ-ബി) വകുപ്പിന്റെ 07-03-2022-ലെ സ.ഉ.(അ) നം.26/2022/ധന ഉത്തരവ് പ്രകാരം സിവിൽ വർക്കുകളുമായി ബന്ധപ്പെട്ട ഭരണാനുമതികൾക്ക് ആ ഉത്തരവ് പുറപ്പെടുവിച്ചതുമുതൽ 3 വർഷമാണ് കാലാവധിയുള്ളത്.

(ഡി) സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക സാങ്കേതിക നടപടിക്രമങ്ങൾ എല്ലാം

പൂർത്തിയായ കടക്കാട്ട് പാറ ആലുംകടവ് ആർ.സി.ബി. നിർമ്മാണത്തിന് അനുവദിക്കുമോ; വ്യക്തമാക്കാമോ?

24-02-2018-ലെ സ.ഉ.(കൈ)നം.69/2018/ധന കിഫ്ബി മാനദണ്ഡമനുസരിച്ച് ബഡ്ജറ്റിൽ പ്രഖ്യാപിച്ചതോ മന്ത്രിസഭാ അംഗീകാരം നേടിയതോ ആയ പദ്ധതികളാണ് കിഫ്ബിയുടെ സാമ്പത്തിക സഹായത്തിനായി പരിഗണിക്കുന്നത്. ഇതര പദ്ധതികളോ, നടപ്പിലാക്കുവാൻ പ്രായോഗിക തടസ്സങ്ങളുള്ള കിഫ്ബി പദ്ധതികൾക്കോ പകരമായി മറ്റൊരു പദ്ധതി പരിഗണിക്കുവാൻ 24-02-2018-ലെ കിഫ്ബി മാനദണ്ഡപ്രകാരം സാധിക്കുന്നതല്ല.

**മലപ്പുറം സർക്കാർ വനിതാ ആർട്സ് ആന്റ് സയൻസ് കോളേജ് - കെട്ടിട നിർമ്മാണം**

33 (472) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സർക്കാർ വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിലെ അക്കാഡമിക് ബ്ലോക്കിന്റേയും കാന്റീൻ ബ്ലോക്കിന്റേയും നിർമ്മാണ പ്രവൃത്തിക്കാവശ്യമായ ജി.ആർ.ഐ.എച്ച്.എ. (ഗ്രീൻ റേറ്റിംഗ്

ഫോർ ഇന്റഗ്രേറ്റഡ് ഹാബിറ്റാറ്റ് അസെസ്സ്മെന്റ്) ത്രീ സ്റ്റാർ സ്റ്റാൻഡേർഡ്സ്, ഡി.എസ്.ആർ. (ഡാമേജ് സർവ്വേ റിപ്പോർട്ട്) 2018 എന്നിവ പ്രകാരം നിലവിലുള്ള ജി.എസ്.ടി. ഉൾപ്പെടുത്തിക്കൊണ്ട് കിറ്റ്കോ (കേരള ഇൻഡസ്ട്രിയൽ ആൻഡ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ) സമർപ്പിച്ചിട്ടുള്ള പുതുക്കിയ പദ്ധതി റിപ്പോർട്ടിനും പ്രൊപ്പോസലിനും കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

2017-18-ലെ ബജറ്റ് പ്രസംഗമനുസരിച്ച് സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, മലപ്പുറം ഡൗൺഹിൽ സർക്കാർ വനിതാ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ വികസനത്തിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ സമർപ്പിച്ച വിശദമായ പദ്ധതി രേഖ കിഫ്ബിയിൽ പരിശോധിക്കുകയും 04-11-2020-ലെ HED007-38/PE-4-PAD/2020/KIIFB നമ്പർ ഉത്തരവു പ്രകാരം 13,85,57,303/- രൂപയുടെ ധനാനുമതി നൽകുകയും ചെയ്തു. ജി.എസ്.റ്റി., ഡി.എസ്.ആർ. നിരക്കുകളിൽ ഉണ്ടായ വ്യത്യാസമനുസരിച്ചും GRIHA ചട്ടങ്ങൾക്കനുസൃതമായും കിറ്റ്കോ സമർപ്പിച്ച പുതുക്കിയ ഡി.പി.ആർ.

കിഫ്ബി പരിശോധിച്ച ശേഷം 25-02-2023-ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി 27-03-2023-ൽ 18,61,04,435/- രൂപയുടെ പുതുക്കിയ ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കിഫ്ബി ധനാനുമതി നൽകിയ തുക എത്രയാണ്; പദ്ധതിക്ക് സർക്കാർ/എസ്.പി.വി. (സ്പെഷ്യൽ പർപ്പസ്/ പ്രോജെക്ട് വെഹിക്കിൾ) നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; 2016-ൽ ആരംഭിച്ചതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ പ്രസ്തുത കോളേജിന് സ്വന്തമായൊരു കെട്ടിടം യാഥാർത്ഥ്യമാക്കുന്നതിന് ഇനിയും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

27-03-2023-ലെ പുതുക്കിയ ഉത്തരവ് പ്രകാരം ധനാനുമതി നൽകിയ തുക 18,61,04,435/-രൂപയാണ്. 03-08-2023-ൽ 15,69,59,072.29 രൂപയുടെ സാങ്കേതിക അനുമതി സർക്കാർ നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഡൗൺഹിൽ വനിതാ ആർട്സ് ആൻഡ് സയൻസ് കോളേജിന് സ്വന്തമായൊരു കെട്ടിടം യാഥാർത്ഥ്യമാക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കിഫ്ബി ഫണ്ട് വിനിയോഗിക്കുവാനുള്ള സാങ്കേതിക തടസ്സങ്ങൾ എത്രയുംവേഗം പരിഹരിക്കാനും കെട്ടിടനിർമ്മാണം ആരംഭിക്കാനും സത്വര നടപടി സ്വീകരിക്കുമോ?

കിഫ്ബി പുറപ്പെടുവിക്കുന്ന ധനാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ടി തുക വിനിയോഗിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടത് എസ്.പി.വി. ആയ കിറ്റ്കോ ആണ്. ടി നടപടികൾ എസ്.പി.വി. സ്വീകരിച്ചുവരുന്നു.

**പെരിന്തൽമണ്ണ ജില്ലാ ആശുപത്രിക്ക് അനുവദിച്ച കിഫ്ബി ഫണ്ട്**

34 (473) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ കെട്ടിട നിർമ്മാണമുൾപ്പെടെയുള്ള നവീകരണ പ്രവൃത്തികൾക്കായി മുൻ സർക്കാർ കിഫ്ബിയിൽ നിന്നും അനുവദിച്ച പന്ത്രണ്ട് കോടി രൂപ ഉപയോഗിച്ചു കൊണ്ടുള്ള പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

08-10-2020-ലെ സ.ഉ (സാധാ) നം.1838/2020/ആ.കു.വ നമ്പർ ഉത്തരവു പ്രകാരം പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയുടെ വികസനത്തിനായി സർക്കാർ 11.89 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. തദനുസൃതമായി, പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ സമർപ്പിച്ച 12.08 കോടി രൂപയുടെ വിശദമായ പദ്ധതി രേഖ നിലവിൽ അവലോകന ഘട്ടത്തിലായതിനാൽ, ടി പദ്ധതിക്ക് ധനാനുമതി നൽകിയിട്ടില്ല. ധനാനുമതി ലഭ്യമാകുന്ന മുറയ്ക്കു മാത്രമേ, എസ്.പി.വി. ആയ കിറ്റ്കോ-യ്ക്ക് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാകൂ

(ബി) പ്രസ്തുത ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ നടത്തുന്നതിന് കാലതാമസം നേരിടുമോ; എങ്കിൽ പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ;

(സി) ഈ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ?

(ബി&സി) കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി സർക്കാർ പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പദ്ധതി

നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന ഡി.പി.ആർ. പരിശോധിച്ച് നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി ധനാനുമതി ഉത്തരവു പുറപ്പെടുവിക്കുന്നത് കിഫ്ബിയിൽ നിന്നാണ്. ധനാനുമതി ഉത്തരവിലെ തുകയ്ക്കനുസൃതമായി സർക്കാർ/എസ്.പി.വി. നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി സാങ്കേതിക അനുമതി നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ, എസ്.പി.വി. ടെണ്ടർ നടപടികൾ സ്വീകരിക്കുയും ടി തുക വിനിയോഗിച്ചുകൊണ്ട് പദ്ധതി ആരംഭിച്ച് യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. നിലവിൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയുടെ വികസന പദ്ധതി അവലോകന ഘട്ടത്തിലായതിനാൽ, ആയത് പൂർത്തിയാക്കി കിഫ്ബി ധനാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് എസ്.പി.വി.-യ്ക്ക് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശവും അനുമതി സംബന്ധിച്ച ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

പ്രസ്തുത പ്രവൃത്തിക്ക് 08-10-2020-ലെ സ.ഉ (സാധാ) നം.1838/2020/ ആ.കു.വ നമ്പർ ഉത്തരവു പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി വിശദാംശങ്ങളിന്മേൽ അവലോകനം പൂർത്തിയാക്കി കിഫ്ബി ധനാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്കുമാത്രമേ, സർക്കാർ/എസ്.പി.വി. നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ എസ്.പി.വി.-യ്ക്ക് സ്വീകരിക്കാനാകൂ. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.+

**കിഫ്ബി പദ്ധതികൾ**

35 (474) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുവാനായി കിഫ്ബി മുഖേന ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ വിദ്യാലയങ്ങളുടെ സാങ്കേതികാനുമതി**

36 (475) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിലുൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കുഞ്ഞിമംഗലം സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ, കൊട്ടില സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ, ചെറുകുന്ന് ബോയ്സ് സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ, കല്ല്യാശ്ശേരി ഹയർ സെക്കണ്ടറി സ്കൂൾ എന്നീ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതി നിർവ്വഹണ ഏജൻസിയായ കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഡ്മിനിസ്ട്രേഷൻ) മുഖേന സാങ്കേതികാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കിഫ്ബി പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകേണ്ട ഉത്തരവാദിത്വം അതത് പദ്ധതി നിർവ്വഹണ ഏജൻസികളുടേതാണ്. കിഫ്ബിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ധനാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ കില മുഖേന നിർമ്മാണം നടത്തുന്ന കുഞ്ഞിമംഗലം സർക്കാർ ഹയർസെക്കണ്ടറി സ്കൂൾ, കൊട്ടില സർക്കാർ ഹയർസെക്കണ്ടറി സ്കൂൾ, ചെറുകുന്ന് ബോയ്സ് സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ, കല്യാശ്ശേരി ഹയർ സെക്കണ്ടറി സ്കൂൾ എന്നീ വിദ്യാലയങ്ങൾക്ക് സാങ്കേതിക അനുമതി ലഭ്യമാക്കാൻ പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായ കില സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>കുഞ്ഞിമംഗലം സർക്കാർ ഹയർസെക്കണ്ടറി സ്കൂൾ</u>:ടി സ്കൂളിന് 02-04-2023-ന് കില സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

2. <u>കൊട്ടില സർക്കാർ ഹയർസെക്കണ്ടറി സ്കൂൾ</u>: ടി സ്കൂളിന്റെ മുൻ പദ്ധതി നിർവ്വഹണ ഏജൻസിയായ ഇൻകെൽ കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം നേടിയ ഡി.പി.ആർ.-ൽ, നിർമ്മിതി കേന്ദ്രം പണി പൂർത്തിയാക്കിയ കെട്ടിടത്തിന്റെ മുകളിൽ വെർട്ടിക്കൽ എക്സ്പാൻഷൻ ആണ് പ്രൊപ്പോസ് ചെയ്തിരുന്നത്. എന്നാൽ പുതിയ പദ്ധതി നിർവ്വഹണ ഏജൻസിയായ കില നടത്തിയ പരിശോധനയിൽ ടി നിർമ്മാണം സാധ്യമല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന്, ടി സ്കൂൾ കോമ്പൗണ്ടിൽ തന്നെ മറ്റൊരു സ്ഥലത്ത് കെട്ടിട നിർമാണം നടത്തുന്നതിന് തീരുമാനിക്കുകയും ഇതിനായി ഒരു പ്ലാൻ തയ്യാറാക്കി പഞ്ചായത്തിൽ നിന്നും Feasibility Certificate ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് ടെക്നിക്കൽ സാങ്ഷൻ നൽകാനുള്ള നടപടികൾ ആരംഭിക്കുന്നതായിരിക്കുമെന്ന് കില അറിയിച്ചിട്ടുണ്ട്.

3. <u>ചെറുകുന്ന് ബോയ്സ് സർക്കാർ ഹയർസെക്കണ്ടറി സ്കൂൾ</u>: ടി സ്കൂളിന് ടെക്നിക്കൽ സാങ്ഷൻ ലഭ്യമാക്കുന്നതിന് റെയിൽവേയിൽ നിന്നുള്ള എൻ.

ഒ.സി. (NOC) ആവശ്യമാണ്. ഇതിനായുള്ള അപേക്ഷ ടി സ്കൂൾ മുഖാന്തിരം കില 05-06-2023 -ന് റെയിൽവേയിൽ സമർപ്പിച്ചിട്ടുണ്ട്.

4. കല്യാശ്ശേരി ഹയർസെക്കണ്ടറി സ്കൂൾ: ടി സ്കൂളിന് 02-04-2023-ന് കില സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

**അടിസ്ഥാന വികസന പദ്ധതികൾ**

37 (476) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ 2023 മാർച്ച് 31 വരെ അടിസ്ഥാന വികസന പദ്ധതികൾക്കായി കിഫ്ബി മുഖേന എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

മുൻ സർക്കാരിന്റെ കാലം മുതൽ 2023 മാർച്ച് 31 വരെ 80,998.61 കോടി രൂപയുടെ 1057 പദ്ധതികൾക്കാണ് കിഫ്ബി അനുമതി നൽകിയിട്ടുള്ളത്.

(ബി) കിഫ്ബി സഹായത്തോടെ 2023 മാർച്ച് 31 വരെ എത്ര പദ്ധതികൾ പൂർത്തിയാക്കിയെന്നും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതും

ഭാഗികമായി പൂർത്തിയാക്കിയതുമായ പദ്ധതികൾ എത്രയെന്നും വ്യക്തമാക്കുമോ?

കിഫ്ബി മുഖേന 2023 മാർച്ച് 31 വരെ 13,389.89 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ പ്രവൃത്തി ആരംഭിച്ചിട്ടുള്ളതിൽ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതും ഭാഗികമായി പൂർത്തിയാക്കിയതുമായ എകദേശം 370 പദ്ധതികൾ നിലവിലുണ്ട്.

(സി) പ്രസ്തുത ചെലവുകൾക്ക് പണം കണ്ടെത്താനായി മോട്ടോർ വാഹന സെസ്സ് ഇനത്തിൽ നാളിതുവരെ എത്ര തുക കിഫ്ബി സമാഹരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

നാളിതുവരെ മോട്ടോർ വാഹന സെസ്സ് ഇനത്തിൽ കിഫ്ബിയ്ക്ക് 13,922.63 കോടി രൂപ ലഭിച്ചിട്ടുണ്ട്.

**ആലപ്പുഴ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

38 (477) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ആലപ്പുഴ മണ്ഡലത്തിൽ നാളിതുവരെ കിഫ്ബി മുഖേന ഏതൊക്കെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി, അനുവദിച്ച തുക, നിർവ്വഹണ ഏജൻസി എന്നിങ്ങനെ തരം തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ നാളിതുവരെ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1+ ആയി ചേർക്കുന്നു. ടി പദ്ധതികളുടെ നിർമ്മാണ പുരോഗതി, അനുവദിച്ച തുക, നിർവ്വഹണ ഏജൻസി എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് കിഫ്ബി ധനാനുമതി ലഭ്യമാക്കാനുള്ളതെന്ന വിവരം ലഭ്യമാക്കാമോ?

കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതും നിലവിൽ അവലോകന ഘട്ടത്തിലുള്ളതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കിഫ്ബി മുഖേന നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളിൽ റിവൈസ്ഡ് എസ്റ്റിമേറ്റിനായുള്ള അംഗീകാരം നൽകാൻ ഏതൊക്കെ പദ്ധതികളാണുള്ളത്; ഇവയ്ക്ക് പുതുക്കിയ അനുമതി നൽകുന്നതിനുള്ള നടപടികളെകുറിച്ച് വിശദമാക്കാമോ?

കിഫ്ബി മുഖേന നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളിൽ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.+

പദ്ധതി നിർവ്വഹണ ഏജൻസികൾ ഇത്തരത്തിൽ സമർപ്പിക്കുന്ന ശിപാർശകൾ കിഫ്ബി പരിശോധിക്കുകയും, ആയത് നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി തൃപ്തികരമാകുന്ന പക്ഷം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡിന്റെ അംഗീകാരം ലഭ്യമാക്കി പുതുക്കിയ ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

**കിഫ്ബി പദ്ധതികൾ**

39 (478) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. താമരശ്ശേരി വികസനം, പരപ്പൻപൊയിൽ കാരക്കുന്നത്ത് റോഡ് വികസനം എന്നിവ സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കൊടുവള്ളി നിയോജക മണ്ഡലത്തിൽ കിഫ്ബി ധനാനുമതിയോടുകൂടി നടപ്പിലാക്കിവരുന്ന ജി.എച്ച്.എസ്.എസ്. താമരശ്ശേരി (GED006-29), പരപ്പൻപൊയിൽ - കാരക്കുന്നത്ത് റോഡ് (PWD015-49) എന്നീ പദ്ധതികളുടെ നിലവിലെ പുരോഗതി സംബന്ധിച്ച നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

<u>ജി.എച്ച്.എസ്.എസ് താമരശ്ശേരി</u>

ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസി (SPV)ആയ കില സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് (DPR), കിഫ്ബിയിൽ അവലോകനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക അവലോകന റിപ്പോർട്ട് SPV-ക്ക് നൽകുകയും ചെയ്തിരുന്നു. ഇതിന് SPV സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ കിഫ്ബി സാങ്കേതിക അവലോകന റിപ്പോർട്ട്-II

നൽകുകയും ആയതിന് SPV സമർപ്പിച്ച മറുപടിയിൽ അവലോകനം നടത്തി പരിഷ്കരിച്ച അവലോകന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയ്ക്ക് സാമ്പത്തികാനുമതി പുറപ്പെടുവിക്കുന്നതിനുള്ള അന്തിമ നടപടികൾ കിഫ്ബി സ്വീകരിച്ചു വരുന്നു.

പരപ്പൻപൊയിൽ - കാരക്കുന്നത്ത് റോഡ്

പരപ്പൻപൊയിൽ - കാരക്കുന്നത്ത് റോഡ് പദ്ധതിയ്ക്ക് 45.27 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. ടി പദ്ധതി നൂതന സാങ്കേതിക വിദ്യയായ FDR ടെക്നോളജി ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് കിഫ്ബി നിർദ്ദേശിച്ചിരുന്നു.

പദ്ധതിക്കാവശ്യമായ സാങ്കേതികാനുമതി നൽകുക, ടെണ്ടർ വിളിച്ച് കരാറുകാരനെ കണ്ടെത്തുക, പ്രവൃത്തി നടപ്പിലാക്കുക എന്നിവ പദ്ധതിയുടെ നിർവ്വഹണ ഏജൻസികളുടെ ഉത്തരവാദിത്തമാണ്.

08-06-2023-ന് കൂടിയ കേരള റോഡ് ഫണ്ട് ബോർഡിന്റെ (KRFB) 130-ാം ടെക്നിക്കൽ കമ്മിറ്റി ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിക്കുകയും സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും

ചെയ്തിരുന്നു. കമ്മിറ്റി നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ പുതുക്കിയ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് സാങ്കേതികാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് പദ്ധതിയുടെ നിർവ്വഹണ ഏജൻസി ആയ KRFB അറിയിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാകുന്നതിനെ തുടർന്ന് പി.ഇ.ഡി. (പ്രോജെക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ്) തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നതാണെന്ന് KRFB അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ കൊടുവള്ളി സിറാജ് ഫ്ലൈ ഓവറിന് പകരമായുള്ള പദ്ധതിയും, താമരശ്ശേരി ചുങ്കം ലിങ്ക് റോഡ് പദ്ധതിയും, തലയാട് മലപ്പുറം കോടഞ്ചേരി മലയോര ഹൈവേ നിർമ്മാണ പദ്ധതിയും ഏത് ഘട്ടം വരെയായെന്ന് വിശദമാക്കുമോ?

കൊടുവള്ളി നിയോജക മണ്ഡലത്തിൽ കിഫ്ബി ധനാനുമതിയോടുകൂടി നടപ്പിലാക്കിവരുന്ന കൊടുവള്ളി ജംഗ്ഷൻ വികസന പദ്ധതി, താമരശ്ശേരി

ചുങ്കം ലിങ്ക് റോഡ്, തലയാട്-മലപ്പുറം-കോടഞ്ചേരി മലയോര ഹൈവേ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

കൊടുവള്ളി ജംഗ്ഷൻ വികസനം

22-05-2018-ലെ PWD009-09-PA-01 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 54.03 കോടി രൂപയ്ക്ക് കിഫ്ബി ധനാനുമതി നൽകിയിരുന്ന കൊടുവള്ളി സിറാജ് ഫ്ലൈ ഓവർ പദ്ധതി, പ്രദേശവാസികളുടെ എതിർപ്പ് മൂലം കൊടുവള്ളി ജംഗ്ഷൻ ഇംപ്രൂവ്മെന്റ് എന്ന പദ്ധതിയായി നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. പ്രസ്തുത പദ്ധതിയ്ക്കായി 20 മീറ്റർ വീതിയിൽ റോഡ് വികസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി സൗജന്യമായി വിട്ടുനൽകാൻ പ്രദേശവാസികൾ തയ്യാറാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനായി കിഫ്ബിയുടെ TRC വിഭാഗത്തിന്റെ സഹായം ലഭ്യമാക്കണമെന്ന് പദ്ധതിയുടെ നിർവ്വഹണ ഏജൻസി (SPV) ആയ RBDCK അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യം കിഫ്ബിയുടെ സാങ്കേതിക അവലോകന വിഭാഗത്തിന്റെ (TIW) പരിഗണനയിലാണ്.

താമരശ്ശേരി ചുങ്കം ലിങ്ക് റോഡ്:

പ്രസ്തുത പ്രവൃത്തിയുടെ DPR പദ്ധതിയുടെ നിർവ്വഹണ ഏജൻസി (SPV) ആയ RBDCK 13-06-2023-ന് കിഫ്ബിയിൽ സമർപ്പിക്കുകയും, പദ്ധതി അവലോകനത്തിന്റെ ഭാഗമായി കിഫ്ബി അപ്രൈസൽ ടീം 01-07-2023-ന് സ്ഥല പരിശോധന നടത്തുകയും ചെയ്തിരുന്നു. SPV സമർപ്പിച്ച അലൈൻമെന്റിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് കിഫ്ബി 14-07-2023-ന് SPV-ക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച DPR പദ്ധതി നിർവ്വഹണ ഏജൻസി (SPV) കിഫ്ബിയിൽ സമർപ്പിക്കേണ്ടതുണ്ട്.

തലയാട് - മലപ്പുറം - കോടഞ്ചേരി മലയോര ഹൈവേ:

തലയാട്-മലപ്പുറം-കോടഞ്ചേരി മലയോര ഹൈവേ പദ്ധതിയുടെ ഒന്നാം ഘട്ടമായ തലയാട് പടിക്കൽ വയൽ മുതൽ 21/6 മൈൽ വരെയുള്ള പ്രവൃത്തിക്ക് 12-02-2020-ലെ PWD013-19/APR-5/2020/KIIFB നമ്പർ നപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 48.75 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. 12-04-2023-ലെ PWD013-19/TE-1/2023/KIIFB നമ്പർ

നപടിക്രമ ഉത്തരവ് പ്രകാരം ഒന്നും രണ്ടും ഘട്ടം ഉൾപ്പെടെയുള്ള പ്രവൃത്തിക്ക് 106.08 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തിരുന്നു. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB), ടി പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തിയ്ക്ക് 13-04-2022-ന് 55.06 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും, 28-04-2022-ന് ടെണ്ടർ നടത്തി 04-07-2023-ന് കരാറുകാരന് LoA (Letter of Acceptance) നൽകുകയും, 27-07-2023-ന് കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 01-07-2023-ലെ ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ച രണ്ടാം ഘട്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, കമ്മിറ്റി പരിശോധിക്കുകയും ആയതിന്മേൽ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ ക്ഷണിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതാണെന്ന് SPV അറിയിച്ചിട്ടുണ്ട്.

**കൂത്തുപറമ്പ് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

40 (479) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) <u>കൂത്തു</u>പറമ്പ് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) അവയിൽ ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി അറിയിക്കാമോ; ഏതെങ്കിലും പ്രവൃത്തിയുടെ നിർവ്വഹണത്തിൽ തടസ്സങ്ങളുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) <u>കൂത്തു</u>പറമ്പ് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുവാനായി കിഫ്ബി മുഖേന ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളും അവയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ അനുമതിയായ “കണ്ണൂർ ജില്ലയിലെ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിനെയും കോഴിക്കോട് ജില്ലയിലെ തോന്നേരി പഞ്ചായത്തിനെയും ബന്ധിപ്പിച്ച് മയ്യഴി പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന കല്ലാച്ചേരിക്കടവ് പാലം" എന്ന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട്

തടസ്സം നേരിടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**എം.എൽ.എ.ആസ്തി വികസന ഫണ്ട് ഉപയോഗം**

41 (480) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജക മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട് പദ്ധതികളിൽ നിന്നും 2017-18 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുകയെത്രയാണെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ?

| സാമ്പത്തിക വർഷം | ടെണ്ടർ സേവിംഗ്സ് തുക |
|---|---|
| 2017-18 | ₹40,42,483/- |
| 2018-19 | ₹59,34,720/- |
| 2019-20 | ₹27,30,547/- |
| 2020-21 | ₹19,86,864/- |
| 2021-22 | ₹6,40,642/- |
| 2022-23 | ₹46,62,922/- |

**വൈപ്പിൻ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി**

42 (481) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ 20-06-2023-ലെ 2378371/ എൻ.സി.ബി3/48/2023 നമ്പർ കത്ത് പ്രകാരം ആസ്തി വികസന പദ്ധതിയിൽ നിന്നും തുക വിനിയോഗിച്ച് നിർവഹിക്കപ്പെട്ടിരുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിൽ തടസ്സം നേരിടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിനായി സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകൾക്ക് ധനകാര്യ വകുപ്പിന്റെ മേൽ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുന്നത് നിഷേധിച്ചതിനെത്തുടർന്ന് പ്രത്യേകാനുമതി ലഭ്യമാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തുന്ന വിഷയത്തിൽ തീരുമാനം എടുക്കുന്നതിനായി ധനകാര്യ വകുപ്പ് മന്ത്രിക്ക് 07-07-2023-ന് നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

(എ&ബി) ആസ്തിവികസനപദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ.(അച്ചടി) നം.119/2018/ധന പ്രകാരം സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള റോഡുകളുടെ നിർമ്മാണം അനുവദനീയമാണ്. എന്നാൽ, റോഡ് കോൺക്രീറ്റിംഗ്, റീ-ടാറിംഗ്, ഇന്റർലോക്കിംഗ്, ടൈൽ പാകൽ എന്നിവ അനുവദനീയമായ പ്രവൃത്തികളിൽ ഉൾപ്പെടുന്നില്ല. ആയത് ധനകാര്യ വകുപ്പിന്റെ 20-06-2023-ലെ 2378371/എൻ.സി.ബി3/48/2023 നമ്പർ കത്തിലും വ്യക്തമാക്കിയിട്ടുണ്ട്. റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിൽ തടസ്സം നേരിടുന്നത് പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വൈപ്പിൻ നിയോജകമണ്ഡലം എം.എൽ.എ ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് 07-07-2023-ന് നൽകിയ കത്ത് ധനവകുപ്പിൽ പരിശോധനയിലാണ്.

(സി) റോഡുകളുടെ ശോചനീയാവസ്ഥയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണത്തിന് ആവശ്യമായ തുകയും കണ്ടെത്താനാവാത്ത സാഹചര്യം കണക്കിലെടുത്ത് നിയോജകമണ്ഡലം

ആസ്തി വികസന പദ്ധതിയിൽ നിന്നും തുക വിനിയോഗിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

സർക്കാർ ഉടമസ്ഥതയിൽ മൂലധനസ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുകയെന്നതാണ് ആസ്തിവികസന പദ്ധതിയുടെ ലക്ഷ്യം. സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഗ്യാപ് ഫണ്ടായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ വ്യവസ്ഥയില്ല. എന്നിരുന്നാലും റോഡ് പുനർനിർമ്മാണം, ഒഴിവാക്കാനാകാത്ത ഇന്റർലോക്കിംഗ് ടൈൽ പാകൽ എന്നിങ്ങനെയുള്ള പ്രവൃത്തികൾ വ്യക്തമായ വ്യവസ്ഥകളോടെ ആസ്തിവികസന ഫണ്ടിൽ അനുവദിക്കാൻ മാർഗനിർദ്ദേശങ്ങൾ ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**മാനന്തവാടി മണ്ഡലത്തിലെ എ.ഡി.എഫ്. പദ്ധതികൾ**

43 (482) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ 2016-17 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷത്തിൽ എം.എൽ.എ. എ.ഡി.എഫ് പദ്ധതികൾ നടപ്പാക്കിയപ്പോഴുള്ള ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

04-08-2018-ലെ സ.ഉ.(അച്ചടി)നം.119/2018/ധന. ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ആയതിനാൽ 2017-18 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 2017-18 | – | Rs. 62,62,908.20/- |
| 2018-19 | – | Rs. 58,12,575.61/- |
| 2019-20 | – | Rs. 82,10,935.36/- |
| 2020-21 | – | Rs. 35,16,986.01/- |
| 2021-22 | – | Rs. 87,49,856/- |
| 2022-23 | – | Rs. 19,62,423.06/- |
| ആകെ | - | Rs. 3,45,15,684.24/- |

(ബി) പ്രസ്തുത പദ്ധതികളിലെ ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് നടപ്പാക്കാവുന്ന പദ്ധതികളും മാനദണ്ഡങ്ങളും വ്യക്തമാക്കാമോ?

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട 04-08-2018-ലെ സ.ഉ.(അച്ചടി)നം.119/2018/ധന. ഉത്തരവിലെ അനുബന്ധം-1 പ്രകാരമുള്ള അനുവദനീയമായ പ്രവൃത്തികളിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് നടപ്പാക്കാവുന്നതാണ്. പ്രസ്തുത ഉത്തരവിലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട ഖണ്ഡിക 2.8, 2.9 എന്നിവയും 31-03-2022-ലെ സ.ഉ.(അച്ചടി) നം.40/2022/ധന ഉത്തരവിലെ ഖണ്ഡിക 2.9 a യും ഭേദഗതി ചെയ്ത 17-12-2022-ലെ സ.ഉ.(അച്ചടി) നം.145/2022/ധന. ഉത്തരവ് പ്രകാരം "പ്രായോഗികമായി, ഒരു പ്രവൃത്തി പൂർത്തിയാക്കി അന്തിമ ബിൽ (FINAL BILL) തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ ആ പ്രവൃത്തിയുടെ യഥാർത്ഥ ചെലവു മനസ്സിലാക്കാൻ കഴിയൂ എന്നതിനാൽ, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ, പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന സേവിംഗ്സ് (Actual Savings) ഏതു സാമ്പത്തിക വർഷത്തിലാണോ

തിട്ടപ്പെടുത്താൻ സാധിക്കുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനുവേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനു വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഒരു സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന നിബന്ധനയും 5 കോടി രൂപ എന്ന പരിധിയും നിഷ്കർഷിക്കേണ്ടതില്ല." എന്നും ഉത്തരവായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി അനുമതി നൽകുന്നതിന് ജില്ലാ കളക്ടർക്ക് സാധിക്കുമോ; അറിയിക്കുമോ?

ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ജില്ലാ കളക്ടർക്ക് ഭരണാനുമതി നൽകാവുന്നതാണ്.

**മണലൂർ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട്**

44 (483) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണലൂർ മണ്ഡലത്തിൽനിന്നും എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലേയ്ക്ക് ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണലൂർ മണ്ഡലത്തിൽ നിന്നും എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലേക്ക് ശിപാർശ ചെയ്ത പ്രവർത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭ്യമാക്കിയിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാമാണ്; അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികൾക്ക് ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

\+ നിയമസഭയുടെ ഔദ്യോഗികവെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ലെങ്കിൽ അതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭ്യമാക്കിയിട്ടില്ലാത്ത പ്രവൃത്തികളുടെയും ഭരണാനുമതി നൽകുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികളുടെയും വിശദാംശങ്ങൾ അനുബന്ധം2- ൽ ചേർത്തിരിക്കുന്നു+.

**മഞ്ചേശ്വരം മണ്ഡലത്തിലെ എം.എൽ.എ.-എ.ഡി.എഫ്., എസ്.ഡി.എഫ്. പദ്ധതികൾ**

45 (484) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ 2021-22, 2022-23 വർഷങ്ങളിലെ എം.എൽ.എ.-ആസ്തി വികസന ഫണ്ട്, പ്രത്യേക വികസനനിധി എന്നിവയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗികവെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത മണ്ഡലത്തിൽ 2022-23 വർഷത്തെ എം.എൽ.എ.-ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി പദ്ധതികളിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി വൈകാനുണ്ടായ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

(എ-സി) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ, അവയുടെ നിലവിലെ സ്ഥിതി, ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ വിവരങ്ങൾ, ഭരണാനുമതി വൈകാനുണ്ടായ കാരണം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു+.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി**

46 (485) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ 2018-19 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ആസ്തി വികസന പദ്ധതികളിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിൽ 2018-19 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ആസ്തി വികസന പദ്ധതികളിലെ ആകെ ടെണ്ടർ സേവിംഗ്സ് തുക 1,22,09,444.88 രൂപയാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**മണലൂർ മണ്ഡലത്തിലെ എസ്.ഡി.എഫ്. പ്രവൃത്തികൾ**

47 (486) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം മണലൂർ മണ്ഡലത്തിൽ നിന്നും എം.എൽ.എ. പ്രത്യേക വികസന നിധി (എസ്.ഡി.എഫ്.) പ്രകാരം നടപ്പിലാക്കുന്നതിന് ശിപാർശ ചെയ്ത

പ്രവൃത്തികളും അതിൽ പൂർത്തീകരിച്ചവയും പൂർത്തീകരിക്കാനുള്ളവയും ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാനുള്ളവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയ്ക്ക് ഭരണാനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

(എ-സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**ആസ്തിവികസന ഫണ്ട് മാനദണ്ഡങ്ങളുടെ പരിഷ്കരണം**

48 (487) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് മാനദണ്ഡങ്ങളുടെ പരിഷ്കരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

എം.എൽ.എ.-മാരുടെ നിരന്തരമായ ആവശ്യങ്ങൾകൂടി പരിഗണിച്ചുകൊണ്ട് പൊതുജനോപകാരപ്രദവും മൂലധന സ്വഭാവമുള്ളതുമായ

+ നിയമസഭയുടെ ഔദ്യോഗികവെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കുന്നതരത്തിൽ ആസ്തി വികസന ഫണ്ടിന്റെ മാർഗനിർദ്ദേശങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നടപടികൾ പുരോഗതിയിലാണ്.

(ബി) ഇതുസംബന്ധിച്ച് എം.എൽ.എ.-മാരുടെ അഭിപ്രായം സ്വീകരിച്ച് ക്രോഡീകരിക്കുന്ന നടപടികൾ പൂർണ്ണമായോയെന്ന് വിശദമാക്കാമോ?

ഇതുസംബന്ധിച്ച് എം.എൽ.എ.-മാർ ധനകാര്യ വകുപ്പിൽ നൽകിയ അപേക്ഷകൾ പരിഗണിച്ചിട്ടുണ്ട്.

(സി) ആസ്തി വികസന ഫണ്ട് മാനദണ്ഡങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നടപടികൾ എത്ര നാളിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്താമോ?

ആസ്തി വികസന ഫണ്ടിന്റെ മാർഗ്ഗനിർദേശങ്ങളുടെ പരിഷ്കരണത്തിനുള്ള നടപടി പുരോഗതിയിലാണ്. കാലതാമസമില്ലാതെ പുതിയ മാർഗ്ഗനിർദേശങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതാണ്.

## ടെണ്ടർ സേവിംഗ്സ്

49 (488) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2016-17, 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് വ്യക്തമാക്കാമോ?

04-08-2018-ലെ സ.ഉ.(അച്ചടി)നം. 119/2018/ധന പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിലെ നാദാപുരം നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ സാമ്പത്തിക വർഷം തിരിച്ചുള്ള ടെൻഡർ സേവിംഗ്സ് തുക ചുവടെ കൊടുക്കുന്നു.

2017-18 – 63,29,796/- രൂപ

2018-19 – 38,42,607/- രൂപ

2019-20 – 45,13,952/- രൂപ

2020-21 – 17,57,513/- രൂപ

(ബി) പ്രസ്തുത തുക വിനിയോഗിക്കുന്നതിനുള്ള പ്രത്യേക മാർഗ്ഗരേഖ നിലവിലുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ടെണ്ടർ സേവിങ്സ് വിനിയോഗിക്കുന്നതിനു നിലവിലുള്ള പ്രത്യേക മാർഗ്ഗരേഖ ഉൾകൊള്ളിച്ചിട്ടുള്ള 17-12-2022-ലെ സ.ഉ.(അച്ചടി) നം.145/ 2022/ധന ഉത്തരവിന്റെ പകർപ്പ് അനുബന്ധത്തിൽ ചേർത്തിരിക്കുന്നു+.

(സി) എം.എൽ.എ. ആസ്തി വികസന പദ്ധതിയിലെ ടെണ്ടർ ബാലൻസ് തുക വിനിയോഗിക്കുന്നതിന് നിലവിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ?

17-12-2022-ലെ സ.ഉ.(അച്ചടി) നം.145/2022/ധന ഉത്തരവ് പ്രകാരം, "പ്രായോഗികമായി, ഒരു പ്രവൃത്തി പൂർത്തിയാക്കി അന്തിമ ബിൽ (FINAL BILL) തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ ആ പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് മനസ്സിലാക്കാൻ കഴിയൂ എന്നതിനാൽ, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ, പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുമ്പോഴുണ്ടാകുന്ന സേവിംഗ്സ് (Actual Savings)

+ നിയമസഭയുടെ ഔദ്യോഗികവെബ്സൈറ്റിൽ ലഭ്യമാണ്.

ഏത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്താൻ സാധിക്കുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനുവേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഒരു സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന നിബന്ധനയും 5 കോടി രൂപ എന്ന പരിധിയും നിഷ്കർഷിക്കേണ്ടതില്ല."

**എം.എൽ.എ. മാരുടെ ആസ്തി വികസന നിധി**

50 (489) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന നിധിയിൽനിന്നും ഏതെങ്കിലും വർഷം തുക പിടിച്ചെടുത്തിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര തുക വീതമാണ് പിടിച്ചെടുത്തതെന്നുള്ള വർഷം തിരിച്ചുള്ള കണക്ക് നൽകാമോ?

(എ&ബി) 2021-22 ആസ്തിവികസന നിധിയിൽനിന്നും ഓരോ നിയോജക മണ്ഡലങ്ങൾക്കും അനുവദിച്ചിട്ടുള്ള 5 കോടി രൂപയിൽനിന്നും 4 കോടി രൂപവീതം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനായി മാറ്റിവച്ചിരുന്നു.

(സി) പ്രസ്തുത തുക ചെലവഴിച്ചത് എന്ത് ആവശ്യത്തിനുവേണ്ടിയാണെന്ന് വ്യക്തമാക്കാമോ;

(ഡി) അതത് മണ്ഡലത്തിലാണ് തുക ചെലവഴിച്ചതെങ്കിൽ മണ്ഡലം തിരിച്ചുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(സി&ഡി) കോവിഡ് മഹാമാരി നേരിടുന്നതിന്റെ ഭാഗമായി ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് 2021-22 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതനുസരിച്ച് 26-07-2021-ലെ GO(Rt) No.1555/2021/H&FWD ഉത്തരവുപ്രകാരം കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിൽ 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ 50% എം.എൽ.എ. ആസ്തി വികസന ഫണ്ടും 50% കിഫ്ബി ഫണ്ടും ഉപയോഗിച്ച് സ്ഥാപിക്കുന്നതിനായി 250.69 കോടി രൂപയുടെ ഭരണാനുമതി സർക്കാർ

പുറപ്പെടുവിച്ചിരുന്നു. ആസ്തിവികസന ഫണ്ടിൽനിന്നുള്ള വിഹിതത്തിന്റെ ആദ്യഗഡുവായി 20 കോടി രൂപ കിഫ്ബിക്ക് അലോട്ട് ചെയ്ത് നൽകിയിട്ടുണ്ട്. ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാനാവശ്യമായ സ്ഥലം ലഭിച്ച 90 സ്ഥലങ്ങളിൽ 88 ലൊക്കേഷനുകളിൽ നിർമ്മാണം പുരോഗതിയിലാണ്. ഇതിൽ 10 പ്രവൃത്തികൾ പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതാണ്. ഐസൊലേഷൻ വാർഡുകളുടെ നിലവിലെ നിർമ്മാണ പുരോഗതി സംബന്ധിച്ച് മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ഇ) ഈ തുക ഉപയോഗിച്ച് ചെയ്ത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ഈ തുക ഉപയോഗിച്ച് ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം പുരോഗതിയിലാണ്. പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച് മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗികവെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗികവെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) മണ്ഡലങ്ങളിലെ പ്രവൃത്തികളല്ലാതെ മറ്റേതെങ്കിലും പദ്ധതികൾക്ക് തുക ചെലവഴിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ചെലവഴിച്ചിട്ടില്ല.

**എം.എൽ.എ ഫണ്ട് – കോങ്ങാട് മണ്ഡലത്തിലെ പദ്ധതികൾ**

51 (490) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21, 2021-22, 2022-2023 എന്നീ വർഷങ്ങളിൽ എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി, ആസ്തി വികസന ഫണ്ട് എന്നിവ വിനിയോഗിച്ച് കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി സമർപ്പിച്ച പദ്ധതികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധം 1ൽ ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗികവെബ്സൈറ്റിൽ ലഭ്യമാണ്.

2020-21, 2021-22 എന്നീ വർഷങ്ങളിൽ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തിയ എല്ലാ പ്രവൃത്തികൾക്കും 2020-21 വർഷത്തിൽ എം.എൽ.എ. പ്രത്യേക വികസനനിധി പദ്ധതിയിലുൾപ്പെടുത്തിയ എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നല്കിയിട്ടില്ലാത്ത പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 2 ൽ ചേർക്കുന്നു+.

**എം.എൽ.എ. വികസന നിധി അനുമതി സംബന്ധിച്ച്**

52 (491) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എട്ട് വർഷം എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയും ആസ്തി വികസന നിധിയുമായി ബന്ധപ്പെട്ട് എത്ര പ്രത്യേകാനുമതികൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് പ്രത്യേകാനുമതികൾ നൽകിയിട്ടുള്ളതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രത്യേകാനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗികവെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) എം.എൽ.എ. പ്രത്യേക വികസന നിധിയിൽനിന്നും ആസ്തി വികസന നിധിയിൽനിന്നും തുക അനുവദിക്കാവുന്നതും അനുവദിക്കാൻ പാടില്ലാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

എം.എൽ.എ. പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ(അച്ചടി)നം.161/2017/ധന അനുബന്ധം1-ൽ അനുവദനീയമായ പ്രവൃത്തികളും അനുബന്ധം2-ൽ അനുവദനീയമല്ലാത്ത പ്രവൃത്തികളും പ്രതിപാദിച്ചിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ(അച്ചടി)നം.119/2018/ധന അനുബന്ധം1-ൽ അനുവദനീയമായ പ്രവൃത്തികളും അനുബന്ധം2-ൽ അനുവദനീയമല്ലാത്ത പ്രവൃത്തികളും പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

**ചിറങ്ങൽ ഗാന്ധിജി റൂറൽ ലൈബ്രറി കെട്ടിട നിർമ്മാണം**

+ നിയമസഭയുടെ ഔദ്യോഗികവെബ്സൈറ്റിൽ ലഭ്യമാണ്.

53 (492) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി (2022-23) ലൈബ്രറി കൗൺസിൽ അംഗീകാരത്തിലുള്ള ചിറങ്ങൽ ഗാന്ധിജി റൂറൽ ലൈബ്രറിക്ക് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിക്ക് പ്രത്യേകാനുമതി ആവശ്യപ്പെട്ട് നൽകിയ അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) അനുമതി നൽകുന്നതിന് തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ;

(സി) പ്രവൃത്തിക്ക് അനുമതി നൽകി പ്രവൃത്തി പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) ആസ്തിവികസന പദ്ധതിയുടെ 04-08-2018-ലെ സ.ഉ(അ) നം.119/2018/ധന ഉത്തരവിലെ അനുബന്ധം 2(2) പ്രകാരം സർക്കാർ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ളവയല്ലാത്ത ലൈബ്രറികൾക്ക് കെട്ടിട നിർമ്മാണം അനുവദനീയമല്ല. ചിറക്കൽ ഗാന്ധിജി റൂറൽ ലൈബ്രറിക്ക് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിക്ക് പ്രത്യേകാനുമതി ആവശ്യപ്പെട്ട് നൽകിയ

അപേക്ഷ നിലവിൽ ഈ വകുപ്പിൽ പരിശോധനയിലാണ്. പ്രസ്തുത അപേക്ഷയിൻമേൽ കാലതാമസമില്ലാതെ ധനകാര്യ വകുപ്പ് തീരുമാനമെടുക്കുന്നതാണ്.

**എം. എൽ. എ. ഫണ്ട്- തച്ചിൽക്കുളം നവീകരിക്കുന്ന പ്രവൃത്തി**

54 (493) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 - 2023 എം.എൽ.എ.-യുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടിലുൾപ്പെടുത്തി കണ്ണൂർ കോർപ്പറേഷൻ ഡിവിഷൻ 3-ൽ പള്ളിക്കുന്ന് തച്ചിൽക്കുളം നവീകരിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

അഴീക്കോട് മണ്ഡലത്തിലെ കണ്ണൂർ കോർപ്പറേഷൻ ഡിവിഷൻ 3-ൽ പള്ളിക്കുന്ന് തയ്യിൽ കുളം നവീകരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിലേയ്ക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് പ്രത്യേകാനുമതി ആവശ്യമില്ലെന്നുള്ള ഉത്തരവുണ്ടായിരിക്കെ പ്രവൃത്തി ആരംഭിക്കാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

എം.എൽ.എ. പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ(അച്ചടി) നം.161/2017/ധന അനുബന്ധം 1 ക്രമ നമ്പർ 8 പ്രകാരം, നഗരങ്ങൾ/പട്ടണങ്ങൾ/ഗ്രാമങ്ങൾ എന്നിവിടങ്ങളിലെ കുളങ്ങളുടെ നവീകരണം അനുവദനീയമാണ്. ജല സംരക്ഷണത്തിന്റെ ഭാഗമായി വാട്ടർ ഷെയർ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രകുളങ്ങൾ (ആരാധനാലയങ്ങളുടെ കുളങ്ങൾ മാത്രം) നവീകരിക്കുവാൻ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയിലെ ബന്ധപ്പെട്ട ഖണ്ഡിക പരിഷ്കരിച്ച് 20-08-2019 -ലെ സ.ഉ (അച്ചടി)നം.110/2019/ധന പുറപ്പെടുവിച്ചിട്ടുള്ളതും 27-06-2022-ലെ സ.ഉ(അച്ചടി) നം.75/2022/ധന പ്രകാരം, വാട്ടർ ഷെയർ എഗ്രിമെന്റിന്റെ മാതൃക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത കുളം കോർപ്പറേഷന്റെ ആസ്തിയിലുൾപ്പെട്ടതല്ലെന്നുള്ള വിവരം എക്സിക്യൂട്ടീവ്

എഞ്ചിനീയർ അറിയിച്ചിട്ടുള്ളതിനാൽ, ടി കുളം ആരാധനാലയത്തിന്റെ ഭാഗമായിട്ടുള്ളതോ ക്ഷേത്രക്കുളമോ ആണെങ്കിൽ അടിയന്തരമായി എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് 26-07-2023-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതും പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

**എം.എൽ.എ ഫണ്ട് - ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

55 (494) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികവകുപ്പിന്റെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയുടെ നടത്തിപ്പിനായി പാലക്കാട് ജില്ലയിലെ എം.എൽ.എ.-മാർ അനുവദിച്ച ആസ്തി വികസന ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഇതിനകം ഭരണാനുമതി നൽകിയവ എത്രയെന്ന് അറിയിക്കാമോ; ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

(എ&ബി) കായികവകുപ്പിന്റെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയുടെ നടത്തിപ്പിനായി പാലക്കാട് ജില്ലയിലെ എം.എൽ.എ.മാർ അനുവദിച്ച ആസ്തി വികസന ഫണ്ടിന്റെയും അതിന്മേൽ സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു+.

**അന്തിപ്പച്ച യൂണിറ്റ്- വാഹനം വാങ്ങുന്നതിനുള്ള എം.എൽ.എ ഫണ്ട്**

56 (495) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്തിപ്പച്ച യൂണിറ്റ് (സഞ്ചരിക്കുന്ന മത്സ്യ വിപണന വാഹനം) വാങ്ങുന്നതിന് എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ട് മത്സ്യഫെഡ് വഴി അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പുമന്ത്രി 2023 മാർച്ച് 13-ന് കത്തുപ്രകാരം എം.എൽ.എ.-മാരോട് നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ കാട്ടാക്കട നിയോജകമണ്ഡലത്തിൽനിന്നും ഇതിനായി

+ നിയമസഭയുടെ ഔദ്യോഗികവെബ്സൈറ്റിൽ ലഭ്യമാണ്.

ധനവകുപ്പിന്റെ അനുമതി തേടിയിരുന്നതിന്മേൽ അനുമതി നൽകുന്നതിന് എന്തെങ്കിലും തടസങ്ങളുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

അന്തിപ്പച്ച യൂണിറ്റ് (സഞ്ചരിക്കുന്ന മത്സ്യ വിപണന വാഹനം) വാങ്ങുന്നതിന് പ്രത്യേകാനുമതിക്കായി ബഹുമാനപ്പെട്ട എം.എൽ.എ. സമർപ്പിച്ച കത്ത് നിലവിൽ പരിശോധനയിലാണ്.

**ആസ്തി വികസന ഫണ്ട്- ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം**

57 (496) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ എം.എൽ.എ-മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 4 കോടി രൂപ വിനിയോഗിച്ച് മണ്ഡലങ്ങളിൽ നിർമ്മിക്കാൻ പ്ലാൻ ചെയ്ത ഐസൊലേഷൻ വാർഡുകളുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

കോവിഡ് മഹാമാരി നേരിടുന്നതിന്റെ ഭാഗമായി ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് 2021-22 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതനുസരിച്ച് 26-07-2021-ലെ GO(Rt) No.1555/2021/

H&FWD ഉത്തരവ് പ്രകാരം കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിൽ 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ 50% എം.എൽ.എ. ആസ്തി വികസന ഫണ്ടും 50% കിഫ്ബി ഫണ്ടും ഉപയോഗിച്ച് സ്ഥാപിക്കുന്നതിനായി 250.69 കോടി രൂപയുടെ ഭരണാനുമതി സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ ആവശ്യമായ സ്ഥലം ലഭിച്ച 90 സ്ഥലങ്ങളിൽ 88 ലൊക്കേഷനുകളിൽ പ്രവൃത്തി നടന്നുവരുന്നു. ഐസൊലേഷൻ വാർഡുകളുടെ നിലവിലെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) പദ്ധതി നടക്കാത്ത മണ്ഡലങ്ങളിൽ പ്രസ്തുത പദ്ധതിക്കായി നീക്കിവച്ച ഫണ്ട് ഉപയോഗപ്പെടുത്തി മറ്റ് പദ്ധതികൾ നടപ്പിലാക്കാൻ അനുവാദംതരുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**ആസ്തി വികസന ഫണ്ട് ലഭ്യതയിലെ കാലതാമസം**

58 (497) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തിവികസന പദ്ധതി പ്രകാരം ജോലി ചെയ്ത കരാറുകാരുടെ ബില്ലുകൾ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ ഓഫീസിൽ മതിയായ ഫണ്ട് ഇല്ലാത്തതുകാരണം തടഞ്ഞ് വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2021-22, 2022-23 കാലഘട്ടങ്ങളിൽ ധനകാര്യ വകുപ്പ് ആസ്തി വികസന ഫണ്ടിനായി ബഡ്ജറ്റിൽ എത്ര കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിൽ ചെലവഴിച്ച തുകയുടെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ?

2021-22, 2022-23 കാലഘട്ടങ്ങളിൽ ധനകാര്യ വകുപ്പ് ആസ്തി വികസന ഫണ്ടിനായി ബഡ്ജറ്റിൽ 705 കോടി രൂപ വീതം നീക്കി വച്ചിരുന്നു. ഇതിൽ 2021-22 ൽ 606.69 കോടി രൂപയും 2022-23 ൽ 482.07 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) ഫണ്ട് ഇല്ലാത്തതുകാരണം ചീഫ് എഞ്ചിനീയർ ഓഫീസിൽ കരാറുകാരുടെ ബില്ലുകൾ തടഞ്ഞുവയ്ക്കുന്നതുമൂലം ആസ്തി വികസന പദ്ധതിയുടെ വർക്കുകൾ ഏറ്റെടുക്കുവാൻ കരാറുകാർ വിമുഖത കാണിക്കുന്ന പ്രശ്നം ഒഴിവാക്കുന്നതിന് കൃത്യസമയത്ത് ഫണ്ട് അനുവദിക്കാൻ ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കുമോ?

2023-24 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികൾക്കായി എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിയന്ത്രണാധികാരിയായിട്ടുള്ള 4515-00-800-96-Projects under LAC-ADS-NP-V എന്ന ശീർഷകത്തിൽ 300 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക ചെലവഴിക്കുന്ന മുറയ്ക്ക് അധിക തുക ആവശ്യമായി വരുന്നപക്ഷം അധികധനാനുമതിയിലൂടെ അനുവദിക്കുന്നതിനും ധനവകുപ്പ് ശ്രദ്ധിക്കാറുണ്ട്.

**അരൂർ മണ്ഡലത്തിലെ എം.എൽ.എ. ഫണ്ട്**

59 (498) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസനഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവയിൽ എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ റേറ്റ് കുറവാണെന്ന കാരണം പറഞ്ഞ് കോൺട്രാക്ടർമാർ പ്രവൃത്തികൾ എടുക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള എത്ര പ്രവൃത്തികൾ അരൂർ മണ്ഡലത്തിൽ ഉണ്ടെന്നും ആയതിന്റെ വിശദാംശവും വ്യക്തമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

**കേരളത്തെ അവഗണിക്കുന്ന കേന്ദ്രസർക്കാർ സമീപനം**

60 (499) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുന്ന കേന്ദ്രസർക്കാർ സമീപനം തിരുത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന് അർഹതപ്പെട്ട വായ്പപോലും നിഷേധിക്കുന്ന കേന്ദ്രസർക്കാർ സമീപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേന്ദ്രത്തിൽനിന്ന്

കിട്ടേണ്ട സാമ്പത്തിക സഹായം നേടിയെടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നയിക്കുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു ലഭിക്കേണ്ട വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്.

ഇതിനുപുറമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് കേന്ദ്രസർക്കാർ 2022-23 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തിവരുന്നുണ്ട്. ധനകാര്യ കമ്മീഷൻ നിശ്ചയിച്ചുനൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധികൂടി കണക്കിലെടുത്താണ് സംസ്ഥാന ബഡ്ജറ്റ് തയ്യാറാക്കാറുള്ളത്.

ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും വികസന ക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്രശ്രമമാണ് സംസ്ഥാനം നടത്തികൊണ്ടിരിക്കുന്നത്.

സംസ്ഥാനത്തിന്റെ വായ്പാപരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടണമെന്നും ഭരണഘടനാ വ്യവസ്ഥകളിൽനിന്നുള്ള വ്യതിയാനങ്ങളും സുപ്രധാന കേന്ദ്ര-സംസ്ഥാന സാമ്പത്തിക പ്രശ്നങ്ങളും പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 19-01-2023-ലെ 133/CM/2023 നമ്പർ

കത്തുപ്രകാരം ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിട്ടുമുണ്ട്.

12-07-2023-ൽ സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് അയച്ച കത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ വായ്പാപരിധി ഒരുശതമാനംകൂടി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

**റവന്യൂ കമ്മി ഗ്രാന്റ്**

61 (500) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ കമ്മി ഗ്രാന്റിനത്തിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് 2021 മുതൽ 2026 വരെയുള്ള കാലയളവിലേയ്ക്ക് ആകെ എത്ര കോടി രൂപയാണ് അനുവദിച്ചതെന്നും ആയത് എന്തെല്ലാം ഇനങ്ങളിലാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-2026 കാലയളവിലേയ്ക്ക് സംസ്ഥാനത്തിന് റവന്യൂ കമ്മി ഗ്രാന്റായി ആകെ 37814 കോടി രൂപയാണ്

ശിപാർശ ചെയ്തിട്ടുള്ളത്. ടി തുക സർക്കാരിന്റെ ദൈനംദിന റവന്യൂ ചെലവുകൾക്കായാണ് വിനിയോഗിക്കുന്നത്.

(ബി) 2022-23, 2023-24-കാലയളവിൽ മാത്രം ഈ ഇനത്തിൽ എത്ര കോടിയാണ് ലഭിച്ചിട്ടുള്ളതെന്നും, ബാക്കി എത്ര കോടിയാണ് അടുത്ത വർഷങ്ങളിൽ സർക്കാരിന് ലഭിക്കാനുള്ളതെന്നും അറിയിക്കാമോ?

റവന്യൂ കമ്മി ഗ്രാന്റിനത്തിൽ 2022-23 കാലയളവിൽ 13174 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈയിനത്തിൽ 2023-24 കാലയളവിലേക്ക് 4749 കോടി രൂപയാണ് സംസ്ഥാനത്തിന് ലഭിക്കേണ്ടത്. ഇതിൽ ജൂലൈ മാസം വരെ 1583 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് 2021 മുതൽ 2026 വരെയുള്ള കാലയളവിലേയ്ക്ക് അനുവദിച്ച റവന്യൂ കമ്മി ഗ്രാന്റിൽ പിന്നീട് കുറവ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-2024 കാലയളവിലേയ്ക്ക് മാത്രമേ റവന്യൂ കമ്മി ഗ്രാന്റ് അനുവദിച്ചിട്ടുള്ളൂ.

**സംസ്ഥാനത്തെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുന്നത് പ്രതിരോധിക്കാൻ നടപടി**

62 (501) ശ്രീ. തോമസ്കെ.തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ തകർക്കുന്ന നിലയിൽ കേന്ദ്രം സംസ്ഥാനത്തെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുന്നത് അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സമാനാവസ്ഥ നേരിടുന്ന മറ്റ് സംസ്ഥാനങ്ങളെക്കൂടി പങ്കെടുപ്പിച്ച് ശക്തമായ നിയമ നടപടികൾ സ്വീകരിക്കാനുള്ള നടപടികളുണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നയിക്കുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത

പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു ലഭിക്കേണ്ട വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്.

ഇതിനുപുറമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് കേന്ദ്രസർക്കാർ 2022-23 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തിവരുന്നുണ്ട് ഈ പ്രതിസന്ധിയിലും സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും, അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും, വികസന ക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്രശ്രമമാണ് സംസ്ഥാനം നടത്തികൊണ്ടിരിക്കുന്നത്.

സംസ്ഥാനത്തിന്റെ വായ്പാ പരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി

സംരക്ഷിക്കപ്പെടണമെന്നും, ഭരണഘടനാ വ്യവസ്ഥകളിൽനിന്നുള്ള വ്യതിയാനങ്ങളും സുപ്രധാന കേന്ദ്ര-സംസ്ഥാന സാമ്പത്തിക പ്രശ്നങ്ങളും പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 19-01-2023-ലെ 133/CM/2023 നമ്പർ കത്തുപ്രകാരം ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിട്ടുമുണ്ട്.

12-07-2023-ൽ സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് അയച്ച കത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ വായ്പാപരിധി ഒരുശതമാനംകൂടി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

**കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും ഗ്രാന്റും**

63 (502) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ധനകാര്യ കമ്മീഷന്റെ കാലഘട്ടം മുതൽ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലഘട്ടം വരെ കേരളത്തിന് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം എത്ര ശതമാനം വീതം ആയിരുന്നു; ഓരോ ധനകാര്യ

കമ്മീഷന്റെ കാലയളവിലും ഈ ഇനത്തിൽ ലഭിച്ച തുക എത്രയായിരുന്നു; വ്യക്തമാക്കുമോ?

പത്താം ധനകാര്യ കമ്മീഷന്റെ കാലഘട്ടം മുതൽ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലഘട്ടം വരെ ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് അനുവദിച്ച നികുതി വിഹിതത്തിന്റെയും ലഭിച്ച തുകയുടെയും കണക്കുകൾ ചുവടെ ചേർക്കുന്നു.

| ധനകാര്യ കമ്മീഷൻ കാലയളവ് | ഡിവിസിബിൾ പൂളിൽ നിന്നും അനുവദിച്ച നികുതി വിഹിതം (%) | ലഭിച്ച തുക (കോടിയിൽ) |
|---|---|---|
| X (1995-2000) | 3.875* | 6468.87 |
| XI (2000-2005) | 3.057 | 9332.04 |
| XII (2005-2010) | 2.665 | 18456.24 |
| XIII (2010-2015) | 2.341 | 33367.83 |
| XIV (2015-2020) | 2.500 | 80187.99 |
| XV (2020-2021) | 1.943 | 11560.40 |
| XV (2021-2026) | 1.925 | 42039.03 # |

* വരുമാന നികുതിയുടെയും എക്സൈസ് ഡ്യൂട്ടിയുടെയും 3.875 ശതമാനമാണ് കേരളത്തിന് അർഹതയുണ്ടായിരുന്നത്.

#2023 ജൂലൈ മാസം വരെയുള്ള കണക്കുകൾ പ്രകാരം.

(ബി) പതിനഞ്ചാം ധനകാര്യ കമ്മീഷൻ കേരളത്തിന്റെ ധനക്കമ്മി വിലയിരുത്തി ശിപാർശ ചെയ്ത ഗ്രാന്റ് തുക എത്രയാണ്; ഏത് കാലയളവിലേക്കാണ് പ്രസ്തുത തുക അനുവദിച്ചത്; വിശദമാക്കുമോ;

(സി) ഓരോ വർഷവും ഇതിൽ എത്ര തുക വീതം സംസ്ഥാനത്തിന് അനുവദിച്ച നൽകിയിട്ടുണ്ടെന്നും നാളിതുവരെ ആകെ എത്ര തുക ലഭിച്ചുവെന്നും ഇനി എത്ര തുക ലഭിക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

(ബി&സി) റവന്യൂ കമ്മി ഗ്രാന്റിനത്തിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ കേരളത്തിനായി ശിപാർശ ചെയ്ത തുകയുടെയും യഥാർത്ഥത്തിൽ ലഭിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് വർഷം | ശിപാർശ ചെയ്ത തുക | സംസ്ഥാനത്തിന് അനുവദിച്ച തുക (കോടിയിൽ) |
|---|---|---|
| 2020-2021 കാലയളവിലെ റിപ്പോർട്ട് | | |
| 2020-2021 | 15323 | 15323 |
| 2021-2026 കാലയളവിലെ രണ്ടാമത് റിപ്പോർട്ട് | | |
| 2021-2022 | 19891 | 19891 |
| 2022-2023 | 13174 | 13174 |
| 2023-2024 | 4749 | 1583 (ജൂലൈ 2023 വരെ) |

2024-25, 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് ഈയിനത്തിൽ തുകകൾ ശിപാർശ ചെയ്തിട്ടില്ല.

(ഡി) സംസ്ഥാനത്തിന്റെ ധനക്കമ്മി നികത്താനുള്ള കേന്ദ്രസഹായം കുറഞ്ഞുവരുന്നതായുള്ള ധനകാര്യ മന്ത്രിയുടെ പ്രസ്താവനയ്ക്ക് അടിസ്ഥാനമാക്കിയ വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

തൊട്ടുമുമ്പത്തെ സാമ്പത്തിക വർഷത്തെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ റവന്യൂ കമ്മി ഗ്രാന്റിനത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഉണ്ടായിട്ടുള്ള കുറവ് യഥാക്രമം 6717 കോടി രൂപയും, 8425 കോടി രൂപയുമാണ്. 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ തുകയൊന്നും ശിപാർശ ചെയ്തിട്ടില്ല.

GST നഷ്ട പരിഹാരം നിർത്തലാക്കിയതും സംസ്ഥാന പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ചൂണ്ടിക്കാട്ടിയും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ചും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ

വലിയരീതിയിലുള്ള കുറവാണ് കേന്ദ്രസർക്കാർ നടത്തിയിട്ടുള്ളത്. ഈ കേന്ദ്ര നയങ്ങളോടൊപ്പം റവന്യൂ കമ്മി ഗ്രാന്റിനത്തിലുണ്ടാകുന്ന കുറവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിക്കുന്നുണ്ട്.

**ക്ഷാമബത്ത കുടിശിക അനുവദിക്കാൻ നടപടി**

64 (503) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് എത്ര ഗഡു ക്ഷാമബത്ത അനുവദിച്ചിട്ടുണ്ട്; നിലവിൽ എത്ര ഗഡു കുടിശ്ശികയുണ്ട്; പ്രസ്തുത കുടിശ്ശിക എന്നത്തേയ്ക്ക് അനുവദിക്കാൻ സാധിക്കുമെന്നുള്ളതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 01-01-2021 മുതലുള്ള ക്ഷാമബത്ത കണക്കാക്കിയിട്ടില്ല. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ അഖിലേന്ത്യ സർവ്വീസ് ഉദ്യോഗസ്ഥർക്ക് എത്ര തവണ ക്ഷാമബത്ത വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

26-04-2022-ലെ സ.ഉ.(പി) നം.47/2022/ധന, 02-11-2022-ലെ സ.ഉ.(പി) നം.134/2022/ധന, 10-05-2023-ലെ സ.ഉ.(പി) നം.47/ 2023/ ധന എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ അഖിലേന്ത്യ സർവീസ് ഉദ്യോഗസ്ഥർക്ക് മൂന്ന് തവണ ക്ഷാമബത്ത അനുവദിച്ചിട്ടുണ്ട്.

(സി) സാമ്പത്തിക പ്രതിസന്ധിയുടെ പേരുപറഞ്ഞ് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത നിഷേധിക്കുമ്പോൾ അഖിലേന്ത്യ സർവീസ് ഉദ്യോഗസ്ഥർക്ക് യഥാസമയം ക്ഷാമബത്ത അനുവദിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ?

അഖിലേന്ത്യ സർവ്വീസിലെ ഉദ്യോഗസ്ഥർക്ക് കേന്ദ്ര സർക്കാർ ഡി.എ. അനുവദിക്കുന്നമുറയ്ക്ക് അത് ലഭിക്കാൻ അർഹതയുണ്ട്. സംസ്ഥാനത്തെ അഖിലേന്ത്യ സർവ്വീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന സർക്കാരിന്റെ ഉത്തരവ് ഇല്ലാതെ, കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിക്കുന്നത്

അനുസരിച്ചാണ് ഡി.എ. ലഭിച്ചുകൊണ്ടിരുന്നത്. ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് മേൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

**കെ.എസ്.എഫ്.ഇ. ജീവനക്കാർക്കുള്ള എൽ.ടി.സി. ആനുകൂല്യം**

65 (504) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസെഷൻ ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

02-01-2013-ലെ സ.ഉ.(പി.) നം.5/2013/ധന ഉത്തരവ് അനുസരിച്ച് സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും അവധി യാത്രാ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം ആയി ചേർത്തിട്ടുണ്ട്)

പൊതുമേഖലസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസെഷൻ ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ

നിശ്ചയിച്ചുകൊണ്ടുള്ള നിർദേശങ്ങൾ/ഉത്തരവ് ധനകാര്യ വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് എൽ.ടി.സി. അനുവദിക്കുന്നുണ്ടോ; എങ്കിൽ കെ.എസ്.എഫ്.ഇ.യിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്ക് എൽ.ടി.സി. ആനുകൂല്യം നൽകാനുള്ള ബാദ്ധ്യത കെ.എസ്.എഫ്.ഇ.-ക്ക് ആണോ അതോ ജോലി ചെയ്യുന്ന സ്ഥാപനത്തിനാണോയെന്ന് വ്യക്തമാക്കാമോ?

08-09-2016-ലെ G.O(MS)No.90/2016/Taxes അനുസരിച്ച് കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് 01-08-2012 മുതൽ പ്രാബല്യമുള്ള ശമ്പള പരിഷ്കരണ ഉത്തരവിലെ Appendix-1 ഉപവകുപ്പ് XX, Appendix-2 ഉപവകുപ്പ് XI പ്രകാരം LTC അനുവദിച്ചിട്ടുണ്ട്.

02-01-2013-ലെ G.O(P)No.5/2013/Fin പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായാണ് കെ.എസ്.എഫ്.ഇ.-യിൽ LTC വിതരണം ചെയ്യുന്നത്. പ്രസ്തുത ഉത്തരവുപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്ക്, ഡെപ്യൂട്ടേഷൻ നിയമന ഉത്തരവിൽ LTC നൽകുന്നതിനുള്ള

വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ, LTC-ക്ക് അർഹതയുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ, യാത്രയുടെ ചെലവ് ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന സ്ഥാപനം വഹിക്കേണ്ടതാണ്.

**സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആനുകൂല്യങ്ങൾ**

66 (505) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജനുവരി മുതൽ 2023 ജൂലൈ വരെ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും എത്ര ശതമാനം കുടിശ്ശിക ഡി.എ നൽകാനുണ്ട്; ഉണ്ടെങ്കിൽ എന്ത് കാരണത്താലാണ് കുടിശ്ശിക നൽകാത്തതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും 01-01-2021 മുതലുള്ള ക്ഷാമബത്ത/ക്ഷാമാശ്വാസകുടിശ്ശിക എത്ര ശതമാനമാണെന്ന് കണക്കാക്കിയിട്ടില്ല. ക്ഷാമബത്ത/ക്ഷാമാശ്വാസം അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) 2019-ൽ നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി സർക്കാർ നൽകിയ ഉറപ്പുപ്രകാരം പേ-റിവിഷൻ അരിയർ നൽകി തുടങ്ങിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പേ-റിവിഷൻ അരിയർ അനുവദിക്കുന്നതിന് പുതിയ നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ടോ?

ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക 25% വീതം നാല് ഗഡുക്കളായി 01-04-2023, 01-10-2023, 01-04-2024, 01-10-2024 തീയതികളിലായി അവരുടെ പി.എഫ്.-ൽ അടവാക്കുമെന്ന് ശമ്പള പരിഷ്കരണ ഉത്തരവിന്റെ ഖണ്ഡിക 43-ൽ പരാമർശിച്ചിരുന്നു. തുടർന്ന് 01-07-2019 മുതൽ വിരമിച്ചിട്ടുള്ളതും വിരമിക്കലിനു മുന്നോടിയായി 30-04-2021-നു മുമ്പായി പി.എഫ്. ക്ലോസ് ചെയ്തിട്ടുള്ളതുമായ ജീവനക്കാർക്ക് 2021 മെയ് മാസത്തെ ശമ്പളത്തോടൊപ്പം/ജൂൺ മാസത്തെ പെൻഷനോടൊപ്പം ശമ്പള പരിഷ്കരണ കുടിശ്ശിക ഒറ്റത്തവണയായി അനുവദിക്കാനായി സർക്കാർ 30-04-2021-ലെ സ.ഉ.(അ)നം.70/2021/ ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവിന് വിധേയമായി ജീവനക്കാർ ശമ്പള പരിഷ്കരണ കുടിശ്ശിക മാറിയെടുത്തിട്ടുണ്ട്. സർവ്വീസിലിരിക്കുന്ന

ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യ ഗഡു പി.എഫ്. അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് നീട്ടിവെച്ചുകൊണ്ട് 30-03-2023-ലെ സ.ഉ (അ)നം.31/2023/(34)/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നിത്യോപയോഗ സാധനങ്ങളുടെയും ഇന്ധന വിലയുടെയും മറ്റ് മേഖലകളിലെയും വിലക്കയറ്റം പരിഗണിച്ച് ജീവനക്കാർക്ക് നൽകേണ്ട അർഹമായ ആനുകൂല്യം അനുവദിക്കുന്ന കാര്യം പരിഗണിക്കാമോ?

ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) പെൻഷൻകാർക്ക് നൽകേണ്ട പെൻഷൻ റിവിഷൻ അരിയർ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; അടിയന്തരമായി ഡി.എ. കുടിശിക, പെൻഷൻ റിവിഷൻ അരിയർ എന്നിവ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് സംസ്ഥാന സർവ്വീസ് പെൻഷൻകാർ ഉൾപ്പെടെയുള്ള പെൻഷൻകാരുടെ പെൻഷൻ

പരിഷ്കരണ കുടിശ്ശികയുടെ (പെൻഷൻ, കുടുംബ പെൻഷൻ, ഡി.സി.ആർ.ജി., ടെർമിനൽ സറണ്ടർ മുതലായവ) മൂന്നും നാലും ഗഡുക്കൾ യഥാക്രമം 2022-2023 സാമ്പത്തിക വർഷത്തിലും 2023-2024 സാമ്പത്തിക വർഷത്തിലും വിതരണം ചെയ്യുവാൻ 02-12-2021 ലെ സ.ഉ (അച്ചടി) നം.162/2021/ധന പ്രകാരം ഉത്തരവായിരുന്നു. എന്നാൽ സംസ്ഥാനത്ത് ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനു അവലംബിച്ചുവരുന്ന വ്യക്തമായ റോഡ് മാപ്പിന്റെ അടിസ്ഥാനത്തിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടുള്ള നടപടികളിലൂടെയും സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് യുക്തി ഭദ്രമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നതിന്റെ ഫലമായി പെൻഷൻ പരിഷ്കരണ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക എന്നിവയുടെ മൂന്നുംനാലും ഗഡുക്കൾ വിതരണം ചെയ്യുന്നത് 2023-2024 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച്

തീരുമാനമെടുക്കുന്നതാണെന്ന് 17-02-2023-ലെ സ.ഉ.(അച്ചടി)നം.15/2023/ധന ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

**സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള വിവിധ ആനുകൂല്യങ്ങൾ**

67 (506) ഡോ. എം. കെ. മുനീർ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള വിവിധ ആനുകൂല്യങ്ങളുടെ കുടിശ്ശിക സർക്കാർ കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള വിവിധ ആനുകൂല്യങ്ങളുടെ കുടിശ്ശിക കണക്കാക്കിയിട്ടില്ല.

(ബി) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി വിവിധ ആനുകൂല്യങ്ങളുടെ വിതരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ?

നിലവിലെ സാമ്പത്തിക ബുദ്ധിമുട്ട് സർക്കാരിന്റെ വിവിധ പേയ്മെന്റുകളെ ബാധിച്ചിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. എന്നിരുന്നാലും, ഈ

സാമ്പത്തിക ഞെരുക്കത്തിനിടയിലും ജീവനക്കാർ, പെൻഷൻകാർ അടക്കമുള്ള വിവിധ ജനവിഭാഗങ്ങളുടെ ആനുകൂല്യങ്ങളിൽ മുടക്കം വരാതിരിക്കാനും പരമാവധി ആനുകൂല്യങ്ങൾ നൽകുന്നതിനുമുള്ള ശ്രമകരമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുപോന്നിട്ടുള്ളത്.

(സി) ഈ സാമ്പത്തിക വർഷംതന്നെ ഇവ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക എന്നിവയുടെ മൂന്നും നാലും ഗഡുക്കൾ വിതരണം ചെയ്യുന്നത് 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണെന്ന് 17-02-2023-ലെ സ.ഉ(അച്ചടി)നം. 15/2023/ ധനപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതികൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## മെഡിസെപ് പദ്ധതി

68 (507) <u>ഡോ. മാത്യു കുഴൽനാടൻ:</u>
<u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവമാറ്റ ശസ്ത്രക്രിയകൾക്കായി മെഡിസെപ് പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ മാറ്റിവച്ചിരുന്ന തുക എത്രയാണ്; പ്രസ്തുത ഫണ്ടിൽ നിലവിൽ എത്ര തുക അവശേഷിക്കുന്നുണ്ട്;

(ബി) കോർപ്പസ് ഫണ്ട് പര്യാപ്തമല്ലാത്തതിനാൽ അവയവമാറ്റ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സകൾ ജീവനക്കാർക്ക് നിഷേധിക്കപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ കാര്യത്തിൽ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കുമോ?

(എ&ബി) അവയവമാറ്റ ശസ്ത്രക്രിയകൾക്കായി മെഡിസെപ് പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ 3 വർഷത്തെ പദ്ധതി കാലയളവിലേയ്ക്കായി അവയവമാറ്റ ശസ്ത്രക്രിയകൾക്ക് സർക്കാർ നിശ്ചയിച്ച് നൽകി ഇൻഷ്വറൻസ് കമ്പനി മാറ്റിവച്ച 35 കോടി രൂപ പെട്ടെന്ന് വിനിയോഗിച്ച് തീരാൻ കാരണമായ മുട്ടുമാറ്റിവയ്ക്കൽ, ഇടുപ്പെല്ല് മാറ്റിവയ്ക്കൽ

ശസ്ത്രക്രിയകൾ കമ്പനിയും സർക്കാരുമായി കൈക്കൊണ്ട ധാരണ പ്രകാരം സർക്കാർ ആശുപത്രികളിൽ മാത്രമായി നിജപ്പെടുത്തിയും മറ്റ് ശസ്ത്രക്രിയകൾ പഴയതുപോലെ തുടരാനും തീരുമാനമായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ തെറ്റായ വിവരങ്ങൾ നൽകി ഏതെങ്കിലും ആശുപത്രികൾ ഇൻഷ്വറൻസ് പദ്ധതി ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികൾ ആണെന്നും അവയ്ക്കെതിരെ ഇൻഷ്വറൻസ് കമ്പനി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഇൻഷ്വറൻസ് അനുവദിക്കുന്നില്ല എന്നത് സംബന്ധിച്ച് എത്ര പരാതികൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്; ഈ കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(സി&ഡി) പ്രസ്തുത പദ്ധതിയുടെ വ്യവസ്ഥകൾ പാലിക്കാതെ ഇൻഷ്വറൻസ് പദ്ധതി ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുള്ള 10 സ്വകാര്യ ആശുപത്രികൾക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും ഉണഭോക്താക്കളുടെ ബുദ്ധിമുട്ടുകൾ

കണക്കിലെടുത്ത് സർക്കാർ അടിയന്തരമായി ഇടപെട്ട് ആയത് പിൻവലിക്കുകയുമുണ്ടായി. ആശുപത്രികളുടെ ലിസ്റ്റ് ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയത് അനുബന്ധമായി ചേർക്കുന്നു.+ സസ്പെൻഷൻ സംബന്ധിച്ച ഒരു Standard Operating Procedure (SOP) രൂപകല്പന സർക്കാർ തലത്തിൽ ചെയ്തുകൊണ്ടിരിക്കുകയാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

69 (508) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയിൽ നിന്നും സ്റ്റാറ്റ്യൂട്ടറി പദ്ധതിയിലേയ്ക്ക് മാറാൻ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങളുൾപ്പടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ പുനഃപരിശോധനാ സമിതിയെ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമിക്കുകയും പ്രസ്തുത സമിതി ഈ വിഷയങ്ങൾ വിശദമായി പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ച് വരികയുമാണ്. ടി വിഷയത്തിന്മേൽ നയപരമായ തീരുമാനം ആവശ്യമായതിനാലും ആയതിന്മേൽ തീരുമാനമാകുന്നമുറയ്ക്ക് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) പി.എഫ്.ആർ.ഡി. (പെൻഷൻ ഫണ്ട് റഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി) ആക്റ്റിലോ സംസ്ഥാന സർക്കാർ പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട കരാറുകളിലോ ഇതുമായി ബന്ധപ്പെട്ട പരാമർശങ്ങളുണ്ടോ; വിശദമാക്കാമോ?

പ്രത്യേക പരാമർശമില്ല.

(സി) പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ പരിശോധിക്കുന്നതിനായി സർക്കാർ നിയമിച്ച പുനഃപരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; സ്റ്റാട്ട്യൂട്ടറി പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്.

**സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക**

70 (510) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് 2023 ആഗസ്റ്റ് 1 വരെയുള്ള കാലയളവിൽ എത്ര ഗഡു ക്ഷാമബത്ത നൽകാനുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2023 ആഗസ്റ്റ് 1 വരെയുള്ള കാലയളവിൽ അഞ്ച് ഗഡു ക്ഷാമബത്ത നൽകാനുണ്ട്. ക്ഷാമബത്തയുടെ നിരക്ക് കണക്കാക്കിയിട്ടില്ല.

(ബി) ക്ഷാമബത്ത കുടിശ്ശിക എന്നത്തേയ്ക്ക് അനുവദിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(സി) ഓണത്തോടനുബന്ധിച്ച് ക്ഷാമബത്ത കുടിശ്ശിക നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(ബി&സി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

71 (511) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി ഏർപ്പെടുത്തിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്ന വിഷയത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച പുനഃപരിശോധനാ സമിതി റിപ്പോർട്ട് സമർപ്പിച്ചതെന്നാണെന്നും റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും അറിയിക്കാമോ?

(എ&ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതു മായി ബന്ധപ്പെട്ട സാമ്പത്തിക/നിയമവശങ്ങളുൾപ്പടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ നിയമിച്ച സമിതി 30-04-2021-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ

പരിശോധിച്ചുവരികയാണ്. പ്രസ്തുത സാഹചര്യത്തിലും ടി വിഷയത്തിന്മേൽ നയപരമായ തീരുമാനം ആവശ്യമായതിനാലും ആയതിന്മേൽ തീരുമാനമാകുന്നമുറയ്ക്ക് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) പുനഃപരിശോധന സമിതിയുടെ പ്രവർത്തനങ്ങൾക്ക് എത്ര തുകയാണ് നാളിതുവരെ ചെലവഴിച്ചതെന്ന് അറിയിക്കാമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതിയുടെ പ്രവർത്തനത്തിനായി ആകെ 70,60,098/- (എഴുപത് ലക്ഷത്തി അറുപതിനായിരത്തി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(ഡി) പുനഃപരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്ന സാഹചര്യത്തിലും ടി വിഷയത്തിന്മേൽ നയപരമായ തീരുമാനം ആവശ്യമായതിനാലും ആയതിന്മേൽ തീരുമാനമാകുന്നമുറയ്ക്ക് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുന്നതാണ്.

**മെഡിസെപ് പദ്ധതി**

72 (512) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിലുൾപ്പെടുത്തി ഒരു വർഷംകൊണ്ട് എത്ര കോടി രൂപയുടെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; എത്ര പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്; വിശദമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പിൽ 25-07-2023 വരെ 2,93,800 പേർക്ക് 742,46,58,000/- രൂപയുടെ ആനുകൂല്യം നൽകിയതായി ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയ വിവരം മെഡിസെപ് വെബ്സൈറ്റിലെ ഡാഷ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) മെഡിസെപ്പ് പദ്ധതിയിൽ പ്രധാനപ്പെട്ട കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ആശുപത്രികളുടെ എംപാനൽമെന്റ് നടത്തുന്നത് ഇൻഷ്വറൻസ് കമ്പനിയാണ്. എന്നിരുന്നാലും ആശുപത്രികളുടെ എണ്ണം കുറവുള്ള സ്ഥലങ്ങൾ കണ്ടെത്തി അവിടെയുള്ള പ്രധാനപ്പെട്ട ആശുപത്രികളുടെ ലിസ്റ്റ് ശേഖരിച്ച് എംപാനൽമെന്റ് നടത്തുന്നതിനുള്ള നിർദ്ദേശം അവലോകന യോഗങ്ങളിൽ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. കൂടാതെ എംപാനൽമെന്റ് ഒരു തുടർപ്രവർത്തനമാണ്. മെഡിസെപ്പിന്റെ വ്യവസ്ഥകൾ പാലിക്കുന്ന ആശുപത്രികളെ/വിഭാഗങ്ങളെ പദ്ധതി കാലയളവിൽ എപ്പോൾ വേണമെങ്കിലും എംപാനൽ ചെയ്യാവുന്നതാണ്.

**സർക്കാർ വാഹനങ്ങൾക്ക് ഇന്ധനം**

73 (513) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങൾക്ക് ഇന്ധനം നൽകിയ വകയിൽ സംസ്ഥാനത്തെ പമ്പുകൾക്ക് നാളിതുവരെ എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ?

സർക്കാർ വാഹനങ്ങളുടെ കാര്യത്തിൽ ഓരോ വാഹനത്തിന്റെയും നിയന്ത്രണ അധികാരിയാണ് ഇന്ധനം സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നത്. വാഹനങ്ങളുടെ നിയന്ത്രണ അധികാരിയും പമ്പ് ഉടമയും തമ്മിലുള്ള ഉടമ്പടി പ്രകാരമാണ് ഇന്ധനം കടമായി വാങ്ങുന്നത്. സർക്കാരും പമ്പുടമകളും തമ്മിൽ നേരിട്ട് ഇക്കാര്യത്തിൽ ധാരണയോ പണമിടപാടുകളോയില്ല. അതുകൊണ്ട് പമ്പ് ഉടമകൾക്ക് എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്നത് സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

(ബി) ഈ ഇനത്തിൽ ചെലവഴിക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സാമ്പത്തിക വർഷം നാളിതുവരെ എത്ര തുക ഇപ്രകാരം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സർക്കാർ വാഹനങ്ങളുടെ ഇന്ധന ചെലവിനായി നടപ്പ് വർഷം ബഡ്ജറ്റിൽ 110.49 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ട്രഷറി സോഫ്റ്റ്‌വെയർ പ്രകാരം 04-08-2023 വരെ 48.36 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**കാട്ടാക്കട സി.എഫ്.സി. സെന്റർ**

74 (515) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ ബഡ്ജറ്റിൽ ഇരുപത് ശതമാനം വകയിരുത്തി 200 ലക്ഷം രൂപയുടെ അനുമതി ലഭ്യമായ പ്രവൃത്തിയായ കാട്ടാക്കട സി.എഫ്.സി. സെന്റർ സ്ഥാപിക്കുക എന്ന പ്രോജക്ട് ഒന്നിൽ കൂടുതൽ തവണ ധനകാര്യ വകുപ്പ് പുനർസമർപ്പിച്ചു എന്ന പരാമർശത്തോടെ തിരിച്ചയച്ചതിന്റെ കാരണം വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തെ വർക്ക് അപ്പൻഡിക്സ് വാല്യം II പുറം 164 ക്രമനമ്പർ 2785 പ്രകാരം കാട്ടാക്കട സി.എഫ്.സി. സെന്റർ സ്ഥാപിക്കുന്ന പ്രോജക്ടിനായി അടങ്കൽ തുകയായ 2 കോടി രൂപയുടെ 20%

തുകയായ 40 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 09-05-2022-ൽ പ്രസ്തുത തുക അനുവദിക്കുന്നതിനായി ഫയൽ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് കാലതാമസം കൂടാതെ ധനാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിക്ക് തുക അനുവദിക്കുന്നതിനായി ഭരണ വകുപ്പ് ലഭ്യമാക്കിയ ഫയൽ നിലവിൽ ധനകാര്യ വകുപ്പിൽ 2074938/PU-D3/78/2022/Fin നമ്പർ ഫയലിൽ പരിശോധനയിലാണ്.

**കാസർഗോഡ് ചട്ടഞ്ചാൽ ടാറ്റാ ആശുപത്രി അടിസ്ഥാന സൗകര്യ വികസനം**

75 (516) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ, കാസർഗോഡ് ചട്ടഞ്ചാൽ ടാറ്റാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യവും ചികിത്സാ സൗകര്യങ്ങളും വർദ്ധിപ്പിക്കുമെന്ന് പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

2023-24 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ, കാസർഗോഡ് ടാറ്റാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യവും ചികിത്സാ സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് പരാമർശിച്ചിട്ടുണ്ട്. ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപന പ്രകാരം തുക അനുവദിക്കുന്നതിനായി ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ അനുമതിയോടുകൂടി ലഭ്യമാക്കുന്ന ടി പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിൽ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്.

(ബി) ഇതിനായി എന്തെങ്കിലും തുക നീക്കിവെച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ടാറ്റാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യവും ചികിത്സാ സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനായി, 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിലവിൽ തുക വകയിരുത്തിയിട്ടില്ല. ടി പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് പരിശോധിച്ച്, അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ലോക കേരള സഭ നടത്തിപ്പ് ചെലവുകളുടെ ഓഡിറ്റിംഗ്**

76 (517) <u>ശ്രീ. നജീബ് കാന്തപുരം:</u>
<u>ശ്രീ. യു. എ. ലത്തീഫ്:</u>
<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയ്ക്ക് ഈ വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് തുകയിൽ മേഖല സമ്മേളനത്തിന്റെ ചെലവിനായി തുക അനുവദിച്ചിട്ടുണ്ടോ?

2023-24 സാമ്പത്തിക വർഷത്തിൽ ലോക കേരള സഭയുടെ നടത്തിപ്പിനായി 2.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ലോക കേരള സഭയുടെ മേഖല സമ്മേളനങ്ങൾക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ന്യൂയോർക്കിൽ വച്ച് നടന്ന മേഖല സമ്മേളനത്തിന്റെ വരവ് ചെലവ് കണക്കുകൾ ലഭ്യമാണോ; വിശദാംശം നൽകുമോ?

സമ്മേളനത്തിന്റെ വരവ് ചെലവ് കണക്കുകൾ കൈകാര്യം ചെയ്തത് അമേരിക്കൻ മലയാളികളുടെ നേതൃത്വത്തിൽ രൂപീകരിച്ച ഓർഗനൈസിംഗ് കമ്മിറ്റിയുടെ കീഴിലുള്ള ഫിനാൻസ് കമ്മിറ്റിയാണ്.

(സി) ഈ വർഷം സെപ്റ്റംബറിൽ സൗദി അറേബ്യയിൽ വച്ച് നടക്കുന്ന മേഖല സമ്മേളനത്തിന്റെ പ്രതീക്ഷിത ചെലവ് അറിയിക്കാമോ?

ലോക കേരള സഭയുടെ മേഖലാ സമ്മേളനം സൗദി അറേബ്യയിൽ വച്ച് നടത്തുന്നതിനുള്ള അന്തിമ തീരുമാനമായിട്ടില്ല.

(ഡി) ലോക കേരള സഭയുടെ ചെലവുകൾ ഓഡിറ്റിംഗിന് വിധേയമാണോ; ഇല്ലെങ്കിൽ ഓഡിറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ലോക കേരള സഭയ്ക്ക് വർഷാവർഷം ബഡ്ജറ്റിൽ അനുവദിക്കുന്ന തുകയുടെ നിയമാനുസൃതമുള്ള ഓഡിറ്റിംഗ് കൃത്യമായി നടന്നുവരുന്നു.

**ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

77 (518) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വിവിധ ബഡ്ജറ്റുകളിലായി പ്രഖ്യാപിച്ച 20 ശതമാനം ടോക്കൺ പ്രൊവിഷൻ ലഭിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രവൃത്തികളുടെ ഡി.പി.ആർ.(ഡീറ്റെയ്ൽഡ് പ്രോജക്റ്റ് റിപ്പോർട്ട്) തയ്യാറാക്കി സർക്കാരിന്റെ ഭരണാനുമതിക്കായി നൽകിയിട്ടുള്ള എത്ര കേസുകൾ പരിഗണനയിലുണ്ടെന്ന് അറിയിക്കുമോ; അവയുടെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാന ബഡ്റ്റിൽ 20% ടോക്കൺ പ്രൊവിഷൻ ലഭിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ധനവകുപ്പ് പ്രതിനിധികൂടി ഉൾപ്പെടുന്ന ഭരണാനുമതി കമ്മിറ്റിയുടെ അനുമതിയോടെ ഭരണവകുപ്പ് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഭരണാനുമതി കമ്മിറ്റിയുടെ അംഗീകാരത്തിന് വരാത്ത പ്രവൃത്തികൾ ധനവകുപ്പിന്റെ അനുമതിയോടെ ഭരണാനുമതി പുറപ്പെടുവിക്കുന്നു. ആയതിനാൽ സംസ്ഥാന ബഡ്ജറ്റിൽ 20% ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുള്ളതും DPR തയ്യാറാക്കി സർക്കാരിന്റെ പരിഗണനയിൽ സമർപ്പിക്കുന്നതുമായ പ്രൊപ്പോസലുകൾക്ക് താമസം കൂടാതെതന്നെ ഭരണാനുമതി നൽകിവരുന്നു. സർക്കാരിന്റെ പരിഗണനയിൽ നിലവിലുള്ള പ്രൊപ്പോസലുകൾ പരിശോധിച്ച് എത്രയുംവേഗം ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ബഡ്ജറ്റിൽ ഉൾപ്പെടുത്തി തുക അനുവദിച്ച പ്രവർത്തികൾ**

78 (519) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 140 നിയോജക മണ്ഡലങ്ങളിലും എത്ര തുകയ്ക്കുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ വിശദമാക്കുമോ?

വിവരം ശേഖരിച്ചു വരുന്നു.

**2022-23-ലെ ബജറ്റിൽ ഉൾപ്പെട്ട പ്രവൃത്തിക്കുള്ള ഭരണാനുമതി**

79 (520) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ 2022-23 വർഷത്തെ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക അനുവദിച്ച പ്രവൃത്തിക്ക് പകരമായി ജനപ്രതിനിധി നിർദ്ദേശിച്ച പ്രവൃത്തിക്ക് (പാരിപ്പള്ളി-പ്ലാവിൻമൂട് -പൂതക്കുളം- പരവൂർ റോഡ്

ഗതാഗത യോഗ്യമാക്കൽ) ധനവകുപ്പ് അംഗീകാരം (കമ്പ്യൂട്ടർ നമ്പർ 6611333) നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ബി) നാശോന്മുഖമായിരിക്കുന്ന പ്രസ്തുത റോഡ് അടിന്തരമായി ഗതാഗത യോഗ്യമാക്കുന്നതിന് പ്രസ്തുത ബഡ്ജറ്റ് വിഹിതം അനുവദിച്ച് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ 2022-23 വർഷത്തെ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക അനുവദിച്ച പ്രവൃത്തിക്ക് പകരമായി നിർദ്ദേശിച്ച പ്രവൃത്തിക്ക് അനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

**കണ്ണൂർ വനിതാ കോളേജ് കെട്ടിട നിർമ്മാണം**

80 (522) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് ഫണ്ടിൽ ഉൾപ്പെടുത്തിയ കണ്ണൂർ വനിതാ കോളേജ് കെട്ടിട നിർമ്മാണമുൾപ്പെടെയുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) ബഡ്ജറ്റ് ഫണ്ടിൽ ഉൾപ്പെടുത്തിയ കണ്ണൂർ വനിതാ കോളേജ് കെട്ടിട നിർമ്മാണമുൾപ്പെടെയുള്ള പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള ഫയൽ ധനവകുപ്പിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അനുമതി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**സർവകലാശാലകൾക്ക് നോൺ പ്ലാൻ ഗ്രാന്റ്**

81 (523) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ നോൺ പ്ലാൻ ഗ്രാന്റ് മാർച്ച് മാസത്തിൽ സർവ്വകലാശാലകൾക്ക് വിതരണം ചെയ്യാൻ സാധിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

സർവ്വകലാശാലകൾക്ക് പദ്ധതിയേതര വിഹിതം പ്രധാനമായും ശമ്പള ഇനത്തിലാണ് വകയിരുത്തിയിട്ടുള്ളത്. 2022 മാർച്ച് മുതൽ 2023 ഫെബ്രുവരി വരെയുള്ള ശമ്പള വിതരണത്തിനാവശ്യമായ തുകയ്ക്ക് സീലിംഗ് പരിധി ഉയർത്തി നൽകിയിട്ടുണ്ട്. കേരള സർവ്വകലാശാലയ്ക്ക് 2023 ജനുവരി മാസത്തിലും എം.ജി, കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലകൾക്ക് 2023 മാർച്ച് മാസത്തിലും നോൺ പ്ലാൻ ഗ്രാന്റിനത്തിൽ അവസാന ഗഡു അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം കേരള ആരോഗ്യ സർവ്വകലാശാലയ്ക്ക് നോൺപ്ലാൻ ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയ തുകയുടെ 50% റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. കേരള ആരോഗ്യ സർവ്വകലാശാലയുടെ തനത് ഫണ്ടിൽ ആവശ്യമായ തുക ശേഷിക്കുന്നതിനാൽ ധനകാര്യ (ബഡ്ജറ്റ്- ബി) വിഭാഗത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നോൺ പ്ലാൻ ഗ്രാന്റിനത്തിലെ ബാക്കി 50% റിലീസ് ചെയ്തു നൽകാതിരുന്നത്.

(ബി) യഥാസമയം വിതരണം ചെയ്യാതിരുന്ന പ്രസ്തുത ഗ്രാന്റ് സാമ്പത്തിക വർഷം അവസാനിച്ചതിനാൽ ലാപ്സായതായി സർവകലാശാലകളെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷം അവസാനിക്കുകയും പുതിയ സാമ്പത്തിക വർഷം ആരംഭിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ 2022-23 സാമ്പത്തിക വർഷത്തെ ചെലവഴിക്കാതെ അവശേഷിച്ചിരുന്ന തുക സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്യുകയും നടപ്പ് സാമ്പത്തിക വർഷത്തെ നോൺ പ്ലാൻ ഗ്രാന്റിൽനിന്നും തുക അനുവദിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. അപ്രകാരം ലഭിച്ച പ്രൊപ്പോസലുകൾ ധനവകുപ്പിന്റെ പരിഗണനയിലാണ്.

(സി) ഓരോ സർവകലാശാലയ്ക്കും നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായത്; വിശദാംശം ലഭ്യമാക്കുമോ?

ഓരോ സർവകലാശാലയ്ക്കും നോൺ പ്ലാൻ ഗ്രാന്റിനത്തിൽ ചെലവഴിക്കാനാവാതെ സറണ്ടർ ചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| സ്ഥാപനം | നോൺ പ്ലാൻ ഗ്രാന്റിനത്തിൽ ലാപ്സായ തുക |
|---|---|
| കേരള സർവ്വകലാശാല | 30,22,10,000/- രൂപ |
| എം.ജി. സർവ്വകലാശാല | 16,33,50,000/- രൂപ |
| കാലിക്കറ്റ് സർവ്വകലാശാല | 20,37,47,500/- രൂപ |
| കണ്ണൂർ സർവ്വകലാശാല | 5,12,60,000/- രൂപ |
| കുസാറ്റ് | 13,05,70,000/- രൂപ |
| ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | 6,14,90,000/- രൂപ |
| കേരള ആരോഗ്യ സർവ്വകലാശാല | 3,54,20,000/- രൂപ |
| എ.പി.ജെ.എ.കെ.റ്റി.യു. സർവകലാശാല | 18,97,90,700/- രൂപ |
| കേരള കാർഷിക സർവ്വകലാശാല | മാർച്ച് മാസത്തെ ശമ്പളത്തിനായി അനുവദിക്കേണ്ട 33,98,17,500/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ വിഹിതത്തിൽനിന്നും അനുവദിച്ചു നൽകിയിട്ടുണ്ട്. |
| കേരള വെറ്ററിനറി സർവ്വകലാശാല | മാർച്ച് മാസത്തെ ശമ്പളത്തിനായി അനുവദിക്കേണ്ട 7,26,00,000/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ വിഹിതത്തിൽനിന്നും അനുവദിച്ചു നൽകിയിട്ടുണ്ട്. |
| കേരള സമുദ്ര പഠന | മാർച്ച് മാസത്തെ |

| | |
|---|---|
| സർവ്വകലാശാല | ശമ്പളത്തിനായി അനുവദിക്കേണ്ട 1,26,16,000/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ വിഹിതത്തിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. |

**ബഡ്ജറ്റ് വിഹിതം**

82 (524) <u>ശ്രീ. എ. പി. അനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-2023 സാമ്പത്തിക വർഷം ഓരോ വകുപ്പിലേയ്ക്കും ബഡ്ജറ്റ് വിഹിതമായി പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ എത്ര രൂപയാണ് നീക്കിവച്ചിരുന്നതെന്നും അതിൽ ഓരോ വകുപ്പും എത്ര രൂപ ചെലവഴിച്ചെന്നും തരംതിരിച്ച് വിശദമാക്കാമോ?

2022-2023 സാമ്പത്തിക വർഷം പദ്ധതി, പദ്ധതിയേതര ഇനങ്ങളിൽ ധനാഭ്യർത്ഥനകളിലൂടെ വിവിധ വകുപ്പുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തുകയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം ചെലവഴിച്ചതുമായ തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ബഡ്ജറ്റ് പദ്ധതികൾ

83 (525) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സംസ്ഥാന ബഡ്ജറ്റിലുൾപ്പെട്ട കാഞ്ഞങ്ങാട് മണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതിനെല്ലാം അംഗീകാരം ലഭ്യമായിട്ടുണ്ടെന്നും അവയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ചും വിശദാംശങ്ങൾ നൽകാമോ;

(സി) അംഗീകാരം ലഭ്യമാക്കേണ്ട പദ്ധതികൾ ഏതെല്ലാമാണെന്നും ആയത് ലഭ്യമാക്കാനുള്ള കാലതാമസം എന്താണെന്നും വിശദമാക്കാമോ?

(എ-സി) 2017-18 സംസ്ഥാന ബഡ്ജറ്റിലുൾപ്പെട്ട കാഞ്ഞങ്ങാട് മണ്ഡലത്തിലെ പദ്ധതികൾ, ഭരണാനുമതി വിവരം, പ്രവർത്തന പുരോഗതി, പദ്ധതികൾക്ക് അംഗീകാരം ലഭ്യമായിട്ടില്ലെങ്കിൽ അതിന്റെ വിശദാംശം എന്നിവ വിവിധ വകുപ്പുകൾ ലഭ്യമാക്കിയിരിക്കുന്നത് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സാമൂഹ്യ ക്ഷേമ പെൻഷൻ**

84 (526) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നതിനായി ഏർപ്പെടുത്തിയ പ്രത്യേക സെസ് മുഖേന നാളിതുവരെ എത്ര തുക സമാഹരിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര തുക പെൻഷൻ വിതരണത്തിനായി നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

പെട്രോളിനും ഡീസലിനും 2 രൂപ നിരക്കിൽ സാമൂഹ്യസുരക്ഷാ സെസ് ഏർപ്പെടുത്തിയതുവഴി 31 ജൂലൈ 2023 വരെ 260.56 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഒരു മാസത്തെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിന് മാത്രമായി ഏകദേശം 800 കോടിയോളം രൂപ ആവശ്യമാണ്. നിലവിൽ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണത്തിനുള്ള തുക, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽനിന്നും ചെലവഴിക്കുന്നു.

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര മാസത്തെ സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം ചെയ്യാനുണ്ടെന്ന് വിശദമാക്കാമോ?

2023 മെയ്, ജൂൺ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. 2023 ജൂലൈ, ആഗസ്റ്റ് മാസത്തെ പെൻഷൻ വിതരണം ചെയ്യാനുണ്ട്.

(സി) പ്രത്യേക സെസ് മുഖേന ധനസമാഹരണം നടത്തിയിട്ടും സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശികയുണ്ടാകാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

പെട്രോളിനും ഡീസലിനും 2 രൂപ നിരക്കിൽ സാമൂഹ്യസുരക്ഷാ സെസ് ഏർപ്പെടുത്തിയതുവഴി 31 ജൂലൈ 2023 വരെ 260.56 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. എന്നാൽ, ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന് മാത്രം ഏകദേശം 800 കോടിയോളം രൂപ ആവശ്യമാണ്. ആയതിനാൽ പെൻഷൻ വിതരണത്തിനാവശ്യമായി വരുന്ന തുക പ്രത്യേക സെസിൽനിന്നും പൂർണ്ണമായും കണ്ടെത്താനാകില്ല. കേന്ദ്ര സർക്കാർ നയങ്ങൾമൂലം അനുഭവപ്പെടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും

ക്ഷേമ പെൻഷൻ മുടക്കം കൂടാതെ നൽകുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. ഏപ്രിൽ 2023 വരെയുള്ള പെൻഷൻ വിതരണം ചെയ്തു കഴിഞ്ഞു. മെയ്, ജൂൺ മാസങ്ങളിലെ പെൻഷൻ ആഗസ്റ്റ് 2023-ന് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സാമൂഹ്യസുരക്ഷാ പെൻഷനിലെ കേന്ദ്രവിഹിതം**

85 (527) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തെ സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കാമോ?

നിലവിൽ സംസ്ഥാനത്ത് ആകെ 52,48,765 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 'സേവന' പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 2023 ഏപ്രിൽ മാസത്തെ കണക്കുപ്രകാരം പഞ്ചായത്ത് വകുപ്പ് ശിപാർശ ചെയ്ത പരിശോധനാ നടപടിക്രമങ്ങൾ പൂർത്തീകരിച്ച 50,57,901 ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിച്ചിട്ടുണ്ട്.

വിവിധ ക്ഷേമനിധി ബോർഡുകളിലെ 11,60,107 ഗുണഭോക്താക്കൾക്ക് ക്ഷേമനിധി ബോർഡ് പെൻഷനുകളും അനുവദിച്ചിട്ടുണ്ട് (അവസാന മാസത്തെ പെൻഷൻ വിതരണം അടിസ്ഥാനമാക്കി).

തൊഴിലും നൈപുണ്യവും വകുപ്പുമുഖേന 1330 പേർക്ക് മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷനും സാംസ്കാരിക വകുപ്പുമുഖേന 2505 പേർക്ക് കലാകാര പെൻഷനും 208 പേർക്ക് അവശകലാകാര പെൻഷനും നൽകുന്നുണ്ട്.

കായിക യുവജനകാര്യ വകുപ്പുമുഖേന 1123 പേർക്ക് സർക്കസ് പെൻഷനും 102 പേർക്ക് അവശകായികതാര പെൻഷനും പിന്നാക്ക വിഭാഗ വികസന വകുപ്പുമുഖേന 302 പേർക്ക് വിശ്വകർമ്മ പെൻഷനും നൽകിവരുന്നു.

(ബി) സാമൂഹ്യസുരക്ഷാ പെൻഷനിലെ ഒരോ വിഭാഗത്തിലും കേന്ദ്രവിഹിതം എത്ര രൂപയാണ്; ആയത് കേന്ദ്രം നേരിട്ട് വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേന്ദ്രവിഹിതം ഗുണഭോക്താക്കൾക്ക് ഏത് മാസം വരെ നൽകിയിട്ടുണ്ട്; എത്ര പേർക്കാണ് കേന്ദ്രവിഹിതം വിതരണം ചെയ്യുന്നത്; വ്യക്തമാക്കാമോ?

(ബി&സി) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നിനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. കേന്ദ്ര സഹായം ലഭിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. കേന്ദ്ര വിഹിതവും ഇപ്പോൾ സംസ്ഥാനം തന്നെയാണ് വിതരണം ചെയ്യുന്നത്. ഈ തുക സംസ്ഥാനത്തിന് കേന്ദ്രം റീ-ഇംബേഴ്സ്മെന്റായി അനുവദിക്കേണ്ടതുണ്ട്. എന്നാൽ നിരവധി തവണ ആവശ്യപ്പെട്ടിട്ടും 2021 ജനുവരി മുതലുള്ള 550 കോടിയിലധികം രൂപ കേന്ദ്രം ഇതുവരെ അനുവദിച്ചിട്ടില്ല. എങ്കിലും കേന്ദ്ര വിഹിതം ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ കേന്ദ്ര വിഹിതമായി ലഭിക്കേണ്ട തുക 2021 ജനുവരി മുതൽ 2023 ഏപ്രിൽ വരെ സംസ്ഥാന സർക്കാർ ഖജനാവിൽ നിന്നും

അനുവദിക്കുകയുണ്ടായി. 6,88,329 ഗുണഭോക്താക്കൾക്കാണ് കേന്ദ്ര വിഹിതം അനുവദിക്കുന്നത്. ആയതിന്റെ പെൻഷൻ ഇനം തിരിച്ചുള്ള കണക്ക് അനുബന്ധം 2-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**അനുബന്ധം1**

| പെൻഷൻ ഇനം | പെൻഷൻ ഉപ വിഭാഗം | പ്രതിമാസ സംസ്ഥാന വിഹിതം (രൂപ) | പ്രതിമാസ കേന്ദ്ര വിഹിതം (രൂപ) | ആകെ (രൂപ) |
|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 80 വയസ്സിന് താഴെ | 1400 | 200 | 1600 |
| | പ്രായം 80 വയസ്സും അതിനു മുകളിലും | 1100 | 500 | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | അംഗപരിമിതി 80% ത്തിൽ കുറവ് (80 വയസ്സിനു താഴെ) | 1600 | ഇല്ല | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സു മുതൽ 80 വയസ്സിനു താഴെ വരെ) | 1300 | 300 | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (80 വയസ്സും അതിനു മുകളിലും) | 1100 | 500 | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും | 1600 | ഇല്ല | 1600 |

| | | | | |
|---|---|---|---|---|
| | (18 വയസ്സിനു താഴെ) | | | |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 40 വയസ്സിൽ താഴെ | 1600 | ഇല്ല | 1600 |
| | 40 വയസ്സ് മുതൽ 80 വയസ്സിനു താഴെ വരെ | 1300 | 300 | 1600 |
| | 80 വയസ്സും അതിനു മുകളിലും | 1100 | 500 | 1600 |

**അനുബന്ധം 2**

| പെൻഷൻ ഇനം | പെൻഷൻ ഉപ വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം | കേന്ദ്ര വിഹിതം (രൂപയിൽ) |
|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 60 മുതൽ 79 വയസ്സ് വരെ | 362145 | 200 |
| | പ്രായം 80 വയസ്സ് മുതൽ | 87013 | 500 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 18 വയസ്സ് മുതൽ 79 വയസ്സ് വരെ അംഗ പരിമിതി 80%-നു മുകളിൽ | 29935 | 300 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 40 വയസ്സ് മുതൽ 79 വയസ്സ് വരെ | 209236 | |

**പെട്രോളിനും ഡീസലിനും ഏർപ്പെടുത്തിയ സാമൂഹ്യസുരക്ഷാ സെസ്**

86 (528) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിനും ഡീസലിനും 2 രൂപ നിരക്കിൽ സാമൂഹ്യസുരക്ഷാ സെസ് ഏർപ്പെടുത്തിയതുവഴി നാളിതുവരെ എത്ര തുക സമാഹരിച്ചിട്ടുണ്ടെന്നും ഇതിൽനിന്ന് എത്ര തുക സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിന് ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

പെട്രോളിനും ഡീസലിനും 2 രൂപ നിരക്കിൽ സാമൂഹ്യസുരക്ഷാ സെസ് ഏർപ്പെടുത്തിയതുവഴി 31 ജൂലൈ 2023 വരെ 260.56 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഒരു മാസത്തെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിന് മാത്രമായി ഏകദേശം 800 കോടിയോളം രൂപ ആവശ്യമാണ്. നിലവിൽ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണത്തിനുള്ള തുക, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽനിന്നും ചെലവഴിക്കുന്നു.

(ബി) പ്രതിമാസം സമാഹരിക്കുന്ന തുകയും പെൻഷൻ വിതരണത്തിന് പ്രതിമാസം ആവശ്യമായി വരുന്ന തുകയും തമ്മിലുള്ള വ്യത്യാസം എത്ര രൂപയാണെന്നും പ്രതിമാസ പെൻഷൻ വിതരണത്തിന് ആവശ്യമായതിൽ കൂടുതൽ തുക ഈ സെസ് വഴി സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) പെട്രോളിനും ഡീസലിനും സാമൂഹ്യസുരക്ഷാ സെസ് ഏർപ്പെടുത്തിയതുവഴി കുടിശ്ശികയില്ലാതെ പെൻഷൻ വിതരണം നടത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ സെസ് ഏർപ്പെടുത്തിയിട്ടും അതിന് കഴിയാത്തത് എന്തുകൊണ്ടെന്നും തുക ഏതെങ്കിലും മറ്റ് ആവശ്യങ്ങൾക്ക് വകമാറ്റിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

(ബി&സി) ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന് മാത്രം ഏകദേശം 800 കോടിയോളം രൂപ ആവശ്യമാണ്. ആയതിനാൽ പെൻഷൻ വിതരണത്തിനാവശ്യമായി വരുന്ന തുകയുടെ ചെറിയ ഒരു ഭാഗം മാത്രമേ സെസിൽനിന്നും പ്രതീക്ഷിക്കുന്നുള്ളൂ. കേന്ദ്ര സർക്കാർ നയങ്ങൾമൂലം അനുഭവപ്പെടുന്ന കടുത്ത സാമ്പത്തിക

പ്രതിസന്ധിയിലും ക്ഷേമ പെൻഷൻ മുടക്കംകൂടാതെ നൽകുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. ഏപ്രിൽ 2023 വരെയുള്ള പെൻഷൻ വിതരണം ചെയ്തുകഴിഞ്ഞു. മെയ്, ജൂൺ മാസങ്ങളിലെ പെൻഷൻ ആഗസ്റ്റ് 2023-ന് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സാമൂഹ്യ സുരക്ഷാ പദ്ധതികൾക്ക് പണം അനുവദിക്കാൻ നടപടി**

87 (529) ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പണം നൽകാത്തത് കാരണം സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള നിരവധി സാമൂഹ്യ സുരക്ഷാ പദ്ധതികൾ പ്രതിസന്ധിയിലായിരിക്കുകയാണെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ?

നിലവിൽ സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കെല്ലാം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഭരണവകുപ്പ് ആവശ്യപ്പെടുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

(ബി) താലോലം, സ്നേഹപൂർവം, വീ കെയർ, ആശ്വാസ കിരണം, സമാശ്വാസം, ഭിന്നശേഷിക്കാർക്കുള്ള പദ്ധതികൾ, കാൻസർ സുരക്ഷാ ഫണ്ട്, സമാശ്വാസം പദ്ധതി, ഡിമെൻഷ്യ, അൾഷിമേഴ്സ് രോഗികൾക്കായുള്ള പദ്ധതികൾ തുടങ്ങിയ സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള പദ്ധതികൾക്ക് അനുവദിച്ച തുക പോലും നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള താലോലം പദ്ധതി ഇപ്പോൾ State Health Agency (SHA) മുഖേനയാണ് നടപ്പിലാക്കുന്നത്. കൂടാതെ കാൻസർ സുരക്ഷാ പദ്ധതി, ശ്രുതിതരംഗം എന്നീ പദ്ധതികളും State Health Agency (SHA) മുഖേനയാണ് നടപ്പിലാക്കുന്നത്. ആശ്വാസ കിരണം, പദ്ധതിയുടെ നടത്തിപ്പിനായി 15 കോടി രൂപ അനുവദിക്കുകയും സമാശ്വാസം പദ്ധതിക്കായി 6 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് അനുമതി നൽകിയിട്ടുമുണ്ട്. വീ കെയർ പദ്ധതിയുടെ നടത്തിപ്പിനായി 32.7 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുകയും 20 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അൾഷിമേഴ്സ്, ഡിമെൻഷ്യ, രോഗികൾക്കുള്ള

പദ്ധതികൾ തുടങ്ങി കേരള സാമൂഹ്യ സുരക്ഷാമിഷന്റെ എല്ലാ പദ്ധതികൾക്കും പ്രൊപ്പോസൽ ഭരണവകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

(സി) സർക്കാരിന്റെ അടിയന്തര സഹായം ആവശ്യമുള്ള പതിമൂന്നോളം സാമൂഹ്യസുരക്ഷാ പദ്ധതികൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പണം അനുവദിക്കാൻ തയ്യാറാകുമോ?

ഭരണവകുപ്പിൽനിന്നും തുക ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

**കാൻസർ രോഗികൾക്കുള്ള സമാശ്വാസ പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി**

88 (530) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാൻസർ രോഗികൾക്കുള്ള സമാശ്വാസ പെൻഷൻ മറ്റ് സാമൂഹ്യ പെൻഷൻ തുകയ്ക്ക് സമാനമായി ആയിരത്തി അറുനൂറ് രൂപയായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പെൻഷൻ തുക വർദ്ധിപ്പിക്കുന്ന വിഷയത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**സാമൂഹ്യ സുരക്ഷ പെൻഷൻ പദ്ധതി**

89 (531) ഡോ. മാത്യൂ കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷ പെൻഷൻ നൽകുന്നതിനുവേണ്ടിയുള്ള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി നാളിതുവരെ എത്ര രൂപയുടെ വായ്പയെടുത്തിട്ടുണ്ട്; വിശദമാക്കാമോ?

കമ്പനി രൂപീകൃതമായ 2018-19 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സാമൂഹിക സുരക്ഷാ പെൻഷൻ ലിമിറ്റഡ് കമ്പനി ആകെ 33,191.33 കോടി രൂപ വായ്പ എടുത്തിട്ടുണ്ട്. പ്രസ്തുത വായ്പയിൽനിന്ന് കമ്പനി 21,818.04 കോടി രൂപ തിരിച്ചടവ് നടത്തുകയുണ്ടായി. നിലവിൽ 11373.29 കോടി രൂപയാണ് വായ്പയായി അവശേഷിക്കുന്നത്.

(ബി) പ്രസ്തുത കമ്പനി ഏതൊക്കെ സ്ഥാപനങ്ങളിൽനിന്ന് എത്ര ശതമാനം പലിശയ്ക്കാണ് വായ്പ എടുത്തിട്ടുള്ളത്; ഇതിന്റെ തിരിച്ചടവ് വ്യവസ്ഥകൾ എന്താണ്; വ്യക്തമാക്കാമോ?

കമ്പനി കെ.എസ്.എഫ്.ഇ., കെ.എസ്.ബി.സി., കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, പെൻഷൻ വിതരണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കെ.എഫ്.സി. എന്നീ സ്ഥാപനങ്ങളിൽ നിന്ന് വിവിധ കാലയളവുകളിൽ 6.85% മുതൽ 10.00% വരെയുള്ള നിരക്കുകളിലാണ് വായ്പ എടുത്തിട്ടുള്ളത്. കാലാവധി അവസാനിക്കുന്ന മുറയ്ക്കോ, വായ്പ വിതരണം ചെയ്ത സ്ഥാപനം തിരിച്ചടവ് ആവശ്യപ്പെടുന്ന മുറയ്ക്കോ കമ്പനി വായ്പ തിരിച്ചടവ് നടത്തിവരുന്നു.

(സി) പ്രസ്തുത കമ്പനിക്ക് സർക്കാർ ഏതൊക്കെ രീതിയിലുള്ള ധനസഹായങ്ങളാണ് നൽകുന്നത്; നടപ്പ് സാമ്പത്തിക വർഷം ഈ ഇനത്തിൽ വകയിരുത്തിയ തുക, കൈമാറിയ തുക എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ?

നടപ്പ് സാമ്പത്തിക വർഷത്തിൽ 2235-60-102-89-NV ശീർഷകത്തിൽ Assistance to Kerala Social Security Pension Limited എന്ന ആവശ്യത്തിലേക്കായി 9764 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽനിന്നും നാളിതുവരെ 1500 കോടി രൂപ കമ്പനിക്ക് കൈമാറിയിട്ടുണ്ട്.

(ഡി) പെട്രോളിയം ഉല്പന്നങ്ങൾക്ക് സോഷ്യൽ സെക്യൂരിറ്റി സെസ്സ് ഇനത്തിൽ നാളിതുവരെ പിരിഞ്ഞു കിട്ടിയ തുക എത്രയാണ്; ഇതിൽ എത്ര തുക സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട് വിശദാംശം വ്യക്തമാക്കാമോ?

2023 ഏപ്രിൽ 1 മുതൽ നിലവിൽ വന്ന സോഷ്യൽ സെക്യൂരിറ്റി സെസ്സിൽ നിന്നും (ലിറ്ററിന് 2 രൂപ നിരക്കിൽ), നടപ്പ് സാമ്പത്തിക വർഷം 31 ജൂലൈ 2023 വരെ, ലഭ്യമായ കണക്കുകൾ പ്രകാരം, പെട്രോളിയം ഉല്പന്നങ്ങൾക്ക് പിരിഞ്ഞു കിട്ടിയ തുക 260.56 കോടി രൂപയാണ് (Provisional). സർക്കാരിന്റെ വരവുകളെല്ലാം സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലാണ് സ്വീകരിക്കപ്പെടുന്നത്. അപ്രകാരം ലഭിക്കുന്ന

തുകയിൽനിന്നുമാണ് ബഡ്ജറ്റിന് വിധേയമായി ചെലവുകൾ നിർവ്വഹിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ 1500 കോടി രൂപ സഞ്ചിതനിധിയിൽനിന്നും കമ്പനിക്ക് കൈമാറിയിട്ടുണ്ട്.

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

90 (532) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ എത്രപേർക്ക് ലഭിക്കുന്നുണ്ടെന്നും 2016-ൽ എത്രപേർക്ക് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

നിലവിൽ സംസ്ഥാനത്ത് ആകെ 52,45,522 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 'സേവന' പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 2023 ഏപ്രിൽ മാസത്തെ കണക്ക് പ്രകാരം പഞ്ചായത്ത് വകുപ്പ് ശിപാർശ ചെയ്ത പരിശോധനാ നടപടിക്രമങ്ങൾ പൂർത്തീകരിച്ച 50,57,901 ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിച്ചിട്ടുണ്ട്.

സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന വിവിധ ക്ഷേമനിധി ബോർഡുകളിലെ 6,73,659 ഗുണഭോക്താക്കൾക്ക് 2023 ഏപ്രിൽ മാസത്തെ കണക്ക് പ്രകാരം ക്ഷേമനിധി ബോർഡ് പെൻഷനുകളും അനുവദിച്ചിട്ടുണ്ട്.

തൊഴിലും നൈപുണ്യവും വകുപ്പുമുഖേന 1330 പേർക്ക് മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷൻ നൽകുന്നുണ്ട്.

കായിക യുവജനകാര്യ വകുപ്പുമുഖേന 1123 പേർക്ക് സർക്കസ് പെൻഷനും 102 പേർക്ക് അവശ കായികതാര പെൻഷനും, പിന്നാക്ക വിഭാഗ വികസന വകുപ്പുമുഖേന 302 പേർക്ക് വിശ്വകർമ്മ പെൻഷനും നൽകി വരുന്നു. 2016-ൽ എത്രപേർക്ക് നൽകിയിട്ടുണ്ടെന്നുള്ളത് ചുവടെ ചേർക്കുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ - 3901133

ക്ഷേമനിധി ബോർഡ് പെൻഷൻ - 946863

വിവിധ വകുപ്പുകൾ മുഖേനയുള്ളവ - 4672

ആകെ - 4852668

(ബി) നിലവിൽ പ്രസ്തുത പെൻഷൻ കുടിശ്ശികയുണ്ടോ; എങ്കിൽ വിശദമാക്കാമോ?

2023 ഏപ്രിൽ മാസം വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. 2023 മെയ്, ജൂൺ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**കെ ഫോൺ പദ്ധതി**

91 (533) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഒപ്റ്റിക്കൽ കേബിളുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച അഭിപ്രായം വകുപ്പിന്റെ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഒപ്റ്റിക്കൽ കേബിളുകൾ സ്ഥാപിക്കുന്നതിലൂടെ മാത്രമേ കെ-ഫോൺ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ തന്നെ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഒപ്റ്റിക്കൽ കേബിളുകൾ സ്ഥാപിക്കുന്നത്

സംബന്ധിച്ച് പ്രത്യേകമായ അഭിപ്രായം വകുപ്പിന്റെ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

**ഇന്ധനങ്ങളിൽ നിന്നുള്ള വരുമാനം**

92 (534) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എന്നുമുതലാണ് ഇന്ധന വിലയിൽ നിന്നും സാമൂഹ്യ സുരക്ഷ സെസ് ഈടാക്കാൻ തുടങ്ങിയത്; നാളിതുവരെ എത്ര രൂപയാണ് ഈ ഇനത്തിൽ സർക്കാരിന് ലഭിച്ചിട്ടുള്ളത്?

2023-ലെ കേരള ധനകാര്യ നിയമ പ്രകാരം സംസ്ഥാനത്ത് 2023 ഏപ്രിൽ 1 മുതലാണ് ഇന്ധന വിലയിൽ സാമൂഹ്യ സുരക്ഷ സെസ് ഈടാക്കാൻ തുടങ്ങിയത്. നടപ്പ് സാമ്പത്തിക വർഷം 2023 ജൂലൈ 31 വരെ ലഭ്യമായ കണക്കുകൾ പ്രകാരം പെട്രോളിയം ഉല്പന്നങ്ങളിൽ നിന്നും സെസ് ഇനത്തിൽ പിരിഞ്ഞു കിട്ടിയ തുക 260.56 കോടി രൂപയാണ് (provisional).

(ബി) 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര ലിറ്റർ വീതമാണ് ഓരോ ഇന്ധനവും വിറ്റഴിച്ചിട്ടുള്ളത്;

ഇവയുടെ നികുതി ഇനങ്ങളിൽ സർക്കാരിന് എത്ര രൂപ വീതമാണ് വരുമാനം ലഭിച്ചിട്ടുള്ളത് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

എറണാകുളം ജില്ലയിൽനിന്നും ലഭ്യമാക്കിയിട്ടുള്ള ഓയിൽ കമ്പനികളുടെ കണക്കുകൾ പ്രകാരം 2021-22 മുതൽ 2023 ജൂൺ 30 വരെയുള്ള പെട്രോൾ, ഡീസൽ ഉപഭോഗത്തിന്റെ സൂചക കണക്കുകളും, പെട്രോൾ, ഡീസൽ എന്നിവയിൽനിന്നും 2021-22 മുതൽ 2023-24 (2023 ജൂലൈ 31 വരെ) വരെ ലഭ്യമായിട്ടുള്ള നികുതിയുടെ വർഷം തിരിച്ചുള്ള കണക്കുകളും അനുബന്ധമായി ചേർക്കുന്നു.+

(സി) ഇന്ധന വിലയോടൊപ്പം ഈടാക്കുന്ന സാമൂഹ്യ സുരക്ഷാ സെസ്സ് ഇനത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന പ്രതിവർഷ വരുമാനം എത്ര രൂപയാണ്?

2023-24-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ഖണ്ഡിക 563-ൽ പ്രഖ്യാപിച്ച പ്രകാരം ഇന്ധന വിലയോടൊപ്പം ഈടാക്കുന്ന സാമൂഹ്യ സുരക്ഷാ സെസ്സ് ഇനത്തിൽ 750 കോടി രൂപയാണ് സർക്കാർ പ്രതീക്ഷിക്കുന്ന പ്രതിവർഷ വരുമാനം.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**നികുതി വർദ്ധനവ്**

93 (535) ശ്രീ. സജീവ് ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ സെസ് അടക്കം വിവിധ നികുതികൾ വർദ്ധിപ്പിച്ചതിനെത്തുടർന്ന് സംസ്ഥാനത്തുണ്ടായ വിലക്കയറ്റത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നികുതികൾ വർദ്ധിപ്പിച്ചതിനെത്തുടർന്ന് സംസ്ഥാനത്തുണ്ടായ വിലക്കയറ്റത്തെക്കുറിച്ച് ധനകാര്യ വകുപ്പ് പഠനം നടത്തിയിട്ടില്ല.

(ബി) സർക്കാർ നൽകാനുള്ള കുടിശ്ശിക നൽകാത്തതുമൂലം പ്രതിസന്ധിയിലായ സപ്ലൈകോ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് കുടിശ്ശിക അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

സപ്ലൈകോയ്ക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശിക തുകയിൽ, നെല്ല് സംഭരണത്തിന് സംസ്ഥാന പ്രോത്സാഹന ബോണസ് ഇനത്തിൽ 180 കോടി രൂപയും വിപണി ഇടപെടലിനായി (Market Intervention Operations)

70 കോടി രൂപയും ചേർത്ത് ആകെ 250 കോടി രൂപ അനുവദിക്കുന്നതിനായി ധനവകുപ്പിൽനിന്നും അനുമതി നൽകിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങൾക്കുള്ള കുടിശ്ശിക സാമ്പത്തിക സ്ഥിതി പരിഗണിച്ച് കൊടുക്കുന്നതിന് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ഇതിന് പുറമെ ബാങ്കുകളിൽനിന്നും ലോൺ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കും.

(സി) സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ ചില ഘടകങ്ങളാൽ സംസ്ഥാനം സാമ്പത്തിക ഞെരുക്കം നേരിടുന്നുവെന്നത് ഒരു വസ്തുതയാണ്. മുൻസാമ്പത്തിക വർഷത്തെ അധികകടമെടുപ്പ്, പൊതുകണക്കിനത്തിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിൽ കുറവുവരുത്തുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനു പുറമേ ചരക്ക്

സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസം മുതൽ അവസാനിപ്പിച്ചതും ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിൽ കുറവ് വന്നതും, റവന്യൂ കമ്മി ഗ്രാന്റ് ഒരോ വർഷവും കുറഞ്ഞു വരുന്നതും പ്രസ്തുത ഗ്രാന്റ് 2023-24-ൽ അവസാനിക്കുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നവയാണ്.

(ഡി) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം ക്ഷേമ പ്രവർത്തനങ്ങൾപോലും മുടങ്ങിയിരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

നിലവിലെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും ക്ഷേമ പ്രവർത്തനങ്ങൾക്ക് ഭംഗം വരാതിരിക്കാൻ സർക്കാർ പരമാവധി ശ്രമിച്ചിട്ടുണ്ട്.

**ഡിവിസിബിൾ പൂളിൽ നിന്നുള്ള നികുതി വിഹിതം**

94 (536) ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. വി. കെ. പ്രശാന്ത്:

<u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട ഡിവിസിബിൾ പൂളിൽ നിന്നുള്ള നികുതി വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട ഡിവിസിബിൾ പൂളിൽനിന്നുള്ള നികുതി വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരുന്നുണ്ട്. പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിന് ലഭിച്ചുകൊണ്ടിരുന്നത് 3.875 ശതമാനം വിഹിതമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷംതോറും സംഭവിക്കുന്നത്.

(ബി) ആസൂത്രണ കമ്മീഷൻ നീതി ആയോഗ് സംവിധാനത്തിലേയ്ക്ക് മാറിയപ്പോൾ ഏതൊക്കെ ധനസഹായ പദ്ധതികളാണ് സംസ്ഥാനത്തിന് നഷ്ടപ്പെട്ടത്; വിശദാംശം നൽകുമോ;

(സി) കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന ഏതൊക്കെ വരുമാന മാർഗ്ഗങ്ങളാണ് കേന്ദ്ര സർക്കാർ നിർത്തലാക്കിയത്; വിശദമാക്കുമോ?

(ബി&സി) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണുണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ 90% കേന്ദ്രവിഹിതം ലഭിക്കുന്ന ആദ്യത്തേതിൽ പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. കോർ എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40% സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന്

ഉണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സ്വന്തമായി ആസൂത്രണം ചെയ്യാനോ നിബന്ധനകളിൽ മാറ്റം വരുത്താനോ സംസ്ഥാനങ്ങളെ അനുവദിക്കാറില്ല. കോർ എന്ന ഗണത്തിൽ ഇപ്പോഴുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40 ൽ നിന്ന് 75:25 ആക്കണമെന്ന് സംസ്ഥാനം നിരന്തരം കേന്ദ്രത്തോട് അഭ്യർത്ഥിക്കാറുണ്ടെങ്കിലും ഇതിൽ അനുകൂല നിലപാട് കേന്ദ്രത്തിൽനിന്നുമുണ്ടായിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യതകൾ കുറയ്ക്കുന്ന തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണുണ്ടാകേണ്ടത്. അപ്രകാരം അധികമായി കണ്ടെത്തുന്ന തുക കൂടി സംസ്ഥാനത്തിന് വികസനക്ഷേമ പദ്ധതികൾക്കുവേണ്ടി വിനിയോഗിക്കാൻ കഴിയും. ആസൂത്രണ കമ്മീഷൻ നീതി ആയോഗ് സംവിധാനത്തിലേയ്ക്ക് മാറിയപ്പോൾ സംസ്ഥാനങ്ങൾക്ക് വാർഷിക പദ്ധതിയിൽ നൽകുന്ന ഉപാധിരഹിത സഹായമുൾപ്പെടെ സാധാരണ കേന്ദ്ര സഹായം (എൻ.സി.എ.), ചില പ്രത്യേക പദ്ധതികൾക്കായി അധിക കേന്ദ്ര സഹായവും ധനകൈമാറ്റവും (ഒറ്റത്തവണ അധിക കേന്ദ്ര സഹായം), വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾക്കും ചില മലയോര സംസ്ഥാനങ്ങൾക്കും നൽകുന്ന

ഉപാധിരഹിത സഹായമുൾപ്പെടെ പ്രത്യേക കേന്ദ്ര സഹായം, പ്രത്യേക പദ്ധതി സഹായം എന്നിവയെല്ലാം നിർത്തലാക്കുകയുണ്ടായി. ഇതിനു പുറമേ 2017 ജൂലൈ മാസം മുതൽ സംസ്ഥാനത്തിന് ലഭ്യമായികൊണ്ടിരുന്ന ഒറ്റത്തവണ ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയിട്ടുമുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-26 കാലയളവിലേയ്ക്ക് സെക്ടർ സ്പെസിഫിക് ഗ്രാന്റിനത്തിൽ 2412 കോടി രൂപയും സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റിനത്തിൽ 1100 കോടി രൂപയും ശിപാർശ ചെയ്തിരുന്നുവെങ്കിലും ആയത് കേന്ദ്ര സർക്കാർ പരിഗണിച്ചിരുന്നില്ല.

**സാമ്പത്തിക പ്രതിസന്ധി നേരിടാൻ നടപടി**

95 (537) ഡോ. മാത്യൂ കുഴൽനാടൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പെട്രോൾ, ഡീസൽ സെസ് അടക്കം വിവിധ നികുതികൾ ക്രമാതീതമായി വർദ്ധിപ്പിച്ചിട്ടും സർക്കാരിന് വരുമാനം ഉയർത്തി സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 8425 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതുമൂലമുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി ഈയിനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നടപ്പ് വർഷം 7246 കോടി രൂപയുടെ കുറവുണ്ടാകും. അങ്ങനെയിരിക്കേതന്നെ മുൻവർഷങ്ങളിലേതുപോലെ കേന്ദ്ര സർക്കാർ മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ

നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുകയും ചെയ്തിരുന്നു. ഇത്രയും ഭീമമായ കുറവ് തനത് വരുമാനത്തിലൂടെ നികത്താനും സാദ്ധ്യമല്ല. അതേസമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ കാരണം.

(സി) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം ക്ഷേമ പ്രവർത്തനങ്ങൾപോലും മുടങ്ങിയിരിക്കുന്നു എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ക്ഷേമ പ്രവർത്തനങ്ങൾക്കും സപ്ലൈകോയ്ക്കും കരാറുകാർക്കുമുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള ബാധ്യതകൾ അടിയന്തരമായി കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിച്ചും ചെലവുകളിൽ മിതത്വം പാലിച്ചും നിലവിലെ സാമ്പത്തിക ബുദ്ധിമുട്ട്

നേരിടാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. അതോടൊപ്പം വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ നടത്തിവരികയാണ്.

**ജീവിത ചെലവിലുണ്ടായ വർദ്ധനവ് പരിഹരിക്കാൻ നടപടി**

96 (538) ശ്രീ. പി. കെ. ബഷീർ:

ശ്രീ. എൻ. ഷംസുദ്ദീൻ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തെ വിവിധ നികുതി നിർദ്ദേശങ്ങൾ നടപ്പിലാക്കിയതോടുകൂടി ശരാശരി കുടുംബചെലവ് മുപ്പത് മുതൽ മുന്നൂറ് ശതമാനം വരെ വർദ്ധിച്ച് ജനജീവിതം ദുസഹമായിരിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

രാജ്യത്താകെ ഉയർന്ന ഇന്ധനവിലയും അതിന്റെ ഫലമായി നിലനിൽക്കുന്ന പണപ്പെരുപ്പവും കാരണം നിത്യോപയോഗ സാധനങ്ങളുടെ ഉൾപ്പെടെയുള്ള എല്ലായിനങ്ങളിലും വില വർദ്ധനവുണ്ടായിട്ടുണ്ട്. ഈ സാഹചര്യം മാത്രമേ സംസ്ഥാനത്തും പ്രതിഫലിച്ചിട്ടുള്ളൂ.

(ബി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിനിടയാക്കിയ ഇന്ധന സെസ് പിൻവലിക്കാൻ തയ്യാറാകുമോ;

(സി) മറ്റ് നികുതി നിർദ്ദേശങ്ങളിൽ എന്തെങ്കിലും കുറവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(ബി&സി) പരിഗണനയിലില്ല.

**സാമ്പത്തിക പ്രതിസന്ധി നേരിടാൻ നടപടി**

97 (539) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയുള്ളതായി സംസ്ഥാന സർക്കാർ കേന്ദ്രത്തിനെ അറിയിച്ചിട്ടില്ലെന്ന കേന്ദ്ര ധനകാര്യ സഹമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ ചില ഘടകങ്ങളാൽ സംസ്ഥാനം സാമ്പത്തിക ഞെരുക്കം നേരിടുന്നുവെന്നത് ഒരു

വസ്തുതയാണ്. മുൻസാമ്പത്തികവർഷത്തെ അധികകടമെടുപ്പ്, പൊതുകണക്കിനത്തിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനുപുറമേ ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസം മുതൽ അവസാനിപ്പിച്ചതും ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിൽ കുറവ് വന്നതും റവന്യൂ കമ്മി ഗ്രാന്റ് ഓരോവർഷവും കുറഞ്ഞുവരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ഈ നിലപാടിൽ മാറ്റംവരുത്തണമെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ആഗസ്റ്റിനുമുൻപ് നിലനിന്നിരുന്നപോലെ പൊതുകണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും

സംസ്ഥാനത്തിന്റെ കടമെടുപ്പ് നിർണ്ണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്നും 22-07-2022-ലെ 134/2022/എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യമന്ത്രിയോട് അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 19-01-2023-ലെ 133/CM/2023 കത്ത് പ്രകാരം ഒരു നിവേദനം ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനുപുറമേ 12-07-2023-ൽ സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് അയച്ച കത്തിൽ ജി.എസ്.ടി. നഷ്ടപരിഹാരം പുനഃസ്ഥാപിക്കണമെന്നും സംസ്ഥാനത്തിന്റെ നിലവിലെ വായ്പാപരിധി 1% കൂടി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്, കൂടാതെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 2023-24 സാമ്പത്തിക വർഷത്തിൽ അവസാനിക്കുകയും ധനകാര്യ കമ്മീഷൻ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് വീതിച്ചുനൽകുന്ന നികുതി വിഹിതത്തിന്റെ ശതമാനത്തിൽ മുൻ കമ്മീഷനുകളെ അപേക്ഷിച്ച് കുറവുണ്ടാകുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ പ്രത്യേക സാമ്പത്തിക

സഹായം അനുവദിക്കണമെന്നും പ്രസ്തുത കത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. കത്തുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി ചൂണ്ടിക്കാണിച്ച് കേന്ദ്രസർക്കാരിന് നൽകിയിട്ടുള്ള കത്തുകളുടെയും മറ്റ് രേഖകളുടെയും പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ കേന്ദ്രസർക്കാരിൽനിന്ന് ലഭിച്ച മറുപടികളുടെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) കേന്ദ്രസർക്കാരിൽനിന്ന് ലഭിച്ച മറുപടിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**സാമ്പത്തിക പ്രതിസന്ധി നേരിടാൻ സ്വീകരിച്ച നടപടി**

98 (540) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സാമ്പത്തിക പ്രതിസന്ധി തുടരുന്ന സാഹചര്യത്തിൽ ട്രഷറികളിൽനിന്നും പിൻവലിക്കാവുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ?

ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ കാലങ്ങളായി നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോസമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. അതിന്റെ ഭാഗമായി വെയ്സ് ആൻഡ് മീൻസ് പരിധി 10 ലക്ഷമായി നിശ്ചയിച്ചിട്ടുണ്ട്. അതേസമയം, വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾക്ക്

നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കരാറുകാരുടെ ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന് കടം എടുക്കാവുന്ന പരിധിയിൽ നിന്നുകൊണ്ട് സാമ്പത്തികവർഷം ശേഷിക്കുന്ന കാലയളവിലെ ചെലവുകൾ നേരിടാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധി എപ്രകാരം നേരിടാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ നിലവിൽ നിശ്ചയിച്ച് നൽകിയിരിക്കുന്ന കടമെടുപ്പ് പരിധിയിൽനിന്നുകൊണ്ട് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റ് കമ്മിറ്റ്മെന്റ്സ് നിറവേറ്റുക അത്യന്തം ശ്രമകരമായ ദൗത്യമാണ്. തനത് വരുമാനം വർദ്ധിപ്പിച്ചും ചെലവുകളിൽ മിതത്വം പാലിച്ചും നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിനെ നേരിടാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

(സി) സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പ്രത്യേക കേന്ദ്രസഹായം നേടിയെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ ചില ഘടകങ്ങളാൽ സംസ്ഥാനം സാമ്പത്തിക ഞെരുക്കം നേരിടുന്നുവെന്നത് ഒരു വസ്തുതയാണ്. മുൻസാമ്പത്തിക വർഷത്തെ അധികകടമെടുപ്പ്, പൊതുകണക്കിനത്തിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനുപുറമേ ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസം മുതൽ അവസാനിപ്പിച്ചതും ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിൽ കുറവ് വന്നതും റവന്യൂ കമ്മി ഗ്രാന്റ് ഓരോവർഷവും കുറഞ്ഞുവരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ഈ നിലപാടിൽ മാറ്റംവരുത്തണമെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ആഗസ്റ്റിന് മുൻപ്

നിലനിന്നിരുന്നപോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് നിർണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്നും 22-07-2022-ലെ 134/2022/എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 19-01-2023-ലെ 133/CM/2023 കത്ത് പ്രകാരം ഒരു നിവേദനം ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനുപുറമേ 12-07-2023-ൽ സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് അയച്ച കത്തിൽ ജി.എസ്.ടി. നഷ്ടപരിഹാരം പുനഃസ്ഥാപിക്കണമെന്നും സംസ്ഥാനത്തിന്റെ നിലവിലെ വായ്പാപരിധി 1% കൂടി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 2023-24 സാമ്പത്തിക വർഷത്തിൽ അവസാനിക്കുകയും ധനകാര്യ കമ്മീഷൻ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് വീതിച്ചുനൽകുന്ന നികുതി വിഹിതത്തിന്റെ ശതമാനത്തിൽ മുൻ കമ്മീഷനുകളെ അപേക്ഷിച്ച്

കുറവുണ്ടാകുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കണമെന്നും പ്രസ്തുത കത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും കേന്ദ്രസർക്കാരിൽനിന്നും ഇതുസംബന്ധിച്ച് മറുപടിയൊന്നും ലഭ്യമായിട്ടില്ല.

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

99 (541) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടില്ലെന്ന കേന്ദ്രമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ നിജസ്ഥിതി അറിയിക്കുമോ; ഇതുസംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നടപ്പുസാമ്പത്തിക വർഷം നാളിതുവരെ എത്ര കോടി രൂപ കടമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ നാല് ശതമാനമായി ഉയർത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ആയതിൻമേൽ മറുപടി ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്കതീതമായ ചില ഘടകങ്ങളാൽ സംസ്ഥാനം സാമ്പത്തിക ഞെരുക്കം നേരിടുന്നുവെന്നത് ഒരു വസ്തുതയാണ്. മുൻസാമ്പത്തിക വർഷത്തെ അധികകടമെടുപ്പ്, പൊതുകണക്കിനത്തിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനുപുറമേ ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസം മുതൽ അവസാനിപ്പിച്ചതും ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിൽ കുറവ് വന്നതും റവന്യൂ കമ്മി ഗ്രാന്റ് ഓരോവർഷവും കുറഞ്ഞുവരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ഈ നിലപാടിൽ മാറ്റം വരുത്തണമെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ്

നിലനിന്നിരുന്നപോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് നിർണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്നും 22-07-2022-ലെ 134/2022/എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 19-01-2023-ലെ 133/CM/2023 കത്ത് പ്രകാരം ഒരു നിവേദനം ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനുപുറമേ 12-07-2023-ൽ സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് അയച്ച കത്തിൽ ജി.എസ്.ടി. നഷ്ടപരിഹാരം പുനഃസ്ഥാപിക്കണമെന്നും സംസ്ഥാനത്തിന്റെ നിലവിലെ വായ്പാപരിധി 1% കൂടി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 2023-24 സാമ്പത്തിക വർഷത്തിൽ അവസാനിക്കുകയും ധനകാര്യ കമ്മീഷൻ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് വീതിച്ചുനൽകുന്ന നികുതി വിഹിതത്തിന്റെ ശതമാനത്തിൽ മുൻ കമ്മീഷനുകളെ അപേക്ഷിച്ച്

കുറവുണ്ടാകുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കണമെന്നും പ്രസ്തുത കത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും കേന്ദ്രസർക്കാരിൽനിന്നും ഇതുസംബന്ധിച്ച് മറുപടിയൊന്നും ലഭ്യമായിട്ടില്ല. കത്തുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താല്ക്കാലിക കണക്കുകൾ പ്രകാരം 2023 ജൂൺ മാസം 30 വരെ 4153.18 കോടി രൂപയുടെ വായ്പ (പൊതുകടം തനി) എടുക്കുകയുണ്ടായി.

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഏറെ മോശമാണെന്ന തരത്തിൽ വാർത്തകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ആയതിൽ വ്യക്തത വരുത്തുന്നതിനായി നിലവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കുമോ?

ധവളപത്രം പുറപ്പെടുവിക്കേണ്ട സാഹചര്യം നിലവിലില്ല.

(ഡി) സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തി ധനദൃഢീകരണം സാധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ടി ദിശയിലേയ്ക്കുള്ള നടപടികൾ സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി പോരുന്നുണ്ട്.

**പൊന്നാനി മണ്ഡലത്തിലെ പെരുമ്പടപ്പിൽ പുതിയ ട്രഷറി നിർമ്മിക്കുന്നത്**

100 (543) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ പെരുമ്പടപ്പിൽ പുതിയ ട്രഷറി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

പൊന്നാനി നിയോജകമണ്ഡലത്തിലെ പെരുമ്പടപ്പിൽ പുതിയ ട്രഷറി വേണമെന്നാവശ്യപ്പെട്ടുള്ള നിവേദനമൊന്നും സർക്കാരിനോ ട്രഷറി വകുപ്പിനോ ലഭിച്ചിട്ടില്ല. ആയതിനാൽ ഈ വിഷയം നിലവിൽ പരിഗണനയിലില്ല.

**ശ്രീമതി തങ്കമ്മാ ജോസഫിന്റെ പെൻഷൻ പുനഃസ്ഥാപനം**

101 (544) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നെല്ലിക്കുഴിയിലെ വലിയപറമ്പിൽ, തങ്കമ്മാ ജോസഫിന്റെ പെൻഷൻ (പെൻഷൻ കോഡ് 3/9956, PPO.No.KTM19815) തടഞ്ഞുവച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വിശദീകരിക്കാമോ?

ശ്രീമതി തങ്കമ്മാ ജോസഫ് (പെൻഷൻ കോഡ് 3/9956, PPO NO. KTM 19815) മസ്റ്റർ ചെയ്യാത്ത കാരണത്താൽ ടിയാരിയുടെ പെൻഷൻ വിതരണം 01-05-2019 മുതൽ നിർത്തി വച്ചിരുന്നു.

(ബി) ശ്രീമതി തങ്കമ്മാ ജോസഫ് ഇക്കാര്യം സംബന്ധിച്ച് മുളന്തുരുത്തി സബ്ട്രഷറി ഓഫീസർക്ക് നിവേദനം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ശ്രീമതി തങ്കമ്മാ ജോസഫ് മുളന്തുരുത്തി സബ്ട്രഷറി ഓഫീസർക്ക് നിവേദനം നൽകിയിട്ടുണ്ട്. ടിയാരി 21-01-2023-ന് നേരിട്ട് ഹാജരായി

പെൻഷൻ പുനഃസ്ഥാപിച്ച് നൽകണമെന്ന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ജനറലിന്റെ സാധൂകരണം ലഭ്യമാക്കി 06-06-2023 മുതലുള്ള പെൻഷൻ നൽകി വരുന്നുണ്ട്.

(സി) പെൻഷൻ പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ട്രഷറി ഡയറക്ടർ ശ്രീമതി തങ്കമ്മാ ജോസഫിന്റെ പെൻഷൻ ബുക്കിന്റെ കോപ്പി ടിയാൾക്ക് നൽകിയിട്ടുണ്ടോ; പ്രസ്തുത പെൻഷണർക്ക് ലഭിച്ചിരുന്ന പെൻഷൻ പുനഃസ്ഥാപിച്ച് നൽകുന്നതിലുള്ള കാലതാമസത്തെക്കുറിച്ച് വിശദീകരിക്കാമോ; ടിയാന്റെ നിവേദനത്തിന്മേൽ നടപടി സ്വീകരിക്കാൻ തടസ്സം നേരിടുന്നുണ്ടോ; വ്യക്തമാക്കാമോ; ആയത് ഉടൻ പരിഹരിച്ച് നൽകുമോ?

പെൻഷൻ പുനഃസ്ഥാപിക്കുന്നതിന് പെൻഷൻ ബുക്കിന്റെ ഡിസ്ബേർസ്മെന്റ് ഭാഗം ട്രഷറി ഡയറക്ടറേറ്റിൽനിന്നും 19-05-2023-ന് ലഭ്യമാക്കിയിട്ടുണ്ട്. മൂന്ന് വർഷക്കാലയളവിന് മുകളിൽ ഒരു പെൻഷണർ പെൻഷൻ വാങ്ങാതിരുന്നാൽ തുടർന്ന് പെൻഷൻ നൽകുന്നതിന് KTC Vol I Rule 295 (a) പ്രകാരം അക്കൗണ്ടന്റ് ജനറലിന്റെ റീവാലിഡേഷൻ

ആവശ്യമാണ്. 12-06-2023-ന് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽനിന്ന് പെൻഷൻ റീവാലിഡേറ്റ് ചെയ്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 06-06-2023 മുതൽ പെൻഷൻ പുനഃസ്ഥാപിച്ച് നൽകിയിട്ടുണ്ട്. 01-05-2019 മുതൽ 05-06-2023 വരെയുള്ള പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിന് KSR Part III Rule 136 പ്രകാരം സർക്കാർ അനുമതി ആവശ്യമായതിനാൽ പെൻഷനറിൽനിന്നും പെൻഷൻ കുടിശ്ശികയ്ക്കുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ചാരുംമൂട് സിവിൽ സ്റ്റേഷൻ നിർമ്മാണം**

102 (545) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ ചാരുംമൂട് സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ-ക്രമ നമ്പർ-1059 ആയി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ എന്ന ബഡ്ജറ്റ് രേഖയിൽ മുൻഗണനാ പ്രവൃത്തിയായി ഉൾപ്പെടുത്തിയ ചാരുമ്മൂട് സിവിൽ സ്റ്റേഷൻ നിർമാണം എന്ന പ്രവൃത്തിക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച ഭരണാനുമതി ശിപാർശ ഗവൺമെന്റിന്റെ പരിഗണനയിലുമാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ക്ലാസിഫിക്കേഷൻ**

103 (546) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 29-10-2022-ലെ ജി.ഒ(പി) നം. 131/2022/ഫിൻ സർക്കാർ ഉത്തരവ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവിൽ പരാമർശിക്കുന്നതിൻപ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളുടെ

ക്ലാസിഫിക്കേഷൻ നടത്തുന്നതിനായി കെ.എസ്.എഫ്.ഇ.-യിൽനിന്നും പ്രൊപ്പോസൽ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ ക്ലാസിഫിക്കേഷൻ നടത്തുന്നതിനായി കെ.എസ്.എഫ്.ഇ.-യിൽനിന്നുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽനിന്നും ആവശ്യപ്പെട്ടിട്ടില്ല.

(ബി) കെ.എസ്.എഫ്.ഇ. പ്രസ്തുത പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കെ.എസ്.എഫ്.ഇ. പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ സമർപ്പിച്ചിട്ടില്ല.

(സി) പ്രസ്തുത പ്രൊപ്പോസൽ ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

കെ.എസ്.എഫ്.ഇ.-യിൽനിന്നും പ്രൊപ്പോസൽ ലഭിക്കുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

**പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട്**

104 (547) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) സമർപ്പിച്ചിട്ടുണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ?

(എ&ബി) പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി 30-04-2021 തീയതിയിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. ആയതിന്മേൽ തീരുമാനമാകുന്നമുറയ്ക്ക് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുന്നതാണ്.

(സി) പങ്കാളിത്ത പെൻഷൻ ഒഴിവാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദമാക്കുമോ?

ടി വിഷയത്തിന്മേൽ നയപരമായ തീരുമാനം ആവശ്യമായതിനാലും പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്ന സാഹചര്യത്തിലും ആയതിന്മേൽ

തീരുമാനമാകുന്നമുറയ്ക്ക് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പാറ ഉല്പന്നങ്ങളുടെ വില വർദ്ധനവ്**

105 (548) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാറ ഉല്പന്നങ്ങളുടെ ലഭ്യതക്കുറവുമൂലം നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സാമഗ്രികളുടെ വില കുതിച്ചുയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പിടിച്ച് നിർത്തി നിർമ്മാണ മേഖല സ്തംഭിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാറ ഉല്പന്നങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ പ്രസ്തുത ഉല്പന്നങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാറ ഉത്പന്നങ്ങൾക്ക് ആ സംസ്ഥാനങ്ങൾ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത് കാരണം നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സാമഗ്രികളുടെ വില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക**

106 (549) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രവൃത്തികൾ ചെയ്ത കരാറുകാർക്ക് കുടിശ്ശികയിനത്തിൽ നാളിതുവരെ നൽകാനുള്ള തുക എത്രയാണെന്ന് വകുപ്പുതിരിച്ച് വ്യക്തമാക്കുമോ;

(ബി) ചെറുകിട കരാറുകാർക്ക് നൽകാനുള്ള തുക എത്രയാണെന്നും കരാർ പ്രവൃത്തികൾ ചെയ്ത വൻകിട കമ്പനികൾക്ക് നൽകാനുള്ള തുക എത്രയാണെന്നും വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിനാവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. ബില്ലുകളുടെ സമയബന്ധിതമായ തീർപ്പാക്കലിനായി ബി.ഡി.എസ്. സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

**യു.എൽ.സി.സി.എസ്.-ന് ലഭിച്ച പ്രവൃത്തികൾ**

107 (550) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 7 വർഷത്തിനുള്ളിൽ യു.എൽ.സി.സി.എസ്.-ന് സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്നും എത്ര രൂപയുടെ പ്രവൃത്തികളാണ് നൽകിയിട്ടുള്ളത്;

(ബി) ഇക്കാലയളവിൽ യു.എൽ.സി.സി.എസ്.-ന് ലഭിച്ച പ്രവൃത്തികളിൽ, എൽ-1 കരാറുകാരനല്ലാതിരുന്നിട്ടും പത്ത് ശതമാനത്തിൽ താഴെയോ അതിന് തുല്യമോ ആയ തുകയുടെ അടിസ്ഥാനത്തിൽ

യു.എൽ.സി.സി.എസ്.-ന് മുൻഗണന നൽകിയതിനാൽ എത്രയെണ്ണം ലഭിച്ചു; ഏതൊക്കെയാണ്; വകുപ്പ് തിരിച്ച് കണക്ക് നൽകാമോ;

(സി) ഈ ഓരോ പ്രവൃത്തിയിലും മുകളിൽ പറഞ്ഞ എൽ-1 കരാറുകാരനും യു.എൽ.സി.സി.എസ്.-യും തമ്മിലുള്ള വ്യത്യാസം എന്താണ്; എൽ-1 ലേലക്കാർക്ക് പകരം യു.എൽ.സി.സി.എസ്.-ന് പ്രവൃത്തികൾ നൽകിയതിനാൽ ഉണ്ടാകുന്ന അധിക ചെലവ് എത്രയാണ്; പട്ടിക തിരിച്ച് കണക്ക് നൽകാമോ?

(എ-സി) വിവരം ശേഖരിച്ച് വരുന്നു.

**കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി**

108 (551) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുകയുടെ 30 ശതമാനവും കണ്ടിജൻസി ചാർജ്ജും അനുവദിച്ചാൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ആരംഭിക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ

ത്വരിതപ്പെടുത്തി തുക അനുവദിക്കുന്നതിനാവശ്യമായ തുടർനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

09-11-2022-ൽ നടന്ന മുൻഗണനാ പദ്ധതികളുടെ അവലോകന യോഗ തീരുമാനപ്രകാരം കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ കുറയ്ക്കുന്നതിനായി റീ-ഡിസൈൻ ചെയ്ത് ഫയൽ പുനഃസമർപ്പിക്കാൻ ഭരണവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ഭരണ വകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**നെന്മാറ മണ്ഡലത്തിലെ പദ്ധതികൾ**

109 (552) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് ഇരുപത് ശതമാനം തുക ബഡ്ജറ്റുകളിൽ വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെന്മാറ മണ്ഡലത്തിൽ ഇരുപത് ശതമാനം തുക ബഡ്ജറ്റുകളിൽ വകയിരുത്തിയിട്ടുള്ള പദ്ധതികൾ, പ്രസ്തുത പദ്ധതികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ വിവിധ വകുപ്പുകൾ ലഭ്യമാക്കിയിരിക്കുന്നത് അനുബന്ധമായി ചേർക്കുന്നു+.

**ജി.എസ്.ടി. വരുമാനം**

110 (553) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വരുമാനം പങ്കുവയ്ക്കൽ അനുപാതം 50:50 എന്നതിൽ നിന്ന് സംസ്ഥാനങ്ങൾക്ക് അനുകൂലമായി 60:40 എന്നതിലേയ്ക്ക് മാറുന്നതിന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ;

സംസ്ഥാനങ്ങൾക്കുള്ള കോമ്പൻസേഷൻ നിർത്തലാക്കിയ സാഹചര്യത്തിൽ ജി.എസ്.ടി.-യിലെ കേന്ദ്ര സംസ്ഥാന അനുപാതം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിലെ 50:50 എന്നതിനുപകരം സംസ്ഥാനങ്ങൾക്ക് അനുകൂലമായി 40:60 ആക്കി മാറ്റണമെന്ന് സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇതിനായി മറ്റ് സംസ്ഥാനങ്ങളുടെ പിന്തുണ നേടിയെടുക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനങ്ങൾക്ക് അനുവദിച്ചിരുന്ന കോമ്പൻസേഷന്റെ കാലയളവ് നീട്ടണമെന്ന ആവശ്യം നിരാകരിച്ചതിനെ തുടർന്ന് ജി.എസ്.ടി.-യിലെ കേന്ദ്ര-സംസ്ഥാന അനുപാതം സംസ്ഥാനങ്ങൾക്ക് അനുകൂലമായവിധത്തിൽ വർദ്ധിപ്പിക്കണമെന്ന ആവശ്യം മറ്റ് സംസ്ഥാനങ്ങളും ജി.എസ്.ടി. കൗൺസിൽ യോഗങ്ങളിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

**മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട്-ധോണി റോഡിന്റെ നിർമ്മാണം**

111 (555) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട മലമ്പുഴ മണ്ഡലത്തിലെ "ഒലവക്കോട്-ധോണി" റോഡിന്റെ നിലവിലെ സ്ഥിതി

അറിയിക്കാമോ; പ്രസ്തുത പദ്ധതിക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ റോഡിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന വിവരം അറിയിക്കാമോ?

(എ&ബി) 01-11-2016-ലെ G.O (Rt) No. 1502/2016/PWD നമ്പർ ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി ലഭിച്ച മലമ്പുഴ മണ്ഡലത്തിലെ റെയിൽവേ കോളനി-ധോണി-മുട്ടിക്കുളങ്ങര റോഡ് നവീകരണ പ്രവൃത്തിക്ക് 09-11-2018-ലെ PWD006-26-PA-01 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 12.66 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തിക അനുമതി നൽകിയിരുന്നു. എന്നാൽ പിന്നീട് പ്രസ്തുത പ്രവൃത്തി 19-11-2021-ലെ GO (Ms) No.51/2021/PWD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫുൾ ഡെപ്ത് റീക്ലമേഷൻ (FDR) സാങ്കേതികവിദ്യയിൽ നവീകരിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, 27.94 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസി (SPV) ആയ KRFB 03-08-2022-ന് കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് കിഫ്ബി എക്സിക്യൂട്ടീവ്

ഡയറക്ടർ നടത്തിയ സ്ഥലപരിശോധനയുടെയും അവലോകന യോഗത്തിലെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി TRC-യുടെ മേൽനോട്ടത്തിൽ Plan & Profile Drawing വികസിപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കി ധനാനുമതിക്കായി പുനഃസമർപ്പിക്കാൻ 04-07-2023-ൽ കിഫ്ബി SPV-ക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് SPV പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. പുതുക്കിയ ധനാനുമതി ലഭിച്ചശേഷം സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണെന്നാണ് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്.

**കുടിവെള്ള പദ്ധതി**

112 (556) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കിഫ്ബി പദ്ധതിയുടെ കീഴിൽ പ്രവർത്തനം ആരംഭിച്ച അതിയന്നൂർ, കാരോട് കുടിവെള്ള പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത പദ്ധതികളുടെ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വ്യക്തമാക്കാമോ;

**കുളത്തൂർ, കാരോട്, ചെങ്കൽ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി (WRD025-09: Karode Comprehensive Drinking water Project-Phase 1)**

കുളത്തൂർ, കാരോട്, ചെങ്കൽ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് കിഫ്ബി വഴി 89.19 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുള്ളതാണ്. ഈ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കേണ്ട വിവിധ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

1. പൊൻവിളയിൽ 16 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല.
2. മാവിളക്കടവിൽ 9.0 മീ. വ്യാസമുള്ള കിണറും പമ്പ്ഹൗസും
3. പൊൻവിള, ചെങ്കൽ, കുളത്തൂർ, കാരോട് എന്നിവിടങ്ങളിൽ 30, 17, 15, 10 ലക്ഷം ലിറ്റർ വീതം സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണികൾ

4. റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈനുകൾ

5. പൊൻവിളയിൽ ജലശുദ്ധീകരണ ശാലയ്ക്കടുത്തായി സബ്സ്റ്റേഷൻ കെട്ടിടം

6. ട്രാൻസ്ഫോർമറുകളും പമ്പ് സെറ്റുകളും സ്ഥാപിക്കൽ.

പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥലങ്ങൾ ലഭ്യമായതിനെത്തുടർന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ കേരളാ വാട്ടർ അതോറിറ്റി ദർഘാസുകൾ ക്ഷണിച്ചെങ്കിലും അടങ്കൽ തുകയേക്കാളും കൂടുതൽ തുക ക്വാട്ട് ചെയ്തതിനാൽ അന്തിമ തീരുമാനത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ദർഘാസ് റദ്ദാക്കാനും പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രൈസ്-3 സോഫ്റ്റ് വെയറിൽ പുതുക്കി നിർണ്ണയിച്ച് പുതിയ ദർഘാസുകൾ ക്ഷണിക്കാനും 04-02-2023-ൽ സർക്കാരിൽനിന്നും വാട്ടർ അതോറിറ്റിയ്ക്ക് ലഭിച്ചിരുന്നു. അതിനെത്തുടർന്ന് പദ്ധതിയിലെ വിവിധ ഘടകങ്ങളെ രണ്ട് പാക്കേജുകളായി തിരിക്കുകയും അതിൽ റോ വാട്ടർ, ക്ലിയർ വാട്ടർ പൈപ്പ് ലൈനുകൾ തുടങ്ങിയവ ഉൾപ്പെടുന്ന പാക്കേജിന്റെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിച്ച്

സാങ്കേതികാനുമതിയും ലഭ്യമാക്കി ദർഘാസുകൾ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് അവസാന തീയതി 24-07-2023 ആയി നിശ്ചയിച്ചുകൊണ്ട് രണ്ടാം പുനഃദർഘാസുകൾ ക്ഷണിക്കുകയും 26-07-2023-ൽ ടെക്നിക്കൽ ബിഡ് തുറക്കുകയും ഒരു ഓഫർ ലഭിക്കുകയും ചെയ്തു.

ദർഘാസിന്റെ പ്രീ ക്വാളിഫിക്കേഷൻ നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ നടന്നുവരുന്നു. ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളുമുൾപ്പെടുന്ന പാക്കേജിന്റെ ദർഘാസുകൾ അവസാന തീയതി 31-07-2023 ആയി നിശ്ചയിച്ചുകൊണ്ട് കേരള വാട്ടർ അതോറിറ്റി ക്ഷണിച്ചെങ്കിലും ഒരാൾ മാത്രമേ പങ്കെടുത്തുള്ളൂ. നിലവിലെ നിയമം അനുസരിച്ച് ആദ്യത്തെ ദർഘാസിൽ ലഭിക്കുന്ന ഒറ്റ ഓഫർ തുറക്കാൻ സാധിക്കാത്തതിനാൽ റദ്ദാക്കുകയും പുനഃദർഘാസ് ക്ഷണിച്ചിരിക്കുകയുമാണ്. 23-08-2023 ആണ് ദർഘാസ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. ദർഘാസ് നടപടികൾ പൂർത്തിയായിക്കഴിഞ്ഞാൽ ഒന്നരവർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കാനാവുമെന്നാണ് പദ്ധതി നിർവഹണ ഏജൻസിയായ കേരളാ വാട്ടർ അതോറിറ്റി അറിയിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത കുടിവെള്ള പദ്ധതികൾക്ക് ഇതുവരെ കിഫ്ബിയിൽ നിന്നും എത്ര കോടി രൂപയാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

അതിയന്നൂർ, കോട്ടുകാൽ പഞ്ചായത്തുകളിലേയ്ക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയ്ക്കായി 20.47 കോടി രൂപയും കുളത്തൂർ, കാരോട്, ചെങ്കൽ പഞ്ചായത്തുകളിലേയ്ക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി 8.22 കോടി രൂപയും കിഫ്ബിയിൽനിന്നും ചെലവഴിച്ചിട്ടുണ്ട്.

**ഹൈസ്കൂൾ മന്ദിരത്തിൽ വൈദ്യുതി കണക്ഷൻ**

113 (557) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പെരുമ്പഴുതൂർ ഹൈസ്കൂളിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച ഹൈസ്കൂൾ മന്ദിരത്തിൽ വൈദ്യുതി കണക്ഷൻ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതും പദ്ധതിയുടെ നടത്തിപ്പുകാരുമായ കൈറ്റ് എന്ന സ്ഥാപനത്തിന് വൈദ്യുതി

കണക്ഷൻ നൽകുന്നതിന് നിർദ്ദേശം നൽകാൻ കഴിയുമോയെന്ന് വിശദമാക്കാമോ?

(എ&ബി) കൈറ്റ് എസ്.പി.വി. ആയി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പെരുമ്പഴുതൂർ ഹൈസ്കൂളിൽ 3 കോടി കിഫ്ബിയിൽനിന്നും അനുവദിച്ച ഫണ്ട് പൂർണ്ണമായും ഹൈസ്കൂൾ മന്ദിരത്തിന്റെ കെട്ടിട നിർമ്മാണത്തിന് വിനിയോഗിച്ചു. പ്രസ്തുത ഹൈസ്കൂൾ മന്ദിരത്തിന് ആവശ്യമായ വൈദ്യുതി കണക്ഷനും അനുബന്ധ പ്രവൃത്തികൾക്കുമായി 7,29,323/- രൂപ അധിക ധനസഹായമായി കിഫ്ബിയിൽനിന്നും 16-09-2022-ൽ അനുവദിച്ച മുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

**കിഫ്ബി പദ്ധതികളുടെ പ്രവർത്തന പുരോഗതി**

114 (558) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കിഫ്ബി പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കുണ്ടറ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാനായി കിഫ്ബി മുഖേന ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ നിലവിലുള്ള സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**ആലത്തൂർ നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

115 (559) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന അനുവദിച്ച ആലത്തൂർ നിയോജക മണ്ഡലത്തിലെ പറക്കുന്നം പാലം, കണ്ണാടി-പന്നിക്കോട് റോഡ് തുടങ്ങിയവയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

(എ-സി) കിഫ്ബി മുഖേന അനുവദിച്ച ആലത്തൂർ നിയോജക മണ്ഡലത്തിലെ ആലത്തൂർ പറക്കുന്നം പാലം, കണ്ണാടി പന്നിക്കോട് റോഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ആലത്തൂർ പറക്കുന്നം പാലം**

10-07-2017-ലെ GO (Rt) No. 942/2017/PWD നമ്പർ ഉത്തരവ് പ്രകാരം 15 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി ലഭിച്ച ആലത്തൂർ പറക്കുന്നം പാലം നിർമ്മാണ പ്രവൃത്തിയുടെ DPR നിർവ്വഹണ ഏജൻസി (SPV) ആയ KRFB 02-07-2020-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി അവലോകനം നടത്തി 09-12-2020-ന് നിർവ്വഹണ ഏജൻസിക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നതും ആയതിന്റെ തൃപ്തികരമായ മറുപടി സഹിതം പുതുക്കിയ DPR സാമ്പത്തിക അനുമതിക്കായി SPV 23-07-2022-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് കിഫ്ബി വിശദമായ അവലോകന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതാണ്. പ്രസ്തുത ഡി.പി.ആർ. കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ച് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ധനാനുമതി

ലഭിച്ചശേഷം സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്.

**കണ്ണാടി പന്നിക്കോട് റോഡ്**

01-11-2016-ലെ G.O (Rt) No. 1502/2016/PWD പ്രകാരം 10 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി ലഭിച്ച കണ്ണാടി പന്നിക്കോട് റോഡ് പ്രവൃത്തിക്ക് 28-05-2018-ലെ PWD004-121-PA-01 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള 60 ലക്ഷം രൂപ ഉൾപ്പെടെ 24.09 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാനുമതിയും നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്കായി 21.82 ആർ ഭൂമി ഏറ്റെടുക്കുന്നതിനായി 01-01-2022-ലെ GO (Rt) No. 14/2022/RD പ്രകാരം റവന്യൂ വകുപ്പിൽനിന്നും അനുമതി ലഭിച്ചിരുന്നതും 08-03-2022-ന് 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമപ്രകാരമുള്ള 6(1) നോട്ടിഫിക്കേഷനും ലഭ്യമായിട്ടുണ്ട്. അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് KRFB 26-03-2022-ന് 27.01 ലക്ഷം രൂപയുടെ

സാങ്കേതികാനുമതി നൽകിയിട്ടുള്ളതും ഇതിന്റെ അടിസ്ഥാനത്തിൽ നിലവിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ച് വരികയാണ്. ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചശേഷം നിർമ്മാണ പ്രവൃത്തിയ്ക്കുള്ള സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്.

**മങ്കട നിയോജകമണ്ഡലത്തിലെ കിഫ്ബി മുഖേനയുള്ള പ്രവൃത്തികൾ**

116 (560) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാം; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

മങ്കട നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച കിഫ്ബി പദ്ധതികൾ, പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി എന്നിവയുടെ വിശദ വിവരം അനുബന്ധം -1 ആയി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഭരണാനുമതി ലഭിച്ചതിൽ പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതെല്ലാം; ഏതെല്ലാം നിർവ്വഹണ ഏജൻസികളാണ് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളത്; പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ എന്തെല്ലാം; വിശദമാക്കാമോ?

മങ്കട നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച കിഫ്ബി പദ്ധതികളിൽ പൂർത്തിയാകാത്ത പ്രവൃത്തികൾ, പ്രവൃത്തി ഏറ്റെടുത്ത നിർവ്വഹണ ഏജൻസി, പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ എന്നിവയുടെ വിശദ വിവരം അനുബന്ധം-2 ആയി ചേർക്കുന്നു+.

(സി) പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകൾ നവീകരിക്കുന്നതിനാണ് കിഫ്ബി ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ഇതിൽ പൂർത്തിയായ പ്രവൃത്തികൾ, ആരംഭിയ്ക്കാത്ത പ്രവൃത്തികൾ എന്നിവ ഏതെല്ലാമെന്നും അറിയിക്കാമോ; പ്രവൃത്തി ആരംഭിയ്ക്കാത്തതിന് കാരണം വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മങ്കട നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച സ്കൂൾ പദ്ധതികൾ, അവയിൽ പൂർത്തിയായ സ്കൂളുകൾ പദ്ധതികൾ, ആരംഭിയ്ക്കാത്ത പ്രവൃത്തികൾ, പ്രവൃത്തി ആരംഭിയ്ക്കാത്തതിന്റെ കാരണം, പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിന് കിഫ്ബി സ്വീകരിക്കുന്ന നടപടികൾ എന്നിവ അനുബന്ധം-3 ആയി ചേർക്കുന്നു+.

(ഡി) പുതിയ ഏതെല്ലാം പദ്ധതികളാണ് കിഫ്ബി മുഖേന മങ്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

മങ്കട നിയോജക മണ്ഡലത്തിലെ GHSS Kadungapuram സ്കൂളിന് 03-07-2023-ന് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. ടി സ്കൂളിന്റെ നിർമ്മാണം മങ്കട നിയോജക മണ്ഡലത്തിലെ പുതിയ പ്രവൃത്തിയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വിവിധ അക്രഡിറ്റഡ് ഏജൻസികൾ എറ്റെടുത്ത നിർമ്മാണ പ്രവർത്തനങ്ങൾ**

117 (561) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്ന അക്രഡിറ്റഡ് ഏജൻസികളായ ഇൻകെൽ, കിറ്റ്കോ, വാപ്കോസ്, റ്റി.ഡി.എൽ.സി., കോസ്റ്റ്ഫോർഡ്, നിർമ്മിതി കേന്ദ്ര, കെ.എസ്.ഡി.സി., കെ.ആർ.എഫ്.ബി., കെ.എസ്.റ്റി.പി. എന്നിവ വടക്കാഞ്ചേരി മണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഏജൻസികളുടെ നിർവ്വഹണത്തിലുള്ള പ്രവൃത്തികൾ, ആരംഭിച്ച തീയതി, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച് പട്ടിക രൂപത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ പ്രവർത്തനങ്ങൾ മറ്റേതെങ്കിലും ഏജൻസികൾ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ അവയുടെ പേര്, ഏറ്റെടുത്തിട്ടുള്ള

പ്രവൃത്തികൾ, ആരംഭിച്ച തീയതി, നിലവിലെ സ്ഥിതി എന്നിവ പട്ടികപ്പെടുത്തി വിശദാംശം ലഭ്യമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**ഇ-വേ ബിൽ**

118 (562) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനകത്ത് സ്വർണ്ണത്തിന് ഇ-വേ ബിൽ ഏർപ്പെടുത്താമെന്ന് ജി. എസ്. ടി. കൗൺസിൽ അംഗീകരിച്ചിരുന്നോ; ഇത് നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ കേന്ദ്രം രൂപീകരിച്ചിട്ടുണ്ടോ?

HS Code-ചാപ്റ്റർ-71-നുകീഴിൽ വരുന്ന സ്വർണ്ണത്തിന്റെയും പ്രെഷ്യസ് സ്റ്റോണിന്റെയും ചരക്കുനീക്കത്തിന് ഇ-വേ ബില്ല് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് (GOM) സമർപ്പിച്ച ശിപാർശപ്രകാരം, മേൽസൂചിപ്പിച്ച സ്വർണ്ണം, പ്രെഷ്യസ് സ്റ്റോൺസ് എന്നിവയുടെ സംസ്ഥാനങ്ങൾക്കകത്തുള്ള ചരക്കുനീക്കങ്ങൾക്ക് ഇ-വേ ബിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സംസ്ഥാനങ്ങൾ

സി.ജി.എസ്.ടി./എസ്.ജി.എസ്.ടി. നിയമത്തിന്റെ ചട്ടത്തിൽ 138 F എന്ന ഒരു പ്രത്യേക ചട്ടം ഉൾപ്പെടുത്താൻ 2023 ജൂലൈയിൽ നടത്തപ്പെട്ട 50-ാമത് ജി.എസ്.ടി. കൗൺസിൽ യോഗം ശിപാർശ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേന്ദ്ര ജി.എസ്.ടി. ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള കേന്ദ്ര നോട്ടിഫിക്കേഷൻ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. കേന്ദ്ര നോട്ടിഫിക്കേഷൻ വന്നതിനുശേഷം സംസ്ഥാന ചരക്കുസേവന നികുതി ചട്ടങ്ങളിൽ ഇത് സംബന്ധിച്ച ഭേദഗതികൾ വരുത്തി ഇ-വേ ബിൽ നടപ്പിൽ വരുത്താൻ സാധിക്കും.

(ബി) ചട്ടരൂപീകരണം വൈകുന്നത് സ്വർണ്ണ മാഫിയകളെ സഹായിക്കുന്നതിനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

**ഇന്ധന സെസ്**

119 (563) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>
<u>ശ്രീ. സി. ആർ. മഹേഷ്:</u>

<u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ട് രൂപ പെട്രോൾ, ഡീസൽ സെസ് ആയി ഏർപ്പെടുത്താനിടയായ സാഹചര്യം വിശദമാക്കാമോ?

2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ടിലേയ്ക്ക് വകയിരുത്തുന്നതിനുവേണ്ടിയാണ് പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിന് രണ്ട് രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷാ സെസ്സ് ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) ഇന്ധന വില്പനയിൽ പ്രത്യേകിച്ച്, ഡീസലിന്റെ വിൽപ്പനയിൽ, പെട്രോൾ, ഡീസൽ സെസ് ഏർപ്പെടുത്തിയശേഷം കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് കുറവുണ്ടായിയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

1963-ലെ കേരള പൊതു വിൽപന നികുതി നിയമ പ്രകാരം സംസ്ഥാനത്ത് പെട്രോളിൽനിന്നും ഡീസലിൽനിന്നും 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ

ലഭിച്ച നികുതി വരുമാന കണക്കുകൾ അനുബന്ധമായി ചേർക്കുന്നു+. പെട്രോൾ, ഡീസൽ എന്നിവയിൽനിന്നുള്ള നികുതി വരുമാനം സംബന്ധിച്ച പ്രസ്തുത കണക്കുകളിൽനിന്നും മുൻസാമ്പത്തിക വർഷങ്ങളിലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇതിനെ ഒരു വലിയ വ്യതിയാനമായി കണക്കാക്കാൻ കഴിയുകയില്ല.

**(സി) വാഹന വില്പന വർദ്ധിക്കുമ്പോഴും ഇന്ധന വിൽപ്പന കുറയുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ?**

നടപ്പ് സാമ്പത്തിക വർഷത്തിലെ ഇന്ധന ഉപഭോഗ കണക്കുകൾ മുൻ സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ 2023 ജൂലൈ 31 വരെ പെട്രോളിന്റെ ഉപഭോഗത്തിൽ വർദ്ധനവുണ്ടായതായി കാണുന്നുണ്ട്. എന്നാൽ ഡീസലിന്റെ ഉപഭോഗത്തിൽ ഒരു നേരിയ വ്യതിയാനമുള്ളതായി കാണുന്നു. മുൻ സാമ്പത്തിക വർഷങ്ങളിലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇതിനെ ഒരു വലിയ വ്യതിയാനമായി കണക്കാക്കാൻ കഴിയുകയില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഇന്ധന വില ഉയർന്നുനിൽക്കുന്ന സാഹചര്യത്തിൽ അന്തർ സംസ്ഥാന ചരക്കുവാഹനങ്ങളടക്കമുള്ള വാഹനങ്ങൾ ഇന്ധന വില കുറവുള്ള മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് സംസ്ഥാനത്തിനെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

നടപ്പുസാമ്പത്തിക വർഷത്തിലെ ഇന്ധന വിൽപ്പന കണക്കുകൾ മുൻ സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ 2023 ജൂലൈ 31 വരെ ഡീസലിന്റെ നികുതി വരുമാനത്തിൽ ഒരു നേരിയ വ്യതിയാനമുള്ളതായി കാണുന്നുണ്ട്. എന്നാൽ പെട്രോളിന്റെ നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായതായും കാണുന്നുണ്ട്. ആയതിനാൽ ഇന്ധനത്തിൽനിന്നുമുള്ള ആകെ നികുതി വരുമാനത്തിൽ വലിയ ഒരു കുറവുണ്ടായതായി കാണുന്നില്ല. പെട്രോളിൽനിന്നും ഡീസലിൽനിന്നുമുള്ള നികുതി വരുമാനം മുൻവർഷത്തെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ 5.8% വർദ്ധനവുണ്ടായതായി കാണുന്നുണ്ട്.

**നികുതിശോഷണം തടയൽ**

120 (564) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടനയും ആഡിറ്റ് ഉൾപ്പെടെയുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളും നികുതിശോഷണം തടയുന്നത് സാധ്യമാക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ?

വകുപ്പിന്റെ പുനഃസംഘടനയും ഇതിലൂടെ ഇന്റലിജൻസ്, ആഡിറ്റ് വിഭാഗങ്ങളുടെ ശക്തിപ്പെടുത്തലും നികുതി ശോഷണം തടയുന്നതിന് ഗണ്യമായ തോതിൽ സഹായകമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ നികുതി വരുമാനം കൂട്ടാനായും വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനായും ജി. എസ്. ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് സമഗ്രവും ശാസ്ത്രീയവുമായ രീതിയിൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. സാങ്കേതികവിദ്യ കൂടുതലായി ഉപയോഗപ്പെടുത്തിയും ശാസ്ത്രീയമാർഗ്ഗങ്ങൾ അവലംബിച്ചും നികുതി വെട്ടിപ്പ് തടയുന്നതിനുള്ള ശക്തമായ നടപടികൾ വകുപ്പിന്റെ ഇന്റലിജൻസ്,

എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ സ്വീകരിച്ച് വരുന്നുണ്ട്. ശക്തിപ്പെടുത്തിയ ഓഡിറ്റ് വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥർക്ക് വേണ്ടിയുള്ള പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പരിശീലനത്തിനുശേഷം കാര്യക്ഷമമായ ഓഡിറ്റ് ആരംഭിക്കുന്നതോടെ ഗണ്യമായ തോതിൽ നികുതി ശോഷണം തടയുന്നതിന് സാധിക്കുമെന്നാണ് വകുപ്പ് വിലയിരുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത നടപടികൾ സ്വർണ്ണമേഖലയിലുൾപ്പെടെയുള്ള നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സഹായിക്കുമോ?

പ്രസ്തുത നടപടികൾ സ്വർണ്ണമേഖല ഉൾപ്പെടെയുള്ള മറ്റ് മേഖലകളിലും നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സഹായകമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

**ഇ-വേ ബിൽ സംവിധാനം**

121 (566) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u><br><u>ശ്രീ. ടി. ഐ. മധുസൂദനൻ:</u><br><u>ശ്രീ. എൻ. കെ. അക്ബർ:</u>

<u>ഡോ. സുജിത് വിജയൻപിള്ള:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തികവർഷം സ്വർണ്ണ വ്യാപാരത്തിലൂടെ നികുതിയായി ലഭിച്ച തുക കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ജി.എസ്.ടി. സമ്പ്രദായത്തിന്റെ തുടക്കത്തിൽ വിഭാവനം ചെയ്ത റിട്ടേൺ സമ്പ്രദായം പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അതുകാരണം ചരക്കുകളുടെ ഇനംതിരിച്ചുള്ള കൃത്യമായ നികുതിയടവ് സംബന്ധിച്ചുള്ള വിവരങ്ങൾ നിലവിൽ ലഭ്യമാകാത്ത സ്ഥിതിയാണ്. സംസ്ഥാനത്ത് വാറ്റ് നികുതി കാലഘട്ടത്തിൽ സ്വർണ്ണത്തിന് 5 ശതമാനം ആയിരുന്നു നികുതി നിരക്ക്. ജി.എസ്.ടി. നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സ്വർണ്ണത്തിന് നികുതി നിരക്ക് 3 ശതമാനം ആയിട്ടാണ് നിർണ്ണയിച്ചത്. ഇതിന്റെ പകുതി മാത്രമേ സംസ്ഥാനത്തിന് ലഭ്യമാകുകയുള്ളൂ.

(ബി) സംസ്ഥാനത്ത് അനധികൃത സ്വർണ്ണ വ്യാപാരവും നികുതി വെട്ടിപ്പും തടയുന്നതിനായി ഇ-വേ ബിൽ സംവിധാനം നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. എച്ച്. എസ്. കോഡ് 7-നുകീഴിൽ വരുന്ന സ്വർണ്ണത്തിന്റെയും പ്രെഷ്യസ് സ്റ്റോണിന്റെയും നീക്കത്തിന് ഇ-വേ ബിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് (GOM) സമർപ്പിച്ച ശിപാർശപ്രകാരം മേൽ സൂചിപ്പിച്ച സ്വർണ്ണം, പ്രെഷ്യസ് സ്റ്റോൺസ് എന്നിവയുടെ സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കങ്ങൾക്ക് ഇ-വേ ബിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന സംസ്ഥാനങ്ങൾ സി.ജി.എസ്.ടി./ എസ്.ജി.എസ്.ടി. നിയമത്തിന്റെ ചട്ടത്തിൽ 138 F എന്ന ഒരു പ്രത്യേക ചട്ടം ഉൾപ്പെടുത്താൻ 2023, ജൂലൈയിൽ നടത്തപ്പെട്ട 50-ാമത് ജി.എസ്.ടി. കൗൺസിൽ യോഗം ശിപാർശ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേന്ദ്ര ജി.എസ്.ടി. ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള കേന്ദ്ര നോട്ടിഫിക്കേഷൻ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. കേന്ദ്ര നോട്ടിഫിക്കേഷൻ വന്നതിനുശേഷം സംസ്ഥാന ചരക്ക് സേവന നികുതി ചട്ടങ്ങളിൽ

ഇതുസംബന്ധിച്ച ഭേദഗതികൾ വരുത്തി ഇ-വേ ബിൽ നടപ്പിൽ വരുത്താൻ സാധിക്കും.

(സി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കും ചെറുകിട വ്യാപാരികൾക്കും തൊഴിലാളികൾക്കും ഉണ്ടാകാനിടയുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുമോ; വിശദമാക്കാമോ?

ചരക്ക് കൈമാറ്റങ്ങൾക്ക് ഇ-വേ ബിൽ നടപ്പിലാക്കിയപ്പോൾത്തന്നെ ഇതുമായി ബന്ധപ്പെട്ട നിരവധി ബോധവൽക്കരണ പരിപാടികളും പരിശീലന ക്ലാസ്സുകളും ജി.എസ്.ടി. വകുപ്പ് സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ ഇ-വേ ബിൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നിരവധി ട്യൂട്ടോറിയലുകൾ നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. സ്വർണ്ണത്തിന് ഇ-വേ ബിൽ തയ്യാറാക്കുമ്പോൾ പൊതുജനങ്ങൾക്കും ചെറുകിട വ്യാപാരികൾക്കും തൊഴിലാളികൾക്കും ഉണ്ടാകാനിടയുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം വകുപ്പ് പരിശോധിച്ചുവരുന്നു.

**ചരക്ക സേവന നികുതി**

122 (568) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അശാസ്ത്രീയമായ രീതിയിൽ ചരക്കുസേവന നികുതിയിൽ മാറ്റം വരുത്തുന്നുണ്ടോ; എങ്കിൽ അത് സംസ്ഥാനത്തെ ഏതെല്ലാം രീതിയിൽ ബാധിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

01-07-2017-ൽ ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ജി.എസ്.ടി. നിയമങ്ങളിലും ചട്ടങ്ങളിലും തുടർച്ചയായി ഭേദഗതികൾ നടപ്പിലാക്കിവരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെയും വിവിധ സംസ്ഥാനങ്ങളുടെയും മറ്റ് ഗുണഭോക്താക്കളുടെയും ആവശ്യപ്രകാരമാണ് ഇപ്രകാരം ഭേദഗതികൾ വരുത്തുന്നത്. പ്രധാനമായും നികുതി വെട്ടിപ്പ് തടയുക, നികുതി വരുമാനം വർദ്ധിപ്പിക്കുക, ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട വ്യാപാര സേവന മേഖലകളിലെ സങ്കീർണ്ണതകൾ ഒഴിവാക്കുക എന്നിവ മുൻനിർത്തിയാണ് നികുതി നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുള്ളത്.

ജി.എസ്.ടി. കൗൺസിലിലും അനുബന്ധ കമ്മിറ്റികളിലും വിശദമായ ചർച്ചകൾക്ക് ശേഷമാണ് ഇത്തരം തീരുമാനങ്ങൾ എടുക്കുന്നത്.

എന്നാൽ, ജി.എസ്.ടി.-യുടെ തുടക്കത്തിൽ 28%, 18% നിരക്കിൽ നികുതി ഈടാക്കിയിരുന്ന പല സാധനങ്ങളുടെയും സേവനങ്ങളുടെയും നികുതി നിരക്ക് പിന്നീട് വരുത്തിയ ഭേദഗതിയിലൂടെ 18%-ലേയ്ക്കും 12%-ലേയ്ക്കും കുറവുവരുത്തിയ സ്ഥിതി വിശേഷം ഉണ്ടായിട്ടുണ്ട്. ഇതുകാരണം Average Tax Rate കുറയുകയും അത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിന് മുൻപുള്ള നികുതി വരുമാനത്തിന്റെയും ജി.എസ്.ടി പ്രാബല്യത്തിൽ വന്നതിനുശേഷമുള്ള നികുതി വരുമാനത്തിന്റെയും കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് ലഭ്യമാക്കുമോ?

ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിന് മുൻപുള്ള നികുതി വരുമാനത്തിന്റെയും ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതിനുശേഷമുള്ള

നികുതി വരുമാനത്തിന്റെയും അഞ്ചുവർഷത്തെ കണക്ക് അനുബന്ധമായി (അനുബന്ധം-1) ചേർത്തിരിക്കുന്നു+.

(സി) ജി.എസ്.ടി. നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തിന് നഷ്ടം ഉണ്ടാകുന്നുണ്ടെങ്കിൽ അത് നികത്തുമെന്ന് കേന്ദ്രം ഉറപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉറപ്പ് പാലിച്ചിട്ടുണ്ടോ; വിശാദാംശം ലഭ്യമാക്കുമോ?

ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16-ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ചുവർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു.

മേൽപ്പറഞ്ഞ വ്യവസ്ഥയ്ക്ക് അനുസൃതമായി ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017-ന്റെ വകുപ്പ് 7(2) പ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ടുമാസ കാലയളവിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തികവർഷത്തിനും ഒടുവിൽ Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിനുശേഷം ആയത് അന്തിമമായി കണക്കാക്കാനും ആണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അങ്ങനെ പ്രൊവിഷണലായി കണക്കാക്കിയത് പ്രകാരം സംസ്ഥാനത്തിന് 2017 ജൂലായ് മുതൽ 2022 ജൂൺ വരെ നഷ്ടപരിഹാര ഇനത്തിൽ ലഭിക്കാൻ ഉണ്ടായിരുന്നത് 42599.38 കോടി രൂപയാണ്. ഇതിൽ, അവസാനമായി 2023 ഫെബ്രുവരിയിൽ ലഭിച്ച 780 കോടി രൂപ ഉൾപ്പെടെ, 42558.72 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ലഭിച്ച കോമ്പൻസേഷൻ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി (അനുബന്ധം-2) ചേർത്തിരിക്കുന്നു+.

**നികുതി വെട്ടിപ്പ് തടയാൻ ജി.എസ്.ടി. വകുപ്പ് നടപടികൾ**

123 (569) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നികുതി വെട്ടിപ്പ് നടത്തി സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളെ കണ്ടെത്തുന്നതിന് ജി.എസ്.ടി. വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടനയിലൂടെ തന്ത്ര പ്രധാന കേന്ദ്രങ്ങളിൽ 47 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ പുനർവിന്യസിച്ചുകൊണ്ട് സംസ്ഥാനത്ത് 24 മണിക്കൂറും ചരക്ക് വാഹനങ്ങളുടെയും അവയിലൂടെയുള്ള ചരക്ക് നീക്കത്തിന് ആവശ്യമായ രേഖകളുടെയും പരിശോധന ഉറപ്പുവരുത്തുന്നുണ്ട്. ഇത്തരം പരിശോധനയിൽ ക്രമക്കേടും നികുതി വെട്ടിപ്പും കണ്ടെത്തുന്നവയിൽ ജി.എസ്.ടി. നിയമം അനുശാസിക്കുന്ന നടപടികളെടുക്കുന്നു. കൂടാതെ വിവിധ ജില്ലകളിലായി അതിർത്തി പ്രദേശങ്ങളിൽ പ്രത്യേകിച്ച്, സ്ഥാപിക്കപ്പെട്ട ANPR ക്യാമറ സംവിധാനത്തിലൂടെ വാഹന നീക്കങ്ങൾ നിരീക്ഷിച്ച് നടപടികളും സ്വീകരിക്കുന്നുണ്ട്.

(ബി) ഇത്തരം പരിശോധനകളിലൂടെ കഴിഞ്ഞവർഷം എത്ര തുകയാണ് പിഴയായി ഈടാക്കിയിട്ടുള്ളതെന്നും എത്ര വാഹനങ്ങളും ചരക്കുകളുമാണ് പിടിച്ചെടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ?

ഇത്തരം പരിശോധനകളിലൂടെ കഴിഞ്ഞ വർഷം 5773.00 ലക്ഷം രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ 10,92,108 വാഹനങ്ങൾ പരിശോധിക്കുകയും അതിൽ 15,728 വാഹനങ്ങളിൽ ഉൾപ്പെടുന്ന ചരക്കുകൾക്ക് പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

**സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം**

124 (570) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള വായ്പ പരിധിയിൽ എത്ര കുറവ് വരുത്തിയെന്നും അത് പരിഹരിക്കുന്നതിനായി എന്തുനടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ?

കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോവർഷവും സംസ്ഥാനത്തിന് വായ്പ പരിധി

നിശ്ചയിച്ചുനൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോല്പാദനമായി കേന്ദ്രസർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 10,81,412 കോടി രൂപയുടെ 3 ശതമാനമായ 32,442 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി. എന്നാൽ മുൻ സാമ്പത്തിക വർഷത്തെ അധിക കടമെടുപ്പ്, പൊതുകണക്കിനത്തിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി 2021-22 സാമ്പത്തിക വർഷമെടുത്ത തുക നാലുതവണകളായി 2022-23 മുതൽ ഓരോവർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പിൽനിന്നും കേന്ദ്രസർക്കാർ കുറച്ചുവരികയാണ്. നടപ്പുവർഷവും 3140.70 കോടി രൂപ ഈയിനത്തിൽ കുറച്ചു. കൂടാതെ പ്രസ്തുത സ്ഥാപനങ്ങൾ 2022-23-ൽ എടുത്ത 7114.10 കോടി രൂപയും 2023-24-ൽ എടുക്കുമെന്ന് കണക്കാക്കുന്ന 2500 കോടി രൂപയും നടപ്പ് വർഷംകടമെടുപ്പിൽ കുറവ് വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2023-24

സാമ്പത്തിക വർഷത്തിലെ ആദ്യ 9 മാസത്തേയ്ക്ക് ഓപ്പൺ മാർക്കറ്റ് ബോറോയിംഗായി 20,522 കോടി രൂപ കടമെടുക്കാൻ മാത്രമേ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് അനുമതി നൽകിയിട്ടുള്ളൂ.

ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്നപോലെ പൊതുകണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് നിർണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്നും 22-07-2022-ലെ 134/2022/എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 19-01-2023-ലെ 133/CM/2023 കത്ത് പ്രകാരം ഒരു നിവേദനം ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനുപുറമേ 12-07-2023-ൽ സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് അയച്ച കത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ വായ്പാപരിധി ഒരു ശതമാനംകൂടി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നെല്ല് സംഭരണത്തിനുള്ള കേന്ദ്രവിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; മറ്റേതെല്ലാം മേഖലകളിലാണ് കേന്ദ്ര വിഹിതത്തിൽ കുറവ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

നെല്ല് സംഭരണത്തിനുള്ള കേന്ദ്രവിഹിതത്തിൽ കുറവ് വന്നിട്ടില്ല. എന്നാൽ, മുൻ ധനകാര്യകമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യകമ്മീഷൻ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ടുന്ന കേന്ദ്രനികുതി വിഹിതത്തിന്റെ ഡിവിസിബിൾപൂളിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ 'നീതി ആയോഗ്' നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ 90% കേന്ദ്രവിഹിതം ലഭിക്കുന്ന ആദ്യത്തേതിൽ പദ്ധതികളുടെ എണ്ണം ഓരോവർഷവും കുറഞ്ഞുവരികയാണ്. 'കോർ' എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40%

സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. ഇതിനുപുറമേ കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകംതന്നെ നിർത്തലാക്കിയിട്ടുമുണ്ട്.

(സി) കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാനത്തിന് ജി.എസ്.ടി. ഉൾപ്പെടെ വിവിധയിനങ്ങളിലായി ലഭിക്കേണ്ട കുടിശ്ശികകളുടെ വിശദാംശം തരംതിരിച്ച് വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തേയ്ക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത ഹെൽത്ത് ഗ്രാന്റിൽ 37.55 കോടി രൂപയും 2022-23 വർഷത്തേയ്ക്ക് ശിപാർശ ചെയ്ത ULB ഗ്രാന്റിൽ 51.55 കോടി രൂപയും ഹെൽത്ത് ഗ്രാന്റിനത്തിൽ 42.85 കോടി രൂപയും ഒപ്പം യു.ജി.സി. ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് കാരണമുള്ള കുടിശ്ശികയായ 750.93 കോടി രൂപയും കേന്ദ്രസർക്കാർ ലഭ്യമാക്കേണ്ടതുണ്ട്. ജി.എസ്.ടി. കമ്മീഷണറേറ്റിന്റെ

പ്രൊവിഷണൽ കണക്കുകൾ പ്രകാരം ജി.എസ്.ടി. നഷ്ടപരിഹാര ഇനത്തിൽ 40.66 കോടി രൂപ സംസ്ഥാനത്തിന് ഇനിയും ലഭിക്കാനുണ്ട്.

കൂടാതെ, പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറേറ്റിൽനിന്നും ലഭ്യമായ വിവരം പ്രകാരം ദേശീയ ഭക്ഷ്യസുരക്ഷാനിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 256.05 കോടി രൂപയും പ്രധാൻമന്ത്രി ഗരീബ് കല്യൺ അന്ന യോജന, ആത്മനിർഭർ ഭാരത് പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 68.97 കോടി രൂപയും കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കാനുണ്ട്.

**ജി.എസ്.ടി.-യും സാമ്പത്തിക പ്രതിസന്ധിയും**

125 (572) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പായ്ക്ക് ചെയ്ത് വിൽക്കുന്നതുൾപ്പെടെയുള്ള എല്ലാ ഉൽപ്പന്നങ്ങളെയും ക്രമേണ ജി.എസ്.ടി. പരിധിയിലാക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന സമ്പദ്

വ്യവസ്ഥയിലെ പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നടപടിമൂലമാണ് സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയും വിലക്കയറ്റവും ഉണ്ടാകുന്നതെന്ന് കരുതുന്നുണ്ടോ; വിശാദാംശം ലഭ്യമാക്കുമോ;

(എ&ബി) "യൂണിറ്റ് കണ്ടെയ്നറിൽ പായ്ക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ബ്രാൻഡ് നെയിം ഉള്ളതുമായ നിർദ്ദിഷ്ട സാധനങ്ങൾ"-ക്ക് നേരത്തെതന്നെ 5 ശതമാനം ജി.എസ്.ടി. ബാധകമായിരുന്നു. പല ബ്രാൻഡഡ് കമ്പനികളും ബ്രാൻഡഡ് സാധനങ്ങൾക്കുള്ള നികുതി അടയ്ക്കാതെ ഡിക്ലറേഷൻ എഴുതി നികുതി ഒഴിവ് ദുരുപയോഗം ചെയ്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ചരക്കുകളുടെയും സേവനങ്ങളുടെയും ജി.എസ്.ടി. നിരക്ക് പരിശോധിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമായി രൂപീകരിച്ച ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് സമർപ്പിച്ച ഭാഗിക റിപ്പോർട്ടിലെ ശിപാർശപ്രകാരം നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഇത് "2019-ലെ ലീഗൽ മെട്രോളജി

നിയമത്തിലെ വകുപ്പ്-2-ലെ ക്ലോസ് (എൽ) പ്രകാരം മുൻകൂറായി പായ്ക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ലേബൽ ചെയ്തിട്ടുള്ളതുമായ നിർദിഷ്ട സാധനങ്ങൾ" എന്നാക്കി മാറ്റി. 18-07-2022 മുതൽ ഇത് പ്രാബല്യത്തിൽ വന്നു. ഇത് സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാനടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. സാധാരണയായി മില്ലുടമകൾ മൊത്തവ്യാപാരികൾക്കും മൊത്തവ്യാപാരികൾ ചില്ലറ വില്പനക്കാർക്കും അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾ നൽകുന്നത് 50 കിലോയും അതിനുമുകളിലും ഉള്ള പായ്ക്കറ്റുകൾ ആയിട്ടാണ്. അതിന് ജി.എസ്.ടി. ബാധകമാവുകയില്ല. ചില്ലറ വ്യാപാരികൾ ഇത്തരം പായ്ക്കറ്റുകളിൽനിന്ന് ലൂസ് ആയി സാധാരണക്കാർക്ക് ഇത്തരം സാധനങ്ങൾ തൂക്കി നൽകുമ്പോഴും ജി.എസ്.ടി. ബാധകമാകുകയില്ല. കൂടാതെ എസ്.ജി.എസ്.ടി. നിയമം സെക്ഷൻ-22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വില്പനക്കാർ രജിസ്ട്രേഷൻ എടുക്കേണ്ട കാര്യമില്ല. ഇവർ നികുതി പിരിക്കേണ്ടതുമില്ല. എസ്.ജി.എസ്.ടി. നിയമം സെക്ഷൻ-10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതിദായകർക്ക്

കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം 50,000 കടകൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവ ആണ്. ഇവർ ഉപഭോക്താക്കളിൽനിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതേപോലെ ഉപഭോക്താവിന്റെ സാന്നിദ്ധ്യത്തിൽ അരി പായ്ക്ക് ചെയ്യുന്ന സ്ഥാപനങ്ങളും നികതി ഈടാക്കാൻ പാടില്ല. ഈ വിഭാഗത്തിൽപ്പെട്ടവർ നികുതി പിരിക്കുന്നതായി കണ്ടെത്തിയാൽ വകുപ്പിന് ജി.എസ്.ടി. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) പ്രസ്തുത കേന്ദ്ര സർക്കാർ നയങ്ങളിൽ മാറ്റം വരുത്താനും ഒപ്പം വിലക്കയറ്റം തടയാനും ഏന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**ജി.എസ്.ടി. വരുമാനം**

126 (573) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

സംസ്ഥാനത്ത് ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി വകുപ്പിനെ ജി.എസ്.ടി. നിയമത്തിനനുസൃതമായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പിന്റെ പ്രവർത്തനങ്ങളെ നികുതിദായക സേവന വിഭാഗം, ഓഡിറ്റ്, ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് എന്നീ വെർട്ടിക്കലുകൾക്ക് കീഴിലായി തിരിച്ച് വെട്ടിപ്പ് തടയുന്നതിനും നികുതി പിരിച്ചെടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി മികച്ച രീതിയിലുള്ള പരിശീലനവും നൽകി വരുന്നുണ്ട്. നികുതി വെട്ടിപ്പിനെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിലുണ്ടാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും പൊതുജനങ്ങളെക്കൂടി പങ്കാളികളാക്കികൊണ്ടുള്ള പല പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. എ.എൻ.പി.ആർ. ക്യാമറകളുൾപ്പെടുന്ന സാങ്കേതിക സംവിധാനങ്ങളുൾപ്പെടുത്തി വാഹന

നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് വിഭാഗത്തിന്റെ സ്ക്വാഡുകൾ മുഖേനയുള്ള വാഹന പരിശോധനയും കാര്യക്ഷമമായി നടത്തി വരുന്നുണ്ട്.

(ബി) സർക്കാരിന്റെ ഇടപെടൽ കാരണം ജി.എസ്.ടി. വരുമാനം മുൻവർഷത്തെക്കാൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സമഗ്രമായ രീതിയിൽ വകുപ്പ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പുനഃസംഘടനയിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ നികുതിദായക സേവന വിഭാഗം, ഓഡിറ്റ് വിഭാഗം, ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗം എന്നീ മൂന്ന് പ്രധാന വെർട്ടിക്കലുകളിലൂടെ നിർവ്വഹിക്കാൻ ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ അനുബന്ധ പ്രവർത്തനങ്ങൾക്കായി മറ്റ് വെർട്ടിക്കലുകൾക്കും രൂപം കൊടുത്തിട്ടുണ്ട്. നികുതി ചോർച്ച തടയുന്നതിലേയ്ക്കായി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം ഊർജ്ജിതമായും കാര്യക്ഷമമായും പ്രവർത്തിച്ചുവരുന്നു. ബിസിനസ്സ് ഇന്റലിജൻസ് ആൻഡ് ഫ്രോഡ് അനലിറ്റിക്സ് (BIFA), അനലിറ്റിക്സ് ഇൻസൈറ്റ് റിപ്പോർട്ട് (AIR)

തുടങ്ങിയ ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് ബിനാമി രജിസ്ട്രേഷൻ, ബിൽ ട്രേഡിംഗ്, സർക്കുലർ ട്രേഡിംഗ്, വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കൽ എന്നിങ്ങനെ വിവിധ തരത്തിലുള്ള വെട്ടിപ്പുകൾ കണ്ടെത്തി നികുതി വരുമാനം സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതിനോടൊപ്പം ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിലെ അഡ്ഹോക് ഐ.ജി.എസ്.ടി. വരുമാനമുൾപ്പെടുത്താതെയുള്ള ജി.എസ്.ടി. വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ നടപ്പുസാമ്പത്തിക വർഷത്തിലെ ഇതേകാലയളവിൽ 18.40% വർദ്ധനവ് നേടാൻ കഴിഞ്ഞിട്ടുണ്ട്.

**ഇ-ഓഫീസ് - കാലഹരണപ്പെട്ട നികുതി നിർണ്ണയ ഫയലുകൾ ആക്രി വിലയ്ക്ക് കൈമാറിയ നടപടി**

127 (574) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഓഫീസ് ക്രമീകരണവുമായി ബന്ധപ്പെട്ട് കാലഹരണപ്പെട്ട നിയമങ്ങളിലെ നികുതി നിർണ്ണയ ഫയലുകളും മറ്റ് രേഖകളും ഉപയോഗശൂന്യമായ വസ്തുക്കളും ആക്രി വിലയ്ക്ക് നൽകാൻ തീരുമാനിച്ചിരുന്നുവോ; എങ്കിൽ ഇതിലേക്കായി പ്രത്യേക ദർഘാസ് ക്ഷണിച്ചിരുന്നുവോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ദർഘാസ് ക്ഷണിക്കാതെ നൽകിയെങ്കിൽ ആയതിന്റെ കാരണവും സർക്കാർ ഉത്തരവുകളുടെ പകർപ്പും പ്രസ്തുത കരാർ നൽകിയാളുടെ പേര്, സ്ഥാപനം, വിലാസം, ജി.എസ്.ടി. നമ്പർ എന്നിവ സഹിതം വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ആക്രി സാധനങ്ങൾ തരംതിരിച്ച് തൂക്കം രേഖപ്പെടുത്തി ഉറപ്പുവരുത്തിയാണോ നൽകിയതെന്നും ആണെങ്കിൽ ജില്ല തിരിച്ച് സാധന സാമഗ്രികളുടെ ലിസ്റ്റ്, വെയ്ബിൽ രസീത്, വില, സർക്കാരിലേയ്ക്ക് ഒടുക്കിയ ചെല്ലാൻ തുടങ്ങിയവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) നികുതി നിർണ്ണയ ഫയലുകൾ ആക്രിക്ക് നൽകിയപ്പോൾ കോടതികൾ, എ.ജി., സി. ആൻഡ് എ.ജി, റവന്യൂ റിക്കവറി എന്നിവയിൽ ഉൾപ്പെട്ട ഫയലുകൾ ഡിജിറ്റൽ പകർപ്പ് എടുത്തുവയ്ക്കാതെ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ കൊടുത്തതിൽ രാജഭരണകാലത്തെ നികുതി നിർണ്ണയ ഫയലുകളും പുരാരേഖകളും ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഇതിനെല്ലാം നേതൃത്വം നൽകിയ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് എന്തെങ്കിലും വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉപയോഗശൂന്യമായ വസ്തുക്കളും നികുതി നിർണ്ണയ ഫയലുകളും മറ്റ് രേഖകളുടെയും കൃത്യമായ ലിസ്റ്റ് തയ്യാറാക്കിയിരുന്നോയെന്നും ഇല്ലെങ്കിൽ തയ്യാറാക്കാതിരിക്കാൻ എന്തെങ്കിലും പ്രത്യേക കാരണമുണ്ടോയെന്നും വ്യക്തമാക്കാമോ;

(എഫ്) ഇതുമായി ബന്ധപ്പെട്ട് നികുതി വകുപ്പ് സെക്രട്ടറി ധനകാര്യ മന്ത്രിക്ക് സമർപ്പിച്ച റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

(എ-എഫ്) വിവരം ശേഖരിച്ച് വരുന്നു.

**സംസ്ഥാന ജി.എസ്.റ്റി വകുപ്പിന്റെ ക്ലാസ് ടവർ കെട്ടിടം**

128 (575) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ എറണാകുളം ഉപജില്ലയിലെ 1 മുതൽ 7 വരെയുള്ള ഓഡിറ്റ് ഡിവിഷനുകൾ പ്രവർത്തിക്കുന്ന എറണാകുളം കച്ചേരിപ്പടിയിലുള്ള ക്ളാസ് ടവർ എന്ന കെട്ടിടം ആരുടെ ഉടമസ്ഥതയിൽ ഉള്ളതാണ്; ഈ കെട്ടിടം എന്ന് മുതൽക്കാണ് വാടകയ്ക്കെടുത്തത്; വിശദമാക്കാമോ?

ശ്രീമതി ലീലാ ചാക്കോയുടെ പേരിലുള്ളതാണ് ഈ കെട്ടിടം (Kochi Corporation building No.41/3945 ABC in Survey No.309). പ്രസ്തുത കെട്ടിടം 01-07-2007 മുതൽക്കാണ് വാടകയ്ക്കെടുത്തത്.

(ബി) വാടകയ്ക്കെടുത്ത സമയത്ത് നിശ്ചയിച്ച പ്രതിമാസ വാടക എത്ര രൂപയാണ്?

വാടകയ്ക്കെടുത്ത സമയത്തെ പ്രതി മാസ വാടക 2,11,875/- രൂപ (Enhancement @ 15%)-യാണ്.

(സി) പ്രസ്തുത കെട്ടിടത്തിന് എത്ര ചതുരശ്ര അടി വിസ്തീർണ്ണമുണ്ട്; നില തിരിച്ചുള്ള അളവ് ലഭ്യമാക്കാമോ; പ്രസ്തുത കെട്ടിടത്തിന് കെ.എം.ബി.ആർ (കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ) അനുശാസിക്കുന്ന വാഹന പാർക്കിങ് സൗകര്യം ഉണ്ടോ; വ്യക്തമാക്കാമോ?

| | |
|---|---|
| Plinth Area of 15000/- Feets | 1400 Sq.m |
| Ground floor | 3800 Sq. Feet |
| First floor | 3800 Sq. Feet |
| Second floor | 3800 Sq. Feet |
| Third floor | 3600 Sq. Feet |

കൃത്യമായ പാർക്കിംഗ് ഏരിയ ഇല്ല. കെട്ടിടത്തിന്റെ കോർട്ടിയാർഡ് പാർക്കിംഗ് ആയി കണക്കാക്കി ഉപയോഗിക്കുന്നു.

(ഡി) പ്രസ്തുത കെട്ടിടത്തിന് ഇപ്പോൾ നൽകിവരുന്ന പ്രതിമാസ വാടക എത്ര രൂപയാണ്; വാടക വർദ്ധനവിന്റെ തോത്, സർക്കാർ നിശ്ചയിച്ചിരിക്കുന്ന കാലയളവ്, ശതമാനം എന്നിവ വ്യക്തമാക്കാമോ?

പ്രസ്തുത കെട്ടിടത്തിന് ഇപ്പോൾ നൽകിവരുന്ന പ്രതിമാസ വാടക ജി.എസ്.ടി. ഉൾപ്പെടെ 3,95,595/- രൂപയാണ്. 3 വർഷം കൂടുമ്പോൾ 15% വാടകയിനത്തിൽ വർദ്ധനവ്.

**വിത്ത് തേങ്ങ സംഭരണം**

129 (576) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര കർഷകർക്ക് വിത്ത് തേങ്ങ സംഭരണത്തിന് അനുവദിച്ചിട്ടുള്ള തുക ട്രഷറി വഴി ലഭിക്കുന്നതിന് നിലവിൽ പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) വിത്ത് തേങ്ങ സംഭരണത്തിനുള്ള തുക സമയബന്ധിതമായി നൽകുന്നതിന് ട്രഷറികളിൽ ക്രമീകരണം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

(എ&ബി) ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോസമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

**ചെറുപുഴ സബ്ട്രഷറി നിർമ്മാണം**

130 (577) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ്ട്രഷറി നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(ബി) പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് അറിയിക്കാമോ;

(സി) ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-സി) ട്രഷറി വകുപ്പിന്റെ പേരിൽ ലഭ്യമായിരിക്കുന്ന ചെറുപുഴ ഉൾപ്പെടെയുള്ള 22 സ്ഥലങ്ങളിൽ പുതിയ ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് സുതാര്യമായ ലേല നടപടി ക്രമത്തിലൂടെ തെരഞ്ഞെടുത്ത HLL Life Care Limited-നെ 05-07-2023-ലെ സ.ഉ(സാധാ) നം.5117/2023/ധന പ്രകാരം കെട്ടിട നിർമ്മാണ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി DPR തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹണ ഏജൻസി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസി സമർപ്പിക്കുന്ന DPR സർക്കാരിലേയ്ക്ക് ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മുണ്ടക്കയം സബ്ട്രഷറി കെട്ടിട നിർമ്മാണം**

131 (578) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയം സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

(ബി) നടപടിക്രമങ്ങൾ പൂർത്തിയാക്കി സബ്ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ട്രഷറി വകുപ്പിന്റെ പേരിൽ ലഭ്യമായിരിക്കുന്ന മുണ്ടക്കയം ഉൾപ്പെടെയുള്ള 22 സ്ഥലങ്ങളിൽ പുതിയ ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് സുതാര്യമായ ലേല നടപടിക്രമത്തിലൂടെ തെരഞ്ഞെടുത്ത HLL Life Care Limited-നെ 05-07-2023-ലെ സ.ഉ.(സാധാ) നം.5117/2023/ധന പ്രകാരം കെട്ടിട നിർമ്മാണ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി DPR തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹണ ഏജൻസി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസി സമർപ്പിക്കുന്ന DPR സർക്കാരിലേക്ക് ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും

വിധേയമായി കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറി കെട്ടിട നിർമ്മാണം**

132 (579) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ മെഡിക്കൽ കോളേജ് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ട്രഷറി വകുപ്പിന്റെ പേരിൽ ലഭ്യമായിരിക്കുന്ന തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറി ഉൾപ്പെടെയുള്ള 22 സ്ഥലങ്ങളിൽ പുതിയ ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് സുതാര്യമായ ലേല നടപടിക്രമത്തിലൂടെ തെരഞ്ഞെടുത്ത HLL Life Care Limited-നെ 05-07-2023-ലെ സ.ഉ(സാധാ) നം.5117/2023/ധന പ്രകാരം കെട്ടിട നിർമ്മാണ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി DPR തയ്യാറാക്കുന്നതുമായ ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹണ ഏജൻസി

ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസി സമർപ്പിക്കുന്ന DPR സർക്കാരിലേക്ക് ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**നിലമ്പൂർ സബ്ട്രഷറി നിർമ്മാണം**

133 (580) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ സബ്ട്രഷറി പ്രവർത്തനം ആരംഭിച്ചത് ഏത് വർഷമാണ്; പ്രസ്തുത ഓഫീസ് പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണോ; എങ്കിൽ എത്ര വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്ന് അറിയിക്കാമോ?

1976-ൽ പ്രവർത്തനം ആരംഭിച്ച നിലമ്പൂർ സബ് ട്രഷറി 21-09-1976 മുതൽ കഴിഞ്ഞ 46 വർഷമായി വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്.

(ബി) നിലമ്പൂർ സബ്ട്രഷറിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ കൈവശമുള്ള സ്ഥലം ലഭ്യമായിരുന്നോ; ഈ സ്ഥലം എന്നാണ് ലഭ്യമായത്; പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടത്താതിരുന്നതിനാൽ കരാർ വ്യവസ്ഥ പ്രകാരം ഈ സ്ഥലം റവന്യൂ വകുപ്പിലേയ്ക്ക് തിരികെ നൽകാമോ; വിശദമാക്കാമോ?

നിലമ്പൂർ സബ്ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിലമ്പൂർ വില്ലേജിൽ ജലവിഭവ വകുപ്പിന്റെ കൈവശമുണ്ടായിരുന്ന 12.35 സെന്റ് സ്ഥലത്തിന് ഉപയോഗാനുമതി ബന്ധപ്പെട്ട ജില്ലാകളക്ടറുടെ 20-10-2018-ലെ DCMPM/5813/2017-B3 നമ്പർ ഉത്തരവ് പ്രകാരം ലഭ്യമായിട്ടുണ്ട്. ഈ സ്ഥലത്ത് നിർമ്മാണ പ്രവൃത്തികളൊന്നുംതന്നെ ആരംഭിച്ചിട്ടില്ല. ഭൂമി കൈമാറി കിട്ടി ഒരു വർഷത്തിനകം കെട്ടിട നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കണമെന്ന് ജില്ലാകളക്ടറുടെ ഉത്തരവിലുള്ള 5 നിബന്ധനകളിൽ ഒന്നായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത നിബന്ധനകളിൽ ഏതെങ്കിലും ഒന്ന്

ലംഘിക്കുന്നപക്ഷം ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണെന്ന് ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിലെ എടവണ്ണ സബ് ട്രഷറി കെട്ടിട നിർമ്മാണം നിർവ്വഹിച്ചത് ഏത് സർക്കാർ ഏജൻസിയാണെന്ന് അറിയിക്കാമോ; നിലമ്പൂർ സബ് ട്രഷറി നിർമ്മാണവും ഇതേ ഏജൻസിയെ തന്നെയാണോ ഏൽപ്പിച്ചിരുന്നതെന്നും എന്ത് കാരണങ്ങളാലാണ് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയശേഷം മേൽ ഏജൻസിയെ പ്രവൃത്തി നിർവ്വഹിക്കുന്നതിൽനിന്നും മാറ്റി നിർത്തിയതെന്നും അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ എടവണ്ണ സബ് ട്രഷറിയിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ഇൻകെൽ ലിമിറ്റഡാണ് നിർവഹിച്ചത്. കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നീണ്ട കാലതാമസം കാരണം പുതിയ നിർമ്മാണ പ്രവർത്തികളൊന്നും ഇൻകെൽ ലിമിറ്റഡിന് നൽകിയിരുന്നില്ല. അതിനാൽ നിലമ്പൂർ സബ്ട്രഷറി നിർമ്മാണം ഇൻകെൽ ലിമിറ്റഡിനെ ഏൽപ്പിക്കുകയുണ്ടായില്ല.

(ഡി) നിലമ്പൂർ സബ്ട്രഷറി നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ട്രഷറി വകുപ്പിന്റെ പേരിൽ ലഭ്യമായിരിക്കുന്ന നിലമ്പൂർ ഉൾപ്പെടെയുള്ള 22 സ്ഥലങ്ങളിൽ പുതിയ ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് സുതാര്യമായ ലേല നടപടി ക്രമത്തിലൂടെ തെരഞ്ഞെടുത്ത HLL Life Care Limited-നെ 05-07-2023-ലെ സ.ഉ(സാധാ) നം.5117/2023/ധന പ്രകാരം കെട്ടിട നിർമ്മാണ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി DPR തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹണ ഏജൻസി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസി സമർപ്പിക്കുന്ന DPR സർക്കാരിലേയ്ക്ക് ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സംസ്ഥാനത്തെ പെൻഷണർമാരുടെ വിശദാംശം**

134 (581) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സർവീസ് പെൻഷണർമാരും ഫാമിലി പെൻഷണർമാരും ഉണ്ടെന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 435297 സർവ്വീസ് പെൻഷൻകാരും 138893 കുടുംബ പെൻഷൻകാരുമുണ്ട്.

(ബി) സംസ്ഥാനത്ത് 2021 ജൂൺ 1 മുതൽ 2023 ജൂൺ 30 വരെ എത്ര സർവീസ് പെൻഷണർമാർ മരണപ്പെട്ടു; എത്ര ഫാമിലി പെൻഷണർമാർ മരണപ്പെട്ടു; വിവരങ്ങൾ ലഭ്യമാക്കാമോ?

2021 ജൂൺ 1 മുതൽ 2023 ജൂൺ 30 വരെ 28250 സർവ്വീസ് പെൻഷൻകാരും 13365 കുടുംബ പെൻഷൻകാരും മരണപ്പെട്ടതായി ട്രഷറികളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന വിവരം ട്രഷറി ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

## ശ്രീകണ്ഠാപുരം സബ്ട്രഷറി കെട്ടിട നിർമ്മാണം

135 (582) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ശ്രീകണ്ഠാപുരം സബ്ട്രഷറിക്കുവേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് പുതിയ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പുതിയ ഏജൻസിയെ തെരെഞ്ഞടുക്കാൻ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; ഏജൻസിയെ തെരഞ്ഞടുക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ-സി) ട്രഷറി വകുപ്പിന്റെ പേരിൽ ലഭ്യമായിരിക്കുന്ന ശ്രീകണ്ഠാപുരം സബ്ട്രഷറി ഉൾപ്പെടെയുള്ള 22 സ്ഥലങ്ങളിൽ പുതിയ ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് സുതാര്യമായ ലേല നടപടിക്രമത്തിലൂടെ തെരഞ്ഞെടുത്ത HLL Life Care Limited-നെ 05-07-2023-ലെ സ.ഉ(സാധാ)

നം.5117/2023/ധന തീയതി പ്രകാരം കെട്ടിട നിർമ്മാണ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി DPR തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹണ ഏജൻസി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസി സമർപ്പിക്കുന്ന DPR സർക്കാരിലേക്ക് ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സംസ്ഥാന ഭാഗ്യക്കുറി നികുതി ഈടാക്കൽ**

136 (583) ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ പതിനായിരം രൂപയിൽ താഴെയുള്ള സമ്മാനങ്ങൾ ലഭിക്കുന്നവരിൽനിന്നും നികുതി ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരം ഒരു തീരുമാനം എടുത്തതെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ പതിനായിരം രൂപയിൽ താഴെയുള്ള സമ്മാനങ്ങൾ ലഭിക്കുന്നവരിൽനിന്നും നികുതി ഈടാക്കാൻ തീരുമാനിച്ചിട്ടില്ല. സമ്മാനത്തുക ഒരു വർഷം പതിനായിരം രൂപയിൽ അധികരിക്കുന്ന സാഹചര്യത്തിലാണ് ഇൻകം ടാക്സ് നിയമം നികുതി ഈടാക്കാൻ ആവശ്യപ്പെടുന്നത്. ഇൻകം ടാക്സ് നിയമം കേന്ദ്ര നിയമമായതിനാൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് ഈ വിഷയത്തിൽ യാതൊരു തീരുമാനവും എടുക്കാനാവില്ല. 2010-ലെ കേന്ദ്ര ലോട്ടറി ചട്ടങ്ങളിലെ ചട്ടം 3(18) പ്രകാരമാണ് ലോട്ടറി സമ്മാനത്തുകയിൽനിന്നും ആദായ നികുതി ഈടാക്കുന്നത്. ലോട്ടറി സമ്മാനങ്ങൾക്ക് ആദായ നികുതി ഈടാക്കിയെന്ന് ഉറപ്പുവരുത്തേണ്ടത് ലോട്ടറി നടത്തുന്ന സംസ്ഥാനങ്ങളുടെ ചുമതലയാണ്.

(ബി) എത്ര ശതമാനം നികുതി പിരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും പ്രസ്തുത നികുതി ഈടാക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ പതിനായിരം രൂപയിൽ താഴെയുള്ള സമ്മാനങ്ങൾ ലഭിക്കുന്നവരിൽനിന്നും നികുതി ഈടാക്കാൻ തീരുമാനിച്ചിട്ടില്ല. സമ്മാനത്തുക ഒരു വർഷം പതിനായിരത്തിൽ അധികരിക്കുന്ന സാഹചര്യത്തിലാണ് ആദായനികുതി നിയമത്തിന്റെ 115 BB വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം 30% നികുതി ഈടാക്കി വരുന്നത്. ഭാഗ്യക്കുറി ഓാഫീസിൽ സമ്മാനാർഹമായ ടിക്കറ്റ് സമ്മാനാർഹർ സമർപ്പിക്കുമ്പോൾ സമ്മാനത്തുകയുടെമേൽ നികുതി ഈടാക്കാനുള്ള സംവിധാനമാണ് നിലവിലുള്ളത്.

(സി) ചെറിയ സമ്മാനങ്ങൾ ലഭിക്കുന്നവരിൽനിന്നും 30% നികുതി ഈടാക്കാനുള്ള തീരുമാനം സംസ്ഥാന ഭാഗ്യക്കുറിയുടെ വില്പനയെ ദോഷകരമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത നടപടി ഒഴിവാക്കുമോ; വിശദാംശം നൽകാമോ?

കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ പതിനായിരം രൂപയിൽ താഴെയുള്ള സമ്മാനങ്ങൾ ലഭിക്കുന്നവരിൽനിന്നും നികുതി ഈടാക്കാൻ തീരുമാനിച്ചിട്ടില്ല. സമ്മാനത്തുക ഒരു വർഷം പതിനായിരത്തിൽ

അധികരിക്കുന്ന സാഹചര്യത്തിലാണ് ഇൻകം ടാക്സ് നിയമം നികുതി ഈടാക്കാൻ ആവശ്യപ്പെടുന്നത്. ഇൻകം ടാക്സ് നിയമം കേന്ദ്ര നിയമമായതിനാൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് ഈ വിഷയത്തിൽ യാതൊരു തീരുമാനവും എടുക്കാനാവില്ല.

(ഡി) സമ്മാനാർഹരായവരിൽനിന്നും ഏജന്റുമാർ ഈടാക്കുന്ന തുക ലോട്ടറി വകുപ്പിൽ അടയ്ക്കുമെന്ന് ഉറപ്പാക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

സമ്മാനാർഹരിൽനിന്നും ഏജന്റുമാർ തുക ഈടാക്കി ലോട്ടറി വകുപ്പിൽ അടയ്ക്കണമെന്ന് നിയമത്തിലോ ചട്ടത്തിലോ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

**കേരള സംസ്ഥാന ഭാഗ്യക്കുറി**

137 (584) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിനംപ്രതി എത്ര കേരള ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽപ്പന നടത്തി വരുന്നുണ്ടെന്ന് അറിയിക്കാമോ?

തിങ്കൾ, ചൊവ്വ, വ്യാഴം, വെള്ളി, ശനി ദിവസങ്ങളിലെ 40 രൂപ മുഖവിലയുള്ള പ്രതിവാര ഭാഗ്യക്കുറികൾ 1,08,00,000 ടിക്കറ്റുകൾ അച്ചടിച്ച് പൂർണ്ണമായും വിറ്റഴിക്കപ്പെടുന്നു. ഞായറാഴ്ചയിലെ അക്ഷയ ഭാഗ്യക്കുറി 1,02,12,000 ടിക്കറ്റുകൾ അച്ചടിച്ച് പൂർണ്ണമായും വിറ്റഴിക്കപ്പെടുന്നു. ബുധനാഴ്ചകളിൽ നറുക്കെടുക്കുന്ന 50/- രൂപ മുഖവിലയുള്ള ഫിഫ്റ്റി-ഫിഫ്റ്റി പ്രതിവാര ഭാഗ്യക്കുറി ശരാശരി 80 ലക്ഷം ടിക്കറ്റുകൾ വിൽപ്പന നടത്തി വരുന്നു.

(ബി) വിൽപ്പനയിൽ ലഭിക്കുന്ന തുകയുടെ എത്ര ശതമാനം പ്രൈസ് മണിയായി നൽകിവരുന്നുണ്ടെന്ന് അറിയിക്കാമോ?

ആകെ വിറ്റുവരവ് തുകയുടെ 60 ശതമാനത്തോളം സമ്മാനമായി നൽകി വരുന്നു.

(സി) കേരള ലോട്ടറി സമ്മാനങ്ങളുടെ എണ്ണം കുറച്ചതായി പറയപ്പെടുന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

സമ്മാനങ്ങളുടെ എണ്ണം കുറച്ചതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. സമ്മാന ഘടന പരിഷ്കരണത്തിൽ സമ്മാനങ്ങളുടെ എണ്ണം

വർദ്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. വിഷു, മൺസൂൺ, തിരുവോണം ബമ്പർ ഭാഗ്യക്കുറികളിൽ സമ്മാനങ്ങളുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിച്ചു.

(ഡി) ഒന്നാം സമ്മാനം ലഭിക്കുന്ന ഏജൻസിയുടെ പേര് വിവരങ്ങൾ പ്രസിദ്ധപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഒന്ന്, രണ്ട് സമ്മാനങ്ങൾക്ക് അർഹമാകുന്ന ടിക്കറ്റുകൾ വിറ്റഴിച്ച ഏജൻസിയുടെ പേരുവിവരങ്ങൾ നറുക്കെടുപ്പ് വേളയിൽതന്നെ പ്രസിദ്ധപ്പെടുത്തിവരുന്നുണ്ട്.

(ഇ) ചെറിയ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഇക്കാര്യം പരിശോധിച്ചുവരുന്നു.

**കാരുണ്യ ചികിത്സാ പദ്ധതി**

138 (585) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ചികിത്സാ പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ നിർത്തലാക്കാനുള്ള കാരണം അറിയിക്കാമോ?

(ബി) നിലവിൽ കാരുണ്യ ലോട്ടറിയിൽ നിന്നുള്ള വരുമാനം ഏത് ആവശ്യത്തിനാണ് ചെലവഴിക്കുന്നതെന്ന് അറിയിക്കാമോ?

(എ&ബി) കാരുണ്യ ചികിത്സാ പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നീ പേരുകളിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നിലവിൽ നടപ്പിലാക്കിവരുന്നു.

(സി) 2022-23 സാമ്പത്തിക വർഷത്തിൽ കാരുണ്യ ലോട്ടറിയിൽനിന്നും എത്ര തുക ലഭിച്ചുവെന്നും എത്ര തുക ചെലവായെന്നും അത് ഏതൊക്കെ തരത്തിലാണെന്നും വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷം കാരുണ്യ ലോട്ടറിയിൽനിന്ന് ലഭിച്ച വിറ്റുവരവ് 3301.56 കോടി രൂപയാണ്. (കാരുണ്യ-1707.85 കോടി രൂപ, കാരുണ്യ പ്ലസ് - 1593.71 കോടി രൂപ) ഭാഗ്യക്കുറി വകുപ്പിലെ ചെലവുകൾ (ഏജന്റ് കമ്മീഷൻ, സമ്മാനം, പരസ്യം മുതലായവ) സാമ്പത്തിക വർഷം അടിസ്ഥാനമാക്കിയാണ് തയ്യാറാക്കുന്നത്. ഒരു ലോട്ടറിയിൽ നിന്നുള്ള ചെലവുകൾ മാത്രമായി തയ്യാറാക്കുന്നില്ല.

**തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റിയിലെ ഓഡിറ്റ്**

139 (586) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിലെ ആശുപത്രി വികസന സൊസൈറ്റികളുടെ (എച്ച്.ഡി.എസ്.) വരവ്, ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിക്കാറുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

പരിശോധിക്കാറുണ്ട്.

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജിലെ ആശുപത്രി വികസന സൊസൈറ്റിയുടെ ഏതുവർഷം വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ടെന്നും ഏതുവർഷം വരെയുള്ളവയുടെ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടെന്നും ഏതുവർഷം വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ?

തൃശ്ശൂർ മെഡിക്കൽ കോളേജ് എച്ച്.ഡി.എസ്.-ന്റെ 2012-13 വരെയുള്ള വാർഷിക കണക്കുകളാണ് ഓഡിറ്റ് നടത്തി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളത്.

2013-14 മുതലുള്ള വാർഷികകണക്കുകൾ നാളിതുവരെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

(സി) ഓഡിറ്റ് വകുപ്പ് തൃശ്ശൂർ മെഡിക്കൽ കോളേജിലെ ആശുപത്രി വികസന സൊസൈറ്റിയിൽ അവസാനമായി നടത്തിയ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഏറ്റവുമൊടുവിലായി പുറപ്പെടുവിച്ച തൃശ്ശൂർ മെഡിക്കൽ കോളേജ് എച്ച്.ഡി.എസ്.-ന്റെ 2012-13 ലെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ഡി) സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ യഥാസമയം വാർഷിക കണക്കുകൾ സമർപ്പിക്കാതെ വന്നാൽ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ്-9-ൽ പ്രസ്തുത ആക്ടിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിന് സമർപ്പിക്കാത്ത സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ പ്രതിപാദിക്കുന്നുണ്ട്. ആയത് ചുവടെ ചേർക്കുന്നു. "സാമ്പത്തിക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷം അവസാനിച്ച് നാലുമാസത്തിനകം സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് അതോറിറ്റി വാർഷികകണക്കുകൾ തയാറാക്കി ഓഡിറ്റിന് സമർപ്പിക്കണം. പ്രസ്തുത കാലയളവിനുള്ളിൽ വാർഷികകണക്ക് സമർപ്പിക്കാതിരുന്നാൽ 1000 രൂപ മുതൽ 3,000 രൂപ വരെ പിഴ ചുമത്താവുന്നതാണ്."എന്നാൽ മെഡിക്കൽ കോളേജ് എച്ച്.ഡി.എസ്.-കൾ പ്രസ്തുത ഷെഡ്യൂളിൽ ഇതുവരെയായി ഉൾപ്പെടാത്ത സ്ഥാപനമായതിനാൽ ആക്ടിന്റെ വകുപ്പ് -9-ലെ നടപടിക്രമങ്ങൾ സ്വീകരിക്കാനാവില്ല.

**കെ.എസ് .എഫ് .ഇ.-യെ വിപുലപ്പെടുത്താൻ നടപടി**

140 (587) <u>ശ്രീ. തോമസ് കെ. തോമസ്:</u>
<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u>
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u>
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യെ കൂടുതൽ മികവുള്ളതാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സമ്പൂർണ്ണ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ നടപടികൾ നടന്നുവരുന്നു. അതിലൂടെ കടലാസ് രഹിത ഹരിത പ്രോട്ടോകോൾ പാലിക്കുവാൻ കഴിയുന്നതാണ്. മൊബൈൽ ആപ്, ഡിജിറ്റൽ കസ്റ്റമർ മാനേജ്മെന്റ് സംവിധാനം, വിവിധതരത്തിലുള്ള സമ്മാനപദ്ധതികൾ ഉൾപ്പെടുത്തികൊണ്ടുള്ള ചിട്ടി ക്യാംപയിനുകൾ, പ്രവാസികൾക്ക് സുരക്ഷിതമായി സമ്പാദ്യം ഉറപ്പുവരുത്തുന്ന ഓൺലൈൻ ചിട്ടികൾക്കായി പ്രത്യേക പ്രവാസി ഡിജിറ്റൽ ബിസിനസ്സ് സെന്റർ തുടങ്ങി, വിഷൻ-2025 എന്ന പദ്ധതി ആവിഷ്ക്കരിച്ചുകൊണ്ട് 2025 ഓടുകൂടി 1000 ശാഖകൾ, 1 ലക്ഷം കോടി ടേൺഓവർ, 1 കോടി ഇടപാടുകാർ എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചുകൊണ്ട് കെ.എസ്.എഫ്.ഇ.-യെ മികവുറ്റതാക്കി തീർക്കും.

(ബി) കെ.എസ്.എഫ്.ഇ. ഇല്ലാത്ത പഞ്ചായത്തുകളിലും പട്ടണങ്ങളിലും പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

2025-ഓടുകൂടി എല്ലാ പഞ്ചായത്തിലും കെ.എസ്.എഫ്.ഇ. ശാഖകൾ ആരംഭിക്കും. നിലവിൽ നഗര-ഗ്രാമ പ്രദേശങ്ങളിലായി 677 ശാഖകളുണ്ട്. സാധ്യമായ ഇടങ്ങൾ പരിശോധിച്ച് പുതിയ ശാഖകൾ ആരംഭിക്കുന്നുണ്ട്.

(സി) കൂടുതൽ മൾട്ടി ഡിവിഷൻ ചിട്ടികളും ലോണുകളും ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിൽ ചിട്ടി ബിസിനസ്സിന്റെ 35-40% ചിട്ടികൾ മൾട്ടി ഡിവിഷൻ ചിട്ടികളാണ്. നിലവിലുള്ള വായ്പകൾ കൂടാതെ 375 കോടി രൂപയുടെ പ്രവാസി ഭദ്രത മൈക്രോ സ്കീം (PBMS) വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഗോൾഡ് ഓവർഡ്രാഫ്റ്റ്, ഫ്ലാറ്റ് വാങ്ങുന്നതിനുള്ള പ്രത്യേക വായ്പാ പദ്ധതി തുടങ്ങി വിവിധങ്ങളായ വായ്പാ പദ്ധതികളും ആരംഭിക്കുന്നുണ്ട്.

**കെ.എസ്.എഫ്.ഇ. കുടിശ്ശിക നിവാരണം**

141 (588) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. വായ്പ, ചിട്ടി എന്നിവയിൽ കുടിശ്ശിക വന്ന് റവന്യൂ റിക്കവറി നടപടികൾ നേരിടുന്നവർക്ക് നൽകുന്ന ആശ്വാസ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കുടിശ്ശിക ആരംഭിച്ച തീയതിയെ അടിസ്ഥാനമാക്കി പലിശയിൽ ഇളവ് നൽകുന്നതാണ് ആശ്വാസ നടപടി. ഇപ്പോൾ ഈവിധം പലിശ ഇളവ് നൽകുന്ന പദ്ധതി നിലവിലുള്ളതും ആയത് 2023 ആഗസ്റ്റ് 31 വരെ കുടിശ്ശിക തീർക്കുന്നതിന് ഉപകരിക്കുന്നതുമാണ്.

(ബി) വായ്പ കുടിശ്ശിക പലിശ ഇളവ് നൽകി തവണകളായി തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഒറ്റത്തവണയായി കുടിശ്ശിക തീർപ്പാക്കുന്നതിന് പലിശ ഇളവ് നൽകുന്നതിനാൽ കുടിശ്ശിക തവണകളായി അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

**കെ.എസ്.എഫ്.ഇ. ഇൻഷ്വറൻസ് പരിരക്ഷ**

142 (589) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ആരംഭിച്ചിട്ടുള്ള ചിട്ടിയിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കണമെന്ന കാട്ടാക്കട ക്രിസ്ത്യൻ കോളേജ് പ്രദേശവാസിയായ വിശ്വകുമാറിന്റെ ഭാര്യ മായയുടെ അപേക്ഷയിന്മേൽ (എച്ച്2/242/2023/നികുതി) സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

കെ.എസ്.എഫ്.ഇ. സുവർണ്ണ ജൂബിലി ചിട്ടികൾ 2020 പദ്ധതിക്ക് കീഴിൽ ആരംഭിച്ച ചിട്ടികളിൽ അത്യാഹിത പരിരക്ഷ ഏർപ്പെടുത്തിയിരുന്നു. ചിട്ടി പിടിച്ച് ചിട്ടിപ്പണം കൈപ്പറ്റിയ ചിറ്റാളർ ദൗർഭാഗ്യവശാൽ ചിട്ടിയുടെ കാലാവധി തീരും മുൻപേ മരിച്ചുപോകുകയാണെങ്കിൽ പ്രസ്തുത ചിട്ടിയുടെ ബാധ്യത അവകാശികളുടെമേൽ വരാതിരിക്കാൻ വേണ്ടിയാണ് ഈ പരിരക്ഷ ഏർപ്പെടുത്തിയത്. അത്തരം കേസുകളിൽ ബാധ്യത കമ്പനി ഏറ്റെടുക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു.

എന്നാൽ ഈ ചോദ്യത്തിൽ പരാമർശിച്ച ശ്രീ. വിശ്വകുമാറിന്റെ കാര്യത്തിൽ ഭാവി ബാധ്യതയ്ക്ക് വേണ്ടിയുള്ള തുക കെ.എസ്.എഫ്.ഇ.-യിൽ

തന്നെ നിക്ഷേപിച്ചിട്ടുള്ളതിനാൽ ഭാവി ബാധ്യത അവകാശികൾക്കുമേൽ വരുന്നില്ല. അതിനാൽ തന്നെ ആ നിക്ഷേപം ഉപയോഗിച്ച് ശ്രീ. വിശ്വകുമാറിന്റെ ബാധ്യത തീർക്കാവുന്നതാണ്.

എന്നാൽ ശ്രീ. വിശ്വകുമാറിന്റെ ഭാര്യയും പ്രസ്തുത ചിട്ടിയിലെ നോമിനിയുമായ ശ്രീമതി മായ ആവശ്യപ്പെട്ടിട്ടുള്ളത് അത്യാഹിത പരിരക്ഷ അവർക്ക് നൽകണമെന്നാണ്. ചിട്ടിയുടെ ബാധ്യത തീർക്കുന്നതിനാണ് അത്യാഹിത പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ളതെന്നതിനാൽ പ്രസ്തുത ആവശ്യം അംഗീകരിക്കാൻ നിർവ്വാഹമില്ലെന്ന് മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നികുതി വകുപ്പിന് സമർപ്പിച്ച പരാതിയിൽ മേൽപ്പറഞ്ഞ കാര്യം തന്നെ ചൂണ്ടിക്കാട്ടി അത്യാഹിത പരിരക്ഷയ്ക്ക് കീഴിൽ ഈ പരാതി നിലനിൽക്കില്ലെന്ന വിവരം മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ. പരാതിക്കാരിയെ അറിയിച്ചിട്ടുണ്ട്.

(ബി) സർക്കുലർ നമ്പർ 49/2020 പ്രകാരം ചിട്ടി പിടിച്ച ചിറ്റാളൻ മരണപ്പെട്ടാൽ ചിട്ടിയിന്മേലുള്ള ബാധ്യത എഴുതിത്തള്ളുന്നതാണെന്ന്

പ്രഖ്യാപിച്ചിട്ടും കെ.എസ്.എഫ്.ഇ. ഇൻഷ്വറൻസ് പരിരക്ഷ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

കെ.എസ്.എഫ്.ഇ ചിട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കിയിട്ടില്ല. ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് സമാനമായ അത്യാഹിത പരിരക്ഷ കെ.എസ്.എഫ്.ഇ. നേരിട്ട് അതിന്റെ ചിട്ടി വരിക്കാർക്ക് പ്രദാനം ചെയ്യാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2021 ഫെബ്രുവരി 15 മുതൽ വിവിധ ശാഖകളിലെ ചിട്ടി വരിക്കാർക്ക് നിബന്ധനകൾക്ക് വിധേയമായുള്ള അത്യാഹിത പരിരക്ഷയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ആയത് അതേപോലെ തുടർന്ന് വരുന്നുണ്ട്.

(സി) കെ.എസ്.എഫ്.ഇ. പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളിൽ ചിട്ടി പിടിച്ചാൽ മരണപ്പെട്ട ആളിന്റെ ഡെപ്പോസിറ്റ് തുകയിൽനിന്നും പിടിയ്ക്കുമെന്നും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കില്ലായെന്നും പ്രതിപാദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പ്രതിപാദിക്കുന്നില്ല.

ചിട്ടി പിടിച്ച ചിറ്റാളന്റെ ഭാവി ബാധ്യത അവകാശികൾക്കുമേൽ വരാതിരിക്കാൻ എന്ന ഉദ്ദേശം മുൻനിർത്തി സർക്കുലർ നമ്പർ 12/2021 (BD) dt. 15-02-2021 അനുസരിച്ച് ചിട്ടി പിടിച്ചെടുത്തശേഷം വരിക്കാരന്/വരിക്കാരിക്ക് ദൗർഭാഗ്യവശാൽ മരണം സംഭവിക്കുകയാണെങ്കിൽ ആ സമയത്ത് നിബന്ധനകൾക്ക് വിധേയമായി,

1. വ്യക്തിയുടെ പ്രായം 40 വയസ്സോ അതിൽ താഴെയോ ആണെങ്കിൽ 25 ലക്ഷം രൂപ വരെയുള്ള ഭാവി ബാധ്യത കെ.എസ്.എഫ്.ഇ. വഹിക്കുന്നതാണ്.

2. 40 വയസ്സിന് മുകളിലാണെങ്കിൽ 10 ലക്ഷം രൂപ വരെയുള്ള ഭാവി ബാധ്യത കെ.എസ്.എഫ്.ഇ. വഹിക്കുന്നതാണ്.

**എസ്.എൽ.ഐ., ജി.ഐ.എസ്.**

143 (590) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എൽ.ഐ., ജി.ഐ.എസ്. തുടങ്ങിയവയുടെ പാസ്ബുക്കുകൾ ജീവനക്കാരുടെ കൈയ്യിൽനിന്ന് നഷ്ടപ്പെടുകയും പഴയ

രേഖകൾ പല സർക്കാർ ഓഫീസുകളിൽനിന്നും ലഭ്യമാകാതെ വരികയും ചെയ്യുന്നതുമൂലം റിട്ടയർ ചെയ്ത പല ജീവനക്കാർക്കും ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ അടച്ച തുക തിരികെ ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരക്കാർക്ക് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിലുള്ള രേഖകളുടെ അടിസ്ഥാനത്തിൽ പണം മടക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ എസ്.എൽ.ഐ, ജി.ഐ.എസ്. പദ്ധതികളുടെ വ്യക്തിഗത പ്രീമിയം/വരിസംഖ്യ വിവരങ്ങൾ ഇൻഷ്വറൻസ് വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിക്കാത്തതിനാൽ ഡി.ഡി.ഒ.-മാർ സാക്ഷ്യപ്പെടുത്തി നൽകുന്ന രേഖകളുടെ അടിസ്ഥാനത്തിലാണ് ക്ലെയിമുകൾ തീർപ്പാക്കി വരുന്നത്. ഇത്തരം രേഖകൾ ഡി.ഡി.ഒ.-മാരിൽനിന്നും ശേഖരിച്ച് വകുപ്പിന്റെ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ഇൻഷ്വറൻസ് പദ്ധതി**

144 (591) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ.സി.എച്ച്.എസ്. (എക്സ്-സർവീസ്മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീം) പോലുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാരിൽ നിന്നും, പെൻഷൻ പറ്റിയവരിൽ നിന്നും മെഡിസെപ്പിലേക്ക് വരിസംഖ്യ ഇപ്പോഴും പിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നിർത്തലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവർക്കും അവരുടെ ആശ്രിതർക്കും നിർബന്ധിതാടിസ്ഥാനത്തിൽ ആരംഭിച്ച

പദ്ധതിയായതിനാൽ ഗുണഭോക്താക്കളാരേയും പദ്ധതി കാലയളവിനുള്ളിൽ മെഡിസെപ് പ്രീമിയം പിടിക്കുന്നതിൽനിന്നും ഒഴിവാക്കുവാൻ കഴിയുകയില്ല.

**മെഡിസെപ് ഇൻഷുറൻസ് പദ്ധതി**

145 (592) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി ഏർപ്പെടുത്തിയ മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം നാളിതുവരെയായി എത്ര പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും എത്ര തുക ഈയിനത്തിൽ ഇൻഷ്വറൻസ് കമ്പനി ചെലവാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ 25-07-2023 വരെ 2,93,800 പേർക്ക് 742,46,58,000/- രൂപയുടെ ആനുകൂല്യം നൽകിയിട്ടുള്ളതായി ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയ വിവരം മെഡിസെപ് വെബ്സൈറ്റിലെ ഡാഷ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) മെഡിസെപ്പ് ആരംഭിച്ചതിനുശേഷം ഏതൊക്കെ ആശുപത്രികളാണ് പുതുതായി ഈ പദ്ധതിയിൽ ചേർന്നിട്ടുള്ളത് വിശദമാക്കാമോ?

മെഡിസെപ്പ് ആരംഭിച്ചതിനുശേഷം എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ/ചികിത്സാ വിഭാഗങ്ങളുടെ ലിസ്റ്റ് മെഡിസെപ് പോർട്ടലിലെ (www.medisep.gov.in) ഹോസ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ്. കൂടാതെ മെഡിസെപ്പിൽ വ്യക്തിഗത ലോഗിനിൽ കയറിയും ആശുപത്രികളുടെ/ചികിത്സാ വിഭാഗങ്ങളുടെ ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. എംപാനൽമെന്റ് ഒരു തുടർ പ്രവർത്തനമാണ്.

(സി) മെഡിസെപ്പ് ക്ലെയിം സെറ്റിൽ ചെയ്യുന്നതിന് രണ്ട് ദിവസം വരെ ചില ആശുപത്രികളിൽ താമസമുണ്ടാകുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം തെറ്റായ നടപടികൾ സ്വീകരിക്കുന്ന ആശുപത്രികൾക്കെതിരെ MoU പ്രകാരമുള്ള നടപടിയെടുക്കുവാൻ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മെഡിസെപ് ഇൻഷ്വറൻസ് പദ്ധതി**

146 (593) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളും സഹകരണ ആശുപത്രികളും കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ആശുപത്രികളുടെ എണ്ണം കുറവുള്ള സ്ഥലങ്ങൾ കണ്ടെത്തി അവിടെയുള്ള പ്രധാനപ്പെട്ട ആശുപത്രികളുടെ ലിസ്റ്റ് ശേഖരിച്ച് എംപാനൽമെന്റ് നടത്തുന്നതിനുള്ള നിർദ്ദേശം അവലോകന യോഗങ്ങളിൽ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. കൂടാതെ എംപാനൽമെന്റ് ഒരു തുടർ പ്രവർത്തനമാണ്. മെഡിസെപ്പിന്റെ വ്യവസ്ഥകൾ പാലിക്കുന്ന

ആശുപത്രികളെ/വിഭാഗങ്ങളെ പദ്ധതി കാലയളവിൽ എപ്പോൾ വേണമെങ്കിലും എംപാനൽ ചെയ്യാവുന്നതാണ്.

(ബി) പ്രസ്തുത പരാതി പരിഹരിക്കുന്നതിനായി കൂടുതൽ സ്വകാര്യ ആശുപത്രികളെയും സഹകരണ ആശുപത്രികളെയും പദ്ധതിയിൽ ചേർക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

കൂടുതൽ സ്വകാര്യ ആശുപത്രികളെയും സഹകരണ ആശുപത്രികളെയും പദ്ധതിയിൽ ചേർക്കാൻ ഇൻഷ്വറൻസ് കമ്പനിയുമായി നടത്തുന്ന ദ്വൈവാര അവലോകനയോഗത്തിൽ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിരുന്നതിനോടൊപ്പം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലും നിർദ്ദേശം നൽകുകയുണ്ടായി.

(സി) മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാർ ഗുണഭോക്താക്കളായി ഉൾപ്പെടുത്താൻ വിട്ടുപോയ ആശ്രിതരെ ഉൾപ്പെടുത്തുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ അവരെ ഉൾപ്പെടുത്താൻ അവസരം നൽകുമോ; വിശദമാക്കുമോ?

23-06-2022-ലെ ജി.ഒ.(പി) നം. 70/2022/ധന സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവർക്കായി 01-07-2022-ൽ കേരള സർക്കാരിന്റെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് നിലവിൽ വരികയും മെഡിസെപ്-ൽ അംഗങ്ങളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് 22-11-2021 തീയതിയിലെ നം. 110/2021/ധന സർക്കുലർ പ്രകാരം വിവരശേഖരണം പുനരാരംഭിക്കുകയും തുടർന്ന് 06-12-2021 തീയതിയിലെ നം. 119/2021/ധന, 31-12-2021 തീയതിയിലെ നം. 124/2021/ധന, 19-02-2022 തീയതിയിലെ നം. 11/2022/ധന, 06-04-2022 തീയതിയിലെ നം. 32/2022/ധന, എന്നീ സർക്കുലറുകൾ പ്രകാരം ജീവനക്കാരുടെയും പെൻഷൻകാരുടെയും കുടുംബ പെൻഷൻകാരുടെയും തിരുത്തലുകൾ വരുത്തിയ ശരിയായ വിവരങ്ങൾ ലഭ്യമാക്കാൻ ബന്ധപ്പെട്ട ഡി.ഡി.ഒ./ട്രഷറി ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ഉണ്ടായി. തുടർന്ന് 06-08-2022-ലെ സർക്കുലർ നമ്പർ 68/2022/ധന പ്രകാരം ശരിയായ വിവരങ്ങൾ വെരിഫൈ ചെയ്ത്/അപ്ഡേറ്റ് ചെയ്ത്

സമർപ്പിക്കേണ്ട അവസാന തീയതി 25-08-2022 ആയിരുന്നു. എന്നാൽ ഇൻഷ്വറൻസ് കമ്പനിയുമായുള്ള കരാർ പ്രകാരം 30-09-2022 വരെയുള്ള ഡാറ്റാ വെരിഫൈ ചെയ്ത് കമ്പനിക്ക് നൽകി ആയത് പ്രകാരം അത് വരെ ഡാറ്റാ തിരുത്തി നൽകിയവർക്കെല്ലാം കാർഡ് ലഭ്യമാക്കുകയും ചെയ്തിരുന്നു. 30-09-2022-നുശേഷം ഡാറ്റായിൽ തിരുത്തലുകൾ വരുത്തിയ ജീവനക്കാർക്ക്/പെൻഷൻകാർക്ക് 15-06-2023-ലെ 57/2023/ധന നമ്പർ സർക്കുലർ പ്രകാരം രണ്ടാമത്തെ പോളിസി വർഷമായ ജൂലൈ 2023-ൽ കാർഡ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നവജാത ശിശുക്കൾ ജനിച്ച് 180 ദിവസത്തിനുള്ളിൽ മെഡിസെപ് പോർട്ടലിലെ ആശ്രിതരുടെ പട്ടികയിൽ കുഞ്ഞിന്റെ പേര് ഉൾപ്പെടുത്താവുന്നതാണ്. കൂടാതെ പുതുതായി വിവാഹം കഴിയുന്നവർ വിവാഹം കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ പങ്കാളിയുടെ പേര് മെഡിസെപ് പോർട്ടലിലെ ആശ്രിതരുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. ഇനിയും പേര് ചേർക്കാത്ത ആശ്രിതരെ പദ്ധതിൽ ഉൾപ്പെടുത്തുന്ന തീരുമാനം ഇൻഷ്വറൻസ് കമ്പനിയാണ് കൈക്കൊള്ളേണ്ടത്.

(ഡി) പുതുതായി സർവീസിൽ പ്രവേശിക്കുന്നവർക്ക് മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ എപ്പോൾ ചേരാനാകുമെന്ന് വ്യക്തമാക്കുമോ?

പുതുതായി സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാവുന്നതാണ്.

**മെഡിസെപ് പദ്ധതി പ്രകാരം സേവനം നൽകുന്ന ആശുപത്രികൾ**

147 (594) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ, എറണാകുളം, കോട്ടയം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിൽ മെഡിസെപ്പ് പദ്ധതി പ്രകാരം സേവനം നൽകുന്ന ആശുപത്രികളുടെ വിവരങ്ങളും ഈ ആശുപത്രികൾ ഏതൊക്കെ സേവനങ്ങളാണ് മെഡിസെപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വിശദമാക്കുമോ?

ആലപ്പുഴ, എറണാകുളം, കോട്ടയം, പത്തനംതിട്ട, തിരുവനന്തപുരം തുടങ്ങി ഓരോ ജില്ലകളിലും മെഡിസെപ്പിൽ എംപാനൽ ചെയ്തിട്ടുള്ള

ആശുപത്രികളുടെ/വിഭാഗങ്ങളുടെ ലിസ്റ്റ് മെഡിസെപ് പോർട്ടലിലെ (www.medisep.gov.in) ഹോസ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ്. കൂടാതെ മെഡിസെപ്പിൽ വ്യക്തിഗത ലോഗിനിൽ കയറിയും ആശുപത്രികളുടെ/വിഭാഗങ്ങളുടെ ലിസ്റ്റ് പരിശോധിക്കാവുന്നതാണ്

**മെഡിസെപ് ആനുകൂല്യം**

148 (595) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് ആനുകൂല്യം പല ആശുപത്രികളും നിർത്തലാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തിരുവനന്തപുരം ജില്ലയിലെ ശാസ്തമംഗലം ശ്രീരാമകൃഷ്ണ മിഷൻ ആശുപത്രിയിൽ ഇപ്പോൾ മെഡിസെപ്പ് ആനുകൂല്യം ലഭിക്കുന്നുണ്ടോ; 2023 ജൂൺ മാസം പ്രസ്തുത ആശുപത്രിയിൽനിന്നും മെഡിസെപ്പ് ആനുകൂല്യം അനുവദിച്ചിരുന്നോ?

തിരുവനന്തപുരം ജില്ലയിലെ ശാസ്തമംഗലം ശ്രീരാമകൃഷ്ണ മിഷൻ ആശുപത്രിയിൽ മെഡിസെപ് ആനുകൂല്യം ഇപ്പോഴും നൽകിവരുന്നുണ്ടെന്നും 2023 ജൂൺ മാസം ആകെ 127 കേസുകൾ പ്രസ്തുത ആശുപത്രിയിൽനിന്നും മെഡിസെപ് ആനുകൂല്യമായി അനുവദിച്ചിട്ടുണ്ടെന്നും ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ മെഡിസെപ്പ് ആനുകൂല്യം അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്.

**മെഡിസെപ് കോർപ്പസ് ഫണ്ടിൽ നിന്നും അനുവദിച്ച തുക**

149 (596) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പിന്റെ ഭാഗമായ ഗുണഭോക്താക്കളുടെ ക്ഷേമം മുൻനിർത്തി ചികിത്സകൾ മുടങ്ങാതിരിക്കാൻ സർക്കാർ രൂപീകരിച്ചിട്ടുള്ള

കോർപ്പസ് ഫണ്ടിൽനിന്നും എത്ര രൂപയാണ് ഈ കാലയളവിൽ ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ 25-07-2023 വരെ 1932 പേർക്ക് 38,78,78,521/- രൂപയുടെ ആനുകൂല്യം കോർപ്പസ് ഫണ്ടിൽനിന്നും നൽകിയതായി ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയ വിവരം മെഡിസെപ് വെബ്സൈറ്റിലെ ഡാഷ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കോർപ്പസ് ഫണ്ടിൽനിന്നും 2023 ജൂൺ 30 വരെ എത്ര രൂപയാണ് അവയവ മാറ്റത്തിനായി നൽകിയതെന്ന് ഹോസ്പിറ്റൽ തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

കോർപ്പസ് ഫണ്ടിൽനിന്നും 2023 ജൂൺ 30 വരെ അവയവ മാറ്റത്തിനായി അനുവദിച്ച തുകയുടെ ഹോസ്പിറ്റൽ തിരിച്ചുള്ള കണക്ക് ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയിട്ടുള്ളത് അനുബന്ധമായി ചേർക്കുന്നു+.

(സി) ഗുണഭോക്താക്കളുടെ രോഗാവസ്ഥയുടെ തീവ്രത കണക്കാക്കിയാണോ അവയവമാറ്റ ശസ്ത്രക്രിയക്കായി തുക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അടിയന്തരമായി ചികിത്സ ലഭിക്കേണ്ട രോഗികൾക്ക് ചികിത്സ വൈകുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഗുണഭോക്താക്കളുടെ രോഗാവസ്ഥയുടെ തീവ്രത കണക്കാക്കിയാണ് അവയവമാറ്റ ശസ്ത്രക്രിയക്കായി ഗുണഭോക്താവിനെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നത്. ആശുപത്രി ലഭ്യമാക്കുന്ന പ്രീ ആതറൈസേഷന്റെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് കമ്പനി ക്ലെയിം അംഗീകരിക്കുകയും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു.

**മെഡിസെപ് ആനുകൂല്യം**

150 (597) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിസെപ്പ് നടപ്പിലാക്കിയതിനെത്തുടർന്ന് എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം നാളിതുവരെ ലഭ്യമായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ ഇനത്തിൽ നാളിതുവരെ എത്ര രൂപയുടെ ചികിത്സാ സഹായം നൽകാൻ സാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ 25-07-2023 വരെ 2,93,800 പേർക്ക് 742,46,58,000/- രൂപയുടെ ആനുകൂല്യം നൽകിയിട്ടുള്ളതായി ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയ വിവരം മെഡിസെപ് വെബ്സൈറ്റിലെ ഡാഷ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ www.medisep.kerala.gov.in എന്ന വെബ്പോർട്ടലിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

**മെഡിസെപ് പദ്ധതി**

151 (598) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിപ്രകാരം ജീവനക്കാരിൽനിന്നും പെൻഷൻകാരിൽനിന്നും ഈടാക്കിവരുന്ന തുക വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ?

മെഡിസെപ്പ് പദ്ധതിപ്രകാരം ജീവനക്കാരിൽനിന്നും പെൻഷൻകാരിൽനിന്നും ഈടാക്കിവരുന്ന തുക വർദ്ധിപ്പിക്കണമെന്ന നിർദ്ദേശമുണ്ടായിട്ടില്ല.

(ബി) ഇൻഷ്വറൻസ് കമ്പനിയുമായി ഉണ്ടാക്കിയ കരാർപ്രകാരം പ്രസ്തുത പദ്ധതിയുടെ പ്രീമിയം തുക വർദ്ധിപ്പിക്കാൻ കഴിയുമോ?

ഇല്ല

(സി) ഇൻഷ്വറൻസ് പരിരക്ഷ നൽകേണ്ട ആശുപത്രികൾ പണം ഈടാക്കുന്നതായ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആശുപത്രികൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ചികിത്സയ്ക്കായി പണം ഈടാക്കിയ എംപാനൽഡ് ആശുപത്രികൾക്കെതിരെ നടപടി സ്വീകരിക്കാൻ ഇൻഷ്വറൻസ് കമ്പനിക്ക്

കർശന നിർദ്ദേശം നൽകുകയും അത്തരം കേസുകൾ പരിശോധിച്ച് ചികിത്സാ ചെലവ് ഗുണഭോക്താവിന് റീ-ഇമ്പേഴ്സ് ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇപ്രകാരം തുക ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ട 10 ആശുപത്രികളെ ഇൻഷ്വറൻസ് കമ്പനി June 21-ന് സസ്പെൻഡ് ചെയ്യുകയും ആയത് മുൻകൂട്ടി അറിയിക്കാതെ ചെയ്തതിനാൽ ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ട് നേരിട്ടതിനാൽ സർക്കാർ നിർദ്ദേശത്തെ തുടർന്ന് revoke ചെയ്യുകയും ചെയ്തു. ഇപ്രകാരമുള്ള ആശുപത്രികൾക്കെതിരെ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് Standard Operating Procedure പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**മെഡിസെപ് ഇൻഷ്വറൻസ് പദ്ധതി**

152 (599) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പാക്കി വരുന്ന മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതി മുഖേന നാളിതുവരെ

എത്ര പേരുടെ ചികിത്സാ ക്ലെയിമുകളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര തുക ക്ലെയിമായി അനുവദിച്ചിട്ടുണ്ട്/ അംഗീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ 25-07-2023 വരെ 2,93,800 പേർക്ക് 742,46,58,000/- രൂപയുടെ ആനുകൂല്യം നൽകിയതായി ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയ വിവരം മെഡിസെപ് വെബ്സൈറ്റിലെ ഡാഷ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ www.medisep.kerala.gov.in എന്ന വെബ്പോർട്ടലിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

**ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി**

153 (600) <u>ശ്രീ. എ. സി. മൊയ്തീൻ:</u>
<u>ശ്രീമതി ദെലീമ:</u>
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u>

ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 13.17 കോടി രൂപ ആയിരുന്ന കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ ലാഭം, 2023 മാർച്ച് 31-ന് 50.19 കോടി രൂപയിലെത്തി. വായ്പാ ആസ്തി 2022 മാർച്ച് 31-ലെ 4750.71 കോടി രൂപയിൽനിന്ന് 2023 മാർച്ച് 31-ന് 6529.40 കോടി രൂപയായി ഉയർന്നു. പലിശ വരുമാനം 543.64 കോടി രൂപയായി വർദ്ധിച്ചുകൊണ്ട് വാർഷിക വളർച്ച 38.46 % രേഖപ്പെടുത്തി. മൊത്ത വരുമാനം 2022 മാർച്ച് 31-ൽ 518.17 കോടി രൂപയായിരുന്നത് 2023 മാർച്ച് 31-ൽ 694.38 കോടി രൂപയായി ഉയർന്നു.

കെ.എസ്.എഫ്.ഇ.-യെ സംബന്ധിച്ചുള്ള 31-03-2021 മുതൽ 31-07-2023 വരെയുള്ള പ്രവർത്തന പുരോഗതി

ബിസിനസ്സ് വളർച്ച

കെ.എസ്.എഫ്.ഇ.-യുടെ വാർഷിക വിറ്റ് വരവ് 31-03-2021-ൽ 52762 കോടി രൂപയായിരുന്നത് 31-07-2023-ൽ 73447 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. 39% വർദ്ധനവാണ് വാർഷിക വിറ്റുവരവിൽ ഈ കാലയളവിലുണ്ടായിട്ടുള്ളത്.

31-03-2021-ൽ പ്രതിമാസ ചിട്ടി സല 2410 കോടി രൂപയായിരുന്നത് 31-07-202-ൽ അത് 3272 കോടി രൂപയിലേയ്ക്കും വർദ്ധിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ.-യുടെ പ്രൈം ബിസിനസ്സായ ചിട്ടിയിൽ തുടർച്ചയായ വർഷങ്ങളിൽ വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഏകദേശം 36% വർദ്ധനവാണുണ്ടായിട്ടുള്ളത്.

2021-22 സാമ്പത്തിക വർഷം വാർഷിക ചിട്ടി സല 30688 കോടി രൂപയായിരുന്നത് 2022-23-ലേയ്ക്ക് എത്തുമ്പോൾ 36196 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

31-03-202-ൽ ആകെ നൽകിയ വായ്പ 8112 കോടി രൂപയായിരുന്നത് 31-07-2023-ൽ 12247 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഏകദേശം 51% വർദ്ധനവാണുണ്ടായിട്ടുള്ളത്. 31-03-2021-ൽ 18180 കോടി രൂപയുണ്ടായിരുന്ന

നിക്ഷേപങ്ങൾ 31-07-202-ൽ 23048 കോടി രൂപയിലേയ്ക്കെത്തിയിട്ടുണ്ട്. നിക്ഷേപയിനത്തിൽ 27% വളർച്ചയുണ്ടായിട്ടുണ്ട്.

31-03-2021-ൽ 616 ശാഖകളുണ്ടായിരുന്നത് 31-07-2023-ൽ 670 ശാഖകളായി ഉയർന്നിട്ടുണ്ട്.

31-03-2021-ലെ 7515 ജീവനക്കാരിൽനിന്ന് 31-07-2023-ൽ 8301 ജീവനക്കാരിൽ എത്തിനിൽക്കുന്നു.

31-03-2021-ൽ 42 ലക്ഷം ഇടപാടുകാരാണുണ്ടായിരുന്നത്. 31-07-2023-ൽ ഇടപാടുകാരുടെ എണ്ണം 49.87 ലക്ഷത്തിൽ എത്തിനിൽക്കുന്നു. ഏകദേശം 19 ശതമാനത്തോളം വർദ്ധനവാണുണ്ടായിട്ടുള്ളത്.

<u>പുതിയ പദ്ധതികൾ</u>

1. കോവിഡ് രോഗികൾക്കും കുടുംബാംഗങ്ങൾക്കും 5% പലിശ നിരക്കിൽ സൗഖ്യ സ്വർണ്ണപ്പണയ വായ്പ.

2. സ്ത്രീകൾക്കുവേണ്ടി 5% പലിശ നിരക്കിൽ 2021-22 അജയ്യ സ്വർണ്ണപ്പണയ വായ്പയും 2022-23-ൽ സമ്മാനങ്ങളോടുകൂടിയ സമത സ്വർണ്ണപ്പണയ വായ്പയും.

3. 2022 മാർച്ച് 8 മുതൽ 19 വരെ സമ്മാനങ്ങളോടുകൂടിയ വനിതാ ചിട്ടി ദ്വൈവാരം.

4. നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് സബ്സിഡിയോടുകൂടിയുള്ള പ്രവാസി ഭദ്രതാ മൈക്രോ സ്കീം 7942 സംരഭങ്ങളിലായി 378 കോടി രൂപ അനുവദിച്ചു.

5. സമ്മാനങ്ങളോടുകൂടിയ സവിശേഷ ചിട്ടി പദ്ധതികൾ.

6. നേട്ടം നിക്ഷേപ പദ്ധതി, 400 ദിവസത്തെ നിക്ഷേപങ്ങൾക്ക് 8 ശതമാനം പലിശ വാഗ്ദാനം ചെയ്തുകൊണ്ട് 2022 ഡിസംബർ 15-ന് ആരംഭിച്ചു.

<u>പ്രവാസി ചിട്ടി</u>

1. 2022-23 സാമ്പത്തിക വർഷത്തിൽ 54.16 കോടി രൂപയുടെ ചിട്ടി ബിസിനസ്സ് ചെയ്യുക വഴി 124.35 കോടി രൂപയുടെ പ്രതിമാസ ചിട്ടി സലയിൽ എത്തിച്ചേരാൻ സാധിച്ചു. ഇതുവരെ കിഫ്ബി ബോണ്ടിലേയ്ക്ക് (31-05-2023) 959 കോടി രൂപ അടച്ചു.

<u>കുടിശ്ശിക നിവാരണം</u>

1. കുടിശ്ശിക നിവാരണത്തിന് ആശ്വാസ്, സഞ്ജീവനം പദ്ധതികൾ. പ്രസ്തുത പദ്ധതികളിലൂടെ 1822 കോടി രൂപ പിരിച്ചെടുത്തു.

<u>മറ്റ് നേട്ടങ്ങൾ</u>

1. 2022-23 ൽ 1070 പുതിയ നിയമനങ്ങൾ. 2023-24-ൽ 31-07-2023 വരെ 47 പുതിയ നിയമനങ്ങൾ

2. പുതിയ വെബ് സൈറ്റ്

3. ക്ലൗഡ് പ്ലാറ്റ് ഫോമിലേയ്ക്കുള്ള മൈഗ്രേഷൻ.

<u>ലാഭക്ഷമത</u>

1. 2022-23 സാമ്പത്തിക വർഷം നല്ല ബിസിനസ്സ് വളർച്ച നേടിയതും നിഷ്ക്രിയ ആസ്തികളിൽ വേണ്ട ഇടപെടലുകൾ നടത്തി എന്നതും ലാഭക്ഷമത വർദ്ധിപ്പിക്കാനുള്ള സാധ്യത കൂട്ടിയിട്ടുണ്ട്. സ്ഥാപനത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബിസിനസ്സ് ടേൺ ഓവർ 69673 കോടി രൂപയായി ഉയർന്നിട്ടുണ്ട്.

(ബി) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ നിഷ്ക്രിയ ആസ്തി മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മൊത്ത നിഷ്ക്രിയ ആസ്തി മുൻവർഷത്തെ (2022 മാർച്ച് 31) 3.27 ശതമാനത്തിൽനിന്ന് 3.11 ശതമാനമായി കുറഞ്ഞു. കൂടാതെ അറ്റ നിഷ്ക്രിയ ആസ്തി കഴിഞ്ഞ സാമ്പത്തിക വർഷത്തെ (2022 മാർച്ച് 31) 1.28 ശതമാനത്തിൽ നിന്ന് 0.74 ശതമാനമായി കുറഞ്ഞു.

കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | മൊത്ത നിഷ്ക്രിയ ആസ്തി | അറ്റ നിഷ്ക്രിയ ആസ്തി |
|---|---|---|
| 2020-21 | 3.58 | 1.48 |
| 2021-22 | 3.27 | 1.28 |
| 2022-23 | 3.11 | 0.74 |

(സി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും ലഭിച്ച ഗ്യാരന്റി കമ്മീഷൻ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഈ സർക്കാരിന്റെ കാലത്ത് കെ.എഫ്.സി സർക്കാരിൽ അടച്ച ഗ്യാരണ്ടി കമ്മീഷന്റെ കണക്കുകൾ താഴെ പറയും പ്രകാരമാണ്.

| തീയതി | തുക |
|---|---|
| 13-04-2021 | Rs. 81,29,318.00 |
| 12-10-2021 | Rs. 81,29,318.00 |
| 11-04-2022 | Rs 40,77,000.00 |
| 12-10-2022 | Rs 40,77,000.00 |
| 11-04-2023 | Rs 20,38,500.00 |
| മൊത്തം | Rs 2,64,51,136.00 |

കെ.റ്റി.ഡി.എഫ്.സി.-യിൽനിന്നും സർക്കാരിലേയ്ക്ക് നൽകിയ ഗ്യാരന്റി കമ്മീഷൻ

| 2021-22 | 2022-23 |
|---|---|
| ഒന്നാം ഗഡു- 3,12,19,970 | ഒന്നാം ഗഡു- 1,83,32,848 |
| രണ്ടാം ഗഡു- 3,12,19,970 | രണ്ടാം ഗഡു-2,41,90,709 |
| ആകെ- Rs.6,24,39,940 | ആകെ -Rs.4,25,23,557 |

കെ.എസ്.എഫ്.ഇ.ൽനിന്നും സർക്കാരിലേക്ക് നൽകിയ ഗ്യാരന്റി കമ്മീഷൻ

| നമ്പർ | തീയതി | തുക | വിശദാംശങ്ങൾ |
|---|---|---|---|
| 1 | 12.10.2021 | 48,09,74,394/- | 2021-22-ന്റെ രണ്ടാം തവണ |
| 2 | 04.04.2022 | 52,32,00,000/- | 2022-23 ന്റെ ഒന്നാം തവണ |
| 3 | 11.10.2022 | 53,11,93,496/- | 2022-23 ന്റെ രണ്ടാം തവണ |
| 4 | 10.04.2023 | 57,76,00,000/- | 2023-24 ന്റെ ഒന്നാം തവണ |
| ആകെ | | Rs.211,29,67,890 | |

**നിക്ഷേപകർക്ക് കെ.എഫ്.സി. വഴി ലോണുകൾ വേഗത്തിൽ ലഭ്യമാക്കാൻ നടപടി**

154 (601) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപ സൗഹൃദ സംസ്ഥാനമായ കേരളത്തിൽ നിക്ഷേപർക്ക് സംരംഭങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിനായി കെ.എഫ്.സി. വഴി

നൽകുന്ന ലോണുകൾ വേഗത്തിൽ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കെ.എഫ്.സി. വഴി നൽകുന്ന ലോണുകൾ സംരംഭകർക്ക് വേഗത്തിൽ ലഭ്യമാക്കാനായി എല്ലാ ജില്ലാ ആഫീസുകളും MSME Credit Branches (MCBs)-കളായി മാറ്റുകയുണ്ടായി. 10 കോടി രൂപയ്ക്ക് മുകളിലുള്ള ലോണുകൾ കൈകാര്യം ചെയ്യുന്നതിനായി രണ്ട് പുതിയ Large Credit Branches (LCBs) രൂപീകരിക്കുകയും ചെയ്തു. വായ്പ അപേക്ഷ സ്വീകരിക്കുന്നത് മുതൽ വായ്പാ വിതരണം വരെയുള്ള എല്ലാ കാര്യങ്ങളും ഒരു കുടക്കീഴിലാക്കുക വഴി സംരംഭകർക്ക് കെ.എഫ്.സി. വായ്പയെടുക്കുന്നതും തുടർന്നുള്ള നടപടികളുമെല്ലാം അനായാസം നടത്താൻ സാധിക്കുന്നതാണ്.

(ബി) ലോണുകൾ നൽകുന്നതിന് വ്യവസ്ഥകൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ കെ.എഫ്.സി. സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംരംഭകർക്ക് ഓൺലൈൻ വഴി വായ്പയ്ക്ക് അപേക്ഷിക്കാനും തുടർ നടപടികൾ എല്ലാം ഓൺലൈനായി നടത്തുന്നതിനുമുള്ള സൗകര്യം

ലഭ്യമാണ്. വായ്പയ്ക്ക് അപേക്ഷിച്ചാൽ ഏഴ് ദിവസത്തിനകം തീരുമാനം അറിയിക്കാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ആറുമാസത്തിനിടയിൽ കുടിശ്ശിക നിവാരണ പദ്ധതികളും ബോധവത്ക്കരണവും ആശ്വാസ നടപടികളും സ്വീകരിച്ച് സംരംഭകരെ സഹായിക്കുന്ന നയസമീപനം സ്വീകരിക്കുമോ?

കോർപ്പറേഷനിൽ കുടിശ്ശിക നിവാരണത്തിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ട്.

**സോളാർ കേസിൽ വക്കിൽ ഫീസ് ഇനത്തിൽ ചിലവായ തുക**

155 (602) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കേസുമായി ബന്ധപ്പെട്ട് മുൻ സർക്കാർ നിയമോപദേശം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ ഇനത്തിൽ ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

നിയമോപദേശം തേടിയിട്ടുണ്ട്. ഇതിനായി 12-07-2018 -ലെ സ.ഉ. (സാധാ) 901/2018/നിയമം നമ്പർ ഉത്തരവ് പ്രകാരം 5,50,000/- രൂപ

ഡോ.അരിജിത് പസായത്ത് (റിട്ട. സുപ്രീം കോടതി ജഡ്ജി)-ന് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് വക്കീൽ ഫീസ് ഇനത്തിലും അനുബന്ധ ചെലവുകൾക്കുമായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

പ്രസ്തുത കേസുമായി ബന്ധപ്പെട്ട്, നാളിതുവരെ ശ്രീ. രഞ്ജിത്ത്കുമാർ, സീനിയർ അഡ്വക്കേറ്റിന്റെ ഫീസിനത്തിൽ 21-03-2018 -ലെ സ.ഉ.(സാധാ) 324/2018/നിയമം നമ്പർ ഉത്തരവ് പ്രകാരം 1,20,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഹോട്ടൽ അക്കോമഡേഷൻ, വിമാനയാത്രാ ചെലവുകൾ എന്നീ അനുബന്ധയിനങ്ങളിൽ 3,07,275/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ആയത് ഇനംതിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(സി) സോളാർ കേസ് അന്വേഷിച്ച ജസ്റ്റിസ് ശിവരാജൻ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ആകെ ചെലവിട്ട തുക എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എസ്.ആർ.ഒ. നമ്പർ 867/2013 ആയി പുറപ്പെടുവിച്ച 28-10-2013 -ലെ 77989/എസ്.എസ്.എ.2/2013 നമ്പർ സർക്കാർ വിജ്ഞാപന പ്രകാരം പൊതുപ്രാധാന്യമുള്ള ഒരു നിശ്ചിത വിഷയം, അതായത്, സോളാർ തട്ടിപ്പും അതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് ജി. ശിവരാജൻ കമ്മീഷനെ നിയമിച്ചു. പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി 1,77,16,711/- രൂപ ചെലവായിട്ടുണ്ട്.

**ബാർ പ്രാക്ടീസ് ചെയ്ത കാലയളവ്**

156 (603) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ് മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം ലഭിച്ചവരുടെ പെൻഷൻ നിർണ്ണയിക്കുന്നതിനുള്ള സർവ്വീസ് കാലയളവിനോടൊപ്പം ബാർ പ്രാക്ടീസ് ചെയ്ത കാലയളവ് കൂട്ടുന്നത് നിർത്തലാക്കിയത് എന്നുമുതലാണെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പിന്റെ 15-07-2019-ലെ സ.ഉ.(അച്ചടി)നം.85/2019/ധന നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 09-12-2019 ലെ സ.ഉ.(കൈ)നം.108/2019/നിയമം നമ്പർ ഉത്തരവ് പ്രകാരം.

(ബി) പ്രസ്തുത ആനുകൂല്യം നിർത്തലാക്കിയത് പുനഃസ്ഥാപിക്കണമെന്നുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ച് വരുന്നു.

(സി) അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രസ്തുത വിധിക്കെതിരെ അപ്പീലിനുള്ള നിയമസാധുത ഇല്ലായെന്ന് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്താൽ വിജയസാധ്യതകളില്ലെന്ന് അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭിച്ചിട്ടുണ്ട്.

(ഡി) നിലവിൽ ഈ ആനുകൂല്യം നിയമ വകുപ്പിൽനിന്നും വിരമിച്ച എത്ര ജീവനക്കാർക്ക് നൽകുന്നുണ്ട്; ഇനി എത്രപേർക്ക് ലഭിക്കാനുണ്ട് എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

31-05-2017-ന് മുൻപ് വിരമിച്ച രണ്ടുപേരൊഴികെ അർഹരായവർക്ക് ടി ആനുകൂല്യം നൽകുന്നുണ്ട്. 31-05-2017-ന് ശേഷം വിരമിച്ച 27 പേർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കാനുണ്ട്.

**ബിസിനസ് ഫെസിലിറ്റി സെന്റർ**

157 (604) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാൽ സ്കിൽ ഡെവലപ്മെന്റ് മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റിക്ക് (ആർ.ഇ.ജി.എസ്.ഡി.എം.ഐ.എൻ.ഡി.(ടി)978) കീഴിൽ പള്ളിച്ചൽ പഞ്ചായത്തിലെ വെള്ളക്കാവിൽ ബിസിനസ് ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിന് 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിരുന്നതിന്മേൽ

സ്വീകരിച്ച നടപടികളും ആയതിന്റെ തുടർനടപടികളും എന്താണെന്ന് വിശദമാക്കാമോ?

കാട്ടാൽ സ്കിൽ ഡെവലപ്മെന്റ് മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഭരണ സമിതിയുടെ കാലാവധി അവസാനിച്ചതിനെ തുടർന്ന് ഇലക്ഷൻ നടപടികൾ പൂർത്തിയാക്കി 03-08-2023-ന് പുതിയ ഭരണ സമിതി അധികാരമേറ്റിട്ടുണ്ട്. 2023-24 വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള പ്രകാരമുള്ള ബിസിനസ് ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ, പ്രൈസ് സോഫ്റ്റ്‌വെയറിലുള്ള എസ്റ്റിമേറ്റ്, തീരുമാനം എന്നിവ സമർപ്പിക്കുന്നതിന് സംഘത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**എ. ഐ. ക്യാമറ ടെണ്ടറിൽ "കാർട്ടൽ" രൂപീകരിച്ച കാര്യം**

158 (605) <u>ശ്രീ. സജീവ് ജോസഫ്:</u>
<u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>

**<u>ശ്രീ. ഷാഫി പറമ്പിൽ:</u>** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ടെണ്ടർ നേടിയ എസ്.ആർ.ഐ.ടി.ക്ക് പുറമെ ടെണ്ടറിൽ പങ്കെടുത്ത അശോക ബിൽഡ്കോൺ, അക്ഷര എന്നീ സ്ഥാപനങ്ങൾക്ക് ടെണ്ടറിൽ നിഷ്കർഷിച്ചിരുന്ന പ്രീ ക്വാളിഫിക്കേഷൻ കണ്ടീഷനുണ്ടായിരുന്നോയെന്ന് വിശദമാക്കാമോ?

ഉണ്ടായിരുന്നു. സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് കെൽട്രോൺ KSEDC/KCC/CPG/ ENQ/0041/2021 നമ്പർ പ്രകാരം കേരള സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടൽവഴി ഓപ്പൺ ഇ-ടെണ്ടർ വിളിക്കുകയും അതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ പങ്കെടുക്കുകയും ചെയ്തിരുന്നു.

1. അശോക ബിൽഡ്കോൺ ലിമിറ്റഡ്

2. എസ്. ആർ. ഐ. റ്റി ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്

3. അക്ഷര എന്റർപ്രൈസസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്

4. ഗുജറാത്ത് ഇൻഫോ ടെക് ലിമിറ്റഡ്

ഈ സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടർ രേഖകൾ ടെണ്ടർ ഇവാല്യൂവേഷൻ കമ്മിറ്റി പരിശോധിക്കുകയും ഇതിൽ ഗുജറാത്ത് ഇൻഫോ ടെക് ലിമിറ്റഡ് ഒഴികെയുള്ള മറ്റ് മൂന്ന് കമ്പനികൾക്കും കെൽട്രോൺ വിളിച്ച ടെണ്ടറുകളിൽ നിഷ്കർഷിച്ചിരിക്കുന്ന 12 മിനിമം യോഗ്യതാ മാനദണ്ഡങ്ങളുണ്ടെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു.

(ബി) ടെൻഡറിൽ പങ്കെടുക്കുന്ന കമ്പനി 10 വർഷമായി പ്രവർത്തിക്കുന്നതായിരിക്കണമെന്നുള്ള ടെണ്ടർ വ്യവസ്ഥ നിലനിൽക്കെ 3 വർഷം മുമ്പുമാത്രം സ്ഥാപിതമായ അക്ഷര എന്ന കമ്പനി എങ്ങനെ യോഗ്യത നേടിയെന്ന് വ്യക്തമാക്കാമോ?

സമർപ്പിക്കപ്പെട്ടിട്ടുള്ള രേഖകൾ പ്രകാരം അക്ഷര എന്റർപ്രൈസസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി മൂന്നുവർഷം മുമ്പ് സ്ഥാപിതമായതല്ല. കെൽട്രോൺ വിളിച്ച ഇ-ടെൻഡറിൽ യോഗ്യതാമാനദണ്ഡമായി മിനിമം 10 വർഷത്തെ പ്രവർത്തന പരിചയം

വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടായിരുന്നു. അതിൽ പങ്കെടുത്ത M/s അക്ഷര എന്റർപ്രൈസസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ചിരുന്ന രേഖകൾ പ്രകാരം പ്രസ്തുത സ്ഥാപനം 04-05-2010-ൽ അക്ഷര എന്റർപ്രൈസസ് എന്ന പേരിൽ ആന്ധ്രാപ്രദേശിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. അതിനുശേഷം 07-02-2017-ൽ അക്ഷര എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ് എന്നും 26-07-2018-ൽ അക്ഷര എന്റർപ്രൈസസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്നും പ്രസ്തുത സ്ഥാപനത്തിന്റെ പേര് പുനർനാമകരണം ചെയ്തിരുന്നു. മേല്പറഞ്ഞ സ്ഥാപനം പേരുമാറ്റം നടത്തിയതാണെന്നും ഒരേ സ്ഥാപനം തന്നെയാണെന്നും കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേഴ്സ് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ടെൻഡറിനോടൊപ്പം സമർപ്പിച്ചിരുന്നു.

(സി) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി ക്ഷണിച്ചിരുന്ന ടെണ്ടറിൽ പങ്കെടുത്ത അശോക ബിൽഡ്കോൺ, അക്ഷര എന്നീ സ്ഥാപനങ്ങൾ ടെണ്ടർ നേടിയ എസ്.ആർ.ഐ.ടി. എന്ന സ്ഥാപനവുമായി ചേർന്ന് പ്രവർത്തിക്കുന്ന

സ്ഥാപനങ്ങളാണെന്ന കാര്യം കെൽട്രോൺ ഗൗരവമായി കണ്ടിരുന്നോ; വ്യക്തമാക്കാമോ?

സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് കെൽട്രോൺ വിളിച്ച ടെൻഡറുകളിൽ അശോക ബിൽഡ്കോൺ ലിമിറ്റഡ്, എസ്.ആർ.ഐ.റ്റി ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, അക്ഷര എന്റർപ്രൈസസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്നീ കമ്പനികൾ പങ്കെടുക്കുകയും വെവ്വേറെ ടെൻഡറുകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം സമർപ്പിച്ച വ്യത്യസ്ത ടെൻഡർ രേഖകളിൽനിന്നും ഇവ എസ്.ആർ.ഐ.റ്റി.-യുമായി ചേർന്ന് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെന്ന് കണ്ടെത്തിയിട്ടില്ല.

(ഡി) ടെണ്ടർ നടപടികളിൽ കാർട്ടൽ ഉണ്ടാക്കാൻ പാടില്ലെന്ന സെൻട്രൽ വിജിലൻസ് കമ്മീഷൻ ഗൈഡ് ലൈനിന് വിരുദ്ധമായി കാർട്ടൽ രൂപീകരിച്ച ഈ സ്ഥാപനങ്ങൾക്ക് അയോഗ്യത കല്പിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

കാർട്ടൽ രൂപീകരണം നടന്നതായി കണ്ടെത്തിയിട്ടില്ല.

**എ.ഐ. ക്യാമറ -ധനകാര്യവകുപ്പിന്റെ നിർദ്ദേശം**

159 (606) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>

<u>ശ്രീ. റോജി എം. ജോൺ:</u>

<u>ശ്രീ. സജീവ് ജോസഫ്:</u>

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ ക്യാമറകൾ സ്ഥാപിക്കാനായി പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി കെൽട്രോണിനെ തെരഞ്ഞെടുത്തതിനെ ധനകാര്യ വകുപ്പ് എതിർത്തിരുന്നോയെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പ് എതിർത്തിരുന്നില്ല. കെൽട്രോണിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി ആക്കാവുന്നതാണെന്നും ഒരു സുതാര്യമായ ടെണ്ടർ നടപടികളിലൂടെ വെണ്ടറെ തെരഞ്ഞെടുക്കണമെന്നും സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട ഗതാഗത വകുപ്പിന്റെ ഫയലിൽ ധനകാര്യ വകുപ്പ് ശിപാർശ ചെയ്തിരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി കെൽട്രോൺ തയ്യാറാക്കിയ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പ് പരിശോധിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ?

ധനകാര്യവകുപ്പ് പരിശോധിച്ചിരുന്നു.

(സി) പ്രസ്തുത എസ്റ്റിമേറ്റ് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ പരിശോധനയുടെ ഭാഗമായി എന്തൊക്കെ നിർദേശങ്ങളാണ് മുന്നോട്ടുവച്ചതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത എസ്റ്റിമേറ്റ് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ വിയോജിപ്പുകൾ അറിയിച്ചിരുന്നോ; വിശദാംശങ്ങൾ നൽകുമോ?

(സി&ഡി) പ്രസ്തുത പദ്ധതിക്കായി കെൽട്രോൺ തയ്യാറാക്കിയ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പ് പരിശോധിക്കുകയും പി.എം.സി.-ആയി നിശ്ചയിച്ചിട്ടുള്ള കെൽട്രോണിന്റെ കൺസൾട്ടിംഗ് ചാർജ് അഞ്ച് ശതമാനമായി കുറയ്ക്കണമെന്നും ടി പദ്ധതിക്കായുള്ള ഫണ്ട് ഏത് ഉറവിടത്തിൽ നിന്നാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കണമെന്നും പ്രസ്തുത എസ്റ്റിമേറ്റ് ഉൾപ്പെടുന്ന പദ്ധതിക്ക് മന്ത്രിസഭയുടെ അംഗീകാരം

വാങ്ങേണ്ടതാണെന്നും സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട ഗതാഗത വകുപ്പിന്റെ ഫയലിൽ ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ടിരുന്നു.

**എ. ഐ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള കോസ്റ്റ് മോഡലിംഗ്**

160 (607) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ ക്യാമറകൾ സ്ഥാപിക്കാനായി കെൽട്രോൺ നൽകിയ കോസ്റ്റ് മോഡലിംഗ് സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധന നടത്തിയിരുന്നോ?

സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ ക്യാമറകൾ സ്ഥാപിക്കാനായി കെൽട്രോൺ സമർപ്പിച്ച കോസ്റ്റ് മോഡലിംഗ് ഉൾക്കൊള്ളുന്ന ഗതാഗത വകുപ്പിന്റെ ഫയൽ ധനകാര്യ വകുപ്പ് പരിശോധിച്ചിരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കെൽട്രോൺ സമർപ്പിച്ച കോസ്റ്റ് മോഡലിംഗിന്റെ ആധികാരികത സംബന്ധിച്ച് ധനകാര്യ വകുപ്പ് അഭിപ്രായം രേഖപ്പെടുത്തിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ?

പ്രസ്തുത പദ്ധതിക്കായി കെൽട്രോൺ തയ്യാറാക്കിയ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പ് പരിശോധിക്കുകയും പി.എം.സി. ആയി നിശ്ചയിച്ചിട്ടുള്ള കെൽട്രോണിന്റെ കൺസൾട്ടിംഗ് ചാർജ് അഞ്ച് ശതമാനമായി കുറയ്ക്കണമെന്നും ടി പദ്ധതിക്കായുള്ള ഫണ്ട് ഏത് ഉറവിടത്തിൽനിന്നാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കണമെന്നും പ്രസ്തുത എസ്റ്റിമേറ്റ് ഉൾപ്പെടുന്ന പദ്ധതിക്ക് മന്ത്രിസഭയുടെ അംഗീകാരം വാങ്ങേണ്ടതാണെന്നും അഭിപ്രായപ്പെട്ടിരുന്നു.

(സി) പ്രസ്തുത പദ്ധതി ബി.ഒ.ടി. മോഡലിൽ നടപ്പിലാക്കുന്നത് ധനകാര്യ വകുപ്പ് എതിർത്തിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ കാരണം വിശദമാക്കാമോ?

പ്രസ്തുത പദ്ധതി ബി.ഒ.ടി. മോഡലിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നില്ല.

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി പദ്ധതി ബി.ഒ.ടി. മോഡലിൽനിന്നും ക്യാപ് എക്സ് മോഡൽ ആയത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം എന്തായിരുന്നുവെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതി ആന്വിറ്റി മാതൃകയിലാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിക്കായി കെൽട്രോൺ തയ്യാറാക്കിയ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പ് പരിശോധിക്കുകയും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി നിശ്ചയിച്ചിട്ടുള്ള കെൽട്രോണിന്റെ കൺസൾട്ടിംഗ് ചാർജ്ജ് അഞ്ച് ശതമാനമായി കുറയ്ക്കണമെന്നും പ്രസ്തുത എസ്റ്റിമേറ്റ് ഉൾപ്പെടുന്ന പദ്ധതിക്ക് മന്ത്രിസഭയുടെ അംഗീകാരം വാങ്ങേണ്ടതാണെന്നും അഭിപ്രായപ്പെട്ടിരുന്നു.

**എ. ഐ. ക്യാമറ ടെൻഡറിലെ ഉപകരാർ വ്യവസ്ഥകൾ**

161 (608) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. ടി. സിദ്ദിഖ്:</u>
<u>ശ്രീമതി ഉമ തോമസ്:</u>
<u>ശ്രീ. ടി. ജെ. വിനോദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ. ഐ. ക്യാമറകൾ സ്ഥാപിക്കാനായുള്ള ടെൻഡർ നേടിയ എസ്.ആർ.ഐ.ടി. എല്ലാ പ്രവൃത്തികളും ഉപകരാറായി നൽകിയത് കെൽട്രോണിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കുമോ?

എല്ലാ പ്രവൃത്തികളും ഉപകരാറായി നൽകിയിട്ടില്ല.

(ബി) കെൽട്രോണുമായുള്ള ടെൻഡർ ഡോക്യുമെന്റ് പ്രകാരം ഡാറ്റ സുരക്ഷാ, ഡാറ്റ ഇന്റഗ്രിറ്റി, ഉപകരണങ്ങളുടെ കോൺഫിഗറേഷൻ, ഫെസിലിറ്റി മാനേജ്മെന്റ് തുടങ്ങിയ സുപ്രധാനമായ പ്രവൃത്തികൾ ഉപകരാറായി നൽകാൻ പാടില്ല എന്ന വ്യവസ്ഥകൾക്ക് വിപരീതമായി എസ്.ആർ.ഐ.ടി. എല്ലാ പ്രവൃത്തികൾക്കും ഉപകരാർ നൽകിയെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ?

എൻഫോഴ്സ്മെന്റ് ഡാറ്റായുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റും മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേസ് (MORTH)-ഉം ആണ്. അതിൽ മറ്റാർക്കും പങ്കില്ല. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിന്റെ പൂർണ്ണമായ

അധീനതയിലുള്ള എൻഫോഴ്സ്മെന്റ് കൺട്രോൾ റൂമുകളിൽനിന്നും മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥർക്ക് മാത്രമേ മേല്പറഞ്ഞ ഡേറ്റാ അക്സസ് സാധിക്കുകയുള്ളൂ.

സേഫ് കേരളാ പ്രോജക്ടിന്റെ സിസ്റ്റം ഡിസൈൻ പൂർണ്ണമായും ചെയ്തിട്ടുള്ളത് കെൽട്രോണാണ്. പ്രസ്തുത പദ്ധതിയുടെ അഞ്ചുവർഷത്തെ Facility Management Service-ഉം പൂർണ്ണമായിട്ടും കെൽട്രോൺ നേരിട്ടാണ് ചെയ്യുന്നത്.

(സി) എസ്.ആർ.ഐ.ടി. എന്ന സ്ഥാപനം സമർപ്പിച്ച ടെക്നിക്കൽ ഡോക്യുമെന്റിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഉപകരാർ നൽകുമെന്നും ഉപകരാർ നൽകുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങളും നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

എസ്.ആർ.ഐ.ടി. സമർപ്പിച്ച ടെക്നിക്കൽ ഡോക്യുമെന്റിൽ ഉപകരാർ സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ട്. എസ്.ആർ.ഐ.ടി. സമർപ്പിച്ച ടെൻഡർ ഡോക്യുമെന്റിൽ മാനേജിംഗ് പാർട്ണേഴ്സ്/ സബ്കോൺട്രാക്ടേസ് എന്ന ശീർഷകത്തിന്റെ നിർവ്വചനം ചുവടെ പറയും പ്രകാരമാണ്.

“ We will work with the client and other suppliers to identify dependencies and deliverables, and to delineate responsibilities. We will also collaboratively identify potential conflict situations. We would help define inter - vendor SLAs and SLAs with client objectively”.

ഇതുപ്രകാരം കെൽട്രോണുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ M/s അൽഹിന്ദ് ഗ്രൂപ്പ്, പ്രസാദിയോ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് അവരുടെ ഉപകരാറുകാർ എന്ന വിവരം എസ്.ആർ.ഐ.ടി. വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) ടെൻഡർ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് എല്ലാ പ്രവൃത്തികൾക്കും ഉപകരാർ നൽകിയ എസ്.ആർ.ഐ.ടി. എന്ന സ്ഥാപനത്തിനെതിരെ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

എസ്.ആർ.ഐ.ടി. ടെൻഡർ നടപടികൾ ലംഘിച്ചതായി കണ്ടെത്തിയിട്ടില്ല.

## ഇ-സെൻസിടിക് -ന് എ.ഐ. ക്യാമറ പദ്ധതിയുടെ ഉപകരാർ നൽകിയ നടപടി

162 (609) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ ക്യാമറകൾ സ്ഥാപിക്കാനുള്ള പ്രവൃത്തിയുടെ ടെൻഡർ നേടിയ എസ്.ആർ.ഐ.ടി. എല്ലാ പ്രവൃത്തികളും ഉപകരാറായി നൽകിയ കാര്യം കെൽട്രോണിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

എസ്.ആർ.ഐ.ടി. എല്ലാ പ്രവൃത്തികൾക്കും ഉപകരാർ നൽകിയിട്ടില്ല. നൽകിയ ഉപകരാറുകൾ കെൽട്രോണിനെ അറിയിച്ചിട്ടുണ്ട്. സേഫ് കേരള പ്രോജക്ടിന്റെ ഭാഗമായിട്ടുള്ള വ്യത്യസ്ത കൺട്രോൾ റൂമുകളുടെ നിർമ്മാണം, അതിനുവേണ്ടിവരുന്ന ഉപകരണങ്ങളുടെ സപ്ലൈ, കെൽട്രോൺ നിർമ്മിക്കുന്ന വിവിധതരത്തിലുള്ള ട്രാഫിക് എൻഫോഴ്സ്മെന്റ്

സിസ്റ്റങ്ങളുടെ ഫീൽഡ് ഇൻസ്റ്റാലേഷൻ, അതിനുവേണ്ടുന്ന ഇലക്ട്രോണിക് മൊഡ്യൂളുകൾ കെൽട്രോണിന് സപ്ലൈ ചെയ്യുക എന്നീ പ്രവൃത്തികൾക്ക് എസ്.ആർ.ഐ.ടി. ഉപകരാർ നൽകുകയും അതിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്തിരുന്നു.

(ബി) ഇ-സെൻസിടിക് എന്ന സ്ഥാപനത്തിന് എ.ഐ ക്യാമറ പദ്ധതിയുടെ മൊത്തം പ്രവൃത്തിയുടെ ഉപകരാർ നൽകി എന്ന വിവരം എസ്.ആർ.ഐ.ടി. കെൽട്രോണിനെ അറിയിച്ചിട്ടുണ്ടോ?

ഇ സെൻസിടിക് എന്ന സ്ഥാപനത്തിന് സേഫ് കേരളാ പ്രോജക്ടിന്റെ ഭാഗമായി ഏതൊക്കെ പ്രവൃത്തികൾക്കാണ് ഉപകരാർ നൽകിയിട്ടുള്ള വിവരം എസ്.ആർ.ഐ.ടി. കെൽട്രോണിനെ അറിയിച്ചിട്ടുണ്ട്.

(സി) ഉപകരാർ സംബന്ധിച്ച കാര്യങ്ങൾ ടെൻഡറിന് മുമ്പുതന്നെ വെളിപ്പെടുത്തുകയും കെൽട്രോണിന്റെ അംഗീകാരം നേടുകയും വേണമെന്നിരിക്കെ ഉപകരാർ നൽകിയശേഷം മാത്രം കെൽട്രോണിനെ അറിയിച്ച നടപടി ടെൻഡർ വ്യവസ്ഥകളുടെ ലംഘനമായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ടെൻഡർ വ്യവസ്ഥകളുടെ ലംഘനമായി കാണുന്നില്ല. ടെൻഡറിൽ പ്രതിപാദിച്ചിരിക്കുന്ന മിനിമം എലിജിബിലിറ്റി മാനദണ്ഡങ്ങൾ പാലിക്കുന്ന കമ്പനികൾക്കാണ് ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റി യോഗ്യത നൽകിയിരിക്കുന്നത്.

**എ. ഐ ക്യാമറ കരാറിലെ ഉപകരാർ**

163 (610) <u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u>
<u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ. ഐ ക്യാമറകൾ സ്ഥാപിക്കാനായി തെരഞ്ഞെടുക്കപ്പെട്ട എസ്.ആർ.ഐ.ടി. എല്ലാ പ്രവൃത്തികളും ഉപകരാറായി നൽകിയത് ടെൻഡർ വ്യവസ്ഥകളുടെ ലംഘനമല്ലേയെന്ന് വ്യക്തമാക്കാമോ?

എസ്.ആർ.ഐ.ടി. എല്ലാ പ്രവൃത്തികൾക്കും ഉപകരാർ നൽകിയിട്ടില്ല.

(ബി) ടെൻഡർ ഡോക്യുമെന്റിൽ സുപ്രധാന പ്രവൃത്തികൾക്ക് ഉപകരാർ നൽകാൻ പാടില്ലെന്നും ഉപകരാർ സംബന്ധിച്ച കാര്യങ്ങൾ

ടെക്നിക്കൽ ഡോക്യുമെന്റിൽ തന്നെ വെളിപ്പെടുത്തണമെന്നുമുള്ള വ്യവസ്ഥകൾ നിലനിൽക്കുമ്പോൾ ഒക്ടോബർ 2020-ൽ കെൽട്രോൺ, എസ്.ആർ.ഐ.ടി.യുമായി ഏർപ്പെട്ട കരാറിൽ അൽ ഹിന്ദ്, പ്രസാദിയോ എന്നീ ഉപകരാർ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തിയത് നിയമപരമാണോ;

(സി) ടെൻഡർ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉണ്ടാക്കിയ ഒക്ടോബർ 2020 ലെ കരാർ നിയമപരമായി നിലനിൽക്കുന്നതാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ബി&സി) നിയമപരമാണ്. ഈ പദ്ധതിയിലെ സുപ്രധാന പ്രവൃത്തികൾക്ക് ഉപകരാർ നൽകിയിട്ടില്ല. എസ്.ആർ.ഐ.ടി. ടെൻഡറിൽ സമർപ്പിച്ച ടെക്നിക്കൽ ഡോക്യുമെന്റിൽ Managing Partners/Subcontractors എന്ന ശീർഷകത്തിലുള്ള വ്യവസ്ഥ ചുവടെ ചേർക്കുന്നു. "We will work with the client and other suppliers to identify dependencies and deliverables, and to delineate responsibilities. We will also collaboratively identify potential conflict situations. We would help define inter – vendor SLAs and SLAs with client objectively". ഈ ടെക്നിക്കൽ ഡോക്യുമെന്റ് സമർപ്പിച്ചത്

2020 ജൂലൈയിലാണ്. അതിനുശേഷം ആവശ്യമായ മേഖലകളിൽ ഉപകരാറുകാരെ കണ്ടെത്തുകയും ചെയ്തു.

ടെൻഡർ സബ്മിഷന് രണ്ട് മാസത്തിനുശേഷം കെൽട്രോണുമായി ഉണ്ടാക്കിയ എഗ്രിമെന്റിൽ M/s അൽഹിന്ദ് ഗ്രൂപ്പ്, പ്രസാദിയോ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് അവരുടെ ഉപകരാറുകാരെന്ന് എസ്.ആർ.ഐ.ടി. വ്യക്തമാക്കിയിട്ടുണ്ട്.

**കേരളാ ആട്ടോ മൊബൈൽസിൽ വികസന പ്രവർത്തനങ്ങൾ**

164 (611) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ആറാലുംമൂടിൽ പ്രവർത്തിക്കുന്ന കേരളാ ആട്ടോ മൊബയിൽസിൽ 2023-24 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെ; വിശദമാക്കാമോ?

ഇലക്ട്രിക് ടിപ്പർ, ഇലക്ട്രിക് പിക്ക് അപ് വാൻ, ഇലക്ട്രിക് ട്രൈ സ്കൂട്ടർ എന്നിവയ്ക്ക് എ.ആർ.എ.ഐ. സർട്ടിഫിക്കേഷൻ ലഭ്യമാക്കി അവയുടെ

വാണിജ്യ ഉൽപ്പാദനം അനുവദിക്കാനുള്ള പുതിയ പദ്ധതി കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് വിഭാവനം ചെയ്തുവരുന്നു. കൂടാതെ ഫോസിൽ ഇന്ധനാധിഷ്ഠിത ഓട്ടോകൾ ഇലക്ട്രിക് ഓട്ടോയാക്കി മാറ്റുന്നതിനുള്ള പദ്ധതിയും ലോർഡ്സ് മാർക്ക് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ചേർന്ന് ഇലക്ട്രിക് സ്കൂട്ടർ ഉൽപ്പാദിപ്പിക്കുന്നതിനായി കണ്ണൂർ മട്ടന്നൂരിൽ ഒരു സംയുക്ത സംരംഭം ആരംഭിക്കുന്നതിനുള്ള പദ്ധതിയും 2023-24 വർഷത്തിൽ നടപ്പിലാക്കാൻ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് ഉദ്ദേശിക്കുന്നുണ്ട്.

(ബി) 2023-24 വർഷത്തിൽ എത്ര കോടി രൂപയാണ് കേരള ആട്ടോ മൊബൈൽസിന് വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ചത്; വിശദമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തിൽ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് ബഡ്ജറ്റിൽ വകയിരുത്തിയ 8.5 കോടി രൂപയിൽ നിന്ന് ഇതുവരെ 3.23 കോടി രൂപ കേരള ആട്ടോ- മൊബൈൽസ് ലിമിറ്റഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

**ട്രാക്കോ കേബിൾ കമ്പനിയുടെ പുനരുദ്ധാരണം**

165 (612) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ ട്രാക്കോ കേബിൾ കമ്പനിയുടെ പുനരുദ്ധാരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ & ബി) ട്രാക്കോ കേബിൾ കമ്പനിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ഉൽപ്പാദന സൗകര്യങ്ങൾ ആധുനികവൽക്കരിക്കുന്നതിനായും വൈവിധ്യവൽക്കരിക്കുന്നതിനായും ഉൽപ്പാദനശേഷി ഉയർത്തുന്നതിനും ആവശ്യമായ പദ്ധതികൾ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി ഹൗസ് വയറിംഗ് കേബിളിന്റെ നിർമ്മാണ വിപുലീകരണമുൾപ്പെടെയുള്ള പദ്ധതികൾക്കായി 12 കോടി രൂപ 2023-24 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

ഉത്പ്പാദനശേഷി ഉയർത്തുന്നതിന്റെ ഭാഗമായി വൈദ്യുത വിതരണ കേബിളിന്റെ ഉത്പ്പാദനശേഷി 6000 MT-ൽനിന്നും 9000 MT ഉത്പ്പാദനശേഷിയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ കമ്പനിക്ക് പ്രവർത്തന മൂലധനമായി 20.50 കോടി രൂപയാണ് സർക്കാർ അനുവദിച്ചത്. ഇതോടൊപ്പം തന്നെ കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിൽനിന്ന് 14 കോടി രൂപയുടെ വായ്പയും ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന് ലഭ്യമാക്കുകയുണ്ടായി. കെ.എസ്.ഇ.ബി.ക്ക് നൽകാനുള്ള ഓർഡറുകൾ നടപ്പിലാക്കുന്നതിലേയ്ക്കായി നടപ്പുസാമ്പത്തിക വർഷം 2.50 കോടി രൂപയുടെ പ്രവർത്തന മൂലധനത്തിനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്.

(സി) ട്രാക്കോ കേബിൾ കമ്പനിക്ക് പ്രവർത്തന മൂലധനം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച ഉത്തരവുകൾ ലഭ്യമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തിൽ ട്രാക്കോ കേബിൾ കമ്പനിക്ക് 2.5 കോടി രൂപ പ്രവർത്തന മൂലധനമായി അനുവദിച്ചിട്ടുള്ള ഭരണാനുമതി ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) ട്രാക്കോ കേബിൾ കമ്പനിക്ക് നിലവിൽ കെ.എസ്.ഇ.ബി.-യിൽ നിന്നും ലഭ്യമായിട്ടുള്ള ഓർഡർ എത്രയെന്നും ഇതുവിതരണം ചെയ്യുന്നതിനായി ആവശ്യമായ തുക എത്രയെന്നും വ്യക്തമാക്കാമോ?

ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന് കെ.എ.സ്.ഇ.ബി.യിൽനിന്നും 151 കോടി രൂപയുടെ ഓർഡർ മാർച്ച് 2023-ൽ ലഭിക്കുകയുണ്ടായി.

(ഇ) കെ.എസ്.ഇ.ബി.യിൽനിന്നും ലഭ്യമായിട്ടുള്ള ഓർഡർ വിതരണം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് നേരിടുന്ന പ്രവർത്തന മൂലധന അപര്യാപ്തത പരിഹരിക്കുന്നതിനായി കമ്പനി കെ.എസ്.ഇ.ബി-ക്ക് പൂർത്തീകരിച്ച് നൽകുന്ന ഉൽപ്പന്നങ്ങൾക്ക് നൽകി വരുന്ന പേയ്മെന്റ് സിസ്റ്റം പരിഷ്കരിച്ച് ഓർഡർ പൂർത്തീകരിച്ച് നൽകി 10 ദിവസത്തിനുള്ളിൽ ഇൻസ്പെക്ഷനും പൂർത്തീകരിച്ച് 100% പേയ്മെന്റ് നൽകുകയോ അല്ലെങ്കിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓർഡർ പൂർത്തീകരിച്ച് നൽകുന്ന സമയം 50%-ഉം ഇൻസ്പെക്ഷൻ പൂർത്തിയാക്കുന്ന സമയം ബാക്കി 50%-ഉം പേയ്മെന്റ് നൽകുന്ന രീതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

നിലവിൽ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് 22 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ കെ.എസ്.ഇ.ബി.-ക്ക് പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്.

**എ. ഐ ക്യാമറകൾ സ്ഥാപിക്കുന്നതിൽ കെൽട്രോൺ കരാർ വ്യവസ്ഥകൾ ലംഘിച്ചതായ പരാതി**

166 (613) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയിൽ 232 കോടി രൂപയ്ക്ക് 726 ക്യാമറകൾ സ്ഥാപിക്കുന്നതിനായി സർക്കാർ കെൽട്രോണുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല.

(ബി) മറ്റ് സ്വകാര്യ കമ്പനികളിൽനിന്നും ഉപകരണങ്ങൾ വാങ്ങരുതെന്ന ധനവകുപ്പിന്റെ നിർദ്ദേശം കെൽട്രോൺ പാലിച്ചിട്ടുണ്ടോ?

അങ്ങനെയൊരു നിർദ്ദേശമുണ്ടായിരുന്നില്ല.

(സി) കെൽട്രോൺ സ്വന്തമായി നിർമ്മിച്ച എന്തെങ്കിലും ഉപകരണങ്ങൾ എ. ഐ. ക്യാമറയിൽ ഉപയോഗിച്ചിട്ടുണ്ടോ?

ഉണ്ട്. ഈ പ്രോജക്ടിന്റെ ഭാഗമായിട്ടുള്ള ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങളായ എസ്.വി.ഡി.എസ്., എം.എസ്.വി.ഡി.എസ്., ആർ.എൽ. വി.ഡി.എസ്., എ.ഐ. ക്യാമറ സിസ്റ്റം തുടങ്ങിയവ നിർമ്മിക്കുന്നതിന് ആവശ്യമായ വിവിധ ഘടകങ്ങൾ വാങ്ങി അവ നിർമ്മിച്ചത് കെൽട്രോണാണ്. കൂടാതെ ഇതിൽ ഉപയോഗിച്ചിരിക്കുന്ന 300 ലിഥിയം അയൺ ബാറ്ററികളും രണ്ട് 60 KVA യു.പി.എസ്.കളും നിർമ്മിച്ചിരിക്കുന്നത് കെൽട്രോണാണ്.

(ഡി) സർക്കാരിൽനിന്നും കരാർ എടുത്തശേഷം സ്വകാര്യ കമ്പനികൾക്ക് ഉപകരാർ നൽകി കമ്മീഷൻ ഈടാക്കുന്നത് സർക്കാർ നയത്തിനനുസൃതമാണോയെന്ന് വ്യക്തമാക്കാമോ?

സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പ്രകാരം കെൽട്രോൺ ഒരു പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അതിൻപ്രകാരം കെൽട്രോൺ സുതാര്യമായ ടെൻഡർ പ്രക്രിയയിലൂടെയാണ് വെൻഡറെ തെരഞ്ഞെടുത്തിട്ടുള്ളത്. ഈ പദ്ധതിക്ക് ആവശ്യമായ മറ്റ് അനുബന്ധ ഘടകങ്ങൾ സ്റ്റോർ പർച്ചേസ് മാനുവൽ (SPM)/സെൻട്രൽ വിജിലൻസ് കമ്മീഷൻ (CVC) നിബന്ധനകൾ പ്രകാരം വാങ്ങിയതിനും കെൽട്രോണിന്റെ ക്യാമറ സിസ്റ്റത്തിന്റെ നിർമ്മാണ ചെലവുകൾക്കും കെൽട്രോൺ PMC ചാർജ്ജ് ഈടാക്കിയിട്ടില്ല.

**കേന്ദ്ര സർക്കാർ വിൽക്കാൻ തീരുമാനിച്ച പൊതുമേഖല സ്ഥാപനങ്ങൾ**

167 (614) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വിൽക്കാൻ തീരുമാനിച്ച എത്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്; അവ ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; വ്യക്തമാക്കാമോ?

പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിച്ച് പ്രവർത്തനം ശക്തിപ്പെടുത്തി മത്സരക്ഷമമാക്കി പൊതുമേഖലയിൽ തന്നെ നിലനിർത്തുക എന്ന സംസ്ഥാന സർക്കാരിന്റെ ബദൽ നയത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചതും സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർ നാമകരണം ചെയ്തു. ആയത് ഇപ്പോൾ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി പ്രവർത്തിച്ചുവരികയാണ്. 2022-23 സാമ്പത്തിക വർഷത്തിൽ കമ്പനി 50 കോടി രൂപയുടെ വിറ്റുവരവും 0.01 കോടി രൂപയുടെ പ്രവർത്തന ലാഭവും രേഖപ്പെടുത്തി. ഇതോടൊപ്പംതന്നെ കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കുവാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ

പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.ൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ-ന് BHEL-EML-ൽ ഉണ്ടായിരുന്ന 51% ഓഹരികൾ കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ എന്ന പേരിൽ പുനർ നാമകരണം ചെയ്ത് സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി പ്രവർത്തനം പുനരാരംഭിച്ചു. 2022-23 സാമ്പത്തിക വർഷത്തിൽ കമ്പനി 3.63 കോടി രൂപയുടെ വിറ്റുവരവും 3.04 കോടി രൂപയുടെ പ്രവർത്തന നഷ്ടവും രേഖപ്പെടുത്തി.

(ബി) കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെയും വിശദവിവരങ്ങൾ നൽകാമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022-23 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പ്രവർത്തന ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട്**

168 (615) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഓരോ പൊതുമേഖലാ സ്ഥാപനവും 2016-17 മുതൽ 2022-23 വരെയുള്ള കാലയളവിൽ റിയാബിന് (റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ്) സമർപ്പിച്ച കണക്കുകൾ പ്രകാരം ഓരോ വർഷത്തെയും പ്രവർത്തന ലാഭവും/പ്രവർത്തന നഷ്ടവും എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളുടെ 2016-17, 2017-18, 2018-19, 2019-20, 2020-21, 2021-22, 2022-23 എന്നീ കാലയളവുകളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഡിറ്റ് പൂർത്തിയായശേഷം പ്രസിദ്ധീകരിച്ച ആന്വൽ റിപ്പോർട്ട് പ്രകാരമുള്ള പ്രവർത്തന നഷ്ടവും/പ്രവർത്തന ലാഭവും എത്രയെന്ന് വ്യക്തമാക്കാമോ?

(എ & ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ അവയുടെ വിറ്റുവരവ്, ചെലവ്, ലാഭം/നഷ്ടം എന്നിവ സംബന്ധിച്ച കണക്കുകൾ മാസംതോറുമുള്ള പ്രവർത്തന അവലോകനത്തിനായാണ് റിയാബിന് സമർപ്പിക്കുന്നത്. പ്രസ്തുത കണക്കുകളുടെ അടിസ്ഥാനത്തിലല്ല സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന ലാഭ/നഷ്ടം നിശ്ചയിക്കുന്നത്.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ 2016-17 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഓരോ സാമ്പത്തിക വർഷത്തിന്റെയും BPE report ആധാരമായുള്ള പ്രവർത്തന ലാഭ-നഷ്ട കണക്കുകളുടെ വിവരവും പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഡിറ്റ് പൂർത്തീകരണത്തിന്റെ വിവരവും യഥാക്രമം അനുബന്ധം-1 & അനുബന്ധം-2 ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രവർത്തന നഷ്ടം കുറച്ചു കാണിക്കാനായി റിയാബിന് നൽകിയ കണക്കുകളിൽനിന്നും വ്യത്യസ്തമായ കണക്കുകൾ ആന്വൽ റിപ്പോർട്ടിൽ ഓഡിറ്റ് പൂർത്തിയായപ്പോൾ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 2016-17, 2017-18, 2018-19, 2019-20, 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിൽ 50 ലക്ഷം രൂപയിലധികം പ്രവർത്തന നഷ്ടം കാണിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും, ഓരോ പൊതുമേഖലാ സ്ഥാപനത്തിലും പ്രവർത്തന നഷ്ടത്തിൽ എത്ര ലക്ഷം രൂപയുടെ വർദ്ധനവുണ്ടെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ എന്തുകൊണ്ടാണ് റിയാബിന് നൽകിയ കണക്കുകളിൽനിന്നും ഓഡിറ്റ് പൂർത്തിയായശേഷം പ്രസിദ്ധീകരിച്ച ആന്വൽ റിപ്പോർട്ട് പ്രകാരമുള്ള കണക്കുകളിൽ പ്രവർത്തന നഷ്ടത്തിൽ ഭീമമായ വർധനവുണ്ടായതെന്നും വ്യക്തമാക്കാമോ;

(ഇ) വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും പ്രവർത്തന അവലോകനം വ്യവസായ

വകുപ്പ് നേരിട്ടും റിയാബ് മുഖേനയും നിരവധി തവണ വിശകലനം ചെയ്യുന്നുണ്ടെങ്കിലും പ്രവർത്തന നഷ്ടം കുറച്ചുകാണിക്കാനായി കണക്കുകളിൽ കൃത്രിമം കാണിച്ചുകൊണ്ട് തെറ്റായ കണക്കുകൾ സമർപ്പിക്കുന്നതുൾപ്പെടയുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവാദികൾക്കെതിര നടപടി സ്വീകരിച്ചതിന്റെ വിശദവിവരങ്ങൾ നൽകുമോ; ഇല്ലെങ്കിൽ റിയാബിന് നൽകിയ കണക്കുകളും ആന്വൽ റിപ്പോർട്ട് പ്രകാരമുള്ള കണക്കുകളും, താരതമ്യം ചെയ്ത് ലക്ഷങ്ങളുടെ പ്രവർത്തന നഷ്ടം കുറച്ചുകാണിക്കാനായി തെറ്റായ കണക്കുകൾ തയ്യാറാക്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(സി-ഇ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നിർദ്ദിഷ്ട ഫോർമാറ്റിൽ റിയാബിന് സമർപ്പിക്കുന്ന വിറ്റുവരവ്, ചെലവ്, ലാഭം /നഷ്ടം എന്നിവ സംബന്ധിച്ച കണക്കുകൾ മാസംതോറുമുള്ള പ്രവർത്തന അവലോകനത്തിന് മാത്രമേ ഉപയോഗിക്കാറുള്ളൂ.

സ്ഥാപനങ്ങളുടെ ആഡിറ്റുകൾ പൂർത്തിയാക്കുന്ന വേളയിലാണ് ശമ്പള കുടിശ്ശിക, ബോണസ്, ഗ്രാറ്റുവിറ്റി മുതലായവയ്ക്ക് ആയിട്ടുള്ള പ്രൊവിഷൻസും, മുൻകാല കണക്കുകളുടെ ഉൾപ്പെടുത്തലും (Prior period adjustments), കൂടാതെ sales, purchase, ബാങ്ക് അക്കൗണ്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട Reconciliation-ന്റെ ഭാഗമായുള്ള കൂട്ടിച്ചേർക്കലുകളും വ്യത്യാസങ്ങളും കണക്കുകളിൽ ഉൾപ്പെടുത്തുന്നത്. ഇക്കാരണത്താലാണ് സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകൾ പൂർത്തിയാകുമ്പോൾ പ്രവർത്തന ലാഭത്തിലും അറ്റലാഭത്തിലും മുമ്പ് രേഖപ്പെടുത്തിയതിൽനിന്ന് ചില ഏറ്റക്കുറച്ചിലുകളുണ്ടാകുന്നത്. ഇത്തരത്തിലുള്ള കണക്കുകളിലെ ഏറ്റക്കുറച്ചിലുകളിൽ വലിയ അന്തരമുണ്ടെങ്കിൽ സർക്കാർ നടത്തുന്ന അവലോകനയോഗത്തിൽ വിശദീകരണം ആരായാറുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ എല്ലാ മാസവുമുള്ള കണക്കുകളിൽ കൃത്യത ഉറപ്പുവരുത്താൻ വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ERP) സംവിധാനം കൊണ്ടുവരുന്നതിനായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി മുഖേന വിശദമായ പഠനം നടത്തിവരുന്നു.

## പ്രവർത്തനം നിലച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്ക്

169 (616) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയെന്നും; പൂട്ടിക്കിടന്ന എത്ര സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

2016-നുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിച്ചുവരുന്നതും നിലവിൽ പ്രവർത്തിക്കുന്നതുമായ പൊതുമേഖലാസ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| A | റിയാബിന്റെ അവലോകന പരിധിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ | |
|---|---|---|
| **SL No** | | **Name of PSU** |
| I | | CHEMICAL SECTOR |
| 1 | 1 | The Kerala Minerals and Metals Ltd |
| 2 | 2 | Kerala State Drugs & Pharmaceuticals Ltd |
| 3 | 3 | Malabar Cements Ltd |

| | | |
|---|---|---|
| 4 | 4 | The Travancore Cements Ltd |
| 5 | 5 | Travancore -Cochin Chemicals Ltd |
| 6 | 6 | Travancore Titanium Products Ltd |
| 7 | 7 | Kerala State Mineral Development Corporation Ltd |
| II | | ELECTRICAL SECTOR |
| 8 | 1 | Kerala Electrical & Allied Engineering Company Ltd |
| 9 | 2 | United Electrical Industries Ltd |
| 10 | 3 | Traco Cable Company Ltd |
| 11 | 4 | Transformers and Electricals Kerala Ltd |
| III | | CERAMICS & REFRACTORIES |
| 12 | 1 | The Kerala Ceramics Ltd |
| 13 | 2 | KCCP Ltd (Kerala Clays & Ceramic Products Ltd) |
| IV | | ENGINEERING SECTOR |
| 14 | 1 | The Metal Industries Ltd |
| 15 | 2 | SAIL-SCL Kerala Ltd |
| 16 | 3 | Steel Industrials Kerala Ltd |
| 17 | 4 | Kerala Automobiles Ltd |
| 18 | 5 | Steel and Industrial Forgings Ltd |
| 19 | 6 | Autokast Ltd |
| V | | Textile Sector |
| 20 | 1 | Kerala State Textile Corporation Ltd |
| 21 | 2 | Sitaram Textiles Ltd |
| 22 | 3 | Trivandrum Spinning Mill Ltd |

| | | |
|---|---|---|
| 23 | 4 | The Malappuram Co-operative Spinning Mills Ltd |
| 24 | 5 | The Quilon Co-operative Spinning Mills Ltd |
| 25 | 6 | The Cannannore Co-op.Spinning Mills Ltd |
| 26 | 7 | The Trichur Co-operative Spinning Mills Ltd |
| 27 | 8 | Alleppey Co-operative Spinning Mills Ltd |
| 28 | 9 | The Kerala State Co-operative Textile Federation Limited (TEXFED) |
| 29 | 10 | The Malabar Co-operative Textiles Ltd (MALCOTEX) |
| 30 | 11 | The Priyadarshini Co-operative Spinning Mills Ltd |
| 31 | 12 | K.Karunakaran Memorial Co-operative Spinning Mills Ltd |
| VI | | Electronics sector |
| 32 | 1 | Kerala State Electronic Development Corporation Ltd |
| 33 | 2 | Keltron Electro Ceramics Ltd |
| 34 | 3 | Keltron Component Complex Ltd |
| VII | | DEVELOPMENT & INFRASTRUCTURE |
| 35 | 1 | Kerala State Industrial Enterprises Ltd |
| 36 | 2 | Kerala Small Industries Development Corporation Lt |
| VIII | | TRADITIONAL, Wood & WELFARE SECTOR |
| 37 | 1 | Handicrafts Development Corporation (Kerala)Ltd |
| 38 | 2 | Kerala State Bamboo Corporation Ltd |
| 39 | 3 | Kerala State Handloom Development Corporation Ltd |
| 40 | 4 | HANTEX |
| 41 | 5 | Kerala Artisan's Development Corporation Ltd |
| 42 | 6 | KELPALM |

| | | |
|---|---|---|
| 43 | 7 | Forest Industries (Travancore )Ltd |
| IX | | CASHEW SECTOR |
| 44 | 1 | Kerala State Cashew Development Corporation Ltd |
| 45 | 2 | Kerala Cashew Board Ltd |
| 46 | 3 | CAPEX |
| X | | COIR SECTOR |
| 47 | 1 | Kerala State Coir Corporation Ltd |
| 48 | 2 | Foam Matings India Ltd |
| 49 | 3 | COIRFED |
| 50 | 4 | Kerala State Coir Machinery Manufacturing Company Ltd (KSCMMC) |
| | | **PSUs takenover from Central Government** |
| 51 | 1 | Kerala Paper Products Ltd |
| 52 | 2 | KEL EML Ltd |
| B | | റിയാബിന്റെ അവലോകന പരിധിയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ |
| 53 | 1 | Kerala State Industrial Development Corporation Ltd |
| 54 | 2 | KINFRA |
| 55 | 3 | Kerala Rubber Ltd |

(ബി) ഇവയിൽ എത്ര സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഇവയുടെ ലാഭ വിഹിതം, സ്ഥാപനം ഇനം തിരിച്ച് ലഭ്യമാക്കാമോ ?

2022-23 സാമ്പത്തിക വർഷത്തെ വ്യവസായ വകുപ്പിന്റെ അധീനതയിൽ റിയാബ് മുഖേന പ്രവർത്തന അവലോകനത്തിന് വിധേയമാക്കുന്ന സ്ഥാപനങ്ങളുടെ ആഡിറ്റിന് മുമ്പുള്ള കണക്കുകൾ പ്രകാരം പ്രവർത്തനലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. The Kerala Minerals and Metals Ltd
2. Travancore -Cochin Chemicals Ltd
3. Kerala State Electronic Development Corporation Ltd
4. Kerala State Drugs & Pharmaceuticals Ltd
5. Transformers and Electricals Kerala Ltd (Reported operating Profit during 2022-23 -anticipating increase in Selling Pricing from KSEB as per Price Variation Clause)
6. Keltron Component Complex Ltd
7. Kerala State Coir Corporation Ltd
8. Steel and Industrial Forgings Ltd
9. Kerala Cashew Board Ltd
10. Steel Industrials Kerala Ltd
11. Kerala State Industrial Enterprise Ltd
12. Kerala Artisans Development Corporation Ltd

13. Keltron Electro Ceramics Ltd

14. Forest Industries (Travancore) Ltd

15. Kerala State Coir Machinery Manufacturing Company Ltd

16. KCCP Ltd

17. Kerala State Mineral Development Corporation Ltd

18. Kerala Small Industries Development Corporation Ltd

19. The Kerala Ceramics Ltd

20. The Metal Industries Ltd

21. Foam Mattings India Ltd

22. Kerala Paper Products Ltd

23. KSIDC

24. KINFRA

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2021-22 സാമ്പത്തിക വർഷത്തെ പ്രവർത്തന ഫലമായി കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് 9.27 കോടി രൂപയുടെ ഡിവിഡൻഡ് നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ കണക്കുകളുടെ ആഡിറ്റുകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സ്ഥാപനങ്ങൾ ഡിവിഡന്റ് പ്രഖ്യാപിക്കുന്നതാണ്.

**നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും ക്ഷാമവും തടയുന്നതിന് നടപടി**

170 (617) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണൽ, കല്ല്, സിമന്റ്, കമ്പി എന്നിവയുടെ വിലക്കയറ്റവും ക്ഷാമവും നിർമ്മാണമേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ?

മണൽ, കല്ല്, സിമന്റ്, കമ്പി എന്നിവയുടെ വിലക്കയറ്റവും ക്ഷാമവും മാത്രമാണ് നിർമ്മാണമേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നതെന്ന് വിലയിരുത്തിയിട്ടില്ല. കോവിഡുമൂലവും ആഗോള പ്രതിസന്ധി മൂലവുമുണ്ടായ സാമ്പത്തിക പ്രതിസന്ധി നിർമ്മാണ മേഖല ഇപ്പോഴും അഭിമുഖീകരിക്കുന്നുണ്ട്. കൂടാതെ, കൽക്കരി, പെറ്റ്കോക്ക്, ഡീസൽ, ഇരുമ്പ് അയിര് തുടങ്ങിയവയുടെ ആഗോള വില വർദ്ധനവിനനുസൃതമായി ഇലക്ട്രിക്കൽ, പ്ലംബിംഗ്, സ്റ്റീൽ, പെയിന്റ്, ഫ്ലോറിംഗ് ഉൽപ്പന്നങ്ങളുടെ

വിലയിലും ഗതാഗത ചെലവിലും വർദ്ധനവുണ്ടായിട്ടുണ്ട്. പൂർത്തീകരിച്ച പ്രോജക്ടുകൾ വിറ്റുപോകാത്തതും കൊമേഴ്സ്യൽ സ്പേസിന് ആവശ്യക്കാർ കുറഞ്ഞതും നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്.

നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സിമന്റ്, കമ്പി എന്നിവ പ്രധാനമായും ഉത്പാദിപ്പിക്കുന്നത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളാണ്. കെട്ടിട നിർമ്മാണ വസ്തുക്കളിൽ സിമന്റ് ഉപയോഗം വഴിയുണ്ടാകുന്ന ചെലവ് ആകെ ചെലവിന്റെ ഏകദേശം 5% വരെ മാത്രമാണ്. കേരളത്തിൽ വിൽക്കുന്ന സിമന്റ് ബ്രാൻഡുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ വിപണന പങ്കാളിത്തം 5 ശതമാനത്തോളമാണ്. ഇതര ബ്രാൻറുകളെ അപേക്ഷിച്ച് മലബാർ സിമന്റിന്റെ വിൽപ്പന വില താരതമ്യേന കുറവാണ്.

കേന്ദ്ര നയങ്ങൾ മൂലമുണ്ടാവുന്ന വില വർദ്ധനവുകളിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടുന്നതിന് പരിമിതികളുണ്ട്.

(ബി) നദികളിലും ഡാമുകളിലും കെട്ടിക്കിടക്കുന്ന മണൽ ശേഖരിച്ച് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പും വൈദ്യുതി വകുപ്പുമാണ് ഇത് കൈകാര്യം ചെയ്യുന്നത്. പാലക്കാട് ജില്ലയിലെ മീങ്കര, വാളയാർ എന്നീ രണ്ടു ഡാമുകളിലെ പ്രവൃത്തി വ്യവസായ വകുപ്പിന് കീഴിലുള്ള 'കെംഡെൽ' ആണ് ഏറ്റെടുത്തിട്ടുള്ളത്. പ്രവർത്തി പുരോഗമിച്ചുവരുന്നു.

(സി) പരിസ്ഥിതി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സർക്കാർ ഉടമസ്ഥതയിൽ ക്വാറി പ്രവർത്തനം നടത്താൻ നടപടി സ്വീകരിക്കുമോ?

പരിസ്ഥിതി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സർക്കാർ ഉടമസ്ഥതയിൽ ക്വാറി പ്രവർത്തിപ്പിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

(ഡി) സിമൻറ് ഉല്പാദിപ്പിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ഉല്പാദനം വർദ്ധിപ്പിച്ച് സിമന്റ് മിതമായ വിലയ്ക്ക് ലഭ്യമാക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സ്വകാര്യ മേഖലയിലെ സിമന്റ് കമ്പനികളെ അപേക്ഷിച്ച് പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ ചില്ലറ വിൽപ്പന വില താരതമ്യേന കുറവാണ്. മലബാർ സിമന്റ്സിന്റെ വാളയാറിലും ചേർത്തലയിലുമുള്ള പ്ലാന്റുകളിൽ പരമാവധി ഉല്പാദനം വർദ്ധിപ്പിച്ച് കേരളത്തിലുടനീളം ന്യായമായ വിലയ്ക്ക് സിമന്റ് എത്തിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഒപ്പം, ട്രാവൻകൂർ സിമന്റ്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ലാഭത്തിലായ പൊതുമേഖല സ്ഥാപനങ്ങൾ**

171 (618) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണവും അവയുടെ പേരുവിവരവും വ്യക്തമാക്കാമോ?

വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്, കെൽട്രോൺ, സ്റ്റീൽ

ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങളാണ് 2016-17 മുതൽ 2022-23 വരെയുള്ള കാലയളവിൽ തുടർച്ചയായി പ്രവർത്തന ലാഭം കൈവരിച്ചിരുന്നത്.

പ്രസ്തുത കാലയളവിൽ പ്രവർത്തന ലാഭം കൈവരിച്ചിട്ടുള്ള മറ്റ് സ്ഥാപനങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ലാഭത്തിലായിരുന്ന ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ 2016-ന് ശേഷം അടച്ചുപൂട്ടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

2016-നുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അടച്ചുപൂട്ടിയിട്ടില്ല.

**പാലക്കാട് ജില്ലയിലെ സംരംഭങ്ങൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

172 (619) <u>ശ്രീ. കെ. ഡി. പ്രസേനൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ എത്ര സംരംഭങ്ങൾ ആരംഭിച്ചെന്ന് വ്യക്തമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ 14957 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ആലത്തൂർ മണ്ഡലത്തിൽ ആരംഭിച്ച സംരംഭങ്ങളുടെ കണക്ക് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ 1043 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) പുതിയ സംരംഭങ്ങൾ ആരംഭിച്ചത് വഴി പാലക്കാട് ജില്ലയിൽ എത്ര പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിച്ചെന്നറിയിക്കാമോ?

പുതിയ സംരംഭങ്ങൾ ആരംഭിച്ചത് വഴി പാലക്കാട് ജില്ലയിൽ 32432 പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിച്ചിട്ടുണ്ട്.

**ഇൻകുബേഷൻ സെന്ററുകളുടെ ശക്തിപ്പെടുത്തൽ**

173 (620) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിലവിലുള്ള ഇൻകുബേഷൻ സെന്ററുകളെ ശക്തിപ്പെടുത്തുന്നതിനും കേന്ദ്രീകൃതമാക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംരഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേയ്ക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും, ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളെയും MSME ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചു.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ ഓഫീസുകളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. ജില്ലാ വ്യവസായകേന്ദ്രങ്ങളിൽ എത്തുന്നവർക്ക് സേവനങ്ങൾ സുഗമമായി ലഭ്യമാക്കുന്നതിന് എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഓരോ ജില്ലാ റിസോഴ്സ് പേഴ്സണൽ വീതം നിയമിച്ചിട്ടുണ്ട്.

(ബി) ഇന്റലക്ച്വൽ പ്രോപർറ്റി റൈറ്റ്, പേറ്റന്റ് എന്നിവ സംരംഭകർക്ക് നേടികൊടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ്, പേറ്റന്റ് എന്നിവ സംരംഭകർക്ക് നേടികൊടുക്കുന്നതിന് ആവശ്യമായ ഹാൻഡ് ഹോൾഡിംഗ്

സഹായങ്ങൾ, എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ്, ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ എന്നീ ഉദ്യോഗസ്ഥർ വഴിയും താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസ്, ജില്ലാ വ്യവസായ കേന്ദ്രം എന്നീ ഓഫീസുകൾ വഴിയും സംരംഭകർക്ക് നൽകി വരുന്നുണ്ട്. ഇതുകൂടാതെ ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് എടുക്കുന്നതിന് ചെലവാകുന്ന തുകയുടെ 50% reimburse ചെയ്യുന്നതിനുള്ള പദ്ധതി പുതിയ കേരള വ്യവസായ നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്.

**പേരാമ്പ്ര മണ്ഡലത്തിലെ പുതിയ സംരംഭങ്ങൾ**

174 (621) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പുതിയ വ്യവസായ നയമനുസരിച്ച് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ആരോഗ്യകരമായ സംരംഭകത്വ അന്തരീക്ഷം സൃഷ്ടിക്കുക എന്നതും ഏവർക്കും അനുയോജ്യമായ രീതിയിൽ വ്യത്യസ്ത തൊഴിൽ മേഖലകൾ സൃഷ്ടക്കുക എന്നതും സർക്കാരിന്റെ പുതിയ വ്യവസായ നയത്തിന്റെ ലക്ഷ്യമാണ്. ആശയ രൂപീകരണത്തിനും നിർവഹണത്തിനുമുള്ള ഇൻകുബേഷൻ സെന്റർ, വിവിധ പദ്ധതികൾക്കുള്ള ധനസഹായം, എളുപ്പത്തിലുള്ള വായ്പ ലഭ്യത, നൈപുണ്യ വികസനവും പരിശീലനവും, നിക്ഷേപ സഹായ കേന്ദ്രങ്ങൾ എന്നിവ വഴി സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന നടപടികളാണ് വ്യവസായ വകുപ്പ് വിഭാവനം ചെയ്തിട്ടുള്ളത്. പുതിയ വ്യവസായ നയത്തിൽ 18 ഇൻസെന്റീവ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. വ്യവസായ നയത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 22 മുൻഗണനാമേഖലകളിൽ ഓരോ മേഖലയിലും വിഭാവനം ചെയ്തിരിക്കുന്ന രീതിയിൽ ആരംഭിക്കുന്ന യൂണിറ്റുകൾക്കാണ് പദ്ധതികൾപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളത്. 18 ഇൻസെന്റീവ് പദ്ധതികൾ ചുവടെ പറയുന്നവയാണ്:

1. കുറഞ്ഞ പലിശാ വായ്പകൾ -സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് 4% പലിശയ്ക്ക് 10 ലക്ഷം രൂപ വരെയുള്ള വായ്പകൾ നൽകുന്ന പദ്ധതിയാണിത്. (6% വരെ പലിശ ഇളവ് അനുവദിക്കുന്നതിലൂടെ)

2. മൂലധന സബ്സിഡി ഇൻസെന്റീവ് -സൂക്ഷ്മ സംരംഭങ്ങൾക്ക് 45% വരെ (പരമാവധി 40 ലക്ഷം രൂപ), ചെറുകിട സംരംഭങ്ങൾക്ക് 45% വരെ (പരമാവധി ഒരു കോടി രൂപ), ഇടത്തരം സംരംഭങ്ങൾക്ക് 45% വരെ (പരമാവധി രണ്ട് കോടി രൂപ).

3. ഇലക്ട്രിസിറ്റി ഡ്യൂട്ടി ഒഴിവാക്കൽ - സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് അഞ്ചുവർഷത്തേയ്ക്ക് 100% ഇളവ്.

4. ഐ.പി.ഒ വഴിയുള്ള ധനസമാഹരണം - സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി NSE, BSE എന്നിവയുടെ SME പ്ലാറ്റ്ഫോം മുഖേന പബ്ലിക് ഇഷ്യൂ നടത്തുന്നതിന് ചെലവായ തുകയുടെ 50%.

5. നിക്ഷേപ സബ്സിഡി - വൻകിട മെഗാ സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% വരെ (പരമാവധി പത്തുകോടി രൂപ) ഘട്ടം ഘട്ടമായി നൽകുന്ന പദ്ധതി.

6. എസ്.ജി.എസ്.റ്റി. റീ ഇംപേഴ്സ്മെന്റ് - വൻകിട മെഗാ സംരംഭങ്ങൾക്ക് മൂലധന നിക്ഷേപത്തിന്റെ 100% റീ ഇംപേഴ്സ്മെന്റ് 5 വർഷത്തേയ്ക്ക്.

7. തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം-വൻകിട മെഗാ സംരംഭങ്ങളിൽ 50 ശതമാനത്തിലധികം സ്ഥിരം തൊഴിലവസരങ്ങൾ പ്രാദേശിക ജനത, വനിതകൾ, ട്രാൻസ് ജെൻഡേഴ്സ് എന്നീ വിഭാഗങ്ങളിൽനിന്നും ആകുന്ന അവസരത്തിൽ അപ്രകാരം അധികമായി സൃഷ്ടിക്കപ്പെടുന്ന ഓരോ തൊഴിലിന്റെയും നിശ്ചിത വിഹിതം തുക തൊഴിലുടമയ്ക്ക് ഒരു വർഷത്തേയ്ക്ക് റീ- ഇമ്പേഴ്സ്മെന്റ് നൽകുന്ന പദ്ധതി.

8. നിർമ്മാണ യൂണിറ്റുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി/രജിസ്ട്രേഷൻ ഇളവ്-പൊതു വിഭാഗത്തിൽപ്പെടുന്ന സംരംഭകർക്ക് സർക്കാർ വ്യവസായ പാർക്കുകളിലും വിജ്ഞാപനം ചെയ്യപ്പെട്ട സ്വകാര്യ വ്യവസായ പാർക്കുകളിലും, സ്ത്രീകൾ, എസ്.സി/എസ്.ടി, പി.എച്ച്, ട്രാൻസ്ജെൻഡർ എന്നിവർക്ക് സംസ്ഥാനത്ത് എവിടെയും നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് പാട്ട കരാർ/ഭൂമി/കെട്ടിടം വാങ്ങൽ രജിസ്ട്രേഷനിൽ 100% വരെ ഇളവ്.

9. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കുള്ള സഹായം.

പൊതു സൗകര്യങ്ങളായ വൈദ്യുതി, ജലം, റോഡ്, ഡ്രെയിനേജ്, മലിനജല സംസ്കരണ പ്ലാന്റ്, ലബോറട്ടറി, ടെസ്റ്റിംഗ് സർട്ടിഫിക്കേഷൻ എന്നിവ ഒരുക്കുന്നതിന് ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി മൂന്ന് കോടി രൂപ വരെ റീ-ഇംപേഴ്സ്മെന്റ്.

10. വ്യാപാര മേളകളിൽ പങ്കെടുക്കുന്നതിനുള്ള പ്രോത്സാഹനം-ആഭ്യന്തര അന്താരാഷ്ട്രമേളകളിലും പ്രദർശനങ്ങളിലും പങ്കെടുക്കുന്ന സംരംഭങ്ങൾക്ക് സ്റ്റാൾ ചാർജ്ജിനത്തിൽ ചെലവാകുന്ന തുകയുടെ 100% പരമാവധി പ്രതിവർഷം 5 ലക്ഷം രൂപ വരെ.

11. ബൗദ്ധിക സ്വത്തവകാശം സൃഷ്ടിക്കുന്നതിന് - പേറ്റന്റ് പകർപ്പ് അവകാശം, വ്യാപാര മുദ്രകൾ, ജി-ഐ രജിസ്ട്രേഷൻ മുതലായവയ്ക്ക് സംരംഭകർ ചെലവാക്കുന്ന തുകയുടെ 50% പരമാവധി 30 ലക്ഷം രൂപ വരെ റീ-ഇമ്പേഴ്സ്മെന്റ്.

12. സർട്ടിഫിക്കേഷൻ എടുക്കുന്നതിന് പ്രോത്സാഹനം - CE, FDA,ISO,BIS തുടങ്ങിയ നിർബന്ധിത ഗുണനിലവാര അടയാളപ്പെടുത്തലുകൾക്കായി

ചെലവഴിച്ച തുകയുടെ 50% പരമാവധി ഒരു യൂണിറ്റിന് പ്രതിവർഷം 25 ലക്ഷം രൂപ വരെ റീഫണ്ട്.

13. സുസ്ഥിരതയ്ക്കും ഉത്തരവാദിത്വ വ്യവസായവൽക്കരണത്തിനുമുള്ള പ്രോത്സാഹനങ്ങൾ - പ്ലാന്റ് ആൻഡ് മെഷിനറി/ETP സജ്ജീകരിക്കുന്നതിനുള്ള ഉപകരണങ്ങൾ, ഗ്രിഡിൽനിന്നും വൈദ്യുതി എടുക്കുന്നതിന് ബദലായി സ്ഥാപിക്കുന്ന ഇൻസ്റ്റലേഷനുകൾ, മഴവെള്ള സംഭരണം, സീറോ ഡിസ്ചാർജ് സാങ്കേതിക വിദ്യകൾ, ഇ-മാലിന്യങ്ങളുടെ പുനരുപയോഗം, മലിനജലത്തിന്റെ ഉപയോഗം, ഊർജ്ജ-ജല സംരക്ഷണത്തിന് ഓഡിറ്റ് നടത്തൽ, സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്ക് സംരംഭകർ ചെലവഴിക്കുന്ന തുകയുടെ 25% (പരമാവധി 25 ലക്ഷം രൂപ വരെ).

14. നിർമ്മാണ മേഖലയിലെ ഇൻഡസ്ട്രി 4.0 ഉദ്യമങ്ങൾക്കുള്ള സഹായം -സോഫ്റ്റ് വെയർ, ബിഗ് ഡാറ്റാ അനലിറ്റിക് ടൂൾസ്, മെഷിനറി മുതലായവയുടെ വിലയുടെ 20% ഒരു സംരംഭത്തിന് പരമാവധി 25 ലക്ഷം രൂപ വരെ.

15. ഗവേഷണ വികസന പ്രോത്സാഹനം - സംസ്ഥാനത്തെ സർവ്വകലാശാലകളുമായി ഗവേഷണത്തിൽ ഏർപ്പെടുന്ന സംരംഭങ്ങൾക്ക് ഗവേഷണ ചെലവിന്റെ 20% ഒരു സംരംഭത്തിന് പരമാവധി ഒരു കോടി രൂപ വരെ.

16. സ്റ്റാർട്ടപ്പുകൾക്കായുള്ള സ്കെയിൽ അപ്പ് പ്രോത്സാഹനം - സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് കെ.എസ്.ഐ.ഡി.സി-യുടെ ഒരു കോടി രൂപ വരെയുള്ള സ്കെയിൽ അപ്പ് വായ്പകൾ ലഭ്യമാക്കും.

17. മെയ്ഡ് ഇൻ കേരള ബ്രാൻഡിംഗും മാർക്കറ്റിംഗും-മെയ്ഡ് ഇൻ കേരള സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ചെലവഴിക്കുന്ന തുകയുടെ 50% റീ- ഇമ്പേഴ്സ്മെന്റ്.

18. PLI നിക്ഷേപകരെ ആകർഷിക്കുന്നതിന് പ്രത്യേക പാക്കേജ് -കേന്ദ്രസർക്കാരിന്റെ പി.എൽ.എ സ്കീമുകൾക്ക് കീഴിൽ ഷോർട്ട് ലിസ്റ്റ് ചെയ്ത നിക്ഷേപകർ സംസ്ഥാനത്ത് തുടങ്ങുന്ന വ്യവസായ യൂണിറ്റുകൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20% പരമാവധി ഒരു കോടി രൂപ വരെ

(അർഹമായ മറ്റു സബ്സിഡികൾ കൂടാതെ) ഒറ്റത്തവണ ടോപ്പ്-അപ്പ് ഇൻസെന്റീവ് നൽകുന്നതാണ്.

സംസ്ഥാനത്ത് കൂടുതൽ സൂക്ഷ്മ ഇടത്തരം ചെറുകിട സംരംഭങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 2022-23 സാമ്പത്തിക വർഷം 1,39,840 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 8422 കോടി രൂപയുടെ നിക്ഷേപവും 300,051 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.ഈ സാമ്പത്തിക വർഷവും (2023-24) ഇതേ മാതൃകയിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നവരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ “സംരംഭക വർഷം 2.0” എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷം (ആഗസ്റ്റ് 4 വരെയുള്ള കണക്കുപ്രകാരം) 9007 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതുവഴി 591.28 കോടി രൂപയുടെ നിക്ഷേപവും 18957 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച്, വ്യവസായ വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിൽ സർക്കാർ പ്രായോഗിക തലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി വന്ന പദ്ധതിയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി. ടി പദ്ധതി വിലയിരുത്തുകയും വ്യാവസായിക ആവശ്യങ്ങൾക്കുള്ള ഭൂമിയുടെ ദൗർലഭ്യം ലഘൂകരിക്കാനുള്ള കാഴ്ചപ്പാടിൽ കേരള സർക്കാർ സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യവും നിറവേറ്റുന്നതിനായി ആവിഷ്കരിച്ച പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതി കൂടുതൽ ആകർഷകവും പ്രായോഗികവുമാക്കുന്നതിനായും സംരംഭക സൗഹാർദ്ദമാക്കുന്നതിനുമായി ചില മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ ആയത് സംബന്ധിച്ച് എന്തൊക്കെ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട G.O.(Ms) No.31/2022/ID തീയതി 2/4/2022 & G.O.(Ms) No.36/2023/ID തീയതി

2/6/2023) എന്നീ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+ പുതിയ വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിലുള്ള മറ്റു പദ്ധതികളുടെ പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു.

(സി) ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി അനുസരിച്ച് പേരാമ്പ്ര മണ്ഡലത്തിൽ പുതുതായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

2022-23 സംരംഭക വർഷത്തിന്റെ ഭാഗമായി പേരാമ്പ്ര മണ്ഡലത്തിൽ പുതുതായി ആരംഭിച്ച സംരംഭങ്ങളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | ആരംഭിച്ച യൂണിറ്റുകളുടെ എണ്ണം | നിക്ഷേപം (കോടി രൂപയിൽ) | തൊഴിൽ സൃഷ്ടിച്ചത് |
|---|---|---|---|---|
| 1 | മേപ്പയൂർ | 151 | 8.37 | 249 |
| 2 | പേരാമ്പ്ര | 180 | 17.34 | 509 |
| 3 | കൂത്താളി | 92 | 3.61 | 166 |
| 4 | ചെറുവണ്ണൂര് | 121 | 4.05 | 185 |
| 5 | ചങ്ങരോത്ത് | 166 | 10.33 | 392 |
| 6 | അരിക്കുളം | 81 | 6.31 | 143 |
| 7 | കീഴരിയൂർ | 78 | 3.45 | 138 |
| 8 | തുറയൂർ | 85 | 5.27 | 202 |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | | | |
|---|---|---|---|---|
| 9 | ചക്കിട്ടപ്പാറ | 104 | 4.85 | 205 |
| 10 | നൊച്ചാട് | 126 | 12.03 | 259 |
| | ആകെ | 1184 | 75.61 | 2448 |

**സംരംഭക വർഷം പദ്ധതി**

175 (622) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പുതുതായി ആരംഭിച്ച സംരംഭങ്ങൾ, നിക്ഷേപങ്ങൾ, തൊഴിലവസരങ്ങൾ എന്നിവയുടെ താലൂക്കുതല വിശദാംശം ലഭ്യമാക്കുമോ?

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പുതുതായി ആരംഭിച്ച സംരംഭങ്ങളുടെ താലൂക്ക് തലത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഓരോ താലൂക്ക് വ്യവസായ കേന്ദ്രങ്ങളുടെ പരിധിയിലും ഉൾപ്പെടുന്ന വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്.

| Sl. No. | താലൂക്ക് | 2022-23 | | | 2023-24 | | |
|---|---|---|---|---|---|---|---|
| | | **ആരംഭിച്ച യൂണിറ്റുകളുടെ എണ്ണം** | **നിക്ഷേപം (കോടി രൂപയിൽ)** | **തൊഴിൽ** | **ആരംഭിച്ച യൂണിറ്റുകളുടെ എണ്ണം** | **നിക്ഷേപം (കോടി രൂപയിൽ)** | **തൊഴിൽ** |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ചാവക്കാട് | 2086 | 121.23 | 4254 | 135 | 7.45 | 257 |
| 2 | കാർത്തികപ്പള്ളി | 2339 | 125.71 | 5414 | 116 | 6.58 | 202 |
| 3 | വൈത്തിരി | 2066 | 126.28 | 4658 | 305 | 16.85 | 666 |
| 4 | പത്തനാപുരം | 2116 | 120.45 | 3769 | 265 | 16.76 | 510 |
| 5 | നെടുമങ്ങാട് | 3312 | 157.47 | 6594 | 229 | 10.75 | 467 |
| 6 | തൃശ്ശൂർ | 4213 | 293.08 | 9484 | 287 | 16.06 | 615 |
| 7 | ചിറയിൻകീഴ് | 2921 | 167.98 | 5873 | 146 | 8.41 | 276 |
| 8 | കരുനാഗപ്പള്ളി | 2890 | 168.82 | 6956 | 258 | 16.01 | 568 |
| 9 | വൈക്കം | 1353 | 70.3 | 2855 | 131 | 8.89 | 255 |
| 10 | കൊട്ടാരക്കര | 2791 | 129.86 | 5454 | 194 | 10.2 | 438 |
| 11 | മാനന്തവാടി | 1884 | 110.31 | 3576 | 265 | 18.66 | 520 |
| 12 | മീനച്ചിൽ | 1985 | 126.98 | 4078 | 147 | 9.96 | 321 |
| 13 | മാവേലിക്കര | 1778 | 83.31 | 3454 | 99 | 5 | 196 |
| 14 | പത്തനംതിട്ട | 2115 | 95.92 | 4606 | 171 | 6.09 | 294 |
| 15 | തളിപ്പറമ്പ | 3666 | 234.94 | 7473 | 151 | 9.03 | 268 |
| 16 | ചെങ്ങന്നൂർ | 900 | 43.96 | 1653 | 70 | 4.46 | 152 |
| 17 | ചിറ്റൂർ | 2663 | 96.82 | 5646 | 286 | 14.86 | 638 |
| 18 | കൊടുങ്ങല്ലൂർ | 1174 | 39.05 | 2295 | 81 | 5.37 | 188 |
| 19 | കണ്ണൂർ | 3338 | 190.75 | 6810 | 114 | 9.89 | 259 |
| 20 | തലശ്ശേരി | 4698 | 272.77 | 9622 | 178 | 12.23 | 370 |
| 21 | തിരുവല്ല | 1747 | 80.45 | 3613 | 107 | 6.14 | 249 |
| 22 | മുകുന്ദപുരം | 3770 | 174.93 | 7669 | 216 | 15.7 | 435 |
| 23 | അമ്പലപ്പുഴ | 1632 | 92.05 | 3622 | 95 | 6.09 | 171 |
| 24 | നെയ്യാറ്റിൻകര | 2778 | 128.93 | 5102 | 140 | 6.61 | 253 |
| 25 | തലപ്പിള്ളി | 2880 | 124.14 | 5834 | 125 | 5.67 | 229 |
| 26 | മണ്ണാർക്കാട് | 1650 | 91.82 | 3430 | 133 | 6.68 | 272 |
| 27 | പാലക്കാട് | 2331 | 147.52 | 5504 | 119 | 7.07 | 332 |

| | | | | | | | |
|---|---|---|---|---|---|---|---|
| 28 | അടൂർ | 1670 | 81.15 | 3259 | 95 | 29.73 | 336 |
| 29 | കണയന്നൂർ | 3939 | 426.57 | 11492 | 186 | 17.07 | 424 |
| 30 | ചേർത്തല | 2297 | 150.16 | 5203 | 112 | 6.86 | 203 |
| 31 | ആലത്തൂർ | 1824 | 73.74 | 3745 | 189 | 8.53 | 413 |
| 32 | ആലുവ | 1762 | 123.62 | 4115 | 170 | 11.11 | 402 |
| 33 | പേരൂർ | 1581 | 87.05 | 3007 | 114 | 8.2 | 236 |
| 34 | കുട്ടനാട് | 1007 | 32.38 | 1867 | 62 | 4.89 | 122 |
| 35 | കൊയിലാണ്ടി | 3192 | 288.18 | 6537 | 430 | 25.99 | 889 |
| 36 | കൊച്ചി | 2000 | 80.65 | 3876 | 85 | 3.4 | 144 |
| 37 | കുന്നത്തുനാട് | 2509 | 242.18 | 5595 | 78 | 10.55 | 183 |
| 38 | ഒറ്റപ്പാലം | 4089 | 264.65 | 9404 | 215 | 11.19 | 484 |
| 39 | കൊല്ലം | 4188 | 203.45 | 8270 | 307 | 17.68 | 605 |
| 40 | മൂവാറ്റുപുഴ | 1336 | 114.39 | 3100 | 107 | 7.84 | 233 |
| 41 | കോതമംഗലം | 1001 | 98.02 | 2580 | 92 | 10.15 | 199 |
| 42 | വടകര | 2748 | 157.47 | 5606 | 262 | 25.55 | 546 |
| 43 | ചങ്ങനാശ്ശേരി | 1409 | 75.03 | 2930 | 96 | 7.13 | 182 |
| 44 | ഹൊസ്ദുർഗ് | 2496 | 189.56 | 5049 | 71 | 3.15 | 132 |
| 45 | തിരുവനന്തപുരം | 5423 | 386.5 | 12309 | 82 | 5.69 | 231 |
| 46 | ദേവികുളം | 849 | 45 | 1832 | 10 | 0.55 | 23 |
| 47 | കോഴിക്കോട് | 6284 | 411.28 | 14352 | 408 | 21.66 | 791 |
| 48 | തൊടുപുഴ | 1692 | 88.56 | 3546 | 98 | 3.29 | 172 |
| 49 | ഉടുമ്പൻചോല | 1180 | 82.66 | 2462 | 66 | 3.23 | 111 |
| 50 | കാഞ്ഞിരപ്പള്ളി | 745 | 36.01 | 1600 | 44 | 2.93 | 82 |
| 51 | കോട്ടയം | 2466 | 129.93 | 5140 | 154 | 7.79 | 309 |
| 52 | പീരുമേട് | 391 | 16.25 | 679 | 36 | 2.03 | 57 |
| 53 | പെരിന്തൽമണ്ണ | 1818 | 126.06 | 4626 | 157 | 11.53 | 364 |
| 54 | കാസറഗോഡ് | 2258 | 109.3 | 4380 | 99 | 6.41 | 226 |

| | | | | | | | |
|---|---|---|---|---|---|---|---|
| 55 | നിലമ്പൂർ | 2366 | 150.93 | 5411 | 104 | 5.53 | 231 |
| 56 | പൊന്നാനി | 1238 | 67.21 | 2884 | 48 | 2.23 | 98 |
| 57 | തിരൂർ | 2572 | 152.84 | 5511 | 99 | 11.55 | 246 |
| 58 | തിരൂരങ്ങാടി | 1622 | 102.32 | 3687 | 64 | 4.03 | 153 |
| 59 | ഏറനാട് | 2812 | 212.71 | 6699 | 124 | 14.4 | 352 |
| | **ആകെ** | **139840** | **8421.64** | **300051** | **8827** | **579.34** | **18580** |

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി യുവജനങ്ങൾക്കും സ്ത്രീകൾക്കും പ്രോത്സാഹനം നല്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സംരംഭക വർഷത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ യുവജനങ്ങൾ, സ്ത്രീകൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം സംരംഭകരെയും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. താഴെപ്പറയുന്ന പ്രോത്സാഹന പദ്ധതികൾ സംരംഭക വർഷത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്.

1. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കുവേണ്ട സഹായങ്ങൾ നൽകുന്നതിനുമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 1153 പ്രൊഫഷണലുകളെ നിയമിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ലൈസൻസ് മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്തത്തിൽ നടത്തുകയുണ്ടായി. ഒരു തദ്ദേശ സ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ഭൗതിക ലക്ഷ്യവും നിശ്ചയിച്ചുനൽകിയിരുന്നു.

2. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.

3. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു.

4. സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ നിയമസഭാ സാമാജികർക്കുള്ള ശിൽപ്പശാല 2022 ജൂലൈയിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിൽ വച്ച് നടത്തുകയുണ്ടായി. പ്രസ്തുത ശിൽപ്പശാലയിൽ സംരംഭക വർഷം പദ്ധതിയുടെ നിയമസഭാ അടിസ്ഥാനത്തിലുള്ള പുരോഗതി വിലയിരുത്തൽ എല്ലാ

നിയമസഭാ സാമാജികരും അവരവരുടെ മണ്ഡലത്തിൽ നിർവ്വഹിക്കുന്നതിന് തീരുമാനിച്ചു. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി മണ്ഡലതല അവലോകന യോഗങ്ങൾ നടത്തി വരുന്നു.

5. ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചു.

6. വ്യവസായ വകുപ്പിന് കീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും (14) ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

7. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 4% പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചു.

8. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.

9. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉത്പ്പന്നങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ ഉൽപ്പന്നങ്ങളുടെ സാധ്യത പരിശോധിച്ച് താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10 കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിനു സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം

ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 'കേരള ബ്രാൻഡ് പദ്ധതിക്ക്' സംസ്ഥാന സർക്കാർ അംഗീകാരം നൽകി. കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

11. സംസ്ഥാനത്തെ ഭൗമ സൂചിക (GI) ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ ഉല്പാദകരിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്ക് ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിച്ചു. ഭൗമ സൂചിക ലഭിച്ചിട്ടുള്ള കേരളത്തിൽനിന്നുള്ള ഉല്പാദകരുടെ ഒരു സംഗമം ഇതിന്റെ ഭാഗമായി 2023 ജനുവരി മാസം നടത്തി.

12. വിദേശത്തുള്ള മലയാളികളെ സംരഭകത്വത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് ബോധവാന്മാരാക്കുകയും അവരെ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുകയും അതുവഴി കേരളത്തിലെ

നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് പ്രവാസികൾക്കായി 2023 ജനുവരി മാസത്തിൽ ശില്പശാല നടത്തി.

**കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം**

176 (623) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തോടനുബന്ധിച്ചുള്ള വ്യവസായ വകുപ്പിന്റെ സ്ഥലത്ത് വ്യവസായ വികസനത്തിനായി പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തോടനുബന്ധിച്ചുള്ള സ്ഥലം വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന്റെ ഉടമസ്ഥതയിലുള്ളതാണ്. പ്രസ്തുത സ്ഥലം വിനിയോഗിക്കുന്നത് സംബന്ധിച്ച് KSIDC നിർദ്ദേശം പരിഗണനയിലുണ്ട്.

**നിയോജകമണ്ഡലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന വ്യവസായ പാർക്കുകൾ**

177 (624) ശ്രീ. തോമസ് കെ തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയോജകമണ്ഡലാടിസ്ഥാനത്തിൽ സ്വകാര്യമേഖലയിൽ നടപ്പാക്കിവരുന്ന വ്യവസായ പാർക്കുകൾ വഴി സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

സർക്കാർ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം നടപ്പിലാക്കി വരുന്നുണ്ട്. ആദ്യഘട്ടത്തിൽ അപേക്ഷിച്ച 8 സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റേറ്റുകളുടെ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളു. കൂടാതെ വെബ് പോർട്ടൽ മുഖേന ലഭിച്ച 51 അപേക്ഷകളിൽ സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിച്ചിട്ടുള്ള 21 അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

പക്ഷേ, ഈ പദ്ധതിയുടെ ഓൺലൈൻ അപേക്ഷകൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പരിമിതപ്പെടുത്തിയിട്ടില്ല. ഭൂമി ലഭ്യമായ സംരംഭകർക്ക് വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(ബി) സർക്കാർ കൈവശം പൊതുസ്ഥലങ്ങൾ കുറവായ സാഹചര്യത്തിൽ സ്വകാര്യമേഖലയിൽ ആധുനിക രീതിയിലുള്ള മാർക്കറ്റുകൾ എല്ലാ പഞ്ചായത്തുകളിലും ഉണ്ടാക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇത് പരിശോധിച്ചുവരുന്നു.

**വടക്കാഞ്ചേരി മണ്ഡലത്തിലെ പ്രവർത്തനം നിർത്തിയ യൂണിറ്റുകൾ റീ അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ**

178 (625) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ കൈപ്പറമ്പ് പഞ്ചായത്തിലെ അയ്യങ്കുന്ന്, വേളക്കോട് വ്യവസായ എസ്റ്റേറ്റുകളിൽ പ്രവർത്തനം നിർത്തിയ യൂണിറ്റുകൾ റീ-അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കോടതി കേസ് നിലവിലുള്ള വ്യവസായ യൂണിറ്റുകൾ മാത്രമാണ് അയ്യൻകുന്ന് വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിക്കാതെ കിടക്കുന്നത്. കോടതി കേസ് നിലവിലുള്ളതിനാൽ പ്രസ്തുത ഭൂമി റീ അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ സാധ്യമാകുന്നില്ല. വേളക്കോട് വ്യവസായ വികസന പ്ലോട്ടിലെ എല്ലാ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത തടസ്സങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കോടതി, നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്കേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**വ്യവസായ സംരംഭങ്ങളിലൂടെ തൊഴിലവസരങ്ങൾ**

179 (626) <u>ശ്രീ. വി. ജോയി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വിവരശേഖരണ സംവിധാനങ്ങളായ ഡി.ഐ.സി.എം.ഐ.എസ്. (DIC MIS), സംരംഭകവർഷം പോർട്ടൽ എന്നിവയിലെ കണക്കുകൾ പ്രകാരം മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ 2,32,513 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (MSMEs) ആരംഭിച്ചിട്ടുണ്ട്.

(ബി) ആയതിലൂടെ എത്ര തൊഴിലവസരങ്ങളുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആരംഭിച്ച 2,32,513 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിലൂടെ 6,17,599 തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ട്.

**യെസ് കേരള പദ്ധതി**

180 (627) <u>ശ്രീ. പി. പി. സുമോദ്:</u> താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് യെസ് കേരള പദ്ധതി വഴി എത്ര യുവ സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ അഭ്യസ്തവിദ്യരായിട്ടുള്ള യുവസംരംഭകർക്ക് നൂതനമായ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് പുതിയ വ്യവസായ സംരംഭങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻവേണ്ടിയുള്ളതാണ് യെസ് കേരള പദ്ധതി. പ്രസ്തുത പദ്ധതിയിൽ നാളിതുവരെ കെ.എസ്.ഐ.ഡി.സി. മുഖാന്തരം 153 സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

**കൊല്ലം ജില്ലയിലെ വ്യവസായ പാർക്കുകൾ**

181 (628) <u>ശ്രീ എം മുകേഷ്:</u> താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിൽ പുതിയ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇതിനായി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വിശദമാക്കാമോ?

കൊല്ലം ജില്ലയിൽ അറയ്ക്കൽ വില്ലേജിൽ ഉൾപ്പെട്ട വാളകം, ഇടയത്തുള്ള ടി. വി. തോമസ് മെമ്മോറിയൽ കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള 98 സെന്റ് ഭൂമിയിലും ചാത്തന്നൂർ വ്യവസായ പ്ലോട്ടിലെ ഉപയോഗിക്കാതെ കിടക്കുന്ന 1 ഏക്കർ ഭൂമിയിലും ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള DPR തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. യുണൈറ്റഡ് ഇലക്ട്രിക്കൽ കമ്പനിയുടെ ഉപയോഗിക്കാത്ത ഭൂമിയിൽ പുതിയ പാർക്ക് (SDF) ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**വ്യവസായ മേഖലകളിലെ പരിഷ്കാരം സംബന്ധിച്ച്**

182 (629) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള സി.എഫ്.എസ്.സി. (കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ)കളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസായ വകുപ്പിനുകീഴിൽ മഞ്ചേരിയിലും ചങ്ങനാശ്ശേരിയിലുമായി രണ്ട് പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ (സി.എഫ്.എസ്.സി) ആണുള്ളത്. നടപ്പ് സാമ്പത്തിക വർഷം ഈ സി.എഫ്. എസ്.സി-കളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2023-24 വർഷത്തെ ബഡ്ജറ്റിൽ സി.എഫ്.എസ്.സി.-കളെ CFSC- CGATE (COMMON FACILITY SERVICE CENTRE - CENTRE OF EXCELLENCE FOR GOVERNMENT ASSISTANCE IN TECHNOLOGY AND ENTREPRENEURSHIP) എന്നാക്കി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

സി.എഫ്.എസ്.സി-കളിലെ ഈ വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നു.

1 .മഞ്ചേരി സി.എഫ്.എസ്.സി.

മഞ്ചേരി സി.എഫ്.എസ്.സി.-ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും പരിശീലന പരിപാടികൾക്കുമായി 2023-24 സാമ്പത്തിക വർഷം 98,82,000 രൂപയുടെള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി വ്യവസായ സംരംഭകർക്കുള്ള സേവനം വിപുലപ്പെടുത്തുന്നതിന് സി.എൻ.സി. മില്ലിംഗ് മെഷീനും വലിപ്പമുള്ള റബ്ബർ ഉത്പ്പന്നങ്ങൾ കൂടി നിർമ്മിക്കുന്നതിലേയ്ക്കായി ഒരു ഹൈഡ്രോളിക്ക് പ്രസ്സും ഈ സാമ്പത്തിക വർഷം സ്ഥാപിക്കുന്നുണ്ട്. കൂടാതെ നവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻഡസ്ട്രിയൽ ഹോട്ട് എയർ ഓവൻ ഉൾപ്പെടെയുള്ള നൂതന സംവിധാനങ്ങളോടുകൂടിയ പ്രായോഗിക പരിശീലന ഹാൾ സജ്ജമാക്കിയിട്ടുണ്ട്. സി.എഫ്.എസ്.സി. മഞ്ചേരിക്ക് ദേശീയ നൈപുണ്യ വികസന കോർപ്പറേഷന്റെ (NSDC) റബ്ബർ അധിഷ്ഠിത നൈപുണ്യ വികസനകേന്ദ്രമായി അംഗീകാരം നേടിയെടുക്കാൻ ഈ വർഷം സാധിച്ചിട്ടുണ്ട്. അതിന്റെ പരിശീലനപരിപാടികൾ ഉടൻ ആരംഭിക്കുന്നതാണ്. മലപ്പുറത്തെയും സമീപ ജില്ലകളിലെയും ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കാവശ്യമായ

പരിശീലനവും ഗവേഷകർക്ക് ഗവേഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സേവനങ്ങളും ലളിതമായ നടപടി ക്രമങ്ങളിലൂടെ നൽകി വരുന്നു.

2 ചങ്ങനാശ്ശേരി സി.എഫ്.എസ്.സി.

ചങ്ങനാശ്ശേരി സി.എഫ്.എസ്.സി-യുടെ വികസനത്തിനായി ഈ വർഷം 37.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനവും നൂതനമായ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ മെഷിനറികളും ടെസ്റ്റിംഗ് ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ചങ്ങനാശ്ശേരി സി. എഫ്. എസ്. സി.-യിൽ RD&I (RESEARCH, DEVELOPMENT & INCUBATION) Wing ആരംഭിച്ചു. വാണിജ്യവൽക്കരിക്കാൻ സാദ്ധ്യതയുള്ള റബ്ബർ ഉൽപ്പന്നങ്ങൾ വികസിപ്പിച്ച് പേറ്റൻറ് നേടുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലുമുള്ള ഇൻകുബേഷൻ സെന്ററുകളെ കേന്ദ്രീകൃതമാക്കുന്നതിനായി സി.എഫ്.എസ്.സി-സി.ജി.എ.റ്റി.ഇ.യുടെ പ്രവർത്തനം ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നുണ്ടോ?

മഞ്ചേരിയിലും ചങ്ങനാശ്ശേരിയിലുമുള്ള സി.എഫ്.എസ്.സി-കളിലെ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ഇൻകുബേഷൻ സെന്ററുകൾക്ക് സേവനം നൽകാൻ കഴിയുന്ന രീതിയിൽ CGATE ആയി ഉയർത്തുന്നത് പരിഗണിക്കാവുന്നതാണ്.

**പുതുതായി ആരംഭിച്ച വ്യവസായങ്ങൾ**

183 (630) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര വ്യവസായങ്ങൾ ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായമേഖലയിൽ പുതുതായി 1,49,376 വ്യവസായ വാണിജ്യ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ആയതിൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള എത്ര വ്യവസായികളാണ് സംരംഭം ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ആയതിൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള 104 സംരംഭകരും ഉൾപ്പെടുന്നു.

**പാലക്കാട് ജില്ലയിലെ റൈസ് പാർക്കിന്റെ പ്രവർത്തന പുരോഗതി**

184 (631) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ റൈസ് പാർക്കിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ആയതിന്റെ പ്രവർത്തനം എന്ന് തുടങ്ങാനാണ് ആലോചിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉണ്ട്; പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് 5 ഏക്കർ സ്ഥലത്ത് സ്ഥാപിക്കുന്ന ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കിലെ റൈസ് മില്ലിന്റെ പ്രവർത്തനം 2024 മാർച്ച് അവസാനത്തോടുകൂടി ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നിലവിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിലെ ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. റൈസ് മില്ലിന്റെ സിവിൽ വർക്കുകൾ 50 ശതമാനത്തോളം പുരോഗമിച്ചുകഴിഞ്ഞു. മില്ലിന്റെ മെഷീനുകളുടെ ടെൻഡർ നടപടികളും അന്തിമഘട്ടത്തിലാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ വ്യവസായ പദ്ധതികൾ**

185 (632) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ വ്യവസായ വകുപ്പ് പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

വ്യവസായ വകുപ്പ് മണ്ഡലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നില്ല. എന്നാൽ വ്യവസായ സംരംഭം ആരംഭിക്കുന്നവർക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളും പ്രവർത്തനങ്ങളും പൂഞ്ഞാർ മണ്ഡലത്തിലും നടപ്പിലാക്കുന്നുണ്ട്. വ്യവസായ വാണിജ്യ

ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന സംരംഭകത്വ സഹായ പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് എന്നീ പദ്ധതികൾ പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. 2022-23 സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും അവർക്ക് പരിശീലനം നൽകുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൊതുബോധവൽക്കരണ പരിപാടി, ലോൺ-ലൈസൻസ് മേളകൾ എന്നിവ നടത്തിയിരുന്നു. പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമായി നടത്തിയ ഇത്തരം പ്രചാരണ പരിപാടിയുടെ ഭാഗമായി 1,60,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതിയിൽ 9 യൂണിറ്റുകൾക്ക് 30,24,475/-രൂപ സബ്സിഡിയായി അനുവദിച്ചു.

ഒരു കുടുംബം ഒരു സംരംഭം പദ്ധതിയിൽ 1 യൂണിറ്റിന് 24577/- രൂപ അനുവദിച്ചിട്ടുണ്ട്.

മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് പദ്ധതി വഴി 6 യൂണിറ്റുകൾക്ക് 1872000/- രൂപ ഗ്രാന്റ് ആയി അനുവദിച്ചിട്ടുണ്ട്.

മേൽ പദ്ധതികൾ ഉൾപ്പെടെയുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്കായുള്ള വിവിധ സാമ്പത്തിക സഹായ പദ്ധതികളും പ്രോത്സാഹന പ്രവർത്തനങ്ങളും നടപ്പുസാമ്പത്തിക വർഷവും പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

**മാവൂർ ഗ്വാളിയർ റയോൺസ് ഭൂമിയിൽ പുതിയ വ്യവസായം**

186 (633) <u>ശ്രീ. പി. ടി. എ. റഹീം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയർ റയോൺസ് ഭൂമിയിൽ പുതിയ വ്യവസായം ആരംഭിക്കുന്നതിന് തയ്യാറാക്കിയ പദ്ധതി നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യം വ്യക്തമാക്കാമോ?

10-10-2017-ലെ സ.ഉ.(എം.എസ്) 97/2017/ഐ.ഡി പ്രകാരം മാവൂർ ഗ്വാളിയോർ റയോൺസിന്റെ കൈവശത്തിലുള്ള ഭൂമി തിരികെ ഏറ്റെടുക്കുന്നതിനും വ്യവസായ പാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനുമായി ഉത്തവായിട്ടുള്ളതാണ്. എന്നാൽ ടി സർക്കാർ ഉത്തരവിനെതിരെ മാവൂർ ഗ്വാളിയോർ റയോൺസ് കമ്പനി ബഹു.ഹൈക്കോടതി മുമ്പാകെ WP(C)No.33103/2017 ആയി റിട്ട് ഹർജി ബോധിപ്പിക്കുകയും സ.ഉ.(എം.എസ്) നം.97/2017/വ്യവ ഉത്തരവിൻമേൽ ബഹു.ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിച്ചതിനാൽ ഭൂമി തിരികെ ഏറ്റെടുക്കാനും പുതിയ വ്യവസായം ആരംഭിക്കുന്നതിനും സാധിച്ചിട്ടില്ല. നിലവിൽ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ബി) പ്രശ്നം പരിഹരിക്കുന്നതിന് ഗ്വാളിയർ റയോൺസ് ഉടമകളുമായി ചർച്ച നടത്താൻ തയ്യാറാകുമോ;

(സി) ഗ്വാളിയർ റയോൺസ് ഹൈക്കോടതിയിൽനിന്ന് വാങ്ങിയ സ്റ്റേ ഉത്തരവ് പിൻവലിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ?

(ബി & സി) കേസ് പെട്ടെന്ന് തീർപ്പാക്കുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർ നിരവധി തവണ ഈ വിഷയം അഡ്വക്കേറ്റ് ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും 17-05-2022-ൽ കോഴിക്കോട് ജില്ലാ നിയമ ഓഫീസർ അറ്റോർണി ജനറലുമായി കൂടിക്കാഴ്ച്ച നടത്തുകയും ആയതു പ്രകാരം കേസ് പരിഗണിക്കുന്നതിനാവശ്യമായ നടപടികൾ സ്റ്റേറ്റ് അറ്റോർണി ജനറൽ സ്വീകരിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് ബഹു.ഹൈക്കോടതി ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ 10-10-2022-ൽ ജില്ലാ കളക്ടർ സമർപ്പിക്കുകയുമുണ്ടായി. കേസ് ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വീണ്ടും കൊണ്ടുവന്ന് തീർപ്പാക്കുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**സംരംഭക വർഷം 2.0 പദ്ധതി**

187 (634) <u>ശ്രീമതി ശാന്തകുമാരി കെ.:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം 2.0 പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

പുതിയ സംരംഭം തുടങ്ങുന്നവരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഈ സാമ്പത്തിക വർഷം "സംരംഭക വർഷം 2.0" പദ്ധതി നടപ്പിലാക്കുന്നു. നടപ്പുസാമ്പത്തിക വർഷം ആഗസ്റ്റ് 4 വരെയുള്ള കണക്കുപ്രകാരം 9007 പുതിയ സംരംഭങ്ങൾ ഈ പദ്ധതി പ്രകാരം ആരംഭിച്ചിട്ടുണ്ട്. അതുവഴി 591.28 കോടി രൂപയുടെ നിക്ഷേപവും 18957 പേർക്ക് തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

**1.ആസൂത്രണവും ബോധവൽക്കരണവും**

- ബോട്ടം-അപ്പ് പ്ലാനിംഗിലൂടെ ജില്ല തിരിച്ചുള്ള ലക്ഷ്യം നിശ്ചയിക്കുന്നു. 2022-23 സാമ്പത്തികവർഷത്തിലെ പ്രകടനം അവലോകനം ചെയ്യുന്നതിനായി ജില്ലാ, തദ്ദേശ സ്ഥാപന തലങ്ങളിൽ മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങൾ നടത്തുന്നു.
- 2023-24 സാമ്പത്തിക വർഷത്തിനായുള്ള വിശദമായ പ്രവർത്തന പദ്ധതി രൂപീകരിക്കുന്നു.
- എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സംരംഭകർക്കായി പൊതു ഓറിയന്റേഷൻ ക്യാമ്പെയ്നുകൾ.

2. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വായ്പ, ലൈസൻസ്, സബ്സിഡി ക്യാമ്പെയിൻ

3. ജില്ലാതലത്തിലുള്ള മാർക്കറ്റിംഗ് ക്യാമ്പെയ്ൻ

4. മെന്ററിംഗ്, നെറ്റ്വർക്കിംഗ്, ആത്മവിശ്വാസം വളർത്തൽ

മെന്ററിംഗ് സിസ്റ്റം സമാരംഭിക്കുക; മെന്റർമാരെയും എം.എസ്.എം.ഇ.-കളെയും മെന്ററിംഗ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്യുക.

എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും എം.എസ്.എം.ഇ.-കളെ (പുതിയതും നിലവിലുള്ളതും) നെറ്റ് വർക്കിംഗ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുക.

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്ര സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; നാളിതുവരെ എത്ര സംരംഭങ്ങൾ ആരംഭിച്ചുവെന്നും എത്ര നിക്ഷേപവും തൊഴിലും സൃഷ്ടിച്ചുവെന്നും വ്യക്കമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തിലും ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംരംഭക വർഷം 2.0 പദ്ധതി ലക്ഷ്യമിടുന്നു. ഈ സാമ്പത്തിക വർഷം ആഗസ്റ്റ് 4 വരെയുള്ള കണക്കുപ്രകാരം 9007 പുതിയ

സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതുവഴി 591.28 കോടി രൂപയുടെ നിക്ഷേപവും 18957 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

**ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതി**

188 (635) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു വർഷം ഒരു ലക്ഷം സംരംഭം' പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ എത്ര സ്ഥാപനങ്ങൾ ഇതുവരെ തുടങ്ങാൻ സാധിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ ആകെ 4924 സംരംഭങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ ആകെ 308.42 കോടി രൂപയുടെ നിക്ഷേപവും 9787 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്ര വനിതാ സംരംഭകരുണ്ട്; വിശദാംശം അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ ആരംഭിച്ച 4924 സംരംഭങ്ങളിൽ 1344 എണ്ണം വനിതാ സംരംഭകരുടേതാണ്.

**കെൽപാമിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നവീകരണപ്രവൃത്തികൾ**

189 (636) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ കൊറ്റാമത്ത് പ്രവർത്തിക്കുന്ന കെൽപ്പാമിൽ (കേരള സംസ്ഥാന പന ഉല്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്) 2023-24 വർഷത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന നവീകരണപ്രവൃത്തികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) നവീകരണ പ്രവൃത്തികൾക്ക് എത്ര കോടി രൂപയാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര മണ്ഡലത്തിലെ കൊറ്റാമത്ത് പ്രവർത്തിക്കുന്ന കെൽപാമിൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആട്ടോമാറ്റിക് ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി സർക്കാർ

വിഹിതമായി 25 ലക്ഷം രൂപയും ബാക്കി തുക കെൽപാമിന്റെ സ്വന്തം ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനുമായി 12-07-2023-ലെ സ.ഉ (സാധാ) നം.716/2023/വ്യവ പ്രകാരം മൊത്തം 27.27 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പനയോലയിൽ നിന്നുണ്ടാക്കുന്ന കരകൗശല വസ്തുക്കളുടെ വിപണന യൂണിറ്റ് സജ്ജമാക്കുന്നതിലേയ്ക്കായി 31-07-2023-ലെ സ.ഉ (സാധാ) നം.772/2023/വ്യവ പ്രകാരം 14,95,006/- രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ കിൻഫ്ര പാർക്കിനുള്ള ഭൂമി ഏറ്റെടുക്കൽ**

190 (637) <u>ശ്രീ. ജി. എസ്. ജയലാൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ കിൻഫ്ര പാർക്കിനായി ഏറ്റെടുക്കാൻ ഉദ്ദേശിച്ച ഭൂമിയുടെ 46.39 ഏക്കർ സ്ഥലം തണ്ണീർത്തടമായതിനാൽ വ്യവസായ പാർക്കിന് അനുവദിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമി

ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികളിൽ വ്യവസായ വകുപ്പ് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്; കിൻഫ്ര പാർക്കിന് ഏറ്റെടുക്കാൻ ഉദ്ദേശിച്ച ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര, പരവൂർ വില്ലേജുകളിലുൾപ്പെട്ട 95.47 ഏക്കർ ഭൂമിയിൽ 46.39 ഏക്കർ സ്ഥലം റവന്യൂ രേഖകൾ പ്രകാരം "നിലം" ഇനത്തിൽപ്പെട്ടതായതിനാൽ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം 2008-ന്റെ പരിധിയിൽനിന്നും മാറ്റികിട്ടുന്നതിനുവേണ്ടി കിൻഫ്ര സമർപ്പിച്ച അപേക്ഷ ചില വ്യവസ്ഥകൾക്ക് വിധേയമായി പരിഗണിക്കാവുന്നതാണെന്ന പ്രാദേശിക നിരീക്ഷണ സമിതിയുടെ ശിപാർശ നിരസിച്ചുകൊണ്ട് പകരം മറ്റ് ഭൂമി കണ്ടുപിടിക്കുന്നതിന് ജില്ലാ ഭരണകൂടം മുൻകൈ എടുക്കേണ്ടതാണെന്ന് കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ സംസ്ഥാനതല സമിതി 29-01-2018-ൽ കൂടിയ നടപടി യോഗത്തിൽ തീരുമാനിച്ചിരുന്നു. വ്യവസായ പാർക്കിനായി കണ്ടെത്തിയ ഭൂമിയുടെ പകുതിയിലേറെയും കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ

നിയമം-2008-ന്റെ പരിധിയിപ്പെട്ടതായതിനാൽ പ്രസ്തുത ഭൂമിയിൽ വ്യവസായപാർക്ക് സ്ഥാപിക്കുന്നത് പ്രായോഗികമല്ല.

(ബി) പ്രസ്തുത ഭൂമിയിൽ തണ്ണീർത്തടമായി നിർണ്ണയിച്ചിട്ടുള്ള ഇടങ്ങളിൽ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട പദ്ധതികളും അവശേഷിക്കുന്ന 50 ഏക്കർ ഭൂമിയിൽ വ്യവസായാധിഷ്ഠിത പദ്ധതികളും ടൂറിസം പദ്ധതികളും ഉൾക്കൊള്ളുന്ന വിപുലമായ ഒരു പദ്ധതിക്ക് പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്താൻ കഴിയുമോ എന്നതിന്റെ സാധ്യത പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**സൂക്ഷ്മ -ചെറുകിട -ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി**

191 (638) <u>ശ്രീ. കെ. ജെ. മാക്സി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ -ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രാദേശികമായി താലൂക്കുതലത്തിൽ എക്സിബിഷനുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വാണിജ്യ പ്രചാരണത്തിനായി ജില്ലാ തലത്തിലും എം.എസ്.എം.ഇ. എക്സിബിഷനുകൾ നടത്തി വരുന്നുണ്ട്. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് അവയെ സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു. കേരള ബ്രാൻഡ് വികസിപ്പിക്കുക എന്നത് 2023-ലെ കേരള വ്യവസായ നയത്തിലെ ഏഴ് സുപ്രധാന നയസ്തംഭങ്ങളിൽ ഒന്നാണ്. 02-06-2023-ലെ സ.ഉ (എം.എസ്) നം.37/2023/വ്യവ നമ്പർ ഉത്തരവ് പ്രകാരം കേരള ബ്രാൻഡ് പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നേടുന്ന ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തര, അന്തർദേശീയ തലങ്ങളിൽ "മെയ്ഡ് ഇൻ കേരള" എന്ന തനതായ ബ്രാൻഡ് നാമത്തിൽ തങ്ങളുടെ ഉൽപ്പന്നങ്ങൾ

വിപണനം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കേരള ബ്രാൻഡിനായി തെരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ഗവൺമെന്റിന്റെ ഇ-മാർക്കറ്റുകളിൽ സൗജന്യ പ്രൊമോഷൻ ലഭിക്കും. ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാൻ തയ്യാറുള്ള നിർമ്മാതാക്കൾക്കുള്ള വിപണന അവസരങ്ങൾ കേരള ബ്രാൻഡിംഗ് ഗണ്യമായി മെച്ചപ്പെടുത്തും. സംസ്ഥാന ഫണ്ട് സ്കീമുകളിൽ മുൻഗണന, സംസ്ഥാനം പങ്കെടുക്കുന്ന അന്താരാഷ്ട്ര വ്യാപാര മേളകളിലെ പ്രദർശന സൗകര്യം, കേരളീയർ താമസിക്കുന്ന രാജ്യങ്ങളിലെ പ്രമോഷണൽ പിന്തുണ എന്നിവയും കേരള ബ്രാൻഡ് ഉൽപ്പന്നങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു.

കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്‌ഫോം വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ ഭൗമസൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും

അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിക്കും. കേന്ദ്ര സർക്കാരിന്റെ (Directorate General of supplies and Goods) ഇ-മാർക്കറ്റിംഗ് പോർട്ടലാണ് GeM. ഈ പോർട്ടൽ മുഖേന ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് ഏജൻസികൾക്കും പൊതുസംഭരണം നടത്താവുന്നതാണ്. എം.എസ്.എം.ഇ. സംരംഭങ്ങൾക്ക് GEM PORTAL രജിസ്ട്രേഷൻ നടത്തുന്നതുവഴി, ഉല്പന്നങ്ങൾ വിപണനം നടത്താൻ സാധിക്കും. GEM PORTAL-ൽ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനോപ്പം അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ബി ടു ബി

വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി ടു ബി മീറ്റ്) എന്നിവ ഇതിൽ ഉൾപ്പെടുന്നു.

(ബി) ദേശീയ-അന്തർദേശീയ തലങ്ങളിൽ നടക്കുന്ന വ്യാപാരമേളകളിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് പങ്കെടുക്കുവാനുള്ള അവസരം ഒരുക്കികൊടുക്കുന്നുണ്ടോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് ദേശീയ-അന്തർദേശീയ മേളകളിൽ പങ്കെടുക്കുന്നതിനായുള്ള സഹായം കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖാന്തരം നൽകി വരുന്നുണ്ട്. ഇതുകൂടാതെ അന്താരാഷ്ട്ര വ്യാപാര-പ്രദർശന മേളകളിൽ പങ്കെടുക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് അഡ്മിഷൻ/ രജിസ്ട്രേഷൻ ചാർജ്ജുകളുടെ 75% വരെയുള്ള (പരമാവധി 2 ലക്ഷം രൂപ) സഹായം എം.എസ്.എം.ഇ.-കളുടെ കയറ്റുമതി പ്രോത്സാഹന പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. 2023-ലെ വ്യവസായ നയത്തിന്റെ ഭാഗമായി തെരഞ്ഞെടുത്ത മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭകർക്ക് സ്റ്റാൾ വാടകയുടെ 100% റീ-ഇംപേഴ്സ് ചെയ്യുന്ന പദ്ധതി തയ്യാറായി വരുന്നു.

(സി) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉല്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി ഇ-പോർട്ടൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉത്പ്പന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതക്കായി ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ (www.keralaemarket.org/www.keralaemarket.org/www.keralaemarket kerala.gov.in) രൂപീകരിച്ചിട്ടുണ്ട്. ഈ വെബ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും.

### എം.എസ്.എം.ഇ. രജിസ്ട്രേഷൻ

192 (639) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പുളിക്കൽ പഞ്ചായത്തിൽ പതിനാലാം വാർഡിൽ കൊട്ടപ്പുറത്ത് സ്ഥിതി ചെയ്യുന്ന Amana Steel O Plast എന്ന കമ്പനിക്ക് എം.എസ്.എം.ഇ. രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചതെന്നും ഇതിനുവേണ്ടി സമർപ്പിച്ച അപേക്ഷയുടെയും അനുമതി നൽകിയതിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിലെ പുളിക്കൽ പഞ്ചായത്തിൽ പതിനാലാം വാർഡിൽ കൊട്ടപ്പുറത്ത് സ്ഥിതി ചെയ്യുന്ന Amana Steel O Plast എന്ന കമ്പനിക്ക് എം.എസ്.എം.ഇ. രജിസ്ട്രേഷൻ (ഉദ്യം രജിസ്ട്രേഷൻ) ലഭിച്ചിട്ടുണ്ട്. 17-07-2023-നാണ് ലഭിച്ചത്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അനുബന്ധം-1 ആയി ചേർക്കുന്നു.+

കൂടാതെ KSWIFT വഴി ഈ സ്ഥാപനത്തിന് പ്രവർത്തിക്കുന്നതിനുവേണ്ടി അക്നോളജ്മെന്റ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. 11-01-2021-ന് KSWIFT പോർട്ടൽ വഴി സമർപ്പിച്ച

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷയുടേയും കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റേയും പകർപ്പുകൾ അനുബന്ധം 2, 3 ആയി ചേർക്കുന്നു.+

(ബി) ഈ കമ്പനിമൂലം വായു ശബ്ദ മലിനീകരണം ഉണ്ടാകുന്നുവെന്ന് കാണിച്ച് പരിസരവാസികളും ഗ്രാമ പഞ്ചായത്തും നൽകിയ പരാതികളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രസ്തുത വിഷയവുമായി ലഭിച്ച പരാതികൾ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡിൽ ചർച്ച ചെയ്യുകയും മലിനീകരണ നിയന്ത്രണ ബോർഡിനോട് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച റിപ്പോർട്ട് പ്രകാരം യൂണിറ്റ്, ബോർഡിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്നു എന്നതിനാൽ മേൽ പരാതികളിൽ യൂണിറ്റിനെതിരെ നടപടി ആവശ്യമില്ലായെന്ന് ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് തീരുമാനിക്കുകയും ചെയ്തു.

ശ്രീ. റസാഖ് പയ്യമ്പറോട്ട് ആത്മഹത്യ ചെയ്ത സാഹചര്യമുണ്ടായതിനാലും യൂണിറ്റ് അടച്ച് പൂട്ടണമെന്ന് പുളിക്കൽ ഗ്രാമ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഞ്ചായത്ത് ഭരണ സമിതി തീരുമാനിക്കുകയും തീരുമാനം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട സാഹചര്യത്തിലും 08-06-2023 -ന് ചേർന്ന ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ്, യൂണിറ്റിൽനിന്നും മലിനീകരണം ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി എൺവയോൻമെന്റൽ എഞ്ചിനീയർ, മലിനീകരണ നിയന്ത്രണ ബോർഡ്; മലപ്പുറം, ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, KSSIA പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിച്ചു. ടി സമിതി, യൂണിറ്റിൽ പരിശോധന നടത്തി, യൂണിറ്റ് മാനദണ്ഡങ്ങൾ എല്ലാം പാലിക്കുന്നുണ്ടെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾക്കും ഇത് സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ നിലവിലുള്ള WP(C) No.19409/2023, WP(C)No.24118/2023 എന്നീ കേസുകളുടെ വിധികൾക്കും വിധേയമായി തുടർന്ന് പ്രവർത്തിക്കാൻ 26/07/2023-ന് ചേർന്ന ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് യോഗം സ്ഥാപനത്തിന് അനുമതി നൽകി.

(സി) പരാതികൾ പരിഹരിക്കാത്തതിൽ പ്രതിഷേധിച്ച് ഇക്കാര്യം എഴുതിവെച്ച് പുളിക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സാംസ്കാരിക പ്രവർത്തകൻ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

പത്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്ത വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് ആരംഭിച്ച അന്വേഷണം പുരോഗമിക്കുന്നു.

(ഡി) സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിൽനിന്നും ഈ സ്ഥാപനത്തിന് പ്രവർത്തിക്കുന്നതിനുവേണ്ടി acknowledgement certificate ലഭിച്ചതുകൊണ്ട് ഈ സ്ഥാപനത്തിന്റെ പേരിൽ നടപടി സ്വീകരിക്കരുതെന്ന് കാണിച്ച് ഗ്രാമപഞ്ചായത്തിന് ജില്ലാ വ്യവസായ കേന്ദ്രത്തിൽനിന്നും അറിയിപ്പ് നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിൽനിന്നും ഈ സ്ഥാപനത്തിന് പ്രവർത്തിക്കുന്നതിനുവേണ്ടി അക്നോളജ്മെന്റ് സർട്ടിഫിക്കറ്റ് ലഭിച്ചതുകൊണ്ട് ഈ സ്ഥാപനത്തിന്റെ പേരിൽ നടപടി സ്വീകരിക്കരുതെന്ന്

കാണിച്ച് ഗ്രാമപഞ്ചായത്തിന് ജില്ലാ വ്യവസായ കേന്ദ്രത്തിൽനിന്നും അറിയിപ്പ് നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത കമ്പനിക്ക് എന്ത് വ്യവസായത്തിനുള്ള അനുമതിയാണ് നൽകിയതെന്ന് വ്യക്തമാക്കുമോ?

പ്ലാസ്റ്റിക് ബോട്ടിൽ റീസൈക്ലിംഗ് (പെറ്റ് ബോട്ടിൽ ബെയിൽ) ചെയ്യുന്നതിനാണ് സ്ഥാപനത്തിന് അക്നോളജ്മെന്റ് സർട്ടിഫിക്കറ്റ് നൽകിയത്.

(എഫ്) ആനന്ദ് എന്ന വ്യക്തി നടത്തിയിരുന്ന വ്യവസായ സ്ഥാപനം ഗ്രാമ പഞ്ചായത്തടക്കം വിവിധ വകുപ്പുകളിൽനിന്നും നടപടികൾക്ക് വിധേയമായപ്പോൾ അതിൽനിന്നും ഒഴിവാകാൻവേണ്ടി പേര് മാറ്റി എം.എസ്.എം.ഇ. രജിസ്ട്രേഷൻ നേടുകയായിരുന്നു എന്ന ആരോപണം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. ആനന്ദ് എന്ന വ്യക്തി നടത്തിയിരുന്ന ഗ്രീൻ എർത്ത് റീ സൈക്ലേഴ്സ് എന്ന വ്യവസായ സ്ഥാപനം അടച്ചുപൂട്ടി പോയതിനുശേഷം ശ്രീ. ആരിഫ് എന്നയാൾ മെ. അമാൻ സ്റ്റീൽ ഒ പ്ലാസ്റ്റ് എന്ന പേരിൽ

11/01/2021-ന് Kerala MSME Facilitation Act 2019 പ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രം എടുത്ത് ആരംഭിച്ചിട്ടുള്ളതാണ് നിലവിലുള്ള സ്ഥാപനം.

(ജി) എം.എസ്.എം.ഇ. രജിസ്ട്രേഷന് അനുമതി തേടുമ്പോൾ പ്രസ്തുത സ്ഥാപനം സന്ദർശിച്ച് നിലവിലെ അവസ്ഥ പരിശോധിക്കേണ്ടതുണ്ടോയെന്നും എങ്കിൽ ഈ സ്ഥാപനത്തിന്റെ കാര്യത്തിൽ അത് ഉണ്ടായിട്ടുണ്ടോയെന്നും ഈ സ്ഥാപനത്തിന് എം.എസ്.എം.ഇ. രജിസ്ട്രേഷൻ ലഭിച്ച നടപടികൾ പരിശോധനയ്ക്ക് വിധേയമാക്കുമോയെന്നും വ്യക്തമാക്കുമോ?

ഉദ്യം രജിസ്ട്രേഷൻ സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യം പോർട്ടലിൽ ഓൺലൈൻ വഴി ലഭ്യമാകുന്നതാണ്. ആയതിന് മുൻകൂർ പരിശോധനയുടെ ആവശ്യമില്ല.

Kerala MSME Facilitation Act 2019 പ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രം, സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ KSWIFT പോർട്ടൽ വഴി ലഭ്യമാകുന്നതാണ്. ആയതിന് മുൻകൂർ പരിശോധന ആവശ്യമില്ല. എന്നാൽ

പരാതിയുടെ അടിസ്ഥാനത്തിൽ വകുപ്പ്/ബോർഡ് യൂണിറ്റിൽ പരിശോധന നടത്തിയിട്ടുണ്ട്.

**പരമ്പരാഗത വ്യവസായമേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി**

193 (640) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ക്രിയാത്മക നടപടികൾ സ്വീകരിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങൾ പ്രതിസന്ധിയിലായതിനാൽ ഈ മേഖലയിലെ തൊഴിലാളികളും കുടുംബങ്ങളും ദുരിതം അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**(എ & ബി)** ഇല്ല. പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ ക്രിയാത്മക നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച നേരിടുന്നതിന് ഏതൊക്കെ പദ്ധതികൾ നടപ്പാക്കുകയുണ്ടായെന്നും അത് എത്രമാത്രം ഫലപ്രദമായിരുന്നുവെന്നും വിശദമാക്കാമോ?

(ഡി) പരമ്പരാഗത വ്യവസായമേഖലയിൽ പരിഗണനയിലുള്ള പുതിയ പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**(സി & ഡി)** സംസ്ഥാനത്തെ കശുവണ്ടി വ്യവസായമേഖല നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി മാനേജ്മെന്റ്- അക്കാദമിക രംഗത്തെ വിദഗ്ദ്ധർ ഉൾപ്പെടുന്ന അഞ്ചംഗ സമിതി 13-10-2022-ലെ സ.ഉ (സാധാ) No.1111/2022/ID പ്രകാരം സർക്കാർ രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി, കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി ഡിസൈൻ കോൺക്ലേവ് എന്ന പേരിൽ 2024 ജനുവരിയിൽ എറണാകുളത്ത് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മേഖലയുടെ

പുനരുജ്ജീവനത്തിനായി 2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ച 30.00 കോടി രൂപയുടെ പദ്ധതി നിർവഹണത്തിന് അനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു.

കശുവണ്ടി തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങളും വേതനവും ഉറപ്പാക്കുകയും നിലവിലുള്ള സാമൂഹിക സുരക്ഷാക്ഷേമ പരിപാടികൾ സംരക്ഷിക്കുകയും ആരോഗ്യകരവും സ്ത്രീ സൗഹൃദവുമായ തൊഴിൽ അന്തരീക്ഷം ഉറപ്പാക്കുകയും ചെയ്യുന്നതിനുമായി സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന സ്വകാര്യ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്കുവേണ്ടി ചുവടെ ചേർക്കുന്ന പദ്ധതികൾക്കാണ് അനുമതി ലഭിച്ചിരുന്നത്.

**1.Continued Operation Linked Stimulus Programme- 20 കോടി രൂപ**

നിലവിൽ പ്രവർത്തിക്കുന്ന പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് അവയുടെ സുസ്ഥിരമായ പ്രവർത്തനത്തിനും മികച്ച ഉൽപ്പാദനക്ഷമതയ്ക്കും പ്രോത്സാഹനത്തിനും തൊഴിൽ പുനഃസ്ഥാപിക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

കശുവണ്ടി മേഖലയിലെ യോഗ്യരായ സംരംഭകർക്ക്/ പ്രോസസ്സർമാർക്ക് മൊത്തം തൊഴിലാളികളുടെ എണ്ണം, തൊഴിൽ ദിനങ്ങളുടെ എണ്ണം, EPF/ESI വിഹിതം എന്നിവയെ അടിസ്ഥാനമാക്കി ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 20 കോടി ഈ ഇനത്തിൽ അനുവദിക്കണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

**2. Women Friendly Physical Infra Creation/Upgradation – 5 കോടി രൂപ**

ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കൂടുതൽ യുവജനങ്ങളെ ഈ വ്യവസായത്തിലേയ്ക്ക് ആകർഷിക്കാനും കഴിയുന്ന തരത്തിൽ സ്ത്രീ-സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ വിഭാവനം ചെയ്യുന്നു. പ്രോസസ്സിംഗ് യൂണിറ്റുകളിൽ ഭൗതിക അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും 50% വരെ മൂലധന ഗ്രാന്റുകൾ നൽകാൻ പദ്ധതി ഉദ്ദേശിക്കുന്നു. ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 5 കോടി രൂപ ഈ ഇനത്തിൽ ആനുകൂല്യം നൽകണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

**3. Modernization/Upgradation of Shelling Units– 5 കോടി രൂപ**

പ്രോസസ്സിംഗ് യൂണിറ്റുകളിലെ ഷെല്ലിംഗ് വിഭാഗത്തിന്റെ നവീകരണത്തിനായാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി ഉപകരണങ്ങൾ, പ്ലാന്റ് & മെഷിനറി എന്നിവയ്ക്കാവശ്യമായ മൊത്തം മൂലധനച്ചെലവിന്റെ 50% വരെ ക്യാപിറ്റൽ ഗ്രാന്റായി അനുവദിക്കുന്നു. ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 5 കോടി രൂപ ഈ ഇനത്തിൽ ആനുകൂല്യം നൽകണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

സ്വകാര്യ കശുവണ്ടി വ്യവസായമേഖലയിൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ'(OTS) പദ്ധതിയുടെ വ്യാപ്തി ഉയർത്തിയും വ്യവസ്ഥകൾ പുതുക്കിയും താഴെപ്പറയുന്ന പ്രകാരം ഉത്തരവായിട്ടുണ്ട്.

1) സർക്കാർ പ്രഖ്യാപിച്ച 'ഒറ്റത്തവണ തീർപ്പാക്കൽ'പദ്ധതിയുടെ പരിധിയിൽ 31-03-2021 വരെ നിഷ്ക്രിയ ആസ്തി (NPA) ആയ കശുവണ്ടി വ്യവസായികളുടെ ലോൺ അക്കൗണ്ടുകൾ കൂടി ഉൾപ്പെടുന്നതാണ്.

2)'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി വ്യവസായികൾ ബന്ധപ്പെട്ട ബാങ്കുകൾക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 31-12-2023 ആയിരിക്കുന്നതാണ്.

3) 10 കോടി രൂപയ്ക്ക് മുകളിൽ മൂലധനമുള്ള നിഷ്ക്രിയ ലോണും 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ പരിധിയിലുൾപ്പെടുത്തി, പ്രിൻസിപ്പൽ തുകയുടെ 60% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്.

4) ' ഒറ്റത്തവണ തീർപ്പാക്കൽ ' പദ്ധതി സംബന്ധിച്ച് വ്യവസായികളും ബാങ്കുകളും തമ്മിൽ നിലനിൽക്കുന്ന പ്രശ്നങ്ങളും തർക്കങ്ങളും പരിഹരിക്കുന്നതിനുള്ള നോഡൽ ഓഫീസർ ആയി കേരള കാഷ്യൂ ബോർഡ്, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പ്രവർത്തിക്കുന്നതാണ്.

5) ' ഒറ്റത്തവണ തീർപ്പാക്കൽ ' പദ്ധതിയുടെ കീഴിൽ ലഭിക്കുന്ന അപേക്ഷകളുടെ വേഗത്തിലും സുഗമമായ നടത്തിപ്പിനുമായി ഒരു സീനിയർ ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി എല്ലാ ബാങ്കുകളും നിയമിക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ "ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം (പുതിയത്)" പദ്ധതിക്കായി "മൂലധന ഗ്രാന്റ് നവീകരണത്തിനും വർക്കിംഗ് ക്യാപിറ്റലിനും വേണ്ടിയുള്ള വായ്പകൾക്കുള്ള പലിശയിളവ് നൽകുന്നതിനുള്ള പദ്ധതി" പ്രഖ്യാപിച്ചതിലൂടെ ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനും നഷ്ടപ്പെട്ട വരുമാന മാർഗ്ഗം തിരിച്ച് കൊണ്ടുവരുന്നതിനും സഹായകരമായിട്ടുണ്ട്.

2020 മാർച്ചിൽ പ്രവർത്തിച്ചിരുന്നതും ഇപ്പോൾ നിലവിലുള്ളതുമായ ചെറുകിട ഇടത്തരം കശുവണ്ടി യൂണിറ്റുകൾക്ക് ഷെല്ലിംഗ്/പീലിംഗ് മേഖലയിൽ ആധുനികവത്ക്കരണം നടത്തുന്ന തുകയുടെ 40% തുക ജനറൽ വിഭാഗത്തിനും 10% അധിക തുക പട്ടികജാതി പട്ടികവർഗ്ഗ/ യുവതീയുവാക്കൾ (18 മുതൽ 45 വരെ പ്രായമുള്ളവർ), ഭിന്നശേഷിക്കാർ എന്നീ പ്രത്യേക വിഭാഗങ്ങൾക്കും പരമാവധി 40 ലക്ഷം രൂപ വരെ നൽകുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷം കശുവണ്ടി ഫാക്ടറി യൂണിറ്റുകൾ പ്രവർത്തന മൂലധനത്തിന്മേൽ ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള വായ്പയിന്മേൽ ഒടുക്കേണ്ട

പലിശയുടെ 50% തുക (പരമാവധി 10 ലക്ഷം രൂപ വരെ) പലിശയിളവ് നൽകുന്നതിനുമായി 700 ലക്ഷംരൂപ റിലീസ് ചെയ്യുന്നതിനുള്ള നടപടിയും ഈ പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചുവരുന്നു. ഇതിനകം 2.20 കോടി രൂപ വിവിധ ജില്ലകൾക്കായി ഈ പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

**IV. കരകൗശല തൊഴിലാളികൾക്ക് സഹായം (ആശ)**

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും പദ്ധതി ലക്ഷ്യമിടുന്നു. ഉദ്യം രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കരകൗശല യൂണിറ്റുകൾക്ക് പരമാവധി 2 ലക്ഷം രൂപ സ്ഥിരാസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ 40% ശതമാനം പൊതുവിഭാഗങ്ങൾക്കും പരമാവധി 3 ലക്ഷം രൂപ സ്ഥിരാസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ 50% ശതമാനം സ്ത്രീകൾ/പട്ടിക

ജാതി/പട്ടിക വർഗ്ഗക്കാർ/യുവതി-യുവാക്കൾ എന്നീ പ്രത്യേക വിഭാഗങ്ങളിൽപ്പെട്ടവർക്കും സബ്സിഡി നൽകുന്ന പദ്ധതിയാണിത്. 2023-24 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കയർ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും പദ്ധതിയിലുൾപ്പെടുത്തി സംഘങ്ങൾക്ക് പ്രവർത്തനമൂലധനവും മാനേജീരിയൽ സബ്സിഡിയും നൽകി വരുന്നു. ഇതിനായി നടപ്പ് സാമ്പത്തിക വർഷം 8.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം പരമ്പരാഗത കയർ തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കുന്നു.

അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും യന്ത്രവത്ക്കരണവും നടപ്പാക്കി വരുന്നു. പരമ്പരാഗത കയറുല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനായി തൊഴിലാളികൾക്കാവശ്യമായ പരിശീലന പദ്ധതി നടപ്പിലാക്കി വരുന്നു. വിപണന രംഗത്ത് ആധുനിക സാങ്കേതിക വിദ്യകൾ

പ്രയോജനപ്പെടുത്തുന്നതിലേയ്ക്കായി കയർ ഫെഡും കയർ കോർപ്പറേഷനും നടപടി സ്വീകരിച്ചിട്ടുണ്ട്.

പരമ്പരാഗത കയർ തൊഴിലാളികളുടെ നൈപുണ്യ വികസനവും അതുവഴി കയറുല്പന്നങ്ങളുടെ വൈവിധ്യവത്ക്കരണവും ലക്ഷ്യമിട്ടുകൊണ്ട് പരമ്പരാഗത കയർ തൊഴിലാളികൾക്ക് 3 മാസം ദൈർഘ്യമുള്ള പരിശീലന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ 100 പേർക്ക് സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകുന്നതിന് കയർ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി, ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ, അംശദാന സമ്പാദ്യ പദ്ധതി, കൈത്തറി നെയ്ത്തുകാർക്കുള്ള ഇൻഷ്വറൻസ് പദ്ധതി വിപണന - കയറ്റുമതി പ്രോത്സാഹനം, യാൺ സബ്സിഡി, കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും, സ്വയം തൊഴിൽ സൃഷ്ടിക്കൽ, യുവ വീവ് പദ്ധതി, നെയ്ത്തുകാർക്കും അനുബന്ധ

തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി തുടങ്ങിയ പദ്ധതികളൊക്കെ കൈത്തറി മേഖലയുടെ തകർച്ച നേരിടുന്നതിന് തയ്യാറാക്കിയിട്ടുള്ള പദ്ധതികളാണ്.

ജോലിയുടെ ശാസ്ത്രീയമായ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് ആനുകൂല്യം നൽകി 'പ്രൊഡക്ഷൻ ഇൻസെന്റീവ്' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2022-2023 സാമ്പത്തികവർഷം 400 ലക്ഷം രൂപ ഈ പദ്ധതിക്കായി അനുവദിക്കുകയുണ്ടായി. ഹാൻവീവ് ഉൾപ്പെടെ വിവിധ ജില്ലകളിലായി മൂവായിരത്തിലധികം ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം (2023-2024) ഈ പദ്ധതിക്കായി 450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൈത്തറി വ്യവസായ മേഖലയിലെ തൊഴിൽരഹിതരായ യുവതീ-യുവാക്കളെ ആകർഷിക്കുന്നതിനായി യുവവീവ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 18-നും 40-നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ

ഗുണഭോക്താക്കൾ. സംസ്ഥാനത്തൊട്ടാകെ 20 പേർ അടങ്ങുന്ന 25 ബാച്ചുകളിലൂടെ 500 പേർക്ക് ടി പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച നേരിടുന്നതിന് പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്ക് എക്സിബിഷൻ ഗ്രാന്റ്, എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവ് എന്നിവ നൽകി വരുന്നു. ഓണം, വിഷു ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ കൈത്തറി പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നു. കൂടാതെ കൈത്തറി സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിച്ച് വില്പന നടത്തുന്ന കൈത്തറി ഉല്പന്നങ്ങൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള കാലയളവിൽ 20% റിബേറ്റ് നൽകിവരുന്നു. പരമ്പരാഗത നെയ്ത്ത് തൊഴിലാളികളുടെ കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി നൂതനവും ആകർഷണീയവും മൂല്യവർദ്ധിതവുമായ കൈത്തറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന മികച്ച നെയ്ത്ത് തൊഴിലാളികൾക്കും സംഘങ്ങൾക്കും അവാർഡ് നൽകി വരുന്നു. നൂറോളം സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ട്. കൈത്തറി

മേഖലയിലെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികളാണ്. കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് 20-07-2022 ലെ സ.ഉ (സാധാ)നം.730/2022/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 5 അംഗ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ജില്ലകളിലെ കൈത്തറി മേഖലയുമായി ബന്ധപ്പെട്ടവരുമായി വിദഗ്ധ സമിതി അംഗങ്ങൾ കൂടിക്കാഴ്ച നടത്തിവരുന്നു. ടി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ പദ്ധതികൾ സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്.

പരമ്പരാഗത വ്യവസായ മേഖലയിൽ കൈത്തറി വസ്ത്ര ഡയറക്ടറേറ്റിന്റെ പരിഗണനയിലുള്ള പുതിയ പദ്ധതികളെ സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ചേന്ദമംഗലം കൈത്തറി ഗ്രാമം/സമഗ്ര കൈത്തറി ഗ്രാമം**

കൈത്തറി നെയ്ത്തുകാർ കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശത്തെ കൈത്തറി വ്യവസായത്തിന്റെ പരിണാമം, നെയ്ത്തുകാരുടെ കലാവൈഭവ സമ്പത്ത്, മുഴുവൻ നെയ്ത്ത് പ്രക്രിയ എന്നിവ പ്രദർശിപ്പിക്കുകയാണ് ഈ പദ്ധതികൊണ്ട്

ഉദ്ദേശിക്കുന്നത്. ഡൈയിംഗ്, പൊതു സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു പൊതുസൗകര്യ കേന്ദ്രം എറണാകുളം ജില്ലയിലെ ചേന്ദമംഗലത്തുള്ള കൈത്തറി ഗ്രാമത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരിക്കുന്നു. 2023-2024 വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**നാട്ടുകാണി ടെക്സ്റ്റൈൽ പ്രോസസ്സിംഗ് സെന്റർ**

കേരളത്തിൽ നിർമ്മിക്കുന്ന വസ്ത്രങ്ങളുടെ ചായം മുക്കലും ഡിജിറ്റൽ പ്രിന്റിംഗും സംസ്ഥാനത്തിന് പുറത്താണ് ചെയ്തുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിനകത്ത് ഒരു ചായം മുക്കൽ/പ്രിന്റിംഗ് സംവിധാനമുണ്ടായാൽ ഈ ആവശ്യങ്ങൾ ഇവിടെത്തന്നെ നിറവേറ്റാൻ സാധിക്കും. അതിനാൽ കണ്ണൂർ ജില്ലയിലെ നാട്ടുകാണിയിൽ ഒരു പരിസ്ഥിതി സൗഹൃദ ഡൈയിംഗ് ആന്റ് പ്രിൻറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. മൂലധന നിക്ഷേപപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി 2023-2024 ബഡ്ജറ്റിൽ 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ബ്രാൻഡിംഗ്**

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട മൂല്യവർദ്ധിത കൈത്തറി ഉൽപ്പന്നങ്ങളെ ദേശീയ അന്തർദേശീയ തലത്തിൽ ബ്രാൻഡ് ചെയ്യുക, കൂടുതൽ മെച്ചപ്പെട്ട വിപണി കണ്ടെത്തുക, നൂതന ഡിസൈൻ ആശയങ്ങൾ കൈത്തറിയിൽ കൊണ്ടുവരിക, അങ്ങനെ കേരള കൈത്തറിമേഖലയെ മൊത്തത്തിൽ പുനരുജ്ജീവിപ്പിക്കുക എന്നൊരു വലിയ ലക്ഷ്യം സാധൂകരിക്കുക എന്നതാണ് ഇതിന്റെ പരമമായ ഉദ്ദേശ്യലക്ഷ്യം. ബ്രാൻഡിംഗുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി വരുന്നു.

**ഡിസൈൻ കോൺക്ലേവ്**

കൈത്തറി, കയർ, കരകൗശലം, ഖാദി, ബാംബൂ മിഷൻ എന്നീ മേഖലകളെ ഉൾപ്പെടുത്തി ഡിസൈൻ ഫെസ്റ്റ് സംഘടിപ്പിക്കുന്നു. ഇതിലൂടെ കൈത്തറി മേഖലയിലെ പരമ്പരാഗതമായ കൈത്തറി തുണികളെ പുതുതലമുറയുടെ വസ്ത്രങ്ങളാക്കി മാറ്റുന്നതിന് ലോകോത്തര നിലവാരമുള്ള ഡിസൈനർമാരുടെ സേവനം ലഭ്യമാക്കി പുതിയതരം ഉൽപ്പന്നങ്ങൾ നിർമ്മിച്ച്

ലോകോത്തരവിപണിയിൽ ഇടം കണ്ടെത്തി കൈത്തറിമേഖലയിൽ വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിന് സാധിക്കും.

**കോർപ്പസ് യാൺ/ റിവോൾവിംഗ് ഫണ്ട്**

കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന്റെ Raw material Supply Scheme (RMSS) 7/2/2020 DCH/Scheme Guidelines പ്രകാരം ഡിപ്പോ ഓപ്പറേറ്റിംഗ് ചാർജ്ജ് 15,000/-രൂപയായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ യാൺ ബാങ്കുകൾക്ക് ദൈനംദിന ചെലവുകൾ നേരിടുന്നതിന് പ്രയാസം നേരിടുകയും ആയത് പരിഹരിക്കുന്നതിലേയ്ക്കായി ഓഫ് സീസണിൽ ഉൾപ്പെടെ നൂൽ സംഭരിക്കുന്നതിന് ഒറ്റതവണ ധനസഹായമായ (റിവോൾവിംഗ് ഫണ്ട്) 1,75,00,000/- രൂപ അനുവദിക്കുന്നതിലേയ്ക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഖാദിമേഖലയിൽ അധ്വാനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ ഉൽപ്പാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ കേന്ദ്ര ഖാദികമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക്ഷെഡ് പദ്ധതി, പദ്ധതി വിഹിതം ലഭ്യമാക്കി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും പഴയവയ്ക്ക് പകരം പുതിയ

സാമഗ്രികൾ വാങ്ങുന്നതിനും ചർക്കകളിൽ നവീകരണവും നടത്തി വരുന്നതിലൂടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനായി ഖാദിബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഗ്രാമവ്യവസായ ഉല്പാദനകേന്ദ്രങ്ങളിലെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന പദ്ധതി വിഹിതമായി ലഭിച്ചിട്ടുള്ള ഫണ്ടുകൾ വിനിയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. എറണാകുളം കിഴക്കമ്പലത്ത് ഡിറ്റർജന്റ് നിർമ്മാണ യൂണിറ്റ് ആരംഭിച്ചു. ടി സ്ഥാപനത്തിൽ 18 പേർ ജോലി ചെയ്തു വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 5 ലക്ഷം രൂപ വകയിരുത്തി തൃശ്ശൂർ ജില്ലയിലെ ഒളരിക്കരയിൽ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് ആരംഭിച്ചു. 2022-23 ലെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി കിഴക്കമ്പലത്തെ സ്റ്റാർച്ച് യൂണിറ്റ് ആരംഭിക്കുന്നതിനായി 15 ലക്ഷം രൂപ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. 2022-23 വർഷത്തെ പദ്ധതിയിൽ 10 ലക്ഷം രൂപ വകയിരുത്തി എറണാകുളം കുന്നുകരയിൽ റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ് ആരംഭിച്ചു. തേനീച്ച കർഷകരെ

സംഘടിപ്പിച്ച് തേനീച്ച കൃഷിയിൽ ആവശ്യമായ പരിശീലനം നൽകി. ആധുനിക രീതിയിലുള്ള മെഷിനറികൾ സ്ഥാപിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഗ്രാമ വ്യവസായ യൂണിറ്റുകളുടെ നവീകരണത്തിനായി 2023-24-ലെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി തിരുവനന്തപുരം അമ്പലത്തിൻകാല ഓയിൽ യൂണിറ്റ് സ്ഥാപിക്കുന്നതിന് 16 ലക്ഷം രൂപയും ബാലുശ്ശേരി ഓയിൽ യൂണിറ്റ് നവീകരിക്കുന്നതിന് 5.30 ലക്ഷം രൂപയും വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ ഒളരിക്കര പേപ്പർ ക്യാരി ബാഗ് നിർമ്മാണ യൂണിറ്റിന്റെ നവീകരണത്തിനായി 8 ലക്ഷം രൂപയും, കണ്ണൂർ പാപ്പിനിശ്ശേരി പേപ്പർ ക്യാരി ബാഗ് നിർമ്മാണ യൂണിറ്റിന്റെ നവീകരണത്തിനായി 14 ലക്ഷം രൂപയും വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പത്തനംതിട്ട സോപ്പ് നിർമ്മാണ യൂണിറ്റിന്റെ നവീകരണത്തിനായി 6 ലക്ഷം രൂപയും

കോട്ടയം ആർ.എം.ജി യൂണിറ്റിന്റെ നവീകരണത്തിനായി 70,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. പാപ്പനംകോട് തേൻ സംസ്കരണ യൂണിറ്റിൽ തേൻ സംസ്കരണ മെഷിനറീസ് വാങ്ങുന്നതിന് 23.2 ലക്ഷം രൂപയും തേനീച്ച കർഷകർക്ക് പരിശീലനം നൽകുന്നതിനായി 16.8 ലക്ഷം രൂപയും വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

ഖാദി മേഖലയിൽ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഉല്പന്നങ്ങളുടെ കമ്പോളം വിലയിരുത്തി ഉല്പാദന വർദ്ധനവിനും വൈവിധ്യവൽക്കരണത്തിനും നടപടി സ്വീകരിക്കുന്നുണ്ട്.

ഖാദി മേഖലയുടെ സമഗ്ര വികസനത്തിനുതകുന്ന ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഐ.ഐ.ടി., ചെന്നൈയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചർക്കകളുടെ നവീകരണത്തിന് KSCMMC, ആലപ്പുഴയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തൊഴിലുപകരണങ്ങളുടെ നവീകരണവും യന്ത്രവത്കരണവും സൗരോർജ്ജ ഉപയോഗവും സംബന്ധിച്ച വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബോർഡുതല കമ്മിറ്റിയെ

ചുമതലപ്പെടുത്തുകയും ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

കേരളത്തിലെ പരമ്പരാഗത ഗ്രാമ വ്യവസായ മേഖലകളിലൊന്നായ മുള മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടേയും സംരംഭകരുടേയും ജീവിതനിലവാരം ഉയർത്തി അവരെ പുരോഗമനപാതയിലേയ്ക്ക് നയിക്കുന്നതിനും വേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ വ്യവസായ വകുപ്പിന് കീഴിൽ രൂപീകരിച്ച് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ (കെബിപ്പ്) പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിലൊന്നായ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടെയും സംരംഭകരുടെയും വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ മുഖേന നൈപുണ്യ വികസന പരിശീലനം, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലനം, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക മികവ് വർദ്ധിപ്പിക്കുക, സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിക്കുവാൻ പ്രാപ്തരാക്കുക, പുതുമയാർന്ന

ഉൽപ്പന്നങ്ങളുടെ രൂപീകരണം, വിപണന മേളകൾ സംഘടിപ്പിക്കുക, ദേശീയ അന്തർ ദേശീയ മേളകളിൽ കരകൗശല വിദഗ്ധരെ പങ്കെടുപ്പിക്കുക, മുള കൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

മുള മേഖലയിലെ വിപണന വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തുന്ന പ്രവർത്തനങ്ങളിലൊന്നാണ് വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റ്. 2004-ൽ ആണ് ആദ്യമായി കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചത്. എല്ലാ വർഷവും ഡിസംബർ മാസത്തിൽ കൊച്ചിയിൽ 'ബാംബൂ ഫെസ്റ്റ്" സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ വിവിധ ജില്ലകളിൽ മുള കരകൗശലക്കാർ, സംരംഭകർ എൻ.ജി.ഒ/സൊസൈറ്റി/ഗ്രൂപ്പുകൾ കൂടാതെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കരകൗശല തൊഴിലാളികൾ/ ഗ്രൂപ്പുകൾ/ എൻ.ജി.ഒ./ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവർ തുടർച്ചയായി കേരള ബാംബൂ ഫെസ്റ്റിൽ പങ്കെടുക്കുന്നതിലൂടെ ആർജ്ജിക്കുന്ന വാണിജ്യപരമായ നേട്ടം കാരണം ഇവരുടെ പങ്കാളിത്തം ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മുന്നൂറോളം പേർ ഈ മേളയിൽ പങ്കെടുക്കാറുണ്ട്. പുതിയ സാങ്കേതിക

വിദ്യയും ഓൺലൈൻ അവസരങ്ങളും പരമാവധി ഉപയോഗപ്പെടുത്തി ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചുവരികയാണ്. മുള അനുബന്ധമേഖലയിൽനിന്നുള്ള വിവിധങ്ങളായ കരകൗശല വസ്തുക്കൾ, ആഭരണങ്ങൾ, അലങ്കാര വസ്തുക്കൾ, ഫർണിച്ചറുകൾ, ഭവന നിർമ്മാണത്തിനുവേണ്ടി ഉപയോഗിക്കാവുന്ന ഉൽപ്പന്നങ്ങൾ, മുള ഉൽപ്പന്ന നിർമ്മാണ രീതികൾ, അതിനനുയോജ്യമായ ഉപകരണങ്ങൾ തുടങ്ങി മുള മേഖലയിലെ മുഴുവൻ ഉൽപ്പന്നങ്ങളും അവയുടെ സാധ്യതകളും ഈ മേളയിൽ അവതരിപ്പിക്കപ്പെടുന്നു. ഇരുപതാമത് ബാംബൂ ഫെസ്റ്റ് 2023 ഡിസംബർ 3 മുതൽ 10 വരെ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലകളിലൊന്നായ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ദ്ധർ/ സംരംഭകർ/ എൻ.ജി.ഒ/എസ്.എച്ച്.ജി എന്നിവരുടെ ഉല്പന്നത്തിന്റെ വിപണനം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലും സംഘടിപ്പിക്കുന്ന വിവിധ ദേശീയ അന്തർദേശീയ വിപണന മേളകൾ, ബിസിനസ്സ് മീറ്റുകൾ എന്നിവയിൽ പ്രതിനിധികളെ കേരള സംസ്ഥാന

ബാംബൂ മിഷൻ പങ്കെടുപ്പിക്കുന്നു. കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനും, നിലനിൽപ്പിനും വേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ കരകൗശലമേഖലയെ ശക്തിപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, ഈ മേഖലയിലുള്ള വിദഗ്ധരുമായി സമ്പർക്കം പുലർത്തുക, കരകൗശലക്കാർക്ക് ഉപഭോക്താക്കളുമായി നേരിട്ട് ഇടപഴകാനുള്ള അവസരമൊരുക്കികൊടുക്കുക, കേരളത്തിലെ പരമ്പരാഗതമായ കരകൗശല/ കൈത്തറി ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുക, വിദേശികൾക്കും സ്വദേശികൾക്കും പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങൾ കേരളത്തിന്റെ തനിമയോടെ പ്രദർശിപ്പിക്കാനുള്ള ഒരു വേദി ഒരുക്കുക, സന്ദർശകർക്കും ഉപഭോക്താക്കൾക്കും സ്ഥാപനങ്ങൾക്കും കേരളത്തിലെ കരകൗശലക്കാരുടെ സാങ്കേതിക മികവും കഴിവും പ്രദർശിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് ഈ മേള സംഘടിപ്പിക്കുന്നത്.

പരമ്പരാഗത വ്യവസായമേഖലയിലെ സംരംഭകർ ഉൾപ്പെടെയുള്ള വ്യവസായികൾക്ക് തങ്ങളുടെ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിൽപ്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അത്തരം ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനുമായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന നിലവിൽ ഓൺലൈൻ പ്ലാറ്റ്ഫോം പ്രവർത്തിച്ചുവരുന്നു. പരമ്പരാഗത വ്യവസായമേഖലയിലെ വിവിധ ഉല്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി കേന്ദ്രീകൃത ഡിസൈൻ കോൺക്ലേവ് എന്ന പേരിൽ 2024 ജനുവരിയിൽ എറണാകുളത്ത് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഓൺ ലൈൻ പ്ലാറ്റ്ഫോമായ ബി 2 ബി (ബിസിനസ്സ്) പോർട്ടലാണ് കെബിപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നത്.

പരമ്പരാഗത വ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധർക്കും, കലാകാരന്മാർക്കും, സംരംഭകർക്കും തങ്ങളുടെ ഉത്പ്പന്നങ്ങളെ വൈവിധ്യവത്കരിക്കുന്നതിനും മികച്ച വിപണി ലഭ്യത ഉറപ്പുവരുത്തുന്നതിനും വ്യവസായ വാണിജ്യ വകുപ്പ് വിവിധ പരിപാടികളും

വേദികളും ഒരുക്കി നൽകുന്നു. അതിന്റെ ഭാഗമായി ദേശീയ തലത്തിൽനിന്നുള്ള വിവിധ പ്രൊഫഷണൽ ഡിസൈനർമാരുമായി സഹകരിച്ച് കേരളത്തിലെ പരമ്പരാഗത ഉൽപ്പന്നങ്ങൾക്ക് മാത്രമായി 'കേരള ഡിസൈൻ കോൺക്ലേവ്' എന്ന പേരിൽ 2024 ജനുവരിയിൽ എറണാകുളത്ത് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുവാനും നിക്ഷേപം വൻതോതിൽ ഉറപ്പിക്കുവാനും വേണ്ടി വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ് -2018 പാസ്സാക്കിയിട്ടുണ്ട്. ഇതുകൂടാതെ കേരളാ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള ലൈസൻസുകളിലും ക്ലിയറൻസുകളിലുംനിന്ന്

ഒഴിവാക്കുന്നതിനായി 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിച്ച് സുഗമമാക്കുന്നതിനായി കെ-സിസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022-ലെ 19-ാം നമ്പർ ആക്ട് പ്രകാരം 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട്, 1999 (2000 ലെ നിയമം-5) ന്റെ ഭേദഗതിപ്രകാരം ജില്ലാ സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ വ്യവസായ വകുപ്പിന് കീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു.

എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും 14 ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

വ്യവസായ വകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ വ്യവസായ സംരംഭകർക്ക് വിവിധങ്ങളായ സൗകര്യങ്ങളും ആനുകൂല്യങ്ങളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നിലവിൽ നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പ്രധാന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

- സംരംഭക സഹായ പദ്ധതി
- ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്
- ഒരു കുടുംബം, ഒരു സംരംഭം പദ്ധതി
- മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

- നിലവിലുള്ള എം.എസ്.എം.ഇ.കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം.

- കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി.
- പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP)
- സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി
- തകർച്ച നേരിടുന്ന (stressed) എം.എസ്.എം.ഇ.കൾ, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ.കൾ/കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി.

- സ്വകാര്യ വ്യവസായപാർക്കുകൾ

- എം.എസ്.എം.ഇ.കളുടെ കയറ്റുമതി പ്രോത്സാഹന പദ്ധതി

- സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പ്രാദേശിക വിപണി വികസിപ്പിക്കുന്നതിനുള്ള പദ്ധതി

- സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം

- ഓൺലൈൻ ക്ലിയറൻസ് സംവിധാനം - വേഗതയും

- സുതാര്യവുമായ ക്ലിയറൻ സിനുള്ള ഏകജാലക സംവിധാനം (KSWIFT)

ഖാദിഗ്രാമ വ്യവസായ ബോർഡ് മുഖാന്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി നടപ്പിലാക്കി വരുന്ന SEGP(Special Employment Generation Programme)

**എരുമപ്പെട്ടി പഞ്ചായത്തിൽ വ്യവസായ പാർക്ക്**

194 (641) <u>ശ്രീ. എ. സി. മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ എരുമപ്പെട്ടി പഞ്ചായത്തിൽ വ്യവസായ പാർക്ക് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ കുന്നംകുളം താലൂക്കിൽ, നെല്ലുവായി വില്ലേജിൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 10 ഏക്കർ ഭൂമി,

വ്യവസായ എസ്റ്റേറ്റായി പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസൽ വ്യവസായ വാണിജ്യ ഡയറക്ടർ വഴി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ മിനി ഫുഡ് പാർക്ക്**

195 (642) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ടി.സി.യുടെ അധീനതയിലുള്ള മൈലാട്ടിയിൽ മിനി ഫുഡ്പാർക്ക് സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ യൂണിറ്റായ കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ സ്ഥിതി ചെയ്യുന്ന ഉദുമ ടെക്സ്റ്റയിൽ മിൽസിന്റെ കൈവശമുള്ള ഭൂമിയിൽ മില്ലിന്റെ ആവശ്യം കഴിഞ്ഞ് ബാക്കിയുള്ള സ്ഥലം മില്ലിന്റെ വികസനപ്രവർത്തനങ്ങളുടെ ഭാഗമായി വീവിംഗ്, ഡൈയിംഗ് ആൻഡ് പ്രോസസ്സിംഗ്, ഗാർമെന്റ് യൂണിറ്റുകൾ തുടങ്ങുന്നതിനാണ്

ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്ഥലത്ത് മിനി ഫുഡ് പാർക്ക് അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ബി) എങ്കിൽ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ യൂണിറ്റായ കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ സ്ഥിതി ചെയ്യുന്ന ഉദുമ ടെക്സ്റ്റയിൽ മിൽസിന്റെ കൈവശമുള്ള ഭൂമിയിൽ മില്ലിന്റെ ആവശ്യം കഴിഞ്ഞ് ബാക്കിയുള്ള സ്ഥലം മില്ലിന്റെ വികസനപ്രവർത്തനങ്ങളുടെ ഭാഗമായി വീവിംഗ്, ഡൈയിംഗ് ആൻഡ് പ്രോസസ്സിംഗ്, ഗാർമെന്റ് യൂണിറ്റുകൾ തുടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്ഥലത്ത് മിനി ഫുഡ് പാർക്ക് അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**പയ്യന്നൂർ മണ്ഡലത്തിൽ വ്യവസായ പാർക്ക്**

196 (643) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സൈബർ പാർക്ക് പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്കായി ഏറ്റെടുത്ത 25 ഏക്കർ ഭൂമി ഉപയോഗപ്പെടുത്തി വ്യവസായ പാർക്ക് ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിരുന്നോ; എങ്കിൽ എപ്പോൾ; പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ?

കണ്ണൂർ കാസർകോട് ഐ.ടി. പാർക്കുകൾക്കായി ഏറ്റെടുത്ത ഭൂമി വ്യവസായ വകുപ്പിന് കൈമാറുന്ന വിഷയം സംബന്ധിച്ച് ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7-10-2021-ൽ ഒരു യോഗം ചേരുകയും ചുവടെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്യുകയുണ്ടായി.

(i) കണ്ണൂർ ജില്ലയിലെ എരമത്തും കാസർഗോഡ് ജില്ലയിലെ ചീമേനിയിലും ഐ.ടി. പാർക്കുകൾ തുടങ്ങുന്നതിനായി ഏറ്റെടുത്ത ഭൂമിയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള ഭൂമിയുടെ അനുയോജ്യത, സംരംഭകരുടെ ലഭ്യത മറ്റ് അടിസ്ഥാന സൗകര്യങ്ങൾ

എന്നിവ സംബന്ധിച്ച് പഠനം നടത്തി ഒരു feasibility Report രണ്ട് ആഴ്ചയ്ക്കകം സമർപ്പിക്കുന്നതിന് MD, KINFRA-യെ ചുമതലപ്പെടുത്തുന്നു.

(ii) കണ്ണൂർ, കാസർഗോഡ് പാർക്കുകളിലെ ഭൂമി നിലവിൽ SEZ പദവിയിലുള്ളതാണോയെന്ന് പരിശോധിക്കേണ്ടതും ആണെങ്കിൽ ഭൂമി non SEZ ആക്കി മാറ്റാതെ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നിലവിലെ പ്രായോഗിക തടസ്സങ്ങൾ ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് MD, KIFRA സമർപ്പിക്കേണ്ടതാണ്.

(ബി) യോഗ തീരുമാനം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

മേൽതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കണ്ണൂർ, കാസർഗോഡ് ഐ.ടി. പാർക്കുകൾക്കായി ഏറ്റെടുത്ത ഭൂമി ചെറുകിട വ്യവസായ പാർക്കിന് അനുയോജ്യമാണെന്ന റിപ്പോർട്ട് KINFRA ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത ഭൂമിയിൽ നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് ചെലവാക്കിയ തുക KINFRA-യിൽനിന്നും നഷ്ടപരിഹാരമായി ഈടാക്കിക്കൊണ്ട് ഐ.ടി. പാർക്കിനായി ഏറ്റെടുത്ത

സ്ഥലം വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് KINFRA-യ്ക്ക് കൈമാറുന്നതിനായി ഐ.ടി വകുപ്പിന്റെ അനുമതിക്കായി ഫയൽ നൽകിയിരുന്നു. നിലവിൽ ഇത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**കാഞ്ഞങ്ങാട് വ്യവസായ പാർക്ക്**

197 (644) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് വ്യവസായ പാർക്ക് ആരംഭിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കാഞ്ഞങ്ങാട് വ്യവസായ പാർക്കിന്റെ ചുറ്റുമതിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വൈദ്യുതി സൗകര്യം ഏർപ്പെടുത്തുന്നതിനും ആഭ്യന്തര റോഡ് നിർമ്മാണത്തിനുമുള്ള എസ്റ്റിമേറ്റുകൾ KSEB, ഹാർബർ എഞ്ചിനീയറിംഗ് എന്നീ ഏജൻസികളിൽനിന്നും ലഭ്യമായിട്ടുണ്ട്.

(ബി) സ്ഥലമുൾപ്പെടെ ലഭ്യമായിട്ടും വ്യവസായ പാർക്ക് ആരംഭിക്കുന്നതിലുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ?

സംരംഭകർക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം പൂർത്തിയായാൽ സ്ഥലം അനുവദിക്കുന്നതാണ്.

**ഇരവിപുരം മണ്ഡലത്തിൽ വ്യവസായ പാർക്ക്**

198 (645) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരവിപുരം മണ്ഡലത്തിൽ വ്യവസായ പാർക്ക് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇരവിപുരം മണ്ഡലത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ മുണ്ടയ്ക്കൽ ഡെവലപ്മെന്റ് പ്ലോട്ട്, കിൻഫ്രയുടെ കീഴിൽ മുണ്ടയ്ക്കൽ വ്യവസായ പാർക്ക് എന്നിങ്ങനെ രണ്ട് വ്യവസായ പാർക്കുകൾ നിലവിലുണ്ട്.

**പേരാമ്പ്ര മണ്ഡലത്തിലെ ഇൻഡസ്ട്രിയൽ പാർക്ക്**

199 (646) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പേരാമ്പ്ര മണ്ഡലത്തിൽ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനായി നടപടികൾ ആരംഭിച്ചിരുന്നോ?

ആരംഭിച്ചിരുന്നു.

(ബി) പ്രസ്തുത ഇൻഡസ്ട്രിയൽ പാർക്കിനായി കുറ്റ്യാടി ഇറിഗേഷൻ വകുപ്പിന്റെ പേരാമ്പ്രയിലുള്ള 2 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നോ?

ഭൂമി വ്യവസായ വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്കേ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാൻ കഴിയൂ. പ്രസ്തുത ഭൂമിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ബഹുനില വ്യവസായ സമുച്ചയം പ്രോജക്ടിന്റെ DPR തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഭൂമി വ്യവസായ വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്കേ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാൻ കഴിയൂ. പ്രസ്തുത ഭൂമിയിൽ നിർമ്മിക്കാൻ

ഉദ്ദേശിക്കുന്ന ബഹുനില വ്യവസായ സമുച്ചയം പ്രോജക്ടിന്റെ DPR തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കണ്ണമ്പ്ര വ്യവസായ പാർക്ക്**

200 (647) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര വ്യവസായ പാർക്കിന്റെ നിർമ്മാണ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര വ്യവസായ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര വാണിജ്യ പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) വ്യവസായ സംരംഭങ്ങൾക്കായി ഈ സ്ഥലം എന്നത്തേയ്ക്ക് കൈമാറുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

വനം, പരിസ്ഥിതി മന്ത്രാലയത്തിന്റെയും കേന്ദ്ര സർക്കാരിന്റെയും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് വ്യവസായ സംരംഭകർക്ക് ഭൂമി കൈമാറുവാൻ സാധിക്കുമെന്നാണ് കരുതുന്നത്.

**വ്യവസായ പാർക്കുകളിലെ ഉപയോഗിക്കാത്ത ഭൂമി തിരിച്ചെടുക്കാൻ നടപടി**

201 (648) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള വ്യവസായ പാർക്കുകളിൽ ഭൂമി അനുവദിക്കപ്പെട്ടിട്ടുള്ള യൂണിറ്റുകൾ ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽ പ്രവർത്തനം ആരംഭിച്ചില്ലെങ്കിൽ പ്രസ്തുത യൂണിറ്റുകൾക്ക് അനുവദിച്ച ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇപ്രകാരം എത്ര യൂണിറ്റുകളിൽ നിന്നാണ് വ്യവസായത്തിനായി നൽകിയ ഭൂമി തിരിച്ചെടുത്തിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കാമോ?

ഇപ്രകാരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള വിവിധ ഡെവലപ്പ്മെന്റ് പ്ലോട്ട്/ഏരിയകളിൽ നിന്നായി നിലവിൽ 72 യൂണിറ്റുകൾക്ക് അനുവദിച്ച ഭൂമി തിരിച്ചെടുത്തിട്ടുണ്ട്. കൂടാതെ വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, സിഡ്കോ എന്നിവ യഥാക്രമം 142, 27, 2 യൂണിറ്റുകൾക്ക് അനുവദിച്ച ഭൂമി തിരിച്ചെടുത്തിട്ടുണ്ട്.

**മണിമല നാളികേര പാർക്ക്**

202 (649) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ മണിമലയിലെ നാളികേര പാർക്ക് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; ഈ പ്രവൃത്തിയുടെ കരാർ എന്നാണ് പ്രാബല്യത്തിൽ വന്നതെന്നും ആയത് എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

കുറ്റ്യാടി നാളികേര പാർക്കിന്റെ ചുറ്റുമതിൽ, ഗേറ്റ്, സുരക്ഷാ ക്യാബിൻ, അനുബന്ധ ജോലികൾ മുതലായ നിർമ്മാണ പ്രവൃത്തികൾക്കുള്ള കരാർ നൽകി പ്രവൃത്തി പുരോഗമിക്കുന്നു. കൂടാതെ പ്രവൃത്തിയുടെ ഭാഗമായി പ്രാഥമിക സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കാനുള്ള നടപടികൾ നടന്നുവരുന്നു.

പ്രവൃത്തി ഏപ്രിൽ 2024-ന് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) നാളീകേര പാർക്കിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനുതകുന്ന തരത്തിൽ പുതുതായി ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഈ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാണ് വിഭാവനം ചെയ്യുന്നതെന്നും വിശദമാക്കാമോ?

വ്യവസായങ്ങൾക്ക് പാട്ടക്കരാർ അടിസ്ഥാനത്തിൽ പ്ലോട്ടുകൾ അനുവദിക്കുന്നതിന് കിറ്റ്കോ തയ്യാറാക്കിയ മാസ്റ്റർപ്ലാൻ ആസ്പദമാക്കി റോഡ്, ഡ്രെയിനേജ്, വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തികൾ 2025-ൽ പൂർത്തിയാക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ

വ്യവസായ സംരംഭങ്ങൾക്ക് മാസവാടക അടിസ്ഥാനത്തിൽ നൽകാനുതകുന്ന മാതൃകാ വ്യവസായ കെട്ടിട സമുച്ചയം നിർമ്മിക്കാനും പദ്ധതിയുണ്ട്.

(സി) മണിമല നാളികേര പാർക്കിൽ വ്യവസായ സംരംഭകരെ ക്ഷണിക്കുന്നതിന് എന്നാണ് തുടക്കം കുറിക്കാൻ സാധിക്കുകയെന്ന് വ്യക്തമാക്കാമോ?

2025 മാർച്ച് മാസത്തോടെ വ്യവസായ സംരംഭകരെ ക്ഷണിക്കുന്നതിന് തുടക്കം കുറിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**മലപ്പുറം ജില്ലയിലെ സ്വകാര്യ വ്യവസായ പാർക്കുകൾ**

203 (650) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സ്വകാര്യ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും ഏതെല്ലാം സ്ഥലങ്ങളിലാണ് അപേക്ഷകരുള്ളതെന്നും അപേക്ഷകരുടെ പേരും

വിലാസവും കൈവശമുള്ള സ്ഥലവും സർവ്വെ നമ്പരും വില്ലേജും താലൂക്കും അടക്കമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിൽ സ്വകാര്യ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് 4 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. എടയൂർ, പെരിഞ്ചോല, കാരച്ചാൽ, വണ്ടൂർ എന്നീ സ്ഥലങ്ങളിലാണ് അപേക്ഷകരുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ. മുഹമ്മദ് അലി ടി. കെ., മെ. മലബാർ എന്റർപ്രൈസസ്, ഡോർ നം.73 ബി, പാലക്കൽ ബിൽഡിംഗ്, വടമുക്ക്, മാറഞ്ചേരി പി.ഒ, മലപ്പുറം - 679581

കൈവശമുള്ള സ്ഥലം : 13.49 ഏക്കർ

സർവ്വേ നമ്പറുകൾ : 417, 418

സബ് ഡിവിഷൻ നമ്പറുകൾ : 417, 418/1-1, 418/1-15, 418/1-19, 418/1-234, 418/1-236, 418/1-249, 418/1-255, 418/1-256, 418/1-36, 418/1-40, 418/1-44, 418/1-49, 418/1-51, 418/1-52, 418/1-59, 418/1-85, 418/1-92.

വില്ലേജ് : എടയൂർ, താലൂക്ക് : തിരൂർ

2. ശ്രീ. ജാസിർ അടാട്ടിൽ, മെ.ക്ലാസി ഇൻഡസ്ട്രിയൽ പാർക്ക് നം. 1/8, കോട്ടക്കൽ മുനിസിപ്പാലിറ്റി, കോട്ടക്കൽ മലപ്പുറം 676501.

കൈവശമുള്ള സ്ഥലം : 5.42 ഏക്കർ

സർവ്വേ നമ്പറുകൾ : 168/1, 168/2, 498/5, 498/6, 498/7, 498/8, 168/8, 496/1, 496/2, 496/4, 498/1

വില്ലേജ് - കുറവ

താലൂക്ക് - പെരിന്തൽമണ്ണ.

3.ശ്രീ. അലി ഹാജി, മെ. പി.കെ. എന്റർപ്രൈസസ്, കാരച്ചാൽ, പുള്ളിപ്പാടം പി.ഒ, മമ്പാട്, മലപ്പുറം 676542.

കൈവശമുള്ള സ്ഥലം : 12 ഏക്കർ

സർവ്വേ നമ്പറുകൾ : 1/277-1, 1/278, 1/279.

വില്ലേജ് - പുള്ളിപ്പാടം

താലൂക്ക് - നിലമ്പൂർ.

4.ശ്രീ. ജഗദീഷ് പ്രസാദ്, മെ. കരിക്കാട് ദേവസ്വം, വണ്ടൂർ പി.ഒ, മലപ്പുറം 679328.

കൈവശമുള്ള സ്ഥലം : 10.38 ഏക്കർ

സർവ്വേ നമ്പർ 211/2

വില്ലേജ് - വണ്ടൂർ

താലൂക്ക് - നിലമ്പൂർ

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളും സ്വകാര്യ പാർക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയത് നൽകിയ തീയതിയും അറിയിക്കാമോ?

ശ്രീ. മുഹമ്മദ് അലി ടി. കെ, മെ. മലബാർ എന്റർപ്രൈസസ്-ന്റെ അപേക്ഷയ്ക്ക് 22/09/2022-ന് പ്രകാരം Developer Permit നൽകിയിട്ടുണ്ട്.

ശ്രീ. ജാസിർ അടാട്ടിൽ, മെ. ക്ലാസി ഇൻഡസ്ട്രിയൽ പാർക്കിന്റെ അപേക്ഷ 19/05/2023-ലെ സ്റ്റേറ്റ് ലെവൽ കമ്മിറ്റി യോഗം പരിഗണിക്കുകയും പരിശോധനയ്ക്കായി റവന്യൂ വകുപ്പിന് കൈമാറിയിട്ടുമുണ്ട്.

ശ്രീ. അലി ഹാജി, മെ. പി. കെ എന്റർപ്രൈസസ്-ന്റെ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള ഭൂമി, രണ്ട് വ്യക്തികളുടെ പേരിൽ പ്രത്യേകമായിട്ടുള്ളതാണ്. പക്ഷെ അപേക്ഷയിൽ കാണിച്ചിട്ടുള്ള 3 സർവ്വേ നമ്പറിൽ, ഒരെണ്ണം മാത്രമാണ് Partnership Deed-ൽ പ്രതിപാദിച്ചിട്ടുള്ളത്. അത് അപേക്ഷക്ക് മിനിമം വേണ്ടുന്ന ഭൂമിയുടെ അളവിൽ കുറവുമാണ്. മാത്രമല്ല, ലൊക്കേഷൻ സ്കെച്ചിൽ ഭൂമി ഒരുമിച്ചല്ലെന്നും കാണുകയാൽ വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ജഗദീഷ് പ്രസാദ്, എക്സിക്യൂട്ടീവ് ഓഫീസർ, മെ.കരിക്കാട് ദേവസ്വം, വണ്ടൂർ പി.ഒ, മലപ്പുറം സമർപ്പിച്ചിട്ടുള്ള ഓൺലൈൻ അപേക്ഷയിൽ ആദ്യം ചേർത്ത രേഖകൾ പൂർണ്ണമായിരുന്നില്ല. വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**കോട്ടയം ജില്ലയിലെ പുതിയ സംരംഭങ്ങൾ**

204 (651) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം ജില്ലയിൽ എത്ര സംരംഭങ്ങൾ ആരംഭിച്ചുവെന്ന് നിയോജകമണ്ഡലം തിരിച്ച് വിശദവിവരം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം ജില്ലയിൽ ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം നിയോജകമണ്ഡലം തിരിച്ച് താഴെ ചേർക്കുന്നു.

| **നിയോജകമണ്ഡലം** | **സംരംഭങ്ങൾ (എണ്ണം)** |
|---|---|
| ചങ്ങനാശ്ശേരി | 946 |
| കാഞ്ഞിരപ്പള്ളി | 1049 |
| പുതുപ്പള്ളി | 871 |
| ഏറ്റുമാനൂർ | 939 |
| കടുത്തുരുത്തി | 1291 |
| കോട്ടയം | 960 |
| പാല | 1138 |
| പൂഞ്ഞാർ | 1093 |
| വൈക്കം | 1411 |
| **ആകെ** | **9698** |

(ബി) പുതിയ സംരംഭങ്ങൾ ആരംഭിച്ചത് വഴി ജില്ലയിൽ എത്ര പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിച്ചുവെന്നറിയിക്കാമോ?

| **നിയോജകമണ്ഡലം** | **തൊഴിൽ (എണ്ണം)** |
|---|---|
| ചങ്ങനാശ്ശേരി | 2118 |
| കാഞ്ഞിരപ്പള്ളി | 2433 |
| പുതുപ്പള്ളി | 1645 |
| ഏറ്റുമാനൂർ | 1812 |
| കടുത്തുരുത്തി | 3100 |
| കോട്ടയം | 2293 |
| പാല | 2883 |
| പൂഞ്ഞാർ | 2386 |
| വൈക്കം | 2942 |
| **ആകെ** | **21612** |

**എടരിക്കോട് ടെക്സ്റ്റൈയിൽസ് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് തിരിമറി**

205 (652) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ എടരിക്കോട് ടെക്സ്റ്റൈൽസ് തൊഴിലാളികളുടെ പ്രൊവിഡന്റ് ഫണ്ട് തിരിമറി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

തിരിമറി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത വിഷയത്തിൽ മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കുടിശികകൾ അടയ്ക്കാത്തതു സംബന്ധിച്ച് തൊഴിലാളി യൂണിയൻ മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ പരാതി നൽകിയിട്ടുണ്ട്.

(സി) തൊഴിലാളികളുടെ ശമ്പളത്തിൽനിന്നും പ്രൊവിഡന്റ് ഫണ്ട് ഇനത്തിൽ ഈടാക്കുന്ന തുക പ്രൊവിഡന്റ് ഫണ്ടിൽ ഒടുക്കാതെ വക മാറ്റുന്നത് എന്ത് ആവശ്യത്തിനാണെന്നും ആയതിന് സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇത്തരത്തിൽ അനധികൃതമായി തുക വക മാറ്റിയതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല.

(ഡി) തൊഴിലാളികളുടെ ശമ്പളത്തിൽനിന്നും പ്രൊവിഡന്റ് ഫണ്ട് ഇനത്തിൽ ഈടാക്കുന്ന തുകയിൽ വക മാറ്റിയത് എത്രയെന്നും പ്രസ്തുത തുക എന്ന് തിരിച്ച് അടയ്ക്കുമെന്നും വിശദമാക്കാമോ?

എടരിക്കോട് ടെക്സ്റ്റൈൽസിലെ നിലവിലെ പി.എഫ്. കുടിശിക 582.13 ലക്ഷം രൂപയാണ്. പി.എഫ് കുടിശികകൾ അടയ്ക്കാൻ കഴിയാതെ കാരണം കാണിക്കൽ നോട്ടീസ് ലഭിച്ചതിനെ തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ, തുടർനടപടികൾ ഒഴിവാക്കുന്നതിനും കുടിശിക അടയ്ക്കുന്നതിന് തവണ വ്യവസ്ഥയും സാവകാശവും ആവശ്യപ്പെട്ടുകൊണ്ട് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് കേസ് ഫയൽ ചെയ്തിട്ടുണ്ട്.

**വൈപ്പിനിലെ മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

206 (653) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി. നിർമ്മാണ ഏജൻസിയായി 29-12-2018-ൽ കരാറിലേർപ്പെട്ടിട്ടുള്ള വൈപ്പിനിലെ മെഗാ ഫുഡ് പാർക്കിന്റെ (കോൾഡ് സ്റ്റോറേജ്) നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വിശദമാക്കാമോ?

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി പുതുവൈപ്പിനിൽ നിർമ്മാണം നിലച്ചിരിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(എ-സി) കെ.എസ്.ഐ.ഡി.സി, ആലപ്പുഴ ജില്ലയിൽ ചേർത്തല പള്ളിപ്പുറത്ത് സ്ഥാപിച്ചിരിക്കുന്ന മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി ഒരു പ്രാഥമിക മത്സ്യസംസ്കരണശാലയാണ് പുതുവൈപ്പിനിൽ നിർമ്മിക്കുന്നത്. അതിനായി 60 സെന്റ് ഭൂമി പുതുവൈപ്പിനിൽ കൊച്ചിൻ പോർട്ട് അതോറിട്ടിയിൽനിന്ന് 30 വർഷത്തെ പാട്ടവ്യവസ്ഥയിൽ ലഭ്യമാക്കി. പ്രാഥമിക മത്സ്യസംസ്കരണശാല സ്ഥാപിക്കുന്നതിനായി 7.01 കോടി രൂപയ്ക്ക് 29-12-2018-ൽ കരാറിൽ ഏർപ്പെടുകയും 31-01-2019-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി സ്ഥലം കൈമാറുകയും ചെയ്തു. കരാർ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ 7 മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ സൈറ്റിലേയ്ക്കുള്ള വഴിയുടെ

നിർമ്മാണം ഉൾപ്പെടെയുള്ള ചില പ്രവർത്തനങ്ങൾ പരിഹരിക്കേണ്ടതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിൽ വൈകുന്നതിന് കാരണമായിട്ടുണ്ട്. തുടർന്ന് 2020-21 കാലഘട്ടത്തിൽ കോവിഡ്-19 മഹാമാരി, അതിഥി തൊഴിലാളികളുടെ തിരിച്ചുപോക്ക് എന്നിവ പദ്ധതിയുടെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചു. ഇത് പരിഗണിച്ച് 31-01-2022 വരെ കരാർ കാലാവധി നീട്ടി നൽകുകയുണ്ടായി. നിലവിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ 40% ജോലികളും പൂർത്തിയാക്കിയിട്ടുണ്ട്. 3.27 കോടി രൂപ കരാറുകാരന് നൽകിയിട്ടുമുണ്ട്. തുടർന്ന് പദ്ധതിയുടെ പൂർത്തീകരണത്തിന് ചില ജോലികൾ അധികമായി ആവശ്യമായതിനാൽ ഇവ അനുവദിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ സമർപ്പിച്ചപ്പോൾ കരാർ പ്രകാരം ചെയ്യേണ്ട ജോലികൾക്കും പദ്ധതി പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന്റെയും അസംസ്കൃത വസ്തുക്കൾ, ലേബർ എന്നിവയുടെ വില വർദ്ധനയുടെയും അടിസ്ഥാനത്തിൽ കരാറുകാരൻ കൂടുതൽ തുക അനുവദിക്കുന്നതിന് ആവശ്യപ്പെട്ടു. ഇത് അനുവദിക്കാൻ സാധിക്കാത്തപക്ഷം കരാർ റദ്ദാക്കണമെന്നും കരാറുകാരൻ

ആവശ്യപ്പെടുകയുണ്ടായി. കെ.എസ്. ഐ.ഡി-യുടെ പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി (പി.ഐ.സി.) ഇത് പരിഗണിച്ച് നിലവിലെ DSR-2018-ലെ നിരക്കിൽ ഇനി പൂർത്തീകരിക്കേണ്ടതും അധികമായി ചെയ്യേണ്ടതുമായ ജോലികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും കരാറുകാരന്റെ പ്രൊപ്പോസലുമായി ഒരു താരതമ്യ റിപ്പോർട്ട് സമർപ്പിക്കാനും നിർദ്ദേശിച്ചു.

തുടർന്ന് 01-11-2022-ൽ ചേർന്ന പി.ഐ.സി. മീറ്റിംഗിൽ താരതമ്യ റിപ്പോർട്ട് പരിഗണിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കരാർ പ്രകാരം അനുവദിച്ച തുകയെ അപേക്ഷിച്ച് 27.18% അധിക ബാദ്ധ്യത വരുന്നതിനാൽ കരാറുകാരന്റെ അപേക്ഷയിന്മേൽ കരാർ റദ്ദാക്കുന്നതിനും നിലവിൽ ചെയ്ത പ്രവർത്തികളുടെ ബിൽ പരിഗണിച്ച് തീർപ്പാക്കുന്നതിനും നിർദ്ദേശിച്ചു. ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 5.52 കോടി രൂപയുടെ എസ്റ്റിമേറ്റ് അനുവദിച്ച് പ്രത്യേകം ടെൻഡർ ക്ഷണിച്ച് നിലവിലെ നിയമങ്ങൾ പ്രകാരം പൂർത്തീകരിക്കുന്നതിനും നിർദ്ദേശിച്ചു. തുടർന്ന് 03-02-2023-ൽ കരാർ റദ്ദാക്കിക്കൊണ്ടുള്ള കത്ത് കരാറുകാരന് നൽകി.

ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തുക പുനർനിർണ്ണയിച്ചിട്ടുണ്ട്. ആയത് 5.52 കോടി രൂപയാണ്. എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിച്ചതിനുശേഷം പുതിയ ടെൻഡർ വിളിച്ച് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയുടെയും കരാറിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

കരാറിന്റേയും ഭരണാനുമതിയുടെയും പകർപ്പ് യഥാക്രമം അനുബന്ധം 1 അനുബന്ധം 2 ആയി ചേർക്കുന്നു+. പ്രസ്തുത പദ്ധതി മെഗാ ഫുഡ് പാർക്കിന്റെ കോംപ്രിഹെൻസീവ് ഭരണാനുമതിയിലാണ് ഉൾപ്പെട്ടിരിക്കുന്നത്.

## ഖനിയും ധാതുക്കളും ഖനനം ചെയ്യാനുള്ള പരമാധികാരം സ്വകാര്യ വ്യക്തികൾക്ക്

207 (654) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1957-ലെ മൈൻസ് ആന്റ് മിനറൽസ് ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ ആക്ട് കേന്ദ്രസർക്കാർ ഭേദഗതി ചെയ്ത് സ്വകാര്യ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വ്യക്തികൾക്ക് ഖനിയും ധാതുക്കളും ഖനനം ചെയ്യാനുള്ള അവസരം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേന്ദ്ര ഖനി നിയമമായ മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) അക്റ്റിന്മേൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭേദഗതികളെ സംബന്ധിച്ച പൊതുജനാഭിപ്രായ സ്വാംശീകരണത്തിനായി കേന്ദ്ര ഖനിമന്ത്രാലയം 2022 മെയ് മാസം 25-ാം തീയതി ഒരു നോട്ടീസ് പുറപ്പെടുവിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം നിശ്ചിത സമയപരിധിക്കകം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. ആക്റ്റിലെ ഒന്നാമത്തെ ഷെഡ്യൂളിലെ പാർട്ട്- ബി യിൽ ഉൾപ്പെടുന്നതും നാളിതുവരെ സ്റ്റാറ്റജിക് ഗണത്തിൽ പരിഗണിച്ച് വന്നിരുന്നതുമായ 12 ധാതുക്കളിൽ 8 എണ്ണത്തെ ആക്റ്റിൽ പ്രത്യേകമായി പാർട്ട് - ഡി രൂപീകരിച്ച് അതിലേയ്ക്ക് മാറ്റി അവയുടെ അറ്റോമിക് ഇതരമായതും രാജ്യത്തിന്റെ സാങ്കേതിക ഊർജ്ജ മേഖലയിലെ നിർണ്ണായകമായതുമായ ഉപയോഗം കണക്കിലെടുത്ത് അവയുടെ ലേല

നടപടികൾ കൈക്കൊള്ളാൻ സംസ്ഥാന സർക്കാരിന്റെ അധികാരത്തിനുപരിയായി കേന്ദ്ര സർക്കാരിനെ അധികാരപ്പെടുത്താനാണ് ആക്ടിലെ ഭേദഗതിയോടെ നടപ്പിൽ വരുത്താൻ ശ്രമിക്കുന്നതെന്ന് സംസ്ഥാനം നിരീക്ഷിക്കുകയുണ്ടായി. നിലവിൽ, മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്ടിന്റെ സെക്ഷൻ 5(1) ന്റെ മൂന്നാമത്തെ പ്രോവിസോയിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമാണ് അറ്റോമിക് മിനറൽസ് ഖനനം ചെയ്യുന്നതിനുള്ള മൈനിംഗ് ലീസ് ലഭ്യമാകുന്നത്. ആ വ്യവസ്ഥയാണ് ആക്ടിലെ ഭേദഗതിയോടെ മാറ്റം വരുത്താൻ ശ്രമിക്കുന്നതെന്നും ആക്ടിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന ഈ ഭേദഗതി ഭരണഘടനാപരവും രാജ്യസുരക്ഷാപരവും പാരിസ്ഥിതികവും സാമൂഹിക-സാമ്പത്തികപരവുമായി സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യങ്ങൾക്ക് വിരുദ്ധമാണെന്നും കേന്ദ്ര ഖനി മന്ത്രാലയത്തെ രേഖാമൂലം അറിയിച്ചിരുന്നു. തുടർന്ന് ടി വിഷയവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 04-07-2022-ൽ യോഗം വിളിച്ചുചേർക്കുകയും ടി വിഷയത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികളെ

സംബന്ധിച്ച് വിശദമായ വിലയിരുത്തൽ നടത്തിയിരുന്നതുമാണ്. കൂടാതെ സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി, ബഹു. കേന്ദ്ര ഖനി മന്ത്രിയെ സന്ദർശിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം നേരിട്ട് അറിയിക്കുകയും ഈ വിഷയത്തിൽ നിവേദനം സമർപ്പിക്കുകയുമുണ്ടായി. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടലുകൾമൂലവും കരട് നിയമത്തിലെ വ്യവസ്ഥകൾക്കെതിരെയുള്ള കടുത്ത എതിർപ്പുകളെയും തുടർന്ന് ബീച്ച് സാൻഡ് ഉൾപ്പെടുന്ന പാർട്ട് ബി അറ്റോമിക് മിനറലുകളെ അതേപടി നിലനിർത്തികൊണ്ടാണ് നിയമ ഭേദഗതി വന്നിട്ടുള്ളത്. എന്നാൽ വിജ്ഞാപനത്തിൽനിന്ന് വ്യത്യസ്തമായി വന്ന ഏഴാം ഷെഡ്യൂൾ ഉൾപ്പെടെയുള്ള കാര്യങ്ങളുടെ പ്രത്യാഘാതം പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കുമാത്രം ഉണ്ടായിരുന്ന ഖനിയും ധാതുക്കളും ഖനനം ചെയ്യാനുള്ള പരമാധികാരം സ്വകാര്യ വ്യക്തികൾക്കും നൽകിയതിനെതിരെ സുപ്രീംകോടതിയിൽ ഹർജി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ സ്വീകരിക്കേണ്ട നിയമനടപടി സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

**എ.ഐ ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ വിവരങ്ങൾ**

208 (655) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ കെൽട്രോൺ മുഖേന എ.ഐ ക്യാമറകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച വ്യവസായ വകുപ്പിലെ ഫയലിന്റെ നമ്പർ വ്യക്തമാക്കുമോ; പ്രസ്തുത ഫയലിന്റെ നോട്ട് പോർഷന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) എ.ഐ ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ടെൻഡർ സംബന്ധിച്ച ഫയലിൽ ധനകാര്യവകുപ്പിന്റെ റിമാർക്സ് എന്തായിരുന്നു; വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ധനകാര്യവകുപ്പിന്റെ റിമാർക്സിനനുസൃതമായാണോ ടെൻഡർ നടപടി പൂർത്തീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ?

(എ-സി) കെൽട്രോൺ മുഖേന എ.ഐ ക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിൽ ഫയലുകളൊന്നും തന്നെയില്ല. ഗതാഗത വകുപ്പാണ് ഇത് സംബന്ധിച്ച വിഷയം കൈകാര്യം ചെയ്തിരുന്നത്.

**വ്യവസായവുമായി ബന്ധപ്പെട്ട പരാതികൾക്കുള്ള പരിഹാരം**

209 (656) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് നിയമാനുസൃതമായ എന്തെല്ലാം സംവിധാനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ

ടൗൺഷിപ്പ് ഏരിയ ഡെവലപ്‌മെന്റ് ആക്ട്, (2000-ലെ നിയമം 5) 2022-ൽ ഭേദഗതി ചെയ്യപ്പെട്ട പ്രകാരം നിലവിൽ വന്ന സ്റ്റാറ്റ്യൂട്ടറി സംവിധാനമാണ് പരാതി പരിഹാര കമ്മിറ്റികൾ. ജില്ലാതലത്തിലും സംസ്ഥാന തലത്തിലും രൂപീകരിച്ചിട്ടുള്ള പരാതി പരിഹാര കമ്മിറ്റികളിലൂടെയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിക്ക് മുകളിൽ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ജില്ലാ കമ്മിറ്റിയിൽ ജില്ലാ കളക്ടർ അധ്യക്ഷനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമാണ്. സംസ്ഥാന കമ്മിറ്റിയിൽ വ്യവസായ വകുപ്പിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കലിന്റെ ചുമതലയുള്ള സെക്രട്ടറി ചെയർമാനും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ കൺവീനറുമാണ്. ആക്ട് പ്രകാരമുള്ള സേവനം നൽകുന്നതിൽ എന്തെങ്കിലും വീഴ്ചയോ കാലതാമസമോ ഉണ്ടായതായി സംസ്ഥാന പരാതി പരിഹാര കമ്മിറ്റിയുടെ

ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ പ്രസ്തുത വിഷയം സംസ്ഥാന പരാതി പരിഹാര കമ്മിറ്റിക്ക് പരിശോധിക്കാവുന്നതും ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതുമാണ്. അതുപോലെ ജില്ലാ പരാതി പരിഹാര കമ്മിറ്റിക്കും സംസ്ഥാന പരാതി പരിഹാര കമ്മിറ്റിക്കും ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ള സംഗതികളിൽ ഉണ്ടായിരിക്കുന്നതാണ്. അതുപോലെ മതിയായ കാരണം കൂടാതെ സേവനം നൽകുന്നതിൽ നിയുക്ത ഉദ്യോഗസ്ഥൻ കാലതാമസമോ വീഴ്ചയോ വരുത്തിയിട്ടുണ്ടെന്ന് ജില്ലാ-സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾക്ക് ബോദ്ധ്യപ്പെടുന്നപക്ഷം നിയുക്ത ഉദ്യോഗസ്ഥനുമേൽ പിഴ ചുമത്തുന്നതിനും ബാധകമായ സർവീസ് ചട്ടങ്ങൾക്ക് കീഴിൽ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് ശിപാർശ ചെയ്യുന്നതിനും ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

വ്യവസായികളുടെ/സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

വ്യവസായ സംരംഭകർക്ക് അവരുടെ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും പരാതികളും അധികൃതരെ അറിയിക്കുവാനുള്ള സംവിധാനം ആണ് ചാറ്റ് വിത്ത് മിനിസ്റ്റർ. സംരംഭകർക്ക് അവരുടെ പരാതികൾ/ അന്വേഷണങ്ങൾ **9846441445** എന്ന വാട്സാപ്പ് കോൺടാക്റ്റ് നമ്പറിലേയ്ക്ക് സന്ദേശമായിട്ട് അയക്കാവുന്നതാണ്. തുടർന്ന് ജില്ലാതല റിസോഴ്സ് പേഴ്സ്സൺമാരും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരും അടങ്ങുന്ന സംവിധാനത്തിലൂടെ പരമാവധി 7 ദിവസത്തെ സമയപരിധിക്കുള്ളിൽ ഇത് പരിഹരിക്കുകയും ഉചിതമായ മറുപടി നൽകുകയും ചെയ്യുന്നതാണ്.

(ബി) പുതിയ സംവിധാനങ്ങൾ ആലോചനയിലുണ്ടോ?

നിലവിലുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്നതിനാൽ മറ്റൊരു സംവിധാനം ഇപ്പോൾ ആലോചനയിലില്ല.

## നിക്ഷേപകരെ പ്രോത്സാഹിപ്പിക്കാൻ നടപടികൾ

210 (657) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തൊഴിലില്ലായ്മയും പിന്നോക്കാവസ്ഥയും പരിഹരിക്കുന്നതിന് എല്ലാ മേഖലയിലെയും നിക്ഷേപകരെ പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ:

സംസ്ഥാനത്തെ വ്യവസായ നിക്ഷേപാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും നിക്ഷേപകരെ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനും അതിലൂടെ തൊഴിലില്ലായ്മയും പിന്നോക്കാവസ്ഥയും പരിഹരിക്കുന്നതിനും ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

**1) K-SWIFT-** സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊണ്ടുവന്ന 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സംരംഭം തുടങ്ങുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് വ്യവസായ ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഈ വിധം എല്ലാ അനുമതികളും പരമാവധി 30 ദിവസത്തിനുള്ളിൽ ലഭ്യമാക്കാൻ കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 2019-ൽ കെ-സ്വിഫ്റ്റ് നിലവിൽ വന്നപ്പോൾ 15 വകുപ്പുകളുടെ 33-ഓളം സേവനങ്ങളാണ് ലഭ്യമാക്കിയിരുന്നത് എങ്കിൽ ഇപ്പോൾ 22 വകുപ്പുകളുടെ 90-ഓളം അനുമതികളും സേവനങ്ങളും കെ-സ്വിഫ്റ്റിലൂടെ സംരംഭകർക്ക് ലഭ്യമാകുന്നുണ്ട്. കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും പരിധികൾക്കുള്ളിൽ വരുന്ന വിവിധതരം കെട്ടിടങ്ങൾക്കുള്ള അനുമതികൾ ലഭ്യമാക്കുന്ന ഐ.ബി.പി.എം.എസ്. എന്ന

സംവിധാനവും പഞ്ചായത്തുകളുടെ പരിധികൾക്കുള്ളിൽ വരുന്ന കെട്ടിടങ്ങൾക്കുള്ള അനുമതികൾ ലഭ്യമാക്കുന്ന 'സങ്കേതം' എന്ന സംവിധാനവും കെ-സ്വിഫ്റ്റുമായി സംയോജിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ സംയോജനം പൂർത്തിയാകുമ്പോൾ സംസ്ഥാനത്തെ എല്ലാത്തരം കെട്ടിടങ്ങൾക്കുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ അനുമതികളെല്ലാംതന്നെ കെ-സ്വിഫ്റ്റിലൂടെ നല്കാൻ സാധിക്കുന്നതാണ്.

**2) Investment Facilitation Bureau-** സംസ്ഥാനത്ത് 2019-ൽ നിയമനിർമ്മാണം നടത്തിയ 'കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം, കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ നിർവചനമനുസരിച്ച് 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ഓൺലൈൻ

മുഖേന സമർപ്പിച്ച് കൈപ്പറ്റിയ സാക്ഷ്യപത്രം കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കുന്നതാണ്.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് കാറ്റഗറിയിൽപ്പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കാനാവുന്ന വിധം മേൽസൂചിപ്പിച്ച 2019-ലെ 'കേരള സൂക്ഷ്മ – ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്.

**3) Kerala Centralised Inspection System** (K-CIS)- വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്തുവാനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Kerala

Centralized Inspection System) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ മറ്റു വകുപ്പുകളെ കൂടി ഈ കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിൽ സംയോജിപ്പിക്കുന്നതാണ്.

**4) നിയമപിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികളുടെ രൂപീകരണം**- വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാത്തപക്ഷം അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനുമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നിയമപിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്.

5) കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ നിയമ/സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ ഒഴിവാക്കാനുമുള്ള നടപടികൾ - സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലെ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ ഒഴിവാക്കാനും കുറ്റകരമായ നടപടികളെ സംബന്ധിച്ച വ്യവസ്ഥകൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദേശിക്കാനും NUALS വൈസ് ചാൻസലർ ആയിരുന്ന ഡോ. കെ. സി. സണ്ണി അധ്യക്ഷനായ ഒരു മൂന്നംഗ വിദഗ്ദ്ധ സമിതി രൂപവത്ക്കരിച്ചിരുന്നു. വ്യവസായ സമൂഹവും വിവിധ വ്യവസായ അസ്സോസ്സിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദേശങ്ങളും സ്വീകരിച്ച് പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി അവയിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കാനും കുറ്റകരമായ നടപടികളെ സംബന്ധിച്ച ശിക്ഷാവ്യവസ്ഥകൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ 11 വകുപ്പുകളുടെ 25 ചട്ടങ്ങളിലും നിയമങ്ങളിലും ഭേദഗതികൾ വേണമെന്ന് നിർദ്ദേശിച്ചിരുന്നു. അതിൽ പ്രധാനപ്പെട്ട വകുപ്പുകൾ തദ്ദേശസ്വയംഭരണം,

തൊഴിൽ, വ്യവസായം എന്നിവയാണ്. ഈ മൂന്നു വകുപ്പുകളുടെ 15 ചട്ടങ്ങളിലും നിയമങ്ങളിലുമാണ് ഭേദഗതി വേണ്ടത്. ലീഗൽ മെട്രോളജി, എക്സൈസ്, വനംവകുപ്പ്, ഭൂജലവകുപ്പ്, കൃഷിവകുപ്പ്, ഊർജ്ജ വകുപ്പ്, പരിസ്ഥിതി വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ ചില ചട്ടങ്ങളിലും നിയമങ്ങളിലും ഭേദഗതി നിർദ്ദേശിക്കപ്പെട്ടിരുന്നു. വിവിധ വകുപ്പുകളുടെ ചട്ടങ്ങളിലും നിയമങ്ങളിലും വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ച് അതത് വകുപ്പുകളുമായി കൂടിയാലോചിക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നുരുത്തിരിയുന്ന നിർദ്ദേശങ്ങൾ ലഭ്യമായി മേൽപ്പറഞ്ഞ 25 നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

6) **സംരംഭക വർഷം-** 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിരുന്നു. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽകൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതി വിവിധ വകുപ്പുകളുടെ

സഹകരണത്തോടെ വ്യവസായ വകുപ്പ് വിജയകരമായി നടപ്പിലാക്കി. ഈ പദ്ധതിയുടെ ഭാഗമായി പുതിയ സംരംഭങ്ങൾക്ക് താങ്ങാനാവുന്ന സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ഏകോപിപ്പിച്ച് 4% പലിശ നിരക്കിൽ ഒരു പ്രത്യേക വായ്പാ പദ്ധതിയും സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 2022-23 വർഷത്തെ സംരംഭകവർഷം പദ്ധതിയുടെ തുടർച്ചയായി സംരംഭകവർഷം 2.0 സർക്കാർ 2023-24 വർഷം നടപ്പാക്കി വരുന്നു.

**7) എം.എസ്.എം.ഇ ക്ലിനിക്ക് -** ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി റിസോഴ്സ് പേഴ്സണെ നിയമിച്ച് പ്രവർത്തനം നടത്തി വരുന്നു.

കൂടാതെ പുതുതായി സംരംഭങ്ങൾ ആരംഭിക്കാൻ താൽപ്പര്യമുള്ള വ്യവസായ സംരംഭകർക്ക് വിവിധങ്ങളായ സൗകര്യങ്ങളും ആനുകൂല്യങ്ങളും

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പ്രധാന ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

സംരംഭക സഹായ പദ്ധതി

ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്

ഒരു കുടുംബം, ഒരു സംരംഭം പദ്ധതി

മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം

കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി

പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP)

സൂക്ഷമ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി

തകർച്ച നേരിടുന്ന (stressed) എം.എസ്.എം.ഇ-കൾ, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ-കൾ/കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി.

(ബി) നിക്ഷേപം നടത്തുന്നവർ നേരിടുന്ന ബുദ്ധിമുട്ട് ഉടനടി പരിഹരിക്കുന്നതിനായി സംസ്ഥാനതലത്തിൽ ഒരു പ്രത്യേക സമിതിക്ക് രൂപം നൽകുമോ; വിശദാംശം ലഭ്യമാക്കാമോ?

വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനുമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നിയമപിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട

പരാതികൾ ജില്ലാ പരാതി പരിഹാര കമ്മിറ്റിക്കും കമ്മിറ്റിക്കും 10 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന പരാതിപരിഹാര കമ്മിറ്റിക്കുമാണ് നൽകേണ്ടത്. മതിയായ കാരണം കൂടാതെ സേവനം നൽകുന്നതിന് നിയുക്തനായ ഉദ്യോഗസ്ഥൻ കാലതാമസമോ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് ജില്ലാ-സംസ്ഥാന പരാതിപരിഹാര കമ്മിറ്റികൾക്ക് ബോധ്യപ്പെടുന്നപക്ഷം നിയുക്ത ഉദ്യോഗസ്ഥനുമേൽ പിഴ ചുമത്തുന്നതിനും ബാധകമായ സർവീസ് ചട്ടങ്ങൾക്ക് കീഴിൽ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് ശിപാർശ ചെയ്യുന്നതിനും ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടലും വികസിപ്പിച്ചിട്ടുണ്ട്.

**മേയ്ക് ഇൻ കേരള**

211 (658) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായിക മേഖലയിൽ മേയ്ക് ഇൻ കേരള ബ്രാൻഡിലൂടെ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

'കേരള ബ്രാൻഡ് വികസിപ്പിക്കുക' എന്നത് കേരള വ്യവസായ നയം 2023-ന്റെ ഏഴ് സുപ്രധാന സ്തംഭങ്ങളിൽ ഒന്നാണ്. സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനും അവയുടെ വിപണനം പ്രോത്സാഹിപ്പിക്കാനും ഉദ്ദേശിച്ചാണ് “കേരള ബ്രാൻഡ്” വിഭാവനം ചെയ്തിരിക്കുന്നത്.

കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നേടുന്ന ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തര, അന്തർദേശീയ തലങ്ങളിൽ "മെയ്ഡ് ഇൻ കേരള" എന്ന തനതായ ബ്രാൻഡ് നാമത്തിൽ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കേരള ബ്രാൻഡിനായി തിരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ഗവൺമെന്റിന്റെ ഇ-മാർക്കറ്റുകളിൽ സൗജന്യ പ്രമോഷൻ ലഭിക്കും. ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാൻ തയ്യാറുള്ള

നിർമ്മാതാക്കൾക്കുള്ള വിപണന അവസരങ്ങൾ കേരള ബ്രാൻഡിംഗ് ഗണ്യമായി മെച്ചപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാന ഫണ്ട് സ്കീമുകളിൽ മുൻഗണന, സംസ്ഥാനം പങ്കെടുക്കുന്ന അന്താരാഷ്ട്ര വ്യാപാര മേളകളിലെ പ്രദർശന സൗകര്യം, കേരളീയർ താമസിക്കുന്ന രാജ്യങ്ങളിലെ പ്രമോഷണൽ പിന്തുണ എന്നിവയും കേരള ബ്രാൻഡ് ഉൽപ്പന്നങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു.

'മേക്ക് ഇൻ കേരള' എന്ന പദ്ധതി, ഉൽപ്പാദന മേഖലയുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ഈ പദ്ധതി മുഖാന്തരം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു, അത് തൊഴിലില്ലായ്മ കുറയ്ക്കുന്നതിന് സഹായകമാകും. 02-06-2023-ലെ സ.ഉ(എം.എസ്) നം.37/2023/വ്യവ നമ്പർ പ്രകാരം സർക്കാർ കേരള ബ്രാൻഡ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വ്യവസായിക സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നുവെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്കും നിക്ഷേപാന്തരീക്ഷം സുഗമമാക്കുന്നതിനും ഉതകുന്ന നിരവധി പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനായി നിയമനിർമ്മാണങ്ങളും നിയമ ഭേദഗതികളും ഉൾപ്പെടുന്ന നടപടികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തന്നെ തുടക്കം കുറിച്ചിരുന്നു. സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ, 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതത് വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഈ വിധം എല്ലാ അനുമതികളും പരമാവധി 30 ദിവസത്തിനുള്ളിൽ ലഭ്യമാക്കാൻ കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 2019-ൽ കെ-സ്വിഫ്റ്റ് നിലവിൽ വന്നപ്പോൾ 15 വകുപ്പുകളുടെ 33-ഓളം

സേവനങ്ങൾ ലഭ്യമാക്കിയിരുന്നെങ്കിൽ ഇപ്പോൾ 22 വകുപ്പുകളുടെ 90-ഓളം അനുമതികളും സേവനങ്ങളും കെ-സ്വിഫ്റ്റിലൂടെ സംരംഭകർക്ക് ലഭ്യമാകുന്നുണ്ട്. കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും പരിധികൾക്കുള്ളിൽ വരുന്ന വിവിധതരം കെട്ടിടങ്ങൾക്കുള്ള അനുമതികൾ ലഭ്യമാക്കുന്ന ഐ.ബി.പി.എം.എസ്. എന്ന സംവിധാനവും പഞ്ചായത്തുകളുടെ പരിധികൾക്കുള്ളിൽ വരുന്ന കെട്ടിടങ്ങൾക്കുള്ള അനുമതികൾ ലഭ്യമാക്കുന്ന 'സങ്കേതം' എന്ന സംവിധാനവും കെ-സ്വിഫ്റ്റ്മായി സംയോജിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ സംയോജനം പൂർത്തിയാകുമ്പോൾ സംസ്ഥാനത്തെ എല്ലാത്തരം കെട്ടിടങ്ങൾക്കുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ അനുമതികൾ എല്ലാം കെ-സ്വിഫ്റ്റിലൂടെ നല്കാൻ സാധിക്കുന്നതാണ്.

ഇതോടൊപ്പം 2019-ൽ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന

കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച Ackowledgement Certificate കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കും.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട്'' 2021-ൽ ഭേദഗതി ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ വകുപ്പിലെ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലിന്റെ ചുമതലയുള്ള സെക്രട്ടറി അധ്യക്ഷനായുള്ള ഒരു 'നിക്ഷേപം സുഗമമാക്കൽ ബ്യൂറോ' രൂപീകരിച്ചിട്ടുണ്ട്.

വ്യവസായ വാണിജ്യ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്താൻ വേണ്ടിയും പരിശോധനാ നടപടിക്രമങ്ങളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിനും വേണ്ടി കേരള സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം (K-CIS) എന്ന കേന്ദ്രീകൃത പരിശോധനാ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്; അടുത്ത ഘട്ടമായി കൂടുതൽ വകുപ്പുകളുടെ പരിശോധനകൾ കെ-സിസ്സിലൂടെ നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള വ്യവസായ ഏകജാലക ക്ലിയറൺസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ട് 2022-ൽ ഭേദഗതി ചെയ്യപ്പെട്ട പ്രകാരം സംസ്ഥാനത്ത് ആക്ട് വഴി സംസ്ഥാനത്ത് ജില്ലാതല പരാതി പരിഹാര കമ്മിറ്റികളും സംസ്ഥാന പരാതി പരിഹാര കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം

പരാതികൾ പ്രസ്തുത കമ്മിറ്റികൾ മുൻപാകെ സമർപ്പിക്കാവുന്നതാണ്. പരാതികൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനുവേണ്ടി http://grievanceredressal.industry.kerala.gov.in/ എന്ന വെബ്സൈറ്റും നിലവിലുണ്ട്. സേവനം നല്കുന്നതിൽ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന ഉദ്യോഗസ്ഥനെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാനും പ്രസ്തുത പരാതി പരിഹാര കമ്മിറ്റികൾക്ക് അധികാരമുണ്ട്.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ ഉല്പാദകരിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

വിദേശത്തുള്ള മലയാളികളെ സംരഭകത്വത്തിന്റെ വിവിധ മേഖലകളെ കുറിച്ച് ബോധവാന്മാർ ആക്കുകയും അവരെ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുകയും അതുവഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് പ്രവാസികൾക്കായി 2023 ജനുവരി മാസത്തിൽ ഒരു ശില്പശാല നടത്തി.

കേരള സർക്കാർ 2022-23 സാമ്പത്തിക വർഷം "സംരംഭക വർഷം" ആയി പ്രഖ്യാപിച്ചിരുന്നു. ഒരു വർഷത്തിൽ കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം തലത്തിലുള്ള സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഒരു വർഷം കൊണ്ട്

ഒരു ലക്ഷം പുതിയ വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്തു തുടങ്ങുക എന്ന ലക്ഷ്യം വെച്ച് കൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ 139,840 പുതിയ സംരംഭങ്ങളും അതിലൂടെ 3 ലക്ഷത്തിലധികം തൊഴിലവസരങ്ങളും സൃഷ്ടിച്ചുകൊണ്ട് ചരിത്ര വിജയം കൈവരിച്ചു. ഇവ കൂടാതെ, നിലവിലുള്ള സംരംഭങ്ങളുടെയും പുതുതലമുറ മേഖലകളിലെ സംരംഭങ്ങളുടെയും ഉന്നമനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് പുതിയ വ്യവസായ നയം രൂപീകരിച്ചിട്ടുണ്ട്. നിലവിൽ വന്ന കേരള വ്യവസായ നയം 2023, കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ വൻകിട നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും അതിലൂടെ ത്വരിത ഗതിയിലുള്ള വ്യവസായവൽക്കരണം സാധ്യമാക്കുവാനും ലക്ഷ്യമിടുന്നു.

## കഞ്ചിക്കോട് വ്യവസായ മേഖലയിലെ റോഡ് നവീകരണം

212 (659) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഞ്ചിക്കോട് വ്യവസായ മേഖലയിലെ ആഭ്യന്തര റോഡുകളുടെ നവീകരണത്തിന് വ്യവസായ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

കഞ്ചിക്കോട്, പുതുശ്ശേരി വ്യവസായ എസ്റ്റേറ്റിലെ ആഭ്യന്തര റോഡുകളുടെയും ഡ്രെയിനേജിന്റെയും നവീകരണത്തിനായി യഥാക്രമം 7.12 കോടി രൂപയും 6.14 കോടി രൂപയുമുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് പൊതുമരാമത്ത് വകുപ്പിന് ഫണ്ട് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കിൻഫ്ര പാർക്കിൽനിന്നും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി

213 (660) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിൽ നടപ്പിലാക്കുന്ന കുറ്റിപ്പുറം ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഓവർഹെഡ് ടാങ്ക് സ്ഥാപിക്കുന്നതിന് കുറ്റിപ്പുറം കിൻഫ്ര പാർക്കിന്റെ കൈവശമുള്ള ഭൂമിയിൽനിന്നും അൻപത് സെന്റ് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ?

(എ&ബി) കോട്ടയ്ക്കൽ മണ്ഡലത്തിൽ നടപ്പിലാക്കുന്ന കുറ്റിപ്പുറം ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഓവർഹെഡ് ടാങ്ക് സ്ഥാപിക്കുന്നതിന് കുറ്റിപ്പുറം കിൻഫ്ര പാർക്കിന്റെ കൈവശമുള്ള ഭൂമിയിൽനിന്നും 0.40 ഏക്കർ ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വിഷയമടങ്ങിയ ഫയൽ (No.IND-G1/166/2023-IND) വ്യവസായ വകുപ്പ് പരിശോധിച്ചുവരികയാണ്.

**എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അക്ഷര എന്ന സ്ഥാപനം സമർപ്പിച്ച രേഖകൾ**

214 (661) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി കെൽട്രോൺ ക്ഷണിച്ച ടെൻഡറിനോട് അനുബന്ധിച്ച് അക്ഷര എന്ന സ്ഥാപനം സമർപ്പിച്ച ടെക്നിക്കൽ ഡോക്യുമെന്റിന്റെയും മറ്റു രേഖകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

ബിസിനസ് നടത്തുന്ന കമ്പനികൾ മത്സരാധിഷ്ഠിത ടെൻഡറുകളിൽ സമർപ്പിക്കുന്ന രേഖകൾ വ്യാപാര രഹസ്യത്തിൽ ഉൾപ്പെട്ടതിനാലും ആയത് പ്രസ്തുത കമ്പനിയുടെ ബിസിനസ് സാധ്യതകളെയും മത്സരാധിഷ്ഠിത പ്രവർത്തനത്തെയും പ്രതികൂലമായി ബാധിക്കാൻ ഇടയുള്ളതിനാലും പകർപ്പുകൾ നൽകുന്നതിന് നിർവ്വാഹമില്ല.

## എ.ഐ. ക്യാമറ ടെൻഡറിൽ അശോക ബിൽഡ്കോൺ എന്ന സ്ഥാപനം സമർപ്പിച്ച രേഖകൾ

215 (662) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി കെൽട്രോൺ ക്ഷണിച്ച ടെൻഡറിനോട് അനുബന്ധിച്ച d അശോക ബിൽഡ്കോൺ എന്ന സ്ഥാപനം സമർപ്പിച്ച ടെക്നിക്കൽ ഡോക്യുമെന്റിന്റെയും മറ്റു രേഖകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

ബിസിനസ് നടത്തുന്ന കമ്പനികൾ മത്സരാധിഷ്ഠിത ടെൻഡറുകളിൽ സമർപ്പിക്കുന്ന രേഖകൾ വ്യാപാരരഹസ്യത്തിൽ ഉൾപ്പെട്ടതിനാലും ആയത് പ്രസ്തുത കമ്പനിയുടെ ബിസിനസ് സാധ്യതകളേയും മത്സരാധിഷ്ഠിത പ്രവർത്തനത്തേയും പ്രതികൂലമായി ബാധിക്കാനിടയുള്ളതിനാലും പകർപ്പുകൾ നൽകുന്നതിന് നിർവ്വാഹമില്ല.

**എ.ഐ. ക്യാമറയുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട്**

216 (663) ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഐ. ക്യാമറ സ്ഥാപിക്കുന്ന പദ്ധതിയുടെ കരാർ സംബന്ധിച്ച് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അന്വേഷണം നടത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) പ്രസ്തുത അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ, ബി&സി) ഉണ്ട്. ഗതാഗത വകുപ്പിനുവേണ്ടി കെൽട്രോൺ നടപ്പിലാക്കിയ സേഫ് കേരളാ പദ്ധതിയുടെ കീഴിൽ എ.ഐ. ക്യാമറ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ഉയർന്ന ആരോപണങ്ങളിൽ മേൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അന്വേഷണം നടത്തി സമർപ്പിച്ച

അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. അന്വേഷണ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**എ. ഐ ക്യാമറകൾ സ്ഥാപിക്കുന്ന കരാറിൽ അട്ടിമറി**

217 (664) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീമതി കെ. കെ. രമ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ ക്യാമറകൾ സ്ഥാപിക്കുന്ന കരാറിൽ അട്ടിമറി നടക്കുന്നുണ്ടെന്ന് ചൂണ്ടിക്കാണിച്ച് അൽഹിന്ദ് എന്ന സ്ഥാപനം വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്തെഴുതിയിരുന്നോ;

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനകൾ വിശദമാക്കാമോ;

(സി) എ. ഐ ക്യാമറ സ്ഥാപിക്കുന്ന പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച മുന്നറിയിപ്പ് ലഭിച്ചിട്ടും പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്താൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ-സി) ഇല്ല. എന്നാൽ സേഫ് കേരളാ പദ്ധതിയുടെ ഭാഗമായി എസ്.ആർ.ഐ.ടി. -യുമായുള്ള സബ്കോൺട്രാക്ടിൽനിന്നും അൽഹിന്ദ് ഗ്രൂപ്പ് പിൻമാറിയതിനാൽ അൽഹിന്ദ് ഗ്രൂപ്പ് സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകിയ തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന അഭ്യർത്ഥനയുമായാണ് അൽഹിന്ദ് ഗ്രൂപ്പ് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിരുന്നത്. ഈ വിഷയത്തിൽ സർക്കാർ കെൽട്രോണിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചതിൻ പ്രകാരം അൽഹിന്ദ് ഗ്രൂപ്പിന് സബ് - കോൺട്രാക്ട് നൽകിയത് എസ്.ആർ.ഐ.ടി. ആയതിനാൽ പ്രസ്തുത സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകേണ്ടത് എസ്.ആർ.ഐ.ടി. ആണെന്ന വിവരം അറിയിച്ചുകൊണ്ട് ഒരു മറുപടി അൽഹിന്ദ് ഗ്രൂപ്പിന് നൽകുകയുണ്ടായി.

എ.ഐ ക്യാമറ സ്ഥാപിക്കുന്ന പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച മുന്നറിയിപ്പുകളൊന്നും വ്യവസായ വകുപ്പിൽ ലഭിച്ചിട്ടില്ല.

**എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഗുജറാത്ത് ഇൻഫോടെക് സമർപ്പിച്ച രേഖകൾ**

218 (665) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കായി കെൽട്രോൺ ക്ഷണിച്ച ടെൻഡറിനോട് അനുബന്ധിച്ച് ഗുജറാത്ത് ഇൻഫോടെക് എന്ന സ്ഥാപനം സമർപ്പിച്ച ടെക്നിക്കൽ ഡോക്യുമെന്റിന്റെയും മറ്റു രേഖകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

ബിസിനസ് നടത്തുന്ന കമ്പനികൾ മത്സരാധിഷ്ഠിത ടെൻഡറുകളിൽ സമർപ്പിക്കുന്ന രേഖകൾ വ്യാപാരരഹസ്യത്തിൽ ഉൾപ്പെട്ടതിനാലും ആയത് പ്രസ്തുത കമ്പനിയുടെ ബിസിനസ് സാധ്യതകളേയും മത്സരാധിഷ്ഠിത

പ്രവർത്തനത്തെയും പ്രതികൂലമായി ബാധിക്കാനിടയുള്ളതിനാലും പകർപ്പുകൾ നൽകുന്നതിന് നിർവ്വാഹമില്ല.

**എ.ഐ. ക്യാമറകൾ സംബന്ധിച്ച ടെണ്ടർ രേഖകൾ**

219 (666) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി കെൽട്രോൺ ക്ഷണിച്ച ടെൻഡറിനോട് അനുബന്ധിച്ച് എസ്.ആർ.ഐ.ടി. എന്ന സ്ഥാപനം സമർപ്പിച്ച ടെക്നിക്കൽ ഡോക്യുമെന്റിന്റെയും മറ്റ് രേഖകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

ബിസിനസ് നടത്തുന്ന കമ്പനികൾ മത്സരാധിഷ്ഠിത ടെൻഡറുകളിൽ സമർപ്പിക്കുന്ന രേഖകൾ വ്യാപാരരഹസ്യത്തിൽ ഉൾപ്പെട്ടതിനാലും ആയത് പ്രസ്തുത കമ്പനിയുടെ ബിസിനസ് സാധ്യതകളേയും മത്സരാധിഷ്ഠിത

പ്രവർത്തനത്തേയും പ്രതികൂലമായി ബാധിക്കാൻ ഇടയുള്ളതിനാലും പകർപ്പുകൾ നൽകുന്നതിന് നിർവ്വാഹമില്ല.

**എ. ഐ ക്യാമറ സ്ഥാപിക്കുന്നത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്**

220 (667) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ.ഐ. ക്യാമറ സ്ഥാപിക്കുന്ന പദ്ധതിയുടെ കരാർ സംബന്ധിച്ച് വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഗതാഗത വകുപ്പിനുവേണ്ടി കെൽട്രോൺ നടപ്പിലാക്കിയ സേഫ് കേരളാ പദ്ധതിയുടെ കീഴിൽ എ. ഐ. ക്യാമറ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ഉയർന്ന ആരോപണങ്ങളിന്മേൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. റിപ്പോർട്ട് സർക്കാർ അംഗീകരിച്ചതിനുശേഷം മാത്രമേ പകർപ്പ് നൽകാൻ നിർവ്വാഹമുള്ളൂ.

## എ.ഐ ക്യാമറകൾ സ്ഥാപിക്കാനായി കെൽട്രോൺ സമർപ്പിച്ച എസ്റ്റിമേറ്റിന്റെ പകർപ്പ്

221 (668) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി കെൽട്രോൺ സമർപ്പിച്ച എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കെൽട്രോൺ സമർപ്പിച്ച എസ്റ്റിമേറ്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. +

## അറുപത് വയസ് കഴിഞ്ഞ വ്യാപാരികൾക്കുള്ള പെൻഷൻ തുക കുറച്ചത് പുനഃസ്ഥാപിക്കാൻ നടപടി

222 (669) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറുപത് വയസ്സ് കഴിഞ്ഞ വ്യാപാരികൾക്കുള്ള പെൻഷൻ തുക കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ല.

(ബി) അംശദായമടച്ച് ക്ഷേമനിധി വഴി ലഭിക്കുന്ന അർഹതപ്പെട്ട പെൻഷൻ തുക കുറച്ചതിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ; പെൻഷൻ തുക കുറച്ച നടപടി അടിയന്തരമായി പിൻവലിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

ബാധകമല്ല.

**സ്കിൽ ഡെവലപ്മെന്റ് സൊസൈറ്റികൾ**

223 (670) <u>ശ്രീ. മുരളി പെരുനെല്ലി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സംരംഭകർക്കായി മണലൂർ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സ്കിൽ ഡെവലപ്പ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മണലൂർ നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സ്കിൽ ഡെവലപ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇത്തരം സൊസൈറ്റികൾക്ക് ഗ്രാന്റ് അനുവദിക്കാറുണ്ടോയെന്നും ഉണ്ടെങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ;

ഗ്രാന്റ് അനുവദിക്കാറുണ്ട്. മാനദണ്ഡങ്ങളിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. 2019-20 സാമ്പത്തിക വർഷത്തിലോ അതിനുശേഷമോ രജിസ്റ്റർ ചെയ്ത സംഘങ്ങൾ.

2. കുറഞ്ഞത് 50 അംഗങ്ങൾ ഉണ്ടാകണം.

3. 25 -ൽ കുറയാത്ത അംഗങ്ങൾ വിദഗ്ദ്ധ തൊഴിലാളികൾ ആയിരിക്കണം.

4. ബാക്കി 25 അംഗങ്ങൾ അർദ്ധ വിദഗ്ദ്ധ /അവിദഗ്ദ്ധ തൊഴിലാളികൾ ആയിരിക്കണം.

5. തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയും ശമ്പളം കൈപ്പറ്റുന്ന സെക്രട്ടറിയും ഉണ്ടായിരിക്കണം.

6. രൂപികരിച്ച ആറുമാസം തികയാത്ത സംഘങ്ങൾക്കു ധനസഹായത്തിന് അപേക്ഷിക്കാൻ കഴിയുന്നതല്ല.

7. അപേക്ഷിക്കുന്നതിന് തൊട്ടുമുൻപുള്ള മൂന്ന് മാസങ്ങളിൽ ഓരോ അംഗത്തിനും കുറഞ്ഞത് 5 ശരാശരി തൊഴിൽ ദിനങ്ങൾ നൽകിയിരിക്കണം.

8. രജിസ്ട്രാർ നിർദേശിച്ചത് പ്രകാരമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കുന്ന സംഘങ്ങൾക്കു മാത്രമേ ധന സഹായത്തിനു അർഹതയുണ്ടായിരിക്കുകയുള്ളൂ.

9. പരമാവധി ആനുകൂല്യമായ 2 ലക്ഷം രൂപക്ക് അർഹത നേടുന്നതിന് 100 സജീവ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(സി) മണലൂർ മണ്ഡലത്തിൽ ഏതെല്ലാം സ്കിൽ ഡെവലപ്മെന്റ് സൊസൈറ്റികൾക്ക് ഗ്രാന്റ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ എന്തെല്ലാം?

മണലൂർ മണ്ഡലത്തിൽ ഒരു സ്കിൽ ഡെവലപ്മെന്റ് സൊസൈറ്റിക്കും ഗ്രാന്റ് അനുവദിച്ചിട്ടില്ല.

**സംരംഭകവർഷം പദ്ധതി മൂലമുള്ള തൊഴിലവസരങ്ങൾ**

224 (671) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയുടെ ഒന്നാം ഘട്ടം, രണ്ടാം ഘട്ടം പദ്ധതികൾ പ്രകാരം നാളിതുവരെ എത്ര പുതിയ സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇതു വഴി എത്ര തുകയുടെ പുതിയ നിക്ഷേപങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

സംരംഭക വർഷം പദ്ധതിയുടെ ഒന്നാം ഘട്ടം (2022-23), രണ്ടാം ഘട്ടം (2023 -24) പദ്ധതികൾ പ്രകാരം പ്രവർത്തനം ആരംഭിച്ച സംരംഭങ്ങളുടെ എണ്ണവും ഇതുവഴി വന്ന നിക്ഷേപത്തിന്റെ വിവരങ്ങളും ചുവടെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം | നിക്ഷേപം (കോടി രൂപയിൽ) |
|---|---|---|
| 2022-23 | 139840 | 8421.64 |
| 2023-24 (2023 ഓഗസ്റ്റ് 4 വരെ) | 9007 | 591.28 |
| **ആകെ** | **148,847** | **9012.92** |

(ബി) പ്രസ്തുത പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിലെ ഒമ്പത് ഗ്രാമപഞ്ചായത്തുകളിലായി എത്ര പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും എത്ര തൊഴിലവസരം പുതുതായി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ?

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി വാമനപുരം മണ്ഡലത്തിൽ പുതുതായി ആരംഭിച്ച സംരംഭങ്ങളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| Sl No | പഞ്ചായത്ത് | 2022-23 | | 2023-24 | |
|---|---|---|---|---|---|
| | | ആരംഭിച്ച യൂണിറ്റുകളുടെ എണ്ണം | തൊഴിൽ സൃഷ്ടിച്ചത് | ആരംഭിച്ച യൂണിറ്റുകളുടെ എണ്ണം | തൊഴിൽ സൃഷ്ടിച്ചത് |
| 1 | നെല്ലനാട് | 139 | 272 | 12 | 8 |
| 2 | പുല്ലമ്പാറ | 80 | 161 | 6 | 13 |
| 3 | വാമനപുരം | 121 | 221 | 15 | 36 |
| 4 | ആനാട് | 184 | 345 | 18 | 29 |
| 5 | കല്ലറ | 143 | 232 | 8 | 11 |
| 6 | നന്ദിയോട് | 130 | 230 | 5 | 6 |
| 7 | പനവൂർ | 109 | 182 | 10 | 15 |
| 8 | പാങ്ങോട് | 152 | 342 | 17 | 84 |

| | | | | | |
|---|---|---|---|---|---|
| 9 | പെരിങ്ങമല | 175 | 389 | 11 | 13 |
| | **ആകെ** | **1233** | **2374** | **102** | **215** |

## എൻ. ടി. സി. മില്ലുകൾ

225 (672) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടഞ്ഞുകിടക്കുന്ന എൻ.ടി.സി. മില്ലുകൾ തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ ഇടപെടലുകളിൽ എന്തെങ്കിലും പുരോഗതിയുണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

അടഞ്ഞുകിടക്കുന്ന എൻ.ടി.സി മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വ്യവസായ വകുപ്പ് മന്ത്രി ബഹു.കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രിയ്ക്ക് 09-08-2021 ലും 28-06-2022 ലും കത്തുകൾ അയയ്ക്കുകയുണ്ടായി. ഇതിന് നീതി ആയോഗ് ചേർന്ന് തുടർനടപടി സ്വീകരിക്കുമെന്നാണ് കേന്ദ്രമന്ത്രി മറുപടി നൽകിയത്. കൂടാതെ ഇതുമായി

ബന്ധപ്പെട്ട ആവശ്യങ്ങളും സാഹചര്യവും വ്യക്തമാക്കി 17-11-2021-ൽ മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത മില്ലുകൾ പ്രവർത്തിപ്പിക്കാത്ത സാഹചര്യത്തിൽ അടഞ്ഞു കിടക്കുന്ന പുതുക്കാട് മണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റയിൽസ് ഉൾപ്പെടെയുള്ളവ സംസ്ഥാന വ്യവസായ വകുപ്പ് ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

ദേശസാത്ക്കരണത്തിനുശേഷം അളഗപ്പ ടെക്സ്റ്റൈൽസ് കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക് സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലായതിനാൽ, കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നതിനുള്ള സന്നദ്ധത ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിക്കയച്ച കത്തിൽ അറിയിച്ചിരുന്നു.

**വയനാട് ജില്ലയിൽ ഒരു കുടുംബം ഒരു സംരംഭം പദ്ധതി**

226 (673) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു കുടുംബം ഒരു സംരംഭം പദ്ധതിയിലൂടെ വയനാട് ജില്ലയിലെ എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയെന്നും എത്ര രൂപയുടെ സാമ്പത്തിക സഹായം ലഭ്യമാക്കാനായെന്നും വിശദീകരിക്കാമോ?

2022-23 സാമ്പത്തിക വർഷം മുതലാണ് "ഒരു കുടുംബം ഒരു സംരംഭം പദ്ധതി" നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 31-07-2023 വരെ 70 സംരംഭങ്ങൾക്കായി 12,50,000/- രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

**എ.ഐ. ക്യാമറകൾ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകുന്നതിലെ ചെലവ്**

227 (674) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസയയ്ക്കുന്ന ജോലി കെൽട്രോൺ ആണോ നിർവഹിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മോട്ടോർ വാഹനവകുപ്പിന്റെ നിയമപ്രകാരമുള്ള അനുമതി ലഭിച്ചതിനുശേഷം കെൽട്രോൺ ആണ് നിയമലംഘനത്തിന്റെ നോട്ടീസയയ്ക്കുന്നത്.

(ബി) പ്രസ്തുത ക്യാമറകൾ കണ്ടെത്തുന്ന നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട വ്യക്തികൾക്ക് ഒരു നോട്ടീസ് അയയ്ക്കാൻ കെൽട്രോണിന് എത്ര രൂപ ചെലവാകുമെന്ന് വ്യക്തമാക്കാമോ?

ഒരു നോട്ടീസ് അയയ്ക്കുന്നതിന് ശരാശരി 18 രൂപയാണ് കെൽട്രോണിന് ചെലവാകുന്നത്.

**കാസർഗോഡ് ജില്ലയിൽ വ്യവസായ സമുച്ചയം നിർമ്മിക്കാൻ നടപടി**

228 (675) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബീച്ച് റോഡിൽ ആസ്ട്രൽ വാച്ച് കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു

മാതൃകാവ്യവസായ സമുച്ചയം നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിടം എങ്ങനെയാണ് രൂപകൽപ്പന ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കെട്ടിടത്തിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും നിർമ്മാണപ്രവൃത്തി ഏത് വർഷം പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ;

(ഇ) പദ്ധതി നടത്തിപ്പിന് എത്ര രൂപ നീക്കിവച്ചിട്ടുണ്ടെന്നും എത്ര രൂപയുടെ ഭരണാനുമതി ഇതിനകം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(എഫ്) പദ്ധതി നടത്തിപ്പിനായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോയെന്നും എത്ര രൂപയുടെ എസ്റ്റിമേറ്റും പ്ലാനുമാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ഭരണാനുമതി എപ്പോൾ ലഭ്യമാക്കാനാകുമെന്നും വ്യക്തമാക്കാമോ?

(എ)-(എഫ്) ഉണ്ട്. മാതൃകാവ്യവസായ കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണത്തിനുള്ള പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി കിറ്റ്കോയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത പദ്ധതിക്ക് 39.70 കോടി രൂപയുടെ ഡീറ്റെയ്ൽഡ് എസ്റ്റിമേറ്റ് കിറ്റ്കോ സമർപ്പിക്കുകയും തുടർന്ന് 20-05-2023-ൽ ചേർന്ന പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി എസ്റ്റിമേറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നാലുനിലകളിലായി 10,310 സ്ക്വയർ മീറ്റർ വിസ്തീർണ്ണത്തിൽ കോൺക്രീറ്റ് ഫ്രെയിംഡ് സ്ട്രക്ച്ചറായാണ് പ്രസ്തുത മാതൃകാ വ്യവസായ കെട്ടിടസമുച്ചയം രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഇതോടൊപ്പം രണ്ടുനിലകളിലായി 597 സ്ക്വയർ മീറ്റർ വിസ്തീർണത്തിൽ ക്യാന്റീൻ-ബാങ്ക് സമുച്ചയവും വിഭാവനം ചെയ്തിട്ടുണ്ട്.

പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ ബജറ്റിൽ മൂന്ന് കോടി രൂപ വകയിരുത്തുകയും ആയതുപ്രകാരം 19-07-2023-ൽ ടി പ്രോജക്ടിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി

നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2025-ൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ബാലുശ്ശേരി മണ്ഡലത്തിലെ പുതിയ സംരംഭങ്ങൾ**

229 (676) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ബാലുശ്ശേരി മണ്ഡലത്തിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ബാലുശ്ശേരി മണ്ഡലത്തിൽ പുതുതായി ആരംഭിച്ച സംരംഭങ്ങളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം |
|---|---|---|
| 1 | ബാലുശ്ശേരി | 159 |
| 2 | ഉണ്ണികുളം | 270 |

| | | |
|---|---|---|
| 3 | പനങ്ങാട് | 170 |
| 4 | കോട്ടൂർ | 156 |
| 5 | ഉള്ള്യേരി | 164 |
| 6 | നടുവണ്ണൂർ | 152 |
| 7 | കൂരാച്ചുണ്ട് | 87 |
| 8 | കായണ്ണ | 72 |
| 9 | അത്തോളി | 153 |
| | **ആകെ** | **1383** |

(ബി) മണ്ഡലത്തിൽ പുതിയതായി ആരംഭിച്ച എല്ലാ സംരംഭങ്ങളുടെയും പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പുതിയ സംരംഭങ്ങളുടെ പ്രവർത്തനം മാസത്തിലൊരിക്കൽ വ്യവസായ ഇന്റേണുകൾ മുഖേന വിലയിരുത്താനും സംരംഭകർക്കാവശ്യമായ സഹായങ്ങൾ ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. സംരംഭക വർഷവുമായി ബന്ധപ്പെട്ട് ആരംഭിച്ച പുതിയ സംരംഭങ്ങളുടെ പ്രവർത്തനം വ്യവസായ ഇന്റേണുകൾ (Enterprise Development Executive (EDE)) മുഖേന വിലയിരുത്താനും സംരംഭകർക്ക് ആവശ്യമായ സഹായങ്ങൾ ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**കെൽട്രാക്കിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി**

230 (677) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനമായ കെൽട്രാക്കിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോവിഡിനെത്തുടർന്ന് കെൽട്രാക് എന്ന സ്ഥാപനവും അവിടെയുള്ള ജീവനക്കാരും നേരിട്ട പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി രണ്ട് ഘട്ടങ്ങളിലായി ആകെ ഒരു കോടി പത്ത് ലക്ഷം രൂപയുടെ അടിയന്തര ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. നിലവിൽ ജീവനക്കാർക്ക് നൽകാൻ കുടിശ്ശികയായിട്ടുള്ള വേതനം വിതരണം ചെയ്യാൻ കെൽട്രാക്

ശ്രമിക്കുന്നുണ്ട്. ബ്രഹ്മോസിൽനിന്നും കൂടുതൽ വർക്ക് ഓർഡറുകൾ ലഭ്യമാക്കി ടൂൾറൂം രണ്ട് ഷിഫ്റ്റിൽ പ്രവർത്തിക്കുവാനും അതുവഴി വരുമാനം വർദ്ധിപ്പിക്കുവാനും കൂടാതെ കെൽട്രാക്കിലെ ട്രെയിനിംഗ് സെന്റർ കെൽട്രോൺ നോളജ് സെന്ററുമായി ചേർന്ന് കൂടുതൽ സർട്ടിഫിക്കേഷൻ കോഴ്സുകൾ നടത്തുവാനും പദ്ധതിയുണ്ട്. ഈ പദ്ധതികൾ പൂർത്തിയാക്കുന്നതുവഴി സ്ഥാപനത്തിലെ ജീവനക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനാകുമെന്നാണ് കരുതുന്നത്.

**കെൽട്രോണും, എസ്.ആർ.ഐ.ടി.-യും തമ്മിലുള്ള ഇ-മെയിലുകളുടെ പകർപ്പ്**

231 (678) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഭാഗമായി കെൽട്രോണും, എസ്.ആർ.ഐ.ടി.-യും തമ്മിലുള്ള ഇ-മെയിലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

മത്സരാധിഷ്ഠിത ബിസിനസ് നടത്തുന്ന കമ്പനികൾ തമ്മിൽ ബിസിനസ് സംബന്ധമായി നടത്തുന്ന ചർച്ചകളടങ്ങുന്ന ഇ-മെയിലിന്റെ

പകർപ്പുകൾ വ്യാപാര രഹസ്യത്തിൽ ഉൾപ്പെട്ടതിനാലും ആയത് കമ്പനിയുടെ ബിസിനസ് സാധ്യതകളേയും മത്സരാധിഷ്ഠിത പ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിക്കുമെന്നതിനാലും പകർപ്പുകൾ നൽകുന്നതിന് നിർവാഹമില്ല.

**എ. ഐ. ക്യാമറകളുടെ ഡാറ്റ സുരക്ഷ**

232 (679) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ കണ്ടെത്തുന്ന നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ, ചിത്രങ്ങൾ, വീഡിയോകൾ എന്നിവ സൂക്ഷിക്കുന്ന സെർവറുകൾ ഏതാണെന്ന് വ്യക്തമാക്കാമോ?

മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലുള്ള തിരുവനന്തപുരത്തെ സെൻട്രൽ കൺട്രോൾ റൂമിലെ സെർവറുകളിലും ഇതുകൂടാതെ കേന്ദ്ര സർക്കാരിന്റെ MORTH-ന്റെ അധീനതയിലുള്ള വാഹന്റെ ഡൽഹിയിലുള്ള സെർവറുകളിലുമാണ് സൂക്ഷിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള സെർവറുകൾ കൈകാര്യം ചെയ്യുന്നത് ഏത് സ്ഥാപനമാണെന്ന് വിശദമാക്കാമോ?

സേഫ് കേരളയുമായി ബന്ധപ്പെട്ട സെൻട്രൽ കൺട്രോൾ റൂമിലെ സെർവറുകൾ കൈകാര്യം ചെയ്യുന്നത് എം.വി.ഡി.-യും കെൽട്രോണും ആണ്.

(സി) പ്രസ്തുത വിവരങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഉറപ്പുവരുത്തിയിരിക്കുന്നത്; ഡാറ്റ സുരക്ഷ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട രേഖകളുടെയും ഉടമ്പടികളുടെയും പകർപ്പ് ലഭ്യമാക്കാമോ?

വിവരങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് കെൽട്രോൺ സ്വീകരിച്ചിരിക്കുന്ന സംവിധാനങ്ങളുടെ വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു+. സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ കണ്ടെത്തുന്ന നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലുള്ള സെൻട്രൽ കൺട്രോൾ റൂമിലെ സെർവറുകളിലും ഇതുകൂടാതെ കേന്ദ്ര സർക്കാരിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

MORTH-ന്റെ അധീനതയിലുള്ള വാഹന്റെ ഡൽഹിയിലുള്ള സെർവറുകളിലുമാണ് സൂക്ഷിക്കുന്നത്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം സംബന്ധിച്ച്**

233 (680) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ എം എസ് അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പൊതുമേഖലാ വ്യവസായ രംഗത്ത് ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെയും നടപ്പിലാക്കിവരുന്ന പദ്ധതികളുടെയും പുരോഗതി സർക്കാർ തലത്തിലും റിയാബ് തലത്തിലും സമയബന്ധിതമായി

വിശകലനം ചെയ്യുകയും പ്രവർത്തന പുരോഗതിക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകി വരികയും ചെയ്യുന്നുണ്ട്. പൊതുമേഖലാ സ്ഥാപങ്ങളുടെ പൊതുവായ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ് 2021-22, 2022-23 കാലയളവിൽ യഥാക്രമം 4546.88, 4310.99 കോടി രൂപയും പ്രവർത്തനലാഭം യഥാക്രമം 264.57, 60.72 കോടി രൂപയുമാണ്. 2021-22 സാമ്പത്തിക വർഷം 23 സ്ഥാപനങ്ങളും 2022-23 സാമ്പത്തിക വർഷത്തിൽ 24 സ്ഥാപനങ്ങളും പ്രവർത്തനലാഭം കൈവരിച്ചിട്ടുണ്ട്.

- പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്ക് ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ ONDC യുമായി (Open Network for Digital Commerce) ധാരണാപത്രം ഒപ്പുവച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

- കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബിസിനസ്/ഓർഡറുകൾ

നേടിയെടുക്കുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ആദ്യമായി കേന്ദ്ര-സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളുടെ ബി2 ബി മീറ്റ് സംഘടിപ്പിക്കുകയും തുടർന്ന് വിവിധ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

- സർക്കാർ ധനസഹായത്തിനുപുറമെ ബാങ്കുകളിൽനിന്നും മറ്റു ധനകാര്യസ്ഥാപനങ്ങളിൽനിന്നും മൂലധന/പ്രവർത്തന മൂലധനസഹായം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് രൂപീകരിച്ച “ബാങ്കേഴ്സ് വർക്കിംഗ് ഗ്രൂപ്പ്" സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് സർക്കാരിൽ പരിശോധിച്ചുവരുന്നു.

- പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി മുഖേനയല്ലാതെയുള്ള എല്ലാ നിയമനങ്ങളും നടത്തുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

- പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്തത്തോടുകൂടി പ്രവർത്തന സ്വയംഭരണാവകാശം നൽകുന്നതിന്റെ ഭാഗമായി സമർപ്പിച്ച ശ്രീ. പോൾ ആന്റണി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾക്ക് തത്വത്തിൽ അംഗീകാരം നൽകി.

(ബി) ചാന്ദ്രയാൻ-3-ന്റെ നിർമ്മാണപ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിനും ഇതിനാവശ്യമായ ഘടകങ്ങൾ നിർമ്മിച്ച് നൽകുന്നതിനുമുള്ള ചുമതല സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭിച്ചിരുന്നോ വിശദമാക്കുമോ?

ലഭിച്ചിരുന്നു. ഇന്ത്യയുടെ ചാന്ദ്ര പര്യവേക്ഷണമായ ചന്ദ്രയാൻ-3 ദൗത്യത്തിൽ സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എടുത്തുപറയുന്ന പങ്കുവഹിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സ്ഥാപനങ്ങളും അവയുടെ സംഭാവനകളും ചുവടെ ചേർക്കുന്നു:-

- ടൈറ്റാനിയം സ്പോഞ്ച് ഉല്പാദിപ്പിക്കുന്ന രാജ്യത്തെ ഏക സ്ഥാപനമായ കെ.എം.എം.എൽ-ൽ നിന്നുള്ള ടൈറ്റാനിയം സ്പോഞ്ച് മെറ്റൽ

ഉപയോഗിച്ചുണ്ടാക്കിയ അലോയ്കളാണ് ചന്ദ്രയാൻ പേടകത്തിലെ ക്രിട്ടിക്കൽ കമ്പോണന്റ്സ് ഉണ്ടാക്കുന്നതിന് ഉപയോഗിച്ചിട്ടുള്ളത്.

- ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡാണ് റോക്കറ്റ് കുതിച്ചുയരുന്നതിനാവശ്യമായ ഖര ഇന്ധനം നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുവായ സോഡിയം ക്ലോറേറ്റ് ക്രിസ്റ്റൽ നിർമ്മിച്ച് നൽകിയിട്ടുള്ളത്.

- കെൽട്രോണിൽനിന്നും സാറ്റ്ലൈറ്റ് ലോഞ്ച് വെഹിക്കിൾ LVM-3 ലെ ഇന്റർഫേസ് പാക്കേജുകൾ, ഏവിയോണിക്സ് പാക്കേജുകൾ, ചന്ദ്രയാന് വേണ്ടിയുള്ള പവർ മോഡ്യൂളുകൾ, ടെസ്റ്റ് ആൻഡ് ഇവാലുവേഷൻ സപ്പോർട്ട് എന്നിങ്ങനെ 41 വിവിധ ഇലക്ട്രോണിക്സ് മോഡ്യൂൾ പാക്കേജുകളാണ് ചന്ദ്രയാൻ 3 മിഷനിൽ നൽകിയിട്ടുള്ളത്.

- സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡാണ് ചന്ദ്രയാൻ ദൗത്യത്തിന് ആവശ്യമായ അതിസങ്കീർണ്ണമായ ഫോർജിംഗ്സുകൾ നൽകിയത്.

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും സംരക്ഷിക്കുന്നതിനും സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ?

സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി മത്സരക്ഷമമാക്കുക എന്ന നയത്തിനോടൊപ്പം കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കേരളത്തിലെ കേന്ദ്ര പൊതുമേഖലാസ്ഥാപങ്ങളെ കൂടി ഏറ്റെടുത്ത് പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള ബദൽ വികസന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, സംയുക്ത സംരംഭമായ ഭെൽ-ഇ.എം.എൽ. എന്നീ സ്ഥാപനങ്ങളെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പുനർനാമകരണം ചെയ്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കെൽ-ഇ.എം.എൽ. എന്നീ പേരുകളിൽ പുതിയ പൊതുമേഖലാ സ്ഥാപനമായി പ്രവർത്തനമാരംഭിച്ച് പ്രവർത്തന പുരോഗതി കൈവരിച്ച് വരുന്നു. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ

സ്വീകരിച്ചെങ്കിലും കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ നിലപാട് ലഭ്യമായിട്ടില്ല.

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ**

234 (681) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി വർക്കല മണ്ഡലത്തിൽ ഉല്പാദന മേഖലയിലും സേവന മേഖലയിലും കച്ചവട മേഖലയിലുമായി എത്ര സംരംഭക യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി വർക്കല മണ്ഡലത്തിൽ 2022-2023 വർഷത്തിൽ ഉൽപാദന മേഖലയിൽ 137 സംരംഭങ്ങളും സേവന മേഖലയിൽ 433 സംരംഭങ്ങളും കച്ചവട മേഖലയിൽ 487 സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. 2023-2024 വർഷത്തിൽ 03-08-2023 വരെ ഉല്പാദന മേഖലയിൽ 5 സംരംഭങ്ങളും സേവന മേഖലയിൽ 20 സംരംഭങ്ങളും കച്ചവട മേഖലയിൽ 21 സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്.

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ എത്ര തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ?

2022-2023 വർഷത്തിൽ ആകെ 2039 തൊഴിലവസരങ്ങളും 2023-2024 വർഷത്തിൽ 03-08-2023 വരെ 90 തൊഴിലവസരങ്ങളും ഉണ്ടായിട്ടുണ്ട്.

(സി) പ്രസ്തുത സംരംഭങ്ങളുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ?

സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാണ്.

**കൈത്തറി മേഖലയിലെ പരിഷ്കാരങ്ങൾ**

235 (682) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയിൽ പരിഷ്കാരങ്ങൾ നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി 20-07-2022 ലെ GO (Rt) No. 730/2022/ID നമ്പർ സർക്കാർ ഉത്തരവുപ്രകാരം അഞ്ചംഗ വിദഗ്ധസമിതി രൂപീകരിച്ചിട്ടുണ്ട്. കൈത്തറിമേഖലയുടെ

പുരോഗതിക്കും സമഗ്രമായ വികസനത്തിനും ഭാവിയിൽ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമാണ് ഈ സമിതി രൂപീകരിച്ചിട്ടുള്ളത്.

കൈത്തറി മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, തറികളുടെ ആധുനികവൽക്കരണം, ഉല്പാദനക്ഷമത മെച്ചപ്പെടുത്തൽ, തറികളുടെ ഘടനയും പ്രവർത്തനലഘൂകരണവും സംബന്ധിച്ചുള്ള പഠനം, നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പരിശീലനം നൽകി കാര്യശേഷി വർദ്ധിപ്പിക്കൽ, മേഖലയിൽ മൂല്യവർദ്ധനയ്ക്കുള്ള സാധ്യതയെക്കുറിച്ചുള്ള പഠനം നടത്തുക, അപ്പെക്സ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുക എന്നിവയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ, സംസ്ഥാനത്ത് ആദ്യമായി 'ഡിസൈൻ ഫെസ്റ്റ്' നടത്തുന്നതിനുള്ള നടപടികൾ ഈ സാമ്പത്തിക വർഷം സ്വീകരിച്ചുവരുന്നു. ലോകോത്തര ഡിസൈനുകളെ കൈത്തറി മേഖലയിൽ

അവതരിപ്പിച്ചുകൊണ്ട് കേരള കൈത്തറിയുടെ വിപണി രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്നതാണ് ഡിസൈൻ ഫെസ്റ്റിന്റെ ലക്ഷ്യം.

(ബി) ക്ഷയിച്ചുകൊണ്ടിരിക്കുന്ന കൈത്തറി നിർമ്മാണശാലകളെ പുനഃരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാനത്തെ കൈത്തറി നിർമ്മാണശാലകളെ പുനഃരുജ്ജീപ്പിക്കുന്നതിന് പ്രാഥമിക സഹകരണസംഘങ്ങളുടെ ആധുനികവത്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനവും എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൻ കീഴിൽ ചുവടെ ചേർക്കുന്ന 7 ഘടകങ്ങൾക്കായി ഫണ്ട് അനുവദിച്ചുവരുന്നു. 2023-24 സാമ്പത്തിക വർഷം 550 ലക്ഷം രൂപ ഈ ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

1) വർക്ക് ഷെഡ് നവീകരണം

2) വ്യക്തിഗത വർക്ക് ഷെഡ് നവീകരണം

3) ഡൈ ഹൗസ് റിപ്പയറിംഗ്

4) ഒരു വീട്ടിൽ ഒരു തറി

5) ടെക്നോളജി അപ്ഗ്രഡേഷൻ ആന്റ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി

6) തറി/അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ/ഭാഗിക അറ്റകുറ്റപ്പണികൾ

7) റെസ്റ്റ്റൂം/സ്റ്റോറേജ് നിർമ്മാണവും ടോയ്‌ലറ്റ് നവീകരണവും

കൂടാതെ, പരമ്പരാഗത വ്യവസായമായ കൈത്തറിമേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽദിനങ്ങളും അധിക വേതനവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. കൈത്തറി മേഖലയിലാകമാനം ഒരു പുത്തനുണർവുണ്ടാക്കുവാൻ ഈ പദ്ധതിയിലൂടെ സാധ്യമായിട്ടുണ്ട്.

**കോട്ടയം ടെക്സ്റ്റൈൽസ് പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി**

236 (683) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി മണ്ഡലത്തിലെ കോട്ടയം ടെക്സ്റ്റൈൽസിലെ പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കോട്ടയം ടെക്സ്റ്റൈൽസ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണ്. നവീകരണത്തിന്റെ അഭാവവും ഉല്പാദന ക്ഷമതയിലെ കുറവും രാജ്യത്ത് അടുത്തിടയായി ടെക്സ്റ്റൈൽ മേഖലയിൽ മൊത്തമായി ബാധിച്ച പ്രതിസന്ധിയും കോട്ടയം ടെക്സ്റ്റൈൽസിനെ പ്രതികൂലമായി ബാധിച്ചു. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതമൂലം മില്ലിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ 02-03-2023 മുതൽ ഘട്ടംഘട്ടമായും തുടർന്ന് 15-05-2023 മുതൽ തുടർച്ചയായും മില്ല് ലേ ഓഫിലാണ്. മേൽ സാഹചര്യത്തിൽ സാമ്പത്തിക സഹായത്തിനായി കോർപ്പറേഷൻ സർക്കാരിനെ സമീപിച്ചു. ഈ സാമ്പത്തികവർഷം പ്രവർത്തനമൂലധനമായി 5 കോടി രൂപ 04-08-2023-ന് കോർപ്പറേഷന്റെ ട്രഷറി അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 107.5 ലക്ഷം രൂപ കോട്ടയം ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം

പുനഃരാരംഭിക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. മിൽ തുറന്നു പ്രവർത്തിക്കുന്നതിലേയ്ക്കായി പ്രധാന കുടിശ്ശികകളായ വൈദ്യുതി കുടിശ്ശികയ്ക്കായി 20 ലക്ഷം രൂപയും അസംസ്കൃത വസ്തുക്കൾക്കായി 64 ലക്ഷം രൂപയും തൊഴിലാളികളുടെ ലേ ഓഫ് വേതനയിനത്തിൽ 17.5 ലക്ഷം രൂപയും ബാക്കി മറ്റു കുടിശ്ശികകൾക്കുമായാണ് മേൽപ്പറഞ്ഞ തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവർത്തനമൂലധനം വിനിയോഗിച്ച് നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കോട്ടയം ടെക്സ്റ്റൈൽസിലെ പ്രധാന പ്രശ്നമായ നൂൽ ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

അസംസ്കൃത വസ്തുവായ പരുത്തിയുടെ അനിയന്ത്രിതമായ വില വർദ്ധനവ് കോട്ടയം ടെക്സ്റ്റൈൽസ് നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്നാണ്. മില്ലുകളുടെ പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുവാനായി ഗുണനിലവാരമുള്ള പരുത്തി ന്യായമായ

വിലയിൽ വാങ്ങുന്നതിനായി സർക്കാർ അഞ്ചംഗ കോട്ടൺ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കോട്ടൺ ബോർഡിന് പ്രവർത്തനമൂലധനത്തിനായി റിവോൾവിംഗ് ഫണ്ടായി ഒരു കോടി രൂപയ്ക്ക് 2023-24 സാമ്പത്തിക വർഷം ഭരണാനുമതി നൽകുകയും പ്രസ്തുത തുക അനുവദിച്ചുനൽകുകയും ചെയ്തു.

(സി) ഭീമമായ വൈദ്യുതി കുടിശ്ശിക ഉണ്ടായത് പരിഹരിക്കുന്നതിന് അടിയന്തര ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

കോട്ടയം ടെക്സ്റ്റൈൽസിലെ നിലവിലെ മൊത്തം വൈദ്യുതി കുടിശ്ശിക 765.64 ലക്ഷം രൂപയാണ്. ഭീമമായ വൈദ്യുതി കുടിശിക നിലനിൽക്കുന്ന സാഹചര്യത്തിൽ സാമ്പത്തിക സഹായത്തിനായി കോർപ്പറേഷൻ സർക്കാരിനെ സമീപിക്കുകയും സർക്കാരിൽനിന്നും പ്രവർത്തന മൂലധനം 5 കോടി രൂപ റിലീസ് ചെയ്തുനൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും 20 ലക്ഷം രൂപ വൈദ്യുതി കുടിശ്ശിക ഭാഗികമായി അടച്ചുതീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നൂലിന്റെ വിലവർദ്ധനവും ലഭ്യതക്കുറവും കാരണം പ്രതിസന്ധിയിലായിരിക്കുന്ന ടെക്സ്റ്റൈൽ മേഖലയെ രക്ഷിക്കാൻ പുതിയ

പാക്കേജ് നിർദ്ദേശിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത സ്ഥാപനം വൈവിധ്യവൽക്കരിക്കാനും ആധുനികവൽക്കരിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

രാജ്യത്താകെ ടെക്സ്റ്റൈൽ രംഗം വലിയ പ്രതിസന്ധി നേരിടുകയാണ്. അയൽ സംസ്ഥാനങ്ങളിൽ ഉൾപ്പെടെ മില്ലുകൾ അടച്ചുപൂട്ടി. യൂണിയൻ ഗവൺമെന്റിന്റെ നയങ്ങളിൽ മാറ്റം വന്നാൽ മാത്രമേ ഈ പ്രതിസന്ധി മറികടക്കാൻ കഴിയുകയുള്ളൂ. എന്നാൽ ഈ പ്രതിസന്ധിയ്ക്കുമുമ്പ്, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നവീകരണ പദ്ധതികൾ ഘട്ടംഘട്ടമായി ഓരോ വർഷവും ആസൂത്രണം ചെയ്ത് നടത്തിവരുന്നു. മില്ലുകളുടെ പ്രവർത്തനക്ഷമതയും ഉല്പാദനക്ഷമതയും ഉയർത്തി ലാഭകരമാക്കുന്നതിനായി പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളോട് മാസ്റ്റർ പ്ലാൻ ഉണ്ടാക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ 7 മില്ലുകൾക്കും പുതിയ വികസന പദ്ധതികൾക്കും ടെസ്റ്റിംഗ് ലാബിനും (CARDT) വേണ്ടി വരുന്ന 10 വർഷത്തേയ്ക്കുള്ള 318.89 കോടി രൂപയുടെ നവീകരണ വികസന

പദ്ധതികൾക്കായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വളരെ പഴക്കം ചെന്ന മൂന്ന് മില്ലുകളിലും ഭാഗീകമായി നവീകരിക്കപ്പെട്ട ഒരു മില്ലിലും പുതിയ മൂന്ന് മില്ലുകളിലും അത്യാധുനിക രീതിയിലുള്ള യന്ത്രസാമഗ്രികളായ ഓട്ടോ കോണർ, യാൺ കണ്ടീഷനിംഗ് മെഷീൻ മുതലായവ സ്ഥാപിക്കൽ, യൂണിറ്റുകളിലെ നിലവിലെ സാങ്കേതിക വിദ്യയായ ലാപ് ഫീഡ് ടെക്നോളജിയിൽനിന്നും ച്യൂട്ട് ഫീഡ് ടെക്നോളജിയിലേയ്ക്കുള്ള മാറ്റം, കൂടാതെ നിലവിലെ പഴക്കം ചെന്നതും, കാലഹരണപ്പെട്ടതുമായ യന്ത്രസാമഗ്രികൾ മാറ്റി സ്ഥാപിക്കുക എന്നീ നവീകരണ വികസന പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടന്നുവരുന്നു. മാസ്റ്റർ പ്ലാൻ നടപ്പിലാക്കുമ്പോൾ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾ ലാഭകരമാക്കുന്നതിന് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനായി മാസ്റ്റർപ്ലാൻ പദ്ധതിയിൽ 59.05 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുപ്രകാരം ആദ്യ ഗഡുവായി, രണ്ട് ഓട്ടോ കോണർ മെഷീനും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി 15.15

കോടി രൂപയ്ക്ക് നടപ്പു സാമ്പത്തികവർഷം പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് ടെക്സ്റ്റൈൽസ്**

237 (684) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് ടെക്സ്റ്റൈൽസിൽ ക്ലറിക്കൽ സ്റ്റാഫുകളുടെയും തൊഴിലാളികളുടെയും കരാർ കാലാവധി പുതുക്കുന്നതിൽ ക്ലറിക്കൽ സ്റ്റാഫുകളുടെ കരാർ കാലാവധി മാത്രം വിട്ടുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ടെക്സ്റ്റൈൽസിലെ ക്ലറിക്കൽ തൊഴിലാളികളുടെ കരാർ കാലാവധി നീട്ടിനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ & ബി) എടരിക്കോട് ടെക്സ്റ്റൈൽസിൽ നിലവിൽ ക്ലറിക്കൽ തസ്തികയിൽ കരാർ ജീവനക്കാരാരും തന്നെയില്ല.

(സി) എടരിക്കോട് ടെക്സ്റ്റൈൽസ് അടച്ച് പൂട്ടിയതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റായ എടരിക്കോട് ടെക്സ്റ്റൈൽസ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണ്. അസംസ്കൃതവസ്തുക്കൾ വാങ്ങിയ വകയിൽ കുടിശ്ശികയുള്ളതിനാലും തുടർന്നും അസംസ്കൃതവസ്തുക്കൾ വാങ്ങുവാൻ പ്രവർത്തന മൂലധനത്തിന്റെ അഭാവത്താലും മില്ലിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ 22-02-2023 മുതൽ മില്ല് ലേ ഓഫ് ചെയ്യാൻ മാനേജ്മെന്റ് നിർബന്ധിതരായി.

(ഡി) ഈ ടെക്സ്റ്റൈൽസ് അടച്ചുപൂട്ടാനുണ്ടായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടിട്ടുണ്ടോ; പ്രസ്തുത ടെക്സ്റ്റൈൽസ് എന്ന് തുറന്ന് പ്രവർത്തിക്കുമെന്ന് വിശദമാക്കാമോ?

രാജ്യത്തെ ടെക്സ്റ്റൈൽ മേഖലയിലുണ്ടായ പ്രതിസന്ധിയുടെ ഫലമായി താരതമ്യേന നവീകരണം കുറഞ്ഞ എടരിക്കോട് ടെക്സ്റ്റൈൽസ് പ്രവർത്തന മൂലധനക്ഷാമംമൂലം ലേ ഓഫ് ചെയ്യപ്പെടുകയാണുണ്ടായത്. പ്രസ്തുത മില്ലിലെ

മെഷീനുകളെല്ലാം കാലപ്പഴക്കം ചെന്നവയാണ്. ഇതുമൂലം ഉല്പന്നങ്ങളുടെ ഗുണമേന്മയിലുണ്ടാകുന്ന തകർച്ച പ്രവർത്തന മൂലധന ശോഷണത്തിലേയ്ക്ക് നയിക്കുന്നു. മില്ലിന്റെ ഉല്പന്നങ്ങൾക്ക് വിപണിയിൽ മതിയായ വില ലഭിക്കാത്തതും അസംസ്കൃതവസ്തുക്കൾക്ക് അനിയന്ത്രിതമായി വില വർദ്ധിച്ചതും മില്ലിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. അസംസ്കൃത വസ്തുക്കൾ വാങ്ങിയ വകയിലുള്ള കുടിശ്ശിക നൽകിയാൽ മാത്രമേ തുടർന്നും അസംസ്കൃതവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കി മില്ലിന്റെ പ്രവർത്തനം പുനഃരാരംഭിക്കാൻ സാധിക്കുകയുള്ളൂ. ആയതിലേയ്ക്കുവേണ്ടി ഈ സാമ്പത്തിക വർഷം പ്രവർത്തന മൂലധനമായി ടെക്സ്റ്റൈൽ കോർപ്പറേഷന് 5 കോടി രൂപ അനുവദിച്ചുത്തരവാകുകയും പ്രസ്തുത തുകയിൽനിന്ന് 115 ലക്ഷം രൂപ (ഒരു കോടി പതിനഞ്ച് ലക്ഷം രൂപ) മില്ലിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**പരമ്പരാഗതവ്യവസായ മേഖലയിലെ ഉല്പന്നങ്ങൾക്ക് വിപണി**

238 (685) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗതവ്യവസായ മേഖലയിലെ വിവിധ ഉല്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിനായി ഒരു ഓൺലൈൻ പ്ലാറ്റ്ഫോം ആവിഷ്കരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പരമ്പരാഗതമേഖലയിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ ഓൺലൈനിൽ വിപണനം നടത്തുന്നതിന്റെ ഭാഗമായി ഒരു ഇ-കൊമേഴ്സ് പോർട്ടൽ രൂപീകരിക്കുന്നതിനായി തീരുമാനിച്ചിരുന്നു. കെൽട്രോണിന്റെ സഹായത്തോടുകൂടി ഈ പോർട്ടൽ തയ്യാറാക്കുന്നതിനായി റിയാബിനെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി ഒരു e-commerce portal രൂപീകരിച്ച് ഹാൻഡി ക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ഹാൻടെക്സ്, കേരള ആർട്ടിസാൻസ് ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (കേരള സോപ്പ്സ്), കെ.സി.സി.പി ലിമിറ്റഡ്, കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ്

കോർപ്പറേഷൻ, കാപ്പക്സ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോമാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ ഏകദേശം 200-ഓളം ഉൽപ്പന്നങ്ങൾ ഓൺലൈൻ മുഖേന വിപണനം നടത്തുന്നതിനായി സജ്ജമാക്കിയിട്ടുണ്ട്. ഇതിനായി യുപിഐ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ പേയ്മെന്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഉല്പന്നങ്ങൾ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനായി ലോജിസ്റ്റിക്സ് പാർട്ട്ണറായി ഇന്ത്യ പോസ്റ്റിനെയും നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇന്ത്യപോസ്റ്റ്, ഫെഡറൽ ബാങ്ക് എന്നിവരുടെ സോഫ്റ്റ്‌വെയറുമായി കെൽട്രോൺ തയ്യാറാക്കിയ പോർട്ടലിൽ ഇന്റഗ്രേഷൻ ചെയ്തിട്ടുണ്ട്. ഈ പോർട്ടലിൽ മറ്റു പൊതുമേഖല സ്ഥാപനങ്ങളുടെ ഓൺലൈനിൽ വിപണന സാധ്യതയുള്ള ഉല്പന്നങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഈ പോർട്ടൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള ഒരുക്കങ്ങൾ അവസാനഘട്ടത്തിലാണ്.

മേല്പറഞ്ഞതുകൂടാതെ രാജ്യത്തെ ഓൺലൈൻ വ്യാപാരമേഖല രംഗത്ത് ചെറുകിട ഇടത്തരം വ്യാപാരികൾക്കുകൂടി അവസരം ഒരുക്കുന്നതിനായി

കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിൽ വികസിപ്പിച്ച ഓൺലൈൻ പോർട്ടൽ ആയ ഒ.എൻ.ഡി.സി. (ഓപ്പൺ നെറ്റ് വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ്) യുമായി സംസ്ഥാന സർക്കാർ ധാരണാപത്രം ഒപ്പുവെച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ചെറുകിട ഇടത്തരം വ്യവസായങ്ങൾ കൂടാതെ പൊതുമേഖല സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ കൂടി ഈ പോർട്ടൽ മുഖാന്തരം വിപണനം ചെയ്യുന്നതിനുള്ള അവസരം ലഭിക്കും. സംസ്ഥാനത്ത് പരമ്പരാഗത മേഖലയിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖല സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളോട് ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് വിപണനം നടത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. ഡിജിറ്റൽ വ്യാപാര മേഖലയുടെ നിലവിലുള്ള കേന്ദ്രീകൃത മാതൃകയിൽനിന്ന് പൊതു വ്യാപാര ശൃംഖലയിലേയ്ക്കുള്ള മാറ്റമാണ് ഈ പോർട്ടൽ കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

കേരള സർക്കാർ മുൻകയ്യെടുത്ത് ഓൺലൈൻ പ്ലാറ്റ്ഫോമായ ONDC (ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സ്)-ൽ കാപ്പക്സ് രജിസ്റ്റർ

ചെയ്തിട്ടുള്ളതും വില്പന ഓൺലൈൻ വഴി ആരംഭിച്ചിട്ടുള്ളതുമാണ്. കേരള സർക്കാരിന്റെ ഇ-കൊമേഴ്സ് ഓൺലൈൻ പ്ലാറ്റ്ഫോമിലും കാപ്പക്സ് നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും പ്രസ്തുത ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം വഴിയുള്ള ഓൺലൈൻ വ്യാപാരത്തിന്റെ കമ്മീഷനിംഗ് ഉടൻ നടപ്പാക്കുന്നതുമാണ്. കൂടാതെ കാപ്പക്സ് സ്വന്തം വെബ്സൈറ്റ് വഴിയുള്ള വ്യാപാരത്തിന് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

പരമ്പരാഗത മേഖലയിലെ വിവിധ ആർട്ടിസാൻസ് ഉല്പന്നങ്ങൾക്ക് കൂടുതൽ വിപണനം കണ്ടെത്തുന്നതിനായി കാഡ്കോ കേന്ദ്ര സർക്കാർ സംരംഭമായ ONDC Platform-ൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. കാഡ്കോയുടെ ലേബർ ഡേറ്റാ ബാങ്കിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ആർട്ടിസാൻമാരുടെ ഉല്പന്നങ്ങൾ പൊതുവിപണിയിലും ആഗോള വിപണിയിലും എത്തിക്കാനുള്ള നടപടികൾ ONDC-ലൂടെ സ്വീകരിക്കുന്നതായിരിക്കും. ഇതുകൂടാതെ ഗവൺമെന്റ് E-Market Place ആയ (GEM)-ലും കാഡ്കോ അംഗത്വം നേടിയിട്ടുണ്ട്. Goshopy എന്ന കേരള സർക്കാർ ഓൺലൈൻ പ്ലാറ്റ്ഫോമിലും കാഡ്കോ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ വിവിധ

കൈത്തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ടി മാധ്യമങ്ങൾ മുഖേന വിപണിയിൽ എത്തിച്ച് ആയവ വിറ്റഴിക്കാവുന്നതാണ്.

ONDC Platform-ലൂടെ കശുവണ്ടി വികസന കോർപ്പറേഷൻ കാഷ്യൂ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കരകൗശല ഉൽപ്പന്നങ്ങളുടെ വിപണനവും ഇതിലൂടെ സാധ്യമാകുന്നുണ്ട്. ഖാദിഗ്രാമ വ്യവസായ ബോർഡ് ഫ്ലിപ്കാർട്ടുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

DIC പരമ്പരാഗത വ്യവസായ മേഖലയിലെ സംരംഭകർ ഉൾപ്പെടെയുള്ള വ്യവസായികൾക്ക് തങ്ങളുടെ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വില്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അത്തരം ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനുമായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (K-BIP) മുഖേന നിലവിൽ ഓൺലൈൻ പ്ലാറ്റ്ഫോം പ്രവർത്തിച്ചുവരുന്നു. പരമ്പരാഗത വ്യവസായ മേഖലയിലെ വിവിധ ഉല്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി കേന്ദ്രീകൃത

ഓൺ ലൈൻ പ്ലാറ്റ്ഫോമായ ബി 2 ബി (ബിസിനസ്സ്) പോർട്ടലാണ് K-BIP-ന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നത്.

**ബി2 ബി വെബ് പോർട്ടൽ**

കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉല്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്കും പരമ്പരാഗത വ്യവസായ മേഖലയിലെ ഉല്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി വ്യവസായ വകുപ്പിനു വേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് K-BIP മുഖേന ഒരു ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഒരു ഓൺലൈൻ പോർട്ടൽ രൂപീകരിച്ചു. വ്യവസായ വാണിജ്യ വകുപ്പ് രൂപീകരിച്ച ഈ വെബ്പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉല്പാദകർക്ക് ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉല്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ സംസ്ഥാനങ്ങളിലേയ്ക്ക് തങ്ങളുടെ വ്യാപാരശൃംഖല വളരുവാനും സഹായകമാകും. കേരളത്തിലെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ

സഹകരണത്തോടെ 14 ജില്ലകളിലും എസ്.എം.ഇ. പോർട്ടൽ രജിസ്ട്രേഷനായുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു.

നിലവിൽ ആയിരത്തിലധികം സൂക്ഷ്മ ചെറുകിട ഇടത്തരം സംരഭങ്ങളും പരമ്പരാഗത വ്യവസായ മേഖലയിലെ കരകൗശല വിദഗ്ധരും/സംരംഭകരും കേരളത്തിലെ വിവിധ പൊതുമേഖലസ്ഥാപനങ്ങളും ഈ വെബ്പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ തുടർന്നുവരുന്നു.

നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ് പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്താൻ സാധിക്കും. ഇത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിലെ വ്യവസായങ്ങൾക്കും പൊതുമേഖലാസ്ഥാപനങ്ങൾക്കും കരകൗശല വിദഗ്ധർ/ സംരംഭകർ എന്നിവർക്ക് ദേശീയ വിപണികളിൽ കടന്നുചെല്ലാനും പ്രത്യേകിച്ചും കോവിഡ് 19 കാലത്തിനുശേഷം അവർക്ക്

പ്രയോജനപ്പെടുന്ന ദേശീയ ബെയർമാർ/കമ്പനികളുമായി വ്യാപാര പങ്കാളിത്തത്തിൽ ഏർപ്പെടാനും സാധിക്കും.

കേരള ഇ-മാർക്കറ്റ് പോർട്ടൽ മുഖേന കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെയും പരമ്പരാഗത വ്യവസായമേഖലയിലെ ഉല്പന്നങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും നൂതനമായ ഉല്പന്നങ്ങളുടെ സവിശേഷതകളും സാങ്കേതികതയും പ്രദർശിപ്പിക്കാൻ സാധിക്കുന്നു. ബി2 ബി വെബ് പോർട്ടൽ കേരളത്തിലെ വ്യവസായ സംരംഭങ്ങൾക്കും പരമ്പരാഗത വ്യവസായ മേഖലയ്ക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും എല്ലാ തരത്തിലും പരസ്പര വ്യവഹാരം നടത്തുവാനും ബിസിനസ്സ് ടു ബിസിനസ്സിനായി (ബി2 ബി) ഒരു വേദിയായും, ഇ-കാറ്റലോഗിംങ് തുടങ്ങിയവയ്ക്കായും പ്രയോജനപ്രദമാകുന്നു.

കയർഫെഡ് ഒരു ഇ-കോമേഴ്സ് പോർട്ടൽ തയ്യാറാക്കി ട്രയൽ റൺ നടന്നുവരുന്നു. പരമ്പരാഗത വ്യവസായ ഉല്പന്നങ്ങൾ ആമസോൺ, പെപ്പർഫ്രൈ മുതലായ ഓൺലൈൻ സൈറ്റുകളിലും കയർ കോർപ്പറേഷന്റെ

ഷോപ്പിംഗ് കാർട്ട് സൈറ്റ്, ഒ.എൻ.ഡി.സി., കേരള ഇ-കോം മുതലായ വെബ്സൈറ്റുകൾ വഴിയും വില്പന നടത്തിവരുന്നു.

**പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

239 (686) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ സി.ഐ.എൻ.ഡി. (റ്റി1) സഹകരണ സംഘത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം നിർവ്വഹിക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ സി.ഐ.എൻ.ഡി.(റ്റി1), മാരായമുട്ടം (പി.ഒ.) എന്ന സംഘം ഇപ്പോൾ പ്രവർത്തനരഹിതമാണ്. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

(ബി) ആകെ എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത സംഘത്തിനുള്ളതെന്നും നിലവിൽ ഇതിന്റെ ഉടമസ്ഥത ആർക്കാണെന്നും വ്യക്തമാക്കുമോ; പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോയെന്നും എത്ര രൂപയാണ് ബാധ്യതയെന്നും ബാധ്യതകളുടെ വിശദാംശം ഉൾപ്പെടെ ലഭ്യമാക്കാമോ?

സംഘത്തിന് 9 (ഒമ്പത്) ആർ സ്ഥലം ഉണ്ട്. വസ്തുവിന്റെ ഉടമ സംഘം ആണ്. കേരള സഹകരണ നിയമപ്രകാരം ഈ സംഘത്തിന്റെ രജിസ്ട്രാർ കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് സെക്രട്ടറിയാണ്. സ്ഥലം ജാമ്യമായി നൽകി വായ്പയെടുത്ത വകയിൽ സംഘത്തിന് ഖാദി ബോർഡിൽ ബാധ്യതയുണ്ട്. 31-07-2023 പ്രകാരമുള്ള ബാധ്യത കണക്ക് താഴെപ്പറയുന്നു.

| | |
|---|---|
| മുതൽ | 1,63,384 |
| പലിശ | 3,51,970 |
| പിഴപ്പലിശ | 5,11,365 |
| സ്റ്റേഷനറി ചാർജ്ജ് | 1,000 |
| സർവ്വീസ് ചാർജ്ജ് @7.50% | 77,079 |
| ആകെ ബാധ്യത | 11,04,798 |

(സി) ഈ സംഘത്തിന്റെ പേരിലുള്ള ബാധ്യതകൾ പെരുങ്കടവിള ഗ്രാമപഞ്ചായത്ത് തീർപ്പാക്കിയാൽ സംഘത്തിന്റെ പേരിൽ റീസർവ്വെ 645/2-ൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലം മാരായമുട്ടം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറുന്നതിന് നടപടി സ്വീകരിക്കാമോ; ഇതിലേയ്ക്കായി എന്തെങ്കിലും നിയമ തടസ്സങ്ങളുണ്ടോയെന്നും വിശദമാക്കുമോ?

ആസ്തി കൈമാറ്റം നടത്തുന്നതിന് സഹകരണ ചട്ടം 13 അനുസരിച്ച് പതിനഞ്ച് ദിവസത്തെ നോട്ടീസ് നൽകി വിളിച്ചുചേർക്കുന്ന പൊതുയോഗത്തിൽ ഹാജരായി വോട്ടുചെയ്യപ്പെട്ട ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭാഗം പേരുടെ പിന്തുണയോടെ പാസ്സാക്കിയ ആസ്തി കൈമാറ്റം സംബന്ധിച്ച ഒരു തീരുമാനം എടുക്കേണ്ടതാണ്.

സംഘത്തിന്റെ സ്ഥലം ബാധ്യതകൾ ഒന്നുമില്ലാതെ ആഭ്യന്തര വകുപ്പിന് കൈമാറുന്നതിന് നടപടിയെടുക്കാൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഖാദി ബോർഡിൽനിന്നും ബാധ്യത തീർക്കുന്നതിന് പഞ്ചായത്തിന് കത്ത് നൽകിയിരുന്നു. എന്നാൽ വസ്തുകൈമാറ്റം നടത്തിയതിനുശേഷം തുക One

Time Settlement ആയി അടയ്ക്കാമെന്നാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. എന്നാൽ ബാധ്യത തീർപ്പാക്കിയാൽ മാത്രമേ NOC നൽകുവാൻ രജിസ്ട്രാർക്ക് സാധിക്കുകയുള്ളൂ.

(ഡി) ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ കമ്മിറ്റി തീരുമാനം ഉള്ളടക്കം ചെയ്ത് നൽകിയിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളും പ്രസ്തുത ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരങ്ങളും ലഭ്യമാക്കാമോ?

പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക സ്ഥലം മാരായമുട്ടം പോലീസ് സ്റ്റേഷന് നൽകാൻ 21-04-2016-ലെ ഖാദി ബോർഡ് യോഗം തീരുമാനിച്ചു. ബോർഡിന് കിട്ടാനുള്ള കുടിശ്ശിക അടച്ച് തുടർനടപടി സ്വീകരിക്കാൻ പെരുങ്കടവിള ഗ്രാമ പഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശം പാലിച്ച് പെരുങ്കടവിള ഗ്രാമ പഞ്ചായത്തിന്റെ 09-06-2017-ലെ യോഗത്തിൽ 14(6) നമ്പർ തീരുമാനമായി, ഈ വസ്തു ഏറ്റെടുക്കാനും ഖാദി ബോർഡ് ആവശ്യപ്പെട്ടതുപ്രകാരം പഞ്ചായത്ത് ചെലവിൽ ടി സ്ഥലത്ത് ഒരു ഖാദി ഉല്പാദനകേന്ദ്രം കൂടി നിർമ്മിച്ചുനൽകാനും

തീരുമാനിച്ചതായി പഞ്ചായത്ത് അറിയിച്ചിരുന്നെങ്കിലും കുടിശ്ശിക അടയ്ക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. 26-06-2023-ൽ ഭൂമിയുടെ ഉടമസ്ഥാവകാശം ലഭ്യമാക്കുന്നമുറയ്ക്ക് One Time Settlement ആയി നടപടിക്രമങ്ങൾ പൂർത്തിയാക്കാമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഖാദി ബോർഡിന്റെ 5825/2015/സഹ. എന്ന ഫയലിലാണ് ഈ വിഷയം കൈകാര്യം ചെയ്യുന്നത്.

**കിഴക്കമ്പലം ഖാദി ഇൻഡസ്ട്രിയൽ കോംപ്ലക്സ്**

240 (687) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ കിഴക്കമ്പലം ഖാദി ഇൻഡസ്ട്രിയൽ കോംപ്ലക്സിൽ ഏതെല്ലാം യൂണിറ്റുകളാണ് പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിലെ കിഴക്കമ്പലം ഖാദി ഇൻഡസ്ട്രിയൽ കോംപ്ലക്സിൽ ഫയൽ ബോർഡ് നിർമ്മാണ യൂണിറ്റ്, പേപ്പർ ക്യാരി ബാഗ് യൂണിറ്റ്, ഡിറ്റർജെന്റ് പാക്കിംഗ് യൂണിറ്റ് എന്നിവ പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത കോംപ്ലക്സിൽ പുതുതായി ആരംഭിച്ച ഖാദി ബ്രൈറ്റ് ഡിറ്റർജന്റ് യൂണിറ്റിന്റെ പ്രവർത്തനപുരോഗതി വിശദമാക്കാമോ?

5528 കിലോ ഖാദി ബ്രൈറ്റ് ഡിറ്റർജെന്റ് പാക്ക് ചെയ്തു. അതിൽ 5175 കിലോ വില്പന നടത്തി. ബാക്കി സ്റ്റോക്കുള്ള 353 കിലോ വില്പന നടക്കുന്നമുറയ്ക്ക് ഉല്പാദനം തുടങ്ങുന്നതാണ്.

(സി) 2022-23 വർഷത്തെ വ്യവസായ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന സ്റ്റാർച്ച് യൂണിറ്റ്, ഗാർമെന്റ് യൂണിറ്റ് എന്നിവ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

കിഴക്കമ്പലം ഗ്രാമ വ്യവസായ യൂണിറ്റിൽ അനുവദിച്ച സ്റ്റാർച്ച് യൂണിറ്റ്, റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ് എന്നിവ പ്ലാൻ ഫണ്ട് ലഭിക്കുന്നമുറയ്ക്ക് ആരംഭിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ കയർ സംഘങ്ങൾ**

241 (688) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്വകാര്യ, സഹകരണ

മേഖലകളിലായി എത്ര കയർ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കയർ വ്യവസായ സഹകരണ സംഘങ്ങളുടെ എണ്ണം - 21

സ്വകാര്യ കയർ യൂണിറ്റുകളുടെ എണ്ണം - 10

(ബി) പ്രസ്തുത സംഘങ്ങളിൽ എത്ര സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും ആയതിലൂടെ എത്രപേർക്ക് തൊഴിൽ ലഭിക്കുന്നുണ്ടെന്നും അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന കയർ വ്യവസായ സഹകരണ സംഘങ്ങളുടെ എണ്ണം - 4

തൊഴിലാളികളുടെ എണ്ണം - 44

സ്വകാര്യ കയർ യൂണിറ്റുകളുടെ എണ്ണം - 6

തൊഴിലാളികളുടെ എണ്ണം - 65

**കയറുൽപാദന സഹകരണ സംഘങ്ങൾക്ക് സഹായ പദ്ധതികൾ**

242 (689) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തിൽ കയറുല്പാദന സഹകരണ സംഘങ്ങളെയും കയറുല്പാദന സഹകരണ സംഘങ്ങളിലെ യന്ത്രവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കയർ സംഘങ്ങൾക്ക് വിവിധ കയർ ഉല്പാദന ഉപകരണങ്ങൾ നല്കിയിരുന്നതുപോലെ എന്തെങ്കിലും സഹായപദ്ധതികൾ കയർ സഹകരണ സംഘങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ തുടർച്ചയായി 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിനും

അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി നാളിതുവരെ 33.29 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) നൽകിയ യന്ത്രങ്ങൾ ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുത്തുന്നുവെന്നും പോരായ്മകൾ എന്തെങ്കിലും ഉണ്ടോയെന്നും എങ്കിൽ ആയത് പരിശോധിക്കുന്നതിന് നടപടികൾ കൈകൊണ്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

കേരള സംസ്ഥാന കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡാണ് കയർ സംഘങ്ങൾക്ക് വിവിധ കയർ ഉല്പാദന ഉപകരണങ്ങൾ വിതരണം ചെയ്യുന്നത്. സംസ്ഥാനത്ത് പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട്, കാലാനുസൃതമായ യന്ത്രവൽകരണത്തിലൂടെയും ഉല്പന്ന വൈവിധ്യവത്കരണത്തിലൂടെയും കയർമേഖലയുടെ നവീകരണത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഓട്ടോമാറ്റിക് ലൂമുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

പോരായ്മകൾ റിപ്പോർട്ട് ചെയ്താൽ പരിഹാരനടപടികൾ സ്വീകരിക്കുന്നതിന് കേരള സംസ്ഥാന കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കയർ മേഖലയുടെ നവീകരണം**

243 (690) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് കാലാനുസൃതമായ യന്ത്രവൽകരണത്തിലൂടെയും ഉല്പന്ന വൈവിധ്യവൽക്കരണത്തിലൂടെയും കയർമേഖലയുടെ നവീകരണത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഓട്ടോമാറ്റിക് ലൂമുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ വിവിധ യൂണിറ്റുകളിൽ ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച്

വിതരണം ചെയ്തുവരുന്നു. ഉല്പന്ന വൈവിധ്യവത്കരണത്തിന്റെ ഭാഗമായി കയർഫെഡ് ചകിരിചോറിൽനിന്നും വ്യാവസായികാടിസ്ഥാനത്തിൽ ജൈവവളം ഉല്പാദിപ്പിച്ച് വിപണിയിൽ എത്തിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ സഹകരണ സംഘങ്ങളെ സഹായിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ കയർ സംഘങ്ങൾക്ക് ഉല്പാദനത്തിനും വിപണനത്തിനുമുള്ള (പി.എം.ഐ.) പദ്ധതിയിൽ ആകെ 23.025 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനവും യന്ത്രവൽക്കരണവും പദ്ധതിയിൽ നാളിതുവരെ 33.29 കോടി രൂപയും വിപണി വികസന (എം.ഡി.എ.) പദ്ധതിയിൽ മാറ്റ്സ് ആൻഡ് മാറ്റിംഗ് കയർ സംഘങ്ങൾക്ക് 1.45 കോടി രൂപയും ഇൻകം സപ്പോർട്ട് പദ്ധതിയിലൂടെ 32.34 കോടിരൂപയും നാളിതുവരെ അനുവദിച്ചിട്ടുണ്ട്. പുനരുദ്ധാരണം, പ്രവർത്തന മൂലധനം, മാനേജീരിയൽ ഗ്രാന്റ് എന്നീ

ആവശ്യങ്ങൾക്കായി 8.5 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(സി) കയർ മേഖലയുടെ നവീകരണത്തിന്റെ ഭാഗമായി തൊഴിലാളികളെ പുതിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും സർക്കാർ ഒരു വിദഗ്ധസമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൂടി പരിഗണിച്ച് പരമ്പരാഗത തൊഴിലാളികളുടെ നൈപുണ്യ വികസനവും അതുവഴി കയറുല്പന്നങ്ങളുടെ വൈവിധ്യവത്ക്കരണവും ലക്ഷ്യമിട്ടുകൊണ്ട് പരമ്പരാഗത കയർ തൊഴിലാളികൾക്ക് മൂന്നുമാസം ദൈർഘ്യമുള്ള പരിശീലന പരിപാടിക്ക് 08-07-2023 തീയതിയിലെ സ.ഉ. (സാധാ) നം.702/2023/വ്യവ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. അതോടൊപ്പം, കയർ തൊഴിലാളികൾക്ക് നൈപുണ്യ വികസനത്തിന്റെ ഭാഗമായി ഫ്രെയിമുകളിൽ കയർ മാറ്റുകൾ നെയ്തെടുക്കുന്നതിനുള്ള

പരിശീലനം സ്റ്റൈപന്റോടുകൂടി നൽകുന്നതിന് സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തുകയും പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കയർമേഖലയുടെ നവീകരണത്തിന്റെ ഭാഗമായി ഇ-റാട്ടും ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനും ഓട്ടോമാറ്റിക് ലൂമുകളും സ്ഥാപിച്ച് യന്ത്രവത്ക്കരണം നടപ്പാക്കിയിട്ടുള്ളത് പരമ്പരാഗത തൊഴിലവസരങ്ങൾ സംരക്ഷിച്ചുകൊണ്ടാണ്.

**കയർ സഹകരണ സംഘങ്ങളുടെ ഭൂമി**

244 (691) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ സഹകരണ സംഘങ്ങളുടെ അധീനതയിലുള്ളതും എന്നാൽ ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്നതുമായ ഭൂമി ടൂറിസം അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയുമോ; ഇപ്രകാരം ഭൂമി വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണോ; വിശദാംശം ലഭ്യമാക്കുമോ?

1969-ലെ കേരള സംസ്ഥാന സഹകരണ നിയമം അനുസരിച്ചാണ് കയർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. കയർ സഹകരണ സംഘങ്ങളുടെ അധീനതയിലുള്ളതും എന്നാൽ ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്നതുമായ ഭൂമി, സംഘങ്ങളുടെ നിയമാവലിയിൽ ആവശ്യമായ ഭേദഗതി വരുത്തി വിവിധ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന് അതത് സംഘത്തിന്റെ ഭരണസമിതി തീരുമാനിക്കുന്ന പക്ഷം പരിഗണിക്കാവുന്നതാണ്. സർക്കാർ ഓഹരി പങ്കാളിത്തമുള്ള സംഘങ്ങളുടെ ഭൂമി വിനിയോഗിക്കുന്ന കാര്യത്തിൽ സർക്കാർ അനുമതി ആവശ്യമാണ്.

**ചവറയിലെ നാച്വറൽ ഫൈബർപാർക്ക്**

245 (692) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ നാച്വറൽ ഫൈബർ പാർക്കിന്റെ നിലവിലെ സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പാർക്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിക്കുമോ?

ചവറ മണ്ഡലത്തിൽ കയർഫെഡിന്റെ നിയന്ത്രണത്തിലുള്ള നാച്വറൽ ഫൈബർ പാർക്കിൽ നിലവിൽ രണ്ട് സെമി ആട്ടോമാറ്റിക് പവർ ലൂമുകളും ഒരു ഫുള്ളി ആട്ടോമാറ്റിക് പവർലൂമും സ്ഥാപിച്ച് പ്രവർത്തനം നടന്നുവരുന്നു. രണ്ട് സെമി ആട്ടോമാറ്റിക് പവർലൂമിൽ വളരെ മികച്ച ഗുണനിലവാരത്തിൽ നിർമ്മിക്കുന്ന കയർ മാറ്റിംഗുകൾ കയർഫെഡിന്റെ വിവിധ ഷോറൂമുകളിലൂടെ വില്പന നടത്തിവരുന്നു. പുതിയതായി സ്ഥാപിച്ച ഫുള്ളി ആട്ടോമാറ്റിക് പവർലൂമിന്റെ സഹായത്തോടെ കയർ ഭ്രവസ്ത്ര നിർമ്മാണമാണ് ലക്ഷ്യമിടുന്നത്.

**കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി**

246 (693) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

പരമ്പരാഗതമായി കേരളത്തിൽ ഉല്പാദിപ്പിച്ചുവരുന്ന കയർ ഉൽപ്പന്നങ്ങൾക്ക് നേരിട്ട വിപണി മാന്ദ്യംമൂലം കയർഫെഡിന്റെയും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റേയും ഗോഡൗണുകളിൽ വർദ്ധിച്ച തോതിൽ സ്റ്റോക്ക് സംഭരിക്കേണ്ടിവന്നത് കയർമേഖലയ്ക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നതിന് പ്രധാന കാരണമായി. അയൽ സംസ്ഥാനങ്ങളിൽ ഉണ്ടാകുന്ന ചകിരി/ കയർ വിലയിലെ ഗണ്യമായ കുറവ്, ആഗോള വിപണിയിലുണ്ടായ മാന്ദ്യം എന്നിവയും കേരളത്തിലെ കയർ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് ഈ മേഖലയിൽ ആധുനികവൽക്കരണം നടത്തുന്നതിനും കൂടുതൽ വിപണി കണ്ടെത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് സർക്കാർ നിയോഗിച്ച വിദഗ്ധസമിതി അവരുടെ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതുകൂടി കണക്കിലെടുത്ത്

പരമ്പരാഗത തൊഴിലാളികളുടെ നൈപുണ്യ വികസനവും അതുവഴി കയറുല്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും സാധ്യമാക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ ഒരുക്കുന്നതിനുമായി പരമ്പരാഗത കയർ തൊഴിലാളികൾക്ക് മൂന്നുമാസം ദൈർഘ്യമുള്ള പരിശീലന പരിപാടിക്ക് 08-07-2023 തീയതിയിലെ സ.ഉ.(സാധാ) നം.702/2023/വ്യവ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പരമ്പരാഗത തൊഴിലവസരങ്ങൾ സംരക്ഷിച്ചുകൊണ്ട് കയർമേഖലയിൽ ആധുനികവൽക്കരണം സാധ്യമാകും വിധം ഇ-റാട്ടുകൾ, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഓട്ടോമാറ്റിക് ലൂമുകൾ എന്നിവ സ്ഥാപിക്കുകയും പശ്ചാത്തല വികസനം നടത്തുകയും ഉല്പന്ന വൈവിധ്യവൽക്കരണത്തിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് 2022-23 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി 65 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. കയറുല്പന്നങ്ങൾക്ക് കൂടുതൽ വിപണി ലഭ്യമാക്കുന്നതിന് അന്താരാഷ്ട്ര-ആഭ്യന്തര മേളകളിൽ പങ്കെടുത്ത് കയർ

പൊതുമേഖലാസ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് വിപണനം വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഭ്യന്തരവിപണി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിനകത്തും പുറത്തുമുള്ള റീട്ടെയിൽ ചെയിൻ സ്റ്റോറുകൾ മുഖേന വില്പന നടത്തുന്നുണ്ട്. കൂടാതെ ആമസോൺ, പെപ്പർഫ്രൈ മുതലായ ഓൺലൈൻ സംവിധാനങ്ങളിലൂടെയും വിപണനം നടത്തിവരുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഷോപ്പിംഗ് കാർട്ട് സൈറ്റ്, ഒ.എൻ.ഡി.സി, കേരള ഇ-കോം മുതലായ വെബ് സൈറ്റുകളുടെ സേവനവും വിപണനരംഗത്ത് പ്രയോജനപ്പെടുത്തുന്നു.

**കുണ്ടറ നിയോജകമണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനം**

247 (694) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി നിലവിൽ എത്ര കശുവണ്ടി ഫാക്ടറികളാണ്

പ്രവർത്തിച്ചുവരുന്നതെന്ന് പൊതുമേഖല/സ്വകാര്യമേഖല എന്നിങ്ങനെ തരംതിരിച്ച് വിശദാംശം നൽകാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമേഖലയിൽ 7 കശുവണ്ടി ഫാക്ടറികളും സ്വകാര്യമേഖലയിൽ 61 ഫാക്ടറികളും നിലവിൽ പ്രവർത്തിച്ചുവരുന്നു.

(ബി) 2021 വരെ കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര കശുവണ്ടി ഫാക്ടറികളാണ് പ്രവർത്തിച്ചിരുന്നതെന്നും അതിൽ പൊതുമേഖല/ സ്വകാര്യമേഖല എന്നിങ്ങനെ തരംതിരിച്ച് വിശദാംശം നൽകാമോ?

2021 വരെ കുണ്ടറ നിയോജക മണ്ഡലത്തിൽ പൊതുമേഖലയിൽ 7 കശുവണ്ടി ഫാക്ടറികളും സ്വകാര്യ മേഖലയിൽ 70 എണ്ണവും ഉൾപ്പെടെ ആകെ 77 കശുവണ്ടി ഫാക്ടറികൾ പ്രവർത്തിച്ചിരുന്നു.

(സി) പ്രസ്തുത കശുവണ്ടി ഫാക്ടറികളിൽ 2021, 2022,2023 എന്നീ കലണ്ടർ വർഷങ്ങളിൽ എത്ര തൊഴിൽദിനങ്ങൾ ഉണ്ടായിരുന്നുവെന്ന് വിശദമാക്കാമോ?

പൊതുമേഖലയിലെ കശുവണ്ടി ഫാക്ടറികളിൽ 2021 വർഷം ആകെ 556 തൊഴിൽദിനങ്ങളും (ശരാശരി 90) സ്വകാര്യമേഖലയിൽ 13292 തൊഴിൽദിനങ്ങളും (ശരാശരി 190) 2022 വർഷം യഥാക്രമം 461 (ശരാശരി 73), 9557 (ശരാശരി 163) തൊഴിൽദിനങ്ങളും 2023-ൽ ഇതുവരെ യഥാക്രമം 386 (ശരാശരി 65), 7543 (ശരാശരി 119) എന്നിങ്ങനെയും തൊഴിൽദിനങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി നിലവിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി മുൻവർഷങ്ങളിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ തുടർച്ചയായി 2023-24 സാമ്പത്തിക വർഷവും പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കുമായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പൊതുമേഖലയിലുള്ള കശുവണ്ടി വികസന കോർപ്പറേഷന് കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 225 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിംഗിനായി 100 ലക്ഷം രൂപയും 2023-24

സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്നതിൽനിന്നും ആധുനികവത്ക്കരണത്തിന് 45 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിംഗിന് 38 ലക്ഷം രൂപയും ഇതുവരെയായി അനുവദിച്ചുനൽകി. കാപ്പക്സ് ഫാക്ടറികളുടെ ആധുനികവത്കരണത്തിനായി വകയിരുത്തിയ 350 ലക്ഷം രൂപയിൽനിന്നും 70 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിംഗിനായി വകയിരുത്തിയ 50 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയും 2023-24-ൽ നൽകിയിട്ടുണ്ട്. വ്യവസായവികസനത്തിന്റെ ഭാഗമായി കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സും ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉല്പന്നങ്ങളും വിവിധ ഔട്ട്ലെറ്റുകൾ വഴിയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെയും വിപണനം നടത്തിവരുന്നു.

കൂടാതെ സംസ്ഥാനത്ത് കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്ന കശുമാവ് കൃഷി വികസന ഏജൻസിക്ക് ബജറ്റിൽ വകയിരുത്തിയ 720 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2022-23 സാമ്പത്തിക വർഷം Resume ചെയ്ത ഫണ്ട് ഇനത്തിൽ കശുമാവ് കൃഷിവികസന ഏജൻസിക്ക് 66,13,725/- രൂപയും കാപ്പക്സിന് 9,71,702/-

രൂപയും 2023-24 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. കശുവണ്ടി കോർപ്പറേഷൻ, കാപ്പക്സ് എന്നിവയുടെ കീഴിലുള്ള ഫാക്ടറികളുടെ തടസ്സമില്ലാത്ത പ്രവർത്തനം ഉറപ്പുവരുത്താനാവശ്യമായ തോട്ടണ്ടി ഇറക്കുമതി ചെയ്ത് നൽകുന്നതിനായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡിന് ബജറ്റിൽ വകയിരുത്തിയ 43.55 കോടി രൂപയും ഇതിനകം റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. കാഷ്യൂ ബോർഡ് രൂപീകരിച്ചതിനുശേഷം നാളിതുവരെയായി 59,000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾക്ക് നൽകിയിട്ടുണ്ട്. ഓണത്തിന് ശേഷവും കശുവണ്ടി തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ ലഭ്യമാക്കുന്നതിനായി ഗിനിയ-ബിസ്സാവുവിൽനിന്നും 5500 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് കാഷ്യൂ ബോർഡ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി പുനരുദ്ധാരണ പാക്കേജിനായി 30 കോടി രൂപ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 20 കോടി

രൂപ സ്വകാര്യ മേഖലയിലെ തൊഴിലാളികളുടെ പി.എഫ്, ഇ.എസ്.ഐ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിനായി ചെലവഴിക്കുന്നു. ആദ്യമായാണ് സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് സ്റ്റാറ്റ്യൂട്ടറിയായി മനേജ്മെന്റ് അടയ്ക്കുന്ന വിഹിതം സർക്കാർ നൽകുന്നത്. 5 കോടി രൂപ ഷെല്ലിംഗിന്റെ ആധുനികവത്ക്കരണത്തിനും 5 കോടി രൂപ സ്ത്രീസൗഹൃദ അന്തരീക്ഷം രൂപപ്പെടുത്താനും സഹായമായി നൽകുന്നു.

ഇതുകൂടാതെ സ്വകാര്യ വ്യവസായങ്ങൾക്ക് പ്രവർത്തനമൂലധനം വായ്പയെടുക്കുന്നുവെങ്കിൽ പലിശയുടെ 50 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെ സർക്കാർ നൽകുന്നു. കൂടാതെ മൂലധന സബ്സിഡിയും നൽകുന്നു. എൻ.പി.എ. ആയ വ്യവസായങ്ങളെ സഹായിക്കുന്നതിന് ബാങ്കുകളുമായി ഉണ്ടാക്കിയ ധാരണ വ്യവസായികളുടെ ആവശ്യം പരിഗണിച്ച് ഈ വർഷം ഡിസംബർ 31 വരെ ദീർഘിപ്പിക്കാനും കോവിഡ് കാലം കൂടി കണക്കിലെടുത്ത് 2021 മാർച്ച് 31 വരെ എൻ.പി.എ. ആയ അക്കൗണ്ടുകൾ കൂടി പരിഗണിക്കാനും തീരുമാനിച്ചു. ഇതുകൂടാതെ സ്വകാര്യ കശുവണ്ടി വ്യവസായികളെ പ്രോത്സാഹിപ്പിക്കുന്നതിനും ചെറുകിട ഇടത്തരം കശുവണ്ടി

ഫാക്ടറികളെ പുനരുദ്ധരിക്കുന്നതിനുമായി 100 ലക്ഷം രൂപ വകയിരുത്തിയതിൽ 20 ലക്ഷം രൂപ ഇതിനകം വ്യവസായ വാണിജ്യ ഡയറക്ടർക്ക് പദ്ധതി നടത്തിപ്പിനായി അനുവദിച്ചുനൽകിയിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ**

248 (695) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ വൈദ്യുത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ ഈ സർക്കാർ വന്നതിനുശേഷം പ്രസരണ വിഭാഗത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ താഴെ പറയുന്നവയാണ്.

കണ്ണമ്പുള്ളി 66 കെ.വി. സബ്സ്റ്റേഷൻ, 110 കെ.വി. ആയി ശേഷി ഉയർത്തുന്നതിന് 5.84 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി നെന്മാറയിൽനിന്നും കണ്ണമ്പുള്ളി വരെയുള്ള

7.3 കിലോമീറ്റർ ലൈൻ നിർമ്മാണവും ഏകദേശം 50 ശതമാനം സബ്സ്റ്റേഷൻ നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

വിതരണ വിഭാഗത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ ദ്യുതി പദ്ധതിയിലുൾപ്പെടുത്തി 9.36 കി.മീ HT OH ലൈനുകളും 6.518 കി.മീ LT OH ലൈനുകളും 15.46 കി.മീ LT സിംഗിൾ ഫേസ് ലൈനുകളും മാറ്റി ത്രീ ഫേസ് ലൈനുകളുടെ സ്ഥാപനം നടത്തി. ഇതിനുപുറമെ 5742 കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും 9 ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിക്കുകയും ചെയ്തു.

ആലത്തൂർ ടൗണിലും പരിസരത്തും തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ലഭിക്കുന്നതിനായി 2.5 കിലോമീറ്റർ UG കേബിൾ ഇട്ട് ലൈൻ വലിച്ച് ഇന്റർലിങ്കിങ് വർക്ക് അറപ്പുഴ മുതൽ പെട്രോനെറ്റ് വരെ 1.5 മീറ്റർ 11 കെ.വി. വലിച്ച് ചാർജ്ജ് ചെയ്തിട്ടുണ്ട്. ട്രാൻസ്ഫോർമറിന്റെ യാർഡ് ഫെൻസിംഗ് കൂടാതെ DTR മീറ്റർ AB switches, Fault Pass indicator തുടങ്ങിയവ സ്ഥാപിക്കുന്ന പ്രവൃത്തികളും നടന്നുവരുന്നുണ്ട്. പഞ്ചായത്തുകൾ

പണം അടയ്ക്കുന്നമുറയ്ക്ക് Street main വലിക്കൽ, Street light controller box സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളും നടപ്പാക്കിവരുന്നു.

ആലത്തൂർ മണ്ഡലത്തിൽ 5 പോൾമൗണ്ട് ചാർജിംഗ് സ്റ്റേഷനുകളും നെന്മാറയിൽ ഒരു ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആലത്തൂർ നിയോജക മണ്ഡലത്തിൽ സൗര പുരപ്പുറ സോളാർ പദ്ധതി ഒന്നാംഘട്ടത്തിൽ (Phase I) 17 നിലയങ്ങളും (160 KW) രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ (Phase II) 374 നിലയങ്ങളും (1302 KW) പൂർത്തീകരിച്ചു. ഇതിനുപുറമെ സബ്സിഡി പദ്ധതിയിൽ 18 നിലയങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്.

കാർഷിക പമ്പുകളുടെ സൗരോർജ്ജവത്കരണം ലക്ഷ്യം വച്ചുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പി എം കുസും പദ്ധതിയിൽ നബാർഡ് സ്കീം ഉൾപ്പെടുത്തിയുള്ള പമ്പുകളുടെ ശൃംഖല ബന്ധിത സൗരോർജ്ജവൽക്കരണ പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന ആലത്തൂർ കൃഷിഭവനിലെ സർവ്വേയ്ക്കായി സന്റോസ്റ്റിക് എഞ്ചിനീയറിങ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ ഏൽപ്പിക്കുകയും അവർ സർവ്വേ റിപ്പോർട്ട്

സമർപ്പിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾക്കുള്ള അനുമതി നൽകുകയും ചെയ്യുന്നു. 20 സൗരോർജ്ജ നിലയങ്ങൾക്കുള്ള നിർമ്മാണ അനുമതി ഇതിനകം നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

ആലത്തൂർ മണ്ഡലത്തിൽ അനെർട്ടിന്റെ സൗരതേജസ്സ് പദ്ധതി വഴി നിലവിൽ 37 അപേക്ഷകൾ (119 കിലോവാട്ട്) ലഭിക്കുകയും ഇതിൽ 41 കിലോവാട്ട് സൗരോർജ്ജ പ്ലാന്റുകൾ ഇതിനകം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

MNRE സബ്സിഡി സ്കീമിൽ ആലത്തൂർ കാവശ്ശേരി പഞ്ചായത്തിൽ താഴെപറയുന്ന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു.

- വെറ്റിനറി ഹോസ്പിറ്റലിൽ 2kWp ഓഫ്-ഗ്രിഡ് സോളാർ പവർ പ്ലാന്റ്
- GLP സ്കൂളിൽ 2kWp ഓഫ്-ഗ്രിഡ് സോളാർ പവർ പ്ലാന്റ്
- ഹോമിയോ ഡിസ്പെൻസറിയിൽ 3kWp ഓഫ്-ഗ്രിഡ്സോളാർ പവർ പ്ലാന്റ്

- PHC-യിൽ 5kWp ഓഫ്-ഗ്രിഡ് സോളാർ പവർ പ്ലാന്റ്

- ഗ്രാമപഞ്ചായത്ത് ഓഫീസിൽ 2kWp ഓഫ്-ഗ്രിഡ്സോളാർ പവർ പ്ലാന്റ്

അനെർട്ട് ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ ആലത്തൂർ VFPCK-യിൽ 7kWp ഓൺ- ഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു.

**നിരക്ക് വർദ്ധനവ്**

249 (696) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ നൽകുന്നതുൾപ്പെടെയുള്ള സേവനങ്ങൾക്ക് നിരക്ക് വർദ്ധനവ് ആവശ്യപ്പെട്ട് വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഏതൊക്കെ സേവനങ്ങൾക്കുള്ള നിരക്ക് വർദ്ധിപ്പിക്കണമെന്നാണ് ബോർഡ് ആവശ്യപ്പെട്ടിട്ടുള്ളത്; പ്രസ്തുത സേവനങ്ങളുടെ നിലവിലുള്ള നിരക്കും ബോർഡ് ആവശ്യപ്പെട്ടിട്ടുള്ള വർദ്ധനവിന് ശേഷമുള്ള നിരക്കും എത്രയാണെന്ന് വ്യക്തമാക്കുമോ?

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014-ന്റെ റെഗുലേഷൻ 33 (1)-ൽ വൈദ്യുതി നിയമം 46-ാം വകുപ്പുപ്രകാരം ലൈസൻസിക്ക് സർവീസ് കണക്ഷനുകൾ നൽകുന്നതിലേയ്ക്ക് ഈടാക്കാവുന്ന ചെലവ് കണക്കാക്കാനായി സാധന സാമഗ്രികളുടെയും ജോലിയുടെയും നിരക്കുകൾ ഉള്ള കോസ്റ്റ് ഡാറ്റയുടെയും നിർദ്ദേശം ലൈസൻസി കമ്മീഷന് മുമ്പാകെ വർഷത്തിൽ ഒരിക്കൽ സമർപ്പിക്കേണ്ടതാണ്. ഇതിൻ പ്രകാരമാണ് 22-06-2023-ന് കെ.എസ്.ഇ.ബി.ലിമിറ്റഡ് OP No.36/2023 മുഖേന കമ്മീഷനിൽ നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനുള്ള അപേക്ഷ പെറ്റീഷൻ മുഖേന സമർപ്പിച്ചിട്ടുള്ളത്. 2018-ലാണ് ഇതിനു മുൻപേയുള്ള കോസ്റ്റ് ഡാറ്റ കമ്മീഷൻ അംഗീകരിച്ച് നൽകിയിട്ടുള്ളത്. 2018-ൽ 74 തരം സേവനങ്ങൾക്ക് കമ്മീഷനിൽനിന്നും അംഗീകാരം ലഭിച്ചതെങ്കിൽ ഇപ്രാവശ്യം മൊത്തം 86 തരം സേവനങ്ങൾക്കുള്ള അംഗീകാരത്തിനായിട്ടാണ് കമ്മീഷനെ സമീപിച്ചിരിക്കുന്നത്. പ്രസ്തുത സേവനങ്ങളുടെ നിലവിലുള്ള നിരക്കും ബോർഡ് ആവശ്യപ്പെട്ടുള്ള വർദ്ധനവും അനുബന്ധമായി ചേർത്തിട്ടുണ്ട്+.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിനുമുമ്പ് സേവനങ്ങളുടെ നിരക്ക് വർദ്ധിപ്പിച്ചത് എന്നാണ്; പ്രസ്തുത നിരക്ക് വർദ്ധനയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; തുടർച്ചയായി നിരക്ക് വർദ്ധനവ് ഉണ്ടാകുന്നത് ഉപഭോക്താക്കൾക്ക് വലിയ ബാധ്യത ഉണ്ടാക്കുമെന്നതിനാൽ നിലവിൽ ആവശ്യപ്പെട്ടിട്ടുള്ള നിരക്ക് വർദ്ധന ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

2018-ൽ കമ്മീഷൻ അംഗീകരിച്ച നിരക്കാണ് ഇപ്പോൾ പ്രാബല്യത്തിലുള്ളത്. നിലവിലുള്ള സാധനസാമഗ്രികളുടെ നിരക്കും ജോലിയിലുള്ള നിരക്കുകളുടെ (Labour charges) വ്യത്യാസവും കണക്കിലെടുക്കുന്നതിലേയ്ക്കാണ് കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് റെഗുലേഷൻ 33 (1)-ൽ എല്ലാ വർഷവും നിരക്ക് വർദ്ധനവിനുള്ള നിർദ്ദേശം ലൈസൻസി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ കെ.എസ്.ഇ.ബി.ലിമിറ്റഡ് നിരക്ക് വർദ്ധനവിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇങ്ങനെ കെ.എസ്.ഇ.ബി.ലിമിറ്റഡ് നൽകുന്ന സേവനങ്ങളുടെ നിരക്ക് ഈടാക്കുന്നത് ബോർഡിന്റെ താരിഫ് ഇതര വരുമാനത്തിലാണ് പ്രതിഫലിക്കുന്നത്. ഇതര

വരുമാനം കെ.എസ്.ഇ.ബി.എൽ. - ന്റെ കണക്കുകളിൽ പ്രതിപാദിക്കുകയും അതിനാൽ കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ റവന്യൂ ആവശ്യകതയിൽ കുറവ് വരികയും ചെയ്യും.

(സി) വൈദ്യുത വാഹനങ്ങൾക്കായി വൈദ്യുതി ബോർഡ് തയ്യാറാക്കിയ ചാർജിങ് സ്റ്റേഷനുകൾ പുതുതലമുറ ഇ - വാഹനങ്ങൾക്ക് അനുയോജ്യമല്ല എന്നതിനാൽ പ്രതിസന്ധി ഉണ്ടായിട്ടുണ്ടോയെന്നും എത്ര ചാർജിങ് സ്റ്റേഷനുകളാണ് വൈദ്യുതി ബോർഡ് നിലവിൽ സ്ഥാപിച്ചിട്ടുള്ളതെന്നും എത്രയെണ്ണത്തിന്റെ പണി പുരോഗമിക്കുന്നുണ്ടെന്നും ചാർജിങ് സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏത് ഏജൻസിയാണ് ചാർജിങ് സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനം നിർവ്വഹിക്കുന്നതെന്നും അറിയിക്കാമോ?

വൈദ്യുത വാഹനരംഗം നമ്മുടെ രാജ്യത്ത് അതിവേഗം ഉയർന്നുവരുന്നതും വിപ്ലവകരമായ സാങ്കേതിക സാമ്പത്തിക മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നതുമായ ഒരു മേഖലയാണ്. ആയതിനാൽ

ഒരിക്കൽ സ്ഥാപിക്കുന്ന ചാർജിങ് സ്റ്റേഷനുകൾ ഈ മാറ്റങ്ങൾക്കനുസരിച്ച് നവീകരിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. ഈ നവീകരണം ആവശ്യമായ തോതിൽ പഠനങ്ങൾക്ക് വിധേയമായി നിർവ്വഹിക്കേണ്ട ഒന്നാണ്. കേരളത്തിൽ ഇന്ന് ലഭ്യമായ പല പുതിയ തലമുറ കാറുകളും കെ.എസ്.ഇ.ബി.എൽ. - ന്റെ ചില സ്റ്റേഷനുകളിൽ ചാർജ് ചെയ്യാൻ സൗകര്യപ്രദമല്ലെന്ന പരാതി സംബന്ധിച്ച് താഴെപ്പറയുന്നവ ശ്രദ്ധിച്ചാലും:

കെ.എസ്.ഇ.ബി.എൽ. ചാർജിങ് സ്റ്റേഷനുകൾ:

കേന്ദ്ര ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് ഓഫ് ഹെവി ഇൻഡസ്ട്രി (DHI) വഴി ഫെയിം II (FAME II) പദ്ധതിയിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 2019 ജൂലൈ 12-ന് ക്ഷണിച്ച താല്പര്യപത്രത്തിനനുസരിച്ച് കെ.എസ്.ഇ.ബി.എൽ. പ്രൊപ്പോസൽ സമർപ്പിക്കുകയും പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കേരളത്തിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഏജൻസികളെ എംപാനൽ ചെയ്യുന്നതിനായി 2019 ഓഗസ്റ്റ് 14-ന താല്പര്യപത്രം ക്ഷണിക്കുകയും ചെയ്തു.

ഇതുപ്രകാരം ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് DHI-ൽ നിന്ന് സാമ്പത്തികാനുമതി ലഭിച്ചതിനെത്തുടർന്ന് ഫെയിം II സ്കീമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കെ.എസ്.ഇ.ബി.എൽ. 30 ചാർജിങ് സ്റ്റേഷനുകൾ ഇൻസ്റ്റാൾ ചെയ്തു. ഇന്ത്യാ ഗവൺമെന്റ് ചാർജിങ് സ്റ്റേഷനുകൾക്ക് പൊതുവായി നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും അനുസരിച്ചാണ് ഈ സ്റ്റേഷനുകൾ നിർമ്മിച്ചത്. അന്ന് സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ തീരെ കുറവായിരുന്നതിനാൽ ചാർജിങ് സ്റ്റേഷനുകൾ സാമ്പത്തിക ലാഭം നേടുന്ന രീതിയിൽ പ്രവർത്തിപ്പിക്കാൻ ബുദ്ധിമുട്ട് നേരിട്ടിരുന്നു. പ്രസ്തുത സാഹചര്യത്തിൽ വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന സർക്കാർ നയം വ്യാപിപ്പിക്കുക എന്ന ഉദ്ദേശ്യത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള അനുയോജ്യമായ സ്ഥലങ്ങളിലാണ് മേല്പറഞ്ഞ സ്റ്റേഷനുകൾ സ്ഥാപിച്ചത്.

ഫെയിം II പദ്ധതി പ്രകാരം 25 ഫാസ്റ്റ് സ്റ്റേഷനുകളും 5 സ്ലോ സ്റ്റേഷനുകളുമാണ് കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചത്. ഈ

സ്റ്റേഷനുകളിലെ DHI-യുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ സ്ഥാപിച്ച ചാർജറുകളുടെ കോൺഫിഗറേഷൻ ചുവടെ ചേർക്കുന്നു:

A) 25 ഫാസ്റ്റ് സ്റ്റേഷനുകൾ

1) Bharat DC 001 **(15kW)**– 3Nos.

2) CCS II **+** CHAdeMO & Type 2 AC **122kW** --1No.

B) 5 സ്ലോ സ്റ്റേഷനുകൾ

1) Bharat AC 001 **10 kW** -2Nos.

2) Bharat DC 001 **(15kW)**– 5Nos.

3) Type II AC **7 kW** -1No.

ഈ സ്റ്റേഷനുകൾ എല്ലാം തന്നെ ഇന്ത്യയിൽ അന്ന് നിലവിലുണ്ടായിരുന്നതും സമീപഭാവിയിൽ പ്രതീക്ഷിച്ചിരുന്നതുമായ എല്ലാ വാഹനങ്ങളും ചാർജ് ചെയ്യാൻ പര്യാപ്തമായിരുന്നു. പ്രധാനമായും നിലവിൽ ഉണ്ടായിരുന്ന കാറുകളും അവയുടെ ചാർജിങ് സ്റ്റാൻഡേർഡും താഴെ പറയുന്നു:

മഹീന്ദ്ര e –Verito Bharat DC001

മഹീന്ദ്ര e2O Bharat DC 001

മഹീന്ദ്ര e2O Plus Bharat DC 001

ടാറ്റ Tigor Xpress-T Bharat DC 001

ടാറ്റ Nexon CCS 2

നിസ്സാൻ ലീഫ് CHAdeMO

* എ.സി. ചാർജറുകൾ എല്ലാം തന്നെ വിവിധ വാഹനങ്ങൾ ചാർജ്ജ് ചെയ്യാൻ പര്യാപ്തമാണ്.

എന്നാൽ 2021 മുതൽ ഇങ്ങോട്ട് വിപണിയിൽ വന്ന പല കാറുകളും കൂടിയ വോൾട്ടേജിൽ ചാർജ് ചെയ്യുന്ന, CCS 2 എന്ന യൂറോപ്യൻ സ്റ്റാൻഡേർഡിന് യോജിച്ചതായിരുന്നു. ഇക്കാരണത്താൽ ഭാരത് DC 001 ചാർജറുകൾ പൊതുവേ ഉപയോഗം കുറഞ്ഞതായി മാറി. മേല്പറഞ്ഞ 30 സ്റ്റേഷനുകൾക്ക് പുറമെ സംസ്ഥാന ഗവൺമെന്റിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടുപയോഗിച്ച് 32 സ്റ്റേഷനുകളും ചിറ്റൂർ ബ്ലോക്ക്

പഞ്ചായത്തുമായി സംയുക്ത സംരംഭത്തിൽ വടകരപ്പതിയിൽ ഒരു ചാർജിങ് സ്റ്റേഷനും കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ. ഇൻസ്റ്റാൾ ചെയ്ത 63 DC ചാർജിംഗ് സ്റ്റേഷനുകളിൽ 58 സ്റ്റേഷനുകളിലും CCS 2 ചാർജർ ഉണ്ട്? DHI, GoI യുടെ FAME II സ്കീമിന് കീഴിൽ ഇൻസ്റ്റാൾ ചെയ്ത നിലവിൽ CCS 2 ചാർജർ ഇല്ലാത്ത ശേഷിക്കുന്ന അഞ്ച് സ്ലോ സ്റ്റേഷനുകളിൽ അത്തരം ചാർജറുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിഹരിക്കാൻ സാധിക്കും.

ഇന്ത്യയിൽ ഫെയിം-II പദ്ധതി പ്രകാരം സ്ഥാപിച്ചിരിക്കുന്ന ചാർജിങ് സ്റ്റേഷനുകളിൽ ഉയർന്നുവന്നിരിക്കുന്ന മേൽ പ്രസ്താവിച്ച രീതിയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര നോഡൽ ഏജൻസിയായ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി-യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും.

സംസ്ഥാനത്തൊട്ടാകെ എല്ലാ ജില്ലകളിലുമായി ഫോർവീലറുകൾ/ത്രീ വീലറുകൾ/ടൂ വീലറുകൾ എന്നിവയ്ക്കുള്ള 63 DC ചാർജിങ് സ്റ്റേഷനുകളുടെയും എല്ലാ നിയോജക മണ്ഡലങ്ങളിലും കുറഞ്ഞത് അഞ്ച് എന്ന നിലയിലും കോർപ്പറേഷൻ നിയോജക മണ്ഡലങ്ങളിൽ കുറഞ്ഞത് 15 എന്ന നിലയിലുമായി ഇരുചക്ര, മുചക്ര വാഹനങ്ങൾക്കുവേണ്ടി 1165 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളുടെയും നിർമ്മാണം കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചിട്ടുണ്ട്. ചാർജിങ് സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി ചെലവായ തുക ചുവടെ ചേർക്കുന്നു.

63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ - 20.45 കോടി രൂപ

1165 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ - 3.20 കോടി രൂപ

മാസ്സ്ടെക് കൺട്രോൾസ് പ്രൈവറ്റ് ലിമിറ്റഡ്, ഒക്കായ പവർ പ്രൈവറ്റ് ലിമിറ്റഡ്, ടൈറെക്സ് ട്രാൻസ്മിഷൻ, ഇൻഡസ് മോട്ടോർ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, ജനിസിസ് എഞ്ചിനീയർ ആൻഡ് കോൺട്രാക്ടേഴ്സ് എന്നീ ഏജൻസികളാണ് ഈ ചാർജിംഗ് സ്റ്റേഷനുകൾ നിർമ്മിച്ചത്.

(ഡി) മേൽപ്പറഞ്ഞ ചാർജിങ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് മുമ്പായി സംസ്ഥാനത്തെ വാഹന വിപണിയുടെ സാധ്യതകൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? ഇല്ലെങ്കിൽ ഇത്തരത്തിലുള്ള ഒരു പഠനം നടത്താതെ ഇങ്ങനെ ഒരു പ്രോജക്ട് നടപ്പിലാക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ. വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനുകളുടെ പദ്ധതി നടപ്പിലാക്കാൻ ഇടയായ സാഹചര്യം ചുവടെ ചേർക്കുന്നു.

2019 -ലെ കേരള സർക്കാരിന്റെ ഇ.വി. പോളിസി പ്രകാരം വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനുകളുടെ നോഡൽ ഏജൻസിയായി കെ.എസ്.ഇ.ബി.എൽ.-നെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. കെ.എസ്.ഇ.ബി.എൽ. സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ 63 DC ചാർജിങ് സ്റ്റേഷനുകളുടെയും 1165 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 63 DC ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിരിക്കുന്നത് താഴെപ്പറയുന്ന പദ്ധതി പ്രകാരമാണ്.

കേന്ദ്ര ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് ഓഫ് ഹെവി ഇൻഡസ്ട്രി (DHI) വഴി ഫെയിം II (FAME II) പദ്ധതിയിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 2019 ജൂലൈ 12-ന് ക്ഷണിച്ച താല്പര്യപത്രത്തിനനുസരിച്ച് കെ.എസ്.ഇ.ബി.എൽ. പ്രൊപ്പോസൽ സമർപ്പിക്കുകയും പ്രസ്തുത സ്കീമിലുൾപ്പെടുത്തി കേരളത്തിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഏജൻസികളെ എംപാനൽ ചെയ്യുന്നതിനായി 2019 ഓഗസ്റ്റ് 14-ന് താല്പര്യപത്രം ക്ഷണിക്കുകയും ചെയ്തു. ഇതുപ്രകാരം ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് DHI-ൽനിന്ന് സാമ്പത്തികാനുമതി ലഭിച്ചതിനെത്തുടർന്ന് ഫെയിം II സ്കീമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കെ.എസ്.ഇ.ബി.എൽ. 30 ചാർജിങ് സ്റ്റേഷനുകൾ ഇൻസ്റ്റാൾ ചെയ്തു. ഇന്ത്യാ ഗവൺമെന്റ് ചാർജിങ് സ്റ്റേഷനുകൾക്ക് പൊതുവായി നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും അനുസരിച്ചാണ് ഈ സ്റ്റേഷനുകൾ നിർമ്മിച്ചത്.

സംസ്ഥാന ഗവൺമെന്റ് ഗതാഗത വകുപ്പ് വഴി 8.2 കോടി രൂപ ഇ-മൊബിലിറ്റി പ്രമോഷൻ ഫണ്ടിൽനിന്നും കെ.എസ്.ഇ.ബി.എൽ. - ന്

അനുവദിച്ചിരുന്നു. ഈ തുക ചെലവഴിച്ചു കൊണ്ടാണ് 32 സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ. പൂർത്തിയാക്കിയത്. കൂടാതെ ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തുമായി സംയുക്ത സംരംഭത്തിൽ വടകരപ്പതിയിൽ ഒരു ചാർജിങ് സ്റ്റേഷനും സ്ഥാപിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ 63 DC ചാർജിങ് സ്റ്റേഷനുകൾ എല്ലാ ജില്ലകളിലുമായാണ് വിന്യസിച്ചിരിക്കുന്നത്. 1165 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ എല്ലാ നിയോജക മണ്ഡലങ്ങളിലും കുറഞ്ഞത് അഞ്ച് എന്ന നിലയിലും കോർപ്പറേഷൻ നിയോജക മണ്ഡലങ്ങളിൽ കുറഞ്ഞത് 15 എന്ന നിലയിലുമാണ് സ്ഥാപിച്ചിരിക്കുന്നത്. അന്ന് നിലവിൽ ഉണ്ടായിരുന്നതും സമീപഭാവിയിൽ വിപണിയിൽ പ്രതീക്ഷിച്ചിരുന്നതുമായ വാഹനങ്ങൾ ചാർജ്ജ് ചെയ്യാൻ പര്യാപ്തമായ രീതിയിലാണ് ഇവ വിന്യസിച്ചത്. ജനങ്ങളിൽ വൈദ്യുത വാഹനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും വൈദ്യുതി വാഹനങ്ങൾ പ്രചരിപ്പിക്കുക എന്ന സർക്കാർ നയം വ്യാപിപ്പിക്കുന്നതിനുമായിട്ടാണ് ഇപ്രകാരം സംസ്ഥാനത്തൊട്ടാകെ ഒരു

അതിവിപുലമായ ചാർജിങ് ശൃംഖല നോഡൽ ഏജൻസിയായ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചത്.

(ഇ) മേൽപ്പറഞ്ഞ പ്രകാരം ചാർജിങ് സ്റ്റേഷനുകൾ നിർമ്മിച്ചതിലൂടെ ഉണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; നിലവിലെ പ്രതിസന്ധി ഏത് രീതിയിൽ പരിഹരിക്കാൻ സാധിക്കുമെന്നാണ് സർക്കാർ കരുതുന്നത്; വിശദാംശം നൽകുമോ?

മേൽ പറഞ്ഞ പ്രകാരം ചാർജിങ് സ്റ്റേഷനുകൾ നിർമ്മിച്ചതിലൂടെ നഷ്ടം ഉണ്ടായില്ലെന്ന് മാത്രമല്ല വൈദ്യുത വാഹനരംഗത്ത് വൻകുതിച്ചുചാട്ടത്തിന് സംസ്ഥാനം സാക്ഷ്യം വഹിച്ചു. 2019-ൽ 1000-ൽ താഴെ മാത്രം വാഹനങ്ങൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഒരു ലക്ഷത്തോളം വാഹനങ്ങൾ നിലവിൽ കേരളത്തിലെ നിരത്തിലോടുന്നു. സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. -നെ കൂടാതെ അനെർട്ട് തുടങ്ങിയ ഗവൺമെന്റ് ഏജൻസികളും സ്വകാര്യ വ്യക്തികളും വൈദ്യുത വാഹന വർദ്ധനയ്ക്കനുസൃതമായി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചുവരുന്നു. ഇന്നത്തെ സ്ഥിതിയനുസരിച്ച് സംസ്ഥാനത്ത് 1651 ചാർജിങ് സ്റ്റേഷനുകൾ നിലവിലുണ്ട്. ട്ടു

വീലർ/ഓട്ടോറിക്ഷ ഇ.വി. യാത്രികർക്കായി കുറഞ്ഞ താരിഫിൽ കെ.എസ്.ഇ.ബി.എൽ. ഒരുക്കിയ പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ രാജ്യത്തിനു തന്നെ മാതൃകയായ പദ്ധതിയാണ്. ഇത്തരത്തിൽ ഇ-മൊബിലിറ്റി രംഗത്ത് കേരളം രാജ്യത്ത് മുന്നേറിക്കൊണ്ടിരിക്കുന്നു.

**കൊണ്ടോട്ടി മണ്ഡലത്തിലെ വൈദ്യുത നവീകരണ പ്രവൃത്തികൾ**

250 (697) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ വിവിധ ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ നടന്ന വിവിധ സിസ്റ്റം ഇംപ്രൂവ്മെന്റ്, വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ കൊണ്ടോട്ടി, മുണ്ടക്കുളം, കാരാട്, പുളിക്കൽ എന്നീ സെക്ഷനുകളിൽ 2021-22, 2022-23 എന്നീ വർഷങ്ങളിൽ സിസ്റ്റം ഇംപ്രൂവ്മെന്റ്, വോൾട്ടേജ് ഇംപ്രൂവ്മെന്റ് എന്നിവയ്ക്കായി ദ്യുതി പദ്ധതിയിലുൾപ്പെടുത്തി 13.7 കി.മി HT OH ലൈനുകളും,

എ.ബി.സി. ഉപയോഗിച്ച് 6.5 കി.മീ LT ലൈനുകളും 48 ട്രാൻസ്ഫോർമറുകളും പുതുതായി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 52.75 കി.മീ LT സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കുന്ന പ്രവൃത്തിയും 56.75 കി.മീ LT ലൈനുകളുടെ റീ-കണ്ടക്റ്ററിങ്ങും നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. ഇതോടൊപ്പം 7 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾക്കായി 587 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത ഇനത്തിൽ പുതിയ പദ്ധതികൾ ഏതെല്ലാമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

2023-24 മുതൽ 2026-27 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി ദ്യുതി 2 സ്കീമിലുൾപ്പെടുത്തി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, പുതിയ HT-LT ലൈൻ നിർമ്മാണം, സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കുന്ന പ്രവൃത്തി തുടങ്ങിയവയിലായി 23.08 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) കേന്ദ്രാവിഷ്കൃതമായ ഏതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മണ്ഡലത്തിലെ വൈദ്യുതി നവീകരണപ്രവൃത്തികൾക്ക്

എതെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ, കേന്ദ്രാവിഷ്കൃതപദ്ധതിയായ Revamped Distribution Sector Scheme (RDSS) പദ്ധതിയിലുൾപ്പെടുത്തി 11 KV LT ലൈനുകളുടെ റീ-കണ്ടക്ടറിങ്ങ്, LT ലൈനുകളുടെ റീ-കണ്ടക്ടറിങ്ങ്, പുതിയ ABC/UG ലൈൻ വലിക്കൽ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ എന്നിവയുൾപ്പെടെ 12.27 കോടി രൂപയുടെ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പുതിയ വൈദ്യുതി കണക്ഷനുള്ള ഫീസ്**

251 (698) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബി.പി.എൽ. കുടുംബങ്ങൾക്ക് പുതുതായി വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഫീസ് ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(ബി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഇലക്ട്രിക് പോസ്റ്റ് ആവശ്യമാണെങ്കിൽ വകുപ്പ് തുക ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വിശദാംശങ്ങൾ നൽകാമോ?

(എ&ബി) 1000 വാട്ട് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.ലിമിറ്റഡ്-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകിവരുന്നു.

(സി) പുതിയ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കുന്നതിന് ബോർഡ് ഉപഭോക്താവിൽനിന്നും ഈടാക്കുന്ന ഫീസ് നിരക്ക് വിശദമാക്കാമോ?

പുതിയ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിച്ച് കണക്ഷൻ നൽകുന്നതിന് ഉപഭോക്താവിൽനിന്നും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുള്ള കോസ്റ്റ്

ഡാറ്റയുടെ അടിസ്ഥാനത്തിലാണ് തുക ഈടാക്കുന്നത്. (നിലവിലുള്ള നിരക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.)

**കുന്നത്തുനാട് മണ്ഡലത്തിലെ കേന്ദ്രാവിഷ്കൃത നവീകരണ വിതരണ മേഖല പദ്ധതി**

252 (699) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന 220 കെ.വി. ബ്രഹ്മപുരം സബ്സ്റ്റേഷന്റെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ സബ്സ്റ്റേഷൻ പരിസരത്ത് 2.75 മെഗാവാട്ടിന്റെ ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കി.

ഈ മണ്ഡലത്തിൽ വിതരണ വിഭാഗത്തിനുകീഴിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി, ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണമേഖലയിൽ KSEBL-ന്റെ തനതു ഫണ്ടുപയോഗിച്ച് നടത്തുന്ന ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി മഴവന്നൂർ സബ്സ്റ്റേഷനിൽനിന്നും കാവുംപടി വരെ ഒരു കിലോമീറ്റർ ഹൈ ടെൻഷൻ ഏരിയൽ ബഞ്ചഡ് കണ്ടക്ടർ വലിക്കുന്ന പ്രവൃത്തിയും മംഗലത്തുനട ഫീഡറിൽ പാലത്താലി ബ്രാഞ്ചിൽ 2.5 കിലോമീറ്റർ ഹൈ ടെൻഷൻ ഏരിയൽ ബഞ്ചഡ് കണ്ടക്ടർ വലിക്കുന്ന പ്രവൃത്തിയും ആയതിന് പോസ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയും ആർ.ഡി.എസ്.എസ്.-1 പദ്ധതിയിലുൾപ്പെടുത്തി മഴവന്നൂർ 33 കെ.വി. സബ്സ്റ്റേഷനിൽനിന്നും ചെറുനെല്ലാട് ട്രാൻസ്ഫോർമർ ഡി.പി. വരെ 6 കിലോമീറ്റർ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തിയും നടപ്പിലാക്കിവരുന്നു.

അനെർട്ടിന്റെ സൗരതേജസ് പദ്ധതി വഴി കുന്നത്തുനാട് മണ്ഡലത്തിൽ നിലവിൽ 26 അപേക്ഷകൾ (107 കിലോവാട്ട്) ലഭിച്ചിട്ടുണ്ട്. ഇതിൽ 18

കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ നിലവിൽ സ്ഥാപിച്ചുകഴിഞ്ഞു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും ആയതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ബ്രഹ്മപുരം സബ്സ്റ്റേഷനിലെ നവീകരണ പ്രവൃത്തികൾക്കായി 4.33 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സോളാർ പ്ലാന്റ് നിർമ്മാണത്തിനായി 15.75 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി മഴുവന്നൂർ സബ്സ്റ്റേഷനിൽ നിന്നും കാവുംപടി വരെ ഒരു കിലോമീറ്റർ ഹൈ ടെൻഷൻ ഏരിയൽ ബഞ്ചഡ് കണ്ടക്ടർ വലിക്കുന്നതിനായി 16.75 ലക്ഷം രൂപയുടെ പ്രവൃത്തിയും മംഗലത്തുനട ഫീഡറിൽ പാലത്താലി ബ്രാഞ്ചിൽ 2.5 കിലോമീറ്റർ ഹൈ ടെൻഷൻ ഏരിയൽ ബഞ്ചഡ് കണ്ടക്ടർ വലിക്കുന്നതിന് പോസ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്കായി 21 ലക്ഷം രൂപയുടെ പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്. എന്നാൽ 2.5 കിലോമീറ്റർ ഹൈ ടെൻഷൻ ഏരിയൽ ബഞ്ചഡ് കണ്ടക്ടർ വലിക്കുന്ന 34 ലക്ഷം രൂപയുടെ പ്രവൃത്തി ടേൺകീ

അടിസ്ഥാനത്തിൽ ടെൻഡർ ചെയ്തെങ്കിലും പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാൻ ആരും തയ്യാറാക്കാത്തതിനാൽ ടി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ ഹൈ ടെൻഷൻ ഏരിയൽ ബഞ്ചഡ് കണ്ടക്ടർ ബോർഡുതലത്തിൽ ലഭ്യമായതിനെത്തുടർന്ന് ടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. മഴവന്നൂർ 33 കെ.വി. സബ്സ്റ്റേഷനിൽനിന്നും ചെറുനെല്ലാട് ട്രാൻസ്ഫോർമർ ഡി.പി. വരെ 6 കിലോമീറ്റർ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന 106.2 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

അനെർട്ടിന്റെ ആഭിമുഖ്യത്തിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾ തുടർന്നുവരുന്നു. അനുകൂലമായ ഫീസിബിലിറ്റിയുള്ള സ്ഥലങ്ങളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിച്ചു നൽകാൻ കഴിയുന്നതാണ്. പ്രസ്തുത പദ്ധതിയുടെ സബ്സിഡി കേന്ദ്ര സർക്കാരിൽ (എം.എൻ.ആർ.ഇ.) നിന്നും ലഭ്യമാണ്. ഇതിനായി തുക വകയിരുത്തേണ്ടതില്ല.

(സി) കേന്ദ്രാവിഷ്കൃത നവീകരണ വിതരണമേഖല പദ്ധതി (ആർ.ഡി.എസ്.എസ്.) യിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ RDSS പദ്ധതിയിൽ ഫേസ് 1 -ൽ ഉൾപ്പെടുത്തിയ പ്രവൃത്തികളില്ല.

ബ്രഹ്മപുരം, പുത്തൻകുരിശ്, കിഴക്കമ്പലം സബ്സ്റ്റേഷനുകളിൽ 11 കെ.വി. ഫീഡർ പാനൽ വാങ്ങുന്നത് RDSS ഫേസ് 2-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ RDSS അഡീഷണൽ പ്രൊപ്പോസലുകളിൽ ഉൾപ്പെടുത്തി ചെമ്മാലപ്പടി, കടമറ്റം, മാമല, വെണ്ണികുളം, പെരിങ്ങല-പള്ളിക്കര, തെങ്ങോട് എന്നീ സ്ഥലങ്ങളിൽ 33 KV യൂണിറ്റൈസ്ഡ് സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനും കിഴക്കമ്പലം, പുത്തൻകുരിശ്, പൂക്കാട്ടുപടി എന്നിവിടങ്ങളിൽ പവർ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

മേൽപ്പറഞ്ഞ പ്രവൃത്തികളുടെ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

RDSS ൽ കുന്നത്തുനാട് നിയോജകമണ്ഡലം ഉൾപ്പെടുന്ന എറണാകുളം ജില്ലയുടെ കേന്ദ്രാവിഷ്കൃത നവീകൃത വിതരണമേഖല (RDSS) പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയർ (വിതരണ വിഭാഗം) മധ്യമേഖലയുടെ ഓഫീസിൽ ലഭിച്ച ടേൺ-കീ ടെണ്ടറുകൾ തീർപ്പാക്കിയിട്ടില്ല.

കേന്ദ്രാവിഷ്കൃത നവീകരണ വിതരണമേഖല പദ്ധതി (ആർ.ഡി.എസ്.എസ്.) യിൽ ഉൾപ്പെടുത്തി മഴുവന്നൂർ 33 കെ.വി. സബ്സ്റ്റേഷനിൽനിന്നും ചെറുനെല്ലാട് ട്രാൻസ്ഫോർമർ ഡി.പി. വരെ 6 കിലോമീറ്റർ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന 106.2 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**വൈദ്യുതി അപകടങ്ങളുടെ കാരണങ്ങൾ**

253 (700) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ വൈദ്യുതി ബോർഡിന്റെ പൊതുസംവിധാനങ്ങളിൽ നിന്ന് ഷോക്കേറ്റ് മരിച്ചവരുടെ ആകെ എണ്ണം

എത്രയാണ്; വർഷം, സ്ഥിര ജീവനക്കാർ, താൽക്കാലിക ജീവനക്കാർ, മറ്റുള്ളവർ എന്നിങ്ങനെ തരംതിരിച്ചുള്ള എണ്ണം അറിയിക്കുമോ?

2016 മുതൽ നാളിതുവരെ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള വൈദ്യുതിബോർഡിന്റെ പൊതുസംവിധാനങ്ങളിൽനിന്നും ഷോക്കേറ്റ് മരിച്ചവരുടെ എണ്ണം ചുവടെ സൂചിപ്പിക്കുന്നു:-

| **വർഷം** | **KSEB Ltd ജീവനക്കാർ** | **കരാർ ജീവനക്കാർ / താത്കാലിക ജീവനക്കാർ** | **പൊതുജനം** |
|---|---|---|---|
| 2016 | 9 | 10 | 140 |
| 2017 | 8 | 12 | 107 |
| 2018 | 8 | 9 | 131 |
| 2019 | 6 | 10 | 99 |
| 2020 | 10 | 12 | 94 |
| 2021 | 7 | 16 | 76 |
| 2022 | 4 | 6 | 59 |
| 2023 | 2 | 0 | 21 |

(ബി) ഈ കാലയളവിൽ മേൽപ്പറഞ്ഞ രീതിയിൽ പരിക്കേറ്റവരുടെ എണ്ണം എത്രയാണെന്നും ഇതിൽ ഗുരുതര പരിക്കേറ്റവർ എത്രയാണെന്നും വർഷം, സ്ഥിര ജീവനക്കാർ, താൽക്കാലിക ജീവനക്കാർ, മറ്റുള്ളവർ എന്നിങ്ങനെ തരംതിരിച്ചുള്ള എണ്ണവും അറിയിക്കുമോ?

2016-2023 കാലയളവിൽ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള പരിക്കേറ്റവരുടെയും ഗുരുതര പരിക്കേറ്റവരുടെയും എണ്ണം ചുവടെ സൂചിപ്പിക്കുന്നു:-

| വർഷം | KSEB Ltd ജീവനക്കാർ | | കരാർ ജീവനക്കാർ / താത്കാലിക ജീവനക്കാർ | | പൊതുജനം | |
|---|---|---|---|---|---|---|
| | പരിക്കേറ്റവർ | ഗുരുതരം | പരിക്കേറ്റവർ | ഗുരുതരം | പരിക്കേറ്റവർ | ഗുരുതരം |
| 2016 | 10 | 2 | 8 | 0 | 35 | 4 |
| 2017 | 18 | 4 | 3 | 0 | 38 | 2 |
| 2018 | 25 | 8 | 3 | 4 | 29 | 2 |
| 2019 | 17 | 8 | 7 | 2 | 26 | 3 |
| 2020 | 24 | 15 | 9 | 4 | 28 | 0 |
| 2021 | 18 | 9 | 8 | 3 | 20 | 5 |
| 2022 | 24 | 10 | 6 | 0 | 27 | 1 |
| 2023 | 1 | 0 | 2 | 0 | 9 | 0 |

(സി) അപകടമരണങ്ങളുടെ കാരണങ്ങൾ കണ്ടെത്തുന്നതിനായി അന്വേഷണം നടത്തുന്നതിന് ബോർഡ് വിജിലൻസിനെ ചുമതലപ്പെടുത്തുകയുണ്ടായോ; എങ്കിൽ അപകടങ്ങളുടെ കാരണങ്ങൾ

എന്തെല്ലാമാണെന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

13-04-2023-ലെ കെ.എസ്.ഇ.ബി. ബോർഡ് ഓർഡർ പ്രകാരം സുരക്ഷാനടപടിക്രമങ്ങളും സുരക്ഷാനയങ്ങളും ബോധപൂർവ്വം ലംഘിച്ചതുമൂലം കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നുമുണ്ടാകുന്ന എല്ലാ വൈദ്യുത അപകടങ്ങളും ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തുന്നതിന് തീരുമാനിച്ചു.

തുടർന്ന് 02-08-2023-ലെ കെ.എസ്.ഇ.ബി. ബോർഡ് ഓർഡർ പ്രകാരം മേൽപ്പറഞ്ഞ ഉത്തരവിൽ താഴെപ്പറയും വിധം പരിഷ്കാരങ്ങൾ വരുത്തുവാൻ തീരുമാനിച്ചു.

- സുരക്ഷാനടപടിക്രമങ്ങളും സുരക്ഷാനയങ്ങളും പാലിക്കാത്തതുമൂലം ഉണ്ടാകുന്ന തകരാർ കാരണം (മാനുഷിക പിഴവ്) (Human Error), KSEBL-ന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്ന് മാരകമായ അപകടങ്ങൾ ഉണ്ടായാൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഇനി പറയുന്ന അംഗങ്ങൾ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

- (1) ടെക്നിക്കൽ ഓഫീസർ (ചീഫ് എഞ്ചിനീയറുടെ റാങ്കിൽ കുറയാത്ത ആൾ.)
- (2) പുറത്തു നിന്നുള്ള വിദഗ്ധർ
- (3) ചീഫ് വിജിലൻസ് ഓഫീസർ
- ഉദ്യോഗസ്ഥർ/മേൽനോട്ടം വഹിക്കുന്ന ജീവനക്കാർ (supervisors) എന്നിവരുടെ മാനുഷിക പിഴവ് (Human Error) റിപ്പോർട്ടിൽ വളരെ വ്യക്തമാണെങ്കിൽ അച്ചടക്ക നടപടി ആരംഭിക്കാനും തീരുമാനിച്ചു. (ഉയർന്ന പിഴ നൽകൽ) (imposing major penalty).

(ഡി) വൈദ്യുത അപകടങ്ങളിൽ പരുക്കേൽക്കുകയോ മരണപ്പെടുകയോ ചെയ്യുന്ന ബോർഡിലെ സ്ഥിരം ജീവനക്കാർക്ക് എന്തൊക്കെ നഷ്ടപരിഹാരങ്ങളാണ് ബോർഡിൽനിന്നും അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ബോർഡ് ജീവനക്കാർ പരിക്കേൽക്കുന്ന സാഹചര്യത്തിലും മരണപ്പെടുന്ന സാഹചര്യത്തിലും വ്യവസ്ഥകൾ പ്രകാരം അനുവദിക്കപ്പെടുന്ന നഷ്ടപരിഹാരം.

1. പ്രായവും മാസവേതനവും അനുസരിച്ച് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,45,275/- രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03.01.2020 മുതൽ).

2. 2023-വർഷത്തേയ്ക്ക് ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനി ലിമിറ്റഡിന്റെ അപകട ആശ്വാസ ധനസഹായ പദ്ധതി പ്രകാരം 15 ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽനിന്നും മരണാനന്തര ആനുകൂല്യമായി 12 ലക്ഷം രൂപ (ജൂലൈ 2021 മുതൽ) ലഭിക്കുവാൻ അർഹതയുണ്ട്

4. അപകടമരണം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ജോലിക്ക് അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 10000/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021)

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർപ്രകാരം ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് പൂർണ്ണമായ മെഡിക്കൽ ചികിത്സാചെലവിനും അർഹതയുണ്ട്.

**മാരകമല്ലാത്ത അപകടത്തിൽപെടുന്ന ബോർഡ് ജീവനക്കാർക്ക് നല്കുന്ന നഷ്ടപരിഹാരം.**

1. സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യമുണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നല്കുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ അവശതാനഷ്ടപരിഹാരത്തിന് അർഹതയുണ്ട്.

2. അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശിപാർശ ചെയ്തുകൊണ്ട് ഡോക്ടർ നല്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും

അടിസ്ഥാനത്തിൽ അർദ്ധമാസ നഷ്ടപരിഹാരമോ അല്ലായെങ്കിൽ പ്രത്യേക അവശതാ അവധിയ്ക്കോ അർഹതയുണ്ട്.

3. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം അപകടത്തിനിരയാകുന്ന ജീവനക്കാർക്ക് പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഓഫീസർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ 1923- ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എന്നിരുന്നാലും ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന ഓഫീസർ വിഭാഗത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്കും ബോർഡിന്റെ തീരുമാനങ്ങൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ ആശ്വാസധനസഹായവും (7,45,275/- രൂപ മുതൽ 17,14,050/- രൂപ വരെ) പൂർണ്ണമായ ചികിത്സാ ചെലവും നല്കുന്നു. ഇതിലുപരിയായി ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് നല്കുന്ന മുകളിൽ പറഞ്ഞ

എല്ലാ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങളും ഓഫീസർ വിഭാഗത്തിനും ലഭിക്കുന്നതിന് അർഹതയുണ്ട്.

(ഇ) വൈദ്യുതാപകടങ്ങളിൽ പരിക്കേൽക്കുകയോ മരണപ്പെടുകയോ ചെയ്യുന്ന താൽക്കാലിക ജീവനക്കാർക്കും മറ്റ് സാധാരണക്കാർക്കും ബോർഡിൽനിന്നും അനുവദിക്കുന്ന നഷ്ടപരിഹാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**കരാർ തൊഴിലാളികൾ/ താത്കാലിക ജീവനക്കാർ / പൊതുജനങ്ങൾ പരിക്കേൽക്കുന്ന സാഹചര്യത്തിലും മരണപ്പെടുന്ന സാഹചര്യത്തിലും വ്യവസ്ഥകൾ പ്രകാരം അനുവദിക്കപ്പെടുന്ന നഷ്ടപരിഹാരം**

അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

1. പ്രായവും മാസവേതനവും അനുസരിച്ച് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,45,275/- രൂപ മുതൽ 17,14,050/- രൂപ വരെ

വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03.01.2020 മുതൽ).

2. ശവസംസ്കാര ചെലവിനായി 10000/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021)

**മാരകമല്ലാത്ത അപകടത്തിൽപ്പെടുന്ന കരാർ തൊഴിലാളികൾക്ക് നല്കുന്ന നഷ്ടപരിഹാരം.**

1. സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നല്കുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ അവശതാനഷ്ടപരിഹാരം.

2. അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശിപാർശ ചെയ്തുകൊണ്ട് ഡോക്ടർ നല്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധമാസ നഷ്ടപരിഹാരം.

അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. അഞ്ചുലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാരത്തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/ കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/ കരാറുകാരനിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കാനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു.

ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവുപ്രകാരം നഷ്ടപരിഹാരം അനുവദിക്കാൻ

കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാരത്തുകയുടെ 12% പലിശയുൾപ്പടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

**അപകടം സംഭവിയ്ക്കുന്ന പൊതുജനങ്ങൾക്ക് നല്കുന്ന ആശ്വാസധന സഹായം/നഷ്ടപരിഹാരം**

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും പൊതുജനങ്ങൾക്കുണ്ടാകുന്ന മാരകവും മാരകമല്ലാത്തതുമായ വൈദ്യുതാപകടങ്ങൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള "വൈദ്യുതി സുരക്ഷാ പദ്ധതിയുടെ വ്യവസ്ഥകൾക്ക് വിധേയമായി താഴെ സൂചിപ്പിക്കുന്ന ആശ്വാസ ധനസഹായം/ നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും പൊട്ടിവീണ കമ്പികളിൽനിന്നും

(ഉപഭോക്താവിന്റെ മീറ്റർ പോയിന്റ് വരെ) സംഭവിക്കുന്ന അപകടങ്ങളിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് വ്യവസ്ഥകൾക്ക് വിധേയമായി "വൈദ്യുതി സുരക്ഷാ പദ്ധതി' പ്രകാരമുള്ള ആശ്വാസ ധനസഹായം/ നഷ്ടപരിഹാരമായി പരമാവധി **10 ലക്ഷം രൂപ** ലഭിക്കുന്നതിന് അർഹതയുണ്ട്.

2. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് വ്യവസ്ഥകൾക്ക് വിധേയമായി "വൈദ്യുതി സുരക്ഷാ പദ്ധതി' പ്രകാരമുള്ള ആശ്വാസ ധനസഹായം/നഷ്ടപരിഹാരമായി പരമാവധി **രണ്ട് ലക്ഷം രൂപ** ലഭിക്കുന്നതിന് അർഹതയുണ്ട്.

3. മാരകമല്ലാത്ത അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യമുണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നല്കുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിനാനുപാതികമായി

(പരമാവധി 10 ലക്ഷം രൂപ) ആശ്വാസ ധനസഹായമായി ലഭിക്കുന്നതിന് അർഹതയുണ്ട്.

4. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മാരകമല്ലാത്ത അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യമുണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നല്കുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിനാനുപാതികമായി (പരമാവധി **രണ്ട് ലക്ഷം രൂപ)** ആശ്വാസ ധനസഹായമായി ലഭിക്കുന്നതിന് അർഹതയുണ്ട്.

ഇതിനുപുറമെ ഉയർന്ന തുക നഷ്ടപരിഹാരം ലഭിക്കുന്നതിലേയ്ക്കായി ബഹു.കോടതികളിൽ അപേക്ഷ സമർപ്പിക്കുന്ന സാഹചര്യങ്ങളിൽ കോടതി ഉത്തരവുപ്രകാരം നഷ്ടപരിഹാരം നൽകുവാൻ ഉത്തരവ് ലഭ്യമാകുന്ന സാഹചര്യങ്ങളിൽ ടി ഉത്തരവ് പ്രകാരമുള്ള ഉയർന്ന തുകയും നഷ്ടപരിഹാരമായി അനുവദിച്ചുവരുന്നു.

**വൈദ്യുത ഉപഭോഗവും ഉല്പാദനവും സംബന്ധിച്ച്**

254 (701) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത ഉപഭോഗം മിതപ്പെടുത്തി ഊർജ്ജസംരക്ഷണം നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും അറിയിക്കാമോ?

ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നതിനായി ഊർജ്ജ ഉപഭോഗം കുറച്ച് ഊർജ്ജ സംരക്ഷണം നടപ്പാക്കുന്ന ഉപഭോക്താക്കൾക്ക് സമ്മാനം നൽകുന്ന "ഊർജ്ജം കരുതി വയ്ക്കാം നാളേയ്ക്ക്" പദ്ധതി കെ.എസ്.ഇ.ബി.എൽ. നടപ്പാക്കി. പദ്ധതിയോടനുബന്ധിച്ച് വൈദ്യുത ഉപഭോഗം വിശകലനം ചെയ്തതിനുശേഷം 20358 ഉപഭോക്താക്കളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും സൈറ്റ് പരിശോധനയ്ക്കുശേഷം കേരളത്തിലൊട്ടാകെ 3880 ഗാർഹിക

ഉപഭോക്താക്കൾക്കും 140 വ്യാവസായിക ഉപഭോക്താക്കൾക്കും സമ്മാനവിതരണം നടത്തുകയുമുണ്ടായി.

ദേശീയ ഊർജ്ജ സംരക്ഷണ ദിനമായ ഡിസംബർ 14 ന് വർഷം തോറും പൊതുജനങ്ങൾക്കായി വിവിധ ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. കൂടാതെ മാർച്ച് അവസാന വാരം ആഗോളതലത്തിൽ നടപ്പാക്കുന്ന എർത്ത് ഔർ (Earth hour) തുടങ്ങിയ പരിപാടികളോടനുബന്ധിച്ച് ജനങ്ങളിൽ ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കുന്നതിനുള്ള പ്രചരണപരിപാടികൾ നടത്താറുണ്ട്.

വൈദ്യുതി സംരക്ഷണത്തിന്റെ ഭാഗമായി ഗാർഹിക ഉപഭോക്താക്കളിൽ ഫിലമെന്റ് ബൾബുകൾക്ക് പകരം ഊർജ്ജ കാര്യക്ഷമതയുള്ള LED ബൾബുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഫിലമെന്റ് രഹിത കേരള (FFK) പദ്ധതി കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിയിട്ടുണ്ട്. ടി പദ്ധതിയിലുൾപ്പെടുത്തി ഇതിനോടകം 1.14 കോടി LED ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പരമ്പരാഗത തെരുവുവിളക്കുകൾക്ക് പകരമായി LED വിളക്കുകൾ

സ്ഥാപിക്കുന്ന നിലാവ് പദ്ധതിയിലൂടെ 3.62 ലക്ഷം LED വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) സംസ്ഥാനത്ത് വൈദ്യുത ഉപയോഗം കുറയ്ക്കുന്നതിന് താഴെ പറഞ്ഞിരിക്കുന്ന വിവിധ ഊർജ്ജ കാര്യക്ഷമതാ പദ്ധതികളും ബോധവത്കരണ ശില്പശാലകളും നടത്തിവരുന്നു.

കേരളത്തിലെ അങ്കണവാടികളെ ഊർജ്ജകാര്യക്ഷമമാക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കുന്ന "അംഗൻ ജ്യോതി" പദ്ധതിയുടെ ഭാഗമായി കഴക്കൂട്ടം, ചിറ്റൂർ നിയോജക മണ്ഡലത്തിലെ 424 അങ്കണവാടികൾക്ക് വൈദ്യുത പാചക ഉപകരണങ്ങൾ വിതരണം ചെയ്തു. കാർബൺ ബഹിർഗമനമില്ലാത്തതും വേഗത്തിലുള്ള പാചകം ഉറപ്പുവരുത്തുന്നതുമായ വൈദ്യുത ഇൻഡക്ഷൻ കുക്കർ, ഇഡ്ഡലി കുക്കർ, പ്രഷർ കുക്കർ, മിൽക്ക് കുക്കർ, ഇൻഡക്ഷൻ കുക്കറുകളിൽ ഉപയോഗിക്കാവുന്ന പാത്രങ്ങൾ, ചൂടാറാപ്പെട്ടി എന്നിവയാണ് വിതരണം ചെയ്തത്. കൂടുതൽ അങ്കണവാടികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

- സർക്കാർ സ്ഥാപനങ്ങളെ ഊർജ്ജ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഊർജ്ജ ഓഡിറ്റ് നടത്തുകയും ഊർജ്ജ കാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതി 2 സർക്കാർ സ്ഥാപനങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം പൂർത്തീകരിച്ചു. ഈ സാമ്പത്തിക വർഷം 1 സർക്കാർ കെട്ടിടത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ 270 സർക്കാർ കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ച് ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

- സർക്കാർ സ്കൂളുകളെ ഊർജ്ജ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഊർജ്ജ ഓഡിറ്റ് നടത്തുകയും ഊർജ്ജ കാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നു. കേരളത്തിൽ 103 സർക്കാർ സ്കൂളുകളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തീകരിക്കുകയും തെരഞ്ഞെടുത്ത 22 സർക്കാർ സ്കൂളിലെ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജ കാര്യക്ഷമതയുള്ള ഉപകരണങ്ങൾ സ്ഥാപിച്ചു.

- സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ ഊർജ്ജ കാര്യക്ഷമമാക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ വിഭാവനം ചെയ്ത് നടത്തിവരുന്ന പദ്ധതിയാണ് "ചൈതന്യം". പദ്ധതിയുടെ ഭാഗമായി 26 ആരോഗ്യ കേന്ദ്രങ്ങളിലെ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും എൽ.ഇ.ഡി. ബൾബുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ 31 സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ ഊർജ്ജ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടുതൽ സർക്കാർ ആശുപത്രികൾ ഊർജ്ജ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇ.എം.സി. നടത്തുന്നതാണ്.

- നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഊർജ്ജ കാര്യക്ഷമത പ്രവർത്തനങ്ങൾ നടത്തുന്നതിന് ഇ.എം.സി. വിഭാവനം ചെയ്ത് നടത്തിവരുന്ന പദ്ധതിയാണ് "ഊർജ്ജയാൻ". പദ്ധതിയുടെ ഭാഗമായി തൃശൂർ ജില്ലയിലെ 12 നിയോജകമണ്ഡലത്തിലെ 111 സർക്കാർ കെട്ടിടങ്ങളുടെ പാലക്കാട് ജില്ലയിലെ 33 സർക്കാർ സ്ഥാപനങ്ങളുടെ

കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ച് തെരഞ്ഞെടുത്ത 20 സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയത് സ്ഥാപിച്ചു. തിരുവനന്തപുരം, വാമനപുരം നിയോജ മണ്ഡലത്തിലെ 124 സർക്കാർ സ്ഥാപനങ്ങളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കാട്ടാക്കട നിയോജക മണ്ഡലത്തിലെ 12 സർക്കാർ സ്ഥാപനങ്ങളെ ഊർജ്ജ കാര്യക്ഷമമാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

- സ്കൂൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമായി നടത്തിവരുന്ന ശില്പശാല പരമ്പരയാണ് "ഉണർവ്". ഉണർവിന്റെ സംസ്ഥാനതല ഉദ്ഘാടനം ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് നിർവ്വഹിക്കുകയുണ്ടായി. പദ്ധതിയുടെ ഭാഗമായി 23 സ്കൂളുകളിൽ നിന്നുള്ള 2000-ൽ പരം വിദ്യാർത്ഥികൾക്ക് ഊർജ്ജ സംരക്ഷണ ബോധവത്കരണ ശില്പശാലകൾ സംഘടിപ്പിച്ചു.

- കാർഷിക മേഖലയെ ഊർജ്ജ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കാർഷിക മേഖലയിൽ ഉപയോഗിക്കുന്ന തെരഞ്ഞെടുത്ത പമ്പ് സെറ്റുകൾ മാറ്റി ഊർജ്ജ കാര്യക്ഷമതയുള്ളവയാക്കി മാറ്റുകയും കർഷകർക്ക് ഊർജ്ജ സംരക്ഷണ മാർഗങ്ങൾ മനസ്സിലാക്കുവാൻ ബോധവത്കരണ ക്ലാസ്സുകളും പ്രദർശനവും സംഘടിപ്പിക്കുന്നു. പദ്ധതിയുടെ ഭാഗമായി പാലക്കാട് എരുത്തേൻപതിയിലെ ഇന്റഗ്രേറ്റഡ് സീഡ് ഡെവലപ്മെന്റ് ഫാമിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ പമ്പുസെറ്റുകൾ മാറ്റി ഊർജ്ജ കാര്യക്ഷമമമായ 5 എച്ച്. പി. ശേഷിയുള്ള 3 പമ്പ് സെറ്റുകൾ സ്ഥാപിച്ചു. കൂടാതെ കർഷകർക്ക് കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ 15 ബോധവത്കരണ പരിശീലന പരിപാടി സംഘടിപ്പിച്ചു. കാലാവസ്ഥ അതിജീവനശേഷിയും ഊർജ്ജകാര്യക്ഷമതയും കാർഷിക മേഖലയിൽ' എന്ന വിഷയത്തിൽ എല്ലാ ജില്ലകളിലും ശില്പശാലകൾ സംഘടിപ്പിക്കുന്നു. നിലവിൽ 2 ജില്ലകളിൽ ശില്പശാലകൾ സംഘടിപ്പിച്ചു.

- പൊതുജല വിതരണ കേന്ദ്രങ്ങളും മലിനജല സംസ്കരണ ശാലകളും ഊർജ്ജ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഇടുക്കി നിയോജക മണ്ഡലത്തിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ 14 ചെറുകിട പമ്പിങ് സ്റ്റേഷനുകളും 1 വൻകിട പമ്പിങ് സ്റ്റേഷനും ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ച് ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഇതിൽനിന്നും തെരഞ്ഞെടുത്ത ഒരു ചെറുകിട പമ്പിങ് സ്റ്റേഷനിലെ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ പമ്പ്സെറ്റുകൾ മാറ്റുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

- കേരളത്തിൽ വാണിജ്യ കെട്ടിടങ്ങളിൽ ഊർജ്ജ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സർക്കാർ കേരള എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് റൂൾസ് 2017 വിജ്ഞാപനം ചെയ്യുകയും ഈ നിയമത്തിന്റെ വ്യവസ്ഥകൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല ഗാർഹിക കെട്ടിടങ്ങളിലെ ഊർജ്ജ സംരക്ഷണം ലക്ഷ്യം വച്ച് കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഇക്കോ നിവാസ് സംഹിതാ (ENS) സംസ്ഥാനത്തിൽ

നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഈ നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കായി ഇ.എം.സി. 14 ജില്ലകളിലായി 23 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. വിവിധ പരിശീലന പരിപാടികളിലായി 585 സെക്രട്ടറിമാർ, 457 എഞ്ചിനീയർമാർ, ജോയിന്റ് ഡയറക്ടർമാർ, അസിസ്റ്റന്റ് സെക്രട്ടറിമാർ, അക്കൗണ്ടന്റ്, ഓവർസീയർമാർ തുടങ്ങിയവരടക്കം 1500-ൽ പരം ഉദ്യോഗസ്ഥർ പങ്കെടുത്തു. രണ്ടാംഘട്ടമായി എനർജി മാനേജ്മെന്റ് സെന്റർ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനുമായി (കില) ചേർന്ന്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കും (സീനിയർ ക്ലർക്ക്/ ക്ലർക്ക്) ഫ്രണ്ട് ഓഫീസ് ഉദ്യോഗസ്ഥർക്കുമായി "എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് & ഇക്കോ നിവാസ് സംഹിത"

എന്ന വിഷയത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. 25 ബാച്ചുകളിലായി ക്രമീകരിച്ച പരിശീലന പരിപാടിയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നായി 2004 ഉദ്യോഗസ്ഥർ പങ്കെടുത്തു.

- കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാവ്യതിയാന മന്ത്രാലയത്തിന്റെയും നീതി ആയോഗിന്റെയും ആഭിമുഖ്യത്തിൽ രാജ്യത്താകമാനം നടന്നുവരുന്ന LiFE (Lifestyle for Environment) ക്യാമ്പയിന്റെ ഭാഗമായി ഇ.എം.സി.യുടെ നേതൃത്വത്തിൽ കേരളത്തിൽ LiFE പ്രോഗ്രാം പുരോഗമിക്കുന്നു. പ്രകൃതിയോടിണങ്ങിയ ജീവിതരീതി പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ഊർജസംരക്ഷണത്തെ പ്രധാന വിഷയമാക്കിയുള്ള ബോധവൽക്കരണ ശില്പശാലകളാണ് ഇ.എം.സി.-യുടെ നേതൃത്വത്തിൽ നടന്നുവരുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ ശാലകൾ, റെസിഡൻസ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ചാണ് പ്രധാനമായും ശില്പശാലകൾ സംഘടിപ്പിക്കുന്നത്.

നിലവിൽ 431 ശില്പശാലകൾ പൂർത്തീകരിച്ചു. കൂടുതൽ ശില്പശാലകൾ നടന്നുവരുന്നു.

(ബി) സംസ്ഥാനത്ത് നിലവിൽ വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനം എത്രയെന്നും ഏതൊക്കെ സ്രോതസ്സുകളിൽ നിന്നാണ് ഉല്പാദനം നടത്തുന്നതെന്നും അറിയിക്കാമോ?

2023 ജൂലൈ മാസത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പ്രതിദിന ശരാശരി ആഭ്യന്തര വൈദ്യുതി ഉല്പാദനം ഏകദേശം 19.213 ദശലക്ഷം യൂണിറ്റ് ആയിരുന്നു. വിവിധ സ്രോതസ്സുകൾ തിരിച്ചുള്ള കണക്കുകൾ താഴെ നൽകുന്നു.

| **നം.** | **സ്രോതസ്സുകൾ** | **പ്രതിദിന ശരാശരി ഉൽപാദനം (ദശലക്ഷം യൂണിറ്റ്)** |
|---|---|---|
| 1 | ജലവൈദ്യുത നിലയങ്ങളിൽ നിന്നും | 17.2945 |
| 2 | കാറ്റാടിപ്പാടങ്ങളിൽ നിന്നും | 0.7431 |
| 3 | സൗരോർജ്ജ നിലയങ്ങളിൽ നിന്നും | 0.9775 |
| 4 | കോ ജനറേഷൻ | 0.1979 |
| | **ആകെ** | **19.213** |

(സി) അന്യസംസ്ഥാനങ്ങളിൽനിന്നും നിലവിൽ എത്ര വൈദ്യുതിയാണ് വാങ്ങുന്നതെന്നും ഇതിനായി എത്ര തുകയാണ് പ്രതിദിനം ചെലവഴിക്കുന്നതെന്നും അറിയിക്കാമോ?

സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി ആഭ്യന്തര ഉല്പാദനത്തിന് പുറമെ സംസ്ഥാനത്തിന് പുറത്ത് നിന്നും കേന്ദ്രവിഹിതമായി വൈദ്യുതി ലഭ്യമാക്കുന്നുണ്ട്. ഇത് കൂടാതെ ദീർഘ കാല/ മധ്യകാല/ ഹ്രസ്വകാല കരാറുകൾ വഴിയും പവർ എക്സ്ചേഞ്ച് വഴി വൈദ്യുതി വാങ്ങിയും സംസ്ഥാനത്ത് വൈദ്യുതി ലഭ്യമാക്കുന്നുണ്ട്. 2023 ജൂൺ മാസത്തിൽ സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങിയ വൈദ്യുതിയുടെ കണക്ക് സംബന്ധിച്ച വിവരങ്ങൾ താഴെ പറയുന്നു:-

| **സ്രോതസ്സ്** | **വാങ്ങിയ വൈദ്യുതി (ദശലക്ഷം യൂണിറ്റ്)** |
|---|---:|
| കേന്ദ്രവിഹിതം | 814.889 |
| ദീർഘകാല കരാറുകൾ വഴി | 567.403 |
| ഹ്രസ്വകാല കരാറുകൾ വഴി | 204.9215 |
| പവർ എക്സ്ചേഞ്ച് വഴി | 330.680 |
| **ആകെ** | **1917.8935** |

മേൽ പറഞ്ഞ കണക്കുകൾ പ്രകാരം 2023 ജൂൺ മാസത്തിൽ പവർ എക്സ്ചേഞ്ച് വഴി 179.35 കോടി രൂപക്ക് വൈദ്യുതി വാങ്ങിയിട്ടുണ്ട്. ടി ഇനത്തിലുള്ള പ്രതിദിന ശരാശരി ചെലവ് ഏകദേശം 5.978 കോടി രൂപയായിരുന്നു.

2022-2023 സാമ്പത്തിക വർഷത്തിൽ വൈദ്യുതി വാങ്ങുന്നതിനായി 11240.62 കോടി രൂപയാണ് ചെലവഴിച്ചത്.

2023 മേയ് മാസത്തെ ലഭ്യമായ കണക്കുകൾ പ്രകാരം അന്യസംസ്ഥാ+നങ്ങളിൽ നിന്ന് ദീർഘ/മദ്ധ്യ/ഹ്രസ്വകാല കരാർ മുഖേനയും പവർ എക്സ്ചേഞ്ച് വഴിയും പ്രതിദിനം ശരാശരി 63.36 ദശലക്ഷം യൂണീറ്റ് വൈദ്യുതി വാങ്ങിയിട്ടുണ്ട്. ഇതിനായി പ്രതിദിനം ശരാശരി 29.49 കോടി രൂപ ചെലവായിട്ടുണ്ട്.

## സ്മാർട്ട് മീറ്റർ പദ്ധതി

255 (702) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ പ്രസ്തുത യോഗതീരുമാനങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വൈദ്യുതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12-12-2022, 25-01-2023, 24-05-2023 എന്നീ തീയതികളിൽ കെ.എസ്.ഇ.ബി.എൽ. തൊഴിലാളി സംഘടനകളുമായി ചർച്ചകൾ നടത്തുകയുണ്ടായി.

ഇതുകൂടാതെ 08-06-2023 ന് പട്ടം വൈദ്യുതി ഭവനിൽ വച്ച് കെ.എസ്.ഇ.ബി ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിലും സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി. യോഗ നടപടി കുറിപ്പുകളുടെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു+.

(ബി) സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് തൊഴിലാളി സംഘടനകൾ ബദൽ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് തൊഴിലാളി സംഘടനകൾ കെ.എസ്.ഇ.ബി.എൽ.-ൽ സമർപ്പിച്ചിട്ടുള്ള ബദൽ നിർദ്ദേശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു+.

**വൈദ്യുതി സർചാർജ്ജ്**

256 (703) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾ ഉപയോഗിക്കുന്ന വൈദ്യുതിക്കുള്ള സർചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ഉപഭോക്താക്കൾക്ക് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർചാർജ്ജ് കൂട്ടിയിട്ടുണ്ടെങ്കിൽ ആയത് എത്രയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഇന്ധനവിലയിലെ ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ യഥാസമയം ഉപഭോക്താവിലേയ്ക്ക് കൈമാറാൻ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ താരിഫ്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടപ്രകാരം ഇന്ധന വിലയിലെ ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾക്ക് അനുസൃതമായി റഗുലേറ്ററി കമ്മീഷൻ നിഷ്കർഷിച്ച ഫോർമുല അനുസരിച്ച് ഇന്ധന സർചാർജ്ജ് ഏർപ്പെടുത്തിവരുന്നു. നിലവിൽ ഓഗസ്റ്റ് മാസത്തിൽ യൂണിറ്റൊന്നിന് 19 പൈസയാണ് ഇന്ധന സർചാർജ്ജായി ഈടാക്കി വരുന്നത്. ഇത് ജൂലൈ, 2022 മുതൽ ഡിസംബർ, 2022 വരെയുള്ള കാലയളവിലെ ഇന്ധന സർചാർജ്ജ് ആയി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച 9 പൈസയും ജൂൺ, 2023-ലെ ഇന്ധന സർചാർജ്ജ് ആയ 10 പൈസയുമാണ്.

**കടുത്തുരുത്തി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം**

257 (704) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിലെ പെരുവ സെക്ഷനിലെ ഉപഭോക്താക്കൾ അനുഭവിക്കുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കാരിക്കോട് കേന്ദ്രമായി ഒരു

സബ്സ്റ്റേഷൻ പണിയണമെന്ന കടുത്തുരുത്തി, മുളക്കുളം, തലയോലപ്പറമ്പ്, വെള്ളൂർ പഞ്ചായത്തുകളുടെ ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തിയ സാങ്കേതിക പഠനത്തിൽ കാരിക്കോടിന് അടുത്തുള്ള പ്രദേശമായ വെള്ളൂർ കേന്ദ്രമാക്കി ഒരു സബ്സ്റ്റേഷൻ നിർമ്മിക്കുന്നത് നിലവിൽ പ്രായോഗികമല്ലെന്നാണ് കണ്ടെത്തിയത്.

കോട്ടയം 400 കെ.വി. സബ്സ്റ്റേഷൻ പൂർത്തിയായതോടുകൂടി ഇവിടുത്തെ വോൾട്ടേജ് ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ വൈക്കം രണ്ടാംഘട്ട നവീകരണ പദ്ധതിയുടെ ഭാഗമായി 20 എം.വി.എ. ശേഷിയുള്ള രണ്ട് 110/11 കെ.വി. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതോടുകൂടി വോൾട്ടേജ് ക്ഷാമം പൂർണ്ണമായി പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) മരങ്ങാട്ടുപള്ളി പഞ്ചായത്തിലെ കെ.എസ്.ഇ.ബി. സെക്ഷനിലെ ഉപഭോക്താക്കളുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് മോനിപ്പള്ളി പ്രദേശത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) മേൽ സൂചിപ്പിച്ച രണ്ട് ആവശ്യങ്ങളുടെയും റിപ്പോർട്ട് ബന്ധപ്പെട്ടവർ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി&സി) മരങ്ങാട്ടുപള്ളി ഇലക്ട്രിക്കൽ സെക്ഷനിലെ ഉപഭോക്താക്കളുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് മോനിപ്പള്ളി ടൗണിൽ ഒരു പുതിയ 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

വെള്ളൂരിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന്റെ സാധ്യതയെപ്പറ്റി ബോർഡിന്റെ സാങ്കേതികവിഭാഗം (പവർ സിസ്റ്റം എഞ്ചിനീയറിംഗ്) പഠനം നടത്തിയതിന്റെ റിപ്പോർട്ട് 05-04-2023-ന് സമർപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിർദ്ദിഷ്ട സബ്സ്റ്റേഷനിൽ വളരെ കുറഞ്ഞ

അളവിലുള്ള ലോഡ് മാത്രമേ വരുന്നുള്ളൂവെന്നും അത് നിലവിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഉതകുന്നതല്ലെന്നും കണ്ടെത്തിയിട്ടുണ്ട്. ഭാവിയിൽ പ്രതീക്ഷിത ലോഡ് കൂടിവരുന്ന സാഹചര്യത്തിൽ പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

**കെ.എസ്.ഇ.ബി. റീച്ചാർജ് സ്റ്റേഷനുകൾ വൃത്തിയാക്കൽ**

258 (705) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ വാഹനങ്ങൾക്ക് പകരം ഇലക്ട്രിക്കൽ വാഹനങ്ങൾ ഉപയോഗിക്കുന്ന രീതി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി. സ്ഥാപിച്ചിരിക്കുന്ന റീച്ചാർജ് സ്റ്റേഷനുകൾ കാടുപിടിച്ചുകിടക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

അത്തരത്തിൽ ശ്രദ്ധയിൽപ്പെട്ടത് പരിഹരിച്ചിട്ടുണ്ട്. മാത്രമല്ല എല്ലാ ചാർജ്ജിങ് സ്റ്റേഷനുകളും വൃത്തിയായി സൂക്ഷിക്കുന്നതിന് എഞ്ചിനീയർ ഇൻ ചാർജിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**മീറ്റർ റീഡർ നിയമനം**

259 (706) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. മീറ്റർ റീഡർ റാങ്ക് ലിസ്റ്റിൻെറ കാലാവധി അവസാനിക്കാൻ മാസങ്ങൾ മാത്രമുള്ള സാഹചര്യത്തിൽ മീറ്റർ റീഡർ നിയമനം നടത്തുന്നതിന് കെ.എസ്.ഇ.ബി.-ക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ;

(ബി) സ്മാർട്ട് മീറ്റർ പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ തടഞ്ഞുവച്ച മീറ്റർ റീഡർ നിയമനം നടത്താൻ കെ.എസ്.ഇ.ബി.-ക്ക് നിർദ്ദേശം നൽകുമോ?

(എ & ബി) കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം (REVAMPED REFORMS LINKED RESULTS BASED

DISTRIBUTION SECTOR SCHEME) പ്രീ-പെയ്ഡ് സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെയുള്ള മീറ്ററിംഗ് സംവിധാനത്തിലെ അതിനൂതനമായ പരിഷ്കാരങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടപ്പിലാക്കേണ്ടതുണ്ട്. കൂടാതെ മീറ്റർ റീഡിംഗ് പ്രക്രിയയുടെ സമഗ്രമായ പുനഃക്രമീകരണവും നടത്തേണ്ടതായിട്ടുണ്ട്. ആയതിനാൽ മീറ്റർ റീഡർ തസ്തികയിലെ അവശ്യം വേണ്ട ഒഴിവുകൾ 218 എണ്ണം തീരുമാനിച്ച് ഇതിനകം തന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും ഇതിലെ NJD ഒഴിവുകളിൽ നിയമനനടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയുമാണ്. മീറ്റർ റീഡിംഗുമായി ബന്ധപ്പെട്ട് സാങ്കേതിക കാര്യങ്ങളിൽ അതിനൂതന മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും ആയത് നടപ്പിലാക്കാൻ ബോർഡ് നിർബന്ധിതമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലും കെ.എസ്.ഇ.ബി. ലിമിറ്റഡിൽ വിപുലമായ പുനഃക്രമീകരണ നടപടികൾ ആരംഭിച്ചിരിക്കുന്നതിനാലും മീറ്റർ റീഡർ തസ്തികയിലേയ്ക്ക് നിയമനം നടത്തുവാൻ നിർവ്വാഹമില്ല. മാത്രമല്ല സർക്കാർ സ്മാർട്ട് മീറ്റർ പദ്ധതി ഉപേക്ഷിച്ചിട്ടില്ല.

**വൈദ്യുത മേഖലയിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കൽ**

260 (707) ശ്രീ. ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത മേഖലയിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

RDSS പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഏകദേശം 37 ലക്ഷം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുവേണ്ടി DBFOOT (Design Build Finance Own Operate Transfer) അടിസ്ഥാനത്തിൽ TOTEX (Total Expenditure) രീതിയിൽ ടെണ്ടർ ക്ഷണിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകളിൽ L1 bidder quote ചെയ്തിരുന്ന തുക Probable Amount of Contract (PAC) നെക്കാൾ 44.8% കൂടുതലായിരുന്നു. സാധാരണക്കാരിൽ അധിക സാമ്പത്തിക ബാധ്യത അടിച്ചേൽപ്പിക്കുമെന്നതിനാൽ KSEBL വിളിച്ച ടെൻഡർ റദ്ദാക്കുവാനും സാധാരണക്കാരെ ബാധിക്കാത്ത തരത്തിലുള്ള Totex-ന് ബദലായുള്ള സ്മാർട്ട്

മീറ്റർ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കി മൂന്ന് മാസത്തിനകം നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാനും KSEBL-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരമുള്ള തുടർനടപടികൾ KSEBL സ്വീകരിച്ചുവരുന്നു. സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാൻ 15-07-2023 മുതൽ മൂന്ന് മാസത്തെ സാവകാശം അനുവദിക്കുവാൻ കേന്ദ്ര സർക്കാരിനോട് 08-07-2023-ലെ കത്തുപ്രകാരം സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യഘട്ടത്തിന്റെ സമയപരിധി മൂന്നു മാസം ദീർഘിപ്പിക്കാൻ ബഹു. കേന്ദ്ര വൈദ്യുതി വകുപ്പുമന്ത്രിയോട് ബഹു. സംസ്ഥാന വൈദ്യുതി വകുപ്പുമന്ത്രി 26-07-2023-ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് വൈദ്യുതമേഖലയുടെ സ്വകാര്യവൽക്കരണത്തിന് കാരണമാകുമെന്ന് കരുതുന്നുണ്ടോ?

സ്മാർട്ട് മീറ്റർ പദ്ധതിയിലൂടെ മീറ്റർ റീഡിംഗ്, ബില്ലിംഗ്, ഡിസ്കണക്ഷൻ, റീകണക്ഷൻ എന്നീ പ്രവർത്തനങ്ങളുടെ ഓട്ടോമേഷൻ ആണ്

നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇത് സ്വകാര്യവൽക്കരണത്തിന് കാരണമാകുമെന്ന് കരുതുന്നില്ല.

(സി) സ്മാർട്ട് മീറ്റർ സ്ഥാപിക്കാതിരുന്നാൽ വൈദ്യുതമേഖലയ്ക്ക് നൽകിവരുന്ന ഗ്രാൻറിൽ കുറവുവരുത്തുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

RDSS പദ്ധതിയുടെ വിതരണ മേഖലയിലെ അടിസ്ഥാന വികസന പ്രവൃത്തികൾക്കുള്ള ഗ്രാന്റ് ലഭിക്കുന്നതിന് സ്മാർട്ട് മീറ്റർ സ്ഥാപിക്കാനുള്ള പ്രവൃത്തികൾ RDSS മാർഗ്ഗരേഖപ്രകാരം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്.

(ഡി) വൈദ്യുത വിതരണ ശൃംഖലയുടെ വികസനവും നവീകരണവും എപ്രകാരം മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

RDSS പദ്ധതിയിൽ വിതരണശൃംഖല മെച്ചപ്പെടുത്തുന്നതിനായി 2269.32 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ആദ്യഘട്ടത്തിൽ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനുള്ള വിതരണ - ഉപ പ്രസരണ പ്രവൃത്തികൾ 32

പാക്കേജുകളായി ടെൻഡർ ചെയ്യുകയുണ്ടായി. ക്ഷണിച്ച 32 ടെൻഡറുകളിൽ 10 ഉപപ്രസരണ പ്രവൃത്തികളുടെ നടത്തിപ്പിനായുള്ള വർക്ക് ഓർഡറുകൾ നൽകുകയും കരാറിൽ ഏർപ്പെടാനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുകയാണ്. വിതരണ പ്രവൃത്തികളുടെ നടത്തിപ്പിനായുള്ള ടെൻഡറുകൾ വിവിധഘട്ടങ്ങളിലാണ്. ഇതുകൂടാതെ കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ച 13126.53 കോടി രൂപയുടെ വിതരണ - ഉപപ്രസരണ നവീകരണ പ്രവൃത്തികൾക്കും വിതരണമേഖലയിലെ അടിസ്ഥാന വികസന പ്രവൃത്തികൾക്കും വേണ്ടിയുള്ള അധികപദ്ധതികൾ കേന്ദ്രസർക്കാരിന് സമർപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ-ഫോൺ പദ്ധതി**

261 (708) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ സുപ്രധാന ഘടകമായ ഒപ്റ്റിക്കൽ ഗ്രൗണ്ട് വയറുകൾ (ഒ.പി.ജി.ഡബ്ല്യൂ.) കേബിളുകൾ ഇന്ത്യൻ നിർമ്മിതമാണോയെന്ന് കെ.എസ്.ഇ.ബി. പരിശോധിച്ചിട്ടുണ്ടോ?

കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ അടങ്ങുന്ന കെ-ഫോൺ ടെക്നിക്കൽ കമ്മിറ്റിയിൽ ഈ വിഷ http://192.168.11.12/യം പരിശോധിച്ചിട്ടുണ്ട്. "Make in India" വ്യവസ്ഥ പാലിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത കേബിളുകൾ കെ-ഫോണിനായി നൽകിയ ബെൽ കൺസോർഷ്യം പാർട്ണറായ എൽ.എസ്. കേബിൾ എന്ന സ്ഥാപനത്തിൽ കെ.എസ്.ഇ.ബി. പരിശോധന നടത്തിയിരുന്നോ? എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കെ ഫോൺ പദ്ധതിയുടെ ഭാഗമായി നിഷ്കർഷിച്ചിട്ടുള്ള ഒ.പി.ജി.ഡബ്ല്യൂ. കേബിളുകളുടെ ടെസ്റ്റുകൾ കെ.എസ്.ഇ.ബി.എൽ. അടങ്ങുന്ന ടീം പരിശോധിച്ചിട്ടുണ്ട്. ടെക്നിക്കൽ വ്യവസ്ഥകൾ പാലിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനത്തിന് ഒ.പി.ജി.ഡബ്ല്യു. കേബിളുകൾ നിർമ്മിക്കാനുള്ള സംവിധാനമില്ലെന്ന് കെ-ഫോൺ പദ്ധതിയിലെ പാർട്ണറായ കെ.എസ്.ഇ.ബി. കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല.

(ഡി) ഒ.പി.ജി.ഡബ്ല്യു. കേബിളുകളുടെ നിർമ്മാതാക്കളിൽനിന്ന് 25 വർഷത്തെ വാറന്റി ഉറപ്പാക്കണമെന്ന ടെൻഡർ വ്യവസ്ഥ പാലിച്ചിട്ടുണ്ടോ എന്ന പരിശോധന കെ.എസ്.ഇ.ബി. നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ആർ.എഫ്.പി. (റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ)/ ടെണ്ടർ വ്യവസ്ഥയിൽ ഒ.പി.ജി.ഡബ്ല്യു. കേബിളിന്റെ 25 വർഷത്തെ വാറന്റി വ്യവസ്ഥ ഉൾപ്പെട്ടിട്ടുണ്ട്. ടി കേബിളുകൾ ഇപ്പോൾ വാറന്റി കാലാവധിയിലാണ്.

**മലപ്പുറം ജില്ലയിൽ വൈദ്യുത വിതരണം മെച്ചപ്പെടുത്താൻ നടപടി**

262 (709) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വൈദ്യുതി ലൈൻ വലിക്കുന്നതിനുള്ള കേബിൾ, എ.ബി.സി. കേബിൾ മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവയുടെ കുറവ് രൂക്ഷമായിരിക്കുകയാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വോൾട്ടേജ് ക്ഷാമം, പുതിയ പ്രവൃത്തികളുടെ കുറവ്, നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥ എന്നിവ മറികടക്കുവാൻ അടിയന്തരമായി എ.ബി.സി. കേബിൾ അടക്കമുള്ള സാമഗ്രികളുടെ ലഭ്യത ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിന്മേൽ സർക്കാരിൽ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ - സി) സാമഗ്രികളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോടതിയിൽ കേസ് നിലനിന്നിരുന്നതിനാൽ എ.ബി.സി. ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടിരുന്നു. അക്കാലയളവിൽ എ.ബി.സി. ഉപയോഗിച്ച് ചെയ്യേണ്ട പ്രവൃത്തികൾ ടേൺകീ വ്യവസ്ഥയിൽ നടപ്പിലാക്കാൻ ഡെപ്യൂട്ടി ചീഫ്

എഞ്ചിനീയർമാർക്ക് അനുവാദം നൽകിയിരുന്നു. ഇപ്പോൾ എ.ബി.സി. ടെണ്ടറിന്മേലുള്ള കേസ് അവസാനിച്ചതിനാൽ പർച്ചേസ് ഓർഡർ നൽകി ഫീൽഡ് ഓഫീസുകളിൽ എ.ബി.സി. ലഭ്യമാക്കി തുടങ്ങിയിട്ടുണ്ട്. ആവശ്യമായ മറ്റ് മെറ്റീരിയലുകൾ കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ വാങ്ങൽ നടപടികളിലൂടെ ലഭ്യമാക്കികൊണ്ട് സാധനസാമഗ്രികളുടെ കുറവ് ഇപ്പോൾ പരിഹരിച്ചുവരുന്നു.

**വെള്ളരിക്കുണ്ട് താലൂക്ക് കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി. സബ് ഡിവിഷൻ ഓഫീസ്**

263 (710) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി. സബ് ഡിവിഷൻ ഓഫീസ് ഇല്ലാത്ത മലയോര താലൂക്ക് എന്നത് പരിഗണിച്ച് വെള്ളരിക്കുണ്ട് താലൂക്ക് കേന്ദ്രീകരിച്ച് ഒരു സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി

ചെലവഴിക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതു വഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും പുതിയ സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

വൈദ്യുതി ചാർജ്ജ് അടക്കുന്നതിന് നിരവധി ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാലും, വൈദ്യുതി സംബന്ധമായ സേവനങ്ങൾക്ക് ഓഫീസിൽ പോകാതെ തന്നെ ലഭ്യമാക്കുന്നതിന് "സേവനം വാതിൽ പടിയിൽ" എന്ന പദ്ധതി കേരളത്തിലുടനീളം നടപ്പിലാക്കിയതുംമൂലം പുതിയ സെക്ഷൻ ഓഫീസിന്റെ/ഡിവിഷൻ ഓഫീസിന്റെ ആവശ്യം തൽക്കാലം ഇല്ലെന്നതാണ് ബോർഡിന്റെ നിലപാട്. ആയതിനാൽ വെള്ളരിക്കുണ്ട് താലൂക്ക് കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി.എൽ. സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഒ.പി.ജി.ഡബ്ല്യൂ. കേബിളുകൾ സംബന്ധിച്ച് സി.എ.ജി. അഭിപ്രായം തേടിയത്**

264 (711) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ-ഫോൺ പദ്ധതിയുടെ സുപ്രധാനഘടകമായ ഒപ്റ്റിക്കൽ ഗ്രൗണ്ട് വയറുകൾ അഥവാ ഒ.പി.ജി.ഡബ്ല്യൂ കേബിളുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.-യിൽ നിന്നും സി.എ.ജി. അഭിപ്രായങ്ങൾ തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

കൊമേഴ്സ്യൽ ഓഡിറ്റ് പാർട്ടി, പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) ന്റെ കാര്യാലയത്തിൽ നിന്നും 06-12-2021 ലെ കത്ത് പ്രകാരം, കെ-ഫോൺ പദ്ധതിയെപ്പറ്റി അവരുടെ നിരീക്ഷണങ്ങൾ കെ.എസ്.ഇ.ബി.എൽ.- നെ അറിയിക്കുകയുണ്ടായി. എന്നാൽ ഒ.പി.ജി.ഡബ്ല്യൂ. കേബിളുകളെപ്പറ്റിയുള്ള അഭിപ്രായങ്ങൾ സി.എ.ജി. കെ.എസ്.ഇ.ബി.എൽ.- നോട് തേടിയിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ കെ.എസ്.ഇ.ബി.സബ് സ്റ്റേഷനുകൾ**

265 (712) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര സബ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയൊക്കെയാണ് സജ്ജമാക്കിയിട്ടുള്ളതെന്നും അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ നിലവിൽ 18 സബ്സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. താഴെപ്പറയുന്ന സ്ഥലങ്ങളിലാണ് സബ്സ്റ്റേഷനുകൾ സജ്ജമാക്കിയിട്ടുള്ളത്.

1. 220 കെ.വി. സബ്സ്റ്റേഷൻ മൈലാട്ടി- മൈലാട്ടി

2. 220 കെ.വി.സോളാർ സബ്സ്റ്റേഷൻ, അമ്പലത്തറ- അമ്പലത്തുകര

3. 110 കെ.വി. സബ്സ്റ്റേഷൻ കാഞ്ഞങ്ങാട്- മാവുങ്കാൽ

4. 110 കെ.വി. സബ്സ്റ്റേഷൻ ചെറുവത്തൂർ- കണ്ണാടിപ്പാറ

5. 110 കെ വി. സബ്സ്റ്റേഷൻ കാസർഗോഡ്- വിദ്യാനഗർ

6. 110 കെ.വി. സബ്സ്റ്റേഷൻ മുള്ളേരിയ- മുള്ളേരിയ

7. 110 കെ.വി. സബ്സ്റ്റേഷൻ കുബനൂർ- ബേക്കൂർ

8. 110 കെ.വി. സബ്സ്റ്റേഷൻ മാഞ്ചേശ്വർ - കടമ്പാർ

9. 33 കെ.വി. സബ്സ്റ്റേഷൻ പെർള- ബജ കുഡ്ലു

10. 33 കെ.വി. സബ്സ്റ്റേഷൻ ബദിയഡുക്ക- ബദിയഡുക്ക

11. 33 കെ.വി. സബ്സ്റ്റേഷൻ അനന്തപുരം- അനന്തപുരം

12. 33 കെ.വി. സബ്സ്റ്റേഷൻ കാസർഗോഡ് ടൌൺ-കേളുഗുഡ്ഡെ

13. 33 കെ.വി. സബ്സ്റ്റേഷൻ രാജപുരം-കള്ളാർ

14. 33 കെ.വി. സബ്സ്റ്റേഷൻ കാഞ്ഞങ്ങാട് ടൗൺ- കാഞ്ഞങ്ങാട്

15. 33 കെ.വി. സബ്സ്റ്റേഷൻ, തൃക്കരിപ്പൂർ-ഇളമ്പച്ചി

16. 33 കെ.വി. സബ്സ്റ്റേഷൻ, വെസ്റ്റ് എളേരി-കുവപ്പാറ

17. 33 കെ.വി. സബ്സ്റ്റേഷൻ, ബേളൂർ-തട്ടുമ്മൽ

18. 33 കെ.വി. സബ്സ്റ്റേഷൻ,നീലേശ്വരം-പുത്തരിയടുക്കം

(ബി) ജില്ലയിൽ എവിടെയൊക്കെയാണ് പുതുതായി സബ് സ്റ്റേഷൻ പണി ആരംഭിച്ചിട്ടുള്ളതെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോലിൽ പുതുതായി ഒരു 110 kV സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സബ്സ്റ്റേഷൻ 2024 മേയ് മാസം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, ഉടുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ താരിഫ് ബേസ്ഡ് കോപ്പറേറ്റീവ് ബിഡ്ഡിംഗ് (TBCB) വ്യവസ്ഥയിൽ കരിന്തളത്ത് ഒരു പുതിയ 400 kV സബ്സ്റ്റേഷനും അനുബന്ധമെന്നും നിർമ്മിക്കുന്നുണ്ട്. പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണം 2023 ഒക്ടോബർ മാസത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു.

**വൈദ്യുതി ചാർജ്ജ് കുടിശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ**

266 (713) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-ക്ക് നിലവിൽ വിവിധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയിൽനിന്നും വ്യക്തികളിൽനിന്നും വൈദ്യുതി ചാർജ് കുടിശ്ശികയിനത്തിൽ എത്ര തുക ലഭിക്കാനുണ്ട്; വിശദവിവരം നൽകുമോ?

30-06-2023-ലെ ക്രോഡീകരിച്ച കണക്ക് (താത്കാലികം) പ്രകാരം നിലവിൽ വൈദ്യുതി ബോർഡിന് ആകെ 3585.69 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. 30-06-2023 വരെയുള്ള വൈദ്യുതിചാർജ്ജ് കുടിശ്ശികയുടെ കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

2023 ജൂൺ 30 വരെയുള്ള കണക്കനുസരിച്ച് എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗങ്ങളിൽനിന്നും ആകെ 2252.33 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്. ഇതിൽ 375.6 കോടി രൂപ വിവിധതരത്തിലുള്ള കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിശ്ശികയിനത്തിൽ എത്ര തുക പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കുടിശ്ശികയിനത്തിൽ 300.84 കോടി രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(സി) സ്വകാര്യ-വൻകിട ഉപഭോക്താക്കൾ, സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ ഇവയിൽ നിന്നുമുള്ള ഭീമമായ വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നിലവിൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് കുടിശ്ശിക നോട്ടീസുകൾ നൽകി തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതിബന്ധം വിച്ഛേദിക്കുകയും ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു. കൂടാതെ വൈദ്യുതി അദാലത്തുകൾ മുഖേന തർക്കങ്ങളിൽപ്പെട്ടും മറ്റും അടവാക്കാത്ത കുടിശ്ശികകളിന്മേൽ

ഉപഭോക്താക്കളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് തീരുമാനങ്ങളിൽ എത്തിച്ചേരുകവഴി കുടിശ്ശിക തുകകൾ പിരിച്ചെടുക്കുവാൻ സാധിക്കുന്നുണ്ട്. ഇതുകൂടാതെ വൈദ്യുതി ബോർഡ് പലപ്പോഴായി നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽകൂടി വിവിധ ജുഡീഷ്യൽ ഫോറങ്ങളിൽ വർഷങ്ങളായി തീർപ്പാക്കാതെ നിൽക്കുന്ന കുടിശ്ശികകളിന്മേൽ തീരുമാനമാക്കാനും ആയതുവഴി കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതികണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുകയും ചെയ്യുന്നുണ്ട്. പലപ്പോഴായി KSERC-യുടെ അനുമതിയോടുകൂടി

കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽനിന്നും KSEBL കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം 2016-ലും 2018-ലും 2019-ലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു.

നിലവിൽ 20-07-2023 മുതൽ 30-12-2023 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രാബല്യത്തിലുണ്ട്.

**ടോട്ടക്സ് സ്മാർട്ട് മീറ്റർ പദ്ധതി**

267 (714) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിൽ ടോട്ടക്സ് സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

RDSS പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഏകദേശം 37 ലക്ഷം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുവേണ്ടി Design Build Finance Own Operate Transfer (DBFOOT) അടിസ്ഥാനത്തിൽ TOTEX രീതിയിൽ ടെണ്ടർ ക്ഷണിച്ചു. ഇതിന്റെ

അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകളിൽ L1 bidder quote ചെയ്തിരുന്ന തുക Probable Amount of Contract (PAC)-യെക്കാൾ 44.8% കൂടുതലായിരുന്നു. ഇത് സാധാരണക്കാരിൽ അധിക സാമ്പത്തിക ബാധ്യത അടിച്ചേൽപ്പിക്കുമെന്നതിനാൽ KSEBL വിളിച്ച ടെൻഡർ റദ്ദാക്കാനും സാധാരണക്കാരെ ബാധിക്കാത്ത തരത്തിലുള്ള ടോട്ടക്സിന് ബദലായുള്ള സ്മാർട്ട് മീറ്റർ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കി മൂന്ന് മാസത്തിനകം നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാനും KSEBL- ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരമുള്ള തുടർനടപടികൾ KSEBL സ്വീകരിച്ചുവരുന്നു. സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാൻ 15-07-2023 മുതൽ മൂന്ന് മാസത്തെ സാവകാശം അനുവദിക്കുവാൻ കേന്ദ്ര സർക്കാരിനോട് 08-07-2023-ലെ കത്തുപ്രകാരം സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യഘട്ടത്തിന്റെ സമയപരിധി മൂന്ന് മാസം ദീർഘിപ്പിക്കാൻ ബഹു. കേന്ദ്ര വൈദ്യുതി വകുപ്പുമന്ത്രിയോട് 26-07-2023- ലെ കത്തുപ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമൂലം വൈദ്യുതി ഉപഭോക്താക്കൾക്ക് ഏതുതരത്തിലുള്ള അധികതുകയാണ് അടയ്ക്കേണ്ടി വരുന്നത്; വിശദമാക്കാമോ?

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമൂലം സംസ്ഥാന സർക്കാരിനുണ്ടാകുന്ന അധിക ചെലവ് എത്രയാണെന്ന് വിശദമാക്കാമോ?

(ബി & സി) സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് വേണ്ട ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി അവാർഡ് ചെയ്തതിനുശേഷം മാത്രമേ പദ്ധതിയുടെ കൃത്യമായ ചെലവ് അറിയാൻ സാധിക്കുകയുള്ളൂ. തുടർന്ന് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ KSEBL-ന് ലഭിക്കുന്ന സാമ്പത്തിക നേട്ടങ്ങൾ കണക്കിലെടുത്ത് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടുകൂടിയാണ് താരിഫ് നിശ്ചയിക്കേണ്ടത് ഇതിനുശേഷം മാത്രമേ ഉപഭോക്താവിന് വരാവുന്ന അധികതുക, സർക്കാരിനു വന്നേക്കാവുന്ന അധിക ചെലവ് എന്നിവ സംബന്ധിച്ച കാര്യങ്ങൾ നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ

**ജലവൈദ്യുത പദ്ധതികൾ**

268 (715) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ ജലവൈദ്യുത പദ്ധതികളാണ് കമ്മീഷൻ ചെയ്തിട്ടുള്ളത്; ഏതൊക്കെ പദ്ധതികളാണ് കമ്മീഷൻ ചെയ്യാൻ തയ്യാറായിട്ടുള്ളത്; അവ ഒരോന്നും എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാകുമെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മീഷൻ ചെയ്ത പദ്ധതികളും കമ്മീഷൻ ചെയ്യാൻ തയ്യാറാവുന്നതുമായ പദ്ധതികളും ചുവടെ ചേർക്കുന്നു.

1. അപ്പർകല്ലാർ (2x1 MW)

പദ്ധതിയുടെ സിവിൽ & ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾക്കുള്ള വർക്ക് ഓർഡർ M/s.Power Mech-Pentaflo-Hydromagus-Sew-Consortium-ത്തിന്

15.24 കോടി രൂപയ്ക്കാണ് നൽകിയത്. 30-09-2021- ൽ പ്രസ്തുത പദ്ധതി രാഷ്ട്രത്തിന് സമർപ്പിച്ചു.

2. പെരിങ്ങൽകുത്ത് (1x24 MW)

പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ കോൺട്രാക്ട് M/s.Allonward-SSIPL Consortium-ത്തിന് 41.10 കോടി രൂപയ്ക്കാണ് നൽകിയത്. 04-05-2022-ൽ പദ്ധതി രാഷ്ട്രത്തിന് സമർപ്പിച്ചു.

3. പെരുവണ്ണാമൂഴി (2x3 MW)

പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s.Kirloskar Brothers Ltd. എന്ന കമ്പനിക്ക് 25-01-2021- ൽ അവാർഡ് ചെയ്തു. കോൺട്രാക്ട് തുക 29.40 കോടി രൂപ. പെരുവണ്ണാമൂഴി ജലവൈദ്യുത പദ്ധതിയുടെ 3 MW ശേഷിയുള്ള 2 ജനറേറ്ററുകൾ 09-07-2023- ന് grid- ലേയ്ക്ക് synchronise ചെയ്തു. ഈ പദ്ധതി താമസം കൂടാതെ കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

106 MW സ്ഥാപിത ശേഷിയുള്ള 3 പദ്ധതികളുടെ [പള്ളിവാസൽ വിപുലീകരണപദ്ധതി (60MW/153.90Mu), തൊട്ടിയാർ ജലവൈദ്യുത പദ്ധതി

(40 MW /99 Mu) നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം പൂർത്തികരിക്കാൻ കഴിയും.] ഇവ കൂടാതെ, ഭൂതത്താൻ കെട്ട് (24 MW), ചിന്നാർ (24 MW), പഴശ്ശിസാഗർ (7.5 MW), മാങ്കുളം (40 MW), ഒലിക്കൽ (5 MW), പൂവാരംതോട് (3MW), കുറ്റ്യാടി നവീകരണം, ചെങ്കുളം ഓഗ്മെന്റേഷൻ എന്നീ പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എനർജി മാനേജ്മെന്റ് സെന്റർ സ്വകാര്യ സംരംഭകർ വഴി നടപ്പിലാക്കിയ അരിപ്പാറ 4.5 MW, ആനക്കാംപോയിൽ 8 MW എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളാണ് കമ്മീഷൻ ചെയ്തിട്ടുള്ളത്.

സെപ്റ്റംബർ അവസാനത്തോടെ 4 MW മുക്കടം പദ്ധതിയും ഒക്ടോബറോടെ 0.35 MW ഏഴാംകടവ് പദ്ധതിയും കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ജലവൈദ്യുത പദ്ധതികൾ കൂടുതലായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി കേന്ദ്രസർക്കാരിന്റെ സഹായം ലഭ്യമാണോയെന്ന് വിശദമാക്കാമോ?

ജലവൈദ്യുത പദ്ധതികൾ കൂടുതലായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ 211MW വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിനുപുറമേ 149.10 MW ന്റെ ജലവൈദ്യുതി പദ്ധതികളുടെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW), മൂഴിയാർ രണ്ടാം ഘട്ടം (300 MW), ലക്ഷ്മി (240MW), കാരപ്പാറ (19MW), പൂയംകുട്ടി (210MW) എന്നീ പദ്ധതികളുടെയും പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

നിരവധി ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണവും സ്ഥലമേറ്റെടുപ്പ് നടപടികളും പര്യവേഷണങ്ങളും സാധ്യതാ പഠനങ്ങളും നടന്നുവരുന്നു.

ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് മുൻകാലങ്ങളിൽ കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിച്ചിരുന്നു. ഈ സഹായം നിലവിൽ നിർത്തിവച്ചിരിക്കുകയാണ്. ഇത് പുനഃസ്ഥാപിക്കണമെന്ന് സംസ്ഥാനം

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ചില ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്രസഹായമായ MNRE ഗ്രാന്റ് ലഭ്യമായിട്ടുണ്ട്. കൂടാതെ വൻകിട ജലവൈദ്യുത പദ്ധതികളോടനുബന്ധിച്ചുള്ള റോഡുകൾ, പാലങ്ങൾ, വെള്ളപ്പൊക്ക നിർമ്മാർജ്ജനത്തിന് ഉതകുന്നതരം അണക്കെട്ടുകളുടെ ജലസംഭരണ പ്രദേശത്തിന്റെ സ്ഥലവില, പദ്ധതി നിർമ്മാണ കാലയളവിലെ പലിശ, നികുതികൾ എന്നീ ഇനങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭ്യമാണ്.

(സി) വൈദ്യുതി വകുപ്പിനുകീഴിൽ നിലവിലുള്ള ഡാമുകളിൽ ഫ്ലോട്ടിംഗ് സൗരോർജ്ജ പ്ലാന്റുകൾ കൂടി സ്ഥാപിച്ച് കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കാൻ നടപടി സ്വീകരിക്കാമോ?

ഫ്ലോട്ടിംഗ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് 2022 നവംബർ 9-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.മന്ത്രിമാരുടേയും വകുപ്പ് സെക്രട്ടറിമാരുടെയും ഒരു യോഗം ചേരുകയുണ്ടായി. ഫ്ലോട്ടിങ്ങ് സോളാർ പദ്ധതി നടപ്പാക്കുന്നതിനുവേണ്ട രൂപരേഖയും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കുന്നതിനും നടത്തിപ്പിന്റെ

വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി 09-12-2022-ലെ സ.ഉ.(സാധാ)നം.212/2022/POWER ഉത്തരവുപ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതതല സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കരട് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

നിലവിൽ ബാണാസുര സാഗറിൽ 500 കിലോവാട്ടിന്റെ ഒരു ഫ്ലോട്ടിങ് സൗരോർജ്ജ പ്ലാന്റ് ഉണ്ട്. കൂടാതെ ബാണാസുര സാഗർ ഉൾപ്പെടെ വൈദ്യുതി വകുപ്പിനുകീഴിലുള്ള 8 ജലാശയങ്ങളിൽ ഫ്ലോട്ടിങ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി താരിഫ് അധിഷ്ഠിത ദർഘാസുകൾ കെ.എസ്.ഇ.ബി.എൽ. ക്ഷണിക്കുകയും ഉയർന്ന താരിഫ് കിട്ടിയതിനെത്തുടർന്ന് പുനർ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ഫ്ലോട്ടിങ് സോളാർ സ്ഥാപിക്കണമെങ്കിൽ മൾട്ടി ബീം ബാതിമെട്രിക് സർവ്വേ, ടോപോഗ്രാഫിക് സർവ്വേ തുടങ്ങിയവയുടെ വിശദവിവരങ്ങൾ അത്യാവശ്യമാണ്. പക്ഷെ ഈ സർവ്വേ വളരെ ചെലവേറിയതാണ്. അതുകൊണ്ടാണ് ഉയർന്ന താരിഫ് ലഭിച്ചത്.

തുടർന്ന് കേരളത്തിലെ എല്ലാ ജലസ്രോതസ്സുകളിലും ഫ്ലോട്ടിങ് സോളാർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രാഥമിക പഠനം (ബാതിമെട്രിക് സർവ്വേ, ടോപോഗ്രാഫിക് സർവ്വേ തുടങ്ങിയവ) നടത്തുന്നതിനും ഫ്ലോട്ടിങ് സോളാർ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ജല സംഭരണികൾ കണ്ടെത്തുന്നതിനുമായി കേരള സർക്കാർ അനെർട്ടിനെ ചുമതലപ്പെടുത്തി.

ഇതേസമയം ബാണാസുരസാഗറിൽ 100 മെഗാവാട്ടിന്റെ ഫ്ലോട്ടിങ് സോളാർ പാർക്ക് സ്ഥാപിക്കുന്നതിനായി MNRE- യോട് ഗ്രാന്റിനായി കെ.എസ്.ഇ.ബി.എൽ. അഭ്യർത്ഥിച്ചിരുന്നു. ഇതിന് മറുപടിയായി 28-06-2023- ലെ ഇ-മെയിൽ പ്രകാരം കെ.എസ്.ഇ.ബി.എൽ. ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ തയ്യാറാണോ എന്ന് അന്വേഷിക്കുകയും സോളാർ പാർക്ക് പദ്ധതികൾ അനുവദിക്കുന്നതിന്റെ സമയപരിധി 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് നീട്ടിയിട്ടുണ്ടെന്നും Mode 8 Ultra Mega Renewable Energy Power Park (UMREPP) കീഴിൽ പുതിയ സോളാർ പാർക്ക് അനുവദിക്കുന്നതിനുള്ള ശേഷി ലഭ്യമാണെന്ന് MNRE അറിയിക്കുകയും ചെയ്തു. ഇത് ഇപ്പോൾ കെ.എസ്.ഇ.ബി.എൽ- ന്റെ പരിഗണനയിലാണ്.

**സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുന്നതിനായി ലഭിക്കുന്ന കേന്ദ്ര സഹായം**

269 (716) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുന്നതിനായി ലഭിക്കുന്ന കേന്ദ്ര സഹായം എത്രയാണെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ ചെലവ് വഹിക്കേണ്ടതായി വരുന്നുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലയിലാണെന്ന് വിശദമാക്കാമോ; ഈ തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

RDSS പദ്ധതി പ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം കിട്ടിയ പദ്ധതി തുക 8205.71 കോടി രൂപയാണ്. ഇതിൽ 8175.05 കോടി രൂപ സ്മാർട്ട് മീറ്റർ പദ്ധതിക്കും 30.66 കോടി രൂപ പ്രോജക്ട് മാനേജ്മെന്റ് ഏജൻസിക്കുള്ള തുകയുമാണ്. ഇതിൽ 1244.65 കോടി രൂപ കേന്ദ്രം നൽകുന്ന ഗ്രാന്റ് തുക ആണ്. കൂടാതെ ഘട്ടം-

1-ൽ 2023 ഡിസംബറോടെ ഇൻസ്റ്റാൾ ചെയ്താൽ പ്രീ-പെയ്ഡ് ഉപഭോക്തൃ സ്മാർട്ട് മീറ്ററിന്, ഒരു മീറ്ററിന്റെ ചെലവിന്റെ 7.5% അല്ലെങ്കിൽ 450 രൂപ ഏതാണോ കുറവ്, അത് അധിക ഇൻസെന്റീവ് ലഭിക്കുന്നതാണ്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി അവാർഡ് ചെയ്തതിനുശേഷം മാത്രമേ പദ്ധതിയുടെ ചെലവ് അറിയാൻ സാധിക്കുകയുള്ളൂ. തുടർന്ന് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ KSEBL ന് ലഭിക്കുന്ന സാമ്പത്തിക നേട്ടങ്ങളും കണക്കിലെടുത്ത് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോട് കൂടിയായിരിക്കും താരിഫ് നിശ്ചയിക്കുന്നത്. എന്നാൽ മാത്രമേ ഉപഭോക്താവിന് വരാവുന്ന അധിക തുക, സർക്കാരിനു വന്നേക്കാവുന്ന അധിക ചെലവ് എന്നിവ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് മൂലം കെ.എസ്.ഇ.ബി.-ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പദ്ധതി നടപ്പിലാക്കുന്നതിലൂടെ റവന്യൂ മുൻകൂറായി ലഭിക്കുന്നതിനും വിവിധയിന ചെലവുകൾ കുറയ്ക്കുന്നതിനും കിട്ടാക്കടം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും സാധിക്കും. ഇത്തരത്തിൽ ലാഭിക്കുന്ന ചെലവുകളുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് താരിഫിനത്തിൽ ലഭ്യമാക്കാൻ സാധിക്കും. വർദ്ധിച്ചുവരുന്ന സൗരോർജ്ജ / പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ ഗ്രിഡ് ഇന്റഗ്രേഷൻ സുഗമമാക്കുവാനും കഴിയുന്നതാണ്. വൈദ്യുതി മോഷണം തടയാനും ഡോർ ലോക് ബില്ലിംഗ് ഒഴിവാക്കാനും ഫലപ്രദമായ ഡിമാൻഡ് സൈഡ് മാനേജ്മെന്റ് (ToD/ToU) പ്രവർത്തനങ്ങൾ നടപ്പിലാക്കാനും സാധിക്കും. നിലവിൽ മീറ്റർ വാങ്ങുന്നതിന് പ്രതിവർഷം ഏകദേശം 100 കോടി രൂപ ചെലവാകുന്നു. സ്മാർട്ട് മീറ്റർ വ്യാപനത്തോടെ ഈ ഇനത്തിൽ ചെലവ് ഇല്ലാതാകുന്നു. കൃത്യമായ എനർജി ഓഡിറ്റ് നടത്താനും ഊർജ്ജ നഷ്ടം കണ്ടെത്താനും അത് കാര്യക്ഷമമായി ലഘൂകരിക്കാനും സ്മാർട്ട് മീറ്ററുകൾ നൽകുന്ന ഡേറ്റ സഹായിക്കും. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതുവഴി ഒരു പ്രദേശത്തെ വൈദ്യുതി തടസ്സം തത്സമയം തന്നെ കൃത്യമായി ഏത് ഫീഡർ / ട്രാൻസ്ഫോർമർ, ഫേസ്

എന്ന് മനസ്സിലാക്കി, വൈദ്യുതി പുനഃസ്ഥാപിക്കാൻ കഴിയും. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ 70% പുറമേനിന്നുള്ള വൈദ്യുതി വാങ്ങലിലൂടെയാണ് നിറവേറ്റുന്നത്, ഇതിനായി വരുമാനത്തിന്റെ 50% വിനിയോഗിക്കുന്നു. നിലവിൽ പവർ പർച്ചേസ് പേയ്മെന്റുകൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഓവർ ഡ്രാഫ്റ്റ് വഴിയാണ് നടത്തുന്നത്. പ്രീ-പെയ്ഡ് സ്മാർട്ട് മീറ്ററിംഗ് നടപ്പിലാക്കുമ്പോൾ, KSEBL-ന് റവന്യൂ മുൻകൂറായി ലഭിക്കുന്നു. ഇത് മുകളിൽ പറഞ്ഞ ഓവർ ഡ്രാഫ്റ്റ് ചെലവുകൾ വലിയ അളവുവരെ ഒഴിവാക്കും. പ്രീ-പെയ്ഡ് സ്മാർട്ട് മീറ്റർ നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. CEA regulation പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശമുണ്ട്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് കെ.എസ്.ഇ.ബി.-യെ ഏതെങ്കിലും തരത്തിൽ ദോഷകരമായി ബാധിക്കുമെന്ന്

കണ്ടെത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

KSEBL-നെ ദോഷകരമായി ബാധിക്കുമോ എന്ന് ഇപ്പോൾ കണ്ടെത്തിയിട്ടില്ല. ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

(ഡി) സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതിൽനിന്നും സർക്കാർ പിന്മാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കേണ്ടതില്ലെന്ന തീരുമാനം ഇതുവരെ കൈകൊണ്ടിട്ടില്ല.

**സ്മാർട്ട് മീറ്റർ**

270 (717) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കിയാൽ മൊബൈൽ ഫോൺ സേവനങ്ങൾക്ക് സമാനമായി പ്രീപെയ്ഡ്, പോസ്റ്റ് പെയ്ഡ് സംവിധാനങ്ങൾ ഏർപ്പെടുത്താൻ സാധിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ആർ.ഡി.എസ്.എസ്. പദ്ധതി പ്രകാരം പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ആണ് സ്ഥാപിക്കുന്നത്. പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടുകൂടി ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗ രീതി, സമയം എന്നിവ ലഭ്യമാകുന്നു. ഇപ്പോൾ മാസത്തിൽ ഒരിക്കലോ രണ്ടു മാസത്തിൽ ഒരിക്കലോ റീഡിങ് എടുത്ത് കണക്കാക്കുന്ന ഉപഭോക്താക്കളുടെ ബില്ലിംഗ്, മുൻകൂർ പണമടച്ച് ഉപഭോക്താക്കളുടെ സൗകര്യ പ്രകാരം മാറ്റാം. വൈദ്യുതി തടസ്സങ്ങൾ തൽസമയം സ്മാർട്ട് മീറ്റർ വഴി അറിയാൻ പറ്റുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ വേഗം കൈക്കൊള്ളാൻ കെ.എസ്.ഇ.ബി.എൽ.- നു കഴിയും.

(ബി) അടച്ചിട്ടിരിക്കുന്ന വീടുകൾക്ക് മിനിമം ചാർജ് ഈടാക്കുന്ന സംവിധാനം കെ.എസ്.ഇ.ബി. നിലവിൽ തുടരുന്നുണ്ടോ; സ്മാർട്ട് മീറ്റർ സ്ഥാപിക്കുമ്പോൾ ഇപ്രകാരം ചാർജ് ഈടാക്കുന്നത് ഒഴിവാക്കാൻ സാധിക്കുമോ; വിശദാംശം നൽകുമോ?

അടച്ചിട്ടിരിക്കുന്ന വീടുകൾക്ക് നിലവിലുള്ള താരിഫ് ഘടനയനുസരിച്ച് ചാർജ്ജ് ഈടാക്കുന്നുണ്ട്. പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിച്ചാലും

അടച്ചിട്ടിരിക്കുന്ന വീടുകൾക്ക് താരിഫ് ഘടനയനുസരിച്ചുള്ള ചാർജ്ജുകൾ ഈടാക്കുന്നതാണ്.

**സംരക്ഷ സോഫ്റ്റ്‌വെയർ**

271 (718) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരക്ഷ സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി നൽകുന്ന സേവനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

സംരക്ഷ സോഫ്റ്റ്‌വെയർ മുഖേന ചുവടെ ചേർത്തിട്ടുള്ള സേവനങ്ങൾ ലഭ്യമാണ്.

1. ഇലക്ട്രിക്കൽ വയർമാൻ പെർമിറ്റും കോംപിറ്റൻസി സർട്ടിഫിക്കറ്റും നൽകുന്നത് - പരീക്ഷ ഒഴിവാക്കിയ വിഭാഗത്തിന്.
2. എഴുത്തു പരീക്ഷയിലും പ്രായോഗിക പരീക്ഷയിലും വിജയിച്ചവർക്ക് ഇലക്ട്രിക്കൽ വയർമാൻ പെർമിറ്റും കോംപിറ്റൻസി സർട്ടിഫിക്കറ്റും നൽകുന്നത്.
3. ഇലക്ട്രിക്കൽ വയർമാൻ പെർമിറ്റ് - പുതുക്കി നൽകുന്നത്.

4. ലാപ്സായ ഇലക്ട്രിക്കൽ വയർമാൻ പെർമിറ്റ് - പുതുക്കി നൽകുന്നത്

5. ഇലക്ട്രിക്കൽ സൂപ്പർവൈസറുടെ ബി ഗ്രേഡ് പെർമിറ്റും കോംപിറ്റൻസി സർട്ടിഫിക്കറ്റും നൽകുന്നത് - പരീക്ഷ ഒഴിവാക്കിയ വിഭാഗത്തിന്.

6. എഴുത്തുപരീക്ഷയും പ്രായോഗിക പരീക്ഷയും വിജയിച്ചവർക്ക് സൂപ്പർവൈസർ ബി ഗ്രേഡ് പെർമിറ്റും കോംപിറ്റൻസി സർട്ടിഫിക്കറ്റും നൽകുന്നത്.

7. ഇലക്ട്രിക്കൽ സൂപ്പർവൈസർ ബി ഗ്രേഡ് പെർമിറ്റ് പുതുക്കി നൽകുന്നത്.

8. ലാപ്സായ ഇലക്ട്രിക്കൽ സൂപ്പർവൈസർ പെർമിറ്റ് പുതുക്കി നൽകുന്നത്

9. ഇലക്ട്രിക്കൽ സൂപ്പർവൈസർ എ ഗ്രേഡ് പെർമിറ്റും കോപിറ്റൻസി സർട്ടിഫിക്കറ്റും നൽകുന്നത്.

10. ഇലക്ട്രിക്കൽ സൂപ്പർവൈസർ എ ഗ്രേഡ് പെർമിറ്റ് പുതുക്കി നൽകുന്നത്.

11. ലാപ്സായ ഇലക്ട്രിക്കൽ സൂപ്പർവൈസർ എ ഗ്രേഡ് പെർമിറ്റ് നൽകുന്നത്

12. ഇലക്ട്രിക്കൽ കോൺട്രാക്ടർ ഗ്രേഡ് എ ലൈസൻസ് നൽകുന്നത്

13.ഇലക്ട്രിക്കൽ കോൺട്രാക്ടർ ഗ്രേഡ് എ ലൈസൻസ് പുതുക്കി നൽകുന്നത്.

14.ലാപ്സായ ഇലക്ട്രിക്കൽ കോൺട്രാക്ടർ ഗ്രേഡ് എ ലൈസൻസ് പുതുക്കി നൽകുന്നത്.

15.ഇലക്ട്രിക്കൽ കോൺട്രാക്ടർ ഗ്രേഡ് ബി ലൈസൻസ് നൽകുന്നത്.

16.ഇലക്ട്രിക്കൽ കോൺട്രാക്ടർ ഗ്രേഡ് ബി ലൈസൻസ് പുതുക്കി നൽകുന്നത്.

17.ലാപ്സായ ഇലക്ട്രിക്കൽ കോൺട്രാക്ടർ ഗ്രേഡ് ബി ലൈസൻസ് പുതുക്കി നൽകുന്നത്.

18.ഇലക്ട്രിക്കൽ കോൺട്രാക്ടർ ഗ്രേഡ് സി ലൈസൻസ് നൽകുന്നത്.

19.ഇലക്ട്രിക്കൽ കോൺട്രാക്ടർ ഗ്രേഡ് സി ലൈസൻസ് പുതുക്കി നൽകുന്നത്.

20.ലാപ്സായ ഇലക്ട്രിക്കൽ കോൺട്രാക്ടർ ഗ്രേഡ് സി ലൈസൻസ് പുതുക്കി നൽകുന്നത്.

21.ഇലക്ട്രിക്കൽ സൂപ്പർവൈസർ/ കോൺട്രാക്ടർ ഗ്രേഡ് എ, ബി പെർമിറ്റ് സ്കോപ്പ് പരിഷ്ക്കരിക്കുന്നത്.

22.ഇലക്ട്രിക്കൽ കോൺട്രാക്ടറുടെ കീഴിലുള്ള സ്റ്റാഫ് എൻറോൾമെന്റ്.

23.വയർമാൻ അപ്രന്റീസ് സർട്ടിഫിക്കറ്റ് നൽകുന്നത്.

24.സിനിമ ഓപ്പറേറ്റർ ലൈസൻസ് പുതിയത് നൽകുന്നത്

25.സിനിമ ഓപ്പറേറ്റർ ലൈസൻസ് പുതുക്കി നൽകുന്നത്

26.ലാപ്സായ സിനിമ ഓപ്പറേറ്റർ ലൈസൻസ് പുതുക്കി നൽകുന്നത്

27.സിനിമാ ഓപ്പറേറ്റർ അപ്രന്റീസ് സർട്ടിഫിക്കറ്റ് നൽകുന്നത്.

(ബി) ഏത് സ്ഥാപനമാണ് പ്രസ്തുത സോഫ്റ്റ്‌വെയർ നിർമ്മിച്ചത്; ഇതിനായി എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ?

കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ ടെണ്ടർ പ്രോസ്സസ് മുഖേന നെട്രോക്സ് ഐ.ടി. സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് (Netroxe IT Solutions Pvt Ltd) എന്ന കമ്പനിയാണ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചിരിക്കുന്നത്. വെബ് ആപ്ലിക്കേഷൻ മൊബൈൽ ആപ്ലിക്കേഷൻ എന്നിവയുൾപ്പെടെ

സോഫ്റ്റ്‌വെയറിന്റെ ആകെ തുക 5.8 ലക്ഷം (GST ഉൾപ്പെടെ) ആണ്. അതിൽ 1.74 ലക്ഷം രൂപ (GST ഉൾപ്പെടെ) പ്രസ്തുത കമ്പനിക്ക് കൈമാറിയിട്ടുണ്ട്.

**പെരുവണ്ണാമൂഴി ജലവൈദ്യുത പദ്ധതി**

272 (719) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

പെരുവണ്ണാമൂഴി ജലവൈദ്യുത പദ്ധതിയുടെ 3 മെഗാവാട്ട് ശേഷിയുള്ള 2 ജനറേറ്ററുകൾ 09-07-2023-ന് ഗ്രിഡിലേയ്ക്ക് synchronize ചെയ്തു, ചില punch points ചെയ്തുകൊണ്ടിരിക്കുന്നു.

കോഴിക്കോട് ജില്ലയിലെ ചെറുകിട ജലവൈദ്യുത പദ്ധതിയായ പെരുവണ്ണാമൂഴി പദ്ധതി (6MW/24.70Mu) നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 19-07-2023 മുതൽ രണ്ട് മെഷീനുകളും പ്രവർത്തനസജ്ജമായി.

ഇതുവരെ 2.08 Mu വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്. 24.70 മില്യൺ യൂണിറ്റാണ് ഇതിന്റെ വാർഷിക ഉല്പാദനശേഷി.

(ബി) പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യുമെന്ന് അറിയിക്കാമോ?

യൂണിറ്റ് 1 16-07-2023-നും യൂണിറ്റ് 2 19-07-2023-നും 72 മണിക്കൂർ ടെസ്റ്റ് റൺ പൂർത്തിയാക്കിയിട്ടുണ്ട്. ടെസ്റ്റ് റൺ, balance punch points എന്നിവയുടെ അവലോകനം നടത്തിയശേഷം, 2023 ഓഗസ്റ്റ് മാസം തന്നെ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പദ്ധതി വഴി ഓരോ ദിവസവും എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുടെ സ്ഥാപിതശേഷി 6 മെഗാവാട്ടും വാർഷിക ഉല്പാദനശേഷി 24.7 മെഗായൂണിറ്റും ആണ്.

**സ്മാർട്ട് മീറ്റർ പദ്ധതി**

273 (720) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ നടപ്പാക്കാനുദ്ദേശിക്കുന്ന സ്മാർട്ട് മീറ്റർ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

RDSS പദ്ധതിയുടെ ഭാഗമായി 1.3 കോടി സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന് അനുമതി ലഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഏകദേശം 37 ലക്ഷം സ്മാർട്ട് മീറ്റർ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന് എത്ര രൂപയാണ് ചെലവ് എന്നറിയിക്കാമോ; ഏതൊക്കെ കമ്പനികളുടെ മെഷീനാണ് ഉപയോഗിക്കുന്നത്; ഉപഭോക്താക്കൾക്ക് മീറ്ററുകൾ തെരഞ്ഞെടുക്കാനുള്ള അവസരം നൽകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

RDSS പദ്ധതി പ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം കിട്ടിയ പദ്ധതി തുക 8205.71 കോടി രൂപയാണ്. ഇതിൽ 8175.05 കോടി രൂപ സ്മാർട്ട് മീറ്റർ പദ്ധതിക്കും 30.66 കോടി രൂപ പ്രോജക്ട് മാനേജ്മെന്റ് ഏജൻസിക്കുള്ള തുകയുമാണ്. ഇതിൽ 1244.65 കോടി രൂപ കേന്ദ്രം നൽകുന്ന ഗ്രാന്റ് തുകയാണ്. ടെണ്ടർ

നടപടികൾ പൂർത്തിയാക്കി പ്രവൃത്തി അവാർഡ് ചെയ്തതിനുശേഷം മാത്രമേ പദ്ധതിയുടെ ചെലവ് അറിയാൻ സാധിക്കുകയുള്ളൂ. ടെൻഡർ മുഖേനയാണ് പദ്ധതി നടത്തിപ്പിനുള്ള കമ്പനിയെ തെരഞ്ഞെടുക്കുന്നത്. കേന്ദ്രസർക്കാർ 40-ഓളം സ്ഥാപനങ്ങളെ സേവനദാതാക്കളായി എംപാനൽ ചെയ്തിട്ടുണ്ട്. ഇവയിൽ ഏത് സ്ഥാപനത്തിന് വേണമെങ്കിലും ടെണ്ടറിൽ പങ്കെടുക്കാം. സ്മാർട്ട് മീറ്റർ സാങ്കേതികവിദ്യയിൽ ഉപഭോക്താവിന് സ്വന്തമായി മീറ്റർ സ്ഥാപിക്കുന്നതിന് പരിമിതികളുണ്ട്. ആയതിനാൽ ഉണഭോക്താക്കൾക്ക് മീറ്ററുകൾ തെരെഞ്ഞെടുക്കാനുള്ള അവസരമില്ല. മീറ്ററും അതിന്റെ അനുബന്ധ ആശയവിനിമയ ശൃംഖലയും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. RDSS പദ്ധതിയിൽ സ്മാർട്ട് മീറ്റർ സ്ഥാപിച്ച് 93 മാസം പരിപാലനം നടത്തുന്നത് സേവനദാതാവാണ്.

(സി) സ്മാർട്ട് മീറ്റർ ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി. ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; ഈ ടെണ്ടറിൽനിന്നും കെ.എസ്.ഇ.ബി. പിൻമാറിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

RDSS പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഏകദേശം 37 ലക്ഷം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുവേണ്ടി DBFOOT (Design Build Finance Own Operate Transfer) അടിസ്ഥാനത്തിൽ TOTEX (Total Expenditure) രീതിയിൽ ടെണ്ടർ ക്ഷണിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകളിൽ L1 bidder quote ചെയ്തിരുന്ന തുക Probable Amount of Contract (PAC) യെക്കാൾ 44.8 % കൂടുതലായിരുന്നു. സാധാരണക്കാരിൽ അധിക സാമ്പത്തിക ബാധ്യത അടിച്ചേൽപ്പിക്കുമെന്നതിനാൽ KSEBL വിളിച്ച ടെൻഡർ റദ്ദാക്കാനും സാധാരണക്കാരെ ബാധിക്കാത്ത തരത്തിലുള്ള ബദൽ സ്മാർട്ട് മീറ്റർ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കി മൂന്ന് മാസത്തിനകം നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാനും KSEBL- ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരമുള്ള തുടർനടപടികൾ KSEBL സ്വീകരിച്ചുവരുന്നു. സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാൻ 15-07-2023 മുതൽ മൂന്ന് മാസത്തെ സാവകാശം അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് 08-07-2023-ലെ കത്തുപ്രകാരം സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാനുള്ള ആദ്യഘട്ടത്തിന്റെ കാലപരിധി മൂന്ന്

മാസം ദീർഘിപ്പിക്കാൻ സംസ്ഥാന വൈദ്യുതി വകുപ്പുമന്ത്രി ബഹു. കേന്ദ്ര വൈദ്യുതി വകുപ്പ് മന്ത്രിയോട് 26-07-2023 ലെ കത്തുപ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) സ്മാർട്ട് മീറ്റർ പദ്ധതി എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്?

സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മൂന്ന് മാസത്തോളം സമയ പരിധി നീട്ടി കിട്ടാൻ ബഹുമാനപ്പെട്ട സംസ്ഥാന വൈദ്യുതി വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

**വൈദ്യുതി കുടിശിക പിരിച്ചെടുക്കാനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

274 (721) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് കുടിശിക പിരിച്ചെടുക്കാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

20-07-2023 മുതൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടുകൂടി കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി 30-12-2023 വരെയാണുള്ളത്. രണ്ടുവർഷത്തിനുമേൽ പഴക്കമുള്ള കുടിശ്ശികകൾ പലിശ ഇളവോടുകൂടി ഈ പദ്ധതി പ്രകാരം തീർപ്പാക്കാവുന്നതാണ്. റവന്യൂ റിക്കവറി നടപടികൾ പുരോഗമിക്കുന്നതോ കോടതി വ്യവഹാരത്തിൽ ഉള്ളതോ ആയ കുടിശ്ശികകളും ഈ പദ്ധതിയിലൂടെ തീർപ്പാക്കാം.

(ബി) വൈദ്യുതി ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക എത്രയാണെന്നും പദ്ധതി വഴി കുടിശിക പിരിച്ചെടുക്കാൻ ബോർഡ് എന്തെല്ലാം ഇളവുകളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

30-06-2023-ലെ ക്രോഡീകരിച്ച കണക്ക് (താല്ക്കാലികം) പ്രകാരം നിലവിൽ വൈദ്യുതി ബോർഡിന് ആകെ 3585.69 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. ഇത് കുറഞ്ഞൊരളവിലെങ്കിലും

പിരിച്ചെടുക്കുന്നതിലേയ്ക്കാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നത്.

ഈ പദ്ധതിപ്രകാരം ചുവടെ കൊടുത്തിരിക്കുന്ന ഇളവുകളാണ് നൽകുന്നത്.

15 വർഷത്തിനുമുകളിലുള്ള കുടിശ്ശികകകൾക്ക് പലിശ നാല് ശതമാനം മാത്രം.

അഞ്ച് മുതൽ 15 വർഷം വരെ പഴക്കമുള്ള കുടിശ്ശികകകൾക്ക് പലിശ അഞ്ച് ശതമാനം മാത്രം.

രണ്ടു മുതൽ അഞ്ചുവർഷം പഴക്കമുള്ള കുടിശ്ശികകകൾക്ക് പലിശ ആറ് ശതമാനം മാത്രം

- മുഴുവൻ വൈദ്യുതി കുടിശ്ശികയും പലിശയും ഉൾപ്പെടെ ഒറ്റത്തവണയായി തീർപ്പാക്കിയാൽ ആകെ പലിശ തുകയിൽ രണ്ട് ശതമാനം അധിക ഇളവ് ലഭിക്കും.
- വൈദ്യുതി കുടിശ്ശികകൾക്കുള്ള പലിശകൾ ആറ് തവണകളായി അടയ്ക്കാൻ അവസരമുണ്ട്.

പലിശ ഇളവ് നൽകുന്നതിനുപുറമേ അടച്ചുപൂട്ടിയ യൂണിറ്റുകൾക്ക് ബില്ലിംഗ് ഡിമാൻഡിൽ ഇളവ് നൽകി തീർപ്പാക്കുന്നതാണ്. ഡിസ്കണക്ട് ചെയ്യുന്ന യൂണിറ്റുകളെ ആറ് മാസത്തിലധികം ബില്ല് ചെയ്തിട്ടുണ്ടെങ്കിൽ അത് ആറ് മാസത്തേയ്ക്ക് നിജപ്പെടുത്തി അവരുടെ കുടിശ്ശികയിൽ ഇളവ് നൽകാനും ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

(സി) പരമാവധി ഇളവുകൾ നൽകിയിട്ടും കുടിശിക തുക നൽകാൻ തയ്യാറാകാത്ത ഉപഭോക്താക്കൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

പരമാവധി ഇളവുകൾ നല്കിയിട്ടും കുടിശ്ശിക തുക അടയ്ക്കാൻ തയ്യാറാകാത്ത ഉപഭോക്താക്കളിൽ കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടേയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടെയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയും കണക്ഷൻ അഴിച്ചുമാറ്റുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ

റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുക എന്നീ നിയമപരമായി സ്വീകരിക്കാവുന്ന കർശനനടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിച്ചുവരുന്നുണ്ട്.

**കാസർഗോഡ് നിയോജകമണ്ഡലത്തിലെ ആർ.ഡി.എസ്.എസ്. പ്രവൃത്തികൾ**

275 (722) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീവാംപ്ട് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീമിലുൾപ്പെടുത്തിയ കാസർഗോഡ് നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്ക് ആവശ്യമായ തുക എത്രയാണെന്നും പദ്ധതി ഇനി നടപ്പിലാക്കുമോ എന്നും എങ്കിൽ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിൽ പ്രസ്തുത നിയോജകമണ്ഡലത്തിലെ എത്ര ട്രാൻസ്ഫോർമറുകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും അതിനാവശ്യമായി വരുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ?

(എ-സി)

**വിതരണ വിഭാഗം**

1. 33 കെ.വി. ലൈൻ റീ കണ്ടക്ടറിംഗ് -12.5. കി.മീ.
2. പുതിയ എച്ച്.ടി. ലൈൻ നിർമ്മിക്കൽ - 14.49 കി.മീ. (U.G.Cable & ABC)
3. എച്ച്.ടി. ലൈൻ റീ കണ്ടക്ടറിംഗ് - 9.85 കി.മീ.
4. എൽ.ടി. ലൈൻ റീ കണ്ടക്ടറിംഗ് - 39.375 കി.മീ.
5. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ശേഷി ഉയർത്തൽ - 26 എണ്ണം.
6. ഈ പദ്ധതികൾക്ക് ആവശ്യമായ തുക 15.0614 കോടി രൂപയാണ്.
7. പദ്ധതി കാലാവധി ആരംഭിച്ച് മൂന്ന് വർഷത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.
8. 26 ട്രാൻസ്ഫോർമറുകളാണ് ഉൾപ്പെട്ടിരിക്കുന്നത് - 0.885 കോടി രൂപയാണ് ആവശ്യമായുള്ളത്.

**പ്രസരണ വിഭാഗം**

RDSS പദ്ധതിയിൽ പ്രസരണ വിഭാഗത്തിനുകീഴിൽ കാസർഗോഡ് നിയോജക മണ്ഡലത്തിലെ 12.6 കിലോമീറ്റർ 33 കെ.വി. മുള്ളേരിയ-ബദിയടുക്ക ലൈൻ 33 കെ.വി. കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് റീ കണ്ടക്ടറിംഗ് ചെയ്യുന്ന പ്രവൃത്തിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസരണമേഖലയിൽ 9.574 കോടി രൂപ ആവശ്യമാണ്. പ്രസ്തുത പ്രവൃത്തിയുടെ പ്രാരംഭ ജോലിയായ സർവേ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പ്രവൃത്തി 2025-ഓടെ പൂർത്തീകരിക്കുന്ന രീതിയിലാണ് നടന്നുകൊണ്ടിരിക്കുന്നത്.

(ഡി) മൊഗ്രാൽ-പുത്തൂർ പഞ്ചായത്തിലെ കോട്ടക്കുന്നിൽ റീവാംപ്ട് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീമിൽ ട്രാൻസ്ഫോർമർ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആയത് സ്ഥാപിക്കാൻ വേണ്ടിവരുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉൾപ്പെടുത്തിയിട്ടുണ്ട്. 2 കി.മീ. HT ABC ലൈൻ നിർമ്മിച്ച് ഒരു 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി.

ആകെ ചെലവ് - 36.24 ലക്ഷം രൂപ

(ഇ) പ്രസ്തുത പദ്ധതി ഉപേക്ഷിക്കുന്ന പക്ഷം മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടക്കുന്നിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുമോ എന്ന് വ്യക്തമാക്കാമോ?

ദ്യുതി-2 പ്രവൃത്തിയിലുൾപ്പെടുത്തി സ്ഥാപിക്കാവുന്നതാണ്.

**മഞ്ചേശ്വരം മണ്ഡലത്തിലെ വൈദ്യുത പദ്ധതി**

276 (723) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം മണ്ഡലത്തിൽ 2023-24 വർഷം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

(എ&ബി) പ്രസരണ വിഭാഗത്തിനുകീഴിൽ മഞ്ചേശ്വരം മണ്ഡലത്തിലെ നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷൻ മഞ്ചേശ്വരത്ത് അധികമായി ഒരു 12.5

MVA ട്രാൻസ്ഫോർമർ സ്ഥാപിച്ച് സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി 2023-24 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചുകഴിഞ്ഞു.

പ്രസ്തുത പ്രവൃത്തി 2024 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

വിതരണവിഭാഗത്തിൽ ദ്യുതി 2.0, RDSS (Revamped Distribution Sector Scheme) എന്നീ പദ്ധതികളിൽ 2023-24 സാമ്പത്തിക വർഷത്തിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| **മഞ്ചേശ്വരം മണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ദ്യുതി 2.0, ആർ.ഡി.എസ്.എസ് എന്നീ പദ്ധതികളിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികൾ (രൂപയിൽ)** | | | | |
|---|---|---|---|---|
| 1 | അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി | 0.29 | കി.മി. | 12,98,304/- |
| 2 | എബിസി ഉപയോഗിച്ച് 11 കെ.വി. ലൈൻ വലിക്കുന്ന പ്രവൃത്തി | 0.45 | കി.മീ. | 12,43,205.49/- |
| 3 | ബെയർ കമ്പി ഉപയോഗിച്ച് 11 കെ.വി. ലൈൻ വലിക്കുന്ന പ്രവൃത്തി | 6.63 | കി.മീ. | 97,77,285.85/- |
| 4 | ബെയർ കമ്പി ഉപയോഗിച്ച് 3 ഫേസ് ലൈൻ വലിക്കുന്ന പ്രവൃത്തി | 2.3 | കി.മീ. | 18,20,545.98/- |
| 5 | നിലവിലുള്ള സിംഗിൾ ഫേസ് | 16.4 | കി.മീ. | 48,75,361.41/- |

| | | | | |
|---|---|---|---|---|
| | ലൈനിനെ ത്രീ ഫേസ് ആക്കുന്ന പ്രവൃത്തി | | | |
| 6 | 100KVA ശേഷിയുള്ള ട്രാൻസ്ഫോർമറിനെ 160KVA ശേഷിയിലേയ്ക്ക് മാറ്റുന്ന പ്രവൃത്തി | 6 | എണ്ണം | 14,09,651.28/- |
| 7 | പുതിയ 100KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി | 9 | എണ്ണം | 40,08,542.6/- |
| 8 | നിലവിലെ ലൈനുകൾക്കിടയിൽ പുതിയ പോസ്റ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി | 375 | എണ്ണം | 1,63,86,853.2/- |
| 9 | പുതിയ എ ബി സ്വിച്ച് സ്ഥാപിക്കുന്ന പ്രവൃത്തി | 20 | എണ്ണം | 21,58,419.36/- |
| 10 | ട്രാൻസ്ഫോർമറിന് ചുറ്റുവേലി സ്ഥാപിക്കുന്ന പ്രവൃത്തി | 8 | എണ്ണം | 4,94,911.84/- |
| 11 | ലൈൻ സ്പേസ് സ്ഥാപിക്കുന്ന പ്രവൃത്തി | 31500 | എണ്ണം | 98,81,840/- |
| 12 | നിലവിലുള്ള പഴയ 11 കെ. വി. ലൈൻ പുതിയ കമ്പിയിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | 2.1 | കി.മീ. | 16,51,328.96/- |
| 13 | നിലവിലുള്ള പഴയ ത്രീ ഫേസ് ലൈൻ പുതിയ കമ്പിയിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | 16 | കി.മീ. | 53,55,980.54/- |
| 14 | നിലവിലുള്ള പഴയ ത്രീ ഫേസ് ലൈൻ എ ബി സി യിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | 12 | കി.മീ. | 80,54,196.64/- |
| 15 | നിലവിലുള്ള പഴയ 11 കെ.വി. ലൈൻ കവേർഡ് കണ്ടക്ടറിലേയ്ക്ക് പ്രവൃത്തി | 1 | കി.മീ. | 6,69,253.36/- |
| 16 | പുതിയ 100KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി | 1 | എണ്ണം | 3,90,000/- |
| 17 | നിലവിലുള്ള പഴയ 11 കെ.വി. ലൈൻ | 3 | കി.മീ. | 7,20,000/- |

| | | | | |
|---|---|---|---|---|
| | പുതിയ കമ്പിയിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | | | |
| 18 | നിലവിലുള്ള പഴയ 11 കെ.വി. ലൈൻ എ ബി സി യിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | 1.97 | കി.മീ. | 23,96,000/- |
| 19 | നിലവിലുള്ള പഴയ 11 കെ.വി. ലൈൻ കവേർഡ് കണ്ടക്ടറിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | 4.2 | കി.മീ. | 23,34,000/- |
| 20 | അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി | 5.15 | കി.മീ. | 83,27,550/- |
| 21 | നിലവിലുള്ള പഴയ ത്രീ ഫേസ് ലൈൻ പുതിയ കമ്പിയിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | 29.7 | കി.മീ. | 29,70,000/- |
| 22 | നിലവിലുള്ള പഴയ ത്രീ ഫേസ് ലൈൻ എ ബി സി യിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | 3 | കി.മീ. | 26,49,000/- |

ദ്യുതി 2.0-ൽ 2023-24 സാമ്പത്തിക വർഷം ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികൾ മാർച്ച് 2024-നകം പൂർത്തീകരിക്കുന്നതാണ്. RDSS (Revamped Distribution Sector Scheme) പദ്ധതിയിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികൾ അനുമതി ലഭിക്കുന്നമുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ 2023-24 വർഷത്തിൽ ഒന്നാംഘട്ട പദ്ധതിയിൽ രണ്ട്

നിലയങ്ങളും (46 KWp) രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ 26 നിലയങ്ങളും (80 KWp) സ്ഥാപിച്ചിട്ടുണ്ട്. 38 നിലയങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ 38 നിലയങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. പ്രസ്തുത പദ്ധതി സെപ്റ്റംബർ 23-നകം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പി.എം.കുസും പദ്ധതിയുടെ ഫീഡർ തല സൗരോർജ്ജവത്ക്കരണത്തിന്റെ ഭാഗമായി മഞ്ചേശ്വരം 110 കെ.വി. സബ്സ്റ്റേഷൻ പരിസരത്തായി 400 കിലോ വാട്ട് സൗരോർജ്ജ വൈദ്യുതപദ്ധതിയുടെ നിർമ്മാണം ത്വരിതഗതിയിൽ പുരോഗമിക്കുന്നു.

പ്രസ്തുത പദ്ധതി രണ്ട് മാസത്തിനകം പൂർത്തീകരിക്കാനാണ് കെ.എസ്.ഇ ബി.എൽ. ലക്ഷ്യമിട്ടിട്ടുള്ളത്.

2023-24 വർഷത്തിൽ അനെർട്ട് മുഖേന മഞ്ചേശ്വരം നിയമസഭാ മണ്ഡലത്തിലെ പിവളിഗ ഗ്രാമപഞ്ചായത്തിൽ 15 കിലോവാട്ട് ഓൺഗ്രിഡ് സൗരനിലയത്തിന്റെ ഇൻസ്റ്റലേഷൻ നടന്നുവരുന്നുണ്ട്. മഞ്ചേശ്വരം

മണ്ഡലത്തിൽ അനെർട്ടിന്റെ സൗരതേജസ് പദ്ധതി വഴി നിലവിൽ 8 അപേക്ഷകൾ (22 കിലോവാട്ട്) ലഭിച്ചിട്ടുണ്ട്. ഇതിൽ 8 കിലോവാട്ട് സൗരോർജ്ജ പ്ലാന്റുകൾ നിലവിൽ സ്ഥാപിച്ചുകഴിഞ്ഞു.

കേന്ദ്ര നവ നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ (എം.എൻ.ആർ.ഇ.) മാർഗ-നിർദ്ദേശമനുസരിച്ച് സമയബന്ധിതമായി നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

**പിഎം-കുസും പദ്ധതി**

277 (724) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടപ്പിലാക്കുന്ന പ്രധാനമന്ത്രി കിസാൻ ഊർജ്ജ സുരക്ഷാ ഇവം ഉത്താൻ മഹാഭിയാൻ (പിഎം-കുസും പദ്ധതി) പ്രകാരം 2022-2023 സാമ്പത്തിക വർഷം വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

കാർഷിക പമ്പുകളുടെ സൗരോർജ്ജ വത്കരണം ലക്ഷ്യം വച്ചുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പി. എം. കുസും. നബാർഡ് സ്കീമിൽ

ഉൾപ്പെടുത്തി, കാർഷിക പമ്പുകളുടെ ശൃംഖല ബന്ധിത സൗരോർജ്ജവൽക്കരണ പദ്ധതിയുടെ സംസ്ഥാനതല നിർമ്മാണ പ്രവൃത്തികൾ ആദ്യമായി തുടങ്ങിയത് തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പുഴക്കൽ ബ്ലോക്കിലെ അടാട്ട് കൃഷിഭവനിൽ ആണ്. പ്രസ്തുത മണ്ഡലത്തിലെ തോളൂർ കൃഷിഭവനിലും കൈപ്പറമ്പ് കൃഷിഭവനിലും നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങേണ്ട നടപടികൾ ആരംഭിക്കുകയും ഈ മൂന്ന് കൃഷിഭവനുകളിലുമായി 76 സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനുള്ള അനുമതി നൽകിയതിൽ 22 നിലയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ബാക്കിയുള്ളവയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. വലിയ ശേഷിയുള്ള പമ്പുകളുടെ സൗരോർജ്ജവൽക്കരണത്തിന്റെ ഭാഗമായി ഒമ്പതുമുറി എന്ന പാടശേഖരസമിതിയുടെ പമ്പ് സൗരോർജ്ജവൽക്കരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**പൂഞ്ഞാർ മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ**

278 (725) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന വൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം വിതരണ വിഭാഗത്തിൽ നാളിതുവരെ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സിസ്റ്റം ഇംപ്രൂവ്മെന്റ്, വോൾട്ടേജ് ഇംപ്രൂവ്മെന്റ് എന്നിവയ്ക്കായി ദ്യുതി പദ്ധതിയിലുൾപ്പെടുത്തി 35.335 കി.മീ HT OH ലൈനുകളും, 17.19 കി.മീ Single Phase LT OH ലൈനുകളും, 44 ട്രാൻസ്ഫോർമറുകളും പുതുതായി സ്ഥാപിക്കുന്നതിനും 15.3 കി.മീ LT സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കുന്നതിനും 146.65 കി.മീ LT ലൈനുകളുടെ റീ-കണ്ടക്റ്ററിങ്ങിനും കൂടാതെ 11 കെ.വി.

ലൈനുകളിൽ എ.ബി. സ്വിച്ചുകളും എർത്തിങ്ങും സ്ഥാപിക്കുന്നതിനുമായി 1194.87 ലക്ഷം രൂപ വകയിരുത്തി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

കൂടാതെ പ്രസരണ വിഭാഗത്തിൽ പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷനും അനുബന്ധ ലൈനുകളും നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായതാണ്. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഉല്പാദന (സിവിൽ) വിഭാഗത്തിൽ പൂഞ്ഞാർ മണ്ഡലത്തിൽ 7 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള മാർമല ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

മാർമല ചെറുകിട ജലവൈദ്യുത പദ്ധതിക്ക് 70.18 കോടി രൂപയുടെ ഭരണാനുമതി ബോർഡ് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പൂഞ്ഞാർ മണ്ഡലത്തിൽ വൈദ്യുത വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി 6 പോൾമൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സൗര ഒന്നാംഘട്ട പദ്ധതി മുഖാന്തരം 5 സൗരനിലയങ്ങളും (85 KWp) രണ്ടാംഘട്ട സബ്സിഡി പദ്ധതി മുഖാന്തരം 120 നിലയങ്ങളും (423.84 KWp) നിലവിൽ സ്ഥാപിച്ചിട്ടുണ്ട്.

വൈദ്യുത വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി 6 പോൾമൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച പദ്ധതിക്കായി തുക അനുവദിച്ചിട്ടില്ല. പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്.

സൗര ഒന്നാംഘട്ട പദ്ധതിയിലെ അഞ്ച് നിലയങ്ങൾ കെ.എസ്.ഇ.ബി.എൽ. മുതൽമുടക്കിലുള്ളതാണ്. രണ്ടാംഘട്ട സബ്സിഡി പദ്ധതികൾ നടപ്പിലാക്കിയത് കേന്ദ്ര സബ്സിഡിയും ഉപഭോക്താവിന്റെ മുതൽമുടക്കിലുമാണ്. ഒരു കിലോ വാട്ട് മുതൽ മൂന്ന് കിലോ വാട്ടുവരെ 40 ശതമാനവും മൂന്ന് കിലോ വാട്ടിനുമുകളിൽ ഓരോ കിലോവാട്ടിലും 20% എന്ന നിലയിലാണ് MNRE സബ്സിഡി നൽകുന്നത്. പൂഞ്ഞാർ മണ്ഡലത്തിൽ

അനെർട്ടിന്റെ സൗര തേജസ് പദ്ധതിവഴി സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി നിലവിൽ 7 അപേക്ഷകൾ (22 കിലോവാട്ട്) ലഭിച്ചിട്ടുണ്ട്.

അനുകൂലമായ ഫീസിബിലിറ്റിയുള്ള സ്ഥലങ്ങളിൽ സോളാർ പവർ പ്ലാന്റുകൾ സബ്സിഡിയോടെ സ്ഥാപിച്ച് നല്കാൻ കഴിയുന്നതാണ്. പ്രസ്തുത പദ്ധതിയുടെ സബ്സിഡി കേന്ദ്ര സർക്കാരിൽ (MNRE) നിന്നും ലഭ്യമാണ്. ഇതിനായി പ്രത്യേക തുക വകയിരുത്തേണ്ടതില്ല.

**സ്മാർട്ട് മീറ്റർ പദ്ധതി**

279 (726) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണരംഗം നവീകരിക്കുന്നതിനുള്ള രണ്ടാംഘട്ട പദ്ധതിക്കായി എത്ര കോടി രൂപയുടെ പ്രോജക്ടാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിൽ എത്ര കോടി രൂപയാണ് കേന്ദ്ര സഹായമായി ലഭിക്കുന്നത്; പ്രസ്തുത ഗ്രാന്റ് തിരിച്ചടയ്ക്കേണ്ടാത്ത ഗ്രാന്റാണോ; വിശദാംശം നൽകുമോ?

വിതരണ – ഉപ പ്രസരണ നവീകരണ പ്രവൃത്തികൾക്കായി 2230.60 കോടി രൂപയും വിതരണ മേഖലയിലെ അടിസ്ഥാന വികസന പ്രവൃത്തികൾക്കായി 10895.93 കോടി രൂപയും (35.46 കോടി രൂപയുടെ ട്രൈബൽ കോളനി വൈദ്യുതീകരണ പ്രവർത്തികളും ഉൾപ്പെടെ) ഉൾപ്പെടെ ആകെ 13126.53 കോടി രൂപയുള്ള അധിക പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതികൾക്ക് പൂർണ്ണമായും അംഗീകാരം ലഭിച്ചാൽ 7875.92 കോടി രൂപ കേന്ദ്രസർക്കാരിന്റെ ധനസഹായം ലഭിക്കാൻ സാധ്യതയുണ്ട്. ഗ്രാന്റ് തുക തിരിച്ചടയ്ക്കേണ്ടതില്ല.

(ബി) സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കിയില്ലെങ്കിൽ വൈദ്യുതി വിതരണരംഗം നവീകരിക്കുന്നതിനുള്ള രണ്ടാംഘട്ട ഗ്രാന്റ് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ ഗ്രാന്റാണ് ഈ രീതിയിൽ നഷ്ടമാവുക; വിശദാംശം ലഭ്യമാക്കുമോ?

ആദ്യഘട്ട വിതരണനഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്ക് 2235.78 കോടി രൂപയ്ക്കാണ് അനുമതി ലഭിച്ചത്. ഇതിൽ 1341.47 കോടി രൂപയാണ്

കേന്ദ്ര ഗ്രാന്റ്. RDSS പദ്ധതിയുടെ വിതരണമേഖലയിലെ അടിസ്ഥാന വികസന പ്രവൃത്തികൾക്കുള്ള ഗ്രാന്റ് ലഭിക്കുന്നതിന് സ്മാർട്ട് മീറ്റർ സ്ഥാപിക്കാനുള്ള പ്രവൃത്തികൾ RDSS മാർഗ്ഗരേഖ പ്രകാരം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

RDSS പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഏകദേശം 37 ലക്ഷം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുവേണ്ടി DBFOOT അടിസ്ഥാനത്തിൽ TOTEX രീതിയിൽ ടെണ്ടർ ക്ഷണിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകളിൽ L1 Bidder Quote ചെയ്തിരുന്ന തുക Probable Amount of Contract (PAC) -നെക്കാൾ 44.8% കൂടുതലായിരുന്നു. സാധാരണക്കാരിൽ അധിക സാമ്പത്തിക ബാധ്യത അടിച്ചേൽപ്പിക്കുമെന്നതിനാൽ KSEBL വിളിച്ച ടെണ്ടർ റദ്ദാക്കാനും സാധാരണക്കാരെ ബാധിക്കാത്ത തരത്തിലുള്ള സ്മാർട്ട് മീറ്റർ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കി മൂന്ന് മാസത്തിനകം നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാനും KSEBL-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം വേണ്ട തുടർനടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നു. സ്മാർട്ട് മീറ്റർ പദ്ധതി

നടപ്പിലാക്കാൻ 15-07-2023 മുതൽ മൂന്ന് മാസത്തെ സാവകാശം അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് 08-07-2023-ലെ കത്ത് പ്രകാരം സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യഘട്ടത്തിന്റെ സമയപരിധി മൂന്ന് മാസം ദീർഘിപ്പിക്കാൻ ബഹു. കേന്ദ്ര വൈദ്യുതി വകുപ്പുമന്ത്രിയോട് 26-07-2023-ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഇപ്രകാരം കേന്ദ്രത്തിന്റെ തിരിച്ചടയ്ക്കേണ്ടാത്ത ഗ്രാന്റ് നഷ്ടമായാൽ കേന്ദ്ര സഹായമില്ലാതെ ഒറ്റയ്ക്ക് വൈദ്യുതി വിതരണരംഗം നവീകരിക്കേണ്ടതിന് വരുന്ന ബാദ്ധ്യത ഉപഭോക്താക്കളുടെ മേൽ ചുമത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ബാധകമല്ല.

**പുരപ്പുറ സോളാർ പദ്ധതി വിപുലീകരിക്കാൻ നടപടി**

280 (727) <u>ശ്രീ. തോമസ് കെ. തോമസ്:</u>
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u>
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u>

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി വിപുലീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വൈദ്യുത ഉപഭോഗം മിതപ്പെടുത്തി ഊർജ്ജ സംരക്ഷണം നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള വിവിധ നടപടികളിൽ ഒന്നാണ് 'സൗര' പദ്ധതി. ഇതിൽ പുരപ്പുറ സോളാർ പാനലുകൾ വഴിയുള്ള വൈദ്യുതോല്പാദനത്തിൽ ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിലാണ് നിലയങ്ങൾ സ്ഥാപിക്കുന്നത്.

'സൗര' പദ്ധതി 2 ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. ഒന്നാംഘട്ട (Phase-I) നോൺ സബ്സിഡി പദ്ധതിയിൽ നിലവിൽ 24.09 മെഗാ വാട്ടിന്റെ 1963 സൗര നിലയങ്ങൾ പൂർത്തീകരിച്ചു. ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ ഇല്ല. രണ്ടാംഘട്ട സൗര സബ്സിഡി പദ്ധതി (Phase II) ഗാർഹിക ഉപഭോക്താക്കൾക്ക് വേണ്ടി മാത്രമുള്ളതാണ്. പ്രസ്തുത പദ്ധതിയിൽ നിലവിൽ 130.77 മെഗാവാട്ടിന്റെ 35084 നിലയങ്ങൾ

പൂർത്തീകരിച്ചു. നിലവിൽ കേന്ദ്രം അനുവദിച്ച (MNRE-കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം) 182 കോടി രൂപ സബ്സിഡി ഇനത്തിൽ വിതരണം ചെയ്തുകഴിഞ്ഞു. സബ്സിഡി പദ്ധതിയുടെ പൂർത്തീകരണത്തിന് MNRE 2023 സെപ്റ്റംബർ 23 വരെയാണ് കാലാവധി നൽകിയിരിക്കുന്നത്. പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ഇതുകൂടാതെ നോൺ സബ്സിഡി സ്കീമിൽ 100 MW-ന്റെ പുതിയ പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. MNRE യുടെ DBT (ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ)സ്കീമിൽ നിലവിൽ 490 പുതിയ കമ്പനികളെക്കൂടി എംപാനൽ ചെയ്തിട്ടുണ്ട്.

പദ്ധതി വിപുലീകരണത്തിനായി കേരളത്തിലെ എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷനുകളിലും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ നടത്തുകയുണ്ടായി. മീറ്റർ അലോക്കേഷൻ, പവർ ക്വാളിറ്റി ടെസ്റ്റിംഗ് ഇവ വേഗത്തിൽ പൂർത്തീകരിക്കാൻ നടപടികൾ എടുത്തു. നെറ്റ് മീറ്റർ ലഭ്യത സർക്കിൾ തലത്തിൽ ഉറപ്പുവരുത്തി സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാൻ സോളാർ പാനൽ നിർമ്മാതാക്കളുടെയും ഇൻവർട്ടർ

നിർമ്മാതാക്കളുടെയും അവലോകനങ്ങൾ സംഘടിപ്പിക്കുകയും പ്രശ്നപരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്തു.

നിലവിൽ 'സൗര' പദ്ധതി മുഖേന ആകെ 155.69 MW ശേഷിയുടെ 37,262 നിലയങ്ങൾ കമ്മീഷൻ ചെയ്തു. ഇതിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 153.421 മെഗാവാട്ടിന്റെ 37,014 നിലയങ്ങൾ പൂർത്തീകരിച്ചു.

സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കുന്നു. അനെർട്ടിന്റെ 'സൗരതേജസ്' പദ്ധതി വഴി കേരളത്തിലുടനീളമായി 25 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടന്നുവരുന്നു. സംസ്ഥാന സർക്കാരിന്റെ ഹരിത വരുമാന പദ്ധതിയുടെ ഭാഗമായി ലൈഫ് മിഷൻ പദ്ധതി വഴി നിർമ്മിച്ച വീടുകളിലും പട്ടിക ജാതി വകുപ്പ് നിർമ്മിച്ചു നൽകിയ വീടുകളിലും സൗജന്യമായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതുവഴി കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതിയും അധിക വരുമാനവും ലഭ്യമാകുന്നു. ഈ പദ്ധതിയുടെ

ഭാഗമായി ലൈഫ് മിഷൻ നിർമ്മിച്ച് നൽകിയ തെരഞ്ഞെടുക്കപ്പെട്ട 700 കുടുംബങ്ങൾക്ക് സൗജന്യമായി രണ്ട് കിലോവാട്ട് വീതം ശേഷിയുള്ള സോളാർ പവർ പ്ലാന്റുകളും പട്ടിക ജാതി വകുപ്പ് നിർമ്മിച്ചു നൽകിയ തെരഞ്ഞെടുക്കപ്പെട്ട 300 കുടുംബങ്ങൾക്ക് സൗജന്യമായി മൂന്നു കിലോവാട്ട് വീതം ശേഷിയുള്ള സോളാർ പവർ പ്ലാന്റുകളും സ്ഥാപിച്ചു നൽകുന്ന പദ്ധതി പുരോഗമിച്ചുവരികയാണ്.

(ബി) പുരപ്പുറ സോളാർ പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന സബ്സിഡി വർദ്ധിപ്പിച്ചുനൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പുരപ്പുറ സോളാർ പദ്ധതി സബ്സിഡി വർദ്ധിപ്പിക്കുന്നതിന് നിലവിൽ നടപടികൾ എടുത്തിട്ടില്ലെന്നറിയിക്കുന്നു. നിലവിൽ MNRE നൽകുന്ന സബ്സിഡിയാണ് കെ.എസ്.ഇ.ബി.എൽ. മുഖാന്തരം വിതരണം ചെയ്യുന്നത്.

തിരുവനന്തപുരം നഗരം സോളാർ സിറ്റിയായി മാറ്റുന്നതിന്റെ ഭാഗമായി 100 MW ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി

നടപ്പാക്കുന്നതിനായി ഗുണഭോക്തൃവിഹിതം നല്കാൻ ബാങ്ക് ലോണിനെ ആശ്രയിക്കുന്ന ഗുണഭോക്താക്കൾക്ക് കേന്ദ്ര സംസ്ഥാന സബ്സിഡിക്ക് പുറമെ ഇന്ററസ്റ്റ് സബ്സിഡി ലഭ്യമാക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള വലിയ സ്ഥാപനങ്ങളിൽ സോളാർ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

സൗര ഒന്നാംഘട്ട നോൺ സബ്സിഡി പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ. മുഖേന കാരക്കോണം മെഡിക്കൽ കോളേജിൽ (SMCSIK, Karakonam) 150 KW- ന്റെയും കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 3 കെട്ടിടങ്ങളിലായി 59 KW, 30 KW & 60 KW - ന്റെ സൗരനിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ വർക്ക് ഡെപ്പോസിറ്റ് വ്യവസ്ഥയിൽ സൗരോർജ്ജനിലയങ്ങളുടെ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്തുവരുന്നു. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ മേല്പറഞ്ഞ

വ്യവസ്ഥയിൽ 150 കിലോവാട്ട് ശേഷിയുള്ള നിലയം സ്ഥാപിച്ചു. കൂടാതെ കൊല്ലം ഗവൺമെന്റ് മെഡിക്കൽ കോളേജിനായി (പാരിപ്പള്ളി) 500 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. മേൽ പ്രതിപാദിച്ച പ്രവൃത്തികൾക്ക് പുറമെ വിവിധ ജില്ലാപഞ്ചായത്തുകളുടെയും ഗവൺമെന്റ് ഏജൻസികളുടെയും ആവശ്യപ്രകാരം ഡെപ്പോസിറ്റ് വർക്ക് വ്യവസ്ഥയിൽ സോളാർ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് വകുപ്പിന് ചെലവാകുന്ന തുകയിൽ 10% തുക അനെർട്ട് മുഖേന വിനിയോഗിച്ചുകൊണ്ട് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന നടപടികൾ നടന്നുവരുകയാണ്. സംസ്ഥാനത്തെ ജില്ലാ കളക്ടറേറ്റുകളിലും സർക്കാർ കെട്ടിടങ്ങളിലുമായി അനെർട്ടിന്റെ 2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് KSEB Ltd. മുഖാന്തിരം ആകെ 380kWp സ്ഥാപിതശേഷിയുള്ള ഗ്രിഡ് കണക്ടഡ് Roof- top സൗരോർജ്ജ പവ്വർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം അയിരത്തോളം

സ്ഥാപനങ്ങളിൽ നിന്നായി 20 MW സ്ഥാപിതശേഷി ഈ വർഷത്തോടെ അനെർട്ടിന് കൈവരിക്കാനാകും.

**ജലവൈദ്യുത പദ്ധതി**

281 (728) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ചെറുകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതുവഴി അധികമായി എത്ര വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപ്പർകല്ലാർ (2x1 MW), പൊരിങ്ങൽകുത്ത് (1x24 MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിച്ചു. ഇവകൂടാതെ പെരുവണ്ണാമൂഴി ജലവൈദ്യുത പദ്ധതിയുടെ 3 MW ശേഷിയുള്ള 2 ജനറേറ്ററുകൾ 09-07-2023- ന് grid ലേയ്ക്ക് synchronise ചെയ്തു. അപ്പർകല്ലാർ (2x1 MW) ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ഇതുവരെയുള്ള ആഭ്യന്തര വൈദ്യുതി ഉല്പാദനം

4.418806 MU ആണ്. പൊരിങ്ങൽകുത്ത് (1x24 MW) ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ഇതുവരെയുള്ള ആഭ്യന്തര വൈദ്യുതി ഉത്പാദനം 131 MU ആണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒലിക്കൽ (5 MW, 10.26 MU), പൂവാരംതോട് (3 MW, 5.88 MU) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 24 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ചിന്നാർ ജലവൈദ്യുത പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ 08-07-2022-ന് ആരംഭിച്ചു. ഈ പദ്ധതികൾ പൂർത്തിയാകുമ്പോൾ 32 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിക്കും.

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരിപ്പാറ 4.5 MW, ആനക്കാംപോയിൽ 8 MW എന്നീ ജലവൈദ്യുത പദ്ധതികളാണ് കമ്മീഷൻ ചെയ്തിട്ടുള്ളത്.

സെപ്തംബറോടെ 4 MW മുക്കടം പദ്ധതിയും ഒക്ടോബറോടെ 0.35 MW ഏഴാംകടവ് പദ്ധതിയും കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## യു.ജി /എ.ബി.സി. കേബിൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി

282 (729) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പടനിലം ക്ഷേത്രം, ചുനക്കര തിരുവൈരൂർ മഹാദേവ ക്ഷേത്രം എന്നിവിടങ്ങളിൽ യു.ജി./എ.ബി.സി. കേബിൾ സ്ഥാപിക്കാൻ 2022-23 ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള എസ്റ്റിമേറ്റ് ഉൾപ്പെടെ തയ്യാറാക്കി നല്കിയിട്ടും ഭരണാനുമതി ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ പടനിലം ക്ഷേത്രം, ചുനക്കര തിരുവൈരൂർ മഹാദേവ ക്ഷേത്രം എന്നിവിടങ്ങളിൽ കൂടി യു.ജി. കേബിൾ

സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടിയുള്ള തുടർനടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നു.

**ദ്യുതി പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ**

283 (730) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ മണ്ഡലത്തിൽ ദ്യുതി പദ്ധതിപ്രകാരം നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; അവയ്ക്ക് അനുവദിച്ചിട്ടുള്ള തുക എത്രയാണ്; അവയുടെ പുരോഗതി എന്തെന്ന് വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സെക്ഷൻ | പ്രവൃത്തി | തുക | പുരോഗതി (ശതമാനത്തിൽ) |
|---|---|---|---|---|
| 1 | ഈസ്റ്റ് കല്ലട | 15 എണ്ണം A Pole സ്ഥാപിക്കുന്ന പ്രവൃത്തി (2023-24) | 5,76,282 | 30% |
| 2 | ഈസ്റ്റ് കല്ലട | പള്ളിയറ ട്രാൻസ്ഫോർമർ റീ കണ്ടക്റ്ററിംഗ് ചെയ്യുന്ന പ്രവൃത്തി (2022-23) | 9,11,970 | 50% |
| 3 | കുണ്ടറ | പടപ്പക്കര 100 KVA | 5,66,613 | 95% |

| | | | | |
|---|---|---|---|---|
| | | ട്രാൻസ്ഫോർമർ 200 മീറ്റർ HT ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി | | |
| 4 | കുണ്ടറ | എൻ.എസ്. നഗറിൽ റീ കണ്ടക്ടറിംഗ് ചെയ്യുന്ന പ്രവൃത്തി | 6,97,071 | 60% |
| 5 | കുണ്ടറ | കരിക്കുഴിയിൽ റീ കണ്ടക്ടറിംഗ് ചെയ്യുന്ന പ്രവൃത്തി | 3,92,693 | 30% |
| 6 | പെരുമ്പുഴ | ഞാറ്റയിൽ ഭാഗത്ത് എൽ.ടി. ലൈൻ കൺവേർഷൻ ചെയ്യുന്ന പ്രവൃത്തി (2022-23) | 77,911 | 80% |

**ഉറുമി ചെറുകിട ജലവൈദ്യുത പദ്ധതി**

284 (731) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം ഉറുമി ചെറുകിട ജലവൈദ്യുത പദ്ധതിയിൽ എന്തൊക്കെ നാശനഷ്ടമാണുണ്ടായത്; ആയതിന്റെ തോത് എത്രയാണെന്ന് വിശദമാക്കുമോ?

പ്രകൃതിക്ഷോഭംമൂലം ഉറുമി ചെറുകിട ജലവൈദ്യുതപദ്ധതിയിൽ നാശനഷ്ടങ്ങളൊന്നും ഉണ്ടായിട്ടില്ല. പക്ഷെ 04-07-2023-ൽ കാലപ്പഴക്കംമൂലം ഉറുമി-II-ലെ പെൻസ്റ്റോക്ക് പൊട്ടുകയും 3x0.8 MW സ്ഥാപിതശേഷിയുള്ള വൈദ്യുതി നിലയത്തിലെ ജനറേറ്ററുകളും അനുബന്ധ ഉപകരണങ്ങളും വെള്ളത്തിൽ മുങ്ങുകയും ചെയ്തു. പ്രസ്തുത പദ്ധതി പുനഃരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇലക്ട്രോ-മെക്കാനിക്കൽ ഉപകരണങ്ങൾക്ക് ഏകദേശം 4.18 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്.

ഈ പദ്ധതിയുടെ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും പുനർനിർമ്മാണത്തിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഒരു വിദഗ്ധസമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതി പരിശോധനകൾ നടത്തിവരികയും, റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പെൻസ്റ്റോക്കിന്റെ നാശനഷ്ടത്തിന്റെയും പുനർനിർമ്മാണത്തിന്റെയും തോത് സമിതി റിപ്പോർട്ട് കിട്ടിയതിനുശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ.

(ബി) പ്രസ്തുത പദ്ധതി പുനഃരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സമിതി റിപ്പോർട്ട് ലഭ്യമായതിനുശേഷം നടപടികൾ സ്വീകരിക്കുന്നതാണ്.

**വൈദ്യുതവാഹന ചാർജിംഗ് സ്റ്റേഷനുകൾ**

285 (732) ശ്രീ. വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. സി.സി. മുകുന്ദൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വാഹനങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക എന്ന സർക്കാർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ വൈദ്യുതവാഹന ചാർജിംഗ് സ്റ്റേഷനുകളുടെ ശൃംഖല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരള സർക്കാർ 2019-ൽ പുറത്തിറക്കിയ വൈദ്യുതവാഹന നിയമപ്രകാരം വൈദ്യുതവാഹന ചാർജിംഗ് സ്റ്റേഷനുകളുടെ ചുമതലയുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഇ.ബി.എൽ.-നെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഈ ചുരുങ്ങിയ കാലയളവിൽതന്നെ കേരളത്തിൽ എല്ലാ ജില്ലകളിലുമായി ഫോർവീലറുകൾക്കുള്ള 63 ഡി.സി. ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും ഓട്ടോറിക്ഷ, ഇരുചക്ര വാഹനങ്ങൾ എന്നിവയ്ക്കായി എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1165 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചുകഴിഞ്ഞു.

ഇലക്ട്രിക് കാറുകളുടെ വ്യാപനം കൂടിയതോടെ ദേശീയപാത, MC റോഡ്, മറ്റ് പ്രധാന റോഡുകൾ എന്നിവിടങ്ങളിൽ ഓരോ 25 കിലോമീറ്ററിലും DC ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ ആവശ്യമായി വന്നിട്ടുണ്ട്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ സംസ്ഥാന സർക്കാർ സബ്സിഡിയോടുകൂടി സൗരോർജ്ജ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. 25/30 kW ശേഷി മുതലുള്ള ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾക്ക് മെഷീൻ

വിലയുടെ 25% സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകുന്നു. കൂടാതെ നിഴൽ രഹിതമായി സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലസൗകര്യമുള്ള ഹോട്ടലുകളിൽ ചാർജിംഗ് സ്റ്റേഷനോടൊപ്പം സൗരോർജ്ജ സംവിധാനം ഒരുക്കിയാൽ ഒരു കിലോവാട്ടിന് Rs.20,000/- എന്ന കണക്കിൽ പരമാവധി 50 kW സൗരോർജ്ജ സംവിധാനത്തിന് 10 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു.

കൂടാതെ ദേശീയപാത, MC റോഡ്, മറ്റ് സ്റ്റേറ്റ് ഹൈവേകൾ എന്നിവിടങ്ങളിലെ KTDC ഹോട്ടലുകൾ, DTPC സെന്ററുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കഫറ്റീരിയ, വാഷ് റൂം സംവിധാനമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ 1000 sq.ft. സ്ഥലം 10 വർഷത്തെ ലീസിന് ലഭ്യമാക്കുകയും ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള മുതൽമുടക്ക് അനെർട്ടിൽ ലഭ്യമാക്കിയാൽ അനെർട്ടിന്റെ നേതൃത്വത്തിൽ പബ്ലിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് നൽകുന്നതുമാണ്.

തെരഞ്ഞെടുക്കപ്പെട്ട KSRTC ബസ് സ്റ്റാൻഡുകൾ, സർക്കാർ റസ്റ്റ് ഹൗസുകൾ എന്നിവിടങ്ങളിൽ പബ്ലിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി സ്ഥലങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. 14 ജില്ലകളിലെ എൻഫോഴ്സ്മെന്റ് RT ഓഫീസുകളിൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനും തിരുവനന്തപുരം നഗരപരിധിയിൽ 13 പബ്ലിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനമൊട്ടാകെ ചാർജിംഗ് സ്റ്റേഷനുകളുടെ ശൃംഖല സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.-ക്കും അനെർട്ടിനും സാധിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ വൈദ്യുതവാഹനങ്ങളുടെ എണ്ണം കഴിഞ്ഞ ഒരു വർഷം കൊണ്ട് പത്തിരട്ടിയോളമായി വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് കെ.എസ്ഇ.ബി.എൽ. കൂടാതെ അനെർട്ട് തുടങ്ങിയ ഗവൺമെന്റ് ഏജൻസികളും സ്വകാര്യ വ്യക്തികളും ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇന്നത്തെ സ്ഥിതിയനുസരിച്ച് സംസ്ഥാനത്ത് 1651 ചാർജിംഗ് സ്റ്റേഷനുകൾ നിലവിലുണ്ട്. കേന്ദ്രസർക്കാരിന്റെ

http://vahan.parivahan.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം 2021, 2022, 2023 വർഷങ്ങളിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത വൈദ്യുതി വാഹനങ്ങളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്:

| വർഷം | ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം |
|---|---|
| 2021 | 8,738 |
| 2022 | 39,622 |
| 2023<br>(07.08.2023 ലെ സ്ഥിതി) | 45,593 |

സംസ്ഥാനത്തൊട്ടാകെ ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ശൃംഖല സ്ഥാപിക്കാൻ അനെർട്ടിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വൈദ്യുത വാഹനങ്ങളുടെ എണ്ണം കഴിഞ്ഞ ഒരു വർഷം കൊണ്ട് അഞ്ചിരട്ടിയോളം വർദ്ധിച്ചിട്ടുണ്ട്. നിലവിൽ അനെർട്ടിന്റെ നേതൃത്വത്തിൽ കേരളത്തിലാകമാനം ഇ-കാറുകൾ ചാർജ്ജ് ചെയ്യുന്നതിനായി 31 പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിൽ 21 ഓളം ചാർജ്ജിംഗ് സ്റ്റേഷനുകൾ സർക്കാർ മേഖലകളിലും പത്തോളം ചാർജ്ജിംഗ്

സ്റ്റേഷനുകൾ സ്വകാര്യമേഖലയിലും സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ സ്ഥാപിച്ചതാണ്.

(സി) സംസ്ഥാനമൊട്ടാകെ ചാർജ്ജിംഗ് സ്റ്റേഷനുകൾ വരുന്നത് വൈദ്യുതിയുടെ ആവശ്യകതയിൽ വൻവർദ്ധനവുണ്ടാക്കുമെന്നത് കണക്കിലെടുത്ത് സൗരോർജ്ജ പാനലുകൾ ഉപയോഗപ്പെടുത്തുന്ന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനമൊട്ടാകെ ചാർജ്ജിംഗ് സ്റ്റേഷനുകൾ വരുന്നത് വൈദ്യുതിയുടെ ആവശ്യകതയിൽ വൻവർദ്ധനവുണ്ടാകുമെന്നത് കണക്കിലെടുത്ത് സൗരോർജ്ജ പാനലുകൾ ഉപയോഗപ്പെടുത്തി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.ഇ.ബി.എൽ. ആരംഭിച്ചിട്ടുണ്ട്. ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തുമായി സംയുക്ത സംരംഭത്തിൽ വടകരപ്പതിയിൽ സൗരോർജ്ജ പാനലുകൾ ഉപയോഗപ്പെടുത്തുന്ന ഒരു ചാർജ്ജിംഗ് സ്റ്റേഷൻ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്ര നോഡൽ ഏജൻസിയായ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ

ധനസഹായത്തോടെ കലൂർ സബ്സ്റ്റേഷൻ പരിസരത്ത് ഒരു സോളറൈസ്ഡ് റാപ്പിഡ് ചാർജ്ജിംഗ് ഹബ്ബ് വികസിപ്പിക്കുന്നതിനുള്ള പ്രാരംഭനടപടികൾ കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നു. ഭാവിയിലേയ്ക്ക് ഏറ്റവും അനുയോജ്യമായ ചാർജ്ജർ കോൺഫിഗറേഷനെന്ന നിലയിൽ 120kW ശേഷിയുള്ള പത്ത് CCS-2 ചാർജ്ജറുകളുൾപ്പെടുന്ന ഒരു സ്റ്റേഷനാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ നിലവിലുള്ള 63 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സാധ്യമായ സ്ഥലങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.

പബ്ലിക് EV ചാർജിംഗ് സ്റ്റേഷനുകളിൽ ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിന് വളരെയധികം വൈദ്യുതി വേണ്ടി വരുന്നതിനാൽ പരമാവധി സൗരോർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളോടൊപ്പം സ്ഥാപിക്കുന്ന സൗരോർജ്ജ സംവിധാനത്തിന് സംസ്ഥാന സർക്കാർ അനെർട്ട് വഴി സബ്സിഡി നൽകിവരുന്നു. 5 kW മുതൽ 50 kW വരെയുള്ള സൗരോർജ്ജ

സംവിധാനത്തിന് ഒരു കിലോവാട്ടിന് 20,000/- രൂപ എന്ന നിരക്കിൽ 50 kW സോളാർ പാനലിന് പത്തുലക്ഷം രൂപ സബ്സിഡി നൽകിവരുന്നു.

(ഡി) സംസ്ഥാനത്ത് നിലവിലുള്ള വൈദ്യുത ചാർജ്ജിംഗ് സ്റ്റേഷനുകളിൽ ഉപയോഗിക്കുന്ന സാങ്കേതിക സംവിധാനം രാജ്യത്ത് പ്രചാരത്തിലുള്ള വൈദ്യുതവാഹനങ്ങൾക്ക് അനുയോജ്യമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

വൈദ്യുത വാഹനരംഗം നമ്മുടെ രാജ്യത്ത് അതിവേഗം ഉയർന്നുവരുന്നതും വിപ്ലവകരമായ സാങ്കേതിക സാമ്പത്തിക മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നതുമായ ഒരു മേഖലയാണ്. ആയതിനാൽ ഒരിക്കൽ സ്ഥാപിക്കുന്ന ചാർജ്ജിംഗ് സ്റ്റേഷനുകൾ ഈ മാറ്റങ്ങൾക്കനുസരിച്ച് നവീകരിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. ഈ നവീകരണം ആവശ്യമായ തോതിൽ പഠനങ്ങൾക്ക് വിധേയമായി നിർവഹിക്കേണ്ട ഒന്നാണ്. കേരളത്തിൽ ഇന്ന് ലഭ്യമായ പല പുതിയ തലമുറ

കാറുകളും കെ.എസ്.ഇ.ബി.-യുടെ ചില സ്റ്റേഷനുകളിൽ ചാർജ് ചെയ്യാൻ സൗകര്യപ്രദമല്ലെന്ന പരാതി സംബന്ധിച്ച് താഴെപ്പറയുന്നവ ശ്രദ്ധിച്ചാലും.

**കെ.എസ്.ഇ.ബി.എൽ. ചാർജ്ജിംഗ് സ്റ്റേഷനുകൾ:**

കേന്ദ്ര ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് ഓഫ് ഹെവി ഇൻഡസ്ട്രി (DHI) വഴി ഫെയിം II (FAME II) പദ്ധതിയിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 2019 ജൂലൈ 12-ന് ക്ഷണിച്ച താല്പര്യപത്രത്തിനനുസരിച്ച് കെ.എസ്.ഇ.ബി.എൽ. പ്രൊപ്പോസൽ സമർപ്പിക്കുകയും പ്രസ്തുത സ്കീമിലുൾപ്പെടുത്തി കേരളത്തിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഏജൻസികളെ എംപാനൽ ചെയ്യുന്നതിനായി 2019 ഓഗസ്റ്റ് 14-ന് താല്പര്യപത്രം ക്ഷണിക്കുകയും ചെയ്തു. ഇതുപ്രകാരം ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് DHI-ൽനിന്ന് സാമ്പത്തികാനുമതി ലഭിച്ചതിനെത്തുടർന്ന് ഫെയിം-II സ്കീമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ സ്ഥലത്ത് 30 ചാർജ്ജിംഗ് സ്റ്റേഷനുകൾ ഇൻസ്റ്റാൾ ചെയ്തു. ഇന്ത്യാ ഗവൺമെന്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾക്ക് പൊതുവായി നിഷ്കർഷിച്ചിട്ടുള്ള

മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളുമനുസരിച്ചാണ് ഈ സ്റ്റേഷനുകൾ നിർമ്മിച്ചത്.

സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ തീരെ കുറവായിരുന്നതിനാൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സാമ്പത്തികലാഭം നേടുന്ന രീതിയിൽ പ്രവർത്തിപ്പിക്കാൻ ബുദ്ധിമുട്ട് നേരിട്ടിരുന്നു. പ്രസ്തുത സാഹചര്യത്തിൽ വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന സർക്കാർ നയം വ്യാപിപ്പിക്കുക എന്ന ഉദ്ദേശത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള അനുയോജ്യമായ സ്ഥലങ്ങളിലാണ് മേല്പറഞ്ഞ സ്റ്റേഷനുകൾ സ്ഥാപിച്ചത്.

ഫെയിം-II പദ്ധതി പ്രകാരം 25 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും 5 സ്ലോ ചാർജ്ജിംഗ് സ്റ്റേഷനുകളുമാണ് കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചത്. ഈ സ്റ്റേഷനുകളിലെ DHI-യുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ സ്ഥാപിച്ച ചാർജ്ജറുകളുടെ കോൺഫിഗറേഷൻ ചുവടെ ചേർക്കുന്നു:

A) 25 ഫാസ്റ്റ് സ്റ്റേഷനുകൾ

- Bharat DC 001 **(15kW)**– 3Nos.

- CCS II **+** CHAdeMO & Type 2 AC **122kW** – 1 No.

B) 5 സ്ലോ സ്റ്റേഷനുകൾ

- Bharat AC 001 **10 kW** -2Nos.
- Bharat DC 001 **(15kW)**– 5Nos.
- Type II AC **7 kW** -1 No.

ഈ സ്റ്റേഷനുകളെല്ലാംതന്നെ ഇന്ത്യയിൽ അന്ന് നിലവിലുണ്ടായിരുന്നതും സമീപഭാവിയിൽ പ്രതീക്ഷിച്ചിരുന്നതുമായ എല്ലാ വാഹനങ്ങളും ചാർജ് ചെയ്യാൻ പര്യാപ്തമായിരുന്നു. പ്രധാനമായും നിലവിലുണ്ടായിരുന്ന കാറുകളും അവയുടെ ചാർജിംഗ് സ്റ്റാൻഡേർഡും താഴെ പറയുന്നു:

- മഹീന്ദ്ര e –Verito Bharat DC 001
- മഹീന്ദ്ര e2O Bharat DC 001
- മഹീന്ദ്ര e2O Plus Bharat DC 001
- ടാറ്റ Tigor Xpress-T Bharat DC 001

- ടാറ്റ Nexon CCS 2

എന്നാൽ 2021 മുതലിങ്ങോട്ട് വിപണിയിൽ വന്ന പല കാറുകളും കൂടിയ വോൾട്ടേജിൽ ചാർജ് ചെയ്യുന്ന, CCS 2 എന്ന യൂറോപ്യൻ സ്റ്റാൻഡേർഡിന് യോജിച്ചതായിരുന്നു. ഇക്കാരണത്താൽ ഭാരത് DC 001 ചാർജറുകൾ പൊതുവേ ഉപയോഗം കുറഞ്ഞതായി മാറി. മേല്പറഞ്ഞ 30 സ്റ്റേഷനുകൾക്ക് പുറമെ സംസ്ഥാന ഗവൺമെന്റിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടുപയോഗിച്ച് 32 സ്റ്റേഷനുകളും ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തുമായി സംയുക്ത സംരംഭത്തിൽ വടകരപ്പതിയിൽ ഒരു ചാർജിംഗ് സ്റ്റേഷനും കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിരുന്നു.

കെ.എസ്.ഇ.ബി.എൽ. ഇൻസ്റ്റാൾ ചെയ്ത 63 DC ചാർജിംഗ് സ്റ്റേഷനുകളിൽ 58 സ്റ്റേഷനുകളിലും CCS 2 ചാർജർ ഉണ്ട്. DHI, GoI-യുടെ FAME-II സ്കീമിനുകീഴിൽ ഇൻസ്റ്റാൾ ചെയ്ത, നിലവിൽ CCS 2 ചാർജർ ഇല്ലാത്ത, ശേഷിക്കുന്ന അഞ്ച് സ്ലോ സ്റ്റേഷനുകളിൽ അത്തരം ചാർജറുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിഹരിക്കാൻ സാധിക്കും.

ഇന്ത്യയിൽ ഫെയിം-II പദ്ധതിപ്രകാരം സ്ഥാപിച്ചിരിക്കുന്ന ചാർജിങ് സ്റ്റേഷനുകളിൽ ഉയർന്നുവന്നിരിക്കുന്ന മേൽപ്രസ്താവിച്ച രീതിയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര നോഡൽ ഏജൻസിയായ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിക്ക് കത്ത് നൽകിയിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും.

ആദ്യകാലങ്ങളിൽ ഇ-കാറുകൾ ചാർജ് ചെയ്യുന്നതിനായി ഉപയോഗിച്ചിരുന്നത് GB/T ഗൺ ഉപയോഗിക്കുന്ന സാങ്കേതിക സംവിധാനമായിരുന്നു. എന്നാൽ 2021 മുതൽ പുതുതായി ഇറങ്ങുന്ന ഇ-കാറുകളിൽ CCS TYPE-II ഗണ്ണുള്ള സാങ്കേതിക സംവിധാനങ്ങളാണ് ഉപയോഗിക്കുന്നത്. ആയതിനാൽ 2021 മുതൽ അനെർട്ട് സ്ഥാപിച്ച എല്ലാ DC ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിലും CCS TYPE-II ഗണ്ണുകളാണ് ഉപയോഗിച്ചുവരുന്നത്.

**പെരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി**

286 (733) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥാപിതശേഷി എത്രയെന്നും പ്രതിവർഷം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

പെരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥാപിതശേഷി 1x24 MW ആണ്. 04-05-2022-ൽ കമ്മീഷൻ ചെയ്ത ഈ വൈദ്യുതിനിലയത്തിന്റെ പ്രതിവർഷ ഉല്പാദനശേഷി 45.02 MU ആണ്.

(ബി) പെരിങ്ങൽകുത്തിൽ 1x24 MW-ന്റെ പുതിയ പദ്ധതിയുടെ നിർവ്വഹണം നിലവിൽ ഏതുഘട്ടത്തിലാണ്?

പെരിങ്ങൽകുത്തിൽ 1x24 MW-ന്റെ പുതിയ പദ്ധതിയുടെ നിർവ്വഹണത്തിനായി പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിലേയ്ക്കായി ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്.

(സി) ഇതിലൂടെ എത്ര യൂണിറ്റ് അധികവൈദ്യുതി ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ?

1x24 MW സ്ഥാപിതശേഷിയുള്ള ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ പ്രതിവർഷം 53.847 MU വൈദ്യുതി ഉൽപാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

**നിലാവ് പദ്ധതി**

287 (734) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുവിളക്കുകളുടെ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനും ശാസ്ത്രീയമാക്കുന്നതിനുമായി നടപ്പിലാക്കിയ നിലാവ് പദ്ധതി നിലവിലുണ്ടോയെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

തെരുവുവിളക്കുകളുടെ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനും ശാസ്ത്രീയമാക്കുന്നതിനുമായി നടപ്പിലാക്കിയ നിലാവ് പദ്ധതി നിലവിൽ നടന്നുകൊണ്ടിരിക്കുന്നു. പ്രസ്തുത പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന 10.5 ലക്ഷം എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

ആവശ്യകതയനുസരിച്ച് 3.72 ലക്ഷം എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ EESL എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം വഴി വാങ്ങുകയും അവയിൽ 3,64,653 എൽ.ഇ.ഡി. സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലെ ആവശ്യകതയനുസരിച്ച് 47,062 എണ്ണം എൽ.ഇ.ഡി. സ്ട്രീറ്റ്ലൈറ്റുകൾക്ക് ലെറ്റർ ഓഫ് ഇൻഡന്റ് EESL-ന് നൽകിയിട്ടുണ്ട്. ആയവ ലഭ്യമാകുന്നമുറയ്ക്ക് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്നതാണ്. ടി പദ്ധതിയിൽ കേരളമൊട്ടാകെ 697 പഞ്ചായത്തുകളും 47 മുനിസിപ്പാലിറ്റികളും പങ്കുചേർന്നിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ വഴി രൂപപ്പെടുത്തിയ നിലാവ് പോർട്ടൽ മുഖാന്തരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യകത രേഖപ്പെടുത്തി KSEBL-മായി സംയുക്ത സ്ഥലപരിശോധന നടത്തി പ്രായോഗികതയുടെ അടിസ്ഥാനത്തിൽ EESL എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം വഴി വാങ്ങി LED വിളക്കുകൾ സ്ഥാപിച്ചുവരുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ നിലാവ് പദ്ധതിയിലുൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു

അത്തോളി, ചേളന്നൂർ, കടലുണ്ടി, കക്കൂർ, കുന്നമംഗലം, മടവൂർ, മാവൂർ, നരിക്കുനി, ഒളവണ്ണ, പെരുമണ്ണ, പുതുപ്പാടി, തിരുവമ്പാടി, കൂടരഞ്ഞി, പെരുവയൽ, കിഴക്കോത്ത്, ഓമശ്ശേരി, അഴിയൂർ, ചോറോട്, ചെങ്ങോട്ട്കാവ്, ഒഞ്ചിയം, ഏറാമല, വില്ല്യാപ്പള്ളി, മൂടാടി, ആയഞ്ചേരി, മണിയൂർ, അരിക്കുളം, പുറമേരി, മേപ്പയ്യൂർ, കീഴരിയൂർ, കുന്നുമ്മൽ, കുറ്റ്യാടി, പേരാമ്പ്ര.

**മഞ്ചേരി നഗരസഭയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

288 (735) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി നഗരസഭയിലെ പുല്ലൂർ ഏരാമ്പ്ര പ്രദേശത്ത് നിലനിൽക്കുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പ്രസ്തുത പ്രദേശത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പുല്ലൂർ ഏരാമ്പ്ര ഭാഗത്ത് ഒരു 100 kVA ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും 700 മീറ്റർ സിംഗിൾ ഫെയ്സ് ലൈൻ ത്രീ ഫെയ്സ് ലൈനാക്കി മാറ്റുകയും

ചെയ്യുന്നതിനുള്ള ജോലികൾ ദ്യുതി-2-ൽ 2023-24 വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തി ഉടൻതന്നെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പ്രസരണ വിതരണ നഷ്ടം**

289 (736) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പവർ ഫിനാൻസ് കോർപ്പറേഷന്റെ കണക്കനുസരിച്ച് കെ.എസ്.ഇ.ബി.-യുടെ ഒരു വർഷത്തെ പ്രസരണ വിതരണനഷ്ടം എത്രയാണ്; ഇത് കുറയ്ക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ആർ.ഡി.എസ്.എസ്.-ന്റെ നോഡൽ ഏജൻസി പവർ ഫിനാൻസ് കോർപ്പറേഷൻ ആണ്. ആർ.ഡി.എസ്.എസ്. പദ്ധതിപ്രകാരം ഡിസ്ട്രിബ്യൂഷൻ യൂട്ടിലിറ്റികളുടെ AT&C നഷ്ടമാണ് (Aggregate Technical & Commercial Loss) അളക്കുന്നത്. പദ്ധതിയുടെ അടിസ്ഥാന വർഷമായ 2019-20-ലെ AT&C നഷ്ടം 14.47% ആണ്. പദ്ധതി

പ്രകാരം 2024-25 സാമ്പത്തിക വർഷത്തോടുകൂടി അത് 10.5%- ലേയ്ക്ക് എത്തിക്കാനാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ ലക്ഷ്യം. ഇതിനായി 1755.7982 കോടി രൂപയുടെ വിതരണ ഉപപ്രസരണ പ്രവൃത്തികൾക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. ഇതിൽ 33 kV, 11 kV എന്നീ ലൈനുകളുടെ പുനർച്ചാലക പ്രവൃത്തികൾ, പുതിയ എച്ച്.ടി., എൽ.ടി. ലൈൻ വലിക്കൽ, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കൽ, പഴയ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ തുടങ്ങിയവ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) സ്മാർട്ട് മീറ്റർ പദ്ധതി പ്രസരണ വിതരണനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമാണെങ്കിൽ ഏതൊക്കെ രീതിയിലാണ് പ്രസരണ വിതരണനഷ്ടം പ്രസ്തുത പദ്ധതി മുഖേന കുറയ്ക്കുവാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ആർ.ഡി.എസ്.എസ്. ഭാഗം എ (മീറ്ററിംഗ്)-യുടെ കീഴിൽ ഉപഭോക്താക്കൾക്കുള്ള പ്രീ-പെയ്ഡ് സ്മാർട്ട് മീറ്ററിംഗ്, ആശയവിനിമയ

ഫീച്ചറോടു കൂടിയ ഫീഡർ, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ തലത്തിലുള്ള സിസ്റ്റം മീറ്ററിംഗ്, കൂടാതെ അനുബന്ധ അഡ്വാൻസ് മീറ്ററിംഗ് ഇൻഫ്രാസ്ട്രക്ചർ (AMI) എന്നിവ നടപ്പിലാക്കാൻ വിഭാവന ചെയ്യുന്നു. സ്മാർട്ട് മീറ്റർ മുഖേന മാത്രമേ കൃത്യമായ എനർജി അക്കൗണ്ടിംഗും ഓഡിറ്റിങ്ങും (machine to machine communication) നടപ്പിലാക്കാൻ പറ്റുകയുള്ളൂ. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതുവഴി കൂടുതൽ വിതരണനഷ്ടമുള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് മനസ്സിലാക്കാനും പരിഹാരനടപടികൾ സ്വീകരിക്കുവാനും കഴിയും

(സി) വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിന് കേന്ദ്ര സർക്കാർ വിളിച്ച യോഗത്തിൽ സംസ്ഥാനത്തിന്റെ പ്രതിനിധികളെ പങ്കെടുപ്പിക്കാത്തത് സ്മാർട്ട് മീറ്റർ സ്ഥാപിക്കാത്തതിനാലാണോയെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.-ന് ആദ്യഘട്ടത്തിൽ വിതരണനഷ്ടം നികത്തുന്നതിനായുള്ള വിതരണമേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിന് 1566 കോടി രൂപയാണ് കേന്ദ്ര ഊർജ്ജ

മന്ത്രാലയം ഡി.പി.ആർ. തുകയായി 2022 മാർച്ച് മാസം നടന്ന 7-ാമത് മോണിറ്ററിങ് കമ്മിറ്റി മീറ്റിംഗിൽ അനുവദിച്ചത്. എന്നാൽ ഇത് 2018-ലെ cost data പ്രകാരമായിരുന്നതിനാൽ അധിക DPR തുക അനുവദിക്കുന്നതിനായി ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം 2022-23-ലെ cost data പ്രകാരമുള്ള പ്രൊപ്പോസൽ നോഡൽ ഏജൻസിയായ പവർ ഫിനാൻസ് കോർപ്പറേഷന് സമർപ്പിച്ചിരുന്നു. ഈ പ്രൊപ്പോസൽ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കോസ്റ്റ് കമ്മിറ്റി വിശദമായി പരിശോധിച്ചശേഷം ശിപാർശ ചെയ്യുകയും പുതുക്കിയ പ്രൊപ്പോസൽ ആന്ധ്രാപ്രദേശിന്റെ കോസ്റ്റ് റിവിഷൻ പ്രൊപ്പോസിലിനൊപ്പം മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിന്റെ അനുമതിക്കായി അജണ്ടയിൽ ഉൾപ്പെടുത്തുകയും ചെയ്തു. 2023 ജൂലൈ 28-ാം തീയതി കേന്ദ്ര ഊർജ്ജ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിൽ കെ.എസ്.ഇ.ബി.എൽ.-ലെ മുതിർന്ന ഉദ്യോഗസ്ഥർ പങ്കെടുക്കണമെന്ന് നോഡൽ ഏജൻസിയായ പവർ ഫിനാൻസ് കോർപ്പറേഷൻ 25-07-2023-ന് ഇ-മെയിൽ മുഖാന്തരം അറിയിക്കുകയുണ്ടായി. ആയതിനാൽ

കെ.എസ്.ഇ.ബി.എൽ. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ഓൺലൈൻ ആയും ആർ.ഡി.എസ്.എസ്. പദ്ധതി കൈകാര്യം ചെയ്യുന്ന CAPs (Centrally Aided Projects) തലവനായ ചീഫ് എഞ്ചിനീയർ (IT, CR&CAPS)-ഉം പ്രസ്തുത ഓഫീസിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറും നേരിട്ട് ഡൽഹിയിൽ മീറ്റിംഗിൽ പങ്കെടുക്കാനുമാണ് തീരുമാനിച്ചിരുന്നത്. അപ്രകാരം മേൽപ്പറഞ്ഞ ഓഫീസർമാർ 27-ന് ഡൽഹിയിലേയ്ക്ക് പുറപ്പെടുകയും ചെയ്തു. എന്നാൽ 27-07-2023 രാത്രിയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ലോസ് റിഡക്ഷൻ പ്രവർത്തികളുടെ DPR കോസ്റ്റ് റിവിഷൻ പ്രൊപ്പോസൽ കൂടുതൽ പരിശോധനയ്ക്കായി മാറ്റി വച്ചതായി നോഡൽ ഏജൻസിയായ പവർ ഫൈനാൻസ് കോർപ്പറേഷന് വിവരം ലഭിക്കുകയും രാത്രി 8.55-ന് അത് കെ.എസ്.ഇ.ബി.എൽ-നെ ഇ-മെയിൽ മുഖാന്തരം അറിയിക്കുകയും ചെയ്തു. കെ.എസ്.ഇ.ബി.എൽ-നെ സംബന്ധിച്ചുള്ള പ്രൊപ്പോസലുകൾ പ്രസ്തുത മീറ്റിംഗിൽ ഇല്ലാത്തതിനാൽ മീറ്റിംഗിൽ പങ്കെടുക്കാൻ നിയോഗിച്ച ഉദ്യോഗസ്ഥർ പങ്കെടുക്കേണ്ടതായി വന്നില്ല. കൂടുതൽ വിവരങ്ങൾ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽനിന്നും ഇതുവരെയും ലഭ്യമായിട്ടില്ല.

## അതിരപ്പിള്ളി, മലക്കപ്പാറ പ്രദേശങ്ങളിൽ വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും

290 (737) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി, മലക്കപ്പാറ തുടങ്ങിയ മലയോരപ്രദേശങ്ങളിലേയ്ക്കുള്ള വൈദ്യുതി വിതരണ ശൃംഖലയിൽ മരങ്ങളും മരച്ചില്ലകളും വീണ് വൈദ്യുതി തടസ്സമുണ്ടായി ദിവസങ്ങളോളം വൈദ്യുതി മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിരപ്പിള്ളി മുതൽ മലക്കപ്പാറ വരെയുള്ള വൈദ്യുതി വിതരണ ലൈൻ കൊടുംകാടിനുള്ളിലാണ് സ്ഥിതിചെയ്യുന്നത്. വന്യമൃഗ സാന്നിദ്ധ്യമുള്ളതിനാൽ രാത്രികാലങ്ങളിൽ മരച്ചില്ലകൾ വീണ് സംഭവിക്കുന്ന തടസ്സങ്ങൾ ഒഴികെയുള്ള തടസ്സങ്ങൾ സമയബന്ധിതമായി പരിഹരിക്കാറുണ്ട്.

(ബി) ഈ പ്രദേശങ്ങളിലെ വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

അതിരപ്പിള്ളി, മലക്കപ്പാറ തുടങ്ങിയ മലയോര പ്രദേശങ്ങളിലെ വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിനായി ഷോളയാർ മുതൽ മലക്കപ്പാറ വരെ റോഡിലൂടെ ഹൈ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ ഉപയോഗിച്ച് പുതിയ വൈദ്യുതി വിതരണ ശൃംഖല സ്ഥാപിക്കാൻ ആർ.ഡി.എസ്.എസ്. അഡീഷണൽ പ്രൊപ്പോസലിൽ ഉൾപ്പെടുത്തി അനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അതിരപ്പിള്ളിയിൽ സബ്സ്റ്റേഷൻ സ്ഥാപിച്ച് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ?

മലക്കപ്പാറ, തമിഴ്നാട് അതിർത്തിയോട് അടുത്തുകിടക്കുന്നതിനാൽ അവിടെനിന്നും വൈദ്യുതി എത്തിക്കുവാൻ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും അതിന് തമിഴ്നാട് സമ്മതം നൽകിയിട്ടില്ല. ആയതിനാൽ അതിരപ്പിള്ളിക്ക് സമീപം വെറ്റിലപ്പാറ എന്ന സ്ഥലത്ത് 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ട്. ടി സബ്സ്റ്റേഷന്റെ അനിവാര്യത സംബന്ധിച്ച് സാങ്കേതിക പഠനം നടത്തി ടി

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**പട്ടികവർഗ്ഗ ഗോത്ര ഊരുകളിൽ വൈദ്യുതി എത്തിക്കാനുള്ള പദ്ധതി**

291 (738) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരഞ്ഞെടുത്ത 100 പട്ടികവർഗ്ഗ ഗോത്ര ഊരുകളിൽ വൈദ്യുതി എത്തിക്കാനുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; പദ്ധതിയുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് KSEBL, വൈദ്യുതി ലഭ്യമല്ലാത്ത 101 പട്ടികവർഗ്ഗ കോളനികൾ കണ്ടെത്തി DPR തയ്യാറാക്കിയിരുന്നു. ഇതിൽ 65 കോളനികളിൽ ഗ്രിഡ് വൈദ്യുതീകരണവും 36 കോളനികളിൽ സോളാർ വൈദ്യുതീകരണവുമാണ് KSEBL നിർദ്ദേശിച്ചിരുന്നത്. പിന്നീട് ഗ്രിഡ് വൈദ്യുതീകരണത്തിനുള്ള പ്രായോഗിക

ബുദ്ധിമുട്ടും കോളനികളിൽ പുനരധിവാസം നിർദ്ദേശിച്ചതും കണക്കിലെടുത്ത് ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന കോളനികളുടെ എണ്ണം 37 ആയി നിർണ്ണയിക്കുകയുണ്ടായി. പിന്നീട് പാങ്ങോട്, മുണ്ടക്കുന്ന് എന്നീ 2 കോളനികൾ KSEBL പുതുതായി കണ്ടെത്തിയതിലൂടെ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന കോളനികളുടെ ആകെ എണ്ണം 39 ആയി. ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന 18 കോളനികളിൽ ഗ്രിഡ് വൈദ്യുതീകരണവും [(പുല്ലുകാട്, കന്ദളം, കൽച്ചടി, പുളിക്കാലടി(Palakkad), ചീപ്രകുന്ന് കോളനി, മാടംകുന്ന് കോളനി (Wayanad), പാട്ടക്കരിമ്പ് കോളനി (ഫേസ് 1), വാണിയംപുഴ, പാട്ടക്കരിമ്പ് കോളനി (ഫേസ് 2), കുമ്പളപ്പാറ (Malappuram), നാട്ടുകുടി, ഷെഡുകുടി (വെള്ളക്കശം), ഊഞ്ചമ്പറകുടി (Idukki), വെട്ടിവിട്ടക്കാട് (Thrissur), ളാഹ, മഞ്ഞതോട് (Pathanamthitta), തലവച്ചപ്പാറ, കുഞ്ചിപ്പാറ (Ernakulam), ഇളമങ്ങൽ (Kannur)] ഒരു കോളനിയിൽ സോളാർ വൈദ്യുതീകരണവും (കാരളം കോട്ട) പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 20 കോളനികളിൽ 6 കോളനികളുടെ (ആനവായി, തടിക്കുണ്ട്, കടുകുമണ്ണ, മുരുഗള, പാലപ്പട, കിണറ്റുകര (പാലക്കാട് ജില്ല) വൈദ്യുതീകരണം ആഗസ്റ്റ്

മാസത്തിലും 2 കോളനികളുടെ (പാങ്ങോട്, മുണ്ടക്കുന്ന്) വൈദ്യുതീകരണം സെപ്റ്റംബർ മാസത്തിലും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ബാക്കിയുള്ള 12 കോളനികളുടെ (മാങ്ങാപ്പാറ, പുതുക്കുടി, പുറവയൽ കുടി, ഇരുട്ടളകുടി, ഈച്ചാംപെട്ടിക്കുടി, പുതുക്കുടി - ഇടുക്കി ജില്ല, തായ്യണംകുടി, ആലാംപെട്ടി കുടി, വെള്ളക്കല്ലുകുടി, ചെമ്പക്കാട്ടുകുടി, പാളപെട്ടികുടി, മാങ്ങാപ്പാറകുടി-ഇടുക്കി ജില്ല) വൈദ്യുതീകരണത്തിനുള്ള പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ട്. റോഡ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഇല്ലാത്തതിനാൽ കാലാവസ്ഥ അനുകൂലമാകുന്നമുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

സംസ്ഥാനത്ത് തെരഞ്ഞെടുത്ത ഗോത്ര ഊരുകളിൽ 30 ഊരുകളിലാണ് അനെർട്ട് വഴി സൗര വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിലെ താഴെത്തുടുക്കി ഊരിലും മേപ്പാടിയിലെ വേലപ്പൻകണ്ടി ഊരിലും സൗര വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിലെ ഏതെല്ലാം പട്ടികവർഗ്ഗ ഗോത്ര ഊരുകളിലാണ് പദ്ധതി നടപ്പിലാക്കിയതെന്നും ഊരുകളുടെ പേരുൾപ്പെടെയുള്ള വിശദാംശങ്ങളും ഓരോ ഊരിനും ചെലവഴിക്കേണ്ട തുകയും വ്യക്തമാക്കാമോ; ഏത് മാർഗ്ഗത്തിലാണ് ഈ ഊരുകളിലേയ്ക്ക് വൈദ്യുതി എത്തിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ നിലമ്പൂർ ഇലക്ട്രിക്കൽ സെക്ഷനുകീഴിൽ വാണിയംപുഴ, കുമ്പളപ്പാറ, പാട്ടക്കരിമ്പ് ഫേസ്-1, പാട്ടക്കരിമ്പ് ഫേസ്-2 എന്നീ ST കോളനികളാണ് മേൽ പദ്ധതിയിലുൾപ്പെടുത്തി വൈദ്യുതീകരിച്ചത്. LT/ HT Aerial Bunched Cable, LT ഭൂഗർഭ കേബിൾ എന്നിവ ഉപയോഗിച്ചാണ് KSEBL പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു:

| **കോളനിയുടെ പേര്** | **പ്രവൃത്തി** | **തുക (ലക്ഷം രൂപ)** |
|---|---|---|
| വാണിയംപുഴ | 200 mtr HT ABC, 1 No 100 KVA transformer, 2 km LT ABC | 30.1 |
| കുമ്പളപ്പാറ | 5.5 km HT UGC,<br>1 km LT ABC Installation of 100 KVA transformers- 2 nos | 170 |

| | | |
|---|---|---|
| പാട്ടക്കരിമ്പ് ഫേസ് 1 | HT ABC-1.2 km, 100kvA – 1 no, LT UG- 840 m | 53.31 |
| പാട്ടക്കരിമ്പ് ഫേസ് 2 | 520 m LT UG cable | 10 |

വീടുകളിലെ വയറിംഗ് പട്ടിക വർഗ്ഗ വികസന വകുപ്പ്/മറ്റ് ഏജൻസികൾ പൂർത്തിയാക്കുന്നമുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

മലപ്പുറം ജില്ലയിൽ 2 ഗോത്ര ഊരുകളാണ് അനെർട്ട് മുഖേനയുള്ള പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുള്ളത്. (മാഞ്ചേരി, വറ്റിക്കല്ല് എന്നിവയാണ്) പ്രസ്തുത ഊരുകളിൽ സൗര വൈദ്യുതീകരണ പദ്ധതി നടത്തിപ്പിനായുള്ള ചെലവ് വിവരങ്ങൾ കണക്കാക്കിവരുന്നു.

(സി) പ്രസ്തുത ജില്ലയിൽ ഇനിയും വൈദ്യുതി എത്താത്ത എത്ര പട്ടികവർഗ്ഗ ഗോത്ര ഊരുകളുണ്ടെന്ന് വിശദീകരിക്കാമോ?

അനെർട്ട് നടപ്പിലാക്കുന്ന പദ്ധതിപ്രകാരം സൗരവൈദ്യുതി എത്തിക്കാൻ 2 പട്ടികവർഗ്ഗ ഗോത്ര ഊരുകളാണ് മലപ്പുറം ജില്ലയിലുള്ളത്.

**വൈപ്പിൻ നിയോജക മണ്ഡലത്തിലെ വൈദ്യുതി ലൈൻ നിർമ്മാണം**

292 (739) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ചെറായി- ഞാറക്കൽ 110 KV ഡി.സി. ലൈൻ (14.1 കി. മി.) നിർമ്മാണ പ്രവൃത്തിയുടെയും ഞാറയ്ക്കൽ 66 KV സബ് സ്റ്റേഷൻ 110 KV ലെവലായി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോഴത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ചെറായി മുതൽ ഞാറയ്ക്കൽ വരെയുള്ള 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ടവറുകളുടെ അടിത്തറ നിർമ്മാണജോലികൾ നടന്നുവരികയാണ്. ആകെ 51 ടവറുകൾ നിർമ്മിക്കേണ്ടതിൽ 9 എണ്ണത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഒക്ടോബർ 2023-ഓടുകൂടി ചെറായി സബ്സ്റ്റേഷൻ സമീപത്തുനിന്നും നെടുങ്ങാട് പാലത്തിന് സമീപമുള്ള ലൊക്കേഷൻ 26

വരെയുള്ള 20 ടവറുകളുടെ അടിത്തറ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത ലൈനിന്റെ മിക്കവാറും ഭാഗങ്ങൾ പൊക്കാളി ചെമ്മീൻ കൃഷി നടക്കുന്ന പാടങ്ങളിലൂടെ ആയതിനാൽ നവംബർ മാസം ആദ്യം മുതൽ ഏപ്രിൽ മദ്ധ്യം വരെയും കൂടാതെ കാലവർഷസമയത്തും പ്രവർത്തികൾ സുഗമമായി നടത്താൻ സാധിക്കുകയില്ല. ഇക്കാരണം കൊണ്ട് ലൈനുകളുടെ നിർമ്മാണപ്രവർത്തനം 2025 സെപ്റ്റംബർ മാസംവരെ നീണ്ടുപോകാൻ സാദ്ധ്യതയുണ്ട്.

സബ്സ്റ്റേഷന്റെയും അനുബന്ധലൈനിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ഒരേസമയം പൂർത്തിയാക്കേണ്ടതാണ്.

**സബ് സ്റ്റേഷൻ സ്ഥാപിക്കുന്നത്**

293 (740) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

(ബി) വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

ബാധകമല്ല.

**കോങ്ങാട് മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

294 (741) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിൽ കരിമ്പ ഗ്രാമപഞ്ചായത്തിലെ ഇടക്കുറിശ്ശി, ശിരുവാണി, ചെറിയകപ്പടം മേഖലകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പ്രസരണ വിഭാഗത്തിൽ കോങ്ങാട് മണ്ഡലത്തിലെ കരിമ്പ പഞ്ചായത്തിൻ കീഴിൽ വോൾട്ടേജ് ക്ഷാമവുമായി ബന്ധപ്പെട്ട് നിലവിൽ പരാതി ഒന്നുംതന്നെ ഇല്ല. വിതരണ വിഭാഗത്തിൽ കോങ്ങാട് മണ്ഡലത്തിൽ കരിമ്പ ഗ്രാമപഞ്ചായത്തിലെ ഇടക്കുറിശ്ശി, ശിരുവാണി, ചെറിയ കപ്പടം മേഖലകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ACSR റാബിറ്റ് കണ്ടക്ടർ ഉപയോഗിച്ച് 1.2 കി.മീ. ലോ ടെൻഷൻ ലൈൻ കൺവെർഷൻ

നടത്തുന്നതിനായി 1.98 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ബോർഡ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

**സ്മാർട്ട് മീറ്റർ പദ്ധതി**

295 (742) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് മീറ്റർ പദ്ധതി ഉപേക്ഷിക്കുന്നതിന് കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോ?

സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കേണ്ടതില്ല എന്ന തീരുമാനം എടുത്തിട്ടില്ല.

(ബി) എങ്കിൽ ഇപ്രകാരം ഒരു തീരുമാനം എടുക്കുവാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല

(സി) പ്രസ്തുത പദ്ധതി ഉപേക്ഷിക്കുമ്പോൾ കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ട ഏതൊക്കെ ഇനങ്ങളിലുള്ള എത്ര വീതം ഫണ്ടുകളാണ് സംസ്ഥാനത്തിന് നഷ്ടമാകാൻ ഇടവരുന്നതെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല

(ഡി) സ്മാർട്ട് മീറ്റർ പദ്ധതിക്കായി സംസ്ഥാന വൈദ്യുതി ബോർഡ് ഇതിനോടകം ചെലവഴിച്ച ആകെ തുക എത്രയാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സ്മാർട്ട് മീറ്റർ പദ്ധതിക്കായി സംസ്ഥാന വൈദ്യുതി ബോർഡ് നാളിതുവരെ യാതൊരു തുകയും ചെലവാക്കിയിട്ടില്ല.

(ഇ) സ്മാർട്ട് മീറ്റർ പദ്ധതി ടോട്ടക്സ് രീതിയിൽ മാത്രമേ നടപ്പാക്കാനാകൂ എന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരുന്നോ; ടോട്ടക്സ് മാതൃകയിൽ നടപ്പാക്കുമ്പോൾ വൈദ്യുത വിതരണ സംവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകുക; വിശദാംശം ലഭ്യമാക്കാമോ?

RDSS മാർഗ്ഗ രേഖ പ്രകാരം TOTEX രീതിയിൽ ആണ് സ്മാർട്ട് മീറ്റർ സ്ഥാപിക്കേണ്ടത് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്മാർട്ട് മീറ്റർ പദ്ധതിയിലൂടെ മീറ്റർ റീഡിംഗ്, ബില്ലിംഗ്, ഡിസ്കണക്ഷൻ, റീകണക്ഷൻ എന്നീ പ്രവർത്തനങ്ങളുടെ ഓട്ടോമേഷൻ ആണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. സ്മാർട്ട് മീറ്റർ വ്യാപനത്തോടെ കൃത്യമായ എനർജി ഓഡിറ്റ് നടത്തുവാനും,

ഊർജ്ജ നഷ്ടം കണ്ടെത്താനും അത് കാര്യക്ഷമമായി ലഘൂകരിക്കാനും സ്മാർട്ട് മീറ്ററുകൾ നൽകുന്ന ഡേറ്റ സഹായിക്കും. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതുവഴി ഒരു പ്രദേശത്തെ വൈദ്യുതി തടസ്സം തത്സമയംതന്നെ കൃത്യമായി ഏത് ഫീഡർ/ ട്രാൻസ്ഫോർമർ, ഫേസ് എന്ന് മനസ്സിലാക്കി, വൈദ്യുതി പുനഃസ്ഥാപിക്കുവാൻ കഴിയും.

**വൈദ്യുതനിരക്ക്**

296 (743) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര തവണ വൈദ്യുതനിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും വർദ്ധിപ്പിച്ച നിരക്ക് എത്രയാണ്; ഈ ഇനത്തിൽ എത്ര രൂപയുടെ അധിക വരുമാനം കെ.എസ്.ഇ.ബി.ക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു തവണ മാത്രം നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. 25-06-2022 മുതൽ പ്രാബല്യമുള്ള പ്രതിവർഷം 1010.94 കോടി രൂപ അധിക വരുമാനം ലഭിക്കത്തക്ക രീതിയിലുള്ള 6.58%

വർധനയുള്ള താരിഫ് പരിഷ്കരണം ആണ് അനുവദിച്ചിട്ടുള്ളത്. 26-06-2022 മുതൽ മാത്രം പ്രാബല്യം വരുത്തിയതിനാൽ, 2022-23 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഏകദേശം 760 കോടി രൂപ മാത്രം അധിക വരുമാനം ലഭ്യമായിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര തവണ വൈദ്യുതി സർചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും വർദ്ധിപ്പിച്ച നിരക്ക് എത്രയാണ്; ഈ ഇനത്തിൽ എത്ര രൂപയുടെ അധിക വരുമാനം കെ.എസ്ഇ.ബിക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഇന്ധന വിലയിലെ ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ യഥാസമയം ഉപഭോക്താക്കളിൽനിന്ന് ഈടാക്കുന്നതിനായി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 2009 മുതൽ 2023 വരെ വൈദ്യുതി വാങ്ങൽ വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ കമ്മീഷൻ അംഗീകരിച്ച നിരക്കിൽ അംഗീകരിച്ച കാലയളവിലേക്ക് ഈടാക്കിവരുന്നു. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി

കമ്മീഷൻ കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ച വൈദ്യുതി ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് താരിഫ് റെഗുലേഷനിലെ ഇന്ധന സർചാർജ്ജ് പ്രതിപാദിക്കുന്ന 87–ാം ചട്ടം പരിഷ്കരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രസ്തുത ചട്ടത്തിൽ ഏപ്രിൽ 2023 മുതൽ ഇന്ധന വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടാകുന്ന വ്യതിയാനം കമ്മീഷൻ നിഷ്കർഷിച്ച ഫോർമുല അനുസരിച്ച് കണക്കാക്കി പരമാവധി 10 പൈസ വരെ ഇന്ധന സർചാർജ്ജ് ആയി പ്രതിമാസം ഉപഭോക്താക്കളിലേക്ക് കൈമാറാൻ ലൈസൻസികളെ അനുവദിച്ച് കൊണ്ട് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രസ്തുത ചട്ടങ്ങൾ അനുസരിച്ച് കാലാകാലങ്ങളായി ഇന്ധന സർചാർജ്ജ് ഈടാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ താരിഫ് ചട്ടങ്ങൾ അനുസരിച്ച് ഏർപ്പെടുത്തിയ ഇന്ധന സർചാർജ്ജിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## കെ.എസ്.ഇ.ബി വൈദ്യുതി ചാർജ്ജ് വർദ്ധന

297 (744) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ നാളിതുവരെ എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധന നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

2016 മേയ് മുതൽ നാളിതുവരെ മൂന്ന് തവണ വൈദ്യുതി ചാർജ് വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. 2017, 2019, 2022 എന്നീ വർഷങ്ങളിലാണ് താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത്. 2017-ൽ 4.77%, 2019-ൽ 7.32%, 2022-ൽ 6.59 % എന്നിങ്ങനെയായിരുന്നു വർദ്ധനവ്.

(ബി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും ഗാർഹിക, ഗാർഹികേതര നിരക്കുകൾ യൂണിറ്റിന് എത്ര രൂപ വീതമാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന വിശദവിവരം ലഭ്യമാക്കാമോ?

2016 മുതൽ താരിഫ് പരിഷ്കരണങ്ങളിൽ ഗാർഹിക-ഗാർഹികേതര താരിഫുകളിൽ വരുത്തിയിട്ടുള്ള വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ചാർജ്ജ് വർദ്ധനവിലൂടെ കെ.എസ്.ഇ.ബി.ക്ക് ലഭിക്കുന്ന അധികവരുമാനം എത്രയെന്ന് വിശദമാക്കാമോ?

2017-2018 ൽ 550 കോടി രൂപയുടെയും 2019-2020 ൽ 902.40 കോടി രൂപയുടെയും 2022-2023 ൽ 760 കോടി രൂപയുടെയും അധിക വരുമാനം താരിഫ് പരിഷ്കരണത്തിലൂടെ കെ.എസ്.ഇ.ബി ലിമിറ്റഡിന് ലഭിച്ചിരുന്നു.

(ഡി) കെ.എസ്.ഇ.ബി. യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

2022-23-ലെ ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ തനതുവർഷ നഷ്ടം 1023.62 കോടി രൂപയും സഞ്ചിത നഷ്ടം 29344.78 കോടി രൂപയുമാണ്.

**സ്മാർട്ട് മീറ്റർ**

298 (745) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

കേന്ദ്ര സർക്കാർ 19-08-2021 ൽ പ്രസിദ്ധീകരിച്ച ഗസറ്റ് നമ്പർ CG-DL-E-19082021-229126 പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയായ RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം)-ൽ എല്ലാ വിഭാഗത്തിലുമുള്ള ഉപഭോക്താക്കൾക്കുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാതിരുന്നാൽ ഏതെങ്കിലും തരത്തിലുള്ള കേന്ദ്രസർക്കാർ ഗ്രാൻഡ് സംസ്ഥാനത്തിന് നഷ്ടപ്പെടുമോ;

ആണെങ്കിൽ എത്ര തുകയാണ് ഈ ഇനത്തിൽ നഷ്ടമാവുകയെന്ന് വിശദീകരിക്കാമോ?

RDSS പദ്ധതിയിൽ ഉൾപ്പെടുത്തി 10,475.03 കോടി രൂപയുടെ വിതരണനഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവർത്തികൾക്കും സ്മാർട്ട് മീറ്റർ പദ്ധതിക്കുമായി 10475.03 കോടി രൂപയ്ക്കുള്ള പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് തുക 2,606.24 കോടി രൂപയാണ്. ഇതുകൂടാതെ 13126.53 കോടി രൂപയുടെ വിതരണ-ഉപപ്രസരണ നവീകരണ പ്രവൃത്തികൾക്കും വിതരണ മേഖലയിലെ അടിസ്ഥാന വികസന പ്രവർത്തികൾക്കുംവേണ്ടിയുള്ള അധിക പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതികൾക്ക് പൂർണ്ണമായും അംഗീകാരം ലഭിച്ചാൽ 7875.92 കോടി രൂപ കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കാൻ സാധ്യതയുണ്ട്. RDSS പദ്ധതിയുടെ വിതരണ മേഖലയിലെ അടിസ്ഥാന വികസന പ്രവർത്തികൾക്കുള്ള ഗ്രാന്റ്

ലഭിക്കുന്നതിന് സ്മാർട്ട് മീറ്റർ സ്ഥാപിക്കാനുള്ള പ്രവർത്തികൾ RDSS മാർഗ്ഗരേഖ പ്രകാരം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

**വൈദ്യുതി ബിൽ കുടിശ്ശിക**

299 (746) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തുകയാണ് വൈദ്യുതി ബിൽ കുടിശ്ശികയായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

30-06-2023-ലെ ക്രോഡീകരിച്ച കണക്ക് (താൽക്കാലിക) പ്രകാരം നിലവിൽ വൈദ്യുതി ബോർഡിന് ആകെ 3585.69 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) പ്രസ്തുത തുക പിരിച്ചെടുക്കാനായി വൈദ്യുതി ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നിലവിൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് കുടിശ്ശിക നോട്ടീസുകൾ നൽകി തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും,

ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു. കൂടാതെ വൈദ്യുതി അദാലത്തുകൾ മുഖേന തർക്കങ്ങളിൽപ്പെട്ടും മറ്റും അടവാക്കാത്ത കുടിശ്ശികകളിന്മേൽ ഉപഭോക്താക്കളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് തീരുമാനങ്ങളിൽ എത്തിച്ചേരുകവഴി കുടിശ്ശിക തുകകൾ പിരിച്ചെടുക്കുവാൻ സാധിക്കുന്നുണ്ട്. ഇതുകൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽക്കൂടി വിവിധ ജുഡീഷ്യൽ ഫോറങ്ങളിൽ വർഷങ്ങളായി തീർപ്പാക്കാതെ നിൽകുന്ന കുടിശ്ശികകളിന്മേൽ തീരുമാനമാക്കാനും ആയത് വഴി കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

വൈദ്യുതി ബിൽ കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും, കോടതിയിൽ കേസുകളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം

ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുകയും ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ KSERC-യുടെ അനുമതിയോടുകൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽ നിന്നും KSEBL കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം 2016-ലും 2018-ലും 2019-ലും ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു.

KSERC-യുടെ അനുമതിക്കനുസൃതമായി പലിശയിനത്തിൽ ഇളവുകൾ നൽകിയും ആവശ്യമെങ്കിൽ പലിശത്തുകയ്ക്ക് തവണകൾ അനുവദിച്ചും നിബന്ധനകൾക്കുവിധേയമായി കുടിശ്ശിക മുതലിനുതന്നെ തവണകൾ നൽകിയും ഉപഭോക്താക്കൾക്ക് പരമാവധി പ്രയോജനപ്പെടുത്തക്കവിധവും പരമാവധി കുടിശ്ശിക പിരിച്ചെടുക്കത്തക്കവിധവുമാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നത്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക്

ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കുംകൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ടായിരുന്നു. നിലവിൽ 20-07-2023 മുതൽ 30-12-2023 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രാബല്യത്തിലുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ വൈദ്യുതീകരണം**

300 (747) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ വൈദ്യുതി ലഭിച്ചിട്ടില്ലാത്ത വീടുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റ് ലഭ്യമാക്കുമോ?

ആലത്തൂർ മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്ത വീടുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

പ്രസ്തുത ലിസ്റ്റ്

വീട്ടുനമ്പർ 10/132 – ഗംഗാധരൻ കെ.എം (കൽക്കുഴി)
വീട്ടുനമ്പർ 10/67 – തോമസ് (പത്തിപ്പാറ – പൊതുമേട്)
വീട്ടുനമ്പർ 10/65 – ലിജ്ജു ജോർജ്ജ് (പത്തിപ്പാറ – പൊതുമേട്)
വീട്ടുനമ്പർ 10/71 - ജെയിംസ് ജോസഫ് (പത്തിപ്പാറ - പൊതുമേട്)

(ബി) പ്രസ്തുത വീടുകൾക്ക് വൈദ്യുതി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

2017-ൽ സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് വനം വകുപ്പ് അനുമതിക്കായി 'പരിവേഷ്' ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്ത പാലക്കുഴി പ്രദേശത്തെ 19 കുടുംബങ്ങളിൽ 4 പേർ ഒഴിച്ച് എല്ലാവർക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. നിലവിലുള്ള നാലുപേരിൽ ഗംഗാധരൻ കെ.എം., ജെയിംസ് ജോസഫ് എന്നിവർക്ക് സർവ്വീസ് വയർ ഉപയോഗിച്ചും ബാക്കി രണ്ടുപേർക്ക് OH ലൈൻ വലിച്ചും വൈദ്യുതി കണക്ഷൻ നൽകാൻ കഴിയുമെന്ന അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. വനം വകുപ്പ് അനുമതിക്കായി കിഴക്കഞ്ചേരി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ DFO ഓഫീസുമായി ബന്ധപ്പെട്ടുവരുന്നു. ആയതിന്റെ അനുമതി ലഭിക്കുന്നത് അനുസരിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിനുശേഷം ആലത്തൂർ മണ്ഡലത്തിൽ പുതുതായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അപേക്ഷകളിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ?

ആലത്തൂർ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുശേഷം 6069 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകർക്കെല്ലാം വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

**കെ.എസ്.ഇ.ബി. നടപ്പിലാക്കിവരുന്ന പദ്ധതികൾ**

301 (748) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കെ.എസ്.ഇ.ബി. നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ വിശദാംശവും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എല്ലിന്റെ മേൽനോട്ടത്തിൽ, കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള പടന്നക്കാട് ആയുർവേദ ഹോസ്പിറ്റലിൽ ഡെപ്പോസിറ്റ് വർക്ക് വ്യവസ്ഥയിൽ,

നിലവിൽ 15 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജനിലയം നിർമ്മിച്ച് പ്രവർത്തിച്ചുവരുന്നു. ഒപ്പം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഒന്നാംഘട്ട സൗര നോൺ സബ്സിഡി പദ്ധതിയിൽ ആകെ 175 കിലോവാട്ടിന്റെ ശേഷിവരുന്ന 11 പുരപ്പുറ സൗരനിലയങ്ങളും രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ 204 പുരപ്പുറ സൗരനിലയങ്ങളും (ആകെ 733KW) സ്ഥാപിച്ചിട്ടുണ്ട്. 22 KW-ന്റെ സബ്സിഡി പദ്ധതി പുരോഗതിയിലാണ്.

<u>ദ്യുതി 2 പദ്ധതി</u>

ഈ പദ്ധതി പ്രകാരം വൈദ്യുതി ലൈനുകളുടെ നവീകരണം, പഴയ അലൂമിനിയം കമ്പിക്കുപകരം ABC കേബിളുകൾ സ്ഥാപിക്കൽ, പഴയ അലൂമിനിയം കമ്പി മാറ്റി ACSR സ്ഥാപിക്കൽ, വോൾട്ടേജ് കുറവുള്ള സ്ഥലങ്ങളിൽ സിംഗിൾ ഫേസ് ലൈനിനുപകരം ത്രീ ഫേസ് ലൈനുകൾ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിക്കൽ, ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, 11 KV ലൈനുകൾക്ക് പകരം ABC, UG കേബിൾ സ്ഥാപിക്കൽ, ലൈനുകളിൽ സ്പേസർ സ്ഥാപിക്കൽ, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ, പുതിയ ലൈൻ വലിക്കൽ തുടങ്ങിയ

പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം ഇതുവരെ താഴെ പറയുന്ന രീതിയിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു.

| സെക്ഷൻ | പൂർത്തീകരിച്ച പ്രവൃത്തികൾ | ചെലവഴിച്ച തുക (ലക്ഷം) | പ്രവർത്തി പഥത്തിലുള്ള പ്രവൃത്തികൾ | തുക (ലക്ഷം) |
|---|---|---|---|---|
| മാവുങ്കാൽ | 8 | 39.46 | 9 | 81.79 |
| രാജപുരം | 7 | 64.94 | 3 | 48.37 |
| ബളാംതോട് | 11 | 44.6 | 8 | 45.24 |
| കാഞ്ഞങ്ങാട് | 9 | 42.11 | 16 | 103.03 |
| പടന്നക്കാട് | 10 | 35 | 6 | 32.46 |
| ചോയ്യംകോട് | 7 | 31.42 | 15 | 119.24 |
| ആകെ | 52 | 257.53 | 57 | 430.13 |

I) മാവുങ്കാൽ സെക്ഷനിൽ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു.

- സ്പേസർ സ്ഥാപിച്ചത് - 5500
- CFPD സ്ഥാപിച്ചത് -5
- കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചത് - 640
- പുതിയ LT സിംഗിൾ ഫേസ് ലൈൻ വലിച്ചത് - 0.6 KM
- HT പോസ്റ്റുകൾ പുതുതായി സ്ഥാപിച്ചത് - 72
- പഴയ HT പോസ്റ്റുകൾ മാറ്റിയത് - 32

ഇതിനായി 39.46 ലക്ഷം രൂപ ചെലവഴിച്ചു.

II) രാജപുരം സെക്ഷന് കീഴിൽ പൂർത്തിയായ പ്രവൃത്തികൾ

- പുതിയ സിംഗിൾ ഫേസ് ലൈൻ - 2.4 കി.മി

- മീറ്റർ മാറ്റി സ്ഥാപിച്ചത് - 986
- പുതിയ സർവ്വീസ് കണക്ഷൻ - 340
- സ്പേസർ ഇട്ടത് - 12000

ആകെ 64.94 ലക്ഷം രൂപ ചെലവഴിച്ചു.

III) ബളാംതോട് സെക്ഷന് കീഴിൽ പൂർത്തിയായ പ്രവൃത്തികൾ

- പുതിയ 11 KV ലൈൻ വലിച്ചത് - 0.5 കി.മി
- പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചത് - 4 എണ്ണം
- CFPD സ്ഥാപിച്ചത് - 10 എണ്ണം
- പുതിയ AB സ്വിച്ച് സ്ഥാപിച്ചത് - 10 എണ്ണം
- 11 KV സ്ട്രക്ചറുകൾ മാറ്റിയത് - 40 എണ്ണം
- 11 KV പോസ്റ്റുകൾ മാറ്റിയത് - 10 എണ്ണം
- സ്പേസറുകൾ - 2000 എണ്ണം
- 11 KV സ്റ്റാൻഡേർഡൈസ് ചെയ്തത് - 10 എണ്ണം

ആകെ 44.6 ലക്ഷം രൂപ ചെലവഴിച്ചു.

IV) കാഞ്ഞങ്ങാട് സെക്ഷൻ പരിധിയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു

- LT സിംഗിൾ ഫേസ് ലൈൻ വലിച്ചത് - 0.35 കി.മി
- AB സ്വിച്ച് സ്ഥാപിച്ചത് - 8 എണ്ണം
- മീറ്റർ മാറ്റി സ്ഥാപിച്ചത് - 1820
- സ്പേസർ ഇട്ടത് - 6250 എണ്ണം
- പുതിയ കണക്ഷൻ - 15 എണ്ണം
- മറ്റു നിർമ്മാണ പ്രവൃത്തികൾ -10

ആകെ 42.11 ലക്ഷം രൂപ ചെലവഴിച്ചു.

V) <u>പടന്നക്കാട് സെക്ഷൻ പരിധിയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു.</u>

- LT സിംഗിൾ ഫേസ് ലൈൻ വലിച്ചത് - 0.5 കി.മി
- CFPD സ്ഥാപിച്ചത് - 5 എണ്ണം
- മറ്റു നിർമ്മാണ പ്രവൃത്തികൾ - 83 എണ്ണം
- സിംഗിൾ ഫേസ്, ത്രീഫേസ് ലൈനാക്കിയത് - 0.1 കി.മി
- HT ലൈൻ മാറ്റിയത് - 1.5 കി.മി
- സിംഗിൾ ഫേസ് കമ്പി മാറ്റിയത് - 2.25 കി.മി
- 11 KV പോസ്റ്റുകൾ മാറ്റിയത് - 11 എണ്ണം
- മീറ്റർ മാറ്റി സ്ഥാപിച്ചത് - 100 എണ്ണം
- പൈപ്പ് എർത്തിംഗ് - 2
- പുതിയ കണക്ഷൻ -20
- സ്പേസർ- 8250
- 11 KV സ്റ്റാൻഡേർഡൈസേഷൻ- 11

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

പ്രസ്തുത മണ്ഡലത്തിൽ, കാസർഗോഡ് ജില്ലാപഞ്ചായത്തിന്റെതന്നെ ഡെപ്പോസിറ്റ് വർക്ക് വ്യവസ്ഥയിൽ പടന്നക്കാട് ആയുർവേദ ആശുപത്രിയുടെ പുതിയ കെട്ടിടത്തിൽ 35 കിലോവാട്ട് ശേഷിയുള്ള

സൗരോർജ്ജനിലയത്തിന്റെ നിർമ്മാണപ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്.

1. 220 കെ.വി. സബ്സ്റ്റേഷൻ അമ്പലത്തറയിൽനിന്ന് 33 കെ.വി.ബേളൂർ സബ്സ്റ്റേഷൻ വരെ 33 കെ.വി.ലൈൻ നിർമ്മാണം.
2. 33 കെ.വി. സബ്സ്റ്റേഷൻ ബേളൂരിലെ 33/11 കെ.വി.യുടെ രണ്ട് 5 എം.വി.എ ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിച്ച് 33/11 കെ.വി., 8 എം.വി.എ ആക്കി ഉയർത്തൽ, തുടങ്ങിയ പദ്ധതികൾ ആർ.ഡി.എസ്.എസ്.-ൽ ഉൾപ്പെടുത്തി പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

വൈദ്യുതി മേഖലയുടെ നവീകരണം ലക്ഷ്യമിട്ടുകൊണ്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS സ്കീം പ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും, അത് ടെൻഡർ നടപടികളിലുമാണ്.

ഈ പദ്ധതി പ്രകാരം 22.45 കി.മി, HT, ABC വലിക്കുക, 5 കി.മി. HT, UG കേബിൾ ഇടുക 11 പുതിയ 100 KVA ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക,2

ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക, 6.72 കി.മി Covered Conductor സ്ഥാപിക്കുക, 47.264 കി.മി നിലവിലുള്ള LT ലൈൻ കമ്പിക്ക് പകരം ABC ഇടുക എന്നീ പ്രവൃത്തികൾ ടെൻഡർ നടപടികളിലാണ്.

**സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി**

302 (749) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ 9897 വീടുകൾക്ക് കെ.എസ്.ഇ.ബി.എൽ മുഖേന വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ഇതിനായി 36 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അനെർട്ട് മുഖേന ഡെപ്പോസിറ്റ് വർക്കായി സി.എഫ്.എസ്.സി.-യിൽ 15 കിലോവാട്ട് സൗരോർജ്ജ പ്ലാന്റിന്റെ ഇൻസ്റ്റലേഷൻ നടന്നുവരുന്നു.

(ബി) മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ; പ്രസ്തുത വീടുകൾക്ക് കണക്ഷൻ ലഭ്യമാക്കുന്നതിന് എത്ര തുക ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ വയറിങ് പൂർത്തീകരിക്കാത്തതോ, വയറിങ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിക്കാത്തതോ ആയ വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് കെ.എസ്.ഇ.ബി.എൽ.-ൽ ലഭ്യമല്ല. എന്നാൽ വയറിങ് പൂർത്തീകരിച്ചുകൊണ്ട് വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചുകൊണ്ട് കെ.എസ്.ഇ.ബി.എൽ വൈദ്യുതി കണക്ഷൻ നൽകിവരുന്നു.

**വൈദ്യുതി നിരക്കിൽ ഇളവ്**

303 (750) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീക്ക് സമയം ഒഴിവാക്കി ഉപയോഗിക്കുന്ന വൈദ്യുതിക്ക് നിരക്കിൽ ഇളവ് നൽകുവാൻ നിലവിൽ വ്യവസ്ഥ ഉണ്ടോ; എങ്കിൽ ഇപ്രകാരം ഇളവ് നൽകുന്നുണ്ടോ; 2023 ജൂൺ മാസത്തിലെ വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം എത്ര രൂപയുടെ ഇളവ് ഉപഭോക്താക്കൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

പീക്ക് സമയം ഒഴിവാക്കി ഉപയോഗിക്കുന്ന വൈദ്യുതിക്ക് നിരക്കിൽ ഇളവ് നൽകുവാൻ വ്യവസ്ഥയുണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം ടൈം ഓഫ് ഡേ താരിഫ് അനുസരിച്ച് ബില്ല് ചെയ്തുവരുന്ന പ്രതിമാസം 500 യൂണിറ്റിന് മുകളിൽ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾ, ലോ ടെൻഷൻ വ്യവസായം, (20 കിലോവാട്ടോ അതിനുമുകളിലോ) എല്ലാ ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്കും (വാട്ടർ അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ കുടിവെള്ള പദ്ധതികൾ, റെയിൽവേ ട്രാക്ഷൻ ഒഴികെ) രാത്രികാലങ്ങളിൽ (10 PM മുതൽ 6 AM വരെ) എനർജി ചാർജിൽ ഇളവ് നൽകിവരുന്നു. നിലവിൽ ഗാർഹിക ഉപഭോക്താക്കൾക്ക് രാത്രി കാലങ്ങളിൽ

എനർജി ചാർജിൽ പകൽ സമയത്തെ എനർജി ചാർജിന്റെ 10% ഇളവും ഗാർഹികേതര ഉപഭോക്താക്കൾക്ക് 25% ഇളവും അനുവദിച്ചിട്ടുണ്ട്. ഓഫ് പീക്ക് സമയത്തിൽ വൈദ്യുതിക്ക് കുറഞ്ഞ നിരക്ക് ഈടാക്കുന്നതുമൂലം, 2023 ജ്ജൂൺ മാസത്തിലെ ഉപഭോഗത്തിന് 22.66 കോടി രൂപ ഉപഭോക്താക്കൾക്ക് ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞപ്രകാരം അർഹതപ്പെട്ട ഇളവ് ഉപഭോക്താക്കൾക്ക് നൽകുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ടൈം സോൺ റീഡിങ് സാധ്യമാകുന്ന സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിലൂടെ അർഹമായ ഇളവ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ സാധിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

ടൈം സോൺ റീഡിങ് സാധ്യമാകുന്ന ടി.ഒ.ഡി.(ToD) മീറ്ററുകൾ വഴി റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഉപഭോക്താക്കൾക്കും ഇളവുകൾ നൽകിവരുന്നു.

## വൈദ്യുത മേഖലയിലെ വിവിധ പദ്ധതികൾ

304 (751) ശ്രീ. എം. എം. മണി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടായിരത്തി ഇരുപത്തി ഏഴോടുകൂടി സംസ്ഥാനത്തെ വൈദ്യുതി ആവശ്യകതയുടെ അൻപതുശതമാനവും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും കണ്ടെത്തുകയെന്ന ലക്ഷ്യം പൂർത്തിയാക്കുന്നതിനായി ഈ മേഖലയിൽ സർക്കാർ നടത്തുന്ന ഇടപെടലുകൾ സംബന്ധിച്ച് വിശദീകരിക്കാമോ?

പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുമുള്ള വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ കഞ്ചിക്കോട് പ്രവർത്തിക്കുന്ന 2.025 മെഗാവാട്ട് ശേഷിയുള്ള വിൻഡ് ഫാമിന്റെ ഉത്പാദനശേഷി 6 മെഗാവാട്ട് ആയി ഉയർത്താനുള്ള ടെണ്ടർ National Institute of Wind Energy-യുടെ സഹായത്തോടെ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

രണ്ടായിരത്തി ഇരുപത്തിയേഴോടു കൂടി സംസ്ഥാനത്തെ വൈദ്യുതി ആവശ്യകതയുടെ അമ്പതുശതമാനവും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും കണ്ടെത്തുകയെന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി കൂടുതൽ ജലവൈദ്യുത പദ്ധതികൾ വിഭാവനം ചെയ്തു നടപ്പിലാക്കിവരുന്നു. 209.50 MW സ്ഥാപിത ശേഷിയുള്ള 10 ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിൽ 106 MW സ്ഥാപിത ശേഷിയുള്ള 3 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷംതന്നെ പൂർത്തിയാക്കാൻ കഴിയുന്നതുമാണ്. പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്പർ ചെങ്കുളം (24 MW/53.22 Mu), മരിപ്പുഴ പദ്ധതി (6MW/14.84 Mu), പൊരിങ്ങൽകുത്ത് സ്റ്റേജ് II (24 MW/ 53.85 Mu) എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങളും ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 78.5 MW സ്ഥാപിത ശേഷിയുള്ള 10 പദ്ധതികൾ സ്ഥലമേറ്റെടുപ്പിന്റെ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികളും

നടന്നുവരുന്നു. ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (300 MW/194 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. വൈദ്യുതി ബോർഡിന്റെ ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളും കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി ആയിരം മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയാണ് 'സൗര'. 'സൗര' പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽനിന്നും, ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെയും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിൽ പുരപ്പുറ സോളാർ പാനലുകൾ വഴിയുള്ള വൈദ്യുതോല്പാദനത്തിൽ

ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിലാണ് നിലയങ്ങൾ സ്ഥാപിക്കുന്നത്. വൈദ്യുതി ഉപഭോഗം, താരിഫ് കാറ്റഗറി, എന്നിവ അനുസരിച്ച് വ്യത്യസ്ത വിഭാഗങ്ങളിലുള്ള ഉപഭോക്താക്കൾക്ക് ഗുണകരമാകുന്നവിധം വ്യത്യസ്ത മോഡലുകൾ കെ.എസ്.ഇ. ബി.എൽ. മുന്നോട്ടുവച്ചിട്ടുണ്ട്.

സൗര ഫേസ് I - (Non subsidy) പ്രോഗ്രാം

ഫേസ്-1-ൽ 50MW ടെൻഡർ ആണ് വിളിച്ചത്. എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാനാവുന്ന പദ്ധതിയാണിത്. ഇതിൽ 3 മോഡലുകളാണ് നിലവിലുള്ളത്. ഉപഭോക്താവിന് യാതൊരുവിധ മുതൽമുടക്കും ഇല്ലാത്ത മോഡൽ 1, 2 എന്നിവയും, ഉപഭോക്താവിന്റെ പൂർണ്ണ മുതൽമുടക്ക് വേണ്ടിവരുന്ന മോഡൽ 3-ഉം ആണ് പദ്ധതിയിലുൾപ്പെടുന്നത്. ഇതിൽ മോഡൽ 1 തെരഞ്ഞെടുക്കുന്ന ഉപഭോക്താവിന് പുരപ്പുറം വിട്ടുകൊടുക്കുന്നതിന്റെ ഭാഗമായി നിലയം ആകെ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 10%-വും, മോഡൽ 2 തെരെഞ്ഞെടുക്കുന്നവർക്ക് 25 വർഷത്തേയ്ക്ക് ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത താരിഫിൽ പൂർണ്ണമായും ലഭ്യമാകും. ഈ പദ്ധതിയിൽ 24.09 MW-ന്റെ 1963 നിലയങ്ങൾ

പൂർത്തീകരിച്ചു. പദ്ധതി പൂർത്തീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിൽ 86 കോടി രൂപ വിനിയോഗിച്ചുകഴിഞ്ഞു. നിലവിൽ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ ഇല്ല.

സൗര സബ്സിഡി പ്രോഗ്രാം(PHASE-II)

2019-20 വർഷത്തേയ്ക്ക് 50 മെഗാവാട്ടും, 2020-21 വർഷത്തേയ്ക്ക് 200 മെഗാവാട്ടും, സബ്സിഡി പദ്ധതിയിലുൾപ്പെടുത്താനാണ് കേന്ദ്ര-നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ.-ന് അനുമതി നൽകിയിരിക്കുന്നത്.

ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമുള്ള സബ്സിഡി സ്കീമിൽ 130.77 MW - ന്റെ 35084 നിലയങ്ങൾ പൂർത്തീകരിച്ചു. നിലവിൽ കേന്ദ്രം അനുവദിച്ച 182 കോടി രൂപ സബ്സിഡി ഇനത്തിൽ വിതരണം ചെയ്തുകഴിഞ്ഞു. മുഴുവൻ തുകയും ഈ സർക്കാർ കാലയളവിലാണ് വിനിയോഗിച്ചിട്ടുള്ളത്. നിലവിൽ സബ്സിഡി പദ്ധതിയുടെ പൂർത്തീകരണത്തിന് MNRE നൽകിയിരുന്ന കാലാവധി 2023 സെപ്റ്റംബർ 23 വരെയാണ്. പദ്ധതി പുരോഗതിയിലാണ്.

ഇതിനൊക്കെ പുറമെ ആഭ്യന്തര ഊർജ്ജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പാരമ്പര്യേതര ഊർജ്ജം വിപുലമാക്കി വൈദ്യുത ഉത്പാദന മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജം, കാറ്റാടിപ്പാടം തുടങ്ങിയ പുനരുപയോഗ സ്രോതസ്സുകൾ മുഖേനയുള്ള വൈദ്യുത ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നിരവധി പദ്ധതികൾ സംസ്ഥാന സർക്കാരും കെ.എസ്.ഇ.ബി ലിമിറ്റഡും സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

<u>പി.എം. കുസും പദ്ധതി</u>

പി.എം. കുസും പദ്ധതിയുടെ ഫീഡർതല സൗരോർജ്ജവത്കരണത്തിന്റെ ഭാഗമായി 11 MW സ്ഥാപിത ശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് സൗരോർജ്ജ നിലയങ്ങൾ തിരുവനന്തപുരം, വയനാട്, കണ്ണൂർ, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലെ 14 ഇടങ്ങളിലായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു. 30% കേന്ദ്ര ധനസഹായത്തോടെയും ബാക്കി തുക കെ.എസ്.ഇ.ബി.എൽ. മുതൽ

മുടക്കിയുമാണ് ടി പദ്ധതി നിർവഹിക്കുന്നത്. ഇതിലുൾപ്പെട്ട 700 കിലോവാട്ടിന്റെ സൗരോർജ്ജ പ്ലാന്റുകൾ ഈ വർഷം 5 ഇടങ്ങളിലായി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ മൂങ്കിൽമടയിൽ കേരള വാട്ടർ അതോറിറ്റിയുടെ 36 ഏക്കറോളംവരുന്ന ഭൂമിയിൽ 6 MW സ്ഥാപിത ശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് സൗരോർജ്ജ നിലയം സ്ഥാപിക്കാനും കെ.എസ്.ഇ.ബി. ലിമിറ്റഡ് ലക്ഷ്യമിടുന്നു. പി.എം. കുസും പദ്ധതിയുടെ 'കംമ്പോണന്റ്-എ' മുഖേന കർഷകർക്കോ/മറ്റുനിക്ഷേപകർക്കോ (കർഷകരുടെ ഭൂമി പാട്ടത്തിനെടുത്ത്) മുതൽ മുടക്കി തരിശുഭൂമിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കാവുന്നതും അതിൽനിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതുമാണ്. ഇപ്രകാരം 40 MW സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ 5.5MW-ന ലെറ്റർ ഓഫ് അവാർഡ് നൽകിയിട്ടുണ്ട്. കാർഷിക പമ്പുകളുടെ സൗരോർജ്ജവത്കരണം ലക്ഷ്യം വച്ച് വൈദ്യുതി എത്തിപ്പെടാത്ത മേഖലകളിലെ ഡീസൽ പമ്പുകൾക്ക് ബദലായി സൗരോർജ്ജ പമ്പുകളും അതിനോടനുബന്ധിച്ച്

സ്റ്റാൻഡ് എലോൺ സൗരോർജ്ജ നിലയങ്ങളും സ്ഥാപിക്കുന്ന പദ്ധതിയാണ് പി.എം. കുസും 'കംപോണന്റ്-ബി'. വൈദ്യുതി എത്തപ്പെട്ട മേഖലകളിലെ കാർഷിക പമ്പുകളുടെ ശൃംഖലബന്ധിത സൗരോർജ്ജവൽക്കരണത്തിനായി പി.എം. കുസും 'കംപോണന്റ്-സി' യും അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. നബാർഡ് ലോൺ വഴി 5955 പമ്പുകളാണ് ആദ്യഘട്ടത്തിൽ പി.എം. കുസും കംപോണന്റ്-സി മുഖേന സൗരോർജ്ജവത്കരിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിൽ കൃഷിവകുപ്പിന്റെ സബ്സിഡിയോടുകൂടിയുള്ള വൈദ്യുതി ലഭിക്കുന്ന കർഷകരാണ് ഗുണഭോക്താക്കൾ. പൂർണ്ണമായും സൗജന്യമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

<u>കെ.എസ്.ഇ.ബി ലിമിറ്റഡ് വഴി നടപ്പിലാക്കുന്ന മറ്റു സൗരോർജ്ജ പദ്ധതികൾ</u>

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 1.25 മെഗാവാട്ടിന്റെ ഗ്രൗണ്ട് മൗണ്ടഡ് സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു. ബാണാസുര സാഗർ ഡാമിൽ 100 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പാർക്ക് സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി. എല്ലിന്റെ പരിഗണനയിലാണ്.

ഇതുകൂടാതെ എൽ.എസ്.ജി.ഡി.-യുടെ കീഴിലുള്ള 100 ഇടങ്ങളിലായി ആകെ 1.8 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കാനും കെ.എസ്.ഇ.ബി ലിമിറ്റഡ് ലക്ഷ്യമിടുന്നു.

കാറ്റിൽ നിന്നും വൈദ്യുതോത്പാദാനം

പാലക്കാട് ജില്ലയിലെ ഒഴലപ്പതി വില്ലേജിൽ 14 മെഗാവാട്ടിന്റെ പ്ലാന്റ് സ്ഥാപിച്ച് കാറ്റിൽനിന്നും വൈദ്യുതോത്പാദാനം നിർവ്വഹിക്കുന്നതിനായി M/s ഇൻകെലിന് ലെറ്റർ ഓഫ് അവാർഡ് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ വൈദ്യുതി ആവശ്യകതയുടെ അമ്പതുശതമാനവും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും കണ്ടെത്തുകയെന്ന ലക്ഷ്യം പൂർത്തിയാക്കുന്നതിനായി ഈ മേഖലയിൽ സർക്കാർ നടത്തുന്ന പ്രധാനപ്പെട്ട ഇടപെടലുകളിൽ ഒന്നാണ് സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ 10% സർക്കാർ ധനസഹായം നൽകി ഡെപ്പോസിറ്റ് പ്രവൃത്തിയായി സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി. സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ

സ്ഥാപിക്കുന്നതിനും തിരുവനന്തപുരം നഗരം സോളാർ സിറ്റിയായി മാറ്റുന്നതിന്റെ ഭാഗമായി 100 MW ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ, സർക്കാർ സ്ഥാപനങ്ങളിൽ RESCO മാതൃകയിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും വിദൂര ആദിവാസി കോളനികളിൽ വിൻഡ് സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും ഹരിത വരുമാന പദ്ധതിയുടെ ഭാഗമായി ലൈഫ് മിഷൻ വീടുകളിൽ 2 KW വീതവും, BPL വീടുകളിൽ 3 KW വീതവും ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരികയാണ്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയായ 'പുനർഗേഹം' പദ്ധതിയിൽ സ്ഥാപിച്ച വീടുകളിൽ 2 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. പബ്ലിക് EV ചാർജ്ജിംഗ് സ്റ്റേഷനുകളിൽ പരമാവധി സൗരോർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളോടൊപ്പം

സ്ഥാപിക്കുന്ന സൗരോർജ്ജ സംവിധാനത്തിന് സംസ്ഥാന സർക്കാർ അനെർട്ട് വഴി സബ്സിഡി നൽകിവരുന്നു. 5 KW മുതൽ 50 KW വരെയുള്ള സൗരോർജ്ജ സംവിധാനത്തിന് ഒരു കിലോവാട്ടിന് 20,000/- രൂപ എന്ന നിരക്കിൽ 50KW സോളാർ പാനലിന് പത്തുലക്ഷം രൂപ സബ്സിഡി നൽകിവരുന്നു.

സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഊർജ്ജോത്പാദന മാർഗ്ഗമായ ചെറുകിട ജലവൈദ്യുത പദ്ധതികൾ കൂടുതൽ നടപ്പിൽ വരുത്തുന്നതിനും നിലവിലനുവദിച്ച പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും ഉതകുന്ന രീതിയിൽ സംസ്ഥാന ചെറുകിട ജലവൈദ്യുത നയം പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. പുതുക്കിയ ചെറുകിട ജലവൈദ്യുത നയത്തിന്റെ കരട് ഇപ്പോൾ സർക്കാർ പരിഗണനയിലാണ്.

(ബി) ഈ ദിശയിലേയ്ക്കുള്ള പ്രധാന പ്രവർത്തനമെന്ന നിലയിൽ നടപ്പാക്കുന്ന സൗരപദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>സൗര പദ്ധതിയുടെ പ്രവർത്തന പുരോഗതി</u>

ഇതര സംസ്ഥാനങ്ങളിൽനിന്ന് വിഭിന്നമായി സബ്സിഡി ലഭ്യമാകാൻവേണ്ട മുതൽ മുടക്കാൻ സാമ്പത്തിക സൗകര്യമില്ലാത്ത ഉപഭോക്താക്കളെയുൾപ്പെടുത്തി 'കേരള മോഡൽ പദ്ധതി' എന്ന ഒരു പുതിയ മോഡൽ കെ.എസ്.ഇ.ബി.എൽ. ഒരുക്കിയിരുന്നു. ഇതിൽ ആകെ മുതൽമുടക്കിന്റെ 12%, 20%, 25% ആണ് ഉപഭോക്താക്കൾ മുതൽ മുടക്കേണ്ടത്. മുതൽ മുടക്കിന്റെ തോതനുസരിച്ച് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിഹിതം യഥാക്രമം 25%, 40%, 50% എന്നിങ്ങനെ ഉപഭോക്താവിന് ലഭിക്കും. നിലവിൽ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ ഇല്ല. സൗര സബ്സിഡി പ്രകാരം 37 ഡെവലപ്പേഴ്സിനെ എം-പാനൽ ചെയ്തുകൊണ്ട് പദ്ധതി പുരോഗമിക്കുന്നു. സമയ ബന്ധിതമായി പദ്ധതി പൂർത്തീകരണത്തിനുവേണ്ടി ട്രാക്കിംഗ് സംവിധാനത്തോടുകൂടി ഇ-കിരൺ (E-Kiran) മാനേജ്മെന്റ് പോർട്ടൽ സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. പദ്ധതിയിലേക്ക് പൊതുജനശ്രദ്ധ പിടിച്ചുപറ്റുവാനും പൊതുജനങ്ങൾക്ക് പദ്ധതിയുടെ വിശദാംശങ്ങൾ ബോധ്യപ്പെടുത്തുവാനും കേരളത്തിലെ എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷനുകളും കേന്ദ്രീകരിച്ച് സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ

സംഘടിപ്പിച്ചു. സൗര പദ്ധതിയുടെ പുരോഗതിക്കായി ഇതിന്റെ ഏകോപന ചുമതല വിതരണ വിഭാഗത്തെക്കൂടി ഏൽപ്പിക്കുകയുണ്ടായി. തുടർന്ന് സർക്കിൾ തലത്തിൽ ടാർഗറ്റ് നിശ്ചയിച്ചുനൽകി നിലയങ്ങളുടെ സർവ്വേ, രജിസ്ട്രേഷൻ, കമ്മീഷനിംഗ് ഇവ തുടർച്ചയായി ബോർഡ് തലത്തിൽ അവലോകനങ്ങൾ നടത്തുകയും ചെയ്തു. മീറ്റർ അലോക്കേഷൻ, പവർ ക്വാളിറ്റി ടെസ്റ്റിംഗ് ഇവ വേഗത്തിൽ പൂർത്തീകരിക്കാൻ നടപടികളെടുത്തു. നെറ്റ് മീറ്റർ ലഭ്യത സർക്കിൾ തലത്തിൽ ഉറപ്പുവരുത്തി. ആവശ്യമായ മീറ്ററുകൾ ബോർഡ് തലത്തിൽ വാങ്ങി സർക്കിൾ സ്റ്റോറുകളിൽ എത്തിച്ചു. 10 KW വരെയുള്ള നിലയങ്ങൾ ഗുണനിലവാരം ഉറപ്പുവരുത്തി വേഗത്തിൽ കണക്ട് ചെയ്യുന്നു. കൂടാതെ 50KW വരെയുള്ള നിലയങ്ങൾക്ക് PQ ടെസ്റ്റിംഗ് നടപടികൾ ലഘൂകരിച്ചു. സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാൻവേണ്ടി സോളാർ പാനൽ നിർമ്മാതാക്കളുടെയും ഇൻവെർട്ടർ നിർമ്മാതാക്കളുടെയും അവലോകനങ്ങൾ സംഘടിപ്പിക്കുകയും പദ്ധതി നടത്തിപ്പിന് നേരിടുന്ന പ്രശ്നങ്ങൾ വിലയിരുത്തുകയും പ്രശ്നപരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്തുവരുന്നു. സൗര പദ്ധതി

നിർവ്വഹണം വേഗത്തിലാക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സഹകരണം ഉറപ്പാക്കുന്നു. നോൺ സബ്സിഡി സ്കീമിൽ 100 മെഗാവാട്ടിന്റെ പുതിയ പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. കൂടാതെ MNRE DBT സ്കീമിൽ നിലവിൽ 490 പുതിയ കമ്പനികളെ കൂടി എം-പാനൽ ചെയ്തു.

ആകെ സൗര പദ്ധതി

ആകെ സൗര പദ്ധതിയുടെ കീഴിൽ 155.69 MW ശേഷിയുടെ 37262 നിലയങ്ങൾ കമ്മിഷൻ ചെയ്തു. ഇതിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 153.421 മെഗാവാട്ടിന്റെ 37014 നിലയങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. KSEBL നടപ്പിലാക്കിവരുന്ന സൗര പദ്ധതിയുടെ ഭാഗമായി 25 മെഗാവാട്ട് സ്ഥാപിത ശേഷി ആണ് അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നത്. ഈ പദ്ധതിയുടെ ഭാഗമായി അനെർട്ട് മുഖേന കേരളത്തിലുടനീളം 1923 വീടുകളിലായി 5.8 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) സോളാർ സിറ്റി പദ്ധതി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല. സോളാർ സിറ്റി പദ്ധതി പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി നിലവിൽ 63 സർക്കാർ കെട്ടിടങ്ങളിൽ 645 കിലോവാട്ട് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. 60 കെട്ടിടങ്ങളിലായി 2558 കിലോവാട്ട് സൗരോർജ്ജ പ്ലാന്റുകൾ ഇൻസ്റ്റലേഷൻ പൂർത്തിയായിട്ടുണ്ട്. കൂടാതെ 88 കെട്ടിടങ്ങളിലായി 7057 കിലോവാട്ട് സൗരോർജ്ജ പ്ലാന്റുകളുടെ ഇൻസ്റ്റലേഷൻ ജോലികൾ തുടങ്ങിയിട്ടുണ്ട്. സോളാർ സിറ്റിയുടെ ഭാഗമായി തിരുവനന്തപുരം നഗരപരിധിയിൽ 13 DC ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ സോളാർ പാർക്കുകൾ**

305 (752) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര സോളാർ പാർക്കുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ 105 MW-ന്റെ ഒരു സോളാർ പാർക്ക് ആണ് നിലവിലുള്ളത്. ടി സോളാർ പാർക്കിന്റെ കീഴിൽ അമ്പലത്തറയിൽ 50 MW-ന്റെയും പൈവളികയിൽ മറ്റൊരു 50 MW-ന്റെയും സോളാർ പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നു. നെല്ലിത്തടത്ത് 5 MW സോളാർ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ പൂർത്തീകരിച്ചിട്ടുള്ള സോളാർ പ്ലാന്റുകളിൽനിന്നും 100 MW വൈദ്യുതി ഉല്പാദിപ്പിച്ചുവരുന്നു.

(ബി) പുതുതായി എത്ര സോളാർ പാർക്കുകൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും അവ ഏതൊക്കെ പഞ്ചായത്തുകളിലാണ് അനുവദിച്ചതെന്നും അറിയിക്കാമോ?

പുതുതായി കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ, കയ്യൂർ ചീമേനി പഞ്ചായത്തിൽ ഒരു 100 MW-ന്റെ സോളാർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ട്. ഇതിനായി സംസ്ഥാന സർക്കാർ 475 ഏക്കർ ഭൂമി പാട്ട വ്യവസ്ഥയിൽ അനുവദിച്ചിട്ടുണ്ട്. ചീമേനി സോളാർ പാർക്കിന് MNRE-യുടെ അനുമതി തേടിയിട്ടുണ്ട്.

**വീടുകളിൽ സൗരോർജ്ജ പാനൽ**

306 (753) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് അധികമായി ഉത്പാദിപ്പിക്കുന്ന വൈദ്യുതി, ബോർഡിനുതന്നെ തിരിച്ചുനൽകാൻ കഴിയുന്ന പദ്ധതി നിലവിലുണ്ടോ?

വീടുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് അധികമായി ഉത്പാദിപ്പിക്കുന്ന വൈദ്യുതി, ബോർഡിനുതന്നെ തിരിച്ചുനൽകാൻ കഴിയുന്ന പദ്ധതിയാണ് 'സൗര' സബ്സിഡി പദ്ധതി. ഈ പദ്ധതിയിൽ 23 സെപ്റ്റംബർ 2023 വരെ രജിസ്റ്റർ ചെയ്യുന്നതിന് MNRE (കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം) അനുമതി നൽകിയിട്ടുണ്ട്. ഓൺഗ്രിഡ് സൗരോർജ്ജ പ്ലാന്റ് വീടുകളിൽ സ്ഥാപിച്ചാൽ വീട്ടാവശ്യത്തിനുശേഷം ബാക്കിവരുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് നൽകാവുന്നതാണ്.

(ബി) ഈ പദ്ധതിക്ക് സർക്കാർ സബ്സിഡി നൽകിവരുന്നുണ്ടോ?

'സൗര' സബ്സിഡി പദ്ധതി കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജമന്ത്രാലയത്തിന്റെ (MNRE) സാമ്പത്തിക സഹായത്തോടെയാണ് നടപ്പാക്കുന്നത്. കേന്ദ്രസർക്കാർ സബ്സിഡി നൽകിവരുന്നുണ്ട്. കൂടാതെ MNRE-യുടെ DBT (Direct Benefit Transfer) സ്കീമിൽ നിലവിൽ 490 പുതിയ കമ്പനികളെക്കൂടി empanel ചെയ്തിട്ടുണ്ട്. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. 3 കിലോവാട്ടുവരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയുടെ 40 ശതമാനവും 3 കിലോവാട്ടിനുമുകളിൽ 10 കിലോവാട്ടുവരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനം നിരക്കിലുമാണ് കേന്ദ്ര സർക്കാർ സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്

(സി) ഗുരുവായൂർ മണ്ഡലത്തിൽ ഈ പദ്ധതിയിൽ ഗുണഭോക്താക്കൾ ഉണ്ടോയെന്ന് അറിയിക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കെ. എസ്.ഇ.ബി.എൽ. 'സൗര' സബ്സിഡി പദ്ധതി വഴി (RTS) 1138 KW ശേഷിയുള്ള 299 സൗര നിലയങ്ങൾ നിലവിൽ സ്ഥാപിച്ചിട്ടുണ്ട്. ഗുരുവായൂർ മണ്ഡലത്തിൽ സൗരതേജസ് പദ്ധതിവഴി നിലവിൽ അനെർട്ടിന് 30 അപേക്ഷകൾ (134 കിലോവാട്ട്) ലഭിച്ചിട്ടുണ്ട്. ഇതിൽ 24 കിലോവാട്ട് സൗരോർജ്ജ പ്ലാന്റുകൾ നിലവിൽ സ്ഥാപിച്ചുകഴിഞ്ഞു. ഗുരുവായൂർ മണ്ഡലത്തിൽ അനെർട്ടിന്റെ ഡെപോസിറ്റ് വർക്ക് ആയി താഴെ പറയുന്ന സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

1. താലൂക്ക് ഹോസ്പിറ്റൽ ചാവക്കാട് - 15 കിലോവാട്ട്

2. എങ്ങാടിയൂർ എഫ്. എച്ച്. സി. - 6 കിലോവാട്ട്

3. വടക്കേകാട് സാംസ്കാരിക നിലയം –3 കിലോവാട്ട്

4. GMLP സ്കൂൾ ചെമ്മണ്ണൂർ - 3 കിലോവാട്ട്

5. ഒരുമനയൂർ പി. എച്ച്. സി. - 10 കിലോവാട്ട്

## സൗരോർജ്ജം

307 (754) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സൗരോർജ്ജത്തിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

ഈ സർക്കാരിന്റെ കാലയളവിൽ ഊർജ്ജ വകുപ്പിനുകീഴിൽ വിവിധ പദ്ധതികളിലായി 534.5 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) സൗരോർജ്ജത്തിൽനിന്നും 1000 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കാനുള്ള പദ്ധതിക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് എന്ന് വിശദമാക്കാമോ?

സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി 1000 MW സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിട്ട് 'സൗര' പദ്ധതിയുടെ ഭാഗമായി 500 MW-ഉം പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ, സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ,

ഫ്ലോട്ടിംഗ് സോളാർ എന്നിവയിലൂടെ 500 MW-ഉം കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. 'സൗര' ഒന്നാംഘട്ട നോൺ സബ്സിഡി പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ. മുഖേന നിലവിൽ 24.09 MW-ന്റെ 1963 നിലയങ്ങൾ പൂർത്തീകരിച്ചു. ഗാർഹിക ഉപഭോക്താക്കൾക്കുവേണ്ടി MNRE Subsidy Scheme-ൽ നിലവിൽ 130.77MW-ന്റെ 35,084 സൗരനിലയങ്ങൾ പൂർത്തീകരിച്ചു. ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് നടപടി സ്വീകരിച്ചുവരുന്നു. കാസർഗോഡ് ചീമേനിയിൽ 100 MW-ന്റെ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി 10% സർക്കാർ ധനസഹായം നൽകി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് മുഖേന നടപ്പിലാക്കുന്നു. സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും തിരുവനന്തപുരം നഗരം സോളാർ സിറ്റിയായി മാറ്റുന്നതിന്റെ ഭാഗമായി 100 MW ഗാർഹിക സൗരോർജ്ജ പവർ

പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ, സർക്കാർ സ്ഥാപനങ്ങളിൽ RESCO മാതൃകയിൽ സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും വിദൂര ആദിവാസി കോളനികളിൽ വിൻഡ് സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും ഹരിത വരുമാന പദ്ധതിയുടെ ഭാഗമായി ലൈഫ് മിഷൻ വീട്ടുകളിൽ 2 KW വീതവും BPL വീട്ടുകളിൽ 3 KW വീതവും ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരികയാണ്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയായ 'പുനർഗേഹം' പദ്ധതിയിൽ സ്ഥാപിച്ച വീട്ടുകളിൽ 2 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും അനെർട്ട് മുഖേനയാണ് നടപ്പിലാക്കിവരുന്നത്.

**സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ സോളാർ പാനലുകൾ**

308 (755) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കുമോ?

സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി ആയിരം മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയാണ് സൗര. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽനിന്നും, ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെയും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിൽ പുരപ്പുറ സോളാർ പാനലുകൾ വഴിയുള്ള വൈദ്യുതോല്പാദനത്തിൽ ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിലാണ് നിലയങ്ങൾ സ്ഥാപിക്കുന്നത്. വൈദ്യുതി ഉപഭോഗം, താരിഫ് കാറ്റഗറി എന്നിവ അനുസരിച്ച് വ്യത്യസ്ത വിഭാഗങ്ങളിലുള്ള ഉപഭോക്താക്കൾക്ക് ഗുണകരമാകുന്നവിധം വ്യത്യസ്ത മോഡലുകൾ കെ.എസ്.ഇ.ബി.എൽ. മുന്നോട്ട് വച്ചിട്ടുണ്ട്

സൗര ഫേസ് I - (Non subsidy) പ്രോഗ്രാം

എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാനാവുന്ന പദ്ധതിയിൽ കെ.എസ്.ഇ.ബി. മുതൽ മുടക്കുന്ന മോഡൽ 1, 2 എന്നിവയും, ഉപഭോക്താവിന്റെ പൂർണ്ണ മുതൽമുടക്ക് വേണ്ടിവരുന്ന മോഡൽ 3-ഉം ആണ് ഉൾപ്പെടുന്നത്. മോഡൽ-1 തെരഞ്ഞെടുക്കുന്ന ഉപഭോക്താവിന് ആകെ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 10%-വും, മോഡൽ 2 തെരെഞ്ഞെടുക്കുന്നവർക്ക് ഉത്പാദിപ്പിക്കുന്ന വൈദ്യുതി 25 വർഷത്തേയ്ക്ക് നിശ്ചിത നിരക്കിലും ലഭ്യമാകും. മോഡൽ 3-ൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഉപഭോക്താവിന് പൂർണ്ണമായും ലഭ്യമാകുന്നതാണ്. സൗര ഫേസ്-I-ൽ 24.09 മെഗാവാട്ടിന്റെ 1963 നിലയങ്ങൾ പൂർത്തീകരിച്ചു. ഈ പദ്ധതി അവസാന ഘട്ടത്തിലാണ്.

സൗര സബ്സിഡി പ്രോഗ്രാം (PHASE-II)

ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമുള്ള 200 മെഗാവാട്ട് സബ്സിഡി പദ്ധതിയിൽ 130.77 മെഗാവാട്ടിന്റെ 35,084 നിലയങ്ങൾ പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതി പുരോഗമിക്കുന്നു. ഇതിന്റെ കാലാവധി 23-09-2023 വരെയാണ്.

മേല്പറഞ്ഞ പദ്ധതികൾക്കുപുറമെ റിസർവോയറുകളുടെ മുകളിലായി ഫ്ലോട്ടിംഗ് സോളാർ, കനാൽ ബാങ്ക്, കനാൽ ടോപ്പ്, ചാർജ്ജിംഗ് സ്റ്റേഷനുകളിലുള്ള കനോപ്പി തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് നടപ്പിലാക്കിവരുന്നു. കൂടാതെ വർക്ക് ഡെപ്പോസിറ്റ് അടിസ്ഥാനത്തിൽ സർക്കാർ/അർദ്ധസർക്കാർ/LSGD/ മറ്റുസ്ഥാപനങ്ങൾ, എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സ്ഥലങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതികളും പുരോഗമിക്കുന്നു. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി 10% സർക്കാർ ധനസഹായം നൽകി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് മുഖേന നടപ്പിലാക്കുന്നു. സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും തിരുവനന്തപുരം നഗരം സോളാർ സിറ്റിയായി മാറ്റുന്നതിന്റെ ഭാഗമായി 100 MW ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു.

കൂടാതെ, സർക്കാർ സ്ഥാപനങ്ങളിൽ RESCO മാതൃകയിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും വിദൂര ആദിവാസി കോളനികളിൽ വിൻഡ് സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും ഹരിത വരുമാന പദ്ധതിയുടെ ഭാഗമായി ലൈഫ് മിഷൻ വീടുകളിൽ 2 KW വീതവും, BPL വീടുകളിൽ 3 KW വീതവും ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരികയാണ്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയായ 'പുനർഗേഹം' പദ്ധതിയിൽ സ്ഥാപിച്ച വീടുകളിൽ 2 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും അനെർട്ട് മുഖേനയാണ് നടപ്പിലാക്കിവരുന്നത്. കാർഷിക പമ്പുകളുടെ സൗരോർജ്ജവത്കരണം ലക്ഷ്യം വെച്ചുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പി. എം. കുസും പദ്ധതിയിൽ വൈദ്യുതി എത്തിപ്പെടാത്ത മേഖലകളിലെ ഡീസൽ പമ്പുകൾക്കു ബദലായി സൗരോർജ്ജ പമ്പുകൾക്ക് സ്റ്റാൻഡ് എലോൺ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയായ പി.എം. കുസും കംപോണന്റ് ബി-യും വൈദ്യുതി എത്തപ്പെട്ട മേഖലകളിലെ

കാർഷിക പമ്പുകളുടെ ശൃംഖല ബന്ധിത സൗരോർജ്ജവൽക്കരണത്തിനായി പി.എം. കുസും 'കംപോണന്റ്-സി' യും നടപ്പിലാക്കിവരുന്നു. പി.എം. കുസും 'കംപോണന്റ്-ബി'.-യുടെ ടെൻഡർ നടപടിക്രമങ്ങൾ ചെയ്യുന്നത് എം.എൻ.ആർ.ഇ. ആണ്. നബാർഡ് ലോൺവഴി 5955 പമ്പുകളാണ് ആദ്യഘട്ടത്തിൽ പി.എം. കുസും 'കംപോണന്റ്- സി' മുഖേന സൗരോർജ്ജവത്കരിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിൽ കൃഷിവകുപ്പിന്റെ സബ്സിഡിയോടുകൂടി വൈദ്യുതി ലഭിക്കുന്ന കർഷകരാണ് ഗുണഭോക്താക്കൾ. പൂർണ്ണമായും സൗജന്യമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പബ്ലിക് EV ചാർജ്ജിംഗ് സ്റ്റേഷനുകളിൽ പരമാവധി സൗരോർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളോടൊപ്പം സ്ഥാപിക്കുന്ന സൗരോർജ്ജ സംവിധാനത്തിന് സംസ്ഥാന സർക്കാർ അനെർട്ട് വഴി സബ്സിഡി നൽകിവരുന്നു. 5 KW മുതൽ 50 KW വരെയുള്ള സൗരോർജ്ജ സംവിധാനത്തിന് ഒരു കിലോവാട്ടിന് 20,000/- രൂപ എന്ന നിരക്കിൽ 50KW സോളാർ പാനലിന് പത്തുലക്ഷം രൂപ സബ്സിഡി നൽകിവരുന്നു.

(ബി) സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദ്യുതി ഉപയോഗത്തിന് അതത് ഇടങ്ങളിൽതന്നെ സോളാർ പാനലുകൾ സ്ഥാപിച്ച് ഊർജ്ജോത്പാദനം നടത്തി സ്വയംപര്യാപ്തത കൈവരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവയിൽ ഒന്നാം ഘട്ട സൗര പദ്ധതിവഴിയും വർക്ക് ഡെപ്പോസിറ്റ് അടിസ്ഥാനത്തിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. തുടർന്നും പ്രസ്തുത സ്ഥാപനങ്ങൾക്ക് വർക്ക് ഡെപ്പോസിറ്റ് അടിസ്ഥാനത്തിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാവുന്നതാണ്. ഊർജ്ജോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നിലവിൽ തിരുവനന്തപുരം കോർപ്പറേഷനിൽ സോളാർ സിറ്റി പ്രോജക്ട് നടത്തിവരുന്നു.

(സി) കൂത്തുപറമ്പ് മണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ഇത്തരം സോളാർ പാനൽ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കുമോ?

കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ആരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട അധികാരികൾ താല്പര്യം അറിയിക്കുന്നപക്ഷം വർക്ക് ഡെപ്പോസിറ്റ് വ്യവസ്ഥയിൽ, കെ.എസ്.ഇ.ബി.എൽ. സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചുനൽകുന്നതാണ്

(ഡി) നിലവിൽ കൂത്തുപറമ്പ് മണ്ഡലത്തിലെ ഏതെങ്കിലും സ്ഥാപനങ്ങളിൽ ഇത്തരം പദ്ധതി നടപ്പിലാക്കുന്നതിന് നടപടിയായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണെന്ന് വിശദമാക്കുമോ?

നടപ്പിലാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ലാൻഡ് ട്രിബ്യൂണൽ ഓഫീസ് - 15 KW

വിമെൻസ്ഹോസ്റ്റൽ വലിയവെളിച്ചം – 70 KW

ഗവണ്മെന്റ് എൽ.പി. സ്കൂൾ കൂത്തുപറമ്പ് – 15 KW

കൊളവല്ലൂർ ഹയർസെക്കണ്ടറി സ്കൂൾ പാറാട്– 30 KW

രാജീവ്ഗാന്ധി മെമ്മോറിയൽ ഹൈസ്കൂൾ പത്തായാക്കുന്ന് – 25 KW

ചോധവാരി ഹയർസെക്കണ്ടറി സ്കൂൾ പാനൂർ–20 KW

ഗവൺമെന്റ് ITI കൂത്തുപറമ്പ് – 30 KW

കോട്ടയം മലബാർ ഗവൺമെന്റ് ഹൈസ്കൂൾ-15 KW

ആകെ കപ്പാസിറ്റി = 220 KW

പാനൂർ ബ്ലോക്ക്പഞ്ചായത്ത് RRF ബിൽഡിംഗ് മൊകേരി – 30 KW (പ്രവൃത്തി പുരോഗമിക്കുന്നു.)

കൂത്തുപറമ്പ് മണ്ഡലത്തിൽ അനെർട്ടിന്റെ സൗരതേജസ് പദ്ധതി വഴി നിലവിൽ 14 അപേക്ഷകൾ (46 കിലോവാട്ട്) അനെർട്ടിന് ലഭിച്ചിട്ടുണ്ട്. ഇതിൽ 20 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ നിലവിൽ സ്ഥാപിച്ചുകഴിഞ്ഞു.

**കൈപ്പമംഗലം മണ്ഡലത്തിലെ പുരപ്പുറസോളാർ പദ്ധതി**

309 (756) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതി കൈപ്പമംഗലം മണ്ഡലത്തിൽ വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

പുരപ്പുറ സൗരോർജ്ജ പദ്ധതി മുഖാന്തരം കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന നിലവിൽ ഒന്നാംഘട്ട സൗര പദ്ധതി വഴി 92 KW ന്റെ 14 സൗര നിലയങ്ങളും രണ്ടാംഘട്ട പദ്ധതി വഴി 1104.52 KWp ന്റെ 294 സൗര നിലയങ്ങളും സ്ഥാപിച്ചിട്ടുണ്ട്. 'സൗരതേജസ്സ്' പദ്ധതി വഴി അനെർട്ടിന് കൈപ്പമംഗലം മണ്ഡലത്തിൽനിന്നും നിലവിൽ 11 അപേക്ഷകൾ (38 കിലോവാട്ട്) ലഭിച്ചിട്ടുണ്ട്. ഇതിൽ 14 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ നിലവിൽ സ്ഥാപിച്ചുകഴിഞ്ഞു. അനെർട്ടിന്റെ ഡെപ്പോസിറ്റ് വർക്ക് ആയി താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

1. പി. എച്ച്. സി. മതിലകം പഞ്ചായത്ത് – 5 കിലോവാട്ട്
2. വെറ്റിനറി ഹോസ്പിറ്റൽ മതിലകം പഞ്ചായത്ത് – 5 കിലോവാട്ട്
3. ലൈബ്രറി ബിൽഡിംഗ് മതിലകം പഞ്ചായത്ത് – 2 കിലോവാട്ട്
4. ആയുർവേദ ഡിസ്പെൻസറി ശ്രീനാരായണപുരം പഞ്ചായത്ത് – 5 കിലോവാട്ട്
5. എഫ് എച്ച് സി ശ്രീനാരായണപുരം പഞ്ചായത്ത് – 5 കിലോവാട്ട്

6. എസ്. സി. സാംസ്കാരിക നിലയം ശ്രീനാരായണപുരം പഞ്ചായത്ത്- 6 കിലോവാട്ട്

7. വെറ്ററിനറി ഹോസ്പിറ്റൽ എറിയാട് പഞ്ചായത്ത് - 3 കിലോവാട്ട്

8. ജി. എൽ. പി. സ്കൂൾ അഴിക്കോട് എറിയാട് പഞ്ചായത്ത് - 3 കിലോവാട്ട്

9.എഫ്. എച്ച്. സി. മാധവന – 5 കിലോവാട്ട്

(ബി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഉചിതമായ ആനുകൂല്യങ്ങൾ നൽകി പദ്ധതിയുടെ ഉപഭോക്താക്കളാക്കാനുള്ള നടപടികൾ എന്തെങ്കിലും പരിഗണയിലുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. ഇക്കാര്യം പരിഗണനയിലുണ്ട്.

**സ്മാർട്ട് മീറ്റർ പദ്ധതി**

310 (757) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുന്നത് വൈദ്യുതി മോഷണവും മീറ്ററുകളിലെ കൃത്രിമവും കണ്ടെത്തുന്നതിന് അനുയോജ്യമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

വിലയിരുത്തിയിട്ടുണ്ട്. വൈദ്യുതി മോഷണ ശ്രമം/സ്മാർട്ട് മീറ്ററിൽ കൃത്രിമം നടന്നാൽ ഉടൻതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സന്ദേശം ലഭിക്കുന്നതും അതുപ്രകാരം തുടർനടപടികളെടുക്കുവാൻ സാധിക്കുന്നതുമാണ്.

(ബി) വൈദ്യുതി മോഷണം കണ്ടെത്തുന്നതിന് നിലവിൽ കെ.എസ്.ഇ.ബി.-യിൽ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വൈദ്യുതി മോഷണ കേസുകൾ കണ്ടെത്തിയിട്ടുണ്ട്; ഇതിന്റെ പിഴ ഇനത്തിൽ എത്ര തുക ഈടാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് വൈദ്യുതിയുടെ ദുരുപയോഗം തടയുന്നതിനും വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും സംസ്ഥാനാടിസ്ഥാനത്തിൽ ചീഫ് വിജിലൻസ് ഓഫീസറുടെ കീഴിൽ ഒരു ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ സെക്ഷൻ തലത്തിലും, ഡിവിഷൻ

തലത്തിലും, സ്പെഷ്യൽ സ്ക്വാഡുകളും, റീജിയണൽ ഓഡിറ്റ് ഓഫീസിൽ നിന്നുമുള്ള സ്പെഷ്യൽ സ്ക്വാഡുകളും നിലവിൽ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തിരുവല്ല, കോട്ടയം, എറണാകുളം, വാഴത്തോപ്പ് എന്നീ ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ സതേൺ റീജിയൺ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും കോഴിക്കോട്, കണ്ണൂർ, കൽപ്പറ്റ, കാസർഗോഡ്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നീ സ്ക്വാഡുകൾ നോർത്തേൺ റീജിയൺ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും പ്രവർത്തിച്ചുവരുന്നു. ഓരോ ജില്ലയിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇലക്ട്രിക്കൽ സെക്ഷൻ തലത്തിലും, ഡിവിഷൻ തലത്തിലും, സർക്കിൾ തലത്തിലും വൈദ്യുതി ദുരുപയോഗം കണ്ടെത്തുന്നതിനായി നിരന്തര പരിശോധനകൾ നടത്തിവരുന്നുണ്ട്. പ്രസ്തുത സ്ക്വാഡുകൾ മിന്നൽ പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടുപിടിക്കുന്നുണ്ട്. വൈദ്യുതി മോഷണം പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ-ന്റെ

വിജിലൻസ് വിഭാഗം ഓഫീസർമാരുടെയും അതത് ഓഫീസ് മേലധികാരികളുടെയും ഫോൺ നമ്പർ എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. വൈദ്യുതി മോഷണം സംബന്ധിച്ചുള്ള വിവരം കൈമാറുന്നവർക്ക് പാരിതോഷികവും പ്രഖ്യാപിച്ചിട്ടുണ്ട്. വൈദ്യുതി മോഷണം കണ്ടുപിടിക്കപ്പെട്ടാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ദൃശ്യ മാധ്യമങ്ങളിലൂടെയും, പത്ര മാധ്യമങ്ങളിലൂടെയും ആവശ്യമായ പ്രചരണം പൊതുജനങ്ങൾക്ക് നൽകുന്നുമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 2015 മോഷണ കേസുകളിലായി 9,35,90,284/- രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. സർക്കിൾ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**സംസ്ഥാനത്തെ വൈദ്യുതി അപകടങ്ങൾ കുറയ്ക്കാനുള്ള പ്രവർത്തനങ്ങൾ**

311 (758) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) സംസ്ഥാനത്തെ വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. ദൃശ്യ/ശ്രവ്യ/പത്രമാധ്യമങ്ങൾവഴി സുരക്ഷയുമായി ബന്ധപ്പെട്ട ഡോക്യുമെന്ററികൾ ന്യൂസ് ക്ലിപ്പിംഗ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ തുടങ്ങിയവ ജനങ്ങളിൽ എത്തിക്കുന്നു. വൈദ്യുതി ലൈനിൽ പണിയെടുക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ നടപടികളെക്കുറിച്ചുള്ള സുരക്ഷാ മാനുവൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സുരക്ഷാനയം എല്ലാ ജീവനക്കാരിലേയ്ക്കും എത്തിക്കുന്നതിനായി ജീവനക്കാർക്കുവേണ്ടി സുരക്ഷാനയവുമായി ബന്ധപ്പെട്ട പരിശീലന ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സുരക്ഷാകാര്യങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്നു ഉറപ്പുവരുത്താൻ ചീഫ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ സേഫ്റ്റി വിംഗ് പ്രവർത്തിച്ചുവരുന്നു. ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ, ചീഫ് സേഫ്റ്റി ഓഫീസർ, സേഫ്റ്റി ഓഫീസർ തലത്തിൽ

പ്രവർത്തി ഇടങ്ങളിൽ സുരക്ഷ പരിശോധന നടത്തിവരുന്നു. സുരക്ഷയുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ പറയുന്നവയാണ്.

1. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങൾ ആയ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റുപ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കാനുള്ള നിശ്ചിത പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

2. പുതുതായി നിർമ്മിക്കുന്ന ഇലക്ട്രിക് LT ലൈനുകൾ സുരക്ഷയുടെകൂടി പ്രാധാന്യം കണക്കിലെടുത്ത് 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ' (എബിസി) ഉപയോഗിച്ച് നിർമ്മിക്കാൻ തീരുമാനിച്ചു.

3. വൈദ്യുത ലൈനുകൾക്ക് സമീപം നിൽക്കുന്ന വൃക്ഷങ്ങളിൽനിന്നും വിളവെടുക്കുമ്പോഴും ലോഹ നിർമ്മിത ഏണികൾ ഉപയോഗിക്കുമ്പോഴും തേങ്ങ, ചക്ക, മാങ്ങ തുടങ്ങിയ ഫലാദികൾ ലോഹത്തോട്ടി ഉപയോഗിച്ച് അടർത്തുമ്പോഴും തോട്ടി, ഏണി എന്നിവ ലൈനിൽ തട്ടിയുണ്ടാകുന്ന

അപകടങ്ങൾ ഉണ്ടാകാറുണ്ട്. ഈ സാഹചര്യത്തിൽ പൊതുജനങ്ങളെ ഇത്തരം അപകടങ്ങളെക്കുറിച്ച് കൂടുതൽ ബോധവാന്മാർ ആക്കുന്നതിനായി മൈക്ക് അനൗൺസ്മെന്റ് നടത്തുന്നതിനുവേണ്ട ശബ്ദസന്ദേശവും ഹ്രസ്വ വീഡിയോയും കെ.എസ്.ഇ.ബി.എൽ.-ന്റെ PRD വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. സെക്ഷൻതലത്തിൽ ഇപ്രകാരം മൈക്ക് അനൗൺസ്മെന്റ് നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ കൈക്കൊള്ളുകയും വീഡിയോ ക്ലിപ്പിംഗ് സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിച്ചും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നുണ്ട്.

4. പൊതുജനങ്ങളെ വൈദ്യുതി മൂലമുള്ള അപകടങ്ങളെക്കുറിച്ച് കൂടുതൽ ബോധവന്മാർ ആക്കുന്നതിനായി വിദ്യാഭ്യാസം, ദുരന്ത നിവാരണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് വിഭാഗങ്ങളുടെ സഹകരണവും അഭ്യർത്ഥിച്ചിട്ടുണ്ട്.

5. കേരളത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷന്റെ" ഭാഗമായി വൈദ്യുതി വിതരണ മേഖല ലോകോത്തരമാക്കുന്നതിന് 'ദ്യുതി 2021' എന്ന പേരിൽ

ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ വൈദ്യുതി സുരക്ഷയ്ക്ക് പ്രാധാന്യം നൽകി ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷികുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക (റീകണ്ടക്റ്ററിങ് വർക്കുകൾ), പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി അപകടങ്ങൾക്ക് കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി) ഉപയോഗിക്കുക തുടങ്ങിയ പ്രവർത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിനുമുമ്പ് വൈദ്യുതി ബന്ധം വിഛേദിച്ച്, ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ജോലി ചെയ്യുവാൻ പാടുള്ളുവെന്നു കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. (നൂതന വർക്ക്സൈറ്റ് ഏർത്തിംഗ് രീതിയായ "ഇക്വി പൊട്ടെൻഷ്യൽ ബോണ്ട് എർത്തിംഗ്" നടപ്പാക്കിയിട്ടുണ്ട്.)

7. അപകടങ്ങളുടെ തോത് പരമാവധി കുറയ്ക്കാനായി കെ.എസ്.ഇ.ബി ലിമിറ്റഡിലെ വൈദ്യുത വിതരണ വിഭാഗത്തിലെ എല്ലാ ഓഫീസുകളിലെയും

എല്ലാ ലൈൻമാൻമാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് (ഷോൾഡർ ബാഗോടുകൂടി) ഉപയോഗിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. എർത്ത് റോഡ്, ഷോർട്ടിംഗ് ക്ലിപ്പ്, ഫുൾബോഡി സേഫ്റ്റി ബെൽറ്റ്, സേഫ്റ്റി ഷൂസ്, സേഫ്റ്റി ഹെൽമെറ്റ്, ഗ്ലൗസ്, എർത്ത് സ്പൈക്ക് തുടങ്ങിയ സുരക്ഷാഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് ആണ് നൽകിയിട്ടുള്ളത്. കാലപഴക്കംമൂലം കേടാവുന്നവ ഉടനടി പകരം വാങ്ങിനൽകുന്നുമുണ്ട്.

8. വൈദ്യുത കമ്പി പൊട്ടിവീഴുന്നതുപോലുള്ള അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്കുനേരിട്ട് വിളിച്ചറിയിക്കുന്നതിന് "9496010101" എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് വിവിധ സുരക്ഷാ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. റസിഡൻസ് അസ്സോസിയേഷൻ, പഞ്ചായത്ത്, സ്കൂളുകൾ, എല്ലാ പഞ്ചായത്തിലെ വാർഡ് തലത്തിലുള്ള ആശാവർക്കർമാർ അല്ലെങ്കിൽ കുടുംബശ്രീ പ്രവർത്തകർ എന്നിവർക്ക് ബോധവൽക്കരണം

നൽകുന്നതിനായി 14 ജില്ലകളിലും ഇന്ററാക്ടീവ് ക്ലാസുകൾ നടത്തുന്നു. ഗാർഹിക മേഖലയിലെ അപകട നിരക്ക് വളരെ കൂടുതലാണ്. ഗാർഹിക പ്രതിഷ്ഠാപനത്തിൽ നടക്കുന്ന അപകടങ്ങളിൽ ഭൂരിഭാഗവും മരണത്തിൽ കലാശിക്കുന്നു. പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുകവഴി മാത്രമേ ഇത്തരത്തിലുള്ള അപകടങ്ങൾ കുറയ്ക്കാൻ സാധിക്കൂ. പൊതുജനങ്ങൾക്കിടയിൽ വൈദ്യുത സുരക്ഷയെക്കുറിച്ചും വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മാർഗങ്ങളെക്കുറിച്ചും വകുപ്പ് സെമിനാറുകളും, സുരക്ഷാ ക്ലാസ്സുകളും ബോധവൽക്കരണകാമ്പെയിനുകളും നടത്തുന്നുണ്ട്. കൂടാതെ ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെയും പത്രക്കുറിപ്പിലൂടെയും വൈദ്യുത സുരക്ഷാ ബോധവൽക്കരണം നടത്താറുണ്ട്. വൈദ്യുത അപകടം കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി എല്ലാ വർഷവും ജൂൺ 26 മുതലുള്ള ഒരാഴ്ച വൈദ്യുതസുരക്ഷാ വാരാചരണം ആചരിക്കുന്നു. വൈദ്യുത സുരക്ഷയെ സംബന്ധിച്ച് സ്കൂൾ കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വൈദ്യുത സുരക്ഷ വിഷയമാക്കി ചിത്രരചനാ മത്സരവും ഉപന്യാസ മത്സരവും 2022-ൽ നടത്തുകയുണ്ടായി. ആയതിന്റെ ജില്ലാതല

സമ്മാന വിതരണം 2022-ന് ജില്ലാതലത്തിൽ നൽകുകയുണ്ടായി. കൂടാതെ സംസ്ഥാനതല വിജയികൾക്കുള്ള സമ്മാനദാനം 2023-ലെ വൈദ്യുത സുരക്ഷാവാരത്തിന്റെ ഉദ്ഘാടന വേളയിൽ ബഹുമാനപ്പെട്ട വൈദ്യുത വകുപ്പ് മന്ത്രി വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ 'എന്റെ കേരളം' എക്സിബിഷനിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാതലത്തിൽ വൈദ്യുതസുരക്ഷാ ബോധവൽക്കരണം നൽകുന്ന സ്റ്റാളുകൾ സംഘടിപ്പിച്ചു. വൈദ്യുതസുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി സുരക്ഷാ സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി. വൈദ്യുതി കമ്പി പൊട്ടിവീണ് ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ ട്രാൻസ്ഫോർമറിന്റെ സെക്കൻഡറിയിൽ ബ്രേക്കറുകളും ലൈനിൽ സ്പേസറും, ഗാർഡിംഗും വയ്ക്കുന്ന പദ്ധതി തിരുവനന്തപുരം ജില്ലയിലെ പേട്ട ഇലക്ട്രിക്കൽ സെക്ഷനിൽ നടപ്പിലാക്കിവരുന്നു.

**നിലാവ് പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ഒറ്റപ്പാലം മണ്ഡലത്തിലെ പഞ്ചായത്തുകൾ**

312 (759) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്ന 'നിലാവ്' പദ്ധതിയിൽ ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ?

തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്ന 'നിലാവ്' പദ്ധതിയിൽ ഒറ്റപ്പാലം മണ്ഡലത്തിലെ അനങ്ങനടി പഞ്ചായത്ത് മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്

(ബി) പ്രസ്തുത പദ്ധതിയിൽ ഒറ്റപ്പാലം മുനിസിപ്പാലിറ്റി ഉൾപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ?

ഉൾപ്പെട്ടിട്ടില്ല

**കുന്ദമംഗലത്ത് കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ് കെട്ടിട നിർമ്മാണം**

313 (760) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്തെ കെ.എസ്. ഇ.ബി. സെക്ഷൻ ഓഫീസ് കെട്ടിടം നിർമ്മിക്കാൻ ശിലാസ്ഥാപനം നടത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ?

(ബി) ഈ ഓഫീസിനായുള്ള കെട്ടിടത്തിന്റെ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

ഉണ്ട്; കുന്ദമംഗലം 110 കെ.വി സബ്സ്റ്റേഷൻ കോമ്പൗണ്ടിനകത്ത് ട്രാൻസ്മിഷൻ വിഭാഗത്തിനും ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിനും സംയുക്തമായി ഒരു കെട്ടിട സമുച്ചയം പണിയാൻ തീരുമാനമായിരുന്നു. ഈ കെട്ടിടത്തിൽ ട്രാൻസ്മിഷൻ വിഭാഗത്തിലെയും ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെയും ഓഫീസുകൾ പ്രവർത്തിക്കുവാനായാണ് ഉദ്ദേശിച്ചിരുന്നത്. ആയതിന്റെ ഭരണാനുമതി, ടെക്നിക്കൽ സാങ്ഷൻ, ടെണ്ടറിംഗ് എല്ലാം Kozhikode ട്രാൻസ്മിഷൻ സർക്കിളിന്റെ പരിധിയിലാണ് നടപ്പിലാക്കിയിരുന്നത്.

കുന്നമംഗലത്ത് 110 KV സബ്സ്റ്റേഷൻ കോമ്പൗണ്ടിനകത്ത് പ്രസരണ വിഭാഗത്തിനും വിതരണ വിഭാഗത്തിനും സംയുക്തമായി ഒരു കെട്ടിടം പണിയുന്ന പ്രവർത്തിക്കുള്ള എസ്റ്റിമേറ്റിന് 22-10-2010-ൽ അനുമതി നൽകിയിരുന്നു. എന്നാൽ കെട്ടിടനിർമ്മാണത്തിനായി രണ്ട് തവണ

ടെൻഡർ ചെയ്തെങ്കിലും എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതൽ തുകയ്ക്കാണ് ടെൻഡർ ലഭിച്ചത്, ആയതിനാൽ ടെൻഡർ ക്യാൻസൽ ചെയ്യപ്പെട്ടു. പിന്നീട് 110 KV സബ്സ്റ്റേഷൻ ആയിരുന്ന കുന്നമംഗലം സബ്സ്റ്റേഷൻ 220 KV ആയി ഉയർത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള കുറ്റിക്കാട്ടൂർ-കുന്നമംഗലം, കുന്നമംഗലം താമരശ്ശേരി എന്നീ 66 KV ലൈനുകൾ 110 KV ഡബിൾ സർക്യൂട്ട് ആക്കുകയും ചെയ്യാനുള്ള തീരുമാനം ഉണ്ടായി. കൂടാതെ നിലവിലുള്ള കക്കയം ലൈനിനെ 220 KV ആയി ഉയർത്തുന്ന കാര്യവും പരിഗണിക്കപ്പെട്ടു. ഈ നിർദ്ദേശങ്ങൾ വരുമ്പോൾ ആ ഭാഗത്ത് ഒരു കെട്ടിടം വരുന്നത് ഒരു തടസ്സമായി വരുമെന്നതിനാൽ പ്രസ്തുത പ്രൊപ്പോസൽ താൽക്കാലികമായി മാറ്റിവെയ്ക്കുകയായിരുന്നു. ഇപ്പോൾ കുന്നമംഗലം സബ്സ്റ്റേഷൻ 220 KV ആക്കികൊണ്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കപ്പെട്ട സാഹചര്യത്തിൽ 2022-ൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പണിയുന്നതിന് 10 സെന്റ് സ്ഥലം 110 KV സബ്സ്റ്റേഷൻ കോമ്പൗണ്ടിൽനിന്നും അനുവദിക്കണമെന്ന വിതരണ വിഭാഗത്തിൽനിന്നുള്ള ആവശ്യത്തിന് അനുകൂല മറുപടി പ്രസരണ

വിഭാഗത്തിൽനിന്നും നൽകിയിട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ വിതരണ വിഭാഗത്തിൽനിന്നും എടുത്തുവരുന്നു.

(സി) വാടക കെട്ടിടത്തിലാണ് ഇപ്പോഴും ഓഫീസ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഡി) കുന്ദമംഗലം മിനി സിവിൽ സ്റ്റേഷനിൽ ഓഫീസിനുള്ള സ്ഥലം ലഭ്യമാക്കിയിട്ടും അങ്ങോട്ട് മാറ്റാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

ബോർഡിന്റെ ഉടമസ്ഥതയിലുള്ള കുന്ദമംഗലം 110 കെ.വി സബ്സ്റ്റേഷൻ കോമ്പൗണ്ടിനകത്ത് ഇലക്ട്രിക്കൽ സബ് ഡിവിഷൻ കുന്ദമംഗലത്തിനും ഇലക്ട്രിക്കൽ സെക്ഷൻ കുന്ദമംഗലത്തിനുംവേണ്ടി ബിൽഡിംഗ് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാലാണ് സെക്ഷൻ ഓഫീസ് കുന്ദമംഗലം മിനിസിവിൽ സ്റ്റേഷനിലേക്ക് മാറാതിരുന്നത്.

**പാടിയോട്ടുചാൽ കെ.എസ്.ഇ.ബി. സെക്ഷന് പുതിയ കെട്ടിടം**

314 (761) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പാടിയോട്ടുചാൽ കെ.എസ്.ഇ.ബി. സെക്ഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കെട്ടിടനിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

87 ലക്ഷത്തിന്റെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് അറിയിക്കാമോ?

നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചു. രണ്ടു നിലകളുള്ള കെട്ടിടത്തിന്റെ രണ്ടാം നിലയുടെ മേൽക്കൂരയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

**വിളയൂർ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം**

315 (762) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ഇ.ബി.ക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വകയിരുത്തിയ തുക എത്രയാണെന്ന് അറിയിക്കാമോ?

2023-24 സാമ്പത്തിക വർഷത്തെ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ബഡ്ജറ്റിൽ സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി 56 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പട്ടാമ്പി മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിളയൂർ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. ബോർഡ് നിർദ്ദേശപ്രകാരം വിളയൂർ പഞ്ചായത്തിൽനിന്നും കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം പേരിൽ സ്ഥലം

അനുവദിക്കുന്നമുറയ്ക്ക് കെ.എസ്.ഇ.ബി.എല്ലിന്റെ സാമ്പത്തിക ഉത്തരവാദിത്വത്തിൽ ഓഫീസ് നിർമ്മാണം നടത്താവുന്നതാണ്.

**പുനലൂർ റെയിൽ ട്രാക്ഷൻ സബ്സ്റ്റേഷനിൽ വൈദ്യുതി എത്തിക്കൽ**

316 (763) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ കെ.എസ്.ഇ.ബി. സബ്സ്റ്റേഷനിൽനിന്ന് പുനലൂരിൽ നിർമാണം നടന്നുവരുന്ന റെയിൽവേ സബ്സ്റ്റേഷനിൽ വൈദ്യുതി എത്തിക്കുന്നതിന് കഴിഞ്ഞ വർഷം സെപ്റ്റംബറിൽ സമർപ്പിച്ച 27.5 കോടിയുടെ അടങ്കലിന് കെ.എസ്.ഇ.ബി. അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

പുനലൂരിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ട്രാക്ഷൻ സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 28.75 കോടി രൂപയായി ഭേദഗതി ചെയ്ത് 31-07-2023-ന് ഭരണാനുമതി നല്കിയിട്ടുണ്ട്. അതനുസരിച്ച് പ്രസ്തുതപ്രവൃത്തി വർക്ക് ഡെപ്പോസിറ്റ് അടിസ്ഥാനത്തിൽ ചെയ്യുന്നതിനായി റെയിൽവേയ്ക്ക് 01-

08-2023-ൽ എസ്റ്റിമേറ്റ് തുക അടയ്ക്കുന്നതിനുള്ള ഡിമാന്റ്-കം-ഇന്റിമേഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പുനലൂർ-ചെങ്കോട്ട റെയിൽ പാത വൈദ്യുതീകരണം പൂർത്തിയാക്കി, പാത കമ്മീഷൻ ചെയ്യുന്നതിന് കൊല്ലം റെയിൽവേ ട്രാക്ഷൻ സബ്സ്റ്റേഷനിൽ എന്നത്തേക്ക് വൈദ്യുതി നൽകാനാവുമെന്ന് അറിയിക്കുമോ?

പുനലൂർ-ചെങ്കോട്ട റെയിൽ പാത വൈദ്യുതീകരണം പൂർത്തിയാക്കി പാത കമ്മീഷൻ ചെയ്യുന്നതിന് പുനലൂർ ട്രാക്ഷൻ സബ്സ്റ്റേഷനിൽ നിന്നാണ് വൈദ്യുതി നൽകാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത ട്രാക്ഷൻ സബ്സ്റ്റേഷനിലേക്ക് വൈദ്യുതി നൽകുന്നതിനുവേണ്ടിയുള്ള 28.75 കോടി രൂപയുടെ ഭരണാനുമതി 31-07-2023-ൽ നൽകിയിട്ടുണ്ട്. അതനുസരിച്ച് പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനുള്ള വർക്ക് ഡെപ്പോസിറ്റ് തുക അടയ്ക്കുന്നതിലേക്ക് 01-08-2023-ൽ റെയിൽവേയ്ക്ക് ഡിമാന്റ്-കം-ഇന്റിമേഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. റെയിൽവേ, വർക്ക് ഡെപ്പോസിറ്റ് തുക അടയ്ക്കുന്നമുറയ്ക്ക് പണി ആരംഭിച്ച്

പ്രസ്തുത ട്രാക്ഷൻ സബ്സ്റ്റേഷനിലേക്ക് ഒന്നര വർഷത്തിനുള്ളിൽ വൈദ്യുതി നൽകാനാണ് ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത വിഷയത്തിൽ റെയിൽ ഉദ്യോഗസ്ഥരുടെയും, വകുപ്പ് മന്ത്രിയുടെയും എം.എൽ.എ.യുടെയും സാന്നിദ്ധ്യത്തിൽ 7 മാസങ്ങൾക്കുമുമ്പ് ചേർന്ന യോഗത്തിലെ തീരുമാനം അനുസരിച്ച് കൈക്കൊണ്ടിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പുനലൂരിൽ നിർമ്മാണത്തിലിരിക്കുന്ന റെയിൽവെയുടെ ട്രാക്ഷൻ സബ്സ്റ്റേഷനിലേക്ക് വൈദ്യുതി കണക്ഷൻ നൽകുന്ന വിഷയത്തിൽ റെയിൽവേ ഉദ്യോഗസ്ഥരുടെയും, ബഹുമാനപ്പെട്ട എം.എൽ.എ.-യുടെയും സാന്നിദ്ധ്യത്തിൽ വൈദ്യുതി വകുപ്പുമന്ത്രി 21-12-2022-ന് നടത്തിയ യോഗത്തിൽ കേരളത്തിലെ ട്രാക്ഷൻ സബ്സ്റ്റേഷനുകളിൽ നിലവിലുള്ള 2 ഫേസ് സപ്ലൈ സിസ്റ്റത്തിനെ 3 ഫേസാക്കി മാറ്റുന്നത് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കുന്ന കാര്യം റെയിൽവേ ബോർഡിന്റെ അജണ്ടയിൽപ്പെടുത്തി അവതരിപ്പിക്കാമെന്ന് റെയിൽവേ ഉദ്യോഗസ്ഥർ സമ്മതിച്ചിരുന്നു. കെ.എസ്.ഇ.ബി.എൽ. പ്രസരണ വിഭാഗം ഡയറക്ടർ

08-03-2023-ന് വിളിച്ച യോഗത്തിൽ സംസ്ഥാനത്ത് നിലവിലുള്ള എല്ലാ ട്രാക്ഷൻ സബ്സ്റ്റേഷനുകളെയും സമയബന്ധിതമായി 3 ഫേസ് സിസ്റ്റത്തിലേക്ക് മാറ്റാം എന്ന് റെയിൽവേ ഉദ്യോഗസ്ഥർ സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ, പുനലൂർ ട്രാക്ഷൻ സബ്സ്റ്റേഷനിലേക്ക് നിലവിൽ 3MVA കോൺട്രാക്ട് ഡിമാൻഡ് മാത്രമേ ആവശ്യമുള്ളു എന്നതിനാലും, ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് പണികളെല്ലാം ഏകദേശം പൂർത്തിയായതിനാലും 2 ഫേസ് കണക്റ്റിവിറ്റി നൽകണമെന്ന റെയിൽവെയുടെ അഭ്യർത്ഥനമാനിച്ച്, ഭാവിയിൽ കോൺട്രാക്ട് ഡിമാൻഡ് കൂടുതലായി വരുമ്പോഴോ, രണ്ടാമതൊരു ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടി വരുമ്പോഴോ 2 ഫേസ് സപ്ലൈയിൽനിന്നും 3 ഫേസ് ആക്കി മാറ്റിക്കൊള്ളാമെന്ന റെയിൽവേയുടെ ഉറപ്പിന്മേൽ ഇവിടേയ്ക്ക് 2 ഫേസ് സപ്ലൈ നൽകാമെന്ന് കെ.എസ്.ഇ.ബി.എൽ. സമ്മതിച്ചിട്ടുണ്ട്. പ്രസ്തുത ട്രാക്ഷൻ സബ്സ്റ്റേഷനിലേയ്ക്ക് വൈദ്യുതി നൽകുന്നതിനുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി 28.75 കോടി രൂപയുടെ ഭരണാനുമതി 31-07-2023-ൽ നൽകിയിട്ടുണ്ട്. അതനുസരിച്ച് പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനുള്ള വർക്ക് ഡെപ്പോസിറ്റ് തുക അടയ്ക്കുന്നതിലേക്ക്

01-08-2023-ൽ റെയിൽവേയ്ക്ക് ഡിമാന്റ്-കം-ഇന്റിമേഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. റെയിൽവേ, വർക്ക് ഡെപ്പോസിറ്റ് തുക അടയ്ക്കുന്നമുറയ്ക്ക് പണി ആരംഭിച്ച് പ്രസ്തുത ട്രാക്ഷൻ സബ്സ്റ്റേഷനിലേക്ക് ഒന്നര വർഷത്തിനുള്ളിൽ വൈദ്യുതി നൽകാനാണ് ഉദ്ദേശിക്കുന്നത്.

**കുറ്റ്യാടി മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

317 (764) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിൽ നിലനിൽക്കുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

വിതരണ വിഭാഗത്തിൽ കുറ്റ്യാടി മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

I. കുറ്റ്യാടി ഗ്രാമ പഞ്ചായത്ത്:- വളയന്നൂർ ഭാഗത്ത് 4 കി.മീ LT ലൈൻ റീകണ്ടക്ടറിംഗ് പ്രവൃത്തി തീരുമാനിച്ചിട്ടുണ്ട്. ഊരത്ത് ഒരു 100 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

II. വേളം ഗ്രാമ പഞ്ചായത്ത്:- കോരങ്കോട്ട് കടവ് ഭാഗത്ത് 1.5 കി. മീ നീളത്തിൽ HT ലൈൻ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

III. പുറമേരി ഗ്രാമ പഞ്ചായത്ത്:- ദാമോദരൻ പീടിക ഭാഗത്ത് 1 കി.മീ LT ലൈൻ കൺവേർഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ വിലാതപുരത്തും 1 കി.മീ LT ലൈൻ കൺവേർഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

IV. കുന്നുമ്മൽ ഗ്രാമ പഞ്ചായത്ത്:- മൊകേരി കലാനഗർ ഭാഗത്ത് ABC കേബിൾ ഉപയോഗിച്ച് 1 കി.മീ LT ലൈൻ കൺവേർഷൻ നടത്തുന്നതിന് ദ്യുതി-2 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കക്കട്ടിൽ-കൈവേലി റോഡിൽ രണ്ട് പ്രവൃത്തികളിലായി HT ലൈൻ ABC കേബിളാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പാതിരിപ്പറ്റ, വട്ടോളി സംസ്കൃതം ഹൈസ്കൂൾ എന്നിവിടങ്ങളിൽ 100 കെ.വി.എ.-യുടെ 2 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

V. തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

1) തുമ്പോളി മുക്ക്- തറോൽ മുക്ക് ഭാഗത്ത് 1.3 കിലോമീറ്റർ 11 കെ.വി OH ലൈൻ കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് മാറ്റി സ്ഥാപിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്

2) കൊട്ടൂൽ മുക്ക് ഭാഗത്ത് 200 മീറ്റർ യു.ജി. കേബിൾ വലിക്കാനുള്ള പ്രവൃത്തി നടപ്പാക്കുന്നതാണ്.

VI. മണിയൂർ ഗ്രാമപഞ്ചായത്ത്

1) പുല്ലാളൂർ- ചരണ്ടത്തൂർ -കുറുന്തോടി ഭാഗത്ത് രണ്ട് കിലോമീറ്റർ എച്ച്.ടി ലൈൻ റീ കണ്ടക്ടറിങ് പ്രവൃത്തി നടപ്പാക്കുന്നതാണ്.

2) കോയകുട്ടിവയൽ മന്ദരത്തൂർ ഭാഗത്ത് ഒരു 100kVA ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

VII. ആയഞ്ചേരി ഗ്രാമപഞ്ചായത്ത്

കാക്കോറ ഭാഗത്ത് 250 മീറ്റർ എൽ.ടി ലൈൻ എ.ബി.സി ഉപയോഗിച്ച് കൺവർഷൻ ചെയ്യാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

VIII. വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്

മയ്യന്നൂർ ലക്ഷം വീട് ഭാഗത്ത് 400 മീറ്റർ എച്ച്.ടി എ.ബി.സി വലിച്ച് ഒരു 100kVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

കുറ്റ്യാടി മണ്ഡലത്തിലെ വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മണിയൂർ പഞ്ചായത്തിലുള്ള കീഴൽ എന്ന പ്രദേശത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മണിയൂരിലെ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതുവഴി ഏതൊക്കെ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ സാധിക്കുമെന്നറിയിക്കാമോ?

മണിയൂർ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതുവഴി മണിയൂർ, വില്ല്യാപ്പള്ളി, തിരുവള്ളൂർ, ആയഞ്ചേരി, തുറയൂർ പഞ്ചായത്തുകളിലേയും വടകര മുനിസിപ്പാലിറ്റി, പയ്യോളി മുനിസിപ്പാലിറ്റിയിലെ ചില ഭാഗങ്ങൾ കരിമ്പനപ്പാലം പുതുപ്പന മന്ദാരത്തൂർ ചെരണ്ടത്തൂർ, തോടന്നൂർ, മേമുണ്ട,

വടകര എന്നിവിടങ്ങളിലേയും വൈദ്യുതി വിതരണം മെച്ചപ്പെടുത്തുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മണിയൂരിലെ സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

മണിയൂർ സബ്സ്റ്റഷൻ നിർമ്മാണത്തിനുള്ള ലോഡ് ഫ്ലോ സ്റ്റഡിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. AS നടപടികൾ പുരോഗമിക്കുന്നു. സബ്സ്റ്റേഷൻ സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന്റെ ഭാഗമായി വടകര നഗരസഭയുടെ കൈവശമുള്ള ഒരു സ്ഥലം നഗരസഭ അധികൃതരും കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും ചേർന്ന് സംയുക്ത പരിശോധന നടത്തിയെങ്കിലും പ്രസ്തുത സ്ഥലത്തേയ്ക്ക് പ്രവേശിക്കുവാനുള്ള റോഡിന് ട്രാൻസ്ഫോർമർ ഉൾപ്പെടെ വലിയ ഉപകരണങ്ങൾ കൊണ്ടുപോകാനാവശ്യമായ വീതിയില്ല. കൂടാതെ അവിടേയ്ക്കുള്ള വളവുകൾ നിറഞ്ഞതും ചെങ്കുത്തായതുമായവഴി വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കേണ്ടി വരികയും ആയതിനുൾപ്പെടെ ഏകദേശം 3 കോടി രൂപയോളം അധിക ബാധ്യത ഉണ്ടാകുന്നതുമാണ്. നഗരസഭ

അധീനതയിലുള്ള സ്ഥലത്തിന്റെ അനുയോജ്യത പരിശോധിക്കുന്നതിനായി സമ്മതപത്രം ലഭ്യമാക്കാൻ നഗരസഭയോട് നിരവധി തവണ ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെ ഇതുസംബന്ധിച്ച യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. നഗരസഭയിൽനിന്ന് അനുമതി ലഭ്യമാകുന്നമുറയ്ക്ക് മേൽവിഷയങ്ങൾകൂടി പരിഗണിച്ചശേഷം മാത്രമേ പ്രസ്തുത സ്ഥലത്ത് ഒരു സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള തീരുമാനം കെ.എസ്.ഇ. ബി.എൽ-നു കൈകൊള്ളാൻ സാധിക്കുകയുള്ളൂ. കൂടാതെ മറ്റനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. ഏറ്റവും അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നമുറയ്ക്ക് സ്ഥലം ഏറ്റെടുത്ത് സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

**ചങ്ങരംകുളം മേഖലയിൽ സബ് സ്റ്റേഷൻ പണിയുന്നതിന് നടപടി**

318 (765) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി മണ്ഡലത്തിലെ ചങ്ങരംകുളം മേഖലയിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഒരു വൈദ്യുതി സബ് സ്റ്റേഷൻ

പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

പൊന്നാനി മണ്ഡലത്തിലെ ചങ്ങരംകുളം മേഖലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 110 കെ.വി എടപ്പാൾ സബ്സ്റ്റേഷനിൽ ഒരു 16 എം.വി.എ 110/33 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിച്ച് ചങ്ങരംകുളം പ്രദേശത്തേക്ക് 9.5 കിലോമീറ്റർ 33 കെ.വി സിംഗിൾ സർക്യൂട്ട് ലൈൻ നിർമ്മിച്ച് ചങ്ങരംകുളം പ്രദേശത്ത് ഒരു 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായുള്ള പദ്ധതിയുടെ ഭരണാനുമതി 28-02-2023-ന് നൽകിയിട്ടുണ്ട്. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നെല്ലിക്കാപറമ്പ് സബ്സ്റ്റേഷൻ**

319 (766) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ൽ വൈദ്യുതി ബോർഡ് ആവിഷ്കരിച്ച നെല്ലിക്കാപറമ്പ് സബ്സ്റ്റേഷൻ ഇനിയും പ്രവർത്തനമാരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

നെല്ലിക്കാപ്പറമ്പ് 33 കെ വി സബ്സ്റ്റേഷന് 2010-ൽ ഭരണാനുമതി ലഭിച്ചെങ്കിലും അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. പിന്നീട് 2021 നവംബറിൽ M/s Poabs Rocks Products Ltd. കോഴിക്കോട് എന്ന സ്ഥാപനം അവരുടെ കൈവശമുള്ള 35 സെന്റ് സ്ഥലം സബ്സ്റ്റേഷൻ നിർമ്മാണാവശ്യത്തിനായി KSEBL-ന് വിട്ടുതരാൻ തയ്യാറാണെന്ന് അറിയിക്കുകയും അതനുസരിച്ച് RDSS-ലുൾപ്പെടുത്തുകയും ചെയ്തു. എന്നാൽ RDSS പദ്ധതികൾ നടപ്പിലാക്കാൻ സമയമെടുക്കുമെന്നതിനാൽ നെല്ലിക്കാപ്പറമ്പ് 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം KSEBL തനതുഫണ്ടിലേക്ക് മാറ്റിവകയിരുത്തി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതിയുടെ സാങ്കേതിക പഠനം നടത്തി അനുകൂലറിപ്പോർട്ട് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത

പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കി പുതുക്കിയ ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ?

ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കെ. എസ്. ഇ. ബി. സബ് സ്റ്റേഷന്റെ നിർമ്മാണം**

320 (767) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ നിർമ്മാണത്തിന് വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏതുഘട്ടത്തിലാണ് എന്നറിയിക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ കടമ്പഴിപ്പുറം പഞ്ചായത്തിൽ ഒരു പുതിയ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിന്റെ സ്ഥലം

അനുയോജ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, സ്ഥലം വിട്ടുനൽകുന്നതിന് ജലവിഭവ വകുപ്പിന്റെ അനുമതിക്കായി കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ചിരുന്ന അപേക്ഷ, ജലവിഭവ വകുപ്പിന്റെ IR1/247/2018/WRD നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല.

(ബി) പ്രസ്തുത സ്ഥലം കെ.എസ്.ഇ.ബി.ക്ക് വിട്ടുനൽകുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ കടമ്പഴിപ്പുറം പഞ്ചായത്തിൽ ഒരു പുതിയ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിന്റെ സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, സ്ഥലം വിട്ടുനല്കുന്നതിന് ജലവിഭവ വകുപ്പിന്റെ അനുമതിക്കായി കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ചിരുന്ന അപേക്ഷ, ജലവിഭവ വകുപ്പിന്റെ IR1/247/2018/WRD നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല.

**ഒറ്റശേഖരമംഗലം 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം**

321 (768) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പാറശാല മണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ടായിരുന്നു. എന്നാൽ കെ.എസ്.ഇ.ബി.എൽ. നടത്തിയ വിശദമായ സാങ്കേതിക പഠനത്തിൽ ഒറ്റശേഖരമംഗലത്ത് 33 കെ.വി സബ്സ്റ്റേഷന്റെ

ആവശ്യകതയാണ് ശിപാർശ ചെയ്തിട്ടുള്ളത്. 33 കെ.വി. സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള 33 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഒറ്റശേഖരമംഗലം ഗവ: സ്കൂളിനുസമീപം കണ്ടെത്തിയ ഭൂമി പദ്ധതിക്ക് അനുയോജ്യമാണോ; വിശദമാക്കുമോ?

സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഒറ്റശേഖരമംഗലം സ്കൂളിനുസമീപമുള്ള ഭൂമി ഉൾപ്പെടെ മൂന്ന് സ്ഥലങ്ങൾ കണ്ടെത്തിയിരുന്നു. ഒറ്റശേഖരമംഗലം ഗവൺമെന്റ് സ്കൂളിനുസമീപം കണ്ടെത്തിയ ഭൂമി 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമാണെങ്കിലും ഇതിലേക്കാവശ്യമായ 50-70 സെന്റ് ഭൂമി വേർതിരിച്ച് നൽകാനാകില്ലെന്ന് ടി ഭൂമിയുടെ ഉടമ അറിയിച്ചിട്ടുണ്ട്.

(സി) പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; നിർമ്മാണം എന്നത്തേക്ക്

ആരംഭിക്കാനാകുമെന്നും ചെലവ് എത്ര പ്രതീക്ഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) സബ്സ്റ്റേഷന്റെ നിർമ്മാണം എത്രയുംവേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(സി&ഡി) വിശദമായ സാങ്കേതിക പഠനം നടത്തിയതിന്റെ ഭാഗമായി ഒറ്റശേഖരമംഗലത്ത് 33 കെ. വി. സബ്സ്റ്റേഷനാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. 33 കെ.വി സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള 33 കെ.വി. ഭൂഗർഭ കേബിൾ എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള DPR തയ്യാറാക്കിയിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മാണത്തിനായുള്ള നിർദ്ദേശം RDSS രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നു. സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭരണാനുമതിയും ഭൂമിയും ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്. സബ്സ്റ്റേഷൻ നിർമ്മാണത്തിനായി 20.50 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

**കരിന്തളം 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം**

322 (769) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിന്തളം 400 കെ.വി. സബ്സ്റ്റേഷൻ, ഉഡുപ്പി - കാസർഗോഡ് 400 കെ.വി. ലൈൻ നിർമ്മാണം എന്നിവയുടെ പുരോഗതി വിശദമാക്കാമോ?

കേന്ദ്ര ഊർജ്ജവകുപ്പിന്റെ ഭാഗമായ REC ട്രാൻസ്മിഷൻ പ്രൊജക്റ്റ് കമ്പനി ലിമിറ്റഡ് TBCB വ്യവസ്ഥയിൽ ക്ഷണിച്ച ടെൻഡർ ലഭിച്ച കമ്പനിയായ സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനിയാണ് നിർദ്ദിഷ്ട 400 കെ.വി ഉഡുപ്പി-കരിന്തളം 400 കെ.വി ലൈനും, കരിന്തളം സബ്സ്റ്റേഷനും നിർമ്മിക്കുന്നത്. UKTL കമ്പനിയിൽനിന്ന് കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമായ വിവരങ്ങൾ പ്രകാരം പ്രസ്തുത 400 കെ.വി ലൈനിന്റെ കേരളത്തിന്റെ ഭാഗത്തുള്ള ജോലികളുടെ വിശദാംശങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

ആകെ ലൈൻ നിർമ്മിക്കേണ്ട ദൂരം (കേരളം) - 48 km

ആകെ ട്രാൻസ്മിഷൻ ടവറുകളുടെ എണ്ണം - 101 എണ്ണം

ടവർ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായത് - 91 എണ്ണം (ഇതിൽ 78 ടവറുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.)

നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നവ - 2 എണ്ണം

നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തത്
(വനത്തിൽ ഉൾപ്പെട്ടുവരുന്നത്) - 8 എണ്ണം

ലൈൻ നിർമ്മാണം പൂർത്തിയായത് - 0.84 km (കരിന്തളം)

കൂടാതെ, UKTL കമ്പനിയിൽനിന്ന് കെ.എസ്.ഇ.ബി.എൽ-ന് ലഭ്യമായ വിവരങ്ങൾപ്രകാരം പ്രസ്തുത 400 കെ.വി സബ്സ്റ്റേഷന്റെ കൺട്രോൾ റൂമും അനുബന്ധ ബിൽഡിംഗുകളുടെ പണിയും പൂർത്തീകരിച്ചു. ട്രാൻസ്ഫോർമറുകൾ, അനുബന്ധ ഗ്യാസ് ഇൻസുലേറ്റഡ് സ്വിച്ച് ഗിയർ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണത്തിനായി സ്ഥലമുടമകൾക്ക് നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ?

ടവർ നിർമ്മാണത്തിനായി ഏറ്റെടുത്ത സ്ഥലത്തിനുള്ള നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**പട്ടിക്കാട് 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി**

323 (770) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക്കാട് ഭാഗത്ത് 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

പട്ടിക്കാട് ഭാഗത്ത് 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രൊപ്പോസലുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി വിവരങ്ങൾ എന്താണെന്ന് വിശദമാക്കുമോ?

(സി) പ്രസ്തുത പദ്ധതി വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ബാധകമല്ല.

**തിരൂരങ്ങാടി മണ്ഡലത്തിലെ വെന്നിയൂർ സബ്സ്റ്റേഷന്റെ നിർമ്മാണം**

324 (771) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി മണ്ഡലത്തിലെ നിർദ്ദിഷ്ട വെന്നിയൂർ കെ.എസ്.ഇ.ബി. സബ്സ്റ്റേഷന്റെ കപ്പാസിറ്റി എത്രയാണ്; ആയതിന്റെ നിർമ്മാണ പുരോഗതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

തിരൂരങ്ങാടി മണ്ഡലത്തിലെ വെന്നിയൂരിൽ 10 MVA ശേഷിയുള്ള 33KV സബ്സ്റ്റേഷനാണ് നിർമ്മിക്കാനുദ്ദേശിച്ചിട്ടുള്ളത്. ടി സബ്സ്റ്റേഷനുള്ള ഭരണാനുമതി 04-04-2023-ന് നൽകിയിട്ടുണ്ട്. ടി സബ്സ്റ്റേഷനിലേക്കുള്ള 33KV, 1.7Km ഭൂഗർഭ കേബിൾ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി തുടങ്ങാൻ കരാറുകാരന് അനുമതി നൽകിയിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കേരള ഹൈഡൽ ടൂറിസം സെന്റർ**

325 (772) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈഡൽ ടൂറിസം സെന്ററിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ നടന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള ഹൈഡൽ ടൂറിസം സെന്ററിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ചെറുതും വലുതുമായ ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഇതിന്റെ ഫലമായി ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ നൽകാമോ?

2021-22 സാമ്പത്തിക വർഷത്തിൽ 11,35,19,606/- രൂപയുടെ വരുമാനവും 2022-23 സാമ്പത്തിക വർഷത്തിൽ 24,68,26,297/- രൂപയുടെ വരുമാനവും ഹൈഡൽ ടൂറിസം സെന്ററിന് ഉണ്ടായിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 10 കോടിയോളം രൂപയുടെ ലാഭമാണ് ഹൈഡൽ ടൂറിസം സെന്ററിന് ഉണ്ടായിട്ടുള്ളത്.

## സ്വകാര്യ വൈദ്യുത ഉല്പാദനം

326 (773) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) കെ.എസ്.ഇ.ബി.-യുടെ ശൃംഖലയുമായി ബന്ധപ്പെടുത്താതെ വൈദ്യുതി ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്നതിന് അനെർട്ട് മുഖേനയോ ഏതെങ്കിലും ഏജൻസി മുഖേനയോ സ്വകാര്യ വ്യക്തികൾക്ക് സാധിക്കുമോയെന്ന് അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ. ശൃംഖലയുമായി ബന്ധപ്പെടുത്താതെ (OFF-GRID നിലയങ്ങൾ) സ്വകാര്യ വ്യക്തികൾക്ക് ANERT മുഖേനയോ മറ്റ് ഏജൻസികൾ മുഖേനയോ വൈദ്യുതി ഉത്പാദിപ്പിച്ച് ഉപയോഗിക്കാവുന്നതാണ്. കെ.എസ്.ഇ.ബി.-യുടെ ശൃംഖലയുമായി ബന്ധപ്പെടുത്താതെ വൈദ്യുതി ഉല്പാദിപ്പിക്കുന്ന പീക്കോ (കുഞ്ഞൻ) ജലവൈദ്യുത പദ്ധതികൾ എനർജി മാനേജ്മെന്റ് സെന്റർ മുഖേന നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 125 പദ്ധതികൾ നടപ്പിലാക്കിയിരുന്നു.

(ബി) അത്തരം ഉല്പാദനവും ഉപയോഗവും എവിടെയെല്ലാം നടക്കുന്നുണ്ടെന്ന് അറിയിക്കാമോ; ആയതിനായി എന്തൊക്കെ അനുമതികളാണ് സ്വകാര്യ വ്യക്തികൾ കരസ്ഥമാക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ താഴെത്തുടുക്കി, ഇടുക്കി ജില്ലയിലെ പുറവയൽ തുടങ്ങിയ സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി.എൽ. ശൃംഖലയുമായി ബന്ധിപ്പിക്കാതെ അനെർട്ട് മുഖേന വൈദ്യുതി ഉല്പാദിപ്പിച്ച് ഉപയോഗിച്ചുവരുന്നുണ്ട്. എനർജി മാനേജ്മെന്റ് സെന്റർ മുഖേന നടപ്പിലാക്കിയിരുന്ന പീക്കോ ജലവൈദ്യുത പദ്ധതികൾ പത്തനംതിട്ട, ഇടുക്കി, വയനാട്, കോഴിക്കോട് എന്നിവിടങ്ങളിലെ മലയോര പ്രദേശങ്ങളിൽ 2016-17-ഓടുകൂടി നടപ്പിലാക്കി പൂർത്തീകരിച്ചിരുന്നു. പീക്കോ പദ്ധതികളുമായി ബന്ധപ്പെട്ട അപേക്ഷ ഇ.എം.സി SHP സെല്ലിൽ സമർപ്പിക്കാവുന്നതാണ്. ലഭ്യമായ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.എൽ. ഉപഭോക്താക്കൾ, കെ.എസ്.ഇ.ബി.എൽ. ശൃംഖലയുമായി ബന്ധിപ്പിക്കാതെ OFF-GRID നിലയങ്ങൾവഴി 705 ഇടങ്ങളിലായി ആകെ 1.4 MW-ന്റെ വൈദ്യുതി ഉത്പാദിപ്പിച്ച് ഉപയോഗിക്കുന്നുണ്ട്. 10 kVA-യ്ക്ക് മുകളിൽ സ്ഥാപിത ശേഷിയുള്ള മേൽപ്പറഞ്ഞ നിലയങ്ങൾക്ക് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതി ആവശ്യമാണ്. കൂടാതെ Wind Energy Generator-കൾക്ക് ANERT-ന്റെ

Technical Approval-ഉം ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് Energy Management Centre (EMC)-ന്റെ Techno Economic Feasibility Report-ഉം ആവശ്യമാണ്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേർസ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻ 2023-ലെ റെഗുലേഷൻ 34 പ്രകാരം 10 കെ.വി.എ.-യും അതിനുമുകളിലുമുള്ള ജനറേറ്റർ പ്രതിഷ്ഠാപനങ്ങൾക്കും മറ്റ് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾക്കും (കെ.എസ്.ഇ.ബി.-യുടെ ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുള്ളവയും അല്ലാത്തവ ആയാലും) ഇലക്ട്രിക്കൽ ഇൻസ്പെക്ടറിന്റെ അനുമതി ആവശ്യമാണ്.

(സി) കാറ്റ്, സൗരോർജ്ജം എന്നിവ മുഖേന ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ശൃംഖലയുമായി ബന്ധിപ്പിക്കാതെ ഉപയോഗിക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സങ്ങൾ ഉണ്ടോയെന്ന് വിശദമാക്കാമോ?

കാറ്റ്, സൗരോർജ്ജം എന്നിവ മുഖേന ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ശൃംഖലയുമായി ബന്ധിപ്പിക്കാതെ ഉപയോഗിക്കുന്നതിന് നിയമ തടസ്സങ്ങളില്ല. എന്നാൽ സെൻട്രൽ

ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേർസ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻ 2023-ലെ റെഗുലേഷൻ 34 പ്രകാരം 10 കെ.വി.എ-യും അതിനുമുകളിലും ശേഷിയുള്ള കാറ്റ്, സൗരോർജ്ജം എന്നിവ മുഖേന ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ശൃംഖലയുമായി ബന്ധിപ്പിക്കാതെ ഉപയോഗിക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി ആവശ്യമാണ്. Wind Energy Generator-കൾക്ക് ANERT-ന്റെ Technical Approval-ഉംകൂടി ആവശ്യമാണ്.

**സർക്കാർ വകുപ്പുകൾ കുടിശിക ഇനത്തിൽ വൈദ്യുതി ബോർഡിന് നൽകാനുള്ള തുക**

327 (774) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകൾ കുടിശ്ശിക ഇനത്തിൽ വൈദ്യുതി ബോർഡിന് നൽകാനുള്ള തുക എത്രയാണ് എന്നതിന്റെ വിശദാംശം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ?

30-06-2023-ലെ ക്രോഡീകരിച്ച കണക്ക് (താൽക്കാലിക) പ്രകാരമുള്ള വിവിധ സർക്കാർ വകുപ്പുകളുടെ കുടിശ്ശികവിവരം വകുപ്പുതിരിച്ച് അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) കുടിശ്ശിക തുകയുടെ പേരിൽ പോലീസ് വകുപ്പും വൈദ്യുതി ബോർഡും തമ്മിലുള്ള തർക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

കുടിശ്ശിക തുകയുടെ പേരിൽ പോലീസ് വകുപ്പും വൈദ്യുതി ബോർഡും തമ്മിൽ തർക്കം നിലവിലുണ്ട്. 04/2004 മുതൽ 03/2013 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക മാറ്റി നിർത്തിയതിനുശേഷം 04/2013 മുതൽ കേന്ദ്രീകൃത ബില്ലിംഗ് സംവിധാനത്തിലേയ്ക്ക് പോലീസ് വകുപ്പ് വന്നിട്ടുണ്ട്. കോസ്റ്റ് ഓഫ് ഗാർഡ് സംബന്ധിച്ച് പോലീസ് വകുപ്പിന് നൽകാനുള്ള തുക കണക്കാക്കുന്നതിലെ അപാകത (hike factor) തീർപ്പാക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. മേൽതർക്കം തീർപ്പാക്കാത്ത കാരണത്താൽ 04/2023 മുതൽ പോലീസ് വകുപ്പ് വൈദ്യുതി ചാർജ്ജ് തുക അടവാക്കുന്നില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) വൈദ്യുതി കുടിശ്ശിക തുക ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും പിരിച്ചെടുക്കാൻ വൈദ്യുതി ബോർഡ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

വൈദ്യുതി കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും, കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടെയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുകയും ചെയ്യുന്നുണ്ട്. പലപ്പോഴായി KSERC-യുടെ അനുമതിയോടുകൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽനിന്നും കെ.എസ്.ഇ.ബി.എൽ. കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ

വന്നതിനുശേഷം 2016-ലും 2018-ലും 2019-ലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു.

KSERC-യുടെ അനുമതിക്കനുസൃതമായി പലിശയിനത്തിൽ ഇളവുകൾ നൽകിയും ആവശ്യമെങ്കിൽ പലിശത്തുകയ്ക്ക് തവണകളനുവദിച്ചും നിബന്ധനകൾക്കുവിധേയമായി കുടിശ്ശിക മുതലിനുതന്നെ തവണകൾ നൽകിയും ഉപഭോക്താക്കൾക്ക് പരമാവധി പ്രയോജനപ്പെടുത്തക്കവിധവും പരമാവധി കുടിശ്ശിക പിരിച്ചെടുക്കത്തക്കവിധവുമാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നത്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കുംകൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ടായിരുന്നു. നിലവിൽ 20-07-2023 മുതൽ 30-12-2023 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രാബല്യത്തിലുണ്ട്.

കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നിലവിൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് കുടിശ്ശിക നോട്ടീസുകൾ നൽകി തുടർന്നും അടവ്

വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു. കൂടാതെ വൈദ്യുതി അദാലത്തുകൾ മുഖേന തർക്കങ്ങളിൽപ്പെട്ടുംമറ്റും അടവാക്കാത്ത കുടിശ്ശികകളിന്മേൽ ഉപഭോക്താക്കളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് തീരുമാനങ്ങളിൽ എത്തിച്ചേരുകവഴി കുടിശ്ശിക തുകകൾ പിരിച്ചെടുക്കാൻ സാധിക്കുന്നുണ്ട്. ഇതുകൂടാതെ വൈദ്യുതി ബോർഡ് പലപ്പോഴായി നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽക്കൂടി വിവിധ ജുഡീഷ്യൽ ഫോറങ്ങളിൽ വർഷങ്ങളായി തീർപ്പാക്കാതെ നിൽക്കുന്ന കുടിശ്ശികകളിന്മേൽ തീരുമാനമാക്കാനും ആയതുവഴി കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

**കുറ്റ്യാടി മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷൻ**

328 (775) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ നിലവിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ പ്രവർത്തനക്ഷമമായിട്ടുള്ളത് എന്ന് വിശദമാക്കാമോ?

കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി.എൽ. മുഖേന താഴെ പറയുന്ന പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ പ്രവർത്തനക്ഷമമാണ്.

1. Ayanchery Naolom Korol
2. ആയഞ്ചേരി തെരുവ്
3. തീക്കുനി
4. അരൂർ
5. ചേരപുരം
6. കക്കട്ടിൽ ടൗൺ.

(ബി) സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതുകാരണം പുതുതായി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. സംസ്ഥാനത്തെ ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പുതുതായി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സ്വകാര്യ സംരംഭകർക്ക് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന DC ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾക്ക് മെഷീൻ വിലയുടെ 25% സംസ്ഥാന സർക്കാർ അനെർട്ട് വഴി സബ്സിഡി ആയി നൽകിവരുന്നു. ഇ-കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള സൗരോർജ്ജ ചാർജിംഗ് സ്റ്റേഷനുകൾക്ക് സബ്സിഡി നൽകിവരുന്നു. DC ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഒരുക്കുന്നതിന് ഒരു കിലോവാട്ടിന് ₹20,000/- എന്ന നിരക്കിൽ 5 kW മുതൽ 50 kW വരെയുള്ളവയ്ക്ക് ഒരു ലക്ഷം മുതൽ പരമാവധി പത്ത് ലക്ഷം രൂപ വരെയാണ് സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകിവരുന്നത്.

(സി) എങ്കിൽ കുറ്റ്യാടി മണ്ഡലത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് പുതുതായി ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. മുഖേന പുതിയ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലില്ല. അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലമുള്ള ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

**പെരിന്തൽമണ്ണ മണ്ഡലത്തിലെ വോൾട്ടേജ് പ്രശ്നം പരിഹരിക്കാൻ നടപടി**

329 (776) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പഞ്ചമി സ്കൂൾ പരിസരം, കക്കൂത്ത്, കുരുവമ്പലം, ചെറുകര, ഏലംകുളം, കട്ടുപ്പാറ, താഴേക്കോട്, മാട്ടറക്കൽ, അരക്കുപറമ്പ്, പുത്തൂർ, ഒടമല, കുറ്റിപ്പുളി ഭാഗങ്ങളിൽ ഏറെക്കാലമായി വോൾട്ടേജ് പ്രശ്നം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രശ്നത്തിന്റെ ശാശ്വത പരിഹാരത്തിന് എന്ത് നടപടികൾ കൈക്കൊള്ളാനാണ് കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(ബി&സി) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ പെരിന്തൽമണ്ണ സെക്ഷനുകീഴിലെ പഞ്ചമി സ്കൂൾ പരിസരത്തെ വോൾട്ടേജ് ക്ഷാമം ഇതിനകം പരിഹരിച്ചിട്ടുണ്ട്. കുള്ളത്ത്, വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 1.2 കി.മീ. 11 കെ.വി. ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് 18,32,139/- രൂപയുടെ പ്രവൃത്തി ദ്യുതി-2-ലുൾപ്പെടുത്തി ലൈൻ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. താഴേക്കോട് സെക്ഷന്റെ പരിധിയിൽ മുതിരമണ്ണയിൽ ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചും മാടമ്പാറയിൽ ട്രാൻസ്ഫോർമറിന്റെ ശേഷി 63 കെ.വി.എ.-ൽനിന്നും 100 കെ.വി.എ.-ലേയ്ക്ക് ഉയർത്തിയും, അരക്കുപറമ്പ്, അമ്പലംകുന്ന്,

കുറ്റിപ്പുളി എന്നിവിടങ്ങളിലേയ്ക്കുള്ള ട്രാൻസ്ഫോർമറിന്റെശേഷി 25 കെ.വി.എ.-ൽനിന്നും 100 കെ.വി.എ.-ലേയ്ക്ക് ഉയർത്തിയും വോൾട്ടേജ് ക്ഷാമം പരിഹരിച്ചിട്ടുണ്ട്. താഴേക്കോട് സെക്ഷൻ പരിധിയിൽ ചുവടെ പറയുന്ന പ്രവൃത്തികൾക്കായി 69,39,190/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ദ്യുതി-2 പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

- അരക്കുപറമ്പ് ഇബ്രാഹിം പടി - 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ
- മരാട്ടരിക്ക് - 750 മീ. എച്ച്.ടി. എ.ബി.സി. ലൈൻ നിർമ്മാണം, 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ
- പുത്തൂർ മില്ലുംപടി - 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ
- അരക്കുപറമ്പ് ചുടലപ്പടി - 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ
- ഒടമല - 1 കി.മീ. 11 കെ.വി. ഒ.എച്ച്. ലൈൻ നിർമ്മാണം, 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ

- മാട്ടറക്കൽ മുക്കിലപറമ്പ് - 1 കി.മീ. 11 കെ.വി. ഒ.എച്ച്. ലൈൻ നിർമ്മാണം, 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ

പുലാമന്തോൾ സെക്ഷൻ പരിധിയിൽ ചുവടെ പറയുന്ന പ്രവൃത്തികൾ 63,97,250/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ദ്യുതി-2 പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ചെറുകര റെയിൽവേ സ്റ്റേഷൻ - 300 മീ. 11 കെ.വി. ഒ.എച്ച്. ലൈൻ നിർമ്മാണം
2. 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ
3. പാറക്കൽ ചോല - 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ
4. ഏലംകുളം - 500 മീ. 11 കെ.വി എ.ബി.സി. ലൈൻ നിർമ്മാണം, 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, 750 മീ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുന്ന പ്രവൃത്തി, പുതിയ 120 മീ. ത്രീ ഫേസ് ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി

5. കട്ടപ്പാറ സ്കൂൾ ഏരിയ - 250 മീ. എച്ച്.ടി. എ.ബി.സി. ലൈൻ നിർമ്മാണം, 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ

കൂടാതെ, കുരുവമ്പലം കോരങ്ങാട്- 1.1 കി. മീ. എച്ച്.ടി. എ.ബി.സി. ലൈൻ നിർമ്മാണം, 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്കായി 26,01,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ആർ.ഡി.എസ്.എസ്.-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കുണ്ടറ മണ്ഡലത്തിലെ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ**

330 (777) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലേയ്ക്കായി സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ എവിടെയൊക്കെയാണെന്നും (പോസ്റ്റ് നമ്പർ സഹിതം) ആയതിന്റെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ കുണ്ടറ പഞ്ചായത്തിൽ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിന്റെ മുൻവശത്തായി ഒരു DC ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ

സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 9 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ താഴെ പറയുന്ന സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചിരിക്കുന്ന സ്ഥലം | പോസ്റ്റ് നമ്പർ |
|---|---|---|
| 1 | കണ്ണനല്ലൂർ | KM4 |
| 2 | കുളപ്പാടം | VM76 |
| 3 | മുക്കട | HM-18 |
| 4 | ഈസ്റ്റ്കല്ലട (മുളവന) | PK-65/1 (PK-51/1) |
| 5 | കിളികൊല്ലൂർ(ചന്ദനത്തോപ്പ്) | KK182 (KK-201/W1) |
| 6 | പേരയം | EK111 |
| 7 | പെരിനാട് | EA159/1 |
| 8 | പെരുമ്പുഴ | TH-86 |
| 9 | മൈലാപ്പൂർ | IE 61/3 |

മേൽപ്രസ്താവിച്ച ഒരു ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനും, 9-ൽ 8 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും പ്രവർത്തനക്ഷമമാണ്. എന്നാൽ പേരയത്ത് സ്ഥാപിച്ചിട്ടുള്ള പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷൻ വാഹന അപകടംമൂലം തകരാറിലാണ്. ഇതുപരിഹരിച്ച് സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ട അടിയന്തിരനടപടി സ്വീകരിച്ചുവരുന്നു. മണ്ഡലത്തിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമായ

സ്ഥലവും, മുതൽ മുടക്കിന് താല്പര്യമുള്ള സ്ഥാപനങ്ങളെയും കണ്ടെത്തിയാൽ അനെർട്ട് മുഖേന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുനൽകാൻ കഴിയുന്നതാണ്.

**വെന്നിയൂർ കെ.എസ്.ഇ.ബി. ഗസ്റ്റ് ഹൗസ് നിർമ്മാണം**

331 (778) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ കെ.എസ്.ഇ.ബി. ഗസ്റ്റ് ഹൗസിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

വെന്നിയൂർ കെ.എസ്.ഇ.ബി. ഗസ്റ്റ് ഹൗസ് നിർമ്മാണ പ്രൊപ്പോസൽ നിലവിൽ ഇല്ല.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ പൂർത്തീകരിച്ച നടപടികളും ഇനി പൂർത്തീകരിക്കാനുള്ള നടപടികളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം എന്നേക്ക് ആരംഭിക്കാൻ ആകുമെന്നും, എന്നേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

(ബി - ഡി) ബാധകമല്ല.

**പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ**

332 (779) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായി ഗണിക്കപ്പെടുന്നത് ഏതെല്ലാം സ്രോതസ്സുകളിൽനിന്നുള്ള ഊർജ്ജമാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായി പരിഗണിക്കപ്പെടുന്നത് പ്രധാനമായും സൗരോർജ്ജം, കാറ്റ് വഴിയുള്ള

ഊർജ്ജോല്പാദനം, തിരമാല, ചെറുകിട ജലവൈദ്യുത പദ്ധതികൾ, ഹൈഡ്രോ, സോളാർ എന്നിവയാണ്. കൂടാതെ ബയോ മാസ്സ്/ബയോ-ഇലക്ട്രിസിറ്റി, മുൻസിപ്പൽ സോളിഡ് വേസ്റ്റ് മുഖാന്തരം ഉൽപ്പാദിപ്പിക്കുന്ന ഊർജ്ജം, നോൺ-ഫോസിൽ കോ-ജനറേഷൻ പ്ലാന്റ് വഴിയുള്ള പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളും നിലവിലുണ്ട്.

(ബി) ഇവയെ പ്രോൽസാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ?

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നുമുള്ള വൈദ്യുതോല്പ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ കഞ്ചിക്കോട് പ്രവർത്തിക്കുന്ന 2.025 MW ശേഷിയുള്ള വിൻഡ് ഫാമിന്റെ ഉത്പാദന ശേഷി 6MW ആയി ഉയർത്താനുള്ള നടപടികൾ National Institute of Wind Energy-യുടെ സഹായത്തോടെ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാരമ്പര്യേതര വൈദ്യുതോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ/ഭൂമിയിൽ

സ്ഥാപിക്കുന്ന പുരപ്പുറ സോളാർ/ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ കൂടാതെ വീടുകളുടെ പുരപ്പുറങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന 'സൗര' പദ്ധതി, റിസർവോയറുകളുടെ മുകളിലായി ഫ്ലോട്ടിംഗ് സോളാർ, കനാൽ ബാങ്ക്, കനാൽ ടോപ്പ്, ചാർജ്ജിംഗ് സ്റ്റേഷനുകളിലുള്ള കനോപ്പി തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്നു. കൂടാതെ വർക്ക് ഡെപ്പോസിറ്റ് അടിസ്ഥാനത്തിൽ സർക്കാർ/അർദ്ധസർക്കാർ/എൽ.എസ്.ജി.ഡി./മറ്റുസ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സ്ഥലങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കൽ തുടങ്ങിയ സൗരോർജ്ജ പദ്ധതികളും പുരോഗമിക്കുന്നു. അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിലെ കെ.എസ്.ഇ.ബി.യുടെ 1 മെഗാവാട്ട്, 3 മെഗാവാട്ട് ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ, തദ്ദേശ സ്വയംഭരണ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ മുതൽ മുടക്കി Project Management Consultant അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ. 40 സൈറ്റുകളിലായി നടപ്പിലാക്കിയ 1.3 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ അടുത്തിടെ പൂർത്തിയാക്കി. ബ്രഹ്മപുരം, നെന്മാറ, ഏറ്റുമാനൂർ

എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് വിനിയോഗിച്ച് യഥാക്രമം 4 മെഗാവാട്ട്, 1.5 മെഗാവാട്ട്, 1 മെഗാവാട്ട് എന്നീ സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ നടപടികൾ നടന്നുവരുന്നു. കൂടാതെ, കെ.എസ്.ഇ.ബി.എൽ. Project Management Consultant ആയി തദ്ദേശ സ്വയംഭരണ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ മുതൽമുടക്കി 47 സൈറ്റുകളിലായി 1.7 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികളും പുരോഗമിക്കുന്നു. ഇതിനൊക്കെ പുറമെ PM-KUSUM പദ്ധതിയുടെ "Component" പ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ട് വിനിയോഗിച്ച് 11 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് സൗരോർജ്ജ നിലയങ്ങൾ തിരുവനന്തപുരം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു. കൂടാതെ, പാലക്കാട് ജില്ലയിലെ മൂങ്കിൽമടയിൽ KWA-യുടെ ഉടമസ്ഥതയിലുള്ള 36 ഏക്കറോളം വരുന്ന ഭൂമിയിൽ 6 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ്

സൗരോർജ്ജ നിലയം സ്ഥാപിക്കാനും കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു. PM-KUSUM പദ്ധതിയുടെ 'Component A' മുഖേന കർഷകർക്കോ/മറ്റുനിക്ഷേപകർക്കോ (കർഷകരുടെ ഭൂമി പാട്ടത്തിനെടുത്ത്) മുതൽ മുടക്കി തരിശു ഭൂമിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കാവുന്നതും അതിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതുമാണ്. ഇപ്രകാരം 40 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ 5.5 മെഗാവാട്ടിന് Power Purchase Agreement വച്ചുകഴിഞ്ഞു. കൂടാതെ, കാറ്റിൽനിന്നുള്ള വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 14 മെഗാവാട്ടിന്റെ ലെറ്റർ ഓഫ് അവാർഡ് നൽകിയിട്ടുണ്ട്. കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയം, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള പദ്ധതികൾക്ക് മാനദണ്ഡങ്ങൾക്ക് അനുസൃതമായി സാമ്പത്തിക സഹായം നൽകിവരുന്നു. കൂടാതെ, കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിനുകീഴിൽ ജല വൈദ്യുത പദ്ധതികൾക്ക് ഫ്ലഡ് മോഡറെഷൻ/ബഡ്ജറ്ററി സപ്പോർട്ട്/ ഇൻഫ്രാസ്ട്രച്ചർ

എന്നീ ഇനങ്ങളിൽ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സാമ്പത്തിക സഹായം നൽകുന്നു.

സൗരോർജ്ജ പുരപ്പുറ നിലയങ്ങൾക്ക് കേന്ദ്ര സർക്കാരുമായി ചേർന്ന് സബ്സിഡി ലഭ്യമാക്കുന്നുണ്ട്. അക്ഷയ ഊർജ്ജ സ്രോതസ്സിൽനിന്നുള്ള വൈദ്യുതിക്ക് പ്രത്യേക നിരക്ക് റഗുലേറ്ററി കമ്മീഷൻ നിഷ്കർഷിച്ചിട്ടുണ്ട്. സ്വകാര്യ സംരംഭകർക്ക് അക്ഷയ ഊർജ്ജ സ്രോതസ്സിൽ നിന്നുള്ള വൈദ്യുതി ഉൽപാദനത്തിനുള്ള അവസരമൊരുക്കിയിട്ടുണ്ട്. സർക്കാർ കെട്ടിടങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് അക്ഷയ ഊർജ്ജ സ്രോതസ്സിൽനിന്നുള്ള വൈദ്യുതി ഉൽപാദനശേഷി വർദ്ധന നടപ്പാക്കുന്നുണ്ട്. വൈദ്യുത വാഹന ചാർജ്ജിംഗ് നിലയങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനും സഹായം ലഭ്യമാക്കുന്നുണ്ട്. ഫ്ലോട്ടിംഗ് സോളാർ, പമ്പ്ഡ് സ്റ്റോറേജ്, ഹരിത ഹൈഡ്രജൻ ഉൽപാദനം എന്നിവയിലുള്ള പദ്ധതികളിലൂടെ അക്ഷയ ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനത്തിനും നടപടി സ്വീകരിച്ചുവരുന്നു. വിദൂര പ്രദേശങ്ങളിൽ ഇവയിലൂടെ വൈദ്യുതി എത്തിക്കാനും, അവശ്യ വിഭാഗങ്ങൾക്കും കർഷകർക്കും സൗജന്യമായി

സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് ഒരു വരുമാന മാർഗ്ഗമായിക്കൂടി ഉപയോഗപ്പെടുന്ന രീതിയിലും പദ്ധതികൾ നടപ്പാക്കുന്നുണ്ട്. വൈദ്യുതി വിതരണ കമ്പനികൾക്കും, ഓപ്പൺ അക്സസ്സിലൂടെ വൈദ്യുതി വാങ്ങുന്നവർക്കും റഗുലേറ്ററി കമ്മീഷൻ ഒരു നിശ്ചിത അളവ് അക്ഷയ ഊർജ്ജം നിഷ്കർഷിച്ചിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ സൗരോർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ സംവിധാനത്തിന് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു.

ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകളിൽ പരമാവധി 50kW സൗരോർജ്ജ സംവിധാനം ഒരുക്കിയാൽ കിലോവാട്ടിന് 20,000/- രൂപ നിരക്കിൽ 10 ലക്ഷം രൂപ വരെ സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകുന്നതാണ്. കാർഷിക പമ്പുകളുടെ സൗരോർജ്ജവത്കരണം ലക്ഷ്യംവച്ച് കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം. കുസും പദ്ധതി നടപ്പാക്കുന്നു. വൈദ്യുതി എത്തിപ്പെടാത്ത മേഖലകളിലെ ഡീസൽ പമ്പുകൾക്കുബദലായി സൗരോർജ്ജ പമ്പുകളും

അതിനോടനുബന്ധിച്ച് സ്റ്റാൻഡ് എലോൺ സൗരോർജ്ജ നിലയങ്ങളും സ്ഥാപിക്കുന്ന പദ്ധതിയാണ് "പി.എം.കുസും കംപോണന്റ് ബി". വൈദ്യുതി എത്തപ്പെട്ട മേഖലകളിലെ കാർഷിക പമ്പുകളുടെ ശ്രംഖല ബന്ധിത സൗരോർജ്ജവൽക്കരണത്തിനായി "പി.എം.കുസും കംപോണന്റ്-സി.-യും" നടപ്പിലാക്കിവരുന്നു. നബാർഡ് ലോൺ വഴി 5955 പമ്പുകളാണ് ആദ്യഘട്ടത്തിൽ "പി.എം.കുസും കംപോണന്റ്-സി" മുഖേന സൗരോർജ്ജവത്കരിക്കാൻ ഉദ്ദേശിക്കുന്നത്. കൃഷി വകുപ്പിന്റെ സബ്സിഡിയോടുകൂടിയുള്ള വൈദ്യുതി ലഭിക്കുന്ന കർഷകരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. പൂർണ്ണമായും സൗജന്യമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ പൂർണ്ണമായ വിശദാംശം നൽകുമോ; ഇതിനായി എംപാനൽ ചെയ്യപ്പെട്ട ഏജൻസികൾ ഏതെല്ലാമാണ്; ജില്ല തിരിച്ച് അറിയിക്കുമോ?

സംസ്ഥാനത്ത് സൗരോർജ്ജംവഴി വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപ്പാക്കിയ പദ്ധതിയാണ് 'സൗര' പദ്ധതി.

ഇതിൽ ഉപഭോക്താവിന്റെ പുരപ്പുറങ്ങളിൽ സ്ഥാപിക്കുന്ന നിലയങ്ങൾ വഴിയാണ് വൈദ്യുതി ഉത്പാദിപ്പിക്കുന്നത്. 'സൗര' പദ്ധതി രണ്ടുഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. ഒന്നാം ഘട്ട പദ്ധതി (Phase I) നോൺ സബ്സിഡി പദ്ധതിയാണ്. ഈ പദ്ധതിയിൽ നിലവിൽ 24.09 മെഗവാട്ടിന്റെ 1963 സൗര നിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ പുതിയ രജിസ്ട്രേഷൻ ഇല്ല. സൗര സബ്സിഡി പദ്ധതി MNRE (കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം)-യുടെ സാമ്പത്തിക സഹായത്തോടെയാണ് നടപ്പാക്കുന്നത്. ഇത് ഗാർഹിക ഉപഭോക്താക്കൾക്കുവേണ്ടി മാത്രമുള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതിയിൽ നിലവിൽ 130.77 മെഗാവാട്ടിന്റെ 35084 നിലയങ്ങൾ പൂർത്തീകരിച്ചു. നിലവിൽ കേന്ദ്രം അനുവദിച്ച 182 കോടി രൂപ സബ്സിഡി ഇനത്തിൽ വിതരണം ചെയ്തുകഴിഞ്ഞു. പദ്ധതിയുടെ നിലവിലെ കാലാവധി MNRE അനുവദിച്ച 23 സെപ്റ്റംബർ 2023 ആണ്. ഇതുകൂടാതെ നോൺ സബ്സിഡി സ്കീമിൽ 100 മെഗാവാട്ടിന്റെ പുതിയ പദ്ധതിയുടെ ടെണ്ടർ നടപടികൾ

പുരോഗതിയിലാണ്. Empanel ചെയ്ത agency-കളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി അനെർട്ട് കേരളത്തിലുടനീളമായി 1923 വീടുകളിലായി 5.8 മെഗാവാട്ട് ഗ്രിഡ് ബന്ധിത പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. KSEBL നടപ്പിലാക്കിവരുന്ന 'സൗര' പദ്ധതിയുടെ ഭാഗമായി 25 മെഗാവാട്ട് സ്ഥാപിത ശേഷിയാണ് അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നത്. ആയതിനാൽ പദ്ധതി നടത്തിപ്പിനായി അനെർട്ട് പ്രത്യേക എംപാനൽമെൻറ് നടത്തിയിട്ടില്ല. KSEBL എംപാനൽ ചെയ്ത ഏജൻസികൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

**കാട്ടാക്കട നിയോജകമണ്ഡലത്തിലെ സോളാർ പാനൽ പദ്ധതി**

333 (780) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സോളാർ പാനൽ ചെയ്യുന്ന പദ്ധതിയുടെ പൂർണ്ണ വിവരം ലഭ്യമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിന്റെ കീഴിൽവരുന്ന സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലുമായി ആകെ 56 ലൊക്കേഷനുകളിലായി 455 കിലോവാട്ട് ശേഷിയുള്ള പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആകെ 3 കോടി രൂപയാണ് മേല്പറഞ്ഞ പദ്ധതിക്കായി അനുവദിച്ചിരിക്കുന്നത്. പ്രസ്തുത നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ പ്രതിവർഷം ഏകദേശം 6.4 ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും 510 ടൺ കാർബൺ ഡൈ ഓക്സൈഡ് ബഹിർഗിരണം കുറയ്ക്കുന്നതിനുസാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.ഇ.ബി.എൽ. ഇ-ടെൻഡർ മുഖേന M/s ഇൻകെൽ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 38 ലൊക്കേഷനുകളിലായി 323 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജനിലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ആരംഭിക്കുന്നതിനായി സോളാർപാനൽ, ഇൻവെർട്ടർ, മൊഡ്യൂൾ മൗണ്ടിംഗ് സ്ട്രക്ച്ചർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 35 സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. പ്രസ്തുത നിലയങ്ങളെ ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായ സാങ്കേതിക പരിശോധനകൾ നടന്നുവരുന്നു. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഉടൻതന്നെ ഗ്രിഡുമായി ബന്ധിപ്പിച്ച് വൈദ്യുതോൽപാദനം ആരംഭിക്കുന്നതാണ്.

പ്രസ്തുത പദ്ധതിയുടെ ശേഷിക്കുന്ന സ്ഥാപനങ്ങളിൽ സാങ്കേതിക പരിമിതികളുള്ളതിനാൽ പുതിയ സ്ഥാപനങ്ങൾ കണ്ടെത്തി സാങ്കേതിക സാധ്യതാപഠനം നടത്തേണ്ടതുണ്ട്. അതിൻപ്രകാരം കുറച്ച് സ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവശേഷിക്കുന്ന കപ്പാസിറ്റിക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾകൂടി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ സോളാർ പാനൽ ചെയ്ത ഓഫീസുകൾ/സ്കൂളുകൾ, ഇനി ചെയ്യാനുള്ളവ, അനുമതി ലഭിയ്ക്കാനുള്ളവ, ഇതുവഴി ലഭ്യമാക്കുന്ന വൈദ്യുതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സൗരോർജ്ജനിലയങ്ങൾ സ്ഥാപിച്ച സ്ഥാപനങ്ങളുടെ വിവരം (ആകെ 38 ലൊക്കേഷൻ, നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചവ-35, നിർമ്മാണം പുരോഗമിക്കുന്നവ-3) സാങ്കേതിക പരിശോധന നടത്തി പുതിയതായി കണ്ടെത്തിയവ (7 ലൊക്കേഷൻ) അനുബന്ധമായി+ ചേർത്തിരിക്കുന്നു. അവശേഷിക്കുന്ന 88 കിലോവാട്ട് കപ്പാസിറ്റിക്കാവശ്യമായ സ്ഥാപനങ്ങൾ കണ്ടെത്തി ഇനി ചെയ്യുവാനുള്ളവയുടെ ലിസ്റ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയിലുൾപ്പെട്ട എല്ലാ നിലയങ്ങളും സ്ഥാപിക്കുന്നതിലൂടെ പ്രതിവർഷം ഏകദേശം 6.4 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

താഴെപറയുന്ന സ്ഥാപനങ്ങളിൽ അനെർട്ട് മുഖേന സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

ഗവ. എം. എം. എസ്. കോളേജ് മലയിൻകീഴ് – 30 കിലോവാട്ട്

ഗവ. എൽ. പി. സ്കൂൾ കുളത്തുമ്മൽ - 3 കിലോവാട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## നാളികേര സംഭരണ സംസ്കരണ രംഗത്ത് സഹകരണ ബാങ്കുകളുടെ പ്രവർത്തനം

334 (781) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളെ കോർബാങ്കിങ്ങിന്റെ ഭാഗമാക്കുന്നതുവഴി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ബാങ്ക് ആക്കി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

കേരള ബാങ്കിന്റെ ഏകീകൃത കോർബാങ്കിംഗ് സംവിധാനം 2022 ഡിസംബറിൽ നിലവിൽ വന്നിട്ടുണ്ട്. വ്യക്തികൾക്കും സംഘങ്ങൾക്കുമായി രണ്ട് പ്രത്യേക മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷനും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ പൊതു സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത സോഫ്റ്റ്‌വെയറിൽ ട്രഷറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ മറ്റ് ഏജൻസികളുമായി നേരിട്ട് ഇടപാട് നടത്തുന്നതിനുള്ള സംവിധാനം പൊതു സോഫ്റ്റ്‌വെയറിനായുള്ള RFP-യിൽ ഉൾപ്പെടുത്തിയാണ് സഹകരണ വകുപ്പ്

ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ആധുനിക ബാങ്കിംഗ് സംവിധാനം നിലവിൽ വന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബാങ്ക് ആയി കേരള ബാങ്കിനെ പരിഗണിക്കുന്നതിനുള്ള സാഹചര്യം ഉരുത്തിരിയുന്നതാണ്.

(ബി) നാളികേര സംഭരണ സംസ്കരണ രംഗത്തേക്ക് സഹകരണ ബാങ്കുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

നാളികേര സംഭരണത്തിനും സംസ്കരണത്തിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി കേരള സംസ്ഥാന സഹകരണ ബാങ്ക് PACS as MSC (Multi Service Centre) പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാദേശികാടിസ്ഥാനത്തിൽ പ്രാഥമിക വായ്പാ സംഘങ്ങൾ മുഖേന വായ്പ നൽകിവരുന്നു. നബാർഡ് ധനസഹായത്തോടെയുള്ള ഈ വായ്പയുടെ പലിശ 4 ശതമാനമാണ്. നാളികേര സംഭരണ സംസ്കരണ രംഗത്ത് സഹകരണ സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കർഷകരിൽനിന്ന് നേരിട്ടും അല്ലാതെയും നാളികേരം സംഭരിച്ച്,

സംസ്കരിച്ച് വെളിച്ചെണ്ണയും, അനുബന്ധ ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്നതിൽ സജീവമായി ഇടപെടുന്നു. കൂടാതെ, നാഫെഡ് മുഖേനയുള്ള കൊപ്ര സംഭരണത്തിൽ നോഡൽ ഏജൻസി എന്ന നിലയിൽ മാർക്കറ്റ്ഫെഡ് നിലവിൽ നാല് സഹകരണ സംഘങ്ങളിലൂടെ കൊപ്ര സംഭരിച്ചുവരികയും കൂടുതൽ സംഘങ്ങൾ വഴി കൊപ്ര സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. പ്രാഥമിക സഹകരണ സംഘങ്ങൾവഴി കൊപ്ര സംഭരിക്കുമ്പോൾ കേരകർഷകർക്ക് പൊതുവിപണിയേക്കാൾ കൂടുതൽ വില ലഭിക്കുമെന്നതിനാൽ കൊപ്രയും പച്ചതേങ്ങയും സഹകരണ സംഘങ്ങൾ മുഖേന സംഭരിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

**മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

335 (782) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണമാണെന്ന് വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി നിലവിൽ 10 മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ രജിസ്റ്റേഡ് ഓഫീസുകളും മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ 109 ശാഖകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ നിയന്ത്രണാധികാരം സംസ്ഥാന സർക്കാരിലേക്ക് വരുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സൊസൈറ്റികളിലെ നിക്ഷേപവും ഇടപാടുകളും സംബന്ധിച്ച പരാതികൾ സംസ്ഥാന തലത്തിൽ പരിഹരിക്കാൻ ആവശ്യമായ നിയമഭേദഗതി നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

2002-ലെ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ വകുപ്പ് 108 പ്രകാരം മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ മേൽനോട്ടത്തിനും പരിശോധന നടത്തുന്നതിനുമായി സ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സഹകരണ സംഘം രജിസ്ട്രാർമാരെ ചുമതലപ്പെടുത്തി കേന്ദ്ര സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘം

രജിസ്ട്രാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന് പരിശോധന നടത്തുന്നതിന് അധികാരമുണ്ടെങ്കിലും യാതൊരുതരത്തിലുള്ള ഭരണനിയന്ത്രണങ്ങളും ഇല്ലാത്തതാണ്. എന്നാൽ അംഗങ്ങൾ/നിക്ഷേപകർ/പൊതുജനങ്ങൾ എന്നിവർ അവരവരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ സംഘത്തിന്റെ മികവ് കണക്കിലെടുത്ത് ബന്ധപ്പെടണമെന്നും മേൽ വിവരം കാണിച്ചുകൊണ്ട് എല്ലാ മൾട്ടിസ്റ്റേറ്റ് സംഘങ്ങളും നോട്ടീസ് പതിക്കുന്നതിനും സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ കടന്നുവരവ് സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നതാണ്. കേരള സഹകരണസംഘം നിയമം 1969 പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ നിക്ഷപങ്ങൾക്ക് നൽകുന്നതിനെക്കാൾ കൂടുതൽ പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപങ്ങൾ സ്വീകരിച്ചുവരുന്നത് സംസ്ഥാനസഹകരണ മേഖലയിലെ നിക്ഷേപങ്ങളിൽ കുറവുവരുന്നതിന് കാരണമായിട്ടുണ്ട്. ഇത് സംസസ്ഥാന സഹകരണ മേഖല നടത്തിവരുന്ന

സാമൂഹിക പ്രതിബന്ധയുള്ള പ്രവത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതാണ്.

(സി) പ്രസ്തുത സൊസൈറ്റികളുടെ കടന്നുവരവ് കേരളത്തിന്റെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അത് ഒഴിവാക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

2002 ലെ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ വകുപ്പ് 108 പ്രകാരം മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ മേൽനോട്ടത്തിനും പരിശോധന നടത്തുന്നതിനുമായി സ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സഹകരണ സംഘം രജിസ്ട്രാർമാരെ ചുമതലപ്പെടുത്തി കേന്ദ്ര സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘം രജിസ്ട്രാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന് പരിശോധന നടത്തുന്നതിന് അധികാരമുണ്ടെങ്കിലും യാതൊരുതരത്തിലുള്ള ഭരണനിയന്ത്രണങ്ങളും ഇല്ലാത്തതാണ്. എന്നാൽ അംഗങ്ങൾ/നിക്ഷേപകർ/പൊതുജനങ്ങൾ

എന്നിവർ അവരവരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ സംഘത്തിന്റെ മികവ് കണക്കിലെടുത്ത് ബന്ധപ്പെടണമെന്നും മേൽവിവരം കാണിച്ചുകൊണ്ട് എല്ലാ മൾട്ടിസ്റ്റേറ്റ് സംഘങ്ങളും നോട്ടീസ് പതിക്കുന്നതിനും സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ കടന്നുവരവ് സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നതാണ്. കേരള സഹകരണസംഘം നിയമം 1969 പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ നിക്ഷേപങ്ങൾക്ക് നൽകുന്നതിനെക്കാൾ കൂടുതൽ പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപങ്ങൾ സ്വീകരിച്ചുവരുന്നത് സംസ്ഥാനസഹകരണ മേഖലയിലെ നിക്ഷേപങ്ങളിൽ കുറവുവരുന്നതിന് കാരണമായിട്ടുണ്ട്. ഇത് സംസ്ഥാന സഹകരണ മേഖല നടത്തിവരുന്ന സാമൂഹിക പ്രതിബന്ധയുള്ള പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതാണ്.

## തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ

336 (783) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിലുൾപ്പെടുന്ന തൃശ്ശൂർ കോ- ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡിനെ നിലവിലെ സാമ്പത്തിക ബാദ്ധ്യതകൾ പരിഹരിച്ച് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കുമോ?

ലേ-ഓഫിലായിരിക്കുന്ന തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി ടി മിൽ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി, പ്രസ്തുത മില്ലിന്റെ ആധുനികവൽക്കരണ പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ 160 ലക്ഷം രൂപ അനുവദിച്ച് നൽകാത്തതിനാൽ 2023-24 സാമ്പത്തിക വർഷം പ്രസ്തുത തുകയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും അതിൽ 35 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ചെയ്തു. കൂടാതെ, ടെക്സ്ഫെഡിന് കീഴിലുള്ള 8 സഹകരണ സ്പിന്നിംഗ്

മില്ലുകളുടെ പുനരുദ്ധാരണത്തിനായുള്ള സമഗ്ര പദ്ധതിയിന്മേൽ പ്രസ്തുത മില്ലുകളുടെ ഉൽപന്ന വികസനത്തിന്റെ ഭാഗമായി കോട്ടൺ വാങ്ങുന്നതിനായി അനുവദിച്ച് നൽകിയ 350 ലക്ഷം രൂപയിൽനിന്ന് തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിനായി 52.685 ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. രാജ്യത്തെ ടെക്സ്റ്റൈൽ മേഖല പൊതുവേ പ്രതിസന്ധിയിലാണ്. അയൽ സംസ്ഥാനങ്ങളിലുൾപ്പെടെ മില്ലുകൾ അടച്ചുപൂട്ടി. യൂണിയൻ ഗവൺമെന്റിന്റെ നയങ്ങളിൽ മാറ്റം വന്നാലാണ് അടിസ്ഥാന പ്രശ്നത്തിന് പരിഹാരം ഉണ്ടാവുകയുള്ളു.

**സഹകരണ മേഖലയിലെ കോ-ഓപ്പറേറ്റീവ് കോളേജുകൾ**

337 (784) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെലവ് കുറഞ്ഞ രീതിയിൽ വിദ്യാഭ്യാസം നടപ്പാക്കുന്നതിനായി ഓരോ താലൂക്കിലും സ്ഥാപിച്ച കോ-ഓപ്പറേറ്റീവ് കോളേജുകൾ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കോ-ഓപ്പറേറ്റീവ് കോളേജുകളെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് കോളേജുകൾക്ക് വായ്പ, ഗ്രാന്റ്, സബ്സിഡി എന്നിവയും കമ്പ്യൂട്ടറും മറ്റ് ആധുനിക സൗകര്യങ്ങളും നടപ്പിലാക്കുന്നതിനായി ആധുനികവത്കരണഫണ്ട് അനുവദിക്കുന്നുണ്ട്. കോ-ഓപ്പറേറ്റീവ് കോളേജുകളെ സഹായിക്കുന്നതിന് ആവിഷ്കരിച്ച Co-operative Scheme for Establishment/Development of Welfare of Educational Societies പദ്ധതിപ്രകാരം പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഓഹരി മൂലധനസഹായമായി പരമാവധി 25 ലക്ഷം രൂപ അനുവദിച്ചുനൽകുന്നുണ്ട്.

**എറണാകുളം സഹകരണ എക്സ്പോ**

338 (785) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23-ൽ എറണാകുളത്ത് സംഘടിപ്പിച്ച സഹകരണ എക്സ്പോയുടെ ഉദ്ദേശം വ്യക്തമാക്കാമോ?

2022-23-ൽ എറണാകുളത്ത് സംഘടിപ്പിച്ച സഹകരണ എക്സ്പോയുടെ ഉദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സഹകരണ മേഖല കൈവരിച്ച നേട്ടങ്ങളും ഉയർത്തിപ്പിടിക്കുന്ന ബദൽ മാതൃകയും ഉൽപ്പാദന രംഗത്തെ ശ്രദ്ധേയമായ ചുവടുവയ്പുകളും പൊതുസമൂഹത്തിനു മുന്നിൽ കൊണ്ടുവരിക.

2. സഹകരണ മേഖലയിലെ എല്ലാ സഹകരണ സംഘങ്ങളുടെയും ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുക, വിപണനം നടത്തുക.

3. അന്തർദേശീയ, ദേശീയ, സംസ്ഥാന തലങ്ങളിൽ സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ, ഏറ്റെടുത്ത വെല്ലുവിളികൾ, നടപ്പിലാക്കിവരുന്ന ജനപ്രിയ പ്രവർത്തനങ്ങൾ എന്നിവ ജനങ്ങളിൽ എത്തിക്കുക.

4. സംസ്ഥാനത്തെ സഹകരണ മാതൃകകൾ ആഗോള, ദേശീയ തലത്തിൽ പരിചയപ്പെടുത്തുക.

5. സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ പരിചയപ്പെടുത്തുക, അവയ്ക്ക് വിപണിയിൽ സ്ഥാനം ഉറപ്പിക്കുക. കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലേയ്ക്ക് അവരെ കൊണ്ടെത്തിക്കുക.

6. കേരളത്തിലെ സഹകരണ ഉല്പ്പന്നങ്ങളുടെ ഏകീകൃത ബ്രാൻഡ് ആയ 'coopkerala' ബ്രാൻഡ് കൂടുതൽ പൊതുജനങ്ങളെ പരിചയപ്പെടുത്തുക.

7. സഹകരണ മേഖലയിലെ പുതിയ ആശയങ്ങളുടെ പ്രൊഫഷണലിസവും സാങ്കേതിക വിദ്യയും പരിചയപ്പെടുത്തുക.

8. കേരളത്തിലെ സഹകരണ മേഖലയിലെ സേവനങ്ങൾ പരിചയപ്പെടുത്തുക.

9. കേരളത്തിലെ സഹകരണ മേഖലയിൽനിന്നുള്ള ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ആഗോള വിപണി ലക്ഷ്യമിട്ട് നിലവാരമുള്ള മാർക്കറ്റ് വ്യാപനം നടത്തുക.

10. സമ്പുഷ്ടമായ കേരള ഉപഭോക്തൃ വിപണിയിൽ സഹകരണ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വർദ്ധിച്ച സാന്നിദ്ധ്യം ഉണ്ടാക്കുക.

11. സഹകരണ മേഖലയിലെ കാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് സെമിനാറുകളും, ചർച്ചകളും, സംഘടിപ്പിക്കുക തുടങ്ങിയവയാണ് സഹകരണ എക്സ്പോയുടെ പ്രധാന ലക്ഷ്യങ്ങൾ.

(ബി) സഹകരണ എക്സ്പോയിൽ കാലിക പ്രാധാന്യമുള്ള എന്തെല്ലാം വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഒൻപത് ദിവസങ്ങളിലായി സംഘടിപ്പിച്ച സഹകരണ എക്സ്പോ 2023-യിൽ ചുവടെ പറയുന്ന കാലിക പ്രാധാന്യമുള്ള 11 വിഷയങ്ങളിൽ സെമിനാർ നടത്തിക്കൊണ്ട് ചർച്ച ചെയ്യുകയുണ്ടായി.

1. സഹകരണ മേഖലയിലെ ഘടനാപരമായ മാറ്റം- വിഷൻ 2030.
2. രാജ്യത്തിന്റെ സാമ്പത്തിക വളർച്ച-അടിസ്ഥാന-സൗകര്യ-ഉൽപ്പാദന മേഖലകളിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഇടപെടൽ.
3. ഉപഭോക്തൃ, വിപണന സഹകരണ സംഘങ്ങളുടെ ആധുനികവത്കരണവും വിവരസാങ്കേതികവിദ്യയും.
4. കാർഷിക അനുബന്ധ മേഖലയും സഹകരണ സ്ഥാപനങ്ങളും- ആധുനിക കാഴ്ചപ്പാടുകൾ.
5. പട്ടിക ജാതി പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനം വർദ്ധിപ്പിക്കുന്നതിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്ക്.

6. സഹകരണ പ്രസ്ഥാനത്തിലെ സ്ത്രീ ശാക്തീകരണം-കാഴ്ചപ്പാടും പ്രായോഗികതയും.

7. സഹകരണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂട്ടായ്മ-പ്രാദേശിക സാമ്പത്തിക വികസനത്തിന്.

8. ആധുനിക കൃഷി സമ്പ്രദായം-സഹകരണ മേഖലയുടെ ഇടപെടൽ.

9. കേന്ദ്ര സർക്കാർ ഇടപെടലുകളും സഹകരണ മേഖല നേരിടുന്ന വെല്ലുവിളികളും.

10. കയർ കൈത്തറി ഫിഷറീസ്-വ്യവസായ സഹകരണ സംഘങ്ങളുടെ വികസനത്തിന് ഒരു കർമ്മ പദ്ധതി.

11. ഇ-ഗവേണൻസ് സഹകരണ മേഖലയിൽ.

**ഒറ്റപ്പാലം – സഹകരണ അംഗ സമാശ്വാസ പദ്ധതി**

339 (786) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ സഹകരണ അംഗ സമാശ്വാസ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം ലഭ്യമാക്കേണ്ട അപേക്ഷകളുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സഹകരണ അംഗ സമാശ്വാസ പദ്ധതിയിലുൾപ്പെടുത്തി ധനസഹായത്തിനായി ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ 47 എണ്ണവും കടമ്പഴിപ്പുറം പഞ്ചായത്തിൽ 53 എണ്ണവും കരിമ്പുഴ പഞ്ചായത്തിൽ 45 എണ്ണവും അനങ്ങനടി പഞ്ചായത്തിൽ 23 എണ്ണവും ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ 48 എണ്ണവും ലക്കിടി പേരൂർ പഞ്ചായത്തിൽ 11 എണ്ണവും അമ്പലപ്പാറ പഞ്ചായത്തിൽ 6 എണ്ണവുംകൂടി ആകെ 233 അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകരിൽ എത്ര പേർക്ക് ധനസഹായം ലഭ്യമായിട്ടുണ്ടെന്നും അതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സഹകരണ അംഗ സമാശ്വാസ പദ്ധതിയിലുൾപ്പെടുത്തി ധനസഹായത്തിനായി ഒറ്റപ്പാലം

മുനിസിപ്പാലിറ്റിയിൽ 38 അപേക്ഷകളിലായി 8,00,000 രൂപയും കടമ്പഴിപ്പുറം പഞ്ചായത്തിൽ 52 അപേക്ഷകളിലായി 12,40,000 രൂപയും കരിമ്പുഴ പഞ്ചായത്തിൽ 43 അപേക്ഷകളിലായി 8,40,000 രൂപയും അനങ്ങനടി പഞ്ചായത്തിൽ 21 അപേക്ഷകളിലായി 4,80,000 രൂപയും ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ 47 അപേക്ഷകളിലായി 10,25,000 രൂപയും ലക്കിടി പേരൂർ പഞ്ചായത്തിൽ 10 അപേക്ഷകളിലായി 1,85,000 രൂപയും അമ്പലപ്പാറ പഞ്ചായത്തിൽ 6 അപേക്ഷകളിലായി 1,20,000 രൂപയുംകൂടി ആകെ 217 അപേക്ഷകളിലായി 46,90,000 രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്.

(സി) ധനസഹായം ലഭിച്ചിട്ടില്ലാത്ത അർഹരായ അപേക്ഷകർക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത ആനുകൂല്യത്തിനായി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിന്നും നാളിതുവരെ ആകെ ലഭിച്ച 233 അപേക്ഷകളിൽ ധനസഹായം അനുവദിച്ച 217 അപേക്ഷകൾ കഴിച്ച് ബാക്കിവരുന്ന 16 അപേക്ഷകളിൽ

സമയബന്ധിതമായി പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണമേഖലയുടെ ഇടപെടൽ**

340 (787) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലം വരുന്നതിന് മുന്നോടിയായി പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണമേഖലയുടെ ഇടപെടൽ സാധ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡ് മുഖേന ഈ വർഷത്തെ ഓണത്തോടനുബന്ധിച്ച് 2023 ആഗസ്റ്റ് 19 മുതൽ ആഗസ്റ്റ് 28 വരെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ കൺസ്യൂമർ

ഫെഡറേഷന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലും, ജില്ലാ കൺസ്യൂമർ സഹകരണ സ്റ്റോറുകൾ, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, ഫിഷർമാൻ സഹകരണ സംഘങ്ങൾ, പിന്നാക്ക മേഖലയിൽ പ്രവർത്തിക്കുന്ന എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങൾ, പ്രത്യേക വിപണന കേന്ദ്രങ്ങൾ എന്നിവയിലൂടെ വിൽപന നടത്തുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിപണികൾ നടത്തുന്നതിന് 16 കോടി രൂപ മുൻകൂറായി കൺസ്യൂമർഫെഡിന് അനുവദിച്ചിട്ടുണ്ട്.

(ബി) ഉത്സവ സീസണുകളിൽ പൊതുവിപണിയിൽ ഇടപെടൽ നടത്തുന്ന സഹകരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് വകുപ്പ് പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്സവ സീസണുകളിലുണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് അവശ്യ നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത

അളവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിശ്ചയിക്കുന്ന സബ്സിഡിയോടുകൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്താറുണ്ട്. അതിനായി ബഡ്ജറ്റിൽ നോൺ പ്ലാൻ ഇനത്തിൽ "ഉത്സവകാല ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം" എന്ന ശീർഷകത്തിൽ തുക വകയിരുത്താറുണ്ട്. 2023-'24 സാമ്പത്തിക വർഷത്തിൽ ഇതിലേക്കായി 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**സഹകരണ ബാങ്കുകളെ നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന നിയമങ്ങൾ**

341 (788) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളെ നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന നിയമങ്ങൾ ബാങ്കുകളെ ഏതെല്ലാം രീതിയിൽ ദോഷകരമായി ബാധിക്കുമെന്ന് വിശദമാക്കാമോ?

Multi-State Co-operative Societies (Amendment) കരട് നിയമത്തിലെ ആറാം ഖണ്ഡിക പ്രകാരമുള്ള ഭേദഗതിയിലൂടെ വകുപ്പ് 17 "Amalgamation of

Transfer of Assets and liabilities or division of Multi-State Co-operative Societies" എന്നതിൽ ഉപവകുപ്പ് 10 കൂട്ടിച്ചേർത്തുകൊണ്ട് ഏതുസംസ്ഥാന സഹകരണ നിയമപ്രകാരവും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്ത മൂന്നിൽ രണ്ട് ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാനപ്രകാരം നിലവിൽ സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന ഒരു സംഘത്തെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിച്ചേർക്കുന്നതിന് (Merger) വ്യവസ്ഥ ചെയ്തിരിക്കുന്നു. ടി ഭേദഗതിലൂടെ ഏതു സംസ്ഥാന നിയമപ്രകാരവും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഏതൊരു സംഘത്തിനെയും പൊതുയോഗ തീരുമാനപ്രകാരം മറ്റൊരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിച്ചേർക്കുന്നതിന് കഴിയുന്നതാണ്. സഹകരണ ബാങ്കുകളെ നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുള്ള നിയമങ്ങൾ സഹകരണ ബാങ്കുകളെ ബാധിക്കുന്നവയും, സംസ്ഥാന വിഷയമായ സഹകരണവുമായി ബന്ധപ്പെട്ട നിയമനിർമ്മാണം സംസ്ഥാനങ്ങളുടെ അധികാരത്തിലേക്കുള്ള കടന്നുകയറ്റവുമാണ്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) നിയമത്തിലെ വ്യവസ്ഥകൾ

പ്രകാരം സംസ്ഥാനത്തെ നിലവിലെ ഒരു സംഘത്തെ മൾട്ടി സ്റ്റേറ്റ് ആക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിച്ചിട്ടുണ്ട്.

(ബി) ഇത്തരം നിയമങ്ങൾ പിൻവലിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തുമോയെന്ന് അറിയിക്കാമോ?

Multi-State Co-operative Societies (Amendment) കരട് നിയമത്തിലെ ആറാം ഖണ്ഡിക പ്രകാരമുള്ള ഭേദഗതിയിലൂടെ വകുപ്പ് 17 Amalgamation of Transfer of Assets and liabilities or division of Multi-State Co-operative Societies എന്നതിൽ ഉപവകുപ്പ് 10 കൂട്ടിചേർത്തുകൊണ്ട് ഏത് സംസ്ഥാന സഹകരണ നിയമപ്രകാരവും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ടുചെയ്ത മൂന്നിൽ രണ്ട് ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാനപ്രകാരം നിലവിൽ സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന ഒരു സംഘത്തെ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിചേർക്കുന്നതിന് (Merger) വ്യവസ്ഥ ചെയ്തിരിക്കുന്നു. ടി ഭേദഗതിയിലൂടെ ഏത് സംസ്ഥാന നിയമപ്രകാരവും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഏതൊരു സംഘത്തിനേയും പൊതുയോഗ

തീരുമാനപ്രകാരം മറ്റൊരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിചേർക്കുന്നതിന് കഴിയുന്നതാണ്. സഹകരണ ബാങ്കുകളെ നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുള്ള നിയമങ്ങൾ സഹകരണ ബാങ്കുകളെ ബാധിക്കുന്നവയും, സംസ്ഥാന വിഷയമായ സഹകരണവുമായി ബന്ധപ്പെട്ട നിയമനിർമ്മാണം സംസ്ഥാനങ്ങളുടെ അധികാരത്തിലേയ്ക്കുള്ള കടന്നുകയറ്റവുമാണ്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) നിയമത്തിലെ വ്യവസ്ഥകൾപ്രകാരം സംസ്ഥാനത്തെ നിലവിലെ ഒരു സംഘത്തെ മൾട്ടി സ്റ്റേറ്റ് ആക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിച്ചിട്ടുണ്ട്.

**ദേശീയ സഹകരണ നയം**

342 (789) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u>
<u>ശ്രീ. പി. വി. അൻവർ:</u>
<u>ശ്രീ. കെ. ബാബു (നെന്മാറ):</u>
<u>ശ്രീ. ജി. സ്റ്റീഫൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടനയുടെ സംസ്ഥാന പട്ടികയിൽ വരുന്ന സഹകരണമെന്ന വിഷയം കേന്ദ്രസർക്കാരിന്റെ അധികാരപരിധിയിൽ കൊണ്ടുവരാനുള്ള ശ്രമം നടക്കുന്നതായുള്ള പത്രവാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാന വിഷയമായ സഹകരണത്തിന്റെ അടിസ്ഥാനത്തിലാണ് സഹകരണ നിയമം പാസ്സാക്കിയിട്ടുള്ളത്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും ഒരു സമാന്തര സിസ്റ്റം രൂപീകരിക്കുന്നതിനുമുള്ള നടപടികളാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്. ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തി ബാങ്കിംഗ് നടത്തുന്ന സഹകരണ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നേരത്തെ തന്നെ ആരംഭിച്ചിരുന്നു. ഇതിനെതിരെ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇപ്പോൾ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) നിയമത്തിലെ വ്യവസ്ഥകൾ സഹകരണ

മേഖലയ്ക്ക് സമാന്തര പാത സൃഷ്ടിക്കുന്നത് ലക്ഷ്യമിട്ടാണ്. ആയതിലെ വ്യവസ്ഥകൾ പ്രകാരം ഒരു സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഒരു സംഘത്തിന് ഒരു മൾട്ടി സ്റ്റേറ്റ് സംഘത്തിൽ ലയിക്കുന്നതിനും സംഘങ്ങളെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സംഘങ്ങളാക്കി മാറ്റുന്നതിനും വഴിയൊരുക്കുന്നതാണ്.

(ബി) നബാർഡിനെ ഒഴിവാക്കി നാഷണൽ സഹകരണ ബാങ്ക് രൂപീകരിക്കാനുള്ള നിർദ്ദേശം ദേശീയ സഹകരണ നയത്തിൽ ഉണ്ടെന്ന വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) നബാർഡിനെ ശാക്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

(ബി & സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി**

343 (790) ശ്രീ. ഒ. ആർ. കേളു:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എം. എസ്. അരുൺ കുമാർ:

**ശ്രീ. കെ. ആൻസലൻ**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ ശാക്തീകരണവും ലിംഗസമത്വവും ഉറപ്പുവരുത്തുന്ന നിലയിൽ സഹകരണ മേഖലയെ വാർത്തെടുക്കാൻ നടത്തിയ നിയമപരമായ നടപടികൾ എത്രത്തോളം ഫലപ്രദമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

കേരള സഹകരണ സംഘം നിയമം വകുപ്പ് 28 എ(1) പ്രകാരം എല്ലാ സഹകരണ സംഘം ഭരണ സമിതികളിലും 3 വനിത അംഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തിയതിന്റെ അടിസ്ഥാനത്തിൽ, സഹകരണ ബാങ്കിംഗ് ഉൾപ്പെടെ എല്ലാ സഹകരണ സംഘങ്ങളുടെ ഭരണ സമിതികളിലും സ്ത്രീ പങ്കാളിത്തം വർദ്ധിച്ചിട്ടുണ്ട്. സഹകരണ മേഖലയിലേക്ക് കൂടുതൽ യുവവനിതകൾ കടന്നുവരുന്നതിനായി സർക്കാരിന്റെ മൂന്നാം നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി സംസ്ഥാനത്ത് മൂന്ന് യുവവനിത സഹകരണ സംഘങ്ങൾ കോട്ടയം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലിംഗ സമത്വം ഉറപ്പുവരുത്തുന്ന

നിലയിൽ സഹകരണ മേഖലയെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി ട്രാൻസ്ജെന്റേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നം.4498 എന്ന പേരിൽ 02-11-2019-ൽ സംസ്ഥാന തലത്തിൽ പ്രവർത്തന പരിധിയായി പലവക വിഭാഗത്തിലുൾപ്പെടുത്തി ഒരു ഫെഡറൽ സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.

(ബി) യുവജനങ്ങൾ, തദ്ദേശീയരായ ഗോത്ര വിഭാഗങ്ങൾ തുടങ്ങി പാർശ്വവൽക്കരിക്കപ്പെടുന്ന വിഭാഗക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ മേഖലയെ പ്രാപ്തമാക്കാൻ എത്രത്തോളം സാധ്യമായിട്ടുണ്ടെന്ന് വിശദമാക്കുമോ?

കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ, പട്ടിക വർഗ്ഗ സഹകരണസംഘങ്ങൾ എന്നിവ മുഖേന നടത്തുന്ന വനവിഭവ ശേഖരണ പ്രവർത്തനങ്ങളിലൂടെ പ്രസ്തുത സഹകരണ സംഘങ്ങളിലെ അംഗങ്ങളായ ഗോത്ര വിഭാഗക്കാർക്ക് തൊഴിലും, അതുവഴി വരുമാനവും ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഫെഡറേഷന്റെ കീഴിൽ വനവിഭവ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കായി ഒരു പ്രത്യേക ഡിവിഷൻ

ആരംഭിച്ച് അതുമുഖേന ഗോത്രവർഗ്ഗക്കാർക്ക് പരിശീലനം നൽകി, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ചും, അവയ്ക്ക് വിപണി കണ്ടെത്തിയും അതുവഴി തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനവും ടി ഫെഡറേഷൻ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ വ്യാപാര പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി സംഘാംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി പുനർജ്ജനി പദ്ധതിയിൽ 2022-23, 2023-24(ഇതുവരെ) വർഷങ്ങളിൽ 6 പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കായി 166.28 ലക്ഷം രൂപയുടെ ധനസഹായം സർക്കാർ നൽകിയിട്ടുണ്ട്. അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും യുവസംരംഭകരെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തൊട്ടാകെ വിവിധജില്ലകളിൽ വിവിധ സേവനമേഖലകളിലായി 31 യുവജന സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇവയ്ക്കുപുറമേ ഒരു ജില്ലയിൽ ഒന്നുവീതം 14 പട്ടികജാതി/പട്ടികവർഗ്ഗ യുവസഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്ത്

പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. യുവാക്കളെ/യുവസംരംഭകരെ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, അവരുടെ തൊഴിലും വരുമാനവും ഉറപ്പാക്കുക, കേരളത്തിൽ ആഴത്തിൽ വേരുകളുള്ള സഹകരണ മേഖലയിൽ യുവജനങ്ങളെയും ഉൾപ്പെടുത്തുക, മാന്യമായ തൊഴിൽ, സ്ഥിരവരുമാനം, യുവാക്കളുടെ തൊഴിൽ നൈപുണ്യം പ്രയോജനപ്പെടുത്തി നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുക, അതിലൂടെ യുവാക്കളുടെ സാമ്പത്തികവും സാമൂഹികവും തൊഴിൽപരവുമായ ഉന്നമനം ഉറപ്പാക്കുക തുടങ്ങിയവയാണ് യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. ഇപ്രകാരം യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിലൂടെ യുവതീ/യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ മേഖലയെ പ്രാപ്തമാക്കാൻ സാധ്യമായിട്ടുണ്ട്.

(സി) കഴിഞ്ഞ ആറുവർഷക്കാലയളവിൽ സഹകരണ മേഖലയിൽ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; പുതിയ മേഖലകളിലേയ്ക്ക് മൂലധന നിക്ഷേപം നടത്തി തൊഴിലവസരങ്ങൾ

സൃഷ്ടിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് രൂപപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

സർക്കാരിന്റെ ഒന്നാം 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 20578-ഉം, രണ്ടാം 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 35701-ഉം (ആകെ 56279), തൊഴിൽ അവസരങ്ങൾ സഹകരണ മേഖലയിൽ സൃഷ്ടിച്ചിട്ടുണ്ട്. വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി സഹകരണ സംഘങ്ങൾ ഡയാലിസിസ് യൂണിറ്റ്, ആംബുലൻസ് സർവീസ്, ലബോറട്ടറികൾ, എക്സ്-റേ യൂണിറ്റ്, സൂപ്പർമാർക്കറ്റുകൾ, ഫിഷ് മാർട്ടുകൾ, ഹോട്ടലുകൾ, ജനസേവനകേന്ദ്രങ്ങൾ, നീതി മെഡിക്കൽ ലാബുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, പേപ്പർ കാരിബാഗ് യൂണിറ്റുകൾ, ഓഫ് സെറ്റ് പ്രസ്സുകൾ, ചൂരൽ ഫർണിച്ചർ യൂണിറ്റുകൾ, ഗ്രാമീൺ മാർക്കറ്റ്, കോ-ഓപ് മാർട്ട് മുതലായ നിരവധി സംരംഭങ്ങൾ ആരംഭിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്ന സഹകരണ സംഘങ്ങൾക്ക് പലവക സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ ഇനത്തിൽ സഹകരണ

വകുപ്പിന്റെ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം 1840.00 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം 24 യുവജനസഹകരണ സംഘങ്ങൾക്ക് ഒരു സംഘത്തിന് 10 ലക്ഷം രൂപ വീതം അവരുടെ സംരംഭകത്വം പ്രോൽസാഹിപ്പിക്കുന്നതിനും അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ആകെ 240 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾക്കും വനിതാ സഹകരണ സംഘങ്ങൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രോജക്ടുകൾഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി യഥാക്രമം 800 ലക്ഷം രൂപ, 250 ലക്ഷം രൂപ സംസ്ഥാന പദ്ധതി വിഹിതമായി 2023-24 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

**സഹകരണ മേഖലയിലെ നിയമനിർമ്മാണം**

344 (791) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളെ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിൽ സഹകരണ മേഖല എല്ലാ ജനങ്ങളെയും ഉൾക്കൊള്ളുന്ന രീതിയിൽ സമസ്ത മേഖലയിലേക്ക് വളർന്നത് സംസ്ഥാന നിയമത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ ഇടപെടലുകളുടെ ഭാഗമായിട്ടാണ്. സംസ്ഥാന നിയമം പാസാക്കിയിരിക്കുന്നത് സഹകരണ സംഘങ്ങളുടെ ജനാധിപത്യ സംവിധാനം അരക്കിട്ടുറപ്പിക്കുക, സഹകരണ സംഘങ്ങളുടെ സ്വയംഭരണം ഉറപ്പുവരുത്തുക, സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾ വായ്പയായി അനുവദിച്ച് സമൂഹത്തിന്റെ താഴെ തട്ടിലുള്ളവരുടെ വരെ ഉന്നമനം ഉറപ്പുവരുത്തുക, നിക്ഷേപങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് സഹകരണ സ്ഥാപനങ്ങളുടെ വികസനം ഉറപ്പുവരുത്തി സഹകരണ മേഖലയെ പുഷ്ടിപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടിയാണ്. സംസ്ഥാനത്ത് സഹകരണ മേഖല പ്രവർത്തനങ്ങളിലും ലക്ഷ്യത്തിലും വൈവിധ്യപൂർണ്ണമായ സമീപനങ്ങളാണ് സ്വീകരിച്ചുവരുന്നത്. അതിന്റെ ഗുണഫലങ്ങൾ

സംസ്ഥാനത്തെ മുഴുവൻ ജനങ്ങളും അനുഭവിക്കുന്നുണ്ട്. Multi-State Co-operative Societies (Amendment) കരട് നിയമത്തിലെ ആറാം ഖണ്ഡിക പ്രകാരമുള്ള ഭേദഗതിയിലൂടെ വകുപ്പ് 17 Amalgamation or Transfer of assets and liabilities, or division of multi-state co-operative societies എന്നതിൽ ഉപവകുപ്പ് (10) കൂട്ടിച്ചേർത്തുകൊണ്ട് ഏത് സംസ്ഥാന സഹകരണ നിയമപ്രകാരവും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്ത മൂന്നിൽ രണ്ട് ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാനപ്രകാരം നിലവിൽ സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന ഒരു സംഘത്തെ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിച്ചേർക്കുന്നതിന് (Merger) വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ വ്യവസ്ഥയുടെ ക്ലിപ്ത നിബന്ധന ആയി സംസ്ഥാന നിയമത്തിലെ Merger സംബന്ധിച്ച വ്യവസ്ഥ പ്രകാരവും ഇത്തരം കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഭേദഗതിയിലൂടെ ഏത് സംസ്ഥാന നിയമപ്രകാരവും രജിസ്റ്റർ ചെയ്തുപ്രവർത്തിക്കുന്ന ഏതൊരു സംഘത്തിനെയും പൊതുയോഗ

തീരുമാനപ്രകാരം മറ്റൊരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേയ്ക്ക് കൂട്ടിചേർക്കുന്നതിന് കഴിയുന്നതാണ്. ഈ വ്യവസ്ഥ ഭരണഘടന തത്വങ്ങളുടെയും ഫെഡറൽ തത്വങ്ങളുടെയും വ്യക്തമായ ലംഘനമാണ്.

ഇന്ത്യൻ ഭരണഘടന പ്രകാരം സംസ്ഥാന വിഷയത്തിൽപ്പെടുന്ന സഹകരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നടത്തിട്ടുള്ള ഡേറ്റാ കളക്ഷൻ പൊതുബൈലോ, സഹകരണ നയം, ഇൻകംടാക്സ് ആക്ടിലെ ഭേദഗതികൾ ബാങ്കിംഗ് റെഗുലേഷൻ ആക്ടിൽ വരുത്തിയിട്ടുള്ള ഭോദഗതികൾ എന്നിവ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാടുകളും അഭിപ്രായങ്ങളും കാലാകാലങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ടി വിഷയങ്ങളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ സ്യൂട്ട് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്നും വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല.

(ബി) അത്തരത്തിൽ നിയമനിർമ്മാണം നടപ്പിലാക്കിയാൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ഏത്

തരത്തിലാണ് ബാധിക്കുക എന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

2012-ലെ 97-ാം ഭരണഘടന ഭേദഗതിയിലൂടെ 9 (ബി) എന്ന ഒരു വ്യവസ്ഥ ഭരണഘടനയിൽ ഉൾപ്പെടുത്തുകയുണ്ടായി. ആർട്ടിക്കിൾ 243 ZH മുതൽ 243 ZT വരെയുള്ള വ്യവസ്ഥകൾ സഹകരണ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി പ്രസ്തുത ഭരണഘടന ഭേദഗതിയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ഈ വിഷയം പരിശോധിക്കുകയും 97-ാം ഭരണഘടന ഭേദഗതി റദ്ദാക്കുകയും ചെയ്തു. ഇന്ത്യൻ ഭരണഘടന ക്വാസി ഫെഡറൽ ആയതിനാലും, സംസ്ഥാനങ്ങൾക്ക് ഭരണഘടന അനുവദിച്ചുനൽകിയിട്ടുള്ള വിഷയങ്ങളിൽ നിയമഭേദഗതി നടത്തുവാൻ സംസ്ഥാനങ്ങൾക്ക് അധികാരമുള്ളതിനാലും ഭരണഘടന ഭേദഗതി നിയമവിരുദ്ധമായി സുപ്രീംകോടതി പ്രഖ്യാപിച്ചിരിക്കുന്നു. സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. സഹകരണ സംഘങ്ങളുടെ നിയന്ത്രണാധികാരി സഹകരണ സംഘം

രജിസ്ട്രാറാണ്. സംസ്ഥാനത്ത് നല്ല രീതിയിൽ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. എന്നാൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനം സംസ്ഥാനങ്ങളിലൂടെ വ്യാപിച്ച് ഒരു സമാന്തര സഹകരണ സംവിധാനം നടപ്പിലാക്കുന്നതിനാണ് പുതിയ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിസ് (ഭേദഗതി)-യിലൂടെ ലക്ഷ്യമിടുന്നത്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും നിക്ഷേപ വായ്പ പലിശ നിരക്ക് ക്രമീകരിക്കുന്നതിനും ഒരു സംവിധാനം നിലവിലില്ല. അമിത പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപകരെ ആകർഷിക്കുകയും നിക്ഷേപങ്ങൾ വ്യവസ്ഥാപിതമല്ലാത്ത മാർഗ്ഗങ്ങളിലൂടെ വിനിയോഗിക്കുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിനോ ക്രമീകരിക്കുന്നതിനോ ഒരു സംവിധാനം നിലവിലില്ല. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് സിംഹ ഭാഗവും സംഭാവന ചെയ്യുന്ന സഹകരണ മേഖലയ്ക്ക് സമാന്തരമായി ഒരു സംവിധാനം വികസിപ്പിക്കുന്നതിനാണ് നിയമ ഭേദഗതി ലക്ഷ്യം വെക്കുന്നത്. സഹകരണ സ്ഥാപനങ്ങളുടെ രൂപീകരണം,

നിയന്ത്രണം, സമാപ്തീകരണം എന്നിവ ഒരു സംസ്ഥാന വിഷയമായിരിക്കെ പ്രസ്തുത ഭരണഘടന വ്യവസ്ഥപ്രകാരം പാസാക്കിയ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള സംഘങ്ങളുടെ പ്രവർത്തനത്തിന് ബദലായി മറ്റൊരു സ്ഥാപനം വരുന്നത് ഫെഡറൽ തത്വങ്ങൾക്ക് തികച്ചും വിരുദ്ധമാണ്.

**ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ നിയമനം**

345 (792) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം സഹകരണ വകുപ്പ് ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്ത 13 ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് പ്രൊഫോർമയിൽ വ്യക്തത വരുത്തുന്നതിനായി പി.എസ്.സി.-യിൽനിന്നും സഹകരണ രജിസ്ട്രാർ ആഫീസിലേയ്ക്ക് കത്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സഹകരണ രജിസ്ട്രാർ ഓഫീസിലെ 711652/2023 (ഇ.എ.(1)) നമ്പർ ഫയലിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ; ഇത്തരം

സാഹചര്യത്തിൽ നിയമന ശിപാർശ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ എത്ര സമയമെടുക്കുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കത്തിന്മേൽ തുടർനടപടി കൈക്കൊണ്ട് പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി. യിൽ നിന്നും നിയമന ശിപാർശ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ - സി) ഉണ്ട്. പ്രസ്തുത കത്തിൽ പരാമർശിക്കുന്ന 13 ഒഴിവുകളിൽ നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അറിയിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ കത്ത് പി.എസ്.സി.-ക്ക് നൽകിയിട്ടുണ്ട്. ആയതുപ്രകാരം പ്രസ്തുത ഒഴിവുകളിലേക്ക് പി.എസ്.സി. ശിപാർശ പ്രകാരം നിയനം നൽകിയിട്ടുണ്ട്.

**കേന്ദ്ര സഹകരണ നിയമവും സഹകരണ സംഘങ്ങളുടെ ലയനവും**

346 (793) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമമനുസരിച്ച് രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾക്ക് ബഹുസംസ്ഥാന സഹകരണ സംഘങ്ങളിൽ ലയിക്കാമെന്ന വ്യവസ്ഥ കേന്ദ്ര സഹകരണ നിയമത്തിലുൾപ്പെടുത്തിയത് സംസ്ഥാനത്തെ സഹകരണ മേഖലയെ ഏതൊക്കെ രീതിയിൽ ദോഷകരമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

Multi-State Co-operative Societies (Amendment) കരട് നിയമത്തിലെ ആറാം ഖണ്ഡിക പ്രകാരമുള്ള ഭേദഗതിയിലൂടെ വകുപ്പ് 17 Amalgamation or Transfer of assets and liabilities, or division of multi-state co-operative societies എന്നതിൽ ഉപ വകുപ്പ് (10) കൂട്ടിച്ചേർത്തുകൊണ്ട് ഏത് സംസ്ഥാന സഹകരണ നിയമപ്രകാരവും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്ത മൂന്നിൽ രണ്ട് ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാന പ്രകാരം നിലവിൽ സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന ഒരു സംഘത്തെ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിച്ചേർക്കുന്നതിന് (Merger) വ്യവസ്ഥ ചെയ്തിരിക്കുന്നു.

ഈ വ്യവസ്ഥയുടെ ക്ലിപ്ത നിബന്ധന ആയി സംസ്ഥാന നിയമത്തിലെ Merger സംബന്ധിച്ച വ്യവസ്ഥ പ്രകാരവും ഇത്തരം കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു.

കേരളത്തിൽ സഹകരണ മേഖല എല്ലാ ജനങ്ങളെയും ഉൾക്കൊള്ളുന്ന രീതിയിൽ സമസ്ത മേഖലയിലേക്ക് വളർന്നത് സംസ്ഥാന നിയമത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ ഇടപെടലുകളുടെ ഭാഗമായിട്ടാണ്. സംസ്ഥാന നിയമം പാസാക്കിയിരിക്കുന്നത് സഹകരണ സംഘങ്ങളുടെ ജനാധിപത്യ സംവിധാനം അരക്കിട്ടുറപ്പിക്കുക, സഹകരണ സംഘങ്ങളുടെ സ്വയംഭരണം ഉറപ്പുവരുത്തുക, സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾ വായ്പയായി അനുവദിച്ച് സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരുടെവരെ ഉന്നമനം ഉറപ്പുവരുത്തുക, നിക്ഷേപങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് സഹകരണ സ്ഥാപനങ്ങളുടെ വികസനം ഉറപ്പുവരുത്തി സഹകരണ മേഖലയെ പുഷ്ടിപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടിയാണ്. സംസ്ഥാനത്ത് സഹകരണമേഖല പ്രവർത്തനങ്ങളിലും ലക്ഷ്യത്തിലും വൈവിധ്യപൂർണ്ണമായ സമീപനങ്ങളാണ് സ്വീകരിച്ചുവരുന്നത്. അതിന്റെ ഗുണഫലങ്ങൾ

സംസ്ഥാനത്തെ മുഴുവൻ ജനങ്ങളും അനുഭവിക്കുന്നുണ്ട്. മൾട്ടി സ്റ്റേറ്റ് സഹകരണസംഘ നിയമം ഭേദഗതി പ്രകാരം ഈ മേഖലയിലെ പല ഇടപെടലുകളും സഹകരണ മേഖലയ്ക്ക് വെല്ലുവിളി ഉയർത്താൻ പര്യാപ്തമായവയാണ്.

(ബി) പ്രസ്തുത നിയമ ഭേദഗതി ബഹുസംസ്ഥാന സഹകരണ സംഘങ്ങൾക്ക് കേരളത്തിലെ സംഘങ്ങളെ ഏറ്റെടുത്തുകൊണ്ട് ഇവിടെ പ്രവർത്തിക്കുന്നതിനും സംസ്ഥാന സഹകരണ മേഖലയുടെ താല്പര്യത്തിന് വിരുദ്ധമായി കാര്യങ്ങൾ നടപ്പാക്കാനും അവസരം സൃഷ്ടിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച എതിർപ്പ് സർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത രേഖയുടെ പകർപ്പും കേന്ദ്രസർക്കാരിൽനിന്ന് ലഭിച്ച മറുപടിയുടെ പകർപ്പും ലഭ്യമാക്കുമോ?

വിഷയത്തിന്റെ നിയമപരവും ഭരണഘടനാപരവുമായ പ്രശ്നങ്ങൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സഹകരണ സംഘങ്ങൾ തമ്മിൽ ലയിക്കുന്നതിനുള്ള ലയന പ്രമേയം പാസാകാനുള്ള ഭൂരിപക്ഷം അതത് സംസ്ഥാനത്തെ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നത് അനുസരിച്ചായിരിക്കുമെന്ന് കേന്ദ്ര നിയമത്തിൽ വ്യവസ്ഥ ഉണ്ടോ; വ്യക്തമാക്കുമോ?

Multi-State Co-operative Societies (Amendment) കരട് നിയമത്തിലെ ആറാം ഖണ്ഡിക പ്രകാരമുള്ള ഭേദഗതിയിലൂടെ വകുപ്പ് 17 Amalgamation or Transfer of assets and liabilities, or division of multi-state co-operative societies എന്നതിൽ ഉപ വകുപ്പ് (10) കൂട്ടിച്ചേർത്തുകൊണ്ട് ഏത് സംസ്ഥാന സഹകരണ നിയമപ്രകാരവും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്ത മൂന്നിൽ രണ്ട് ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാനപ്രകാരം നിലവിൽ സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന ഒരു സംഘത്തെ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിച്ചേർക്കുന്നതിന് (Merger) വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ വ്യവസ്ഥയുടെ ക്ലിപ്ത നിബന്ധന ആയി സംസ്ഥാന നിയമത്തിലെ Merger സംബന്ധിച്ച വ്യവസ്ഥ പ്രകാരവും ഇത്തരം കൂട്ടിച്ചേർക്കലുകൾ

നടത്തുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഭേദഗതിയിലൂടെ ഏത് സംസ്ഥാന നിയമപ്രകാരവും രജിസ്റ്റർ ചെയ്തുപ്രവർത്തിക്കുന്ന ഏതൊരു സംഘത്തിനെയും പൊതുയോഗ തീരുമാനപ്രകാരം മറ്റൊരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേയ്ക്ക് കൂട്ടിചേർക്കുന്നതിന് കഴിയുന്നതാണ്.

(ഡി) ലയന പ്രമേയം പാസാക്കുവാൻ കേവല ഭൂരിപക്ഷംമതി എന്ന സംസ്ഥാന സഹകരണ നിയമത്തിലെ വ്യവസ്ഥ ഭേദഗതി ചെയ്തുകൊണ്ട് ബഹു-സംസ്ഥാന സഹകരണ സംഘങ്ങളുടെ കടന്നുവരവിനെ നിയന്ത്രിക്കുവാൻ സർക്കാർ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ?

വിഷയം പരിശോധിക്കുന്നതാണ്.

**കാർഷിക വായ്പകളുടെ സബ്സിഡി**

347 (794) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പകളുടെ സബ്സിഡി ഇനത്തിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വിഹിതമായി എത്ര രൂപ നാളിതുവരെ സഹകരണ സംഘങ്ങൾക്ക് കൈമാറാൻ ഉണ്ട് എന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ തലത്തിൽ ലഭിക്കാനുള്ള സബ്സിഡി 31-03-2022 വരെയുള്ളത് പൂർണ്ണമായും ലഭിച്ചു. പാലക്കാട് ജില്ലയിലെ നെൽക്കർഷകർക്ക് പലിശ രഹിത വായ്പ നൽകിയ ഇനത്തിൽ 701.89 ലക്ഷം രൂപ (2020-21 വരെ) രൂപ പലിശയിനത്തിൽ സഹകരണ സംഘങ്ങൾക്ക് കുടിശ്ശികയുണ്ട്. കൂടാതെ 2020-21 വർഷംവരെ പ്രാഥമിക വായ്പാ സംഘങ്ങൾക്ക് നൽകാനുള്ള ഇനത്തിൽ (ഉത്തേജനപലിശയിളവ് പദ്ധതി) 279.60 കോടി രൂപ പലിശ സബ്സിഡി നൽകാനുണ്ട്.

(ബി) കടാശ്വാസ കമ്മീഷൻ മരവിപ്പിച്ച കടങ്ങൾ എഴുതി തള്ളിയ ഇനത്തിൽ സഹകരണ സംഘങ്ങൾക്ക് എത്ര തുക നൽകാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

കാർഷിക കടാശ്വാസ പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച അവാർഡുകളിൽ പരിശോധന നടത്തി അർഹമാണെന്ന് കണ്ടെത്തിയ 21069 അപേക്ഷകളിന്മേൽ 164,78,60,643/- രൂപ കടാശ്വാസ തുക സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകാനുണ്ട്. കൂടാതെ

കാർഷിക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച 42,84,88,695/-രൂപയുടെ 6308 അപേക്ഷകൾ അർഹതാ പരിശോധനയിലാണ്.

**പാറശ്ശാല മണ്ഡലത്തിൽ സഹകരണ യൂണിവേഴ്സിറ്റി**

348 (795) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ യൂണിവേഴ്സിറ്റി ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത യൂണിവേഴ്സിറ്റി പാറശ്ശാല മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കിക്മ (കെ.ഐ.സി.എം.എ) ക്യാമ്പസിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

(എ & ബി) സഹകരണ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

**കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ പദ്ധതി**

349 (796) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u>
<u>ശ്രീമതി ശാന്തകുമാരി കെ.:</u>
<u>ശ്രീ. ജി. സ്റ്റീഫൻ:</u>
<u>ശ്രീ. പി. വി. അൻവർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്ത് സംഭരണം, വിപണനം, മൂല്യവർദ്ധന എന്നീ രംഗങ്ങളിൽ സഹകരണ വകുപ്പ് ഫലപ്രദമായി ഇടപെടുന്നതിന് തയ്യാറാക്കിയ പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കാർഷിക രംഗത്ത് സംരംഭം, വിപണനം, മൂല്യവർദ്ധന എന്നീ രംഗങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിന് സഹകരണ വകുപ്പിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. ടി ലക്ഷ്യം കൈവരിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷിക രംഗത്തെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംഭരണം, മൂല്യവർദ്ധന വിപണനം എന്നിവ പരിപോഷിപ്പിക്കുന്നതിനായി സംസ്ഥാന വ്യാപകമായി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ

മേഖലയുടെ നൂതന പദ്ധതി. 2022-23 സാമ്പത്തിക വർഷം ടി പദ്ധതിയിലൂടെ 20 സഹകരണ സംഘങ്ങൾക്ക് 743.50 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ടി പദ്ധതിയിലൂടെ ധനസഹായം അനുവദിക്കുന്നതിനായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിനത്തിൽ 3450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവയിലേർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് ഉൽപ്പന്നങ്ങളുടെ വിപണനം, പുതിയ ഔട്ട് ലെറ്റുകൾ സ്ഥാപിക്കൽ/നവീകരണം, കയറ്റുമതി പ്രവർത്തനങ്ങളുടെ പ്രോത്സാഹനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം. ടി പദ്ധതിയുടെ നടത്തിപ്പിനായി 2023-24 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിനത്തിൽ 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കോ-ഓപ്പറേറ്റീവ് ഇനീഷ്യേറ്റീവ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

കോ-ഓപ്പറേറ്റീവ് ഇനീഷ്യേറ്റീവ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ പദ്ധതിയിലൂടെ 2022-23 സാമ്പത്തിക വർഷം 20 സഹകരണ സംഘങ്ങൾക്ക് 743.50 ലക്ഷം രൂപ ധനസഹായം അനുവദിക്കുകയും 2023-24 സാമ്പത്തിക വർഷം ധനസഹായം അനുവദിക്കുന്നതിനായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിനത്തിൽ 3450 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഒരു പഞ്ചായത്തിൽ ഒന്ന് എന്ന നിലയിൽ മൂല്യവർദ്ധിത സൗകര്യങ്ങളുള്ളതും ശീതീകരണ സംഭരണ സംവിധാനങ്ങളുള്ളതുമായ ഒരു വിപണി സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒന്ന് എന്ന നിലയിൽ മൂല്യവർദ്ധിത സൗകര്യങ്ങളുള്ളതും ശീതീകരണ സംഭരണ സംവിധാനങ്ങളുള്ളതുമായ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി ചുവടെ ചേർത്തിട്ടുള്ള

11 സഹകരണ സംഘങ്ങൾക്ക് 10 ലക്ഷം രൂപ വീതം 110 ലക്ഷം രൂപ, 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ, 2425-107-65 എന്ന ശീർഷകത്തിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.

1. കരകുളം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 3064, തിരുവനന്തപുരം
2. പൂവറ്റൂർ ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3503,കൊല്ലം
3. പുതുപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2730,ആലപ്പുഴ
4. മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 160,കോട്ടയം
5. വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1015,എറണാകുളം
6. കൊരട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 590,തൃശ്ശൂർ
7. മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.922 പാലക്കാട്

8. മറയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2022,ഇടുക്കി

9. ഉള്ള്യേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഡി 2033,കോഴിക്കോട്

10. മീനങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1061,വയനാട്

11. കാസർഗോഡ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി.832,കാസർഗോഡ്

**സഹകരണ പരീക്ഷാ ബോർഡ് കമ്പ്യൂട്ടർവൽക്കരിക്കുവാൻ നടപടി**

350 (797) ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പരീക്ഷാ ബോർഡ് കമ്പ്യൂട്ടർവൽക്കരിച്ച് പരീക്ഷ പൂർണ്ണമായും ഓൺലൈനായി നടത്തുവാനും അപേക്ഷ മുതൽ വാല്യുവേഷൻ വരെ കുറ്റമറ്റതാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് കമ്പ്യൂട്ടർവൽക്കരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടം എന്ന നിലയിൽ സംഘം/ ബാങ്കുകൾക്ക് ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്.

ഉദ്യോഗാർത്ഥികൾക്ക് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഒറ്റത്തവണ രജിസ്ട്രേഷൻ, പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്ക് അനുസൃതമായി അപേക്ഷ സമർപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾ ഓൺലൈനായി ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിവരുന്നു. പരീക്ഷ ഓൺലൈനായി നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമായിട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ ഓൺലൈൻ പരീക്ഷ നടത്തുവാൻ സാധിക്കുകയുള്ളൂ. പരീക്ഷാ നടത്തിപ്പും വാല്യൂവേഷൻ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണവുമടക്കമുള്ള നടപടിക്രമങ്ങൾ കുറ്റമറ്റ രീതിയിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-ന്റെ ആസ്ഥാന മന്ദിരത്തിന്റെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടോ; കേപ്പിന്റെ കീഴിൽ രൂപീകരിക്കപ്പെട്ട നൈപുണ്യ വികസന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-ന്റെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ഈ കെട്ടിടത്തിൽ നടന്നുവരുന്നു. സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായിട്ടാണ് താഴെപ്പറയുന്ന ലക്ഷ്യങ്ങൾ മുൻനിർത്തി Skill and Knowledge Development Centre (SKDC)-ന് രൂപം നൽകിയിട്ടുള്ളത്.

1. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള K-Disc-ന്റെ ഒരു വൈദഗ്ധ്യ പങ്കാളിയായി വൈദഗ്ധ്യം, അറിവ് എന്നിവ വികസിപ്പിക്കുന്ന സ്ഥാപനം ആയി പ്രവർത്തിക്കുക.

2. Knowledge Economy-യെ സഹായിക്കുന്ന വൈദഗ്ധ്യ വികസനത്തിന്റെ ചാലകശക്തിയായി പ്രവർത്തിക്കുക.

3. Knowledge Economy-യുടെ വിവിധ മേഖലകളിൽ അറിവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സഹായിക്കുക.

4. യുവാക്കളുടെ വൈദഗ്ധ്യം, അറിവ് എന്നിവ വികസിപ്പിച്ച് അവരെ പുതിയ മേഖലകളിലെ പ്രവർത്തനത്തിന് പ്രാപ്തരാക്കുക.

5. യുവാക്കളുടെ തൊഴിലവസരങ്ങൾ വികസിപ്പിക്കുന്നതിനായി അവരെ പുതിയ മേഖലകൾ കണ്ടെത്താൻ പ്രാപ്തരാക്കുക.

6. എൻജിനീയറിംഗ് ബിരുദധാരികൾക്ക് ആധുനിക കാലത്തെ പുതിയ മേഖലകളായ AI, Machine learning, Blockchain, Cyber security, Data എന്നീ മേഖലകളിൽ പരിശീലനം നൽകുക.

7. ഉദ്യോഗാർത്ഥികൾക്ക് വിദേശഭാഷകളിൽ പരിജ്ഞാനം നൽകി അവരെ വിദേശ തൊഴിലിന് പ്രാപ്തരാക്കുക.

(സി) സഹകരണ മേഖലയിലെ ഇ-ഓഫീസ് സംവിധാനം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

പൂർത്തീകരിച്ചിട്ടുണ്ട്. നാഷണൽ ഇൻഫർമേറ്റിക് സെന്ററിന്റെ (എൻ.ഐ.സി) ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ

ഇ-ഓഫീസ് സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലും സഹകരണ ഓഡിറ്റ് ഡയറക്ടേറ്റിലും 2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ രണ്ടാം നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി 14 ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും, 14 ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളിലും, 78 അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും, 64 അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

**സഹകരണ പെൻഷൻ ആനുകൂല്യങ്ങൾ**

351 (798) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സഹകരണ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നത് എത്ര പേർക്കാണ്; പ്രാഥമിക സഹകരണ സംഘങ്ങളിലെ പരമാവധി പെൻഷൻ നിരക്കും കുറഞ്ഞ പെൻഷൻ നിരക്കും എത്രയാണ്; വിശദമാക്കാമോ?

കേരള സംസ്ഥാന സഹകരണ പെൻഷൻ ബോർഡിൽനിന്നും പ്രാഥമിക സഹകരണ സംഘങ്ങൾ, കേരള സംസ്ഥാന/ജില്ലാ സഹകരണ ബാങ്ക്, മറ്റിതര സംഘങ്ങൾ എന്നീ മൂന്ന് സ്കീമുകളിൽനിന്നുമായി 31-03-2023 തീയതിയിലെ കണക്ക് പ്രകാരം 24,517 പേർക്ക് പെൻഷൻ നൽകിവരുന്നു. പ്രാഥമിക സഹകരണ സംഘങ്ങളിലെ പരമാവധി പെൻഷൻ 17,850/- രൂപയും, കുറഞ്ഞ പെൻഷൻ 3600/- രൂപയും ആണ്.

(ബി) സംസ്ഥാന സഹകരണ പെൻഷൻ ഫണ്ടിൽനിന്നും പെൻഷൻ നൽകുന്നതിനായി പ്രതിമാസം എത്ര രൂപ ചെലവഴിക്കേണ്ടിവരുന്നുണ്ട്; പ്രസ്തുത തുക പെൻഷൻ സ്ഥിരഫണ്ടിന്റെ പലിശയിൽനിന്നും ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ രീതിയിലാണ് പ്രസ്തുത തുക കണ്ടെത്തുന്നത്; വ്യക്തമാക്കാമോ?

2023 ആഗസ്റ്റ് മാസത്തെ പെൻഷൻ വിതരണത്തിനായി 31,75,69,161/- രൂപ ചിലവായിട്ടുണ്ട്. പ്രതിമാസം പെൻഷൻ വിതരണത്തിനായുള്ള മുഴുവൻ തുകയും പെൻഷൻ ഫണ്ടിന്റെ പലിശയിൽനിന്നും ലഭിക്കുന്നില്ല. പെൻഷൻ ഫണ്ട് നിക്ഷേപത്തിന്റെ പ്രതിമാസ പലിശയായി ലഭിക്കുന്ന തുക

പൂർണ്ണമായും ഉപയോഗിച്ചശേഷം കുറവുവരുന്ന തുക പ്രതിമാസ പെൻഷൻ ഫണ്ട് കളക്ഷനിൽനിന്നുംകൂടി പിൻവലിച്ചാണ് പെൻഷൻ വിതരണം നടത്തുന്നത്.

(സി) സഹകരണ സംഘങ്ങൾ പ്രതിമാസ പെൻഷൻ ഫണ്ട് വിഹിതമായി അടയ്ക്കേണ്ട തുക സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ജീവനക്കാരന്റെ അടിസ്ഥാന ശമ്പളം + ഡി.എ. എന്നിവയുടെ 12% ആണ് പെൻഷൻ വിഹിതമായി അടവാക്കേണ്ടത്.

(ഡി) പെൻഷൻ നൽകുവാൻ സ്ഥിര ഫണ്ടിന്റെ പലിശ കൂടാതെ സ്ഥിര നിക്ഷേപംകൂടി ഉപയോഗിക്കേണ്ടി വരുന്നത് സഹകരണ പെൻഷൻ മേഖലയെ പ്രതിസന്ധിയിൽ ആക്കുമെന്ന കരുതുന്നുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സഹകരണ പെൻഷൻ പദ്ധതി ഒരു സ്വാശ്രയ പെൻഷൻ പദ്ധതിയാണ്. ആയതിനാൽ പെൻഷൻ പദ്ധതിയുടെ നിലനിൽപ്പിന് വ്യക്തമായ ഒരു നയ സമീപനം സ്വീകരിക്കേണ്ടത് അനിവാര്യമാണ്. ഈ

സാഹചര്യത്തിൽ ഈ വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ടയേർഡ് ജില്ലാ ജഡ്ജി അദ്ധ്യക്ഷനും ഒരു റിട്ടയേർഡ് അഡീഷണൽ രജിസ്ട്രാർ, ഒരു ചാർട്ടേഡ് അക്കൗണ്ടന്റ്, പെൻഷൻ ബോർഡ് ചെയർമാൻ എന്നിവർ അംഗങ്ങളും പെൻഷൻ ബോർഡ് സെക്രട്ടറി കൺവീനറും ആയി ഒരു സമിതിയെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്.

**സഹകരണ സംഘങ്ങൾക്ക് പൊതുപ്രവർത്തന രീതി നടപ്പാക്കാനുള്ള മാതൃകാ നിയമാവലി**

352 (799) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് പൊതുപ്രവർത്തന രീതി നടപ്പാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ മാതൃകാ നിയമാവലി സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേന്ദ്രസർക്കാർ പുറത്തിറക്കിയ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ മോഡൽ ബൈലോവിന്മേൽ സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ലഭ്യമാക്കുന്നതിനായി നബാർഡിന്റെ 05-07-2022 തീയതിയിലെ NB(KeralaRO)/IDD-2022-23 നമ്പർ കത്ത് ലഭിച്ചിരുന്നു. പ്രസ്തുത മോഡൽ ബൈലോയിൽ ഉൾപ്പെട്ട വിഷയങ്ങളെയും വ്യവസ്ഥകളെയും സംബന്ധിച്ച് സർക്കാർ കേന്ദ്രസർക്കാരിന് കത്ത് നൽകിയിരുന്നു.

(ബി) സംസ്ഥാനങ്ങളുടെ അധികാരപരിധിയിലുള്ള വിഷയത്തിൽ കേന്ദ്രം അമിതമായ ഇടപെടലുകൾ നടത്തുന്നുണ്ടോ; എങ്കിൽ ഇത്തരം പ്രവണതയ്ക്കെതിരായ നിലപാട് രേഖാമൂലം അറിയിക്കാത്തതിന് കാരണം വ്യക്തമാക്കുമോ?

പുതിയ സഹകരണ മന്ത്രാലയം രൂപീകരിച്ചശേഷം രാജ്യത്തെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള പദ്ധതികളാണ് കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ഭരണഘടനയുടെ ഏഴാമത്തെ ഷെഡ്യൂളിൽ ലിസ്റ്റ് രണ്ടിൽ 32-ാം ഇനമായി

ഉൾപ്പെടുത്തിയിട്ടുള്ള സഹകരണം എന്ന വിഷയത്തിൽ പാസ്സാക്കിയ നിയമപ്രകാരം പ്രവർത്തിക്കുന്ന സംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ നടപ്പിലാക്കുന്നത്. കോമൺസോഫ്റ്റ്വെയർ പദ്ധതി, ഏകീകൃത ബൈലോ അംഗീകാരം, സഹകരണ ഡാറ്റാ ബേസ് എന്നീ പദ്ധതികളിലൂടെ സംഘങ്ങളുടെ പ്രവർത്തനത്തിൽ ഇടപെടലുകൾ നടത്തുന്നതിന് കേന്ദ്രസർക്കാർ ശ്രമിക്കുന്നുണ്ട്. ആയതിനുള്ള മേൽനടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

(സി) പ്രാഥമിക സഹകരണ സംഘങ്ങളിൽ പൊതുസോഫ്റ്റ്വെയർ നടപ്പാക്കി നബാർഡിനുകീഴിൽ ഓൺലൈൻ ശൃംഖലയുടെ ഭാഗമാകുന്ന പദ്ധതിയിൽ പങ്കാളിയാകാത്തതുമൂലം സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കേന്ദ്ര പദ്ധതികൾ നഷ്ടമാകുന്ന സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മേഖലയിലാണ് ഇപ്രകാരം പദ്ധതികൾ നഷ്ടപ്പെടാൻ സാധ്യതയുള്ളത്; ഇതിനെ എങ്ങനെ മറികടക്കാം എന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

കേന്ദ്രസർക്കാർ രാജ്യവ്യാപകമായി കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ കീഴിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച പൊതുമാർഗനിർദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ വൈവിധ്യപൂർണമായ പ്രവർത്തനങ്ങളെല്ലാം കേന്ദ്ര സോഫ്റ്റ്‌വെയറിൽ ലഭ്യമാകുമോയെന്നത് സംബന്ധിച്ച് നിലവിൽ വ്യക്തതയില്ല. ഭാവിയിൽ പദ്ധതി സംബന്ധിച്ച തുടർച്ച, സാങ്കേതികമായ വിവരങ്ങൾ തുടങ്ങിയവ കേന്ദ്രസർക്കാർ നൽകിയിട്ടുള്ള വിവരങ്ങളിൽ നിലവിൽ ലഭ്യമല്ല. സംഘങ്ങളെ സംബന്ധിച്ച് സാമ്പത്തിക വിവരങ്ങൾ സംബന്ധിച്ചുള്ള നിർണായകമായ വിവരങ്ങളിലെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് കഴിയുമോ എന്നതിലും നിലവിൽ വ്യക്തതയില്ല. സംഘങ്ങളുടെ ഡാറ്റ വിവിധ ഏജൻസികളുടെ ആവശ്യത്തിനായി

ലഭ്യമാക്കുന്നതാണെന്ന വ്യവസ്ഥ സഹകാരികളുടെയും അംഗങ്ങളുടെയും ഉത്തമ താൽപര്യത്തിന് വിരുദ്ധവുമാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ സംഘങ്ങളുടെ പ്രവർത്തന വ്യാപ്തി കണക്കിലെടുത്തുകൊണ്ടുള്ള ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. സ്വന്തമായ പദ്ധതി നടപ്പാക്കുന്നവർക്കും ധനസഹായം ലഭിക്കുന്നതിന് വ്യവസ്ഥയുണ്ട്.

(ഡി) സംസ്ഥാനങ്ങൾക്ക് പ്രാദേശിക സാഹചര്യമനുസരിച്ച് മാതൃകാ നിയമാവലിയിൽ ഭേദഗതി വരുത്താമെന്ന വ്യവസ്ഥയനുസരിച്ച് മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനായി തമിഴ്നാട് പ്രത്യേക സമിതിയെ നിയോഗിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ രീതിയിലുള്ള മാറ്റത്തിലൂടെ സംസ്ഥാന താൽപര്യം സംരക്ഷിച്ചുകൊണ്ട് മേൽപ്പറഞ്ഞ കേന്ദ്ര പദ്ധതികൾ നേടിയെടുക്കാൻ സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പൊക്കാളി നെല്ല് സംഭരിക്കുന്നതിന് സഹകരണ സംഘങ്ങളുടെ കൺസോർഷ്യം

353 (800) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊക്കാളി നെൽക്കർഷകരുടെ നെല്ല് ന്യായവിലക്ക് സംഭരിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൊക്കാളി നെൽകൃഷി നടത്തുന്ന പ്രദേശങ്ങളിലെ സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് നെല്ല് സംഭരണം നടത്തുന്നതിന് അനുമതി തേടി സമർപ്പിച്ച നിർദ്ദേശം പരിശോധനയിലാണ്.

(ബി) വൈപ്പിൻ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ പൊക്കാളി നെൽക്കർഷകരുടെ നെല്ല് ന്യായവിലയ്ക്ക് സംഭരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലുൾപ്പെട്ട കോരമ്പാടം സർവ്വീസ് സഹകരണ ബാങ്ക് കർഷകരിൽനിന്നും 20 ടണ്ണോളം പൊക്കാളി 55/- രൂപാ

വിലയ്ക്ക് സംഭരിച്ചിട്ടുണ്ട്. സംഭരിച്ച നെല്ലിന്റെ വില അപ്പോൾത്തന്നെ കർഷകർക്ക് നൽകിയിട്ടുണ്ട്. പൊക്കാളി അരി, പുട്ടുപൊടി, അവൽ തുടങ്ങിയ ഉൽപ്പന്നങ്ങളാക്കി ടി സംഘം മാർക്കറ്റ് ചെയ്യുന്നു. ഞാറക്കൽ സർവീസ് സഹകരണ ബാങ്ക്, ഞാറക്കൽ പ്രദേശങ്ങളിലെ വടക്കേ പല്ലംപിള്ളി കൃഷി സമാജം കൃഷി ചെയ്ത 3320 കിലോ നെല്ല് ന്യായവിലക്ക് സംഭരിച്ച് പ്രോസ്സസ് ചെയ്ത് വിപണനം നടത്തിക്കൊണ്ടിരിക്കുന്നു. കൂടാതെ പള്ളിയാക്കൽ സർവീസ് സഹകരണ ബാങ്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പൊക്കാളി നെല്ല് സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം നടത്തിവരുന്നുണ്ട്.

(സി) ഇതുസംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ 06-02-2023-ന് ആർ.സി.എസ്./11331/2022-എം.പി.(2) കത്ത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇതുസംബന്ധിച്ച് ലഭിച്ച നിർദ്ദേശം സർക്കാർ പരിശോധനയിലാണ്.

## സഹകരണ മേഖലയിലെ കേന്ദ്ര നിയമം

354 (801) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ കൂടുതൽ കേന്ദ്രീകൃത നിയമം കൊണ്ടുവരാനുള്ള കേന്ദ്ര സർക്കാർ നീക്കം സംസ്ഥാന സഹകരണ മേഖലയെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളും സംസ്ഥാനത്തെ കാർഷിക മേഖലയുടെയും ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെയും നട്ടെല്ലായ സഹകരണ മേഖലയിലെ സുപ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനങ്ങളാണ്. സർവ്വീസ് സഹകരണ ബാങ്കുകൾ എന്ന പേരിൽ അറിയപ്പെടുന്ന പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കേവലം അവയിലെ അംഗങ്ങളുടെ സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിലും കാർഷിക, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ

എന്നിവയിലുംമാത്രം ഒതുങ്ങി നിൽക്കുന്നതല്ല. അംഗങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും സാമൂഹിക ഇടപെടലുകളും നടത്തിവരുന്ന സ്ഥാപനങ്ങളാണിവ. Multi-State Co-operative Societies (Amendment) കരട് നിയമത്തിലെ ആറാം ഖണ്ഡിക പ്രകാരമുള്ള ഭേദഗതിയിലൂടെ വകുപ്പ് 17 Amalgamation or Transfer of assets and liabilities, or division of multi-state co-operative societies എന്നതിൽ ഉപ വകുപ്പ് (10) കൂട്ടിച്ചേർത്തുകൊണ്ട് ഏത് സംസ്ഥാന സഹകരണ നിയമപ്രകാരവും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്ത മൂന്നിൽ രണ്ട് ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാനപ്രകാരം നിലവിൽ സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന ഒരു സംഘത്തെ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിച്ചേർക്കുന്നതിന് (Merger) വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ വ്യവസ്ഥയുടെ ക്ലിപ്ത നിബന്ധന ആയി സംസ്ഥാന നിയമത്തിലെ Merger സംബന്ധിച്ച വ്യവസ്ഥ പ്രകാരവും ഇത്തരം കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു.

ഭേദഗതിയിലൂടെ ഏത് സംസ്ഥാന നിയമപ്രകാരവും രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ഏതൊരു സംഘത്തിനേയും പൊതുയോഗ തീരുമാനപ്രകാരം മറ്റൊരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേയ്ക്ക് കൂട്ടിചേർക്കുന്നതിന് കഴിയുന്നതാണ്. ഈ വ്യവസ്ഥ ഭരണഘടന തത്വങ്ങളുടെയും ഫെഡറൽ തത്വങ്ങളുടെയും വ്യക്തമായ ലംഘനമാണ്. ഇന്ത്യൻ ഭരണഘടനപ്രകാരം സംസ്ഥാന വിഷയത്തിൽപ്പെടുന്ന സഹകരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നടത്തിയിട്ടുള്ള ഡേറ്റാ കളക്ഷൻ പൊതുബൈലോ, സഹകരണ നയം, ഇൻകംടാക്സ് ആക്ടിലെ ഭേദഗതികൾ ബാങ്കിംഗ് റെഗുലേഷൻ ആക്ടിൽ വരുത്തിട്ടുള്ള ഭേദഗതികൾ എന്നിവ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാടുകളും അഭിപ്രായങ്ങളും കാലാകലങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ടി വിഷയങ്ങളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ സ്യൂട്ട് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്നും വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല.

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനമികവ്, വൈവിദ്ധ്യവൽക്കരണം, സകലമേഖലകളിലെയും കടന്നുകയറ്റം എന്നിവ കണക്കിലെടുത്ത് മാത്രമേ സർക്കാർ നയം രൂപീകരിക്കാനാകൂ. ആയതിനാൽ സംഘങ്ങളുടെ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്ന നിർദ്ദേശങ്ങളൊന്നും അംഗീകരിക്കാനാകില്ല. എന്നാൽ കേന്ദ്രസർക്കാർ സഹകരണ മന്ത്രാലയം രൂപീകരിച്ചശേഷം പ്രാഥമിക സംഘങ്ങളിലൂടെ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശിച്ചിരുന്നു. അവ മുഖ്യമായും താഴെ പറയുന്നവയാണ്.

1. ഏകീകൃത സോഫ്റ്റ് വെയർ

രാജ്യത്തെ 63,000 പ്രാഥമിക സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം നടപ്പാക്കാനാണ് കേന്ദ്രം ലക്ഷ്യമിട്ടത്. നടപ്പാക്കലിന്റെ പൂർണ്ണ അധികാരം നബാർഡിൽ അർപ്പിതമാണ്. പദ്ധതിക്ക് മുന്നോടിയായി സംഘത്തെ സംബന്ധിച്ച് എല്ലാ വിവരങ്ങളും നബാർഡിന് കൈമാറണം

2. ഏകീകൃത ബൈലോ അംഗീകരിക്കൽ

രാജ്യത്തെ എല്ലാ പ്രാഥമിക സംഘങ്ങൾക്കും ഏകീകൃത ബൈലോ നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന ഒരു സംഘത്തിന് 1969-ലെ കേരള സഹകരണ നിയമപ്രകാരമുള്ള ബൈലോ മാത്രമേ അംഗീകരിക്കാനാകൂ.

3. <u>നാഷണൽ കോ-ഓപ്പറേറ്റീവ് ഡേറ്റാ ബേസ്</u>

രാജ്യത്തെ എല്ലാ സഹകരണ സംഘങ്ങളുടെയും വിവരശേഖരണമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

4. <u>മൾട്ടി സ്റ്റേറ്റ് അപ്പെക്സ് സംഘങ്ങളിൽ അംഗത്വമെടുക്കുക</u>

കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുള്ള മൂന്ന് മൾട്ടിസ്റ്റേറ്റ് അപ്പെക്സ് സംഘങ്ങളിൽ അംഗത്വം എടുക്കാൻ സംഘങ്ങൾക്ക് അവസരം നൽകണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

മുകളിൽ വിവരിച്ച പദ്ധതികൾ സംഘങ്ങളിൽ നടപ്പിലാക്കി ഏകീകൃതമായ ഒരു ഭരണക്രമം സൃഷ്ടിച്ച് ആയതിന്റെ ചുക്കാൻ കൈയ്യിലെടുക്കാനാണ് കേന്ദ്രനീക്കം.

(ബി) പ്രാദേശിക സമ്പദ്ഘടനയെ സംരക്ഷിച്ച് നിർത്തുന്നതിനും ഉത്തേജിതമാക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ ആവിഷ്കരിക്കുന്നതിനും പ്രാദേശിക ചെറുകിട ഇടത്തരം വ്യവസായ പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനും സഹകരണ ബാങ്കുകൾ ആവിഷ്കരിച്ചിട്ടുള്ള നൂതന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സഹകരണ ബാങ്കുകൾ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. <u>സഹായ ഹസ്തം പദ്ധതി</u>

സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി പ്രാഥമിക സഹകരണ ബാങ്ക്/ സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറുസംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ആട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കുമായി

20,000/- രൂപ വരെ വായ്പാനൽകുന്നതിനുമായി 'സഹായ ഹസ്തം' എന്ന വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു.

2. <u>മുറ്റത്തെ മുല്ല പദ്ധതി</u>

ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധി വരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘുവായ്പാ പദ്ധതി. 2018-ൽ പൈലറ്റ് പദ്ധതിയായി പാലക്കാട് ജില്ലയിലാണ് "മുറ്റത്തെ മുല്ല" ആദ്യം നടപ്പിലാക്കിയത്. നിലവിൽ ടി പദ്ധതി 14 ജില്ലകളിലും വിജയകരമായി നടപ്പിലാക്കിവരുന്നു.

3. <u>സ്നേഹതീരം പദ്ധതി</u>

കേരളത്തിലെ തീരദേശ മത്സ്യത്തൊഴിലാളികളുടെ ദൈനംദിന ആവശ്യങ്ങൾക്കുള്ള മുടക്ക് മുതൽ അന്നന്ന് തന്നെ കണ്ടെത്തേണ്ട സാഹചര്യമുള്ളതിനാൽ അത്തരക്കാർ കൂടുതലും ആശ്രയിക്കുന്നത് ബ്ലേഡ് പലിശക്കാരെയാണ്. അത്തരത്തിൽ ബ്ലേഡ് പലിശക്കാരുടെ ചൂഷണത്തിൽ അകപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസകരമായി "മുറ്റത്തെ മുല്ല" പദ്ധതിയുടെ ചുവടുപിടിച്ച് തീരദേശ മേഖലയിൽ മത്സ്യവിപണനം നടത്തുന്നവർ, അനുബന്ധ മേഖലയിലെ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ തുടങ്ങിയവർക്കായി നടപ്പാക്കിയ ലഘുവായ്പാ പദ്ധതിയാണ് "സ്നേഹതീരം പദ്ധതി".

4. <u>സഹകരണം സൗഹൃദം</u> (ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധതി)

സർക്കാരിന്റെ ഒന്നാം വാർഷികം പ്രമാണിച്ച് രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന സഹകരണ ബാങ്ക്/അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ

ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

5. <u>സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി</u>

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണസംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന പദ്ധതി. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് കൃഷിതോട്ടങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിന് സംഘങ്ങളുടെ പൊതുഫണ്ടിൽനിന്നും പരമാവധി 50,000/- രൂപ വരെ അനുവദിക്കുന്നു. ഇതിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഗ്രാമീണ ചന്ത മുഖേനെയോ, കാർഷിക വിപണന കേന്ദ്രം മുഖേനയോ കോപ് മാർട്ടിന്റെ സ്റ്റാൾ മുഖേനയോ വിതരണം ചെയ്യുന്നു.

സംഘങ്ങളിൽ ചിലവ മുൻപ് കൃഷി ചെയ്തുവരുന്നവയാണ്. ആയത് ഒഴികെ ജില്ലകളിൽനിന്നും ഇതുവരെ ലഭ്യമായ കണക്കനുസരിച്ച് ഈ പദ്ധതി

പ്രകാരം 410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ടാർജെറ്റ് പൂർത്തിയായിട്ടുണ്ട്.

6. Coopmart

സഹകരണ മേഖലയിലെവൈവിദ്ധ്യവും ഗുണനിലവാരമുള്ളതുമായ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ ജില്ലകളിലും ഏകീകൃത മാതൃകയിൽ ഓരോ കോപ്പ്മാർട്ടുകൾ (coopmart) ഇതിനകം ആരംഭിച്ചിട്ടുണ്ട്. കോപ്പ്മാർട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും നിർമ്മാണ നടപടി സ്വീകരിച്ചുവരികയുമാണ്. കൂടാതെ ഉല്പാദന സേവന മേഖലകൾക്ക് പ്രയോജനം ലഭിക്കുന്നതിനുള്ള പത്തിലധികം MSME വായ്പകളാണ് കേരള ബാങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. KB MSME, KB Suvidha Plus, KB Mithra, KB Yuva Mithra, KB Smart, KB Pravasi Kiran, KB Pravasi Bhadratha, KB Navajeevan തുടങ്ങിയ വായ്പകളും ഉല്പാദന, സേവന പ്രവർത്തനങ്ങൾക്ക് പിൻബലം നൽകിക്കൊണ്ട് വനിതകളുടെ ശാക്തീകരണം ലക്ഷ്യമിട്ട് കുടുംബശ്രീ, വനിതാ സംഘങ്ങൾക്ക് KB മൈക്രോ ഫിനാൻസ് വായ്പ എന്നിവയും കേരളാ ബാങ്ക് അനുവദിച്ച് നൽകിവരുന്നുണ്ട്.

കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് 20 ലക്ഷം രൂപവരെ SHG വായ്പയും കൂട്ടുത്തരവാദിത്ത വനിതാ സംഘങ്ങൾക്ക് 10 ലക്ഷം രൂപവരെ JLG വായ്പയും അനുവദിച്ചുനൽകുന്നുണ്ട്.

## സഹകരണ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം

355 (802) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണവകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം നിലവിലെ ഏതുവ്യവസ്ഥകൾ പ്രകാരമാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) 25-02-2017 തീയതിയിലെ ജി.ഒ.(പി) 03/2017/പി.ആന്റ് എ.ആർ.ഡി. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണോ നിലവിൽ സഹകരണവകുപ്പിൽ സ്ഥലമാറ്റം നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ സഹകരണവകുപ്പിൽ നടപ്പിലാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഉത്തരവ് പുറപ്പെടുവിച്ച് ആറ് വർഷം കഴിഞ്ഞിട്ടും ഉത്തരവിലെ വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

(എ - ഡി) 25-02-2017 തീയതിയിലെ ജി.ഒ.(പി) 03/2017/പി.ആന്റ് എ.ആർ.ഡി. നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് നിലവിൽ സഹകരണ വകുപ്പിൽ ജീവനക്കാരുടെ സ്ഥലംമാറ്റം നടപ്പിലാക്കുന്നത്. കൂടാതെ സഹകരണ വകുപ്പിൽ സ്ഥലംമാറ്റം സുതാര്യമാക്കുന്നതിന് ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിനായി 04-06-2023-ലെ G.O.(MS) No.8/2023/Co-op ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശം അംഗീകരിച്ചുനൽകിയിട്ടുണ്ട്. ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സഹകരണ മേഖലയെ സംരക്ഷിക്കാൻ നടപ്പിലാക്കിയ പദ്ധതികൾ**

356 (803) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സഹകരണ നിയമപ്രകാരം നടത്തുന്ന അന്വേഷണങ്ങളിലോ, പരിശോധനയിലോ, ആഡിറ്റിലോ ക്രിമിനൽ സ്വഭാവത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയാൽ പ്രസ്തുത ക്രമക്കേട് നടത്തിയ ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമം അനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പൈലറ്റ്

അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ ടീം ആഡിറ്റ് ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ടീം ആഡിറ്റ് വ്യാപിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആഡിറ്റ് MATRIX-ന്റെ ഉപയോഗത്തിലൂടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം ആഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ആഡിറ്റർമാർക്ക് നൽകിവരുന്നു. ആഡിറ്റ് MATRIX ആഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ സഹകരണ വിജിലൻസ്, സഹകരണ ആഡിറ്റ് എന്നീ വിഷയങ്ങളിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും, സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും, സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ

രീതിയിലും സമഗ്രമായ നിയമഭേദഗതി അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്റ്റിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും (CAMIS)-ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ലഭ്യമാക്കിയിട്ടുണ്ട്. സഹകരണ ആഡിറ്റ് കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ കോമൺസോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം പ്രവർത്തനം മന്ദഗതിയിലായതും,

പ്രവർത്തനം നിലച്ചതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി സഹകരണ സംരക്ഷണ നിധി എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കുടുംബത്തിൽ ഒരു കരുതൽ ധനം എന്ന പദ്ധതി സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ?

'കുടുംബത്തിനൊരു കരുതൽ ധനം' എന്ന പദ്ധതി സംസ്ഥാനത്ത് പൈലറ്റ് പദ്ധതിയായി പാലക്കാട് ജില്ലയിലാണ് നടപ്പിലാക്കുന്നത്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗ്രാമീണ വിപണികൾ**

357 (804) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി അതത് പ്രദേശത്തെ അംഗീകൃത പ്രാഥമിക കാർഷിക സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ ഗ്രാമീണ ചന്തകൾ,

പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദാംശം ലഭ്യമാക്കുമോ;

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾവഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി ചുവടെ ചേർത്തിട്ടുള്ള പതിനൊന്ന് സഹകരണസംഘങ്ങൾക്ക് 10 ലക്ഷം രൂപവീതം 110 ലക്ഷം രൂപ 2022-23 ബഡ്ജറ്റ് വിഹിതത്തിൽ 2425-107-65 ശീർഷകത്തിൽനിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്.

1. കരകുളം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 3064, തിരുവനന്തപുരം
2. പൂവറ്റൂർ ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 3503, കൊല്ലം
3. പുതുപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 2730, ആലപ്പുഴ
4. മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 160, കോട്ടയം

5. വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 1015, എറണാകുളം

6. കൊരട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 590, തൃശ്ശൂർ

7. മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.പി.922 പാലക്കാട്

8. മറയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 2022, ഇടുക്കി

9. ഉള്ള്യേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. ഡി 2033, കോഴിക്കോട്

10. മീനങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.എഫ്.1061, വയനാട്

11. കാസർഗോഡ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. സി. 832, കാസർഗോഡ്

(ബി) മണ്ഡലങ്ങളിൽ ഓരോ മത്സ്യഫെഡ് ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന ഏതെല്ലാം മണ്ഡലങ്ങളിൽ ഔട്ട്‌ലെറ്റുകൾ

സ്ഥാപിച്ചിട്ടുണ്ടെന്നും മറ്റു മണ്ഡലങ്ങളിൽ എപ്പോൾ സ്ഥാപിക്കാനാകുമെന്നും വ്യക്തമാക്കുമോ?

മണ്ഡലങ്ങളിൽ ഓരോ മത്സ്യഫെഡ് ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന ചുവടെ ചേർത്തിട്ടുള്ള മണ്ഡലങ്ങളിൽ ഔട്ട് ലെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

അരുവിക്കര, നെടുമങ്ങാട്, വട്ടിയൂർക്കാവ്, നേമം, വർക്കല, കാട്ടാക്കട, വാമനപുരം, ഇരവിപുരം, കരുനാഗപള്ളി, ചവറ, ചടയമംഗലം, കൊട്ടാരക്കര, കുന്നത്തൂർ, അടൂർ, ആറന്മുള, കോന്നി, ചെങ്ങന്നൂർ, ഏറ്റുമാനൂർ, ചങ്ങനാശ്ശേരി(3), കുന്നത്തുനാട്(2), കളമശ്ശേരി, പിറവ, വടക്കാഞ്ചേരി, ചിറ്റൂർ, നെന്മാറ, ആലത്തൂർ, കോങ്ങാട്, പട്ടാമ്പി, തൃത്താല, മണ്ണാർക്കാട്, ഒറ്റപ്പാലം, ഷൊർണ്ണൂർ, ധർമ്മടം(2), ഉദുമ

മറ്റ് മണ്ഡലങ്ങളിൽ ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംഘങ്ങൾ അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് മത്സ്യഫെഡ് ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതാണ്.

## പൂഞ്ഞാർ മണ്ഡലത്തിലെ സഹകരണ വകുപ്പ് പദ്ധതികൾ

358 (805) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സഹകരണ വകുപ്പുവഴി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പുവഴി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കെ 453 എരുമേലി പട്ടികജാതി സഹകരണസംഘത്തിന് ടൂറിസം പദ്ധതി പ്രകാരം സംഘത്തിന്റെ സ്ഥലത്ത് കെട്ടിടം പണി പൂർത്തിയാക്കി.

2. പനക്കച്ചിറ എസ്.സി. സഹകരണ സംഘത്തിന് റെഡിമെയ്ഡ് ഗാർമെന്റ് നിർമ്മാണ യൂണിറ്റ് വിപുലീകരിക്കാൻ 3 ലക്ഷം രൂപയും

മാനേജീരിയൽ സബ്സിഡി ഇനത്തിൽ 1,20,000/-രൂപയും പ്ലാൻ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

1. കെ 453 എരുമേലി പട്ടികജാതി സഹകരണസംഘത്തിന് ടൂറിസം പ്ലാൻ പദ്ധതി പ്രകാരം ലഭിച്ച 25 ലക്ഷം രൂപ ഉപയോഗിച്ച് സംഘത്തിന്റെ സ്ഥലത്ത് കെട്ടിടം പണി പൂർത്തിയാക്കി ശബരിമല സീസണിൽ അയ്യപ്പൻമാർക്ക് വിരിവയ്ക്കുന്നതിനും താമസിക്കുന്നതിനുമുള്ള ഇടത്താവളവും ഒരുക്കിയിട്ടുണ്ട്.

2. പനക്കച്ചിറ എസ്.സി. സഹകരണ സംഘത്തിന് റെഡിമെയ്ഡ് ഗാർമെന്റ് നിർമ്മാണ യൂണിറ്റ് വിപുലീകരിക്കാൻ 3 ലക്ഷം രൂപയും മാനേജീരിയൽ സബ്സിഡി ഇനത്തിൽ 1,20,000/-രൂപയും പ്ലാൻ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. ടി സംരംഭം വളരെ മെച്ചമായ രീതിയിൽ പ്രവർത്തനം നടത്തുന്നു. ആയതുപ്രകാരം അംഗങ്ങളായ 15 വനിതകൾക്ക് നേരിട്ട് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്.

## റിസ്ക് ഫണ്ട് ആനുകൂല്യം

359 (806) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുത്തവർ മരണപ്പെട്ടാൽ അവർക്ക് ലഭിക്കുന്ന റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾക്കുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കുമോ?

റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള അർഹതാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 7 – റിസ്ക് ഫണ്ട് വിഹിതം

വായ്പ എടുക്കുന്ന അംഗങ്ങളിൽനിന്നും ബൈലോ വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം തുക (ഒരു വായ്പയ്ക്ക് മിനിമം 100/- രൂപയും പരമാവധി വിഹിതം തുക 2000/- രൂപയും) ഈടാക്കുകയും പ്രസ്തുത വിഹിതം തുക തൊട്ടടുത്ത മാസം 15- ാം തീയതിക്കുള്ളിൽ അടച്ചിരിക്കുകയും ചെയ്യുന്ന അംഗങ്ങൾക്കാണ് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നത്.

2. <u>റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 5 –വയസ്സ്</u>

മരണപ്പെട്ടതോ/മാരകരോഗം പിടിപ്പെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട/മാരകരോഗം പിടിപ്പെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പാക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ചികിത്സാ ധനസഹായം എന്നിവ ലഭിക്കുന്നത്.

3. <u>റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 4(ബി) –കുടിശ്ശിക/കാലാവധി</u>

വായ്പാകാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ 6 മാസത്തിൽ അധികരിച്ചും, വായ്പാ കാലാവധി തീരുന്ന തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

4. <u>റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 4(ഡി)- മാരകരോഗം</u>

30-03-2012-നുശേഷം വായ്പയെടുത്ത വായ്പാക്കാരന് മാരകരോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസ്സുകളിൽ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക്

വിധേയമായി ചികിത്സാ ധനസഹായം നൽകുന്നു. ഇപ്രകാരം ധനസഹായം ലഭിച്ച വായ്പാക്കാരൻ മരണപ്പെടുകയാണെങ്കിൽ നിബന്ധന 4(എ) പ്രകാരം അർഹതയുള്ള ധനസഹായത്തിൽനിന്നും ലഭിച്ച ആനുകൂല്യം കിഴിച്ച് ബാക്കി സംഖ്യയ്ക്ക് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

<u>നടപടി ക്രമങ്ങൾ</u>

1) ഒരു വായ്പാക്കാരൻ മരണമടഞ്ഞാൽ അനന്തരാവകാശി ബന്ധപ്പെട്ട സഹകരണ സംഘത്തിന് അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം വായ്പാക്കാരന്റെ മരണ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട അധികാരിയിൽനിന്നും വാങ്ങി ഹാജരാക്കണം.

2) റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ, ഒരു മാസത്തിനകം സംഘം ഭരണസമിതി പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതയുള്ളവയാണെങ്കിൽ ശിപാർശ ചെയ്തുകൊണ്ടുള്ള തീരുമാനമെടുത്ത് പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകളോടൊപ്പം കമ്മിറ്റി തീരുമാന പകർപ്പും അനുബന്ധരേഖകളും അപേക്ഷ സഹിതം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശിപാർശയ്ക്കായി നൽകി വ്യക്തമായ ശിപാർശ

സഹിതം 15 ദിവസത്തിനകം ബോർഡ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നുള്ള അപേക്ഷകളിൽ ജോയിന്റ് രജിസ്ട്രാർ/കൺകറണ്ട് ആഡിറ്ററുടെ ശിപാർശയും, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽനിന്നുള്ള അപേക്ഷകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ/ വാല്യുവേഷൻ ആഫീസറുടെ ശിപാർശയും ഉള്ളടക്കം ചെയ്യേണ്ടതാണ്.

അസിസ്റ്റന്റ് രജിസ്ട്രാർ/മാനേജരുടെയും ജോയിന്റ് രജിസ്ട്രാർ/ സെക്രട്ടറിയുടെയും പരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അർഹതയുള്ള അപേക്ഷകളിൽ ബോർഡ് സെക്രട്ടറിയാണ് ധനസഹായം അനുവദിക്കുന്നത്. ധനസഹായം അനുവദിച്ചുകഴിഞ്ഞാൽ പ്രസ്തുത തുക ബന്ധപ്പെട്ട സംഘത്തിന് ട്രാൻസ്ഫർ ചെയ്തുനൽകേണ്ടതാണ്. അതോടൊപ്പംതന്നെ ബന്ധപ്പെട്ട അനന്തരാവകാശിയെയും അറിയിക്കേണ്ടതാണ്. അപ്രകാരം ട്രാൻസ്ഫർ ചെയ്തുലഭിക്കുന്ന തുക ബന്ധപ്പെട്ട വായ്പാകണക്കിലേക്ക് അടവാക്കി ബാങ്ക്/സംഘം വിനിയോഗ സർട്ടിഫിക്കറ്റ് തൊട്ടടുത്ത മാസം 15-ാം തീയതിക്കുള്ളിൽ ബോർഡിലേക്ക്

അയച്ചുതരേണ്ടതാണെന്ന് റിസ്ക് ഫണ്ട് നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) റിസ്ക് ഫണ്ടിലുൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ട് യഥാസമയം ആശ്വാസം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിനായി ലഭിച്ച ചില അപേക്ഷകൾ തീരുമാനമെടുക്കാതെ കുടിശികയുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അർഹതപ്പെട്ടവർക്ക് ആനുകൂല്യം സമയബന്ധിതമായി അനുവദിക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നതാണ്.

(സി) റിസ്ക് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് സമയപരിധി നിലവിലുണ്ടോ എന്ന് വിശദമാക്കുമോ?

ബോർഡിൽനിന്നും റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിനായി സമയപരിധി, നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(ഡി) ലോണെടുത്തവർ മരണപ്പെട്ടാൽ റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അർഹതയുണ്ടോ എന്നത് സംബന്ധിച്ച് ബാങ്ക് തീരുമാനമെടുക്കുന്നതിന്റെ കാലയളവിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഒരു വായ്പാക്കാരൻ മരണമടഞ്ഞാൽ അനന്തരാവകാശി ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിന് അപേക്ഷയോടൊപ്പം വായ്പാക്കാരന്റെ മരണ സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന രേഖ ഉൾപ്പെടെ അപേക്ഷ നൽകണം. റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷ ബാങ്കിൽ ലഭിച്ചുകഴിഞ്ഞാൽ, ഒരു മാസത്തിനകം സംഘം ഭരണസമിതി പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതയുള്ളവയാണെങ്കിൽ ശിപാർശ ചെയ്തുകൊണ്ടുള്ള തീരുമാനമെടുത്ത് പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകളോടൊപ്പം കമ്മിറ്റി തീരുമാനപകർപ്പും അനുബന്ധരേഖകളും അപേക്ഷ സഹിതം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശിപാർശയ്ക്കായി നൽകി വ്യക്തമായ ശിപാർശ സഹിതം 15 ദിവസത്തിനകം ബോർഡ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

**പുനർജ്ജനി പദ്ധതി**

360 (807) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർജ്ജനി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വിപുലപ്പെടുത്താനും അതുവഴി കൂടുതൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വയം പര്യാപ്തത കൈവരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്നു വിശദമാക്കാമോ?

(എ & ബി) സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ഒരു സമഗ്ര പദ്ധതിയാണ് പുനർജ്ജനി പദ്ധതി. പദ്ധതിയിലൂടെ 2022-23 വർഷം മുതൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നു. ഈ പദ്ധതി പ്രകാരമുള്ള

ധനസഹായം ഒരു സംഘത്തിന് ഒരു തവണ മാത്രമേ ലഭിക്കുകയുള്ളൂ. പുനർജ്ജനി പദ്ധതിയിൽ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് 85% തുക (സബ്സിഡി-50%, ഓഹരി-35%) സർക്കാർ ധനസഹായമായി അനുവദിക്കുന്നതും 15 % തുക സംഘം വഹിക്കേണ്ടതുമാണ്. ഈ പദ്ധതി മുഖേന 2022-23 പദ്ധതി വർഷം 15 സംഘങ്ങൾക്കും, 2023-24 വർഷം ഇതുവരെ 8 സംഘങ്ങൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. പദ്ധതി വിപുലപ്പെടുത്തി കൂടുതൽ സഹായം അനുവദിക്കുന്ന വിഷയം ധനലഭ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ സുഭിക്ഷ കേരളം പദ്ധതി**

361 (808) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ സഹകരണ സ്ഥാപനങ്ങൾ മുഖേന സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി സഹകരണ സ്ഥാപനങ്ങൾ മുഖേന എത്ര കർഷകർക്ക് വായ്പ ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി കുറിച്ചി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3125, ഇത്തിത്താനം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1297, മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 160 എന്നീ സംഘങ്ങളുടെ കീഴിൽ മാതൃകാ കൃഷിത്തോട്ടം നടത്തിവരുന്നു. ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി 39 കർഷകർക്ക് 59,84,900/- രൂപയുടെ വായ്പ ലഭ്യമാക്കിയിട്ടുണ്ട്.

**കേരളാ ബാങ്ക് കളക്ഷൻ ഏജന്റുമാരുടെ സ്ഥിരപ്പെടുത്തൽ**

362 (809) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിനുകീഴിൽ വർഷങ്ങളായി കളക്ഷൻ ഏജന്റുമാരായി പ്രവർത്തിക്കുന്നവരെ സ്ഥിരപ്പെടുത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) വളരെക്കാലമായി പ്രസ്തുത ജോലി ചെയ്തുവരുന്നവരുടെ ആവശ്യം പ്രത്യേകമായി പരിഗണിച്ച് സ്ഥിരപ്പെടുത്തൽ നടപടികൾ ത്വരിതപ്പെടുത്താമോ?

(എ&ബി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു

**കേരള ബാങ്ക് – വികസന നടപടികൾ**

363 (810) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. മുകേഷ്:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. ഡി.പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ ബാങ്കുകൾ നൽകുന്ന എല്ലാ സേവനങ്ങളും നൽകാൻ പര്യാപ്തമായ രീതിയിൽ കേരള ബാങ്കിനെ പരിവർത്തനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ?

ഉണ്ട്.

(ബി) ഡിജിറ്റൽ സേവന മേഖലയിൽ കേരള ബാങ്ക് കൈവരിച്ച പുരോഗതി വിശദമാക്കാമോ;

(സി) വ്യക്തിഗത ഉപയോക്താക്കൾക്കും സ്ഥാപനങ്ങൾക്കും ആധുനിക ഡിജിറ്റൽ സേവനങ്ങൾ നൽകുന്നതിനുള്ള പുതിയ മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ചിട്ടുണ്ടോ?

(ബി & സി) കേരളാ ബാങ്കിന്റെ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ സേവനങ്ങൾ നിലവിൽ വന്നതോടെ RTGS/NEFT, IMPS, UPI Payments, Mobile Banking Application എന്നീ സൗകര്യങ്ങൾ കേരളാ ബാങ്കിൽ നിലവിൽ വന്നിട്ടുണ്ട്. അതോടൊപ്പം ATM, CTS, NACH, ECS, PFMS, DBT എന്നിവയും ലഭ്യമാണ്. ഇതേത്തുടർന്ന് വാണിജ്യ ബാങ്കുകൾ നൽകുന്ന എല്ലാ സേവനങ്ങളും നൽകാൻ പര്യാപ്തമായ രീതിയിൽ കേരളാ ബാങ്കിനെ മാറ്റുന്നതിന് കഴിഞ്ഞിട്ടുണ്ട്.

വ്യക്തിഗത ഉപഭോക്താക്കൾക്കായി KB PRIME എന്ന പേരിലും സ്ഥാപനങ്ങൾ/സഹകരണ സംഘങ്ങൾ എന്നിവർക്കുവേണ്ടി KB PRIME PLUS

എന്ന പേരിലും വെവ്വേറെ മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ചിട്ടുണ്ട്. ഇന്റർനെറ്റ് ബാങ്കിംഗ്, NRI അക്കൗണ്ടുകൾ എന്നിവയ്ക്ക് അവശ്യമായ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**(ഡി) എ.ടി.എം, മൈക്രോ എ.ടി.എം. എന്നിവ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ?**

നിലവിൽ കേരള ബാങ്കിന്റേതായി 128 എ.റ്റി.എം മെഷീനുകൾ സംസ്ഥാനത്ത് പ്രവർത്തനക്ഷമമായി നിലവിലുണ്ട്. പുതിയതായി എ.റ്റി.എം/മൈക്രോ എ.റ്റി.എം എന്നിവ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

**(ഇ) ഗ്രാമീണ മേഖലയിലേയ്ക്ക് കൂടുതൽ ബാങ്കിംഗ് സേവനങ്ങളെത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?**

ഗ്രാമീണ മേഖലയിലേയ്ക്ക് കൂടുതൽ ബാങ്കിംഗ് സേവനങ്ങൾ പ്രത്യേകിച്ച് ഡിജിറ്റൽ സേവനങ്ങളെത്തിക്കുന്നതിന് ഊർജ്ജിതമായ ശ്രമം കേരളാ ബാങ്കിന്റെ ഭാഗത്തുനിന്നും നടന്നുവരുന്നു. ബാങ്കിന്റെ ഏകീകൃത CBS, KB

PRIME, KB PRIME PLUS Mobile Application എന്നിവ നിലവിൽവന്നതോടെ ഗ്രാമീണ മേഖലയിലുള്ളവർക്ക് ഇവ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിന് പ്രത്യേക കാമ്പയിനുകൾ നടത്തിവരുന്നു. കൂടാതെ NABARD സഹായത്തോടെയുള്ള Mobile ATM ഡെമോൺസ്ട്രേഷൻ എന്ന വാഹനം ഉപയോഗിച്ച് ഗ്രാമീണ മേഖലകളിൽ പ്രത്യേകിച്ച് ബാങ്കിംഗ് സേവനങ്ങൾ കുറവായ മേഖലയിൽ പ്രത്യേക കാമ്പയിൻ നടത്തിവരുന്നു. പുതിയ FPO-കൾ തുടങ്ങുന്നതിനും നിലവിലുള്ളതിനെ വികസിപ്പിക്കുന്നതിനുംവേണ്ട നടപടികൾ പുരോഗമിച്ച് വരുന്നു. സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതോടുകൂടി ഗ്രാമീണ മേഖലയ്ക്ക് കൂടുതൽ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാകുന്നതാണ്.

**കേരള ബാങ്കിലെ ഒഴിവുള്ള തസ്തികകൾ**

364 (811) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിലെ നിലവിലെ ഒഴിവുള്ള തസ്തികകളിലേയ്ക്ക് നാളിതുവരെ വിജ്ഞാപനം പുറപ്പെടുവിക്കാത്തതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ;

(ബി) കേരള ബാങ്കിൽ നിയമനങ്ങൾ നടത്തുന്നതിലേയ്ക്കായി ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ?

(എ&ബി) വിവിധ തസ്തികകളിൽ മുൻ ജില്ലാ സഹകരണ ബാങ്കിൽ നിന്നും റിപ്പോർട്ട് ചെയ്ത വേക്കൻസികളിൽ നിരവധി കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ തീർപ്പാക്കാനുണ്ട്. നിയമ തടസ്സങ്ങളില്ലാത്ത തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു.

(സി) കേരള ബാങ്കിലെ ക്ലർക്ക് തസ്തികയിൽ നേരിട്ടുള്ള നിയമനത്തിന് നിലവിൽ എത്ര ഒഴിവുകളുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

നിലവിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ 355 ഒഴിവുകളുണ്ട്. എന്നാൽ മുൻ ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും കോടതിവിധി പ്രകാരം പ്രൊവിഷണലായി 528 വേക്കൻസികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 150 ഒഴിവുകൾ NCA/അംഗപരിമിതർക്കായി മാറ്റിവച്ചിട്ടുണ്ട്. ക്ലാർക്ക്/കാഷ്യർ നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്ന വിവിധ കേസ്സുകളുടെ തീർപ്പിന് വിധേയമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത ബാങ്കിൽ ക്ലാർക്ക് തസ്തികയ്ക്കുമുകളിൽ ഏതൊക്കെ തസ്തികകളിൽ നിലവിൽ ഒഴിവുണ്ട്; അവ എത്രയെണ്ണമെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ?

ഡെപ്യൂട്ടി ജനറൽ മാനേജർ - 22

പ്രൊജക്ട് സ്പെഷ്യലിസ്റ്റ് /ക്രെഡിറ്റ് സ്പെഷ്യലിസ്റ്റ് - 1

പ്രയോറിറ്റി സെക്ടർ ഓഫീസർ - 15

അസിസ്റ്റന്റ് മാനേജർ - 90

അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)- 1

അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ) – 1

ഐ.ടി ഓഫീസർ - 1

മേൽപ്പറഞ്ഞ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സംസ്ഥാന സഹകരണ ബാങ്കിൽ ഡെപ്യൂട്ടി ജനറൽ മാനേജർ നിയമനം**

365 (812) ശ്രീമതി ശാന്തകുമാരി കെ.താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാന സഹകരണ ബാങ്കിൽ ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയിൽ 22 ഒഴിവുകൾ നിലവിലുണ്ട്. കേരള സംസ്ഥാന സഹകരണ

ബാങ്ക് നിലവിൽ ഡെപ്യൂട്ടി ജനറൽ മാനേജരുടെ തസ്തികയിൽ 14 ഒഴിവുകൾ പി.എസ്.സി.യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരിൽനിന്നും നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യത എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരുടെ നിയമന ചട്ടം 24.03.2023-ലെ G.O(P)No.87/2023/Coop പ്രകാരം സർക്കാർ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ അനുബന്ധം 1-ലെ ചട്ടം VI (5)-ൽ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+)

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിന് പി.എസ്.സി. തയ്യാറാക്കിയ കാറ്റഗറി നം. 089/2023 വിജ്ഞാപനത്തിൽ റിക്രൂട്ട്മെന്റ് റൂളിൽ നിഷ്കർഷിച്ചതിൽനിന്നും വിഭിന്നമായ യോഗ്യത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിശ്ചയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ തുടർനടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ്സുകൾ നിലവിലുണ്ട്.

**ന്യായവില സ്റ്റോറുകൾ ആരംഭിക്കാൻ നടപടി**

366 (813) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ കുറഞ്ഞ വിലയിൽ അവ ലഭ്യമാക്കുന്നതിനുവേണ്ടി സഹകരണ ബാങ്കുകൾ മുഖേന പ്രത്യേക ന്യായവില സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം സ്റ്റോറുകൾ ആരംഭിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നിലവിൽ സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകൾ വഴിയും സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ വഴിയും പൊതുവിപണിയെക്കാൾ കുറഞ്ഞ നിരക്കിലാണ് സാധനങ്ങളുടെ വിതരണം നടത്തുന്നത്.

കൂടാതെ ഓണക്കാലത്ത് ഓണചന്തകൾ നടത്തുന്നതിന് കൺസ്യൂമർഫെഡിന് അനുമതി നൽകിയിട്ടുണ്ട്. ഉത്സവ സീസണുകളിൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ ചന്തകൾ ആരംഭിക്കാറുണ്ട്. പൊതുവിപണിയിൽ മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിന് കൺസ്യൂമർഫെഡ് നേരിട്ടും സഹകരണ സംഘങ്ങൾ വഴിയും നീതി മെഡിക്കൽ സ്റ്റോറുകൾ നടത്തിവരുന്നുണ്ട്. സഹകരണ സംഘങ്ങളുടെ കീഴിൽ പുതുതായി നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് സഹകരണ സംഘങ്ങൾ നൽകുന്ന അപേക്ഷ പരിശോധിച്ച് കൂടുതൽ ന്യായവില സ്റ്റോറുകൾ ആരംഭിക്കാൻ അനുമതി നൽകുന്നതാണ്.

## സഹകരണ റിസ്ക് ഫണ്ട്

367 (814) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പ്രാഥമിക കാർഷിക ഗ്രാമവികസന സഹകരണ ബാങ്ക് മുക്കം ശാഖയിൽനിന്നും വായ്പയെടുക്കുകയും 2021 ജൂൺ മാസത്തിൽ മരണപ്പെടുകയും ചെയ്ത മൂസ, ഏറാടി പരമ്പരത്ത്, വെള്ളലശ്ശേരി എന്നയാളുടെ കുടുംബത്തിന് സഹകരണ റിസ്ക് ഫണ്ട് ലഭിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് മുക്കം ശാഖയിൽനിന്നും വായ്പയെടുക്കുകയും 2021 ജൂൺ മാസത്തിൽ മരണപ്പെടുകയും ചെയ്ത മൂസ, ഏറാടി പരമ്പരത്ത്, വെള്ളലശ്ശേരി എന്നയാളുടെ വായ്പയിൽ റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള നിർദ്ദിഷ്ട രീതിയിലുള്ള അപേക്ഷ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നാളിതുവരെ ലഭ്യമായിട്ടില്ലായെന്നറിയിച്ചിട്ടുണ്ട്.

(ബി) ടി കുടുംബത്തിന് സഹകരണ റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ റിസ്ക് ഫണ്ട് ധന സഹായത്തിനുള്ള നിർദ്ദിഷ്ട രീതിയിലുള്ള അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

**വയനാട് ജില്ലയിലെ കാർഷിക വികസന ബാങ്കുകൾക്ക് ലഭിക്കേണ്ട തുക**

368 (815) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കാർഷിക കടാശ്വാസ കമ്മീഷൻ കർഷകർക്കുള്ള സഹായമായി അനുവദിച്ച തുക കർഷകർക്ക് നൽകിയ വകയിൽ കാർഷിക വികസന ബാങ്കുകൾക്ക് സർക്കാരിൽനിന്നും തുക ലഭിക്കാനുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണെന്നും ഏതൊക്കെ സ്ഥാപനങ്ങൾക്കാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

കാർഷിക കടാശ്വാസ കമ്മീഷൻ കർഷകർക്കുള്ള സഹായമായി അനുവദിച്ച തുക കർഷകർക്ക് നൽകിയ വകയിൽ, തുക ലഭിക്കാനുള്ള സംഘങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:-

1. വയനാട് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് 3,49,65,576/- രൂപ.

2. സുൽത്താൻ ബത്തേരി പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് 2,43,35,364/- രൂപ.

3. വൈത്തിരി പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് 6,26,81,771/- രൂപ.

**ചാവക്കാട് ഫർക്ക കോഫറേറ്റീവ് റൂറൽ ബാങ്ക് അഴിമതി**

369 (816) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് ഫർക്ക കോപ്പറേറ്റീവ് റൂറൽ ബാങ്ക് അഴിമതി ആരോപണത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ചാവക്കാട് ഫർക്ക കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ക്ലിപ്തം നം.എഫ്.1250-ന്റെ പ്രവർത്തനങ്ങളിലെ അപാകതകൾ സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരം വിശദപരിശോധന നടത്തുകയും, പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ബാങ്കിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തുന്നതിനായി കേരള സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണം നടത്തുകയും ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാർ**

370 (817) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാരെ ജീവനക്കാരായി പരിഗണിച്ച് കമ്മീഷനുപുറമെ മാസം 2500 രൂപ വീതം നൽകണമെന്ന 05-07-2015-ലെ ഉത്തരവ് പല സഹകരണ ബാങ്കുകളും പാലിക്കാത്തത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 05-07-2015-ലെ ഉത്തരവ് കർശനമായി പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവുപ്രകാരം കളക്ഷൻ ഏജന്റുമാർക്ക് ലഭിക്കേണ്ട ആനുകൂല്യം നൽകാത്ത സഹകരണ ബാങ്കുകളോട് മുൻകാല പ്രാബല്യത്തോടെ പ്രസ്തുത ആനുകൂല്യം നൽകുന്നതിന് നിർദ്ദേശം നൽകുമോ?

നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാർഷിക ഗ്രാമ വികസന ബാങ്കിൽ അസിസ്റ്റന്റ് തസ്തിക**

371 (818) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളത്; വിശദമാക്കാമോ?

കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം 162 അസിസ്റ്റന്റ് തസ്തികകളാണുള്ളത്. ഇതിൽ 27 തസ്തികകൾ പ്രൊമോഷൻ വഴി നികത്തേണ്ടവയാണ്. നിലവിൽ 62 പേർ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്തുവരുന്നുണ്ട്. ബാക്കി 73 ഒഴിവുകൾ നിലവിലുണ്ട്.

(ബി) ആയതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; നിലവിലുള്ള ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്; എത്ര പേർ ജോലിയിൽ പ്രവേശിച്ചുവെന്നത് വിശദമാക്കാമോ?

പുതുതായി ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. പി.എസ്.സി.യിൽനിന്ന് 73 പേരുടെ സെലക്ട് ലിസ്റ്റ് ലഭിച്ചിരുന്നു. സെലക്ട് ലിസ്റ്റ്പ്രകാരമുള്ള 73 പേർക്കും നിയമന ഉത്തരവ് നൽകിയിരുന്നു. 62 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള ലിസ്റ്റിൽനിന്നും ഈ വർഷം എത്ര പേർക്ക് നിയമനം നൽകാൻ സാധിക്കും; ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി.ക്ക്

റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

29 ഒഴിവുകൾകൂടി റിപ്പോർട്ട് ചെയ്യതൻ തീരുമാനിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അപേക്ഷയിലെ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്ന മുറയക്ക് ആയത് പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പുതുക്കിയ സ്റ്റാഫ് പാറ്റേൺ തയ്യാറാകുന്ന മുറയ്ക്ക് മുഴുവൻ ഒഴിവുകളും കണക്കാക്കി റിപ്പോർട്ട് ചെയ്യാൻ കഴിയുന്നതാണ്.

(ഡി) ബാങ്കുകളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിലേയ്ക്കായുള്ള നടപടികൾ സ്വീകരിച്ചിട്ടിട്ടുണ്ടോ; എങ്കിൽ ഇതെപ്പോൾ പൂർത്തിയാക്കാൻ സാധിക്കും; വ്യക്തമാക്കാമോ?

29 ഒഴിവുകൾകൂടി റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ സ്റ്റാഫ്

പാറ്റേൺ പുതുക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അപേക്ഷയിലെ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്ന മുറയക്ക് ആയത് പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പുതുക്കിയ സ്റ്റാഫ് പാറ്റേൺ തയ്യാറാകുന്നമുറയ്ക്ക് മുഴുവൻ ഒഴിവുകളും കണക്കാക്കി റിപ്പോർട്ട് ചെയ്യാൻ കഴിയുന്നതാണ്.

**മൾട്ടി സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് സംഘങ്ങൾ**

372 (819) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പുതുതായി കൊണ്ടുവരുവാൻ ആലോചിക്കുന്ന മൾട്ടി സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് സംഘങ്ങൾ സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പാർലമെന്റിന്റെ പരിഗണനയിലുള്ള മൾട്ടിസ്റ്റേറ്റ് സഹകരണ സംഘം ഭേദഗതി നിയമം, രാജ്യത്തെ സഹകരണ മേഖലയിൽ ഒരു സമാന്തര പാത സൃഷ്ടിക്കുന്നത് ലക്ഷ്യമിട്ടാണ്. രാജ്യത്താകമാനം വളരെ എളുപ്പത്തിൽ മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങൾ ആരംഭിച്ച് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് കടുത്ത വെല്ലുവിളി ഉയർത്തുന്നതാണിത്. വായ്പാ, നിക്ഷേപം എന്നിവയുടെ പലിശ ഏകപക്ഷീയമായി നിശ്ചയിച്ച് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ മേൽ സഹകരണ സംഘം രജിസ്ട്രാർക്ക് ഒരു നിയന്ത്രണവുമില്ല. പുതിയ ഭേദഗതി പ്രകാരം സംസ്ഥാനത്തെ ഒരു സംഘത്തിന് മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ലയിക്കുന്നതിന് കഴിയുന്നതാണ്. മാത്രവുമല്ല സഹകരണ സംഘം രജിസ്ട്രാർ രജിസ്ട്രേഷൻ റദ്ദാക്കാതെതന്നെ പ്രാഥമിക സംഘങ്ങൾക്ക് മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയായി മാറാൻ കഴിയുന്നതാണ്.

മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ

1. National Co-operative Export Limited. (NCEL) എന്ന പേരിലുള്ള മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി

2. Bharatiya Beej Sahakari Samiti Limited.(BBSL) എന്ന പേരിലുള്ള മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് -സൊസൈറ്റി

3. National Co-operative Organic Limited.(NCOL) എന്ന പേരിലുള്ള ജൈവ ഉത്പന്ന ദേശീയതല സഹകരണ സംഘം

എന്നീ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സോസൈറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇപ്രകാരം രൂപീകരിച്ച സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മൾട്ടിസ്റ്റേറ്റ് സംഘങ്ങളിൽ സംസ്ഥാന സഹകരണ സംഘങ്ങൾ അംഗത്വം എടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിലാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നു.

(ബി) മൾട്ടിസ്റ്റേറ്റ് കോ ഓപ്പറേറ്റീവ് സംഘങ്ങൾ വന്നാലുണ്ടാകാവുന്ന ബുദ്ധിമുട്ടുകളെ മറികടക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

ഭരണഘടനയുടെ ഷെഡ്യൂൾ ഏഴിലെ ലിസ്റ്റ് 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള 'അസോസിയേഷൻ' എന്ന വിഷയത്തിലാണ് മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ആയതിനാൽ നിയമത്തിലെ പല വ്യവസ്ഥകളും സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് ഒരു സമാന്തര പാത സൃഷ്ടിക്കുന്നത് ലക്ഷ്യമിട്ടാണ്. ആയത് ഭരണഘടനയുടെ അടിസ്ഥാന ഘടന ( Basic frame work)-യ്ക്ക് വിരുദ്ധമാണ്.

പൊതുജനങ്ങൾക്ക് വ്യക്തമായ അവബോധം നൽകുകയും ,കൂടുതൽ മേഖലകളിലേയ്ക്ക് സഹകരണ മേഖലയുടെ പ്രവർത്തനം വിപുലീകരിക്കുകയും സേവനങ്ങൾ ആധുനികവത്കരിക്കുകയും ചെയ്യുന്നതിലൂടെ ഈ പ്രതിസന്ധി മറികടക്കാനാകും. സഹകാരികളുടെ കൂട്ടായ ഇടപെടൽ ഇതിനാവശ്യമാണ്.

**സഹകരണ പെൻഷൻ ബോർഡിൽ പെൻഷൻ തുക അടക്കാത്ത സംഘങ്ങൾ**

373 (820) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കുവേണ്ടി അതതു സർവ്വീസ് സഹകരണ സംഘങ്ങൾ സഹകരണ പെൻഷൻ ബോർഡിൽ തുക അടക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ?

സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കുവേണ്ടി അതതു സർവ്വീസ് സഹകരണ സംഘങ്ങൾ സഹകരണ പെൻഷൻ ബോർഡിൽ തുക അടക്കാറുണ്ട്. എന്നാൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സംഘങ്ങൾ പെൻഷൻ ബോർഡിൽ വിഹിതമടക്കുന്നതിന് കാലതാമസമുണ്ടാകാറുണ്ട്.

(ബി) സഹകരണ പെൻഷൻ ബോർഡിൽ ജീവനക്കാരുടെ പെൻഷൻ തുക അടക്കാത്ത എത്ര സംഘങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ആലപ്പുഴ ജില്ലയിൽ ഇങ്ങനെ തുക അടക്കാത്ത എത്ര സംഘങ്ങളുണ്ടെന്നും

ഏതെല്ലാം സംഘങ്ങളാണെന്നും എത്ര ജീവനക്കാരുണ്ടെന്നും താലൂക്ക് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

സഹകരണ പെൻഷൻ ബോർഡിൽ ജീവനക്കാരുടെ പെൻഷൻ തുക അടക്കാത്ത സംഘങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 33 |
| കൊല്ലം | 34 |
| പത്തനംതിട്ട | 13 |
| ആലപ്പുഴ | 35 |
| കോട്ടയം | 23 |
| ഇടുക്കി | 29 |
| എറണാകുളം | 8 |
| തൃശ്ശൂർ | 42 |
| പാലക്കാട് | 21 |
| മലപ്പുറം | 45 |
| കോഴിക്കോട് | -- |
| വയനാട് | 72 |
| കണ്ണൂർ | -- |
| കാസർഗോഡ് | 5 |

ആലപ്പുഴ ജില്ലയിൽ സഹകരണ പെൻഷൻ ബോർഡിൽ ജീവനക്കാരുടെ പെൻഷൻ തുക അടക്കാത്ത സംഘങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) സഹകരണ പെൻഷൻ ബോർഡിൽ തുക അടക്കാൻ വിമുഖത കാട്ടുന്ന സംഘങ്ങളെ കണ്ടെത്തി തുക അടപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സംഘം സെക്രട്ടറിമാരുടെ പ്രതിമാസ അവലോകന യോഗങ്ങളിലും അസിസ്റ്റന്റ് രജിസ്ട്രാർമാരുടെയും യൂണിറ്റ് ഇൻസ്പെക്ടർമാരുടെയും സംഘതല പരിശോധന വേളകളിലും പെൻഷൻ ബോർഡിൽ തുക അടക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിവരുന്നുണ്ട്.

## കോഴിക്കോട് ജില്ലയിലെ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ കൺസോർഷ്യം

374 (821) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോഴിക്കോട് ജില്ലയിൽ ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എത്ര സഹകരണ സംഘങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ?

കോഴിക്കോട് ജില്ലയിൽ 571 സംഘങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് തടസ്സമുണ്ടോ; ഇതിന്റെ നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം, രജിസ്ട്രാറുടെ മുൻകൂർ അനുമതി നേടി, പൊതുയോഗത്തിന്റെ അംഗീകാരത്തോടെ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പുതിയ സംരഭങ്ങൾ മാത്രം ആരംഭിക്കുന്നതിന് തടസ്സമില്ല.

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

375 (822) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് 2023 സെപ്റ്റംബർ മാസത്തിൽ ഒറ്റതവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

2023 സെപ്തംബർ മാസത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(ബി) കുടിശ്ശിക വായ്പക്കാരുടെ സൗകര്യാർത്ഥം ഒറ്റതവണ തീർപ്പാക്കൽ അദാലത്ത് സാമ്പത്തിക വർഷത്തിൽ 3 പ്രാവശ്യമായി നടപ്പിലാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

ഒറ്റത്തവണ തീർപ്പാക്കൽ അദാലത്ത് സാമ്പത്തിക വർഷത്തിൽ 3 പ്രാവശ്യമായി നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയിലെ സ്ഥിര നിക്ഷേപം**

376 (823) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി സ്ഥിരനിക്ഷേപം സമാഹരിക്കുന്നത് ഏത് പലിശ നിരക്കിലാണെന്ന് വ്യക്തമാക്കുമോ; മറ്റ്

സഹകരണ സംഘങ്ങളിൽനിന്ന് വ്യത്യസ്തമായി കൂടിയ പലിശ നിരക്കിലാണോ സ്ഥിരനിക്ഷേപ സമാഹരണം നടത്തുന്നത്; എങ്കിൽ ഇത്തരത്തിൽ സ്ഥിരനിക്ഷേപം സമാഹരിക്കുന്നതിന് ഊരലുങ്കലിന് അനുമതി നൽകുന്നതിന് ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

20-07-2023-ലെ സ.ഉ(സാധാ)നം.434/2023/സഹ. പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ 10957-ന് പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിനായി സഹകരണ സംഘങ്ങൾ നൽകുന്നതിനെക്കാൾ ഒരു ശതമാനം അധിക പലിശ നിരക്കിൽ സ്ഥിരനിക്ഷേപം സ്വീകരിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. സംഘം ഏറ്റെടുത്ത സർക്കാർ/പൊതുമേഖല പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തന മൂലധനം സ്വരൂപിക്കേണ്ട സാഹചര്യം വന്നുചേർന്നതിനാലാണ് ഇത്തരം ഒരു അനുമതി നൽകിയത്.

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഊരാളുങ്കൽ ലേബർ സൊസൈറ്റി ആകെ എത്ര സർക്കാർ /പൊതുമേഖല പ്രവൃത്തികൾ

ഏറ്റെടുത്തിട്ടുണ്ട്; എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് ഏറ്റെടുത്തത്; ഇതിൽ ടെൻഡർ കൂടാതെ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ എത്രയെണ്ണമുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഊരാളുങ്കൽ ലേബർ സൊസൈറ്റി 4681 സർക്കാർ/പൊതുമേഖല പ്രവർത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ആകെ 6511.70 കോടി രൂപയുടെ പ്രവർത്തികളാണ് ഏറ്റെടുത്തത്. ടെണ്ടർ കൂടാതെ 3613 പ്രവർത്തികൾ ഏറ്റെടുത്തിട്ടുണ്ട്.

**പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമം**

377 (824) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കേരള സഹകരണ സംഘം നിയമം 1969 ലെ വകുപ്പ് (4), (5), (6), (7), (8), ചട്ടം (3), (4), (7), (8), (15), എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(ബി) രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷാ മാനദണ്ഡങ്ങൾ, സമർപ്പിക്കേണ്ട രേഖകൾ തുടങ്ങിയവ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കേരള സഹകരണ സംഘം നിയമം 1969 ലെ വകുപ്പ് 6, ചട്ടം (3) എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് രേഖകൾ സമർപ്പിക്കേണ്ടതാണ്.

ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ നിശ്ചിത ഫാറത്തിൽ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും സംഘത്തെ സംബന്ധിച്ച് രജിസ്ട്രാർ ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങൾ അപേക്ഷകൻ നൽകേണ്ടതുമാണ്. അപേക്ഷ സമർപ്പിക്കേണ്ടത് 1-ാം നമ്പർ ഫാറത്തിൽ രണ്ടാം പകർപ്പോടെ തയ്യാറാക്കി നിർദ്ദിഷ്ട സംഘത്തിന്റെ ഉപനിബന്ധനകളുടെ മൂന്ന് പകർപ്പുകളും സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതായ നിശ്ചിത രജിസ്ട്രേഷൻ ഫീസ് അടച്ച അസ്സൽ ചെലാനും വ്യക്തികളാണ് അപേക്ഷകരെങ്കിൽ 25-ൽ കുറയാതെ വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയ അപേക്ഷയും സമർപ്പിക്കേണ്ടതാണ്. അപ്രകാരം സാക്ഷ്യപ്പെടുത്തിയ അംഗങ്ങളിൽനിന്നും ഒരു ചീഫ് പ്രൊമോട്ടറെ തെരെഞ്ഞെടുക്കേണ്ടതുമാണ്.

നിർദ്ദിഷ്ട സംഘത്തിന്റെ പേരിൽ വരവുവച്ചിട്ടുള്ള തുക വിശദമാക്കുന്ന ബാങ്കിൽനിന്നുള്ള അല്ലെങ്കിൽ ബാങ്കുകളിൽനിന്നുള്ള നിക്ഷേപ ബാക്കി കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ്, ഓഹരി മൂലധനത്തിലേയ്ക്ക് സംഭാവന ചെയ്തിട്ടുള്ള വ്യക്തികളുടെയും അവർ ഓരോരുത്തരും നൽകിയ തുകയും നൽകിയ പ്രവേശന ഫീസും ഉൾപ്പെടെയുള്ള പട്ടികയുടെ രണ്ടാം പകർപ്പ് സഹിതം, നിർദ്ദിഷ്ട സംഘത്തിന്റെ സാമ്പത്തിക ഭദ്രത സംബന്ധിച്ച വിശദാംശങ്ങളുൾപ്പെടെ ഉദ്ദേശിക്കുന്ന സംഘത്തിന്റെ വ്യാപാര പദ്ധതി, 3 വർഷത്തെ പ്രതീക്ഷിക്കുന്ന സാമ്പത്തിക വിശകലന റിപ്പോർട്ട്, രജിസ്ട്രാർ ആവശ്യപ്പെടുന്നതരത്തിലുള്ള വിവരങ്ങളും ഇതര രേഖകളും സമർപ്പിക്കേണ്ടതാണ്. വിശദമായ ഉപരിപത്രം, സഹകരണ നിയമം വകുപ്പ് 6(5)-ൽ നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് ഫീസ് ഒടുക്കിയ അസ്സൽ ചെലാൻ എന്നിവ ബന്ധപ്പെട്ട താലൂക്കുതല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ നേരിട്ടോ/രജിസ്റ്റേർഡ് തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) തന്റെ ICDMS(Integrated Co-operative Department Management

System) എന്ന ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ ലോഗിൻ ചെയ്ത് അപേക്ഷയുടെ കൃത്യതയും യോഗ്യതയും പരിശോധിക്കേണ്ടതാണ്. സഹകരണ നിയമം ചട്ടം 5 പ്രകാരം ഉപനിബന്ധനയിലെ വിഷയ വിവരം രേഖപ്പെടുത്തേണ്ടതാണ്.

**നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപകർക്ക് തുക ലഭ്യമാക്കാൻ നടപടി**

378 (825) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വിഭാഗങ്ങളിലായി എത്ര സഹകരണ സ്ഥാപനങ്ങളാണ് നിലവിലുണ്ടായിരുന്നതെന്നും ഇപ്പോൾ എത്രയെണ്ണമുണ്ടെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധ വിഭാഗങ്ങളിലായി 16062 സഹകരണ സ്ഥാപനങ്ങളാണുണ്ടായിരുന്നത്. ഇപ്പോൾ 16329 സഹകരണ സ്ഥാപനങ്ങൾ നിലവിലുണ്ട്.

(ബി) സർക്കാർ അധികാരമേൽക്കുമ്പോൾ ലാഭത്തിൽ പ്രവർത്തിച്ച സഹകരണ സംഘങ്ങൾ എത്രയെന്നും നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ എത്രയെന്നും അറിയിക്കാമോ;

സർക്കാർ അധികാരമേൽക്കുമ്പോൾ 4107 സഹകരണ സംഘങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു. നിലവിലെ ലാഭനഷ്ട കണക്കുകൾ സംഘങ്ങളുടെ വാർഷിക പൊതുയോഗത്തിനുശേഷം മാത്രമേ ഉരുത്തിരിയുകയുള്ളൂ.

(സി) നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപകർക്ക് പ്രസ്തുത തുക മടക്കി നൽകാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ നിക്ഷേപകന് തുക ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ നിക്ഷേപകർക്ക് പ്രസ്തുത തുക മടക്കി നൽകാൻ കഴിയാത്ത സാഹചര്യം നിലവിലില്ല. എന്നാൽ ക്രമക്കേടുകളിലൂടെയും തെറ്റായ മാനേജ്മെന്റിലൂടെയും മൂലധന ശോഷണം സംഭവിച്ചിട്ടുള്ള സഹകരണ സംഘം/ബാങ്കുകളിൽ

നിക്ഷേപം തിരികെ കൊടുക്കാൻ കഴിയാത്ത ചില സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം സംഘങ്ങളിൽ കേരള സഹകരണ നിയമപ്രകാരം ഉത്തരവാദികൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ഉത്തരവാദികളിൽനിന്ന് തുക ഈടാക്കുന്നതിന് സർച്ചാർജ്ജുൾപ്പടെയുള്ള നടപടികളും, ഉത്തരവാദികളുടെ ആസ്ഥികൾ പിടിച്ചെടുക്കുന്നത് ഉൾപ്പെടെയുള്ള നടപടികളും സീകരിക്കുകയും ചെയ്തിട്ടുണ്ട്. ദീർഘകാലമായി കുടിശ്ശികയായിട്ടും, കിട്ടാകടങ്ങളുമായ വായ്പകൾ ഈടാക്കുന്നതിനായി കാലാകാലങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കുകയും, ആയതിലൂടെ സംഘം/ബാങ്കുകളുടെ കുടിശ്ശിക കുറച്ച് കൊണ്ടുവരുന്നതിന് സാധിക്കുകയും ചെയ്തിട്ടുണ്ട്.

പ്രവർത്തനമൂലധനത്തിന്റെ അഭാവംമൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണ പ്രവർത്തനങ്ങളാൽ പ്രവർത്തനം നിലച്ച സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയ ഉദ്ദേശലക്ഷ്യങ്ങളോടെ സഹകരണ സംരക്ഷണ നിധി പദ്ധതിആവിഷ്കരിച്ചിട്ടുണ്ട് .

**സഹകരണ വകുപ്പിലെ ടീം ഓഡിറ്റ് സംവിധാനം**

379 **(826)** ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ ടീം ഓഡിറ്റ് സംവിധാനം ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ടീം ഓഡിറ്റ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കുന്നതിന് എന്തെങ്കിലും പ്രായോഗിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) പത്തനംതിട്ട ജില്ലയിലും തൃശ്ശൂർ ജില്ലയിലും പൈലറ്റ് അടിസ്ഥാനത്തിൽ ഓഡിറ്റ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. 06-05-2023 -ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 114/2023/സഹ. ഉത്തരവുപ്രകാരം എല്ലാ ജില്ലകളിലും ഗ്രൂപ്പ് ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സമഗ്ര സഹകരണ നിയമ പരിഷ്കരണം പൂർത്തിയാകുന്ന മുറയ്ക്ക് വിശദമായ സ്കീം അംഗീകരിച്ച് ഉത്തരവാകുന്നതാണ്.

**സർവ്വീസ് സംഘടനകൾ മുഖാന്തരം ജീവനക്കാർക്ക് സഹകരണ സംഘങ്ങൾ**

380 (827) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സംഘടനകൾ മുഖാന്തിരം സർക്കാർ ജീവനക്കാർക്കായി സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ സംഘങ്ങൾ ആരംഭിക്കുന്നതിന് സംഘടനകൾ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകൾക്ക് അനുമതി നൽകിയിട്ടുണ്ട്; വിശദാംശം അറിയിക്കാമോ;

(എ&ബി) ഇല്ല.

(സി) പോലീസ് വകുപ്പിൽ നടപ്പിലാക്കിയ മാതൃകയിൽ മറ്റ് വകുപ്പുകളിലും സഹകരണ സംഘങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഓരോ വകപ്പിലെയും ജീവനക്കാർ അവരുടെ ആവശ്യങ്ങളുടെയും താത്പര്യത്തിന്റെയും അടിസ്ഥാനത്തിൽ ഒത്തുകൂടി തീരുമാനമെടുത്ത്

ജീവനക്കാരുടെ സഹകരണ സംഘങ്ങൾ ആരംഭിക്കാൻ സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട് .

**പയ്യന്നൂർ കാങ്കോൽ ആലപ്പടമ്പിലെ കൺസ്യൂമർ ഫെഡിന്റെ സ്ഥലം**

381 (828) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിലെ മാത്തിലിൽ കൺസ്യൂമർ ഫെഡിന് സ്വന്തമായി സ്ഥലം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ ഭൂമിയുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തി എന്തെങ്കിലും പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) പയ്യന്നൂർ മണ്ഡലത്തിലെ കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിലെ മാത്തിലിൽ കൺസ്യൂമർഫെഡിന് സ്വന്തമായി 6. 246 ഏക്കർ (2.5279 ഹെക്ടർ) സ്ഥലം നിലവിലുണ്ട്. പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തി സംസ്ഥാന കൃഷി വകുപ്പ് മുഖേന കേന്ദ്ര കൃഷി മന്ത്രാലയം

നടപ്പിലാക്കുന്ന അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് സ്കീം ഉപയോഗിച്ച് പ്രസ്തുത സ്ഥലത്ത് ഒരു ബ്രോക്കൺ വീറ്റ് ഫാക്ടറി ആരംഭിക്കുന്ന പദ്ധതി കൺസ്യൂമർഫെഡ് തയ്യാറാക്കിയിട്ടുണ്ട്.

**ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് പിഴ ഈടാക്കൽ**

382 (829) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷം സംസ്ഥാനത്ത് നടന്ന ഭൂമി രജിസ്ട്രേഷൻ എത്രയെന്നും ഈയിനത്തിൽ ലഭിച്ച വരുമാനം എത്രയെന്നുമുള്ള വിവരങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കാമോ?

| സാമ്പത്തിക വർഷം | ആധാര രജിസ്ട്രേഷനുകളുടെ എണ്ണം | സ്റ്റാമ്പ് ഡ്യൂട്ടി (രൂപ കോടിയിൽ) | രജിസ്ട്രേഷൻ ഫീസ് (രൂപ കോടിയിൽ) | ആകെ (രൂപ കോടിയിൽ) |
|---|---|---|---|---|
| 2021-22 | 9,26,487 | 3,246.81 | 1,185.07 | 4,431.89 |
| 2022-23 | 10,36,863 | 4,138.57 | 1,523.54 | 5,662.12 |

(ബി) സമീപകാലത്ത് രജിസ്ട്രേഷൻ നടത്തിയിട്ടുള്ള ഭൂവുടമകൾക്ക് വില കുറച്ചുകാട്ടി രജിസ്ട്രേഷൻ നടത്തിയതിന്റെ പേരിൽ നോട്ടീസ് അയച്ച്

പിഴ അടയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ; ഏതുവർഷം വരെയുള്ള ഇടപാടുകാരെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ?

1986 മുതൽ വിലകുറച്ച് കാണിച്ച് രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതായി സബ്‌രജിസ്ട്രാർമാർക്കും ജില്ലാരജിസ്ട്രാർമാർക്കും ബോധ്യപ്പെട്ടിട്ടുള്ള ആധാരങ്ങൾക്ക് കേരള മുദ്രപത്ര നിയമം 45 ബി പ്രകാരമാണ് അണ്ടർവാല്യുവേഷൻ നടപടികൾ സ്വീകരിക്കുന്നത്. ആയത് പ്രകാരം പിഴ ഈടാക്കുന്നതിനായി വ്യവസ്ഥയില്ലാത്തതാണ്. സബ്‌രജിസ്ട്രാർ റിപ്പോർട്ട് ചെയ്യുന്ന തുകയുടെ ഭാഗമായി വരുന്ന കുറവ് മുദ്രയും ഫീസും അടയ്ക്കുന്നതിനുള്ള നോട്ടീസുകൾ കക്ഷികൾക്ക് ജൂലായ് 31 വരെ നൽകിയിട്ടുണ്ട്.

(സി) വർഷങ്ങൾക്ക് മുൻപ് നടത്തിയ രജിസ്ട്രേഷൻ സംബന്ധിച്ച് ഇപ്പോൾ വൻതുക പിഴയായി ഈടാക്കാൻ സ്വീകരിച്ച നടപടിമൂലം നിരവധി പേർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെയുള്ളവർക്ക് തുക അടയ്ക്കാൻ സാവകാശം അനുവദിച്ച് ഗഡുക്കളായി അടയ്ക്കുന്നതിന് അനുമതി നൽകുമോ?

1986 മുതൽ 2017 മാർച്ച് 31 വരെയുള്ള അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി വിവിധ കാലങ്ങളിലായി 2023 മാർച്ച് 31 വരെ സർക്കാർ ഉത്തരവ് പ്രകാരമുള്ള പല തരത്തിലുള്ള കോമ്പൗണ്ടിംഗ് പദ്ധതികൾ നിലവിലുണ്ടായിരുന്നതാണ്. ആയതുപ്രകാരം ഇളവുകൾ അനുവദിച്ചുനൽകിയിട്ടുള്ളതാണ്. പ്രസ്തുത ഇളവുകൾ പ്രയോജനപ്പെടുത്തി നിരവധി കേസുകൾ തീർപ്പാക്കിയിട്ടുള്ളതുമാണ്. ആയതിൽനിന്ന് സർക്കാരിന് റവന്യൂ നഷ്ടം സംഭവിച്ചിട്ടുള്ളതുമാണ്. ടി പദ്ധതികൾ വിനിയോഗിക്കുന്നതിനായി കക്ഷികൾക്ക് പ്രത്യേകം നോട്ടീസുകൾ പലതവണയായി നൽകിയിട്ടും ആയത് തീർപ്പാക്കിയിട്ടില്ലാത്തതും ആയതിനാൽ റവന്യൂ റിക്കവറി പ്രാരംഭഘട്ട നടപടികൾ സ്വീകരിച്ച് തുടങ്ങിയിട്ടുള്ളതുമാണ്. ടി കേസുകൾ തീർപ്പാക്കുന്നതിനായി കോമ്പൗണ്ടിംഗ് പദ്ധതികൾ നിലവിലില്ലാത്തതിനാൽ അണ്ടർവാല്യുവേഷൻ നോട്ടീസ് പ്രകാരമുള്ള ഫീസിന്റെയും സ്റ്റാമ്പിന്റെയും തുക പൂർണമായും അടച്ച് അണ്ടർ വാല്യുവേഷനിൽനിന്നും വിടുതൽ നൽകുന്നതിനായുള്ള നടപടികളാണ്

നിലനിൽക്കുന്നത്. കുറവ് തുക ഗഡുക്കളായി അടയ്ക്കാൻ സർക്കാർ നിർദ്ദേശങ്ങളൊന്നുംതന്നെ നിലവിലില്ല.

**ചേതന പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സൊസൈറ്റി**

383 (830) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ചേതന പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; പ്രസ്തുത സൊസൈറ്റിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ആലപ്പുഴ ജില്ലാ രജിസ്ട്രാർ ഓഫീസിൽ, 1955 – ലെ തിരുവിതാംകൂർ - കൊച്ചി, സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരം ALP/TC/824/2015 നമ്പരായി ചേതന പാലിയേറ്റീവ് കെയർ ആന്റ് ചാരിറ്റബിൾ സൊസൈറ്റി എന്ന പേരിൽ

സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) സൊസൈറ്റിയുടെ വരവ് ചെലവ് കണക്കുകളും വാർഷിക റിപ്പോർട്ടും വർഷാവർഷം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

സമർപ്പിച്ചിട്ടില്ല.

(സി) ഈ സൊസൈറ്റിയുടെ പ്രവർത്തന മേഖല എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഏതൊക്കെ സ്ഥാപനങ്ങളാണ് സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ളതെന്നതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

നിയമാവലി പ്രകാരം, അമ്പലപ്പുഴ നിയോജകമണ്ഡലം കേന്ദ്രീകരിച്ച് ആതുരസേവനവും ജീവകാരുണ്യ പ്രവർത്തനവുമാണ് ടി സൊസൈറ്റിയുടെ പ്രവർത്തനമേഖല. ടി സൊസൈറ്റിയുടെ ഉടമസ്ഥതയിൽ ഏതെങ്കിലും സ്ഥാപനങ്ങളുള്ളതായി ആലപ്പുഴ ജില്ലാ രജിസ്ട്രാർ ഓഫീസിൽ സമർപ്പിച്ചിട്ടുള്ള രേഖകളിൽനിന്ന് വ്യക്തമല്ല. സംഘടനയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉദ്ദേശലക്ഷ്യങ്ങളിൽ (നമ്പർ 10) രോഗികളെ ശുശ്രൂഷിക്കുന്നതിനും മറ്റുമായി ആശുപത്രികൾ, ഹെൽത്ത് ക്ലബ്ബുകൾ എന്നിവ സ്ഥാപിച്ച് നടത്തുകയെന്ന് പ്രതിപാദിച്ചിരിക്കുന്നതായി ജില്ലാരജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(ഡി) വരവുചെലവ് കണക്കുകളും വാർഷിക റിപ്പോർട്ടും നൽകാത്ത സൊസൈറ്റികളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിന് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരമുള്ള എന്തെങ്കിലും നടപടി പ്രസ്തുത സൊസൈറ്റിക്കെതിരെ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

വരവുചെലവ് കണക്കുകളും വാർഷിക റിപ്പോർട്ടും നൽകാത്ത സൊസൈറ്റികളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

ടി രേഖകൾ യഥാസമയം ഫയൽ ചെയ്തിട്ടില്ലാത്ത സൊസൈറ്റികൾക്ക് നിയമാനുസൃത പിഴ ഒടുക്കി ആയവ ഫയൽ ചെയ്യാവുന്നതാണ്. ആകയാൽ ടി സൊസൈറ്റിക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്.

**ഭൂമിയുടെ ന്യായവില നിർണ്ണയം**

384 (831) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്കിലെ മുന്നാട് വില്ലേജിൽ 2010-ലെ ഭൂമിയുടെ ന്യായവില നിർണ്ണയത്തിൽ തൊട്ടടുത്ത വില്ലേജുകളെ അപേക്ഷിച്ച് ന്യായവില വളരെ കൂടുതലാണെന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. കാസർഗോഡ് ജില്ലയിൽ ബേഡടുക്ക പഞ്ചായത്തിൽ മുന്നാട് വില്ലേജിൽ 2010-ലെ ഭൂമിയുടെ ന്യായവില നിർണ്ണയത്തിൽ തൊട്ടടുത്ത കുറ്റിക്കോൽ ബേഡടുക്ക വില്ലേജുകളെ അപേക്ഷിച്ച് ക്രമാതീതമായ വർദ്ധനവുണ്ടായെന്നും ഇത്തരത്തിലുള്ള വർദ്ധനവ് കാരണം കർഷകർ വലിയ ദുരിതം അനുഭവിച്ചുവരുന്നെന്നും ഈ കാരണത്താൽ ഗുരുതരമായ അസുഖം ബാധിച്ചവർ സ്വന്തം ഭൂമി വിൽപ്പന നടത്തി ചികിത്സിക്കാൻപോലും കഴിയാത്ത അവസ്ഥയിലാണെന്നും ആയതിനാൽ മുന്നാട് വില്ലേജിലെ കർഷകരുടെയും ഭൂമി ഉടമകളുടെയും പ്രയാസം പരിഹരിക്കുന്നതിന് അടിയന്തരമായി ഇടപെട്ട് പരിഹാരമുണ്ടാക്കിത്തരണമെന്നാവശ്യപ്പെട്ട്

കേരള കർഷക സംഘം മൂന്നാട് മേഖല കമ്മറ്റി ഒരു കൂട്ടം കർഷകരുടെ ഒപ്പ് ശേഖരണം സഹിതം ബഹുമാനപ്പെട്ട ജില്ലാ കലക്ടർ മുൻപാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) തൊട്ടടുത്ത വില്ലേജുകളെ അപേക്ഷിച്ച് പരിമിതമായ ഗതാഗത സൗകര്യമുള്ള പ്രസ്തുത വില്ലേജിൽ ഭൂമിയുടെ ന്യായവിലയിലെ ഭീമമായ വർദ്ധനവ് പരിഹരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനങ്ങളിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ലഭ്യമായ നിവേദനങ്ങളിൽ അന്വേഷണം നടത്തി കർഷകർക്ക് മറുപടി നൽകുന്നതിലേയ്ക്കും ന്യായ വിലയിൽ അപാകതകളുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിലേയ്ക്കുമായി അപേക്ഷകൾ ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ആർ.ഡി.ഒ. ഓഫീസിലേയ്ക്ക് കൈമാറിയിട്ടുള്ളതും ആയത് പരിശോധിച്ചിട്ടുള്ളതിൽ മൂന്നാട് വില്ലേജിലെ ഏത് പ്രദേശത്താണോ ഏത് സർവ്വേ നമ്പറുകളിലാണോ എന്ന് പരാതിയിൽ വ്യക്തമല്ലാത്തതിനാൽ പരാതി കക്ഷിയുമായി ബന്ധപ്പെട്ട് വിവരങ്ങൾ ലഭ്യമാക്കി വിശദമായ

റിപ്പോർട്ട് സമർപ്പിക്കുന്നതിന് 28-01-2023-ൽ കാസർഗോഡ് തഹസിൽദാർക്ക് കത്ത് നൽകിയിട്ടുള്ളതാണ്.

(സി) പാവപ്പെട്ട കർഷകരുള്ള ഈ വില്ലേജിൽ ഭീമമായ ന്യായവിലമൂലം ഭൂമി രജിസ്ട്രേഷൻ മറ്റ് വില്ലേജുകളെ അപേക്ഷിച്ച് കുറവാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. ടി വിഷയത്തിൽ കാസർഗോഡ് തഹസിൽദാരിൽനിന്നും മറുപടി ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**എടച്ചേരി സബ് രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണം**

385 (832) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എടച്ചേരി സബ് രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണത്തിന് പഞ്ചായത്ത് വകുപ്പിൽ നിന്നും ഭൂമി ലഭ്യമാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കമോ;

(ബി) പഞ്ചായത്ത് വകുപ്പിൽ നിന്നും പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിന് നിലവിലെ തടസങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

(എ & ബി) എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലം എടച്ചേരി സബ് രജിസ്ട്രാർ ഓഫീസിന് ലഭ്യമാക്കുന്നതിനായി സബ്‌രജിസ്ട്രാർ ഓഫീസിൽനിന്നും എടച്ചേരി ഗ്രാമപഞ്ചായത്തിന് 19-12-2018-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം വിട്ടുനൽകാമെന്ന് എടച്ചേരി ഗ്രാമ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമായിട്ടില്ല. പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തി പഞ്ചായത്ത് വകുപ്പിൽനിന്നും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനായി എടച്ചേരി സബ്‌രജിസ്ട്രാർ, സ്ഥലം എം.എൽ.എ. യ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

**ചിറയിൻകീഴ് മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ**

386 (833) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര സബ് രജിസ്ട്രാർ ഓഫീസുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ചിറയിൻകീഴ് മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ ഒരു സബ്രജിസ്ട്രാർ ഓഫീസാണ് പ്രവർത്തിക്കുന്നത്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മുരുക്കുംപുഴ സബ്രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ മംഗലപുരം ഗ്രാമപഞ്ചായത്ത് നൽകാമെന്നറിയിച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ 30-11-2022, 17-04-2023 എന്നീ തീയതികളിൽ പഞ്ചായത്ത് ഡയറക്ടർക്കും 30-11-2022-ൽ ലാൻഡ് റവന്യൂ കമ്മീഷണർക്കും IGR/6868/2021-Fin-5 പ്രകാരം കത്ത് നൽകിയിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

**കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം**

387 (834) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സബ്‌രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം സബ്‌രജിസ്ട്രാർ ഓഫീസിനായുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ഒരു സ്വകാര്യവ്യക്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള Appeal.No.658/19 നമ്പർ ഹർജിയിന്മേൽ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുമൂലം 03-10-2019 മുതൽ നിർത്തിവച്ചിരിക്കുന്നു. കേസിന്റെ സ്റ്റേ നീക്കി കിട്ടുന്നതിനായി വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. കേസിന്റെ സ്റ്റേ നീങ്ങികിട്ടുന്നമുറയ്ക്ക് കെട്ടിടനിർമ്മാണം പുനരാരംഭിക്കാൻ കഴിയുന്നതാണ്.

## വില്യാപ്പള്ളി, തിരുവള്ളൂർ സബ് രജിസ്ട്രാർ ഓഫീസുകൾ പ്രവർത്തനക്ഷമാക്കുന്നതിന് നടപടി

388 (835) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച തിരുവള്ളൂർ, വില്യാപ്പള്ളി സബ് രജിസ്ട്രാർ ഓഫീസുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഇതിന്റെ ഫയൽ അംഗീകാരത്തിനായി ഏത് ഓഫീസിലേയ്ക്കാണ് സമർപ്പിച്ചിട്ടുള്ളതെന്ന് ഫയൽ നമ്പർ സഹിതം അറിയിക്കാമോ; ഈ സബ് രജിസ്ട്രാർ ഓഫീസുകൾ എന്ന് പ്രവർത്തനക്ഷമമാകുമെന്ന് അറിയിക്കാമോ?

(എ&ബി) തിരുവള്ളൂർ, വില്യാപ്പള്ളി സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്ന വിഷയം നികുതി (ഇ) വകുപ്പിന്റെ ഇ 3/ 94/2023 നം. ഫയലിൽ പരിശോധിക്കുകയും 02-06-2023-ലെ സ.ഉ (സാധാ)നം. 354/2023/ടാക്സസ്-നമ്പർ ഉത്തരവുപ്രകാരം അനുമതി

നൽകിയിട്ടുള്ളതും തുടർന്ന് നികുതി (ജെ) വകുപ്പിന്റെ ജെ3/102/2023 നം. ഫയലിൽ പരിശോധിക്കുകയും 06-07-2023-ലെ സ.ഉ (സാധാ)നം.460/2023/ടാക്സസ് നമ്പർ ഉത്തരവുപ്രകാരം സൈറ്റ് പ്രിപ്പറേഷൻ ജോലികൾക്കുള്ള ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. സൈറ്റ്പ്രിപ്പറേഷൻ ജോലികൾ പൂർത്തിയാകുന്നമുറയ്ക്ക് ഓഫീസ് പ്രവർത്തനം പുതിയ കെട്ടിടങ്ങളിൽ ആരംഭിക്കാൻ കഴിയുന്നതാണ്.

**കിഫ്ബി മുഖേനയുള്ള സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണം**

389 (836) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് എത്ര സബ്‌രജിസ്ട്രാർ ഓഫീസുകൾ നിർമ്മിക്കുന്നതിനാണ് ഭരണാനുമതി ലഭ്യമാക്കിയിരുന്നതെന്ന് വ്യക്തമാക്കുമോ?

(ബി) ഇതിൽ എത്ര കെട്ടിടങ്ങളാണ് പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കാമോ?

(എ&ബി) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് 48 സബ്‌രജിസ്ട്രാർ ഓഫീസുകൾക്കും മൂന്ന് രജിസ്ട്രേഷൻ കോംപ്ലക്സുകൾക്കും ഒരു സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്കുമായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 40 ഓഫീസ് കെട്ടിടങ്ങളുടെ ഉദ്ഘാടനം നടത്തുകയും ഒരു ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉദ്ഘാടനം ചെയ്തിട്ടും പ്രവർത്തനം ആരംഭിക്കാത്ത എത്ര രജിസ്ട്രാർ ഓഫീസുകളാണ് നിലവിലുള്ളതെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉദ്ഘാടനം ചെയ്തിട്ടും പ്രവർത്തനം ആരംഭിക്കാത്ത ഒൻപത് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളാണ് നിലവിലുള്ളത്.

1) കോഴിക്കോട് രജിസ്ട്രേഷൻ കോംപ്ലക്സ്

2) അഴിയൂർ സബ് രജിസ്ട്രാർ ഓഫീസ്

3) വില്യാപ്പിള്ളി സബ് രജിസ്ട്രാർ ഓഫീസ്

4) തിരുവള്ളൂർ സബ് രജിസ്ട്രാർ ഓഫീസ്

5) തൃപ്രയാർ സബ് രജിസ്ട്രാർ ഓഫീസ്

6) കോതമംഗലം സബ് രജിസ്ട്രാർ ഓഫീസ്

7) കടുത്തുരുത്തി സബ് രജിസ്ട്രാർ ഓഫീസ്

8) കോട്ടയം രജിസ്ട്രേഷൻ കോംപ്ലക്സ്

9) ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസ്

(ഡി) ഓഫീസ് പ്രവർത്തനം തുടങ്ങാൻ കഴിയാത്തതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ;

ഉദ്ഘാടനം കഴിഞ്ഞ ഓഫീസുകളിൽ സൈറ്റ് പ്രിപ്പറേഷൻ ജോലികൾ പൂർത്തിയാകാത്തതും, കോട്ടയം രജിസ്ട്രേഷൻ കോംപ്ലക്സിന് ബിൽഡിംഗ് നമ്പർ ലഭിക്കാത്തതുമാണ് ഓഫീസ് പ്രവർത്തനം തുടങ്ങാൻ സാധിക്കാത്തത്. സൈറ്റ് പ്രിപ്പറേഷൻ ജോലികൾ പൂർത്തീകരിച്ച് ഓഫീസ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം സബ്‌രജിസ്ട്രാർ ഓഫീസ് പുതിയ കെട്ടിടത്തിൽ എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസിലെ യു.പി.എസ്. വയറിംഗ്, നെറ്റ്‌വർക്ക് കേബിളിംഗ് ജോലികളുൾപ്പെടുന്ന സൈറ്റ് ജോലികൾ പൂർത്തിയാക്കാൻ ഉദ്ദേശം രണ്ട് മാസത്തെ സമയം വേണ്ടിവരുമെന്ന് കണക്കാക്കുന്നു. പ്രസ്തുത സൈറ്റ് ജോലികൾ പൂർത്തീകരിച്ച് ഓഫീസ് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാടാനപ്പള്ളിയിലെ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

390 (837) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതെന്നാണ്; അറിയിക്കുമോ?

12-10-2017-ൽ വാടാനപ്പള്ളി സബ്‌രജിസ്ട്രാർ ഓഫീസിനും വില്ലേജ് ഓഫീസിനുമായിട്ടുള്ള കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

(ബി) ഏത് ഏജൻസിയാണ് കെട്ടിട നിർമ്മാണം നടത്തിയത്?

പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം)

(സി) പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്?

വാടാനപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിനും, വില്ലേജ് ഓഫീസിനുമായി നിർമ്മിച്ച കെട്ടിടസമുച്ചയത്തിന്റെ എസ്റ്റിമേറ്റ് തുക 65,00,000/- (അറുപത്തിയഞ്ച് ലക്ഷം) രൂപയാണ്.

(ഡി) കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ട് നാളുകളായിട്ടും പുതിയ കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ട്.

(ഇ) പ്രസ്തുത കെട്ടിടത്തിലേക്ക് ഓഫീസ് പ്രവർത്തനം മാറ്റാതിരിക്കുന്നത് എന്തുകൊണ്ടാണ്; വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത കെട്ടിടത്തിൽ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

(ഇ&എഫ്) പുതിയ ഓഫീസ് കെട്ടിട സമുച്ചയത്തിന്റെ ഒന്നാം നിലയിലാണ് സബ് രജിസ്ട്രാർ ഓഫീസിന് സ്ഥലം അനുവദിച്ചിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിൽ റിക്കാർഡ് റൂമിന്റെ സ്ഥലപരിമിതിമൂലം ഒരു പുതിയ റിക്കാർഡ് റൂം നിർമ്മിക്കാൻ 19-05-2022-ലെ സ.ഉ(സാധാ) നം.401/2022/ടാക്സസ് നമ്പർ പ്രകാരം ഭരണാനുമതി ഉത്തരവ് നൽകുകയും ആയതിന്റെ തുടർനിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനം പൂർത്തിയാകാത്തതിനാലാണ് ഓഫീസ് പ്രവർത്തനം മാറ്റാൻ കഴിയാത്തത്. പുതിയ കെട്ടിടത്തിൽ റിക്കാർഡ് റൂമിന്റെ നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതാണ്.

**ചാത്തന്നൂർ മണ്ഡലത്തിലെ സബ്‌രജിസ്ട്രാർ ഓഫീസുകൾ**

391 (838) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ സബ്‌രജിസ്ട്രാർ ഓഫീസുകൾ അക്രഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നടപടികൾ കൈക്കൊള്ളുന്നതിനും സബ്‌രജിസ്ട്രാർ ഓഫീസുകളിലാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും രജിസ്ട്രേഷൻ വകുപ്പ് മേധാവിക്ക് ജനപ്രതിനിധി നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) ചാത്തന്നൂർ മണ്ഡലത്തിലെ സബ്‌രജിസ്ട്രാർ ഓഫീസുകൾ അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി എം.എൽ.എ. നടപ്പിലാക്കിയ ജനപക്ഷം ചാത്തന്നൂർ പദ്ധതിയുടെ ഭാഗമായി ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സബ്‌രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജനപ്രതിനിധി നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സബ്‌രജിസ്ട്രാർ ഓഫീസിനാവശ്യമായ സൗകര്യങ്ങൾ

ഒരുക്കുന്നതിന് അദ്ദേഹവുമായി ചർച്ച നടത്തി സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനായി ചാത്തന്നൂർ മണ്ഡലത്തിലെ സബ്‌രജിസ്ട്രാർ ഓഫീസുകളിൽ മികച്ച വേഗതയുള്ള നെറ്റ് വർക്ക് സിസ്റ്റം, ആവശ്യമായ പുതിയ കമ്പ്യൂട്ടർ, പ്രിൻറർ, യു.പി.എസ്., ബാറ്ററി എന്നിവ നൽകുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉണ്ട്. നിലവിലുള്ള നെറ്റ്‌വർക്ക് സംവിധാനത്തിലൂടെ ഉയർന്ന ഇന്റർനെറ്റ് വേഗപരിധി ലഭിക്കാനായി നിലവിലുള്ള 2MBps-ൽനിന്നും 4MBps-ലേയ്ക്ക് ഉയർത്തുകയും ഫൈബർ സർക്യൂട്ടുകളിലേയ്ക്ക് മാറ്റുകയുണ്ടായി. ഡിജിറ്റൽ എൻ‌ഡോഴ്‌സ്‌മെന്റ് സൗകര്യം നടപ്പിലാക്കുന്നതിനായി ബയോമെട്രിക് സ്കാനറുകൾ, വെബ് ക്യാമറകൾ, Electronic Signature Pad, High Speed Multifunction Colour Laser Printer എന്നിവ വിതരണം ചെയ്യുകയുണ്ടായി. പരവൂർ സബ്‌രജിസ്ട്രാർ ഓഫീസിൽ പുതിയ 5 യു.പി.എസ്

ബാറ്ററികൾ വിതരണം ചെയ്യുകയുണ്ടായി. എല്ലാ ഓഫീസുകളിലും പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ചാത്തന്നൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ആവശ്യമായ ജിവനക്കാരെ നിയമിച്ചിട്ടുണ്ട്.

**സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളുടെ വാടക കുടിശിക**

392 (839) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സബ്‌രജിസ്ട്രാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്ന് ജില്ല തിരിച്ച് ഓഫീസുകളുടെ പേര്, വാടക തുക എന്നിവ സഹിതം ലഭ്യമാക്കുമോ?

അനുബന്ധം-I ആയി ചേർത്തിരിക്കുന്നു+.

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ്‌രജിസ്ട്രാർ ഓഫീസുകളിൽ രണ്ട് വർഷമോ അതിലധികമോ ആയി വാടക കുടിശിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരുത്തിയിട്ടുള്ള സബ്‌രജിസ്ട്രാർ ഓഫീസുകളുടെ പേര്, വാടക കുടിശിക വരുത്തിയ കാലയളവ്, കുടിശ്ശിക തുക എന്നിവ സഹിതം ലഭ്യമാക്കാമോ;

അനുബന്ധം-II ആയി ചേർത്തിരിക്കുന്നു+.

(സി) സബ് രജിസ്ട്രാർ ഓഫീസുകളുടെ വാടക പുതുക്കി നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിയമങ്ങളും ചട്ടങ്ങളും തടസ്സമായി നിൽക്കുന്നത് രജിസ്ട്രേഷൻ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

സബ്‌രജിസ്ട്രാർ ഓഫീസുകളുടെ വാടക പുതുക്കി നിർണ്ണയിക്കുന്നത് 10-01-2022-ലെ GO(Ms)No.1/2022/PWD ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള Rent Certificate ഓൺലൈനായി അപേക്ഷിക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) വാടകയ്ക്ക് പ്രവർത്തിക്കുന്ന ഓഫീസുകളുടെ ലീസ് എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടും പഴയ കാലയളവിലെ വാടക തുക മതിയാകുമെന്ന് കെട്ടിട ഉടമസ്ഥൻ സമ്മതപത്രം എഴുതിതന്ന കേസുകളിന്മേൽ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഇരവിപുരം സബ്‌രജിസ്ട്രാർ ഓഫീസിന്റെ വാടക 5% വർദ്ധനവോടെയും പത്തനപുരം സബ് രജിസ്ട്രാർ ഓഫീസിന്റെ വാടക പഴയ കാലയളവിലുള്ള നിരക്കിലും കെട്ടിട ഉടമകളുടെ സമ്മതപത്രത്തിന്റെയും Non Availability Certificate-ന്റെയും അടിസ്ഥാനത്തിൽ പുതുക്കി നൽകിയിട്ടുണ്ട്. സമാനമായ രീതിയിലുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഏറ്റവും കൂടുതൽ കാലം വാടക കുടിശിക വരുത്തിയിട്ടുള്ള ഓഫീസ് ഏതാണെന്നും കൊടുത്തുതീർക്കാനുള്ള വാടക കുടിശിക എത്രയാണെന്നും അതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്നും വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിലെ കലയപുരം സബ് രജിസ്ട്രാർ ഓഫീസിന്റെ 29-01-1989 മുതൽ 14-08-2016 വരെ കാലയളവിലെ വാടക കുടിശ്ശികയുണ്ട്. പ്രസ്തുത

കെട്ടിടത്തിന്റെ വാടക നിശ്ചയിക്കുന്നതിനായി രേഖകൾ ആവശ്യപ്പെട്ടിരുന്നെങ്കിലും പഞ്ചായത്തിൽനിന്നും ലഭ്യമായിട്ടില്ല. വാടക നിശ്ചയിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത കാലയളവിലെ വാടക കുടിശ്ശിക നിർണ്ണയിച്ചിട്ടില്ല.

(എഫ്) വാടക കുടിശിക കൊടുത്തുതീർക്കാൻ രജിസ്ട്രേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ വാടക കുടിശ്ശിക തീർക്കുന്നതിനായി 97,99,000/- രൂപയുടെ ഫണ്ട് കണ്ടെത്തി ചെലവഴിക്കുകയും ബാക്കി കുടിശ്ശികകൾ ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച 3,10,00,000/- രൂപയിൽനിന്നും നൽകി ചെലവഴിക്കുകയുമുണ്ടായി.

**ഹൗസിംഗ് ബോർഡിൽ നിന്നും സ്ഥലം എഴുതി വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്**

393 (840) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിലെ കല്ലട കോളനി നിവാസികൾക്ക് ഹൗസിംഗ് ബോർഡിൽനിന്നും സ്ഥലം എഴുതി വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നികുതി വകുപ്പ് ജെ (1) 130/2020 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ചുവന്ന നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) പ്രസ്തുത വിഷയം ജെ1/130/2022/നി.വ. എന്ന ഫയലിലാണ് കൈകാര്യം ചെയ്യുന്നത്. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിൽനിന്നും 03-08-2023-ൽ ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത വസ്തുവിന്റെ റവന്യൂ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്നും വസ്തുവിന്റെ റവന്യൂപരമായ വിശദാംശങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്നും ഇക്കാര്യം സംബന്ധിച്ച് കോട്ടയം

ജില്ലാരജിസ്ട്രാർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും വിശദീകരിക്കാമോ?

കോട്ടയം ജില്ലാ രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഹൗസിംഗ് ബോർഡിന്റെ പേരിലുള്ള ഉഴവൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 5-ൽ 174/4-റീസർവേ നമ്പരിലുൾപ്പെട്ട 49.23 ആർ വസ്തുക്കൾക്ക് കേരള മുദ്രപത്രനിയമം വകുപ്പ് 9(1)(എ) പ്രകാരവും രജിസ്ട്രേഷൻ ആക്ട് 78(2) പ്രകാരവും യഥാക്രമം സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ എന്നിവയിൽ ഇളവ് അനുവദിക്കുകയാണെങ്കിൽ സർക്കാരിന് സഞ്ചിതനിധിയിൽനിന്നും 21,84,750/-(ഇരുപത്തി ഒന്ന് ലക്ഷത്തി എൺപത്തിനാലായിരത്തി എഴുന്നൂറ്റി അൻപതു രൂപ) റവന്യൂ നഷ്ടം സംഭവിക്കുന്നതാണ്.

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 509, 514, 521, 542, 554, 565, 567, 571 എന്നിവയുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.]

## അനുബന്ധം 2

## 27-02-2023-ലെ നക്ഷത്ര ചിഹ്നമിടാത്ത 2440-ാം നമ്പർ ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) മേശപ്പുറത്തുവച്ച പുതുക്കിയ മറുപടി

**സംസ്ഥാന ജി.എസ്.റ്റി. വകുപ്പിലെ ആരോപണ വിധേയനായ ഉദ്യോഗസ്ഥൻ**

(2440) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. കമ്മീഷണറേറ്റിൽ നിലവിൽ ഡെപ്യൂട്ടി കമ്മീഷണർ (പേഴ്സണൽ ഡിവിഷൻ) തസ്തികയിൽ ജോലി ചെയ്തുവരുന്ന ഉദ്യോഗസ്ഥൻ ഇതിന് മുമ്പ് തിരുവനന്തപുരത്ത് ഇന്റലിജൻസ് ഓഫീസർ സ്ക്വാഡ് 5-ൽ ജോലി ചെയ്തുവരവേ ടിയാന് എതിരായി നിരവധി പരാതികളുണ്ടെന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പരാതികൾ അന്വേഷിച്ച അഡീഷണൽ കമ്മീഷണർ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ നടപടിക്ക് ശിപാർശ ചെയ്തുകൊണ്ട് ടാക്സസ് സെക്രട്ടറിക്ക് 28-12-2018-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ടി

റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥനെതിരായ പരാതികളെല്ലാം, വ്യക്തമായ മേൽവിലാസം രേഖപ്പെടുത്താത്ത വ്യാജ പരാതികളാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കിയിട്ടുള്ളതാണ്.

(സി) ടാക്സസ് (ഡി) ഡിപ്പാർട്ട്മെന്റിൽ ഇത് സംബന്ധിച്ചുള്ള ഫയലിന്റെ നമ്പർ ലഭ്യമാക്കുമോ;

(ഡി) ടി ഫയലിന്റെ നോട്ട് ഫയൽ, ഡ്രാഫ്റ്റ് നടപടിക്രമങ്ങൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ?

(സി&ഡി) ഡി1/89/2018-നികുതി നമ്പർ ഫയൽ.

(ഇ) നികുതി വകുപ്പിൽ പുനക്രമീകരണവുമായി ബന്ധപ്പെട്ട് നടന്ന സ്ഥലംമാറ്റങ്ങളിൽ ജീവനക്കാരെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്ഥലം മാറ്റിയെന്നുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതികൾ

പരിഹരിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ജി.എസ്.ടി നിയമം നിലവിൽ വന്നതിനുശേഷം ഇന്ത്യയിൽ നികുതി വകുപ്പിനെ സമഗ്രമായും ആധികാരികമായും പുനഃസംഘടിപ്പിച്ചിട്ടുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. നികുതിദായകരുടെ എണ്ണത്തെ അടിസ്ഥാനമാക്കിയാണ് ഓരോ ജില്ലയിലെയും ഓഫീസുകളും ജീവനക്കാരുടെ sanctioned strength-ഉം നിശ്ചയിച്ചിട്ടുള്ളത്. ഇത് ജില്ലകളിൽ മുൻപുണ്ടായിരുന്ന ജീവനക്കാരുടെ sanctioned strength കൂടുന്നതിനോ കുറയുന്നതിനോ കാരണമായിട്ടുണ്ട്. പുനഃസംഘടനയുടെ ഭാഗമായി ഇത്തരത്തിൽ പുതിയ ഓഫീസുകളിലേയ്ക്ക് ജീവനക്കാരെ പുനർവിന്യസിക്കേണ്ടിവന്നു. സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ചും, അനുകമ്പാർഹമായ മറ്റ് കാര്യങ്ങൾ പരിഗണിച്ചും, നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് അനുയോജ്യരായ ഉദ്യോഗസ്ഥരെ പരിഗണിച്ചുമാണ് പുനർവിന്യാസം പൂർത്തിയായിട്ടുള്ളത്. സമയബന്ധിതമായി ജീവനക്കാരുടെ പുനർവിന്യാസം പൂർത്തീകരിക്കേണ്ടി വന്നപ്പോൾ ജീവനക്കാർക്കുണ്ടായ

ചെറിയ അസൗകര്യങ്ങളും പരാതികളും പരിശോധിച്ച് പരിഹരിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## അനുബന്ധം -3

## ശ്രീ. എം. വിജിൻ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റിനുശേഷം മലബാർ മേഖലയിലെ ജില്ലകളിൽ പ്രവേശനത്തിന് ശേഷിക്കുന്നവരുടെ എണ്ണം

| ജില്ല | പ്രവേശനത്തിനായി ശേഷിക്കുന്നവരുടെ എണ്ണം | മെറിറ്റ് ക്വാട്ടയിൽ ഒഴിവുള്ള സീറ്റുകൾ | ഒഴിവുള്ള അൺ എയ്ഡഡ് ക്വാട്ട സീറ്റുകൾ | ആകെ ലഭ്യമായ സീറ്റുകൾ |
|---|---|---|---|---|
| പാലക്കാട് | 1011 | 633 | 2233 | 2866 |
| കോഴിക്കോട് | 564 | 491 | 2739 | 3230 |
| മലപ്പുറം | 2759 | 295 | 5069 | 5364 |
| വയനാട് | 8 | 501 | 165 | 666 |
| കണ്ണൂർ | 148 | 1253 | 1641 | 2894 |
| കാസർഗോഡ് | 331 | 1178 | 1139 | 2317 |